# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

**ആറാം സമ്മേളനം**

2022 ആഗസ്റ്റ് 31, ബുധൻ

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എ. എം. ബഷീർ**

ചീഫ് എഡിറ്റർ

**ശ്രീമതി എസ്. ജയശ്രീ**


എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

520/2023

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും പാർലമെന്ററികാര്യവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ... 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ... 27

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 27

**II തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1660-ന്റെ തിരുത്തിയ ഉത്തരം ... 557

**III റൂളിംഗ്**

പത്ര-ദൃശ്യ മാധ്യമങ്ങളിൽ വന്ന തെറ്റിദ്ധാരണാജനകമായ പരാമർശം ... 557

**IV അടിയന്തരപ്രമേയം**

യുവജനങ്ങളിലും വിദ്യാർത്ഥികളിലും വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം ... 558

(അവതരണാനുമതി നിഷേധിച്ചു.)

**V ശ്രദ്ധ ക്ഷണിക്കൽ**

(1) കേന്ദ്ര സാമ്പത്തിക നയം തിരുത്തേണ്ടതിന്റെ ആവശ്യകത

-- ശ്രീ. പി. നന്ദകുമാർ ... 574

(2) അട്ടപ്പാടിയിലെ ഭൂമി കയ്യേറ്റങ്ങൾ

-- ശ്രീമതി കെ. കെ. രമ ... 577

**VI സബ്മിഷൻ**

(1) കാസർഗോഡ് ജില്ലയിലെ വിവിധ വകുപ്പുകളിലെ ഒഴിവുകൾ

--ശ്രീ. ഇ. ചന്ദ്രശേഖരൻ ... 581

(2) ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ വരുമാനം

--ശ്രീ. എം. എസ്. അരുൺ കുമാർ ... 582

*പേജ്*

(3) അതിരാറ്റുകുന്ന്, വാളവയൽ വിദ്യാലയങ്ങളിൽ യു.പി. വിഭാഗം അനുവദിക്കൽ

--ശ്രീ. ഐ. സി. ബാലകൃഷ്ണൻ ... 584

(4) ബേക്കൽ ബീച്ച് ഫെസ്റ്റിവൽ

--ശ്രീ. സി. എച്ച്. കുഞ്ഞമ്പു ... 586

(5) മാമ്മൂട്-മല്ലപ്പള്ളി റോഡ് നവീകരണം

--ശ്രീ. ജോബ് മൈക്കിൾ ... 587

(6) അങ്കമാലി ബൈപാസ്, കാലടി സമാന്തരപാലം നിർമ്മാണം

--ശ്രീ. റോജി എം. ജോൺ ... 588

(7) അവയവദാന ശസ്ത്രക്രിയ

--ശ്രീ. എച്ച്. സലാം ... 591

(8) കാസർഗോഡ് ജനറൽ ആശുപത്രിയിലെ രാത്രികാല പോസ്റ്റുമോർട്ടം

--ശ്രീ. എൻ. എ. നെല്ലിക്കുന്ന് ... 594

(9) നെടുമ്പന സി.എച്ച്.സി.-യിൽ ഐസൊലേഷൻ വാർഡ് നിർമ്മാണം

--ശ്രീ. പി. സി. വിഷ്ണുനാഥ് ... 598

(10) അഴീക്കോട് മിനി ഫിഷ് ലാൻഡിംഗ് സെന്റർ

--ശ്രീ. കെ. വി. സുമേഷ് ... 600

**VII നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും: ... 601

പേജ്

(i) 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ. .. 601

(ii) 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ ... 666

(iii) 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ ... 666

**VIII അറിയിപ്പ്**

അക്കാദമി ഓഫ് മാജിക്കൽ സയൻസിലെ കുട്ടികൾക്ക് അനുമോദനം ... 801

**അനുബന്ധം 1,2 & 3** ... 802

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ആറാം സമ്മേളനം

*2022 ആഗസ്റ്റ് 31, ബുധൻ*

വാല്യം 189] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 6

നിയമസഭ 2022 ആഗസ്റ്റ് മാസം 31-ാം തീയതി ബുധനാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ...... ചോദ്യം നമ്പർ *121

**പഴം, പച്ചക്കറികൾക്ക് ഏകീകൃത വില ഉറപ്പുവരുത്തുന്നതിന് നടപടി**

1 (*121) ശ്രീമതി സി. കെ. ആശ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് പഴം, പച്ചക്കറി വിപണിയിലുണ്ടാകുന്ന വിലവർദ്ധനയിൽനിന്നും ജനങ്ങളെ രക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ വിശദമാക്കാമോ;

(ബി) പഴം, പച്ചക്കറികൾക്ക് ഏകീകൃത വില ഉറപ്പുവരുത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന മേഖലകളിൽനിന്ന് ഇവ സംഭരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങളെന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) പഴം, പച്ചക്കറി സംഭരണത്തിനായി ഉല്പാദന കേന്ദ്രങ്ങളിൽ ചില്ലർ സ്റ്റോറേജുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, (എ) ഓണക്കാലത്ത് പഴം, പച്ചക്കറി വിപണിയിലുണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കാൻ താഴെപ്പറയുന്ന നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.

1. പ്രാദേശികമായി ലഭ്യമാകുന്ന പച്ചക്കറികൾ പൊതുവിപണിയിലെ വിൽപ്പന വിലയിൽനിന്നും 30% കുറഞ്ഞ വിലയ്ക്ക് പൊതുജനങ്ങൾക്ക് നൽകുന്നതാണ്. ഇതിനായി 2022 ഓണക്കാലത്ത് 2000 ഓണ വിപണികൾ കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, ഹോർട്ടികോർപ്പ് വി.എഫ്.പി.സി.കെ. എന്നിവരുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്നതാണ്;

2. കേരളത്തിലെ എല്ലാ ജില്ലകളിലും ഏകീകൃത ഡിസൈനോടുകൂടിയ സഞ്ചരിക്കുന്ന 14 വിൽപ്പനശാലകളും ഹോർട്ടികോർപ്പ് ഈ ഓണക്കാലത്ത് നടപ്പിലാക്കുന്നതാണ്;

3. പഴം, പച്ചക്കറികൾ കർഷകരിൽനിന്നും യഥാസമയം ശേഖരിച്ച് ഗുണമേന്മയോടെ വിപണന കേന്ദ്രങ്ങൾവഴി ഉപഭോക്താക്കൾക്ക് നൽകുവാനുതകുമാറ് 19 റീഫർവാനുകൾ 163.4 ലക്ഷം രൂപ ചെലവിൽ സജ്ജീകരിച്ചുവരുന്നു. ആയതിൽ 10 വാനുകൾ പ്രവർത്തനക്ഷമമായിട്ടുണ്ട്;

4. കേരളത്തിൽ ലഭ്യമല്ലാത്തതും ഉപഭോക്താക്കൾക്ക് അത്യന്താപേക്ഷിതവുമായ പച്ചക്കറികൾ മറ്റ് സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽ നിന്നും തമിഴ്നാട്ടിലെ പ്രമുഖ കാർഷിക മൊത്തവ്യാപാര വിപണികളിലെ ലേലം വഴിയും നേരിട്ട് സംഭരിക്കുന്നതാണ്. ഇതിന്റെ ഭാഗമായി ഇടനിലക്കാരെ ഒഴിവാക്കി തമിഴ്നാട് കൃഷി വകുപ്പുമായി സഹകരിച്ച് തെങ്കാശി ജില്ലയിലെ ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻവഴി കർഷകരിൽനിന്നും നേരിട്ട് പച്ചക്കറി സംഭരിക്കുന്നതിന് കരാർ ഒപ്പുവച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സംസ്ഥാന സർക്കാരിന്റെ വിപണി ഇടപെടൽ പ്രകാരം ഓണ വിപണികൾ സംഘടിപ്പിക്കുമ്പോൾ പൊതുവിപണിയേക്കാൾ താഴ്ന്ന വിലയിലാണ് പഴം, പച്ചക്കറികൾ വിൽപ്പന നടത്തുന്നത്. കർഷകരിൽനിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതുവിപണിയിലെ അതത് ഇനങ്ങളുടെ സംഭരണവിലയേക്കാൾ 10 ശതമാനം അധികവില നൽകി സംഭരിച്ച് ഓണ വിപണികളിലൂടെ പൊതുവിപണിയിലെ വിൽപ്പന വിലയിൽനിന്നും 30 ശതമാനം കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് നൽകുന്നു. ഇതിനായി ജില്ലാടിസ്ഥാനത്തിൽ കൃഷി വകുപ്പ്, വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ് ഉദ്യോഗസ്ഥരുടെ

നേതൃത്വത്തിൽ ഒരു വിലനിർണ്ണയ കമ്മിറ്റി രൂപീകരിച്ച് പ്രാദേശിക വിപണികളിലെ ദൈനംദിന വിലനിലവാരം പരിശോധിച്ച് ജില്ലാടിസ്ഥാനത്തിൽ ഏകീകൃത വില പഴം, പച്ചക്കറികൾക്ക് പ്രഖ്യാപിക്കുന്നു. തുടർന്ന് ജില്ലയിലെ എല്ലാ ഓണ വിപണികളിലും പ്രസ്തുത വിലയ്ക്ക് വിൽപ്പന നടത്തുകയും ചെയ്യുന്നു.

കൂടാതെ കാർഷികോത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കൃഷി വകുപ്പ് നടപ്പിലാക്കുന്ന കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാനവില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽവന്നു. പദ്ധതിപ്രകാരം കേരളത്തിലെ 16 ഇനം പഴം, പച്ചക്കറികൾക്കാണ് അടിസ്ഥാനവില പ്രഖ്യാപിച്ചത്. മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, ക്യാബേജ്, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നിവയ്ക്കാണ് താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്.

കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അർഹരായ എല്ലാ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാനവില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില നിർണ്ണയ സമിതിയുടെ ശിപാർശ പ്രകാരം കൃഷി ഡയറക്ടർ അടിസ്ഥാന വില പ്രസ്തുത ജില്ലയിൽ പ്രാബല്യത്തിൽ വന്നതായി പ്രഖ്യാപിക്കുകയും നോട്ടിഫൈ ചെയ്ത 300 വിപണികൾവഴി സംഭരണം ആരംഭിക്കുകയും ചെയ്യുന്നു. അപ്രകാരം നോട്ടിഫൈ ചെയ്ത മാർക്കറ്റുകളിലൂടെ സംഭരിക്കുമ്പോഴുണ്ടാകുന്ന അടിസ്ഥാന വിലയിൽനിന്നുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേയ്ക്ക് DBT ആയി നൽകുന്നു. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉൽപ്പന്നങ്ങൾ ലഭ്യമാക്കാനും വഴിയൊരുക്കുന്നു.

(സി) വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന മേഖലകളിൽനിന്നും ഹോർട്ടികോർപ്പ് പഴം, പച്ചക്കറികൾ എന്നിവ സംഭരിക്കുന്നുണ്ട്. ഹോർട്ടികോർപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 13 ജില്ലാ സംഭരണ കേന്ദ്രങ്ങളിലും 6 ഉപസംഭരണ കേന്ദ്രങ്ങൾ മുഖേനയുമാണ് സംഭരണം നടത്തുന്നത്. വിപണനത്തിനായി 140 ഗ്രാമശ്രീ ഹോർട്ടി ബസാറുകളും 1232 ഗ്രാമശ്രീ സൂപ്പർ സ്റ്റാളുകളും ഹോർട്ടികോർപ്പ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 289 സ്വാശ്രയ കർഷക സമിതികളാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിനുകീഴിൽ പ്രവർത്തിച്ചുവരുന്നത്.

മി. സ്പീക്കർ: വളരെ ദീർഘമായ മറുപടിയാണെങ്കിൽ മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

(ശ്രീമതി സി. കെ. ആശ സീറ്റിലില്ലാതിരുന്നതിനാൽ ചോദ്യം ഉന്നയിച്ചില്ല )

ശ്രീ. പി. പ്രസാദ്: സർ, മറുപടിയുടെ ബാക്കിഭാഗം ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

ശ്രീ. പി. എസ്. സുപാൽ: സർ, കർഷകരെ സംബന്ധിച്ചിടത്തോളം ഉൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾ ന്യായവിലയ്ക്ക് വിറ്റഴിക്കാനുള്ള സംവിധാനമുണ്ടാകണമെന്നാണ് പ്രധാനമായി അവർ ആവശ്യപ്പെടുന്നത്. ഗവൺമെന്റ് മുൻകയ്യെടുത്ത് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ആലോചിക്കുന്നുണ്ടോ; അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് ഏറ്റവും പ്രസക്തമായൊരു ചോദ്യമാണ്. കർഷകരുടെ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനുമുള്ള സംവിധാനങ്ങളെ ഗൗരവമായാണ് സർക്കാർ കണ്ടിരിക്കുന്നത്. ഹോർട്ടികോർപ്പ് നടത്തുന്ന 13 ജില്ലാ സംഭരണ കേന്ദ്രങ്ങൾ വഴിയാണ് കൃഷിക്കാരിൽനിന്നും ന്യായവിലയ്ക്ക് ഉൽപ്പന്നങ്ങൾ സംഭരിക്കുന്നത്. കൂടാതെ കൃഷി വകുപ്പ് നടപ്പാക്കുന്ന വിപണി ഇടപെടൽ പദ്ധതി വഴിയും കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാകുന്നത് ഉറപ്പാക്കുന്നുണ്ട്. കാർഷിക വിപണനം ശാക്തീകരിക്കൽ പദ്ധതി പ്രകാരമുള്ള 19 ശീതീകരിച്ച വാഹനങ്ങളിൽ പത്ത് വാഹനങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. മൊത്തവ്യാപാര വിപണികൾ ശക്തിപ്പെടുത്തുന്നതിന് 130 ലക്ഷം രൂപയും Agmarknet-ലൂടെയുള്ള പ്രവർത്തനങ്ങൾക്ക് 40 ലക്ഷം രൂപയും വില നിർണ്ണയ ബോർഡിന് 50 ലക്ഷം രൂപയും WTO Cell-ന്റെ പ്രവർത്തനത്തിന് 5 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഗ്രേഡ് ചെയ്ത ചന്തകൾക്ക് അധിക ധനസഹായം നൽകുന്നതിന് വിപണിയൊന്നിന് പതിനായിരം രൂപ വീതം 250 ആഴ്ച ചന്തകൾക്ക് 25 ലക്ഷം രൂപയും ആറ് കാർഷിക മൊത്തവ്യാപാര വിപണികളിൽ കർഷകർക്ക് ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിന് ട്രാൻസ്പോർട്ടേഷൻ സബ്സിഡിയായി 50 ലക്ഷം രൂപയും രണ്ട് ലക്ഷം രൂപ നിരക്കിൽ 15 ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിനും നിലവിലെ ഇക്കോഷോപ്പുകൾ ശാക്തീകരിക്കുന്നതിനും 150 ലക്ഷം രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കുടുംബശ്രീ, എഫ്.പി.ഒ., സ്വയംസഹായ സംഘങ്ങൾ

---

* ഉത്തരത്തിന്റെ ബാക്കിഭാഗം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

എന്നിവയ്ക്ക് പഞ്ചായത്തുകളിൽ ഗ്രാമീണ ചന്തകൾ ആരംഭിക്കുന്നതിന് രണ്ട് ലക്ഷം രൂപ നിരക്കിൽ 145 ലക്ഷം രൂപയും നഗര വഴിയോര ചന്തകൾ സ്ഥാപിക്കുന്നതിന് പതിനായിരം രൂപ നിരക്കിൽ നൂറ് ചന്തകൾ സ്ഥാപിക്കുന്നതിന് പത്ത് ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കാർഷികോൽപ്പന്ന വിതരണത്തിനായി തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ കർഷകമിത്രകളുടെ സേവനം ഉറപ്പാക്കുന്നതിനായി 109 കർഷകമിത്രകളെ നിയോഗിക്കുന്നതിനായി 60 ലക്ഷം രൂപയും കർഷകഗ്രൂപ്പുകൾ, എഫ്.പി.ഒ.-കൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് 50 ശതമാനം സബ്സിഡി നിരക്കിൽ പഴം, പച്ചക്കറികൾ കൊണ്ടുപോകുന്നതിന് ശീതീകരിച്ച വാഹനങ്ങൾ വാങ്ങുന്നതിന് ഇക്കൊല്ലം 35 ലക്ഷം രൂപ പ്രത്യേകമായി വകയിരുത്തിയിട്ടുണ്ട്. 19 എണ്ണം നേരത്തെ നിശ്ചയിച്ചത് കഴിഞ്ഞ പ്രാവശ്യം വകയിരുത്തിയതിന്റെ ഭാഗമായിട്ടുള്ളതാണ്. ഇടുക്കി ജില്ലയിലെ വട്ടവട, കാന്തല്ലൂർ മേഖലകളിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിച്ച് വിതരണം ചെയ്യുന്നതിന് ഒരു കോൾഡ് ചെയിൻ സംവിധാനമൊരുക്കുന്നതിനായി 185 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മാർക്കറ്റിംഗ് മേഖലയുടെ ശാക്തീകരണത്തിനും അടിസ്ഥാനസൗകര്യ വികസനത്തിനുമുള്ള വിദഗ്ദ്ധ സേവനങ്ങൾക്ക് നൂറ് ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വി.എഫ്.പി.സി.കെ.-യുടെ വിപണി വികസന പദ്ധതികൾക്ക് 500 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. 2022-23-ലെ ജൈവകൃഷിയും ഉത്തമ കൃഷിരീതികളും പദ്ധതിപ്രകാരം കോഴിക്കോട്ടും ആലപ്പുഴയിലും ജൈവ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി രണ്ട് ഹൈടെക് സൂപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇത്തരം പദ്ധതികളിലൂടെ കൃഷിക്കാരന് ഉൽപ്പന്നങ്ങൾക്ക് ന്യായ വിലകൊടുത്ത് സംഭരിക്കുന്നതിനും അത് വിപണനം ചെയ്യുന്നതിനും കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. അതോടൊപ്പം കൂടുതൽ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുന്നതായിരിക്കും.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, സർക്കാർ കൃഷി വകുപ്പുവഴി ആവിഷ്കരിച്ച് നടപ്പാക്കുന്ന 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്നത് ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതിയാണ്. കേരള സമൂഹം വളരെ ആവേശപൂർവ്വം ഈ പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. പഴം, പച്ചക്കറി ഉൽപ്പാദന വിപണന മേഖലകളിൽ 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതി മുഖേന എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നത്; അതോടൊപ്പം കർഷകർക്ക് കൃത്യസമയത്ത് വില ലഭ്യമാക്കാൻ എന്തൊക്കെ ഇടപെടലുകളാണ് കൃഷി വകുപ്പ് നടത്തുന്നത്?

ശ്രീ. പി. പ്രസാദ്: സർ, കൃഷിയുടെ അല്ലെങ്കിൽ ഭക്ഷണത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തതയിലേയ്ക്കെത്തുക എന്ന ലക്ഷ്യം വച്ചുകൊണ്ടാണ് 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതി ആരംഭിച്ചത്. അരിയുടെ കാര്യത്തിൽ ഇപ്പോൾ 20 ശതമാനമാണ് കേരളത്തിൽ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നത്. 80 ശതമാനവും പുറത്തുനിന്ന് വരികയാണ്. ഒറ്റയടിക്ക് 100 ശതമാനം സ്വയം പര്യാപ്തതയിലേയ്ക്കെത്താൻ സാധിക്കില്ല. എന്നാൽ അതിൽ വർദ്ധനയുണ്ടാക്കാൻ സാധിക്കും. പച്ചക്കറികളുടെയും പഴങ്ങളുടെയും കിഴങ്ങുവർഗ്ഗങ്ങളുടെയും ഇലവർഗ്ഗങ്ങളുടെയും കാര്യത്തിൽ നമുക്ക് സ്വയംപര്യാപ്തതയിലെത്താൻ കഴിയും. മറ്റിടങ്ങിൽനിന്ന് കാർഷികോൽപ്പന്നങ്ങൾ കൊണ്ടുവന്ന് വിപണനം നടത്തുകയെന്നതിലുപരി വകുപ്പിന്റെ വലിയ ഉത്തരവാദിത്വവും പ്രധാനപ്പെട്ട കർമ്മപരിപാടിയുമായി കൃഷി വകുപ്പ് കണക്കാക്കുന്നത് കേരളത്തിനാവശ്യമായ പച്ചക്കറികളടക്കമുള്ളവ ഇവിടെ ഉൽപ്പാദിപ്പിച്ചെടുക്കുക എന്നുള്ളതാണ്. അതിന്റെ ഭാഗമായാണ് 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്നൊരു ജനകീയ പദ്ധതിക്ക് രൂപം കൊടുത്തത്. കേരളീയർക്ക് സ്വന്തം വീട്ടുവളപ്പിൽനിന്നുതന്നെ വിഷരഹിതമായ പച്ചക്കറികൾ ലഭ്യമാക്കുന്നതോടൊപ്പം കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ന്യായവിലയ്ക്ക് വിൽക്കാനുള്ള വിപണി ഉറപ്പുവരുത്തുക എന്നതും പ്രധാനമാണ്. വിത്ത് മുതൽ വിപണിവരെയുള്ള എല്ലാ ഘട്ടങ്ങളിലും കൃഷിക്കൂട്ടങ്ങൾ മുഖേന കർഷകർക്ക് കൃഷിക്കാവശ്യമായ എല്ലാവിധ സഹായങ്ങളും ലഭ്യമാക്കുക എന്നത് ഇതിന്റെ ഭാഗമായിട്ടുണ്ട്. 10000 കൃഷിക്കൂട്ടങ്ങളാണ് ലക്ഷ്യമിട്ടതെങ്കിലും 25000-ലധികം കൃഷിക്കൂട്ടങ്ങൾ കേരളത്തിൽ രൂപംകൊണ്ടു എന്നത് ആ പദ്ധതി വിജയകരമായി മുന്നോട്ടുപോകുന്നുവെന്നുള്ളതിന് ഏറ്റവും പ്രധാനപ്പെട്ട തെളിവാണ്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളുണ്ടാകും. ബഹുമാനപ്പെട്ട അംഗം ചോദിച്ചതിൽ ഒരുകാര്യംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പച്ചക്കറികളും മറ്റും വിൽക്കുമ്പോൾ കർഷകർക്ക് യഥാസമയം വില ലഭിക്കുന്നില്ലെന്ന പരാതിക്കുള്ള ശാശ്വത പരിഹാരത്തെക്കുറിച്ച് ആലോചിച്ചപ്പോൾ നെല്ല് സംഭരണംപോലെ പച്ചക്കറി കൊടുത്താലുടൻ ബാങ്കുകളുമായി ബന്ധപ്പെട്ട് തുക ലഭ്യമാക്കാൻ കഴിയുമോ എന്ന് സ്റ്റേറ്റ് ബാങ്കിന്റെ ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടറുമായൊക്കെ സംസാരിച്ചിരുന്നു. സ്റ്റേറ്റ് ബാങ്ക് തത്വത്തിൽ അത് അംഗീകരിച്ചിട്ടുണ്ട്. മറ്റ് ബാങ്കുകളോടും സംസാരിക്കുന്നതാണ്. ഇത് യാഥാർത്ഥ്യമായാൽ പച്ചക്കറി നൽകുന്ന കർഷകർക്ക് അന്നല്ലെങ്കിൽ അടുത്ത ദിവസംതന്നെ അവർ നൽകുന്ന രസീതിന്റെ അടിസ്ഥാനത്തിൽ തുക ലഭ്യമാക്കുന്ന നടപടികളിലേയ്ക്ക് നീങ്ങാൻ കഴിയും.

ശ്രീ. സി. സി. മുകുന്ദൻ: സർ, കേരളത്തിൽ പച്ചക്കറി ഉൽപ്പാദനത്തിന് പ്രത്യേക മേഖല രൂപീകരിച്ചിട്ടുണ്ടോ; ഈ മേഖലയിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും വിപണനത്തിനും പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നുണ്ടോ?

ശ്രീ. പി. പ്രസാദ്: സർ, പച്ചക്കറി കൃഷിക്കായി പ്രത്യേക കാർഷിക മേഖലകൾ കേരളത്തിൽ നിലവിലുണ്ട്. വെജിറ്റബിൾ ഡെവലപ്മെന്റ് പ്രോഗ്രാം (വി.ഡി.പി.) എന്നപേരിൽ കേരളത്തിൽ എല്ലായിടങ്ങളിലും അത് നടപ്പിലാക്കുന്നുണ്ട്. ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി, ഇടുക്കി ജില്ലയിലെ ദേവികുളം, പാലക്കാട് ജില്ലയിലെ ചിറ്റൂർ, തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ എന്നീ സ്ഥലങ്ങളാണ് പച്ചക്കറി കൃഷിക്കായുള്ള പ്രത്യേക കാർഷിക മേഖലകൾ. പാരിസ്ഥിതികവും സാമ്പത്തികവുമായ നേട്ടങ്ങൾ കർഷകർക്ക് പ്രദാനം ചെയ്യുന്നതിനുവേണ്ടിയാണ് സർക്കാർ പ്രത്യേക കാർഷിക മേഖലയ്ക്ക് രൂപം കൊടുത്തിട്ടുള്ളത്. ഈ മേഖലകളിലെല്ലാം സമഗ്ര പച്ചക്കറി വികസന പദ്ധതികൾ നടപ്പിലാക്കുന്ന വിവിധ ഘടകങ്ങൾ വഴിയുള്ള ധനസഹായം നൽകുന്നതാണ്. പ്രത്യേകിച്ച് നമ്മുടെ ശീതകാല പച്ചക്കറി വിളകളുടെ ഒരു പ്രധാന കേന്ദ്രമാണ് ദേവികുളം. പ്രത്യേക പ്രോത്സാഹനത്തിനായി ഇടുക്കി ജില്ലയ്ക്കായി 90 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്ന കാര്യംകൂടി അറിയിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, കൃഷിക്കാർ നേരിടുന്ന ഒരു പ്രധാന വിഷയമാണ് കൃഷിനാശം. രോഗബാധ, വന്യമൃഗശല്യം, പ്രകൃതിക്ഷോഭം എന്നിവമൂലം കൃഷിനാശമുണ്ടാകുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഉരുൾപൊട്ടൽമൂലം 5 ഏക്കർ സ്ഥലത്ത് പൈനാപ്പിൾ കൃഷിയും ചുഴലിക്കാറ്റിൽ 8 ഏക്കർ സ്ഥലത്തെ നേന്ത്രവാഴകളും പൂർണ്ണമായും നശിച്ചു. ഇത്തരത്തിൽ കൃഷിനാശം സംഭവിക്കുന്ന ആളുകൾക്ക് ഫലപ്രദമായ നഷ്ടപരിഹാരം നൽകണം. അതുപോലെതന്നെ ഉരുൾപൊട്ടലുണ്ടാകുമ്പോൾ ഏക്കർ കണക്കിന് കൃഷിഭൂമി ഒഴുകിപ്പോകുന്നവർക്ക് വരുന്ന നഷ്ടത്തെ കോമ്പൻസേറ്റ് ചെയ്യാൻ നിലവിൽ യാതൊരു സംവിധാനവുമില്ല. അതുകൊണ്ട് കാർഷികമേഖല നേരിടുന്ന ഗുരുതരമായ ഈ പ്രതിസന്ധി പരിഹരിക്കാനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ഏറ്റവും ഗൗരവമുള്ള പ്രശ്നം തന്നെയാണ്. കാലാവസ്ഥാവ്യതിയാനം കാർഷികമേഖലയ്ക്ക് വലിയ പ്രയാസങ്ങളുണ്ടാക്കുന്നുണ്ടെന്ന് പറയുമ്പോൾ, സാധാരണ നമ്മൾ കാണുന്ന മഴയോ മറ്റുപ്രശ്നങ്ങളോ മാത്രമല്ല ഇപ്പോഴുള്ള ഒരു പ്രതിഭാസം. ഉരുൾപൊട്ടലും മറ്റും ഉണ്ടാകുമ്പോൾ ഏക്കർ കണക്കിന് കൃഷിഭൂമി അപ്പാടെ നഷ്ടപ്പെടുന്ന തരത്തിൽ, ഒരു കുടുംബത്തിന്റെ അല്ലെങ്കിൽ കൃഷിക്കാരുടെ ജീവനോപാധി പൂർണ്ണമായി നഷ്ടപ്പെടുന്ന തരത്തിലേയ്ക്ക് എത്തിയെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. കേരളത്തിൽ നൂറുകണക്കിന് ഇടങ്ങളിൽ ഇത്തരത്തിലുള്ള പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ ഇടുക്കി ജില്ലയിലുണ്ടായ ഉരുൾപൊട്ടൽ

നമ്മൾ കണ്ടതാണ്. ഒരു കുടുംബം മുഴുവനും ഇല്ലാതാകുന്ന അവസ്ഥ, മൃതദേഹങ്ങൾ അടക്കം ചെയ്യാൻപോലും കഴിയാത്ത തരത്തിൽ ഭൂമി അപ്പാടെ പോകുന്ന സ്ഥിതിവിശേഷം ഉണ്ടാകുകയാണ്. കൃഷിഭൂമി പഴയ സ്ഥിതിയിലേയ്ക്ക് മാറ്റിയെടുക്കുക എന്നത് ഏറ്റവും ശ്രമകരമായ കാര്യമാണ്. അവർക്കാവശ്യമായ സഹായം നൽകുന്ന കാര്യം സർക്കാർ ഗൗരവമായി പരിശോധിക്കുന്നതായിരിക്കും.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കൃഷിവകുപ്പ് മുഖാന്തരം വിതരണം ചെയ്യുന്ന വിത്തുകൾ മുളയ്ക്കുന്നില്ലെന്ന വ്യാപകമായ പരാതിയുണ്ട്. പ്രധാനമായും കുമ്പളം, മത്തൻ, പാവൽ, പയർ, ചുരയ്ക്ക എന്നീ വിത്തുകൾ തീരെ മുളയ്ക്കുന്നില്ല. വിത്തുല്പാദിപ്പിക്കുന്നതിന് കാലാവസ്ഥ ഉൾപ്പെടെയുള്ള വിവിധ ഘടകങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. ആദ്യത്തെയും അവസാനത്തെയും ഉല്പന്നങ്ങൾ വിത്തിനെടുക്കാൻ സാധിക്കില്ല. വിത്ത് പാകമാകുന്ന സമയത്തുള്ള പ്രകൃതി, അന്തരീക്ഷത്തിലെ ഈർപ്പം, ഇതെല്ലാം കണക്കിലെടുക്കേണ്ടതാണ്. വിത്തുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തി വിതരണം ചെയ്യുന്ന ഒരു യൂണിറ്റാണ് ആലത്തൂരിലെ വി.എഫ്.പി.സി.കെ. അവിടെനിന്നാണ് ഏറ്റവും കൂടുതൽ വിത്തുകൾ കേരളത്തിൽ വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. അവിടെ കഴിഞ്ഞ 12 വർഷമായി സീഡ് ടെക്നോളജിസ്റ്റ് എന്ന പോസ്റ്റ് ഒഴിഞ്ഞുകിടക്കുകയാണ്. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് യോഗ്യതയുള്ളവരെ നിയോഗിച്ച് ഈ പ്രശ്നം അടിയന്തരമായി പരിഹരിക്കണം. പച്ചക്കറി വിത്തുല്പാദിപ്പിക്കാൻ ഈർപ്പം കുറഞ്ഞ പ്രദേശമായ അട്ടപ്പാടി തെരഞ്ഞെടുക്കുന്നത് നന്നായിരിക്കും.

ശ്രീ. പി. പ്രസാദ്: സർ, ബഹുമാനപ്പെട്ട അംഗം മൂന്ന് കാര്യങ്ങളാണ് സൂചിപ്പിച്ചത്. വിത്തുകളുടെ ഗുണനിലവാരം കൃത്യമായി പരിശോധിക്കാവുന്നതാണ്. ആലത്തൂർ വി.എഫ്.പി.സി.കെ.-യിലെ സീഡ് ടെക്നോളജിസ്റ്റിന്റെ പോസ്റ്റ് അടിയന്തരമായി നികത്തുന്നതിനുള്ള ഏർപ്പാട് ചെയ്യുന്നതായിരിക്കും. അട്ടപ്പാടിക്ക് പ്രത്യേക പരിഗണന ഗവൺമെന്റ് നൽകുന്നുണ്ട്. കേരളത്തിൽ ഏറ്റവും കൂടുതൽ ചെറുധാന്യങ്ങൾ ഉല്പാദിപ്പിക്കാൻ കഴിയുന്ന ഒരു പ്രദേശമാണ് അട്ടപ്പാടി. അതുകൂടി പരിഗണിച്ചുകൊണ്ട്, അട്ടപ്പാടിയിൽ പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതായിരിക്കും. അതോടൊപ്പം അവിടെനിന്ന് കൂടുതൽ വിത്തുകൾ സമാഹരിച്ച് വിതരണം ചെയ്യുന്ന നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. മോൻസ് ജോസഫ്: സർ, പച്ചക്കറി നൽകുന്ന കർഷകർക്ക് തൊട്ടടുത്ത ദിവസംതന്നെ തുക കൊടുക്കുന്ന വിധത്തിലുള്ള കാര്യങ്ങൾ ആലോചിക്കുമെന്ന ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയുടെ മറുപടി സ്വാഗതാർഹമാണ്. കഴിഞ്ഞ ഓണക്കാലത്ത് കൃഷിക്കാരിൽനിന്ന് ഹോർട്ടികോർപ്പ് മുഖാന്തരം സംഭരിച്ച

പച്ചക്കറിയുടെ വില ഇപ്പോഴും പൂർണ്ണമായി കൊടുത്തിട്ടില്ല. ഈ തുക ലഭിക്കാത്തതിനാൽ ഇപ്രാവശ്യം ഓണത്തിന് പച്ചക്കറി നൽകാൻ കഴിയാതെ കർഷകർ വിഷമിക്കുകയാണ്. ഇതിൽ രണ്ട് കാര്യങ്ങളാണ് വന്നിട്ടുള്ളത്, ഒന്ന്, കടുത്തുരുത്തി പഞ്ചായത്തിൽനിന്ന് പച്ചക്കറി സമാഹരിച്ച് ഹോൾസെയിലായി വിതരണം ചെയ്തിട്ടുണ്ട്. കോടിക്കണക്കിന് രൂപയുടെ പച്ചക്കറി അവർ കടം കൊടുത്തിട്ടുണ്ട്. ആ തുക ഇതുവരെ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. രണ്ട്, കോട്ടയം ജില്ലയിലെ 'സംഘമൈത്രി' എന്നുപറയുന്ന കൃഷിക്കാരുടെ സംഘത്തിൽനിന്ന് പച്ചക്കറികൾ വാങ്ങിയാണ് ഔട്ട്‍ലെറ്റുകളിലേയ്ക്ക് കൊടുക്കുന്നത്. അവർക്കും തുക കൊടുത്തിട്ടില്ല. ഈ ഓണക്കാലത്തിനുമുൻപ് ഹോർട്ടികോർപ്പ് വഴിയുള്ളതും കൃഷിക്കാരിൽനിന്ന് ഹോൾസെയിലായി എടുത്തതുമായ പച്ചക്കറിയുടെ തുക കൊടുത്തുതീർക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കർഷകർ ഉൾപ്പെടെ വിവിധ ഏജൻസികൾക്ക് കൊടുക്കാനുണ്ടായിരുന്ന തുക 15.41 കോടി രൂപയായിരുന്നു. ഈ സർക്കാർ വന്നതിനുശേഷം 21.25 കോടി രൂപ അനുവദിച്ചു. 2021-22 സാമ്പത്തികവർഷത്തിൽ 16.25 കോടി രൂപയും ഈ വർഷം 5 കോടി രൂപയും ഉൾപ്പെടെ കർഷകർക്കുള്ള ഏറെക്കുറെ എല്ലാ തുകകളും അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. അങ്ങ് സൂചിപ്പിച്ച ഇടങ്ങളിൽ അടിയന്തരമായി പരിശോധന നടത്തുന്നതാണ്. കഴിഞ്ഞ ഓണക്കാലത്ത് വാങ്ങിയ പച്ചക്കറികളുടെ വില കൊടുക്കാത്തതിന്റെ കാരണമെന്താണെന്ന് പരിശോധിക്കും. അത്രയും വലിയ കുടിശ്ശിക വരാനുള്ള സാധ്യതയില്ല. അതിനുശേഷം നമ്മൾ പച്ചക്കറി വാങ്ങിയ വകയിൽ ഏകദേശം മൂന്ന് കോടി രൂപയോളം കർഷകർക്ക് കൊടുക്കാനുണ്ട്. വിപണിയിലുള്ള മൊത്തവിലയെക്കാൾ 10 ശതമാനം കൂടുതൽ നൽകി സംഭരിക്കുകയും വിപണി വിലയെക്കാൾ 30 ശതമാനം വില കുറച്ച് വിൽക്കുകയും ചെയ്യേണ്ടിവരുന്ന ഒരു പ്രശ്നം ഹോർട്ടികോർപ്പും ഇന്ന് അഭിമുഖീകരിക്കുന്നുണ്ട്. ആദ്യമായാണ് ഹോർട്ടികോർപ്പിന് ബഡ്ജറ്റിൽ തുക അനുവദിക്കുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടായത്. അതുകൊണ്ട് ഹോർട്ടികോർപ്പിനെ സംരക്ഷിച്ച്, അതിന്റെ പ്രവർത്തനം ശക്തിപ്പെടുത്തി കേരളത്തിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ കേരളത്തിൽ സംഭരിച്ച് കേരളത്തിൽത്തന്നെ വിതരണം ചെയ്യാം. പുറമെനിന്ന് കൊണ്ടുവന്ന് വിപണനം ചെയ്യുക എന്നുള്ളതല്ല നമ്മുടെ ആത്യന്തിക ലക്ഷ്യം എന്നതിനാൽ ഇതിനെ ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. കൃഷിയും ഉല്പന്നങ്ങൾ സംഭരിക്കലും അതിന് യഥാസമയം വില നൽകലും കൃത്യമായി നടപ്പിലാക്കുമ്പോഴാണ് അത് ഫലപ്രദമാകുന്നത്. ആയതിനാൽ ഗവൺമെന്റ് ഇക്കാര്യത്തിൽ ശക്തമായ ഇടപെടൽ നടത്തുന്നതായിരിക്കും.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ഞാൻ ചോദിക്കാൻ തീരുമാനിച്ച ചോദ്യമാണ് എനിക്ക് മുൻപ് ഒരംഗം ഇവിടെ ചോദിച്ചത്. എന്റെ മണ്ഡലത്തിലെ കാര്യമായതുകൊണ്ട് ഞാൻ പറയാതിരിക്കുന്നത് ശരിയല്ല. മറ്റത്തൂർ വി.എഫ്.പി.സി.കെ.-യുടെകർഷക സ്വാശ്രയ സമിതിയിൽനിന്ന് ഹോർട്ടികോർപ്പ് പഴം-പച്ചക്കറികൾ ഏറ്റെടുത്ത വകയിൽ മൂന്നുനാല് വർഷമായിട്ട് ഏതാണ്ട് 20 ലക്ഷം രൂപ കുടിശ്ശികയുണ്ട്. അത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതുപോലെതന്നെ പഴം-പച്ചക്കറികൾ യഥാസമയം ഏറ്റെടുക്കുന്നതിനും കാലതാമസംകൂടാതെ ഇതിന്റെ തുക നൽകുന്നതിനുമാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, മൂന്നുനാല് വർഷം കുടിശ്ശിക വരാൻ എന്തെങ്കിലും പ്രത്യേക കാരണമുണ്ടാകും. അക്കാര്യം പ്രത്യേകമായി പരിശോധിക്കുന്നതായിരിക്കും. പഴം-പച്ചക്കറികൾ കൃത്യമായി സംഭരിക്കുന്നതിനുള്ള ശാശ്വത പരിഹാരത്തിലേയ്ക്കാണ് നമ്മളിപ്പോൾ നീങ്ങിക്കൊണ്ടിരിക്കുന്നത്.

ശ്രീ. പി. ഉബൈദുള്ള: സർ, നമ്മുടെ സംസ്ഥാനത്ത് 64 അഗ്രികൾച്ചർ ഫാമുകളുണ്ട്. അതിൽ 33 സീഡ് ഫാമുകളും 10 ജില്ലാ ഫാമുകളുമുണ്ട്. കാര്യമായ പുരോഗതിയില്ലാതെ ഇതിൽ പലതും തുടങ്ങിയ സ്ഥലത്തുതന്നെ നിൽക്കുകയാണ്; സീഡ് ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തി അവിടെ പഴം-പച്ചക്കറി ഉല്പാദിപ്പിക്കാൻ തുടങ്ങിയാൽ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കും. സീഡ് ഫാമുകളെ ശാക്തീകരിക്കുന്ന പ്രത്യേക പദ്ധതിക്ക് സർക്കാർ രൂപം നൽകുമോ?

ശ്രീ. പി. പ്രസാദ്: സർ, കേരളത്തിലെ ഫാമുകളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞു. അദ്ദേഹം പറഞ്ഞതുപോലെ മിക്കവാറും ഫാമുകളല്ല, എല്ലാ ഫാമുകളും നല്ലവണ്ണം പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് പറഞ്ഞാൽ ഞാൻ അതിനോട് യോജിക്കും. കേരളത്തിലെ സീഡ് ഫാമുകളിൽ മഹാഭൂരിപക്ഷവും ജില്ലാ പഞ്ചായത്തുകളുടെ നിയന്ത്രണത്തിലാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുമായി ഒരു യോഗം ചേരുകയും ഫാമുകൾ പുനഃസംഘടിപ്പിക്കുന്നതിനെപ്പറ്റിയും അതിന്റെ പ്രവർത്തനത്തെപ്പറ്റിയും ആലോചിക്കുന്നതിനുമപ്പുറം ഓരോ ഫാമുകളും നേരിട്ട് പരിശോധിച്ച് എന്തെല്ലാം മാറ്റങ്ങളാണ് വരുത്തേണ്ടതെന്ന് വിലയിരുത്തുന്നതിന് ഒരു സമിതിയെ നിയോഗിക്കുകയും റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ജില്ലാപഞ്ചായത്ത് അദ്ധ്യക്ഷന്മാരുമായി വീണ്ടും യോഗങ്ങൾ ചേർന്ന്

അത് എങ്ങനെയെല്ലാം നടപ്പിലാക്കാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് പരിശോധിക്കുകയാണ്. ആലുവ സ്റ്റേറ്റ് സീഡ് ഫാം കാർബൺ ന്യൂട്രൽ ഫാമായി മാറാൻ പോകുകയുമാണ്. അവിടെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് നല്ല ഡിമാന്റുള്ളതാണ്; മൂല്യവർദ്ധിത ഉല്പന്നങ്ങളും ഉണ്ടാക്കുന്നുണ്ട്. മറ്റ് ഫാമുകളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കി പുറത്ത് വിപണനം ചെയ്യുന്നുണ്ട്; ഫാമുകളിൽ സ്ഥലം ലഭ്യമായ സ്ഥലങ്ങളിൽ പരമാവധി പഴം-പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനും വിത്തുകൾ നൽകുന്നതിനുമുള്ള ഒരു പദ്ധതി നടപ്പിലാക്കുന്നതായിരിക്കും.

ശ്രീമതി ശാന്തകുമാരി കെ.: സർ, 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതിയുടെ ഭാഗമായി വ്യാപകമായി കൃഷി നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ എല്ലാ പഞ്ചായത്തുകളും ഒരേ തരത്തിലുള്ള കൃഷിയിറക്കുന്നതിനുപകരം 'One Product One Village' എന്ന ആശയം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; കൂടാതെ ഓണക്കാലമായതുകൊണ്ട് കേരളത്തിൽ പൂവിപണി സജീവമാകുകയാണ്. കേരളത്തിലേയ്ക്ക് പൂവ് എത്തിക്കുന്നതിന് ഏകീകരിച്ചൊരു വില വിതരണക്കാർക്ക് നൽകുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി. പ്രസാദ്: സർ, 'One Product One Village' എന്നതുപോലെ 'ഒരു കൃഷി ഭവൻ ഒരു പ്രോഡക്ട്' എന്ന തരത്തിലേയ്ക്ക് എത്തണമെന്നാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. ചില കൃഷി ഭവനുകൾ ഇപ്പോൾത്തന്നെ ഒന്നിൽ കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നുണ്ട്. വിളയെ അടിസ്ഥാനപ്പെടുത്തിയുള്ള കൃഷിയാണ് ഇപ്പോൾ കേരളത്തിൽ നടന്നു കൊണ്ടിരിക്കുന്നത്. അതിനൊരു മാറ്റം വരേണ്ടത് അനിവാര്യമാണ്. എല്ലാ കൃഷിയിടങ്ങളിലും ഒരുപോലെ ഒരേ വിളകൾ കൃഷി ചെയ്യുന്നത് ചില പ്രതിസന്ധികളും പ്രയാസങ്ങളും സൃഷ്ടിക്കുന്നുണ്ട്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക, വിപണനം കൃത്യമായി നടക്കുക എന്നിവയെല്ലാം ലക്ഷ്യംവച്ചുകൊണ്ട് ഓരോ കൃഷിയിടത്തെയും അടിസ്ഥാനപ്പെടുത്തിയുള്ള കൃഷിയാണ് അത്യന്താപേക്ഷിതമായിട്ടുള്ളത്. പതിനാലാം പഞ്ചവൽസര പദ്ധതിക്കാലത്ത് ഈ ലക്ഷ്യം വച്ച് മുന്നോട്ടുനീങ്ങാനാണ് കൃഷിവകുപ്പ് തീരുമാനിച്ചിരിക്കുന്നത്. അതിന്റെയടിസ്ഥാനത്തിൽ ഓരോ കൃഷി ഭവനുകളുമായും കൃഷിയിടങ്ങളുമായി ബന്ധപ്പെട്ടുള്ള ആസൂത്രണമുണ്ടാകും. പഞ്ചായത്ത്, ബ്ലോക്ക്, ജില്ല, സംസ്ഥാനാടിസ്ഥാനത്തിലുള്ള ആസൂത്രണം/പ്രക്രിയ രൂപംകൊള്ളുമ്പോൾ ഉൽപ്പാദനത്തിന്റെ കാര്യത്തിൽ ഒരു ബുദ്ധിമുട്ടും ഉണ്ടാകുകയില്ല. ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ എവിടെ വിറ്റഴിക്കുമെന്ന പ്രശ്നമുണ്ടാകില്ല. പൂകൃഷി വളരെ ലാഭകരമായി കൊണ്ടുപോകാൻ കഴിയും. പൂവിന്റെ വില നിശ്ചയിക്കുന്ന കാര്യത്തിൽ സർക്കാരിന് നിലവിൽ സംവിധാനമില്ലാത്തതുകൊണ്ട് അക്കാര്യം പരിശോധിക്കുന്നതാണ്.

**കണക്ട് കരിയർ ടു ക്യാമ്പസ്**

2(* 122) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ കാലത്ത് തന്നെ യുവാക്കളെ തൊഴിൽ സജ്ജരാക്കുന്നതിന് അസാപ് കേരളയും കേരള നോളജ് ഇക്കോണമി മിഷനും സംയുക്തമായി കണക്ട് കരിയർ ടു ക്യാമ്പസ് പ്രചാരണം ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വിവിധ തൊഴിൽ മേഖലകളിൽ നൈപുണ്യം കൈവരിക്കാൻ അസാപ് കേരള ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് സ്കിൽ ഇക്കോ സിസ്റ്റം സൃഷ്ടിക്കുന്നതിന് നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ്, അസാപ് കേരളയുടെ അസസ്സ്മെന്റ് ഏജൻസിയായും അവാർഡിംഗ് ബോഡിയായും നിശ്ചയിച്ചിട്ടുണ്ടോ; അസാപ് കേരളയുടെ പ്രവർത്തനങ്ങളിൽ കൈവരിച്ച നേട്ടങ്ങൾ വിശദമാക്കുമോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, (എ) വിദ്യാഭ്യാസ കാലത്ത് തന്നെ യുവാക്കളെ തൊഴിൽ സജ്ജരാക്കുന്നതിന് അസാപ് കേരളയും കേരള നോളജ് ഇക്കോണമി മിഷനും സംയുക്തമായി കണക്ട് കരിയർ ടു ക്യാമ്പസ് പ്രചാരണം ആരംഭിച്ചിട്ടുണ്ട്. പഠനത്തോടൊപ്പം വ്യാവസായിക-തൊഴിൽ മേഖലകളിലെ അവസരങ്ങളും ആവശ്യങ്ങളും മനസ്സിലാക്കി വിദ്യാർത്ഥി സമൂഹത്തെ തൊഴിൽ സജ്ജരാക്കുന്നതിനായി ക്യാമ്പസുകളെ തൊഴിലിടങ്ങളാക്കുന്ന 'ഇൻഡസ്ട്രി ഓൺ ക്യാമ്പസ്' പോലുള്ള പരിപാടികൾ ഉയർന്ന വിജ്ഞാന തൊഴിലുകൾ, ഇന്റേൺഷിപ്പ്, അപ്രന്റിസ്ഷിപ്, ഫ്രീലാൻസ് എന്നിവയും ഇതിന്റെ ഭാഗമാണ്. ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെയും തൊഴിൽ വകുപ്പിന്റെയും സഹകരണത്തോടെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഐ.ടി.ഐ.-കൾ, മറ്റ് നൈപുണ്യ പരിശീലന സ്ഥാപനങ്ങൾ എന്നിവയെ ലക്ഷ്യം വച്ചാണ് ഈ ക്യാമ്പയിൻ നടത്തുന്നത്.

വിദ്യാഭ്യാസവും വ്യവസായാവശ്യവും തമ്മിലുള്ള വിടവ് നികത്തുന്നതിനും അതുവഴി പരമാവധി തൊഴിൽ ഉറപ്പാക്കുന്നതിനുമായി വ്യാവസായിക ആവശ്യങ്ങളേയും യോഗ്യതയുള്ള വിദഗ്ധരായ അപേക്ഷകരെയും ഒരൊറ്റ പ്ലാറ്റ്ഫോമിൽ കൊണ്ടുവരാൻ ഈ ക്യാമ്പയിൻ ശ്രമിക്കുന്നു. അഞ്ച് വർഷംകൊണ്ട് നാൽപ്പത് ലക്ഷം യുവജനങ്ങൾക്ക് പരിശീലനവും ഇരുപത് ലക്ഷം പേർക്ക്

തൊഴിലും നൽകി കേരളത്തെ ഒരു നവ വൈജ്ഞാനിക സമൂഹമാക്കി മാറ്റുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും മറ്റ് നൈപുണ്യ പരിശീലന സ്ഥാപനങ്ങളിലെയും വിദ്യാർത്ഥികൾക്ക് ഇന്റർവ്യൂ പരിശീലനം, മെന്ററിംഗ്, ഹ്രസ്വകാല നൈപുണ്യ പരിശീലനങ്ങൾ എന്നിവ നൽകുന്നതിലൂടെ തൊഴിൽ സജ്ജരായ ഉദ്യോഗാർത്ഥികളെ സൃഷ്ടിക്കുകയും പഠനം പൂർത്തിയാക്കുന്നതിനൊപ്പം തൊഴിലിലേയ്ക്ക് എത്തുന്നതുവരെ ഒരു പിന്തുണാ സംവിധാനമായി പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് കേരള നോളജ് ഇക്കോണമി മിഷന്റെ (KKEM) ലക്ഷ്യം. ഈ ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾക്കായി ഒരു കേന്ദ്രീകൃത സംവിധാനം വിഭാവനം ചെയ്ത് നടപ്പിലാക്കിയ സംവിധാനമാണ് ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS). ഉദ്യോഗാർത്ഥികൾക്ക് ഈ സംവിധാനത്തിൽ ലഭ്യമായ സേവനങ്ങളും തൊഴിൽ വൈദഗ്ദ്ധ്യം നേടുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ഇൻഡസ്ട്രി ബന്ധവും ലഭ്യമാക്കുക എന്നതാണ് കണക്ട് കരിയർ ടു ക്യാമ്പസ് എന്ന ക്യാമ്പയിൻ കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്.

(ബി) സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ഇഷ്ട തൊഴിൽ മേഖലയിൽ നൈപുണ്യം നേടുന്നതിനായി അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള മുഖാന്തരം അനവധി നൂതന കോഴ്സുകൾ ലഭ്യമാക്കുന്നുണ്ട്. ഈ കോഴ്സുകൾ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ലഭ്യമാണ്. സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലും, ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും പ്രവർത്തിക്കുന്ന 121 സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ, 99 എഞ്ചിനീയറിംഗ് കോളേജുകളിലും 45 പോളിടെക്നിക് കോളേജുകളിലുമായി പ്രവർത്തിക്കുന്ന അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ, വിവിധ ജില്ലകളിൽ സ്ഥാപിച്ചിട്ടുള്ള 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ എന്നിവിടങ്ങളിലൂടെയാണ് കേരളത്തിലെ നൈപുണ്യ വികസന പ്രവർത്തനങ്ങൾ അസാപ് ഏകോപിപ്പിക്കുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്, ക്ലൗഡ് കമ്പ്യൂട്ടിംഗ്, സൈബർ സെക്യൂരിറ്റി, ഡ്രോൺ ടെക്നോളജി, ഗ്രാഫിക്സ് ഡിസൈനർ, ഡിപ്ലോമ ഇൻ ബാങ്കിംഗ് & ഫിനാൻസ്, വിദേശ ഭാഷകൾ തുടങ്ങി 133 ഓളം കോഴ്സുകൾ ഇത്തരത്തിൽ ലഭ്യമാണ്.

<u>മി. സ്പീക്കർ</u>: ദീർഘമായ മറുപടിയാണെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

<u>ഡോ. ആർ. ബിന്ദു</u>: സർ, ഉത്തരത്തിന്റെ ബാക്കി ഭാഗം ഞാൻ മേശപ്പുറത്തുവയ്ക്കുന്നു*.

* ഉത്തരത്തിന്റെ ബാക്കി ഭാഗം അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.

ഡോ. കെ. ടി. ജലീൽ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എം. വിജിൻ): സർ, ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമാക്കിക്കൊണ്ട് കേരളത്തിന്റെ പൊതുവിദ്യാഭ്യാസമേഖലയിൽ മാറ്റങ്ങളുണ്ടാക്കിയതുപോലെ ഉന്നത വിദ്യാഭ്യാസ മേഖലയിലും ഒരു കുതിച്ചുചാട്ടത്തിന് തന്നെയാണ് ഇന്ന് പിണറായി സർക്കാർ നേതൃത്വം കൊടുത്തുകൊണ്ടിരിക്കുന്നത്. അതിന് നേതൃത്വം നൽകുന്ന വകുപ്പ് മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് നൈപുണ്യ പരിശീലനത്തോടൊപ്പം വിദ്യാർത്ഥികളെയും യുവജനതയെയും സംരംഭകരാക്കാനും തൊഴിൽദാതാക്കളാക്കി മാറ്റുന്നതിനുംവേണ്ടിയിട്ടുള്ള പ്രത്യേക പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ഡോ. ആർ. ബിന്ദു: സർ, തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള വിടവ് നികത്തുകയെന്ന ഉദ്ദേശ്യത്തോടെ അഭ്യസ്തവിദ്യരായ യുവാക്കളുടെ തൊഴിലില്ലായ്മ എന്ന പ്രശ്നത്തെ അഭിസംബോധന ചെയ്യാൻ കഴിയുന്ന വിധത്തിൽ സ്കിൽ എൻഹാൻസ്മെന്റിലൂടെ നാനാമുഖമായിട്ടുള്ള പരിപാടികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്നത്. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ആഭിമുഖ്യത്തിൽ 133 സ്കിൽ പരിശീലന കോഴ്സുകൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ബഡ്ജറ്റിൽ ട്രാൻസ്ലേഷണൽ റിസർച്ച് ലാബുകൾക്കും ഇൻകുബേഷൻ സെന്ററുകൾക്കുമായി ഗണ്യമായ തുകയാണ് നീക്കിവച്ചിട്ടുള്ളത്. സൈദ്ധാന്തികമായ അന്വേഷണങ്ങളെ സമൂഹത്തിന്റെ ആവശ്യങ്ങൾക്കുതകുംവിധം പ്രായോഗിക കാര്യങ്ങളായി പരിവർത്തനം ചെയ്യുകയെന്നതാണ് ട്രാൻസ്ലേഷണൽ റിസെർച്ച് ലാബുകൾ കൊണ്ടുദ്ദേശിക്കുന്നത്. യുവാക്കളുടെ പുതിയ ആശയങ്ങളും നൂതന വിദ്യാ സംരംഭങ്ങളും പ്രായോഗികമായി ആവിഷ്കരിച്ച് മുന്നോട്ടുപോകാനുള്ള പിന്തുണ നൽകുന്നവയാണ് ഇൻകുബേഷൻ സെന്ററുകൾ. ഈ സെന്ററുകളിലൂടെ യുവാക്കൾക്ക് അവരുടെ ആശയാഭിരുചിക്കനുസൃതമായി പുതിയ സംരംഭങ്ങളിലേയ്ക്ക് പോകാനും സംരംഭകത്വ താൽപ്പര്യങ്ങളെ പ്രോത്സാഹിപ്പിക്കാനും സാധിക്കും. അസാപ്പിന്റെ ആഭിമുഖ്യത്തിൽ മത്സരപരീക്ഷകൾക്ക് അവരെ തയ്യാറാക്കുന്നതോടൊപ്പം അവരുടെ സംരംഭകത്വ താൽപ്പര്യങ്ങളും വികസിപ്പിക്കും. അങ്ങനെ അവർ തൊഴിലന്വേഷകരിൽനിന്നും തൊഴിൽദായകരായിട്ടും തൊഴിൽ സൃഷ്ടാക്കളായിട്ടും മാറും.

കേരളത്തിൽ ലഭ്യമായ ഇടങ്ങളിലെല്ലാം സ്റ്റാർട്ടപ്പ് പാർക്കുകളും റിസർച്ച് പാർക്കുകളും ആരംഭിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ആലോചനകൾ ചെന്നൈ ഐ.ഐ.ടി.-യുമായി ബന്ധപ്പെട്ട് നടന്നുകൊണ്ടിരിക്കുകയാണ്. 'ഇൻഡസ്ട്രി ഓൺ ക്യാമ്പസ്' എന്ന പദ്ധതിയിലൂടെ പോളിടെക്നിക്കുകളും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് കൃഷി,

വ്യവസായം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ആവശ്യമായിട്ടുള്ള ഉപകരണങ്ങളും മറ്റ് സംവിധാനങ്ങളുമൊക്കെ കുട്ടികൾ വികസിപ്പിക്കുകയും ആ പ്രോഡക്ട്സ് വിപണിയിൽ എത്തിക്കുകയും ചെയ്യുന്ന പരിപാടികൾ ഏറ്റെടുത്തുവരികയാണ്. Collegiate Education നടപ്പാക്കിക്കൊണ്ടിരിക്കുന്ന 'Earn While You Learn' പദ്ധതി പ്രകാരം കുട്ടികൾക്ക് തൊഴിൽ പരിശീലനവും ചെറിയ ചെറിയ തൊഴിലുകൾ കോളേജിനകത്തുവച്ചുതന്നെ ചെയ്യാനുള്ള സാധ്യതയും ഒരുക്കുകയാണ് ചെയ്യുന്നത്. ഇതിന്റെ ഭാഗമായി കഴിഞ്ഞ വർഷം ഇരുപത് ലക്ഷം രൂപ കുട്ടികൾക്ക് വേതനം/ പ്രോത്സാഹനം എന്ന നിലയിൽ നൽകാൻ കഴിഞ്ഞുവെന്നതും സംസ്ഥാനത്തെ ആദ്യത്തെ അനുഭവമാണെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. അത്തരത്തിൽ പൊതുവിൽ വിദ്യാഭ്യാസ സ്ഥാപനത്തിനകത്ത് സംരംഭകത്വ താൽപ്പര്യങ്ങൾ ഉയർത്താൻ കഴിയുംവിധം startup innovation ecosystem നിർമ്മിച്ചെടുക്കുകയെന്ന വിഷയത്തിന് മുൻതൂക്കം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളിലാണ് ഇപ്പോൾ ഉന്നത വിദ്യാഭ്യാസ വകുപ്പ് ഏർപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി നാം പ്രതീക്ഷിക്കുന്ന അളവിലുള്ള തൊഴിൽ സൃഷ്ടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. എം. വിജിൻ</u>: സർ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ഈ പദ്ധതികളിൽ പ്രത്യേകമായി ഊന്നൽ കൊടുക്കേണ്ടതാണ്. അത്തരം വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം ലഭ്യമാക്കുന്നതിനുവേണ്ടി പ്രത്യേകമായ പദ്ധതികൾ ഉന്നത വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, നവവൈജ്ഞാനിക മേഖലകളുമായി ബന്ധപ്പെട്ട് 133 കോഴ്സുകളാണ് ഇപ്പോൾ അസാപ് നൽകിവരുന്നത്. തൊഴിലും വിദ്യാഭ്യാസവും തമ്മിൽ നിലനിൽക്കുന്ന സ്കിൽ ഗ്യാപ് നികത്താൻ കഴിയുംവിധം ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഫോറൻസിക് സയൻസ്, സൈബർ സെക്യൂരിറ്റി തുടങ്ങിയ ഏറ്റവും പുതിയ മേഖലകളിൽ സ്കിൽ ലഭ്യമാക്കി അതുമായി ബന്ധപ്പെട്ട തൊഴിലുകളിലേയ്ക്ക് പോകാൻ കഴിയുന്ന തരത്തിലാണ് ഇപ്പോൾ കോഴ്സുകൾ നൽകിവരുന്നത്. അതുകൂടാതെ 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളും അസാപ്-ന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്നുണ്ട്. കുടുംബശ്രീ സഹോദരിമാർക്ക് ഗ്രാഫിക് ഡിസൈനിംഗിൽ ഉൾപ്പെടെ ഈ പാർക്കുകളിൽ പരിശീലനം നൽകിവരുന്നുണ്ട്. അതുപോലെ വ്യവസായ സ്ഥാപനങ്ങളുമായി ഇൻഡസ്ട്രി അക്കാദമിക് കൊളാബറേഷൻ ശക്തിപ്പെടുത്തിക്കൊണ്ട് നൂതന തൊഴിൽ മേഖലകളിലേയ്ക്ക് കടന്നുചെല്ലാൻ കഴിയുന്ന വിധത്തിൽ വ്യവസായ സ്ഥാപനങ്ങൾക്കാവശ്യമായ സ്കിൽ കുട്ടികൾക്ക് നൽകി തൊഴിലിലേയ്ക്ക് കൊണ്ടുപോകാനുള്ള പരിപാടിയും ആവിഷ്കരിക്കുന്നുണ്ട്. ഇൻഡസ്ട്രിയുമായുള്ള കൊളാബറേഷൻ ശക്തിപ്പെടുത്തുകയെന്ന

ച്ചുമതല അസാപ് നല്ല നിലയിൽ നിർവ്വഹിച്ചുവരുന്നുണ്ട്. സർവ്വകലാശാലകളിൽ ഇന്റർ ഡിസിപ്ലിനറി ഗവേഷണ കേന്ദ്രങ്ങൾ വികസിപ്പിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി പുതുതലമുറ കോഴ്സുകളിലേക്ക് പോകാൻ കഴിയുമെന്ന് മാത്രമല്ല, പുതിയ തൊഴിൽ മേഖലകളുടെ സാദ്ധ്യതകൾ കൃത്യമായി ഉപയോഗിക്കാൻ കുട്ടികൾക്ക് കഴിയുകയും ചെയ്യുമെന്നുള്ള സ്ഥിതി ഉണ്ടായി വരുന്നുണ്ട്.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഉന്നതവിദ്യാഭ്യാസ രംഗത്ത് പുതിയ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടാണ് കേരളം മുന്നേറിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായാണ് കേരള നോളഡ്ജ് ഇക്കോണമി മിഷനും അസാപ് കേരളയും സംയോജിതമായി നടപ്പിലാക്കുന്ന കെ-സ്കിൽ ക്യാമ്പയിനിന്റെ പ്രവർത്തനം നടത്തുന്നത്. ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ സംബന്ധിച്ച് വിശദീകരിക്കാൻ സാധിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, കെ-സ്കിൽ ക്യാമ്പയിനിലൂടെ കേരളത്തിൽ അങ്ങോളമിങ്ങോളം ലഭ്യമാകുന്ന അവസരങ്ങളുപയോഗിച്ച് സ്കിൽ നൽകുന്നതിനു വേണ്ടിയുള്ള പരിശ്രമങ്ങളാണ് നടത്തുന്നത്. ഇതിന്റെ ഭാഗമായി മൂന്ന് വിപുലമായിട്ടുള്ള ജോബ് ഫെയറുകൾ വിവിധ പ്രദേശങ്ങളിലായി സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആ ജോബ് ഫെയറുകളിൽനിന്ന് ലഭ്യമായിട്ടുള്ള വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി കുട്ടികളുടെ അഭിരുചിക്കനുസൃതമായി കോഴ്സുകളിൽ അവർക്ക് പരിശീലനം നൽകുകയാണ് ചെയ്യുന്നത്. DWMS (ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം) വികസിപ്പിച്ച് അതിൽ രജിസ്റ്റർ ചെയ്യാൻ തൊഴിലന്വേഷകരായിട്ടുള്ള അഭ്യസ്തവിദ്യരായ യുവാക്കൾക്ക് അവസരം നൽകിയിരിക്കുകയാണ്. ഇതിന്റെ ഭാഗമായി തൊഴിലന്വേഷകർ, തൊഴിൽ ദായകർ, സ്കിൽ എൻഹാൻസ്മെന്റിനുള്ള ഏജൻസികൾ എന്നീ മൂന്നുപേരും ചേരുന്ന ഒരു പ്ലാറ്റ്ഫോമായി DWMS-നെ വികസിപ്പിക്കുകയാണ്. കുട്ടികൾക്ക് പോകാനാഗ്രഹമുള്ള ജോലിക്കനുസൃതമായ രീതിയിൽ അവരെ ഗ്രൂം ചെയ്തെടുക്കാനും അവരുടെ വ്യക്തിത്വ വികസനത്തിനും ആശയവിനിമയ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനുമൊക്കെ സഹായിക്കുന്ന രീതിയിലുള്ള ഫിനിഷിംഗ് പ്രോഗ്രാം ഇതിന്റെ ഭാഗമായി അവർക്ക് ലഭ്യമാക്കുന്നതാണ്. അത് അഭിമുഖ പരീക്ഷകളിൽ വിജയിക്കുന്നതിനും തൊഴിൽ നേടുന്നതിനുമൊക്കെ അവരെ കൂടുതൽ എക്വിപ്ഡ് ആക്കുന്നുണ്ട്. അതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും വ്യവസായ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള നൈപുണ്യ പരിചയമേളകൾ നടത്തണമെന്നാണുദ്ദേശിക്കുന്നത്. അതിന്റെ സംസ്ഥാനതല ഉദ്ഘാടനം ഇരിങ്ങാലക്കുട മണ്ഡലത്തിൽ നടക്കുകയുണ്ടായി. വിപുലമായ നൈപുണ്യ

പരിചയമേളകൾ എല്ലാ മണ്ഡലങ്ങളിലും സംഘടിപ്പിക്കാനാണുദ്ദേശിക്കുന്നത്. അതുപോലെ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ എല്ലാ പഞ്ചായത്തുകളും കേന്ദ്രീകരിച്ച് തൊഴിൽമേളകൾ നടത്താനും ഉദ്ദേശിക്കുന്നുണ്ട്. ഇതിലൊക്കെ സ്കിൽ ആവശ്യമുള്ള വിദ്യാർത്ഥികളെയും വനിതകളെയും കണ്ടെത്തി അവരെ പ്രത്യേകം പരിശീലിപ്പിച്ച് തൊഴിലിലേയ്ക്ക് കൊണ്ടുപോകാനും കൂട്ടായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമുള്ള പദ്ധതികൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, കേരളത്തെ വൈജ്ഞാനിക സമ്പദ്ഘടനയാക്കുമെന്നുള്ള സർക്കാരിന്റെ പ്രഖ്യാപനം ചെറുപ്പക്കാർക്ക് വലിയ പ്രതീക്ഷയാണ് നൽകിയിരിക്കുന്നത്. അടുത്തകാലത്ത് സിംഗപ്പൂർ പുതിയ തൊഴിൽ നയം പ്രഖ്യാപിച്ചിട്ടുണ്ട്. ഓരോ രാജ്യങ്ങളുടെയും സാധ്യതകൾ മനസ്സിലാക്കിക്കൊണ്ടുള്ള കോഴ്സുകൾ കൊണ്ടുവരാനും ഭാഷാ പരിശീലനം നൽകാനും അസാപ് നടപടി എടുക്കുമോ; ഇതിനനുസരിച്ച് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ട്രേഡുകൾ പരിഷ്കരിക്കാൻ ഉന്നതവിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, ഇംഗ്ലീഷ്, ഫ്രഞ്ച്, അറബിക്, ജാപ്പനീസ്, ജർമ്മൻ, സ്പാനിഷ് എന്നീ ഭാഷകളിൽ വൈദഗ്ധ്യം ആർജ്ജിക്കുന്നതിനുള്ള സ്കിൽ എൻഹാൻസ്മെന്റ് പദ്ധതി അസാപ്-ന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നുണ്ട്. IELTS പരീക്ഷയ്ക്ക് തയ്യാറാകുന്നതിനും അത് വിജയിക്കുന്നതിനും വിദ്യാർത്ഥികളെ സഹായിക്കുന്ന ട്രെയിനിംഗ് നൽകിവരുന്നുണ്ട്. അതോടൊപ്പംതന്നെ കേരളത്തിന്റെ അടിസ്ഥാന മേഖലകളായ കൃഷി, വ്യവസായം, ആരോഗ്യം, റബ്ബർ ടെക്നോളജി, ആയുർവേദം ഇത്യാദി മേഖലകളിലൊക്കെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉത്പാദിപ്പിക്കുന്ന സവിശേഷമായ അറിവുകൾ എങ്ങനെയാണ് പ്രയോജനപ്പെടുത്തേണ്ടതെന്ന രീതിയിലുള്ള ആലോചനകളും അതനുസരിച്ചുള്ള പ്രവർത്തനങ്ങളും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇപ്പോൾ നടന്നുവരികയാണ്. ഇതിന്റെ ഭാഗമായാണ് ഇന്റർ ഡിസിപ്ലിനറി, ഇന്റർ യൂണിവേഴ്സിറ്റി സ്വഭാവത്തിലുള്ള റിസർച്ച് സെന്ററുകൾ ആരംഭിക്കുന്നത്. കേരളീയ സമൂഹത്തെ വൈജ്ഞാനിക സമൂഹമാക്കി മാറ്റുന്നതിനും വിജ്ഞാനാധിഷ്ഠിത സമ്പദ് വ്യവസ്ഥ വികസിപ്പിക്കുന്നതിനും സഹായകമായ രീതിയിൽ കേരളത്തിന്റെ അടിസ്ഥാനമേഖലകളുമായി ബന്ധപ്പെട്ട് നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്ന വിധത്തിൽ തങ്ങളുടെ ഗവേഷണം ആഴത്തിൽ കൊണ്ടുപോകാൻ സഹായിക്കുന്ന യുവഗവേഷകരുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനാണ് 500 പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾ പ്രഖ്യാപിച്ചിട്ടുള്ളത്. അതിൽ ആദ്യഗ്രൂപ്പായി 77 യുവഗവേഷകരെ ഇതിനകം തെരഞ്ഞെടുത്തിട്ടുണ്ട്. അവർ അതുമായി ബന്ധപ്പെട്ട് മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. പി. സുമോദ്: സർ, കേരളത്തെ ഒരു വിജ്ഞാന സമ്പദ് വ്യവസ്ഥയാക്കി പരിവർത്തനപ്പെടുത്തുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള അസാപ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് വിശദമാക്കാമോ; നവീന സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള പുതിയ തൊഴിലുകൾ ചെയ്യുന്നതിന് വിദ്യാർത്ഥികളെ തയ്യാറാക്കുന്ന പരിശീലന പരിപാടികൾ അസാപ് മുഖേന ആവിഷ്കരിച്ചിട്ടുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, ഇക്കാര്യം തന്നെയാണ് വിശദീകരിച്ചത്.

മി. സ്പീക്കർ: ഇക്കാര്യങ്ങൾ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചത്. അടുത്ത ചോദ്യത്തിലേയ്ക്ക് കടക്കാം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വിദ്യാഭ്യാസത്തെ തൊഴിലധിഷ്ഠിതമാക്കുകയെന്ന ആശയം നമ്മളൊക്കെ ചെറുപ്പകാലം മുതൽ കേട്ടുകൊണ്ടിരിക്കുന്നതാണ്. ആദ്യകാലത്ത് പോളിടെക്നിക്കുകളും ഐ.ടി.ഐ.-കളും ഐ.ടി.സി.-കളും മറ്റും ആരംഭിച്ചു. മെയിൻ സ്ട്രീമിനെ തൊഴിലധിഷ്ഠിതമാക്കുകയെന്ന വലിയ ലക്ഷ്യവുമായി ഗവൺമെന്റ് അസാപ്, KKEM അടക്കമുള്ള സ്കീമുകൾ ആരംഭിച്ചെങ്കിലും പലയിടത്തും അസാപ്-ന്റെ വർക്ക് നിർദ്ദേശിച്ചിട്ടുള്ള സെന്ററുകളിൽ നല്ല രീതിയിൽ നടക്കുന്നില്ല. യഥാർത്ഥത്തിൽ പുതിയ തൊഴിലധിഷ്ഠിത കോഴ്സുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാത്രമാണ് ആരംഭിച്ചിട്ടുള്ളത്. B.Voc, B.T.H.M കോഴ്സുകളൊക്കെ വളരെ ചുരുക്കമാണ്. എയ്ഡഡ്, ഗവൺമെന്റ് മേഖലയിൽത്തന്നെ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുന്നതിന് സർക്കാർ സന്നദ്ധമാകുമോ?

ഡോ. ആർ. ബിന്ദു: സർ, ലഭ്യമാകുന്ന എല്ലാ സന്ദർഭങ്ങളും ഇത്തരത്തിൽ തൊഴിലധിഷ്ഠിത കോഴ്സുകൾക്കും തൊഴിൽ ഉത്പാദനത്തിനുമായി ഉപയോഗപ്പെടുത്തണം എന്നുതന്നെയാണ് സർക്കാരിന്റെ തീരുമാനം. അസാപ്-ന്റെ പ്രവർത്തനങ്ങളുടെ ഫലമായി ദേശീയ അടിസ്ഥാനത്തിൽത്തന്നെ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. സംസ്ഥാന സ്കിൽ ഇക്കോ സിസ്റ്റം സൃഷ്ടിക്കുന്നതിന് കേന്ദ്ര തൊഴിൽ നൈപുണ്യ വികസന മന്ത്രാലയത്തിനുകീഴിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ എഡ്യൂക്കേഷൻ ട്രെയിനിംഗ് അസാപ്-നെ അതിന്റെ അസസ്സ്മെന്റ് ആൻഡ് അവാർഡിംഗ് ഏജൻസിയായി തീരുമാനിച്ചിട്ടുണ്ട്. അത് അസാപ്-ന്റെ പ്രവർത്തന മികവിന്റെ അടയാളമാണ്. അതുപോലെ ദേശീയതലത്തിലുള്ള 'ഡ്യൂവൽ റെക്കഗ്നിഷൻ' പദവിയാണ് ഇതിലൂടെ ലഭിച്ചിട്ടുള്ളത്. വ്യത്യസ്ത തൊഴിൽ മേഖലകളിൽ അസാപ് നൽകിവരുന്ന തൊഴിൽ നൈപുണ്യ പരിശീലനത്തെ അധിഷ്ഠിതമാക്കി രാജ്യത്തെ മുഴുവൻ തൊഴിലധിഷ്ഠിത

കോഴ്സകളും അസസ്സ് ചെയ്യാനുള്ള അധികാരമാണ് ഇതുവഴി ലഭ്യമായിട്ടുള്ളത്. ഒരു സ്കിൽ ഇക്കോ സിസ്റ്റം ബിൽഡ് അപ് ചെയ്യുകയെന്ന വലിയ ചുമതല അസാപ്-ഉം KKEM-ഉം ചേർന്ന് നിർവ്വഹിക്കാനുദ്ദേശിക്കുന്നുണ്ട്. അതോടൊപ്പംതന്നെ ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ B.Voc കോഴ്സകൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്ത് നല്ല നിലയിൽത്തന്നെ ആരംഭിച്ചിട്ടുണ്ട്. തുടർന്നും അത്തരത്തിലുള്ള കോഴ്സകൾ ലഭ്യമാകുന്ന അവസരങ്ങളെല്ലാം ഉപയോഗിച്ച് നൽകുകയെന്നതാണ് സർക്കാരിന്റെ നിലപാട്. അതുപോലെ അസാപ്-ന്റെ നേട്ടങ്ങളുടെ ഭാഗമായി രണ്ട് കാര്യങ്ങൾ കൂടി പരാമർശിക്കാൻ ആഗ്രഹിക്കുകയാണ്. നീതി ആയോഗിന്റെ (Best Practices in Skill) പരാമർശവും ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ജെൻഡർ ആക്ഷൻ പ്ലാൻ നടപ്പിലാക്കിയ മികച്ച പ്രോജക്റ്റിനുള്ള അംഗീകാരവും അസാപ്പിന് ലഭ്യമായിട്ടുണ്ട്. Skill India Report 2022-ൽ അസാപിന് പ്രത്യേക പരാമർശം ലഭിച്ചിട്ടുണ്ട്. അത്തരത്തിലുള്ള പ്രവർത്തനങ്ങൾ മികവാർന്ന രീതിയിൽ തുടർന്നും കൊണ്ടുപോകും. B.Voc, M.Voc ഉൾപ്പെടെയുള്ള കോഴ്സകൾ കൂടുതലായി നടത്താനുള്ള പരിശ്രമമാണ് സർക്കാർ നടത്തുന്നത്.

ശ്രീ. വി. ജോയി: സർ, അസാപ് കേരള പദ്ധതിയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. വിദ്യാഭ്യാസ കാലത്തുതന്നെ വിദ്യാർത്ഥികളെ തൊഴിൽ സജ്ജരാക്കുകയെന്നതാണ് ഇതിന്റെ ലക്ഷ്യം. നമ്മുടെ വിദ്യാർത്ഥികൾ ധാരാളം ഗവേഷണങ്ങൾ നടത്തുന്നുണ്ട്. ഇതിൽ നാടിന്റെ പുരോഗതിക്ക് ഉപയോഗപ്പെടുന്ന ഗവേഷണങ്ങൾ അസാപ് മുഖേന നടപ്പിലാക്കാൻ സാധിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, ഗവേഷണങ്ങൾ അസാപ് മുഖാന്തരം മാത്രമായി പരിമിതപ്പെടുത്തേണ്ട കാര്യമില്ല. ഇവിടത്തെ സർവ്വകലാശാലകളും റിസർച്ച് കേന്ദ്രങ്ങളും ഇന്റർ യൂണിവേഴ്സിറ്റി, ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെന്ററുകളുമൊക്കെ ഇതിനായി ഒരുങ്ങിക്കൊണ്ടിരിക്കുകയാണ്. അസാപ് -ന്റെ ആഭിമുഖ്യത്തിൽ പോളിടെക്നിക്കുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലുമൊക്കെ ഏറ്റവും മികച്ച നിലവാരത്തിലുള്ള ഫാബ് ലാബുകളൊക്കെ തയ്യാറാക്കിവരുന്നുണ്ട്. അതിന്റെ ഭാഗമായി Experiential learning (ചെയ്ത് പഠിക്കുക) എന്നത് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് ലഭിക്കുന്നുണ്ട്. തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ വളരെ ആഴത്തിലുള്ള ഗവേഷണം നടക്കുന്നുണ്ട്. റോബോട്ടിക്സ് മേഖലയിൽ പുതിയ കാര്യങ്ങൾ കുട്ടികൾ കണ്ടുപിടിക്കുന്നുണ്ട്. അത്തരത്തിലുള്ള കാര്യങ്ങൾ അസാപ്പിലൂടെ നിർവ്വഹിക്കാൻ കഴിയും. പക്ഷെ, കൂടുതൽ ആഴത്തിലുള്ള റിസർച്ചുമായി ബന്ധപ്പെട്ട് നിരവധി കേന്ദ്രങ്ങൾ സജ്ജമാക്കുന്നതിനുള്ള ഉദ്യമത്തിനാണ് ഉന്നത വിദ്യാഭ്യാസ വകുപ്പ് നേതൃത്വം നൽകുന്നത്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഇവിടത്തെ യൂണിവേഴ്സിറ്റികളുടെ കാര്യം പറയുമ്പോൾ 'പത്രത്തിലുണ്ട്, പാത്രത്തിലില്ല' എന്ന അവസ്ഥയാണ്. എ.പി.ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ആരംഭിച്ചിട്ട് 8 വർഷമായി. അവിടെ 50 ഏക്കർ ഭൂമി ഏറ്റെടുത്ത് സർവ്വകലാശാല ആരംഭിക്കാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല. ടി സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ ഇത്ര slow moving ആയാൽ കുട്ടികൾ എവിടെയാണ് പഠിക്കുക; ഇവിടത്തെ 40000-ത്തോളം കുട്ടികൾ വിദേശത്തേയ്ക്ക് പോകുകയാണ്. എങ്ങനെയാണ് ഒരു സർവ്വകലാശാല ഉണ്ടാക്കുന്നതെന്നോ അതിനായി എങ്ങനെ ഭൂമി ഏറ്റെടുക്കണമെന്നോപോലും അറിയാതെ ഗവൺമെന്റ് പോകുന്ന സാഹചര്യത്തിൽ ടി സർവ്വകലാശാല യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, സർവ്വകലാശാലയ്ക്ക് ഭൂമി ഏറ്റെടുക്കുന്ന പ്രക്രിയ ആരംഭിച്ചതുതന്നെ ഈ സർക്കാരിന്റെ കാലത്താണ്. വളരെ പരിമിതമായ, സ്കൂൾ സാഹചര്യങ്ങളിൽ സർവ്വകലാശാല സ്ഥാപിക്കുകയെന്ന തെറ്റായ നയം സ്വീകരിച്ചതാരാണെന്ന് ഞാനിവിടെ പ്രത്യേകം പറയേണ്ടതില്ലെന്ന് കരുതുന്നു. ഇടതുപക്ഷ സർക്കാർ വന്നതിനുശേഷമാണ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പരിപാടികൾ ആരംഭിച്ചത്. ഉടൻതന്നെ സർവ്വകലാശാലയുടെ കെട്ടിട നിർമ്മാണത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് മികച്ച അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ക്യാമ്പസ് കെ.റ്റി.യു. (Kerala Technological University)-വിന് എത്രയുംപെട്ടെന്ന് തയ്യാറാക്കി നൽകുമെന്നുള്ള കാര്യമാണ് ഇവിടെ പറയുവാനുള്ളത്.

ശ്രീ. ജോബ് മൈക്കിൾ: സർ, വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യം കൈവരിക്കാൻ അസാപ് കേരളയും Kerala Knowledge Economy Mission-ഉം സംയുക്തമായി നടത്തുന്ന ക്യാമ്പയിൻ എല്ലാ നിയോജക മണ്ഡലങ്ങളിലും ആരംഭിച്ചിട്ടുണ്ടോ; എന്റെ നിയോജക മണ്ഡലമായ ചങ്ങനാശ്ശേരിയിൽ വിദ്യാഭ്യാസ രംഗത്ത് ഉന്നത നിലവാരം പുലർത്തുന്ന ഒട്ടനവധി കോളേജുകളുണ്ട്. ചങ്ങനാശ്ശേരിയിൽ തൊഴിൽ നൈപുണ്യ കേന്ദ്രം അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, അസാപിന്റെ സ്കിൽ പരിചയമേള എല്ലാ മണ്ഡലങ്ങളിലും നടത്തണമെന്നാണുദ്ദേശിച്ചിട്ടുള്ളത്. ബഹുമാന്യരായ അംഗങ്ങൾ അതിന് മുൻകയ്യെടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും മണ്ഡലത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടൊരു സ്കിൽ പരിചയമേള നടത്തണമെന്നാണ് അഭ്യർത്ഥിക്കുവാനുള്ളത്. അതോടൊപ്പംതന്നെ ബഹുമാനപ്പെട്ട അംഗത്തിന്റെ അഭ്യർത്ഥനയുടെ സാധ്യത പരിശോധിച്ച് മറുപടി അറിയിക്കാം.

## മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

3 (*123) ശ്രീ. കെ. പി. മോഹനൻ:
ശ്രീ തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ നയങ്ങൾമൂലം സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച് പരിഹരിക്കുവാൻ കമ്മീഷനെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന സഹായങ്ങൾ കാലതാമസം കൂടാതെ ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ പ്രത്യേക നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ,

(എ) മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി മത്സ്യവിഭവ സംരക്ഷണത്തിനും വിഭവ മാനേജ്മെന്റിനും പൊതുമേഖലാ സംവിധാനം വഴി വായ്പകൾ യഥാസമയം അനുവദിച്ച് ധനമാനേജ്മെന്റിൽ ബോധവൽക്കരണം നടത്തിയും മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ വർദ്ധനയുണ്ടാക്കുന്നതിന് കഴിഞ്ഞ വർഷങ്ങളിൽ വകുപ്പിനും അനുബന്ധ സ്ഥാപനങ്ങൾക്കും കഴിഞ്ഞിട്ടുണ്ട്. മത്സ്യത്തൊഴിലാളി സമൂഹത്തെയും വിശിഷ്യാ മത്സ്യത്തൊഴിലാളികളെയും സാമൂഹ്യമായും സാമ്പത്തികമായും ഉയർത്തിക്കൊണ്ടു വരുന്നതിന് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1) സമ്പാദ്യ സമാശ്വാസ പദ്ധതി;
2) തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ;
3) വിദ്യാഭ്യാസ സഹായ പദ്ധതികൾ;
4) മത്സ്യബന്ധനയാനങ്ങൾക്കും എഞ്ചിനുകൾക്കുമുള്ള ഇൻഷ്വറൻസ് പദ്ധതി;

5) സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി;

6) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 75% സബ്സിഡിയോടുകൂടി ഇൻസുലേറ്റഡ് ബോക്സ് നൽകുന്ന പദ്ധതി;

7) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് എഫ്.ആർ.പി. ബോട്ട്, ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ എന്നിവ നൽകുന്ന പദ്ധതി;

8) സമുദ്ര പദ്ധതി (മത്സ്യത്തൊഴിലാളി വനിതകൾക്കായുള്ള പ്രത്യേക ബസ് സർവ്വീസ്);

9) മത്സ്യത്തൊഴിലാളികൾക്ക് തുടർ ചികിത്സാ ധനസഹായം നൽകുന്നതിനായി തീരോന്നതി പദ്ധതി;

10) ഓഖി പുനരധിവാസ പദ്ധതികൾ;

11) മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി;

12) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ;

13) മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ;

14) മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി;

15) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ; (അനുബന്ധമായി ചേർക്കുന്നു *)

(ബി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(സി) മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് ഡി.ബി.റ്റി. മുഖേനയാണ് തുകകൾ കൈമാറിക്കൊണ്ടിരിക്കുന്നത്. ഇതിനുവേണ്ടി മത്സ്യത്തൊഴിലാളികളുടെ ഒരു ഡാറ്റാ ബെയ്സ്, ഫിംസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ അവരുടെ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ആനുകൂല്യം അനുവദിക്കുന്നമുറയ്ക്ക് ഗുണഭോക്താക്കൾക്ക് ആയത് ഉടനടി ലഭ്യമാകുന്നുണ്ട്.

---

* ഉത്തരത്തിന്റെ ബാക്കിഭാഗം അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്.

ശ്രീ. കെ. പി. മോഹനൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ നല്ല രീതിയിലുള്ള കരുതൽ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയെയും ഗവൺമെന്റിനെയും അനുമോദിക്കുന്നു. മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ ആശ്വാസ പദ്ധതിയിൽ കേന്ദ്ര ഗവൺമെന്റിന്റെ കോൺട്രിബ്യൂഷൻ ലഭ്യമാകാൻ ഇപ്പോഴെന്തെങ്കിലും തടസ്സം വന്നിട്ടുണ്ടോ; എത്ര ശതമാനം കോൺട്രിബ്യൂഷൻ കേരളത്തിന് ലഭിക്കാനുണ്ട്;

ശ്രീ. വി. അബ്ദുറഹിമാൻ: സർ, മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന മണ്ണെണ്ണ ഒഴികെയുള്ള കാര്യങ്ങളെല്ലാം കേന്ദ്ര സർക്കാരിന്റെ സഹകരണത്തോടു കൂടി നല്ല രീതിയിലുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. കഴിഞ്ഞ തവണത്തെ ഡൽഹി മീറ്റിംഗോടുകൂടി കഴിഞ്ഞ വർഷത്തെ പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. നിലവിൽ അത്തരത്തിലുള്ള യാതൊരു പരാതികളുമില്ല.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായലിൽ ഇപ്പോൾ കണ്ടുവരുന്ന ചെറിയ വരത്തൻ കക്ക കരിമീൻ സമ്പത്തിനെ ദോഷകരമായി ബാധിക്കുകയാണ്. കരിമീനിടുന്ന മുട്ട മുഴുവനും ഈ വരത്തൻ കക്ക തിന്നുതീർക്കുന്നതുകാരണം കരിമീനിന്റെ തോത് കുറയുകയാണ്. ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എന്തെങ്കിലും പഠനം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഈ ഇഷ്യു ആദ്യമായാണ് സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നത്. ഇതുമായി ബന്ധപ്പെട്ട് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ബന്ധപ്പെട്ട വകുപ്പിനോട് ആവശ്യപ്പെടാം. ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നല്ല രീതിയിൽ നടത്തിവരികയാണ്. അഷ്ടമുടിക്കായലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ട നടപടികളെക്കുറിച്ച് ആലോചിക്കാം.

ശ്രീ. തോമസ് കെ. തോമസ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. മാത്യു. ടി. തോമസ്: സർ, മത്സ്യസമ്പത്തിന്റെ ശോഷണം മത്സ്യത്തൊഴിലാളികളുടെ നിലനിൽപ്പിനുതന്നെ ഭീഷണിയായി മാറിയിരിക്കുന്നു. മത്സ്യങ്ങളുടെ പ്രജനനസമയത്ത് പഴ്സീൻ വലകൾ ഉപയോഗിച്ച് ആഴക്കടലിൽ ട്രോളിംഗ് നടത്തുന്നത് തടയാൻ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ട്രോളിംഗ് നിരോധിക്കണമെന്ന ദീർഘനാളുകളായുള്ള മത്സ്യത്തൊഴിലാളികളുടെ ആവശ്യത്തിന് 1987-ലെ എൽ.ഡി.എഫ്. സർക്കാരാണ് ആദ്യമായി പ്രതികരിച്ചത്. അന്ന് ഫിഷറീസ് മന്ത്രിയായിരുന്ന ശ്രീ. ടി. കെ. രാമകൃഷ്ണനാണ് നിയമസഭയിൽ ആ

പ്രഖ്യാപനം നടത്തിയത്. ഈ ആവശ്യം ഉന്നയിച്ച് ദീർഘനാളുകൾ നിരാഹാരമനുഷ്ഠിച്ച സിസ്റ്റർ ഫിലോമിൻ മേരി, ഫാദർ തോമസ് കോച്ചേരി തുടങ്ങിയവരെ കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് മറക്കാൻ കഴിയുകയില്ല. എന്റെ ചോദ്യം, 1987 മുതൽ നടപ്പിലാക്കിവരുന്ന ട്രോളിംഗ് നിരോധനം മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിൽ എത്രമാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്നത് സംബന്ധിച്ച് ശാസ്ത്രീയമായി വിലയിരുത്തിയിട്ടുണ്ടോ; നിലവിലെ ട്രോളിംഗ് നിരോധനത്തിന്റെ സമയക്രമം പരിഷ്കരിക്കേണ്ടതുണ്ടോ യെന്നതിനെ സംബന്ധിച്ച് പരിശോധിക്കുവാൻ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുമോ?

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, കേരളത്തിൽ നടപ്പിലാക്കുന്ന ട്രോളിംഗ് നിരോധനം വളരെ ഫലവത്താണ്. ഇവിടത്തെ ട്രോളിംഗ് നിരോധന കാലാവധിയും തമിഴ്നാട്, കർണ്ണാടക പോലെയുള്ള മറ്റു സംസ്ഥാനങ്ങളിലെ ട്രോളിംഗ് നിരോധന കാലാവധിയും വ്യത്യസ്തമായതുകൊണ്ട് കേരള തീരത്ത് ട്രോളിംഗ് നടപ്പിലാക്കുമ്പോൾ അന്യസംസ്ഥാനത്തുള്ള ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ കേരളത്തിലേയ്ക്ക് കടക്കുന്നൊരു പ്രവണതയുണ്ട്. ഇക്കാര്യങ്ങൾ മറ്റുള്ള സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യാൻ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നതിനുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. തമിഴ്നാട് പോലുള്ള സംസ്ഥാനങ്ങളിലും കേരളത്തിലും ഒരേ സമയത്തുതന്നെ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയാൽ മത്സ്യസമ്പത്തിൽ കൂടുതൽ വർദ്ധനയുണ്ടാക്കാൻ നിലവിലുള്ള സംവിധാനം വളരെ ഫലപ്രദമാണ്, ഇപ്പോൾ അതിൽ മാറ്റം വരുത്തേണ്ട ആവശ്യമില്ലെന്നതാണ് എന്റെ അഭിപ്രായം.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, മത്സ്യത്തൊഴിലാളി മേഖലയിൽ നേരിടുന്ന ബഹുമുഖമായ വിഷയങ്ങളും കേന്ദ്ര സർക്കാരിന്റെ നയവൈകല്യം മൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങളും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് സഭയിൽ വിശദീകരിച്ചു. മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ പരിരക്ഷ നൽകുന്നതിനുള്ള എന്തെങ്കിലും പരിപാടികൾ പുതുതായി ആവിഷ്കരിച്ചിട്ടുണ്ടോ; ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യത്തൊഴിലാളികളെ സഹായിക്കാനുള്ള പുനർഗേഹം പദ്ധതിക്ക് കൂടുതൽ സാമ്പത്തിക സഹായം നൽകുന്നതിനും വള്ളവും വലയും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തരസഹായം നൽകുന്നതിനും നടപടി സ്വീകരിക്കുമോ; ഇൻഡോ നോർവീജിയൻ പദ്ധതിപ്രകാരം ആരംഭിച്ച കണ്ണൂരിലെ മാപ്പിളബേയിൽ മണ്ണും മണലും നിറഞ്ഞതുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് പോകാനും തിരിച്ചുവരാനും കഴിയാത്ത സാഹചര്യമുണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് ഇത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹത്തിന് ഇന്ന് മറ്റേത് സംസ്ഥാനങ്ങളേക്കാൾ കൂടുതൽ ആനുകൂല്യങ്ങളും കരുതലും നൽകുന്നുണ്ട്. ഓഖി പോലുള്ള ദുരന്തങ്ങളിൽ വീട് നഷ്ടപ്പെട്ടവരേയും തീരദേശ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന ആളുകളേയും മാറ്റി താമസിപ്പിക്കുന്നതിനുള്ള ബൃഹത്തായ പദ്ധതി ഇപ്പോൾ നടന്നുവരികയാണ്. ഈ മേഖലയിൽ പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികളുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റുമായി നല്ല രീതിയിലുള്ള ചർച്ചകൾ നടക്കുകയാണ്. മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന മണ്ണെണ്ണയുടെ കാര്യമൊഴിച്ചാൽ ബാക്കിയുള്ള കാര്യങ്ങളിലൊക്കെ കേന്ദ്രം സഹായകരമായ നിലപാടെടുക്കുന്നുണ്ടെങ്കിലും മറ്റുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ വിഹിതം കുറവാണെന്നുള്ള വസ്തുത ശരിയാണ്. കേരളത്തിലെ നാലോളം പുതിയ ഹാർബറുകളിൽ ഡ്രഡ്ജിംഗിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്, സീസൺ കഴിയുന്നമുറയ്ക്ക് ആ ഭാഗങ്ങളിലെ ഡ്രഡ്ജിംഗ് ആരംഭിക്കുന്നതാണ്. തദവസരത്തിൽ കണ്ണൂരിലെ മാപ്പിള ബേയുടെ കാര്യം പരിഹരിക്കാം.

(ശ്രീ. കെ. ബി. ഗണേഷ് കുമാർ സീറ്റിലില്ലാതിരുന്നതിനാൽ ചോദ്യം ഉന്നയിച്ചില്ല.)

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി മത്സ്യത്തൊഴിലാളികൾക്ക് ഗവൺമെന്റിന്റെ വിവിധ ഏജൻസികൾ മുഖേന നൽകിവരുന്ന ആനുകൂല്യങ്ങളെക്കുറിച്ച് പറഞ്ഞു. മത്സ്യഫെഡിൽ അടുത്ത കാലത്തായി ഗുരുതരമായ അഴിമതികൾ നടക്കുകയും അതിനെതിരെ മുൻ മത്സ്യബന്ധന വകുപ്പുമന്ത്രി ചില നടപടികൾ സ്വീകരിച്ചുവെന്നുമറിയാൻ കഴിഞ്ഞു. പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യം കൊടുക്കേണ്ട മത്സ്യഫെഡിൽ കോടിക്കണക്കിന് രൂപയുടെ വെട്ടിപ്പുണ്ടാകുകയും ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുകയും ക്ഷേമ പ്രവർത്തനങ്ങൾ നടക്കാതിരിക്കുകയും ചെയ്ത സാഹചര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, അതിന് എന്തെല്ലാം ഫലപ്രദമായ നടപടികളാണ് സ്വീകരിച്ചതെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി മത്സ്യഫെഡും മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളും നല്ല രീതിയിൽ തന്നെയാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. മത്സ്യഫെഡിന്റെ പ്രവർത്തനങ്ങൾ സംസ്ഥാനത്തുടനീളം കൂടുതൽ മെച്ചപ്പെടുത്താനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചുവരികയാണ്. സംസ്ഥാനത്ത് നാളിതുവരെ അന്തിപ്പച്ചയുമായി ബന്ധപ്പെട്ട ഒരു കേസ് മാത്രമാണ് വന്നിട്ടുള്ളത്. അക്കാര്യത്തിൽ വിജിലൻസ് അന്വേഷണം കാര്യക്ഷമമായി നടക്കുകയാണ്. പ്രതികളെന്ന് സംശയിക്കുന്നവരെ

മാറ്റി നിർത്തിക്കൊണ്ടുതന്നെയാണ് അന്വേഷണം നടത്തുന്നത്. കേരളത്തിലെ മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നങ്ങളിൽ ഏതെങ്കിലും രീതിയിലുള്ള അഴിമതി കണ്ടെത്തിയാൽ അവർക്ക് കൃത്യമായ ശിക്ഷ വാങ്ങിക്കൊടുക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹത്തിനാവശ്യമായ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രധാനപ്പെട്ട സ്ഥാപനമാണ് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്. 2014-ൽ യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ ആ ക്ഷേമനിധി ബോർഡിന് കിട്ടേണ്ട കയറ്റുമതിക്കാരുടെ ഒരു ശതമാനം വിഹിതം കേസ്സിൽ പരാജയപ്പെട്ടതിന്റെ ഫലമായി നഷ്ടപ്പെട്ടു. ഗവൺമെന്റ് ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് സെസ്സ് പുനഃസ്ഥാപിച്ച് ക്ഷേമനിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, മത്സ്യക്കയറ്റുമതിപോലുള്ള വ്യവസായങ്ങൾക്ക് മത്സ്യം എത്തിച്ചുകൊടുക്കുന്നത് തൊഴിലാളികളാണ്. അവർക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾക്കായി ഒരു സെസ്സ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വ്യവസായികളുടെ യോഗം ഓണത്തിനുശേഷം വിളിച്ചു ചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്; കൂടാതെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുമായി സംസാരിക്കുന്നുമുണ്ട്, മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാകേണ്ട വിഹിതം ലഭ്യമാക്കാനുള്ള നടപടികളുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുംവേണ്ട.

ശ്രീ. സി. ആർ. മഹേഷ്: സർ, സുനാമി കോളനികളുടെ പുനരുദ്ധാരണത്തിനുവേണ്ടി എന്തെങ്കിലും നടപടി സർക്കാർ അടിയന്തരമായി സ്വീകരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, പൊന്നാനി പോലുള്ള സ്ഥലങ്ങളിൽ സുനാമി കോളനികൾ നിർമ്മിച്ചിട്ടുണ്ട്. അതിന്റെ കാലാവധി തീരാറായതുകൊണ്ടു തന്നെ നിലവിലുള്ള സുനാമി കോളനികൾ പൊളിച്ചുമാറ്റി അവിടെ മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റ് നിർമ്മിക്കുന്ന കാര്യം ഗൗരവമായി ആലോചിക്കുകയാണ്. ഗുജറാത്തുപോലുള്ള സ്ഥലങ്ങളിൽ ചെറിയ തൊഴുത്തുപോലെയോ, ആട്ടിൻകൂട് പോലെയോയുള്ള സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് എല്ലാവർക്കും അറിയാം. അത് പൊളിച്ചുമാറ്റാൻ ഏറ്റവും ചുരുങ്ങിയത് 15 വർഷമെങ്കിലും കഴിയണം.

മി.സ്പീക്കർ: ഓർഡർ......ഓർഡർ.. ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹനമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### നാണ്യവിള കർഷകരുടെ പ്രതിസന്ധി പരിഹരിക്കാൻ നടപടി

4 (*124) ശ്രീ. ആന്റണി ജോൺ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ള റബ്ബർ പ്രൊമോഷൻ ആൻഡ് ഡെവലപ്മെന്റ് ബിൽ, കോഫി പ്രൊമോഷൻ ആൻഡ് ഡെവലപ്മെന്റ് ബിൽ, സ്പൈസസ് പ്രൊമോഷൻ ആൻഡ് ഡെവലപ്മെന്റ് ബിൽ, റ്റീ പ്രൊമോഷൻ ആൻഡ് ഡെവലപ്മെന്റ് ബിൽ എന്നീ കരട് ബില്ലുകൾ നാണ്യവിള കർഷകരെ കൂടുതൽ പ്രതിസന്ധിയിലാക്കുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കരട് നിയമങ്ങൾ പരിശോധനാ വിധേയമാക്കിയിരുന്നോ; എങ്കിൽ സംസ്ഥാനത്തെ കർഷകരുടെ താല്പര്യങ്ങൾ ഹനിക്കുന്ന വ്യവസ്ഥകൾ ഒഴിവാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

(എ&ബി) ഉണ്ട്. റബ്ബർ പ്രൊമോഷൻ ആൻഡ് ഡെവലപ്മെന്റ് ബിൽ, സ്പൈസസ് പ്രൊമോഷൻ ആൻഡ് ഡെവലപ്മെന്റ് ബിൽ, കോഫീ പ്രൊമോഷൻ ആന്റ് ഡെവലപ്മെന്റ് ബിൽ എന്നിവ സർക്കാർ വിശദമായി പരിശോധിക്കുകയും ബില്ലിലെ ഉള്ളടക്കത്തെ സംബന്ധിച്ച് സംസ്ഥാനത്തിന്റെ ആശങ്കകളും അഭിപ്രായങ്ങളും കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) റബ്ബർ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള നാണ്യവിളകൾക്ക് തറവില പ്രഖ്യാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ഡി) കേന്ദ്ര സർക്കാരിന്റെ കർഷക വിരുദ്ധനടപടികൾമൂലം പ്രതിസന്ധി നേരിടുന്ന റബ്ബർ കർഷകർക്ക് സംസ്ഥാന സർക്കാർ നൽകിവരുന്ന സഹായത്തെക്കുറിച്ച് അറിയിക്കാമോ?

കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിന് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം. സംസ്ഥാന സർക്കാർ 2015-16 മുതൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നു. ധനകാര്യ വകുപ്പും

റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിപ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് അതതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം, റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനാണ് സബ്സിഡി നൽകുന്നത്.

വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം ഇൻഷ്വർ ചെയ്ത റബ്ബറിന് കൃഷിനാശമുണ്ടായാൽ ടാപ്പ് ചെയ്യുന്ന മരം ഒന്നിന് 1000 രൂപ, ടാപ്പ് ചെയ്യാത്ത മരം ഒന്നിന് 600 രൂപ എന്നനിരക്കിൽ നഷ്ടപരിഹാരമായി നൽകുന്നു. അതുപോലെതന്നെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി (Contingency Programme to meet natural calamities and pest and disease endemic) പ്രകാരം കൃഷിനാശമുണ്ടായാൽ റബ്ബറിന് ടാപ്പ് ചെയ്യുന്ന മരം ഒന്നിന് 300 രൂപ, ടാപ്പ് ചെയ്യാത്ത മരം ഒന്നിന് 200 രൂപ എന്നിങ്ങനെ ദുരിതാശ്വാസമായി ലഭിക്കുന്നു.

(ഇ) മൂല്യ വർദ്ധിതോല്പന്നങ്ങളുടെ നിർമ്മാണത്തിനായുള്ള പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ?

എല്ലാ കാർഷികോല്പന്നങ്ങളുടെയും മൂല്യവർദ്ധന ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയാണ് സൂക്ഷ്മ-ചെറുകിട-ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി. എസ്.എഫ്.എ.സി. മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകുന്നു. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി 2022-23 വർഷത്തിൽ 400 ലക്ഷം രൂപയാണ് എസ്.എഫ്.എ.സി.-ക്കായി വകയിരുത്തിയിട്ടുള്ളത്. പദ്ധതിപ്രകാരം കെട്ടിടനിർമ്മാണം, യന്ത്രവൽക്കരണം, മാലിന്യസംസ്കരണം, ഓഫീസ് ഉപകരണങ്ങൾ തുടങ്ങിയവയ്ക്ക് സഹായം നൽകുന്നു. 2021 - 2022 സാമ്പത്തിക വർഷത്തിൽ 17 സംരംഭകർക്ക് 2,47,74,519 രൂപയാണ് സബ്സിഡി ആയി എസ്.എഫ്.എ.സി. വഴി പ്രസ്തുത പദ്ധതിപ്രകാരം വിതരണം ചെയ്തിട്ടുള്ളത്.

റബ്ബറിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രകൃതിദത്ത റബ്ബർ ഉപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംയോജിത സൗകര്യം സജ്ജീകരിക്കുവാനായി G.O.(MS) No.16/2019/ID പ്രകാരം കേരള റബ്ബർ ലിമിറ്റഡ് (KRL) എന്ന കമ്പനി സ്ഥാപിക്കുന്നതിന് 2-2-2019-ന് വ്യവസായ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

ങ്ങളും കൃഷിയിലേയ്ക്ക് പദ്ധതിയുടെ ഭാഗമായി രൂപീകൃതമാകുന്ന കൃഷിക്കൂട്ടങ്ങളുടെ നിശ്ചിത ശതമാനം മൂല്യവർദ്ധന മേഖലയിൽ ആകണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുപ്രകാരം ഉത്പാദന മേഖലയിൽ ഉണ്ടാകുന്ന ഉല്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കായി പ്രാദേശികതലത്തിൽ കൃഷിക്കൂട്ടങ്ങൾ സജ്ജമായിക്കൊണ്ടിരിക്കുന്നു. ഇവ പൂർണ്ണതോതിൽ സജ്ജമാകുന്നതോടെ മൂല്യവർദ്ധന മേഖലയിൽ കൂടുതൽ ഉല്പന്നങ്ങൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. കൃഷി വകുപ്പ് 2021-22 സാമ്പത്തിക വർഷത്തിൽ മൂല്യവർദ്ധിത യൂണിറ്റുകൾ തുടങ്ങുന്നതിനായി 3 യൂണിറ്റുകൾക്കായി പ്രാഥമിക സഹകരണ സംഘങ്ങൾ വഴി 39.28 ലക്ഷം രൂപയും 4 യൂണിറ്റുകൾക്കായി മറ്റു സ്ഥാപനങ്ങൾ വഴി 40.82 ലക്ഷം രൂപയും ആകെ 80.10 ലക്ഷം രൂപ അനുവദിച്ചു. ഇത് കൂടാതെ 105 വ്യക്തിഗത മൂല്യവർദ്ധിത യൂണിറ്റുകൾ തുടങ്ങുന്നതിനായി 82.82 ലക്ഷം രൂപയും നൽകുകയുണ്ടായി. നടപ്പുസാമ്പത്തിക വർഷത്തിൽ (2022-23) മൂല്യവർദ്ധിത യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കായി 200 ലക്ഷം രൂപയും സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കുടുംബശ്രീ, എഫ്.പി.ഒ.-കൾ എന്നിവയ്ക്ക് 140 ലക്ഷം രൂപയും കൊപ്ര ഡ്രയറുകൾ സ്ഥാപിക്കുന്നതിന് സഹകരണ സംഘങ്ങൾ, കാർഷിക കർമ്മസേന, അഗ്രോ സർവീസ് സെന്ററുകൾ, കർഷക ഗ്രൂപ്പുകൾ എന്നിവയ്ക്ക് 140 ലക്ഷം രൂപയും ആകെ 480 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

FPO-കൾ വഴി കാർഷിക മേഖലയിലെ മൂല്യവർദ്ധനയ്ക്കും ആയതിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ കാർഷിക ഉല്പാദനം, സംസ്കരണം, വിതരണം എന്നീ മേഖലകളിൽ എഫ്.പി.ഒ.-കളെ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് നിലവിലുള്ള എഫ്.പി.ഒ.-കളെ എസ്.എഫ്.എ.സി. മുഖേന നവീകരിക്കുന്നതിന് 400.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതുപോലെ വി.എഫ്.പി.സി.കെ.-യുടെ കീഴിൽ ആരംഭിച്ച എഫ്.പി.ഒ.-കളെ സഹായിക്കുന്നതിനായി വി.എഫ്.പി.സി.കെ.-യ്ക്ക് 300.00 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്.

### സർവ്വകലാശാലകളിലെ പരീക്ഷ പരിഷ്കരണം

5 (*125) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിലെ പരീക്ഷാനടപടികൾ പരിഷ്കരിക്കുന്നതിനുവേണ്ടി നിയോഗിച്ച കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ നിശ്ചിത വിജയശതമാനം ഉറപ്പാക്കുന്നതിന് നൽകിവരുന്ന മോഡറേഷൻ ഒഴിവാക്കാൻ നിർദ്ദേശമുണ്ടോ;

(സി) റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്നും ഇവ എന്നത്തേക്ക് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

(എ-സി) സംസ്ഥാനത്തെ സർവ്വകലാശാലകളിലെ പരീക്ഷാനടപടികൾ പരിഷ്കരിക്കുന്നതിനുവേണ്ടി നിയോഗിച്ച കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പരീക്ഷാ പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ടിൽ മുന്നോട്ടുവച്ചിട്ടുള്ള പ്രധാന നിർദ്ദേശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

## സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള അവസരം

6 (*126) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ കുതിച്ചുചാട്ടത്തിനൊരുങ്ങുമ്പോൾ കേന്ദ്ര വിദ്യാഭ്യാസനയത്തിൽനിന്നും വിഭിന്നമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള അവസരം ഉറപ്പു വരുത്തുന്നതിന് ഇടപെടൽ നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

2030-ഓടെ 50% ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (GER) ആണ് ദേശീയവിദ്യാഭ്യാസനയം 2020 വിഭാവന ചെയ്യുന്നത്. അതേസമയം 75% GER ആണ് കേരളം ലക്ഷ്യമിടുന്നത്. ഇത് തീർച്ചയായും പിന്നാക്കവിഭാഗം ഉൾപ്പെടെയുള്ള വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസ രംഗത്ത് കൂടുതൽ അവസരങ്ങൾ ഉറപ്പാക്കും. സംസ്ഥാനത്ത് GER നിരക്ക് വർദ്ധിപ്പിക്കുന്നതിനായി ഉന്നതവിദ്യാഭ്യാസരംഗത്ത് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. പുതുതലമുറ കോഴ്സുകൾ:- സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും ബിരുദ, ബിരുദാനന്തരബിരുദ പ്രോഗ്രാമുകൾക്ക് ഇരുപതിനായിരത്തോളം സീറ്റുകൾ വർദ്ധിപ്പിക്കുകയുണ്ടായി. കൂടാതെ 5-11-2020-ലെ G.O. (Ms) No.389/2020/H.Edn. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻതലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള 170-ഓളം കോഴ്സുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

2. സർവ്വകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ ആരംഭിക്കാനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്.

3. ജനസംഖ്യാനുപാതികമായി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ കുറവുള്ള പ്രദേശങ്ങളിൽ കൂടുതൽ കോളേജുകൾ ആരംഭിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

4. <u>ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി</u>: സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ നോൺപ്രൊഫഷണൽ എയ്ഡഡ് കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ നടപ്പിലാക്കിയിരിക്കുന്ന ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതിയിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി മൊത്ത സ്കോളർഷിപ്പിന്റെ 10% സംവരണം ചെയ്തിട്ടുണ്ട്.

സാങ്കേതികവിദ്യാഭ്യാസ വകുപ്പിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള അവസരം ഉറപ്പുവരുത്തുന്നതിനും തൊഴിൽ ലഭ്യമാക്കുന്നതിനുമായി ചുവടെ ചേർത്തിട്ടുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1. കൗൺസലിംഗ് സൗകര്യങ്ങൾ
2. ആവശ്യമുള്ളവർക്ക് ബ്രിഡ്ജ് കോഴ്സിന്റെ രൂപത്തിൽ അക്കാദമിക പിന്തുണ ലഭ്യമാക്കൽ
3. ഡിജിറ്റൽ ലേണിംഗ് റിസോഴ്സസ്, ഓപ്പൺ റിസോഴ്സ് ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം (MOODLE)
4. ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക്, മെറിറ്റ്-കം-മീൻസ് (MCM) സ്കോളർഷിപ്പ് ലഭ്യമാക്കൽ.

കൂടാതെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി വിവിധരീതിയിലുള്ള സംവരണങ്ങളും സ്കോളർഷിപ്പുകളും ഉന്നത വിദ്യാഭ്യാസത്തിനായി നൽകിവരുന്നുണ്ട്. Tuition Fee Waiver, EWS, സമുന്നതി സ്കോളർഷിപ്പ്, KSCSIT പ്രതിഭ സ്കോളർഷിപ്പ് തുടങ്ങിയവ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ പഠനത്തിൽ മുന്നോട്ട് കൊണ്ടുവരാൻ സഹായിക്കുന്നവയാണ്.

(ബി) ഉൽകൃഷ്ട സ്ഥാപന പദവി നേടുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പ്രവർത്തന സ്വാതന്ത്ര്യം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിടുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉൽക്യഷ്ട സ്ഥാപന പദവി നേടുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന സ്വാതന്ത്ര്യം നൽകുന്നകാര്യം സർക്കാർ പരിഗണിച്ചുവരുന്നു. പ്രവർത്തന സ്വാതന്ത്ര്യംകൊണ്ട് ലക്ഷ്യമിടുന്ന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിലധിഷ്ഠിതമായ പുതിയ കോഴ്സുകൾ ആരംഭിക്കുക.

2. പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് കോഴ്സ് പാഠ്യപദ്ധതി പുനഃക്രമീകരണവും രൂപകൽപനയും നടത്തുക.

3. വിദ്യാർത്ഥികളിലും അദ്ധ്യാപകരിലും ഗവേഷണ സംസ്കാരം വളർത്തിയെടുക്കുക.

4. കോളേജുകൾക്ക് അന്താരാഷ്ട്ര സർവ്വകലാശാലകളുമായി സഹകരിച്ച് ഇരട്ട പ്രോഗ്രാമുകൾ തെരഞ്ഞെടുക്കാനുള്ള അവസരമൊരുക്കുക.

5. സ്വയംഭരണപദവി ലഭിക്കുന്നതുവഴി സമയബന്ധിതമായ പരീക്ഷ നടത്തിപ്പും ഫലം പ്രസിദ്ധീകരിക്കലും സാധ്യമാക്കുക.

6. കോളേജുകൾക്ക് സ്വന്തം അക്കാദമിക് കലണ്ടറും പാഠ്യപദ്ധതിയും സിലബസും തയ്യാറാക്കാനുള്ള അവകാശവും സ്വാതന്ത്ര്യവും നൽകുക.

7. അദ്ധ്യാപകർക്ക് അവരുടെ മേഖലയിൽ കോഴ്സുകൾ വാഗ്ദാനം ചെയ്യാൻ അവസരമൊരുക്കുക.

(സി) സ്വയംഭരണ കോളേജുകളിലും അൺഎയ്ഡഡ് കോളേജുകളിലും ഫീസ് ഘടന നിശ്ചയിക്കുന്നതിനും അക്കാദമിക മികവുണ്ടായിട്ടും ഫീസ് നൽകാൻ പ്രാപ്തിയില്ലാത്ത വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള അവസരം നിഷേധിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും സംവിധാനമേർപ്പെടുത്തുമോ?

കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കോളേജുകളിൽ യൂണിവേഴ്സിറ്റിയുടെ ഓൺലൈൻ സംവിധാനംവഴി അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികളിൽനിന്ന് സാമ്പത്തിക സംവരണത്തിന്റെ അടിസ്ഥാനത്തിൽ ഫീസിളവ് നൽകുന്നുണ്ട്. എസ്.സി., എസ്.ടി., ഒ.ഇ.സി. വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് വരുമാനപരിധി കണക്കാക്കാതെതന്നെ പ്രസ്തുത വിഭാഗങ്ങളിലെ എല്ലാവർക്കും ഫീസിളവ് നൽകുന്നുണ്ട്. ഒരുലക്ഷം രൂപവരെ വാർഷികവരുമാനമുള്ള കുടുംബങ്ങളിലെ മറ്റു പിന്നാക്കവിഭാഗങ്ങളിലെയും മുന്നാക്ക വിഭാഗങ്ങളിലെയും വിദ്യാർത്ഥികൾക്ക് സർക്കാരിന്റെ ഇ-ഗ്രാന്റ്സ് സംവിധാനംവഴി ഫീസ് ആനുകൂല്യം ലഭിക്കുന്നുണ്ട്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 50% സീറ്റുകൾ സർക്കാർ സീറ്റുകളായി നിശ്ചയിച്ചിട്ടുണ്ട്. ടി സീറ്റുകളിലേയ്ക്ക് സർക്കാർ മെറിറ്റ് ക്വാട്ടയിൽ നിന്നാണ് പ്രവേശനം നൽകുന്നത്. ഈ സീറ്റുകൾ സർക്കാർ സീറ്റുകളായി നിലനിർത്തുന്നുമുണ്ട്. സ്വയംഭരണ/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിലെ ഫീസ് ഘടന നിശ്ചയിക്കുന്നത് അതത് വർഷം എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജ് മാനേജ്മെന്റ് സംഘടനകളുമായി സർക്കാർ വയ്ക്കുന്ന കരാറിലൂടെയാണ്. ഫീസ് നൽകാൻ പ്രാപ്തിയില്ലാത്ത വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള അവസരം നിഷേധിക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കെ.എസ്.ആർ.ടി.സി.-യിലെ പരിഷ്കരണ പ്രവർത്തനങ്ങൾ**

7 (*127) ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എം. എം. മണി:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതി, ആകെ വായ്പാ ബാധ്യത എന്നിവ എത്രയാണെന്ന് വ്യക്തമാക്കുമോ; കെ.എസ്.ആർ.ടി.സി.-യുടെ ആസ്തികൾ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

കോവിഡിനുശേഷം ടിക്കറ്റ്/ടിക്കറ്റേതര വരുമാനം 6 കോടി രൂപയിലേറെയായി വർദ്ധിപ്പിച്ചെങ്കിലും പ്രതിദിന ഡീസൽ വിലയിലെ അനിയന്ത്രിത വർദ്ധന, കൺസോർഷ്യം വായ്പ തിരിച്ചടവ് തുടങ്ങി വിവിധ കാരണങ്ങളാൽ വരവിനേക്കാളേറെ ചെലവേറിയതിനാൽ ജീവനക്കാരുടെ ശമ്പളംപോലും യഥാസമയം നൽകാൻ കഴിയാത്ത അവസ്ഥയാണ് കെ.എസ്.ആർ.ടി.സി.-യിൽ സംജാതമായിട്ടുള്ളത്. സർക്കാർ വായ്പ, കൺസോർഷ്യം വായ്പ, (3100 കോടി രൂപ ഉൾപ്പെടെ) വായ്പ ഇനത്തിൽ കെ.റ്റി.ഡി.എഫ്.സി.-ക്ക് ബാക്കി ഒടുക്കുവാനുണ്ടെന്ന് തർക്കത്തിലിരിക്കുന്ന തുകയും ചേർത്ത് കെ.എസ്.ആർ.ടി.സി.-യുടെ ആകെ വായ്പ ബാധ്യത 12,463.78 കോടി രൂപയാണ്.

കെ.എസ്.ആർ.ടി.സി.-യുടെ വിവിധ ഡിപ്പോകളിലെയും വർക്ക്ഷോപ്പുകളിലെയും ഓഫീസുകളിലെയും മറ്റ് സ്ഥലങ്ങളിലുമുള്ള വസ്തു സംബന്ധമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടയം / കരം തീരുവയുള്ള ആകെ വസ്തുക്കൾ : 340.57.834 ഏക്കർ (340 ഏക്കർ 57 സെന്റ് 834 സ്ക്വയർ ലിങ്ക്സ്)

പട്ടയമോ കരം തീരുവയോ ഇല്ലാത്ത ആകെ വസ്തുക്കൾ : 59.29.744 ഏക്കർ

പാട്ടത്തിൽ ലഭിച്ച വസ്തുക്കൾ : 17.33.280 ഏക്കർ

ആകെ വസ്തുക്കൾ : 417.20.858 ഏക്കർ.

ഈ സ്ഥലങ്ങളിലുള്ള കെട്ടിടങ്ങളും സ്ഥാവര-ജംഗമ വസ്തുക്കളും ആസ്തിയിൽ ഉൾപ്പെടുന്നതാണ്.

നിർമ്മാണം പൂർത്തീകരിച്ച ഷോപ്പിംഗ് കോംപ്ലക്സ് - 129702 sq.ft.

നിർമ്മാണം പുരോഗമിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സ് - 102617 sq.ft.

ആകെ ബസ് - 5412 എണ്ണം

മറ്റ് വാഹനങ്ങൾ - 177 എണ്ണം.

(ബി) ബാങ്ക് കൺസോർഷ്യത്തിൽ നിന്നുള്ള വായ്പാ തിരിച്ചടവ് ഏറ്റെടുക്കാൻ തീരുമാനമായിട്ടുണ്ടോ?

ഇല്ല. KSRTC ആവശ്യപ്പെട്ടിട്ടുണ്ട്. ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(സി) വായ്പാ ബാധ്യത ഒഴിവാക്കിയാൽ മേയ് മാസത്തെ പ്രവർത്തനച്ചെലവും വരവും തമ്മിലുള്ള വിടവ് 12 കോടിയിൽ താഴെയായിരുന്നതിനാൽ കൂടുതൽ വാഹനങ്ങൾ ഓപ്പറേറ്റ് ചെയ്ത് പ്രതിദിന വരുമാന വർദ്ധനയിലൂടെ കെ.എസ്.ആർ.ടി.സി.-യെ പ്രവർത്തന ലാഭത്തിലേക്കെത്തിക്കാൻ നടപടിയെടുക്കുമോ?

കൺസോർഷ്യം വായ്പയുടെ തിരിച്ചടവ് ബാധ്യത ഒഴിവാക്കിയാൽ മേയ് മാസത്തെ വരവും പ്രവർത്തന ചെലവും തമ്മിലുള്ള അന്തരം 17.66 കോടി രൂപയാണ്.

പ്രതിദിന വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഡിപ്പോ അടിസ്ഥാനത്തിൽ സർവ്വീസുകൾ കാര്യക്ഷമമായി നടത്തുന്നതിനും ഒരു ദിവസം 8 കോടി രൂപ ആകെ വരുമാനം ലഭിക്കുന്ന രീതിയിലും ഓരോ ഡിപ്പോയ്ക്കും കളക്ഷൻ ടാർജറ്റ് പ്രത്യേകം പ്രത്യേകം നിശ്ചയിച്ച് അതിനനുസരിച്ച് കാര്യക്ഷമമായി സർവ്വീസുകൾ നടത്തി വരുമാനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇത് പ്രാവർത്തികമാക്കുന്നതിനും കൂടുതൽ ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനും പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരം സിംഗിൾ ഡ്യൂട്ടി സമ്പ്രദായം മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്റ്റ് പ്രകാരം നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുണ്ട്. ഇത് പ്രാവർത്തികമാക്കുന്നതോടെ നിലവിലെ ജീവനക്കാരെ

ഉപയോഗിച്ചുതന്നെ കൂടുതൽ ബസ് ഓപ്പറേറ്റ് ചെയ്ത് വരുമാനം ടാർജറ്റിലേയ്ക്ക് എത്തിക്കാൻ കഴിയും. കൂടാതെ നോൺ ഓപ്പറേറ്റിംഗിലെ വരുമാനം ലക്ഷ്യമിട്ട് കൊമേഴ്സ്യൽ, ബഡ്ജറ്റ്, ടൂറിസം എന്നിങ്ങനെ പ്രത്യേക സെല്ലുകൾ രൂപീകരിച്ച് നോൺ ഓപ്പറേറ്റിംഗ് വരുമാന വർദ്ധനയും ലക്ഷ്യമിട്ടിട്ടുണ്ട്. ഇത്തരത്തിൽ സമഗ്രമായ പുനരുദ്ധാരണ പ്രവർത്തനങ്ങളിലൂടെ കെ.എസ്.ആർ.ടി.സി.-യെ പ്രവർത്തന ലാഭത്തിലെത്തിക്കാൻ ശ്രമങ്ങൾ നടന്നുവരികയാണ്.

(ഡി) തൊഴിലാളികളെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് പരിഷ്കരണ പ്രവർത്തനങ്ങൾ നടപ്പാക്കാൻ വേണ്ട ഇടപെടൽ നടത്തുമോ?

കെ.എസ്.ആർ.ടി.സി.-യിൽ എല്ലാത്തരം പരിഷ്കരണ നടപടികൾ സ്വീകരിക്കുന്നത് കാലാകാലങ്ങളിലുള്ള അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ജീവനക്കാരുടെ ആശങ്കകൾ പരിഹരിക്കുന്ന തരത്തിൽ ചർച്ച ചെയ്തുകൊണ്ടാണ്.

പരിഷ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി തൊഴിലാളികളെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് അനുസരിച്ച് കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ ഡബിൾ ഡ്യൂട്ടികളും സിംഗിൾ ഡ്യൂട്ടികളാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതുപ്രകാരം ആറ്റിങ്ങൽ, കണിയാപുരം ഡിപ്പോകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഡ്യൂട്ടി പരിഷ്കരണം നടത്തുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതുപ്രകാരം കൂടുതൽ ജീവനക്കാരെ അധിക സർവ്വീസ് ഓപ്പറേഷനായി ലഭ്യമാക്കുകയും മേൽനടപടി പ്രായോഗികമാക്കുന്നതോടെ ആറ്റിങ്ങൽ ഡിപ്പോയിൽ നിലവിലുള്ള ഷെഡ്യൂൾ ക്രൂ (ഡ്രൈവർ കണ്ടക്ടർ) റേഷ്യോ കുറയുകയും ചെയ്യും.

മേൽ പദ്ധതിപ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ 2400 ഓർഡിനറി ബസ്സുകൾ പ്രായോഗികമായി മോഡിഫൈ ചെയ്ത് അധിക ബസ്സുകളും ജീവനക്കാരെക്കൂടി ഉപയോഗിക്കുന്നതിലൂടെ ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനയില്ലാതെ പ്രതിമാസം 25 കോടി രൂപയുടെ വരുമാന വർദ്ധന ലഭ്യമാകുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഇത് പ്രായോഗികമാക്കുന്നതോടെ നിലവിലുള്ള ഷെഡ്യൂൾ ക്രൂ (ഡ്രൈവർ, കണ്ടക്ടർ) റേഷ്യോ കുറയുന്നതാണ്. ഈ പദ്ധതികൾ ബന്ധപ്പെട്ടവരുമായും തൊഴിലാളി സംഘടനകളുമായും ചർച്ച ചെയ്ത് എത്രയും വേഗം നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

## ഉന്നത വിദ്യാഭ്യാസ രംഗത്ത് ബോധന സമ്പ്രദായത്തിൽ നവീകരണം

8 (*128) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസരംഗത്ത് സമഗ്ര മുന്നേറ്റം ലക്ഷ്യമിടുന്ന പശ്ചാത്തലത്തിൽ നിലവിലെ ബോധന സമ്പ്രദായത്തിൽ നവീകരണം ആവശ്യമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസരംഗത്ത് സമഗ്ര മുന്നേറ്റം ലക്ഷ്യമിടുന്ന പശ്ചാത്തലത്തിൽ നിലവിലെ ബോധന സമ്പ്രദായത്തിൽ നവീകരണം നടത്തുന്നതിനായി Outcome Based Education-നും ഗ്രാജ്വേറ്റ് attribute-കൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണത്തിനാണ് സർക്കാർ ശ്രമിച്ചുവരുന്നത്.

ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്യുവേറ്റ് ആട്രിബ്യൂട്ടുകളും (GA):- ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്യുവേറ്റ് ആട്രിബ്യൂട്ടുകൾക്കും (GA) ഊന്നൽ നൽകിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണത്തിനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. ഓരോ പ്രോഗ്രാമിനും ചേരുന്ന വിദ്യാർത്ഥികൾക്ക് ആത്യന്തികമായി ആർജ്ജിക്കാൻ കഴിയുന്ന അറിവുകളും നൈപുണ്യങ്ങളും എന്തൊക്കെയായിരിക്കുമെന്ന് മുൻകൂട്ടി നിശ്ചയിച്ച് പ്രസ്താവിക്കുന്നതാണ് ഈ രീതി. ഇവയുടെ അടിസ്ഥാനത്തിൽ കോഴ്സുകൾ, പ്രോഗ്രാമുകൾ, പഠനം-പരീക്ഷ-മൂല്യനിർണ്ണയം എന്നീ വിവിധതലങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ സർവ്വകലാശാലകൾക്ക് ശിപാർശ നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഡോ. എൻ. ജെ. റാവു സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിലെ ശിപാർശകൾ സർവ്വകലാശാലകൾക്ക് നൽകിയിട്ടുണ്ട്. OBE-യുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്റർ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്കും മറ്റ് അദ്ധ്യാപകർക്കും നൽകിക്കഴിഞ്ഞു.

(ബി) സർക്കാർ കോളേജുകളിൽ ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കുന്നതിന് അദ്ധ്യാപക നിയമനത്തിൽ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ പുനഃപരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

സർക്കാർ കോളേജുകളിൽ ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കുന്നതിന് വകുപ്പുതലത്തിൽ പ്രത്യേക നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

(സി) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദേശ സർവ്വകലാശാലകളിലെ പ്രഗത്ഭരായ കേരളീയരായ അദ്ധ്യാപകരുടെ വിജ്ഞാന സമ്പത്ത് പ്രയോജനപ്പെടുത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള ബ്രെയ്ൻ ഗെയ്ൻ പദ്ധതി യാഥാർത്ഥ്യമായിട്ടുണ്ടോ?

ഉണ്ട്. Building up Database of the Keralite - Academic Diaspora around the Globe എന്ന പേരിലാണ് ഈ പ്രോജക്റ്റ് നടപ്പിലാക്കിവരുന്നത്. മഹാത്മാഗാന്ധി, കേരള, വെറ്ററിനറി, വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു.

(ഡി) നോബൽ സമ്മാന ജേതാക്കളുൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പണ്ഡിതരുമായി വിദ്യാർത്ഥികൾക്ക് സംവദിക്കാൻ അവസരമൊരുക്കുന്ന രാജ്യത്തെ ആദ്യ പദ്ധതിയായ എറുഡൈറ്റ് സ്കോളർ-ഇൻ-റെസിഡെൻസ് പരിപാടിയെക്കുറിച്ച് വിശദമാക്കുമോ?

<u>എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പദ്ധതി</u>:- സംസ്ഥാനത്തെ സർവകലാശാലകളിലെയും കോളേജുകളിലെയും അക്കാദമിക് സമൂഹത്തിന് നൊബേൽ ജേതാക്കളടക്കമുള്ള അക്കാദമിക് വിദഗ്ധരുമായി ആശയവിനിമയം നടത്തുന്നതിനും അതിലൂടെ അക്കാദമിക് നെറ്റ്‌വർക്ക് വികസിപ്പിക്കുന്നതിനുമാണ് എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്.

വിദേശത്തുനിന്നും വിവിധ സർവ്വകലാശാലകളിലെ മറ്റ് ഗവേഷണ സ്ഥാപനങ്ങളിലുമായി പ്രവർത്തിക്കുന്ന നൊബേൽ ജേതാക്കൾ ഉൾപ്പെടെയുള്ള ശാസ്ത്രജ്ഞരെയും മറ്റു പ്രതിഭകളെയും സംസ്ഥാനത്തേക്ക് ചെറിയ കാലയളവിലേയ്ക്ക് ക്ഷണിച്ചുകൊണ്ടുവന്ന് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ഇടപഴകാനും അവിടങ്ങളിലെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഇവരുമായി സംയുക്ത ഗവേഷണ സാധ്യതകൾ പരസ്പര ആശയവിനിമയത്തിലൂടെ നടപ്പിലാക്കുവാനുമുള്ള ലക്ഷ്യത്തോടുകൂടിയാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

ഇത്തരത്തിൽ സംസ്ഥാനം സന്ദർശിച്ച 330-ഓളം എറുഡൈറ്റ് സ്കോളർമാരുമായി ചേർന്ന് നിരവധി അക്കാദമിക പ്രോജക്ടുകളും പ്രബന്ധങ്ങളും സംസ്ഥാനത്തെ സർവ്വകലാശാല/ കോളേജ് അദ്ധ്യാപകരും ഗവേഷകരും തയ്യാറാക്കിയിട്ടുണ്ട്. ഇതുകൂടാതെ നിരവധി അദ്ധ്യാപകർക്കും ഗവേഷകർക്കും വിദേശ സർവ്വകലാശാലകളും ഗവേഷണ സ്ഥാപനങ്ങളും സന്ദർശിക്കാനും/ സഹകരിക്കാനും അവസരമുണ്ടായി.

## കർഷക ക്ഷേമം ഉറപ്പാക്കാൻ നടപടി

9 (*129) ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. പി. ഉബൈദുള്ള:

ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനും കാർഷിക വിഭവങ്ങളുടെ മാർക്കറ്റിംഗിന് സഹായിക്കുന്നതിനുമായി നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; പ്രസ്തുത സംവിധാനങ്ങൾ പര്യാപ്തമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ കൃഷിക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനായി കൃഷി വകുപ്പ് വിവിധ സ്കീമുകളായ നബാർഡ് ആർ.ഐ.ഡി.എഫ്. (NABARD RIDF), രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY), റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI), Mission for Integrated Development in Horticulture (MIDH), സംസ്ഥാന വാർഷിക പദ്ധതി (State Annual Plan) എന്നിവയിലുൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. കാർഷിക എഞ്ചിനീയറിംഗ് വിഭാഗം, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, കെ.എൽ.ഡി.സി., മണ്ണുപര്യവേക്ഷണ മണ്ണുസംരക്ഷണ വകുപ്പ് തുടങ്ങിയ ഏജൻസികൾ മുഖേനയാണ് ഈ പ്രവൃത്തികൾ നിർവ്വഹിച്ചുവരുന്നത്.

NABARD RIDF മുഖേന കേരളത്തിലെ വിവിധ ജില്ലകളിലെ വിവിധ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന പാടശേഖരങ്ങളുടേയും ഫാമുകളുടെയും അടിസ്ഥാന സൗകര്യപ്രവൃത്തികൾ നടപ്പിലാക്കിവരുന്നുണ്ട്.

സംസ്ഥാനത്ത് കൃഷിക്ക് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) പദ്ധതിയിൽ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസന പദ്ധതികൾ, ഫാമുകളുടെ വികസനം, കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കുള്ള അടിസ്ഥാനസൗകര്യങ്ങൾ തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

പ്രളയാനന്തര കേരളത്തെ പുനഃസൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടെ റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിയിലൂടെ കൃഷിവകുപ്പ് മുഖേന അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തരം നടപ്പാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപമെന്റ് ഓഫ് ഹോർട്ടികൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലെ സംയോജിത വിളവെടുപ്പാനന്തര പരിപാലനം, ഹോർട്ടികൾച്ചർ മേഖലയിലെ വിപണികളുടെ അടിസ്ഥാനസൗകര്യ വികസനം എന്നീ ഘടകങ്ങൾ വഴി സംസ്ഥാനത്ത് കൃഷിക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കുട്ടനാടൻ പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യ വികസന പ്രവൃത്തികളും കൃഷി വകുപ്പിന്റെ ഫാമുകളുടെ അടിസ്ഥാനസൗകര്യ വികസന പ്രവൃത്തികളും പുനർജ്ജനി പദ്ധതിയിൽ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികളും സംസ്ഥാന വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നുണ്ട്.

കൃഷിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ ട്രാഞ്ചെ XXVIII-ൽ ഉൾപ്പെടുത്താനായി 121 കോടി രൂപയുടെ പദ്ധതികൾ കൃഷി വകുപ്പും 15 കോടി രൂപയുടെ പദ്ധതികൾ കെ.എൽ.ഡി.സി.-യും 21.25 കോടി രൂപയുടെ പദ്ധതികൾ മണ്ണുപര്യവേക്ഷണ മണ്ണുസംരക്ഷണ വകുപ്പും നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. നബാർഡിന്റെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് പദ്ധതികൾ പരിഗണിക്കുന്നതാണ്. RKVY പദ്ധതിയിൽ ഉൾപ്പെട്ട 78.43 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിക്കുന്നതിനായി SLSC-യുടെ മിനിട്ട്സ് കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് കൃഷി വകുപ്പിന് കാർഷിക വിഭവങ്ങളുടെ മാർക്കറ്റിംഗിന് സഹായിക്കുന്നതിനായി നിലവിലുള്ള സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു.

കാർഷികോല്പന്നങ്ങളുടെ വിപണനവും മൂല്യവർദ്ധനയും ലക്ഷ്യമിട്ടാണ് FPO-കൾ രൂപീകരിക്കുന്നത്. കൃഷി വകുപ്പിന്റെ കീഴിലുള്ള SFAC മുഖേന 40 FPO-കളും VFPCK മുഖേന 41 FPO-കളും കേന്ദ്ര എസ്.എഫ്.എ.സി., നബാർഡ്, നാഫെഡ്, എൻ.സി.ഡി.സി. എന്നിവയുടെ നേതൃത്വത്തിൽ 51 FPO-കളും രൂപീകരിച്ച് രജിസ്റ്റർ ചെയ്തുകഴിഞ്ഞു.

കാർഷിക മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KIIFB-യുടെ സാമ്പത്തിക സഹായത്തോടെ 5 അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നു. ആയതിൽ ബനാന ഹണി പാർക്ക് കണ്ണാറയിലും നാളികേര പാർക്ക് വേങ്ങേരിയിലും നാളികേര പാർക്ക് കുത്താളിയിലും മാംഗോ പാർക്ക് മുതലമടയിലും വെജിറ്റബിൾ പാർക്ക് വണ്ടിപ്പെരിയാറിലും സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിൽ "ബനാന & ഹണി പാർക്ക്" സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണ പ്രവൃത്തി 90% പൂർത്തീകരിക്കുകയും തേൻ സംസ്കരണത്തിനായുള്ള യന്ത്രങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ബനാന പാർക്കിൽ യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൻകീഴിലെ കാർഷിക മൊത്ത വ്യാപാര വിപണികൾ, ഹോർട്ടികോർപ്പ് വി.എഫ്.പി.സി.കെ. എന്നിവയുടെ വിപണികളും കാർഷിക വികസന കർഷക ക്ഷേമവകുപ്പിന്റെ വിവിധ പദ്ധതികളിലൂടെ രൂപീകരിച്ചതുൾപ്പെടെയുള്ള 1884 മാർക്കറ്റുകളുമാണ് വിവിധ കാർഷികോല്പന്നങ്ങളുടെ വിപണനത്തിനായി പ്രവർത്തിക്കുന്നത്. ആയതിൽ

കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ വിവിധ പദ്ധതികൾപ്രകാരം രൂപീകരിച്ച ഇക്കോഷോപ്പുകൾ, BLFO-കൾ, എ-ഗ്രേഡ് ക്ലസ്റ്ററുകൾ തുടങ്ങിയവയുടെ പ്രവർത്തനം പരിശോധിച്ച് വിലയിരുത്തി ഗ്രേഡ് ചെയ്യുന്ന നടപടികൾ പുരോഗമിക്കുന്നു.

കാർഷിക ഉല്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാന വില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽവന്നു. മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, ക്യാബേജ്, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നി 16 ഇനം പഴം, പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുള്ളത്.

റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി അതിരപ്പിള്ളി ട്രൈബൽ വാലി പദ്ധതിപ്രകാരം ഗോത്രവർഗ്ഗ കർഷകരുടെ കാർഷികോല്പന്നങ്ങളുടെ വിപണനത്തിനായി FPO രൂപീകരിക്കുകയും "അതിരപ്പിള്ളി" ബ്രാൻഡിൽ ഗോത്രവർഗ്ഗ കർഷകരുടെ കാർഷികോല്പന്നങ്ങളുടെ വിപണനം സാധ്യമാക്കുകയും ചെയ്തുവരുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ കാർഷിക വിപണന ശാക്തീകരിക്കൽ പദ്ധതിപ്രകാരം വിപണനത്തിനായി വാഹന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/റീഫർ വാനുകൾ നൽകൽ എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 19 ശീതീകരിച്ച വാഹനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. അതിൻപ്രകാരം 10 വാഹനങ്ങൾ ഗുണഭോക്താക്കൾക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുകയും ബാക്കിയുള്ള വാഹനങ്ങൾ നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ കാർഷിക വിപണനവും വിളവെടുപ്പിന് ശേഷമുള്ള പരിപാലനവും പദ്ധതിപ്രകാരം നഗരസംസ്കരണ സെന്ററുകൾ ശക്തിപ്പെടുത്തൽ ഘടകത്തിൽ ഉൾപ്പെടുത്തിയാണ് കണ്ടെയ്നർ മാതൃകയിലുള്ള സംഭരണ വിപണന കേന്ദ്രങ്ങൾ/ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിന് ആകെ 32 കണ്ടെയ്നർ മാതൃകയിലുള്ള സംഭരണ വിപണന കേന്ദ്രങ്ങൾ/ഇക്കോഷോപ്പുകൾ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടാണ് KLDC-യെ ചുമതലപ്പെടുത്തിയിട്ടുള്ളത്. ആയതിൽ ആലപ്പുഴ ജില്ലയിലെ വെട്ടക്കൽ സർവ്വീസ് സഹകരണ ബാങ്കിനനുവദിച്ച വിപണന കേന്ദ്രം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. "സമൃദ്ധി നാട്ടുപീടിക" എന്നാണ് പ്രസ്തുത വിപണന കേന്ദ്രങ്ങൾ അറിയപ്പെടുക.

വിപണി ഇടപെടൽ പദ്ധതിപ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന വിപണികൾവഴി പഴം, പച്ചക്കറികളുടെ വില നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓണക്കാലത്ത്

കർഷകരിൽനിന്നും നേരിട്ട് സംഭരിക്കുന്ന പഴം, പച്ചക്കറികൾ പൊതുവിപണിയിലെ അതത് ഇനങ്ങളുടെ സംഭരണ വിലയേക്കാൾ 10% അധികം വില നൽകി സംഭരിച്ച് ഓണ വിപണികളിലൂടെ പൊതുവിപണിയിലെ വിൽപ്പന വിലയിൽ നിന്നും 30% കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് നൽകുന്നു.

സംസ്ഥാന സർക്കാർ നാളികേരത്തിന് കിലോയ്ക്ക് 32 രൂപ താങ്ങുവില പ്രഖ്യാപിക്കുകയും അതിൻപ്രകാരം നാളികേരത്തിന്റെ വില കുറഞ്ഞ ജില്ലകളിൽ പച്ചത്തേങ്ങ സംഭരണം നടത്തിവരുന്നു. കർഷകരിൽനിന്നും 2396 മെട്രിക് ടൺ പച്ചത്തേങ്ങ സംഭരിച്ചുകഴിഞ്ഞു.

കൊപ്രയുടെ വില താഴ്ന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ കൊപ്രയുടെ താങ്ങുവില പദ്ധതി (പി.എസ്.എസ്.) 2022 പ്രകാരം, കൊപ്ര സംഭരണത്തിനായി കേരഫെഡിനെയും മാർക്കറ്റ്ഫെഡിനെയും സ്റ്റേറ്റ് ലെവൽ ഏജൻസികളായി പ്രഖ്യാപിച്ചു. കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന വിലയായ കിലോഗ്രാമിന് 105 രൂപ 90 പൈസ ക്രമത്തിൽ രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങൾവഴി മാർക്കറ്റ്ഫെഡ് മുഖേന നാഫെഡ് സംഭരിച്ചിട്ടുണ്ട്.

കേരള സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിപ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് അതതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം, റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്കു നൽകുന്നു. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി രണ്ട് ഹെക്ടറിനാണ് സബ്സിഡി നൽകുന്നത്. 2021 ഏപ്രിൽ 1 മുതൽ സബ്സിഡി തുക 150 രൂപയിൽനിന്ന് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

കേരളത്തിൽ കർഷകരിൽനിന്നും സപ്ലൈകോ നെല്ല് നേരിട്ട് സംഭരിച്ചുവരുന്നു. കർഷകർക്ക് കൂടുതൽ വില ലഭിക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കാനും യഥാസമയം തുക ലഭ്യമാക്കുന്നതിനും ടി സംഭരണം സഹായിക്കുന്നു. 2021-22 സീസണിൽ കിലോയ്ക്ക് 28 രൂപ നിരക്കിൽ 7.484 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചു. കൂടാതെ 2022-23 സാമ്പത്തിക വർഷത്തിൽ വിപണി വികസന പദ്ധതിപ്രകാരം താഴെ പറയും ഘടകങ്ങൾ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. കാർഷിക കർഷക ക്ഷേമ വകുപ്പിന്റെ കീഴിലുള്ള കാർഷിക മൊത്ത വ്യാപാര വിപണികൾ, ജില്ലാ സംഭരണ കേന്ദ്രങ്ങൾ

എന്നിവയുടെ ശാക്തീകരണത്തിന് 130 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കാർഷികോല്പന്നങ്ങളുടെ മാർക്കറ്റ് വിലവിവരം രേഖപ്പെടുത്തുന്നതിനായുള്ള 92 അഗ്മാർക്ക് നെറ്റ് നോഡുകളുടെ പ്രവർത്തനത്തിന് 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കമ്മീഷൻ ഫോർ അഗ്രികൾച്ചറൽ കോസ്റ്റ് ആൻഡ് പ്രൈസസ്സിന്, കൊപ്ര/നാളികേരത്തിന്റെ സംഭരണ വില നിശ്ചയിക്കുന്നതിനാവശ്യമായ കൃഷി ചെലവ് ഉൾപ്പെടെയുള്ള വിവരങ്ങൾ തയ്യാറാക്കി നൽകുന്നതിനായി ചുമതലപ്പെട്ട സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി 80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ ഗ്രേഡ് ചെയ്ത ആഴ്ചചന്തകൾക്ക് അധിക ധനസഹായം നൽകുന്നതിന് വിപണി ഒന്നിന് 10,000 രൂപ വീതം 250 ആഴ്ചചന്തകൾക്ക് 25 ലക്ഷം രൂപയും കാർഷിക മൊത്ത വ്യാപാര വിപണികളിൽ ഉല്പന്നങ്ങൾ എത്തിക്കുന്നതിന് കർഷകർക്ക് ട്രാൻസ്പോർട്ടേഷൻ സബ്സിഡി ഇനത്തിൽ 50 ലക്ഷം രൂപയും 15 പുതിയ ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിനും ഇക്കോഷോപ്പുകളുടെ ശാക്തീകരണത്തിനുമായി 150 ലക്ഷം രൂപയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കുടുംബശ്രീ/എഫ്.പി.ഒ./സ്വയം സഹായ സംഘങ്ങൾ എന്നിവയ്ക്ക് ഗ്രാമചന്തകൾ ആരംഭിക്കുന്നതിന് 2 ലക്ഷം രൂപ നിരക്കിൽ 145 ലക്ഷം രൂപയും നഗര വഴിയോര ചന്തകൾ സ്ഥാപിക്കുന്നതിന് ചന്ത ഒന്നിന് 10,000 രൂപ നിരക്കിൽ 100 ചന്തകൾ സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

കാർഷികോല്പന്ന വിപണനത്തിനായി തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ കർഷക മിത്രകളുടെ സേവനം ഉറപ്പാക്കുന്നതിന് 109 കർഷക മിത്രങ്ങളെ നിയോഗിക്കുന്നതിന് 60 ലക്ഷം രൂപയും കർഷക ഗ്രൂപ്പുകൾ/എഫ്.പി.ഒ.-കൾ/മറ്റ് സ്ഥാപനങ്ങൾക്ക് 50 ശതമാനം സബ്സിഡി നിരക്കിൽ പഴം, പച്ചക്കറികൾ കൊണ്ടുപോകുന്നതിന് ശീതികരിച്ച വാഹനങ്ങൾ വാങ്ങുന്നതിന് 35 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ വട്ടവട, കാന്തല്ലൂർ മേഖലയിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് കോൾഡ് ചെയിൻ സ്ഥാപിക്കുന്നതിനായി 185 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വട്ടവടയിൽ ഒരു പ്രീ കൂളിംഗ് കേന്ദ്രവും എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ 3 കോൾഡ് ഔട്ട്‌ലെറ്റുകൾ സ്ഥാപിക്കുന്നതിനും ഹോർട്ടി കോർപ്പിന്റെ കോൾഡ് സ്റ്റോറേജ് നവീകരിക്കുന്നതിനുമാണ് തുക വകയിരുത്തിയിട്ടുള്ളത്. മാർക്കറ്റിംഗ് മേഖലയുടെ ശാക്തീകരണത്തിനും അടിസ്ഥാനസൗകര്യ വികസനത്തിനും വിദഗ്ധ സേവനങ്ങൾക്കും 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വി.എഫ്.പി.സി.കെ.-യുടെ വിപണി വികസന പദ്ധതികൾക്ക് 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2022-23-ലെ ജൈവകൃഷിയും ഉത്തമ കൃഷി രീതികളും പദ്ധതിപ്രകാരം കോഴിക്കോട്ടും ആലപ്പുഴയിലും ജൈവഉല്പന്നങ്ങളുടെ വിപണനത്തിനായി 2 ഹൈടെക് സൂപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിനായി 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

ഉത്പാദന മേഖലയിലേയും വിപണന മേഖലയിലേയും അസ്ഥിരത പരിഹരിക്കാനായി 'ഞങ്ങളും കൃഷിയിലേയ്ക്ക്' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്താകമാനം രൂപീകൃതമായ 25000-ത്തിലധികം കൃഷിക്കൂട്ടങ്ങൾ ഉത്പാദന മേഖലയോടൊപ്പം സേവന വിപണന മൂല്യവർദ്ധനമേഖലയിലും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സേവന, വിപണന മൂല്യവർദ്ധന മേഖലയിലെ കൃഷിക്കൂട്ടങ്ങൾ ഉത്പാദന മേഖലയിലെ കൃഷിക്കൂട്ടങ്ങളെ സഹായിക്കുമാറാണ് രൂപപ്പെട്ടിരിക്കുന്നത്. ഉത്പാദന മേഖലയിൽ മുൻകൂട്ടി രൂപപ്പെടുത്തുന്ന വിളനിർണ്ണയ പ്ലാനും അതിനനുസരണമായ വിപണന പ്ലാനും വിവിധങ്ങളായ കൃഷിക്കൂട്ടങ്ങൾ വഴി നടപ്പിലാക്കുന്നതോടെ ഉത്പാദനവും അതനുസരിച്ചുള്ള വിപണനവും ഉറപ്പാക്കി കാർഷിക ഉല്പന്നങ്ങൾക്ക് നല്ല വില ഉറപ്പാക്കുവാൻ സാധിക്കും.

(ബി) കർഷകരുടെ ക്ഷേമത്തിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും പുതിയ പദ്ധതികളാവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

കർഷകരുടെ വരുമാന വർദ്ധനയ്ക്കായി ഈ സാമ്പത്തിക വർഷത്തിൽ നടപ്പാക്കുന്ന പുതിയ പദ്ധതികളാണ് കൃഷിയിട ആസൂത്രണാധിഷ്ഠിത വികസന സമീപനത്തിൽ ഉൾപ്പെട്ട പദ്ധതികൾ. കാർഷിക വിപണനവും വിളവെടുപ്പിന് ശേഷമുള്ള പരിപാലനത്തിനുമുള്ള പദ്ധതികൾ, കാർഷിക വിളകളുടെ ഉല്പാദനവും ഉല്പാദനശേഷിയും വർദ്ധിപ്പിച്ച് ആയതിലൂടെ കർഷർക്ക് വരുമാനം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

കർഷകരുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ കൊണ്ടുവന്ന പുതിയ പദ്ധതിയാണ് കർഷക ക്ഷേമനിധി ബോർഡ്. താഴെ പറയുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി കർഷക ക്ഷേമനിധി ലക്ഷ്യമിടുന്നു.

(i) അംശദായം ഒടുക്കിയതിന്റെ അടിസ്ഥാനത്തിലും ഒടുക്കിയ വർഷത്തിന്റെ അടിസ്ഥാനത്തിലും കർഷകർക്ക് 60 വയസ്സിനുശേഷം പെൻഷൻ ലഭിക്കുന്നതിന്.

(ii) കർഷകന്റെ മരണാനന്തരം പദ്ധതി പ്രകാരമുള്ള അവകാശികൾക്ക് ഫാമിലി പെൻഷൻ നൽകുന്നതിന്.

(iii) അനാരോഗ്യം നിമിത്തമോ അവശത നിമിത്തമോ ജോലിയിൽ തുടരാൻ സാധിക്കാത്ത കർഷകർക്ക് ബോർഡ് നിശ്ചയിക്കുന്ന നിരക്കിൽ പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുന്നതിന്.

(iv)എല്ലാ കർഷകർക്കും ചികിത്സയ്ക്കും പെൺമക്കളുടെ വിവാഹത്തിനും മക്കളുടെ വിദ്യാഭ്യാസത്തിനും സ്ത്രീ അംഗങ്ങൾക്ക് വിവാഹത്തിനും പ്രസവത്തിനും ധനസഹായം നൽകുന്നതിന്.

(v) അംഗങ്ങൾക്കുണ്ടാകുന്ന അപകടങ്ങൾക്കോ അപകട മരണത്തിനോ നഷ്ടപരിഹാരം ലഭിക്കുന്നതിന്.

(vi) 25 വർഷം അംശദായം അടച്ചവർക്ക് ബോർഡ് ഒരു നിശ്ചിത തുക പെൻഷന് പുറമെ നൽകുന്നതിന്.

**കെ-സ്കിൽ പദ്ധതി**

10 (*130) ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഭ്യസ്തവിദ്യരുടെ തൊഴിൽക്ഷമത മെച്ചപ്പെടുത്തുന്നതിനായി നൈപുണ്യ പരിശീലനത്തിലൂടെ അവരെ പ്രാപ്തരാക്കുന്നതിന് കെ-സ്കിൽ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; ഇതിനായി എല്ലാ മണ്ഡലങ്ങളിലും പ്രത്യേകമായി അസാപ് മുഖേന നൈപുണ്യ മേളകൾ സംഘടിപ്പിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. കേരളത്തിലെ യുവജനങ്ങൾക്ക് നഗരഗ്രാമ വ്യത്യാസമില്ലാതെ പുതുതലമുറ നൈപുണ്യ കോഴ്സുകളിൽ പരിശീലനം നൽകി അവരുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുകയും അതുവഴി രാജ്യത്തിനകത്തും പുറത്തുമുള്ള തൊഴിലവസരങ്ങൾ കരഗതമാക്കാൻ യുവതലമുറയെ പ്രാപ്തരാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ഒരു സമഗ്ര നൈപുണ്യ പരിശീലന സംരംഭമാണ് കെ-സ്കിൽ. പതിനഞ്ചിലധികം വ്യത്യസ്ത തൊഴിൽ മേഖലകളിലായി നൂറ്റിമുപ്പതിലധികം സ്കിൽ കോഴ്സുകളിലാണ് അസാപ് വഴി പരിശീലനം നൽകുന്നത്. അസാപിന്റെ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ വഴിയും തെരഞ്ഞെടുക്കപ്പെട്ട നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ വഴിയും ഓൺലൈനായും ഓഫ്ലൈനായും കോഴ്സുകൾ നടത്തുന്നു.

അസാപിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന കെ-സ്കിൽ ക്യാമ്പയിന്റെ ഗുണഫലങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി ഇരിങ്ങാലക്കുട മണ്ഡലത്തിലെ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ വച്ച് 2022 ജൂലൈ 30-ന് ഒരു നൈപുണ്യ പരിചയമേള സംഘടിപ്പിച്ചിരുന്നു. ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യവസായസ്ഥാപനങ്ങൾ, അദ്ധ്യാപക പൊതുസമൂഹം എന്നിവരുടെ സഹകരണത്തോടെയാണ് മേള നടത്തിയത്.

വിവിധ തൊഴിൽമേഖലകൾ, അതുമായി ബന്ധപ്പെട്ട കെ-സ്കിൽ കോഴ്സുകൾ, കോഴ്സിന്റെ പ്രത്യേകതകൾ, സർട്ടിഫിക്കേഷൻ, ഇത്തരം കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയാൽ ലഭിക്കാൻ സാധ്യതയുള്ള തൊഴിലവസരങ്ങൾ, പരിശീലനം നൽകുന്ന വ്യവസായ സ്ഥാപനങ്ങളുടെ വിവരങ്ങൾ മുതലായവയെക്കുറിച്ച് പൂർണ്ണമായ അവബോധം വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും സൃഷ്ടിക്കാനുതകുന്ന രീതിയിലാണ് മേള സംഘടിപ്പിക്കപ്പെട്ടത്.

ടെക്നിക്കൽ, നോൺ ടെക്നിക്കൽ തൊഴിൽ മേഖലകളിലെ വിദഗ്ധർ നയിക്കുന്ന സ്കിൽ ടോക്കും വിദ്യാർത്ഥികളെ തൊഴിൽ കമ്പോളത്തിലേക്ക് സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്ലെയ്സ്മെന്റ് ഗ്രൂമിംഗും മേളയുടെ ഭാഗമായി ഒരുക്കിയിരുന്നു.

അതോടൊപ്പം പരിശീലന പങ്കാളികളെ ഉൾപ്പെടുത്തിക്കൊണ്ട് ഐ.ടി., മീഡിയ ആൻഡ് എന്റർടെയ്ൻമെന്റ്, ഇലക്ട്രോണിക്സ് ആൻഡ് ഇലക്ട്രിക് വെഹിക്കിൾ, ബാങ്കിംഗ് ആൻഡ് ഫിനാൻസ്, സ്പോർട്സ് (ഫിറ്റ്നസ് ട്രെയിനർ), മാനേജ്മെന്റ്, ലോജിസ്റ്റിക്സ്, തുടങ്ങിയ ഇരുപതിലധികം തൊഴിൽ മേഖലകളിൽ ആകർഷകമായ നൈപുണ്യ സ്റ്റാളുകൾ സജ്ജമാക്കി എക്സിബിഷനും സംശയനിവാരണവും വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലന രംഗത്തെ സാധ്യതകളെ കൂടുതൽ മനസ്സിലാക്കാനുമുള്ള അവസരവും മേളയിലൂടെ ഒരുക്കിയിരുന്നു.

വിദ്യാർത്ഥികൾക്ക് അവരവരുടെ അഭിരുചിക്കനുസരിച്ച കോഴ്സുകൾ മനസിലാക്കാനും കോഴ്സുകളിൽ രജിസ്റ്റർ ചെയ്യാനും അതോടൊപ്പം കെ-സ്കിൽ കോഴ്സുകളിൽ വിദ്യാർത്ഥികൾക്ക് കേരള നോളജ് ഇക്കോണമി മിഷൻ വഴി ലഭ്യമായ സ്കോളർഷിപ്പുകൾ, കാനറാ ബാങ്കുമായി സഹകരിച്ച് ലഭ്യമാക്കുന്ന സ്കിൽ ലോൺ തുടങ്ങിയ വിവരങ്ങളും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും മനസ്സിലാക്കാൻ മേള ഉപകരിച്ചു. വ്യവസായ സ്ഥാപനങ്ങളുമായുള്ള സഹകരണം ഭാവിയിൽ നൈപുണ്യ പരിശീലനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് തൊഴിലെന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിന് സഹായകമാകും.

അനുകൂല സാഹചര്യത്തിൽ ഇരിങ്ങാലക്കുട മാതൃകയിൽ മറ്റു നിയോജകമണ്ഡലങ്ങളിലേക്കും ഇത്തരം മേളകൾ വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) കേരളത്തിന്റെ വൈജ്ഞാനിക സമൂഹകേന്ദ്രീകൃതമായ സമ്പദ്‌വ്യവസ്ഥയ്ക്ക് പ്രസ്തുത പദ്ധതി എത്രത്തോളം പ്രയോജനപ്പെടുമെന്ന് വിശദമാക്കുമോ?

കേരളത്തെ ഒരു നവവൈജ്ഞാനിക സമൂഹവും നവവൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയുമാക്കി പരിവർത്തനം ചെയ്യുകയെന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. നൈപുണ്യ വികസനത്തിന്റേതായ ഒരു സംസ്കാരം രൂപപ്പെടുത്താനും തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്ന കൂടുതൽ കോഴ്സുകളിൽ പരിശീലനം നൽകാനും അസാപ്പിന്റെ കെ-സ്കിൽ ക്യാമ്പയിൻ വഴി സാധിച്ചിട്ടുണ്ട്. കെ-സ്കിൽ ക്യാമ്പയിൻ 2022 മാർച്ച് 10-ന് ഉദ്ഘാടനം ചെയ്യപ്പെടുമ്പോൾ 103 കോഴ്സുകളിലേയ്ക്കാണ് പരിശീലനം നൽകിയിരുന്നത്. മൂന്ന് മാസം പിന്നിട്ടപ്പോൾ 133 കോഴ്സുകളായി അത് ഉയർത്താൻ സാധിച്ചു. പതിനാറിലധികം വ്യത്യസ്ത തൊഴിൽ മേഖലകളിലായി പ്ലസ് ടു യോഗ്യതയ്ക്ക് മുകളിൽ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കും പൊതുസമൂഹത്തിനും ചെയ്യാവുന്ന കോഴ്സുകൾ കെ-സ്കിൽ ക്യാമ്പയിന്റെ ഭാഗമായി നൽകിവരുന്നു. ഭൂരിഭാഗം കോഴ്സുകളും പ്ലെയ്സ്മെന്റ് ഉറപ്പുനൽകുന്നതോ പ്ലെയ്സ്മെന്റ് സഹായം ലഭ്യമാക്കുന്നതോ ആണ്. ഉദ്യോഗാർത്ഥികൾക്ക് കേരള നോളഡ്ജ് ഇക്കോണമി മിഷൻ നൽകുന്ന സ്കോളർഷിപ്പുകൾ വഴി സാമ്പത്തിക സഹായവും കാനറ ബാങ്ക് വഴി സ്കിൽ ലോൺ ലഭ്യമാക്കാനും സാധിച്ചിട്ടുണ്ട്. പുതുതലമുറ നൈപുണ്യകോഴ്സുകൾക്ക് പ്രാമുഖ്യം നൽകി നൈപുണ്യപരിശീലനം ഏവർക്കും പ്രാപ്യമാക്കുന്ന രീതിയിൽ വിഭാവന ചെയ്തിരിക്കുന്ന കെ-സ്കിൽ ക്യാമ്പയിൻ നവവൈജ്ഞാനിക സമൂഹനിർമ്മിതിയിൽ ഒരു മുതൽക്കൂട്ടാണ്.

(സി) ഇൻഡസ്ട്രി ആവശ്യപ്പെടുന്ന നൈപുണ്യം കേരളത്തിലെ യുവജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ക്ലൗഡ് കമ്പ്യൂട്ടിംഗ് പരിശീലനം ഉൾപ്പെടെയുള്ള സാങ്കേതികവിദ്യകളുമായി ബന്ധപ്പെട്ട അധിക വൈദഗ്ദ്ധ്യങ്ങൾ ആർജ്ജിക്കുന്നതിന് പ്രത്യേകമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

മാറുന്ന കാലത്തിനനുസരിച്ച് നൈപുണ്യ പരിശീലന രംഗത്ത് പുതുതലമുറ കോഴ്സുകൾ ഒരുക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വ്യവസായങ്ങൾക്ക് ആവശ്യമുള്ള നൈപുണ്യമേഖലകൾ കണ്ടെത്തി നമ്മുടെ യുവതയെ പുത്തൻ

തൊഴിൽമേഖലയിൽ പരിശീലിപ്പിക്കുകയും അതുവഴി കൂടുതൽ തൊഴിൽ സാധ്യതകളും സംരംഭകത്വവും വളർത്തികൊണ്ടുവരാനും സാധിക്കും. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്, ആമസോൺ ക്ലൗഡ് കമ്പ്യൂട്ടിംഗ്, സൈബർ സെക്യൂരിറ്റി, ഡ്രോൺ ടെക്നോളജി, ഗ്രാഫിക്സ് ഡിസൈനർ, ഡിപ്ലോമ ഇൻ ബാങ്കിംഗ് & ഫിനാൻസ്, വിദേശ ഭാഷകൾ തുടങ്ങിയ 133-ഓളം കോഴ്സുകൾ ഇത്തരത്തിൽ ലഭ്യമാണ്. പ്രമുഖ വ്യവസായങ്ങളുടെ പങ്കാളിത്തത്തോടുകൂടി നടത്തപ്പെടുന്ന ഈ കോഴ്സുകൾ പഠിതാക്കളിൽ ഹയർ ഓർഡർ ഇൻഡസ്ട്രി റിലവന്റ് സ്കിൽസ് (Higher Order Industry Relevant Skills) നൽകി അവരുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുവാൻ സഹായിക്കുന്നു. അസാപ്പിന്റെ പ്ലെയ്സ്മെന്റ് പോർട്ടലിലൂടെ നൈപുണ്യം സിദ്ധിച്ച വിദ്യാർത്ഥികൾക്ക് തൊഴിലും ലഭ്യമാക്കുന്നു.

## കെ.എസ്.ആർ.ടി.സി.-യെ കാര്യക്ഷമമാക്കാൻ നടപടി

11 (*131) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ശശി:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വികസനവും ജനക്ഷേമവും ഉറപ്പുവരുത്തുന്നതിന് കാര്യക്ഷമമായ പൊതുഗതാഗത സംവിധാനം ഉണ്ടാകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് വികസനവും ജനക്ഷേമവും ഉറപ്പു വരുത്തുന്നതിന് കാര്യക്ഷമമായ പൊതുഗതാഗത സംവിധാനം ഉണ്ടാക്കുന്നതിനായി പൊതുജനോപകാരപ്രദവും വിശ്വസനീയവും കുറഞ്ഞ ചെലവിലുമുള്ള പൊതുഗതാഗതം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് പ്രതിജ്ഞാബദ്ധമാണ്. ഈ ലക്ഷ്യം നിറവേറ്റുന്നതിന് കൂടുതൽ കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിനായി കെ.എസ്.ആർ.ടി.സി. വിവിധതരം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

1. സിറ്റി സർക്കുലർ (ഹോപ്പ് ഓൺ ഹോപ്പ് ഓഫ്)
2. "സിറ്റി ഷട്ടിൽ".
3. "സിറ്റി റേഡിയൽ"

4. ബൈപ്പാസ് റൈഡർ

5. ഫീഡർ സർവ്വീസുകൾ

6. ഗ്രാമവണ്ടി

എന്നിവ ഉദാഹരണങ്ങളാണ്. കൂടാതെ, തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നാല് മണിക്കൂർ സമയം കൊണ്ട് യാത്ര ചെയ്യാവുന്ന സിൽവർ ലൈൻ പ്രോജക്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

ആലപ്പുഴ, കൊല്ലം, കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നീ ആറ് ജില്ലകളിൽ സംസ്ഥാന ജലഗതാഗത വകുപ്പ് സർവ്വീസുകൾ നടത്തിവരുന്നു. പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ സുരക്ഷിതമാക്കുന്നതിനുംവേണ്ടി തടി, സ്റ്റീൽ ബോട്ടുകൾക്ക് പുറമേ കറ്റാമറൈൻ ഫൈബർ ബോട്ടുകളും സർവ്വീസ് നടത്തിപ്പിനായി ഉപയോഗിച്ചുവരുന്നു. ടി ബോട്ടുകൾ ഉപയോഗിച്ച് വകുപ്പ് പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ്, ആംബുലൻസ് സർവ്വീസ്, വാട്ടർ ടാക്സി സർവ്വീസ് എന്നിവ നടത്തുന്നു.

(ബി) സാധാരണ ജനങ്ങൾ ഏറ്റവുമധികം ഉപയോഗിക്കുന്ന പൊതുഗതാഗത സംവിധാനമായ കെ.എസ്.ആർ.ടി.സി.-യെ ലാഭനഷ്ടങ്ങൾ മാനദണ്ഡമാക്കാതെ കാര്യക്ഷമമായി നിലനിർത്തുന്നതിന് സർക്കാർ മുൻകയ്യെടുത്ത് സാമ്പത്തിക പാക്കേജുകൾ ഉൾപ്പെടെ പ്രഖ്യാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. -യെ കാര്യക്ഷമമായി നിലനിർത്തുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ 2037.51 കോടി രൂപ വായ്പ ധനസഹായമായും 87.21 കോടി രൂപ പദ്ധതി വിഹിതമായും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ 2022-23 സാമ്പത്തിക വർഷത്തിൽ വായ്പാ ധനസഹായമായി 1000 കോടി രൂപയും പദ്ധതി വിഹിതമായി 106 കോടി രൂപയും വകയിരുത്തിയിട്ടുമുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യുടെ പരിഷ്കരണവുമായി ബന്ധപ്പെട്ട സുശീൽ ഖന്ന റിപ്പോർട്ടിലെ നിർദ്ദേശങ്ങളിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ പരിഷ്കരണവുമായി ബന്ധപ്പെട്ട് പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രതിവാഹന ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയിൽ എത്തിക്കുന്നതിന് ശ്രമങ്ങൾ നടന്നുവരുന്നു. നോൺ പീക്ക് സമയത്ത് അധികമായി ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ സിംഗിൾ ഡ്യൂട്ടികളും 12 മണിക്കൂർ സ്പ്രെഡ് ഡ്യൂട്ടികളും മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്റ്റ് 1961 പ്രകാരം ക്രമീകരിച്ചുവരുന്നു. ഇപ്രകാരം സർവ്വീസ് ക്രമീകരിച്ചാൽ സർവ്വീസുകളുടെ ഓപ്റ്റിമൈസേഷൻ സാധ്യമാവുകയും തദ്വാര ബസ് ഇ.പി.കെ.എം. വർദ്ധിക്കുകയും ബസ് സ്റ്റാഫ് റേഷ്യോ കുറയുകയും ചെയ്യും. നിലവിൽ 72 സിംഗിൾ ഡ്യൂട്ടികളും 1300 എണ്ണം 12 മണിക്കൂർ സ്പ്രെഡ് ഡ്യൂട്ടികളും നടത്തിവരുന്നുണ്ട്.

സാങ്കേതിക വിദ്യയുടെ സഹായത്താൽ എല്ലാ യൂണിറ്റുകളുടേയും ട്രിപ്പ്വൈസ് കളക്ഷൻ പരിശോധിച്ച് ഡീസൽ തുകപോലും ലഭിക്കാത്ത ഡെഡ് ട്രിപ്പുകളുടെ എണ്ണത്തിൽ കുറവ് വരുത്തുവാനും പ്രതിബസ് വരുമാനവും പ്രതികിലോമീറ്റർ വരുമാനവും ഉയർത്തുവാനും കഴിഞ്ഞിട്ടുണ്ട്.

അനാവശ്യമായി യാത്രക്കാരില്ലാതെ റിട്ടേൺ ഡെഡ് ട്രിപ്പുകൾ കുറയ്ക്കുന്നതിനും യാത്രക്കാരുടെ സൗകര്യത്തിനുമായി സിറ്റി റേഡിയൽ സർവ്വീസ് ആരംഭിച്ചു. സിറ്റിക്ക് വെളിയിലുള്ള രണ്ട് പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുകവഴി യാത്രക്കാർക്ക് ഇറങ്ങിക്കയറുന്നത് ഒഴിവാക്കുകയും യാത്രക്കാർ കൂടുതലായി ഇത്തരം ബസ്സുകളെ ആശ്രയിക്കുകയും ചെയ്തതിനാൽ കട്ട്ട്രിപ്പുകൾ സിറ്റിയിലേയ്ക്ക് നടത്തിയിരുന്ന ബസ്സുകളുടെ എണ്ണം കുറയ്ക്കുവാനും തദ്വാര അനാവശ്യ ഗതാഗതകുരുക്കും ചെലവും കുറയ്ക്കുവാനും കഴിഞ്ഞു.

ദീർഘദൂര സർവ്വീസുകളുടെ ക്രോണോളജി പരിശോധിച്ച് അനാവശ്യ സർവ്വീസുകൾ കുറയ്ക്കുകയും കൃത്യമായി ആവശ്യാനുസരണം സർവ്വീസുകൾ ക്രമീകരിക്കുകയും ചെയ്തതിൽനിന്നും എല്ലാ സൂപ്പർക്ലാസ് ബസ്സുകളുടേയും യാത്രക്കാർ വർദ്ധിക്കുകയും അനാവശ്യ ബസ്സുകളും കിലോമീറ്ററും കുറയ്ക്കുകയും തദ്വാര ഡീസൽ ഉപയോഗം കുറയ്ക്കുകയും ചെയ്തു. ഒരു ദിവസം 8 മണിക്കൂർ സ്റ്റിയറിംഗ് സമയം ഒരു ഡ്യൂട്ടിയായി കണക്കാക്കുന്ന സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പാക്കിവരുന്നു. ദീർഘദൂരസർവ്വീസുകളിലും അന്തർ സംസ്ഥാന സർവ്വീസുകളിലും കൂടുതൽ പഠനം നടത്തി ക്രൂ ചെയ്ഞ്ച് ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം ഏർപ്പെടുത്തുന്നതുൾപ്പെടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇപ്രകാരം ജീവനക്കാരുടെ ഉപയോഗം കൂട്ടുവാൻ കഴിയും. കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ള ഫ്ലീറ്റുകളുടെ ഉപയോഗം 71 ശതമാനത്തിൽ നിന്നും 95 ശതമാനത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്ക് നടപടികൾ സ്വീകരിച്ചുവരുന്നു. യാത്രക്കാരുടെ ഡിമാന്റ് പരിശോധിച്ച് "ഒറിജിൻ-

ഡെസ്റ്റിനേഷൻ" പൈലറ്റ് സ്റ്റഡി നടത്തി ഡിമാന്റ് അനുസരിച്ച് പരീക്ഷണാർത്ഥം നെയ്യാറ്റിൻകര - തിരുവനന്തപുരം റൂട്ടിലും എറണാകുളം-തിരുവനന്തപുരം റൂട്ടിലും നോൺ സ്റ്റോപ്പ്, ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസുകൾ ആരംഭിച്ചതിൽ നിലവിലെ യാത്രക്കാരുടെ എണ്ണം വർദ്ധിക്കുകയുണ്ടായി. ഇത്തരം പഠനം നടത്തി കൂടുതൽ നോൺ സ്റ്റോപ്പ് ഡ്രൈവർ-കം-കണ്ടക്ടർ സർവ്വീസുകൾ ആരംഭിക്കുന്നതുവഴി ബസ്സുകളുടെയും ജീവനക്കാരുടെയും ഉപയോഗം വർദ്ധിപ്പിക്കുവാൻ കഴിയും. ചെലവ് ചുരുക്കി വരുമാനം വർദ്ധിപ്പിക്കുവാൻ നിലവിൽ കഴിഞ്ഞിട്ടുണ്ട്. നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ ട്രാവൽ ഡിമാന്റ്, ലൊക്കേഷൻ ട്രാക്കിംഗ് എന്നിവ കണ്ടെത്തുന്നതിന് ആധുനിക ഇ.റ്റി.എം., വി.എൽ.റ്റി.ഡി. എന്നിവ ബസ്സുകളിൽ സ്ഥാപിക്കുകവഴി റൂട്ട് റാഷണലൈസേഷൻ കൂടുതൽ മെച്ചപ്പെടുകയും ഡേറ്റ അനാലിസിസ് നടത്തുന്നതിന് സഹായകരമാവുകയും ചെയ്യും. ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സഹായം ലഭ്യമാക്കുന്നതിനും DIMTS എന്ന സ്ഥാപനത്തെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയോഗിക്കുകയും പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഇത്തരത്തിൽ ഡാറ്റാപ്രോസസ്സിംഗ് പൂർത്തിയാകുന്നതോടെ വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ റൂട്ടുകൾ പുനഃക്രമീകരിക്കുകയും ട്രിപ്പുകൾ കാര്യക്ഷമമാക്കുകയും നോൺ സ്റ്റോപ്പ്, ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ കൂടുതൽ ആരംഭിച്ച് ജനോപകാരപ്രദമായും ജനാഭിലാഷം അനുസരിച്ചും ചെലവ് കുറച്ച് കാര്യക്ഷമമായി ഓപ്പറേഷൻ കൂടുതൽ സാധ്യമാക്കും. ഇതിനുള്ള പദ്ധതികൾ നടന്നുവരികയാണ്.

കെ.എസ്.ആർ.ടി.സി.-യുടെ സമ്പൂർണ്ണ പുനരുദ്ധാരണത്തോടനുബന്ധിച്ച്, പ്രൊഫ. സുശീൽ ഖന്ന സമർപ്പിച്ച പുനരുദ്ധാരണ പാക്കേജിൻപ്രകാരം നടത്തിയ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി, കെ.എസ്.ആർ.ടി.സി. വിവിധ ധനകാര്യസ്ഥാപനങ്ങളിൽനിന്നും എടുത്തിരുന്ന കൂടിയ പലിശ നിരക്കിലുള്ള ഹ്രസ്വകാല വായ്പകൾ പുനഃക്രമീകരിച്ച് കുറഞ്ഞ പലിശ നിരക്കിലുള്ള ദീർഘകാല വായ്പകളാക്കി മാറ്റുകയും പെൻഷൻ നൽകാനായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുന്നതും ഉൾപ്പെടെ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി സമയം ക്രമീകരിച്ച് മെയിന്റനൻസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

- ത്രീ ടയർ മെയിന്റനൻസ് സംവിധാനം നടപ്പിൽ വരുത്തി ബസ്സുകളുടെ മെയിന്റനൻസ് സമയബന്ധിതമായി പൂർത്തീകരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

- 19 ഓപ്പറേറ്റിംഗ് സെന്ററുകളിലെ മെക്കാനിക്കൽ ജീവനക്കാരെ മാതൃയൂണിറ്റിലേയ്ക്ക് മാറ്റി ആവശ്യാർത്ഥം മാത്രം ജീവനക്കാരെ നിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
- ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഫ്യൂവൽ ഡിവിഷൻ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.
- റിപ്പയർ ഷെഡ്യൂളിന്റെ അടിസ്ഥാനത്തിൽ ഫ്ലോട്ട് യൂണിറ്റുകൾ ലഭ്യമാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.
- മെക്കാനിക്കൽ ജീവനക്കാർക്ക് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് വാഹന നിർമ്മാതാക്കൾ മുഖാന്തരം ട്രെയിനിംഗ് നൽകിവരുന്നു.
- ഫ്ലീറ്റ് ആന്റ് മെയിന്റനൻസ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ നടപ്പിൽവരുത്തുന്നതിന്റെ പ്രവർത്തനം പുരോഗതിയിലാണ്.
- വർക്ക് ഷോപ്പുകൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ജില്ല / സബ് ജില്ലാ വർക്ക്ഷോപ്പുകളുടെ ആധുനികവത്കരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ഡി) ധനകാര്യ മാനേജ്മെന്റ് ഉൾപ്പെടെ കെ.എസ്.ആർ.ടി.സി.-യുടെ ഭരണപരമായ പ്രവർത്തനങ്ങളിൽ സുതാര്യതയും പ്രൊഫഷണലിസവും കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി Prof. Susheel Khanna-യുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ മാനേജ്മെന്റ്, പ്രവർത്തനരീതി എന്നിവ പുനഃക്രമീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>മാനേജ്മെന്റ് പ്രൊഫഷണലിസം</u>

Professional Board രൂപീകരിച്ചിട്ടുണ്ട്. ബോർഡിലേയ്ക്ക് വിദഗ്ദ്ധരെ നിയമിച്ചുകൊണ്ടിരിക്കുന്നു. കെ.എസ്.ആർ.ടി.സി.-യിലെ വിവിധ വിഭാഗങ്ങളിലേയ്ക്ക് അതത് മേഖലകളിൽ യോഗ്യതയും പരിചയവുമുള്ള ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുന്നതിനായി ഓരോ വിഭാഗങ്ങളിലും വൈദഗ്ദ്ധ്യമുള്ളവരെ മതിയായ നിയമന നടപടിക്രമങ്ങൾ പാലിച്ച് കരാർ അടിസ്ഥാനത്തിൽ നിയമിക്കുകവഴി മാനേജ്മെന്റ് ശാക്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കോർപ്പറേഷനിലെ ടോപ് ലെവൽ മാനേജ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജനറൽ മാനേജർ (F&A), ജനറൽ മാനേജർ (ടെക്നിക്കൽ), ഡെപ്യൂട്ടി ജനറൽ മാനേജർ (F&A), ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്), ഡെപ്യൂട്ടി ജനറൽ മാനേജർ (ടെക്നിക്കൽ), ചാർട്ടേർഡ്/കോസ്റ്റ് അക്കൗണ്ടന്റ് എന്നീ തസ്തികകൾ താൽക്കാലികമായി സർക്കാർ സൃഷ്ടിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഇത്തരത്തിൽ മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെയും കോർപ്പറേഷനെ കൊമേർഷ്യലൈസ് ചെയ്യുന്നതിന്റെയും ഭാഗമായി പ്രാവീണ്യം തെളിയിക്കുന്നവരെ ഓപ്പൺ മാർക്കറ്റിൽനിന്നും കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശം കോർപ്പറേഷനെ മൂന്ന് (3) സ്വയംപര്യാപ്തമായ ലാഭകേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്. ആയതിൻപ്രകാരം കെ.എസ്.ആർ.ടി.സി.-യെ ചുവടെ ചേർത്തിരിക്കുന്ന തരത്തിൽ മൂന്ന് മേഖലകളാക്കി രൂപീകരിച്ചു.

| പേര് | റവന്യൂ ജില്ല | ആസ്ഥാനം |
|---|---|---|
| സൗത്ത് സോൺ | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട | സെൻട്രൽ വർക്സ്, പാപ്പനംകോട് |
| സെൻട്രൽ സോൺ | ആലപ്പുഴ, കോട്ടയം, എറണാകുളം. ഇടുക്കി, തൃശ്ശൂർ | എറണാകുളം ബോട്ട് ജെട്ടി |
| നോർത്ത് സോൺ | മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് | കോഴിക്കോട് |

ഇത് ശക്തിപ്പെടുത്താനുള്ള നടപടികൾ ഗവൺമെന്റ് തലത്തിൽ സ്വീകരിച്ചുവരുന്നു.

കൂടാതെ ഭരണപരവും അക്കൗണ്ട്സ് സംബന്ധവുമായ നടപടികൾ ജില്ലാടിസ്ഥാനത്തിൽ സ്വീകരിക്കുന്നതിന് പതിനഞ്ച് (15) ജില്ലാ ഓഫീസുകൾ രൂപീകരിച്ചിട്ടുണ്ട്. വരുമാന വർദ്ധന വരുത്തുക എന്നതിനോടൊപ്പം കോർപ്പറേഷന്റെ പ്രവർത്തനങ്ങളുടെ ശാക്തീകരണമാണ് പ്രസ്തുത മേഖലകളുടെ രൂപീകരണംകൊണ്ട് ലക്ഷ്യമിട്ടിട്ടുള്ളത്.

## ഉന്നത വിദ്യാഭ്യാസ മേഖലയിൽ പാഠ്യപദ്ധതി പരിഷ്കരണം

12 (*132) ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എം. വിജിൻ:
ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിജ്ഞാനസമൂഹ സൃഷ്ടിയെന്ന ലക്ഷ്യം കൈവരിക്കാനായി പാഠ്യപദ്ധതി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ചനടപടികൾ അറിയിക്കാമോ;

(ബി) അക്കാദമിക മികവിനും വൈദഗ്ധ്യ വികസനത്തിനും പ്രാധാന്യം നൽകിക്കൊണ്ടാണോ പാഠ്യപദ്ധതി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വിദ്യാഭ്യാസത്തിലൂടെ കൈവരിക്കുന്ന മാനവ വിഭവ വികസനം വൈജ്ഞാനിക മികവിനോടൊപ്പം നാടിന്റെ പുരോഗതിക്കുകൂടി ഫലപ്രദമാകുന്ന തരത്തിലാണോ ഉന്നത വിദ്യാഭ്യാസ രംഗത്തെ നവീകരണം ലക്ഷ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ-സി) വിജ്ഞാനസമൂഹ സൃഷ്ടിയെന്ന ലക്ഷ്യം കൈവരിക്കാനായി ചുവടെ പറയുന്ന പൊതുമാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കോഴ്സുകളിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1. സംയോജിതവും ബഹുവൈജ്ഞാനിക രീതിയിലും ഉള്ള നൂതന കോഴ്സുകൾ (Integrated and Interdisciplinary).
2. ഓഫ്‌ലൈൻ-ഓൺലൈൻ സംയോജിത മാതൃക (Blended Model).
3. വിവിധ യൂണിവേഴ്സിറ്റികളിൽ പഠനം പൂർത്തിയാക്കാൻ കഴിയുന്ന അക്കാഡമിക് മൊബിലിറ്റിയുള്ള കോഴ്സുകൾ.
4. തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്ന കോഴ്സുകളായിരിക്കണം.
5. ഗവേഷണ സ്ഥാപനങ്ങളുമായും വ്യവസായ സ്ഥാപനങ്ങളുമായും ബന്ധം സ്ഥാപിക്കാൻ കഴിയുന്നവയായിരിക്കണം.
6. വ്യവസായ രംഗത്തുനിന്നുള്ള adjunct faculty-യെ ഇത്തരം കോഴ്സുകളിൽ ഉപയോഗിക്കാം.

ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്വേറ്റ് ആട്രിബ്യൂട്ടുകൾക്കും (GA) ഊന്നൽ നൽകിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണത്തിനാണ് ശ്രമിച്ചുവരുന്നത്. സർവ്വകലാശാലകളിൽ പ്രോജക്റ്റ് മോഡ് പ്രോഗ്രാമുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഉന്നതവിദ്യാഭ്യാസ മേഖല മെച്ചപ്പെടുത്തുന്നതിനായി ഡോ. ശ്യാം ബി. മേനോൻ അദ്ധ്യക്ഷനായി രൂപീകരിച്ച ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, പാഠ്യപദ്ധതി പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ സർക്കാരിന് ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. ടി ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

### പഴം, പച്ചക്കറി എന്നിവയ്ക്ക് തറവില

13 (*133) ശ്രീമതി കെ. കെ. രമ:
ശ്രീമതി ഉമ തോമസ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഴം, പച്ചക്കറി എന്നിവയ്ക്ക് തറവില പ്രഖ്യാപിച്ചത് ഫലപ്രദമായി നടപ്പാകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് പഴം, പച്ചക്കറി എന്നിവയ്ക്ക് അടിസ്ഥാന വില പ്രഖ്യാപിച്ചത് ഫലപ്രദമായി നടപ്പിലാക്കിവരുന്നുണ്ട്. പഴം, പച്ചക്കറികൾക്ക് വിലയിടിവ് നേരിടുന്ന സന്ദർഭങ്ങളിൽ പ്രസ്തുത ഉല്പന്നങ്ങൾക്ക് ന്യായവില നൽകി (അടിസ്ഥാന വില) സംഭരിച്ച് കർഷകരെ സഹായിച്ചുവരുന്നു.

ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി കാർഷിക ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനായി ടി പദ്ധതി പ്രയോജനപ്പെട്ടിട്ടുണ്ട്. മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, ക്യാബേജ്, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നീ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുള്ളത്.

കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാനവില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം കൃഷി ഡയറക്ടർ പ്രസ്തുത ജില്ലയിൽ അടിസ്ഥാന വില പ്രാബല്യത്തിൽവന്നതായി പ്രഖ്യാപിക്കുകയും നോട്ടിഫൈ ചെയ്ത 300 വിപണികൾ വഴി സംഭരണം ആരംഭിക്കുകയും ചെയ്യുന്നു.

അപ്രകാരം നോട്ടിഫൈ ചെയ്ത മാർക്കറ്റുകളിലൂടെ സംഭരിക്കുമ്പോൾ ഉണ്ടാകുന്ന അടിസ്ഥാന വിലയിൽനിന്നുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേക്ക് DBT-യായി നൽകുന്നു. കൃഷിവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലക്ക് ഉൽപ്പന്നങ്ങൾ ലഭ്യമാക്കാനും വഴി ഒരുക്കുന്നു.

(ബി) ഉല്പന്നങ്ങൾ ശേഖരിക്കാൻ വെയർഹൗസുകളോ കോൾഡ് സ്റ്റോറേജുകളോ ഗതാഗത സംവിധാനങ്ങളോ ഒന്നും സജ്ജമാക്കിയിട്ടില്ലാത്ത കാരണത്താൽ പലയിടത്തും സംഭരണം നടക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല .

(സി) ഗോഡൗൺ, കോൾഡ് സ്റ്റോറേജ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളൊരുക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗോഡൗൺ, കോൾഡ് സ്റ്റോറേജ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ കാർഷിക അടിസ്ഥാന സൗകര്യ ഫണ്ട് പദ്ധതി പ്രകാരം വിവിധ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് പ്രാഥമിക സഹകരണസംഘങ്ങൾക്ക് 2 കോടി രൂപ വരെ 1 ശതമാനം പലിശ നിരക്കിൽ ലഭ്യമാണ്.

2022-23 സാമ്പത്തിക വർഷത്തിൽ ഇടുക്കി ജില്ലയിൽ വട്ടവട, കാന്തല്ലൂർ മേഖലയിൽ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് കോൾഡ് ചെയിൻ സ്ഥാപിക്കുന്നതിനായി സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 185 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വട്ടവടയിൽ ഒരു പ്രീ കൂളിംഗ് കേന്ദ്രവും എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ 3 കോൾഡ് ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനും ഹോർട്ടികോർപ്പിന്റെ കോൾഡ് സ്റ്റോറേജ് നവീകരിക്കുന്നതിനുമാണ് തുക വകയിരുത്തിയിട്ടുള്ളത്.

വി.എഫ്.പി.സി.കെ.-യുടെ ആഭിമുഖ്യത്തിൽ വയനാട്, തൃശ്ശൂർ ജില്ലകളിൽ അപേഡയുടെ ധനസഹായത്തോടെ രണ്ട് പായ്ക്ക് ഹൗസുകൾ സജ്ജീകരിച്ചിട്ടുണ്ട്. ഇവിടെ പച്ചക്കറികൾ ശീതീകരിച്ച് സൂക്ഷിക്കുന്നതിനുള്ള സംവിധാനം

സജ്ജമാക്കിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ മരോട്ടിച്ചാൽ സ്വാശ്രയ കർഷക സമിതിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രൈമറി പ്രോസസ്സിംഗ് സെന്ററിൽ 2 ടൺ ശേഷിയുള്ള കോൾഡ് സ്റ്റോറേജ് ആരംഭിക്കുന്നതിന് ആർ.കെ.വി.വൈ. പദ്ധതിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിന് പുറമേ, ശീതകാല പഴം-പച്ചക്കറികൾ കേട്ടുകൂടാതെ സൂക്ഷിക്കുന്നതിന് 10 മെട്രിക് ടൺ ശേഷിയുള്ള കൂൾ ചേമ്പർ ഫെസിലിറ്റി സ്ഥാപിക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് 10 ലക്ഷത്തോളം കർഷകർ ഉണ്ടെന്നിരിക്കെ 2021-ൽ പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിച്ചത് എണ്ണായിരം കർഷകർക്കാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2020 കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാനവില പദ്ധതി പ്രകാരം AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകരാണ് ആനുകൂല്യത്തിന് അർഹരാകുന്നത്. 2020-21 വർഷത്തിൽ 2712 കർഷകർക്കും 2021-22 വർഷത്തിൽ 9763 കർഷകർക്കുമാണ് പദ്ധതി മുഖേന ആനുകൂല്യം നൽകിയത്. പദ്ധതിയിൽ ഉൾപ്പെടുവാൻ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണം നടത്തിവരുന്നു.

(ഇ) 2021-ൽ എട്ട് കോടി രൂപ മാത്രമാണോ സബ്സിഡി ഇനത്തിൽ സർക്കാരിന് നീക്കിവയ്ക്കേണ്ടിവന്നതെന്ന് അറിയിക്കാമോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

2020-21 വർഷത്തിൽ പദ്ധതിക്കായി 10 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിൽ 3.01 കോടി രൂപയാണ് അടിസ്ഥാന വില പദ്ധതി പ്രകാരം അപേക്ഷിച്ച കർഷകർക്ക് നൽകിയത്. 2021-22 വർഷത്തിൽ 10 കോടി രൂപ വകയിരുത്തിയതിൽ 7.938 കോടി രൂപ പദ്ധതി പ്രകാരം അപേക്ഷിച്ച കർഷകർക്ക് വിതരണം ചെയ്തു. 2022-23 സാമ്പത്തിക വർഷത്തിൽ പഴം, പച്ചക്കറികൾക്ക് വിപണികളിൽ നല്ല വില ലഭിക്കുന്നതിനാൽ അടിസ്ഥാന വില പദ്ധതി പ്രകാരം നാളിതുവരെ തുക അനുവദിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. 2022-23 സാമ്പത്തിക വർഷത്തിൽ 14.05 കോടി രൂപ പദ്ധതിക്കായി നീക്കിവച്ചിട്ടുണ്ട്. 2021-2022 സാമ്പത്തിക വർഷം ആനുകൂല്യം മാറി നൽകുവാൻ സാധ്യമാകാതിരുന്ന 2197 കർഷകർക്ക് നൽകുവാനുള്ള 1.45 കോടി രൂപ ഈ സാമ്പത്തിക വർഷം അനുവദിക്കുന്നതാണ്.

## നാളികേരത്തിന്റെ വിലത്തകർച്ച പരിഹരിക്കാൻ നടപടി

14 (*134) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രധാന വാണിജ്യോല്പന്നമായ നാളികേരത്തിന്റെ വിലത്തകർച്ച പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്ത് നാളികേരത്തിന്റെ വിലത്തകർച്ച പരിഹരിക്കുന്നതിന് പച്ചത്തേങ്ങയുടെ സംഭരണ വില കിലോഗ്രാമിന് 32 രൂപയായി നിശ്ചയിച്ച് കേരഫെഡിനെയും സംസ്ഥാന നാളികേര വികസന കോർപ്പറേഷനെയും പച്ചത്തേങ്ങാ സംഭരണ ഏജൻസികളായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

ആദ്യഘട്ടത്തിൽ, കേരഫെഡ് തിരുവനന്തപുരത്തുള്ള ആനയറ സ്റ്റോക്ക് പോയിന്റ്, കരുനാഗപ്പള്ളി കേരഫെഡ് ഫാക്ടറി, തൃശ്ശൂർ പൂച്ചനിപ്പാടത്തുള്ള സെയിൽ പോയിന്റ്, കോഴിക്കോട് നടുവണ്ണൂരിലുള്ള ഫാക്ടറി എന്നീ 4 കേന്ദ്രങ്ങളിലൂടെയാണ് നേരിട്ട് പച്ചത്തേങ്ങ സംഭരിച്ചത്.

പച്ചത്തേങ്ങ സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ മുഴപ്പിലങ്ങാട് പ്രാഥമിക സഹകരണ സംഘം മുഖേന കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നു. കൂടാതെ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം (VFPCK)-യുടെ 36 വിപണികൾ വഴിയും 2022 ജൂൺ മാസം മുതൽ പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് നൽകുന്നുണ്ട്. പാലക്കാട് ജില്ലയിൽ VFPCK-യുടെ 15 വിപണികൾ വഴിയും മലപ്പുറം ജില്ലയിൽ 12 വിപണികൾ വഴിയും കോഴിക്കോട് ജില്ലയിൽ 9 വിപണികൾ വഴിയുമാണ് പച്ചത്തേങ്ങ സംഭരിച്ചുവരുന്നത്.

കൂടാതെ കാസർഗോഡ് ജില്ലയിലെ നീലേശ്വരം, അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പള്ളിക്കര കോ-ഓപ്പറേറ്റീവ് കൺസ്യൂമർ വെൽഫെയർ സൊസൈറ്റി, ബേഡഡുക്ക കർഷക സർവ്വീസ് ബാങ്ക്, കോഴിക്കോട് ജില്ലയിലെ ഏറാമല എസ്.സി.ബി. പേരാമ്പ്ര വനിതാ സഹകരണ സംഘം, വടകര താലൂക്ക് പ്രൈമറി കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റി, കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് സർവ്വീസ് സഹകരണ ബാങ്ക്, കോളാരി സർവ്വീസ് സഹകരണ ബാങ്ക്, മൊകേരി സർവ്വീസ് സഹകരണ ബാങ്ക്, ചെറുതാഴം സർവ്വീസ് സഹകരണ ബാങ്ക് എന്നിവ മുഖേനയും നിലവിൽ കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നു.

മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി സർവ്വീസ് സഹകരണ ബാങ്ക്, മംഗലം കേരകർഷക ഫെഡറേഷൻ, തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ കൃഷി സമൃദ്ധി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്, പാവറട്ടി കാർഷിക കർമ്മസേന, തൃശ്ശൂർ ജില്ലാ കേരസംഭരണ സംസ്കരണ വിപണന സഹകരണ സംഘം, കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കൊയിലാണ്ടി താലൂക്ക് അഗ്രി കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പേരാമ്പ്ര, വടകര മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ചാത്തൻകോട്ടുനട അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, വടകര കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് എന്നീ കേന്ദ്രങ്ങളിൽനിന്നും കേരഫെഡ് പച്ചത്തേങ്ങ സംഭരണം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നിലവിൽ 5384 കർഷകരിൽനിന്നും 2396 മെട്രിക് ടൺ പച്ചത്തേങ്ങ സംഭരിക്കുകയും 5,88,18,513 രൂപ നാളികേരത്തിന്റെ വിലയായി കർഷകരുടെ അക്കൗണ്ടിൽ നൽകിയിട്ടുമുണ്ട്. ഇത്തരത്തിൽ സംഭരിക്കുന്ന പച്ചത്തേങ്ങ, കേരഫെഡിന്റെ കരുനാഗപ്പള്ളി ഫാക്ടറിയിലും നടുവണ്ണൂരിലുള്ള ഫാക്ടറിയിലും ഉപയോഗിച്ചുവരുന്നു.

കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് കർഷകരിൽനിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർ അപേക്ഷിക്കുന്ന മുറയ്ക്ക് തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, തെങ്ങുകളുടെ എണ്ണം, വാർഷിക ഉല്പാദനം എന്നിവ രേഖപ്പെടുത്തിയ സാക്ഷ്യപത്രം, കൃഷി ആഫീസർ/കൃഷി ഫീൽഡ് ആഫീസർ നൽകേണ്ടതാണ്. പ്രസ്തുത സാക്ഷ്യപത്രത്തിന് ഒരു വർഷം കാലാവധി ഉണ്ടായിരിക്കും. പച്ചത്തേങ്ങ വിപണനം ചെയ്യാനുദ്ദേശിക്കുന്ന സ്ഥാപനത്തിൽ കർഷകർ ഈ സാക്ഷ്യപത്രം നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതും അപ്രകാരം രജിസ്റ്റർ ചെയ്ത കർഷകരിൽനിന്നും തെങ്ങ് ഒന്നിന് പരമാവധി 50 നാളികേരം (6 തവണകളായി) ഒരു വർഷം എന്ന കണക്കിൽ സംഭരിക്കുന്നതാണ്.

(ബി) നാഫെഡ് പ്രഖ്യാപിച്ച കൊപ്ര സംഭരണം അശാസ്ത്രീയ മാനദണ്ഡങ്ങൾമൂലം നിഷ്ഫലമായിട്ടുണ്ടോ; എത്ര ടൺ കൊപ്ര സംഭരിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നതെന്നും എത്ര ടൺ സംഭരിക്കാനായെന്നും അറിയിക്കാമോ; നിബന്ധനകൾ യുക്തിഭദ്രമായി പരിഷ്കരിച്ച് കൊപ്രസംഭരണം നീട്ടാൻ നാഫെഡിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

കൊപ്രയുടെ വില താഴ്ന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ കൊപ്രയുടെ താങ്ങുവില പദ്ധതി (പി.എസ്.എസ്.) 2022 പ്രകാരം, കൊപ്ര സംഭരണത്തിനായി

കേരഫെഡിനെയും മാർക്കറ്റ്ഫെഡിനെയും സ്റ്റേറ്റ് ലെവൽ ഏജൻസികളായി കേരള സർക്കാർ പ്രഖ്യാപിച്ചിരുന്നു. എന്നാൽ നാഫെഡിന്റെ കരാറിൽ സംഭരണ ഏജൻസി സ്വന്തം ആവശ്യത്തിനായി സംഭരണ കാലയളവിൽ കൊപ്ര സംഭരിക്കാൻ പാടുള്ളതല്ലെന്ന് വ്യവസ്ഥ ചെയ്ത സാഹചര്യത്തിൽ കേരഫെഡിനെ തുടർനടപടികളിൽനിന്ന് ഒഴിവാക്കേണ്ടിവന്നു. നാഫെഡിന്റെ അപ്രായോഗികമായ ടി നിർദ്ദേശം ഒഴിവാക്കണമെന്ന് നാഫെഡിനോടും കേന്ദ്രസർക്കാരിനോടും അഭ്യർത്ഥിച്ചെങ്കിലും അനുകൂലമായ നടപടി ഉണ്ടായില്ല. തുടർന്ന് കേരഫെഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത സൊസൈറ്റികളെ മാർക്കറ്റ്ഫെഡിന്റെ കീഴിൽ പുനർരജിസ്ട്രേഷൻ നടത്തി സംഭരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ മാർക്കറ്റ്ഫെഡ് മാത്രമാണ് കൊപ്ര സംഭരണത്തിനായി നേതൃത്വം നൽകിയത്. ആയതുമൂലം കൊപ്ര സംഭരണത്തിൽ കാലതാമസമുണ്ടായി.

സംഭരണ കാലയളവിൽ 50000 മെട്രിക് ടൺ കൊപ്ര സംഭരിക്കാനാണ് ലക്ഷ്യമിട്ടത്. 2022 ആഗസ്റ്റ് 1-ന് അവസാനിച്ച കൊപ്ര സംഭരണത്തിൽ ആകെ 319 കർഷകർ മൂന്ന് സംഘങ്ങൾ മുഖേന 116.40 മെട്രിക് ടൺ കൊപ്ര മാർക്കറ്റ്ഫെഡ് മുഖേന നാഫെഡ് സംഭരിച്ചിട്ടുണ്ട്. കൊപ്ര സംഭരണ തീയതി 6 മാസ കാലാവധി 2022 ആഗസ്റ്റ് 1-ന് പൂർത്തിയായതിനെത്തുടർന്ന് കൊപ്ര സംഭരണം 3 മാസത്തേയ്ക്കുകൂടി നീട്ടുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്

(സി) കിലോഗ്രാമിന് 32 രൂപ നിരക്കിൽ പച്ചത്തേങ്ങ സംഭരിക്കുന്നതിന് സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പദ്ധതിയുടെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ഡി) മൂല്യവർദ്ധിതോത്പാദനം വിപുലീകരിക്കുന്നതിന് ആയിരം കോടി രൂപയുടെ വിറ്റുവരവ് ലക്ഷ്യമാക്കി കേരഫെഡിന്റെ വിപുലീകരണത്തിനുള്ള പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനായി ഓൺലൈൻ വിൽപ്പന ഉൾപ്പെടെ വിവിധ പദ്ധതികൾ തയ്യാറാക്കിവരുന്നുണ്ട്. കൂടാതെ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ശൃംഖല വിപുലീകരിക്കുന്നതിനുള്ള നടപടികളും മാർക്കറ്റിംഗ് വിഭാഗം സ്വീകരിച്ചുവരുന്നു. 1500 കോടി രൂപ ടേണോവർ വിറ്റുവരവ് ലക്ഷ്യമാക്കി കേരഫെഡിന്റെ വിപുലീകരണത്തിനുവേണ്ടിയുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരുന്നു.

## ഉന്നത വിദ്യാഭ്യാസ രംഗത്തെ പാഠ്യപദ്ധതി പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട്

15 (*135) ശ്രീ. എ. എൻ. ഷംസീർ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. പി. പി. സുമോദ്:
ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പാഠ്യപദ്ധതി കാലാനുസൃതമായി പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് നിയോഗിച്ച കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പാഠ്യപദ്ധതി പരിഷ്കരണ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; പഠനത്തിനൊപ്പം നൈപുണ്യ വികസനംകൂടി ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം ശിപാർശകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) പഠനത്തിലും പരീക്ഷ നടത്തിപ്പിലും വിദ്യാർത്ഥികൾ ഉന്നയിക്കുന്ന പോരായ്മകൾ പരിഹരിക്കുന്നതിനായി സംവിധാനം ഏർപ്പെടുത്തുവാൻ നിർദ്ദേശമുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സർവ്വകലാശാലകളിലെ ഫീസ് ഘടനയിൽ മാറ്റം നിർദേശിക്കുന്ന ശിപാർശ സംബന്ധിച്ച് വിശദമാക്കുമോ?

(എ - ഡി) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് ഡോ. ശ്യാം ബി. മേനോൻ അദ്ധ്യക്ഷനായി ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

## റബ്ബർ വിലസ്ഥിരത ഫണ്ട്

16 (*136) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ വിലയിടിവ് സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ ഉണ്ടാക്കിയ പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റബ്ബറിന്റെ വിലയിടിവ് കാരണം ബുദ്ധിമുട്ട് അനുഭവിക്കുന്ന കർഷകരെ സഹായിക്കാൻ സംസ്ഥാന സർക്കാർ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) റബ്ബറിനൊപ്പം കാർബണും മറ്റ് രാസവസ്തുക്കളും ചേർത്ത മിശ്രിതമായ റബ്ബർ കോമ്പൗണ്ട് പ്രോത്സാഹിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നതടക്കമുള്ള കേന്ദ്ര സർക്കാരിന്റെ നയങ്ങൾ റബ്ബറിന്റെ വിലയെ ഏതുതരത്തിലാണ് ബാധിക്കുന്നതെന്ന് വിശദമാക്കാമോ?

നിലവിൽ കോമ്പൗണ്ട് റബ്ബറിന്റെ അടിസ്ഥാന കസ്റ്റംസ് ഡ്യൂട്ടി 10% ആണ്. റബ്ബറിനൊപ്പം കാർബണും മറ്റ് രാസവസ്തുക്കളും ചേർത്ത മിശ്രിതമായ കോമ്പൗണ്ടഡ് റബ്ബർ പ്രോത്സാഹിപ്പിക്കാൻ കേന്ദ്ര സർക്കാർ ഇറക്കുമതി നയങ്ങളിൽ മാറ്റം വരുത്തിയിട്ടില്ലെന്ന് റബ്ബർ ബോർഡ് അറിയിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ ഭാരതത്തിൽ കോമ്പൗണ്ട്ഡ് റബ്ബറിന്റെ ഇറക്കുമതി വർദ്ധിച്ചതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2017-2018 വർഷത്തിൽ ഇന്ത്യയിൽ ഇറക്കുമതി ചെയ്ത കോമ്പൗണ്ട്ഡ് റബ്ബറിന്റെ കണക്ക് 54428.52 ടണ്ണും 2018-19 വർഷത്തിൽ 73067.75 ടണ്ണും 2019-2020 വർഷത്തിൽ 101702.93 ടണ്ണും 2020-2021 വർഷത്തിൽ 95,566.15 ടണ്ണും 2021-2022 വർഷത്തിൽ 114637.98 ടണ്ണും വർദ്ധിച്ചിട്ടുണ്ട്.

കഴിഞ്ഞ 5 വർഷത്തെ കണക്കിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ സ്വാഭാവിക റബ്ബറിന്റെ ആഭ്യന്തര വില അന്തർദ്ദേശീയ വിപണിയിലെ വിലയേക്കാൾ കൂടിനിൽക്കുന്നതിനാൽ, കോമ്പൗണ്ട് റബ്ബറിന്റെ ഇറക്കുമതി സ്വാഭാവിക റബ്ബറിന്റെ ആഭ്യന്തര വിലയെ ബാധിച്ചില്ല എന്നാണ് റബ്ബർ ബോർഡ് അറിയിച്ചിട്ടുള്ളത്. വിഷയം സസൂക്ഷ്മം വീക്ഷിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് റബ്ബർ വിലസ്ഥിരത ഫണ്ട് പ്രകാരമുള്ള കുറഞ്ഞ തുക 250 രൂപയായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

2021 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്, കിലോഗ്രാമിന് 150 രൂപ എന്നത് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. റബ്ബർ വിലസ്ഥിരത ഫണ്ട് പ്രകാരം റബ്ബറിന്റെ താങ്ങുവില വർദ്ധിപ്പിക്കുവാൻ കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

## കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ

17 (*137) ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

ഉണ്ട്. കർഷക ക്ഷേമനിധി ആക്റ്റിലെ (2019-ലെ 26-ാം നമ്പർ ആക്റ്റ്) അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ 2020 ഒക്ടോബറിൽ കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം ചെയ്തു. തൃശ്ശൂർ ആസ്ഥാനമായി ബോർഡിന്റെ ഹെഡ് ഓഫീസും തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖല ഓഫീസുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരള കർഷക ക്ഷേമനിധി ആക്റ്റ് 2019 പ്രകാരവും കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ പ്രകാരവുമാണ് ബോർഡ് പ്രവർത്തിച്ചുവരുന്നത്. ബോർഡിന്റെ ഘടന താഴെപ്പറയും പ്രകാരമാണ്.

1. ചെയർമാൻ
2. കാർഷികോത്പാദന കമ്മീഷണർ (ഡയറക്ടർ)
3. കൃഷി വകുപ്പ് സെക്രട്ടറി (ഡയറക്ടർ)
4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ (ഡയറക്ടർ)
5. മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടർ (ഡയറക്ടർ)
6. ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറി (ഡയറക്ടർ)
7. നിയമ വകുപ്പിലെ ജോയിന്റ് സെക്രട്ടറി (ഡയറക്ടർ)
8. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വി.എഫ്.പി.സി.കെ (ഡയറക്ടർ)
9. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന കാർഷിക മേഖലയിൽനിന്നുള്ള വിദഗ്ധൻ (ഡയറക്ടർ)
10. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന കർഷക പ്രതിനിധികൾ (ഡയറക്ടർ)
11. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ & മെമ്പർ സെക്രട്ടറി

ഡോ. പി. രാജേന്ദ്രൻ ചെയർമാനായും ശ്രീ. എസ്. സുബ്രഹ്മണ്യൻ ഐ.ഐ.എസ്., സി.ഇ.ഒ. ആയും മറ്റു 22 പേർ അടങ്ങുന്നതുമായ ക്ഷേമനിധി ബോർഡിന്റെ പ്രഥമ യോഗം 4-11-2020-ന് ചേരുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

(ബി) പ്രസ്തുത ക്ഷേമനിധി ബോർഡ് കർഷകർക്ക് നൽകുന്ന പെൻഷൻ തുക നിശ്ചയിച്ചിട്ടുണ്ടോ; ആയതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; കൃഷി വകുപ്പും ധനകാര്യ വകുപ്പും തമ്മിൽ അക്കാര്യത്തിൽ അഭിപ്രായവ്യത്യാസം നിലനിൽക്കുന്നുണ്ടോ; പെൻഷൻ തുക നിശ്ചയിച്ചതിൽ അപാകതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ക്ഷേമനിധി ബോർഡ് മുഖേന നൽകുന്ന പരമാവധി പെൻഷൻ തുക എത്രയെന്നു നിശ്ചയിച്ചിട്ടില്ല. അടച്ച അംശദായത്തിന്റെയും അംഗമായിത്തുടർന്ന വർഷങ്ങളുടെ അടിസ്ഥാനത്തിലുമാണ് പെൻഷൻ തുക ഓരോ കർഷകനും നിശ്ചയിക്കുന്നത്. പെൻഷൻ തുക സംബന്ധിച്ച് കേരള കർഷക ക്ഷേമനിധി പദ്ധതി രേഖയുടെ കരട് ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്.

(സി) കർഷക ക്ഷേമനിധി ബോർഡിൽ കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; രജിസ്ട്രേഷൻ നടപടികൾ ഏത് രീതിയിലാണ് നടക്കുന്നതെന്ന് വിശദീകരിക്കാമോ?

ഉണ്ട്. നാളിതുവരെ 13020 കർഷകർ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂർണ്ണമായും സോഫ്റ്റ്‌വെയർ അധിഷ്ഠിതമായ സംവിധാനമാണ് രജിസ്ട്രേഷനും പണമിടപാടിനുംവേണ്ടി തയ്യാറാക്കിയിരിക്കുന്നത്.

കേരള കർഷക ക്ഷേമ നിധി പദ്ധതിയിൽ www.kfwfb.kerala.gov.in എന്ന പോർട്ടൽ വഴി കർഷകർ ഓൺലൈനായി രജിസ്റ്റർ ചെയ്തുവരുന്നു. പദ്ധതിയുടെ ഗുണഭോക്താവാകുന്നതിന് പദ്ധതിയിൽ നിർദ്ദേശിക്കുന്നപ്രകാരം ഉള്ള രേഖകൾ അപ്‌ലോഡ് ചെയ്യേണ്ടതും രജിസ്ട്രേഷൻ ഫീ ആയി 100 രൂപ ഓൺലൈനായി അടയ്ക്കേണ്ടതുമാണ്. ഓൺലൈനായി നൽകുന്ന അപേക്ഷകൾ ബന്ധപ്പെട്ട കൃഷി ഓഫീസർ അംഗീകരിച്ചശേഷം ബോർഡിന്റെ ബന്ധപ്പെട്ട മേഖല ഓഫീസിലെ അസിസ്റ്റന്റ് CEO-യുടെ ലോഗിനിൽ എത്തുന്നു. ഇത് അംഗീകരിക്കുന്നതോടുകൂടി അപേക്ഷകൻ ക്ഷേമനിധി ബോർഡിൽ അംഗമായി രജിസ്റ്റർ ചെയ്യപ്പെടുകയും ഈ വിവരം അപേക്ഷകന്റെ മൊബൈൽ ഫോണിലേയ്ക്ക് എത്തുകയും അപേക്ഷകന് അംശദായം ഓൺലൈനായി അടച്ചു തുടങ്ങാവുന്നതുമാണ്. അപേക്ഷയുടെ തൽസ്ഥിതി അംഗത്തിന് എപ്പോൾ വേണമെങ്കിലും പോർട്ടലിൽനിന്നും അറിയാനാവുന്നതും അപേക്ഷയിലുള്ള അപാകതകൾ പരിഹരിക്കാവുന്നതുമാണ്.

(ഡി) പ്രസ്തുത ക്ഷേമനിധി ബോർഡിലേയ്ക്ക് എപ്രകാരമാണ് വരുമാനം മൊബിലൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; നാളിതുവരെയായി സർക്കാർ ഉദ്ദേശിച്ച രീതിയിൽ വരുമാനം ലഭിക്കുന്നുണ്ടോ; വിശദാംശം നൽകാമോ; ബോർഡ് നിലവിൽ വന്നതിനുശേഷം പെൻഷൻ നൽകിത്തുടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

കർഷകരുടെ ക്ഷേമത്തിനായി 'കേരള കർഷക ക്ഷേമനിധി പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി സർക്കാർ ആവിഷ്കരിക്കുന്നതിനും വിജ്ഞാപനംവഴി ഒരു നിധി സർക്കാർ രൂപീകരിക്കുന്നതിനും കേരള കർഷക ക്ഷേമനിധി ആക്ട് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇപ്രകാരം രൂപീകൃതമാകുന്ന നിധിയിൽനിന്നുമാണ് പെൻഷൻ നൽകുന്നതിനുള്ള തുക കണ്ടെത്തേണ്ടത്. കേരള കർഷക ക്ഷേമനിധി പദ്ധതി രേഖയുടെ കരട് അംഗീകരിക്കുന്നതിനായി സർക്കാരിന്റെ പരിഗണനയിലാണ്. നിധിയിലേക്ക് താഴെ പറയുംപ്രകാരം വരുമാനം സ്വരൂപിക്കുന്നതിന് ആക്ട് വ്യവസ്ഥ ചെയ്യുന്നു.

1. അംഗങ്ങളുടെ നിധിയിലേയ്ക്കുള്ള അംശദായം.
2. കാർഷിക ഇൻസെന്റീവ്:- കർഷകരുടെ ക്ഷേമത്തിനായി നിധിയിലേയ്ക്കുള്ള തുക സ്വരൂപിക്കുന്നതിനായി കാർഷികോൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റി വ്യാപാരം നടത്തുന്ന, വാർഷിക ലാഭം ഒരു ലക്ഷം രൂപയുടെ മുകളിൽ വരുന്ന ഓരോ വ്യാപാരിയും തന്റെ വാർഷിക ലാഭത്തിന്റെ ഒരു ശതമാനം വരുന്ന തുക കർഷകർക്കുള്ള അവകാശ ലാഭമെന്ന നിലയ്ക്ക് കാർഷിക ഇൻസെന്റീവായി നിധിയിലേയ്ക്ക് നൽകുന്ന തുക.
3. വരുമാന രൂപീകരണത്തിന്റെ ഭാഗമായി കേരള കർഷക ക്ഷേമനിധി സ്റ്റാമ്പ് വിൽപ്പന നടത്തുന്ന വകയിൽ ലഭിക്കുന്ന തുക.
4. ക്ഷേമനിധി ആക്റ്റിലെ 8-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം അംഗങ്ങളുടെ അംശദായത്തിനു ആനുപാതിക വിഹിതം പ്രതിമാസം പരമാവധി 250 രൂപ എന്നതിന് വിധേയമായി സർക്കാർ നൽകുന്ന അംശദായം.
5. അംഗത്വം പുനരുജ്ജീവിക്കൽപ്രകാരം ലഭിക്കുന്ന കുടിശ്ശികയും പലിശയും.
6. 2019-ലെ കേരള കർഷക ക്ഷേമനിധി ആക്റ്റിലെ 29-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെടുന്ന 'കിസ്സാൻ അഭിമാൻ പദ്ധതി' പ്രകാരം ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്കുള്ള തുക.

7. കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ ഏതെങ്കിലും സ്ഥാപനങ്ങളോ സംഘടനകളോ മുഖേന ലഭിക്കുന്ന ഗ്രാന്റോ വായ്പകളോ മുൻകൂറുകളോ.

8. 2013-ലെ കമ്പനി നിയമ പ്രകാരമുള്ള (2013-ലെ 18-ാം കേന്ദ്ര ആക്റ്റ്) കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് മുതലായവ.

9. കിസാൻ അഭിമാൻ പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ കൃഷി വകുപ്പിന് നൽകിവന്നിരുന്ന തുകയ്ക്ക് സമാനമായി നിധിയിലേക്ക് സർക്കാർ വർഷംതോറും നൽകുന്ന തുക.

10. ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ബോർഡ് തീരുമാനപ്രകാരം സമാഹരിക്കുന്ന ഏതെങ്കിലും നിയമാനുസൃത ഇനത്തിലുള്ള തുക.

11. പദ്ധതി പ്രകാരം ചുമത്തുന്ന ഫീസ്.

12. പരിസ്ഥിതി സംരക്ഷണം എന്ന ഉദ്ദേശ്യത്തോടുകൂടി, കർഷക ക്ഷേമത്തിനായി ഏതെങ്കിലും നിയമ പ്രകാരമോ സർക്കാർ ഉത്തരവ് പ്രകാരമോ അനുവദിക്കുന്നതും മറ്റേതെങ്കിലും നിയമ പ്രകാരമോ സർക്കാർ ഉത്തരവ് പ്രകാരമോ കർഷക ക്ഷേമത്തിനായി അനുവദിക്കുന്നതുമായ തുകകൾ.

13. പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വരവ് കൊള്ളിക്കേണ്ടതായിട്ടുള്ള മറ്റേതെങ്കിലും തുക;

പദ്ധതിയിൽ ചേർന്ന് കുറഞ്ഞത് 5 വർഷം അംശദായം അടയ്ക്കുകയും 60 വയസ്സ് പൂർത്തീകരിക്കുകയും ചെയ്ത കർഷകരാണ് പെൻഷന് അർഹരാകുക.

നാളിതുവരെയായി അംശദായം ഇനത്തിൽ 56,15,600 രൂപ നിധിയിൽ ലഭിച്ചിട്ടുണ്ട്. അംഗത്വം നൽകിത്തുടങ്ങിയ വർഷമായതിനാലും അഞ്ച് വർഷം തുടർച്ചയായി അംശദായം അടച്ചവർക്കാണ് പെൻഷന് അർഹത എന്നതിനാലും ആദ്യഗഡു പെൻഷൻ നൽകാൻ ഇനി നാല് വർഷത്തിലധികം ബാക്കി നിൽക്കുന്ന എന്നതിനാൽ പെൻഷൻ നൽകി തുടങ്ങിയിട്ടില്ല.

## കൃഷിശ്രീ സെന്ററുകൾ വ്യാപിപ്പിക്കാൻ നടപടി

18 (*138) ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത കൃഷി രീതിയോടൊപ്പം യന്ത്രാധിഷ്ഠിതമായ ആധുനിക കാർഷിക മുറകൾക്കൂടി സമന്വയിപ്പിച്ചുകൊണ്ട് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ?

കാർഷിക മേഖലയിൽ തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനും കൃഷി ആദായകരമാക്കുന്നതിനുമായി കൃഷി വകുപ്പ് 2012-2013 മുതൽ അഗ്രോ സർവ്വീസ് സെന്റേഴ്സ് ആൻഡ് സർവ്വീസ് ഡെലിവറി എന്ന പദ്ധതി നടപ്പാക്കിവരുന്നു. ടി പദ്ധതിയിലൂടെ പരമ്പരാഗത കൃഷി രീതിയോടൊപ്പം യന്ത്രാധിഷ്ഠിതമായ ആധുനിക കാർഷിക മുറകൾക്കൂടി സമന്വയിപ്പിച്ച് കൃഷിപ്പണികൾ നടത്തുന്നതിനായി സംസ്ഥാനത്തൊട്ടാകെ 368 കാർഷിക കർമ്മസേനകളും 107 കാർഷിക സേവന കേന്ദ്രങ്ങളും (കൃഷിശ്രീ സെന്ററുകൾ) പ്രവർത്തിച്ചുവരുന്നു. കൂടാതെ 14 ജില്ലകളിലും ജില്ലാടിസ്ഥാനത്തിലുള്ള കസ്റ്റം ഹയറിംഗ് സെന്ററുകൾ വഴിയും യന്ത്രാധിഷ്ഠിത സേവനം ലഭ്യമാക്കുന്നുണ്ട്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് ആരംഭിച്ചിരിക്കുന്ന 'ഞങ്ങളും കൃഷിയിലേയ്ക്ക്' പദ്ധതിയുടെ ഭാഗമായി സേവന മേഖലയിലുണ്ടാകുന്ന കൃഷിക്കൂട്ടങ്ങളെ യന്ത്രാധിഷ്ഠിതമായ ആധുനിക കാർഷിക മുറകൾക്കായി സജ്ജമാക്കുന്ന പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ വഴിയും മേഖലാടിസ്ഥാനത്തിൽ കാർഷിക യന്ത്ര സേവനം നൽകുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. കർഷകർക്കും കൃഷിക്കൂട്ടങ്ങൾക്കും കാർഷിക യന്ത്രം സ്വന്തമായി ലഭ്യമാക്കുന്നതിന് SMAM പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക യന്ത്രങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നുണ്ട്. തെരഞ്ഞെടുത്ത അംഗങ്ങൾക്ക് യന്ത്രോപകരണങ്ങളുടെ ഉപയോഗം, വിവിധ കാർഷിക പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് പരിശീലനം നൽകി കാർഷിക മേഖലയിൽ തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനും കൃഷി ആദായകരമാക്കുന്നതിനും ലക്ഷ്യംവച്ചുള്ളതാണ് ഈ പദ്ധതി. കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, വിവിധ കാർഷിക പ്രവർത്തനങ്ങൾ, സേവനങ്ങൾ,

മറ്റുത്പാദനോപാധികളുടെ ഉത്പാദനം, വിതരണം എന്നിവ മിതമായ നിരക്കിൽ ഒരു കേന്ദ്രത്തിൽ നിന്നുതന്നെ കർഷകർക്ക് ലഭ്യമാകുന്നതിനും അതുവഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും കൃഷിക്കൂട്ടങ്ങൾ/കാർഷിക കർമ്മസേനകൾ/കൃഷിശ്രീ സെന്ററുകൾ വഴി സാധ്യമാണ്. പരമ്പരാഗത കൃഷിയോടൊപ്പം യന്ത്രാധിഷ്ഠിതമായ ആധുനിക കാർഷിക മുറകൾകൂടി ഉൾപ്പെടുത്തി കൃഷിച്ചെലവ് കുറയ്ക്കാനും അതുവഴി വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി കാർഷിക സർവ്വകലാശാലയിൽ ഗവേഷണ പദ്ധതികളും നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത ഉദ്ദേശ്യത്തോടെ ആരംഭിച്ച കൃഷിശ്രീ സെന്ററുകൾ വ്യാപിപ്പിക്കാൻ പരിപാടിയുണ്ടോ; എങ്കിൽ ഇത്തരം കേന്ദ്രങ്ങൾവഴി ലഭ്യമാക്കുന്ന സേവനങ്ങൾ എന്തൊക്കെയാണ്?

ഉണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ 20 കൃഷിശ്രീ സെന്ററുകൾകൂടി സംസ്ഥാനത്ത് ബ്ലോക്കടിസ്ഥാനത്തിൽ ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്. കൃഷിശ്രീ സെന്ററുകൾ വഴി കർഷകർക്ക് ലഭ്യമാകുന്ന സേവനങ്ങൾ താഴെപ്പറയുന്നവയാണ്.

1. കാർഷിക പുരോഗതിക്കാവശ്യമായ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ജൈവവളം തുടങ്ങിയ ഉത്പാദനോപാധികളുടെ ഉത്പാദനവും വിതരണവും.

2. കൃഷിപ്പണിക്കാവശ്യമായ കാർഷിക ഉപകരണങ്ങൾ, യന്ത്രങ്ങൾ ഇവ ഉപയോഗിച്ച് കർഷകർക്ക് മിതമായ നിരക്കിൽ കൃഷിപ്പണികൾ ചെയ്തുകൊടുക്കുക.

3. കാർഷിക മേഖലയ്ക്കാവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുക.

കൃഷിശ്രീ സെന്ററുകൾ വഴി കൃഷി ലാഭകരമാക്കുന്നതിനാവശ്യമായ വിവിധ സേവനങ്ങൾ, നടീൽ വസ്തുക്കൾ, മറ്റ് ഉത്പാദനോപാധികൾ എന്നിവ ഒരു കേന്ദ്രത്തിൽ നിന്നുതന്നെ കർഷകർക്ക് ലഭ്യമാക്കാൻ സാധിക്കുന്നു.

(സി) കാർഷിക രംഗത്തെ ഗവേഷണ നേട്ടങ്ങൾ കർഷകരിലേയ്ക്കെത്തിക്കുന്നതിന് ആരംഭിച്ചിട്ടുള്ള കാർഷിക വിജ്ഞാന കേന്ദ്രങ്ങളുടെ പ്രവർത്തനക്ഷമത വിലയിരുത്തിയിട്ടുണ്ടോ; ഇത്തരം കേന്ദ്രങ്ങളിൽ കാർഷിക ബിരുദ വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്താൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

കാർഷിക വിജ്ഞാന കേന്ദ്രങ്ങൾ 152 ബ്ലോക്കുകളിലായി നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു. കാർഷിക സർവ്വകലാശാലയുടെ ഓരോ ശാസ്ത്രജ്ഞരെ വീതം ഓരോ ബ്ലോക്കുതല കാർഷിക വിജ്ഞാനകേന്ദ്രത്തിന്റേയും നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ഓരോ പ്രദേശങ്ങൾക്കും അനുസൃതമായ മുൻനിര പ്രദർശനങ്ങൾ, കൃഷിയിട പരീക്ഷണങ്ങൾ, സാങ്കേതിക പരിശീലന പരിപാടികൾ തുടങ്ങിയവ ഇതുവഴി നടപ്പിലാക്കിവരുന്നു. കൂടാതെ ഫാം പ്ലാനിംഗ് വഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള പരിപാടികളിലും സർവ്വകലാശാല ശാസ്ത്രജ്ഞരുടെ പങ്കാളിത്തമുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ ബിരുദ വിദ്യാർത്ഥികളെ ഈ വർഷം മുതൽ കാർഷിക വിജ്ഞാന കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കാനുള്ള തുടർപരിപാടികൾ നടന്നുവരുന്നു.

(ഡി) നൂതന കൃഷി രീതികൾ, നല്ലയിനം നടീൽ വസ്തുക്കൾ എന്നിവ കർഷകരിലേയ്ക്കെത്തിക്കുന്നതിന് സുപ്രധാന പങ്ക് വഹിക്കേണ്ട കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനം ശാക്തീകരിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ?

നല്ലയിനം നടീൽ വസ്തുക്കൾ കൂടുതലായി കർഷകരിലേയ്ക്ക് എത്തിക്കുന്നതിന് കാർഷിക സർവ്വകലാശാല പുതിയ ഒരു ഡയറക്ടറേറ്റ് ഓഫ് സീഡ്സ് & പ്ലാന്റിംഗ് മെറ്റീരിയൽസ് സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. നൂതന കൃഷിരീതികൾ കൂടുതലായി കർഷകരിലേയ്ക്കെത്തിക്കുന്നതുമായി ബന്ധപ്പെട്ട് കാർഷിക വിജ്ഞാനകേന്ദ്രങ്ങൾ 152 ബ്ലോക്കുകളിലായി സ്ഥാപിച്ചിട്ടുണ്ട്. കാർഷിക സർവ്വകലാശാലയുടെ ഓരോ ശാസ്ത്രജ്ഞരെ വീതം ഓരോ ബ്ലോക്കുതല കാർഷിക വിജ്ഞാനകേന്ദ്രങ്ങളുടെ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ഓരോ പ്രദേശങ്ങൾക്കും അനുസൃതമായ മുൻനിര പ്രദർശനങ്ങൾ, കൃഷിയിട പരീക്ഷണങ്ങൾ, സാങ്കേതിക പരിശീലന പരിപാടികൾ തുടങ്ങിയവ ഇതുവഴി നടപ്പിലാക്കിവരുന്നു. കൂടാതെ ഫാം പ്ലാനിംഗ് വഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള പരിപാടികളിലും സർവ്വകലാശാല ശാസ്ത്രജ്ഞരുടെ പങ്കാളിത്തമുണ്ട്.

**മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി**

19 (*139) ശ്രീ. സജി ചെറിയാൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ മണ്ണെണ്ണ സബ്സിഡി ഇല്ലാതാക്കിയതും മണ്ണെണ്ണയ്ക്ക് വില വർദ്ധിപ്പിച്ച് പ്രതിലിറ്ററിന് 143 രൂപയാക്കിയതും വർദ്ധിപ്പിച്ച വിലയ്ക്ക്

ആവശ്യാനുസരണം മണ്ണെണ്ണ ലഭ്യമാക്കാത്തതും കടൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രതിസന്ധിയിലാക്കിയിരിക്കുന്നതിനാൽ ഇക്കാര്യത്തിൽ പരിഹാരം കാണുന്നതിന് കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ടിരുന്നോ; എങ്കിൽ പ്രതികരണം എന്തായിരുന്നുവെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയ്ക്ക് ആവശ്യമായ അളവിൽ മണ്ണെണ്ണ ലഭ്യമാക്കുന്നതിന് കേന്ദ്ര ഫിഷറീസ് മന്ത്രിയെ ഈ മാസം 17, 18 തീയതികളിൽ സംസ്ഥാന ഫിഷറീസ് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം നേരിട്ട് സന്ദർശിച്ച് ചർച്ച നടത്തുകയും കുറഞ്ഞ വിലയിൽ സബ്സിഡിരഹിത മണ്ണെണ്ണ വർദ്ധിച്ച തോതിൽ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ലിറ്ററിന് 25 രൂപവീതം സബ്സിഡി നൽകുന്നതിന് സംസ്ഥാനം പ്രതിമാസം എത്ര തുക വിനിയോഗിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ശരാശരി 1.69 കോടി രൂപ പ്രതിമാസം മണ്ണെണ്ണ സബ്സിഡി നൽകുന്നതിന് ചെലവഴിക്കുന്നുണ്ട് .

(സി) കേന്ദ്ര സർക്കാർ ഇന്ധനം ലഭ്യമാക്കാതിരിക്കുന്നത് മത്സ്യബന്ധനം അസാദ്ധ്യമാക്കിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സി.എൻ.ജി., എൽ.എൻ.ജി. തുടങ്ങിയവ ഇന്ധനമായി ഉപയോഗിക്കുന്ന എഞ്ചിനുകളുടെ സാദ്ധ്യത പരിശോധിക്കുമോ?

പരമ്പരാഗത മത്സ്യബന്ധനയാനങ്ങളിൽ മണ്ണെണ്ണയ്ക്ക് പകരം എൽ.എൻ.ജി. ഇന്ധനമായി ഉപയോഗിക്കുന്നതിനുള്ള പരിശ്രമങ്ങൾ കെ-ഡിസ്കിന്റെ നേതൃത്വത്തിൽ പെട്രോനെറ്റുമായി സഹകരിച്ച് നടത്തിയിരുന്നു. എന്നാൽ എൽ.എൻ.ജി.-യുടെ വില ക്രമാതീതമായി വർദ്ധിച്ചതുമൂലവും എൽ.എൻ.ജി. സിലിണ്ടറുകളുടെ ഭാരം പരമ്പരാഗത വള്ളങ്ങൾക്ക് താങ്ങാൻ പറ്റില്ലെന്ന അഭിപ്രായമുള്ളതിനാലും ഇക്കാര്യത്തിൽ കൂടുതൽ പരിശോധന ആവശ്യമാണ്.

**കോമൺവെൽത്ത് ഗെയിംസിൽ സംസ്ഥാനത്തിന് നേട്ടം**

20 (*140) ശ്രീ. എം. വിജിൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) 2022-ലെ കോമൺവെൽത്ത് ഗെയിംസിൽ സംസ്ഥാനം നേടിയ അഭിമാനകരമായ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കോമൺ വെൽത്ത് ഗെയിംസ്-2022-ൽ പുരുഷവിഭാഗം ട്രിപ്പിൾ ജംപിൽ സ്വർണ്ണവും വെള്ളിയും കരസ്ഥമാക്കി യഥാക്രമം എൽദോസ് പോൾ, അബ്ദുള്ള അബൂബക്കർ എന്നിവരും ലോങ്ജംപിൽ വെള്ളി നേടി എം. ശ്രീശങ്കറും അത്‌ലറ്റിക്സിലെ വ്യക്തിഗത ഇനങ്ങളിൽ കായിക കേരളത്തിന് അഭിമാനനേട്ടം സമ്മാനിച്ചു. ബാഡ്മിന്റണിൽ വെള്ളി, വെങ്കലം മെഡലുകൾ നേടിയ ട്രീസ ജോളി, ഹോക്കിയിൽ വെള്ളി മെഡൽ നേടിയ പി. ആർ. ശ്രീജേഷ് എന്നിവരും കോമൺവെൽത്ത് ഗെയിംസിൽ കേരളത്തിന്റെ സാന്നിധ്യം അറിയിച്ചു. കോമൺവെൽത്ത് ഗെയിംസിൽ കേരളത്തിന്റെ യശസ്സുയർത്തിയ കായികതാരങ്ങൾക്ക് പാരിതോഷികം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ കായിക രംഗത്ത് പശ്ചാത്തല വികസനമൊരുക്കുന്നതിനായി സർക്കാർ ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കാമോ; ഇക്കാലയളവിൽ പശ്ചാത്തല വികസനത്തിനായി കേന്ദ്ര സർക്കാർ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ?

സംസ്ഥാനത്തെ കായിക രംഗത്ത് പശ്ചാത്തല വികസനമൊരുക്കുന്നതിനായി സർക്കാർ ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങളും പശ്ചാത്തല വികസനത്തിനായി കേന്ദ്ര സർക്കാർ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധം-I *ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) കായിക താരങ്ങളെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ഈ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; സ്പോർട്സ് ക്വാട്ട നിയമനത്തിൽ അഭിമാനകരമായ നേട്ടം സംസ്ഥാനത്തുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ?

കായികക്ഷമതയുള്ള കുട്ടികളെ ചെറുപ്രായത്തിൽ കണ്ടെത്തി മികച്ച അടിസ്ഥാന സൗകര്യങ്ങളും വിദഗ്ധ പരിശീലനവും ലഭ്യമാക്കി അന്താരാഷ്ട്ര നിലവാരമുള്ള കായിക താരങ്ങളായി വളർത്തിയെടുക്കുന്നതിന് വിവിധ കായിക ഇനങ്ങളിൽ ഗ്രാസ്റൂട്ട് പരിശീലന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഫുട്ബോൾ ഗ്രാസ്റൂട്ട് പരിശീലനപദ്ധതിയായ ഗോൾ, ബാസ്കറ്റ് ബോൾ ഗ്രാസ്റൂട്ട് പരിശീലന പദ്ധതിയായ ഹൂപ്സ്, അത്‌ലറ്റിക്സ് ഗ്രാസ്റൂട്ട് പരിശീലന പദ്ധതിയായ സ്പ്രിന്റ്, ജൂഡോ ഗ്രാസ്റൂട്ട് പരിശീലന പദ്ധതിയായ ജൂഡോക്ക, ബോക്സിംഗ് ഗ്രാസ്റൂട്ട് പരിശീലന പദ്ധതിയായ പഞ്ച് എന്നിവയാണ് നിലവിൽ നടപ്പിലാക്കുന്ന

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികൾ. പ്രൈമറിതലത്തിലെ കുട്ടികളുടെ കായികവും ബൗദ്ധികവുമായ കഴിവ് വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഹെൽത്തി കിഡ്സ് എന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-II* ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

കൂടാതെ കായികതാരങ്ങളെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹനം നൽകുന്നതിനുമായും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച് വിശദാംശങ്ങൾ അനുബന്ധം-III* ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്കിന്റെ 68 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്.

35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനങ്ങളിൽ വെള്ളി/വെങ്കല മെഡലുകൾ കരസ്ഥമാക്കിയ 82 കായിക താരങ്ങൾക്ക് കായിക യുവജനകാര്യാലയത്തിൽ എൽ. ഡി. ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിരുന്ന ഒരു കായികതാരത്തിന് എൽ. ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് ആവശ്യമായ വിദ്യാഭ്യാസ യോഗ്യത ഇല്ലാത്തതിനാൽ ടിയാന്റെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി നീക്കിവച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഒന്നിൽ ഉൾപ്പെടുത്തി സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റിന്റെ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

മാനസിക പക്വത കൈവരിക്കാത്ത ശ്രീ. ഷൈബൻ ഇ. ബി.-ക്ക് 2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ അക്വാട്ടിക്സ് വിഭാഗത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച് രാജ്യത്തിനുവേണ്ടി മെഡൽ നേടിയ മികവ് കണക്കിലെടുത്ത് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവുവരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി. എച്ച്. ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായിക താരങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതിപ്രകാരം 2010-14 വർഷങ്ങളിലെ ഒഴിവുകളിലേയ്ക്ക് 195 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. ശേഷിച്ച 24 ഒഴിവുകളിലേയ്ക്ക് പ്രസ്തുത സെലക്ട് ലിസ്റ്റിൽനിന്നും 24 കായികതാരങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്.

(ഡി) കായിക രംഗത്ത് അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തോട് സ്വീകരിച്ചുവരുന്ന വിവേചനപരമായ സമീപനത്തിൽ മാറ്റം വരുത്തുന്നതിനായി സർക്കാർ നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

കേന്ദ്ര സർക്കാരിന്റെ ഖേലോ ഇന്ത്യ പദ്ധതിപ്രകാരം കൂടുതൽ പദ്ധതികൾ സംസ്ഥാനത്തിന് അനുവദിച്ചുനൽകുന്നതിനായി കേന്ദ്ര സർക്കാരിന് കത്ത് സമർപ്പിച്ചിട്ടുണ്ട്. ഖേലോ ഇന്ത്യ പദ്ധതിയിൽ സംസ്ഥാനത്തിന് കൂടുതൽ പദ്ധതികൾ ലഭ്യമാക്കുന്നതിനായി പ്രൊപ്പോസലുകൾ സമർപ്പിക്കുന്നുണ്ട്.

**സംസ്ഥാനത്തെ റെയിൽവേ വികസനം**

21 (*141) ശ്രീ. എ. പ്രഭാകരൻ:
ശ്രീ. വി. ജോയി:
ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) നേമം കോച്ചിംഗ് ടെർമിനൽ ഉപേക്ഷിച്ചത് പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര റെയിൽവേ മന്ത്രിയെ സന്ദർശിക്കാൻ എത്തിയ സംസ്ഥാന മന്ത്രിമാർക്ക് കേന്ദ്രമന്ത്രി കൂടിക്കാഴ്ചയ്ക്ക് അനുമതി നിഷേധിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഒരു കേന്ദ്ര സഹമന്ത്രിയുടെ ഇടപെടലാണ് സംസ്ഥാന മന്ത്രിമാർക്ക് ഇപ്രകാരം അനുമതി നിഷേധിക്കാൻ കാരണമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ?

ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്തെ റെയിൽവേ വികസനം ആവശ്യപ്പെട്ട് എതെങ്കിലും കേന്ദ്ര സഹമന്ത്രിമാരോ സംസ്ഥാനത്തെ പ്രതിപക്ഷ കക്ഷിനേതാക്കളിൽ ആരെങ്കിലുമോ ബന്ധപ്പെട്ട മന്ത്രിയെയോ പ്രധാനമന്ത്രിയെയോ കണ്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പാത ഇരട്ടിപ്പിക്കൽ, സ്റ്റേഷനുകളുടെ നവീകരണം, കോച്ച് ഫാക്ടറി, പുതിയ ട്രെയിനുകൾ എന്നിവ ഉൾപ്പെടെ സംസ്ഥാനത്തെ പൊതുറെയിൽവേ വികസനത്തിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി നിരന്തരം ബന്ധപ്പെടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പുതിയ ട്രെയിനുകൾ അനുവദിക്കുന്നത് റെയിൽ മന്ത്രാലയത്തിന്റെ നയപരമായ തീരുമാനമാണ്. എന്നാൽ സംസ്ഥാനത്തെ റെയിൽവേ പദ്ധതികളുടെ (പുതിയ പാത നിർമ്മാണം, സ്റ്റേഷനുകളുടെ നവീകരണം) പുരോഗതിക്കും വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ റെയിൽ മന്ത്രാലയവുമായി യഥാസമയം ഇടപെടലുകൾ നടത്തിവരുന്നു. സംസ്ഥാനത്ത് റെയിൽവേയുമായി ബന്ധപ്പെട്ട അടിസ്ഥാനസൗകര്യ വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമായി സംസ്ഥാന മുഖ്യമന്ത്രി പ്രധാനമന്ത്രിയുമായും സംസ്ഥാന ചീഫ് സെക്രട്ടറി റെയിൽവേ ബോർഡ് ചെയർമാനുമായും ദക്ഷിണ റെയിൽവേ ജനറൽ മാനേജറുമായും ചർച്ചകൾ നടത്തുന്നുണ്ട്. പ്രസ്തുത ചർച്ചകളിൽ കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ടുള്ള പാത ഇരട്ടിപ്പിക്കൽ, പുതിയ ലൈനുകളുടെ നിർമ്മാണം തുടങ്ങിയവ മുഖ്യവിഷയങ്ങളായിരുന്നു. കേന്ദ്ര റെയിൽവേ മന്ത്രിയുമായുള്ള ചർച്ചയിലും പുതിയ പാത നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള വിഷയത്തിൽ ഊന്നൽ നൽകിയിരുന്നു. ഇതിലുപരി ആദരണീയരായ എം.പി.-മാരുടെ ഇക്കഴിഞ്ഞ സമ്മേളനത്തിലും റെയിൽവേ വികസനം ഒരു മുഖ്യഅജണ്ടാവിഷയമായിരുന്നു.

ഇതിനുപുറമേ ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിയുമായി 17-8-2022-ന് ഒരു കൂടിക്കാഴ്ച നടത്തിയിരുന്നു. പ്രസ്തുത ചർച്ചയിൽ, റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാനത്തിന്റെ ന്യായമായ ആവശ്യങ്ങൾ ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിയുടെ മുമ്പാകെ ഉന്നയിക്കുകയുണ്ടായി. നേമം കോച്ചിംഗ് ടെർമിനൽ, അങ്കമാലി-ശബരി റെയിൽപാത തലശ്ശേരി-മൈസൂർ, നിലമ്പൂർ-നഞ്ചൻ ഗുഡ്സ് റെയിൽവെലൈനുകൾ എന്നിവയെല്ലാം ചർച്ച ചെയ്യുകയുണ്ടായി. ഓണക്കാലത്ത് കൂടുതൽ സ്പെഷ്യൽ ട്രെയിനുകൾ സംസ്ഥാനത്തിന്

അനുവദിക്കണമെന്നും അറുപത് വയസ്സ് കഴിഞ്ഞവർക്കുള്ള റെയിൽവെ നിരക്കിളവ് പുനഃസ്ഥാപിക്കണമെന്നും ട്രെയിനുകളിലെ സുരക്ഷ വർദ്ധിപ്പിക്കണമെന്നുമുള്ള ആവശ്യങ്ങളും കേന്ദ്ര മന്ത്രിയെ അറിയിച്ചു. യോഗത്തിൽ, കേന്ദ്ര റെയിൽവേ മന്ത്രി ക്രിയാത്മകമായി പ്രതികരിക്കുകയും എല്ലാ പ്രശ്നങ്ങളും പരിശോധിക്കാമെന്ന് ഉറപ്പുനൽകുകയും ചെയ്തു.

പാലക്കാട് റെയിൽ കോച്ച് ഫാക്ടറി പദ്ധതി നടപ്പിലാക്കുന്നത് പുനരാലോചിക്കണമെന്ന് ബഹു.മുഖ്യമന്ത്രി ബഹു.പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് 17-1-2021-ലെ കത്ത് പ്രകാരം പ്രസ്തുത പദ്ധതി 2021-22 ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) സംസ്ഥാനത്തിന്റെ വികസനാവശ്യം പരിഗണിച്ച് സിൽവർ ലൈൻ പദ്ധതിക്ക് അനുമതി നൽകാൻ സംസ്ഥാന റെയിൽവേ വിഭാഗം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തിന്റെ അഭിമാന പദ്ധതിയായി സിൽവർലൈനിനു അന്തിമാനുമതി വേഗത്തിലാക്കുന്നതിനുവേണ്ടി സർക്കാർ, ചീഫ് സെക്രട്ടറി മുഖേന റെയിൽവേ ബോർഡ് ചെയർമാനുമായി യോഗം ചേരുകയും മുഖ്യമന്ത്രി റെയിൽവേ മന്ത്രിക്ക് കത്തയയ്ക്കുകയും നേരിട്ട് കൂടിക്കാഴ്ച നടത്തുകയും ചെയ്തിരുന്നു. ഇതുകൂടാതെ സിൽവർലൈൻ പദ്ധതിയെക്കുറിച്ച് ഒരു മെമ്മോറാണ്ടം ബഹു. സംസ്ഥാന മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രി മുമ്പാകെ 24-3-2022-ന് നേരിട്ട് കൈമാറിയിരുന്നു. പ്രധാനമന്ത്രിയുമായുള്ള ഈ കൂടിക്കാഴ്ചയിൽ സിൽവർ ലൈൻ പദ്ധതിയുടെ വിവിധ വശങ്ങൾ വിശദമായി ചർച്ച ചെയ്തു. കേരളത്തിന്റെ പുരോഗതിയെ സംബന്ധിച്ചിടത്തോളം പദ്ധതി എത്രമാത്രം അനിവാര്യമാണെന്ന് വിശദീകരിച്ചു. സിൽവർ ലൈൻ പദ്ധതിക്ക് അന്തിമാനുമതി ഉടൻ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം**

22 (*142) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിലും അനുബന്ധ മേഖലകളിലും ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ക്ഷേമം ലക്ഷ്യമാക്കി അവർക്ക് പെൻഷനും

സാമ്പത്തിക സഹായവും നൽകുക, അതുവഴി അവരുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കുക എന്നിവ ഉദ്ദേശിച്ചുകൊണ്ടുള്ള കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിശദമാക്കാമോ?

കേരള കർഷക ക്ഷേമനിധി ആക്റ്റിലെ (2019-ലെ 26-ാം നമ്പർ ആക്റ്റ്) അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ 2020 ഒക്ടോബറിൽ കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം ചെയ്തു. തൃശ്ശൂർ ആസ്ഥാനമായി ബോർഡിന്റെ ഹെഡ് ഓഫീസും തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖല ഓഫീസുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരള കർഷക ക്ഷേമനിധി ആക്റ്റ് 2019 പ്രകാരവും കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ പ്രകാരവുമാണ് ബോർഡ് പ്രവർത്തിച്ചുവരുന്നത്. "കേരള കർഷകക്ഷേമ നിധി പദ്ധതി രേഖ"യുടെ കരട് അംഗീകരിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. കർഷകർക്ക് ക്ഷേമനിധിയിൽ രജിസ്ട്രേഷൻ നടത്തുന്നതിനും അംശദായം ഒടുക്കുന്നതിനുമുള്ള സൗകര്യം www.kfwfb.kerala.gov.in എന്ന പോർട്ടലിൽ 1-12-2021 മുതൽ ലഭ്യമാണ്. കേരള കർഷക ക്ഷേമനിധി പദ്ധതിയിൽ നാളിതുവരെ 13020 കർഷകർ അംഗങ്ങളായി ചേർന്നിട്ടുണ്ട്.

(ബി) എന്തൊക്കെ പദ്ധതികളാണ് പ്രസ്തുത ബോർഡ് വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നതെന്നും അവയിൽ എന്തൊക്കെ നടപ്പിലാക്കാൻ സാധിച്ചുവെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത ബോർഡിന്റെ പ്രവൃത്തികൾ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ?

(ബി & സി) ബോർഡ് മുഖേന കർഷകർക്ക് താഴെപ്പറയുന്ന സേവനങ്ങൾ/ ആനുകൂല്യങ്ങൾ വിഭാവനം ചെയ്യുന്നു.

1. അറുപത് വയസ്സ് പൂർത്തിയാക്കിയതും 5 വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ളതുമായ കർഷകർക്ക് പെൻഷൻ.
2. അഞ്ച് വർഷത്തിൽ കുറയാതെ അംശദായം കുടിശ്ശിക ഇല്ലാതെ അടച്ച ശേഷം മരണമടയുന്ന കർഷകന്റെ കുടുംബത്തിന് കുടുംബ പെൻഷൻ.
3. <u>അനാരോഗ്യ ആനുകൂല്യം</u>:

   പെൻഷൻ തീയതിക്ക് മുമ്പ് അനാരോഗ്യം കാരണം കാർഷിക വൃത്തിയിൽ തുടരാൻ കഴിയാത്തവർക്കാണ് ഈ ആനുകൂല്യം.

4. അവശത ആനുകൂല്യം:

   രോഗം മൂലമോ അപകടം മൂലമോ ശാരീരിക അവശത ഉള്ളവർക്കാണ് അവശത ആനുകൂല്യം.

5. ചികിത്സാ സഹായം:

   ബോർഡ് നിശ്ചയിക്കുന്ന ഇൻഷ്വറൻസ് പദ്ധതി പ്രകാരം ചികിത്സാ സഹായം ലഭ്യമാക്കുന്നതാണ്.

6. വിവാഹ, പ്രസവാനുകൂല്യം:

   ക്ഷേമനിധിയിൽ അംഗങ്ങളാകുന്ന വനിതകളുടെയും അംഗങ്ങളുടെ പെൺമക്കൾക്കും വിവാഹത്തിന് സഹായം നൽകും. അംഗങ്ങളാകുന്ന വനിതകൾക്ക് 2 തവണ പ്രസവത്തിന് ധനസഹായം.

7. വിദ്യാഭ്യാസ ധനസഹായം:

   ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ മക്കൾക്ക് അംഗീകൃത സർവ്വകലാശാലകളിലെ പഠനത്തിന് സഹായം.

8. മരണാനന്തര ആനുകൂല്യം

9. ഒറ്റത്തവണ ആനുകൂല്യം

മുകളിൽ സൂചിപ്പിച്ച ആനുകൂല്യങ്ങൾ ഉൾപ്പെടുന്ന കർഷക ക്ഷേമനിധി ബോർഡിന്റെ പദ്ധതി രേഖയുടെ കരട് ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്.

(ഡി) ധനകാര്യ വകുപ്പിന് സമർപ്പിച്ച പദ്ധതികൾക്ക് അംഗീകാരം ലഭിക്കാൻ വൈകുന്നതുമൂലം ബോർഡിന്റെ പ്രവർത്തനം നിലച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികൾക്കുള്ള അംഗീകാരം വേഗത്തിൽ ലഭ്യമാക്കാൻ ഇടപെടൽ നടത്തുമോയെന്ന് വ്യക്തമാക്കാമോ?

കർഷക ക്ഷേമനിധി പദ്ധതിയിലേക്കുള്ള അംഗത്വ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി നടക്കുകയാണ്. പദ്ധതിയിൽ ചേരുന്ന കർഷകരുടെ അംഗത്വം വർദ്ധിപ്പിക്കാൻ കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും പ്രത്യേകിച്ച് ഇടത്തരം, ചെറുകിട കർഷകരിൽ, അതുവഴി അവരെ പദ്ധതിയിൽ അംഗങ്ങളാക്കുന്നതിനും വിവിധ മാധ്യമങ്ങൾ മുഖേന പ്രചാരണ പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു. കൂടാതെ കൃഷി, കൃഷി അനുബന്ധ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് കർഷകരോട് നേരിട്ട് പദ്ധതിയെക്കുറിച്ച് വിശദീകരിക്കുന്നതിനും അംഗങ്ങളാക്കുന്നതിനും ജില്ലതോറും പ്രചാരണ പരിപാടികളും നടന്നുവരുന്നു. പദ്ധതിരേഖ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്.

## കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകളുടെ പുനർനിർണയം

23 (*143) ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) ഡീസലിന്റെ അനുദിന വിലവർദ്ധനവും കെ.എസ്.ആർ.ടി.സി.-ക്ക് ഡീസൽ ലിറ്ററിന് വിപണിവിലയേക്കാൾ 27 രൂപയോളം അധികമായി നൽകേണ്ടിവരുന്നതും സൃഷ്ടിക്കുന്ന പ്രതിസന്ധി കണക്കിലെടുത്ത് കൂടുതൽ ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനും നിലവിലുള്ള വാഹനങ്ങളെ സി.എൻ.ജി. ഇന്ധനത്തിലേയ്ക്ക് പരിവർത്തിപ്പിക്കുന്നതിനും പദ്ധതിയുണ്ടോ?

ഉണ്ട്. 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിന് M/s. PMI Electro Mobility Solutions Pvt. Ltd. എന്ന സ്ഥാപനത്തിന് വിതരണ ഉത്തരവ് നൽകുകയും ആദ്യപടിയായി 25 ബസുകൾ ലഭ്യമാകുകയും ആയത് KSRTC-SWIFT മുഖേന തിരുവനന്തപുരം സിറ്റിയിൽ 1-8-2022 മുതൽ സർവ്വീസ് നടത്തിവരികയും ചെയ്യുന്നു.

പുതുതായി മൂന്നാഴ്ചയ്ക്ക് മുൻപ് നിരത്തിലിറക്കിയ 25 എണ്ണം കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ഇലക്ട്രിക് ബസ്സുകൾ ഉപയോഗിക്കുന്നതിനാൽ അന്തരീക്ഷ മലിനീകരണം വലിയ തോതിൽ കുറയ്ക്കുമെന്നുള്ളതും ഡീസലിന് പ്രതി കിലോമീറ്ററിന് ഏതാണ്ട് 32 രൂപ ചെലവാക്കുന്ന സ്ഥാനത്ത് ശരാശരി 6 രൂപ മാത്രമാണ് പ്രതി കിലോമീറ്ററിന് ഇന്ധനയിനത്തിൽ ഇപ്പോൾ ചെലവാകുന്നത്. ഇതുമൂലം ഏതാണ്ട് കിലോമീറ്ററിന് ഒന്നിന് 26 രൂപ പ്രവർത്തന ചെലവിൽ കുറയുന്നത് കെ.എസ്.ആർ.ടി.സി.-ക്ക് ആശ്വാസമേകുന്നതാണ്.

ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് മാറ്റി പ്രവർത്തനം വിലയിരുത്തുന്നതിന്റെ മുന്നോടിയായി പരീക്ഷണാർത്ഥം 5 ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിന് ദർഘാസ് ക്ഷണിച്ചു. അതിൻപ്രകാരം വർക്ക് ഓർഡർ നൽകി. ഒരു ഡീസൽ ബസ് സി.എൻ.ജി.യിലേയ്ക്ക് പരിവർത്തനം നടത്തി 9-6-2022 മുതൽ ആലുവ യൂണിറ്റിൽ സർവ്വീസ് നടത്തിവരുന്നു. കൂടാതെ പരീക്ഷണാർത്ഥം 4 ബസ്സുകൾകൂടി പരിവർത്തനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തി പുരോഗമിച്ചുവരുന്നു. എന്നാൽ കഴിഞ്ഞ ആഴ്ച CNG-യുടെ വില കേരളത്തിൽ 91 രൂപ വരെ ഉയർന്നപ്പോൾ ഡീസൽ വില 96 രൂപ ആയിരുന്നു. ഈ ചെറിയ വില വ്യത്യാസം CNG-യിലേയ്ക്ക് പോകുന്നതിൽനിന്നും KSRTC-യെ പിന്തിരിപ്പിക്കുന്നു.

(ബി) യാത്രാ സൗകര്യം കുറഞ്ഞ പ്രദേശങ്ങൾ ഒഴികെയുള്ള പ്രധാന റൂട്ടുകളിലെ ഷെഡ്യൂളുകൾ ശാസ്ത്രീയമായി പുനർനിർണ്ണയിക്കുന്നതിനും ഓരോ വാഹനത്തിന്റെയും പ്രതിദിന കളക്ഷൻ സംബന്ധിച്ച് പരിശോധിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

യാത്രാ സൗകര്യം കുറഞ്ഞ പ്രദേശങ്ങൾ ഒഴികെയുള്ള പ്രധാന റൂട്ടുകളിലെ ഷെഡ്യൂളുകൾ ശാസ്ത്രീയമായി പുനർനിർണ്ണയിക്കുന്നതിന്റെ ഭാഗമായി ഡിപ്പോ അടിസ്ഥാനത്തിൽ സർവ്വീസുകൾ കാര്യക്ഷമമായി നടത്തുന്നതിനും ഓരോ ഡിപ്പോയ്ക്കും കളക്ഷൻ ടാർജറ്റ് പ്രത്യേകം പ്രത്യേകം നിശ്ചയിച്ച് അതിനനുസരിച്ച് കാര്യക്ഷമമായി സർവ്വീസുകൾ നടത്തി വരുമാനം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വരുമാനം തീരെ കുറഞ്ഞതും യാത്രാസൗകര്യമുള്ള പ്രദേശങ്ങളിലേയ്ക്കുള്ളതുമായ ട്രിപ്പുകൾ പുനഃക്രമീകരിച്ച് ഇ.പി.കെ.എം. (Earnings Per Kilometer) വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇത്തരം പരിഷ്കരണനടപടികളിലൂടെയും സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുന്നതിലൂടെയും പ്രതിദിന വരുമാനം 8 കോടി രൂപയിലേയ്ക്ക് എത്തിക്കുന്നതിനുള്ള കർമ്മ പദ്ധതി ഉടൻ നടപ്പിലാക്കുന്നതാണ്.

(സി) കെ.എസ്.ആർ.ടി.സി.-യുടെ ആകെ പാസഞ്ചർ വാഹനങ്ങൾ എത്രയെന്നും അവയിൽ ശരാശരി എത്രയെണ്ണം പ്രതിദിനം സർവ്വീസ് നടത്തുന്നുണ്ടെന്നും അറിയിക്കുമോ; സമയനിഷ്ഠ പാലിച്ചും മികച്ച സേവനം ലഭ്യമാക്കിയും കൂടുതൽ യാത്രക്കാരെ ആകർഷിക്കാൻ നടപടിയെടുക്കുമോ?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖേന സർവ്വീസ് നടത്തുന്ന 141 ബസ്സുകളും വെറ്റ് ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കിയ 6 സ്കാനിയ ബസ്സുകളും ഉൾപ്പെടെ കെ.എസ്.ആർ.ടി.സി.-ക്ക് 5412 ബസ്സുകൾ ഉണ്ട്.

16-8-2022-ലെ കണക്കനുസരിച്ച് 4004 ബസ്സുകൾ ഓപ്പറേറ്റ് ചെയ്തിട്ടുണ്ട്. 1400 ബസ്സുകൾ idle ആയി കിടക്കുകയോ വർക്ക്ഷോപ്പിലോ ആണ്.

പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരം കെ.എസ്.ആർ.ടി.സി.-യിൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്റ്റ് പ്രകാരം സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കുന്നതോടെ നിലവിലെ ജീവനക്കാരെത്തന്നെ ഉപയോഗിച്ച് കൂടുതൽ ബസ്സുകൾ നിരത്തിലിറക്കുവാനും കൂടുതൽ യാത്രാസൗകര്യം പ്രദാനം ചെയ്യുവാനും കഴിയും.

സമയനിഷ്ഠ പാലിച്ചും മികച്ച സേവനം ലഭ്യമാക്കിയും കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനായി നിരവധി പദ്ധതികൾ നടപ്പിലാക്കിവരികയാണ്. സമയക്ലിപ്തത ഉറപ്പുവരുത്തുവാൻ സാങ്കേതികവിദ്യയുടെ സഹായത്തോടെ യാത്രക്കാർക്ക് ബസ് നിൽക്കുന്ന സ്ഥലം തൽസമയം ലഭ്യമാവുന്ന പദ്ധതികൾ ഉടൻ നടപ്പിൽവരുന്നതാണ്. കൂടാതെ മറ്റ് വാഹനങ്ങൾ ഉപയോഗിക്കുന്ന യാത്രക്കാരെ

കൂടുതൽ കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് ആകർഷിക്കുന്നതിന് സിറ്റി സർക്കുലർ, സിറ്റി ഷട്ടിൽ, സിറ്റി റേഡിയൽ സർവ്വീസുകൾ തിരുവനന്തപുരം കേന്ദ്രീകരിച്ച് ആരംഭിച്ചിട്ടുണ്ട്. ബൈപ്പാസ് റൈഡറുകളും KSRTC-സ്വിഫ്റ്റ് ബസ്സുകൾ ഉപയോഗിച്ചുള്ള ദീർഘദൂര സർവ്വീസുകളും യാത്രക്കാരെ ആകർഷിച്ചിട്ടുണ്ട്. ബഡ്ജറ്റ് ടൂറിസം പദ്ധതിക്കും നല്ല സ്വീകാര്യത ലഭിച്ചിട്ടുണ്ട്.

നിലവിലുള്ള സർവ്വീസുകളുടെ സേവനം മെച്ചപ്പെടുത്തി കൂടുതൽ ആകർഷകമാക്കുവാൻ ശ്രമിച്ചുവരികയാണ്.

### ഉന്നത വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണം

24 (*144) ശ്രീമതി യു. പ്രതിഭ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണത്തിന് വേണ്ട മാർഗ്ഗങ്ങൾ കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കാൻ പ്രത്യേകം സമിതികളെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമിതികളുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ അടിസ്ഥാനസൗകര്യങ്ങൾ, അക്കാദമിക സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനും ജ്ഞാന സമ്പദ്‌വ്യവസ്ഥ എന്ന ലക്ഷ്യത്തിലേയ്ക്ക് നയിക്കുന്നതിനും ആവശ്യമായ എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ട് വയ്ക്കുന്നത്; വിശദാംശം നൽകാമോ;

(സി) പ്രസ്തുത ശിപാർശകൾ നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ-സി) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് ഡോ. ശ്യാം ബി. മേനോൻ അദ്ധ്യക്ഷനായി ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, ഡോ. എൻ. കെ. ജയകുമാർ അദ്ധ്യക്ഷനായി നിയമപരിഷ്കരണ കമ്മീഷൻ, ഡോ. സി. റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായി പരീക്ഷാ പരിഷ്കരണ കമ്മീഷൻ എന്നിങ്ങനെ മൂന്ന് കമ്മീഷനുകളെ നിയമിച്ചിരുന്നു. ടി കമ്മീഷനുകൾ അവരുടെ റിപ്പോർട്ടുകൾ സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകളിലെ പ്രധാന ശിപാർശകൾ അനുബന്ധമായി *ഉള്ളടക്കം ചെയ്യുന്നു. റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ചുവരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**കാർഷിക മേഖലയിൽ സ്വയംപര്യാപ്തത**

25 (*145) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ തരിശായി കിടക്കുന്ന ഭൂമിയിലുൾപ്പെടെ കൃഷി വ്യാപിപ്പിക്കാൻ നടത്തുന്ന ശ്രമത്തിന്റെ ഫലമായി കൈവരിക്കാൻ കഴിഞ്ഞ നേട്ടം അറിയിക്കാമോ?

സംസ്ഥാനത്ത് കാർഷിക മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ തരിശായി കിടക്കുന്ന ഭൂമിയിലുൾപ്പെടെ കൃഷി വ്യാപിപ്പിക്കാൻ നടത്തുന്ന ശ്രമത്തിന്റെ ഫലമായി കൈവരിക്കാൻ കഴിഞ്ഞ പ്രധാന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

- ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതിയുടെ ഭാഗമായി കുടുംബങ്ങളിൽ കാർഷിക സംസ്കാരം ഉണർത്താനും ഗാർഹിക ആവശ്യത്തിനു വേണ്ട പച്ചക്കറികൾ സ്വയമേ ഉല്പാദിപ്പിക്കുന്ന കുടുംബങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുവാനും സാധിച്ചു.
- തദ്ദേശഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുവാനും ഉല്പാദന, വിതരണ, സേവന, മൂല്യവർദ്ധന മേഖലയിൽ കൂടുതൽ കൃഷിക്കൂട്ടങ്ങൾ സൃഷ്ടിക്കുവാനും സാധിച്ചു.
- 8000 ഏക്കർ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കി നെൽകൃഷിയിറക്കി.
- 254072 കർഷകരിൽനിന്നും 7.484 ലക്ഷം ടൺ നെല്ല് സംഭരിച്ചു.
- 1250 ഏക്കർ ഒരുപ്പൂ നിലങ്ങളിൽ ഇരുപ്പൂ കൃഷി നടത്തി.
- 1250 ഏക്കർ നിലങ്ങളിൽ പ്രത്യേക നെല്ലിനങ്ങളായ പൊക്കാളി, ഞവര, ജീരകശാല-ഗന്ധകശാല, രക്തശാലി, ബസ്മതി എന്നിവയുടെ കൃഷി നടപ്പിലാക്കി
- 1000 ഏക്കറിൽ കരനെൽകൃഷി ചെയ്തു.
- കൃഷി വകുപ്പ് ഫാമുകൾ മുഖേന 658 ടൺ നെൽവിത്ത് ഉത്പാദിപ്പിച്ചു.

- 2020-21 വർഷത്തിൽ 1.02 ലക്ഷം ഹെക്ടറിൽ പച്ചക്കറി കൃഷി നടപ്പിലാക്കുകവഴി 15.7 ലക്ഷം മെട്രിക് ടൺ ഉത്പാദനം ലഭിച്ചത് 2021-22 വർഷമായപ്പോൾ വിസ്തൃതി 1.08 ലക്ഷം ഹെക്ടർ ആയി ഉയർത്തുന്നതിനും ഉത്പാദനം 16.01 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുവാനും സാധിച്ചു.
- 3600 ഏക്കറിൽ തരിശുനില പച്ചക്കറി കൃഷി നടപ്പിലാക്കി.
- 96.4148 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 306.36 ലക്ഷം പച്ചക്കറി തൈകളും സൗജന്യമായി വിതരണം ചെയ്തു.
- ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി പ്രകാരം ഓണം സീസണിൽ 24000 ഹെക്ടറിൽനിന്നും 3.70 ലക്ഷം ടൺ പച്ചക്കറി ഉത്പാദിപ്പിച്ചു.
- തെരഞ്ഞെടുത്ത 2041 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പിലാക്കി.
- ഇടുക്കി ജില്ലയിൽ 333.33 ഹെക്ടർ സ്ഥലത്ത് ശീതകാല പച്ചക്കറി കൃഷി നടപ്പിലാക്കി.
- 158 സർക്കാർ/ സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കി.
- 80 ഹെക്ടർ സ്ഥലത്ത് പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ കൃഷി വ്യാപിപ്പിച്ചു.
- 100 സ്ക്വയർ മീറ്റർ ഉള്ള 1010 എണ്ണം മഴമറ യൂണിറ്റുകൾ സ്ഥാപിച്ചു.
- നാളികേര കൗൺസിലിന്റെ ഭാഗമായി 10,59,992 തെങ്ങിൻ തൈകൾ കർഷകർക്ക് 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്തു.
- പുതുതായി സ്ഥാപിച്ച 84 കേര ഗ്രാമങ്ങളിലായി 3979 പമ്പ്സെറ്റുകൾ, 5170 തെങ്ങു കയറ്റ യന്ത്രങ്ങൾ, 339 ജൈവ വിള യൂണിറ്റുകൾ എന്നിവ നടപ്പിലാക്കി.
- കുറിയ ഇനം തെങ്ങുകളുടെ 76 പ്രദർശനത്തോട്ടങ്ങൾ സ്ഥാപിച്ചു.
- ഇടുക്കി ജില്ലയിൽ 75 ഏക്കർ സ്ഥലത്ത് പരമ്പരാഗത ചെറുധാന്യ കൃഷി നടപ്പിലാക്കി.
- അട്ടപ്പാടി ട്രൈബൽ വില്ലേജ് പദ്ധതി പ്രകാരം 450 ഏക്കർ സ്ഥലത്ത് ചെറുധാന്യ കൃഷി നടപ്പിലാക്കി.

- 300 ഹെക്ടർ സ്ഥലത്തു പയറ് വർഗ്ഗ കൃഷി വ്യാപിപ്പിച്ചു.
- 1039 ഹെക്ടർ സ്ഥലത്ത് കിഴങ്ങുവർഗ്ഗ വിള വികസന പദ്ധതി നടപ്പിലാക്കി.
- 1400 ഏക്കർ സ്ഥലത്ത് എള്ളുകൃഷി, 500 ഏക്കറിൽ നിലക്കടലക്കൃഷി, 900 ഏക്കറിൽ കരിമ്പുകൃഷി എന്നിവ നടപ്പിലാക്കി.
- ആദിവാസി മേഖലയിൽ 40 ഹെക്ടർ കിഴങ്ങുവർഗ്ഗവിളക്കൃഷി നടപ്പിലാക്കി.
- 1000 ഹെക്ടറിൽ ജൈവ പച്ചക്കറി കൃഷി നടപ്പിലാക്കി.
- 8429984 ഫലവൃക്ഷത്തൈകൾ വിതരണം നടത്തി
- 500 ഹെക്ടറിൽ കുരുമുളക് കൃഷി, 304 ഹെക്ടറിൽ ഇഞ്ചി, മഞ്ഞൾ കൃഷി, 80 ഹെക്ടറിൽ ജാതി, ഗ്രാമ്പൂ കൃഷി എന്നിവ പുതിയതായി വ്യാപിപ്പിച്ചു.
- 4592 കർഷക സഭകളും 1180 ഞാറ്റുവേല ചന്തകളും സംഘടിപ്പിച്ചു.
- കൃഷിവകുപ്പിന്റെ കീഴിലുള്ള 14 ഫാമുകൾ കാർബൺ തുലിത കൃഷി അനുവർത്തിക്കുന്ന ഫാമുകളാക്കുന്നതിനുള്ള പ്രാഥമിക പ്രവർത്തനം ആരംഭിച്ചു.
- ബി.പി.കെ.പി. പ്രകാരം 500 ഹെക്ടർ വീതമുള്ള 168 ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രകൃതി സൗഹൃദ കൃഷിമുറകൾ അവലംബിച്ചു.
- 7791 ജൈവകൃഷി മാതൃക പ്രദർശന തോട്ടങ്ങൾ (ബി.പി.കെ.പി.) സ്ഥാപിച്ചു.
- 12 ഇക്കോ ഷോപ്പുകൾ സ്ഥാപിച്ചു.
- നിലവിലുള്ള 271 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾക്ക് പുറമെ 5 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾകൂടി ആരംഭിച്ചു.
- 327 ഹെക്ടറിൽ വിദേശയിനം ഫലവർഗ്ഗങ്ങൾക്കുള്ള കൃഷി നടപ്പിലാക്കി.
- 2000 ഹെക്ടറിൽ കുരുമുളക് തോട്ടങ്ങളുടെ പുനരുജ്ജീവനം 250 ഹെക്ടറിൽ ജാതി തോട്ടങ്ങളുടെ പുനരുജ്ജീവന പദ്ധതി നടപ്പിലാക്കി.
- വയനാട് ജില്ലയിൽ കുരുമുളകിന്റെ പുതുക്കൃഷിക്കും തോട്ടങ്ങളുടെ സമഗ്ര വികസനത്തിനുമായുള്ള പദ്ധതി 2100 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി.

- കൃഷി വകുപ്പ് ഫാമുകളിൽ ഒരു ലക്ഷം ഔഷധ സസ്യ നടീൽ വസ്തുക്കൾ ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തി.
- കൃഷി വകുപ്പ് ഫാമുകളിൽ 10 ഹെക്ടർ സ്ഥലത്ത് അശോകം, കറുവ തുടങ്ങിയവയുടെ കൃഷി വ്യാപിപ്പിച്ചു.
- ബ്ലോക്കുതലത്തിൽ 8 പുതിയ 'കൃഷി ശ്രീ' കാർഷിക സേവന കേന്ദ്രങ്ങൾ ആരംഭിച്ചു.
- കൃഷി വകുപ്പിന്റെ ഫാമുകളിലൂടെ 9 ലക്ഷം തെങ്ങിൻ തൈകൾ, 28 ലക്ഷം കുരുമുളക് തൈകൾ, 10 ലക്ഷം ടിഷ്യൂ വാഴത്തൈകൾ, 25.3 ലക്ഷം പച്ചക്കറിത്തൈകൾ, 7 ടൺ പച്ചക്കറി വിത്ത്, 40 ടൺ കിഴങ്ങുവർഗ്ഗങ്ങൾ, 1.32 ലക്ഷം കശുമാവ് ഗ്രാഫ്റ്റുകൾ, 0.74 ലക്ഷം സുഗന്ധവ്യഞ്ജനങ്ങളുടെ നടീൽ വസ്തുക്കൾ, 0.31 ലക്ഷം ഔഷധ സസ്യങ്ങളുടെ നടീൽ വസ്തുക്കൾ, 2.29 ലക്ഷം അലങ്കാര ചെടികളുടെ നടീൽ വസ്തുക്കൾ എന്നിവ ഉത്പാദിപ്പിച്ചു വിതരണം ചെയ്തു.
- 16 ഇനം പഴം-പച്ചക്കറികൾക്കുള്ള അടിസ്ഥാന വില ഇനത്തിൽ 7.93 കോടി രൂപ കർഷകർക്ക് വിതരണം ചെയ്തു.
- കേരളത്തിലെ കർഷകരിൽനിന്നും 4292.89 ടൺ പച്ചക്കറികൾ സംഭരിച്ച് വിപണിയിൽ ലഭ്യമാക്കി.
- കർഷകർക്ക് പരമാവധി വില ഉറപ്പാക്കുന്നതിനും ഉപഭോക്താക്കൾക്ക് കാർഷികോല്പന്നങ്ങൾ ന്യായവിലയിൽ ലഭിക്കുന്നതിനുമായി 2000 ഓണ വിപണികളും 1562 ക്രിസ്തുമസ് - പുതുവത്സര വിപണികളും സംഘടിപ്പിച്ചു.

(ബി) ഓണക്കാലത്തെ അധിക ആവശ്യകത മുന്നിൽ കണ്ട് എല്ലാ വീടുകളിലും ചെറിയ തോതിലെങ്കിലും പച്ചക്കറി കൃഷി വ്യാപകമാക്കാൻ പദ്ധതി ആവിഷ്കരിച്ചിരുന്നോ?

ഉണ്ട്. സംസ്ഥാനത്ത് സുരക്ഷിത ഭക്ഷ്യോല്പാദനം ലക്ഷ്യമിട്ടുകൊണ്ടും ഉത്സവ സീസണുകളിൽ പച്ചക്കറിക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായും ഓണക്കാലത്ത് വിഷരഹിതമായ പച്ചക്കറികൾ നമ്മുടെ സ്വന്തം വീട്ടുവളപ്പിൽ നിന്നുതന്നെ ലഭ്യമാക്കുവാൻ ഉദ്ദേശിച്ചും കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ "ഞങ്ങളും കൃഷിയിലേയ്ക്ക്" പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്ന ബൃഹത് പദ്ധതിയാണ് വീടുകൾ കേന്ദ്രീകരിച്ചുള്ള പച്ചക്കറി കൃഷിയും "ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി"യും.

(സി) ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികളും പഴങ്ങളും കേടുകൂടാതെ ഉപഭോക്താക്കളിലേയ്ക്കെത്തിക്കുന്നതിന് ശീതീകരിച്ച വാഹനങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ?

ഉണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ കാർഷിക വിപണന ശാക്തീകരിക്കൽ പദ്ധതിപ്രകാരം വിപണനത്തിനായി വാഹനസൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/റീഫർ വാനുകൾ നൽകൽ എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 19 ശീതികരിച്ച പഴം, പച്ചക്കറി വാഹനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് 50 ശതമാനം സബ്സിഡി നിരക്കിലും മറ്റ് ഏജൻസികൾക്ക് 100 ശതമാനം സബ്സിഡി നിരക്കിലുമാണ് വാഹനങ്ങൾക്ക് തുക അനുവദിച്ചത്.

(ഡി) പ്രാദേശിക വിപണി ശാക്തീകരണത്തിനുള്ള പദ്ധതിയെക്കുറിച്ച് അറിയിക്കാമോ?

2022-23 സാമ്പത്തിക വർഷത്തിൽ വിപണി വികസന പദ്ധതി പ്രകാരം താഴെ പറയുന്ന ഘടകങ്ങൾ നടപ്പിലാക്കുന്നതാണ്.

കാർഷിക മൊത്ത വ്യാപാര വിപണികൾ, ജില്ലാ സംഭരണ കേന്ദ്രങ്ങൾ എന്നിവയുടെ ശാക്തീകരണത്തിന് 130 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അഗ്മാർക്ക് നെറ്റ് നോഡുകളുടെ പ്രവർത്തനത്തിന് 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡിന് 80 ലക്ഷം രൂപയും WTO സെല്ലിന്റെ പ്രവർത്തനത്തിന് 5 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

ഗ്രേഡ് ചെയ്ത ആഴ്ചചന്തകൾക്ക് അധിക ധനസഹായം നൽകുന്നതിന് വിപണി ഒന്നിന് 10000 രൂപ വീതം 250 ആഴ്ച ചന്തകൾക്ക് 25.00 ലക്ഷം രൂപയും 6 കാർഷിക മൊത്ത വ്യാപാര വിപണികളിൽ കർഷകർക്ക് ഉല്പന്നങ്ങൾ എത്തിക്കുന്നതിന് ട്രാൻസ്പോർട്ടേഷൻ സബ്സിഡിയായി 50.00 ലക്ഷം രൂപയും 2 ലക്ഷം രൂപ നിരക്കിൽ 15 ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിനും നിലവിലെ ഇക്കോഷോപ്പുകൾ ശാക്തീകരിക്കുന്നതിനും 150 ലക്ഷം രൂപയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ കുടുംബശ്രീ/എഫ്.പി.ഒ./സ്വയം സഹായ സംഘങ്ങൾ എന്നിവയ്ക്ക് പഞ്ചായത്തുകളിൽ ഗ്രാമച്ചന്തകൾ ആരംഭിക്കുന്നതിന് 2 ലക്ഷം രൂപ നിരക്കിൽ 145 ലക്ഷം രൂപയും നഗര വഴിയോര ചന്തകൾ സ്ഥാപിക്കുന്നതിന് ചന്ത ഒന്നിന് 10,000 രൂപ നിരക്കിൽ 100 ചന്തകൾ സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

കാർഷികോല്പന്ന വിപണനത്തിനായി തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ കർഷക മിത്രകളുടെ സേവനം ഉറപ്പാക്കുന്നതിന് 109 കർഷക മിത്രങ്ങളെ നിയോഗിക്കുന്നതിന് 60 ലക്ഷം രൂപയും കർഷക ഗ്രൂപ്പുകൾ/എഫ്.പി.ഒ.-കൾ/മറ്റ് സ്ഥാപനങ്ങൾക്ക് 50 ശതമാനം സബ്സിഡി നിരക്കിൽ പഴം, പച്ചക്കറികൾ കൊണ്ടുപോകുന്നതിന് ശീതികരിച്ച വാഹനങ്ങൾ വാങ്ങുന്നതിന് 35 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ വട്ടവട, കാന്തല്ലൂർ മേഖലയിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് കോൾഡ് ചെയിൻ സ്ഥാപിക്കുന്നതിനായി 185 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വട്ടവടയിൽ ഒരു പ്രീ കൂളിംഗ് കേന്ദ്രവും എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ 3 കോൾഡ് ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനും ഹോർട്ടികോർപ്പിന്റെ കോൾഡ് സ്റ്റോറേജ് നവീകരിക്കുന്നതിനുമാണ് പ്രസ്തുത തുക വകയിരുത്തിയിട്ടുള്ളത്. കൂടാതെ മാർക്കറ്റിംഗ് മേഖലയുടെ ശാക്തീകരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമുള്ള വിദഗ്ധ സേവനങ്ങൾക്ക് 100 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. വി.എഫ്.പി.സി.കെ.-യുടെ വിപണി വികസന പദ്ധതികൾക്ക് 500.00 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

2022-23-ലെ ജൈവ കൃഷിയും ഉത്തമ കൃഷി രീതികളും പദ്ധതി പ്രകാരം കോഴിക്കോട്ടും ആലപ്പുഴയിലും ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനായി 2 ഹൈടെക്ക് സൂപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിനായി 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

**പൊതുഗതാഗത സംവിധാനം കാര്യക്ഷമമാക്കാൻ നടപടി**

26 (*146) ശ്രീ. അൻവർ സാദത്ത്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുഗതാഗത സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

യാത്രാസൗകര്യം ഉറപ്പുവരുത്തുന്നതിനായി, ഇന്റലിജന്റ് പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റം (ഐ.ടി.എസ്.) നടപ്പിലാക്കാൻ വകുപ്പിന് പദ്ധതിയുണ്ട്. ഇതിൽ ഒരു ട്രാവൽ ഡിമാൻഡ് മാനേജ്മെന്റ് സിസ്റ്റവും വാഹനങ്ങളുടെ

വരവ്/പുറപ്പെടൽ സമയം, വാഹനങ്ങളുടെ റൂട്ട് മാപ്പ്, സീറ്റ് ലഭ്യത, റിസർവേഷൻ എന്നിവ ഉൾപ്പെടുന്ന സമഗ്രമായ ഓൺലൈൻ ആപ്ലിക്കേഷനും ഉൾപ്പെടുന്നു. വിവിധ ഗതാഗതമാർഗ്ഗങ്ങളെ ബന്ധിപ്പിക്കുന്നതിനുള്ള ഒരു സംയോജിത സംവിധാനമാണിത്. പൊതുഗതാഗത സംവിധാനത്തിന് ഏറ്റവും ഫലപ്രദമായും ഉപയോക്തൃ സൗഹൃദപരമായും അനുബന്ധമായ ബസ്ബേകളുടെയും മറ്റുസൗകര്യങ്ങളുടെയും നവീകരണവും ഇതിലുൾപ്പെടുന്നു. പൊതുഗതാഗത സംവിധാനത്തിൽ വെഹിക്കിൾ ലൊക്കേഷൻ & ട്രാക്കിംഗ് സിസ്റ്റത്തിന്റെ (വി.എൽ.ടി.എസ്.) ലഭ്യത ഉറപ്പാക്കുന്നതിലൂടെ, കാര്യക്ഷമതയും സുരക്ഷയും ഒരു പരിധിവരെ ഉറപ്പാക്കാൻ കഴിയും. തുടർന്ന് യാത്രക്കാർക്ക് ട്രാക്കിംഗ് സോഫ്റ്റ്‌വെയറിൽ പ്രവേശനം നൽകുന്നത് അവരുടെ യാത്ര കണ്ടെത്താനും ആസൂത്രണം ചെയ്യാനും സഹായിക്കും.

ഈ ITS ഓൺലൈൻ പ്ലാറ്റ്ഫോമിൽ "വെഹിക്കിൾ പാർക്കിംഗ് മാനേജ്മെന്റിന്" മാത്രമുള്ള ഒരു ഓൺലൈൻ സംവിധാനം ഒരൊറ്റ മൊഡ്യൂളായി ഉൾപ്പെടുത്താവുന്നതാണ്. നിലവിലുള്ള എല്ലാ പാർക്കിംഗ് സ്ഥലങ്ങളും അറിയിക്കുകയും ITS ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തുകയും വേണം. പാർക്കിംഗ് സ്ലോട്ട് ലഭ്യതയുടെ നില നിരീക്ഷിക്കാനും മുൻകൂട്ടി ബുക്കിംഗിനുള്ള സൗകര്യങ്ങളും ഉൾപ്പെടുത്താനും ഇതിലൂടെ കഴിയും. ബസ്സുകളുടെ സ്പോട്ട് ലൊക്കേഷനും ടൈമിംഗും അറിയുവാനുള്ള എൽ.ഇ.ഡി. ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകൾ ബസ് സ്റ്റേഷനുകളിൽ സ്ഥാപിക്കുവാൻ വകുപ്പിന് പദ്ധതിയുണ്ട്.

സംസ്ഥാനത്ത് പൊതുഗതാഗത സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. പൊതുജനോപകാരപ്രദവും വിശ്വസനീയവും കുറഞ്ഞ ചെലവിലുമുള്ള പൊതുഗതാഗതം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് പ്രതിജ്ഞാബദ്ധമാണ്. ഈ ലക്ഷ്യം നിറവേറ്റുന്നതിന് കൂടുതൽ കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിനായി കെ.എസ്.ആർ.ടി.സി. വിവിധതരം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ മലിനീകരണ നിയന്ത്രണവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്നുണ്ട്.

പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരം സിംഗിൾ ഡ്യൂട്ടി നടപ്പിലാക്കുന്നതോടെ കെ.എസ്.ആർ.ടി.സി.-യുടെ ഓടാതെ കിടക്കുന്ന ബസ്സുകൾ ഓപ്പറേറ്റ് ചെയ്ത് അധിക വരുമാനവും യാത്രാ സൗകര്യവും പ്രദാനം ചെയ്യും.

തിരുവനന്തപുരം നഗരത്തിലെ സമഗ്രമായ നഗരഗതാഗതത്തിന് നഗരപരിധിയിൽ വിവിധ പ്രദേശങ്ങളെയും സ്ഥാപനങ്ങളേയും ബന്ധിപ്പിച്ച് നഗരത്തിലേയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന പൊതുജനങ്ങൾക്കും നഗരത്തിലെ വിവിധ ഭാഗങ്ങളിൽ സഞ്ചരിക്കേണ്ട യാത്രക്കാർക്കും പ്രയോജനകരമായ രീതിയിൽ സിറ്റി സർക്കുലർ (ഹോപ്പ് ഓൺ ഹോപ്പ് ഓഫ്) കൂടുതൽ പ്രയോജനപ്രദമായ രീതിയിൽ ക്രമീകരിക്കും. ഇത് ഒരു trip-ന് 10 രൂപ, ഒരു ദിവസത്തേക്ക് 30 രൂപ എന്ന മിതമായ ചാർജ്ജ് മാത്രമെ ഈടാക്കുന്നുള്ളൂ.

പ്രസ്തുത സർവ്വീസുകൾക്ക് പുതുതായി നിരത്തിലിറക്കിയ 25 എണ്ണം കൂടാതെ 25 കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ഇലക്ട്രിക് ബസ്സുകൾകൂടി ഉപയോഗിക്കുന്നതിനാൽ (ആകെ 50 എണ്ണം) അന്തരീക്ഷ മലിനീകരണം വലിയ തോതിൽ കുറയ്ക്കുമെന്നുള്ളതും ഡീസലിന് പ്രതി കിലോമീറ്ററിന് ഏതാണ്ട് 32 രൂപ ചെലവാകുന്ന സ്ഥാനത്ത് ശരാശരി 6 രൂപ മാത്രം മതിയാകാവുന്നതിനാൽ ഇന്ധന ഇനത്തിൽ ഏതാണ്ട് 26 രൂപ കുറവ് വരുമ്പോൾ പ്രവർത്തന ചെലവ് കുറയുന്നത് കെ.എസ്.ആർ.ടി.സി.-ക്ക് കൂടുതൽ ആശ്വാസമേകുന്നതാണ്.

ദീർഘദൂര യാത്രകൾക്കായി ബൈപ്പാസ് റൈഡറുകൾ ഉപയോഗപ്പെടുത്തുന്ന യാത്രക്കാർക്ക് സാധാരണ മറ്റ് റോഡുകളിലൂടെയുള്ള യാത്രാസമയത്തേക്കാൾ സമയം ലാഭിക്കാമെന്നുള്ളത് ഈ സർവ്വീസിന്റെ പ്രത്യേകതയാണ്. കുറഞ്ഞത് ഓരോ മണിക്കൂർ ഇടവേളകളിൽ ടി സർവ്വീസിന്റെ സേവനം നാഷണൽ ഹൈവേ വഴിയും എം.സി. റോഡ് വഴിയും പൂർണ്ണമാക്കുന്നതിനുള്ള പദ്ധതികൾ അന്തിമഘട്ടത്തിലാണ്. ഇത് പൂർത്തിയാക്കും. നിലവിൽ ആരംഭിച്ച കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് സൂപ്പർ ക്ലാസ് ബസ്സുകൾ ഇത്തരത്തിൽ ഓപ്പറേറ്റ് ചെയ്യുകയും വരുമാന വർദ്ധനവും സ്വീകാര്യതയും വർദ്ധിച്ചിട്ടുമുണ്ട്.

സാധാരണ ജനതയുടെ യാത്രാ സ്വപ്നങ്ങൾ കുറഞ്ഞ ചെലവിൽ സാക്ഷാൽക്കരിക്കുന്നതിനായി ആരംഭിച്ച മറ്റൊരു നൂതന പദ്ധതിയാണ് "ബഡ്ജറ്റ് ടൂറിസം". ഇതിലൂടെ വലിയ വരുമാന വർദ്ധനവും വൻ ജനസമ്മിതിയും ഉണ്ടായിട്ടുണ്ട്. ഇത് വ്യാപിപ്പിക്കും. പാവപ്പെട്ട സാധാരണക്കാരായ മത്സ്യത്തൊഴിലാളികൾക്കായി ആരംഭിച്ച മൂന്ന് സമുദ്ര സർവ്വീസുകൾ സർക്കാർ സഹായത്തോടുകൂടി സൗജന്യമായി നടത്തിവരുന്നു. ഇതിന് വൻജനപ്രീതിയാണ് ഉള്ളത്. ഇതിൽ മത്സ്യത്തൊഴിലാളി സ്ത്രീകൾ മത്സ്യവിപണനത്തിനായി ഏതാണ്ട് ഇരുപതിനായിരത്തിലധികം യാത്രകൾ ചെയ്തിട്ടുള്ളതായി കാണുന്നുണ്ട്. ഇത് ഫിഷറീസ് വകുപ്പുമായി തുടരും.

മറ്റ് യാത്രാ സൗകര്യം ഇല്ലാതെ പാർശ്വവൽക്കരിക്കപ്പെട്ട വലിയ ഒരു വിഭാഗം ഗ്രാമങ്ങളിൽ താമസിക്കുന്നുണ്ട്. ഇവർക്കായി ഉൾനാടൻ ഗ്രാമ പ്രദേശങ്ങളിലേയ്ക്ക് സർവ്വീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.-യും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഡീസൽ ചെലവ് പങ്ക് വച്ച് സഹകരിച്ച് നൂതന സംരംഭമായ ഗ്രാമവണ്ടി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ പഞ്ചായത്തിൽ 29-7-2022-ൽ നടക്കുകയുണ്ടായി. അതുകൂടാതെ തൃശ്ശൂർ ജില്ലയിലെ എളവള്ളി പഞ്ചായത്തിലും

19-8-2022-ന് ജില്ലാതല ഉദ്ഘാടനം നടത്തുകയുണ്ടായി. കൂടാതെ മലപ്പുറം ജില്ലയിലെ എടവണ്ണ പഞ്ചായത്ത്, കായംകുളം പത്തിയൂർ പഞ്ചായത്ത്, കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പഞ്ചായത്ത് അടക്കം ധാരാളം പഞ്ചായത്തുകൾ പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം കുറച്ച് ഒറ്റപ്പെട്ട എല്ലാ മേഖലയിലേയ്ക്കും ബസ് സർവ്വീസ് എത്തിക്കുന്നതിന് സഹായകരമാകുന്ന വിപ്ലവകരമായ മാറ്റം ഗതാഗത മേഖലയിൽ ഉണ്ടാക്കും. ഇങ്ങനെ വികസനവും ജനക്ഷേമവും മുൻനിർത്തുന്നതിൽ വലിയ പങ്കാണ് കടുത്ത സാമ്പത്തിക ബുദ്ധിമുട്ടിലും കെ.എസ്.ആർ.ടി.സി. നിർവ്വഹിച്ചുവരുന്നത്.

GPRS, Bluetooth, RFID സംവിധാനമുള്ള ETM

Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്ക വിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ നൽകുകയും വിവിധ ഡിപ്പോകളിലേയ്ക്കും ടി മെഷീനുകളുടെ വിതരണം പുരോഗമിച്ചുവരികയുമാണ്. ഇത് പൂർണ്ണമായി നടപ്പിലാക്കി കഴിയുന്നതിലൂടെ താഴെപ്പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നതാണ്.

ടിക്കറ്റ് കളക്ഷൻ സംബന്ധിച്ച എല്ലാ വിവരങ്ങളും അപ്പോൾതന്നെ ഓൺലൈനായി നിരീക്ഷിക്കാൻ സാധിക്കും. ഇതിൽനിന്നും യാത്രക്കാരുടെ എണ്ണം, വരുമാനം തുടങ്ങിയ വിവരങ്ങൾ മനസ്സിലാക്കാൻ സാധിക്കുന്നു.

പ്രീ-പെയ്ഡ് സ്മാർട്ട് കാർഡ് ഉപയോഗിച്ച് പണരഹിതമായി യാത്ര ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. കൂടാതെ വിവിധതരം പാസുകളെ സ്മാർട്ട് കാർഡ് സംവിധാനത്തിലേയ്ക്ക് മാറ്റുവാനും കഴിയുന്നതാണ്.

ഓരോ ട്രിപ്പുകളുടേയും കളക്ഷൻ വിവരങ്ങളും ഓരോ ബസ്സിന്റെയും വരുമാനം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുവാൻ സാധിക്കും. ആയതുവഴി ടി ട്രിപ്പ് ലാഭകരമാണോ എന്ന് വിശകലനം ചെയ്യുവാനും സാധിക്കും.

കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ട്രാക്കിംഗ് & മോണിറ്ററിംഗ് സിസ്റ്റം

പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VLTS) എന്നിവ നടപ്പിലാക്കുന്നതിനായി ഒരു പദ്ധതി DIMTS (Delhi Integrated Multi-model Transit System)-നെ ഏൽപ്പിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു.

ടി പദ്ധതിയിൽ വരുന്ന പ്രധാന ഘടകങ്ങൾ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS), Decision Support System, Control room monitoring system എന്നിവയാണ്. ടി പദ്ധതി പൂർണ്ണമായി നടപ്പിലാക്കി കഴിയുന്നതിലൂടെ താഴെപ്പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നതാണ്. പൊതുജനങ്ങൾക്കും യാത്രക്കാർക്കും മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം ഓൺലൈനായി ലഭ്യമാകും.

വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റത്തിലൂടെ യാത്രക്കാർക്ക് ബസ്സുകളുടെ ലൊക്കേഷൻ ലൈവായിത്തന്നെ ലഭ്യമാകും.

ബസ് Utilization, Mileage, Service സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം ചെയ്യുവാൻ സാധിക്കും.

ഇതിന്റെ ഭാഗമായി വെഹിക്കിൾ ലോക്കേഷൻ ട്രാക്കിംഗ് ഡിവൈസുകൾ വാങ്ങുവാനുള്ള പർച്ചേസ് ഓർഡർ നൽകുകയും അതിൻപ്രകാരം ബസ്സുകളിൽ ടി ഡിവൈസുകൾ ഘടിപ്പിക്കുന്ന നടപടികൾ പുരോഗമിച്ചുവരികയുമായാണ്.

ഇ-ഓഫീസ്

ഓഫീസ് പ്രവർത്തനങ്ങൾ സുഗമവും വേഗതയേറിയതും കാര്യക്ഷമവുമാക്കുന്നതിനായി ഇ-ഓഫീസ് സംവിധാനം കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ/NIC എന്നിവയുമായി ചേർന്ന് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ആദ്യഘട്ടമെന്ന നിലയിൽ കെ.എസ്.ആർ.ടി.സി.-യുടെ ചീഫ് ഓഫീസിലും മൂന്ന് സോണൽ ഓഫീസുകളിലും ടി സംവിധാനം നടപ്പിലാക്കുന്നതാണ്. ഇതിനാവശ്യമായ കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും ടെൻഡർ നടപടികളിലൂടെ വാങ്ങിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ യാത്രാ പാസ്സ്, സ്റ്റുഡന്റ് കൺസഷൻ സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നത്

കെ.എസ്.ആർ.ടി.സി. അംഗവൈകല്യമുള്ളവർ, കാഴ്ചശക്തി ഇല്ലാത്തവർ, മാധ്യമ പ്രവർത്തകർ തുടങ്ങി പൊതുജനങ്ങൾക്ക് നൽകിവരുന്ന വിവിധതരം യാത്രാപാസ്സുകൾ, വിദ്യാർത്ഥികൾക്കുള്ള കൺസഷൻ എന്നീ സേവനങ്ങൾ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ/NIC എന്നിവയുമായി ചേർന്ന് "സർവ്വീസ് പ്ലസ്" എന്ന ആപ്ലിക്കേഷനിലൂടെ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ടി പദ്ധതി നടപ്പിലാക്കുന്നതിലൂടെ പൊതുജനങ്ങൾക്ക് ഓഫീസുകളിൽ സന്ദർശിക്കാതെതന്നെ എവിടെ ഇരുന്നും അപേക്ഷകൾ സമർപ്പിക്കാനും അപേക്ഷകളുടെ പുരോഗതി ട്രാക്ക് ചെയ്യുവാനുമുള്ള സൗകര്യങ്ങൾ ലഭ്യമാകും. കൂടാതെ ടി അപേക്ഷകളിന്മേൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഓൺലൈനായിതന്നെ നടപടികൾ സ്വീകരിക്കാനും സാധിക്കും.

ക്രൂ റോസ്റ്ററിംഗ് ആൻഡ് ബസ് ഷെഡ്യൂളിംഗ് സോഫ്റ്റ്‌വെയർ

കെ.എസ്.ആർ.ടി.സി.-യിൽ പുതുതായി നടപ്പിലാക്കാനുദ്ദേശിക്കുന്ന ക്രൂ റോസ്റ്ററിംഗ് ആൻഡ് ബസ് ഷെഡ്യൂളിംഗ് സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നത് വഴി ശാസ്ത്രീയമായ രീതിയിൽ ഷെഡ്യൂളുകൾ ക്രമീകരിക്കാനും ക്രൂവിന്റെ ഡ്യൂട്ടി അനുസരിച്ച് ശാസ്ത്രീയമായ രീതിയിൽ ഡ്യൂട്ടി പോസ്റ്റ് ചെയ്യാൻ സാധിക്കുന്നതാണ്.

അതോടൊപ്പംതന്നെ കൂടുതൽ ഡ്യൂട്ടി ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുന്ന ഒരു പുതിയ ഇൻസെന്റീവ് സിസ്റ്റം അവതരിപ്പിക്കാനും ഉദ്ദേശിക്കുന്നു. അതിലൂടെ ജീവനക്കാരുടെ സാമ്പത്തിക ആനുകൂല്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കും. ഈ പദ്ധതി നടപ്പിലാക്കുന്നത് വഴി കൃത്യത, നല്ല ഉപഭോക്തൃ ബന്ധം, കുറവ് അപകടങ്ങൾ, കുറവ് തകരാറുകൾ എന്നിവ സാധ്യമാകുന്നതിനാൽ കെ.എസ്.ആർ.ടി.സി.-യുടെ വളർച്ചയ്ക്ക് ഇത് സഹായകമാകുമെന്ന് കരുതുന്നു.

ടി പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് വർക്ക് ഓർഡർ നൽകി തുടർ നടപടികൾ പുരോഗമിച്ചുവരികയാണ്.

ERP സൊല്യൂഷൻ

പ്രതിദിനം ശരാശരി 6 കോടി രൂപ ടിക്കറ്റ് കളക്ഷൻ ഇനത്തിൽ കെ.എസ്.ആർ.ടി.സി. കൈകാര്യം ചെയ്യുന്നുണ്ട്. കൂടാതെ മറ്റ് ആസ്തികളിൽനിന്നും പരസ്യപരസ്യേതര മാർഗങ്ങളിലൂടെയുള്ള വരുമാനവും നിലവിൽ ലഭ്യമാണ്. പക്ഷേ നിലവിൽ എല്ലാ അക്കൗണ്ടിംഗും പ്രവർത്തനങ്ങളും മാന്വൽ ആയിട്ടാണ് കൈകാര്യം ചെയ്യുന്നത്. ആയതിനാൽ ശരിയായ സാമ്പത്തിക മാനേജ്മെന്റിന് ശക്തമായൊരു സംവിധാനം നിലവിൽ ലഭ്യമല്ല.

അക്കൗണ്ടിംഗിനായി ERP സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിലൂടെ, പണം കൈകാര്യം ചെയ്യുന്നത് കൂടുതൽ ഉത്തരവാദിത്വവും സുതാര്യവുമാക്കുവാൻ സാധിക്കും. കൂടാതെ ജീവനക്കാരുടെ ജോലി ഭാരം കുറയ്ക്കാനും ശരിയായ സാമ്പത്തിക മാനേജ്മെന്റ് നടപ്പിലാക്കുവാനും സാധിക്കും.

ഈ പദ്ധതിയിൽ ഉൾപ്പെടുന്ന ഇൻവെന്ററി മാനേജ്മെന്റ് മോഡ്യൂളിലൂടെ ചീഫ് സ്റ്റോർ, വർക്ക്ഷോപ്പ്, ഡിപ്പോകൾ തുടങ്ങിയവയിൽ ലഭ്യമായിട്ടുള്ള സ്പെയർ പാർട്ട്സ്, മറ്റ് സാധനസാമഗ്രികൾ ട്രാക്ക് ചെയ്യുന്നതിനും ശരിയായ സ്ഥലത്ത് ആവശ്യത്തിന് സപ്ലൈസ് ഉണ്ടെന്ന് ഉറപ്പാക്കുന്നതിനും സാധിക്കും.

സ്പെയർ പാർട്ട്സ് സ്വീകരിക്കുന്നത് മുതൽ ഇഷ്യൂ ചെയ്യുന്നതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളും എളുപ്പത്തിലും കൃത്യതയോടെയും കൈകാര്യം ചെയ്യുവാനും ഇതിലൂടെ സാധ്യമാകും.

കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി പ്രൊഫ. സുശീൽ ഖന്ന പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ മാനേജ്മെന്റ്, പ്രവർത്തനരീതി എന്നിവ പുനഃക്രമീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>മാനേജ്മെന്റ് പ്രൊഫഷണലിസം</u>

കെ.എസ്.ആർ.സി.യിലെ വിവിധ വിഭാഗങ്ങളിലേയ്ക്ക് അതത് മേഖലകളിൽ യോഗ്യതയും പരിചയവുമുള്ള ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുന്നതിനായി ഓരോ വിഭാഗങ്ങളിലും വൈദഗ്ദ്ധ്യമുള്ളവരെ മതിയായ നിയമനനടപടിക്രമങ്ങൾ പാലിച്ച് കരാർ അടിസ്ഥാനത്തിൽ നിയമിക്കുകവഴി മാനേജ്മെന്റ് ശാക്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കോർപ്പറേഷനിലെ ടോപ് ലെവൽ മാനേജ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജനറൽ മാനേജർ (F&A), ജനറൽ മാനേജർ (ടെക്നിക്കൽ), ഡെപ്യൂട്ടി ജനറൽ മാനേജർ (F&A), ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്), ഡെപ്യൂട്ടി ജനറൽ മാനേജർ (ടെക്നിക്കൽ), ചാർട്ടേർഡ് / കോസ്റ്റ് അക്കൗണ്ടന്റ് എന്നീ തസ്തികകൾ താൽക്കാലികമായി സർക്കാർ സൃഷ്ടിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെയും കോർപ്പറേഷനെ കൊമേർഷ്യലൈസ് ചെയ്യുന്നതിന്റെ ഭാഗമായി പ്രാവീണ്യം തെളിയിക്കുന്നവരെ ഓപ്പൺ മാർക്കറ്റിൽനിന്നും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശം കോർപ്പറേഷനെ മൂന്ന് (3) സ്വയംപര്യാപ്തമായ ലാഭകേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്. ആയതിൻപ്രകാരം കെ.എസ്.ആർ.ടി.സി.-യെ ചുവടെ ചേർത്തിരിക്കുന്ന തരത്തിൽ മൂന്ന് മേഖലകളാക്കി രൂപീകരിച്ചു.

| പേര് | റവന്യൂ ജില്ല | ആസ്ഥാനം |
|---|---|---|
| സൗത്ത് സോൺ | തിരുവനന്തപുരം,കൊല്ലം, പത്തനംതിട്ട | സെൻട്രൽ വർക്ക്സ്, പാപ്പനംകോട് |
| സെൻട്രൽ സോൺ | ആലപ്പുഴ, കോട്ടയം,എറണാകുളം. ഇടുക്കി, തൃശ്ശൂർ | എറണാകുളം ബോട്ട് ജെട്ടി |
| നോർത്ത് സോൺ | മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് | കോഴിക്കോട് |

കൂടാതെ ഭരണപരവും അക്കൗണ്ട്സ് സംബന്ധവുമായനടപടികൾ ജില്ലാടിസ്ഥാനത്തിൽ സ്വീകരിക്കുന്നതിന് പതിനഞ്ച് (15) ജില്ലാ ഓഫീസുകൾ രൂപീകരിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് വരുത്തുക എന്നതിനോടൊപ്പം കോർപ്പറേഷന്റെ പ്രവർത്തനങ്ങളുടെ ശാക്തീകരണമാണ് പ്രസ്തുത മേഖലകളുടെ രൂപീകരണംകൊണ്ട് ലക്ഷ്യമിട്ടിട്ടുള്ളത്.

കേരളത്തിലെ ആലപ്പുഴ, കൊല്ലം, കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നീ ആറ് ജില്ലകളിൽ സംസ്ഥാന ജലഗതാഗത വകുപ്പ് സർവ്വീസുകൾ നടത്തിവരുന്നു. പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ സുരക്ഷിതമാക്കുന്നതിനുംവേണ്ടി തടി, സ്റ്റീൽ ബോട്ടുകൾക്ക് പുറമെ കറ്റാമറൈൻ ഫൈബർ ബോട്ടുകളും സർവ്വീസ് നടത്തിപ്പിനായി ഉപയോഗിച്ചുവരുന്നു. ടി ബോട്ടുകൾ ഉപയോഗിച്ച് വകുപ്പ് പാസഞ്ചർ, പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ്, ആംബുലൻസ് സർവ്വീസ്, വാട്ടർ ടാക്സി സർവീസ് എന്നിവ നടത്തുന്നു. കാലപ്പഴക്കം ചെന്ന ബോട്ടുകൾ പിൻവലിച്ച് ആധുനിക സുരക്ഷാ സംവിധാനങ്ങളോടുകൂടിയ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി 100 പാസഞ്ചർ കപ്പാസിറ്റിയുള്ള 9 ബോട്ടുകളുടെ നിർമ്മാണം ആരംഭിക്കുകയും ഇവയിൽ 4 ബോട്ടുകൾ നിർമ്മാണം പൂർത്തീകരിച്ച് സർവ്വീസിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വകുപ്പിന്റെ 5 പ്രധാനപ്പെട്ട സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ആംബുലൻസ് സർവ്വീസ് നടത്തുന്നതിനായി റെസ്ക്യൂ & ഡൈവ് ബോട്ടുകൾ 24 മണിക്കൂറും സജ്ജമാക്കിയിട്ടുണ്ട്. പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുക, പ്രവർത്തന ചെലവ് കുറയ്ക്കുക എന്നീ ലക്ഷ്യത്തോടുകൂടി ആരംഭിച്ച ഇന്ത്യയിലെ പ്രഥമ സംരഭമായ സോളാർ ബോട്ടിന്റെ പ്രവർത്തനം വൻവിജയമായതിനെത്തുടർന്ന് 5 വർഷം കൊണ്ട് 50% ബോട്ടുകൾ സോളാറിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. നിലവിൽ 9 ബോട്ടുകൾ നിർമ്മാണത്തിലാണ്. ഈ വർഷം ഇത്തരത്തിൽ കൂടുതൽ സോളാർ ബോട്ടുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. തികച്ചും പരിസ്ഥിതിസൗഹൃദവും മലിനീകരണ വിമുക്തവുമായ, ഒരേ സമയം 100 യാത്രക്കാരെ വഹിക്കാൻ കഴിയുന്നതുമായ ഇന്ത്യയിലെ ആദ്യ സൗരോർജ്ജ ക്രൂയിസ് വെസ്സലിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഒക്ടോബർ മാസത്തോടുകൂടി സർവ്വീസ്

നടത്താനാവുമെന്ന് പ്രതീക്ഷിക്കുന്നു. വെള്ളപ്പൊക്ക സമയത്തും മറ്റും മറ്റു ബോട്ടുകൾക്ക് എത്തിപ്പെടാൻ കഴിയാത്ത സ്ഥലങ്ങളിലെത്തി രക്ഷാപ്രവർത്തനം നടത്തുന്നതിനായി രൂപകല്പന ചെയ്ത ഡിങ്കി ബോട്ടുകളുടെയും നിർമ്മാണം അന്തിമഘട്ടത്തിലാണ്. ഇന്ത്യയിലെതന്നെ ആദ്യ സോളാർ ഇലക്ട്രിക് റോ-റോ നാലു ട്രക്കുകൾ (കണ്ടെയ്നറുകൾ ഉൾപ്പെടെ) കയറ്റാവുന്ന രീതിയിലാണ് രൂപകല്പന ചെയ്തിട്ടുള്ളത്. അന്തരീക്ഷ മലിനീകരണം കുറച്ച്, പ്രകൃതിയോട് ഇണങ്ങി സർവ്വീസ് നടത്താൻ സാധിക്കുന്ന സോളാർ ഇലക്ട്രിക് റോ-റോ അടുത്ത മാർച്ച് മാസത്തോടെ നിർമ്മാണം പൂർത്തീകരിച്ച് ലഭിക്കുന്നതാണ്. ആലപ്പുഴ ജില്ലയിലെ കനാലുകളുടെ സൗന്ദര്യം ആസ്വദിച്ചുകൊണ്ട് പാതിരാമണൽ ദ്വീപ്, കുമരകം എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനും കുറഞ്ഞ ചെലവിൽ സുരക്ഷിത യാത്ര ഒരുക്കുക എന്ന ഉദ്ദേശത്തോടെയും ആലപ്പുഴ – കുമരകം - കോട്ടയം റൂട്ടിൽ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള ഒരു കാറ്റമറൈൻ (വേഗ-2) പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ബോട്ടിന്റെയും വാട്ടർ ടാക്സിയുടെയും നിർമ്മാണം പൂർത്തിയാക്കി വിജയകരമായി സർവ്വീസ് നടത്തിവരുന്നു. വാട്ടർ ടാക്സികൾ ഉപയോഗിച്ച് ആലപ്പുഴ ജില്ലയിലെ മുഹമ്മയിലും കണ്ണൂർ ജില്ലയിലെ പറശ്ശിനിക്കടവിലും സർവ്വീസ് നടത്തിവരുന്നു. മണിക്കൂറിൽ 30 Km വേഗത കൈവരിക്കാവുന്ന ഡീസൽ ഔട്ട്ബോർഡ് എൻജിൻ, വാട്ടർ ടാക്സിയിൽ സ്ഥാപിച്ചിട്ടുള്ളതിനാൽ പൊതുജനങ്ങൾക്ക് റോഡ് മാർഗ്ഗം എന്നപോലെത്തന്നെ ജലത്തിലൂടെയും വളരെ പെട്ടെന്ന് ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേയ്ക്ക് എത്തിച്ചേരുവാൻ സാധിക്കുന്നതാണ്. വകുപ്പിന്റെ പ്രവർത്തനങ്ങൾ മറ്റു ജില്ലകളിൽകൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മേൽ പദ്ധതികൾ നടപ്പിലാക്കാൻ 6 മാസം മുതൽ - ഒരു വർഷം വരെ കാലയളവ് വേണ്ടിവരും.

(ബി) സംസ്ഥാനത്ത് സ്വകാര്യ ഗതാഗത സർവ്വീസുകൾ ലാഭകരമായി നടക്കുമ്പോൾ കെ.എസ്.ആർ.ടി.സി. നഷ്ടത്തിലാകുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ?

സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാസ്ഥാപനം എന്ന നിലയിലും മോഡൽ എംപ്ലോയർ എന്ന നിലയിലും സ്വകാര്യ ഗതാഗത സർവ്വീസുകളിൽനിന്നും വ്യത്യസ്ഥമായ സേവന വേതന വ്യവസ്ഥകളാണ് കെ.എസ്.ആർ.ടി.സി.-യിലുള്ളത്. സ്വകാര്യ മേഖലയിൽ ഇല്ലാത്ത പെൻഷനും അനുബന്ധ ചെലവുകളും നൽകുന്നതിനായി കാലാകാലം കടം എടുക്കുകയും കടവും പലിശയും തിരിച്ചടയ്ക്കുന്നതിന് കഴിയാതെ ചെലവ് വർദ്ധിക്കുന്നതും സാമൂഹിക പ്രതിബദ്ധതയുടെ പേരിൽ ഏതാണ്ട് 50% ഓർഡിനറി ബസ്സുകൾ ഒറ്റപ്പെട്ട മേഖലകളിൽ ഓപ്പറേറ്റിംഗ് ചെലവ് പോലും ലഭിക്കാതെ ഓപ്പറേറ്റ് ചെയ്യുന്നതും പൊതുജന താൽപ്പര്യാർത്ഥം നഷ്ടം സഹിച്ച് സൂപ്പർ ക്ലാസ് ഇന്റർസ്റ്റേറ്റ് സർവ്വീസുകൾ പോലും സമ്മർദ്ദത്തിന് വഴങ്ങി കെ.എസ്.ആർ.ടി.സി.-ക്ക് ഓപ്പറേറ്റ്

ചെയ്യേണ്ടതായും വരുന്നുണ്ട്. ഇത്തരം നഷ്ടം നികത്തുന്നതിന് പര്യാപ്തമായ ഫെയർ നിശ്ചയിക്കുവാനും കഴിയാത്തതാണ് ലാഭാധിഷ്ഠിതമായി മാത്രം നടത്തുന്ന സ്വകാര്യ ഗതാഗത സർവ്വീസുകൾ ലാഭത്തിന് നടത്തുമ്പോഴും കെ.എസ്.ആർ.ടി.സി. നഷ്ടത്തിൽ വരുവാനുള്ള കാരണങ്ങളിൽ ചിലത്. കൂടാതെ സാങ്കേതികവിദ്യയുടെ അഭാവം, ബൾക്ക് ഡേറ്റ അനാലിസിസ് സാദ്ധ്യമാകാത്തത് ആധുനിക ബസ്സുകൾ വാങ്ങുന്നതിന് സാമ്പത്തിക ബുദ്ധിമുട്ട്, കടുത്ത സാമ്പത്തിക ബുദ്ധിമുട്ടിൽ സ്പെയർ പാർട്ട്സ്, ഡീസൽ, ശമ്പളം എന്നിവ കൃത്യമായി നൽകുവാൻ കഴിയാത്ത അവസ്ഥയും അതൃപ്തിയും അടക്കം മറ്റ് കാരണങ്ങളും ഇതിനൊക്കെ കാരണമാകുന്നു. ഇവ ഒരു പരിധി വരെ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതടക്കം വിഷയങ്ങൾ പ്രൊഫ. സുശീൽ ഖന്ന പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഏറ്റവും പ്രധാന കാരണം ജീവനക്കാരുടെ കുറഞ്ഞ ഉത്പാദനക്ഷമതയും കുറഞ്ഞ Bus utilisation-നുമാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ Bus to staff ratio, സർക്കാർ ജീവനക്കാരുടെ തുല്യമായ ശമ്പളം, പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകിയിട്ടും ആണ് ഇത് സംഭവിക്കുന്നത്. ഇതിനായി Motor Transport Workers Act, 1961 അനുസരിച്ചുള്ള single duty system നടപ്പാക്കുകയാണ് പരിഹാരം ഇത് ജീവനക്കാർ എതിർക്കുകയാണ്.

കെ.എസ്.ആർ.ടി.സി.-യുടെ ജൂലൈ മാസത്തെ വരുമാനം 186 കോടി രൂപയും ചെലവ് 285 കോടി രൂപയുമാണ്. വരവും ചെലവും തമ്മിലുള്ള അന്തരം 99 കോടി രൂപയാണ്.

(സി) നിലവിലുള്ള സർവീസുകൾ ലാഭകരമാക്കുന്നതിനും കൂടുതൽ സർവീസുകൾ ആരംഭിക്കുന്നതിനും ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിലുള്ള സർവ്വീസുകൾ ലാഭകരമാക്കുന്നതിനും കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിനും ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുന്നതിനുമായി നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രതിവാഹന ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയിൽ എത്തിക്കുന്നതിന് ശ്രമങ്ങൾ നടന്നുവരുന്നു. അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ സിംഗിൾ ഡ്യൂട്ടികളും 12 മണിക്കൂർ സ്പ്രെഡ് ഡ്യൂട്ടികളും മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ക്രമീകരിച്ചുവരുന്നു. ഇപ്രകാരം സർവ്വീസ് ക്രമീകരിച്ചതിൽ സർവ്വീസുകളുടെ ഓപ്റ്റിമൈസേഷൻ സാധ്യമാവുകയും തദ്വാര ബസ് ഇ.പി.കെ.എം. വർദ്ധിക്കുകയും ബസ് സ്റ്റാഫ് റേഷ്യോ കുറയുകയും ചെയ്യും. നിലവിൽ 72 സിംഗിൾ ഡ്യൂട്ടികളും 1300 എണ്ണം 12 മണിക്കൂർ സ്പ്രെഡ് ഡ്യൂട്ടികളും നടത്തിവരുന്നുണ്ട്.

സാങ്കേതികവിദ്യയുടെ സഹായത്താൽ എല്ലാ യൂണിറ്റുകളുടേയും ട്രിപ്പ്‌വൈസ് കളക്ഷൻ പരിശോധിച്ച് ഡീസൽ തുകപോലും ലഭിക്കാത്ത ഡെഡ് ട്രിപ്പുകളുടെ എണ്ണത്തിൽ കുറവ് വരുത്തുവാൻ കഴിഞ്ഞു.

ഇത്തരത്തിൽ സമഗ്രമായ പഠനത്തിന്റെ വെളിച്ചത്തിൽ സിറ്റി ഷട്ടിൽ സർവ്വീസുകൾ ആരംഭിച്ചു. കൂടുതൽ സ്ഥല സൗകര്യവും സൗകര്യപ്രദമായ വാതിലുകളും ഉയരം കുറഞ്ഞ പ്ലാറ്റ്ഫോമും ഉള്ള ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ചതിനാൽ കൂടുതൽ യാത്രക്കാർ ടി ബസ്സുകളെ ആശ്രയിക്കുകയും മറ്റ് ബസ്സുകൾ ഒറ്റപ്പെട്ട ഗ്രാമീണ റൂട്ടുകളിൽ ഉപയോഗിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

അനാവശ്യമായി യാത്രക്കാരില്ലാതെ റിട്ടേൺ ഡെഡ് ട്രിപ്പുകൾ കുറയ്ക്കുന്നതിനും യാത്രക്കാരുടെ സൗകര്യത്തിനുമായി സിറ്റി റേഡിയൽ സർവ്വീസ് ആരംഭിച്ചു. സിറ്റിക്ക് വെളിയിലുള്ള രണ്ട് പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുക വഴി യാത്രക്കാർക്ക് ഇറങ്ങി കയറുന്നത് ഒഴിവാക്കുകയും യാത്രക്കാർ കൂടുതലായി ഇത്തരം ബസ്സുകളെ ആശ്രയിക്കുകയും ചെയ്തതിനാൽ കട്ട് ട്രിപ്പുകൾ സിറ്റിയിലേയ്ക്ക് നടത്തിയിരുന്ന ബസ്സുകളുടെ എണ്ണം കുറയ്ക്കുവാനും തദ്വാര അനാവശ്യ ഗതാഗത കുരുക്കും ചെലവും അന്തരീക്ഷ മലിനീകരണം ഒഴിവാക്കുന്നതിനും കഴിഞ്ഞു.

ദീർഘദൂര സർവ്വീസുകളുടെ ക്രോണോളജി പരിശോധിച്ച് അനാവശ്യ സർവ്വീസുകൾ കുറയ്ക്കുകയും കൃത്യമായി ആവശ്യാനുസരണം സർവ്വീസുകൾ ക്രമീകരിക്കുകയും ചെയ്തതിൽനിന്നും എല്ലാ സൂപ്പർ ക്ലാസ് ബസ്സുകളുടേയും യാത്രക്കാർ വർദ്ധിക്കുകയും അനാവശ്യ ബസ്സുകളും കിലോമീറ്ററും കുറയ്ക്കുകയും തദ്വാര ഡീസൽ ഉപയോഗം കുറയ്ക്കുകയും ചെയ്തു. ഒരു ദിവസം 8 മണിക്കൂർ സ്റ്റിയറിംഗ് സമയം ഒരു ഡ്യൂട്ടിയായി കണക്കാക്കുന്ന സിംഗിൾ ഡ്യൂട്ടി സമ്പ്രദായം പ്രാരംഭ ഘട്ടത്തിൽ വളരെയധികം വരുമാനക്കുറവുള്ള സർവ്വീസുകളിൽ ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്. ദീർഘദൂര സർവ്വീസുകളിലും അന്തർസംസ്ഥാന സർവ്വീസുകളിലും കൂടുതൽ പഠനം നടത്തി ക്രൂ ചെയ്ഞ്ച് ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം ഏർപ്പെടുത്തുന്നതുൾപ്പെടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇപ്രകാരം ജീവനക്കാരുടെ ഉപയോഗം കൂട്ടുവാൻ കഴിയും. കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ള ഫ്ലീറ്റുകളുടെ ഉപയോഗം 71%-ൽ നിന്നും 95 ശതമാനത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്ക് നടപടികൾ സ്വീകരിച്ചുവരുന്നു. യാത്രക്കാരുടെ ഡിമാന്റ് പരിശോധിച്ച് "ഒറിജിൻ-ഡെസ്റ്റിനേഷൻ" പൈലറ്റ് സ്റ്റഡി നടത്തി ഡിമാന്റനുസരിച്ച് പരീക്ഷണാർത്ഥം നെയ്യാറ്റിൻകര – തിരുവനന്തപുരം റൂട്ടിലും എറണാകുളം – തിരുവനന്തപുരം റൂട്ടിലും നോൺ സ്റ്റോപ്പ്, ലിമിറ്റഡ് സ്റ്റോപ്പ്

സർവ്വീസുകൾ ആരംഭിച്ചതിൽ നിലവിലെ യാത്രക്കാരുടെ എണ്ണം വർദ്ധിക്കുകയുണ്ടായി. ഇത്തരം പഠനം നടത്തി കൂടുതൽ നോൺ സ്റ്റോപ്പ് ഡ്രൈവർ-കം-കണ്ടക്ടർ സർവ്വീസുകൾ ആരംഭിക്കുന്നതുവഴി ബസ്സുകളുടെയും ജീവനക്കാരുടെയും ഉപയോഗം വർദ്ധിപ്പിക്കുവാൻ കഴിയും. ചെലവ് ചുരുക്കി വരുമാനം വർദ്ധിപ്പിക്കുവാൻ നിലവിൽ കഴിഞ്ഞിട്ടുണ്ട്. നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ ട്രാവൽ ഡിമാന്റ് ലൊക്കേഷൻ ട്രാക്കിംഗ് എന്നിവ കണ്ടെത്തുന്നതിന് ആധുനിക ഇ.റ്റി.എം., വി.എൽ.റ്റി.ഡി. എന്നിവ ബസ്സുകളിൽ സ്ഥാപിക്കുക വഴി റൂട്ട് റാഷണലൈസേഷൻ കൂടുതൽ മെച്ചപ്പെടുകയും ഡേറ്റാ അനാലിസിസ് നടത്തുന്നതിന് സഹായകരമാവുകയും ചെയ്യും. ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സഹായം ലഭ്യമാക്കുന്നതിനും DIMTS എന്ന സ്ഥാപനത്തെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയോഗിക്കുകയും പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഇത്തരത്തിൽ ഡാറ്റാ പ്രോസസ്സിംഗ് പൂർത്തിയാകുന്നതോടെ വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ റൂട്ടുകൾ പുനഃക്രമീകരിക്കുകയും ട്രിപ്പുകൾ കാര്യക്ഷമമാക്കുകയും നോൺ സ്റ്റോപ്പ് ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ കൂടുതൽ ആരംഭിച്ച് ജനോപകാരപ്രദമായും ജനാഭിലാഷം അനുസരിച്ചും ചെലവ് കുറച്ച് കാര്യക്ഷമമായി ഓപ്പറേഷൻ കൂടുതൽ സാധ്യമാക്കും. ഇതിനുള്ള പദ്ധതികൾ നടന്നുവരികയാണ്.

യൂണിറ്റുകളിലെ നിലവിലെ സർവ്വീസുകളുടേയും ഭാവി സാധ്യതകൾ പരിഗണിച്ച് ദൈനംദിന വരുമാന ലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരവും പുതുക്കിയ സേവന വേതന കരാർ പ്രകാരവും മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്റ്റ് 1961 അനുസരിച്ചും ഷെഡ്യൂൾ പരിഷ്കരണം നടപ്പാക്കിയും ജീവനക്കാരുടെ ഉപയോഗം കാര്യക്ഷമമാക്കിയും കൂടുതൽ സർവ്വീസുകൾ തുടങ്ങുന്നതിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതാണ്. ഷെഡ്യൂൾ ഒപ്റ്റിമൈസേഷനിലൂടെ അധികംവരുന്ന ബസ്സുകൾ യൂണിറ്റുകൾക്ക് നൽകിയും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് വഴി ലഭിക്കുന്ന ആധുനിക ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുമ്പോൾ ലഭിക്കുന്ന അധിക വരുമാനവും കൂടാതെ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ക്രൂ ലഭ്യമാകുന്നതിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് ഒഴിവാകുന്ന ജീവനക്കാരെ ഉപയോഗിച്ച് പുതിയ അധിക സർവ്വീസ് നടത്തിയും ആദ്യഘട്ടത്തിൽ പ്രതിമാസ വരുമാനം 8 കോടി രൂപയിൽ എത്തിക്കുകയും ക്രമാനുഗതമായി പ്രതിദിന വരുമാനം 10 കോടി രൂപയിൽ എത്തിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി ആവശ്യമായ സാങ്കേതിക സഹായവും നടപടികളും ദ്രുതഗതിയിൽ നടന്നുവരുന്നു.

(ഡി) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും പെൻഷൻകാർക്കും സമയബന്ധിതമായി ശമ്പളവും പെൻഷനും നൽകാൻ സ്വീകരിച്ചനടപടികൾ വിശദമാക്കാമോ?

കോവിഡ് മഹാമാരിക്കുശേഷം കെ.എസ്.ആർ.ടി.സി. പരമാവധി സർവ്വീസുകൾ നടത്തിയും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ചും പ്രതിദിന വരുമാനം 6 കോടി രൂപയോളം സമാഹരിക്കാൻ കഴിയുന്നുണ്ടെങ്കിലും വിവിധ കാരണങ്ങളാൽ വരുമാനത്തേക്കാൾ ചെലവേറി വരുന്നതിനാലാണ് ജീവനക്കാർക്ക് സമയബന്ധിതമായി ശമ്പളം ഒരു നിശ്ചിത തീയതിയിൽ നൽകാൻ കഴിയാതിരിക്കുന്നത്. എന്നിരുന്നാലും സർക്കാർ ധനസഹായത്തിനുപുറമെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽനിന്നും ഓവർഡ്രാഫ്റ്റ് വായ്പകൂടി ലഭ്യമാക്കി വലിയ കാലതാമസം വരുത്താതെ ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യാൻ ശ്രമിക്കുന്നുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് സ്വന്തം വരുമാനത്തിൽനിന്നും പെൻഷൻ നൽകാൻ കഴിയാതെ വന്നതോടെ, സഹകരണ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ മുടക്കം കൂടാതെ വിതരണം ചെയ്യുന്നുണ്ട്.

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം 2022 ജൂൺ മാസം വരെയും പെൻഷൻ 2022 ജൂൺ മാസം വരെയും വിതരണം ചെയ്തിട്ടുണ്ട്. ജൂലൈ, ആഗസ്റ്റ് മാസത്തെ ശമ്പള വിതരണത്തിന് അടിയന്തരനടപടി സ്വീകരിച്ചുവരുന്നു. ജൂലൈ മുതൽ പെൻഷൻ വിതരണത്തിന് സഹകരണ രജിസ്ട്രാറുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

**നെൽകൃഷിയുടെ വ്യാപനവും ഉല്പാദന വർദ്ധനവും**

27 (*147) ശ്രീ. മുരളി പെരുനെല്ലി:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. എ. പ്രഭാകരൻ:
ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാന സർക്കാർ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും കിലോഗ്രാമിന് 28.20 രൂപ നിരക്കിൽ കർഷകരിൽനിന്നും സംഭരിക്കുന്നുണ്ട്. 2021-22 സാമ്പത്തിക വർഷം

7.484 ലക്ഷം മെട്രിക് ടൺ നെല്ല് കിലോഗ്രാമിന് 28 രൂപ നിരക്കിൽ സംഭരിച്ചിട്ടുണ്ട്. വിലയും വിപണിയും ഉറപ്പായതിനാൽ കൂടുതൽ കർഷകരെ ഇതുവഴി നെൽകൃഷിയിലേയ്ക്ക് ആകർഷിക്കുവാൻ സാധ്യമായിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ "നെൽകൃഷി വികസന പദ്ധതി"-യിൽ ഉൾപ്പെടുത്തി നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കാനും സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാനും വേണ്ടിയുള്ള വിവിധ ഘടകപദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം-1* ആയി ചേർക്കുന്നു.

(ബി) 2018 മുതലുള്ള പ്രളയത്തിലും വെള്ളപ്പൊക്കത്തിലും നെൽകൃഷിക്കുണ്ടായിട്ടുള്ള കനത്ത നാശനഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉണ്ട്. നെൽകൃഷിക്കുണ്ടായ നാശനഷ്ടങ്ങളുടെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധം-2* ആയി ചേർക്കുന്നു.

(സി) പ്രളയംമൂലം നെൽകൃഷിക്ക് നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ള കർഷകർക്ക് സമയബന്ധിതമായി ധനസഹായം ലഭ്യമാക്കുന്നതിന് നാളിതുവരെ നടത്തിയ ഇടപെടലുകളുടെ പുരോഗതി വ്യക്തമാക്കാമോ?

പ്രളയംമൂലമുണ്ടായ കൃഷി നാശത്തിന് സംസ്ഥാന കൃഷി വകുപ്പ് കേന്ദ്ര മാനദണ്ഡമനുസരിച്ചുള്ള സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നുമുള്ള വിഹിതവും സംസ്ഥാന വിഹിതവും നഷ്ടപരിഹാരമായി നൽകുന്നുണ്ട്. ഇതുകൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് നിശ്ചിത മാനദണ്ഡങ്ങൾക്കും നിരക്കുകൾക്കും വിധേയമായി നഷ്ടപരിഹാരം നൽകുന്നുണ്ട്. കൃഷി വകുപ്പിന്റെ പോർട്ടലായ എയിംസ് മുഖേനയാണ് നഷ്ടപരിഹാരം നൽകുന്നത്. നാശനഷ്ടങ്ങളുടെ കണക്ക് തിട്ടപ്പെടുത്തി അർഹമായ നഷ്ടപരിഹാരം സമയബന്ധിതമായി നേരിട്ട് കർഷകരുടെ അക്കൗണ്ടിലേയ്ക്ക് ലഭ്യമാക്കുന്നതിന് ഇതുമുഖേന സാധിക്കുന്നു.

വിതച്ചനെല്ല് നഷ്ടപ്പെട്ടുപോയ കർഷകർക്ക് വിള വീണ്ടും ഇറക്കുന്നതിനായി പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തരപരിപാടി പദ്ധതിപ്രകാരം നെൽവിത്ത് സൗജന്യമായി നൽകുന്നതിനുള്ള ക്രമീകരണം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി (KSSDA) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. 2022-23 വർഷത്തിൽ നാളിതുവരെ 5.130 MT നെൽവിത്ത് സൗജന്യമായി വിതരണം നടത്തിയിട്ടുണ്ട്. കർഷകരുടെ തുടർന്നുള്ള ആവശ്യകത നിറവേറ്റുന്നതിനായി KSSDA-ൽ 2000.00 MT നെൽവിത്ത് കരുതൽശേഖരമായി സജ്ജമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2022-23 വർഷത്തിൽ നഷ്ടപരിഹാരമായി സംസ്ഥാന സർക്കാർ നൽകിയ തുകയുടെ വിവരങ്ങൾ അനുബന്ധം-3 *ആയി ചേർക്കുന്നു.

(ഡി) വിളനാശംവന്ന കർഷകർക്ക് സാങ്കേതിക കാരണങ്ങളാൽ ധനസഹായം വൈകിക്കാതിരിക്കുന്നതിനും അർഹരായ മുഴുവൻപേർക്കും യഥാസമയം ആയത് വിതരണം ചെയ്യുന്നതിനും നിർദ്ദേശം നൽകുമോ?

വിളനാശം ഉണ്ടാകുന്ന സാഹചര്യത്തിൽ എയിംസ് പോർട്ടൽ മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കുകയും ആയതു പരിശോധിച്ച് അർഹമായ നഷ്ടപരിഹാരം തിട്ടപ്പെടുത്തി കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുകയും ചെയ്യുന്നു. ഈ നടപടിക്രമത്തിൽ സാങ്കേതികമായി കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുന്ന അടിയന്തരസാഹചര്യത്തിൽ നെറ്റ്‌വർക്ക് തകരാറുമൂലം കർഷകർക്ക് സമയബന്ധിതമായി അപേക്ഷിക്കാൻ സാധിക്കാതെ വന്നാൽ ആയതുപരിഗണിച്ച് അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനായി എയിംസ് പോർട്ടലിൽ സമയപരിധി ദീർഘിപ്പിച്ചു നൽകുന്നുണ്ട്. ധനസഹായ വിതരണം, സമയബന്ധിതമായി സെൻട്രലൈസ്ഡ് ഡയറക്റ്റ് ബെനഫിറ്റ് ട്രാൻസ്ഫർ (CDBT) മുഖേന നേരിട്ട് കർഷകരുടെ അക്കൗണ്ടിലേയ്ക്ക് യഥാസമയം നൽകുന്നുണ്ട്.

(ഇ) കാലം തെറ്റിയ മഴയും പ്രളയവും വെള്ളപ്പൊക്കവും അതിജീവിച്ച് നെൽകൃഷിയിൽ ഏർപ്പെടുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനും ആധുനിക കൃഷിരീതികൾ അവലംബിക്കുന്നതിൽ പ്രാപ്തരാക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ?

കാലം തെറ്റിയ മഴയും പ്രളയവും വെള്ളപ്പൊക്കവും അതിജീവിച്ച് നെൽകൃഷിയിൽ ഏർപ്പെടുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനും പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന വിളനാശത്തിന് നിശ്ചിത നിരക്കുകൾക്കുവിധേയമായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നുമുള്ള വിഹിതവും സംസ്ഥാനവിഹിതവും വിള ഇൻഷ്വറൻസ് നഷ്ടപരിഹാരവും നൽകുന്നുണ്ട്. കൂടാതെ പ്രകൃതിക്ഷോഭംമൂലം വിതച്ച നെല്ല് നഷ്ടമാകുന്ന സാഹചര്യത്തിൽ വീണ്ടും വിതയ്ക്കുന്നതിനായി സംസ്ഥാന വിത്ത് വിതരണ ഏജൻസിയുടെ കരുതൽ ശേഖരത്തിൽനിന്നും നെൽവിത്ത് സൗജന്യമായി കർഷകർക്ക് നൽകുന്നു. മടവീഴ്ച ഉണ്ടാകുന്ന പാടങ്ങളിലെ മട പുനർനിർമ്മിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്നുമുള്ള (SDRF) ആനുകൂല്യം ജില്ലാ കളക്ടർ മുഖേന ലഭ്യമാക്കുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടാതെ, കർഷകർ വയലുകൾ തരിശിടുന്നത് ഒഴിവാക്കി, നെൽകൃഷി തുടരുന്നത് പരമാവധി പ്രോൽസാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. കൃഷിഭവനുകൾ മുഖാന്തരം അത്യുല്പാദന ശേഷിയുള്ള ഹ്രസ്വകാല മൂപ്പുള്ള നെൽവിത്ത്, ഗുണമേന്മയുള്ള മറ്റ് ഉല്പാദനോപാധികൾ എന്നിവ ലഭ്യമാക്കുകയും ശാസ്ത്രീയ കൃഷിരീതികൾ അവലംബിക്കുന്നതിനുവേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ നെൽകൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം നൽകുക, കൊയ്ത്ത്മെതിയന്ത്രം മുതലായവ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുമുള്ള നടപടികളും കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. നെൽകർഷകർക്ക് ലഭിക്കുന്ന വിവിധ ആനുകൂല്യങ്ങളുടെ വിവരങ്ങൾ അനുബന്ധം-4* ആയി ചേർത്തിരിക്കുന്നു.

**ഉന്നത വിദ്യാഭ്യാസ മേഖലയുടെ നവീകരണത്തിന് പ്രത്യേക കർമ്മപദ്ധതി**

28 (*148) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസരംഗം പരിഷ്കരിക്കുന്നതിന് സർക്കാർ നിയോഗിച്ച സമിതികൾ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിർദേശങ്ങളിലൂടെ സർവ്വകലാശാലകളുടെ പ്രവർത്തനങ്ങളിലും പരീക്ഷാരീതികളിലും കൊണ്ടുവരാനുദ്ദേശിക്കുന്ന മാറ്റങ്ങൾ വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. റിപ്പോർട്ടുകളുടെ പൂർണ്ണരൂപം കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെയും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റേയും വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഉന്നത വിദ്യാഭ്യാസ മേഖലയെ കാലത്തിനൊത്ത് നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും പ്രത്യേക കർമപദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉന്നത വിദ്യാഭ്യാസ മേഖലയെ കാലത്തിനൊത്ത് നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് സർക്കാർ ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, സർവ്വകലാശാല നിയമ പരിഷ്കരണ കമ്മീഷൻ, പരീക്ഷാ പരിഷ്കരണ കമ്മീഷൻ എന്നിങ്ങനെ 3 കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷനുകൾ സമർപ്പിച്ച റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) സംസ്ഥാനത്ത് വിവിധ വിഷയങ്ങളിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികളുടെ ഗവേഷണ നിലവാരം ഉയർത്തുന്നതിനും പ്രസ്തുത ഗവേഷണ ഫലങ്ങൾ സംസ്ഥാനത്തിന്റെ പുരോഗതിക്കുവേണ്ടി ഉപയോഗിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഗവേഷണ കോഴ്സുകളായ എം.ഫിൽ/പി.എച്ച്.ഡി എന്നിവ സംബന്ധിച്ചുള്ള അക്കാദമികവും മറ്റുമായ കാര്യങ്ങൾ UGC (Minimum Standards and Procedure for Award of M.Phil/Ph.D Degrees) Regulations 2016-ന് അനുസൃതമായിരിക്കണം എന്നതിന്റെ അടിസ്ഥാനത്തിലാണ് സർവ്വകലാശാലകൾ ഗവേഷണ കോഴ്സുകളുടെ നടത്തിപ്പും ആധുനികവത്ക്കരണവും സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള ചില പ്രത്യേക പദ്ധതികൾ ചുവടെ കൊടുക്കുന്നു:

1. <u>ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്ററുകൾ</u>:-

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗവേഷണ കണ്ടെത്തലുകൾ നാടിന്റെ ഉല്പാദന മേഖലയ്ക്ക് ഗുണകരമാകുന്നതരത്തിൽ ഉപയോഗിക്കപ്പെടണം. അക്കാദമിക് വൃത്തത്തിൽ ചുരുങ്ങി നിൽക്കാതെ പ്രായോഗിക ജീവിതത്തിന് ഗുണപ്പെടുന്ന തരത്തിൽ ഉന്നത വിദ്യാഭ്യാസ മേഖല മാറണം. അതിനായി ട്രാൻസ്‌ലേഷണൽ ലാബുകളും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന ഇൻകുബേഷൻ കേന്ദ്രങ്ങളും കൂടുതൽ ആരംഭിക്കണം. വിജ്ഞാന സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുവാനും അതുവഴി സംസ്ഥാനത്തിന്റെ മൂല്യവർദ്ധിത ഉല്പാദനവും ആഭ്യന്തര വരുമാനവും വർദ്ധിപ്പിക്കുവാനും കഴിയണം. ഇതിനുതകുന്ന രീതിയിൽ കേരളത്തിലെ സർവ്വകലാശാല കാമ്പസ്സുകളിൽ ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്ററുകൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഈ സെന്ററുകളോട് ചേർന്ന് സ്റ്റാർട്ട് അപ്പ്, ഇൻകുബേഷൻ സെന്ററുകൾ സജ്ജമാക്കുന്നതിനായി കേരള, കാലിക്കറ്റ്, എം.ജി, കണ്ണൂർ, കുസാറ്റ്, ഫിഷറീസ്, മെഡിക്കൽ, ടെക്നിക്കൽ, വെറ്ററിനറി, അഗ്രികൾച്ചർ സർവ്വകലാശാലകൾക്ക് 20 കോടി രൂപ വീതം ആകെ 200 കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കാൻ 2022-23 ബഡ്ജറ്റിൽ ശിപാർശ ചെയ്തിട്ടുണ്ട്.

2. <u>സെന്റേഴ്സ് ഓഫ് എക്സലൻസ്</u>:-

സർവ്വകലാശാലകൾക്കുള്ളിൽ സെന്റേഴ്സ് ഓഫ് എക്സലൻസ് സ്ഥാപിക്കുന്ന പദ്ധതി. ചുവടെപ്പറയുന്ന സെന്റേഴ്സ് ഓഫ് എക്സലൻസിനുള്ള നടപടികൾ പുരോഗമിക്കുന്നു:

1. കണ്ണൂർ ഇരിട്ടിയിലെ സെന്റർ ഓഫ് എക്സലൻസ് ഇൻ ആയൂർവ്വേദിക് റിസർച്ച്, മാനുസ്ക്രിപ്റ്റ് മ്യൂസിയം, മെഡിസിനൽ പ്ലാൻസ് ഗാർഡൻ.
2. സെന്റർ ഓഫ് എക്സലൻസ് ആയ സ്കൂൾ ഓഫ് മാത്തമാറ്റിക്സ്, കോഴിക്കോട്.
3. കേരള സർവ്വകലാശാല ക്യാമ്പസിൽ താണു പത്മനാഭൻ സെന്റർ ഓഫ് എക്സലൻസ് ഇൻ അസ്ട്രോണമി ആന്റ് ആസ്ട്രോഫിസിക്സ്.
4. കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂറോഡീജനറേഷൻ ആന്റ് ബ്രെയിൻ ഹെൽത്ത്.
5. വയനാട് കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് സർവ്വകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ വൺ ഹെൽത്ത്, വെസ്റ്റേൺ ഘട്ട്സ് ബയോഡൈവേഴ്സിറ്റി, ഹ്യൂമൺ-വൈൽഡ് ലൈഫ് ഇന്റർഫെയിസ് ആന്റ് സൂവോനോട്ടിക് ഡിസീസസ്.
6. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി.

3. <u>ഇ-ജേർണൽ കൺസോർഷ്യം</u>:

സർവ്വകലാശാലകൾക്ക് യു.ജി.സി. സൗജന്യമായി നൽകിവന്നിരുന്ന ഈ-ജേർണൽ പദ്ധതി (UGC INFLIBNET) നിർത്തലാക്കിയ സാഹചര്യത്തിൽ, സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും/ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഈ-ജേർണൽ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിന് സംസ്ഥാനതല ഈ-ജേർണൽ കൺസോർഷ്യം (State Level E-Journal Consortium). പ്രവർത്തനക്ഷമമാണ്. പ്രമുഖ പ്രസാധകരായ എൽസെവിയർ, Knimbus എന്നിവരുമായി പ്രവർത്തന കരാർ നിലവിൽ വന്നുകഴിഞ്ഞു. എൽസെവിയർ ഗ്രൂപ്പിന്റെ പ്രസിദ്ധീകരണങ്ങളായ സയൻസ് ഡയറക്ടും സ്കോപ്പസും ഇതിലുൾപ്പെടും.

4. ബ്രെയിൻ ഗെയിൻ:-

കേരളത്തിന് പുറത്ത് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന മലയാളികളായ പ്രഗത്ഭ വ്യക്തികളുടെ വിജ്ഞാന സമ്പത്ത് സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതി. Building Up Database of the Keralite – Academic Diaspora around the Globe എന്ന പേരിലാണ് ഈ പ്രോജക്ട് നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക, ഗവേഷണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് ഇത് ഏറെ സഹായകരമായിരിക്കും. ആദ്യഘട്ടത്തിൽ എം.ജി, KVASU, തോന്നക്കലിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളാണ് ഈ പദ്ധതിയിൽ ഭാഗമാക്കാവുന്നത്.

5. എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം:

സംസ്ഥാനത്തെ സർവ്വകലാശാലകളിലെയും കോളേജുകളിലെയും അക്കാദമിക് സമൂഹത്തിന് നൊബേൽ ജേതാക്കളടക്കമുള്ള അക്കാദമിക് വിദഗ്ധരുമായി ആശയവിനിമയം നടത്തുന്നതിനും അതിലൂടെ അക്കാദമിക് നെറ്റ്‌വർക്ക് വികസിപ്പിക്കുന്നതിനുംകൂടിയാണ് എറുഡൈറ്റ് സ്കോളർ ഇൻ റസിഡൻസ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

ഇത്തരത്തിൽ സംസ്ഥാനം സന്ദർശിച്ച 330 ഓളം എറുഡൈറ്റ് സ്കോളറുമായി ചേർന്ന് നിരവധി അക്കാദമിക പ്രോജക്ടുകളും പ്രബന്ധങ്ങളും സംസ്ഥാനത്തെ സർവ്വകലാശാല/കോളേജ് അദ്ധ്യാപകരും ഗവേഷകരും തയ്യാറാക്കിയിട്ടുണ്ട്. ഇത് കൂടാതെ നിരവധി അദ്ധ്യാപകർക്കും ഗവേഷകർക്കും വിദേശ സർവ്വകലാശാലകളും ഗവേഷണ സ്ഥാപനങ്ങളും സന്ദർശിക്കാനും /സഹകരിക്കാനും അവസരമുണ്ടായി.

6. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്:-

ജ്ഞാനോത്പാദനമേഖലയിൽ വമ്പിച്ച നിക്ഷേപത്തിന് തയ്യാറെടുക്കുന്നതിന്റെ ഭാഗമായി റീബിൽഡ് കേരളയുമായി ബന്ധപ്പെട്ടുള്ള വിഷയാനന്തര ഗവേഷണത്തിനായി മുഖ്യമന്ത്രിയുടെ അഞ്ഞൂറ് പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ പത്തോളം വിശാല വിജ്ഞാന മേഖലയിൽ 77 ഫെലോഷിപ്പുകൾ വിതരണം ചെയ്തുകഴിഞ്ഞു. അഞ്ച് വർഷംകൊണ്ട് 500 ഫെലോഷിപ്പുകൾ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ആദ്യവർഷം പ്രതിമാസം 50,000 രൂപയും രണ്ടാം വർഷം പ്രതിമാസം 1 ലക്ഷം രൂപയുമാണ് ഫെലോഷിപ്പ് തുക.

**പുനർഗേഹം പദ്ധതി**

29 (*149) ശ്രീ. തോമസ് കെ. തോമസ്:

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് പുനർഗേഹം പദ്ധതി പ്രകാരം ലഭിക്കുന്ന 10 ലക്ഷം രൂപ ഭൂമി വാങ്ങാനും വീട് നിർമ്മിക്കുവാനും അപര്യാപ്തമാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വാങ്ങുന്ന ഭൂമി ബാങ്കിൽ പണയപ്പെടുത്തി വായ്പ എടുത്ത് വീട് നിർമ്മിക്കാൻ മത്സ്യത്തൊഴിലാളികളെ സഹായിക്കുമോയെന്ന് വ്യക്തമാക്കുമോ?

പുനർഗേഹം പദ്ധതി പ്രകാരം സുരക്ഷിതമേഖലയിൽ 2 മുതൽ 3 സെന്റ് വരെ ഭൂമി വാങ്ങി 400 സ്ക്വയർഫീറ്റിൽ കുറയാത്ത ഭവനം നിർമ്മിക്കുന്നതിനായി 10 ലക്ഷം രൂപയാണ് ധനസഹായമായി അനുവദിക്കുന്നത്. ലൈഫ് അടക്കമുള്ള സർക്കാരിന്റെ മറ്റിതര ഭവന പദ്ധതികൾക്ക് സമമായി പുനർഗേഹം പദ്ധതിയിലും ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഭൂമി വാങ്ങുന്നതിനായി അനുവദിക്കാവുന്ന പരമാവധി തുക 6 ലക്ഷം രൂപയാണ്. 6 ലക്ഷം രൂപയിൽ കുറഞ്ഞ തുകയാണ് ഭൂമി വാങ്ങുന്നതിനായി ചെലവാകുന്നതെങ്കിൽ ഭൂമിക്കായി നീക്കിവച്ച 6 ലക്ഷം രൂപയിൽ ബാക്കിനിൽക്കുന്ന തുകകൂടി 4 ലക്ഷം രൂപയോട് ചേർത്ത് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കുവാൻ പുനർഗേഹം പദ്ധതിയിൽ സാധിക്കും. കൂടാതെ പദ്ധതിപ്രകാരം ഭൂമി രജിസ്റ്റർ ചെയ്യുമ്പോൾ രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും ഒഴിവാക്കി നൽകിയതിനാൽ ഈ വകയിൽ ചെലവഴിക്കേണ്ടിവരുന്ന തുകകൂടി ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്. കടലാക്രമണ ഭീഷണിയിൽ വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നവർക്ക് സുരക്ഷിത മേഖലയിൽ ഭവനമൊരുക്കി ജീവനും സ്വത്തിനും സംരക്ഷണമേകുന്ന രാജ്യത്തെ ആദ്യത്തെ മാതൃകാ പുനരധിവാസ പദ്ധതിയാണ് പുനർഗേഹം. ഇത്തരത്തിൽ സുരക്ഷിത ഭവനം ഒരുക്കുന്ന പദ്ധതിപ്രകാരം വാങ്ങുന്ന ഭൂമി ബാങ്കിൽ പണയപ്പെടുത്തി വായ്പ എടുക്കുന്നത് മത്സ്യത്തൊഴിലാളികളെ ഋണബാധ്യതയിലേയ്ക്ക് കൊണ്ടെത്തിച്ചേക്കാം. തീരദേശ ജനതയുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനംകൂടിയാണ് പദ്ധതിയുടെ പരോക്ഷ ലക്ഷ്യം. തീരദേശജനതയ്ക്ക് സുരക്ഷിത ഭവനം സന്തുഷ്ടതീരമെന്ന സങ്കല്പത്തിലൂന്നി നടപ്പിലാക്കുന്ന പദ്ധതിയുടെ ലക്ഷ്യ വ്യതിയാനത്തിനും ഇത് കാരണമായേക്കാം.

(ബി) പുനർഗേഹം പദ്ധതിപ്രകാരം മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

തുക വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(സി) മത്സ്യത്തൊഴിലാളികൾക്ക് പുനർഗേഹം പദ്ധതിപ്രകാരം ലൈഫ് മാതൃകയിൽ വീട് നിർമ്മിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ പുനർഗേഹം പദ്ധതിപ്രകാരം ഗുണഭോക്താവ് കണ്ടെത്തുന്ന ഭൂമിയിൽ വ്യക്തിഗത ഭവന നിർമ്മാണത്തോടൊപ്പം ലഭ്യമാകുന്ന സർക്കാർ/സ്വകാര്യ ഭൂമി ഏറ്റെടുത്ത് ആയതിൽ ഭവന സമുച്ചയങ്ങൾ നിർമ്മിച്ചും പുനരധിവാസം ഉറപ്പുവരുത്തുന്നു. അപ്രകാരം നിർമ്മാണം പൂർത്തീകരിച്ച 276 ഫ്ലാറ്റുകൾ ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 342 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. കൂടാതെ 556 ഫ്ലാറ്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ വിവിധ ഘട്ടങ്ങളിലുമാണ്.

**പഴം, പച്ചക്കറികളുടെ സ്വയംപര്യാപ്തതയ്ക്ക് പ്രത്യേക പദ്ധതി**

30 (*150) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക സ്വയംപര്യാപ്തത കൈവരിക്കാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ കാർഷിക സ്വയംപര്യാപ്തമാക്കുവാൻ ഉദ്ദേശിച്ച് കൃഷി വകുപ്പ് ദീർഘകാലാടിസ്ഥാനത്തിലും പുതിയതുമായ പല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കാർഷിക മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും നല്ല ഭക്ഷണം ഉറപ്പുവരുത്തുന്നതിനും എല്ലാ കുടുംബങ്ങളെയും കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ജനകീയ തുടർപദ്ധതിയാണ് "ഞങ്ങളും കൃഷിയിലേയ്ക്ക്".

പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും ഉല്പാദനത്തിൽ കുടുംബങ്ങൾ കേന്ദ്രീകൃതമായ കൃഷിയിലൂടെ സ്വയംപര്യാപ്തതയും പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന കൃഷിക്കൂട്ടങ്ങളിലൂടെ പ്രാദേശികമായ ഉല്പാദന വർദ്ധനവും സാമ്പത്തിക സ്വയംപര്യാപ്തതയും ലക്ഷ്യമിടുന്നു. ഉല്പാദന സേവന വിപണന മൂല്യവർദ്ധന മേഖലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ഉണ്ടാകുന്ന കൃഷിക്കൂട്ടങ്ങൾ ഉല്പാദന വർദ്ധനവിനും അതുവഴി കാർഷിക മേഖലയിലെ വൈവിധ്യ

വത്കരണത്തിനും വഴിതെളിക്കുന്നു. ഈ കൃഷിക്കൂട്ടങ്ങളുടെ 80% ഉല്പാദന മേഖലയിലും 20% സേവന വിപണന മൂല്യവർദ്ധന മേഖലയിലും ഉണ്ടാകുന്നതോടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുക, മൂല്യവർദ്ധന ഉല്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുക, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക, കാർഷിക മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളും കൈവരിക്കുന്നതിന് സാധിക്കുന്നു. തരിശുഭൂമികൾ മുഴുവനും യന്ത്രവത്കരണത്തിലൂടെയും സേവന മേഖലയിലെ കൃഷിക്കൂട്ടങ്ങളുടെ ഇടപെടലുകളിലൂടെയും കൃഷിയോഗ്യമാക്കുന്നതോടെ കേരളത്തിലെ കാർഷിക മേഖല യുവാക്കളേയും പ്രവാസികളേയും സ്ത്രീകളേയും ആകർഷിക്കുന്ന തൊഴിൽ മേഖലയായി മാറും.

അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടുമുറ്റത്തും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കുന്നതോടൊപ്പം വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരേയും പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. പദ്ധതിയിലൂടെ കർഷകർക്ക് കൃഷിക്കാവശ്യമായ വിത്ത് മുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തിവരുന്നു. ഓണക്കാലത്ത് വിഷരഹിത പച്ചക്കറി ഉല്പാദിപ്പിക്കുന്നതിനായി "ഓണത്തിന് ഒരു മുറം പച്ചക്കറി" പദ്ധതിയും നടപ്പിലാക്കിവരുന്നു. സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി, ലംബകൃഷി (വെർട്ടിക്കൽ ഫാമിംഗ്), ഹൈഡ്രോപോണിക്സ് കൃഷി തുടങ്ങിയ കൃഷി രീതികളും പ്രോത്സാഹിപ്പിച്ചുവരുന്നു.

കൂടാതെ വിദ്യാർത്ഥികളിൽ കൃഷി സംസ്കാരവും അഭിരുചിയും പ്രോത്സാഹിപ്പിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 'സ്ഥാപന അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി' എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സ്കൂൾ വളപ്പിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ധനസഹായം നൽകിവരുന്നു. അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ ഇത്തരത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിലൂടെ ഒരു കാർഷിക സംസ്കാരം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുവാനും വിഷരഹിത പച്ചക്കറിയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനും ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിനും കഴിയും. കൃഷി സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള-കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽനിന്നും കൃഷിയിടാധിഷ്ഠിത വികസന സമീപനം ആരംഭിച്ചുകഴിഞ്ഞു. 2022-23 സാമ്പത്തിക വർഷം 10760 ഫാംപ്ലാൻ അധിഷ്ഠിത കൃഷിത്തോട്ടങ്ങൾ സൃഷ്ടിക്കുകയാണ്.

കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുവാനും സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടിയും ഉല്പാദനം, ഉല്പാദനക്ഷമത എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിള കൃഷി, സമ്മിശ്രകൃഷി എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുന്നതിന് സമഗ്രവികസന പദ്ധതിയായ കേരഗ്രാമം, ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിൻ തോട്ടങ്ങളിൽ പയർവർഗ്ഗം, പച്ചിലവളം, പച്ചിലവളപ്രയോഗം, തടം തുറക്കൽ, വളമിടൽ, മറ്റു കൃഷിപ്പണികൾ, കീടരോഗ നിയന്ത്രണ പദ്ധതി (കേര രക്ഷാ വാരം) എന്നിവ ഈ വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്നു.

വ്യാവസായികാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി ധനസഹായം നൽകിവരുന്നു. ഇതുകൂടാതെ ശീതകാല പച്ചക്കറിയിനങ്ങൾ കൃഷി ചെയ്യുന്നതിനായും ധനസഹായം നൽകിവരുന്നു.

പച്ചക്കറികളുടെ ഗുണനിലവാരം പരിശോധിച്ച് വിഷരഹിത പച്ചക്കറികളുടെ ഉപയോഗം ഉറപ്പുവരുത്തുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഒരു ഘടകമായി "സേഫ് ടു ഈറ്റ്" എന്ന പദ്ധതി ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് "ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും" പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിപ്രകാരം ജൈവ കൃഷി പ്രോത്സാഹനം എന്ന ഘടകത്തിൽ പച്ചക്കറി ഉൾപ്പെടെയുള്ള വിവിധ വിളകൾ കൃഷി ചെയ്യുന്ന കർഷകർക്ക് ഒരു ഹെക്ടറിന് 7500 രൂപ നിരക്കിൽ ആനുകൂല്യം നൽകുന്നു. അപ്രകാരം 2780 ഹെക്ടറിൽ ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനായി 208.50 ലക്ഷം രൂപ 2022-23 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

കൃഷി വകുപ്പിന്റെ കാര്യക്ഷമമായ ഇടപെടലിലൂടെ സംസ്ഥാനത്തെ പച്ചക്കറി വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ പച്ചക്കറി വിസ്തൃതി 0.69047 ലക്ഷം ഹെക്ടറും ഉല്പാദനം 10.01 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2021-22 സാമ്പത്തിക വർഷത്തിൽ വിസ്തൃതി 1.08 ലക്ഷം ഹെക്ടറും ഉല്പാദനം 16.01 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്.

കാർഷിക സ്വയംപര്യാപ്തത കൈവരിക്കുന്നതിനുവേണ്ടി ഈ സാമ്പത്തിക വർഷം നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സംയോജിത കൃഷിസമ്പ്രദായ സമീപനത്തിലൂടെ വിളകളുടെ വികസനം
2. ജൈവ കൃഷിയും ഉത്തമ കൃഷി രീതികളും
3. കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി
4. കാർഷിക വിപണനവും വിളവെടുപ്പിനുശേഷമുള്ള പരിപാലനവും
5. വരുമാനം ഉറപ്പാക്കലും നഷ്ടസാദ്ധ്യതാ ലഘൂകരണവും
6. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും ഉല്പാദനോപാധികളുടെ ഗുണനിലവാരം ഉറപ്പുവരുത്തലും
7. മണ്ണിന്റെ ആരോഗ്യപരിപാലനവും ഉല്പാദനക്ഷമത ഉയർത്തലും
8. വിള ആരോഗ്യപരിപാലനം
9. ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായം
10. ഉല്പാദനം, വിപണനം, സംസ്കരണം, വായ്പാ പിന്തുണ, ഇൻഷ്വറൻസ് തുടങ്ങി കൃഷിയുടെ എല്ലാ മേഖലകളിലും കർഷകർക്ക് പരമാവധി സേവനം ലഭ്യമാക്കുന്നതിനായി കൃഷി ഭവനുകളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി കൃഷിഭവനുകളെ 'സ്മാർട്ട് കൃഷി ഭവനുകൾ' ആക്കുവാൻ ഉദ്ദേശിക്കുന്നു.
11. കേന്ദ്ര സർക്കാരിന്റെ ധനസഹായ പദ്ധതികളായ ഹോർട്ടികൾച്ചർ വികസനത്തിനായുള്ള മിഷൻ, രാഷ്ട്രീയ കൃഷി വികാസ് യോജന, നാളികേര വികസന ബോർഡ് പദ്ധതികൾ, പ്രധാൻമന്ത്രി കൃഷി സിഞ്ചായ് യോജന, റെയിൻ ഫെഡ് ഏരിയ ഡെവലപ്മെന്റ് പദ്ധതി, സോയിൽ ഹെൽത്ത് കാർഡ്, നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽ സീഡ്സ്, ആത്മ എന്നീ പദ്ധതികൾ നടപ്പിലാക്കുക മുഖേന കർഷകർക്ക് കൂടുതൽ വരുമാനം ഉറപ്പുവരുത്തുവാനാകുന്നു.

(ബി) തരിശുഭൂമികളിലും തോട്ടങ്ങളുടെ ഒരു ഭാഗത്തും മറ്റ് കൃഷികൾ ചെയ്യുന്നതിന് പ്രോത്സാഹനം നൽകുമോ; എങ്കിൽ വിശദാംശം നൽകുമോ?

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുന്നുണ്ട്. കോവിഡ് മഹാമാരിയുടെ ആഘാതത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്ന കർഷകർക്ക് ഒരു കൈത്താങ്ങായും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനുമാണ് സംസ്ഥാന സർക്കാർ സുഭിക്ഷ കേരളം പദ്ധതി 2020-21 സാമ്പത്തിക വർഷത്തിലും 2021-22 സാമ്പത്തിക വർഷത്തിലും നടപ്പിലാക്കിയത്. തരിശുനിലത്തിൽ കൃഷി ഈ പദ്ധതിയുടെ ഒരു പ്രധാന ഘടകം ആയിരുന്നു. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, പയർവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നീ വിളകളുടെ തരിശുനില കൃഷിക്ക് പ്രോത്സാഹനം നൽകി. കഴിഞ്ഞ ഒരു വർഷത്തിൽ 23,010.29 ഹെക്ടർ തരിശുഭൂമിയിൽ കൃഷി ആരംഭിക്കാൻ സാധിച്ചു.

2022-23-ലെ വാർഷിക പദ്ധതിയിൽ നെൽകൃഷി വികസന പദ്ധതിയിൽ തരിശുനിലങ്ങളിലെ നെൽകൃഷിയുടെ പുനരുജ്ജീവനം ലക്ഷ്യമിട്ട് നെൽകൃഷി വിസ്തൃതി വ്യാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി തരിശുനില നെൽകൃഷിക്ക് പ്രോത്സാഹനം നൽകിവരുന്നു. നിലവിൽ തരിശുനെൽകൃഷിക്കായി 35.000 രൂപ കർഷകനും 5000 രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ സഹായധനമായി ഹെക്ടറൊന്നിനു 40,000 രൂപ നൽകുന്നു. ഇതിനായി 2022-23 സാമ്പത്തിക വർഷത്തിൽ 566 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

റബ്ബർ, കാപ്പി, തേയില എന്നീ പ്രധാന തോട്ടവിളകൾക്കിടയിൽ ഇടവിളക്കൃഷി സാധ്യമാണ്. നടീലിന്റെ ആദ്യ 2 മുതൽ 3 വർഷം വരെ റബ്ബർ തോട്ടങ്ങളിൽ ഇടവിളക്കൃഷി സാധ്യമാണ്. കാപ്പിയുടെ കാര്യത്തിൽ, ഇഞ്ചി, മഞ്ഞൾ, മറ്റ് ഔഷധസസ്യങ്ങൾ, തടിക്കുവേണ്ടി ഉപയോഗപ്പെടുത്താവുന്ന ഇനങ്ങൾ എന്നിവ ഇടവിളയായി കൃഷി ചെയ്യാം.

(സി) പഴം, പച്ചക്കറി മുതലായവയുടെ സ്വയംപര്യാപ്തതയ്ക്ക് പ്രത്യേക പദ്ധതി നടപ്പാക്കുമോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ പഴം, പച്ചക്കറി മുതലായവയുടെ സ്വയംപര്യാപ്തത ഉദ്ദേശിച്ച് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

<u>പച്ചക്കറി കൃഷി വികസന പദ്ധതി</u>

പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, സുരക്ഷിത പച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് സംസ്ഥാനത്ത് പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിവരുന്നത്. 2022-23 വർഷത്തിൽ പച്ചക്കറി വികസന പദ്ധതിക്കായി 7720.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം, സ്ഥാപനങ്ങൾ മുഖേന നൂതന സാങ്കേതികവിദ്യകൾ ഉൾപ്പെടെ ഉപയോഗപ്പെടുത്തിയുള്ള പച്ചക്കറി കൃഷി പ്രോത്സാഹനം, ക്ലസ്റ്റർ സമീപനത്തിലൂടെ പച്ചക്കറി കൃഷിക്ക് സാധ്യതയുള്ള 15 കാർഷിക ആവാസ യൂണിറ്റുകൾ കേന്ദ്രീകരിച്ച് വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി പ്രോത്സാഹനം, വി.എഫ്.പി.സി.കെ. മുഖേന പച്ചക്കറി കൃഷി പ്രോത്സാഹനം, പച്ചക്കറി കൃഷിക്ക് പമ്പുസെറ്റുകൾ ഉൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ, മഴമറ നിർമ്മിക്കൽ, സ്ഥിരം പന്തൽ നിർമ്മിക്കൽ തുടങ്ങിയ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾക്കുള്ള പ്രോത്സാഹനം, കൃഷിവകുപ്പ് കാർഷിക സർവ്വകലാശാല മുഖേന പച്ചക്കറികളിലെ കീടനാശിനി അവശിഷ്ട നിർണ്ണയം എന്നിവയാണ് ഈ പദ്ധതിയിലുൾപ്പെടുന്ന പ്രധാന ഘടകങ്ങൾ.

<u>പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ വികസന പദ്ധതി</u>

സംസ്ഥാനത്ത് 2022-23-ൽ പഴവർഗ്ഗ വികസനത്തിനായി വകയിരുത്തിയിരിക്കുന്ന തുകയിൽ ഗുണനിലവാരമുള്ള നടീൽവസ്തുക്കൾക്കായുള്ള പ്രോജനി പഴത്തോട്ടം, പ്രജനനം, വിസ്തൃതി വികസനം, ജലസേചന സഹായം, ഹാർഡനിംഗ് യൂണിറ്റുകൾ, വീട്ടുവളപ്പിലും വാണിജ്യാടിസ്ഥാനത്തിലുമുള്ള പഴവർഗ്ഗകൃഷി പ്രോത്സാഹനം എന്നീ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു. കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഫാമുകളിലും മറ്റ് ഏജൻസി/വകുപ്പുകളായ കേരള കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ., കുടുംബശ്രീ, എം.ജി.എൻ.ആർ.ഇ.ജി.എസ്., കാർഷിക കർമ്മസേന/അഗ്രോ സർവ്വീസ് സെന്റർ എന്നിവ മുഖേന ഉല്പാദിപ്പിക്കുന്ന ഫലവൃക്ഷത്തൈകളാണ് വിതരണം ചെയ്യുന്നത്. വിദേശീയ പഴവർഗ്ഗങ്ങൾക്ക് ഊന്നൽ നൽകുവാനുദ്ദേശിക്കുന്നു. ഗ്രാഫ്റ്റ്, ലെയർ, തൈകൾ എന്നിങ്ങനെ വിവിധ തരത്തിലുള്ള നടീൽ വസ്തുക്കൾ ഓരോ ഫലവൃക്ഷത്തിന്റേയും അനുയോജ്യതയനുസരിച്ച് ഒരു കോടി ഫലവൃക്ഷത്തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുവാൻ ലക്ഷ്യമിടുന്നു. ഇതിനായി 1467.00 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഹോമിയോ മരുന്നുകൾ ഉപയോഗിച്ചുള്ള കൃഷി രീതി

1 (1556) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോ മരുന്നുകൾ ഉപയോഗിച്ചുള്ള കൃഷി രീതി അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കൃഷി രീതി കൊണ്ടുള്ള പ്രയോജനങ്ങൾ എന്തൊക്കെയാണ്; അറിയിക്കാമോ?

ഹോമിയോ മരുന്നുകൾ ഉപയോഗിച്ചുള്ള കൃഷി രീതി നിലവിൽ അംഗീകരിച്ചിട്ടില്ല.

(ബി) പ്രസ്തുത കൃഷി രീതി സംബന്ധിച്ച് ധാരാളം പ്രചരണങ്ങൾ നിലനിൽക്കുന്നതിനാൽ അതുസംബന്ധിച്ച് കർഷകർക്ക് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകുന്നതിന് പദ്ധതിയുണ്ടോയെന്ന് അറിയിക്കാമോ?

നിലവിൽ പദ്ധതിയൊന്നും ആവിഷ്കരിച്ചിട്ടില്ല.

### ഒരു ലക്ഷം കൃഷിയിടങ്ങളിൽ പുതുതായി കാർഷിക പ്രവർത്തനങ്ങൾ

2 (1557) ശ്രീ. എം. എം. മണി:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എ. രാജ:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ലക്ഷം കൃഷിയിടങ്ങളിൽ പുതുതായി കാർഷിക പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എല്ലാ പഞ്ചായത്ത് വാർഡുകളിലും പുതിയ കൃഷിയിടങ്ങളിൽ കൃഷി നടത്തുന്നുവെന്ന് ഉറപ്പാക്കുന്നതിനായി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ചിങ്ങം 1 കർഷകദിനാചരണത്തിന്റെ ഭാഗമായി, ജനങ്ങളിൽ കാർഷിക അവബോധം സൃഷ്ടിക്കുവാനും കൂടുതൽ സ്ഥലത്ത് കൃഷി വ്യാപിപ്പിക്കുവാനും കൃഷിയിറക്കിലിന് ജനഹൃദയങ്ങളിൽ ഇടം നൽകുവാനും എന്ന ഉദ്ദേശത്തോടുകൂടി, സംസ്ഥാനത്ത് ഒരു ലക്ഷം കൃഷിയിടങ്ങളിൽ പുതുതായി കൃഷി ഇറക്കുകയോ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്യുവാനുമായി വേണ്ട സജ്ജീകരണങ്ങൾ നടത്തിയിരുന്നു.

എല്ലാ പഞ്ചായത്ത് വാർഡുകളിലും പുതിയ കൃഷിയിടങ്ങളിൽ കൃഷി നടത്തുന്നുവെന്ന് ഉറപ്പുവരുത്തുവാനായി താഴെപ്പറയുന്ന സജ്ജീകരണങ്ങൾ നടത്തിയിരുന്നു.

1) എല്ലാ പഞ്ചായത്തിലെയും എല്ലാ വാർഡുകളിലും കുറഞ്ഞത് 6 പുതിയ കൃഷിയിടങ്ങൾ ഇതിനായി കണ്ടെത്തുകയും എല്ലാ കൃഷിഭവനുകളിലും പഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർമാൻ/മേയർ എന്നിവരുടെ നേതൃത്വത്തിൽ കാർഷിക വികസന സമിതി, കർഷക സംഘടനകൾ, കുടുംബശ്രീ, ഹരിതകർമ്മസേന, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, യുവജന സംഘടനകൾ, മറ്റ് സന്നദ്ധസംഘടനകൾ എന്നിവരുടെ യോഗം ചേർന്ന് പുതിയ കൃഷിയിടങ്ങൾ കണ്ടെത്തി അവരുടെ പിന്തുണയും നേതൃത്വവും ഉറപ്പാക്കിക്കൊണ്ട് വാർഡ് മെമ്പർമാരുടെ അദ്ധ്യക്ഷതയിൽ വാർഡുതല സമിതികളുമായി കൃഷി ഉദ്യോഗസ്ഥർ (ഓഫീസർ/അസിസ്റ്റന്റ്) ചർച്ച നടത്തി, സമിതിയുടെ ചുമതലയിൽ കൃഷിയിടങ്ങളിലെ ഉദ്ഘാടന പരിപാടി സംഘടിപ്പിച്ചിരുന്നു.

2) ആയതിന്റെ ഫോട്ടോ അന്നേ ദിവസംതന്നെ ഫാം ഇൻഫർമേഷൻ ബ്യൂറോയ്ക്ക് ജില്ല തിരിച്ച് കർഷകന്റെ പേര്, മൊബൈൽ നമ്പർ, കൃഷി ചെയ്ത വിള, കൃഷിയിടത്തിന്റെ വിസ്തൃതി ഇവയുൾപ്പെടുത്തി ഇ-മെയിൽ മുഖാന്തരം ലഭിച്ചിട്ടുണ്ട്.

3) വിത്ത് വിതയ്ക്കുന്നതിന്റെയും കാർഷിക പ്രവർത്തനങ്ങളുടെയും കൃഷിയിടത്തിന്റെയും ഫോട്ടോകൾ അയയ്ക്കുകയും, അയയ്ക്കുന്ന ഫോട്ടോകളും കൃഷിയിടങ്ങളുടെ വിവരങ്ങളും കൃഷിഭവനുകളിൽ സൂക്ഷിക്കുന്നതിനുംവേണ്ട നടപടികൾ ചെയ്തിട്ടുണ്ട്. കൂടാതെ ഈ ദൃശ്യങ്ങൾ അടങ്ങിയ വീഡിയോ അതത് കൃഷി ഓഫീസർമാർ ശേഖരിച്ച് അതത് കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്ക് യൂട്യൂബ് ചാനൽ ആരംഭിച്ച് അതിൽ അപ്‌ലോഡ് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കാർഷിക വിപണി ശക്തിപ്പെടുത്തൽ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് കൃഷിക്കാർക്ക് ലഭ്യമാവുന്നതെന്ന് അറിയിക്കുമോ; അതിന്റെ ഭാഗമായി കർഷകർക്ക് ഉല്പന്നങ്ങൾ കേടുകൂടാതെ സംഭരിക്കാനും മറ്റൊരിടത്തേക്ക് കൊണ്ടുപോകാനും ന്യായവില ലഭ്യമാക്കാനും എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തിൽ വിപണിവികസന പദ്ധതിപ്രകാരം താഴെപ്പറയുന്ന ഘടകങ്ങൾ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു.

- കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിലുള്ള കാർഷിക മൊത്തവ്യാപാര വിപണികൾ, ജില്ലാ സംഭരണ കേന്ദ്രങ്ങൾ എന്നിവയുടെ ശാക്തീകരണത്തിന് 130 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- കാർഷികോത്പന്നങ്ങളുടെ മാർക്കറ്റ് വിലവിവരം രേഖപ്പെടുത്തുന്നതിനായുള്ള 92 അഗ്മാർക്ക് നെറ്റ് നോഡുകളുടെ പ്രവർത്തനത്തിന് 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- കമ്മീഷൻ ഫോർ അഗ്രികൾച്ചറൽ കോസ്റ്റ് ആൻഡ് പ്രൈസസ്, കൊപ്ര/നാളികേരത്തിന്റെ സംഭരണ വില നിശ്ചയിക്കുന്നതിനാവശ്യമായ കൃഷിച്ചെലവ് ഉൾപ്പടെയുള്ള വിവരങ്ങൾ തയ്യാറാക്കി നൽകുന്നതിനായി ചുമതലപ്പെട്ട സംസ്ഥാന കാർഷിക വിലനിർണ്ണയ ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി 80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- ഗ്രേഡ് ചെയ്ത ആഴ്ചചന്തകൾക്ക് അധിക ധനസഹായം നൽകുന്നതിന് വിപണി ഒന്നിന് 10,000 രൂപ വീതവും 250 ആഴ്ച ചന്തകൾക്ക് 25.00 ലക്ഷം രൂപയും കാർഷിക മൊത്ത വ്യാപാര വിപണികളിൽ ഉത്പന്നങ്ങൾ എത്തിക്കുന്നതിന് കർഷകർക്ക് ട്രാൻസ്പോർട്ടേഷൻ സബ്സിഡി ഇനത്തിൽ 50.00 ലക്ഷം രൂപയും 15 പുതിയ ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിനും ഇക്കോഷോപ്പുകളുടെ ശാക്തീകരണത്തിനുമായി 150 ലക്ഷം രൂപയും നഗര വഴിയോര ചന്തകൾ സ്ഥാപിക്കുന്നതിന് ചന്ത ഒന്നിന് 10,000 രൂപ നിരക്കിൽ 100 ചന്തകൾ സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

- കാർഷികോത്പന്ന വിപണനത്തിനായി തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ കർഷകമിത്രങ്ങളുടെ സേവനം ഉറപ്പാക്കുന്നതിന് 109 കർഷകമിത്രങ്ങളെ നിയോഗിക്കുന്നതിന് 60 ലക്ഷം രൂപയും കർഷക ഗ്രൂപ്പുകൾ/ എഫ്.പി.ഒ.-കൾ/മറ്റ് സ്ഥാപനങ്ങൾക്ക് 50 ശതമാനം സബ്സിഡി നിരക്കിൽ പഴം പച്ചക്കറികൾ കൊണ്ടുപോകുന്നതിന് ശീതികരിച്ച വാഹനങ്ങൾ വാങ്ങുന്നതിന് 35 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

- ഇടുക്കി ജില്ലയിൽ വട്ടവട, കാന്തല്ലൂർ മേഖലയിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് കോൾഡ് ചെയിൻ സ്ഥാപിക്കുന്നതിനായി 185 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- വട്ടവടയിൽ ഒരു പ്രീ കൂളിംഗ് കേന്ദ്രവും, എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ 3 കോൾഡ് ഔട്ട്‌ലെറ്റുകൾ സ്ഥാപിക്കുന്നതിനും ഹോർട്ടികോർപ്പിന്റെ കോൾഡ് സ്റ്റോറേജ് നവീകരിക്കുന്നതിനുമാണ് തുക വകയിരുത്തിയിട്ടുള്ളത്.

- മാർക്കറ്റിംഗ് മേഖലയുടെ ശാക്തീകരണത്തിനും അടിസ്ഥാന സൗകര്യവികസനത്തിനും വിദഗ്ദ്ധ സേവനങ്ങൾക്ക് 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വി.എഫ്.പി.സി.കെ.-യുടെ വിപണി വികസന പദ്ധതികൾക്ക് 500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- 2022-23-ലെ ജൈവ കൃഷിയും ഉത്തമ കൃഷി രീതികളും പദ്ധതിപ്രകാരം കോഴിക്കോടും ആലപ്പുഴയിലും ജൈവ ഉത്പന്നങ്ങളുടെ വിപണനത്തിനായി 2 ഹൈടെക്ക് സൂപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിനായി 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

<u>സംസ്ഥാനത്ത് കൃഷി വകുപ്പിന് കാർഷിക വിഭവങ്ങളുടെ മാർക്കറ്റിംഗിന് സഹായിക്കുന്നതിനായി നിലവിലുള്ള സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു.</u>

- കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിൽ 6 കാർഷിക മൊത്തവ്യാപാര വിപണികൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത വിപണികളിൽ പഴം, പച്ചക്കറികൾ സൂക്ഷിക്കുന്നതിനായി 30 കോൾഡ് സ്റ്റോറേജുകൾ സ്ഥാപിച്ചിട്ടുണ്ട്.

- കാർഷികോത്പന്നങ്ങളുടെ വിപണനവും മൂല്യവർദ്ധനവും ലക്ഷ്യമിട്ടാണ് FPO-കൾ രൂപീകരിക്കുന്നത്. കൃഷി വകുപ്പിന്റെ കീഴിലുള്ള SFAC മുഖേന 40 FPO-കളും VFPCK മുഖേന 41FPO-കളും കേന്ദ്ര എസ്.എഫ്.എ.സി, നബാർഡ്, നാഫെഡ്, എൻ.സി.ഡി.സി എന്നിവയുടെ നേതൃത്വത്തിൽ 51 FPO-കളും രൂപീകരിച്ച് രജിസ്റ്റർ ചെയ്തുകഴിഞ്ഞു.

- കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൻ കീഴിലെ കാർഷിക മൊത്തവ്യാപാര വിപണികൾ, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവയുടെ വിപണികളും കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ വിവിധ പദ്ധതികളിലൂടെ രൂപീകരിച്ചതുൾപ്പെടെയുള്ള 1884 മാർക്കറ്റുകളുമാണ് വിവിധ കാർഷികോത്പന്നങ്ങളുടെ വിപണനത്തിനായി പ്രവർത്തിക്കുന്നത്. ആയതിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ വിവിധ പദ്ധതികൾപ്രകാരം രൂപീകരിച്ച

ഇക്കോഷോപ്പുകൾ, BLFO-കൾ, എ-ഗ്രേഡ് ക്ലസ്റ്ററുകൾ തുടങ്ങിയവയുടെ പ്രവർത്തനം പരിശോധിച്ചുവിലയിരുത്തി ഗ്രേഡ് ചെയ്യുന്ന നടപടികൾ പുരോഗമിക്കുന്നു.

- കാർഷിക ഉത്പന്നങ്ങൾക്ക് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി 'കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാനവില പദ്ധതി' 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, ക്യാബേജ്, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നീ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാനവില പ്രഖ്യാപിച്ചിട്ടുള്ളത്. 2020-21 വർഷത്തിൽ ഈ പദ്ധതിപ്രകാരം 3.021 കോടി രൂപയും 2021-22 വർഷത്തിൽ 7.938 കോടി രൂപയും കർഷകർക്ക് നൽകിയിട്ടുണ്ട്.

- റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി അതിരപ്പിള്ളി ട്രൈബൽ വാലി പദ്ധതിപ്രകാരം ഗോത്രവർഗ്ഗ കർഷകരുടെ കാർഷികോത്പന്നങ്ങളുടെ വിപണനത്തിനായി FPO രൂപീകരിക്കുകയും "അതിരപ്പിള്ളി" ബ്രാൻഡിൽ ഗോത്രവർഗ്ഗ കർഷകരുടെ കാർഷികോത്പന്നങ്ങളുടെ വിപണനം സാധ്യമാക്കുകയും ചെയ്തുവരുന്നു.

- 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ 'കാർഷിക വിപണന ശാക്തീകരിക്കൽ പദ്ധതി' പ്രകാരം വിപണനത്തിനായി വാഹന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/റീഫർ വാനുകൾ നൽകൽ എന്ന ഘടകത്തിലുൾപ്പെടുത്തി 19 ശീതികരിച്ച പഴം, പച്ചക്കറി വാഹനങ്ങൾ വാങ്ങുന്നതിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, ഹോർട്ടികോർപ്, എഫ്.പി.ഒ.-കൾ എന്നിവർക്ക് അനുമതി നൽകിയിരുന്നു. അതിൻപ്രകാരം 10 വാഹനങ്ങൾ ഗുണഭോക്താക്കൾക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുകയും ബാക്കിയുള്ള വാഹനങ്ങൾ നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുംചെയുന്നു.

- 'വിപണി ഇടപെടൽ പദ്ധതി' പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന വിപണികൾവഴി പഴം, പച്ചക്കറികളുടെ വില നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓണക്കാലത്ത് കർഷകരിൽനിന്നും നേരിട്ട് സംഭരിക്കുന്ന പഴം, പച്ചക്കറികൾ പൊതുവിപണിയിലെ അതത് ഇനങ്ങളുടെ സംഭരണ

വിലയേക്കാൾ 10% അധികം വില നൽകി സംഭരിച്ച് ഓണവിപണികളിലൂടെ പൊതുവിപണിയിലെ വിൽപ്പന വിലയിൽനിന്നും 30% കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് നൽകുന്നു.

- സംസ്ഥാന സർക്കാർ നാളികേരത്തിന് കിലോയ്ക്ക് 32 രൂപ താങ്ങുവില പ്രഖ്യാപിക്കുകയും അതിൻപ്രകാരം നാളികേരത്തിന്റെ വില കുറഞ്ഞ ജില്ലകളിൽ പച്ചത്തേങ്ങ സംഭരണം നടത്തിയുംവരുന്നു. കർഷകരിൽനിന്നും 1988 മെട്രിക് ടൺ പച്ചത്തേങ്ങ സംഭരിച്ചുകഴിഞ്ഞു.

- കൊപ്രയുടെ വില താഴ്ന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ 'കൊപ്രയുടെ താങ്ങുവില പദ്ധതി' (പി.എസ്.എസ്) 2022 പ്രകാരം, കൊപ്ര സംഭരണത്തിനായി കേരഫെഡിനെയും മാർക്കറ്റ്ഫെഡിനെയും സ്റ്റേറ്റ്ലെവൽ ഏജൻസികളായി പ്രഖ്യാപിച്ചു. കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന വിലയായ കിലോഗ്രാമിന് 105 രൂപ 90 പൈസ നിരക്കിൽ രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങൾ മാർക്കറ്റ്ഫെഡ് മുഖേന നാഫെഡ് സംഭരിച്ചിട്ടുണ്ട്.

- കേരള സർക്കാർ 2015-16 മുതൽ 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി' നടപ്പിലാക്കിവരുന്നുണ്ട്. ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിപ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് അതത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം, റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കുനൽകുന്നു. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി രണ്ടുഹെക്ടറിനാണ് സബ്സിഡി നൽകുന്നത്. 2021 ഏപ്രിൽ 1 മുതൽ സബ്സിഡി തുക 150 രൂപയിൽനിന്ന് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

- കേരളത്തിൽ കർഷകരിൽനിന്നും സപ്ലൈകോ നെല്ല് നേരിട്ട് സംഭരിച്ചുവരുന്നു. കർഷകർക്ക് കൂടുതൽ വില ലഭിക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കാനും യഥാസമയം തുക ലഭ്യമാക്കുന്നതിനും ടി സംഭരണം സഹായിക്കുന്നു. 2021-22 സീസണിൽ 7.484 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചു.

(സി) പ്രാദേശിക വിപണിയിലെ ഉല്പന്നങ്ങൾ വിൽക്കുന്നതിനായി ആരംഭിച്ച സമൃദ്ധി നാട്ടുപീടിക പദ്ധതിയുടെ വിശദാംശം നൽകാമോ?

2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ കാർഷിക വിപണനവും വിളവെടുപ്പിനുശേഷമുള്ള പരിപാലനവും പദ്ധതിപ്രകാരം നഗരസംസ്കരണ സെന്ററുകൾ ശക്തിപ്പെടുത്തൽ ഘടകത്തിൽ ഉൾപ്പെടുത്തിയാണ് കണ്ടെയ്നർ മാതൃകയിലുള്ള സംഭരണവിപണന കേന്ദ്രങ്ങൾ/ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നത്. ആകെ 32 കണ്ടെയ്നർ മാതൃകയിലുള്ള സംഭരണ വിപണന കേന്ദ്രങ്ങൾ/ഇക്കോഷോപ്പുകൾ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടാണ് KLDC-യെ ചുമതലപ്പെടുത്തിയിട്ടുള്ളത്. ആയതിൽ ആലപ്പുഴ ജില്ലയിലെ വെട്ടക്കൽ സർവ്വീസ് സഹകരണ ബാങ്കിനനുവദിച്ച വിപണന കേന്ദ്രം പ്രവർത്തനക്ഷമമായിട്ടുണ്ട്. 'സമൃദ്ധി നാട്ടുപീടിക' എന്നാണ് പ്രസ്തുത വിപണനകേന്ദ്രങ്ങൾ അറിയപ്പെടുക. 2021-22 വർഷത്തിൽ 32 കണ്ടെയ്നർ മാതൃകയിലുള്ള സംഭരണ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 243 ലക്ഷം രൂപയാണ് അനുവദിച്ചത്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് 50 ശതമാനം സബ്സിഡിയും മറ്റ് സ്ഥാപനങ്ങൾക്ക് 100 ശതമാനം സബ്സിഡിയുമാണ് സഹായം നൽകിയത്.

## കാർഷിക വിളകളുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത

3 (1558) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നെല്ല്, പച്ചക്കറി, മറ്റ് കാർഷിക വിളകൾ എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് നെല്ല്, പച്ചക്കറി, മറ്റ് കാർഷിക വിളകൾ എന്നിവയുടെ ഉല്പാദനത്തിനും, ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വിവിധ പദ്ധതികൾ കാർഷികവികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്നു. വിളവിസ്തൃതി വർദ്ധനവും വികസനവും ലക്ഷ്യമിട്ട് 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ആകെ 252.12 കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതികളിലൂടെ നെല്ല്, പച്ചക്കറി, നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ, ഫലവർഗ്ഗങ്ങൾ, പുഷ്പകൃഷി, ഔഷധസസ്യങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹനം നൽകിവരുന്നു. പ്രസ്തുത പദ്ധതികളും അവയുടെ നടത്തിപ്പിനായി വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങളും അനുബന്ധമായി* ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സംസ്ഥാനത്ത് കാർഷിക വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ആയതിലൂടെ കർഷകരുടെ വരുമാനം മെച്ചപ്പെടുത്തുന്നതിനുമായി ഈ സാമ്പത്തിക വർഷത്തിൽ നടപ്പാക്കുന്ന പുതിയ പദ്ധതികളാണ് 'കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിൽ ഉൾപ്പെട്ട പദ്ധതികൾ'. കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള-കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽ നിന്നും കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസന സമീപനത്തിന് ഈ വർഷം തുടക്കമിടുന്നു. ഈ സമീപനത്തിൽ നടപ്പിലാക്കുന്ന മൂന്ന് പദ്ധതികൾ താഴെപ്പറയുന്നവയാണ്.

- കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദനപരിപാടികൾ - ഉല്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ.
- ഉല്പാദക സംഘടനകളുടെ വികസനത്തിനും സാങ്കേതിക സഹായത്തിനുമുള്ള പദ്ധതി.
- കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനവുമായി സംയോജിപ്പിച്ച് വിതരണ ശൃംഖല/മൂല്യശൃംഖല വികസനത്തിനായുള്ള പദ്ധതി.

ഓരോ കൃഷിഭവനുകീഴിലും 10 കൃഷിയിടങ്ങൾവീതം തെരഞ്ഞെടുത്ത് ആവശ്യമനുസരിച്ച് സാങ്കേതിക-സേവന-ഉല്പാദനോപാധികൾ നൽകിക്കൊണ്ട് അവയുടെ സമഗ്ര കാർഷിക വികസനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. അടുത്ത പടിയായി പദ്ധതിയിലെ കർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് കർഷക ഉല്പാദന സംഘങ്ങൾ രൂപീകരിക്കുന്നതിനും 'ഹബ് ആൻഡ് സ്പോക്ക്' മാതൃകയിൽ വിപണന ശൃംഖല വികസിപ്പിക്കുവാനുമുദ്ദേശിക്കുന്നു. കൃഷി വകുപ്പിനോടൊപ്പം കേരള കാർഷിക സർവ്വകലാശാല, കേരള സാങ്കേതിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങളും പദ്ധതിക്കുവേണ്ട സാങ്കേതിക പിന്തുണ നൽകുന്നു. പ്രസ്തുത പദ്ധതികൾക്കായി 29 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ ഈ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ഓരോ വ്യക്തിയെയും കൃഷിയിലേയ്ക്ക് ആകർഷിക്കുവാനും സ്വന്തമായി കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്നതിനും അതുവഴി കാർഷികമേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്നപരിപാടി ആവിഷ്കരിച്ചുനടപ്പിലാക്കിവരുന്നു. ഈ പരിപാടിയുടെ പ്രധാന ലക്ഷ്യങ്ങൾ

കേരളീയരിൽ മുഴുവൻ കാർഷിക സംസ്കാരം ഉണർത്തുക, ഓരോ കേരളീയ ഭവനത്തേയും വിഷരഹിത ഭക്ഷണ ഉല്പാദനത്തിൽ പങ്കാളിയാക്കുക, സ്ഥായിയായ കാർഷിക മേഖല സൃഷ്ടിക്കുക, സംസ്ഥാനത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിൽ എത്തിക്കുക, കാർഷിക മേഖലയിലെ മൂല്യ വർദ്ധനവ് പ്രയോജനപ്പെടുത്തി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക, മണ്ണിനെ സമ്പുഷ്ടമാക്കുക, പ്രകൃതിയെ/ പരിസ്ഥിതിയെ സംരക്ഷിക്കുക, കാർഷിക മേഖലയെ ഇതര ഭക്ഷ്യമേഖലകളുമായി കോർത്തിണക്കുക, കാർഷിക കൂട്ടായ്മയിലൂടെ ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തനതായ കാർഷിക വിഭവങ്ങളെ സംരക്ഷിക്കുക എന്നിവയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും മറ്റ് കൃഷി അനുബന്ധ വകുപ്പുകളുമായും ഏകോപിപ്പിച്ചാണ് ഈ പരിപാടി നടപ്പിലാക്കുന്നത്.

**കാർഷിക-ഗവേഷണ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിന് നടപടി**

4 (1559) ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ല് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

നെൽകൃഷിയുടെ വിസ്തൃതി, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിനും അതുവഴി പരമാവധി ഉല്പാദനം കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് നടത്തിവരുന്നത്. അത്യുല്പാദനശേഷിയുള്ള നെൽവിത്ത്, ഗുണമേന്മയുള്ള മറ്റ് ഉല്പാദനോപാധികൾ എന്നിവ സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കിയും കാർഷിക യന്ത്രോപകരണങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിച്ചും ശാസ്ത്രീയ കൃഷിപരിപാലന മുറകൾ കൈക്കൊള്ളുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയും നെൽക്കർഷകർക്ക് മെച്ചപ്പെട്ട ഉല്പാദനവും വരുമാനവും ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) വിത്ത്, വളം, സാങ്കേതിക സഹായങ്ങൾ, വായ്പ എന്നിവ യഥാസമയം ലഭിക്കാത്തതുകൊണ്ടും തൊഴിലാളികളുടെ സേവനം ആവശ്യാനുസരണം ലഭ്യമാകാത്തതിനാലും നെൽകർഷകർക്ക് ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നെൽ കർഷകർക്ക് ഗുണമേന്മയുള്ള നെൽവിത്ത് സമയബന്ധിതമായി ലഭ്യമാക്കാനായി നെൽകൃഷി സീസൺ ആരംഭിക്കുന്നതിന് മുൻപുതന്നെ ആവശ്യമായ വിത്തിന്റെ ഇന്റന്റ് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയിൽ അറിയിക്കുന്നതിനും, അപ്രകാരം ആവശ്യപ്പെടുന്ന നെൽവിത്ത് സമയബന്ധിതമായി കൃഷി ഭവനുകളിൽ ലഭ്യമാക്കുന്നതിനുമുള്ള ഏർപ്പാടുകൾ നടത്തിയിട്ടുണ്ട്. വളത്തിന്റെ ആവശ്യകത, ലഭ്യത എന്നിവ കൃത്യമായി അവലോകനം നടത്തുകയും ആയതിന്റെ വിവരങ്ങൾ കേന്ദ്രസർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നുണ്ട്. എന്നാൽ സമയബന്ധിതമായി വളം കേന്ദ്രത്തിൽനിന്നും ലഭ്യമാകാത്ത സാഹചര്യമുണ്ട്. ആയത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കർഷകത്തൊഴിലാളികളുടെ ക്ഷാമം നെൽകർഷകർ നേരിട്ടുവരുന്ന ഒരു പ്രശ്നമാണ്. നെൽ കൃഷിയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിച്ചും കാർഷിക കർമ്മസേനകൾ രൂപീകരിച്ചും കൃഷി വകുപ്പ് ഈ പ്രതിസന്ധി നേരിടുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്. കൃഷി ഭവനുകൾ മുഖാന്തരം നെൽ കർഷകർക്ക് സാങ്കേതിക ഉപദേശം നൽകുകയും പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ അടിയന്തര സാഹചര്യങ്ങളിൽ വിദഗ്ദ്ധോപദേശത്തിനായി കാർഷിക സർവ്വകലാശാലയിലെ വിദഗ്ദ്ധർ ഉൾപ്പെടുന്ന മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീം (MDDT) നിലവിലുണ്ട്. ബാങ്കേഴ്സ് കമ്മിറ്റി യോഗങ്ങളിൽ കാർഷിക വായ്പ സംബന്ധിച്ച വിഷയങ്ങൾ ബാങ്ക് അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള നടപടികളും കൃഷി വകുപ്പ് സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്തിന്റെ സമഗ്ര കാർഷിക വികസനത്തിനും വളർച്ചയ്ക്കും സഹായകരമായ സാങ്കേതിക, വിദഗ്ദ്ധോപദേശങ്ങൾ നൽകാൻ സാധിക്കുന്ന തരത്തിൽ കാർഷിക ഗവേഷണ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിനും അവയെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കാർഷിക സർവ്വകലാശാലയിൽ നിലവിൽ ചുവടെ ചേർത്തിരിക്കുന്ന മികവിന്റെ ആറു കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

1. നെല്ലിലെ മികവിന്റെ കേന്ദ്രം

2.സമുദ്രനിരപ്പിന് താഴെയുള്ള കൃഷിയിലെ മികവിന്റെ കേന്ദ്രം.

3. സൂക്ഷ്മ ജീവ സാങ്കേതികവിദ്യയിൽ മികവിന്റെ കേന്ദ്രം.

4. കാർഷിക യന്ത്രവൽക്കരണ വിപുലീകരണ സേവനങ്ങളിലും ഗവേഷണ വികസനത്തിലും മികവിന്റെ കേന്ദ്രം.

5. ഹൈടെക് ഹോർട്ടികൾച്ചറിലും സംരക്ഷിത കൃഷിയിലും മികവ് പുലർത്തുന്ന കേന്ദ്രം.

6. വിള സംസ്കരണത്തിനുള്ള മികവിന്റെ കേന്ദ്രം.

2022-23 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന മികവിന്റെ 5 കേന്ദ്രങ്ങൾ തുടങ്ങുന്ന വിഷയം പരിശോധിച്ചുവരുന്നു.

- സെന്റർ ഓഫ് എക്സലൻസ് ഇൻ ഫ്രണ്ടിയർ ടെക്നോളജി ഇൻ അഗ്രികൾച്ചർ
- സംയോജിത സസ്യപരിപാലനത്തിനായുള്ള മികവിന്റെ കേന്ദ്രം
- ചെറുകിട കാർഷിക യന്ത്രവത്കരണത്തിൽ മികവിന്റെ കേന്ദ്രം
- വിള സംസ്കരണത്തിനുള്ള മികവിന്റെ കേന്ദ്രം
- ജൈവ കൃഷിയിൽ മികവിന്റെ കേന്ദ്രം

ഇതുകൂടാതെ നൂതനസാങ്കേതികവിദ്യ വികസനത്തിനായുള്ള ഒരു ഗവേഷണ കേന്ദ്രം സ്ഥാപിക്കാനുള്ള ശിപാർശ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പരിഗണനയിലാണ്.

## കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം

5 (1560) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം വിശദമാക്കാമോ; കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാണോ എന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കടക്കാരായ കർഷകരെയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളെയും കേൾക്കുകയും അനുരഞ്ജനം നടത്തി അവാർഡ് പ്രകാരം സർക്കാരിലേയ്ക്ക് കടാശ്വാസ ശിപാർശ നടത്തുകയുംചെയ്യുന്നു. കേരളത്തിലെ കർഷകർ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് (വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 31-8-2018 വരെ എടുത്ത വായ്പകൾക്കും മറ്റ് ജില്ലകളിലെ കർഷകർ

31-3-2014 വരെ എടുത്ത വായ്പകൾക്കും) കർഷകൻ കൊടുത്തുതീർക്കാനുള്ള തുക 50,000 രൂപയോ അതിൽ കുറവോ ആണെങ്കിൽ പരമാവധി 75% വരെയോ 50,000 രൂപയിൽ കൂടുതലാണെങ്കിൽ പരമാവധി 50% തുകയോ 2 ലക്ഷം രൂപ വരെയോ കമ്മീഷൻ കടാശ്വാസം അനുവദിച്ചുവരുന്നു. ഇതിനായി കമ്മീഷനിൽ ലഭിക്കുന്ന വിശദാംശങ്ങളടങ്ങിയ അപേക്ഷകൾ വിവിധ ജില്ലകളിൽവച്ചുനടത്തുന്ന സിറ്റിംഗുകളിൽ കർഷകരുടെയും ബാങ്ക് പ്രതിനിധികളുടേയും സാന്നിദ്ധ്യത്തിൽ പരിശോധിച്ച് കടാശ്വാസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത ഉത്തരവ് സഹകരണസംഘം രജിസ്ട്രാറുടെ പരിശോധനയ്ക്ക് വിധേയമായി ബന്ധപ്പെട്ട ബാങ്കുകൾക്ക് കൈമാറുകയാണ് ചെയ്യുന്നത്.

കടാശ്വാസത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ വേഗത്തിൽ തീർപ്പുകല്പിക്കുന്നതിനായി സിറ്റിംഗുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും, ഇപ്രകാരം 7 ജില്ലകളിലെ കേസുകൾ പൂർണ്ണമായി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

ഇപ്രകാരം കമ്മീഷൻ വളരെ കാര്യക്ഷമമായാണ് നിലവിൽ പ്രവർത്തിക്കുന്നത്.

(ബി) 2015-16 മുതൽ 2019-20 വരെയുള്ള ബജറ്റുകളിൽ നീക്കിവച്ച കാർഷിക കടാശ്വാസത്തിനുള്ള വിഹിതം 2020-21-ലും 2021-22-ലും കുറവുചെയ്തുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ഉണ്ട്. എന്നാൽ ബഡ്ജറ്റ് വിഹിതത്തിന് പുറമേ ഈ സാമ്പത്തിക വർഷത്തിൽ ഇതിനോടകംതന്നെ അധിക ധനാനുമതി മുഖേന 16 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി കടാശ്വാസ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കാർഷിക കടാശ്വാസ കമ്മീഷൻ കഴിഞ്ഞ ആറ് വർഷത്തിനിടെ കർഷകർക്ക് കടാശ്വാസം നൽകാൻ ശിപാർശ ചെയ്തിട്ടുള്ള തുക നാളിതുവരെ പൂർണ്ണമായും കർഷകർക്ക് നൽകിയിട്ടില്ലെന്നത് വസ്തുതയാണോ; വിശദാംശം നൽകാമോ?

കടാശ്വാസ കമ്മീഷൻ പുറപ്പെടുവിക്കുന്ന ഉത്തരവിന്മേൽ സഹകരണ സംഘം രജിസ്ട്രാർ പരിശോധന പൂർത്തിയാക്കി വെരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമാക്കിയ 2022 ജൂൺ വരെയുള്ള കടാശ്വാസ തുക ഇതിനോടകംതന്നെ വിതരണം ചെയ്തിട്ടുണ്ട്. 2022 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ലഭ്യമായ റിപ്പോർട്ടുകളിൽ മേൽനടപടികൾ സ്വീകരിച്ചുവരുന്നു. വെരിഫിക്കേഷൻ പൂർത്തിയാകാത്ത കേസ്സുകളിൽ മാത്രമാണ് ഇനി കടാശ്വാസം വിതരണം ചെയ്യാനുള്ളത്. പ്രസ്തുത

കേസ്സുകളിൽ വെരിഫിക്കേഷൻ നടത്തുന്നതിനു മുമ്പായി കർഷകരിൽനിന്നും ലഭ്യമാക്കുന്ന ഒരു ബോണ്ടിന്റെ അടിസ്ഥാനത്തിൽ അവാർഡ് തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരികയാണ്.

(ഡി) എല്ലാ കർഷകർക്കും പ്രയോജനപ്രദമായ രീതിയിൽ കമ്മീഷന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

നിലവിൽ വിവിധ ജില്ലകളിൽ കടാശ്വാസത്തിന് പരിഗണിക്കുന്ന വായ്പാത്തീയതികൾ രണ്ട് വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കുന്നതിനുള്ള നടപടികളും ഒപ്പം അവാർഡ് തുക കുടിശ്ശികയാകാതെ പരമാവധി വേഗത്തിൽ ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നത് സംബന്ധിച്ച നടപടികളും സർക്കാർതലത്തിൽ പരിശോധിച്ചുവരികയാണ്.

## സ്വകാര്യ കാർഷിക നഴ്സറികൾക്ക് ലൈസൻസ് നൽകുന്ന നടപടി

6 (1561) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ കാർഷിക നഴ്സറികൾക്ക് ലൈസൻസ് നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; അത്തരം നഴ്സറികൾക്കുമേൽ കൃഷി വകുപ്പ് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

സ്വകാര്യ നഴ്സറികൾ ഉൽപ്പാദിപ്പിക്കുന്നതും വിൽക്കുന്നതുമായ വിത്തുവർഗ്ഗങ്ങളുടെയും ചെടികളുടെയും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് 13-12-2005-ലെ സ.ഉ.(സാധാ) നമ്പർ 1796/2005/കൃഷി ഉത്തരവ് പ്രകാരം മാനദണ്ഡങ്ങളും നിബന്ധനകളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സ്വകാര്യ നഴ്സറികൾക്ക് അംഗീകാരം ലഭിക്കുന്നതിന് ചുവടെച്ചേർക്കുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

1) കൃഷി ശാസ്ത്ര ബിരുദമോ, കേരള കാർഷിക സർവ്വകലാശാലയിൽനിന്ന് കൃഷി ശാസ്ത്രത്തിൽ ഡിപ്ലോമയോ, വൊക്കേഷണൽ ഹയർ സെക്കണ്ടറി (കൃഷി) പരീക്ഷ പാസ്സായതോ ആയ വ്യക്തിയുടെ ചുമതലയിലായിരിക്കണം നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും നടത്തേണ്ടത്. കഴിഞ്ഞ 5 വർഷങ്ങളായി ഈ രംഗത്ത് നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്വകാര്യ നഴ്സറികൾ തുടർന്നും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞാൽ അവയ്ക്ക് ഈ നിബന്ധന ബാധകമാകാതെതന്നെ അംഗീകാരം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും.

2) നഴ്സറികളിൽ ശാസ്ത്രീയമായി രൂപപ്പെടുത്തിയിട്ടുള്ള ഒരു 'പ്രോജനി ഓർച്ചാർഡ്" ഉണ്ടായിരിക്കണം. വംശവർദ്ധനവിനായി ഉപയോഗിക്കുന്ന മാതൃസസ്യങ്ങൾ ഗുണമേന്മയുള്ളതും ആധികാരിക കേന്ദ്രങ്ങളിൽനിന്ന് വാങ്ങിയവയുമായിരിക്കണം. ഇനങ്ങൾ തിരിച്ചറിയത്തക്കവിധത്തിൽ ഇവയിൽ ലേബൽ പതിപ്പിച്ചിരിക്കണം. മാതൃസസ്യങ്ങളുടെ ആരോഗ്യം നിലനിറുത്താനാവശ്യമായ പരിചരണ മുറകൾ പ്രോജനി ഓർച്ചാർഡിൽ എല്ലായ്പ്പോഴും നടപ്പിലായിരിക്കണം. മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും അതത് പ്രദേശത്തെ ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടർ പ്രോജനി ഓർച്ചാർഡ് പരിശോധിച്ച് മാതൃസസ്യങ്ങൾ അയോഗ്യമാണെന്ന് കണ്ടെത്തിയാൽ അവ പിന്നീട് വംശവർദ്ധനവിനായി ഉപയോഗിക്കാൻ പാടില്ലെന്ന് നിഷ്കർഷിക്കേണ്ടതാണ്.

3) നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിന് വിത്തും കിഴങ്ങും ഉപയോഗിക്കുകയാണെങ്കിൽ അവ സർക്കാർ ഫാമുകൾ, കാർഷിക സർവ്വകലാശാല, സർക്കാർ ഗവേഷണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നായിരിക്കണം വാങ്ങേണ്ടത്.

4) നടീൽ വസ്തുക്കളുടെ ഉത്പാദനം സംബന്ധിച്ച് കേരള കാർഷിക സർവ്വകലാശാല പാക്കേജ് ഓഫ് പ്രാക്ടീസ് ശിപാർശകൾ പുറത്തിറക്കിയിട്ടുണ്ടെങ്കിൽ അതനുസരിച്ചായിരിക്കണം തൈകൾ ഉത്പാദിപ്പിക്കേണ്ടത്.

5) തൈകൾ ഉത്പാദിപ്പിക്കുന്നതിന് നഴ്സറികൾക്ക് കോർപ്പറേഷനിൽ കുറഞ്ഞത് 10 സെന്റും മുനിസിപ്പാലിറ്റിയിൽ 20 സെന്റും പഞ്ചായത്തിൽ 50 സെന്റും സ്ഥലം ഉണ്ടായിരിക്കണം. നഴ്സറിയിൽ ജലസേചനത്തിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തിയിരിക്കണം.

6) നഴ്സറികളിൽ പ്രോജനി ഓർച്ചാർഡിൽ വളർത്തിയിരിക്കുന്ന മാതൃസസ്യങ്ങളുടെ ഗുണഗണങ്ങൾ, ശേഖരിച്ച സ്ഥലം, തൈകൾ ഉത്പാദിപ്പിക്കുന്നതിനായി വാങ്ങുന്ന വിത്തിന്റെ സംശുദ്ധി, ഗുണഗണങ്ങൾ ശേഖരിച്ച സ്ഥലം എന്നിവ സംബന്ധിച്ച ആധികാരിക പ്രമാണങ്ങൾ നഴ്സറിയിൽ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്ന തൈകളുടെ ഗുണനിലവാരം സാക്ഷ്യപ്പെടുത്തുന്ന പ്രമാണങ്ങളും സൂക്ഷിക്കേണ്ടതാണ്.

7) താഴെപ്പറയുന്ന രജിസ്റ്ററുകൾ നഴ്സറികളിൽ സൂക്ഷിക്കേണ്ടതാണ്.

എ) കൃഷിപ്പണികളെ സംബന്ധിച്ച രജിസ്റ്റർ

ബി) സ്റ്റോക്ക് രജിസ്റ്റർ

സി) വിൽപ്പന രജിസ്റ്റർ

ഡി) ഇൻസ്പെക്ഷൻ രജിസ്റ്റർ

8) നടീൽ വസ്തുക്കളുടെ ഗുണനിലവാരം സംബന്ധിച്ച അംഗീകാരം നൽകൽ നഴ്സറിയിൽ ഉത്പാദിപ്പിക്കുന്ന നടീൽ വസ്തുക്കളുടെ ഗുണമേന്മ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്ന ചുമതല അതതു പ്രദേശത്തെ ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടർക്കായിരിക്കും.

നിശ്ചിത ഗുണനിലവാരമില്ലാത്ത നടീൽ വസ്തുക്കൾ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ നിർദ്ദേശപ്രകാരം അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽത്തന്നെ നശിപ്പിക്കുവാൻ നഴ്സറിയുടെ മേൽനോട്ടക്കാരൻ ബാധ്യസ്ഥനായിരിക്കും. ഗുണനിലവാരത്തെ സംബന്ധിച്ച സർട്ടിഫിക്കറ്റ് ലഭിക്കാതെ ഒരു കാരണവശാലും നടീൽ വസ്തുക്കൾ വിൽക്കാൻ പാടില്ല.

9) ഓരോ വില്പന കേന്ദ്രത്തിലും പ്രത്യേകം പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ, കൗണ്ടർഫോയിലോടുകൂടിയ ക്യാഷ് ബില്ലുകൾ എന്നിവ ഉണ്ടായിരിക്കണം. നടീൽ വസ്തുക്കളുടെ ഇനം തിരിച്ചുള്ള വിലവിവരപ്പട്ടിക ഓരോ വിൽപ്പനകേന്ദ്രത്തിലും പ്രദർശിപ്പിക്കണം.

10) മറ്റ് നിബന്ധനകൾ

നഴ്സറിയിൽ ഉത്പാദിപ്പിക്കുന്ന നടീൽ വസ്തുക്കൾ വിറ്റുതീർക്കുന്നതിനുള്ള ഉത്തരവാദിത്വം പൂർണ്ണമായും നഴ്സറിയുടെ ചുമതലക്കാരനായിരിക്കും. സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന കാർഷിക മേളകളിൽ കൃഷി വകുപ്പ് ആവശ്യപ്പെടുന്ന പക്ഷം ഈ നഴ്സറികൾ പങ്കെടുക്കേണ്ടതും ആവശ്യമായ നടീൽ വസ്തുക്കൾ വിതരണം ചെയ്യേണ്ടതുമാണ്.

(ബി) പ്രസ്തുത നഴ്സറികൾ വഴി വിതരണം ചെയ്യുന്ന വിത്തുകളുടെയും തൈകളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

നഴ്സറിയിൽ ഉത്പാദിപ്പിക്കുന്ന നടീൽ വസ്തുക്കളുടെ ഗുണമേന്മ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്ന ചുമതല അതതു പ്രദേശത്തെ ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടർക്കായിരിക്കും. ഈ ഉദ്യോഗസ്ഥൻ മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ബന്ധപ്പെട്ട നഴ്സറി പരിശോധിച്ച്, നഴ്സറിയിൽ വളർത്തിയിരിക്കുന്ന നടീൽ വസ്തുക്കളുടെ ഓരോ ഇനത്തിന്റെയും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഗുണഗണങ്ങൾ, പരിശുദ്ധി എന്നിവ തിട്ടപ്പെടുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ ഇൻസ്പെക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിന് വിത്തും കിഴങ്ങും ഉപയോഗിക്കുകയാണെങ്കിൽ അവ സർക്കാർ ഫാമുകൾ, കാർഷിക സർവ്വകലാശാല, സർക്കാർ ഗവേഷണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നായിരിക്കണം വാങ്ങേണ്ടത്. ആവശ്യത്തിന് ലഭ്യമല്ലെങ്കിൽ ഗുണമേന്മ ഉറപ്പുള്ള മറ്റുകേന്ദ്രങ്ങളിൽനിന്നും കൃഷി ഡയറക്ടറുടെ നിർദ്ദേശപ്രകാരം വാങ്ങാവുന്നതാണ്. കുരുമുളക് തൈകളുടെ ഉല്പാദനത്തിനായി പുറത്തുനിന്നും വാങ്ങുന്ന കുരുമുളക് വള്ളികളുടെ കാര്യത്തിലും ഈ നിബന്ധന പാലിച്ചിരിക്കണം.

**കാർഷികോല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കാൻ നടപടി**

7 (1562) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷികോല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

സംസ്ഥാനത്തെ കാർഷികോല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനും പഴം, പച്ചക്കറികൾക്ക് അടിസ്ഥാനവില പദ്ധതി, പച്ചത്തേങ്ങ സംഭരണം, കൊപ്ര സംഭരണം, നെല്ല് സംഭരണം, റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) അതിനായി നടപ്പാക്കിവരുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമെന്നും പ്രസ്തുത പദ്ധതി നടത്തിപ്പിലൂടെ എന്തെല്ലാം മാറ്റങ്ങൾ വരുത്താൻ ഈ സർക്കാരിന് കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ?

കാർഷികോല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനായി നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ ചുവടെച്ചേർക്കുന്നു.

1. കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാനവില പദ്ധതി:-

കാർഷിക ഉല്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പച്ചക്കറി അടിസ്ഥാനവില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽവന്നു. ടി പദ്ധതിപ്രകാരം മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, കാബേജ്, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി തുടങ്ങിയ കേരളത്തിലെ 16 ഇനം പഴം, പച്ചക്കറികൾക്കാണ് അടിസ്ഥാനവില പ്രഖ്യാപിച്ചത്. കൃഷിവകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അർഹരായ എല്ലാ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും.

2. <u>പച്ചത്തേങ്ങ സംഭരണം</u>:-

സംസ്ഥാനത്ത് നാളികേരത്തിന്റെ വിലത്തകർച്ച പരിഹരിക്കുന്നതിന് പച്ചത്തേങ്ങയുടെ സംഭരണ വില കിലോഗ്രാമിന് 32 രൂപയായി നിശ്ചയിച്ച് കേരഫെഡിനെയും സംസ്ഥാന നാളികേര വികസന കോർപ്പറേഷനെയും പച്ചത്തേങ്ങ സംഭരണ ഏജൻസികളായി ചുമതലപ്പെടുത്തി പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചിട്ടുണ്ട്. നിലവിൽ 5384 കർഷകരിൽനിന്നും 1988 മെട്രിക് ടൺ പച്ചത്തേങ്ങ സംഭരിക്കുകയും 5,88,18,513 രൂപ നാളികേരത്തിന്റെ വിലയായി കർഷകരുടെ അക്കൗണ്ടിൽ നൽകുകയും ചെയ്തിട്ടുണ്ട്.

3. <u>കൊപ്ര സംഭരണം</u>:-

കൊപ്രയുടെ വില താഴ്ന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ കൊപ്രയുടെ താങ്ങുവില പദ്ധതി (പി.എസ്.എസ്.) 2022 പ്രകാരം, കൊപ്ര സംഭരണത്തിനായി കേരഫെഡിനെയും മാർക്കറ്റ്ഫെഡിനെയും സ്റ്റേറ്റ് ലെവൽ ഏജൻസികളായി പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന വിലയായ കിലോഗ്രാമിന് 105 രൂപ 90 പൈസ ക്രമത്തിലാണ് കർഷകന് വില ലഭ്യമാകുന്നത്. ആഗസ്റ്റ് 1-ാം തീയതി അവസാനിച്ച പദ്ധതി മൂന്ന് മാസംകൂടി നീട്ടണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

4. <u>സപ്ലൈകോ വഴി നെല്ല് സംഭരണം</u>:-

കേന്ദ്ര സർക്കാർ അതത് വർഷത്തിലേക്കായി പ്രഖ്യാപിക്കുന്ന നെല്ലിന്റെ താങ്ങുവിലയൊടൊപ്പം സംസ്ഥാന സർക്കാർ പ്രോത്സാഹന ബോണസായി അനുവദിക്കുന്ന അധിക തുകകൂടി നൽകിയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കർഷകരിൽനിന്നും നെല്ല് സംഭരിച്ചുവരുന്നത്.

5. <u>റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം</u>:-

സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നു. ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്.

2021 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് കിലോഗ്രാമിന് 150 രൂപ എന്നത് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

6. <u>സംസ്ഥാന സർക്കാരിന്റെ വിപണി ഇടപെടൽ പദ്ധതി</u>:-

ഓണ വിപണികൾ സംഘടിപ്പിക്കുമ്പോൾ പൊതുവിപണിയേക്കാൾ താഴ്ന്നവിലയിലാണ് പഴം പച്ചക്കറികൾ വില്പന നടത്തുന്നത്. കർഷകരിൽനിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതുവിപണിയിലെ അതത് ഇനങ്ങളുടെ സംഭരണ വിലയേക്കാൾ 10% അധികം വിലനൽകി സംഭരിച്ച് ഓണവിപണികളിലൂടെ പൊതുവിപണിയിലെ വില്പന വിലയിൽനിന്നും 30% കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് നൽകുന്നു.

ടി പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ കർഷകർക്ക് അവരുടെ കാർഷികോല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനും കൃഷിയിലേയ്ക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനും കാർഷിക മേഖല പ്രധാന തൊഴിൽ മേഖലയാക്കുന്നതിനും സാധ്യമാകുന്നു.

**കാർഷിക മേഖലയെ പുനരുദ്ധരിക്കുന്നതിന് നടപടി**

8 (1563) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>:
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>:
<u>ശ്രീ. എച്ച്. സലാം</u>:
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികമേഖല ആധുനീകരിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ആധുനിക സംവിധാനങ്ങളുടെ സഹായം ഉറപ്പാക്കുന്നതിനുമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്ന പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കാർഷികമേഖല ആധുനീകരിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ആധുനിക സംവിധാനങ്ങളുടെ സഹായം ഉറപ്പാക്കുന്നതിനുമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന 15 പദ്ധതികളുടെ (പൂർത്തിയായവ-3, നടന്നു കൊണ്ടിരിക്കുന്നവ-12) അവലോകനം അതതുമാസങ്ങളിൽ നടത്തിവരുന്നു. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി *ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും പൂർത്തീകരിക്കാൻ കഴിയാതെ വന്നിട്ടുള്ള പദ്ധതികളുടെ സാങ്കേതിക തടസ്സങ്ങൾനീക്കി അവ പൂർത്തീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ?

പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും പൂർത്തീകരിക്കാൻ കഴിയാതെ വന്നിട്ടുള്ള പദ്ധതികളുടെ സാങ്കേതിക തടസ്സങ്ങൾനീക്കി അവ പൂർത്തീകരിക്കുന്നതിനുമാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കൃഷി വകുപ്പിലെ മിക്ക പദ്ധതികളും പരിപാടികളും വിളക്രമം അടിസ്ഥാനമാക്കിയുള്ളതായതിനാൽ സമയക്രമം പാലിച്ച് പൂർത്തീകരിക്കുന്നവയാണ്. കൃത്യമായ ഇടവേളകളിൽ പദ്ധതി അവലോകന യോഗങ്ങൾ നടത്താറുണ്ട്. ഇത്തരത്തിലുള്ള അവലോകന യോഗങ്ങളിൽ പദ്ധതികളുടെ നടത്തിപ്പിലുയർന്നുവരുന്ന സാങ്കേതിക തടസ്സങ്ങൾ ഉന്നയിക്കുകയും അവ നീക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) കാലാവസ്ഥാ വ്യതിയാനവും ആഗോളതാപനത്തിന്റെ ഫലമായുണ്ടാകുന്ന പലവിധ പ്രതിസന്ധികളും കണക്കിലെടുത്ത് സംസ്ഥാനത്തെ കാർഷിക മേഖലയെ പുനരുദ്ധരിക്കുന്നതിനായി കാർഷിക കലണ്ടറിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേരളത്തിലെ മണ്ണിന്റെയും കാലാവസ്ഥയുടെയും ഭൂപ്രകൃതിയുടെയും പാരിസ്ഥിതികമായ പ്രത്യേകതകളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വിവിധ കാർഷികമേഖലകളായി തരംതിരിച്ച് ഓരോ മേഖലയിലും ഏറ്റവും അനുയോജ്യമായ കൃഷി രീതികളെക്കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഇതുപ്രകാരം കേരളത്തിലെ കാർഷിക മേഖലയെ കാലാവസ്ഥ, ഭൂപ്രകൃതി, ഭൂവിനിയോഗം, മണ്ണിന്റെ വൈവിദ്ധ്യം എന്നിവയെ അടിസ്ഥാനമാക്കി 5 അഗ്രോ ഇക്കോളജിക്കൽ സോൺ അഥവാ AEZ (കാർഷിക പാരിസ്ഥിതിക മേഖല) ആയി വിഭജിച്ചിട്ടുണ്ട്. ഓരോ കാർഷിക പാരിസ്ഥിതിക മേഖലയെയും (AEZ) വിവിധ കാർഷിക പാരിസ്ഥിതിക യൂണിറ്റുകളായി (AEU) വിഭജിച്ചിട്ടുണ്ട്. അങ്ങനെ 23 കാർഷിക പാരിസ്ഥിതിക യൂണിറ്റുകളാണ് സംസ്ഥാനത്തുള്ളത്. നിലവിൽ വിള അടിസ്ഥാനമാക്കി നടപ്പിലാക്കുന്ന പദ്ധതികളെല്ലാം കാർഷിക പാരിസ്ഥിതിക യൂണിറ്റുകളുടെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. കാലാവസ്ഥാ വ്യതിയാനം കാരണമുണ്ടായ ദുരന്തങ്ങൾ കണക്കിലെടുത്തുകൊണ്ടും കാർഷിക മേഖലയുടെ സമഗ്രമായ വികസനത്തിനും പ്രളയത്തെത്തുടർന്ന് മേഖലയുടെ കാർഷിക പുനർനിർമ്മാണത്തിനായാണ് ഇത്തരത്തിലൊരു നടപടി.

സംസ്ഥാനത്ത് 14-ാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ് നടത്തിയ വർക്ക്ഷോപ്പായ 'കൃഷി ഗീതയിൽ' കാലാവസ്ഥാ വ്യതിയാനവും ആഗോളതാപനവുമെന്ന വിഷയത്തെക്കുറിച്ചുള്ള ചർച്ചകൾ നടത്തിയിരുന്നു. ഇതിന്റെ ഭാഗമായി കാർഷിക കലണ്ടറിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ചുള്ള ചർച്ചകൾ നടത്തിയിട്ടുണ്ട്.

(ഡി) കൃഷി ലാഭകരമാക്കുന്നതിനും ന്യായമായ വരുമാനം ഉറപ്പുവരുത്തുന്നതിനും ശാസ്ത്രീയമായ പരിഷ്കാരങ്ങൾ വരുത്തുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്തുനടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ കാർഷിക മേഖലയുടെ ഉന്നമനത്തിനും അതിനോടൊപ്പം കർഷകരുടെ വരുമാനവും സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിന് കാർഷികവികസന കർഷകക്ഷേമ വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ചുനടപ്പിലാക്കിവരുന്നു. കാർഷിക വിളകളായ നെല്ല്, പച്ചക്കറി, തെങ്ങ്, ഫലവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനവിളകൾ, പുഷ്പകൃഷി, ഔഷധസസ്യങ്ങൾ എന്നിവയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി വിളവിസ്തൃതി വർദ്ധനവും വികസനവുമെന്ന സമീപനത്തിലുൾപ്പെടുത്തി 252.12 കോടി രൂപയുടെ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള-കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസന പദ്ധതികൾ ഈ വർഷം മുതൽ നടപ്പിലാക്കുവാനുദ്ദേശിക്കുന്നു. ഓരോ കർഷകന്റെയും കൃഷിയിടം മണ്ണ്, ജലം, മൂലധനം, മറ്റ് വിഭവസ്രോതസ്സുകൾ, സംയോജിപ്പിക്കാവുന്ന സംരംഭങ്ങൾ, ജൈവ-പുനഃചംക്രമണം (Bio-recycling) ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണവും മൂല്യവർദ്ധനവുമുൾപ്പെടെ എല്ലാ സാധ്യമായ ഘടകങ്ങളേയും യോജിപ്പിച്ച് പരമാവധി ഉത്പാദനം സാധ്യമാക്കുന്നതരത്തിൽ ഒരു ആസൂത്രണരേഖ സൃഷ്ടിച്ചെടുത്ത് നടപ്പിലാക്കുവാനുദ്ദേശിക്കുന്നു. ഈ പദ്ധതിയിൽ ശാസ്ത്രീയ കൃഷിമുറകൾ കർഷകരിലെത്തിക്കുന്നതിനുള്ള ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ചുള്ള അവബോധം കർഷകരിൽ സൃഷ്ടിക്കുവാനും ഇത്തരത്തിലുള്ള മുറകൾ പ്രോത്സാഹിപ്പിക്കുവാനും പ്രത്യേകം കാർഷികവിജ്ഞാന വ്യാപന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ, കർഷകരിൽ അവബോധം

സൃഷ്ടിക്കുന്നതിനും മികച്ച പരമ്പരാഗത വിദ്യകളും ശാസ്ത്രീയമായി തെളിയിക്കപ്പെട്ട പുതിയ സാങ്കേതികവിദ്യകളും ഫീൽഡുതല പ്രദർശനങ്ങളിലൂടെ ജനകീയമാക്കുന്നതിന് ലക്ഷ്യമിടുന്ന 'കൃഷി പാഠശാല', കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫാം ഇൻഫർമേഷൻ ബ്യൂറോ എന്ന സ്ഥാപനത്തിലൂടെ നടപ്പാക്കുന്ന 'കാർഷിക വിവരവും വിനിമയവും, മാനവശേഷി വികസനം' എന്നീ പദ്ധതികൾ ഉൾപ്പെടുന്നു.

**കോലിഞ്ചി കർഷകർക്കുള്ള സബ്സിഡി**

9 (1564) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി മണ്ഡലത്തിലെ കോലിഞ്ചി കർഷകർക്കുള്ള സബ്സിഡി വിതരണം എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വിശദമാക്കുമോ?

കോലിഞ്ചി കർഷകർക്കുള്ള സബ്സിഡി തുക നാഷണൽ മിഷൻ ഫോർ മെഡിസിനൽ പ്ലാന്റ്സ് എന്നപദ്ധതിയിലുൾപ്പെടുത്തി ദേശീയ ഔഷധസസ്യ ബോർഡാണ് അനുവദിക്കുന്നത്. ദേശീയ ഔഷധസസ്യ ബോർഡ് സംസ്ഥാന ഔഷധസസ്യ ബോർഡിന് ആകെ 19 ഹെക്ടറിൽ (46.93 ഏക്കർ) കോലിഞ്ചി കൃഷി ചെയ്യുന്നതിനാവശ്യമായ ധനസഹായമായി 3,99,705 രൂപ അനുവദിക്കുകയും ആയത് കോന്നി മണ്ഡലത്തിലെ കർഷകർക്കായി അനുവദിക്കുകയും മൊത്തം സബ്സിഡി തുകയിൽ ആദ്യഗഡുവായ 1,99,854 രൂപ 2021-22 സാമ്പത്തിക വർഷത്തിൽത്തന്നെ വിതരണം ചെയ്തിട്ടുമുണ്ട്. ശേഷിക്കുന്ന തുക കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായി സംസ്ഥാന ഔഷധസസ്യ ബോർഡ് അറിയിച്ചിട്ടുണ്ട്.

**ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതി വിദ്യാലയങ്ങളിലേയ്ക്ക്**

10 (1565) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളെയും കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും അതുവഴി ഭക്ഷ്യ സ്വയംപര്യാപ്തതയിലെത്തിക്കുന്നതിനായും ലക്ഷ്യമിട്ടുകൊണ്ട് കാർഷികവികസന കർഷകക്ഷേമ വകുപ്പ് "ഞങ്ങളും കൃഷിയിലേയ്ക്ക്" പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. "ഞങ്ങളും കൃഷിയിലേയ്ക്ക്" പദ്ധതിയുടെ ഉദ്ദ്യേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരളീയരിൽ മുഴുവൻ കാർഷിക സംസ്കാരം ഉണർത്തുക.
2. ഓരോ കേരളീയ ഭവനവും വിഷരഹിതഭക്ഷണ ഉത്പാദനത്തിൽ പങ്കാളികളാക്കുക.
3. സ്ഥായിയായ കാർഷിക മേഖല സൃഷ്ടിക്കുക.
4. സംസ്ഥാനത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിൽ എത്തുക.
5. കാർഷിക മേഖലയിലെ മൂല്യവർദ്ധനവ് പ്രയോജനപ്പെടുത്തി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക.
6. സുരക്ഷിത ഭക്ഷണം ലഭ്യമാക്കുക.
7. മണ്ണിനെ സമ്പുഷ്ടമാക്കുക.
8. പ്രകൃതിയെ/പരിസ്ഥിതിയെ സംരക്ഷിക്കുക
9. കാർഷിക മേഖലയെ ഇതര ഭക്ഷ്യമേഖലകളുമായി കോർത്തിണക്കുക.
10. കാർഷിക കൂട്ടായ്മയിലൂടെ ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
11. തനതായ കാർഷിക വിഭവങ്ങളെ സംരക്ഷിക്കുക.

<u>ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതിയുടെ സമീപനം</u>

1. കാർഷിക മേഖയിലെ ഒരു തുടർപദ്ധതിയായി ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതി ആസൂത്രണം ചെയ്യുന്നു.
2. ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതിയിൽക്കൂടി 10000 കൃഷിക്കൂട്ടം/കർഷക ഗ്രൂപ്പുകൾ, 10000 ഹെക്ടറിൽ ജൈവ കൃഷി വിസ്തൃതി വർദ്ധന, കൃഷി മൂല്യവർദ്ധന സംരംഭങ്ങൾ, 140 ഹരിത പോഷക കാർബൺ തുലിത ഗ്രാമങ്ങൾ എന്നീ പദ്ധതികളിൽ എത്തിച്ചേരുന്നതിനുമാണ് ലക്ഷ്യമിടുന്നത്.
3. ബാല്യകാലത്തുതന്നെ കുട്ടികളിൽ കൃഷിസംസ്കാരം ഉണർത്തുന്നു.
4. എല്ലാ കുടുംബങ്ങളെയും കൃഷിയിലേയ്ക്ക് കൊണ്ടുവരുന്നു.
5. കാർഷിക മേഖലയിൽ നിലവിൽ തുടരുന്നവർക്കുള്ള പിന്തുണ തുടരുന്നു.
6. പാരിസ്ഥിക മേഖല ആധാരമാക്കിയുള്ള കൃഷി രീതിയും അനുപ്രകാരമുള്ള ബഡ്ജറ്റിംഗും.

7. സമ്മിശ്രകൃഷി പ്രോത്സാഹിപ്പിക്കുന്നു.

8. ജൈവ/കാർബൺ തുലിത കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നു.

9. പഴങ്ങൾ/പച്ചക്കറികൾ/നെല്ല് എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു.

10. നവീന കൃഷിരീതികൾ നടപ്പാക്കുന്നു.

11. കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്ന കാർഷിക വിളകൾക്ക് പ്രാമുഖ്യം നൽകുന്നു.

12. തരിശുഭൂമി കണ്ടെത്തി കൃഷി പ്രോത്സാഹിപ്പിക്കുന്നു.

13. വീട്ടുവളപ്പിലെ കൃഷി, പുരയിട കൃഷി എന്നിവ പരമാവധി പ്രോത്സാഹിപ്പിക്കുന്നു. (1 സെന്റ് മുതൽ 1 ഹെക്ടർ വരെയുള്ള കൃഷിക്കായി കുടുംബങ്ങളെയും കൂട്ടായ്മകളെയും പ്രോത്സാഹിപ്പിക്കുന്നു).

14. കൃഷി ചെയ്യുവാൻ താല്പര്യമുള്ളവർക്ക് സാങ്കേതിക സഹായം നൽകുന്നു.

15. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാനുതകുമാറ് ഉല്പാദന ക്ഷമതകൂടിയതരം തൈകൾ, വിത്തുകൾ, പാരമ്പര്യ പ്രാദേശിക വിളകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നു.

16. കുറഞ്ഞ പലിശനിരക്കിൽ കൃഷിക്കുള്ള വായ്പ ലഭ്യമാക്കുന്നു.

17. കർഷക, കർഷകത്തൊഴിലാളി, യുവജന, പ്രവാസി, സ്ത്രീ ഗ്രൂപ്പുകൾ പരമാവധി കാർഷിക മേഖലയിൽ സൃഷ്ടിക്കുന്നു. കാർഷിക മേഖലയിലെ മൂല്യവർദ്ധനവിനുള്ള സംരംഭങ്ങളിലേയ്ക്കും വിപണി അധിഷ്ഠിതമായ സംരംഭങ്ങളിലേയ്ക്കും ഈ കൂട്ടായ്മയെ പ്രയോജനപ്പെടുത്തുന്നു.

18. പ്രാദേശിക വിപണി ശക്തമാക്കുന്നു.

19. യന്ത്രവൽക്കരണം ശക്തിപ്പെടുത്തുന്നു. യന്ത്രവൽക്കരണത്തിന്റെ പ്രയോജനം എല്ലാ കർഷകരിലും എത്തിക്കുന്നു.

20. മണ്ണിന്റെ പോഷക മൂല്യം, മണ്ണിന്റെ ഘടന എന്നിവ മനസ്സിലാക്കി കൃഷി ചെയ്യുവാൻ പ്രാപ്തരാക്കുന്നു.

21. വിവിധ വകുപ്പുകളുടെ ഏകോപനം ശക്തമാക്കുന്നു. വിവിധ സർക്കാർ പദ്ധതികൾ ഒരുമിച്ച് കൃഷിയിലേയ്ക്ക് പ്രയോജനപ്പെടുത്തുന്നു.

(ബി) ചെറുപ്പകാലത്തുതന്നെ കുട്ടികളെ കൃഷിയിൽ തൽപ്പരരാക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാലയങ്ങളെക്കൂടി ഉൾപ്പെടുത്തി പ്രസ്തുതപദ്ധതി മുഖേന എന്തൊക്കെ പ്രോത്സാഹനങ്ങളും സഹായങ്ങളുമാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ?

ചെറുപ്പകാലത്തുതന്നെ കുട്ടികളെ കൃഷിയിൽ തൽപ്പരരാക്കുകയെന്ന ലക്ഷ്യത്തോടെ വിദ്യാലയങ്ങളെക്കൂടി ഉൾപ്പെടുത്തി കാർഷികവികസന കർഷകക്ഷേമ വകുപ്പ് "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന ക്യാമ്പയിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഒരു മുഖ്യഘടകമായി പ്രോജക്ട് അധിഷ്ഠിത പച്ചക്കറി കൃഷി ആവിഷ്കരിച്ചുനടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി ഘടകപ്രകാരം വിദ്യാർത്ഥികളിൽ കൃഷി സംസ്കാരവും അഭിരുചിയും പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ വളപ്പിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ധനസഹായം നൽകിവരുന്നു. അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ ഇത്തരത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിലൂടെ ഒരു കാർഷിക സംസ്കാരം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുവാനും വിഷരഹിത പച്ചക്കറിയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനും സാധ്യമാകുന്നു. ഇതുവഴി ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിനും കഴിയും.

വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും സൗജന്യമായി വിതരണം നടത്തിവരുന്നുണ്ട്. വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 10 രൂപയുടെ പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 2.50 രൂപ വിലയുള്ള പച്ചക്കറിത്തൈകളും വിദ്യാർത്ഥികൾക്കും കർഷകർക്കും വീട്ടമ്മമാർക്കും വിവിധ സന്നദ്ധസംഘടനകൾക്കും സൗജന്യമായി വിതരണം ചെയ്യുന്നു. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽനിന്നുതന്നെ ലഭ്യമാക്കാനുദ്ദേശിച്ചാണ് ഓണക്കാലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയുടെ പ്രോത്സാഹനത്തിനായി ദീർഘകാല പച്ചക്കറി വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ 15 രൂപ വിലവരുന്ന തൈകൾ സൗജന്യമായി വിതരണം ചെയ്യുന്നു.

**ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതി**

11 (1566) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള മുന്നൊരുക്കങ്ങളും പദ്ധതിയുടെ പുരോഗതിയും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ സാധ്യമായ എല്ലാവരെയും കൃഷിക്കാരാക്കി കാർഷികോല്പാദനം വർദ്ധിപ്പിച്ച് വരുമാനവും സുരക്ഷിത ഭക്ഷണവും ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

(എ-സി) സംസ്ഥാനത്ത് എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടുകൂടിയും എല്ലാ കുടുംബങ്ങളെയും കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനായും കാർഷികവികസന കർഷകക്ഷേമ വകുപ്പ് "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന പദ്ധതി ആവിഷ്കരിച്ചുനടപ്പിലാക്കിവരുന്നു.

"ഞങ്ങളും കൃഷിയിലേയ്ക്ക്" പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരളീയരിൽ മുഴുവൻ കാർഷിക സംസ്കാരം ഉണർത്തുക.
2. ഓരോ കേരളീയ ഭവനവും വിഷരഹിത ഭക്ഷണ ഉത്പാദനത്തിൽ പങ്കാളികളാക്കുക.
3. സ്ഥായിയായ കാർഷിക മേഖല സൃഷ്ടിക്കുക.
4. സംസ്ഥാനത്തെ ഭക്ഷ്യസ്വയംപര്യാപ്തതയിൽ എത്തിക്കുക.
5. കാർഷിക മേഖലയിലെ മൂല്യവർദ്ധനവ് പ്രയോജനപ്പെടുത്തി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക.
6. സുരക്ഷിത ഭക്ഷണം ലഭ്യമാക്കുക.
7. മണ്ണിനെ സമ്പുഷ്ടമാക്കുക.
8. പ്രകൃതിയെ/പരിസ്ഥിതിയെ സംരക്ഷിക്കുക
9. കാർഷിക മേഖലയെ ഇതര ഭക്ഷ്യമേഖലകളുമായി കോർത്തിണക്കുക.
10. കാർഷിക കൂട്ടായ്മയിലൂടെ ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
11. തനതായ കാർഷിക വിഭവങ്ങളെ സംരക്ഷിക്കുക.

<u>ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതിയുടെ സമീപനം</u>

1. കാർഷിക മേഖലയിലെ ഒരു തുടർപദ്ധതിയായി ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതി ആസൂത്രണം ചെയ്യുന്നു.

2. ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതിയിൽക്കൂടി 10000 കൃഷിക്കൂട്ടം/ കർഷക ഗ്രൂപ്പുകൾ, 10000 ഹെക്ടറിൽ ജൈവ കൃഷി വിസ്തൃതി വർദ്ധന, കൃഷി മൂല്യവർദ്ധന സംരംഭങ്ങൾ, 140 ഹരിത പോഷക കാർബൺ തുലിത ഗ്രാമങ്ങൾ എന്നീ പദ്ധതികളിൽ എത്തിച്ചേരുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

3. ബാല്യകാലത്തുതന്നെ കുട്ടികളിൽ കൃഷിസംസ്കാരം ഉണർത്തുന്നു.

4. എല്ലാ കുടുംബങ്ങളെയും കൃഷിയിലേയ്ക്ക് കൊണ്ടുവരുന്നു.

5. കാർഷിക മേഖലയിൽ നിലവിൽ തുടരുന്നവർക്കുള്ള പിന്തുണ തുടരുന്നു.

6. പാരിസ്ഥിതിക മേഖല ആധാരമാക്കിയുള്ള കൃഷി രീതിയും അനുപ്രകാരമുള്ള ബഡ്ജറ്റിംഗും.

7. സമ്മിശ്ര കൃഷി പ്രോത്സാഹിപ്പിക്കുന്നു.

8. ജൈവ/കാർബൺ തുലിത കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നു.

9. പഴങ്ങൾ/പച്ചക്കറികൾ/നെല്ല് എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു.

10. നവീന കൃഷിരീതികൾ നടപ്പാക്കുന്നു.

11. കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്ന കാർഷികവിളകൾക്ക് പ്രാമുഖ്യം നൽകുന്നു.

12. തരിശുഭൂമി കണ്ടെത്തി കൃഷി പ്രോത്സാഹിപ്പിക്കുന്നു.

13. വീട്ടുവളപ്പിലെ കൃഷി, പുരയിട കൃഷി എന്നിവ പരമാവധി പ്രോത്സാഹിപ്പിക്കുന്നു. (1 സെന്റ് മുതൽ 1 ഹെക്ടർ വരെയുള്ള കൃഷിക്കായി കുടുംബങ്ങളെയും കൂട്ടായ്മകളെയും പ്രോത്സാഹിപ്പിക്കുന്നു).

14. കൃഷി ചെയ്യുവാൻ താല്പര്യമുള്ളവർക്ക് സാങ്കേതിക സഹായം നൽകുന്നു.

15. ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുവാനുതകുമാറ് ഉല്പാദനക്ഷമത കൂടിയതരം തൈകൾ, വിത്തുകൾ, പാരമ്പര്യ പ്രാദേശിക വിളകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നു.

16. കുറഞ്ഞ പലിശ നിരക്കിൽ കൃഷിക്കുള്ള വായ്പ ലഭ്യമാക്കുന്നു.

17. കർഷക, കർഷകത്തൊഴിലാളി, യുവജന, പ്രവാസി, സ്ത്രീ ഗ്രൂപ്പുകൾ പരമാവധി കാർഷിക മേഖലയിൽ സൃഷ്ടിക്കുന്നു. കാർഷിക മേഖലയിലെ മൂല്യവർദ്ധനവിനുള്ള സംരംഭങ്ങളിലേയ്ക്കും വിപണി

അധിഷ്ഠിതമായ സംരംഭങ്ങളിലേയ്ക്കും ഈ കൂട്ടായ്മയെ പ്രയോജനപ്പെടുത്തുന്നു.

18. പ്രാദേശിക വിപണി ശക്തമാക്കുന്നു.

19. യന്ത്രവൽക്കരണം ശക്തിപ്പെടുത്തുന്നു. യന്ത്രവൽക്കരണത്തിന്റെ പ്രയോജനം എല്ലാ കർഷകരിലും എത്തിക്കുന്നു.

20. മണ്ണിന്റെ പോഷക മൂല്യം, മണ്ണിന്റെ ഘടന എന്നിവ മനസ്സിലാക്കി കൃഷി ചെയ്യുവാൻ പ്രാപ്തരാക്കുന്നു.

21. വിവിധ വകുപ്പുകളുടെ ഏകോപനം ശക്തമാക്കുന്നു. വിവിധ സർക്കാർ പദ്ധതികൾ ഒരുമിച്ച് കൃഷിയിലേയ്ക്ക് പ്രയോജനപ്പെടുത്തുന്നു.

"ഞങ്ങളും കൃഷിയിലേയ്ക്ക്" നടത്തിപ്പിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ പ്രചരണപരിപാടികൾ സംഘടിപ്പിച്ചു. എല്ലാ ജില്ലകളിലും അവബോധ ക്ലാസ്സുകൾ, ക്യാമ്പയിനിന്റെ പ്രചരണാർത്ഥം വിളംബരജാഥ, വിത്തുവണ്ടിയാത്ര, കലാജാഥ, വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് കാർഷിക ക്വിസ് പരിപാടികൾ, കൃഷിയുമായി ബന്ധപ്പെട്ട കുട്ടികൾക്കുള്ള ചിത്രരചന മത്സരങ്ങൾ, നഗരപ്രദേശങ്ങളിൽ ഫ്ലാഷ്മോബ്, എന്നിവ സംഘടിപ്പിച്ചു. ഇതിലൂടെ വിദ്യാർത്ഥികൾ, വീട്ടമ്മമാർ, യുവജനങ്ങൾ തുടങ്ങി എല്ലാവിഭാഗം ജനങ്ങളെയും "ഞങ്ങളും കൃഷിയിലേയ്ക്ക്" പദ്ധതിയുടെ ഭാഗമാക്കാൻ കഴിഞ്ഞു. കൂടാതെ കർഷകർക്ക് കൃഷി സംബന്ധമായ സംശയങ്ങൾ/പ്രശ്നങ്ങൾ അതിവേഗത്തിൽ ദൂരീകരിക്കുന്നതിനായി വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ച് ഉദ്യോഗസ്ഥർ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

പ്രസ്തുത പദ്ധതിയുടെ ഭാഗമായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിലുൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷത്തിൽ വിവിധ ഇനങ്ങൾ അടങ്ങിയ 10 രൂപ വിലവരുന്ന 30 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകളും 2.5 രൂപ വിലവരുന്ന 34.341 ലക്ഷം പച്ചക്കറിത്തൈകളും വിതരണം നടത്തി. കൂടാതെ "ഞങ്ങളും കൃഷിയിലേയ്ക്ക്" ഭാഗമായി വി.എഫ്.പി.സി.കെ. മുഖേന 7.5 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകളും 10 ലക്ഷം പച്ചക്കറിത്തൈകളും വീട്ടുവളപ്പിൽ കൃഷിചെയ്യുന്നതിനായി വിതരണം ചെയ്തു.

2022-23 സാമ്പത്തിക വർഷത്തിൽ "ഞങ്ങളും കൃഷിയിലേയ്ക്ക്" ക്യാമ്പയിനിന്റെ ഭാഗമായി ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിലുൾപ്പെടുത്തി വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി 10 രൂപ വിലവരുന്ന വിവിധ ഇനങ്ങൾ അടങ്ങിയ 27 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും വിവിധയിനത്തിൽപ്പെട്ട 78 ലക്ഷം

പച്ചക്കറിത്തൈകളും വിതരണം ചെയ്തു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി പൊതുസമൂഹത്തിലെ എല്ലാവിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് "ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി" നടപ്പിലാക്കുന്നത്. കൂടാതെ ഏജൻസി/ അസോസിയേഷനുകൾ മുഖേന 19660 എണ്ണം പച്ചക്കറി വിത്ത് കിറ്റുകളും വിതരണം നടത്തിയിട്ടുണ്ട്.

"ഞങ്ങളും കൃഷിയിലേയ്ക്ക്" പദ്ധതിയുടെ ഭാഗമായി 10000 കൃഷിക്കൂട്ടം രൂപീകരിക്കുന്നതിന് ലക്ഷ്യമിട്ടതിൽ നാളിതുവരെ 25642 എണ്ണം കൃഷിക്കൂട്ടങ്ങൾ സംസ്ഥാനത്തൊട്ടാകെ രൂപീകരിച്ചുകഴിഞ്ഞു. 10000 ഹെക്ടറിൽ ജൈവ കൃഷി ലക്ഷ്യമിട്ടിരുന്നതിൽ 20455 ഹെക്ടറിലേയ്ക്ക് വ്യാപിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിലൂടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങൾ തയ്യാറാക്കുന്നതിനും സാധ്യമാകുന്നു. കർഷകർക്ക് തങ്ങളുടെ വിളകൾക്ക് മെച്ചപ്പെട്ട വിപണന സൗകര്യം ലഭിക്കുകയും ഇതിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും കഴിയുന്നു.

"ഞങ്ങളും കൃഷിയിലേയ്ക്ക്" പദ്ധതിയുടെ ഭാഗമായി വീട്ടുവളപ്പുകളിലും പൊതുസ്ഥലങ്ങളിലും ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനും വിഷരഹിത ഫലവർഗ്ഗങ്ങൾ നമ്മുടെ വീട്ടുവളപ്പിൽനിന്നുതന്നെ ഉല്പാദിപ്പിക്കുന്നതിനുമായി "ഒരു കോടി ഫലവൃക്ഷത്തൈ വിതരണം" എന്ന പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തിന്റെ തനത് ഫലവൃക്ഷങ്ങളും വിദേശത്തുനിന്ന് കൊണ്ടുവന്ന് നട്ടുപിടിപ്പിച്ച് വിളയിക്കാൻ കഴിയുന്നതുമായ ഫലവൃക്ഷത്തൈകളുടെ വിതരണം നടത്തിവരുന്നു. നാളിതുവരെ പ്രസ്തുത പദ്ധതിയുടെ ഭാഗമായി വിവിധ ഇനത്തിൽപ്പെട്ട 11 ലക്ഷം ഫലവൃക്ഷത്തൈകൾ വിതരണം നടത്തിയിട്ടുണ്ട്. ഭൗതീകലക്ഷ്യം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(ഡി) ഉല്പാദനം, വിപണനം, മൂല്യവർദ്ധിത ഉല്പന്നങ്ങൾ എന്നിവ വഴി കർഷകർക്ക് തൊഴിൽ നൽകുന്നതിന് പ്രസ്തുത പദ്ധതി എത്രത്തോളം പ്രയോജനപ്രദമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉല്പാദനം, വിപണനം, മൂല്യവർദ്ധിത ഉല്പന്നങ്ങൾ എന്നിവ വഴി കർഷകർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് "ഞങ്ങളും കൃഷിയിലേയ്ക്ക്" പദ്ധതി പ്രയോജനപ്രദമാകുമെന്ന് വിലയിരുത്തിയിട്ടുണ്ട്.

"ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന പദ്ധതിയുടെ ഭാഗമായി രൂപീകൃതമായിട്ടുള്ള കൃഷിക്കൂട്ടം ഗ്രൂപ്പുകളിലൂടെ വിത്ത് മുതൽ വിപണി വരെയുള്ള മേഖലകളിൽ

കർഷകർ/കർഷകക്കൂട്ടങ്ങൾ പങ്കാളികളാകുന്നുണ്ട്. കൃഷിക്കൂട്ടങ്ങളിലെ 80% ഉല്പാദന മേഖലകളിലും 20% ഇതരമേഖലകളിലുമായിട്ടാണ് പ്രവർത്തിക്കുന്നത്. കൃഷിക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ വിത്ത്, തൈകൾ, മറ്റ് നടീൽ വസ്തുക്കൾ ഓരോ പ്രദേശത്തിന്റെയും ആവശ്യകതയനുസരിച്ച് ഉല്പാദിപ്പിക്കുന്നത്. "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന പദ്ധതിയിലൂടെ കാർഷികോല്പന്നങ്ങളുടെ സംഭരണം, വിപണനം, സംസ്കരണം തുടങ്ങിയ മേഖലകളിൽ സമൂഹത്തിലെ എല്ലാവിഭാഗം ജനങ്ങളും പങ്കാളികളാകുന്നതിലൂടെ പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു. പ്രാദേശികമായി ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങൾ അതത് പ്രദേശത്ത് വിറ്റഴിക്കുന്നതിനുള്ള വിപണനശൃംഖലകൾ ആരംഭിക്കുന്നതിലൂടെ ഈ തലത്തിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു. അധികമായി ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങൾ പ്രാദേശികതലത്തിൽതന്നെ സംസ്കരിക്കുന്നതും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും യുവജനങ്ങളെയും പദ്ധതിയിലേയ്ക്ക് ആകർഷിക്കുന്നതിനും അവർക്ക് തൊഴിൽ നൽകുന്നതിനും സാധ്യമാകുന്നു.

**ഗുരുവായൂർ മണ്ഡലത്തിലെ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി**

12 (1567) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ ഏതൊക്കെ പ്രദേശത്ത് ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിപ്രകാരം ഗുരുവായൂർ മണ്ഡലത്തിൽ സബ്സിഡി ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) 2020-21 സാമ്പത്തിക വർഷത്തിൽ പച്ചക്കറി വികസന പദ്ധതിയിലുൾപ്പെടുത്തി ഗുരുവായൂർ മണ്ഡലത്തിലെ ഗുരുവായൂർ, പൂക്കോട്, പുന്നയൂർ, പുന്നയൂർക്കുളം എന്നീ പ്രദേശങ്ങളിൽ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ടി കർഷകരുടെ വിശദാംശങ്ങൾ ചുവടെച്ചേർക്കുന്നു.

1. മുഹമ്മദ് അലി, പൊന്നമ്പത്തയിൽ ഹൗസ്, അവിയൂർ.
2. ജോയ് വി. എ., ചെറുവത്തൂർ ഹൗസ്, തൈക്കാട്.
3. രാമചന്ദ്രൻ എം. ഡി., കേദാർ ഹൗസ്, മമ്മിയൂർ.
4. എ. ഷംസുദീൻ, അറക്കൽ ഹൗസ്, ചെമ്മണ്ണൂർ.

5. സൗദ, കോലത്തയിൽ ഹൗസ്, അണ്ടത്തോട്.

6, ഷബി വി. ജെ., മുളയ്ക്കൽ ഹൗസ്, കോട്ടപ്പടി.

7. പ്രദീപ്കുമാർ, ചണ്ടിരുത്തിൽ ഹൗസ്, മല്ലാട്.

8. ഹരിഹരൻ, പാറയിൽ ഹൗസ്, കാവീട്.

9. നാരായണൻ, ചണ്ടിരുത്തിൽ ഹൗസ്, മല്ലാട്.

10. സുരേഷ് സി. വി., ചട്ടിക്കൽ ഹൗസ്, കോട്ടപ്പടി.

11. ചന്ദ്രൻ എം. എ., മാത്രംകോട്ട് ഹൗസ്, താമരയൂർ.

(സി) ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിക്കുവേണ്ടി കർഷകർ അപേക്ഷ സമർപ്പിക്കേണ്ടതെങ്ങനെയെന്നുള്ള വിശദാംശം ലഭ്യമാക്കുമോ?

PMKSY-PDMC (MI) പദ്ധതിയിൽ സമർപ്പിക്കേണ്ട അപേക്ഷാഫോറം ജില്ലയിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും കൃഷി ഭവൻ മുഖേനയും കർഷകർക്ക് ലഭിക്കും. അപേക്ഷയോടൊപ്പം ആധാർ കാർഡ് പകർപ്പും ബാങ്ക് പാസ്ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പും ഭൂമിയുടെ കരമടച്ച രസീത്/പാട്ടക്കരാർ പകർപ്പും വിലാസം തെളിയിക്കുന്നതിനുള്ള ഐ.ഡി. കാർഡിന്റെ പകർപ്പും പാസ്പോർട്ട് സൈസ് ഫോട്ടോഗ്രാഫും ജാതി തെളിയിക്കുന്നതിനുള്ള രേഖയുടെ പകർപ്പും (പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് മാത്രം) സമർപ്പിക്കേണ്ടതാണ്.

**പച്ചത്തുരുത്ത് പദ്ധതി**

13 (1568) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരളം പദ്ധതിയിലുൾപ്പെട്ട പച്ചത്തുരുത്ത് പദ്ധതി കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

കോഴിക്കോട് ജില്ലയിൽ 2022 മാർച്ച് മാസം വരെ 69 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 36614 ഏക്കർ വിസ്തൃതിയിൽ 164 പച്ചത്തുരുത്തുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ 2022 ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് 4.68 ഏക്കർ വിസ്തൃതിയിൽ 19 പുതിയ പച്ചത്തുരുത്തുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ദേവഹരിതം പദ്ധതി എന്താണെന്നും പ്രസ്തുത പദ്ധതി എവിടെയൊക്കെ നടപ്പിലാക്കിയെന്നും വിശദമാക്കുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡും ഹരിത കേരളം മിഷനും ചേർന്ന് ബോർഡിന്റെ അധീനതയിലുള്ള തരിശുഭൂമിയെ ഫലപ്രദമായി വിനിയോഗിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് ദേവഹരിതം പദ്ധതി. തിരുവിതാംകൂർ ദേവസ്വം ബോർഡിനുപുറമേ മലബാർ ദേവസ്വം ബോർഡുൾപ്പെടെയുള്ള മറ്റ് ദേവസ്വം ബോർഡുകളിലും സ്വകാര്യ ദേവസ്വങ്ങളിലും ഈ പദ്ധതി വളരെ താൽപ്പര്യപൂർവ്വം നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി പച്ചക്കറി, കരനെല്ല്, എള്ള്, തെങ്ങ്, കിഴങ്ങുവർഗ്ഗങ്ങൾ, ഫലവൃക്ഷങ്ങൾ, ക്ഷേത്രങ്ങൾക്കാവശ്യമായ പൂക്കൾ ഉൾപ്പെടെയുള്ള ചെടികൾ എന്നിവയൊക്കെ കൃഷി ചെയ്യുകയും പച്ചത്തുരുത്തുകൾ സ്ഥാപിക്കുകയും ചെയ്തിരുന്നു. ഓരോ ജില്ലയിലും നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി *ചേർത്തിട്ടുണ്ട്.

## ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി

14 (1569) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന "പെർ ഡ്രോപ്പ് മോർ ക്രോപ്പ്" (മൈക്രോ ഇറിഗേഷൻ) [(PMKSY-PDMC(MI)] പദ്ധതിപ്രകാരം കൃഷിയിടങ്ങളിൽ ഡ്രിപ്പ് ഇറിഗേഷൻ സ്ഥാപിക്കുന്നതിന് കർഷകർക്ക് സബ്സിഡി നൽകുന്നു. പദ്ധതി നടത്തിപ്പിനായുള്ള മാർഗ്ഗരേഖയും ടാർജറ്റും എല്ലാ ജില്ലകൾക്കും നൽകിയിട്ടുണ്ട്. കർഷകരിലേയ്ക്ക് പദ്ധതിയുടെ വിശദാംശങ്ങൾ എത്തിക്കുന്നതിനായി ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ; അതിന്റെ നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കുമോ?

പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന - "പെർ ഡ്രോപ്പ് മോർ ക്രോപ്പ്" (മൈക്രോ ഇറിഗേഷൻ) [PMKSY-PDMC(MI)] പദ്ധതിപ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതമായി പദ്ധതി തുകയുടെ 55% വരെ കർഷകർക്ക് സബ്സിഡി നൽകി ഡ്രിപ്പ് ഇറിഗേഷൻ രീതി വ്യാപിപ്പിക്കുക എന്നതാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. ചെറുകിട നാമമാത്ര

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കർഷകർക്ക് 55%, മറ്റ് കർഷകർക്ക് 45% എന്നിങ്ങനെയാണ് ആനുകൂല്യം നൽകുന്നത്. ബാക്കി തുക ഗുണഭോക്തൃ വിഹിതവുമായിട്ടാണ് ഡ്രിപ്പ് ഇറിഗേഷൻ നടപ്പിലാക്കുന്നത്. ഒരു ഗുണഭോക്താവിന് പരമാവധി 5 ഹെക്ടർ എന്ന പരിധിയിൽ ധനസഹായം പരിമിതപ്പെടുത്തിയിട്ടുണ്ട്.

PMKSY-PDMC(MI) പദ്ധതിയിൽ സമർപ്പിക്കേണ്ട അപേക്ഷാ ഫോറം ജില്ലയിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും കൃഷി ഭവൻ മുഖേനയും കർഷകർക്ക് ലഭിക്കും. അപേക്ഷയോടൊപ്പം നിർദ്ദിഷ്ട രേഖകളും സമർപ്പിക്കേണ്ടതാണ്.

അപേക്ഷ സമർപ്പിച്ചതിനുശേഷം PMKSY-PDMC(MI) പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൈക്രോ ഇറിഗേഷൻ ഡീലർമാരുടെ ലിസ്റ്റിൽനിന്ന് താല്പര്യമുള്ള ഡീലറെ അപേക്ഷകന് തെരഞ്ഞെടുക്കാം. തെരഞ്ഞെടുക്കപ്പെടുന്ന ഡീലർ കർഷകന്റെ ഭൂമി സന്ദർശിച്ച്, അളവുകളെടുത്ത് മൈക്രോ ഇറിഗേഷൻ സംവിധാനത്തിന്റെ എഞ്ചിനീയറിംഗ് ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിംഗ് കാര്യാലയത്തിൽ സമർപ്പിക്കുന്നു. ടി കാര്യാലയത്തിലെ എഞ്ചിനീയർ സ്ഥലം സന്ദർശിച്ചശേഷം ഡിസൈൻ വിലയിരുത്തി അംഗീകാരം നൽകുന്നതോടെ ഡീലർക്കും കർഷകനും വർക്ക് പെർമിറ്റ് നൽകുന്നു. പ്രവൃത്തി പൂർത്തിയാക്കിയശേഷം കർഷകൻ തൃപ്തികരമായി പ്രവൃത്തി പൂർത്തീകരിച്ചതായി രേഖാമൂലം അറിയിക്കുമ്പോൾ, എഞ്ചിനീയർ സ്ഥലസന്ദർശനം നടത്തി, ബില്ലുകൾ പരിശോധിച്ച് മൂല്യനിർണ്ണയം നടത്തുന്നു. യഥാർത്ഥത്തിൽ ചെലവഴിച്ച തുക, മൂല്യനിർണ്ണയത്തുക ഇവയിൽ ഏതാണോ കുറവ്, ആയതിന്റെ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി കർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു.

**കാർഷിക വിജ്ഞാന കേന്ദ്രങ്ങളുടെ പ്രവർത്തനം**

15 (1570) ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക വിജ്ഞാന കേന്ദ്രങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തിലെ 152 ബ്ലോക്കുകളിലും ഓരോ കാർഷിക വിജ്ഞാന കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. കാർഷിക സാങ്കേതികവിദ്യ പരിശീലനങ്ങൾ,

ഉൽപ്പാദനോപാധികളുടെ വിതരണം എന്നിവയ്ക്കായി കഴിഞ്ഞ സാമ്പത്തികവർഷം 30 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ കാർഷിക സർവ്വകലാശാലയിലെ വിദഗ്ധർ ഓരോ കാർഷിക വിജ്ഞാനകേന്ദ്രത്തിന്റെയും കീഴിലുള്ള കൃഷിയിടങ്ങൾ കൃത്യമായി സന്ദർശിക്കുകയും ആവശ്യമുള്ള സാങ്കേതിക നിർദ്ദേശങ്ങൾ കർഷകർക്ക് നൽകുകയും ചെയ്യുന്നുണ്ട്.

(ബി) കാർഷിക ബിരുദ വിദ്യാർത്ഥികളെ കാർഷികവിജ്ഞാനകേന്ദ്രങ്ങളുടെ ഭാഗമാക്കിക്കൊണ്ടുള്ള പഠന രീതിക്ക് തുടക്കംകുറിക്കുവാൻ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ബിരുദ വിദ്യാർത്ഥികളെ കാർഷികവിജ്ഞാനകേന്ദ്രങ്ങളുടെ ഭാഗമാക്കിക്കൊണ്ടുള്ള പഠന രീതിക്ക് ഈ വർഷം മുതൽ തുടക്കം കുറിക്കാൻ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്.

കാർഷിക ബിരുദ വിദ്യാർത്ഥികളുടെ 7-ാം സെമസ്റ്ററിലെ RAWE പദ്ധതിയിൽ ഒരാഴ്ചക്കാലം കെ.വി.കെ.-കളിൽ പരിശീലനം നൽകുന്ന പദ്ധതി നിലവിലുണ്ട്. കൃഷി സാഹചര്യങ്ങളെക്കുറിച്ചും വിജ്ഞാനവ്യാപന ഇടപെടലുകളെക്കുറിച്ചുമുള്ള പങ്കാളിത്തപഠനം (Participatory Learning on Farming Situations and Extension Interventions) എന്ന പുതിയ കോഴ്സ് ആരംഭിക്കുന്നതിനും 2022 അദ്ധ്യയന വർഷത്തിൽ ബി.എസ്.സി (ഹോണേഴ്സ്) അഗ്രികൾച്ചർ ബിരുദത്തിന് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളുടെ 2, 3, 4 സെമസ്റ്ററുകളിലായി ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. 10 വിദ്യാർത്ഥികൾ അടങ്ങിയ ഒരു ഗ്രൂപ്പിന് കാർഷികവിജ്ഞാന കേന്ദ്രത്തിന്റെ ചുമതലയുള്ള കൃഷിശാസ്ത്രജ്ഞന്റെ നേതൃത്വത്തിൽ പരിശീലനം നൽകുന്നതാണ്. വിദ്യാർത്ഥികൾ നിർബന്ധമായും കുറഞ്ഞത് 120 മണിക്കൂർ സമയം കർഷകരോട് സംവദിച്ച് കൃഷിയിടസന്ദർശനങ്ങളും അനുബന്ധക്യാമ്പുകളും നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കർഷകരുടെ ജീവിത സാഹചര്യം, കൃഷിരീതികൾ, കർഷകർ നേരിടുന്ന സാമ്പത്തിക-സാമൂഹ്യ പ്രശ്നങ്ങൾ, വിപണിയും വിപണനവും മൂല്യവർദ്ധന രീതികൾ, കാർഷിക വികസനത്തിനായുള്ള പദ്ധതികൾ, അവയിൽ മറ്റ് സ്ഥാപനങ്ങളുടെ പങ്ക് എന്നിവയായിരിക്കും വിദ്യാർത്ഥികളുടെ പ്രധാന പഠന വിഷയങ്ങൾ.

(സി) ഇത്തരത്തിൽ കാർഷിക ബിരുദ വിദ്യാർത്ഥികളെ കാർഷികവിജ്ഞാന കേന്ദ്രങ്ങളുടെ ഭാഗമാക്കുമ്പോൾ പ്രസ്തുത മേഖലയിൽ സർക്കാർ പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഇന്നത്തെ കാർഷിക ബിരുദ വിദ്യാർത്ഥികളാണ് നാളത്തെ കൃഷി ഉദ്യോഗസ്ഥരും കാർഷിക ശാസ്ത്രജ്ഞരും ആയിത്തീരുന്നത്. പഠന കാലത്തുതന്നെ കർഷകർക്കിടയിൽ ചെലവഴിക്കുന്നത് അവരുടെ ഭാവി ഔദ്യോഗിക ജീവിതം കൂടുതൽ കർഷകക്ഷേമോന്മുഖമായിത്തീരാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കാർഷിക ബിരുദ വിദ്യാർത്ഥികളെ ഇത്തരം കേന്ദ്രങ്ങളുടെ ഭാഗമാക്കുന്നതുവഴി കർഷകരും കാർഷികരംഗവും അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് കാർഷിക വിദ്യാർത്ഥികൾക്കിടയിൽ അവബോധ മുണ്ടാക്കുവാനും അത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നൂതന ആശയങ്ങൾ രൂപീകരിക്കുവാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുവാനും സാധിക്കുമെന്ന് കരുതുന്നു. കേരളത്തിലെ കാർഷിക സാഹചര്യങ്ങളെക്കുറിച്ചും കാർഷിക രംഗത്തെ ഗവേഷണ വിജ്ഞാന വ്യാപന പ്രവർത്തനത്തെക്കുറിച്ചും പ്രാഥമികമായി കാർഷിക വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാനും അതുവഴി കാർഷികരംഗത്തെ വിദഗ്ധരായി വാർത്തെടുക്കുവാനുമാണ് ലക്ഷ്യമിടുന്നത്.

(ഡി) കാർഷിക സാഹചര്യങ്ങളെക്കുറിച്ചും അനുബന്ധ മേഖലകളെക്കുറിച്ചും എല്ലാ വിദ്യാർത്ഥികളിലും അവബോധവും താല്പര്യവും സൃഷ്ടിക്കുന്നതരത്തിൽ ഒരു സമഗ്ര പരിപാടി തയ്യാറാക്കുന്നതിന് തയ്യാറാകുമോയെന്ന് അറിയിക്കുമോ?

കാർഷിക സാഹചര്യങ്ങളെക്കുറിച്ചും അനുബന്ധ മേഖലകളെക്കുറിച്ചും എല്ലാ വിദ്യാർത്ഥികളിലും അവബോധവും താൽപ്പര്യവും സൃഷ്ടിക്കുന്നതരത്തിൽ കൃഷി പാഠ്യപദ്ധതിയുടെ ഭാഗമാക്കുവാൻ കഴിയുമോയെന്ന വിഷയത്തിൽ വിദ്യാഭ്യാസ വകുപ്പുമായി ചർച്ച നടത്തിവരുന്നു.

**കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാൻ നടപടി**

16 (1571) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ ഉല്പാദനോപാധികളുടെ വില ക്രമാതീതമായി ഉയരുകയും തദനുസൃതമായി കാർഷികോല്പന്നങ്ങളുടെ വില ഉയരാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അവ തമ്മിലുള്ള അന്തരം ഇല്ലാതാക്കാൻ വകുപ്പ് കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്?

കൃഷി വകുപ്പ് സർക്കാർ ഫാമുകളും മേഖലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളുമായി ചേർന്ന് വിവിധ ഉല്പാദനോപാധികൾ കർഷകർക്ക് നൽകിവരുന്നു. തദ്ദേശസ്വയംഭരണ വകുപ്പുകളുടെ പദ്ധതി വിഹിതത്തിൽനിന്നും തുക കണ്ടെത്തിയും പ്രത്യേക പദ്ധതികൾ ആസൂത്രണം

ചെയ്തുവരുന്നുണ്ട്. പച്ചക്കറി വിത്തുകൾ സൗജന്യമായും തൈകളും മറ്റ് നടീൽ വസ്തുക്കളും സബ്സിഡി നിരക്കിലും കർഷകർക്ക് വിതരണം ചെയ്തുവരുന്നു. ജൈവ വളം, കുമ്മായം, ജൈവ കീടനാശിനികൾ, ജീവാണുവളങ്ങൾ മുതലായ ഉല്പാദനോപാധികൾ വിവിധ പദ്ധതികൾ മുഖേന സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു.

ഉല്പാദനോപാധികളുടെ വില ഉയരുന്നതുമൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനായി കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ താഴെ കൊടുത്തിരിക്കുന്നു.

- നെൽകൃഷി വികസനം
- പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ കൃഷി വികസനം
- കിഴങ്ങുവർഗ്ഗങ്ങളുടേയും പയറുവർഗ്ഗങ്ങളുടേയും കൃഷി വികസനം
- നാളികേര വികസനം
- സുഗന്ധവ്യഞ്ജന വികസനം
- പച്ചക്കറി വികസനം
- പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം
- ജൈവകൃഷിയും ഉത്തമ കാർഷിക മുറകളും
- ഗുണമേന്മയുള്ള നടീൽവസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും
- നാടൻവിത്തിനങ്ങളുടെ ജൈവവൈവിദ്ധ്യ സംരക്ഷണവും പ്രോത്സാഹനവും

കാർഷികോല്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുന്നതിനും വിലത്തകർച്ച ഒഴിവാക്കുന്നതിനുമായി കൃഷിവകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കാർഷിക ഉല്പന്നങ്ങളുടെ വിപണി വികസനം ശക്തിപ്പെടുത്തൽ പദ്ധതി
2. കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിനുള്ള പദ്ധതി
3. കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി താങ്ങുവില പദ്ധതി

(ബി) നടപ്പുസാമ്പത്തിക വർഷം (2022-23) എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്?

നടപ്പുസാമ്പത്തികവർഷത്തിൽ കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് പുതിയ പദ്ധതികളായ കൃഷിയിടാസൂത്രണാധിഷ്ഠിത വികസന പദ്ധതികളും, വിളവിസ്തൃതി വർദ്ധനവും വികസനവും ഉദ്ദേശിച്ചുള്ള പദ്ധതികളും, കാർഷിക വിപണനവും വിളവെടുപ്പിനുശേഷമുള്ള പരിപാലനവും ഉദ്ദേശിച്ചുള്ള പദ്ധതികളും വരുമാനം ഉറപ്പാക്കലും നഷ്ടസാദ്ധ്യതാ ലഘൂകരണവും ഉദ്ദേശിച്ചുള്ള പദ്ധതികളും മറ്റ് പദ്ധതികളും നടപ്പിലാക്കാനുദ്ദേശിക്കുന്നു.

(സി) വരും വർഷങ്ങളിൽ (2023 മുതൽ) ഈ മേഖലയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

വിളയിടാധിഷ്ഠിത കൃഷിരീതി പ്രോത്സാഹിപ്പിച്ച് ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതിയിലൂടെയുണ്ടായ കൃഷിക്കൂട്ടങ്ങളെ അടിസ്ഥാനമാക്കി ഉല്പാദന വിപണന മൂല്യവർദ്ധന മേഖലയിൽ പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) ഉല്പാദന ഉപാധികളുടെ വിലയും ഉല്പന്നങ്ങൾക്ക് കർഷകന് കിട്ടുന്ന വിലയും സംബന്ധിച്ച് നാളിതുവരെ എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് ഉല്പാദനോപാദികളുടെ വിലയും ഉല്പാദനച്ചെലവും ഉല്പന്ന വിലയും വരുമാനവും സംബന്ധിച്ച് വിശദമായ വിവരങ്ങൾ കർഷകരിൽനിന്നും ശേഖരിച്ച് പഠന വിധേയമാക്കി ഓരോ വർഷവും റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നുണ്ട്. 2019-20-ൽ 13 വിളകളെക്കുറിച്ചുള്ള പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**കാർഷിക മേഖലയെ ശാക്തീകരിക്കുന്നതിന് അടിസ്ഥാനസൗകര്യ വികസന നിധി**

17 (1572) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിലെ അടിസ്ഥാനസൗകര്യങ്ങൾക്ക്

കൂടുതൽ നിക്ഷേപം ലഭ്യമാക്കി കാർഷിക മേഖലയെ ശാക്തീകരിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള അടിസ്ഥാനസൗകര്യ വികസന നിധി എന്ന പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കാർഷിക അടിസ്ഥാനസൗകര്യ വികസന നിധി പദ്ധതിയുടെ പ്രവർത്തനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 5-4-2022-ലും 21-7-2022-ലും വിശകലനം നടത്തിയിട്ടുണ്ട്. പദ്ധതിയുടെ പൊതുവായ ഏകീകരണം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നടത്തുന്നതിനും ഇത് ബഹു. മുഖ്യമന്ത്രിയുടെ പ്രതിമാസ അവലോകനയോഗത്തിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി നിർവ്വഹണ വകുപ്പുകളായ കൃഷി, സഹകരണ വകുപ്പുതലത്തിലും അടിസ്ഥാനസൗകര്യ വികസന നിധിയുടെ വിശകലനം നടത്താറുണ്ട്. കൃഷി ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റിന്റെ (PMU) പ്രവർത്തനം കാർഷികോല്പാദന കമ്മീഷണറുടെയും കൃഷി ഡയറക്ടറുടെയും നേതൃത്വത്തിലും വിലയിരുത്താറുണ്ട്.

(ബി) കാർഷിക വിപണി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. വിശദാംശം അനുബന്ധമായി *ചേർക്കുന്നു.

(സി) കാർഷിക വിപണി ശാക്തീകരിക്കൽ പദ്ധതിപ്രകാരം പഴം, പച്ചക്കറി വിപണനത്തിനായി ശീതീകരണ സംവിധാനമുള്ള വാഹനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

2021-22 സാമ്പത്തിക വർഷത്തിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് വിപണി വികസന പദ്ധതിപ്രകാരം പഴം പച്ചക്കറി വിപണനത്തിനായി ശീതീകരണ സംവിധാനമുള്ള 19 വാഹനങ്ങൾ 117.40 ലക്ഷം രൂപ ചെലവിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും മറ്റുകാർഷിക സംഘങ്ങൾക്കും നൽകുന്നതിനായി സജ്ജീകരിച്ചിട്ടുണ്ട്. 2022-23 സാമ്പത്തികവർഷത്തിൽ 35 ലക്ഷം രൂപ ഇതിലേയ്ക്കായി വകയിരുത്തിയിട്ടുണ്ട്.

### പഴവർഗ്ഗ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

18 (1573) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴവർഗ്ഗങ്ങൾ കൃഷിചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പ്രസ്തുത നടപടികളുടെ പുരോഗതി വിശദമാക്കാമോ?

(എ&ബി) പഴവർഗ്ഗങ്ങൾ കൃഷിചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി കാർഷികവികസന കർഷക്ഷേമ വകുപ്പ് ഡെവലപമെന്റ് ഓഫ് ഫ്രൂട്ട്സ് ഫ്ലവേർസ് ആന്റ് മെഡിസിനൽ പ്ലാന്റ്സ് 2022-23 എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയുടെ ഒരു പ്രധാനഘടകമാണ്. "ഒരു കോടി ഫലവൃക്ഷത്തൈകൾ വിതരണം".

"ഒരു കോടി ഫലവൃക്ഷത്തൈകൾ വിതരണം" പദ്ധതി ഘടകത്തിലൂടെ സംസ്ഥാനത്തിന്റെ തനത് ഫലവൃക്ഷങ്ങളും വിദേശത്തുനിന്ന് കൊണ്ടുവന്ന് നട്ടുപിടിപ്പിച്ച് വിളയിക്കാൻ കഴിയുന്നതുമായ ഫലവർഗ്ഗങ്ങളും വീട്ടുവളപ്പിലും പൊതുസ്ഥലങ്ങളിലും നട്ടുപിടിപ്പിച്ച് വിഷരഹിത ഫലവർഗ്ഗങ്ങൾ ഉല്പാദിപ്പിക്കുന്നതിന് പദ്ധതിയിലൂടെ സാധ്യമാകുന്നു. ഇതിലൂടെ പുതിയ വിദേശ ഇനങ്ങൾ നമ്മുടെ കർഷകർക്ക് പരിചയപ്പെടുത്തുവാൻ സാധിക്കുന്നു. പദ്ധതിപ്രകാരം നടീൽ വസ്തുക്കളായ, ഗ്രാഫ്റ്റ്/ലെയർ/ടിഷ്യൂകൾച്ചർ വാഴ, വാഴക്കന്ന്, തൈകൾ എന്നിവ സംസ്ഥാന കൃഷി വകുപ്പുഫാമുകൾ, വി.എഫ്.പി.സി.കെ., കാർഷിക സർവ്വകലാശാല, കാർഷികകർമ്മ സേന/ അഗ്രോ സർവ്വീസ് സെന്റർ, കുടുംബശ്രീ എന്നീ വകുപ്പ്/ഏജൻസികൾ മുഖേനയാണ് ഉല്പാദിപ്പിക്കുന്നത്. പദ്ധതിയിലൂടെ ഗ്രാഫ്റ്റ്, ലെയർ, ടിഷ്യുകൾച്ചർ തൈകൾ 75% സബ്സിഡിയോടുകൂടിയും ഫലവൃക്ഷത്തൈകളും വാഴക്കന്നും പൂർണ്ണമായും സൗജന്യമായുമാണ് വിതരണം ചെയ്യുന്നത്. ഫലവൃക്ഷയിനങ്ങളുടെ ഒരു കോടി തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനും പൊതുസ്ഥലങ്ങളിൽ വച്ചു പിടിപ്പിക്കുന്നതിനും ഫ്രൂട്ട് ഗാർഡനുകൾ ഉണ്ടാക്കുന്നതിനും പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നു.

"ഒരു കോടി ഫലവൃക്ഷത്തൈകൾ വിതരണം" പദ്ധതിപ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാഫ്റ്റ്, ലെയർ, ടിഷ്യുകൾച്ചർ വാഴ, വാഴക്കന്ന്, മറ്റ് ഫലവൃക്ഷത്തൈകൾ ഉൾപ്പെടെ ആകെ 11.66 ലക്ഷം ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യുകയും ഭൗതീകലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരികയും ചെയ്യുന്നു.

സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപമെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിലൂടെ നടപ്പിലാക്കുന്ന ഫലവൃക്ഷങ്ങളുടെ വിസ്തൃതിവ്യാപനത്തിന് കേന്ദ്ര വിഹിതം പരിമിതമായതിനാലും കൂടുതൽ കർഷകരെ ഫലവർഗ്ഗകൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനായും മൊത്തം കൃഷിച്ചെലവിന്റെ 20% ടോപ്പ്അപ്പ് (അധിക) സബ്സിഡിയായി നൽകുന്നതിന് ലക്ഷ്യമിടുന്നു.

പഴവർഗ്ഗങ്ങൾ കൃഷിചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ കേരള മുഖേന 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപമെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിലെ വിളവിസ്തൃതിവ്യാപനം, പുതിയ കൃഷിത്തോട്ടങ്ങളുടെ സ്ഥാപനം എന്ന ഘടകത്തിലുൾപ്പെടുത്തി ഡ്രാഗൺ ഫ്രൂട്ടിന്റെ സൂക്ഷ്മജലസേചന സംവിധാനമില്ലാത്ത പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 50,000 രൂപ 60:20:20 എന്ന അനുപാതത്തിൽ മൂന്നുവർഷക്കാലയളവിലായി ധനസഹായം നൽകുന്നു.

സ്ട്രോബെറിയുടെ സൂക്ഷ്മജലസേചന സംവിധാനമില്ലാത്ത പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 50,000 രൂപയും സൂക്ഷ്മജലസേചന സംവിധാനത്തോടുകൂടിയ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 1.12 ലക്ഷം രൂപയും ധനസഹായം നൽകുന്നു.

വാഴയുടെയും കൈതചക്കയുടെയും സൂക്ഷ്മജലസേചന സംവിധാനമില്ലാത്ത പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം ചെലവിന്റെ 40 ശതമാനമായ 35,000 രൂപ 75:25 എന്ന അനുപാതത്തിൽ ധനസഹായം നൽകുന്നു.

പപ്പായയുടെ സൂക്ഷ്മജലസേചന സംവിധാനത്തോടുകൂടിയ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതിച്ചെലവിന്റെ 40 ശതമാനമായ 80,000 രൂപ 75:25 എന്ന അനുപാതത്തിലും സൂക്ഷ്മജലസേചന സംവിധാനമില്ലാത്ത പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് മൊത്തം പദ്ധതിച്ചെലവിന്റെ 50 ശതമാനമായ 30,000 രൂപ 75:25 എന്ന അനുപാതത്തിലും മൂന്ന് വർഷങ്ങളിലായി നൽകുന്നു. ഒരു ഗുണഭോക്താവിന് പരമാവധി 4 ഹെക്ടർ വരെയാണ് ധനസഹായം നൽകുന്നത്.

2022-23 സാമ്പത്തിക വർഷം സൂക്ഷ്മജലസേചന സംവിധാനമില്ലാതെ 168.7 ഹെക്ടറിൽ ഡ്രാഗൺ ഫ്രൂട്ട്, 72 ഹെക്ടറിൽ സ്ട്രോബെറി, 508 ഹെക്ടറിൽ വാഴ, 265.69 ഹെക്ടറിൽ കൈതച്ചക്ക, 2.30 ഹെക്ടറിൽ ടിഷ്യൂകൾച്ചർ വാഴ, 54.48 ഹെക്ടറിൽ പപ്പായ എന്നിവയുടേയും സൂക്ഷ്മജലസേചന സംവിധാനത്തോടുകൂടി 20 ഹെക്ടറിൽ സ്ട്രോബെറി, 10 ഹെക്ടറിൽ കൈതചക്ക, 15 ഹെക്ടറിൽ പപ്പായ 50 ഹെക്ടറിൽ മാവ്, 135.72 ഹെക്ടറിൽ പ്ലാവ്, 54.56 ഹെക്ടറിൽ അവാക്കാഡോ,

107.83 ഹെക്ടറിൽ റംബൂട്ടാൻ, 97.1 ഹെക്ടറിൽ പാഷൻ ഫ്രൂട്ട്, 22.39 ഹെക്ടറിൽ മാംഗോസ്റ്റീൻ, 8.61 ഹെക്ടറിൽ നെല്ലി, 10 ഹെക്ടറിൽ കുടംപുളി എന്നിവയുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുവാൻ പദ്ധതി ലക്ഷ്യമിട്ട് പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികളിൽ നാളിതുവരെ 1370 ഹെക്ടറിൽ വിവിധ ഇനം ഫലവൃക്ഷങ്ങളുടെ വിളവിസ്തൃതി വ്യാപനം നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് പുരോഗമിക്കുന്നു.

(സി) പഴവർഗ്ഗങ്ങൾ വിറ്റഴിക്കുന്നതിനായി കർഷകർക്ക് വിപണി ലഭ്യമാക്കുമോ; വിശദാംശം അറിയിക്കാമോ?

ഹോർട്ടികൾച്ചർ മേഖലയിലെ വിപണികളുടെ അടിസ്ഥാന സൗകര്യവികസനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ചില്ലറ വിപണികൾ സ്ഥാപിക്കുന്നതിന് സമതല പ്രദേശങ്ങളിൽ 5.25 ലക്ഷം രൂപയും (35%) മലയോര പ്രദേശങ്ങളിൽ 7.5 ലക്ഷം രൂപയും (50%) ധനസഹായം നൽകുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ 12 ചില്ലറ വിപണികൾ സ്ഥാപിക്കാൻ പദ്ധതി ലക്ഷ്യമിടുന്നു.

പഴവർഗ്ഗങ്ങൾ സംഭരിക്കുന്നതിനും വിറ്റഴിക്കുന്നതിനുമായി സംസ്ഥാനത്തുടനീളം 289 സ്വാശ്രയകർഷക സമിതികളാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് കീഴിൽ പ്രവർത്തിച്ചുവരുന്നത്. പ്രതിവർഷം 1 ലക്ഷം മെട്രിക് ടൺ ഉല്പന്നങ്ങൾ ഇതുവഴി വിപണനം ചെയ്യുന്നു. "കേരള ഫാം ഫ്രഷ് ഫ്രൂട്സ് ആൻഡ് വെജിറ്റബിൾസ് അടിസ്ഥാനവില പദ്ധതി" നടപ്പിലാക്കുന്നതിന് വി.എഫ്.പി.സി.കെ.-യുടെ 250 സ്വാശ്രയ കർഷക സമിതികളാണ് കൃഷിവകുപ്പിന്റെ കീഴിൽ സംഭരണകേന്ദ്രങ്ങളായി പ്രവർത്തിക്കുന്നത്. ഇവയുടെ സംഭരണത്തിനും വിപണനത്തിനും ആവശ്യമായ സ്ഥലം, വിപണി മന്ദിരങ്ങൾ, താൽക്കാലിക ട്രേഡിംഗ് ഷെഡ്ഡുകൾ, ഉല്പന്നങ്ങൾ തൂക്കുന്നതിനാവശ്യമായ ഇലക്ട്രോണിക് ത്രാസ്സുകൾ എന്നിവ വി.എഫ്.പി.സി.കെ. പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി ലഭ്യമാക്കുന്നു. കർഷകരിൽനിന്നും നേരിട്ട് ഉല്പന്നങ്ങൾ വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതികൾ വഴിയും 63 തളിർ ഇക്കോഷോപ്പ് ഔട്ട്ലെറ്റുകൾ മുഖേനയും സംഭരിക്കുന്നു. കൂടാതെ വിവിധ ജില്ലകളിൽ ഉല്പാദന ക്ലസ്റ്ററുകൾ രൂപീകരിച്ച് വി.എഫ്.പി.സി.കെ. രജിസ്റ്റർ ചെയ്ത 21 ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ നേന്ത്രപ്പഴം, ചക്ക, മാമ്പഴം എന്നിവയുടെ പ്രാഥമിക സംസ്കരണം, കയറ്റുമതി എന്നീ വാണിജ്യമേഖലകൾ

ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ഫലവർഗ്ഗകയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് എക്സ്പോർട്ടേഴ്സ് മീറ്റ് സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് കൃഷി വകുപ്പ് പഴവർഗ്ഗങ്ങൾ വിറ്റഴിക്കുന്നതിനായി സ്വീകരിക്കുന്ന നിലവിലുള്ള സംവിധാനങ്ങൾ ചുവടെച്ചേർക്കുന്നു:

1) കാർഷികവികസന കർഷകക്ഷേമ വകുപ്പിന്റെ കീഴിൽ 6 കാർഷിക മൊത്തവ്യാപാര വിപണികൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത വിപണികളിൽ പഴം, പച്ചക്കറികൾ സൂക്ഷിക്കുന്നതിനായി 30 കോൾഡ് സ്റ്റോറേജുകൾ സ്ഥാപിച്ചിട്ടുണ്ട്.

2) കാർഷിക മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KIIFB-യുടെ സാമ്പത്തിക സഹായത്തോടെ 5 അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നു. ആയതിൽ, ബനാന ഹണി പാർക്ക്, കണ്ണാറയിലും നാളികേര പാർക്ക് വേങ്ങേരിയിലും കുത്താളിയിലും മാംഗോ പാർക്ക് മുതലമടയിലും വെജിറ്റബിൾ പാർക്ക് വണ്ടിപ്പെരിയാറിലും സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിൽ "ബനാന & ഹണി പാർക്ക്" സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കെട്ടിടനിർമ്മാണ പ്രവൃത്തി 90% പൂർത്തീകരിക്കുകയും തേൻ സംസ്കരണത്തിനായുള്ള യന്ത്രങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ബനാന പാർക്കിൽ യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3) കാർഷികവികസന കർഷകക്ഷേമ വകുപ്പിൻ കീഴിലെ കാർഷിക മൊത്ത വ്യാപാര വിപണികൾ, ഹോർട്ടികോർപ്, വി.എഫ്.പി.സി.കെ. എന്നിവയുടെ വിപണികളും കാർഷികവികസന കർഷകക്ഷേമവകുപ്പിന്റെ വിവിധ പദ്ധതികളിലൂടെ രൂപീകരിച്ചതുൾപ്പടെയുള്ള 1884 മാർക്കറ്റുകളാണ് വിവിധ കാർഷികോല്പന്നങ്ങളുടെ വിപണനത്തിനായി പ്രവർത്തിക്കുന്നത്. ആയതിൽ കാർഷികവികസന കർഷകക്ഷേമവകുപ്പിന്റെ വിവിധ പദ്ധതികൾപ്രകാരം രൂപീകരിച്ച ഇക്കോഷോപ്പുകൾ, BLFO-കൾ, എ-ഗ്രേഡ്ക്ലസ്റ്ററുകൾ തുടങ്ങിയവയുടെ പ്രവർത്തനം പരിശോധിച്ച് വിലയിരുത്തി ഗ്രേഡുചെയ്യുന്ന നടപടികൾ പുരോഗമിക്കുന്നു.

4) 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ 'കാർഷിക വിപണനശാക്തീകരിക്കൽ' പദ്ധതിപ്രകാരം വിപണനത്തിനായി വാഹനസൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/റീഫർവാനുകൾ നൽകൽ എന്ന ഘടകത്തിലുൾപ്പെടുത്തി 19 ശീതികരിച്ച പഴം പച്ചക്കറി വാഹനങ്ങൾ വാങ്ങുന്നതിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, ഹോർട്ടികോർപ്പ്,

എഫ്.പി.ഒ.-കൾ എന്നിവർക്ക് അനുമതി നൽകിയിരുന്നു. അതിൻപ്രകാരം 10 വാഹനങ്ങൾ ഗുണഭോക്താക്കൾക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുകയും, ബാക്കിയുള്ള വാഹനങ്ങൾ നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.

5) 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ 'കാർഷിക വിപണനവും വിളവെടുപ്പിനുശേഷമുള്ള പരിപാലനവും' പദ്ധതിപ്രകാരം നഗരസംസ്കരണ സെന്ററുകൾ ശക്തിപ്പെടുത്തൽ ഘടകത്തിലുൾപ്പെടുത്തിയാണ് കണ്ടെയ്നർ മാതൃകയിലുള്ള സംഭരണവിപണന കേന്ദ്രങ്ങൾ/ ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നത്. ആകെ 32 കണ്ടെയ്നർ മാതൃകയിലുള്ള സംഭരണവിപണന കേന്ദ്രങ്ങൾ/ഇക്കോഷോപ്പുകൾ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടാണ് KLDC-യെ ചുമതലപ്പെടുത്തിയിട്ടുള്ളത്. ആയതിൽ ആലപ്പുഴ ജില്ലയിലെ വെട്ടക്കൽ സർവ്വീസ് സഹകരണ ബാങ്കിനനുവദിച്ച വിപണനകേന്ദ്രം പ്രവർത്തനക്ഷമമായിട്ടുണ്ട്. 'സമൃദ്ധി നാട്ടുപീടിക' എന്നാണ് പ്രസ്തുത വിപണനകേന്ദ്രങ്ങൾ അറിയപ്പെടുക.

## കൃഷി വകുപ്പിന്റെ ശാക്തീകരണം

19 (1574) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ ശാക്തീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; കൃഷിദർശൻ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

കൃഷി വകുപ്പിന്റെ ശാക്തീകരണത്തിനും കൃഷി ഉദ്യോഗസ്ഥർ മികച്ച രീതിയിൽ പ്രവർത്തിക്കാനും കർഷകർക്ക് മികച്ച സേവനങ്ങൾ നൽകാനും ഈ സാമ്പത്തികവർഷത്തിൽ പ്രത്യേക പദ്ധതികൾ വിഭാവന ചെയ്തു നടപ്പിലാക്കിവരുന്നു. ഉല്പാദനം, വിപണനം, സംസ്കരണം, വായ്പാ പിന്തുണ, ഇൻഷ്വറൻസ് തുടങ്ങി കൃഷിയുടെ എല്ലാ മേഖലകളിലുമുള്ള സേവനം കൃഷിഭവനുകൾ മുഖേന ലഭ്യമാക്കുന്നതിനായി കൃഷിഭവനുകളെ സ്മാർട്ട് കൃഷി ഭവനുകളാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

കൃഷിഭവൻ മുഖേനയുള്ള സേവനങ്ങൾ നേരിട്ട് കർഷകരുടെ വിരൽത്തുമ്പിലേയ്ക്ക് എത്തിക്കുന്നതിനായി അഗ്രികൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (AIMS) നടപ്പിലാക്കിവരുന്നു.

കൃഷി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനുവേണ്ടി, നിലവിൽ കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലും ജില്ലാ ഓഫീസുകളിലും ഏർപ്പെടുത്തിയിട്ടുള്ള ഇ-ഓഫീസ് സംവിധാനം കൃഷിവകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന എല്ലാ കാര്യാലയങ്ങളിലും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കാർഷിക സാങ്കേതികവിദ്യ കർഷക സമൂഹത്തിന് കാര്യക്ഷമമായി കൈമാറുന്നതിന് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിവരുന്നു.

കൃഷി ദർശൻ

"ഞങ്ങളും കൃഷിയിലേയ്ക്ക്" പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് വിവിധ കാർഷിക മേഖലകളിലെ കർഷകരോടും തദ്ദേശസ്വയംഭരണ വകുപ്പ് മേധാവികളോടും ഉദ്യോഗസ്ഥരോടും സംവദിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുകയും പരിഹരിക്കുകയും ചെയ്യുന്നതിനായി സർക്കാർ വിഭാവന ചെയ്തിട്ടുള്ള പരിപാടിയാണ് കൃഷിദർശൻ. പ്രസ്തുത പരിപാടി ഈ വർഷത്തെ സംസ്ഥാനതല കർഷക ദിനാചരണത്തോടനുബന്ധിച്ച് ചിങ്ങം 1 (2022 ആഗസ്റ്റ് 17)-ന് ഉദ്ഘാടനം ചെയ്യപ്പെട്ടു.

സംസ്ഥാനത്തെ മുഴുവൻ കാർഷിക ബ്ലോക്കുകളിലും ഘട്ടംഘട്ടമായാണ് 'കൃഷിദർശൻ' പരിപാടി നടത്തുന്നത്. ഈ സാമ്പത്തിക വർഷം 28 ബ്ലോക്കുകളിലായിരിക്കും പരിപാടി നടത്തുക. ഒരു ജില്ലയിലൊന്ന് എന്ന ക്രമത്തിൽ ജില്ലാതലപരിപാടിയായി ഒന്നാംഘട്ടവും ജില്ലയിലൊന്ന് എന്ന കണക്കിൽ ബ്ലോക്കുതല പരിപാടിയായി രണ്ടാംഘട്ടവും ഈ സാമ്പത്തിക വർഷംതന്നെ പൂർത്തീകരിക്കുന്നതാണ്.

കൃഷിദർശൻ പരിപാടിയിൽ ബ്ലോക്കിലെ ഒരു പഞ്ചായത്തിനെ മാതൃകാഹരിത പോഷക ഗ്രാമമായും ജില്ലയിലെ ഒരു കൃഷി ഭവനെ സ്മാർട്ട് കൃഷി ഭവനായും പ്രഖ്യാപിക്കുന്നതായിരിക്കും. ഏറ്റവും നല്ല കർഷക/ കർഷകൻ/കുട്ടിക്കർഷകൻ, കാർഷിക കർമ്മസേനാംഗം, പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക്, ഹരിത സ്കൂൾ, മാധ്യമ റിപ്പോർട്ടിംഗ്, നവീനകൃഷിരീതി കർഷകൻ, കർഷക സൗഹൃദ ബാങ്ക്, IFS ജൈവ പ്ലോട്ട്, Primary Agricultural Credit Societies (PACS) എന്നിവയ്ക്കും പുരസ്കാരം നൽകുന്നതാണ്. ജില്ലയിലെ ഏറ്റവും നല്ല കൃഷി/മണ്ണുസംരക്ഷണ ഉദ്യോഗസ്ഥരെ ആദരിക്കുന്നതാണ്. പാരിതോഷിക/ കരാർ/താത്കാലിക വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെയും പ്രത്യേകമായി ആദരിക്കുന്നതാണ്.

(ബി) "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; നിലവിൽ പ്രസ്തുത പദ്ധതി നേരിടുന്ന തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

എല്ലാ വിഭാഗം ജനങ്ങളിലും കാർഷിക സംസ്കാരം വളർത്തിയെടുക്കുക, പുതുതലമുറയെ കൃഷിയിലേയ്ക്ക് ആകർഷിക്കുക, സുരക്ഷിത പച്ചക്കറി ഉല്പാദിപ്പിക്കുന്നതിന്റെ പ്രധാന്യം ജനങ്ങളിലേയ്ക്ക് എത്തിക്കുക, കാർഷിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പിലാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന പദ്ധതി നടപ്പിലാക്കി വരുന്നത്.

"ഞങ്ങളും കൃഷിയിലേയ്ക്ക്" പദ്ധതിയുടെ ഭാഗമായി 10000 കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനും 10000 ഹെക്ടറിൽ ജൈവ കൃഷി നടത്തുന്നതിനുമാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ നാളിതുവരെ, സംസ്ഥാനത്തൊട്ടാകെ 25642 കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനും 20455 ഹെക്ടറിലേയ്ക്ക് ജൈവകൃഷി വ്യാപിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

"ഞങ്ങളും കൃഷിയിലേയ്ക്ക്" പദ്ധതിയുടെ ആരംഭത്തിൽ (2021-22 സാമ്പത്തിക വർഷത്തിൽ) സമഗ്ര പച്ചക്കറി വികസന പദ്ധതിയിലുൾപ്പെടുത്തി 30 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകളും 34.341 ലക്ഷം പച്ചക്കറിത്തൈകളും വി.എഫ്.പി.സി.കെ. മുഖേന 7.5 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും 10 ലക്ഷം പച്ചക്കറിത്തൈകളും വീട്ടുവളപ്പിൽ കൃഷിചെയ്യുന്നതിനായി വിതരണം ചെയ്തു.

2022-23 സാമ്പത്തിക വർഷത്തിൽ "ഞങ്ങളും കൃഷിയിലേയ്ക്ക്" പദ്ധതിയുടെ ഭാഗമായി "ഓണത്തിന് ഒരു മുറം പച്ചക്കറി" പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി 27 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും വിവിധ ഇനത്തിൽപ്പെട്ട 78 ലക്ഷം പച്ചക്കറിത്തൈകളും വിതരണം ചെയ്തു. കൂടാതെ ഏജൻസി/അസോസിയേഷനുകൾ മുഖേന 19660 എണ്ണം പച്ചക്കറി വിത്ത് കിറ്റുകളും വിതരണം നടത്തിയിട്ടുണ്ട്.

"ഞങ്ങളും കൃഷിയിലേയ്ക്ക്" പദ്ധതി നിലവിൽ തടസ്സങ്ങളൊന്നുംതന്നെ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കുവാൻ കൃഷിവകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

(സി) സ്മാർട്ട് കൃഷിഭവനുകൾ എന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; ഇതുവരെ സ്മാർട്ട് കൃഷിഭവനുകളാക്കിയവയുടെയും ഭാവിയിൽ ലക്ഷ്യമിടുന്നവയുടെയും വിശദാംശം ലഭ്യമാക്കാമോ?

കൃഷി വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിന് ലക്ഷ്യമിടുന്ന പദ്ധതിയാണ് "സ്മാർട്ട് കൃഷിഭവൻ". സർവ്വീസ് ഡെലിവറി, അടിസ്ഥാനസൗകര്യങ്ങൾ, ഇൻഫർമേഷൻ സിസ്റ്റം എന്നിങ്ങനെ മൂന്ന് മേഖലകളിൽ കൃഷിഭവനെ മികച്ചതാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതി പ്രാരംഭഘട്ടത്തിലാണ്. അതത് ജില്ലകളിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ ലഭ്യമാക്കിയ പട്ടിക പരിഗണിച്ച് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഘട്ടംഘട്ടമായാണ് സ്മാർട്ട് കൃഷി ഭവനുകളാക്കേണ്ട കൃഷിഭവനുകളെ തെരഞ്ഞെടുക്കുന്നത്. ഒരു ജില്ലയിൽ 2 കൃഷിഭവനുകളെന്ന രീതിയിൽ 28 കൃഷിഭവനുകളെയും ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി ജില്ലയിൽ ഒരു കൃഷിഭവൻ എന്ന നിരക്കിൽ 14 കൃഷിഭവനുകളെയും ആദ്യഘട്ടത്തിൽ സ്മാർട്ട് കൃഷിഭവനാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഗുരുവായൂർ മണ്ഡലത്തിലെ നഗരകൃഷി പദ്ധതി**

20 (1575) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരകൃഷി പദ്ധതിപ്രകാരം ഗുരുവായൂർ മണ്ഡലത്തിലെ നഗരസഭകളിൽ 2022-23 വർഷത്തിൽ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ പച്ചക്കറിയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് കാർഷികവികസന കർഷകക്ഷേമ വകുപ്പ് വിഭാവന ചെയ്തിട്ടുള്ള ബൃഹത് പദ്ധതിയാണ് 'സമഗ്ര പച്ചക്കറി വികസന പദ്ധതി. പദ്ധതിയിൽ ഒരു മുഖ്യഘടകമായി ഉൾപ്പെടുത്തി റൂഫ്ടോപ്പ് കൾട്ടിവേഷൻ (നഗരകൃഷി/ മട്ടുപ്പാവ് കൃഷി)-ന് പ്രോത്സാഹനം നൽകിവരുന്നു. പ്രസ്തുത പദ്ധതിഘടകത്തിൽ സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി, ലംബകൃഷി (വെർട്ടിക്കൽ ഫാമിംഗ്), ഹൈഡ്രോപോണിക്സ് കൃഷി തുടങ്ങിയ കൃഷിരീതികൾ പ്രോത്സാഹിപ്പിച്ചുവരുന്നു. ഇതിനായി മട്ടുപ്പാവ് കൃഷി എന്ന ഘടകത്തിൽ ഒരു യൂണിറ്റിന് 2000 രൂപ എന്ന നിരക്കിൽ സബ്സ്ഡി നൽകിവരുന്നു.

2022-23 സാമ്പത്തിക വർഷത്തിൽ ഗുരുവായൂർ മണ്ഡലത്തിലെ നഗരസഭകളിൽ 'നഗരകൃഷി പദ്ധതി' പ്രകാരം ചെടിച്ചട്ടികളിലുള്ള കൃഷി (റൂഫ്ടോപ്പ് കൾട്ടിവേഷൻ), ലംബകൃഷി (വെർട്ടിക്കൽ ഫാമിംഗ്), ഹൈഡ്രോപോണിക്സ് കൃഷി

തുടങ്ങിയവയുടെ 300 യൂണിറ്റുകൾക്കായി 6 ലക്ഷം രൂപയുടെ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) 2022-23 വർഷത്തിൽ നഗരകൃഷി പദ്ധതി നടപ്പാക്കിയാൽ ഓരോ ജില്ലയിലും ഉണ്ടാകുന്ന ചെലവിന്റെ വിശദാംശം ലഭ്യമാക്കുമോ?

'സമഗ്ര പച്ചക്കറി വികസന പദ്ധതി' പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് നഗരകൃഷി/റൂഫ് ടോപ്പ് കൾട്ടിവേഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി ആകെ 820 ലക്ഷം രൂപ ചെലവുവരുന്നു. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ജില്ല | നഗരകൃഷി/റൂഫ്ടോപ്പ് കൾട്ടിവേഷനായി ചെലവാകുന്ന തുക (ലക്ഷം) |
|---|---|
| തിരുവനന്തപുരം | 70 |
| കൊല്ലം | 60 |
| പത്തനംതിട്ട | 60 |
| ആലപ്പുഴ | 70 |
| കോട്ടയം | 60 |
| ഇടുക്കി | 50 |
| എറണാകുളം | 70 |
| തൃശ്ശൂർ | 70 |
| പാലക്കാട് | 50 |
| മലപ്പുറം | 60 |
| കോഴിക്കോട് | 60 |
| വയനാട് | 40 |
| കണ്ണൂർ | 50 |
| കാസർഗോഡ് | 50 |
| ആകെ | 820 |

**കാർഷിക തൊഴിൽദാന പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ**

21 (1576) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ മരണമടഞ്ഞ അംഗങ്ങളുടെ അനന്തരാവകാശികൾക്ക് നൽകുന്നതിൽ കാലതാമസമുണ്ടാകുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മരണാനന്തര ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകാറില്ല. ആവശ്യമായ രേഖകളുടെ അപര്യാപ്തതമൂലവും നോമിനികളല്ലാത്ത മറ്റൊരാളാണ് അപേക്ഷകനെങ്കിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിനുവരുന്ന കാലതാമസവുമാണ് മരണാനന്തര ആനുകൂല്യങ്ങൾ നൽകുന്നതിൽ കാലതാമസത്തിന് ഇടയാക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ചോറ്റാനിക്കര കൃഷിഭവനിൽ 37311-ാം നമ്പരായി അംഗത്വമുള്ള ജോളി വർഗ്ഗീസ്, ഞാൽപ്ലാക്കിൽ, കടുംഗമംഗലം എന്ന വ്യക്തിയുടെ അനന്തരാവകാശികൾ ആനുകൂല്യങ്ങൾക്കുവേണ്ടി സമർപ്പിച്ച അപേക്ഷയിന്മേൽ നാളിതുവരെ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

ജോളിവർഗ്ഗീസ്, ഞാൽപ്ലാക്കിൽ, കടുംഗമംഗലം എന്നയാളുടെ പിതാവും മാതാവും ആയിരുന്നു യഥാക്രമം ഒന്നാം നോമിനിയും രണ്ടാം നോമിനിയുമായി നോമിനേഷൻ ഫോറത്തിൽ നിർദ്ദേശിച്ചിരുന്നത്. എന്നാൽ ഒന്നാം നോമിനിയും രണ്ടാം നോമിനിയും മരണപ്പെട്ടതിനാൽ ടിയാന്റെ സഹോദരിയായ ശ്രീമതി ആലീസ് എൻ.വി.-യാണ് മരണാനന്തര ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നത്. മരണാനന്തര ആനുകൂല്യം ലഭിക്കുന്നതിന് അനന്തരാവകാശ സർട്ടിഫിക്കറ്റ് ആണ് സമർപ്പിക്കേണ്ടത്. എന്നാൽ ശ്രീമതി ആലീസ് എൻ. വി. ബന്ധുത്വ സർട്ടിഫിക്കറ്റ് ആണ് സമർപ്പിച്ചിട്ടുള്ളത്. അനന്തരാവകാശ സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തതാണ് ആനുകൂല്യങ്ങൾ ലഭ്യമാക്കാത്തതിന്റെ കാരണം.

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ടിയാളുടെ അനന്തരാവകാശികൾക്ക് ആനുകൂല്യങ്ങൾ എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

## തരിശുരഹിത ഗ്രാമം പദ്ധതി

22 (1577) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷിയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി തരിശുരഹിത ഗ്രാമം പദ്ധതി എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ തരിശുരഹിത ഗ്രാമം എന്ന ഒരു ജനകീയ ക്യാമ്പയിൻ സംഘടിപ്പിച്ചിരുന്നു. ഇതിന്റെ ഭാഗമായി മലപ്പുറം, കോഴിക്കോട് ജില്ലകൾ ഒഴികെയുള്ള 12 ജില്ലകളിലായി 87 ഗ്രാമപഞ്ചായത്തുകളെ തരിശുരഹിത ഗ്രാമങ്ങളായി പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി കണ്ടെത്തിയ തരിശുഭൂമികളിൽ കൃഷിയോഗ്യമാക്കാൻ സാധ്യമായതും ഭൂവുടമകൾ സമ്മതം നൽകിയതുമായ പാടങ്ങളും കരഭൂമി ഉൾപ്പെടെയുള്ള പ്രദേശത്ത് കൃഷിയിറക്കിയാണ് തരിശുരഹിത ഗ്രാമം പ്രഖ്യാപനം നടത്തിയിരുന്നത്. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല നിയമസഭാമണ്ഡലത്തിലുൾപ്പെടുന്ന മുഴുവൻ ഗ്രാമപഞ്ചായത്തുകളെയും പ്രസ്തുത ക്യാമ്പയിന്റെ ഭാഗമായി തരിശുരഹിത ഗ്രാമങ്ങളായും ആ നിയമസഭാ മണ്ഡലത്തിനെ തരിശുരഹിത മണ്ഡലമായും പ്രഖ്യാപിച്ചിരുന്നു. തരിശുരഹിത ഗ്രാമം പ്രഖ്യാപനത്തിന്റെ ഭാഗമായി തരിശുപാടങ്ങളിലും കരഭൂമിയിലും നെൽകൃഷി നടത്തുകയും ചെയ്തു. നിലവിലെ സർക്കാർ വന്നതിനുശേഷം നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി കാർഷികവികസന കർഷകക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകളുടെയും മറ്റനുബന്ധ ഏജൻസികളുടെയും ഏകോപനത്തിൽ പുതിയതായി 152 തരിശുരഹിത ഗ്രാമങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 14-ാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖയിലും സബ്സിഡി മാനദണ്ഡങ്ങളിലും ഇതിനാവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നേരത്തെ തരിശുരഹിത ഗ്രാമങ്ങളായി പ്രഖ്യാപിച്ച ഗ്രാമപഞ്ചായത്തുകളിൽ ആ അവസ്ഥ തുടരുന്നതിനായുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.

(ബി) തരിശുരഹിത ഗ്രാമം പദ്ധതി മുഖേന കേരളത്തിൽ നെൽകൃഷിയുടെ ഉല്പാദനം എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

തരിശുരഹിത ഗ്രാമം പദ്ധതിയുടെ ഭാഗമായി നെല്ലുല്പാദനത്തിൽ 4 ശതമാനം വർദ്ധനയുണ്ടായതായി കണക്കാക്കപ്പെടുന്നു.

(സി) വിളവെടുത്തു കഴിഞ്ഞാൽ ഉടൻതന്നെ കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്നതിനായി സപ്ലൈകോ/സംഭരണ ഏജൻസി സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്; വെളിപ്പെടുത്തുമോ?

1) 2022-23 സീസണിലെ നെല്ല് സംഭരണത്തിനായി ആഗസ്റ്റ് മാസം ഒന്നാം തീയതിതന്നെ കർഷക രജിസ്ട്രേഷനുവേണ്ടി സപ്ലൈകോ നെല്ല് സംഭരണ രജിസ്ട്രേഷൻ പോർട്ടൽ തുറന്നുനൽകുകയും രജിസ്ട്രേഷൻ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

2) നെല്ല് സംഭരണ പ്രക്രിയയിൽ പങ്കാളികളാകാനായി മില്ലുകളുടെ താൽപ്പര്യം ക്ഷണിച്ച് അറിയിപ്പുനൽകിയിട്ടുണ്ട്. രണ്ട് മില്ലുകൾ തയ്യാറായി വന്നിട്ടുണ്ട്.

3) നെല്ല് സംഭരണത്തിനാവശ്യമുള്ള ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4) കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾ വരുന്നതനുസരിച്ച് നെല്ല് സംഭരണം ആരംഭിക്കുന്നതാണ്. (മുൻവർഷങ്ങളിൽ സെപറ്റംബർ മുതൽ സംഭരണം ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്.)

5) കർഷകർക്ക് നെല്ലിന്റെ സംഭരണ വില കൈമാറുന്നതിന് അനുവർത്തിച്ചുവരുന്ന പാഡി റെസിപ്റ്റ് ഷീറ്റ് (പി.ആർ.എസ്) വായ്പാ പദ്ധതിമൂലം നെല്ലിന്റെ സംഭരണവില കർഷകർക്ക് കൈമാറുവാൻ കാലതാമസമുണ്ടാകുന്നത് എന്നതിനാൽ പ്രസ്തുത വായ്പാപദ്ധതിയ്ക്ക് പകരമായി ബാങ്കുകളിൽനിന്ന് സപ്ലൈകോ നേരിട്ട് വായ്പയെടുത്ത് കർഷകർക്ക് സംഭരണവില വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(ഡി) വിളവെടുപ്പ് കഴിഞ്ഞ് യഥാസമയം സപ്ലൈകോ നെല്ല് സംഭരിക്കാത്തതുമൂലം നെല്ലുകിടന്ന് നശിക്കുന്നതിനാൽ കർഷകർക്ക് നഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. 2021-22 സീസണിൽ 254072 കർഷകരിൽനിന്നും 7.484 ലക്ഷം ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്.

(ഇ) സപ്ലൈകോ മുൻകാലങ്ങളിൽ ശേഖരിച്ച നെല്ലിന്റെ വില ഏതെങ്കിലും കർഷകർക്ക് നൽകാൻ അവശേഷിക്കുന്നുണ്ടോ; എങ്കിൽ എത്ര തുക നൽകാനുണ്ടെന്നും അത് എപ്പോൾ വിതരണം ചെയ്യുമെന്നും അറിയിക്കുമോ?

2021-22 സീസണിൽ 249813 കർഷകർക്ക് 2071 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. കുടിശ്ശികയായി 4214 കർഷകർക്ക് കൊടുക്കാനായി 24.33 കോടി രൂപ മിച്ചമുണ്ട്. പി.ആർ.എസ്. ലോൺ പദ്ധതിപ്രകാരം തുക സ്വീകരിക്കാൻ തയ്യാറാകാതിരുന്നതിനാലാണ് ടി കർഷകർക്ക് നെല്ലിന്റെ വില നൽകാൻ കാലതാമസം നേരിട്ടത്. ഇത്തരത്തിലുള്ള കർഷകരെ കണ്ടെത്തി നേരിട്ട് തുക നൽകുന്ന പ്രവർത്തനം സമയബന്ധിതമായി നടന്നുവരുന്നു.

## കൃഷി വകുപ്പിന്റെ പി.പി.എം. സെൽ

23 (1578) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര സർക്കാർ പദ്ധതികൾ സംസ്ഥാനത്തെത്തിക്കാൻ പദ്ധതികൾ തയ്യാറാക്കിനൽകുന്ന കൃഷി വകുപ്പിന്റെ പി.പി.എം. സെൽ മുഖാന്തരം എസ്.എച്ച്.എം. (സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ) പദ്ധതിയിൻകീഴിൽ 2012 മുതൽ 2022 വരെ സംസ്ഥാനത്തിന് കേന്ദ്രത്തിൽനിന്നുലഭിച്ച തുകയുടെ വിശദാംശം വർഷം തിരിച്ച് നൽകാമോ?

പി.പി.എം. സെൽ മുഖാന്തരം എസ്.എച്ച്.എം.(സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ) പദ്ധതിയിൻകീഴിൽ 2012 മുതൽ 2022 വരെ സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്നുലഭിച്ച തുകയുടെ വിശദാംശം ഇതോടൊപ്പം ചേർക്കുന്നു.

(തുക ലക്ഷം രൂപയിൽ)

| വർഷം | രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) ലഭിച്ച തുക | പ്രധാൻ മന്ത്രി സിഞ്ചായി യോജന (PMKSY) ലഭിച്ച തുക |
|---|---|---|
| 2012-13 | 2108.19425 | ഫണ്ട് ലഭിച്ചിട്ടില്ല |
| 2013-14 | 5502.727 | ഫണ്ട് ലഭിച്ചിട്ടില്ല |
| 2014-15 | 6259.00 | 551.58 |
| 2015-16 | 93.00 | 134.85 |
| 2016-17 | 962.60 | ഫണ്ട് ലഭിച്ചിട്ടില്ല |
| 2017-18 | 748.10 | ഫണ്ട് ലഭിച്ചിട്ടില്ല |
| 2018-19 | 2348.25 | ഫണ്ട് ലഭിച്ചിട്ടില്ല |
| 2019-20 | 144.02 | ഫണ്ട് ലഭിച്ചിട്ടില്ല |
| 2020-21 | 74.17 | ഫണ്ട് ലഭിച്ചിട്ടില്ല |
| 2021-22 | 1744.56 | ഫണ്ട് ലഭിച്ചിട്ടില്ല |

## കൃഷി വകുപ്പിന്റെ പി.പി.എം. സെൽ

24 (1579) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പദ്ധതികൾ സംസ്ഥാനത്തെത്തിക്കാൻ പദ്ധതികൾ തയ്യാറാക്കിനൽകുന്ന കൃഷി വകുപ്പിന്റെ പി.പി.എം. സെൽ മുഖാന്തരം ആർ.കെ.വി.വൈ., പി.എം.കെ.എസ്.വൈ. എന്നീ പദ്ധതികളിൽനിന്നും 2012 മുതൽ 2022 വരെ സംസ്ഥാനം പ്രോജക്ട് തയ്യാറാക്കിനൽകി നേടിയ കാർഷികവികസന പദ്ധതികളുടെ തുകയുടെ വിശദാംശം വർഷം തിരിച്ച് നൽകാമോ?

കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന ആർ.കെ.വി.വൈ. പദ്ധതിപ്രകാരം 2012-13 മുതൽ 2021-22 സാമ്പത്തിക വർഷം വരെ ലഭിച്ച തുക താഴെപ്പറയും പ്രകാരമാണ്.

| ക്രമ നമ്പർ | വർഷം | അനുവദിച്ച തുക | പ്രോജക്ടുകളുടെ എണ്ണം | കേന്ദ്ര വിഹിതമായി ലഭിച്ച തുക (കോടിയിൽ) | സംസ്ഥാന വിഹിതമായി ലഭിച്ച തുക (കോടിയിൽ) | ആകെ |
|---|---|---|---|---|---|---|
| 1 | 2012-13 | 253.03 | 103 | 253.03 | 0 | 253.03 |
| 2 | 2013-14 | 256.24 | 81 | 256.24 | 0 | 256.24 |
| 3 | 2014-15 | 319.14 | 116 | 319.14 | 0 | 319.14 |
| 4 | 2015-16 | 150.79 | 70 | 90.48 | 60.31 | 150.79 |
| 5 | 2016-17 | 154.59 | 26 | 92.76 | 61.83 | 154.59 |
| 6 | 2017-18 | 85.84 | 41 | 51.50 | 34.34 | 85.84 |
| 7 | 2018-19 | 138.20 | 41 | 79.78 | 58.42 | 138.20 |
| 8 | 2019-20 | 108.63 | 34 | 65.18 | 43.45 | 108.63 |
| 9 | 2020-21 | 51.05 | 8 | 30.63 | 20.42 | 51.05 |
| 10 | 2021-22 | 84.05 | 23 | 50.44 | 33.61 | 84.05 |

പി.എം.കെ.എസ്.വൈ. "പെർ ഡ്രോപ്പ് മോർ ക്രോപ്പ്" പദ്ധതി പ്രകാരം 2012-13 മുതൽ 2021-22 സാമ്പത്തിക വർഷം വരെ ലഭിച്ച തുക താഴെപ്പറയുംപ്രകാരമാണ്.

| ക്രമ നമ്പർ | വർഷം | ആന്വൽ ആക്ഷൻ പ്ലാൻ മുഖാന്തരം അംഗീകരിച്ചത് | കേന്ദ്ര വിഹിതമായി ലഭിച്ച തുക | സംസ്ഥാന വിഹിതമായി ലഭിച്ച തുക | ആകെ തുപ (കോടിയിൽ) |
|---|---|---|---|---|---|
| 1 | 2012-13 | ഈ കാലയളവിൽ പദ്ധതി നിലവിലില്ല | | | |
| 2 | 2013-14 | | | | |
| 3 | 2014-15 | 0.5515 | 0.5515 | 0 | 0.5515 |
| 4 | 2015-16 | 2.827 | 2.2562 | .7406 | 2.9968 |
| 5 | 2016-17 | തുക അനുവദിച്ചിട്ടില്ല | | | |
| 6 | 2017-18 | 41.66 | 25 | 16.48 | 41.48 |
| 7 | 2018-19 | 22.00 | 4.0018 | 2.6678 | 6.6696 |
| 8 | 2019-20 | തുക അനുവദിച്ചിട്ടില്ല | | | |
| 9 | 2020-21 | 25.00 | 5.00 | 3.3334 | 8.3334 |
| 10 | 2021-22 | 16.6667 | തുക അനുവദിച്ചിട്ടില്ല | | |

### കൃഷി വകുപ്പിന്റെ പി.പി.എം. സെൽ ശാക്തീകരിക്കാൻ നടപടി

25 (1580) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പദ്ധതികൾ സംസ്ഥാനത്തെത്തിക്കാൻ പദ്ധതികൾ തയ്യാറാക്കി നൽകുന്ന കൃഷി വകുപ്പിന്റെ പി.പി.എം. സെൽ മാസങ്ങളായി നിർജ്ജീവമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) പി.പി.എം. സെല്ലിൽ ഡയറക്ടറെയും ആവശ്യമുള്ള ജീവനക്കാരെയും നിയമിച്ച് ശാക്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിലവിലുള്ള ഡയറക്ടറുടെ ഒഴിവിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സർക്കാർതലത്തിൽ സ്വീകരിച്ചുവരുന്നു. ജോലിഭാരം കണക്കിലെടുത്ത് ഒരു അസിസ്റ്റന്റിനെക്കൂടി നിയമിക്കണമെന്ന് പൊതുഭരണ (സർവ്വീസസ്) വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**കൃഷി ദർശൻ പരിപാടി**

26 (1581) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-ൽ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന "കൃഷിദർശൻ" പരിപാടി എന്താണ്; വ്യക്തമാക്കാമോ?

"ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് വിവിധ കാർഷിക മേഖലകളിലെ കർഷകരോടും തദ്ദേശസ്വയംഭരണ വകുപ്പ് മേധാവികളോടും ഉദ്യോഗസ്ഥരോടും സംവദിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുകയും പരിഹരിക്കുകയും ചെയ്യുന്നതിനായി സർക്കാർ വിഭാവന ചെയ്തിട്ടുള്ള പരിപാടിയാണ് കൃഷിദർശൻ. പ്രസ്തുത പരിപാടി ഈ വർഷത്തെ സംസ്ഥാനതല കർഷക ദിനാചരണത്തോടനു ബന്ധിച്ച് ചിങ്ങം 1 (2022 ആഗസ്റ്റ് 17)-ന് ഉദ്ഘാടനം ചെയ്യപ്പെട്ടു.

സംസ്ഥാനത്തെ മുഴുവൻ കാർഷിക ബ്ലോക്കുകളിലും ഘട്ടംഘട്ടമായാണ് 'കൃഷിദർശൻ' പരിപാടി നടത്തുന്നത്. ഈ സാമ്പത്തികവർഷം 28 ബ്ലോക്കുകളിലായിരിക്കും പരിപാടി നടത്തുക. ഒരു ജില്ലയിൽ ഒന്ന് എന്ന ക്രമത്തിൽ ജില്ലാതലപരിപാടിയായി ഒന്നാംഘട്ടവും ജില്ലയിൽ ഒന്ന് എന്ന കണക്കിൽ ബ്ലോക്കുതല പരിപാടിയായി രണ്ടാംഘട്ടവും ഈ സാമ്പത്തിക വർഷംതന്നെ പൂർത്തീകരിക്കുന്നതാണ്.

കൃഷിദർശൻ പരിപാടിയിൽ ബ്ലോക്കിലെ ഒരു പഞ്ചായത്തിനെ മാതൃകാഹരിത പോഷകഗ്രാമമായും ജില്ലയിലെ ഒരു കൃഷിഭവനെ സ്മാർട്ട് കൃഷിഭവനായും പ്രഖ്യാപിക്കുന്നതായിരിക്കും. ഏറ്റവും നല്ല കർഷക/ കർഷകൻ/ കുട്ടിക്കർഷകൻ, കാർഷിക കർമ്മസേനാംഗം, പ്ലാന്റ് ഹെൽത്ത് ക്ലിനിക് ഹരിതസ്കൂൾ, മാധ്യമ റിപ്പോർട്ടിംഗ്, നവീന കൃഷിരീതി കർഷകൻ, കർഷക സൗഹൃദ ബാങ്ക്, IFS ജൈവ പ്ലോട്ട്, Primary Agricultural Credit Societies (PACS) എന്നിവയ്ക്കും പുരസ്കാരം നൽകുന്നതാണ്. ജില്ലയിലെ ഏറ്റവും നല്ല കൃഷി/മണ്ണ് സംരക്ഷണ ഉദ്യോഗസ്ഥരെ ആദരിക്കുന്നതാണ്. പാരിതോഷിക/ കരാർ/താൽക്കാലിക വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെയും പ്രത്യേകമായി ആദരിക്കുന്നതാണ്.

(ബി) ഒരു ലക്ഷം കൃഷിയിടങ്ങളിൽ പുതുതായി വിവിധ കാർഷിക പ്രവർത്തനങ്ങൾ ആരംഭിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം ജില്ലകളിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ആരംഭിക്കുന്നതെന്ന് വിശദമാക്കാമോ?

ജനങ്ങളിൽ കൃഷിയോട് ആഭിമുഖ്യം വളർത്തുവാനായി ചിങ്ങം 1-ന് കർഷകദിനത്തിൽ എല്ലാ ജില്ലകളിലും പുതുതായി വിവിധ കാർഷിക പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി. ഒരു ലക്ഷം കൃഷിയിടങ്ങളിൽ പുതുതായി കൃഷി ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ പുതിയ കൃഷിയിടങ്ങൾ കണ്ടെത്തി നിലമൊരുക്കി വിവിധയിനം പച്ചക്കറി വിത്തുകൾ, പച്ചക്കറിത്തൈകൾ, ഫലവൃക്ഷത്തൈകൾ, വാഴ, മരച്ചീനി, കുരുമുളക്, നെല്ല്, തെങ്ങിൻതൈകൾ മുതലായവ നടുകയും കൂടാതെ ഗ്രോബാഗുകളിലും പച്ചക്കറിത്തൈകളും വിത്തുകളും നടുകയുമുണ്ടായി. അതോടൊപ്പം തരിശുഭൂമി കണ്ടെത്തി പുതിയതായി കൃഷി ആരംഭിക്കുവാൻവേണ്ട ഒരുക്കങ്ങളും ചെയ്തിട്ടുണ്ട്.

(സി) ഏതൊക്കെ വിളകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ?

എല്ലാ വിളകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയിൽ ഏർപ്പെടുന്നവർക്ക് എന്തെല്ലാം സഹായം ചെയ്തുകൊടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

വിളയിറക്കിയവർക്കും പുതുതായി കാർഷികവൃത്തിയിൽ ഏർപ്പെടുന്നവർക്കും ആവശ്യമുള്ള എല്ലാ സാങ്കേതിക സഹായങ്ങളും മറ്റുസഹായങ്ങളും നിലവിലെ കൃഷിവകുപ്പ് പദ്ധതികളുമായി ഏകോപിപ്പിച്ച് നൽകുന്നതാണ്.

## കർഷക ക്ഷേമനിധിയിലേയ്ക്ക് കൈമാറ്റം ചെയ്ത തുക

27 (1582) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനായി കിസാൻ അഭിമാൻ പദ്ധതിയുടെ കണക്കിലുണ്ടായിരുന്ന മുഴുവൻ തുകയും കേരള കർഷക ക്ഷേമനിധി ബോർഡ് നിലവിൽവന്ന തീയതിയിൽ കർഷക ക്ഷേമനിധിയിലേയ്ക്ക് കൈമാറ്റം ചെയ്തുനൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് അപ്രകാരം കൈമാറ്റം ചെയ്തുനൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത തുക ഏത് ഇനത്തിലാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) കിസാൻ അഭിമാൻ പദ്ധതിയുടെ തുക ബോർഡിന് കൈമാറ്റം ചെയ്തുനൽകിയിട്ടില്ല.

**നെല്ലിന്റെ താങ്ങുവില വർദ്ധന**

28 (1583) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021, 2022 വർഷങ്ങളിൽ കേന്ദ്ര സർക്കാർ നെല്ലിന്റെ താങ്ങുവിലയിൽ വരുത്തിയ വർദ്ധന എത്രയാണെന്ന് അറിയിക്കാമോ?

2021-22 മാർക്കറ്റിംഗ് സീസണിലെ നെല്ലിന്റെ താങ്ങുവില കിലോയ്ക്ക് 18 രൂപ 68 പൈസയിൽനിന്നും 72 പൈസ വർദ്ധിപ്പിച്ച് 19 രൂപ 40 പൈസയായി കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചു. 2022-23 മാർക്കറ്റിംഗ് സീസണിലെ നെല്ലിന്റെ താങ്ങുവില 19 രൂപ 40 പൈസയിൽനിന്നും ഒരു രൂപ വർദ്ധിപ്പിച്ച് 20 രൂപ 40 പൈസയായി നിശ്ചയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വർഷങ്ങളിൽ സംസ്ഥാന സർക്കാർ നെല്ലിന്റെ താങ്ങുവിലയിൽ വരുത്തിയ വർദ്ധന എത്രയാണ്?

2021-22 വർഷത്തിൽ സംസ്ഥാന സർക്കാർ നെല്ലിന്റെ സംഭരണവില കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച താങ്ങുവിലയോടൊപ്പം സംസ്ഥാന ഇൻസെന്റീവ് ബോണസായി കിലോയ്ക്ക് 8 രൂപ 60 പൈസ കൂട്ടിച്ചേർത്ത് 28 രൂപയായി നിശ്ചയിച്ചിരുന്നു. 2022-23 വർഷത്തിൽ സംസ്ഥാന ഇൻസെന്റീവ് ബോണസായി കിലോഗ്രാമിന് 8 രൂപ 80 പൈസ കൂടിചേർത്ത് 28 രൂപ 20 പൈസയായാണ് സർക്കാർ നിശ്ചയിച്ചിരിക്കുന്നത്.

(സി) കേന്ദ്രം വർദ്ധിപ്പിച്ച താങ്ങുവിലയ്ക്ക് ആനുപാതികമായി സംസ്ഥാന സർക്കാർ വരുത്തേണ്ട വർദ്ധന എത്രയാണ്; പ്രസ്തുത വർദ്ധന എന്നുമുതൽ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

സംഭരണവില പുതുക്കി നിശ്ചയിക്കുന്നതനുസരിച്ച് വർദ്ധന നടപ്പിലാക്കി വരുന്നുണ്ട്.

## കോഴിക്കോട് ജില്ലയിൽ നെൽകൃഷി വർദ്ധിപ്പിക്കുന്നതിന് പദ്ധതി

29 (1584) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ നെൽകൃഷി വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

2021-22 വർഷത്തിൽ നെൽകൃഷി വികസന പദ്ധതിയിലെ വിവിധ ഘടകങ്ങൾ നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ അനുബന്ധം* ആയി ചേർക്കുന്നു.

പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യവികസനത്തിനായി ചേളന്നൂർ പഞ്ചായത്തിലെ പാടശേഖരത്തിൽ ട്രാക്ടർ റാമ്പ് നിർമ്മിക്കുന്നതിനായി 50,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിലൂടെ 5 ഹെക്ടർ സ്ഥലത്ത് ഈ വർഷം അധികമായി കൃഷിയിറക്കി.

നെല്ലുല്പാദക ബോണസ് ഇനത്തിൽ 6,19,688 രൂപ 620 ഹെക്ടർ നെൽകൃഷി ചെയ്യുതിലേയ്ക്കായി 2417 ഗുണഭോക്താക്കൾക്കായി നൽകിയിട്ടുണ്ട്.

നെൽ കർഷക ഉടമകൾക്ക് റോയൽറ്റി ഇനത്തിൽ ഹെക്ടറിന് 2,000 രൂപ നിരക്കിൽ 364 ഗുണഭോക്താക്കൾക്കായി 1,77,040 രൂപ ചെലവഴിച്ചിട്ടുണ്ട്.

നെൽ വയലിലെ അമ്ലത്വം കുറയ്ക്കുന്നതിനായി 500 ഹെക്ടർ സ്ഥലത്ത് സബ്സിഡി നിരക്കിൽ കുമ്മായ വസ്തുക്കൾ 25 ലക്ഷം രൂപ ചെലവഴിച്ച് 12 ബ്ലോക്കുകളിലേയ്ക്ക് നൽകിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ പദ്ധതികൾ

1.ജില്ലാപഞ്ചായത്തിന്റെ പലിശരഹിത ജില്ലാപദ്ധതിയായ 'കതിരണി'-യിലൂടെ 140 ഹെക്ടർ നിലം കൃഷിയോഗ്യമാക്കി. ആധുനിക മെഷിനറികൾ ഉപയോഗിച്ച് ചങ്ങരോത്ത്, തിക്കോടി, മേപ്പയൂർ പഞ്ചായത്തുകളിലെ 140 ഹെക്ടർ നെൽവയൽ 48,44,266 രൂപ ചെലവിട്ട് പുനഃസ്ഥാപിച്ചത്. ഇതിൽ 80 ഏക്കർ നിലത്ത് കഴിഞ്ഞ വർഷം കൃഷിയിറക്കി. ബാക്കി നിലങ്ങളിൽ ഈ വർഷം കൃഷിയിറക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. നെൽകൃഷി കൂലിച്ചെലവിനത്തിൽ 1468.665 ഹെക്ടർ കൃഷി ചെയ്യുതിനായി 2,49,67,305 രൂപ 5345 ഗുണഭോക്താക്കൾക്കായി ചെലവഴിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

2022-23 വർഷത്തിൽ സുസ്ഥിര നെൽകൃഷി വികസനം 950 ഹെക്ടറിലും കരനെൽകൃഷി 140 ഹെക്ടറിലും തരിശുനെൽകൃഷി 60 ഹെക്ടറിലും നടപ്പിലാക്കുന്നതിന്റെ പ്രവർത്തനം പുരോഗമിച്ചുവരുന്നു. പാടശേഖര സമിതികൾക്കുള്ള പ്രവർത്തനച്ചെലവിനുള്ള ആനുകൂല്യവും 1225 ഹെക്ടറിലേയ്ക്ക് ഈ വർഷം ലഭ്യമാണ്.

(ബി) കോഴിക്കോട് ജില്ലയിൽ നിലവിൽ നെൽകൃഷിക്ക് അനുയോജ്യമായ എത്ര ഹെക്ടർ ഭൂമി തരിശായി കിടക്കുന്നുണ്ട്; അത്തരം ഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിനായി സർക്കാർ - അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ സഹായത്തോടെ ഒരു പദ്ധതി തയ്യാറാക്കാൻ തയ്യാറാകുമോ; വിശദമാക്കുമോ?

കോഴിക്കോട് ജില്ലയിൽ നിലവിൽ 1179.56 ഹെക്ടർ തരിശുനിലം കൃഷിയോഗ്യമാക്കാൻ ബാക്കിയുണ്ട്. അതിനായി ജില്ലാപഞ്ചായത്ത് "കതിരണി തരിശുരഹിത ജില്ല" എന്നപേരിൽ ഗ്രാമ-ബ്ലോക്ക്- ജില്ലാപഞ്ചായത്തുകളുമായി ചേർന്ന് സംയുക്ത പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കേരളാ സ്റ്റേറ്റ് അഗ്രികൾച്ചർ മെക്കനൈസേഷൻ മിഷന്റെ സഹായത്തോടെ തരിശുനിലം കൃഷി യോഗ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ, കൃഷി വകുപ്പിന്റെ നെൽകൃഷി വികസന പദ്ധതിയിലുൾപ്പെടുത്തി 60 ഹെക്ടർ തരിശുനെൽകൃഷി നടപ്പിലാക്കുന്നുണ്ട്.

**നെല്ലിന് അർഹമായ വില ലഭ്യമാക്കുന്നതിന് നടപടി**

30 (1585) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർ നൽകുന്ന നെല്ലിന് അർഹമായ വില കർഷകർക്ക് കിട്ടുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രാജ്യത്ത് നെല്ലിന് ഏറ്റവും ഉയർന്ന സംഭരണവില നൽകുന്ന സംസ്ഥാനം കേരളമാണ്. കേന്ദ്രം നൽകുന്ന സംഭരണവിലയ്ക്കുപുറമെ സംസ്ഥാനം നൽകുന്ന പ്രോത്സാഹന ബോണസുകൂടി കൊടുക്കുന്നതുകൊണ്ടാണ് ഉയർന്ന സംഭരണവില കർഷകർക്ക് ലഭിക്കുന്നത്. 2015-16 വർഷം 21 രൂപ 50 പൈസയായിരുന്നു നെല്ലിന്റെ സംഭരണവില. കാലാനുസൃതമായ വർദ്ധന വരുത്തി 28 രൂപയ്ക്കാണ് 2021-22 വർഷം നെല്ല് സംഭരിച്ചത്. ഇതിൽ 8 രൂപാ 60 പൈസ

സംസ്ഥാനം നൽകുന്ന പ്രോത്സാഹന ബോണസാണ്. 2022-23 വർഷം നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം 28 രൂപ 20 പൈസയ്ക്കാണ് നെല്ല് സംഭരിക്കേണ്ടത്. കേന്ദ്രസർക്കാർ താങ്ങുവിലയിൽ പ്രഖ്യാപിക്കുന്ന മാറ്റത്തിനനുസരിച്ചുള്ള പുതുക്കിയ സംഭരണവില നിശ്ചയിക്കുന്നത് പരിശോധിച്ചുവരുന്നു.

(ബി) ഒരു കിലോ നെല്ലിന് 92 പൈസ കുറച്ചാണ് കർഷകർക്ക് സപ്ലൈകോ നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഒരു കിലോ നെല്ലിന് 28 രൂപ 92 പൈസയാണ് കർഷകർക്ക് ലഭിക്കേണ്ടതെന്നത് വസ്തുതയാണോ;

(ഡി) എങ്കിൽ നെല്ലിന് അർഹമായ വില കർഷകർക്ക് ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(സി&ഡി) ഓരോ വർഷവും കാലോചിതമായി പുതുക്കിയ സംഭരണ വിലയാണ് കേരളത്തിലെ കർഷകർക്ക് നെല്ല് സംഭരിക്കുമ്പോൾ നൽകുന്നത്.

### നെല്ലിന്റെ താങ്ങുവില

31 (1586) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന നെല്ലിന്റെ താങ്ങുവിലയിൽ സംസ്ഥാനത്തിന്റെ വിഹിതം ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; കേന്ദ്രവും സംസ്ഥാനവും നൽകുന്ന താങ്ങുവിലയുടെ അനുപാതം മാറ്റി വിശദീകരിക്കാമോ?

നെല്ലിന്റെ താങ്ങുവില ഓരോ വർഷവും പ്രഖ്യാപിക്കുന്നത് കേന്ദ്ര സർക്കാരാണ്. കേരളത്തിലെ നെല്ലിന്റെ സംഭരണവിലയിൽ കേന്ദ്രസർക്കാരിന്റെ താങ്ങുവിലയും സംസ്ഥാന സർക്കാരിന്റെ പ്രോത്സാഹന ബോണസും ഉൾപ്പെടുന്നു.

2021-22 മാർക്കറ്റിംഗ് സീസണിലെ നെല്ലിന്റെ താങ്ങുവില കിലോയ്ക്ക് 18 രൂപ 68 പൈസയിൽനിന്നും 72 പൈസ വർദ്ധിപ്പിച്ച് 19 രൂപ 40 പൈസയായി കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചു. 2022-23 മാർക്കറ്റിംഗ് സീസണിലെ നെല്ലിന്റെ താങ്ങുവില 19 രൂപ 40 പൈസയിൽനിന്നും ഒരു രൂപ വർദ്ധിപ്പിച്ച് 20 രൂപ 40 പൈസയായി നിശ്ചയിച്ചിട്ടുണ്ട്.

2021-22 വർഷത്തിൽ സംസ്ഥാന സർക്കാർ നെല്ലിന്റെ സംഭരണവില കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച താങ്ങുവിലയോടൊപ്പം സംസ്ഥാന ഇൻസെന്റീവ് ബോണസായി കിലോയ്ക്ക് 8 രൂപ 60 പൈസ കൂട്ടിച്ചേർത്ത് 28 രൂപയായി

നിശ്ചയിച്ചിരുന്നു. 2022-23 വർഷത്തിൽ സംസ്ഥാന ഇൻസെന്റീവ് ബോണസായി കിലോ ഗ്രാമിന് 8 രൂപ 80 പൈസ കൂടിചേർത്ത് 28 രൂപ 20 പൈസയായാണ് സർക്കാർ നിശ്ചയിച്ചിരിക്കുന്നത്.

കഴിഞ്ഞ 3 സീസണുകളുടെ സംഭരണവില സംബന്ധിച്ച കണക്ക് അനുബന്ധം-1* ആയി ചേർക്കുന്നു.

(ബി) 2019-20, 2020-21 എന്നീ സാമ്പത്തികവർഷങ്ങളിൽ സംസ്ഥാന സർക്കാർ എത്ര തുകയാണ് നെല്ലിന്റെ താങ്ങുവിലയായി പ്രഖ്യാപിച്ചത്; ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുകയും കർഷകർക്ക് ലഭിച്ച തുകയും തമ്മിൽ വ്യത്യാസം വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

2019-20 വർഷം 26.95 രൂപയായിരുന്നു നെല്ലിന്റെ സംഭരണവില. 2020-21-ൽ നെല്ലിന്റെ സംഭരണവില 27.48 രൂപ ആയിരുന്നു.

(സി) നെല്ലിന് കൂടിയ താങ്ങുവില പ്രഖ്യാപിക്കുമ്പോൾ ആയത് യഥാസമയം കർഷകർക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

സ്വീകരിച്ചിട്ടുണ്ട്.

(ഡി) മുൻ വർഷങ്ങളിൽ പ്രഖ്യാപിച്ച താങ്ങുവിലയുടെ കുടിശ്ശികയിൽ കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും വിഹിതം കൊടുത്തുതീർത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച താങ്ങുവിലയിൽ ഏതെങ്കിലും കൊടുത്തുതീർക്കുവാനുണ്ടോയെന്ന് മാറ്റി വിശദീകരിക്കാമോ?

(ഡി&ഇ) കഴിഞ്ഞ മൂന്ന് സീസണുകളിൽ നെല്ലിന്റെ സംഭരണവില കൊടുത്തുതീർക്കാനായുള്ള കുടിശ്ശികയുടെ കണക്കുകൾ അനുബന്ധം-2* ആയി ചേർക്കുന്നു.

## നെൽകർഷകർക്ക് ധനസഹായം നൽകുന്ന പദ്ധതികൾ

32 (1587) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നെൽകർഷകർക്ക് ധനസഹായം നൽകുന്നതിന് ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സംസ്ഥാന സർക്കാരിന്റെ "നെൽകൃഷി വികസന പദ്ധതിയിലുൾപ്പെടുത്തി നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കാനും സംസ്ഥാനത്ത് ഭക്ഷ്യസ്വയംപര്യാപ്തത കൈവരിക്കാനുംവേണ്ടി കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന വിവിധ ഘടകപദ്ധതികളെ സംബന്ധിച്ചവിവരം അനുബന്ധം* ആയി ചേർക്കുന്നു.

## പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം

33 (1588) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഒന്നാംവിളയിലെ നെല്ല് സംഭരണത്തിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിൽ ഒന്നാംവിളയിലെ നെല്ല് സംഭരണത്തിന് നാളിതുവരെ സ്വീകരിച്ചനടപടികൾ ചുവടെചേർക്കുന്നു.

1) 2022-23 സീസണിലെ നെല്ല് സംഭരണത്തിനായി ആഗസ്റ്റ് മാസം ഒന്നാം തീയതി തന്നെ കർഷക രജിസ്ട്രേഷനുവേണ്ടി സപ്ലൈകോ നെല്ല് സംഭരണ രജിസ്ട്രേഷൻ പോർട്ടൽ തുറന്നുനൽകുകയും രജിസ്ട്രേഷൻ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

2) നെല്ല് സംഭരണ പ്രക്രിയയിൽ പങ്കാളികളാകാനായി മില്ലുകളുടെ താൽപ്പര്യം ക്ഷണിച്ച് അറിയിപ്പുനൽകിയിട്ടുണ്ട്. രണ്ട് മില്ലുകൾ തയ്യാറായി വന്നിട്ടുണ്ട്.

3) നെല്ല് സംഭരണത്തിനാവശ്യമുള്ള ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4) കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾ വരുന്നതനുസരിച്ച് നെല്ല് സംഭരണം ആരംഭിക്കുന്നതാണ്. (മുൻവർഷങ്ങളിൽ സെപ്റ്റംബർ മുതൽ സംഭരണം ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. ഈ വർഷവും സെപ്റ്റംബർ മുതൽ നെല്ല് സംഭരണം തുടങ്ങുന്നതിനുള്ള കേന്ദ്ര നിർദ്ദേശം പ്രതീക്ഷിക്കുന്നു.)

(ബി) അനാവശ്യ കാരണങ്ങൾ പറഞ്ഞ് സംഭരണനടപടികൾ പരമാവധി വൈകിപ്പിക്കുവാൻ മില്ലുകാർ നടത്തുന്നതായി പറയപ്പെടുന്ന ശ്രമങ്ങൾ പ്രതിരോധിക്കുന്നതിനും വിളവെടുപ്പിനോടൊപ്പം നെല്ല് സംഭരണം ആരംഭിക്കുന്നതിനും നടപ്പിലാക്കുവാനുദ്ദേശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുൻകാലങ്ങളിലെ അനുഭവങ്ങളും കർഷകരിൽനിന്നും ജനപ്രതിനിധികളിൽ നിന്നുമുള്ള നിർദ്ദേശങ്ങളും പരിഗണിച്ച് ഈ സീസണിൽ (2022-23) ആഗസ്റ്റ് ഒന്നുമുതൽതന്നെ നെല്ല് സംഭരണ രജിസ്ട്രേഷൻ ആരംഭിക്കുകയും നെല്ല് സംഭരണത്തിനായി സജ്ജീകരണങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. കർഷകർക്ക് നെല്ലിന്റെ സംഭരണവില കൈമാറുന്നതിന് അനുവർത്തിച്ചുവരുന്ന പാഡി റെസിപ്റ്റ് ഷീറ്റ് (പി.ആർ.എസ്) വായ്പാപദ്ധതിമൂലമാണ് നെല്ലിന്റെ സംഭരണവില കർഷകർക്ക് കൈമാറുവാൻ കാലതാമസമുണ്ടാകുന്നതെന്ന് മനസ്സിലാക്കിക്കൊണ്ട് പ്രസ്തുത വായ്പാ പദ്ധതിക്കുപകരമായി ബാങ്കുകളിൽനിന്ന് സപ്ലൈകോ നേരിട്ട് വായ്പയെടുത്ത് കർഷകർക്ക് സംഭരണവില വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിശോധനയിലാണ്. ഇതുകൂടാതെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് നൽകുന്ന കൈകാര്യച്ചെലവ്, നെല്ലിന്റെ വില തുടങ്ങിയവ യഥാസമയം കർഷകർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്ന നടപടികൾ സപ്ലൈകോ കൈക്കൊണ്ടുവരുന്നുണ്ട്. കർഷകർക്ക് നെല്ലിന്റെ സംഭരണവില സുതാര്യമായും കാലതാമസംകൂടാതെയും നൽകുന്നതിനായി കൂടുതൽ ഉദ്യോഗസ്ഥരെ താൽക്കാലികമായി നിയോഗിക്കുകയും മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി 2021-22 നെല്ല് സംഭരണ സീസണിൽ കൂടുതൽ വേഗത്തിൽ കർഷകർക്ക് സംഭരണവില കൊടുത്തുതീർക്കുവാനും സാധിച്ചു.

(സി) പാലക്കാട് ജില്ലയിൽ എത്ര മില്ലുകളാണ് കഴിഞ്ഞ മൂന്ന് വർഷമായി സംഭരണത്തിൽ പങ്കെടുക്കുന്നത്; അവരുടെ മൊത്തം സംഭരണശേഷിക്ക് അനുസൃതമായാണോ അവർക്ക് പാടശേഖരങ്ങൾ അനുവദിക്കുന്നത്; വ്യക്തമാക്കാമോ?

മില്ലുകളുടെ യഥാർത്ഥ സംസ്കരണശേഷി, അവർ സമർപ്പിക്കുന്ന ബാങ്ക് ഗ്യാരന്റി, സെക്യൂരിറ്റി ഡെപ്പോസിറ്റ്, കരാറിലേർപ്പെട്ട തീയതി, സംഭരിച്ച നെല്ല്, സംസ്കരിക്കുന്നതിലുള്ള വേഗത എന്നിവ പരിഗണിച്ച് സപ്ലൈകോ ഓരോ മില്ലിന്റെയും സംഭരണത്തോത് നിർണ്ണയിക്കുകയും പ്രസ്തുത തോതിന്റെ അടിസ്ഥാനത്തിൽ നെല്ല് അനുവദിക്കുകയും ചെയ്യുന്ന രീതിയാണ് നിലവിൽ സ്വീകരിച്ചുപോരുന്നത്.

പാലക്കാട് ജില്ലയിൽ നെല്ല് സംഭരണത്തിൽ പങ്കെടുത്ത മില്ലുകളുടെ എണ്ണം അനുബന്ധം-1* ആയി ചേർക്കുന്നു.

(ഡി) പാലക്കാട് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന മില്ലുകൾ കഴിഞ്ഞ നാല് സീസണുകളിൽ സംഭരിച്ച നെല്ലിന്റെ അളവ് സീസൺ അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാലക്കാട് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന മില്ലുകൾ കഴിഞ്ഞ നാല് സീസണുകളിൽ സംഭരിച്ച നെല്ലിന്റെ അളവ് സീസൺ അടിസ്ഥാനത്തിൽ ക്രോഡീകരിച്ചത് അനുബന്ധം-2* ആയി ചേർക്കുന്നു.

**തിരൂരങ്ങാടിയിൽ പച്ചത്തേങ്ങ സംഭരണസൗകര്യം ഏർപ്പെടുത്തുവാൻ നടപടി**

34 (1589) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽ ഏതെങ്കിലും പഞ്ചായത്തുകളിലോ നഗരസഭകളിലോ പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

നിലവിൽ തിരൂരങ്ങാടി മണ്ഡലത്തിൽ പച്ചത്തേങ്ങ സംഭരണകേന്ദ്രങ്ങൾ ഇല്ല. എന്നാൽ മലപ്പുറം ജില്ലയിൽ VFPCK-യുടെ 11 (പതിനൊന്ന്) സംഭരണകേന്ദ്രങ്ങൾ വഴി പച്ചത്തേങ്ങ സംഭരിക്കുന്നുണ്ട്.

(ബി) ഇല്ലെങ്കിൽ തിരൂരങ്ങാടി മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ; വിശദമാക്കാമോ?

നിലവിലെ മാർഗ്ഗനിർദ്ദേശപ്രകാരം ഓരോ ജില്ലയിലും പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് നൽകുന്നതിന് അടിസ്ഥാനസൗകര്യവും താൽപ്പര്യവുമുള്ള സഹകരണ സ്ഥാപനങ്ങൾ, നാളികേര ഉല്പാദക സംഘങ്ങൾ, മറ്റ് ഏജൻസികൾ, FPO-കൾ എന്നിവയിൽനിന്നും ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, സഹകരണ വകുപ്പ് ജില്ലാ ജോയിന്റ് രജിസ്ട്രാർ, കേരഫെഡ് പ്രതിനിധി എന്നിവരുൾപ്പെട്ട സമിതി തെരഞ്ഞെടുത്ത് ശിപാർശ ചെയ്യുന്നമുറയ്ക്ക് കൃഷി ഡയറക്ടർ പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുകയും തുടർന്ന് പ്രസ്തുത ഏജൻസികൾ കേരഫെഡുമായി ധാരണ പത്രം ഒപ്പുവച്ചശേഷം പച്ചത്തേങ്ങ സംഭരണത്തിൽ ഏർപ്പെടുന്നതുമാണ്. ആവശ്യകത പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**അരുവിക്കര മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

35 (1590) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ അരുവിക്കര മണ്ഡലത്തിൽ കേരഗ്രാമം പദ്ധതിയിലുൾപ്പെടുത്തി ഫണ്ടനുവദിച്ചിട്ടുള്ളത് ഏതെല്ലാം ഗ്രാമപഞ്ചായത്തു

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കൾക്കാണ്; പ്രസ്തുത പദ്ധതിപ്രകാരം എത്ര തുകയാണ് നാളിതുവരെ ചെലവഴിച്ചിട്ടുള്ളത്; പ്രസ്തുത പദ്ധതി മുഖേന കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

അരുവിക്കര മണ്ഡലത്തിൽ 2017-18 വർഷം ആര്യനാട് പഞ്ചായത്തിലും 2018-19, 2019-20 & 2020-21 എന്നീ മൂന്ന് വർഷങ്ങളിലായി ഉഴമലയ്ക്കൽ പഞ്ചായത്തിലും കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആര്യനാട് പഞ്ചായത്ത് 56,30,100 രൂപയും ഉഴമലയ്ക്കൽ പഞ്ചായത്ത് 62,65,775 രൂപയും ചേർത്ത് ആകെ 118,95,875 രൂപ അരുവിക്കര മണ്ഡലത്തിലെ കേരഗ്രാമം പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി മുഖേന ഉല്പാദനത്തിൽ വർദ്ധനയുണ്ടായിട്ടുണ്ട്. തെങ്ങിനെ ബാധിക്കുന്ന കീടരോഗങ്ങളെ ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിഞ്ഞു.

(ബി) നടപ്പുവർഷം പ്രസ്തുത പദ്ധതി നടപ്പിലാക്കാൻവേണ്ടി തെരഞ്ഞെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്തുകൾ ഏതെല്ലാമാണ്; വിവരം ലഭ്യമാക്കാമോ?

2022-23 വർഷത്തിൽ നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിയിൽ 100 ഹെക്ടർ തുടർച്ചയായ തെങ്ങുകൃഷി പ്രദേശമാണ് പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്തത്. ആയതിന്റെ പട്ടിക തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

**പച്ചത്തേങ്ങയുടെ സംഭരണം**

36 (1591) <u>ശ്രീ. ഷാഫി പറമ്പിൽ</u>:
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>:
<u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16-ലെ സർക്കാർ തുടക്കംകുറിച്ച പച്ചത്തേങ്ങയുടെ സംഭരണം നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

ഇല്ല.

(ബി) പഞ്ചായത്തുകളിലെ തെങ്ങുകൃഷി അടിസ്ഥാനമാക്കിയാണോ പച്ചത്തേങ്ങയുടെ സംഭരണത്തിന് തീരുമാനമെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പച്ചത്തേങ്ങയുടെ സംഭരണത്തിന് നിലവിലുള്ള സംവിധാനത്തെക്കുറിച്ച് വിശദമാക്കാമോ?

അല്ല. സംസ്ഥാനത്ത് നാളികേരത്തിന്റെ വില സംഭരണവിലയേക്കാൾ കുറഞ്ഞ ജില്ലകളിലാണ് നിലവിൽ പച്ചത്തേങ്ങ സംഭരണം നടന്നുവരുന്നത്. സംസ്ഥാനത്ത് നാളികേരത്തിന്റെ വിലത്തകർച്ച പരിഹരിക്കുന്നതിന് പച്ചത്തേങ്ങയുടെ സംഭരണവില കിലോഗ്രാമിന് 32 രൂപയായി സർക്കാർ നിശ്ചയിച്ച് കേരഫെഡിനെയും സംസ്ഥാന നാളികേര വികസന കോർപ്പറേഷനെയും പച്ചത്തേങ്ങ സംഭരണ ഏജൻസികളായി ചുമതലപ്പെടുത്തിയാണ് പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചിട്ടുള്ളത്.

ആദ്യഘട്ടത്തിൽ, പച്ചത്തേങ്ങ സംഭരണം തിരുവനന്തപുരത്തുള്ള ആനയറ സ്റ്റോക്ക് പോയിന്റ്, കരുനാഗപ്പള്ളി കേരഫെഡ് ഫാക്ടറി, തൃശ്ശൂർ പൂച്ചനിപ്പാടത്തുള്ള സെയിൽ പോയിന്റ്, കോഴിക്കോട് നടുവണ്ണൂരിലുള്ള ഫാക്ടറി എന്നീ 4 കേന്ദ്രങ്ങളിലൂടെയാണ് കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരണം ആരംഭിച്ചത്.

തുടർന്ന് പച്ചത്തേങ്ങ സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ മുഴപ്പിലങ്ങാട് പ്രാഥമിക സഹകരണ സംഘം മുഖേന കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നു. കൂടാതെ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം (VFPCK)-യുടെ 36 വിപണികൾ വഴിയും 2022 ജൂൺ മാസം മുതൽ പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് നൽകുന്നുണ്ട്.

കാസർഗോഡ് ജില്ലയിലെ നീലേശ്വരം, അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പള്ളിക്കര കോ-ഓപ്പറേറ്റീവ് കൺസ്യൂമർ വെൽഫെയർ സൊസൈറ്റി, ബേഡഡു കർഷക സർവീസ് ബാങ്ക്, കോഴിക്കോട് ജില്ലയിലെ ഏറാമല എസ്.സി.ബി., പേരാമ്പ്ര വനിതാ സഹകരണ സംഘം, വടകര താലൂക്ക് പ്രൈമറി കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റി, കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് സർവ്വീസ് സഹകരണ ബാങ്ക്, കോളാരി സർവ്വീസ് സഹകരണ ബാങ്ക്, മൊകേരി സർവ്വീസ് സഹകരണ ബാങ്ക്, ചെറുതാഴം സർവ്വീസ് സഹകരണ ബാങ്ക് എന്നിവ മുഖേനയും നിലവിൽ കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നു.

മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി സർവ്വീസ് സഹകരണ ബാങ്ക്, മംഗലം കേരകർഷക ഫെഡറേഷൻ, തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ കൃഷി സമൃദ്ധി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്, പാവറട്ടി കാർഷിക കർമ്മസേന, തൃശ്ശൂർ ജില്ലാ കേരസംഭരണ സംസ്കരണ വിപണന സഹകരണ സംഘം, കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കൊയിലാണ്ടി താലൂക്ക് അഗ്രി കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പേരാമ്പ്ര, വടകര മാർക്കറ്റിംഗ്

കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ചാത്തൻകോട്ടുനട അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, വടകര കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് എന്നീ കേന്ദ്രങ്ങളിൽനിന്നും കേരഫെഡ് പച്ചത്തേങ്ങ സംഭരണം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നിലവിൽ 5384 കർഷകരിൽനിന്നും 2396 മെട്രിക് ടൺ പച്ചത്തേങ്ങ സംഭരിക്കുകയും 5,88,18,513 രൂപ നാളികേരത്തിന്റെ വിലയായി കർഷകരുടെ അക്കൗണ്ടിൽ നൽകിയിട്ടുമുണ്ട്. ഇത്തരത്തിൽ സംഭരിക്കുന്ന പച്ചത്തേങ്ങ, കേരഫെഡിന്റെ കരുനാഗപ്പള്ളി ഫാക്ടറിയിലും നടുവണ്ണൂരിലുള്ള ഫാക്ടറിയിലും ഉപയോഗിച്ചുവരുന്നു.

കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് കർഷകരിൽനിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർ അപേക്ഷിക്കുന്നമുറയ്ക്ക് തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, തെങ്ങുകളുടെ എണ്ണം, വാർഷിക ഉല്പാദനം എന്നിവ രേഖപ്പെടുത്തിയ സാക്ഷ്യപത്രം, കൃഷി ആഫീസർ/കൃഷി ഫീൽഡ് ആഫീസർ നൽകേണ്ടതാണ്. പ്രസ്തുത സാക്ഷ്യപത്രത്തിന് ഒരു വർഷം കാലാവധി ഉണ്ടായിരിക്കും. പച്ചത്തേങ്ങ വിപണനം ചെയ്യാനുദ്ദേശിക്കുന്ന സ്ഥാപനത്തിൽ കർഷകർ ഈ സാക്ഷ്യപത്രം നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതും അപ്രകാരം രജിസ്റ്റർചെയ്ത കർഷകരിൽനിന്നും തെങ്ങ് ഒന്നിന് പരമാവധി 50 നാളികേരം (6 തവണകളായി) ഒരു വർഷമെന്ന കണക്കിൽ പച്ചത്തേങ്ങ സംഭരിക്കുന്നതാണ്.

(സി) തെങ്ങുകൃഷി കൂടുതലുള്ള പഞ്ചായത്തുകളിലെല്ലാം സംഭരണകേന്ദ്രങ്ങൾ ആരംഭിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിലവിലെ മാർഗ്ഗനിർദ്ദേശപ്രകാരം ഓരോ ജില്ലയിലും പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് നൽകുന്നതിന് അടിസ്ഥാനസൗകര്യവും താല്പര്യവുമുള്ള സഹകരണ സ്ഥാപനങ്ങൾ, നാളികേര ഉല്പാദക സംഘങ്ങൾ, മറ്റ് ഏജൻസികൾ, FPO-കൾ എന്നിവയിൽനിന്നും ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, സഹകരണ വകുപ്പ് ഭരണ രജിസ്ട്രാർ, കേരഫെഡ് പ്രതിനിധി എന്നിവരുൾപ്പെട്ട സമിതി തെരഞ്ഞെടുത്ത് ശിപാർശ ചെയ്യുന്നമുറയ്ക്ക് കൃഷി ഡയറക്ടർ പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുകയും തുടർന്ന് പ്രസ്തുത ഏജൻസികൾ കേരഫെഡുമായി ധാരണാപത്രം ഒപ്പുവച്ചശേഷം പച്ചത്തേങ്ങ സംഭരണത്തിൽ ഏർപ്പെടുന്നതുമാണ്.

## പേരാമ്പ്ര മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

37 (1592) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതി നിലവിലുണ്ടോ; പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങളാണ് നിലവിൽ ചെയ്തുവരുന്നത്?

ഉണ്ട്. 2022-23 വർഷത്തിൽ 100 ഹെക്ടർ വിസ്തൃതിയിൽ തെങ്ങുകൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങുകൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉല്പാദനം, തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ സഹായപദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസവളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ചുമാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളക്കൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിന് പുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർനിർമ്മാണ സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു.

100 കേരഗ്രാമങ്ങളാണ് ഈ വർഷം നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്. 100 ഹെക്ടർ തെങ്ങുകൃഷി ഉള്ള പഞ്ചായത്തുകളുടെയും കേരഗ്രാമം പദ്ധതി നടപ്പിലാക്കുവാൻ താല്പര്യമുള്ള പഞ്ചായത്തുകളുടെയും ഇതുവരെ കേരഗ്രാമം പദ്ധതി നടപ്പിലാക്കാത്ത പഞ്ചായത്തുകളുടെയും കരട് ലിസ്റ്റ് ജില്ലകൾ സമർപ്പിച്ചിട്ടുണ്ട്.

(ബി) പേരാമ്പ്ര മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളാണ് പ്രസ്തുത പദ്ധതിയിലുൾപ്പെട്ടിരിക്കുന്നത് എന്നറിയിക്കാമോ?

പേരാമ്പ്ര മണ്ഡലത്തിൽ നൊച്ചാട്, ചെറുവണ്ണൂർ, ചക്കിട്ടപാറ, ചങ്ങരോത്ത് എന്നീ ഗ്രാമപഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കി.

(സി) പ്രസ്തുത പഞ്ചായത്തുകളിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

| വർഷം | പഞ്ചായത്ത് | ചെലവഴിച്ച തുക | |
|---|---|---|---|
| (1) | (2) | (3) | (4) |
| 2015-16 | ചക്കിട്ടപ്പാറ | 1,43,60,000 | പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. |
| 2018-19 | ചെറുവണ്ണൂർ | 70,69,089 | (ഒന്നാം വർഷം, രണ്ടാം വർഷം & മൂന്നാം വർഷം) പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട് |

| (1) | (2) | (3) | (4) |
|---|---|---|---|
| 2018-19 | നൊച്ചാട് | 74,42,850 | (ഒന്നാം വർഷം, രണ്ടാം വർഷം & മൂന്നാം വർഷം) പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. |
| 2021-22 | ചങ്ങരോത്ത് | 48,17,000 | ഒന്നാം വർഷം പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. |
| 2022-23 | ചങ്ങരോത്ത് | രണ്ടാം വർഷം കേരഗ്രാമം തുടങ്ങി. | |

(ഡി) കീഴരിയൂർ പഞ്ചായത്തിലെ ഏതെങ്കിലും ഭാഗം പ്രസ്തുത പദ്ധതിയിലുൾപ്പെട്ടിരുന്നോ എന്ന് വിശദമാക്കാമോ?

കീഴരിയൂർ പഞ്ചായത്തിൽ 2015-16 വർഷത്തിൽ 6, 7, 8, 9 വാർഡുകളിലായി 50 ഹെക്ടർ സ്ഥലത്ത് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

**ബാലുശ്ശേരി മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

38 (1593) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര കർഷകരെ സഹായിക്കുന്നതിനും നാളികേരകൃഷി വർദ്ധിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

കേരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കേരകൃഷിയിലൂടെ സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനും കേരവികസന പദ്ധതിയുടെ ഭാഗമായി ഉയർന്ന ഉല്പാദനക്ഷമതയുള്ള ഇനങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും മെച്ചപ്പെട്ട പരിപാലനരീതികൾ പ്രാവർത്തികമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. 2022-23 വർഷം കേരവികസന പദ്ധതിക്കായി 7390 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

നാളികേര കർഷകർക്കായി കേരഗ്രാമം പദ്ധതി തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ 2014-15 വർഷം മുതൽ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. തേങ്ങയുടെ ഉൽപ്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായംചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിളക്കൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 250 ഹെക്ടർ തുടർച്ചയായ തെങ്ങുകൃഷിയുള്ള പ്രദേശത്താണ് 2021-22 വരെ കേരഗ്രാമപദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

2022-23 വർഷം 100 ഹെക്ടർ വിസ്തൃതിയിൽ 100 കേരഗ്രാമങ്ങൾ നടപ്പിലാക്കുവാനാണ് നാളികേര വികസനപദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി 2567 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ ഈ വർഷം കേരരക്ഷാവാരം എന്ന പുതിയ ഘടകം നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. അതിൻപ്രകാരം നാളികേരക്കൃഷിയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി പച്ചിലവളപ്രയോഗത്തിന് പ്രോത്സാഹനം നൽകുന്നു. പച്ചിലവിത്തിനങ്ങളായ പയർ, ഡയിഞ്ച, ചണമ്പ് എന്നിവ തെങ്ങിൻ ചുവട്ടിലിട്ട് പൂവിടുന്നതിനുതൊട്ടുമുമ്പായി തെങ്ങിൻചുവട്ടിൽ ഇളക്കിച്ചേർക്കുന്നു. അതുവഴി മണ്ണിന്റെ വളപുഷ്ടി മെച്ചപ്പെടുകയും ഉല്പാദനം വർദ്ധിക്കുകയും ചെയ്യുന്നു. അതുപോലെ പറമ്പുകളിൽ ശീമക്കൊന്ന കമ്പുകൾ നട്ടുപിടിപ്പിച്ച് തോലുവെട്ടി മണ്ണിൽ ചേർക്കുന്നതുമൂലവും മണ്ണിന്റെ വളപുഷ്ടി വർദ്ധിപ്പിക്കുവാൻ സാധിക്കും. കർഷകർക്ക് തെങ്ങിന്റെ മണ്ട വൃത്തിയാക്കലിന്റെ പ്രാധാന്യം, കീടരോഗ നിയന്ത്രണം പ്രത്യേകിച്ച് പ്രധാനകീടങ്ങളായ കൊമ്പൻചെല്ലി, ചെമ്പൻചെല്ലി എന്നിവയുടെ നിയന്ത്രണമാർഗ്ഗങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള പരിശീലന പരിപാടി കൃഷിഭവൻതലത്തിൽ നടത്തുന്നു. ഇതിനായി 433 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കേരകൃഷിയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെയുള്ള കാലഘട്ടത്തിലേയ്ക്ക് പ്രാവർത്തികമാക്കാനുള്ള വിവിധ ലക്ഷ്യങ്ങളോടെയാണ് നാളികേര വികസന കൗൺസിൽ സർക്കാർ രൂപീകരിച്ചിരിക്കുന്നത്. ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ 50% സബ്സിഡി നിരക്കിൽ വാർഡൊന്നിന് 75 എണ്ണം എന്നനിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള ഒരു ബൃഹത് പദ്ധതി 'കേരകേരളം സമൃദ്ധകേരളം' എന്നപേരിൽ സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. 2022-23 വർഷത്തിൽ 1334762 തെങ്ങിൻ തൈകൾ നൽകുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. തെങ്ങിൻ തൈകളുടെ വില, വിതരണ ചെലവ് എന്നിവയ്ക്കായി 820.3191 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. കൂടാതെ തെങ്ങിൻ തൈ ഉല്പാദനത്തിനായി ആറളം ഫാമിന് മൂന്നാം ഗഡു തുകയായ 54.6809 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൃഷിവകുപ്പുഫാമുകളിൽ വിത്തുതേങ്ങ സംഭരണം, തെങ്ങിൻ തൈ ഉല്പാദനം മറ്റുനഴ്സറി ചെലവുകൾക്കുമായി 1730 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

നാളികേരമൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ സാധ്യത മനസ്സിലാക്കുന്നതിനും കർഷക സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി "വൈഗ" എന്നപേരിൽ പ്രദർശനവും അന്തർദ്ദേശീയ ശില്പശാലയും 2016 മുതൽ കൃഷിവകുപ്പ് സംഘടിപ്പിച്ചുവരുന്നുണ്ട്. മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം (SFAC) മുഖാന്തരം പ്രോജക്ട് അധിഷ്ഠിത സഹായവും സാങ്കേതികസഹായവും നൽകുന്നുണ്ട്. കൂടാതെ

കേരഫെഡ് നാളികേര വികസന കോർപ്പറേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ കേരോല്പന്നങ്ങളുടെ ഉല്പാദനവും വൈവിദ്ധ്യവൽക്കരണവും വിപണനവും നടത്തുന്നതിലൂടെ കേരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ കൊപ്ര ഡ്രയർ സ്ഥാപിക്കുന്നതിന് 127 ലക്ഷം രൂപ കേരഫെഡിന് 2021-22 വർഷത്തിൽ നൽകിയിട്ടുണ്ട്.

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിൽ അത്തോളി, ബാലുശ്ശേരി, കൂരാച്ചുണ്ട്, നടുവണ്ണൂർ, പനങ്ങാട്, ഉണ്ണികുളം, ഉള്ള്യേരി എന്നീ പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) കേരഗ്രാമം പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം എത്ര വർഷമാണ് കർഷകർക്ക് ലഭിക്കുകയെന്ന് വ്യക്തമാക്കാമോ?

2022-23 വർഷത്തിൽ 100 ഹെക്ടറിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങുകൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉല്പാദനം, തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ ജൈവ രാസവളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ചുമാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിനുപുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു. ചുവടെ ചേർത്തിരിക്കുന്ന ഘടകങ്ങൾ പ്രാദേശിക ആവശ്യാനുസരണം തെരഞ്ഞെടുത്താണ് ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുള്ളത്.

1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ പ്രകാരം 100 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 31.47 ലക്ഷം രൂപ (സ്റ്റേറ്റ് പ്ലാൻ ഷെയർ 25.67 ലക്ഷം, LSGD ഷെയർ - 5.8 ലക്ഷം) ഇതിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.

(എ) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ - 35 രൂപ/തെങ്ങ്

(ബി) തൊണ്ട് കുഴിച്ചിടീൽ - 50 രൂപ/തെങ്ങ്

(സി) ഇടവിളകൃഷി - 6000 രൂപ/ഹെ.

(ഡി) സംയോജിത വളപ്രയോഗം -

1. കുമ്മായം - 9 രൂപ/തെങ്ങ്

2. രാസവളം/ജീവാണുവളങ്ങൾ - 20 രൂപ/തെങ്ങ്

3. മഗ്നീഷ്യം സൾഫേറ്റ്/ദ്വിതീയ/ സൂക്ഷ്മ മൂലകങ്ങൾ - 3.75 രൂപ/തെങ്ങ്

4. ജൈവവളം - 25 രൂപ/തെങ്ങ്

(ഇ) സംയോജിത കീടരോഗനിയന്ത്രണം

1. സസ്യസംരക്ഷണം - 10 രൂപ/തെങ്ങ്

2. ജൈവീക നിയന്ത്രണോപാധികൾ പ്രയോഗിക്കുന്നതിന് - 75 രൂപ/തെങ്ങ്

(എഫ്) രോഗം ബാധിച്ചതും ഉൽപ്പാദനശേഷി നശിച്ച മുറിച്ചുമാറ്റുന്നതിന് - 1000 രൂപ/ തെങ്ങ്

(ജി) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് - 60 രൂപ/തെങ്ങ്

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25000 രൂപ ക്രമത്തിൽ 10 ഹെക്ടറിന് പരമാവധി 2.5 ലക്ഷം രൂപ.

3. 25 തെങ്ങുകയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000 രൂപ നിരക്കിൽ വിതരണം.

4. നാല് ജൈവ വള ഉല്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000 രൂപ നിരക്കിൽ ആനുകൂല്യം.

5. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ യൂണിറ്റ് സ്ഥാപിക്കൽ, മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, പഞ്ചായത്തുതല കേര സമിതികൾക്കുള്ള പ്രവർത്തനച്ചെലവ്, മറ്റ് കൂട്ടായ പ്രവർത്തനങ്ങൾക്കായി 3 ലക്ഷം രൂപ.

6. കേരഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവായി 7000 രൂപ.

7. താൽപ്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ടധിഷ്ഠിത ധനസഹായം.

അങ്ങനെ ഒരു കേരഗ്രാമത്തിന് ആകെ 56.47 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. (സ്റ്റേറ്റ് പ്ലാൻ ഷെയർ - 25.67 ലക്ഷം, LSGD ഷെയർ 5.8 ലക്ഷം, SFAC ഷെയർ - 25 ലക്ഷം).

കേരഗ്രാമം പദ്ധതി മൂന്ന് വർഷങ്ങളിലായിട്ടാണ് ധനസഹായം നൽകിവരുന്നത്.

**കേരഗ്രാമം പദ്ധതി**

39 (1594) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരഗ്രാമം പദ്ധതിപ്രകാരം എത്ര കേരഗ്രാമങ്ങളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; അതുവഴി കർഷകർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് 335 കേരഗ്രാമങ്ങൾ പ്രവർത്തിക്കുന്നു. ഇതുവഴി കർഷകർക്ക് ആനുകൂല്യങ്ങൾ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.

| ക്രമ നമ്പർ | വർഷം | കേരഗ്രാമം പദ്ധതിക്കായി ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 2014-15 | 2508.07226 |
| 2 | 2015-16 | 3721.28630 |
| 3 | 2016-17 | 3803.77260 |
| 4 | 2017-18 | 4128.68000 |
| 5 | 2018-19 | 3275.03167 |
| 6 | 2019-20 | 1378.60890 |
| 7 | 2020-21 | 5157.69029 |
| 8 | 2021-22 | 2598.34690 |
| | ആകെ | 26571.48892 |

335 കേരഗ്രാമങ്ങൾ നടപ്പിലാക്കുകവഴി 158015.4005 ഹെക്ടർ പ്രദേശത്ത് തെങ്ങിന് സംയോജിത പരിപാലന മുറകൾ അവലംബിക്കുവാൻ സാധിച്ചു. തെങ്ങിന് തടമെടുക്കൽ, പുതയിടീൽ, കുമ്മായം, സംയോജിത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, കേടുവന്ന തെങ്ങ് മുറിച്ചുമാറ്റൽ, പുതിയ തെങ്ങിൻ തൈ വെച്ചുപിടിപ്പിക്കൽ എന്നീ പ്രവൃത്തികൾക്ക് കർഷകർക്ക് ധനസഹായം നൽകുവാൻ സാധിച്ചു. കൂടാതെ 7631.17 ഹെക്ടർ പ്രദേശത്തെ ജലസേചന സൗകര്യം മെച്ചപ്പെടുത്തുവാൻ സാധിച്ചു. 28122 തെങ്ങുകയറ്റ യന്ത്രങ്ങൾ കർഷകർക്ക് നൽകിയിട്ടുണ്ട്. 2642 ജൈവവള നിർമ്മാണ യൂണിറ്റ് കർഷകരുടെ പുരയിടത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

**നാളികേര സംഭരണം**

40 (1595) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിന് നിലവിൽ ന്യായമായ വില ലഭിക്കുന്നില്ലെന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ആയതിന് പരിഹാരമായി കിലോയ്ക്ക് 32 രൂപ നിരക്കിൽ പച്ചത്തേങ്ങ സംഭരണം നടത്തിവരുന്നു.

(ബി) നെൽകൃഷിക്കാർക്ക് നൽകുന്നതുപോലെ കേരകർഷകർക്കും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

കേരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കേരകൃഷിയിലൂടെ സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനും നാളികേര വികസന പദ്ധതിയുടെ ഭാഗമായി ഉയർന്ന ഉല്പാദനക്ഷമതയുള്ള ഇനങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും മെച്ചപ്പെട്ട പരിപാലനരീതികൾ കർഷകർ പ്രാവർത്തികമാക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. 2022-23 വർഷം നാളികേരവികസന പദ്ധതിക്കായി 7390 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

നാളികേര കർഷകർക്കായി കേരഗ്രാമം പദ്ധതി തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ 2014-15 വർഷം മുതൽ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. നാളികേരത്തിന്റെ ഉൽപ്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും,പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിളക്കൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവയാണ് പദ്ധതിപ്രകാരമുള്ള പ്രധാന പ്രവൃത്തികൾ.

20 കേരഗ്രാമം പദ്ധതിപ്രകാരം 2022-23 വർഷത്തിൽ, 100 ഹെക്ടർ വിസ്തൃതിയിൽ 100 കേരഗ്രാമങ്ങൾ നടപ്പിലാക്കുവാനാണ് നാളികേര വികസന പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി 2567 ലക്ഷം രൂപ വകയിരുത്തിട്ടുണ്ട്.

കേരകൃഷിയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെയുള്ള കാലഘട്ടത്തിലേയ്ക്ക് പ്രാവർത്തികമാക്കാനുള്ള വിവിധ ലക്ഷ്യങ്ങളോടെയാണ് നാളികേരവികസന കൗൺസിൽ സർക്കാർ രൂപീകരിച്ചിരിക്കുന്നത്. ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ 50 ശതമാനം സബ്സിഡി നിരക്കിൽ വാർഡൊന്നിന് കുറഞ്ഞത് 75 എണ്ണം എന്നനിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള ഒരു ബൃഹത് പദ്ധതി 'കേരകേരളം സമൃദ്ധകേരളം' എന്നപേരിൽ സർക്കാർ ആവിഷ്കരിച്ചുനടപ്പിലാക്കിവരുന്നു. തെങ്ങിൻ തൈകളുടെ വിതരണത്തിനായി 2022-23 വർഷത്തിൽ 820.3191 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

സംസ്ഥാന പദ്ധതികൾക്കുപുറമെ നാളികേര വികസന ബോർഡ് (CDB)-ന്റെ പദ്ധതിയിലൂടെ കേടുവന്ന തെങ്ങ് മുറിച്ചുമാറ്റൽ, പുതിയവ വച്ചുപിടിപ്പിക്കൽ എന്നിവയ്ക്കും പുരയിടത്തിലെ തെങ്ങുകൾക്ക് സംരക്ഷണം നൽകുന്നതിനായി സംയോജിത പരിപാലന മുറകൾ നടപ്പിലാക്കുന്നതിനും കാർഷികവികസന കർഷകക്ഷേമ വകുപ്പ് ധനസഹായം നൽകുന്നു. കൂടാതെ CDB നേരിട്ടുനടപ്പിലാക്കുന്ന തെങ്ങ് പുതുകൃഷി പദ്ധതിപ്രകാരം 2022-23-ൽ, 25 സെന്റ് മുതൽ 4 ഹെക്ടർ വരെ ഭൂമി കൈവശമുള്ള കർഷകർക്ക് ധനസഹായം നൽകുന്നു. കുറഞ്ഞത് 10 തൈകൾ എങ്കിലും പുതുതായി നടുന്ന കർഷകനാണ് ധനസഹായം നൽകുന്നത്.

(സി) കൃഷിഭവനുകൾ മുഖേന നാളികേരം സംഭരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല. കൃഷി ഭവനുകളിൽ പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യക്കുറവും കൃഷിഭവൻ ഉദ്യോഗസ്ഥർ വിവിധ കാർഷികവിജ്ഞാന പ്രവർത്തനങ്ങളിലും പദ്ധതി നിർവ്വഹണത്തിലും ഏർപ്പെടുന്നതിനാലും നിലവിലെ സ്ഥിതിയിൽ കൃഷി ഭവൻ മുഖേന പച്ചത്തേങ്ങ സംഭരണം നടപ്പിലാക്കുവാൻ സാധിക്കാത്ത അവസ്ഥയാണ്

(ഡി) നാളികേര സംഭരണത്തിനായി തൃശ്ശൂർ ജില്ലയിൽ പുതുതായി എത്ര സംഭരണകേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ട്; അവ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

തൃശ്ശൂർ ജില്ലയിലെ പച്ചത്തേങ്ങ സംഭരണത്തിനായി ഒല്ലൂർ കൃഷി സമൃദ്ധി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്, പാവറട്ടി കാർഷിക കർമ്മസേന എന്നീ സംഭരണ കേന്ദ്രങ്ങളാണ് അനുവദിച്ചിട്ടുള്ളത്.

(ഇ) പ്രസ്തുത കേന്ദ്രങ്ങളിലെ നാളികേര സംഭരണത്തിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് കർഷകരിൽനിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർ അപേക്ഷിക്കുന്ന മുറയ്ക്ക് തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, തെങ്ങുകളുടെ എണ്ണം, വാർഷിക ഉല്പാദനം എന്നിവ രേഖപ്പെടുത്തിയ സാക്ഷ്യപത്രം, കൃഷി ആഫീസർ/കൃഷി ഫീൽഡ് ആഫീസർ നൽകേണ്ടതാണ്. പ്രസ്തുത സാക്ഷ്യപത്രത്തിന് ഒരു വർഷം കാലാവധി ഉണ്ടായിരിക്കും. പച്ചത്തേങ്ങ വിപണനം ചെയ്യാനുദ്ദേശിക്കുന്ന സ്ഥാപനത്തിൽ കർഷകർ ഈ സാക്ഷ്യപത്രം നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതും അപ്രകാരം രജിസ്റ്റർ ചെയ്ത കർഷകരിൽനിന്നും തെങ്ങ് ഒന്നിന് പരമാവധി 50 നാളികേരം (6 തവണകളായി) ഒരു വർഷം എന്നകണക്കിൽ പച്ചത്തേങ്ങ സംഭരിക്കുന്നതാണ്.

**പച്ചത്തേങ്ങ സംഭരണ കേന്ദ്രങ്ങൾ**

41 (1596) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിന്റെ വിലയിടിവുമൂലം കഷ്ടത അനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് നാളികേരത്തിന്റെ വിലത്തകർച്ച പരിഹരിക്കുന്നതിന് പച്ചത്തേങ്ങയുടെ സംഭരണ വില കിലോഗ്രാമിന് 32 രൂപയായി നിശ്ചയിച്ച് കേരഫെഡിനെയും സംസ്ഥാന നാളികേര വികസന കോർപ്പറേഷനെയും പച്ചത്തേങ്ങ സംഭരണ ഏജൻസികളായി ചുമതലപ്പെടുത്തിയാണ് പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചിട്ടുള്ളത്.

കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് കർഷകരിൽനിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർ അപേക്ഷിക്കുന്ന മുറയ്ക്ക് തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, തെങ്ങുകളുടെ എണ്ണം, വാർഷിക ഉല്പാദനം എന്നിവ രേഖപ്പെടുത്തിയ സാക്ഷ്യപത്രം, കൃഷി ആഫീസർ/കൃഷി ഫീൽഡ് ആഫീസർ നൽകേണ്ടതാണ്. പ്രസ്തുത സാക്ഷ്യപത്രത്തിന് ഒരു വർഷം കാലാവധി ഉണ്ടായിരിക്കും. പച്ചത്തേങ്ങ വിപണനം ചെയ്യാനുദ്ദേശിക്കുന്ന സ്ഥാപനത്തിൽ കർഷകർ ഈ സാക്ഷ്യപത്രം നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതും അപ്രകാരം രജിസ്റ്റർ ചെയ്ത കർഷകരിൽനിന്നും തെങ്ങ് ഒന്നിന് പരമാവധി 50 നാളികേരം (6 തവണകളായി) ഒരു വർഷം എന്നകണക്കിൽ പച്ചത്തേങ്ങ സംഭരിക്കുന്നതാണ്.

നിലവിൽ 5384 കർഷകരിൽനിന്നും 2396 മെട്രിക് ടൺ പച്ചത്തേങ്ങ

സംഭരിക്കുകയും, 5,88,18,513 രൂപ നാളികേരത്തിന്റെ വിലയായി കർഷകരുടെ അക്കൗണ്ടിൽ നൽകിയിട്ടുമുണ്ട്.

(ബി) സംസ്ഥാനത്ത് കർഷകരിൽനിന്ന് പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ആദ്യഘട്ടത്തിൽ, പച്ചത്തേങ്ങ സംഭരണം തിരുവനന്തപുരത്തുള്ള ആനയറ സ്റ്റോക്ക് പോയിന്റ്, കരുനാഗപ്പള്ളി കേരഫെഡ് ഫാക്ടറി, തൃശ്ശൂർ പൂച്ചനിപ്പാടത്തുള്ള സെയിൽ പോയിന്റ്, കോഴിക്കോട് നടുവണ്ണൂരിലുള്ള ഫാക്ടറി, എന്നീ 4 കേന്ദ്രങ്ങളിലൂടെ കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരണം ആരംഭിച്ചത്.

പച്ചത്തേങ്ങ സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ മുഴപ്പിലങ്ങാട് പ്രാഥമിക സഹകരണ സംഘം മുഖേന കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നു. കൂടാതെ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം (VFPCK)-യുടെ 36 വിപണികൾ വഴിയും 2022 ജൂൺ മാസം മുതൽ പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് നൽകുന്നുണ്ട്. പാലക്കാട് ജില്ലയിൽ VFPCK-യുടെ 15 വിപണികൾ വഴിയും മലപ്പുറം ജില്ലയിൽ 12 വിപണികൾ വഴിയും കോഴിക്കോട് ജില്ലയിൽ 9 വിപണികൾ വഴിയുമാണ് പച്ചത്തേങ്ങ സംഭരിച്ചുവരുന്നത് .

കാസർഗോഡ് ജില്ലയിലെ നീലേശ്വരം, അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പള്ളിക്കര കോ-ഓപ്പറേറ്റീവ് കൺസ്യൂമർ വെൽഫെയർ സൊസൈറ്റി, ബേഡഡുക്ക കർഷക സർവീസ് ബാങ്ക്, കോഴിക്കോട് ജില്ലയിലെ ഏറാമല എസ്.സി.ബി., പേരാമ്പ്ര വനിതാസഹകരണ സംഘം, വടകര താലൂക്ക് പ്രൈമറി കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റി, കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് സർവ്വീസ് സഹകരണ ബാങ്ക്, കോളാരി സർവ്വീസ് സഹകരണ ബാങ്ക്, മൊകേരി സർവ്വീസ് സഹകരണ ബാങ്ക്, ചെറുതാഴം സർവ്വീസ് സഹകരണ ബാങ്ക് എന്നിവ മുഖേനയും നിലവിൽ കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നു.

മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി സർവ്വീസ് സഹകരണ ബാങ്ക്, മംഗലം കേരകർഷക ഫെഡറേഷൻ, തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ കൃഷി സമൃദ്ധി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്, പാവറട്ടി കാർഷിക കർമ്മസേന, തൃശ്ശൂർ ജില്ലാ കേരസംഭരണ സംസ്കരണവിപണന സഹകരണ സംഘം, കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കൊയിലാണ്ടി താലൂക്ക് അഗ്രി കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പേരാമ്പ്ര, വടകര മാർക്കറ്റിംഗ്

കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ചാത്തൻകോട്ടുനട അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, വടകര കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് എന്നീ കേന്ദ്രങ്ങളിൽനിന്നും കേരഫെഡ് പച്ചത്തേങ്ങ സംഭരണം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അത്തരം കേന്ദ്രങ്ങൾ വഴി കർഷകരിൽനിന്ന് എത്ര ടൺ പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് നൽകാമോ?

സംസ്ഥാനത്ത് പച്ചത്തേങ്ങ സംഭരണ പദ്ധതിപ്രകാരം 2396 മെട്രിക് ടൺ പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെച്ചേർക്കുന്നു .

| | | |
|---|---|---|
| കൊല്ലം | - | 75.49 മെട്രിക് ടൺ |
| തൃശ്ശൂർ | - | 74.208 മെട്രിക് ടൺ |
| പാലക്കാട് | - | 636.35 മെട്രിക് ടൺ |
| മലപ്പുറം | - | 728.119 മെട്രിക് ടൺ |
| കോഴിക്കോട് | - | 832.87 മെട്രിക് ടൺ |
| കണ്ണൂർ | - | 5.876 മെട്രിക് ടൺ |
| കാസർഗോഡ് | - | 43.371 മെട്രിക് ടൺ |
| ആകെ | - | 2396.284 |

**വടക്കാഞ്ചേരി മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

42 (1597) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

2022-23 വർഷത്തിൽ നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിയിൽ 100 ഹെക്ടർ തുടർച്ചയായ തെങ്ങുകൃഷി പ്രദേശമാണ് പദ്ധതി നടപ്പിലാക്കുവാൻ തെരഞ്ഞെടുക്കുന്നത്. ആയതിന്റെ പട്ടിക തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. രണ്ടാംവർഷ കേരഗ്രാമം, മൂന്നാംവർഷ കേരഗ്രാമം പ്രവർത്തനങ്ങൾ നടപ്പിലാക്കുവാനുള്ള യോഗങ്ങൾ കൂടിവരികയാണ്.

(ബി) തൃശ്ശൂർ ജില്ലയിലെ എത്ര പഞ്ചായത്തുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

തൃശ്ശൂർ ജില്ലയിൽ 12 പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കുവാനുള്ള പ്രൊപ്പോസൽ ജില്ലയിൽനിന്നും സമർപ്പിച്ചിട്ടുണ്ട്.

(സി) വടക്കാഞ്ചേരി മണ്ഡലത്തിലെ ഏത് പഞ്ചായത്തിലാണ് പ്രസ്തുത പദ്ധതി ആദ്യമായി നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിൽ ഇതുവരെ വടക്കാഞ്ചേരി, തോളൂർ, അടാട്ട്, മുളങ്കുന്നത്തുകാവ്, കോലഴി എന്നീ പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2022-23 വർഷത്തിൽ തെക്കുംകര പഞ്ചായത്തിൽ നടപ്പിലാക്കുവാൻ പ്രൊപ്പോസൽ ജില്ലയിൽനിന്നും സമർപ്പിച്ചിട്ടുണ്ട്.

**റബ്ബർ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി**

43 (1598) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബർ മേഖല കഴിഞ്ഞ മൂന്ന് വർഷമായി പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ റബ്ബർ കർഷകരെ സഹായിക്കാൻ ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ടാപ്പിംഗ് ഇല്ലാതെ മൂന്ന് വർഷമായി റബ്ബർ തോട്ടങ്ങൾ തരിശായി കിടക്കുന്നത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ?

(എ&ബി) കേരളത്തിൽ 2020-21-ൽ 2019-20-നേക്കാൾ റബ്ബർ കൃഷിയുടെ വിസ്തീർണ്ണത്തിലും ഉല്പാദനത്തിലും യഥാക്രമം 0.06 ശതമാനവും 2.62 ശതമാനവും കുറവ് വന്നിട്ടുണ്ട്. റബ്ബർ കർഷകരെ സഹായിക്കാൻ 2015-16 മുതൽ സംസ്ഥാന സർക്കാർ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നു. ധനകാര്യവകുപ്പും റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിപ്രകാരം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ അർഹമായ ഇൻസെന്റീവ്, രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷിഭൂമിയുള്ള കർഷകർക്ക് പരമാവധി രണ്ട് ഹെക്ടറിനാണ് ആനുകൂല്യം നൽകുന്നത്. 2021 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് കിലോഗ്രാമിന് 150 രൂപ എന്നത് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ടാപ്പർമാർ പണി ഉപേക്ഷിച്ചുപോകുന്നതും പുതുതായി പ്രസ്തുത തൊഴിലിലേയ്ക്ക് ആരുംതന്നെ വരാത്തതുമായ അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്താൻ റബ്ബറിന്റെ വിലസ്ഥിരതാ ഫണ്ട് പ്രകാരമുള്ള തുക ഉയർത്താൻ നടപടി സ്വീകരിക്കുമോ?

2021 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് കിലോഗ്രാമിന് 150 രൂപ എന്നത് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) വലിയ മൂലധനമിറക്കി കമ്പനികൾ കൃഷിയുടെയും ചരക്കിന്റെയുംമേൽ ആധിപത്യം ഉറപ്പിക്കുമ്പോൾ രാജ്യത്തെ റബ്ബർ കർഷകരുടെ തൊണ്ണൂറ് ശതമാനംവരുന്ന കേരളത്തിലെ റബ്ബർ കർഷകർ ആശങ്കയോടെ നിൽക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

റബ്ബറിന്റെ ഉല്പാദനച്ചെലവ് വർദ്ധിച്ച സാഹചര്യം കണക്കിലെടുത്ത് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനുകീഴിൽ റബ്ബറിന്റെ താങ്ങുവില 2021 എപ്രിൽ 1 മുതൽ കിലോയ്ക്ക് 150 രൂപയിൽ നിന്ന് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. സ്വാഭാവികമായ റബ്ബറിന്റെ ഉപയോഗം വർദ്ധിപ്പിക്കുവാൻ റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്ക് സർക്കാർ കൂടുതൽ ഊന്നൽ നൽകുന്നുണ്ട്. ഇക്കാര്യത്തിനായി വ്യവസായ വകുപ്പിനുകീഴിൽ റബ്ബർ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനായി 'CIAL Model'-ൽ ഒരു റബ്ബർ കമ്പനി "കേരള റബ്ബർ ലിമിറ്റഡ്" എന്നപേരിൽ സംസ്ഥാന സർക്കാർ രൂപം നൽകുകയും പ്രസ്തുത കമ്പനി 2021-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ചിരട്ടപ്പാൽ റബ്ബർ ഇറക്കുമതി പാടില്ലെന്നാവശ്യപ്പെട്ട് കേന്ദ്ര വാണിജ്യകാര്യമന്ത്രിക്ക് സംസ്ഥാന സർക്കാർ 2018 മാർച്ച് മാസം 9-ാം തീയതിയിൽത്തന്നെ നിവേദനം നൽകിയിട്ടുണ്ട്. ചിരട്ടപ്പാൽ റബ്ബറിൽ മാലിന്യങ്ങൾ അടങ്ങിയിരിക്കാൻ സാധ്യതയുള്ളതിനാൽ, ചിരട്ടപ്പാൽ റബ്ബറിന്റെ ഇറക്കുമതി രാജ്യത്ത് രോഗങ്ങൾ വരുത്തിവയ്ക്കുക മാത്രമല്ല ഉല്പന്നങ്ങളുടെ ഗുണമേന്മയേയും ബാധിക്കുമെന്നുള്ളകാര്യം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ഇ) ടയർ ലോബി റബ്ബർ ഇറക്കുമതി യഥേഷ്ടം നടത്തുകയും റബ്ബർ ബോർഡുപോലും സംസ്ഥാനംവിടുന്ന അവസ്ഥയുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സാഹചര്യത്തിൽ മറ്റനുബന്ധ മേഖലകളിലൂടെ റബ്ബർ കൃഷിയെ സംരക്ഷിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കർഷകക്ഷേമം ഉറപ്പാക്കുന്നതിന് നടപടി

44 (1599) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കർഷകർക്ക് വരുമാനവും സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ കാർഷിക മേഖലയുടെ ഉന്നമനത്തിനും അതിനോടൊപ്പം കർഷകരുടെ വരുമാനവും സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിനും കാർഷികവികസന കർഷകക്ഷേമ വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ചുനടപ്പിലാക്കിവരുന്നു. കാർഷിക വിളകളായ നെല്ല്, പച്ചക്കറി, തെങ്ങ്, ഫലവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജന വിളകൾ, പുഷ്പകൃഷി, ഔഷധ സസ്യങ്ങൾ എന്നിവയുടെ ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി വിളവിസ്തൃതി വർദ്ധനയും വികസനവും എന്ന സമീപനത്തിൽ ഉൾപ്പെടുത്തി 252.12 കോടി രൂപയുടെ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള-കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസന പദ്ധതികൾ ഈ വർഷം മുതൽ നടപ്പിലാക്കുവാനുദ്ദേശിക്കുന്നു. ഓരോ കർഷകന്റെയും കൃഷിയിടം മണ്ണ്, ജലം, മൂലധനം, മറ്റ് വിഭവസ്രോതസ്സുകൾ, സംയോജിപ്പിക്കാവുന്ന സംരംഭങ്ങൾ, ജൈവ-പുനഃചംക്രമണം (Bio-recycling) ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണവും മൂല്യവർദ്ധനയും ഉൾപ്പെടെ സാധ്യമായ എല്ലാ ഘടകങ്ങളേയും യോജിപ്പിച്ച് പരമാവധി ഉൽപ്പാദനം സാധ്യമാക്കുന്ന തരത്തിൽ ഒരു ആസൂത്രണ രേഖ സൃഷ്ടിച്ചെടുത്തു നടപ്പിലാക്കുവാനുദ്ദേശിക്കുന്നു.

കാർഷിക മേഖലയിൽ വർദ്ധിച്ചുവരുന്ന കൂലിച്ചെലവ് ലഘൂകരിക്കുന്നതിനും ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനുമായി കാർഷിക യന്ത്രവത്കരണ പദ്ധതി നടപ്പിലാക്കിവരുന്നു.

നഷ്ടസാധ്യത ലഘൂകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചും കർഷകർക്ക് തങ്ങളുടെ വിളയിൽനിന്നും പ്രതീക്ഷിക്കുന്ന വരുമാനം ഉറപ്പുവരുത്തുന്നതിനും പ്രകൃതിക്ഷോഭംമൂലം വിളനാശമുണ്ടായാൽ നഷ്ടപരിഹാരം നൽകുന്നതിനും ഈ പദ്ധതി സഹായകരമാകുന്നു. സംസ്ഥാന വിള ഇൻഷ്വറൻസ്, പ്രകൃതിക്ഷോഭങ്ങൾ നേരിടുന്നതിനും കീടരോഗനിയന്ത്രണത്തിനുമുള്ള അടിയന്തരനടപടി എന്നീ പദ്ധതികൾ ഇതിലുൾപ്പെടുന്നു.

കർഷകരുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ കൊണ്ടുവന്ന പുതിയ പദ്ധതിയാണ് കർഷകക്ഷേമനിധി ബോർഡ്. ക്ഷേമനിധി പദ്ധതിക്ക് സർക്കാർ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സംസ്ഥാനവിള

ഇൻഷ്വറൻസ് പദ്ധതി, പ്രകൃതിക്ഷോഭംമൂലം വിളനാശം ഉണ്ടായാൽ നഷ്ടപരിഹാരം, കർഷക പെൻഷൻ എന്നിവയും കർഷകക്ഷേമം ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളാണ്.

**കുരുമുളക് കർഷകരുടെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി**

45 (1600) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽനിന്നുള്ള അനിയന്ത്രിതമായ കുരുമുളക് ഇറക്കുമതി കേരളത്തിലെ കൃഷിക്കാർക്ക് വെല്ലുവിളി ഉയർത്തുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അതിതീവ്രമഴമൂലം കുരുമുളക് കർഷകർക്ക് സാധാരണ ലഭിക്കുന്ന വിളവ് ലഭിക്കുന്നില്ലെന്നതും രോഗങ്ങൾമൂലം ലഭിച്ചവയുടെ തൂക്കത്തിലും അളവിലും പ്രതീക്ഷിക്കാത്ത കുറവുണ്ടായെന്നതും ഗൗരവത്തോടെ കാണുന്നുണ്ടോ?

ഉണ്ട്.

(സി) ഇക്കാരണത്താൽ പരമ്പരാഗതമായി കുരുമുളക് കൃഷി ചെയ്തുവന്ന കർഷക കുടുംബങ്ങൾ മറ്റുകൃഷികളിലേയ്ക്കും തൊഴിലുകളിലേയ്ക്കും തിരിയുന്ന സ്ഥിതി ഏറുകയാണെന്ന വസ്തുത കണക്കിലെടുത്ത് അവർക്ക് ആശ്വാസമേകാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കുരുമുളക് കർഷകർക്ക് ആശ്വാസമേകുന്നതിനായി സംസ്ഥാന കാർഷികവികസന കർഷകക്ഷേമ വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കിവരുന്നു. 2022-23 സാമ്പത്തികവർഷം സുഗന്ധവ്യഞ്ജനവിള വികസന പദ്ധതിക്ക് 360 ലക്ഷം രൂപയും ഈ പദ്ധതിയുടെ പ്രധാന ഘടകമായ കുരുമുളക് കൃഷിയുടെ വിസ്തൃതി വ്യാപനത്തിനും വികസനത്തിനും 200 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം 500 ഹെക്ടറിൽ അത്യുല്പാദനശേഷിയുള്ള കുരുമുളകിനങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് 100 ലക്ഷം രൂപയും, 1000 ഹെക്ടറിൽ സെക്കൻഡറി മൂലകങ്ങളും സൂക്ഷ്മമൂലകങ്ങളും വിതരണം ചെയ്യുന്നതിന് 5 ലക്ഷം രൂപയും 1200 ഹെക്ടറിൽ കുമ്മായവസ്തുക്കൾ, ജിപ്സം

മുതലായവ ചേർക്കുന്നതിന് 64.80 ലക്ഷം രൂപയും 302 ഹെക്ടർ കുരുമുളക് തോട്ടങ്ങളിൽ ദ്രുതവാട്ടത്തിനെതിരെ പ്രതിരോധനടപടികൾ സ്വീകരിക്കുന്നതിന് 30.2 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ കുരുമുളകിന്റെ 30 വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിക്കുന്നതിന് 9 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പരിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം കുരുമുളക് കൃഷിക്ക് കാലാവസ്ഥാവ്യതിയാനംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് കുരുമുളക് വള്ളിയൊന്നിന് 200 രൂപ നിരക്കിലും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിപ്രകാരം കുരുമുളക് വള്ളിയൊന്നിന് 150 രൂപ നിരക്കിലും നഷ്ടപരിഹാരം അനുവദിച്ചുവരുന്നു.

### കർഷകരുടെ വൈദ്യുതി സൗജന്യം

46 (1601) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികാവശ്യത്തിലേയ്ക്കായി കർഷകർക്ക് നൽകിവരുന്ന വ്യക്തിഗത വൈദ്യുതി സൗജന്യം നിർത്തലാക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇല്ല.

(ബി) കർഷകരുടെ ഗ്രൂപ്പ് രൂപീകരിച്ച് പ്രസ്തുത ഗ്രൂപ്പുകൾ വഴിമാത്രം ഈ ആനുകൂല്യം നൽകാൻ കേന്ദ്ര സർക്കാരിൽനിന്നും ശിപാർശ നൽകിയിട്ടുണ്ടോ; സംസ്ഥാന സർക്കാർ പ്രസ്തുത ശിപാർശ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) വൈദ്യുതി സൗജന്യം നൽകുന്നതിന് നിലവിലുള്ള സംവിധാനം തുടരുമെന്ന് നിയമസഭയിൽ നൽകിയ ഉറപ്പ് ലംഘിച്ച് കർഷക ഗ്രൂപ്പുകൾ രൂപീകരിച്ച് അതുവഴി വൈദ്യുതി സൗജന്യം നടപ്പാക്കണമെന്ന നിർദ്ദേശം ഉദ്യോഗസ്ഥതലത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി&സി) ചെറുകിട നാമമാത്ര കർഷകർക്ക് കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി പദ്ധതി കൂടുതൽ സുതാര്യവും കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിന്റെ ഭാഗമായിട്ടുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി പദ്ധതി തുക മുൻകൂറായി ഡയറക്ടർ

ബെനിഫിറ്റ് ട്രാൻസ്ഫർ (ഡി.ബി.റ്റി) മുഖേന നൽകുന്നതിന് 22-09-2021-ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 82/2021/കൃഷി പ്രകാരം സർക്കാർ തീരുമാനം കൈക്കൊള്ളുകയും ആയത് നടപ്പിലാക്കിവരികയും ചെയ്യുന്നു. പദ്ധതിയുടെ എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഗ്രൂപ്പുകൾ വഴി മാത്രം ഈ ആനുകൂല്യം നൽകാനുള്ള തീരുമാനത്തിനോട് കർഷകർക്ക് എതിർപ്പുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കാതെ വൈദ്യുതി സൗജന്യം നൽകുന്നതിന് നിലവിലുള്ള രീതി തുടരുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

ഉണ്ട്. ചെറുകിട നാമമാത്ര കർഷകർക്ക് കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി പദ്ധതി കൂടുതൽ സുതാര്യവും കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിന്റെ ഭാഗമായിട്ടുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി പദ്ധതി തുക മുൻകൂറായി ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (ഡി.ബി.റ്റി.) മുഖേന നൽകുന്നതിന് 22-9-2021-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 82/2021/കൃഷി പ്രകാരം സർക്കാർ തീരുമാനം കൈക്കൊള്ളുകയും ആയത് നടപ്പിലാക്കിവരികയും ചെയ്യുന്നു. പദ്ധതിയുടെ എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കർഷക ക്ഷേമനിധി പെൻഷൻ

47 (1602) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന കർഷക ക്ഷേമനിധി ബോർഡ് നിലവിൽ വന്നത് എന്നാണെന്ന് അറിയിക്കുമോ; പ്രസ്തുത ബോർഡ് മുഖേന കർഷകർക്ക് അയ്യായിരം രൂപ പെൻഷൻ നൽകുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ പെൻഷൻ നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

2020 ഒക്ടോബർ 14-നാണ് കേരള കർഷക ക്ഷേമനിധി ബോർഡ് നിലവിൽ വന്നത്. അഞ്ച് വർഷത്തിൽ കുറയാതെ അംശദായം അടയ്ക്കുകയും ക്ഷേമനിധിയിൽ കുടിശ്ശികയില്ലാതെ 60 വയസ്സ് പൂർത്തീകരിക്കുകയും ചെയ്ത കർഷകർക്ക്, ഒടുക്കിയ അംശദായത്തിന്റെയും ഒടുക്കിയ കാലയളവിന്റെയും ആനുപാതികമായി സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഒരു തുക പ്രതിമാസ പെൻഷനായി ലഭിക്കുന്നതാണ്.

(ബി) നാളിതുവരെ എത്ര കർഷകർ പ്രസ്തുത ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; എത്ര അംഗങ്ങൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ?

നാളിതുവരെ 13020 കർഷകർ കേരള കർഷക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട് (22-8-2022 പ്രകാരം).

ക്ഷേമനിധി പദ്ധതിയിൽ ചേർന്ന് 5 വർഷത്തിൽ കുറയാതെ അംശദായം അടയ്ക്കുന്ന അംഗങ്ങൾക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. അംഗത്വ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുള്ളത് 2021 ഡിസംബർ ഒന്നാം തീയതി മുതലാണ്. പദ്ധതിയിൽ ചേർന്ന് 5 വർഷം പൂർത്തീകരിക്കാത്തതിനാൽ ആനുകൂല്യം നൽകാറായിട്ടില്ല.

(സി) കർഷക ക്ഷേമനിധി വകുപ്പ് നിയമത്തിലെ പതിനെട്ടാം വകുപ്പുപ്രകാരം കർഷക ക്ഷേമനിധി സ്റ്റാമ്പ് പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ മൂല്യമുള്ള സ്റ്റാമ്പാണ് പുറത്തിറക്കിയിട്ടുള്ളതെന്നും പ്രസ്തുത സ്റ്റാമ്പ് മുഖേന നാളിതുവരെ എത്ര തുക സമാഹരിക്കാൻ സാധിച്ചിട്ടുണ്ടെന്നും അറിയിക്കുമോ;

(ഡി) പ്രസ്തുത സ്റ്റാമ്പിന്റെ വിതരണവും വില്പനയും സംബന്ധിച്ച് എന്തൊക്കെ വ്യവസ്ഥകളാണ് രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(സി&ഡി) കർഷക ക്ഷേമനിധി സ്റ്റാമ്പ് പുറത്തിറക്കിയിട്ടില്ല. സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി ബോർഡ് തീരുമാനിക്കുന്നതും അൻപത് രൂപയിൽ കവിയാത്തതുമായ മൂല്യമുള്ളതും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രൂപത്തിലും അങ്ങനെയുള്ള രീതിയിലുമുള്ളതും "കേരള കർഷക ക്ഷേമനിധി സ്റ്റാമ്പ്" എന്ന് മുദ്രണം ചെയ്തിട്ടുള്ളതുമായ സ്റ്റാമ്പുകൾ സർക്കാർ പ്രസ്സിൽ അച്ചടിപ്പിക്കാവുന്നതാണ്.

ബോർഡിന്റെ ശിപാർശയിന്മേൽ സർക്കാർ നിശ്ചയിക്കുന്നപ്രകാരം സർക്കാരിന്റെ വിവിധ ഓഫീസുകളിലോ സ്ഥാപനങ്ങളിലോ സമർപ്പിക്കേണ്ട നിശ്ചിതതരം അപേക്ഷകൾ, അങ്ങനെയുള്ള ആഫീസുകളിൽനിന്നോ സ്ഥാപനങ്ങളിൽനിന്നോ നൽകുന്ന നിശ്ചിത തരം സർട്ടിഫിക്കറ്റുകൾ, രേഖകൾ, മറ്റ് പ്രമാണങ്ങൾ എന്നിവയിൽ കർഷക ക്ഷേമനിധി സ്റ്റാമ്പ് പതിക്കണമെന്ന് ഉത്തരവ് വഴി സർക്കാരിന് നിർദ്ദേശം നൽകാവുന്നതാണ്.

ഈ വകുപ്പുപ്രകാരം അച്ചടിച്ച സ്റ്റാമ്പുകൾ ബോർഡിന്റെ അധീനതയിൽ ആയിരിക്കേണ്ടതും സ്റ്റാമ്പിന്റെ വിതരണവും വില്പനയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ആയിരിക്കേണ്ടതുമാണെന്ന് ആക്ട് നിഷ്കർഷിക്കുന്നു.

## ആലത്തൂർ മണ്ഡലത്തിലെ കർഷക പെൻഷൻ അപേക്ഷകൾ

48 (1603) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആലത്തൂർ മണ്ഡലത്തിന്റെ പരിധിയിലുള്ള കൃഷിഭവനുകളിൽ കർഷക പെൻഷനുവേണ്ടി എത്ര അപേക്ഷകൾ സ്വീകരിച്ചുവെന്നും അവയിൽ എത്രയെണ്ണം തീർപ്പാക്കിയെന്നും വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ മണ്ഡലത്തിന്റെ പരിധിയിലുള്ള കൃഷിഭവനുകളിൽ കർഷക പെൻഷനുവേണ്ടി 251 എണ്ണം അപേക്ഷകൾ സ്വീകരിച്ചു. ഇതിൽ 232 എണ്ണം കർഷക പെൻഷൻ ലഭിക്കുന്നതിനായി എ.ഡി.സി. അംഗീകാരം നൽകിയിട്ടുണ്ട്. ടി 232 അപേക്ഷകളിൽനിന്നും 114 അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ആലത്തൂർ മണ്ഡലത്തിൽ നിലവിൽ എത്രപേർ കർഷക പെൻഷൻ വാങ്ങുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ആലത്തൂർ മണ്ഡലത്തിൽ നിലവിൽ 2310 പേർ കർഷക പെൻഷൻ വാങ്ങുന്നുണ്ട്.

## കാലവർഷക്കെടുതിയിൽ വയനാട് ജില്ലയിലുണ്ടായ വിളനാശം

49 (1604) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ കാലവർഷക്കെടുതിയിൽ വയനാട് ജില്ലയിൽ ആകെ എത്ര രൂപയുടെ വിളനാശമാണ് ഉണ്ടായതെന്ന് വ്യക്തമാക്കാമോ?

ഈ വർഷത്തെ കാലവർഷക്കെടുതിയിൽ വയനാട് ജില്ലയിൽ ആകെ 658.58 ഹെക്ടർ സ്ഥലത്ത് 4305.42 ലക്ഷം രൂപയുടെ വിളനാശം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) വിളനാശം സംബന്ധിച്ച കണക്ക് താലൂക്കടിസ്ഥാനത്തിൽ വിളകൾ ഏതെല്ലാമാണെന്ന് തരംതിരിച്ച് ലഭ്യമാക്കാമോ?

താലൂക്ക് തിരിച്ചുള്ള വിളനാശത്തിന്റെ കണക്ക് അനുബന്ധമായി *ചേർക്കുന്നു.

(സി) നാശനഷ്ടം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

കൃഷിനാശം സംഭവിച്ച കർഷകർക്ക് പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തര പരിപാടി പദ്ധതിപ്രകാരം കേന്ദ്ര സർക്കാരിന്റെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നുള്ള വിഹിതവും സംസ്ഥാന വിഹിതവും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നഷ്ടപരിഹാരമായി നൽകുന്നുണ്ട്. കൂടാതെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് പദ്ധതിപ്രകാരമുള്ള നഷ്ടപരിഹാരം നൽകുന്നതാണ്. നാശനഷ്ടം സംഭവിച്ച കർഷകരുടെ അപേക്ഷകൾ പരിശോധിച്ച് അർഹമായ നഷ്ടപരിഹാരം എയിംസ് പോർട്ടൽ മുഖേന നേരിട്ട് കർഷകരുടെ അക്കൗണ്ടിലേയ്ക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാലവർഷക്കെടുതിയിൽ വാഴക്കർഷകർക്ക് ഉണ്ടായ നഷ്ടം നികത്താൻ നടപടി**

50 (1605) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വാഴക്കർഷകരുള്ള പഞ്ചായത്തുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി *ചേർക്കുന്നു.

(ബി) മടിക്കൈ ഗ്രാമപഞ്ചായത്തിൽ എത്ര വാഴക്കർഷകരാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

മടിക്കൈ ഗ്രാമപഞ്ചായത്തിൽ 540 വാഴക്കർഷകരാണ് ഉള്ളത്.

(സി) ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിൽ മടിക്കൈ പഞ്ചായത്തിലെ വാഴക്കർഷകർക്ക് എത്ര തുകയുടെ നാശനഷ്ടമാണ് ഉണ്ടായതെന്ന് വിശദമാക്കാമോ?

ഓൺലൈൻ അപേക്ഷകളിന്മേൽ ഫീൽഡ് പരിശോധന നടത്തി നാശനഷ്ടം തിട്ടപ്പെടുത്തിവരികയാണ്.

(ഡി) മടിക്കൈ പഞ്ചായത്തിലെ വാഴക്കൃഷിക്ക് നേരിട്ട വ്യാപകമായ നഷ്ടം നികത്താൻ പ്രത്യേക പാക്കേജ് അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കൃഷി ഡയറക്ടറുടെ നിർദ്ദേശപ്രകാരം പ്രത്യേക കമ്മിറ്റി സ്ഥല സന്ദർശനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. പ്രത്യേക പാക്കേജ് അനുവദിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം**

51 (1606) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ ദിവസങ്ങളിൽ പെയ്ത അതിതീവ്ര മഴയിലുണ്ടായ കൃഷിനാശം സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആഗസ്റ്റ് മാസം പെയ്ത മഴയിൽ സംഭവിച്ച കൃഷിനാശത്തിന്റെ (എയിംസ് പോർട്ടലിലെ) 1-8-2022 മുതൽ 23-8-2022 വരെയുള്ള പ്രാഥമിക വിവര കണക്കുപ്രകാരം 43280 കർഷകരുടെ 4901.8 ഹെക്ടർ സ്ഥലത്ത് 12987.82 ലക്ഷം രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു*.

(ബി) കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുവാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കൃഷിനാശം സംഭവിച്ച കർഷകർക്ക് പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തരപരിപാടി പദ്ധതിപ്രകാരം കേന്ദ്ര സർക്കാരിന്റെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നുള്ള വിഹിതവും സംസ്ഥാന വിഹിതവും നഷ്ടപരിഹാരമായി നൽകുന്നുണ്ട്. കൂടാതെ കൃഷിവകുപ്പ് നടപ്പിലാക്കുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നടപ്പുസാമ്പത്തിക വർഷത്തിൽ പ്രകൃതിദുരന്തങ്ങൾക്കുള്ള അടിയന്തര പരിപാടി ഇനത്തിൽ 500 ലക്ഷം രൂപയും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ 3000.00 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. അതിൽ യഥാക്രമം 204.692 ലക്ഷം രൂപയും 2997.35989 ലക്ഷം രൂപയും വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

### കൃഷി നാശം സംഭവിച്ച കർഷകരെ സഹായിക്കുന്നതിന് നടപടി

52 (1607) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിൽ എത്ര ഹെക്ടർ കൃഷി നശിച്ചുപോയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് വിശദമാക്കാമോ?

(എ&ബി) ആഗസ്റ്റ് മാസം പെയ്ത മഴയിൽ സംഭവിച്ച കൃഷിനാശത്തിന്റെ എയിംസ് പോർട്ടലിലെ 1-8-2022 മുതൽ 23-8-2022 വരെയുള്ള പ്രാഥമികവിവര കണക്കുപ്രകാരം 43280 കർഷകരുടെ 4901.8 ഹെക്ടർ സ്ഥലത്ത് 12987.82 ലക്ഷം രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള റിപ്പോർട്ട് അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കൃഷിനാശം സംഭവിച്ച കർഷകരെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകാമോ?

കൃഷിനാശം സംഭവിച്ച കർഷകർക്ക് പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തരപരിപാടി പദ്ധതിപ്രകാരം കേന്ദ്ര സർക്കാരിന്റെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നുള്ള വിഹിതവും സംസ്ഥാന വിഹിതവും നഷ്ടപരിഹാരമായി നൽകുന്നുണ്ട്. കൂടാതെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് പദ്ധതിപ്രകാരമുള്ള നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നടപ്പുസാമ്പത്തിക വർഷത്തിൽ പ്രകൃതിദുരന്തങ്ങൾക്കുള്ള അടിയന്തര പരിപാടി ഇനത്തിൽ 500 ലക്ഷം രൂപയും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ 3000 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. അതിൽ യഥാക്രമം 204.692 ലക്ഷം രൂപയും 2997.35989 ലക്ഷം രൂപയും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## 2018-ലെ പ്രളയത്തിൽ നെൽകൃഷിയിൽ നാശനഷ്ടം സംഭവിച്ച കർഷകർക്ക് ധനസഹായം

53 (1608) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018-ലെ പ്രളയത്തിൽ നെൽകൃഷിയിൽ നാശനഷ്ടം സംഭവിച്ച കർഷകർക്ക് ധനസഹായം ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചെങ്ങന്നൂർ മണ്ഡലത്തിൽ നിലവിൽ എത്ര കർഷകർക്കാണ് പ്രസ്തുത ധനസഹായം ലഭിക്കാനുള്ളത്; അവർക്ക് ധനസഹായം എന്ന് ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

ചെങ്ങന്നൂർ മണ്ഡലത്തിൽ 2018-ലെ പ്രളയത്തിൽ നെൽകൃഷിയിൽ നാശനഷ്ടം സംഭവിച്ച അർഹരായ എല്ലാ കർഷകർക്കും ധനസഹായം നൽകിയിട്ടുണ്ട്.

## കാർഷിക മേഖലയിൽ നാശനഷ്ടം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം

54 (1609) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018 മുതൽ നാളിതുവരെയുണ്ടായ പ്രളയങ്ങളിലും കാലവർഷക്കെടുതികളിലും കാർഷിക മേഖലയിൽ നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരത്തുക പൂർണ്ണമായും നൽകിയിട്ടുണ്ടോ; നഷ്ടപരിഹാരം പൂർണ്ണമായും നൽകിയിട്ടില്ലെങ്കിൽ ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് 2018 മുതൽ 2020-21 വരെയുണ്ടായ പ്രളയത്തിലും കാലവർഷക്കെടുതികളിലും നാശനഷ്ടം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരത്തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. 2021-22 മുതലുള്ള നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇതുവരെ എത്ര രൂപയാണ് നഷ്ടപരിഹാരമായി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം - I* ആയി ചേർക്കുന്നു.

(സി) മലപ്പുറം ജില്ലയിൽ ഏതൊക്കെ ഇനങ്ങളിൽ എത്ര പേർക്ക് എത്ര രൂപയാണ് കാർഷിക നഷ്ടപരിഹാരമായി നാളിതുവരെ നൽകിയിട്ടുള്ളതെന്ന് തരം തിരിച്ച് വിശദമാക്കാമോ?

1-6-2019 മുതലുള്ള എയിംസ് പോർട്ടലിലെ റിപ്പോർട്ട് പ്രകാരമുള്ള വിവരങ്ങൾ അനുബന്ധം - II* ആയി ചേർക്കുന്നു.

## പൂഞ്ഞാർ മണ്ഡലത്തിലെ കർഷകർക്കുള്ള നഷ്ടപരിഹാരം

55 (1610) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂഞ്ഞാർ മണ്ഡലത്തിൽ മഴക്കെടുതിയിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നൽകിയ നഷ്ടപരിഹാരത്തുക എത്രയെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

കർഷകർക്ക് നൽകിയ നഷ്ടപരിഹാരത്തുക (പഞ്ചായത്തടിസ്ഥാനത്തിൽ) അനുബന്ധം* ആയി ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നഷ്ടപരിഹാരത്തിനായി അപേക്ഷിച്ച എല്ലാ കർഷകർക്കും തുക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്രപേർക്ക് തുക നൽകാനുണ്ടെന്നും ഇതുവരെ നൽകാത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ?

നഷ്ടപരിഹാരത്തിനായി അപേക്ഷിച്ച കർഷകരിൽ ബാക്കിയുള്ള 24 പേർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ വർഷത്തെ കാലവർഷക്കെടുതിയിൽ പൂഞ്ഞാർ മണ്ഡലത്തിലെ കർഷകർക്കുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ആറ് കർഷകർ നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാലവർഷക്കെടുതിക്ക് ഇരയായ കർഷകരെ സംരക്ഷിക്കാൻ നടപടി**

56 (1611) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ കാലവർഷംമൂലമുണ്ടായ കൃഷിനാശവും കാർഷികമേഖലയ്ക്കുണ്ടായ കഷ്ടനഷ്ടങ്ങളും എത്രയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. 2022 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ കാലവർഷംമൂലമുണ്ടായ കൃഷിനാശത്തിന്റെ (എയിംസ് പോർട്ടലിലെ) 1-7-2022 മുതൽ 23-8-2022 വരെയുള്ള പ്രാഥമികവിവര കണക്കുപ്രകാരം 104812 കർഷകരുടെ 15596.22 ഹെക്ടർ സ്ഥലത്ത് 36007.16 ലക്ഷം രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത കാലവർഷക്കെടുതിക്ക് ഇരയായ കർഷകരെ സംരക്ഷിക്കാനും അതുവഴി കാർഷികമേഖലയ്ക്ക് പുത്തനുണർവ് നൽകുവാനും നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

കൃഷിനാശം സംഭവിച്ച കർഷകർക്ക് പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തര പരിപാടി പദ്ധതി പ്രകാരം കേന്ദ്രസർക്കാരിന്റെ സംസ്ഥാന ദുരന്തപ്രതികരണനിധിയിൽ (SDRF) നിന്നുള്ള വിഹിതവും സംസ്ഥാന വിഹിതവും നഷ്ടപരിഹാരമായി നൽകുന്നുണ്ട്. കൂടാതെ കൃഷിവകുപ്പ് നടപ്പിലാക്കുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിതച്ച നെല്ല് നഷ്ടപ്പെട്ടുപോയ കർഷകർക്ക് വീണ്ടും വിള ഇറക്കുന്നതിനായി പ്രകൃതിദുരന്തങ്ങൾക്കായുള്ള അടിയന്തര പരിപാടി പദ്ധതി പ്രകാരം നെൽവിത്ത് സൗജന്യമായി നല്കുന്നതിനുള്ള ക്രമീകരണം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി (KSSDA) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കർഷകരുടെ കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടി കൃഷിയിടം ഒലിച്ചുപോയി ഉണ്ടാകുന്ന നഷ്ടത്തിനും മടകളുടെ പുനർനിർമ്മാണത്തിനുമുള്ള നഷ്ടപരിഹാരം ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേന സംസ്ഥാന ദുരന്തപ്രതികരണനിധിയിൽ (SDRF) നിന്നും ലഭ്യമാക്കുന്നതാണ്.

നടപ്പുസാമ്പത്തിക വർഷത്തിൽ പ്രകൃതിദുരന്തങ്ങൾക്കുള്ള അടിയന്തര പരിപാടിയിനത്തിൽ 500 ലക്ഷം രൂപയും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ 3000.00 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. അതിൽ യഥാക്രമം 204.692 ലക്ഷം രൂപയും 2997.35989 ലക്ഷം രൂപയും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാർഷിക രംഗത്തുണ്ടായ നാശനഷ്ടം**

57 (1612) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ വ്യാപകമായ മഴയിലും കാറ്റിലും കാർഷികരംഗത്തുണ്ടായ നാശനഷ്ടം എത്രയെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉണ്ട്. കഴിഞ്ഞ മാസങ്ങളിലുണ്ടായ കൃഷിനാശത്തിന്റെ (എയിംസ് പോർട്ടലിലെ) 1-4-2022 മുതൽ 22-08-2022 വരെയുള്ള പ്രാഥമികവിവര കണക്കുപ്രകാരം 300798 കർഷകരുടെ 77804.76 ഹെക്ടർ സ്ഥലത്ത് 1022794.11 ലക്ഷം രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് നിലവിൽ എന്തെല്ലാം സഹായങ്ങൾ നൽകിയെന്ന് വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൃഷിനാശം സംഭവിച്ച കർഷകർക്ക് പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തരപരിപാടി പദ്ധതിപ്രകാരം കേന്ദ്ര സർക്കാരിന്റെ സംസ്ഥാന ദുരന്തപ്രതികരണനിധിയിൽ (SDRF) നിന്നുള്ള വിഹിതവും സംസ്ഥാന വിഹിതവും നഷ്ടപരിഹാരമായി നൽകുന്നുണ്ട്. കൂടാതെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് പദ്ധതിപ്രകാരമുള്ള നഷ്ടപരിഹാരം നൽകിവരുന്നു.

നടപ്പുസാമ്പത്തിക വർഷത്തിൽ പ്രകൃതിദുരന്തങ്ങൾക്കുള്ള അടിയന്തരപരിപാടിയിനത്തിൽ 500 ലക്ഷം രൂപയും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ 3000.00 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. അതിൽ യഥാക്രമം 204.692 ലക്ഷം രൂപയും 2997.35989 ലക്ഷം രൂപയും വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ആവശ്യത്തിനായി കേന്ദ്രസഹായം തേടിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന വിളനാശത്തിന് കേന്ദ്ര സർക്കാരിന്റെ വിഹിതം ഉൾപ്പെടുന്ന സംസ്ഥാന ദുരന്തപ്രതികരണനിധിയിൽ നിന്നുമുള്ള നഷ്ടപരിഹാരം നൽകുന്നുണ്ട്.

**കാർഷിക ഉല്പന്നങ്ങൾക്ക് കൂടുതൽ പ്രചാരം ലഭിക്കുന്നതിന് നടപടി**

58 (1613) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ കാർഷിക ഉല്പന്നങ്ങൾക്കാണ് വിലയിടിവ് നേരിടുന്നതെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ?

സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന ചിലയിനം പഴം പച്ചക്കറികൾക്കും നാളികേരത്തിനുമാണ് പ്രധാനമായും സംസ്ഥാനത്ത് വിലയിടിവ് സംഭവിക്കുന്നത്. കൂടാതെ റബ്ബറിനും ഏലത്തിനും കുരുമുളകിനും വിലയിടിവ് സംഭവിക്കാറുണ്ട്.

(ബി) അവയിൽ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് കൂടുതൽ ആഘാതം ചെലുത്തുന്നത് ഏതൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പരിശോധിച്ചിട്ടില്ല.

(സി) കാർഷികോല്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിനും കാർഷികോല്പന്നങ്ങൾക്ക് കൂടുതൽ പ്രചാരം ലഭിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾക്ക് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാനവില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു.

പദ്ധതി പ്രകാരം കേരളത്തിലെ 16 ഇനം പഴം, പച്ചക്കറികൾക്കാണ് അടിസ്ഥാനവില പ്രഖ്യാപിച്ചത്. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാനവില പ്രഖ്യാപിച്ച വിളയുടെ വിലതാഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാനവില പ്രഖ്യാപിക്കും. അതിൻപ്രകാരം കാർഷികോല്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തെരഞ്ഞെടുത്ത 550 വിപണികൾ വഴി സംഭരിക്കുന്നു. ഇതിൽ 250 വിപണികൾ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ (PACS) യും 300 വിപണികൾ കൃഷിവകുപ്പിന്റേതുമാണ്. കൃഷിവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉല്പന്നങ്ങൾ ലഭ്യമാക്കാനും വഴിയൊരുക്കുന്നു.

പദ്ധതിപ്രകാരം പഴം, പച്ചക്കറികൾ സംഭരിക്കുമ്പോഴുണ്ടാകുന്ന അടിസ്ഥാനവിലയിൽ നിന്നുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേയ്ക്ക് DBT-യായി നൽകുന്നു. കൂടാതെ സംസ്ഥാനത്ത് നാളികേരത്തിന്റെ വില സംഭരണവിലയേക്കാൾ കുറഞ്ഞ ജില്ലകളിലാണ് നിലവിൽ പച്ചത്തേങ്ങ സംഭരണം നടന്നുവരുന്നത്. സംസ്ഥാനത്ത് നാളികേരത്തിന്റെ വിലത്തകർച്ച പരിഹരിക്കുന്നതിന് പച്ചത്തേങ്ങയുടെ സംഭരണവില കിലോഗ്രാമിന് 32 രൂപയായി സർക്കാർ നിശ്ചയിച്ച് കേരഫെഡിനെയും സംസ്ഥാന നാളികേര വികസന കോർപ്പറേഷനെയും പച്ചത്തേങ്ങാ സംഭരണ ഏജൻസികളായി ചുമതലപ്പെടുത്തിയാണ് പച്ചത്തേങ്ങ സംഭരണം പുനഃരാരംഭിച്ചിട്ടുള്ളത്.

കേന്ദ്ര സർക്കാർ അതത് വർഷത്തിലേയ്ക്കായി പ്രഖ്യാപിക്കുന്ന നെല്ലിന്റെ താങ്ങുവിലയോടൊപ്പം സംസ്ഥാന സർക്കാർ പ്രോത്സാഹന ബോണസായി അനുവദിക്കുന്ന അധിക തുകകൂടി നൽകിയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കർഷകരിൽനിന്നും നെല്ല് സംഭരിച്ചുവരുന്നത്. സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി

നടപ്പിലാക്കിവരുന്നു. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് അതത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ അർഹമായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷിഭൂമിയുള്ള കർഷകർക്ക് പരമാവധി രണ്ട് ഹെക്ടറിനാണ് സബ്സിഡി നൽകുന്നത്.

## നാളികേര വില ഇടിവ്

59 (1614) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിന്റെ ഉല്പാദനച്ചെലവിനനുസരിച്ചുള്ള വില കർഷകർക്ക് ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ആയത് പരിഹരിക്കുന്നതിന്റെ ഭാഗമായി പച്ചത്തേങ്ങയുടെ സംഭരണവില കിലോഗ്രാമിന് 32 രൂപയായി സർക്കാർ നിശ്ചയിച്ച് കേരഫെഡ് വഴി പച്ചത്തേങ്ങ സംഭരണം നടത്തിവരുന്നു .

(ബി) നാളികേരത്തിന്റെ വിലയിടിവ് കാരണം നാളികേ രകർഷകർ കൃഷി ഉപേക്ഷിക്കാൻ നിർബന്ധിതരാകുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

## ഏലത്തിന്റെ തറവില വർദ്ധിപ്പിക്കാൻ നടപടി

60 (1615) <u>ശ്രീ. ടി. സിദ്ദിഖ്</u>:
<u>ഡോ. മാത്യു കുഴൽനാടൻ</u>:
<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>:
<u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏലത്തിന്റെ വിലയിടിവുമൂലം ഏലം കർഷകർ പ്രതിസന്ധി നേരിടുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഏലത്തിന്റെ വിലയിടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2019 ജൂണിൽ കിലോഗ്രാമിന് അയ്യായിരം രൂപ ഉണ്ടായിരുന്ന ഏലത്തിന്റെ വില നിലവിൽ തൊള്ളായിരം രൂപയായി കുറഞ്ഞുവെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ?

ഏലത്തിന് 2019-20 വർഷത്തിൽ കിലോഗ്രാമിന് 2908.50 രൂപയായിരുന്നത് 2020-21-ൽ കിലോഗ്രാമിന് 1513.02 രൂപയായി കുറഞ്ഞിരുന്നു. സ്പൈസസ് ബോർഡിന്റെ കണക്കുപ്രകാരം 2022 ആഗസ്റ്റ് മാസം 25-ാം തീയതിയിലെ ഏലം (ചെറുത്)-ന്റെ ശരാശരി വില 919.38 രൂപയാണ്. ഇത് ഗൗരവതരമായ പ്രശ്നമാണ്.

(സി) ഏലത്തിന് കുറഞ്ഞത് ആയിരത്തി അഞ്ഞൂറ് രൂപ തറവില നിശ്ചയിക്കണമെന്ന കർഷകരുടെ ആവശ്യം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഏലത്തിന് താങ്ങുവില നിശ്ചയിക്കേണ്ടത് കേന്ദ്രസർക്കാരാണ്. ഈ വിഷയം കേരളമുന്നയിച്ചിട്ടും അനുകൂലനിലപാട് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല.

## കാർഷികോല്പന്നങ്ങൾക്ക് വിപണിയിൽ ന്യായവില

61 (1616) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികോല്പന്നങ്ങൾക്ക് വിപണിയിൽ ന്യായവില കിട്ടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ?

നാളികേരത്തിന്റെ വിലയിടിവ് ശ്രദ്ധയിൽപ്പെട്ടതിനാൽ പച്ചനാളികേരത്തിന്റെ സംഭരണം കിലോഗ്രാമിന് 32 രൂപ നിരക്കിൽ കേരഫെഡ് മുഖേന ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഉല്പന്നങ്ങൾ സംഭരിച്ച് സംസ്കരിച്ച് അവയെ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റാൻ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഈ വർഷം മുതൽ കർഷകരുടെ കൂട്ടായ്മകൾ സംഘടിപ്പിച്ച് കർഷകരെ ഉത്പാദനം, വായ്പ, വിപണനം തുടങ്ങിയ എല്ലാ വളർച്ചാഘട്ടങ്ങളിലും സഹായിക്കുമാറ് പുതുതായി കേരളത്തിൽ 50 കർഷക ഉല്പാദകസംഘടനകൾ

സ്ഥാപിക്കുന്നതിനും നിലവിലുള്ള 50 കർഷക ഉല്പാദകസംഘടനകളെ ശാക്തീകരിക്കുന്നതിനും എസ്.എഫ്.എ.സി. മുഖേന ലക്ഷ്യമിട്ടിട്ടുണ്ട്.

കൂടാതെ KIIFB-യുടെ സഹായത്തോടെ കോഴിക്കോട് ജില്ലയിൽ വേങ്ങേരി മൊത്തവ്യാപാര വിപണിയിലും കൂത്താളി കൃഷിഫാമിലും 2 അഗ്രോപാർക്കുകൾ ആരംഭിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

വിളവെടുപ്പിനുശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും പദ്ധതിയിലുൾപ്പെടുത്തി കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധന ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് സൂക്ഷ്മ-ചെറുകിട-ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹനപദ്ധതി. ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം (എസ്.എഫ്.എ.സി.) മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതി പ്രകാരം കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്നതരത്തിൽ മൂല്യവർദ്ധിതോല്പന്ന നിർമ്മാണ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്നു. പദ്ധതി പ്രകാരം മൂന്ന് സ്ലാബുകളിലായി സൂക്ഷ്മതലം, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് എം.എസ്.എം.ഇ. മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് മൂലധനനിക്ഷേപത്തിന് അനുസൃതമായി സബ്സിഡി അനുവദിക്കുന്നു.

2022-23 സാമ്പത്തിക വർഷത്തിൽ എസ്.എഫ്.എ.സി.-ക്ക് 400 ലക്ഷം രൂപയും പ്രാഥമിക കാർഷിക സഹകരണസംഘങ്ങൾക്ക് 200 ലക്ഷം രൂപയും സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, എഫ്.പി.ഒ.-കൾ എന്നിവയ്ക്ക് 140 ലക്ഷം രൂപയും കൊപ്ര ഡ്രയറുകൾ സ്ഥാപിക്കുന്നതിന് സഹകരണസംഘങ്ങൾ, കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്ററുകൾ, കർഷക ഗ്രൂപ്പുകൾ എന്നിവയ്ക്ക് 140 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

## ഡ്രാഗൺഫ്രൂട്ട് കൃഷി വ്യാപിപ്പിക്കുവാൻ പദ്ധതി

62 (1617) <u>ശ്രീ. ഡി. കെ. മുരളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം കൃഷിഭവനുകളുടെ പരിധിയിലാണ് ഡ്രാഗൺഫ്രൂട്ട് വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം 25 സെന്റും അതിനുമുകളിലും ഡ്രാഗൺഫ്രൂട്ട് വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന ജില്ലതിരിച്ചുള്ള കൃഷിഭവനുകളുടെ വിവരങ്ങൾ അനുബന്ധം -1 ആയി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഓരോ സ്ഥലങ്ങളിലും ആകെ എത്ര ഹെക്ടർ സ്ഥലത്താണ് ആയത് കൃഷി ചെയ്യുന്നതെന്ന് അറിയിക്കാമോ?

ഓരോ സ്ഥലങ്ങളിലും ഡ്രാഗൺഫ്രൂട്ട് കൃഷി ചെയ്യുന്നതിന്റെ ജില്ലതിരിച്ചുള്ള വിവരങ്ങൾ അനുബന്ധം -2 ആയി ചേർക്കുന്നു*.

(സി) പ്രസ്തുത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിൽ എന്തെല്ലാം ധനസഹായങ്ങൾ നൽകുന്നുണ്ടെന്ന് അറിയിക്കാമോ?

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള, മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിപ്രകാരം ഡ്രാഗൺഫ്രൂട്ട് കൃഷിക്കായി ഹെക്ടർ ഒന്നിന് ഒന്നാം വർഷം 30,000 രൂപ, രണ്ടാം വർഷം 10,000 രൂപ, മൂന്നാം വർഷം 10,000 രൂപ എന്ന നിരക്കിൽ ധനസഹായം നൽകിവരുന്നു.

(ഡി) പ്രസ്തുത കൃഷി വ്യാപിപ്പിക്കുന്നതിന് സർക്കാർതലത്തിൽ എന്തെങ്കിലും പദ്ധതികൾ ആലോചനയിലുണ്ടോ; വിശദമാക്കാമോ?

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തിരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിപ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഡ്രാഗൺഫ്രൂട്ട് കൃഷി വ്യാപിപ്പിക്കുന്നതിന് 2021-22, 2022-23 വാർഷിക പദ്ധതികളിലുൾപ്പെടുത്തി കർഷകർക്ക് ധനസഹായം നൽകിവരുന്നു.

## തരിശ് രഹിത കൃഷിഭൂമി

63 (1618) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കൃഷിഭൂമികൾ തരിശ് രഹിതമാക്കുന്നതിനും ഭക്ഷ്യവിളകളുടെ കൃഷി വ്യാപിപ്പിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കാർഷിക വികസന കർഷക ക്ഷേമവകുപ്പ് തരിശ് കൃഷിചെയ്യുന്നതിന് പ്രോത്സാഹനം നൽകുന്നുണ്ട്. കോവിഡ് മഹാമാരിയുടെ ആഘാതത്തിൽ ബുദ്ധിമുട്ടനുഭവിച്ച കർഷകർക്ക് ഒരു കൈത്താങ്ങായും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനുമാണ് സംസ്ഥാന സർക്കാർ സുഭിക്ഷകേരളം പദ്ധതി 2020-21 സാമ്പത്തികവർഷത്തിലും 2021-22 സാമ്പത്തികവർഷത്തിലും നടപ്പിലാക്കിയത്. തരിശുനിലത്തിൽ കൃഷി ഈ പദ്ധതിയുടെ ഒരു പ്രധാന ഘടകമായിരുന്നു. സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി നെല്ല്, പച്ചക്കറി, കിഴങ്ങ് വർഗ്ഗങ്ങൾ, പയർവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നീ വിളകളുടെ തരിശുനിലകൃഷിയ്ക്ക് പ്രോത്സാഹനം നൽകി.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2022-23 സാമ്പത്തികവർഷത്തിൽ സംസ്ഥാനത്തെ ഓരോ വ്യക്തിയെയും കൃഷിയിലേയ്ക്ക് ആകർഷിക്കുവാനും സ്വന്തമായി കൃഷി ചെയ്യുന്നതിന് പ്രേരണനൽകുന്നതിനും അതുവഴി കാർഷികമേഖലയിൽ ജനകീയമുന്നേറ്റം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും മറ്റ് കൃഷി അനുബന്ധ വകുപ്പുകളുമായും ഏകോപിപ്പിച്ചാണ് ക്യാമ്പയിൻ മാതൃകയിൽ ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ ജനകീയ ക്യാമ്പയിനിലൂടെയും തരിശുകൃഷിക്ക് പ്രോത്സാഹനം നൽകിവരുന്നു.

2022-23 വാർഷികപദ്ധതിയിൽ നെൽകൃഷി വികസനപദ്ധതിയിൽ തരിശുനിലങ്ങളിലെ നെൽകൃഷിയുടെ പുനരുജ്ജീവനം ലക്ഷ്യമിട്ട് നെൽകൃഷി വിസ്തൃതിവ്യാപനം എന്ന ഘടകത്തിലുൾപ്പെടുത്തി തരിശുനില നെൽകൃഷിക്ക് പ്രോത്സാഹനം നൽകിവരുന്നു. നിലവിൽ തരിശ് നെൽകൃഷിക്കായി 35,000 രൂപ കർഷകനും 5000 രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ സഹായധനമായി ഹെക്ടറൊന്നിന് 40,000 രൂപ നൽകുന്നു. ഇതിനായി 2022-23 സാമ്പത്തികവർഷത്തിൽ 566 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞവ കൂടാതെ ഈ സാമ്പത്തികവർഷത്തിൽ ഭക്ഷ്യവിളകളുടെ കൃഷിവ്യാപിപ്പിക്കുന്നതിനുവേണ്ടി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കുട്ടനാട്ടിൽ രണ്ടാം കൃഷി ഇറക്കുന്നതിന് സഹായം**

64 (1619) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ പല പാടശേഖരങ്ങളിലും കൃഷിയിറക്കുന്നതിന് മുൻപായി വെള്ളം കെട്ടിനിർത്തുന്നതിനാൽ പ്രസ്തുത സ്ഥലങ്ങളിൽ മഴക്കാലത്ത് വെള്ളപ്പൊക്കഭീഷണി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. അപ്രകാരം വെള്ളപ്പൊക്കഭീഷണി നേരിടുന്ന അവസരങ്ങളിൽ തദ്ദേശ സ്വയംഭരണ വകുപ്പ്, കൃഷി വകുപ്പ്, റവന്യൂ വകുപ്പ്, ജലസേചന വകുപ്പ്, ഫയർ ഫോഴ്സ് എന്നിവരുടെ ഏകോപന പ്രവർത്തനങ്ങളിലൂടെ വെള്ളം പമ്പ് ചെയ്യുന്നതിനുവേണ്ട നടപടികളും ആയതിനായി വിവിധ പദ്ധതികൾ പ്രകാരം ഹൈ ഡിസ്ചാർജ് പമ്പ്സെറ്റുകൾ വിതരണംചെയ്യുന്ന പ്രവൃത്തികളും നടന്നുവരുന്നുണ്ട്. കൂടാതെ നീർച്ചാലുകൾ പുനരുദ്ധാരണ പ്രവൃത്തികളും വിവിധ പദ്ധതികൾ മുഖേന നടപ്പിലാക്കിവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) രണ്ടാം കുട്ടനാട് പാക്കേജിനോടനുബന്ധിച്ച് കൃഷി അനുബന്ധ പ്രവൃത്തികൾ എത്രയും വേഗം നടപ്പാക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുമോ?

രണ്ടാം കുട്ടനാട് പാക്കേജ് നടപ്പാക്കുന്നത് സംബന്ധിച്ച് സംസ്ഥാന പ്ലാനിംഗ് ബോർഡ് തയ്യാറാക്കിയ 2447.66 കോടി രൂപയുടെ പദ്ധതിയും അന്താരാഷ്ട്ര കായൽ ഗവേഷണകേന്ദ്രം തയ്യാറാക്കിയിട്ടുള്ള 2053.6 കോടി രൂപയുടെ പദ്ധതിയും സർക്കാരിന്റെ പരിശോധനയിലാണ്.

(സി) കുട്ടനാട്ടിലെ കൃഷിയനുബന്ധ പ്രശ്നങ്ങൾ യഥാസമയം പരിഹരിക്കാൻ കർഷകരുൾപ്പെട്ട സമിതിയെ നിയമിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കുട്ടനാട്ടിലെ കൃഷിയനുബന്ധ പ്രശ്നങ്ങളിൽ യഥാസമയം ഇടപെടലുകൾ നടത്താനും അവ കാര്യക്ഷമമായി പരിഹരിക്കാനും പാക്കേജ് നടപ്പാക്കുന്നതിന്റെ ഏകോപനത്തിനും മേൽനോട്ടത്തിനുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി കുട്ടനാട് വികസന ഏകോപന കൗൺസിൽ രൂപീകരിക്കുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്. ടി കൗൺസിലിൽ കർഷക പ്രാതിനിധ്യം ശിപാർശയുമുണ്ട്.

**സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി**

65 (1620) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ എത്ര തുക ധനസഹായം നൽകി?

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2022-23 വർഷത്തിൽ 3000 ലക്ഷം രൂപ അനുവദിച്ചതിൽ 2997.35989 ലക്ഷം രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പദ്ധതി തുടങ്ങിയതുമുതൽ നാളിതുവരെ എത്ര ഗുണഭോക്താക്കൾക്ക് അതിന്റെ പ്രയോജനം ലഭിച്ചുവെന്ന വിവരം നൽകാമോ?

നാളിതുവരെ 299466 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

## കുന്നത്തുനാട് മണ്ഡലത്തിലെ വിള ഇൻഷ്വറൻസ് പദ്ധതി

66 (1621) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ 2020 ഏപ്രിൽ 1 മുതൽ നാളിതുവരെ വിള ഇൻഷ്വറൻസ് പദ്ധതിയിലുൾപ്പെടുത്തി നഷ്ടപരിഹാരത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന വിവരം കൃഷിഭവൻ തിരിച്ച് ലഭ്യമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിൽ 2020 ഏപ്രിൽ 1 മുതൽ നാളിതുവരെ വിള ഇൻഷ്വറൻസ് പദ്ധതിയിലുൾപ്പെടുത്തി നഷ്ടപരിഹാരത്തിനായി ലഭിച്ച അപേക്ഷകളുടെ വിവരം അനുബന്ധം-I ആയി ചേർക്കുന്നു*.

(ബി) അതിൽ എത്ര അപേക്ഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കിയെന്നും അതിനായി എത്ര തുക ചെലവഴിച്ചെന്നും കൃഷിഭവൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

കൃഷിഭവൻ തിരിച്ചുള്ള കണക്ക് അനുബന്ധം-II ആയി ചേർക്കുന്നു*.

(സി) നഷ്ടപരിഹാരത്തിന് അപേക്ഷിച്ചിട്ടുള്ള എത്ര കർഷകർക്ക് ഇനിയും നഷ്ടപരിഹാരം ലഭ്യമാക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

33 കർഷകർക്ക് ഇനിയും വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം നഷ്ടപരിഹാരം ലഭ്യമാക്കാനുണ്ട്.

(ഡി) അർഹരായ മുഴുവൻ പേർക്കും നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

അർഹരായ മുഴുവൻ പേർക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കർഷകർക്കുള്ള ഇൻഷ്വറൻസ്

67 (1622) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന കർഷക ക്ഷേമനിധി ബോർഡിൽ എത്ര കർഷകർ നാളിതുവരെ അംഗത്വം എടുത്തിട്ടുണ്ട്; പ്രസ്തുത കർഷകർക്ക് ക്ഷേമനിധി നിയമത്തിലെ പത്താം വകുപ്പുപ്രകാരം ഇൻഷ്വറൻസ് പരിരക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് പോളിസിയിലാണ് അംഗത്വം നൽകിയിട്ടുള്ളത്; വിശദാംശം നൽകാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാന കർഷകക്ഷേമനിധി ബോർഡിൽ നാളിതുവരെ 13020 കർഷകർ അംഗങ്ങളായി ചേർന്നിട്ടുണ്ട് (22-8-2022 പ്രകാരം) കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകിത്തുടങ്ങിയിട്ടില്ല.

**കാർഷികവിള ഇൻഷ്വറൻസ്**

68 (1623) ശ്രീ എ. സി. മൊയ്തീൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2022 ആഗസ്റ്റ് മാസം ആദ്യ ആഴ്ചയിലുണ്ടായ മഴക്കെടുതിയിൽ കാർഷിക വിളകൾക്കുണ്ടായ നാശനഷ്ടം സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കണക്കെടുപ്പ് നടത്തിയിട്ടുണ്ട്. എയിംസ് പോർട്ടലിലെ പ്രാഥമിക വിവരക്കണക്ക് റിപ്പോർട്ടുപ്രകാരം 1-8-2022 മുതൽ 23-8-2022 വരെ 4901.8 ഹെക്ടർ സ്ഥലത്ത് കൃഷിനാശമുണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പ്രകൃതിക്ഷോഭം, കാലാവസ്ഥാ വ്യതിയാനം, വന്യമൃഗങ്ങളുടെ ആക്രമണം എന്നിവമൂലം കൃഷിനാശം സംഭവിക്കുമ്പോൾ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി വിഭാവനം ചെയ്ത് നടപ്പിലാക്കുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ പ്രവർത്തനാവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

പ്രവർത്തനാവലോകനം നടത്തിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി 2020 ആഗസ്റ്റ് മുതൽ എയിംസ് പോർട്ടൽ മുഖേന ഓൺലൈനായാണ് നടപ്പിലാക്കുന്നത്. 2020 മുതൽ പദ്ധതിയിൽ അംഗങ്ങളായവരുടെയും ശേഖരിച്ച പ്രീമിയം തുകയുടെയും വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു*.

(സി) കാർഷിക വിളകളിൽ നാശനഷ്ടം നേരിടുന്ന കർഷകർക്കായി രാജ്യത്ത് നടപ്പാക്കിയിട്ടുള്ള പ്രധാൻമന്ത്രി ഫസൽ ബീമയോജന പദ്ധതിയുടെ നടപ്പുവർഷത്തെ ക്ലെയിം - പ്രീമിയം ശതമാനം എത്രയാണെന്ന് വ്യക്തമാക്കുമോ;

നടപ്പുസാമ്പത്തിക വർഷത്തിൽ പദ്ധതി മുഖേന ലഭിച്ച പ്രീമിയം തുകയുടെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു*. പ്രധാനമന്ത്രി ഫസൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബീമായോജന പദ്ധതിയുടെ ക്ലെയിം അനുവദിക്കുന്നതിനായി സംസ്ഥാന സ്ഥിതിവിവരക്കണക്ക് ഡയറക്ടറേറ്റിൽനിന്നും വിള പരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന വിളവ് ഡാറ്റാ സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 31 ആണ്. അതിനാൽ ക്ലെയിം അതിനുശേഷം മാത്രമാണ് തയ്യാറാക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസികളായി ചുമതലപ്പെടുത്തിയിരുന്ന വൻകിട സ്വകാര്യ കമ്പനികൾ വൻതോതിൽ ലാഭമുണ്ടാക്കിയെന്ന മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്ര സർക്കാർ മാനദണ്ഡപ്രകാരം പ്രധാൻമന്ത്രി ഫസൽ ബീമായോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള നടത്തിപ്പ് ഏജൻസിയാണ് അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡ് (AICIL). സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര കണക്ക് ഏജൻസി നൽകുന്ന വിള പരീക്ഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പ്രധാൻമന്ത്രി ഫസൽ ബീമായോജന പദ്ധതിയിൽ ക്ലെയിം തുക നിശ്ചയിക്കുന്നത്. വിജ്ഞാപനം ചെയ്തിട്ടുള്ള കാലാവസ്ഥാകേന്ദ്രങ്ങളുടെ ഡാറ്റ പ്രകാരമാണ് കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിലെ ക്ലെയിം തുക നിശ്ചയിക്കുന്നത്. വിജ്ഞാപനം ചെയ്തിട്ടുള്ള ടേം ഷീറ്റുകളുടെ അടിസ്ഥാനത്തിൽ കർഷകന് ആനുകൂല്യം ലഭിക്കുന്നു.

**പച്ചക്കറികളുടെ ഗുണനിലവാരം പരിശോധിക്കാൻ നടപടി**

69 (1624) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികളിൽ നിരോധിത മരുന്നുകൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ അത്തരത്തിലുള്ള പച്ചക്കറി ഉല്പന്നങ്ങൾ സംസ്ഥാനത്ത് എത്തുന്നതിനുമുമ്പ് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ഇതര സംസ്ഥാനങ്ങളിൽനിന്നും പച്ചക്കറികൾ സംസ്ഥാനത്ത് എത്തുന്നതിനുമുമ്പ് ഗുണനിലവാര പരിശോധന നടത്തുന്നതിനുള്ള സംവിധാനം

നിലവിലില്ല. എന്നാൽ ഇവിടങ്ങളിൽനിന്നും കൊണ്ടുവരുന്ന പച്ചക്കറികളിലെയും സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികളിലെയും ഗുണനിലവാരവും അവയിലെ അവശിഷ്ട കീടനാശിനികളുടെ അളവും പരിശോധിക്കുന്നതിനായി കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ സഹായത്തോടെ കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി ലാബിൽ "' സേഫ് ടു ഈറ്റ്" എന്ന പദ്ധതി ഘടകം നടപ്പിലാക്കിവരുന്നു. പ്രസ്തുത ഘടകത്തിലൂടെ കേരളത്തിലെ പൊതുവിപണികൾ, കൃഷിയിടങ്ങൾ, ഇക്കോഷോപ്പ്, ജൈവ വിപണി എന്നിവിടങ്ങളിലെ പച്ചക്കറി/പഴവർഗ്ഗങ്ങളിലെ സാമ്പിളുകൾ ശേഖരിച്ച് അവയിൽ അടങ്ങിയിരിക്കുന്ന കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തുന്നു.

കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലായ www.kerala.gov.in-ലും കേരള കാർഷിക സർവകലാശാലയുടെയും കൃഷിവകുപ്പിന്റെയും വെബ്സൈറ്റുകളിലും എല്ലാ പൊതുജനങ്ങൾക്കും ലഭ്യമാകുന്ന രീതിയിൽ മലയാളത്തിൽ പ്രസിദ്ധീകരിച്ച് ബോധവൽക്കരണം നടത്തുന്നുണ്ട്.

**ഗുരുവായൂർ മണ്ഡലത്തിലെ കൃഷിശ്രീ സെന്ററുകൾ**

70 (1625) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഏതൊക്കെ ബ്ലോക്കുകളിലാണ് കൃഷിശ്രീ സെന്ററുകൾ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ബ്ലോക്കിൽ 2021-22 വർഷത്തിൽ ഒരു കൃഷിശ്രീ സെന്റർ അനുവദിച്ചിട്ടുണ്ട്.

(ബി) ഗുരുവായൂർ മണ്ഡലത്തിലെ ഏതെങ്കിലും ബ്ലോക്കിൽ കൃഷിശ്രീ സെന്റർ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

(സി) ഗുരുവായൂർ മണ്ഡലത്തിൽ കൃഷിശ്രീ സെന്ററുകൾ അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ?

കൃഷിശ്രീ സെന്ററിനായി 25 ച.മീ. ആഫീസ് സൗകര്യവും മെഷീനറി സൂക്ഷിക്കുന്നതിനായി 200 ച.മീ. സ്ഥലവും ലഭ്യമാകത്തക്ക അപേക്ഷ വരുംവർഷങ്ങളിൽ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

(ഡി) കൃഷിശ്രീ സെന്ററുകളുടെ പ്രവർത്തനം വിശദമാക്കാമോ?

ബ്ലോക്കുതലത്തിൽ രൂപീകരിക്കുന്ന കാർഷിക സേവന കേന്ദ്രങ്ങളാണ് കൃഷിശ്രീ സെന്ററുകൾ. കർഷകർക്കാവശ്യമുള്ള അസംസ്കൃത വസ്തുക്കൾ, വിത്ത്, നടീൽവസ്തുക്കൾ തുടങ്ങിയവ ലഭ്യമാക്കുക, കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, വിതരണം, പ്രോസസ്സിംഗ് (അസംസ്കൃത വസ്തുവിനെ ഉല്പന്നമായി മാറ്റിയെടുക്കുക) തുടങ്ങിയവ നടപ്പിലാക്കുക, കർഷകർക്ക് വേണ്ട യന്ത്രസാമഗ്രികൾ, സേവനങ്ങൾ എന്നിവ സമയാസമയങ്ങളിൽ എത്തിക്കുക തുടങ്ങിയവയാണ് കൃഷിശ്രീ സെന്ററുകളുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നത്. കാർഷിക സേവനങ്ങളും കാർഷിക കർമ്മസേനാ പ്രവർത്തനങ്ങളും ഹയറിംഗ് സെന്ററുകളുടെ പ്രവർത്തനങ്ങളും ഒരു ഏകജാലക സംവിധാനത്തിലൂടെ കർഷകരിൽ എത്തിക്കുക എന്നതാണ് കൃഷിശ്രീ സെന്ററുകളുടെ പ്രവർത്തനലക്ഷ്യം.

**കാർഷിക കടാശ്വാസ കമ്മീഷൻ അപേക്ഷയുടെ സമയപരിധി**

71 (1626) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ കമ്മീഷന്റെ ചുമതലകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

കടബാധ്യതമൂലം ദുരിതത്തിലാണ്ട കർഷകർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി ന്യായനിർണ്ണയം നടത്തി അവാർഡുകൾ പാസ്സാക്കുകയും മധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും കർഷകരുടെ സങ്കടങ്ങൾ പരിഹരിക്കുകയും ചെയ്യുന്നതിനുവേണ്ടിയാണ് കർഷക കടാശ്വാസ കമ്മീഷൻ നിലവിൽ വന്നത്. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കടക്കാരായ കർഷകരെയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളെയും കേൾക്കുകയും അനുരഞ്ജനം നടത്തി അവാർഡ് പ്രഖ്യാപിക്കുകയും സർക്കാരിലേയ്ക്ക് കടാശ്വാസത്തിനുള്ള ശിപാർശ നൽകുകയും ചെയ്യുന്നു. കേരളത്തിലെ കർഷകർ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് (വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 31-8-2018-വരെ എടുത്ത വായ്പകൾക്കും മറ്റ് ജില്ലകളിലെ കർഷകർ 31-3-2014 വരെ എടുത്ത വായ്പകൾക്കും) കർഷകൻ കൊടുത്തു തീർക്കാനുള്ള തുക 50,000 രൂപയോ അതിൽ കുറവോ ആണെങ്കിൽ പരമാവധി 75% വരെയോ 50,000 രൂപയിൽ കൂടുതൽ ആണെങ്കിൽ പരമാവധി 50% തുകയോ 2 ലക്ഷം രൂപ വരെയോ കമ്മീഷൻ കടാശ്വാസം അനുവദിച്ചുവരുന്നു. ഇതിനായി കമ്മീഷനിൽ ലഭിക്കുന്ന വിശദാംശങ്ങൾ അടങ്ങിയ അപേക്ഷകൾ വിവിധ ജില്ലകളിൽവച്ച് നടത്തുന്ന സിറ്റിംഗുകളിൽ കർഷകരുടെയും ബാങ്ക്

പ്രതിനിധികളുടേയും സാന്നിദ്ധ്യത്തിൽ പരിശോധിച്ച് കടാശ്വാസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ബി) 2020 ഏപ്രിൽ മാസം മുതൽ പ്രസ്തുത കമ്മീഷൻ സ്വീകരിച്ചിട്ടുള്ള അപേക്ഷകൾ എത്രയാണെന്ന് അറിയിക്കുമോ; അതിൽ എത്രപേർക്ക് കമ്മീഷൻ മുഖേന ധനസഹായം വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) കർഷക കടാശ്വാസ കമ്മീഷനിൽ അപേക്ഷ സമർപ്പിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; പ്രസ്തുത സമയപരിധി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ബി&സി) കർഷക കടാശ്വാസ കമ്മീഷനിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2020 മാർച്ച് 31 ആയിരുന്നു. ടി അപേക്ഷകളിൽ നടപടികൾ പൂർത്തിയാകുന്നമുറയ്ക്കുമാത്രമേ പുതിയ അപേക്ഷകൾ സ്വീകരിക്കുകയുള്ളൂ. അതിനാൽ 2020 ഏപ്രിൽ മാസം മുതൽ കമ്മീഷൻ അപേക്ഷകൾ ക്ഷണിച്ചിട്ടില്ല.

(ഡി) അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധിയിലെ നിയന്ത്രണംമൂലം നിരവധിയാളുകൾക്ക് അപേക്ഷ നൽകാൻ കഴിയാതെപോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ സമയപരിധി ഇല്ലാതെ വർഷം മുഴുവൻ അപേക്ഷ സമർപ്പിക്കുന്നതിന് കർഷകർക്ക് അവസരമൊരുക്കുന്ന കാര്യം പരിഗണിക്കുമോ?

(ഡി&ഇ) നിലവിൽ പരിഗണനയിലില്ല.

### ഹോർട്ടികോർപ്പ് കർഷകരിൽ നിന്നും സംഭരിച്ച പച്ചക്കറിയുടെ വില

72 (1627) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പ് കർഷകരിൽനിന്നും പച്ചക്കറി സംഭരിച്ചശേഷം യഥാസമയം വില നൽകാത്തതുകൊണ്ട് കടുത്തുരുത്തി മണ്ഡലത്തിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ സംഘമൈത്രി കാർഷികോല്പന്ന സംഭരണ വിതരണ കേന്ദ്രത്തിന് ഉണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

കടുത്തുരുത്തി മണ്ഡലത്തിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ കോട്ടയം ജില്ലാ കാർഷികോല്പന്ന സംഭരണ വിതരണ കേന്ദ്രത്തിന് (സംഘമൈത്രി) 12-8-2022

വരെ ഹോർട്ടികോർപ്പിൽ ലഭിച്ച 2022 ജൂൺ മാസം വരെയുള്ള ബില്ലുകൾ പ്രകാരം കുടിശ്ശിക ഉണ്ടായിരുന്ന 8,20,233 രൂപയിൽ 1,09,948 രൂപ അന്നേ ദിവസം (12-8-2022)-ന് ഹോർട്ടികോർപ്പ് നൽകിയിട്ടുണ്ട്. ഇക്കാലയളവിൽ 7,10,285 രൂപ ഇനി നല്കുവാൻ കുടിശ്ശികയുണ്ട്. തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2021-22 കാലഘട്ടത്തിൽ സംഘമൈത്രിക്ക് നൽകാനുള്ള ട്രാൻസ്പോർട്ടേഷൻ സബ്സിഡി നൽകുവാൻ നടപടി സ്വീകരിക്കുമോ?

2021-22 സാമ്പത്തികവർഷം കോട്ടയം ജില്ലാ കാർഷികോല്പന്ന സംഭരണ വിപണനകേന്ദ്രത്തിന് (സംഘമൈത്രി) 4,14,042 രൂപയാണ് ലഭിക്കാനുള്ളത്. 2022-23 വർഷത്തിൽ സംഘമൈത്രിക്കായി 5,00,000 രൂപ ട്രാൻസ്പോർട്ടേഷൻ സബ്സിഡി ഇനത്തിൽ നീക്കിവച്ചിട്ടുണ്ട്.

(സി) ഹോർട്ടികോർപ്പ് ഓണക്കാലത്ത് കൃഷിക്കാരെയും ഉപഭോക്താക്കളെയും സംരക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ?

ഹോർട്ടികോർപ്പിന്റെ സ്വന്തം സ്റ്റാളുകളും ഫ്രാഞ്ചൈസി സ്റ്റാളുകളും ഓണം ഫെയറുകളും മുഖേന 500 ഓണച്ചന്തകൾ സംഘടിപ്പിക്കുന്നതാണ്. ഈ ഓണച്ചന്തകൾ മുഖേന കേരളത്തിലെ കർഷകരിൽനിന്നും സംഭരിക്കുന്ന പച്ചക്കറികൾ 20-30% സബ്സിഡി നിരക്കിൽ ഉപഭോക്താക്കൾക്ക് നൽകുന്നതാണ്. ഓണക്കാലത്ത് കർഷകർക്ക് വിപണി വിലയെക്കാൾ 10% അധികവില നൽകി പച്ചക്കറി സംഭരിക്കുന്നതാണ്. ഇതിനായി സംസ്ഥാനത്തുടനീളം ഹോർട്ടികോർപ്പിന്റെ 13 ജില്ലാ സംഭരണകേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. വിപണിവില പിടിച്ചു നിർത്തുന്നതിനായി കേരളത്തിൽ ലഭ്യമല്ലാത്തതും ഉപഭോക്താക്കൾക്ക് അത്യന്താപേക്ഷിതവുമായ പച്ചക്കറികൾ മറ്റ് സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽനിന്നും തമിഴ്നാട്ടിലെ പ്രമുഖ കാർഷിക മൊത്തവ്യാപാര വിപണികളിലെ ലേലം വഴിയും സംഭരിക്കുന്നതാണ്. ഇത്തരത്തിലുള്ള സംഭരണത്തിന്റെ ഭാഗമായി തമിഴ്നാട് കൃഷിവകുപ്പുമായി സഹകരിച്ച് തെങ്കാശി ജില്ലയിലെ ഫാർമേഴ്സ് പ്രോഡ്യൂസർ ഓർഗനൈസേഷൻവഴി കർഷകരിൽനിന്നും നേരിട്ട് പച്ചക്കറി സംഭരിക്കുന്നതിന് കരാർ ഒപ്പുവച്ച് സംഭരണം നടത്തിവരുന്നു. കേരളത്തിലെ എല്ലാ ജില്ലകളിലും ഏകീകൃത ഡിസൈനോടുകൂടിയ സഞ്ചരിക്കുന്ന വില്പനശാലകളും ഹോർട്ടികോർപ്പ് ഈ ഓണക്കാലത്ത് പ്രവർത്തിപ്പിക്കുന്നതാണ്.

(ഡി) ഹോർട്ടികോർപ്പിന്റെ ഔട്ട്ലെറ്റുകളിൽ വിൽക്കുന്ന പച്ചക്കറികൾക്കും പഴവർഗ്ഗങ്ങൾക്കും വിപണി വിലയേക്കാൾ ഉയർന്നവില നൽകേണ്ട സാഹചര്യമുണ്ടായിരിക്കുന്നത് തടയുവാൻ ഇടപെടൽ നടത്തുമോ എന്ന് വിശദീകരിക്കാമോ;

(ഇ) ഹോർട്ടികോർപ്പ് വിൽപ്പന നടത്തുന്നതിനെക്കാൾ കുറഞ്ഞവിലയ്ക്ക് പൊതുവിപണിയിൽ പഴങ്ങളും പച്ചക്കറികളും ലഭിക്കുമെന്നത് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരിശോധിക്കുന്നതാണ്.

## ഹോർട്ടികോർപ്പ് കർഷകർക്ക് നൽകുവാനുള്ള കുടിശ്ശിക കൊടുത്തുതീർക്കുവാൻ നടപടി

73 (1628) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പ് സംസ്ഥാനത്തെ കർഷകരിൽനിന്നും പഴം, പച്ചക്കറി എന്നിവ സംഭരിച്ച ഇനത്തിൽ നൽകുവാനുള്ള തുക വളരെക്കാലമായി കുടിശ്ശികയായിക്കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അപ്രകാരം കുടിശ്ശിക ഉണ്ടാകാനിടയായ സാഹചര്യം വ്യക്തമാക്കാമോ?

(എ&ബി) 2019-ലെ പ്രളയകാലത്തും 2020-ലെ കോവിഡ് മഹാമാരി കാലത്തും ഹോർട്ടികോർപ്പിന്റെ വില്പനയിൽ ഗണ്യമായ കുറവ് വന്നതുകൊണ്ട് കോർപ്പറേഷന് കടുത്ത സാമ്പത്തികപ്രതിസന്ധി നേരിടേണ്ടിവന്നതിനാലാണ് കർഷകരിൽനിന്നും സംഭരിച്ച ഉൽപ്പന്നങ്ങളുടെ തുക യഥാസമയം നൽകുന്നതിന് സാധിക്കാതെ വന്നത്. നിലവിൽ പഴയ കുടിശ്ശിക നല്കിയിട്ടുണ്ട്.

(സി) ഇടുക്കി ജില്ലയിൽ ഈ ഇനത്തിൽ കർഷകക്കൂട്ടായ്മകൾക്കും മറ്റുമായി എത്ര തുക നൽകാനുണ്ടെന്ന് അറിയിക്കാമോ?

22-8-2022-ലെ കണക്കുപ്രകാരം ഇടുക്കി ജില്ലയിലെ കർഷകക്കൂട്ടായ്മകൾക്ക് 46,92,315 രൂപയാണ് കുടിശ്ശികയുള്ളത്.

(ഡി) പ്രസ്തുത കുടിശ്ശിക അടിയന്തരമായി കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നടപടി സ്വീകരിച്ചുവരുന്നു.

**കാർഷിക കടാശ്വാസ കമ്മീഷനെ ജനകീയമാക്കാൻ നടപടി**

74 (1629) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന കർഷകരുടെ ഉന്നമനത്തിനായി സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ?

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കടക്കാരായ കർഷകരെയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളെയും കേൾക്കുകയും അനുരഞ്ജനം നടത്തി അവാർഡ് പ്രകാരം സർക്കാരിലേയ്ക്ക് കടാശ്വാസ ശിപാർശ നടത്തുകയും ചെയ്യുന്നു. കേരളത്തിലെ കർഷകർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് (വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 31-8-2018-വരെ എടുത്ത വായ്പകൾക്കും മറ്റ് ജില്ലകളിലെ കർഷകർ 31-3-2014-വരെ എടുത്ത വായ്പകൾക്കും) കർഷകൻ കൊടുത്തുതീർക്കാനുള്ള തുക 50,000 രൂപയോ അതിൽ കുറവോ ആണെങ്കിൽ പരമാവധി 75% വരെയോ 50,000 രൂപയിൽ കൂടുതലാണെങ്കിൽ പരമാവധി 50% തുകയോ 2 ലക്ഷം രൂപ വരെയോ കമ്മീഷൻ കടാശ്വാസം അനുവദിച്ചുവരുന്നു. ഇതിനായി കമ്മീഷനിൽ ലഭിക്കുന്ന വിശദാംശങ്ങളടങ്ങിയ അപേക്ഷകൾ വിവിധ ജില്ലകളിൽവച്ച് കമ്മീഷൻ നടത്തുന്ന സിറ്റിംഗുകളിൽ കർഷകരുടെയും ബാങ്ക് പ്രതിനിധികളുടേയും സാന്നിദ്ധ്യത്തിൽ പരിശോധിച്ച് കടാശ്വാസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത ഉത്തരവ് സഹകരണ സംഘം രജിസ്ട്രാറുടെ പരിശോധനയ്ക്ക് വിധേയമായി ബന്ധപ്പെട്ട ബാങ്കുകൾക്ക് കൈമാറുകയാണ് ചെയ്യുന്നത്.

കടാശ്വാസത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ വേഗത്തിൽ തീർപ്പ് കല്പിക്കുന്നതിനായി സിറ്റിംഗുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ഇപ്രകാരം 7 ജില്ലകളിലെ കേസുകൾ പൂർണ്ണമായി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ കമ്മീഷൻ അവാർഡ് പുറപ്പെടുവിച്ച അപേക്ഷകളിൽ സഹകരണസംഘം രജിസ്ട്രാറുടെ വെരിഫിക്കേഷൻ നടപടികൾ പൂർത്തിയാകുന്നതിനുമുമ്പുതന്നെ കടാശ്വാസതുക കർഷകർ നൽകുന്ന ബോണ്ടിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പരിശോധനയിലാണ്.

(ബി) നാഷണലൈസ്ഡ് ബാങ്കുകളിൽനിന്ന് കർഷകർ എടുത്തിട്ടുള്ള വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ കുടിശ്ശികയാകുന്ന സാഹചര്യത്തിൽ കമ്മീഷന് എപ്രകാരം ഇടപെടാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; അത്തരത്തിൽ കമ്മീഷൻ ഇടപെടുന്നുണ്ടോയെന്നും ആയതിന് എന്തെങ്കിലും നിയമതടസ്സമുണ്ടോയെന്നും അറിയിക്കാമോ?

പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) കാർഷിക കടാശ്വാസ കമ്മീഷനെ കൂടുതൽ ജനകീയമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വിവിധ ജില്ലകളിൽ കടാശ്വാസത്തിന് പരിഗണിക്കുന്ന വായ്പാ തീയതികൾ രണ്ട് വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കുന്നതിനും കമ്മീഷൻ അവാർഡ് പുറപ്പെടുവിച്ച തുക പരിശോധനയ്ക്ക് വിധേയമാക്കുന്നതിനാൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി കർഷകർ നൽകുന്ന ബോണ്ടിന്റെ അടിസ്ഥാനത്തിൽ തുക നൽകിക്കൊണ്ട് അവാർഡുതുക കുടിശ്ശികയാകാതെ പരമാവധി വേഗത്തിൽ ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതിനുമുള്ള നടപടി സർക്കാർ പരിശോധനയിലാണ്.

(ഡി) ഇടുക്കി, വയനാട് ജില്ലകളിലെ കർഷകരുടെ 31-8-2018 വരെയുള്ള വായ്പകൾക്കും മറ്റ് ജില്ലകളിലെ കർഷകരുടെ 31-3-2014 വരെയുള്ള വായ്പകൾക്കുമാണോ നിലവിൽ കടാശ്വാസം നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇത് വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ?

അതെ. ഈ കാലാവധി രണ്ട് വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധനയിലാണ്.

**സർഫാസി നിയമത്തിൽനിന്ന് കർഷകരെ രക്ഷിക്കാൻ നടപടി**

75 (1630) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വായ്പാക്കുടിശ്ശിക വരുത്തുന്നവരുടെ കിടപ്പാടം നഷ്ടപ്പെടുത്തുന്ന സർഫാസി നിയമത്തിൽനിന്ന് സാധാരണക്കാരായ കർഷകരെ രക്ഷിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കാർഷികഭൂമി സർഫാസി നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലാത്തതിനാൽ കൃഷിഭൂമി പണയപ്പെടുത്തിയെടുത്ത കാർഷിക വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്കായി ബാങ്കുകൾ സർഫാസി നടപടിക്രമങ്ങൾ സ്വീകരിക്കുന്നില്ല.

വായ്പാ കുടിശ്ശിക ഇളവുകൾ നേടി തീർപ്പാക്കുന്നതിലേയ്ക്കായി നവകേരളീയം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, ബാങ്ക് ആവിഷ്കരിച്ചിട്ടുള്ള റിക്കവറി മാനേജ്മെന്റ് പോളിസി-കോംപ്രമൈസ് സെറ്റിൽമെന്റ് എന്നീ രണ്ട് പദ്ധതികൾ കേരള ബാങ്കിൽ നടപ്പിലാക്കിയിട്ടുണ്ട്. പാർപ്പിടാവശ്യത്തിനായി ഉപയോഗിച്ചുവരുന്ന നാമമാത്രമായ ജാമ്യവസ്തുക്കളിന്മേൽ ജപ്തിനടപടികൾ സ്വീകരിക്കുന്നതിന് കേരള ബാങ്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. വായ്പാ കുടിശ്ശിക ഇളവുകൾ നേടി തീപ്പാക്കുന്നതിലേയ്ക്കായി ഒറ്റത്തവണ തീർപ്പാക്കൽ മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കർഷകർ ആധാരം പണയപ്പെടുത്തി ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിനായി എടുത്തിട്ടുള്ള വായ്പകളെല്ലാം കർഷികവായ്പകളായി കണക്കാക്കി സർഫാസി അടക്കമുള്ള നിയമങ്ങളിൽനിന്നും കർഷകർക്ക് സംരക്ഷണം നൽകാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

5 സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാദ്ധ്യതയ്ക്ക് സർഫാസി നിയമത്തിലെ വ്യവസ്ഥകൾ ബാധകമാകുന്നതല്ലെന്ന് വ്യവസ്ഥ ചെയ്യുന്നതിനായി, പ്രസ്തുത നിയമത്തിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് 14-ാം കേരള നിയമസഭ 2017 ആഗസ്റ്റ് 21-ന് ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കുകയും ആയത് പ്രകാരം ടി നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) റേഷൻ കാർഡിൽ തൊഴിൽ രേഖപ്പെടുത്തേണ്ട സ്ഥലത്ത് കർഷകനെന്ന് രേഖപ്പെടുത്തിയാൽ മാത്രമേ കാർഷിക സബ്സിഡിയും വായ്പകളും നൽകുകയുള്ളൂ എന്ന കേന്ദ്ര സർക്കാർ നിലപാട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ എതിർപ്പറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സബ്സിഡി ലഭിക്കുവാൻ ഇത്തരത്തിൽ വ്യവസ്ഥ നിഷ്കർഷിച്ചിട്ടില്ല.

**കാർഷിക കടാശ്വാസ കമ്മീഷനിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ**

76 (1631) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷൻ എത്ര അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കാനുണ്ടെന്ന് വിശദമാക്കുമോ?

31-7-2022 വരെ തീർപ്പുകല്പിച്ചവ കഴിച്ച് ബാക്കി 110592 അപേക്ഷകൾ തീർപ്പുകല്പിക്കാനുണ്ട്.

(ബി) കമ്മീഷൻ അവസാനം അപേക്ഷ സ്വീകരിച്ച തീയതി എന്നാണെന്ന് വ്യക്തമാക്കുമോ?

31-3-2020.

(സി) അപേക്ഷ സ്വീകരിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

അപേക്ഷകൻ കർഷകനോ കർഷകത്തൊഴിലാളിയോ ആയിരിക്കണം. വാർഷിക വരുമാനം രണ്ട് ലക്ഷത്തിൽ കവിയാൻ പാടില്ല. കർഷകനാണെന്ന് തെളിയിക്കുന്ന കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ്, വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ് എന്നിവയുടെ അസ്സലും, കരം തീർത്ത രസീതിന്റെ പകർപ്പും ബാങ്ക് പാസ് ബുക്കിന്റെ പകർപ്പും വായ്പ നിലനിൽക്കുന്നുവെന്ന് കാണിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റും അപേക്ഷയോടൊപ്പം ഹാജരാക്കണം. ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർ 31-8-2018 വരെ എടുത്ത വായ്പകൾക്കും മറ്റ് ജില്ലകളിലെ കർഷകർ 31-3-2014 വരെ എടുത്ത വായ്പകൾക്കുമാണ് നിലവിൽ കടാശ്വാസം അനുവദിക്കുന്നത്.

(ഡി) കമ്മീഷനിൽ ലക്ഷക്കണക്കിന് അപേക്ഷകൾ തീർപ്പുകൽപ്പിക്കാൻ കെട്ടിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത അപേക്ഷകളിൽ തീർപ്പുകല്പിച്ച് പാവപ്പെട്ട കർഷകർക്ക് ആശ്വാസം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കോവിഡ് മഹാമാരിമൂലം ഒരു വർഷത്തിലേറെ സിറ്റിംഗ് നടത്താൻ കഴിയാതെവന്നു. അപേക്ഷകളിന്മേൽ വേഗത്തിൽ തീർപ്പുകല്പിക്കുന്നതിനായി സിറ്റിംഗുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ഇപ്രകാരം 7 ജില്ലകളിലെ കേസുകൾ പൂർണ്ണമായി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

77 (1632) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ധനസഹായത്തിനായി കേന്ദ്രസർക്കാരിന് സമർപ്പിച്ച കൃഷിക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിനും ആവശ്യപ്പെട്ട തുക എത്രയെന്നും വ്യക്തമാക്കാമോ?

ഈ സർക്കാർ നിലവിൽ വന്നശേഷം വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വാർഷിക കർമ്മപരിപാടികളിൽ ഉൾപ്പെടുത്തി കൃഷിവകുപ്പ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ട തുകകൾ സംബന്ധിച്ച 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ വിവരങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത പദ്ധതികളിൽ അംഗീകാരം ലഭിച്ചവ ഏതൊക്കെയെന്നും അവ ഓരോന്നിനും അനുവദിച്ച തുക എത്രയെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ?

വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിലുൾപ്പെടുത്തി സംസ്ഥാനം സമർപ്പിച്ച വാർഷിക കർമ്മപരിപാടികളിൽ അംഗീകരിച്ച പദ്ധതികളും തുകയും കേന്ദ്രസർക്കാർ അനുവദിച്ച തുകയും (സംസ്ഥാന വിഹിതമുൾപ്പെടെ) സംബന്ധിച്ച 2021-22, 2022-23 സാമ്പത്തികവർഷം തിരിച്ചുള്ള വിവരം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു*.

**കാർഷിക അടിസ്ഥാനസൗകര്യനിധി പദ്ധതി**

78 (1633) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീമതി കെ. കെ. രമ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ ആവിഷ്കരിച്ച് സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന കാർഷിക അടിസ്ഥാന സൗകര്യ നിധിയിൽനിന്നും കൂടുതൽ തുക സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽനിന്ന് രണ്ടായിരത്തി അഞ്ഞൂറ്റി ഇരുപത് കോടി രൂപ സംസ്ഥാനത്തിന് ലഭ്യമാക്കാൻ സാധിക്കുമെന്നിരിക്കെ ഇതുവരെ നാല്പത്തേഴ് കോടിയോളം രൂപ മാത്രമാണ് വിതരണം ചെയ്യാൻ സാധിച്ചത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് പദ്ധതി പ്രകാരം നിലവിൽ കേരളത്തിന് 2520 കോടി രൂപയുടെ വായ്പയാണ് കേന്ദ്രസർക്കാർ അനുവദിച്ചിരിക്കുന്നത്. കൃഷി വകുപ്പിനും ഭക്ഷ്യ-പൊതുവിതരണ വകുപ്പിനുമാവശ്യമായ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വെയർഹൗസ്/ സ്റ്റോറേജ് സംവിധാനത്തിനുള്ള പദ്ധതികൾ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുഖേന സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ 201 അപേക്ഷകൾക്കായി 127.10 കോടി രൂപയുടെ വായ്പകൾക്ക് അനുമതി ലഭിക്കുകയും ആയതിൽ 140 അപേക്ഷകൾക്കായി 70.57 കോടി രൂപയുടെ വായ്പ ബാങ്കുകൾ വിതരണം ചെയ്തിട്ടുമുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം കൂടുതൽ കർഷകരിലേയ്ക്ക് എത്തിക്കാൻ മുൻകയ്യെടുക്കുമോയെന്ന് വിശദമാക്കാമോ?

കാർഷിക അടിസ്ഥാനസൗകര്യ വികസനനിധിയുടെ സംസ്ഥാനത്തിലെ പ്രചരണത്തിനായി കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെകീഴിൽ ഒരു പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് (PMU) രൂപീകരിച്ചിട്ടുണ്ട്. PMU മുഖേന സംസ്ഥാനത്ത് 200-ഓളം അവബോധ ക്ലാസ്സുകൾ നടത്തുകയും ആയതിലൂടെ 10,000-ൽ അധികം കർഷകരിലേയ്ക്ക് പദ്ധതിയുടെ സവിശേഷതകൾ എത്തിക്കാനും സാധിച്ചിട്ടുണ്ട്. വായ്പാവിതരണത്തിന് ബാങ്കുകളിൽനിന്ന് നേരിടുന്ന തടസ്സങ്ങൾ PMU ഇടപെട്ട് പരിഹരിക്കുന്നുണ്ട്. പദ്ധതിയെക്കുറിച്ച് സംശയനിവാരണത്തിനുവേണ്ടി ഹെൽപ്പ്-ലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ പ്രചരണത്തിന്റെ ഭാഗമായി ഹ്രസ്വ വീഡിയോകൾ, പത്രപ്രചരണം, നവമാധ്യമ പ്രചരണം എന്നിവ നടത്തുകയും ബ്രോഷറുകൾ, നോട്ടീസുകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്തിട്ടുമുണ്ട്. ഈ പദ്ധതിയുടെ പ്രവർത്തനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിശകലനം നടത്തുകയും പദ്ധതിയുടെ പൊതുവായ ഏകീകരണം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നടത്തുന്നതിനും ഇത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രതിമാസ അവലോകന യോഗത്തിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിക്കുകയും പദ്ധതിനിർവ്വഹണ വകുപ്പുകളായ കൃഷി, സഹകരണ വകുപ്പുതലത്തിലും അടിസ്ഥാന സൗകര്യ വികസനനിധിയുടെ വിശകലനം നടത്താറുണ്ട്.

**കർഷക ക്ഷേമനിധി ബോർഡ്**

79 (1634) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചത് ഏത് വർഷമാണെന്ന് വെളിപ്പെടുത്താമോ; അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കേരള കർഷക ക്ഷേമനിധി ആക്ടിലെ (2019-ലെ 26-ആം നമ്പർ ആക്ട്) അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ 2020 ഒക്ടോബർ 13-ാം തീയതിയിലെ സ.ഉ.(പി) 19/2020/കൃഷി നമ്പരായി പുറപ്പെടുവിച്ചതും 2020 ഒക്ടോബർ 14-ാം തീയതിയിലെ 2422-ാം നമ്പർ അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 708/2020 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപന പ്രകാരം കർഷകക്ഷേമനിധി ബോർഡ് രൂപീകരിച്ചു. വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) കർഷക ക്ഷേമനിധി പദ്ധതി തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

" കേരള കർഷക ക്ഷേമനിധി പദ്ധതി" യുടെ കരട് ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്.

## മലമ്പുഴ മണ്ഡലത്തിൽ നബാർഡിന്റെ സഹായത്തോടെ കൃഷിവകുപ്പ് നടപ്പാക്കിയ പദ്ധതികൾ

80 (1635) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലമ്പുഴ മണ്ഡലത്തിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ കൃഷിവകുപ്പ് നടത്തിവരുന്ന പദ്ധതികൾ വിശദമാക്കുമോ; പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ അറിയിക്കുമോ?

പാലക്കാട് ജില്ലയിൽ മലമ്പുഴ നിയോജകമണ്ഡലത്തിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ആർ.ഐ.ഡി.എഫ്. - 25-ൽ ഉൾപ്പെടുത്തി പുതുപ്പരിയാരം, മുണ്ടൂർ പഞ്ചായത്തുകളിലായി കല്ലംപറമ്പ് നീർത്തട പദ്ധതി നടപ്പിലാക്കിവരുന്നു. 2020 മുതൽ നടപ്പിലാക്കിവരുന്ന 96,68,000 രൂപ അടങ്കൽ തുകയുള്ള പദ്ധതിയിൽ നാളിതുവരെ 30,41,756 രൂപയുടെ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

ആർ.ഐ.ഡി.എഫ്. XXVII സ്കീമിലുൾപ്പെടുത്തി കൃഷിവകുപ്പ് "Infrastructural Development of Department Agriculture Farms in Kerala" എന്ന പദ്ധതിയിൽ, കെ.എൽ.ഡി.സി. മുഖേന "Horticulture Development Farm Malampuzha" എന്ന ഫാമിലെ പദ്ധതികൾ നടപ്പിലാക്കുവാൻ 946.41 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ സാങ്കേതികാനുമതിക്കുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മലമ്പുഴ മണ്ഡലത്തിൽ നബാർഡ് ആർ.ഐ.ഡി.എഫ്. XXV സ്കീമിലുൾപ്പെടുത്തി (ഭരണാനുമതി തുക - 1717.00 ലക്ഷം രൂപ) കൃഷി വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം നടത്തിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## കർഷക ക്ഷേമനിധി ബോർഡ്

81 (1636) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കർഷക ക്ഷേമനിധി ബോർഡ് നിലവിൽ വന്നതെന്നാണ്; കർഷക ക്ഷേമനിധി നിയമപ്രകാരം കിസാൻ അഭിമാൻ പദ്ധതിയിൻകീഴിൽ പെൻഷൻ നൽകുന്നതിനായി മുൻപ് വകയിരുത്തിയിരുന്നതിന് തുല്യമായ തുക കർഷക ക്ഷേമനിധി ബോർഡിന് സർക്കാർ നൽകുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഓരോ സാമ്പത്തികവർഷവും എത്ര തുക അനുവദിച്ചുവെന്നും അത് ഏതൊക്കെ ഇനത്തിൽ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

(എ&ബി) 4-10-2020 തീയതിയിലെ അസാധാരണ വിജ്ഞാപനം എസ്.ആർ.ഒ. നമ്പർ 708/2020 പ്രകാരം കേരള കർഷക ക്ഷേമനിധി ബോർഡ് 2020 ഒക്ടോബർ 14-ാം തീയതി നിലവിൽവന്നു. കിസാൻ അഭിമാൻ പദ്ധതി പ്രകാരം നിലവിൽ കർഷക പെൻഷൻ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേനയാണ് കർഷകർക്ക് ലഭ്യമാക്കുന്നത്. നിലവിൽ കർഷക ക്ഷേമനിധി ബോർഡ് കിസാൻ അഭിമാൻ പ്രകാരമുള്ള പെൻഷൻ കൈകാര്യം ചെയ്തുതുടങ്ങിയിട്ടില്ലാത്തതിനാൽ ഇതുസംബന്ധിച്ച തുകകളൊന്നും തന്നെ ബോർഡിന് നൽകിയിട്ടില്ല.

## കാർഷിക ഇൻസെന്റീവ്

82 (1637) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക ക്ഷേമനിധി ബോർഡ് നിലവിൽ വന്നതിനുശേഷം നാളിതുവരെ അതുമായി ബന്ധപ്പെട്ട നിയമത്തിലെ ഒൻപതാം വകുപ്പ് പ്രകാരം കർഷകർക്കുള്ള അവകാശ ലാഭമായ കാർഷിക ഇൻസെന്റീവ് ഇനത്തിൽ എത്ര തുക ബോർഡിന് ലഭിച്ചിട്ടുണ്ട്; അത് ഏത് ഇനത്തിലാണ് ചെലവഴിച്ചത്; വ്യക്തമാക്കുമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കാർഷിക ഇൻസെന്റീവുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) കേരള കർഷക ക്ഷേമനിധി ആക്ട് ഒൻപതാം വകുപ്പുപ്രകാരം കർഷകരുടെ ക്ഷേമത്തിനായി നിധിയിലേയ്ക്കുള്ള തുക സ്വരൂപിക്കുന്നതിനായി കാർഷികോല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കിമാറ്റി വ്യാപാരം നടത്തുന്ന വാർഷികലാഭം ഒരു ലക്ഷം രൂപയിൽ കൂടുതലുള്ള ഓരോ വ്യാപാരിയും തന്റെ വാർഷികലാഭത്തിന്റെ ഒരു ശതമാനം വരുന്ന തുക കർഷകർക്കുള്ള അവകാശലാഭമെന്ന നിലയ്ക്ക് കാർഷിക ഇൻസെന്റീവായി നിധിയിലേയ്ക്ക് നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിവിധ ഇനങ്ങളിൽ ബോർഡിന്റെ വരുമാനം സമാഹരിക്കുന്ന പദ്ധതി ധനകാര്യവകുപ്പിന്റെ പരിശോധനയിലാണ്. കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കിമാറ്റി വിപണിയിലെത്തിക്കുന്ന വ്യാപാരികൾ/സ്ഥാപനങ്ങൾ എന്നിവരുടെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

**കർഷക ക്ഷേമനിധി ബോർഡിന്റെ ഭരണനിർവ്വഹണ ചെലവ്**

83 (1638) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന കർഷക ക്ഷേമനിധി ബോർഡിന് നാളിതുവരെ അംശദായ ഇനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

കേരള സംസ്ഥാന കർഷക ക്ഷേമനിധി ബോർഡിന് നാളിതുവരെ (22-8-2022) അംശദായ ഇനത്തിൽ 56,15,600 (അമ്പത്തിയാറുലക്ഷത്തി പതിനയ്യായിരത്തി അറുന്നൂറ് രൂപ) ലഭിച്ചിട്ടുണ്ട്.

(ബി) ഓരോ സാമ്പത്തികവർഷവും പ്രസ്തുത ക്ഷേമനിധി ബോർഡിന്റെ ഭരണനിർവ്വഹണ ചെലവുകൾക്കായി എത്രതുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

| വർഷം | തുക |
|---|---|
| 2020-21 | 11,30,251 |
| 2021-22 | 1,02,75,501 |

### കർഷക ക്ഷേമനിധി ബോർഡ്

84 (1639) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സംസ്ഥാന കർഷക ക്ഷേമനിധി ബോർഡ് രൂപീകൃതമായത് എന്നാണ്; കർഷക ക്ഷേമനിധി ബോർഡിന്റെ ഭരണനിർവ്വഹണത്തിനായി ബൈലോ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

കേരള കർഷക ക്ഷേമനിധി ആക്ടിലെ (2019-ലെ 26-ാം നമ്പർ ആക്ട്) അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ 2020 ഒക്ടോബറിൽ കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചു. 2020 ഒക്ടോബർ 14-നാണ് ക്ഷേമനിധി ബോർഡ് നിലവിൽ വന്നത്. കേരള കർഷക ക്ഷേമനിധി ആക്ട് 2019 പ്രകാരവും കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ പ്രകാരവുമാണ് ബോർഡ് പ്രവർത്തിച്ചുവരുന്നത്. ബോർഡിന്റെ ബൈലോ സർക്കാരിന്റെ പരിശോധനയിലാണ്.

### കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം

85 (1640) ശ്രീ. സജീവ് ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന കർഷക ക്ഷേമനിധി ബോർഡ് മുഖാന്തരം എന്തൊക്കെ ആനുകൂല്യങ്ങളാണ് കർഷകർക്ക് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ?

പദ്ധതിയിൽ അഞ്ച് വർഷം തുടർച്ചയായി അംശദായം ഒടുക്കുകയും അംശദായ കുടിശ്ശികയില്ലാതെ തുടരുകയും ചെയ്യുന്ന അംഗങ്ങൾക്ക് ബോർഡുമുഖേന താഴെപ്പറയുന്ന സേവനങ്ങൾ/ആനുകൂല്യങ്ങൾ വിഭാവനം ചെയ്യുന്നു.

1. അറുപത് വയസ്സ് പൂർത്തിയാക്കിയതും 5 വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ളതുമായ കർഷകർക്ക് പെൻഷൻ.
2. അഞ്ച് വർഷത്തിൽ കുറയാതെ അംശദായം കുടിശ്ശികയില്ലാതെ

അടച്ചശേഷം മരണമടയുന്ന കർഷകന്റെ കുടുംബത്തിന് കുടുംബപെൻഷൻ.

3. അനാരോഗ്യ ആനുകൂല്യം: പെൻഷൻ തീയതിക്കുമുമ്പ് അനാരോഗ്യം കാരണം കാർഷികവൃത്തിയിൽ തുടരാൻ കഴിയാത്തവർക്കാണ് ഈ ആനുകൂല്യം.

4. അവശത ആനുകൂല്യം: രോഗംമൂലമോ അപകടംമൂലമോ ശാരീരിക അവശതയുള്ളവർക്കാണ് അവശത ആനുകൂല്യം.

5. ചികിത്സാ സഹായം: ബോർഡ് നിശ്ചയിക്കുന്ന ഇൻഷ്വറൻസ് പദ്ധതിപ്രകാരം ചികിത്സാസഹായം ലഭ്യമാക്കുന്നതാണ്.

6. വിവാഹ, പ്രസവാനുകൂല്യം: ക്ഷേമനിധിയിൽ അംഗങ്ങളാകുന്ന വനിതകളുടെയും അംഗങ്ങളുടെ പെൺമക്കൾക്കും വിവാഹത്തിന് സഹായം നൽകും. അംഗങ്ങളാകുന്ന വനിതകൾക്ക് 2 തവണ പ്രസവത്തിന് ധനസഹായം.

7. വിദ്യാഭ്യാസ ധനസഹായം: ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ മക്കൾക്ക് അംഗീകൃത സർവ്വകലാശാലകളിലെ പഠനത്തിന് സഹായം.

8. മരണാനന്തര ആനുകൂല്യം

9. ഒറ്റത്തവണ ആനുകൂല്യം

10. ഇൻഷ്വറൻസ് പരിരക്ഷ

(ബി) എത്ര പേരെയാണ് കർഷക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി ചേർക്കാൻ ഉദ്ദേശിക്കുന്നത്; നിലവിൽ എത്ര കർഷകരാണ് പ്രസ്തുത ബോർഡിൽ അംഗങ്ങളായിട്ടുള്ളത്; അംഗത്വം പരമാവധിയാക്കാൻ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കുമോ?

5 വർഷംകൊണ്ട് സംസ്ഥാനത്തെ അർഹരായ എല്ലാ കർഷകരെയും ബോർഡിന്റെ അംഗത്വപരിധിയിൽ കൊണ്ടുവരുന്നതിനാണ് ലക്ഷ്യമിടുന്നത്. നാളിതുവരെ 13020 കർഷകർ കേരള കർഷക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട്. (22-8-2022 പ്രകാരം).

മികച്ചരീതിയിൽ കർഷക ക്ഷേമനിധി ബോർഡിനെ പ്രവർത്തിപ്പിക്കുന്നതിനായുള്ള നടപടികൾ കൈകൊണ്ടുവരുന്നു. കർഷകരുടെ അംഗത്വം വർദ്ധിപ്പിക്കാൻ കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും

പ്രത്യേകിച്ച് ഇടത്തരം ചെറുകിട കർഷകരിൽ അതുവഴി അവരെ പദ്ധതിയിൽ അംഗങ്ങളാക്കുന്നതിനും വിവിധ മാധ്യമങ്ങൾ മുഖേന പ്രചരണ പരിപാടികൾ നടത്തിവരുന്നു. ഇതിനുപുറമെ കൃഷി, കൃഷി അനുബന്ധ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് കർഷകരോട് നേരിട്ട് പദ്ധതിയെക്കുറിച്ച് വിശദീകരിക്കുന്നതിനും അംഗങ്ങളാക്കുന്നതിനും ജില്ലതോറും പരിപാടികൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതും തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ നടത്തിയിട്ടുള്ളതുമാണ്.

(സി) കർഷകർക്ക് 5000 രൂപ പെൻഷൻ നൽകുക എന്ന നിർദ്ദേശത്തിന്മേൽ എന്തൊക്കെ തടസ്സവാദങ്ങളാണ് ധനവകുപ്പ് ഉന്നയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ആയവ പരിഹരിച്ച് കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സുഗമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

(സി&ഡി) കേരള കർഷക ക്ഷേമനിധി ബോർഡ് മുഖേന കർഷകർക്ക് ലഭ്യമാക്കുവാനുദ്ദേശിക്കുന്ന പെൻഷൻ/ മറ്റാനുകൂല്യങ്ങൾ സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുന്ന "കേരള കർഷക ക്ഷേമനിധി പദ്ധതി" ധനകാര്യവകുപ്പിന്റെ പരിശോധനയിലാണ്.

**കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി**

86 (1641) ശ്രീ. അൻവർ സാദത്ത്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക കടാശ്വാസ കമ്മീഷൻ എത്ര കർഷകർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്; കമ്മീഷൻ ഉത്തരവുകൾ നൽകിയവർക്ക് സർക്കാരിന്റെ വിഹിതം നൽകാൻ ബാക്കിയുണ്ടോ; എങ്കിൽ എത്ര കർഷകർക്കുള്ള വിഹിതമാണ് നൽകാനുള്ളത്; വിശദമാക്കാമോ;

(ബി) സർക്കാരിന്റെ വിഹിതം ബാങ്കുകൾക്ക് നൽകാത്തതിനാൽ കർഷകർ പണയപ്പെടുത്തിയ ആധാരം കർഷകർക്ക് തിരിച്ചുകിട്ടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) കർഷക കടാശ്വാസ കമ്മീഷൻ പ്രഖ്യാപിക്കുന്ന അവാർഡുകളിന്മേൽ സഹകരണ സംഘം രജിസ്ട്രാർ വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ കടാശ്വാസ തുക വിതരണം ചെയ്യുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021-22 സാമ്പത്തികവർഷത്തിൽ 4281 കർഷകർക്ക് 18,90,00,000 രൂപയും 2022-23 സാമ്പത്തികവർഷത്തിൽ ഇതിനോടകം 4353 കർഷകർക്ക് 34,90,03,549 രൂപയും കടാശ്വാസമായി വിതരണം ചെയ്തിട്ടുണ്ട്. 3357 അപേക്ഷകൾ സർക്കാർ പരിശോധിച്ചുവരുന്നു. 12853 അപേക്ഷകളിന്മേൽ വെരിഫിക്കേഷൻ നടപടികൾ പുരോഗമിക്കുകയാണ്.

കർഷകവിഹിതം ബാങ്കിൽ അടച്ചുകഴിഞ്ഞാൽ സർക്കാർവിഹിതം ലഭിക്കുന്നതിന് കാത്തുനിൽക്കാതെ കർഷകരുടെ പണയാധാരം തിരികെ നൽകണമെന്ന് സർക്കാർ ഉത്തരവുപ്രകാരവും സഹകരണസംഘം രജിസ്ട്രാറുടെ സർക്കുലർ പ്രകാരവും സഹകരണ സ്ഥാപനങ്ങൾക്ക് കർശനനിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രകൃതിദുരന്തംമൂലമോ മറ്റു കാരണങ്ങളാലോ ഏതെങ്കിലും പ്രദേശത്തെ കർഷകർക്ക് പ്രശ്നങ്ങളുണ്ടെങ്കിൽ അപേക്ഷകൾ ലഭിക്കുന്നതിന് മുമ്പുതന്നെ കടാശ്വാസ കമ്മീഷന് അടിയന്തര ഇടപെടൽ നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**മങ്കട മണ്ഡലത്തിലെ കൃഷിഭവനുകളുടെ അടിസ്ഥാനസൗകര്യ വികസനം**

87 (1642) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ കൃഷിവകുപ്പ് നടത്തിവരുന്ന പ്രവൃത്തികൾ ഏതെല്ലാം; ഓരോന്നിന്റെയും നിലവിലെ സ്ഥിതി അറിയിക്കുമോ?

മങ്കട മണ്ഡലത്തിൽ കൃഷിവകുപ്പ് 2022-23 വർഷം നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഈ മണ്ഡലത്തിൽ ആകെ എത്ര കൃഷിഭവനുകളാണ് നിലവിലുള്ളത്; സ്വന്തമായി കെട്ടിടമില്ലാത്തവ ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ?

മങ്കട മണ്ഡലത്തിൽ ആകെ 7 കൃഷിഭവനുകളുണ്ട്. എല്ലാ കൃഷിഭവനുകളും പഞ്ചായത്ത് കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കൃഷിഭവനകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി എന്തെല്ലാം പദ്ധതികൾ നിലവിലുണ്ട്; മണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനകൾക്ക് പദ്ധതി പ്രകാരം തുക അനുവദിച്ചിട്ടുണ്ട്?

2022-23 വർഷം കൃഷിവകുപ്പ് നടപ്പിലാക്കുന്ന സ്മാർട്ട് കൃഷിഭവൻ പദ്ധതി പ്രകാരം കൃഷിഭവനകളുടെ അടിസ്ഥാനസൗകര്യവികസനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു. ഈ സാമ്പത്തികവർഷം ഒരു ജില്ലയിൽ 2 കൃഷിഭവനകൾ എന്ന നിരക്കി 28 കൃഷിഭവനകളെ ആദ്യഘട്ടത്തിൽ സ്മാർട്ട് കൃഷിഭവനകളാക്കുന്നതിനായി 1000 ലക്ഷം രൂപ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ 14 കൃഷിഭവനകളെക്കൂടി സ്മാർട്ട് കൃഷിഭവനകളാക്കുന്നതിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(ഡി) മണ്ഡലത്തിലെ ഏതെങ്കിലും കൃഷിഭവനകളെ സ്മാർട്ട് കൃഷിഭവനകളായി ഉയർത്തുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ 140 കൃഷിഭവനകളെ സ്മാർട്ട് കൃഷിഭവനകളായി ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി മങ്കട നിയോജക മണ്ഡലത്തിൽനിന്നും മങ്കട കൃഷിഭവനെ മലപ്പുറം ജില്ലയിൽനിന്ന് ശിപാർശ ചെയ്തിട്ടുണ്ട്.

## സ്മാർട്ട് കൃഷിഭവനകൾ

88 (1643) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി അനുവദിച്ച സ്മാർട്ട് കൃഷിഭവനകളുടെ വിവരങ്ങൾ നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 16-6-2022 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 539/2022/കൃഷി ഉത്തരവുപ്രകാരം സംസ്ഥാനത്തെ 140 കൃഷിഭവനകളെ സ്മാർട്ട് കൃഷിഭവനകളായി മാറ്റുമെന്ന് പ്രഖ്യാപിച്ച് ഉത്തരവായിട്ടുണ്ട്. ആദ്യഘട്ടത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി 14 കൃഷിഭവനകളും സംസ്ഥാന വാർഷിക പദ്ധതിയിലുൾപ്പെടുത്തി 28 കൃഷിഭവനകളും സ്മാർട്ട് കൃഷിഭവനകളാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. RIDF-28 പദ്ധതിയിലുൾപ്പെടുത്തി 14 കൃഷിഭവനകളെ സ്മാർട്ട് കൃഷിഭവനാക്കുന്നതിന്റെ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(ബി) പട്ടാമ്പി മണ്ഡലത്തിൽ തെരഞ്ഞെടുത്ത സ്മാർട്ട് കൃഷിഭവൻ ഏതാണെന്ന് വ്യക്തമാക്കാമോ?

പട്ടാമ്പി മണ്ഡലത്തിൽനിന്നും പട്ടാമ്പി കൃഷിഭവനെയാണ് സ്മാർട്ട് കൃഷിഭവനാക്കുന്നതിനായി ജില്ലയിൽനിന്നും ശിപാർശ ചെയ്തിട്ടുള്ളത്.

**കോട്ടയ്ക്കൽ മണ്ഡലത്തിലെ കൃഷിഭവൻ കെട്ടിടനിർമ്മാണം**

89 (1644) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ കൃഷിഭവൻ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കൃഷിഭവനുകൾ നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കൃഷിഭവനുകളുടെ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിനൽകേണ്ടത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ഇതിനായി കൃഷിവകുപ്പ് പ്രത്യേക ഫണ്ട് ബഡ്ജറ്റിൽ വകയിരുത്താറില്ല. എന്നാൽ സംസ്ഥാനത്തെ 140 കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളായി ആദ്യഘട്ടത്തിൽ ഉയർത്തുന്ന പദ്ധതിയിലുൾപ്പെടുത്തുന്നതിനായി കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ നിന്നും ഇരിമ്പിളിയം കൃഷിഭവനെ ജില്ലയിൽനിന്നും ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) കോട്ടയ്ക്കൽ മണ്ഡലത്തിലെ വളരെ പഴക്കമുള്ളതും ശോചനീയാവസ്ഥയിലുള്ളതുമായ കൃഷിഭവനുകളുടെ കെട്ടിടങ്ങൾ പുതുക്കിപ്പണിയുന്നതിന് ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തിയോ പ്ലാൻ ഫണ്ടിലുൾപ്പെടുത്തിയോ മതിയായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

RIDF Tranche-28 പ്രകാരം സ്മാർട്ട് കൃഷിഭവൻ ആക്കുന്നതിനായി ശിപാർശ ചെയ്ത കൃഷിഭവനുകളുടെ പട്ടികയിൽ ഇരിമ്പിളിയം കൃഷിഭവൻ ഉൾപ്പെട്ടിട്ടുണ്ട്.

**മലമ്പുഴ മണ്ഡലത്തിൽ കൃഷി ഓഫീസർമാരുടെ താല്ക്കാലിക നിയമനം**

90 (1645) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനുകളിലാണ് കൃഷി ഓഫീസർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നതെന്ന് അറിയിക്കാമോ; അതിൽ ഏതെല്ലാം കൃഷിഭവനുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്ക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

മലമ്പുഴ നിയോജകമണ്ഡലത്തിലെ എല്ലാ കൃഷിഭവനുകളിലും (8 കൃഷിഭവനുകൾ) സ്ഥിരം കൃഷി ആഫീസർമാർ സേവനമനുഷ്ഠിച്ചുവരുന്നതിനാൽ താത്കാലിക നിയമനം നടത്തേണ്ട സാഹചര്യമില്ല.

**മുണ്ടേരി ഫാമിലെ തൊഴിലാളി നിയമനങ്ങൾ**

91 (1646) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മുണ്ടേരി കൃഷിഫാമിൽ നിലവിലെത്ര തൊഴിലാളികളാണ് ജോലി ചെയ്യുന്നതെന്ന് അറിയിക്കാമോ; 2015-ലും 2021-ലും പുതുതായി എത്ര തൊഴിലാളിനിയമനങ്ങൾ നടന്നുവെന്ന് തസ്തിക തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

മലപ്പുറം ജില്ലയിലെ മുണ്ടേരി കൃഷിഫാമിൽ നിലവിൽ 286 തൊഴിലാളികൾ ജോലി ചെയ്തുവരുന്നു. (സ്ഥിരം തൊഴിലാളികൾ-സ്ത്രീകൾ 20, പുരുഷന്മാർ-168) (കാഷ്വൽ തൊഴിലാളികൾ- സ്ത്രീകൾ-26, പുരുഷന്മാർ-72)

2015-ൽ 183-ഉം (സ്ത്രീകൾ - 8 പുരുഷന്മാർ - 175), 2021-ൽ 98-ഉം (സ്ത്രീകൾ -26, പുരുഷന്മാർ -72) തൊഴിലാളികൾക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) മുണ്ടേരി ഫാമിൽ നിലവിൽ ഒഴിവുള്ള തസ്തികകളുടെ വിവരവും എണ്ണവും വ്യക്തമാക്കാമോ; ആകെ തൊഴിലാളികളുടെ 2 ശതമാനം നിയമനം ആദിവാസി വിഭാഗങ്ങൾക്ക് നൽകുന്ന തൊഴിൽസംവരണ നിയമങ്ങളനുസരിച്ചുള്ള നിയമനങ്ങൾ നിലമ്പൂർ ഐ.ടി.ഡി.പി. മുഖാന്തരമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

മുണ്ടേരി വിത്തുകൃഷിത്തോട്ടത്തിൽ 70 തൊഴിലാളികളുടെ ( സ്ത്രീകൾ - 8 പുരുഷന്മാർ - 62 ) ഒഴിവുകൾ നിലവിലുണ്ട്.

6-6-2012 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) 1219/2012/കൃഷി പ്രകാരം കൃഷിവകുപ്പിന്റെ കീഴിലുള്ള സ്പെഷ്യൽ ഫാമുകളിലെ കാഷ്വൽ തൊഴിലാളി നിയമനത്തിൽ ടി ഫാമുകളുടെ സമീപപ്രദേശത്തുള്ള ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് 10% സംവരണം ചെയ്തുത്തരവായിട്ടുണ്ട്. ആയതുപ്രകാരം 10% ആദിവാസി വിഭാഗക്കാരെ നിയമനത്തിനായി പരിഗണിച്ചിട്ടുണ്ട്.

നിയമനങ്ങൾ നിലമ്പൂർ ഐ.ടി.ഡി.പി. മുഖാന്തരമാക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) മുണ്ടേരി ഫാമിൽ നിലവിലുള്ള കാഷ്വൽ തൊഴിലാളികളല്ലാത്ത ജീവനക്കാരുടെ തസ്തിക വിശദാംശം എന്നിവ ലഭ്യമാക്കുമോ?

ഫാമിൽ കാഷ്വൽ തൊഴിലാളികളല്ലാത്ത 188 തൊഴിലാളികൾ (സ്ത്രീകൾ-20, പുരുഷന്മാർ-168) സേവനമനുഷ്ഠിക്കുന്നുണ്ട്.

## കൃഷിവകുപ്പിലെ ഒഴിവുകൾ

92 (1647) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി അസിസ്റ്റന്റ്, അസിസ്റ്റന്റ് കൃഷി ഓഫീസർ, കൃഷി ഓഫീസർ എന്നീ തസ്തികളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ലതിരിച്ച് അറിയിക്കാമോ?

കൃഷി അസിസ്റ്റന്റ്/അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തികകളിലായി 92 ഒഴിവുകളും കൃഷി ഓഫീസർ തസ്തികയിൽ 150 ഒഴിവുകളും നിലവിലുണ്ട്. ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; വിശദാംശം നൽകാമോ?

കൃഷി ഓഫീസർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൃഷി അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്ന ഒഴിവുകളിൽ 47 ഒഴിവുകളിൽ അഡ്വൈസ് ലഭിക്കാനുണ്ട്. കൂടാതെ കഴിഞ്ഞ റാങ്ക് പട്ടികയിൽ ഭിന്നശേഷി വിഭാഗത്തിൽ ഉദ്യോഗാർത്ഥികളില്ലാ തിരുന്നതിനാൽ പി.എസ്.സി.-യിൽനിന്നും NAC-യായി റിപ്പോർട്ട് ചെയ്തിരുന്ന 17 ഒഴിവുകളും ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ബൈ ട്രാൻസ്ഫർ മുഖേന കൃഷി അസിസ്റ്റന്റ് തസ്തികയിൽ 5% സംവരണം പ്രകാരം നികത്താനായി 16 ഒഴിവുകളും വകുപ്പിൽ മാറ്റിവച്ചിരിക്കുകയാണ്. നിലവിൽ NJD-യായി ജില്ലകളിൽനിന്നും റിപ്പോർട്ടുചെയ്ത 5 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മേൽപ്രകാരം ഒഴിവുകൾ കൂടാതെ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ 7 പേർ കൃഷി അസിസ്റ്റന്റ്/അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തികയിൽ അംഗീകൃത തസ്തികകളെക്കാൾ അധികമായി ജോലിചെയ്തുവരുന്നതിനാൽ ഫലത്തിൽ 7 ഒഴിവുകൾ കൂടി കാണുന്നു.

## അരൂർ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

93 (1648) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2022-23 വർഷത്തിൽ 100 ഹെക്ടർ തുടർച്ചയായ തെങ്ങുകൃഷി പ്രദേശമാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുവാൻ തെരഞ്ഞെടുക്കുന്നത്. ഇത്തരത്തിൽ 100 കേരഗ്രാമങ്ങൾ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. 2021-22 വർഷത്തിൽ പാണാവള്ളി പഞ്ചായത്തിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിരുന്നു. 2022-23 വർഷം കേരഗ്രാമം പദ്ധതി അരൂക്കുറ്റി, ചേന്നംപള്ളിപുറം എന്നീ പഞ്ചായത്തുകളിൽ നടപ്പിലാക്കുവാൻ ജില്ലയിൽനിന്നും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ മാനദണ്ഡങ്ങൾ പാലിക്കുന്ന മറ്റു പഞ്ചായത്തുകളെയും പദ്ധതിയിൽ ഘട്ടംഘട്ടമായി ഉൾപ്പെടുത്തുന്നകാര്യം പരിശോധിക്കുന്നതാണ്.

**കാർഷിക വികസനസമിതി യോഗങ്ങൾ**

94 (1649) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന കാർഷിക വികസനസമിതി എത്രതവണ യോഗം ചേർന്നുവെന്നും ആയതിന്റെ തീയതിയും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന കാർഷിക വികസനസമിതി യോഗം ചേർന്നിട്ടില്ല. കൂടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) എല്ലാ ജില്ലകളിലും ജില്ലാ കാർഷിക വികസനസമിതി രൂപീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ 2021 മേയ് മാസത്തിനുശേഷം നാളിതുവരെ ഓരോ ജില്ലയിലും എത്രയോഗങ്ങൾ വീതം ചേർന്നുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 14 ജില്ലകളിലും ജില്ലാ കാർഷിക വികസനസമിതി രൂപീകരിച്ചിട്ടുണ്ട്. 2021 മേയ് മാസത്തിനുശേഷം ചേർന്ന യോഗങ്ങളുടെ ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | യോഗങ്ങളുടെ എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 2 |
| കൊല്ലം | 1 |

| (1) | (2) |
|---|---|
| പത്തനംതിട്ട | 3 |
| ഇടുക്കി | 3 |
| ആലപ്പുഴ | 3 |
| കോട്ടയം | 2 |
| എറണാകുളം | 3 |
| തൃശ്ശൂർ | 2 |
| പാലക്കാട് | 4 |
| മലപ്പുറം | 2 |
| കോഴിക്കോട് | 3 |
| വയനാട് | 5 |
| കണ്ണൂർ | 2 |
| കാസർഗോഡ് | 4 |

(സി) എല്ലാ പഞ്ചായത്തുകളിലും കാർഷിക വികസനസമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ പഞ്ചായത്തിലും പ്രസ്തുത സമിതി യോഗങ്ങൾ ചേരാറുണ്ടോ; വിശദമാക്കാമോ?

ഉണ്ട്, എല്ലാ പഞ്ചായത്തുകളിലും കാർഷിക വികസന സമിതികൾ യോഗം ചേരുന്നതായി ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ അറിയിച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കണ്ണൂർ ജില്ലാ കാർഷിക വികസനസമിതി എത്രയോഗങ്ങൾ ചേർന്നുവെന്നും എന്തെല്ലാം തീരുമാനങ്ങളെടുത്തുവെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കണ്ണൂർ ജില്ലാ കാർഷിക വികസനസമിതി 7-10-2021, 12-8-2022 തീയതികളിൽ 2 യോഗങ്ങൾ ചേർന്നിട്ടുണ്ട്.

7-10-2021-ൽ കണ്ണൂർ ജില്ലാതല കാർഷിക സമിതിയിലെടുത്ത തീരുമാനങ്ങൾ

1) കണ്ണൂർ ജില്ലയുടെ വിവിധപ്രദേശങ്ങളിൽ വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലേയ്ക്ക് ഇറങ്ങിവരുന്നതുമൂലം നിരവധിപേർക്ക് ജീവൻ നഷ്ടപ്പെടുകയും വ്യാപകമായി കൃഷിനാശവും ഉണ്ടാകുന്നുമുണ്ട്. വന്യമൃഗങ്ങളെ അവരുടെ ആവാസവ്യവസ്ഥയിൽത്തന്നെ സംരക്ഷിച്ചുനിർത്തുന്നതിനുള്ള അടിയന്തരനടപടികൾ സ്വീകരിക്കണം. വനത്തിനുള്ളിൽ ജലസ്രോതസ്സുകളുടേയോ മറ്റ് ഭക്ഷ്യവസ്തുക്കളുടെയോ കുറവുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

2) കർഷകന് തന്റെ സ്വന്തം കൃഷിയിടങ്ങളിൽ മുള്ളുവേലി ഉപയോഗിച്ച് ഫെൻസിംഗ് നിർമ്മിക്കുന്നതിന് കർഷകർക്ക് ചെലവിന്റെ 50% സബ്സിഡി അനുവദിക്കുക. ഇരുമ്പ് കമ്പി കൊണ്ടുള്ള ഫെൻസിംഗ് ആണെങ്കിൽ വന്യമൃഗങ്ങളിൽനിന്നും വിളകളെ സംരക്ഷിക്കാൻ സാധിക്കും. ഭൂരിപക്ഷം കർഷകർക്കും ഇതിന്റെ ഗുണം ലഭിക്കും.

3) ജില്ലാതല കാർഷിക വികസനസമിതിയുടെ യോഗത്തിനുവരുന്ന അംഗങ്ങൾ കൂടുതൽ പേരും 30-ഉം 40-ഉം കിലോമീറ്റർ യാത്രചെയ്താണ് യോഗത്തിനെത്തുന്നത്. വിദൂരസ്ഥലങ്ങളിൽനിന്നും മീറ്റിംഗ് കഴിഞ്ഞ് പോകുമ്പോഴേയ്ക്കും 1 ദിവസം പൂർത്തിയാകും. ആയതിനാൽ അംഗങ്ങളുടെ സിറ്റിംഗ് ഫീസ് 100 രൂപയിൽനിന്ന് 500 രൂപയായി ഉയർത്തണം.

12-8-2022-ൽ കണ്ണൂർ ജില്ലാതല കാർഷിക സമിതിയിലെടുത്ത നിർദ്ദേശങ്ങൾ

1. വന്യജീവി ശല്യം പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടികൾ വേണം.

2. പ്രകൃതിക്ഷോഭം, ക്രോപ്പ് ഇൻഷ്വറൻസ്, എന്നിവയുടെ കുടിശ്ശിക തുക വിതരണം ചെയ്യണം.

3. നാഷണൽ ഹൈവേ വീതി കൂട്ടുന്നതുമൂലം നെൽകൃഷിഭൂമി വ്യാപകമായി നഷ്ടപ്പെടുന്നു. ഇതിന് പരിഹാരം വേണം.

4. കൃഷിഭവനുകളിൽ കൃഷി ഓഫീസർമാർ, കൃഷി അസിസ്റ്റന്റുമാർ എന്നിവരുടെ ഒഴിവുകളുണ്ട്. ഇതിന് അടിയന്തരമായി പരിഹാരം വേണം.

5. മണ്ണ് സാമ്പിൾ ടെസ്റ്റിംഗ് ഊർജ്ജിതപ്പെടുത്തണം.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള പഞ്ചായത്തുകളിൽ കാർഷിക വികസനസമിതി എത്രതവണ യോഗങ്ങൾ ചേർന്നുവെന്നും പുതിയ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ടോയെന്നും ആയത് നടപ്പിലായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള പഞ്ചായത്തുകളിലെ കാർഷിക വികസനസമിതി യോഗങ്ങളും നിർദ്ദേശങ്ങളും സംബന്ധിച്ചവിവരം അനുബന്ധമായി ചേർക്കുന്നു.*

**കുണ്ടറ മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവൻ പദ്ധതി**

95 (1650) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് സ്മാർട്ട് കൃഷിഭവൻ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവനുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്താമോ?

(എ&ബി) സ്മാർട്ട് കൃഷിഭവൻ പദ്ധതി പ്രകാരം കുണ്ടറ നിയോജക മണ്ഡലത്തിൽനിന്നും പേരയം കൃഷിഭവനെയാണ് സ്മാർട്ട് കൃഷി ഭവനാക്കുന്നതിനായി ജില്ലയിൽനിന്നും ശിപാർശ ചെയ്തിട്ടുള്ളത്.

**മങ്കട മണ്ഡലത്തിലെ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം**

96 (1651) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിലും ഈ സർക്കാർ അധികാരത്തിൽ വന്നശേഷവും മങ്കട മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ചതിനുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്ര അപേക്ഷകളിന്മേൽ എത്ര തുകയ്ക്കുള്ള നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ടെന്നുമുള്ള വിശദാംശം കൃഷിഭവൻ തിരിച്ച് ലഭ്യമാക്കുമോ?

മങ്കട നിയമസഭാമണ്ഡലത്തിൽ 2669 കർഷകർക്ക് 4,14,61,220 രൂപ (നാല് കോടി പതിനാല് ലക്ഷത്തി അറുപത്തിയൊന്നായിരത്തി ഇരുന്നൂറ്റി ഇരുപത് രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്. കൃഷിഭവൻ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം-I ആയി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നഷ്ടപരിഹാരം ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷകളിൽ ഇനിയും നഷ്ടപരിഹാരം വിതരണം ചെയ്യാത്ത എത്ര അപേക്ഷകളുണ്ടെന്നും എന്തുകൊണ്ടാണ് യഥാസമയം നഷ്ടപരിഹാരം വിതരണം ചെയ്യാൻ കഴിയാത്തതെന്നും നഷ്ടപരിഹാരവിതരണത്തിനായി ഇനി എത്ര തുക വേണ്ടി വരുമെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

മാന്വലായി ലഭിച്ച അപേക്ഷകളിൽ മുഴവൻതുകയും വിതരണം ചെയ്തിട്ടുണ്ട്. എയിംസ് പോർട്ടൽവഴി ലഭിച്ച ഇനിയും തുക വിതരണം ചെയ്യാനുള്ള 40 കർഷകർക്ക് 4,68,225 രൂപ നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൃഷിഭവൻ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു*.

(സി) മങ്കട മണ്ഡലത്തിൽ കൃഷിനാശം നേരിട്ട മുഴവൻ കർഷകർക്കും അടിയന്തരമായി മുഴവൻ നഷ്ടപരിഹാരത്തുകയും വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കൃഷിനാശം നേരിട്ട മുഴവൻ കർഷകർക്കും മുഴവൻ നഷ്ടപരിഹാരത്തുകയും വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## നേര്യമംഗലം ജില്ലാ കൃഷിത്തോട്ട വികസനം

97 (1652) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

2016 മുതൽ നാളിതുവരെ കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം (സംയോജിത കൃഷി സംവിധാനം)-ന്റെ ഭാഗമായി ലംബമായുള്ള കൃഷിരീതി (വെർട്ടിക്കൽ ഫാമിംഗ് സിസ്റ്റം), കോഴി വളർത്തൽ, നൂതന ആട് വളർത്തൽ ഷെഡ്, താറാവ് ഷെഡും കുളവും സംയോജിതകൃഷി സംവിധാനം നടപ്പാക്കിവരുന്ന ഭാഗത്ത് തറയോട് ഇട്ട് വൃത്തിയാക്കൽ, സൗരോർജ്ജ വിളക്കുകൾ, സ്റ്റീൽകൊണ്ട് തയ്യാറാക്കിയ മുയൽക്കൂട്ടുകൾ, മുയൽക്കൂട്ടുകൾക്ക് സംരക്ഷണം നൽകുന്ന ഷെഡ് നിർമ്മാണം തുടങ്ങിയവ നിർമ്മിക്കുകയുണ്ടായി.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആർ.കെ.വി.വൈ. പദ്ധതിപ്രകാരം അടിസ്ഥാനസൗകര്യ വികസനപ്രവർത്തനങ്ങളും "ഗുണമേന്മയുള്ള നടീൽവസ്തുക്കളുടെ ഉല്പാദനവും വിതരണവും" എന്ന 2020-21 വർഷ സംസ്ഥാനപദ്ധതിയുടെ ഭാഗമായി 'ഫാമുകളുടെ അടിസ്ഥാന സൗകര്യവികസനം' എന്ന ഘടകത്തിനുകീഴിൽ ഫാം ഓഫീസ് കെട്ടിട നവീകരണവും ശുചിമുറി നിർമ്മാണവും വിവിധ ബ്ലോക്കുകളിൽ തൊഴിലാളികൾക്ക് ശുചിമുറി നിർമ്മാണം, പഴയ ഷെഡ്ഡിനെ ട്രെയിനിംഗ് ഹാളാക്കി മാറ്റൽ തുടങ്ങിയ പ്രവൃത്തികളും നടപ്പാക്കിയിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ കാലയളവിൽ എത്ര തുകയുടെ പദ്ധതികളാണ് പ്രസ്തുത കൃഷിഫാമിൽ നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ?

ടി പദ്ധതികൾക്ക് ചെലവായ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത കൃഷിത്തോട്ടത്തിന്റെ വികസനത്തിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിന്റെ സമഗ്രവികസനത്തിനായി സംയോജിത കൃഷിരീതി എന്ന പദ്ധതിയിൽ പത്ത് കോടി രൂപ ആർ.കെ.ഐ. പ്രകാരം അനുവദിച്ചിരിക്കുന്നു. ഈ പദ്ധതിയിൽ കെ.എൽ.ഡി.സി. ഏറ്റെടുത്ത് നടത്തിവരുന്ന നിർമ്മാണപ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. കർഷകർക്കുള്ള പരിശീലനവും അതിഥി മന്ദിരവും

2.ചെറുകിട സംസ്കരണ യൂണിറ്റ് (ഫാം ഉല്പന്നങ്ങളുടെ)

3. തടയണ നിർമ്മാണം

4.നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സംരക്ഷിത കൃഷിനിർമ്മിതികൾ

5. സംയോജിത കൃഷിരീതി - കുളങ്ങളും കൂടുകളും ഉൾപ്പെടെ

6. ടോപ്പോഗ്രാഫിക് സർവ്വേയും സർവ്വെയലൻസും.

<u>ആർ.കെ.വി.വൈ. പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്നവ</u>

1. സംയോജിത കൃഷി (മീൻ വളർത്തലും - കോഴി - താറാവ് വളർത്തൽ യൂണിറ്റ്)

2. കൃത്രിമ മീൻകുളം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. വിള പ്രദർശനശാല

4. സംരക്ഷിത കൃഷി നിർമ്മിതികളും വിൽപ്പന-പ്രദർശന ശാലയും

5. ക്ലൺ കൃഷി യൂണിറ്റ്

6. തൊഴിലാളികൾക്ക് പരിശീലനം

7. കൃത്യത കൃഷിരീതി സ്ഥാപിക്കലും ജലസേചന സൗകര്യം മെച്ചപ്പെടുത്തലും

8. അതിസാന്ദ്രതാ ഫലവൃക്ഷ കൃഷി

9. ഫർണിച്ചർ, ഓഫീസ് ഉപകരണങ്ങൾ

10. ഫാമിന്റെ സമഗ്ര വിവരശേഖരണം.

(ഡി) പ്രസ്തുത കൃഷി ഫാമിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ പുതിയ പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കും.

നബാർഡ് ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXVI-ൽ ഉൾപ്പെടുത്തി ടിഷ്യൂകൾച്ചർ ലബോറട്ടറി നിർമ്മാണം, ആന്വൽ പ്ലാൻ 2022-23-ൽ ഡിപ്പാർട്ട്മെന്റൽ ഫാമുകളുടെ അടിസ്ഥാനസൗകര്യ വികസനം എന്നിവയാണ് നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ പുതുതായി നടപ്പിലാക്കുന്നതിനുദ്ദേശിക്കുന്ന പദ്ധതികൾ.

## മണലൂർ മണ്ഡലത്തിലെ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി

98 (1653) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തിൽ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുകയും പ്രസ്തുത കാലയളവിൽ കൃഷിനാശം സംഭവിക്കുകയും ചെയ്ത മണലൂർ മണ്ഡലത്തിലെ ഭൂരിഭാഗം കർഷകർക്കും ഇതുവരെ നഷ്ടപരിഹാരം ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

(എ&ബി) 2020-2021 വർഷത്തിൽ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുകയും പ്രസ്തുത കാലയളവിൽ കാലാവസ്ഥാ വ്യതിയാനംമൂലം കൃഷിയിൽ നഷ്ടം സംഭവിച്ച കർഷകർക്കായി 1882696.71 രൂപ അവരുടെ അക്കൗണ്ടിലേയ്ക്ക് നൽകിയത് തെറ്റായ അക്കൗണ്ട് വിവരങ്ങൾ നൽകിയതുകാരണം തിരികെ വരികയും ആയത് വീണ്ടും കേന്ദ്രസർക്കാർ മാനദണ്ഡപ്രകാരം കർഷകരുടെ ആധാർ ലിങ്ക് ചെയ്ത അക്കൗണ്ടിലേയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) മണലൂർ മണ്ഡലത്തിൽ 2020-21-ലെ മുണ്ടകൻ സീസണിൽ കൃഷിയിറക്കിയ പാടശേഖരങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

മറ്റം പന്നിശ്ശേരി ഗ്രൂപ്പ് ഫാമിംഗ് പാടശേഖര സമിതി, കണ്ടാണശ്ശേരി പാടശേഖര സംഘം, ആര്യംപാടം ഗ്രൂപ്പ് ഫാമിംഗ് പാടശേഖര സമിതി, ആളൂർ ചിറക്കാവ് പാടശേഖര സമിതി, ആളൂർ ഗ്രൂപ്പ് ഫാമിംഗ് സൊസൈറ്റി, ചുണ്ടൽ പാടശേഖരം, പാറന്നൂർ പാടശേഖരം, പെലക്കാട്ട് പയ്യൂർ പാടശേഖരം, പെരുമണ്ണ് പാടശേഖരം, തലക്കോട്ടുകര പാടശേഖരം, പറപ്പൂക്കായൽ പാടശേഖരം, എരനെല്ലൂർ പാടശേഖരം, കരിമ്പനഞ്ഞാൽ പാടശേഖരം, തലക്കോട്ട്കര നോർത്ത് പാടശേഖരം, മണലൂർത്താഴം, ചാത്തൻകുളങ്ങര, താനാപാടം, അന്തിക്കാട് പാടശേഖരം, മാരുതിത്താഴം, മനക്കൊടി വെള്ളത്തൂർ ഉൾപ്പാടം, കരോട്ടെകോൾപ്പടവ്, ചേറ്റുപുഴ ഈസ്റ്റ്കോൾപ്പടവ്, മനക്കൊടി വാരിയം കോൾപ്പടവ്, ചാലാടി പഴംകോൾപ്പടവ്, അഞ്ചുമുറികോൾപ്പടവ്, കോടയാട്ടി വഴിക്കോരന് കോൾപ്പടവ്, ചേറ്റുപുഴ വെസ്റ്റ് കോൾപ്പടവ്, കൃഷ്ണൻകോട്ട കോൾപ്പടവ്, തേമാലിപ്പുറം കരയോരം ഗ്രൂപ്പ് ഫാമിംഗ് സൊസൈറ്റി, തൊട്ടുപുര കോൾപ്പടവ്, ആലപ്പാട് പുള്ള് കോൾപ്പടവ്, കോടന്നൂർ കോൾപ്പടവ്, രജമുട്ട് കോൾപ്പടവ്, എറവ് കൈപ്പിള്ളി അകംപാടം, ആറുമുറി കോൾപ്പടവ്, വിളക്കുമാടം കർഷക സമിതി കോക്കൂർ, കണിയാംതുരുത്, കുറ്റിക്കാട്, കാക്കത്തുരുത്തി, ചെമ്മങ്ങാട്, ബ്രാലായ്, കുണ്ടുപാടം, പറപ്പാടം കിഴക്കേത്തല പാടശേഖരം, മതുകരവടക്ക് പാടശേഖരം, അന്നകര ചിറക്കൽതാഴം, മണൽപുഴ കണ്ണോത്ത്, മുളഞ്ചേരിതാഴം, പറപ്പാടം വടക്ക്, പറപ്പാടം കോൾ കർഷകസംഘം, മതുകര തെക്ക്, അന്നകര വടക്ക്, എഷ്യാഡ് പാവുടായ് പുഞ്ച്, പേനകം കിഴക്ക്, പെരുവല്ലൂർ താഴം പെരുവല്ലൂർ കോൾ, തിരുനെല്ലൂർ എലവത്തൂർ കിഴക്ക്, ചോരാത അക്കര, ഏലമുത, വെണ്ണമുത, വടക്കേകൊഞ്ചിറ, തെക്കേ കൊഞ്ചിറ, പടിഞ്ഞാറെ കരിമ്പാടം, കിഴക്കേ കരിമ്പാടം, തണ്ണീർക്കായൽ എന്നിവയാണ് മണലൂർ മണ്ഡലത്തിൽ 2020-2021-ലെ മുണ്ടകൻ സീസണിൽ കൃഷിയിറക്കിയ പാടശേഖരങ്ങൾ.

(ഡി) പ്രസ്തുത സീസണിൽ രണ്ടാംവിളയായ പുഞ്ചകൃഷി ഇറക്കിയ പാടശേഖരങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

മാരുതി ചാത്തംകുളങ്ങര, ആളൂർ ഗ്രൂപ്പ് ഫാമിംഗ് സൊസൈറ്റി, പറപ്പൂക്കായൽ പാടശേഖരം, അന്നകര വടക്ക് പറപ്പാടം, കിഴക്ക് പറപ്പാടം കോൾ കർഷകസംഘം, എലവത്തൂർ കിഴക്ക് പേനകം കിഴക്ക് എന്നീ പാടശേഖരങ്ങൾ രണ്ടാംവിളയായ പുഞ്ചക്കൃഷി ഇറക്കിയിട്ടുണ്ട്.

(ഇ) മണലൂർ മണ്ഡലത്തിൽ 2020-21 വർഷത്തിൽ ഒന്നാം വിളയും രണ്ടാം വിളയും ഇറക്കിയ ഏതെല്ലാം പാടശേഖരങ്ങളിൽ കൃഷിനാശം സംഭവിച്ചു; വിശദാംശം നൽകാമോ?

ഒന്നാം വിളയിറക്കിയ ഏലമുതപ്പടവിലും പുളിപ്പാണ്ടിപ്പടവിലും കൃഷിനാശം സംഭവിച്ചിട്ടുണ്ട്.

(എഫ്) പ്രസ്തുത പാടശേഖരങ്ങളിൽ ഏതെല്ലാം പാടശേഖരങ്ങൾക്ക് കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ?

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി (RWBCIS) വ്യക്തിഗത ഇൻഷ്വറൻസ് പദ്ധതിയാണ്. കർഷകർ സമിതി മുഖേന ഗ്രൂപ്പായി പദ്ധതിയിൽ അംഗങ്ങൾ ആകാത്തതിനാൽ പാടശേഖരത്തിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് ലഭ്യമല്ല. എന്നാൽ പദ്ധതി നടത്തിപ്പ് ഏജൻസിയായ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനിയുടെ റിപ്പോർട്ട് പ്രകാരം മണലൂർ മണ്ഡലത്തിലെ പഞ്ചായത്തുകളിൽ നെൽക്കൃഷിക്കായി ഇൻഷ്വർ ചെയ്ത കർഷകരുടെ വിവരങ്ങളും നഷ്ടപരിഹാരം നൽകിയ തുക, കർഷകരുടെ എണ്ണം എന്നിവ അനുബന്ധമായി ചേർക്കുന്നു*.

**പൂഞ്ഞാർ മണ്ഡലത്തിലെ കൃഷി വികസനപ്രവർത്തനങ്ങൾ**

99 (1654) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി പൂഞ്ഞാർ മണ്ഡലത്തിൽ കൃഷിവകുപ്പ് നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം തദ്ദേശസ്ഥാപനങ്ങളും കൃഷിഭവനുകളും തിരിച്ച് അറിയിക്കാമോ?

വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത മണ്ഡലത്തിൽ വകുപ്പുമുഖേന ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്നും ഏതൊക്കെ പദ്ധതികൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്നും സംബന്ധിച്ച വിവരം തദ്ദേശസ്ഥാപനങ്ങളും കൃഷിഭവനുകളും തിരിച്ച് അറിയിക്കാമോ?

വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ഡലത്തിലെ ആദിവാസി മേഖലകളിലും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുമായി വകുപ്പുമുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശവും വിവിധ പദ്ധതികളിലായി എത്ര തുക ചെലവഴിച്ചുവെന്ന വിവരവും തദ്ദേശസ്ഥാപനങ്ങളും കൃഷിഭവനുകളും തിരിച്ച് അറിയിക്കാമോ?

വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു*.

## തണ്ടംകല്ല് ആദിവാസി കോളനിയിലെ കുടുംബങ്ങൾക്ക് സ്ഥലം അനുവദിക്കുന്നതിന് നടപടി

100 (1655) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ മലയോരമേഖലയിൽ 2019-ലെ പ്രളയത്തെത്തുടർന്ന് ഭൂമിയും വീടും നഷ്ടപ്പെട്ട മുണ്ടേരി സീഡ് ഫാം ക്വാർട്ടേഴ്സിൽ താമസിക്കുന്ന പോത്തുകല്ല് തണ്ടംകല്ല് ആദിവാസി കോളനിയിലെ കുടുംബങ്ങൾക്ക് സീഡ് ഫാമിന്റെ കൈവശമുള്ള ഭൂമി നൽകുന്നതിന് തീരുമാനമെടുക്കുകയോ നിർദ്ദേശം സമർപ്പിക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) മുണ്ടേരി സീഡ് ഫാമിന്റെ ഏത് ബ്ലോക്കിലാണ് പോത്തുകല്ല് തണ്ടംകല്ല് ആദിവാസി കോളനിയിലെ കുടുംബങ്ങൾക്ക് സ്ഥലം അനുവദിക്കുന്നതിന് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ; എത്ര ഹെക്ടർ ഭൂമി നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

(എ&ബി) 2019-ലെ പ്രളയത്തെത്തുടർന്ന് ഭൂമിയും വീടും നഷ്ടപ്പെട്ട പോത്തുകല്ല് തണ്ടംകല്ല് ആദിവാസി കോളനിയിലെ കുടുംബങ്ങൾക്ക്, മുണ്ടേരി സീഡ് ഫാമിലെ ജീവനക്കാർക്കായി നിർമ്മിച്ചതും നിലവിൽ വാസയോഗ്യമല്ലാത്തതുമായ ക്വാർട്ടേഴ്സ് താല്ക്കാലികമായി താമസിക്കുന്നതിന് മാത്രമാണ് വിട്ടുനൽകിയിരിക്കുന്നത്. കൃഷി വകുപ്പിന്റെ അധീനതയിൽ സീഡ് ഫാമിന്റെ കൈവശമുള്ള ഭൂമി തണ്ടംകല്ല് ആദിവാസി കോളനിയിലെ കുടുംബങ്ങൾക്ക് വിട്ടുനൽകുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) 2019-ലെ പ്രളയത്തെ തുടർന്ന് താമസയോഗ്യമല്ലാതായ തണ്ടംകല്ല് ആദിവാസി കോളനിനിവാസികളുടെ നിലവിലെ ഭൂമി മുണ്ടേരി സീഡ് ഫാമിന്റെ ഉടമസ്ഥതയിലേയ്ക്ക് മാറ്റുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

നടപടി സ്വീകരിച്ചിട്ടില്ല.

**പാറശ്ശാല മണ്ഡലത്തിലെ കൃഷിവകുപ്പ് മുഖേനയുള്ള പദ്ധതികൾ**

101 (1656) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും പാറശ്ശാല മണ്ഡലത്തിൽ ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം (എസ്.എഫ്.എ.സി.) വഴി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

ഉണ്ട്. ആർ.കെ.വി.വൈ പ്രകാരം പാറശ്ശാല മണ്ഡലത്തിൽ ചെറുകിട കാർഷിക വ്യാപാര കൺസോർഷ്യം (എസ്.എഫ്.എ.സി.)യുടെ നേതൃത്വത്തിൽ താഴെപ്പറയുന്ന രണ്ട് കർഷക ഉല്പാദക സംഘടനകൾ (എഫ്.പി.ഒ) രൂപീകരിച്ചിട്ടുണ്ട്.

1) പാറശ്ശാല ബനാന എക്സ്പോർട്ട് ഫാർമർ പ്രൊഡ്യൂസർ കമ്പനി

2) ദീനദയാൽ ഫാർമർ പ്രൊഡ്യൂസർ കമ്പനി

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാറശ്ശാല മണ്ഡലത്തിലെ ഏതൊക്കെ പദ്ധതികൾക്കാണ് കൃഷിവകുപ്പ് മുഖേന ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; പദ്ധതിയുടെ പേര്, തുക, എത്രപേർക്ക് അത് പ്രയോജനം ചെയ്തു എന്നീവിവരങ്ങൾ കൃഷിഭവൻ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാറശ്ശാല മണ്ഡലത്തിൽ കൃഷിവകുപ്പ് മുഖേന അനുവദിച്ച ഫണ്ടിന്റെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പൂഞ്ഞാർ മണ്ഡലത്തിലെ വിള ഇൻഷ്വറൻസ് പദ്ധതി

102 (1657) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വിള ഇൻഷ്വറൻസ് പദ്ധതിയിലുൾപ്പെടുത്തി നഷ്ടപരിഹാരത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരത്തിനായി നാളിതുവരെ 49 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) അത്തരത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം കൃഷിഭവനുകൾ തിരിച്ച് ലഭ്യമാക്കുമോ?

കൃഷിഭവനുകൾ തിരിച്ചുള്ള കണക്ക് അനുബന്ധം - I ആയി ചേർക്കുന്നു*.

(സി) അതിൽ എത്ര അപേക്ഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കിയെന്നും അതിനായി എത്ര തുക ചെലവഴിച്ചെന്നും കൃഷിഭവൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

അപേക്ഷകരുടെ എണ്ണവും നഷ്ടപരിഹാരം ലഭ്യമാക്കിയതും ചെലവഴിച്ച തുകയും കൃഷിഭവൻ തിരിച്ച് അനുബന്ധം - II ആയി ചേർക്കുന്നു*.

(ഡി) നഷ്ടപരിഹാരത്തിന് അപേക്ഷിച്ചിട്ടുള്ള എത്ര കർഷകർക്ക് വിള ഇൻഷ്വറൻസ് പ്രകാരമുള്ള നഷ്ടപരിഹാരം ലഭ്യമാക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

12 കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 76700 രൂപ നഷ്ടപരിഹാരം നൽകാനുണ്ട്.

(ഇ) അർഹരായ മുഴുവൻപേർക്കും വിള ഇൻഷ്വറൻസ് പ്രകാരമുള്ള നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

അർഹരായ മുഴുവൻ കർഷകർക്കും വിള ഇൻഷ്വറൻസ് പ്രകാരമുള്ള നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അരുവിക്കര മണ്ഡലത്തിലെ കൃഷിഭവനുകളുടെ വികസനം

103 (1658) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്തതും മതിയായ അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാത്തതുമായ കൃഷിഭവനുകൾ ഏതെല്ലാമാണ്; വിശദാംശം നൽകാമോ?

അരുവിക്കര മണ്ഡലത്തിലെ കൃഷിഭവനുകൾ എല്ലാംതന്നെ സ്വന്തം കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ വിതുര, തൊളിക്കോട്, കുറ്റിച്ചൽ, ആര്യനാട്, പൂവച്ചൽ, വെള്ളനാട് എന്നീ കൃഷിഭവനുകളിൽ പരിമിതമായ അടിസ്ഥാനസൗകര്യങ്ങളാണുള്ളത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർ.ഐ.ഡി.എഫ്., ആർ.കെ.വി.വൈ. എന്നീ പദ്ധതികളിലുൾപ്പെടുത്തി മണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനുകളുടെ വികസനത്തിനാണ് ഫണ്ട് ലഭ്യമാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ?

അരുവിക്കര മണ്ഡലത്തിലെ കൃഷിഭവനുകളുടെ വികസനത്തിന് ആർ.ഐ.ഡി.എഫ്, ആർ.കെ.വി.വൈ എന്നീ പദ്ധതികളിലുൾപ്പെടുത്തി നിലവിൽ ഫണ്ട് അനുവദിച്ചിട്ടില്ല.

## പെരുമ്പാവൂർ മണ്ഡലത്തിലെ നബാർഡ് പദ്ധതികൾ

104 (1659) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെരുമ്പാവൂർ മണ്ഡലത്തിൽ നബാർഡിന്റെ സഹായത്തോടെ അനുവദിച്ച പദ്ധതികൾ, അവയിൽ നിലവിലുള്ളതും മുടങ്ങിപ്പോയതുമായ പദ്ധതികൾ എന്നിവ വിശദമാക്കുന്ന പട്ടിക ലഭ്യമാക്കാമോ;

(ബി) അവയുടെ തുടർനടപടികൾ വിശദീകരിക്കാമോ;

(സി) അവ നടപ്പിലായിട്ടില്ലെങ്കിൽ അക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെരുമ്പാവൂർ മണ്ഡലത്തിൽ നബാർഡിന്റെ സഹായത്തോടെ പദ്ധതികളൊന്നും അനുവദിച്ചിട്ടില്ല.

## ഉദുമ മണ്ഡലത്തിലെ കാർഷിക സംരക്ഷണപദ്ധതികൾ

105 (1660) ശ്രീ. സി. എച്ച് കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജകമണ്ഡലത്തിൽ കാർഷികസംരക്ഷണവുമായി ബന്ധപ്പെട്ട് ആർ.കെ.വി.വൈ. (രാഷ്ട്രീയ കൃഷി വികാസ് യോജന), ആർ.ഐ.ഡി.എഫ്. (റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട്), എൽ.എസ്.ജി.ഡി. പദ്ധതികളിലുൾപ്പെടുത്തി എത്ര പദ്ധതികൾ നടപ്പുവർഷം അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്?

ഉദുമ നിയോജകമണ്ഡലത്തിൽ കാർഷികസംരക്ഷണത്തിനായി എൽ.എസ്.ജി.ഡി. പദ്ധതിയിലുൾപ്പെടുത്തി 71 പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ പേര്, പദ്ധതി, പദ്ധതിയുടെ തുക എന്നിവ പ്രത്യേകം വിശദമാക്കാമോ?

എൽ.എസ്.ജി.ഡി. പദ്ധതിയിലുൾപ്പെടുത്തി അനുമതിക്കായി സമർപ്പിച്ച പഞ്ചായത്ത് തിരിച്ചുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## കോതമംഗലം മണ്ഡലത്തിലെ വിള ഇൻഷ്വറൻസ് പദ്ധതി

106 (1661) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി നഷ്ടപരിഹാരം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കോതമംഗലം മണ്ഡലത്തിൽ 2022-23 വർഷം വിള ഇൻഷ്വറൻസ് പദ്ധതിയിലുൾപ്പെടുത്തി നഷ്ടപരിഹാരത്തിനായി 121 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

(ബി) ലഭിച്ച അപേക്ഷകളിൽ എത്ര അപേക്ഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കിയെന്നും അതിനായി എത്രതുകയാണ് ചെലവഴിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

84 കർഷകർക്ക് 13,46,200 രൂപ (പതിമൂന്ന് ലക്ഷത്തി നാൽപ്പത്താറായിരത്തി ഇരുനൂറ് രൂപ മാത്രം) അനുവദിച്ചുനൽകി.

(സി) വിള ഇൻഷ്വറൻസിനുവേണ്ടി അപേക്ഷിച്ചിട്ടുള്ള എത്ര കർഷകർക്ക് ഇനി നഷ്ടപരിഹാരം ലഭ്യമാക്കാനുണ്ടെന്നും അതിനായി ഏകദേശം എത്രതുക വേണ്ടിവരുമെന്നും വ്യക്തമാക്കാമോ?

37 കർഷകർക്കായി 5,95,000 രൂപ (അഞ്ച് ലക്ഷത്തി തൊണ്ണൂറ്റയ്യായിരം രൂപ മാത്രം) ഇനിയും വേണ്ടിവരും.

(ഡി) 2022-23 വർഷത്തിൽ വിള ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിനായി അനുവദിച്ചിട്ടുള്ള തുകയിൽ ഉൾപ്പെടുത്തി കോതമംഗലം മണ്ഡലത്തിൽനിന്നും വിള ഇൻഷ്വറൻസിനുവേണ്ടി അപേക്ഷിച്ചിട്ടുള്ള അർഹരായ മുഴുവൻ കർഷകർക്കും വേഗത്തിൽ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

അർഹരായ മുഴുവൻ കർഷകർക്കും വിള ഇൻഷ്വറൻസ് വഴിയുള്ള നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഒറ്റപ്പാലം മണ്ഡലത്തിലെ കാർഷിക വികസന പദ്ധതികൾ**

107 (1662) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം മണ്ഡലത്തിൽ നിലവിൽ കൃഷിവകുപ്പിന്റെ കീഴിൽ നടത്തിവരുന്ന പദ്ധതികൾ ഏതൊക്കെയെന്നും അവ നടപ്പിലാക്കുന്ന കൃഷി ഓഫീസുകൾ ഏതൊക്കെയെന്നും വ്യക്തമാക്കാമോ?

നിലവിൽ ഒറ്റപ്പാലം മണ്ഡലത്തിലുൾപ്പെട്ട 8 കൃഷിഭവനുകളിലായി 2022-23 വർഷത്തിൽ ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ആയതിൽ ഉൾപ്പെടുത്തി വിത്ത്, പച്ചക്കറിത്തൈകൾ എന്നിവ വിതരണം നടത്തുകയും ചിങ്ങം ഒന്നിന് പുതിയ കൃഷിയിടങ്ങൾ കണ്ടെത്തി കൃഷി തുടങ്ങുകയും ചെയ്തു. ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ 8 കൃഷിഭവനുകളിൽ ആകെ 27600 വിത്ത് പായ്ക്കറ്റുകളും, 46900 പച്ചക്കറിതൈകളും കർഷകർക്ക് ഈ പദ്ധതിപ്രകാരം വിതരണം ചെയ്തിട്ടുണ്ട്. പുതുതായി കൃഷിചെയ്യുന്നതിന് 888 കൃഷിയിടങ്ങൾ കണ്ടെത്തുകയും ഇവയുടെ ഉദ്ഘാടനം ചിങ്ങം ഒന്നിന് നടത്തുകയും ചെയ്തു. ഇതിനുപുറമെ 2022-23 വർഷത്തിൽ മറ്റ് പദ്ധതികൾ നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ കൃഷിഭവൻ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

*

## കുന്നത്തുനാട് മണ്ഡലത്തിലെ കൃഷിവകുപ്പിന്റെ പദ്ധതികൾ

108 (1663) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ കൃഷിവകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖേനയും നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിൽ കൃഷിവകുപ്പ് നേരിട്ടും മറ്റ് ഏജൻസികൾ മുഖേനയും നടപ്പിലാക്കിവരുന്ന വിവിധപദ്ധതികൾ ചുവടെചേർക്കുന്നു.

1. വിള ആരോഗ്യ പരിപാലന പദ്ധതി
2. കാർഷിക വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തൽ
3. സുഗന്ധവിള വികസനം
4. കൃഷി പാഠശാല
5. സൈബർ എക്സ്റ്റൻഷൻ
6. പച്ചക്കറി കൃഷിവികസനം
7. ജൈവകൃഷിയും ഉത്തമ കൃഷിമുറകളും
8. സുസ്ഥിര നെൽക്കൃഷി
9. സോയിൽ ഹെൽത്ത് മാനേജ്മെന്റ് ആൻഡ് പ്രൊഡക്ടിവിറ്റി
10. മോഡെണൈസേഷൻ ഓഫ് ഡിപ്പാർട്ട്മെന്റൽ ലബോറട്ടറീസ്
11. എൻഫോഴ്സ്മെന്റ് ഓഫ് ക്വാളിറ്റി കൺട്രോൾ ഓഫ് സീഡ്, ഫെർട്ടിലൈസർ ആൻഡ് പ്ലാന്റ് പ്രൊട്ടക്ഷൻ കെമിക്കൽസ്
12. ATMA- ഫുഡ് സെക്യൂരിറ്റി ഗ്രൂപ്പ്
13. ജില്ലാതല സംസ്ഥാനതല പരിശീലനങ്ങൾ
14. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതികൾ.

ഈ പദ്ധതികളിൽ കൃഷി പാഠശാല, സൈബർ എക്സ്റ്റൻഷൻ, മോഡെണസേഷൻ ഓഫ് ഡിപ്പാർട്ട്മെന്റൽ ലബോറട്ടറീസ്, എൻഫോഴ്സ്മെന്റ് ഓഫ് ക്വാളിറ്റി കൺട്രോൾ ഓഫ് സീഡ്, ഫെർട്ടിലൈസർ ആൻഡ് പ്ലാന്റ് പ്രൊട്ടക്ഷൻ കെമിക്കൽസ്, ജില്ലാതല സംസ്ഥാനതല പരിശീലനങ്ങൾ എന്നീ പദ്ധതികൾക്ക് നിലവിൽ ഫണ്ട് കൃഷിഭവൻതലത്തിൽ ലഭ്യമായിട്ടില്ല.

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്നും പദ്ധതിയുടെ നിലവിലെ സ്ഥിതിസംബന്ധിച്ച വിവരവും ലഭ്യമാക്കുമോ?

കൃഷിവകുപ്പ് നേരിട്ടും മറ്റ് ഏജൻസികൾ മുഖേനയും നടപ്പിലാക്കുന്ന പദ്ധതികളിൽ 2022-23 വർഷം നാളിതുവരെ 79,28,917 രൂപ മണ്ഡലത്തിൽ അനുവദിക്കുകയും 14,77,859 രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. മറ്റ് പദ്ധതികൾ നടപ്പിലാക്കിവരുന്നു. പദ്ധതിക്ക് അനുവദിച്ച തുകയും പദ്ധതിയിലെ നിലവിലെ സ്ഥിതിസംബന്ധിച്ച വിവരവും അനുബന്ധം 1-ആയി ചേർക്കുന്നു.*

(സി) സുഭിക്ഷകേരളം പദ്ധതിപ്രകാരം മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

സുഭിക്ഷകേരളം പദ്ധതിപ്രകാരം മണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷം നടപ്പിലാക്കിയ ഘടകങ്ങളുടെ വിവരം അനുബന്ധം 2 ആയി ചേർക്കുന്നു*. 2022-23 സാമ്പത്തിക വർഷം പദ്ധതിക്ക് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പൂർത്തീകരിക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ് .

**കേരള കർഷക ക്ഷേമനിധി ബോർഡ്**

109 (1664) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കർഷക ക്ഷേമനിധി ബോർഡ് നിലവിൽ വന്നത് എന്നാണെന്നും ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ കർഷകരിൽനിന്നും പ്രസ്തുത ക്ഷേമനിധി ബോർഡിലേയ്ക്ക് അംശദായം ഇനത്തിൽ നാളിതുവരെ എത്ര തുക ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

2020 ഒക്ടോബർ 14-നാണ് കേരള കർഷക ക്ഷേമനിധി ബോർഡ് നിലവിൽ വന്നത്. അംശദായ ഇനത്തിൽ നാളിതുവരെ 56,15,600 (അമ്പത്തിയാറുലക്ഷത്തി പതിനയ്യായിരത്തി അറുന്നൂറ് രൂപ) ലഭിച്ചിട്ടുണ്ട്. (22-08-2022 പ്രകാരം)

(ബി) അംശദായ ഇനത്തിലുള്ള സർക്കാർ വിഹിതമായി നാളിതുവരെ എത്രതുക നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ?

കർഷക ക്ഷേനിധിബോർഡ് സമർപ്പിച്ച പദ്ധതി സർക്കാരിന്റെ പരിശോധനയിലാണ്. അംഗീകാരം നൽകുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഇടുക്കി ജില്ലയുടെ വികസനം ലക്ഷ്യമിട്ടുള്ള ഇടുക്കി പാക്കേജ്

110 (1665) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയുടെ വികസനം ലക്ഷ്യമിട്ടുള്ള ഇടുക്കി പാക്കേജ് പ്രകാരം കാർഷികമേഖലയിൽ അഞ്ച് വർഷം കൊണ്ട് നടപ്പാക്കാവുന്ന എത്ര തുകയുടെ പാക്കേജാണ് കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ?

ഇടുക്കി ജില്ലയുടെ വികസനം ലക്ഷ്യമിട്ടുള്ള ഇടുക്കി പാക്കേജ് പ്രകാരം കൃഷി, മണ്ണ് - ജല സംരക്ഷണം, മൃഗ സംരക്ഷണം എന്നീ വകുപ്പുകളിൽനിന്നും 100 കോടി രൂപ ഇടുക്കി ജില്ലയ്ക്ക് പ്രത്യേകമായി വകയിരുത്തുമെന്ന് 2020-21 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗം പ്രകാരം കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) അതിൽനിന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(സി) ഇടുക്കി പാക്കേജ് പ്രകാരം കാർഷികമേഖലയിൽ ഈ സർക്കാർ എത്രതുകയുടെ പാക്കേജാണ് പ്രഖ്യാപിച്ചതെന്ന് വ്യക്തമാക്കുമോ?

2022-23 വർഷത്തെ ബഡ്ജറ്റ് പ്രസംഗം പ്രകാരം ഇടുക്കി വികസന പാക്കേജിനായി ആകെ 75 കോടി രൂപയാണ് പ്രഖ്യാപിച്ചത്. ഇടുക്കി ജില്ലാ കളക്ടറെ ഇടുക്കി വികസന പാക്കേജിന്റെ കോ-ഓർഡിനേറ്ററായും പ്ലാനിംഗ് ആന്റ് ഇക്കണോമിക് അഫയേഴ്സ് വകുപ്പിനെ നോഡൽ വകുപ്പായും നിയോഗിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

(ഡി) അതിൽനിന്നും നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്ന വിവരം ഇനം തിരിച്ചു വ്യക്തമാക്കുമോ?

വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

## സ്മാർട്ട് കൃഷിഭവൻ

111 (1666) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകൾ ആക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; അതിനായി തുക നീക്കിവച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആദ്യഘട്ടത്തിൽ എത്ര കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷി ഭവനുകളാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(എ-സി) സ്മാർട്ട് കൃഷിഭവൻ പദ്ധതിയിൻകീഴിൽ സംസ്ഥാനത്തെ മുഴുവൻ കൃഷിഭവനുകളെയും ഘട്ടംഘട്ടമായി സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനാണ് സർക്കാരുദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ 14 കൃഷിഭവനുകളെ ആർ.ഐ.ഡി.എഫ്.-27 പദ്ധതിയിലുൾപ്പെടുത്തി സ്മാർട്ട് കൃഷി ഭവനുകളാക്കുന്നതാണ്. കൂടാതെ സംസ്ഥാന വാർഷിക പദ്ധതിയായ 'സ്മാർട്ട് കൃഷിഭവൻ' പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാൽ 28 കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. RIDF-28-ൽ ഉൾപ്പെടുത്തി 14 കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കാൻ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

## കാർഷിക സ്വയംപര്യാപ്തത കൈവരിക്കാൻ നടപടി

112 (1667) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കാർഷിക സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ കാർഷിക സ്വയംപര്യാപ്തമാക്കുവാൻ ഉദ്ദേശിച്ച് സംസ്ഥാന കൃഷിവകുപ്പ് ഒട്ടനവധി പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കാർഷികോല്പാദനം വർദ്ധിപ്പിക്കുവാനും സുസ്ഥിരവികസനലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടിയും ഉല്പാദനം, ഉല്പാദനക്ഷമത എന്നീ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ഓരോ വ്യക്തിയെയും കൃഷിയിലേയ്ക്ക് ആകർഷിച്ച് സ്വന്തമായി കൃഷിചെയ്യുന്നതിന് പ്രേരണ നൽകി. അതുവഴി കാർഷികമേഖലയിൽ ജനകീയമുന്നേറ്റം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ഭാഗമായി ഉണ്ടായിട്ടുള്ള "കൃഷിക്കൂട്ടങ്ങൾ" പൂർണ്ണസജ്ജമാകുന്നതോടെ കേരളത്തിലെ കാർഷികമേഖലയിൽ പുത്തനുണർവ്വുണ്ടാക്കുവാൻ സാദ്ധ്യമാകും. ഉല്പാദനമേഖലയോടൊപ്പം സേവനവിപണന മൂല്യവർദ്ധനവ് മേഖലയിലെ കൃഷിക്കൂട്ടങ്ങളുടെ സഹായത്തോടെ ഉല്പാദനവിപണന പ്ലാൻ സജ്ജമാക്കുവാനും നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ മുതലായവയുടെ നിലവിലുള്ള വിസ്തൃതി നിലനിർത്തുന്നതിനോടൊപ്പം വിസ്തൃതിവ്യാപന പദ്ധതി, തരിശുനില കൃഷി എന്നിവകൂടി നടപ്പിലാക്കിവരുന്നു. തെങ്ങിൻതോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിള കൃഷി, സമ്മിശ്രകൃഷി എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുന്നതിന് സമഗ്രവികസന പദ്ധതിയായ കേരഗ്രാമം, ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിൻതടം തുറക്കൽ, വളപ്രയോഗം, കീടരോഗനിയന്ത്രണം എന്നിവയ്ക്കായുള്ള പദ്ധതി (കേര രക്ഷാ വാരം) എന്നിവ ഈ സാമ്പത്തികവർഷത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നു.

കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സംരക്ഷണം എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള-കേന്ദ്രീകൃത സമീപനത്തിൽനിന്നും കൃഷിയിടാധിഷ്ഠിത വികസനസമീപനത്തിന് ഈ വർഷം തുടക്കമിടുന്നു. ഇതിനായി 4 പ്രത്യേക പദ്ധതികൾ പുതുതായി നടപ്പുവർഷം അനുവദിച്ചിട്ടുണ്ട്. കൃഷിവകുപ്പ്, കേരള കാർഷിക സർവ്വകലാശാല, കേരള ഡിജിറ്റൽ സർവ്വകലാശാല എന്നിവയുമായി സഹകരിച്ചാണ് ഇവ നടപ്പാക്കുന്നത്.

2022-23 വർഷത്തിൽ കാർഷിക യന്ത്രവത്കരണ മേഖലയിൽ ഏകജാലക സംവിധാനങ്ങളായ 20 കൃഷിശ്രീ സെന്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. കാർഷികരംഗത്തെ തൊഴിലാളിക്ഷാമം പരിഹരിക്കുകയെന്നതാണ് ഈ പദ്ധതികളുടെ പ്രധാനലക്ഷ്യം. കൂടാതെ കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, കാർഷികമേഖലയ്ക്ക് ആവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് നല്കുക, തൊഴിലാളി കുറവുമൂലം തരിശായി കിടക്കുന്ന കൃഷിയിടങ്ങൾ കൃഷിയോഗ്യമാക്കുക, കാർഷികമേഖലയിലെ ഉല്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവയും ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിനുവേണ്ടി കാർഷികോല്പന്നങ്ങൾക്കായി കാര്യക്ഷമമായ വിപണന സംവിധാന വികസനം, വിളവെടുപ്പിനുശേഷമുള്ള നഷ്ടം തടയുക, ഉയർന്നവില ഉറപ്പുവരുത്തുന്നതിനായി മൂല്യവർദ്ധനവിന്റെ പ്രോത്സാഹനം തുടങ്ങിയവയ്ക്ക് ഊന്നൽ നൽകി ഈ സാമ്പത്തികവർഷത്തിൽ പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിപണി വികസനത്തിനുള്ള പദ്ധതികൾ, വിലസ്ഥിരതയ്ക്കുള്ള വിപണി ഇടപെടൽ സഹായം, കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി - ബേസ് പ്രൈസ് പദ്ധതി, വിളവെടുപ്പിനുശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും എന്നീ പദ്ധതികൾ ഇതിലുൾപ്പെടുന്നു.

## പെരുമ്പാവൂർ മണ്ഡലത്തിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ നടപടി

113 (1668) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധി പദ്ധതിയുടെ ആനുകൂല്യം പെരുമ്പാവൂർ മണ്ഡലത്തിലെ കർഷകർക്ക് ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; പെരുമ്പാവൂർ മണ്ഡലത്തിൽ വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി സംഭരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ?

പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ, പ്രധാൻമന്ത്രി കൃഷി സമ്മാൻ നിധി പദ്ധതിയുടെ ആനുകൂല്യം 26964 കർഷകർക്ക് ലഭിച്ചുവരുന്നു. വാണിജ്യാടി സ്ഥാനത്തിൽ പച്ചക്കറി സംഭരിക്കുന്നതിനായി എല്ലാ കൃഷിഭവനുകളിലും ആഴ്ച്ചചന്തകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ മണ്ഡലത്തിലെ രായമംഗലം, കൂവപ്പടി കൃഷിഭവനുകളുടെ കീഴിൽ 3 ഇക്കോഷോപ്പുകളും പ്രവർത്തിച്ചുവരുന്നു. മുടക്കുഴ കൃഷിഭവന്റെ കീഴിൽ ഒരു HILL AREA DEVELOPMENT AGENCY (HADA) മാർക്കറ്റും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ VFPCK-യുടെ മാർക്കറ്റുകൾ വഴിയും പച്ചക്കറികൾ വാണിജ്യാടിസ്ഥാനത്തിൽ സംഭരിച്ചുവരുന്നു.

(ബി) മൂല്യവർദ്ധിത ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി പെരുമ്പാവൂർ മണ്ഡലത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

പെരുമ്പാവൂർ മണ്ഡലത്തിൽ കപ്പയുടെ ഒരു FARMER PRODUCERS ORGANISATION ആരംഭിച്ചിട്ടുണ്ട്. ടി സംരംഭം വഴി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പെരുമ്പാവൂർ മണ്ഡലത്തിലെ ഏതെങ്കിലും സ്ഥാപനങ്ങൾക്ക് പഴം, പച്ചക്കറി എന്നിവ ശാസ്ത്രീയമായി സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കു ന്നതിനുവേണ്ട സാമ്പത്തികസഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെങ്കിലും പദ്ധതികളിലുൾപ്പെടുത്തി അത്തരം കേന്ദ്രങ്ങൾ പെരുമ്പാവൂരിൽ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

ഉണ്ട്. ശ്രീമതി. ജിനി ടി. വൈ. -യുടെ ഉടമസ്ഥതയിലുള്ള BOBINS NUTRIENTS, KEEZHILLAM എന്ന സ്ഥാപനത്തിന് SMALL FARMERS AGRI BUSINESS CONSORTIUM (SFAC)-യുടെ MICRO SMALL MEDIUM ENTREPRENEURSHIP (MSME) പദ്ധതിപ്രകാരം 90,300 രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

(ഡി) പെരുമ്പാവൂരിൽ ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായം എത്ര ഫാമുകൾക്ക്/കർഷകർക്ക് ലഭിച്ചിട്ടുണ്ട്; പട്ടിക ലഭ്യമാക്കാമോ?

പെരുമ്പാവൂർ മണ്ഡലത്തിൽ ഫാം യന്ത്രവൽക്കരണത്തിനായി സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (SMAM) പദ്ധതി മുഖേന 226 കർഷകർക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്. വിശദമായ പട്ടിക അനുബന്ധം 1 - ൽ ചേർത്തിരിക്കുന്നു*.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ - കേരള (SHM-K) മുഖാന്തരം നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) പദ്ധതിയിലെ ഹോർട്ടികൾച്ചർ മേഖലയിലെ യന്ത്രവത്കരണം എന്ന ഘടകത്തിലുൾപ്പെടുത്തി 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ വീഡ് കട്ടർ, ബ്രഷ് കട്ടർ, പവർ സ്പ്രെയർ മുതലായവ വാങ്ങുന്നതിനായി 31 കർഷകർക്ക് 3.918 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.*

(ഇ) കാർഷികമേഖലയുമായി ബന്ധപ്പെട്ട് നബാർഡിന്റെ സഹകരണത്തോടെ പെരുമ്പാവൂർ മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്; ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ അനുവദിച്ചിട്ടുള്ള തുക സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

കാർഷികമേഖലയുമായി ബന്ധപ്പെട്ട് NABARD-ന്റെ സഹകരണത്തോടെ പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(എഫ്) പഴം, പച്ചക്കറി എന്നിവയിലെ അവശിഷ്ടവിഷാംശം കണ്ടെത്തുന്നതിന് പെരുമ്പാവൂരിൽ ഒരു പരിശോധനാ ലാബ് ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ആയത് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പഴം, പച്ചക്കറി എന്നിവയിലെ അവശിഷ്ടവിഷാംശം കണ്ടെത്തുന്നതിനായി കോട്ടയത്തും തൃശ്ശൂരും നിലവിൽ പരിശോധനാ സംവിധാനങ്ങളുണ്ട്. പെരുമ്പാവൂരിൽ പരിശോധനാ ലാബ് ആരംഭിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കൃഷി അധിഷ്ഠിത (ഫാം) വികസനത്തിനായി സ്വീകരിച്ച നടപടി

114 (1669) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളയടിസ്ഥാനമാക്കിയുള്ള വികസനത്തിൽനിന്നും കൃഷിയധിഷ്ഠിത (ഫാം) വികസനത്തിലേയ്ക്കുള്ള മാറ്റം ഉല്പാദന വർദ്ധനവിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുമെന്ന് കരുതുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ കൃഷിയധിഷ്ഠിത (ഫാം) വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് ഇതുവരെ തുടർന്നുവന്നിരുന്ന കാർഷികാസൂത്രണം മുഖ്യമായും വിളയധിഷ്ഠിതമായിരുന്നു. അതായത് വിവിധ വിളകളെ കേന്ദ്രീകരിച്ച് ഉല്പാദന ആസൂത്രണ പ്രവർത്തനങ്ങളാണ് ജനകീയാസൂത്രണ കാർഷിക വികസന പദ്ധതികളിലും സംസ്ഥാനാവിഷ്കൃത പദ്ധതികളിലും തുടർന്നുപോകുന്നത്. കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഇത്തരത്തിലുള്ള ആസൂത്രണത്തേക്കാൾ ഒരു കർഷകന്റെ കൈവശമുള്ള കൃഷിയിടത്തിൽനിന്നും സാദ്ധ്യമായ എല്ലാവിധത്തിലും വികസനം സാദ്ധ്യമാക്കി ഉല്പാദനം വർദ്ധിപ്പിച്ച് കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുകയും കൃഷി മെച്ചപ്പെട്ട ആദായം നൽകുന്ന ജീവിതമാർഗ്ഗമാക്കുകയും ചെയ്യുകയെന്നതാണ് ഏറ്റവും കരണീയമായിട്ടുള്ളത്.

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്താൽ ഏറ്റവും കൂടുതൽ കാർഷിക ഉല്പാദനശേഷി കൂടുതലുള്ളത് കേരള സംസ്ഥാനത്തിനാണെന്നാണ് പഠനങ്ങൾ സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ കാർഷികാനുബന്ധ പ്രവർത്തനങ്ങൾകൂടി കണക്കിലെടുത്താണ് ഒരു ഇടത്തിലെ സാദ്ധ്യമായ എല്ലാ ഉല്പാദനഘടകങ്ങളേയും സമന്വയിപ്പിച്ച് ഒരു കൃഷിയിട ആസൂത്രണം എന്ന സമീപനം സർക്കാർ സ്വീകരിക്കുവാൻ തീരുമാനിച്ചത്. ഇത്തരം സമീപനം ഒന്നോരണ്ടോ വിളകൾമാത്രം കൃഷിചെയ്യുമ്പോൾ കൃഷിനാശംമൂലം കർഷകനുണ്ടാകുന്ന നഷ്ടസാധ്യത ലഘൂകരിക്കുന്നതിനും സഹായിക്കുന്നു.

കൃഷിയിടാസൂത്രണാധിഷ്ഠിത വികസനത്തിനായി ഈ സാമ്പത്തികവർഷത്തിൽ താഴെപ്പറയുന്ന മൂന്ന് പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

- കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദന പരിപാടികൾ - ഉല്പാദന പൂർവ്വ പിന്തുണയുൾപ്പെടെ

- ഉല്പാദക സംഘടനകളുടെ വികസനത്തിനും സാങ്കേതിക സഹായത്തിനുമുള്ള പദ്ധതി.
- കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനവുമായി സംയോജിപ്പിച്ച് വിതരണ ശൃംഖല/മൂല്യശൃംഖല വികസനത്തിനായുള്ള പദ്ധതി.

പ്രസ്തുത പദ്ധതികൾക്കായി 29 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഓരോ കൃഷിഭവനുകീഴിലും 10 കൃഷിയിടങ്ങൾ വീതം തെരഞ്ഞെടുത്ത് ആവശ്യമനുസരിച്ച് സാങ്കേതിക-സേവന-ഉല്പാദനോപാധികൾ നൽകിക്കൊണ്ട് അവയുടെ സമഗ്ര കാർഷികവികസനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. അടുത്തപടിയായി പദ്ധതിയിലെ കർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് കർഷകോല്പാദന സംഘങ്ങൾ രൂപീകരിക്കുന്നതിനും 'ഹബ് ആൻഡ് സ്പോക്ക്' മാതൃകയിൽ സംഭരണ, വിപണന ശൃംഖല വികസിപ്പിക്കുവാനും ഉദ്ദേശിക്കുന്നു. കൃഷി വകുപ്പിനോടൊപ്പം കേരള കാർഷിക സർവ്വകലാശാല, കേരള സാങ്കേതിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങളും പദ്ധതിക്കുവേണ്ട സാങ്കേതികപിന്തുണ നൽകുന്നു. പ്രസ്തുത പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. പദ്ധതികളുടെ നടത്തിപ്പിനായുള്ള മാർഗ്ഗരേഖ തയ്യാറാക്കി പദ്ധതിനടത്തിപ്പ് ഉടൻ ആരംഭിക്കുന്നതാണ്.

**വയനാട് പാക്കേജ്**

115 (1670) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ വയനാട് പാക്കേജ് പ്രകാരം വയനാട് ജില്ലയ്ക്ക് പ്രഖ്യാപിച്ച പദ്ധതികൾ ഏതൊക്കെയാണ്; അതിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കാമോ?

വയനാട് ജില്ലയിലെ കാർഷികമേഖലയുടെ പുനരുജ്ജീവനം പദ്ധതിപ്രകാരം 2016 മുതൽ നാളിതുവരെ സമഗ്ര കുരുമുളക് വികസനം, സമഗ്ര കാപ്പി വികസനം, ഇഞ്ചി/മഞ്ഞൾ/ജാതി വിസ്തൃതിവ്യാപനം, വെള്ളപ്പൊക്കനിയന്ത്രണം, പദ്ധതിനിർവ്വഹണം, സുഗന്ധ നെല്ലിനങ്ങളുടെ പ്രോത്സാഹനം, പ്രാദേശികവിളകൾ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം, ശീതകാല പച്ചക്കറി വിളകളുടെ നടീൽവസ്തുക്കൾ നൽകുന്നതിന് സഹായം, കിഴങ്ങുവർഗ്ഗവിളകളുടെ പ്രോത്സാഹനം, കിഴങ്ങുവർഗ്ഗവിളകളുടെ വിത്തുകിറ്റുകൾ വിതരണം, കൂൺകൃഷിക്ക് ധനസഹായം, പയർവിത്തുകിറ്റുകൾ വിതരണം, മണ്ണിന്റെ ഫലഭൂയിഷ്ഠത സംരക്ഷണം, ജലവിഭവങ്ങളുടെ സംരക്ഷണം എന്നീ പദ്ധതികൾ നടപ്പിലാക്കി.

(ബി) അതിനായി നാളിതുവരെ ചെലവാക്കിയ തുക എത്രയെന്ന് ഇനംതിരിച്ച് വ്യക്തമാക്കാമോ?

വയനാട് ജില്ലയിലെ കാർഷികമേഖലയുടെ പുനരുജ്ജീവനം പദ്ധതി പ്രകാരം 2016 മുതൽ നാളിതുവരെ ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**പാലക്കാട് ജില്ലയിലെ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ**

116 (1671) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എവിടെയെല്ലാമാണ് കൃഷിഭവനുകൾക്കുകീഴിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ആലത്തൂർ, വടക്കാഞ്ചേരി, കുഴൽമന്ദം, പെരിങ്ങോട്ടുകുറിശ്ശി, നെന്മാറ, കൊല്ലങ്കോട്, മുതലമട, പെരുമാട്ടി, പിരായിരി, മരുതറോഡ്, കൊടുമ്പ്, തെങ്കര, ശ്രീകൃഷ്ണപുരം, അഗളി, ഒറ്റപ്പാലം, വല്ലപ്പുഴ, വാണിയംകുളം, പട്ടാമ്പി, വിളയൂർ, ഓങ്ങല്ലൂർ, ആനക്കര എന്നീ കൃഷിഭവനുകളിലാണ് പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നത്.

(ബി) പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖാന്തരം കർഷകർക്ക് നൽകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിൽ പ്രധാനമായും കീടരോഗനിരീക്ഷണ പ്രവർത്തനമാണ് നടന്നുവരുന്നത്. നെല്ല്, പച്ചക്കറി, തെങ്ങ്, കുരുമുളക്, വാഴ എന്നീ വിളകൾക്ക് ക്ലിനിക്കുകളുള്ള പഞ്ചായത്തുകളിൽ 20 വീതം നിരീക്ഷണ പ്ലോട്ടുകളുണ്ട്. ഈ നിരീക്ഷണപ്ലോട്ടുകളിൽ വിള ആരോഗ്യപരിപാലനപദ്ധതിയുടെ ഭാഗമായി നിയമിക്കപ്പെട്ടിട്ടുള്ള പെസ്റ്റ് സ്കൗട്ടുകൾ സ്ഥിരം നിരീക്ഷണം നടത്തുകയും ശേഖരിച്ച നിരീക്ഷണങ്ങൾ ഫോട്ടോ, ശിപാർശകൾ എന്നിവ IITMK-യിൽ നിർമ്മിതമായ CPSS (Crop pest surveillance system) എന്ന website-ൽ GPS-ഉള്ള ടാബുകളുപയോഗിച്ച് രേഖപ്പെടുത്തുകയും ചെയ്യുന്നു. Plant Health Clinic-ന്റെ പ്രവർത്തനങ്ങൾ ചുവടെചേർക്കുന്നു.

1. മണ്ണ് പരിശോധന സംവിധാനം:- സസ്യ ആരോഗ്യ ക്ലിനിക്കുകളിലെ നിരീക്ഷണപ്ലോട്ടുകളിൽനിന്നും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധനാഫലത്തിന്റെ അടിസ്ഥാനത്തിൽ വളപ്രയോഗത്തിനുള്ള ശിപാർശകൾ നൽകിവരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. ക്ലിനിക് സന്ദർശിക്കുന്ന കർഷകർക്ക് കൃഷിസംബന്ധമായ സാങ്കേതികസഹായം നൽകുന്നു.

3. കർഷകർക്കായി പരിശീലനപരിപാടി സംഘടിപ്പിക്കുന്നു,.

4. CPSS website-മുഖേന കൃഷിയിടത്തിലെ കീടരോഗ നിയന്ത്രണത്തിനുള്ള സാങ്കേതിക ഉപദേശം നൽകുന്നു. വെബ്, മൊബൈൽ എന്നിവ അടിസ്ഥാനമാക്കിയുള്ള കീടരോഗനിരീക്ഷണ സംവിധാനമായ CPSS നിരീക്ഷണ സംവിധാനമുപയോഗിച്ച് സസ്യങ്ങളുടെ കീടരോഗങ്ങളെപ്പറ്റി അനായാസേന മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്.

5. കീടരോഗനിർണ്ണയത്തിനാവശ്യമായ ലഘുലേഖകൾ, ബുള്ളറ്റിനുകൾ എന്നിവ മാസത്തിലൊരിക്കൽ കർഷകർക്കും കർഷകഗ്രൂപ്പുകൾ, അഗ്രോസർവ്വീസ് സെന്ററുകൾ മുതലായവയ്ക്കും പ്രിന്റ് ചെയ്ത് വിതരണം ചെയ്തുവരുന്നു.

**കാർഷികോല്പന്നങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി**

117 (1672) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപഭോഗത്തിനാവശ്യമായിട്ടുള്ള കാർഷികോല്പന്നങ്ങളുടെ ദൈനംദിന ആവശ്യകത എത്രയെന്നും അതിൽ എത്ര അളവ് സംസ്ഥാനത്ത് ഉല്പാദനം നടത്തുന്നുവെന്നും എത്രയോളം മറ്റിതരസംസ്ഥാനങ്ങളെ ആശ്രയിക്കുന്നുവെന്നും വ്യക്തമാക്കുമോ?

ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ ശിപാർശ പ്രകാരം ഒരു വ്യക്തിക്ക് പ്രതിദിനം 400 ഗ്രാം പഴം, പച്ചക്കറിയാണ് ഭക്ഷണത്തിലുൾപ്പെടുത്തേണ്ടത്. ഇതുപ്രകാരം സംസ്ഥാനത്തിന്റെ നിലവിലെ ജനസംഖ്യയ്ക്കാനുപാതികമായി 14246 മെട്രിക് ടൺ പഴം പച്ചക്കറികളാണ് ദിനംപ്രതി ആവശ്യമായിവരുന്നത്. ഇതിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനം 8826 മെട്രിക് ടൺ പഴം പച്ചക്കറിയാണ്. ശേഷിക്കുന്ന 5420 മെട്രിക് ടണ്ണിനായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു.

നാഷണൽ സാമ്പിൾ സർവ്വേ (2019-20)-യുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ ഒരു വർഷത്തെ അരിയുടെ ആവശ്യകത 31.48000 ലക്ഷം മെട്രിക് ടണ്ണാണ്. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തെ 2020-21 വർഷത്തെ അരിയുടെ ഉല്പാദനം 6.33739 ലക്ഷം മെട്രിക് ടണ്ണാണ്. ശേഷിക്കുന്ന 25.14261 ലക്ഷം മെട്രിക് ടണ്ണിനായി ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവന്നു.

(ബി) സംസ്ഥാനത്തെ ഉല്പാദനംകൂട്ടി ഇതര സംസ്ഥാനങ്ങളുടെ വിപണനമേഖലാ കടന്നുകയറ്റം തടയാനായി എന്തെല്ലാം നടപടികൾ ഈ സർക്കാർ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നെല്ല്, പച്ചക്കറി, ഫലവർഗങ്ങൾ മറ്റ് കാർഷിക വിളകൾ എന്നിവയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിലൂടെ ഇതരസംസ്ഥാനങ്ങളുടെ വിപണനമേഖലാ കടന്നുകയറ്റം തടയാനായി കാർഷികവികസന കർഷക ക്ഷേമവകുപ്പ് വിവിധപദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കാർഷികവിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും ലക്ഷ്യമിട്ട് 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്താകെ 264.12 കോടി രൂപയുടെ പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതികളിലൂടെ നെല്ല്, പച്ചക്കറി, നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ, ഫലവർഗ്ഗങ്ങൾ, പുഷ്പകൃഷി, ഔഷധസസ്യങ്ങൾ എന്നിവയുടെ കൃഷിക്ക് പ്രോത്സാഹനം നൽകിവരുന്നു. അതിനുപുറമേ 2022-23 സാമ്പത്തികവർഷം മുതൽ കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതികസ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള-കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായരീതിയിൽ കാര്യക്ഷമമായും വിവേചനപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽ നിന്നും കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസനസമീപനത്തിന് ഈ വർഷം തുടക്കമിടുന്നു. പ്രസ്തുത പദ്ധതികൾ സംസ്ഥാനത്തെ കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനും തദ്വാരാ മറ്റു സംസ്ഥാനങ്ങളിൽനിന്നുള്ള കാർഷികോല്പന്നങ്ങളുടെ കടന്നുവരവ് കുറയ്ക്കുന്നതിനും സഹായകരമാകുന്നു.

(സി) ഈ സർക്കാരിന്റെ കാലയളവിൽ അതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും എത്ര തുക ചെലവാക്കിയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികളുടെ വർഷംതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സമ്പൂർണ്ണ പച്ചക്കറിക്കൃഷി നടപ്പാക്കുന്നതിന് പദ്ധതി

118 (1673) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയുമായി സഹകരിച്ച് സമ്പൂർണ്ണ പച്ചക്കറിക്കൃഷി നടപ്പാക്കുന്നതിന് വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയുമായി സഹകരിച്ച് സമ്പൂർണ്ണ പച്ചക്കറിക്കൃഷി നടപ്പാക്കുന്നതിന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുണ്ട്.

കേരളത്തിലെ എല്ലാ ജനവിഭാഗങ്ങളെയും കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും ഒരു " വിളനിർണ്ണയ വിപണന ആസൂത്രണരേഖ" പ്രകാരം വളരെ പ്രാവർത്തികവും കാര്യക്ഷമവും ലാഭകരവുമായ കാർഷിക ഉല്പാദനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സജ്ജമാക്കുകയും ചെയ്യുന്നതിനുള്ള ക്യാമ്പയിനാണ് " ഞങ്ങളും കൃഷിയിലേയ്ക്ക്" .

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് തലത്തിൽനിന്നുള്ള കൃഷിക്കൂട്ടങ്ങൾ എന്ന അടിസ്ഥാനസംഘങ്ങൾ കൃഷിസ്ഥലങ്ങൾ കണ്ടെത്തി " വിള നിർണ്ണയ വിപണന ആസൂത്രണ രേഖ" പ്രകാരം ആ പ്രദേശത്ത് അനുയോജ്യമായ വിളകളും ആവശ്യകതയും വിപണിയും കണക്കിലെടുത്ത് കൃഷിചെയ്യുന്നതിനുള്ള രൂപരേഖ തയ്യാറാക്കി പദ്ധതി നടപ്പിലാക്കുന്നു. കുടുംബശ്രീ, സംഘകൃഷിഗ്രൂപ്പുകളുടെ സേവനം ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതിയിലേയ്ക്കുകൂടി പ്രയോജനപ്പെടുത്തുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ പദ്ധതി ആസൂത്രണം ചെയ്യേണ്ട ചുമതല പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻതല സമിതിക്കാണ്. ഇതിലെ ഒരു പ്രധാന മെമ്പറാണ് സി.ഡി.എസ്. ചെയർപേഴ്സൺ. കൂടാതെ ഞങ്ങളും കൃഷിയിലേയ്ക്ക് ഉൾപ്പെടെയുള്ള കാർഷിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനും രൂപീകരിച്ചിട്ടുള്ള വാർഡുതല കമ്മിറ്റികളിലും ഒരു പ്രധാന അംഗമാണ് എ.ഡി.എസ്. ചെയർപേഴ്സൺ.

ഓരോ പഞ്ചായത്തിലും ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ വിപണത്തിനായി കുടുംബശ്രീ വിപണന യൂണിറ്റുകളിലൂടെയും ഗ്രാമീണചന്തകളിലൂടെയും വിപണി കണ്ടെത്തുന്നു. ഗ്രാമപ്രദേശങ്ങളിൽ ഗ്രാമവിസ്മയം പോലുള്ള പരിപാടികളിൽ കുടുംബശ്രീ യൂണിറ്റുകളിലെ അംഗങ്ങളുടെ നാട്ടറിവുകളും കൃഷി അറിവുകളും പ്രചരിപ്പിക്കുന്നതിനും അവരുടെ കൈവശമുള്ള നാടൻ വിത്തിനങ്ങൾ കൈമാറുന്നതിനും ഞങ്ങളും കൃഷിയിലേയ്ക്ക് ക്യാമ്പയിനിലൂടെ സാധ്യമാകുന്നു.

(ബി) ഓരോ പ്രദേശത്തിനും അനുയോജ്യമായ പച്ചക്കറിക്കൃഷി അതതിടങ്ങളിൽ കുടുംബശ്രീ മുഖേന നടപ്പാക്കുന്നതിനും അതിനാവശ്യമായ നല്ലയിനം പച്ചക്കറിത്തൈകളും വളവും മറ്റും യഥാസമയം വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കുടുംബശ്രീ മുഖേന ഓരോ പ്രദേശത്തിനും അനുയോജ്യമായ പച്ചക്കറിക്കൃഷി അതതിടങ്ങളിൽ നടപ്പാക്കുന്നതിന് കൃഷിവകുപ്പ് നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസനപദ്ധതിയിലുൾപ്പെടുത്തി വി.എഫ്.പി.സി.കെ., അഗ്രോസർവ്വീസ് സെന്റർ, പച്ചക്കറി വികസന പദ്ധതിയുടെകീഴിൽ പ്രവർത്തിക്കുന്ന ബ്ലോക്കുതല നഴ്സറികൾ, കേരള കാർഷിക സർവ്വകലാശാല എന്നിവിടങ്ങളിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറിത്തൈകൾ കൃഷിഭവൻ മുഖേന വിതരണം നടത്തിവരുന്നു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പദ്ധതികളിലുമുൾപ്പെടുത്തി അതത് പ്രദേശത്ത് അനുയോജ്യമായ പച്ചക്കറി തൈകൾ/വിത്തുകൾ ആവശ്യത്തിനനുസരിച്ച് ലഭ്യമാക്കുന്നതാണ്. കൂടാതെ കുടുംബശ്രീ യൂണിറ്റുകളിലെ നഴ്സറികളിലും ഓരോ പ്രദേശത്തിനും അനുയോജ്യമായ പച്ചക്കറിത്തൈകൾ ഉല്പാദിപ്പിച്ച് പച്ചക്കറി കൃഷി ചെയ്യുന്നു. കുടുംബശ്രീ നിലവിൽ കൃഷിവകുപ്പുമായി ചേർന്നുകൊണ്ട് " ഞങ്ങളും കൃഷിയിലേയ്ക്ക്" ഭാഗമായി ' ഒരു കോടി ഫലവൃക്ഷത്തൈ വിതരണം' പദ്ധതിയിലേയ്ക്ക് 2022-23 സാമ്പത്തികവർഷത്തിൽ 1.22 ലക്ഷം ഫലവൃക്ഷത്തൈകൾ കുടുംബശ്രീ നഴ്സറികൾ വഴി ഉല്പാദിപ്പിച്ച് വിതരണത്തിന് തയ്യാറാക്കുന്നു.

സംസ്ഥാന സർക്കാർ ജൈവവളത്തിന്റെ ഉപയോഗവും 'ജൈവകൃഷിയും പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവകൃഷിയും, ഉത്തമ കൃഷിമുറകളും' എന്ന പദ്ധതി നടപ്പിലാക്കുന്നു. 2022-23 സാമ്പത്തികവർഷത്തിൽ " ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന പദ്ധതിയുടെ ഭാഗമായി കാർഷിക ചെലവുകൾ കുറയ്ക്കുന്നതിനും കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും പ്രാദേശികതലത്തിലും ഫാമിനുള്ളിലും ലഭ്യമായ വിഭവങ്ങൾ കാര്യക്ഷമമായി വിനിയോഗിക്കുവാൻ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കേരള കാർഷിക സർവ്വകലാശാല അംഗീകരിച്ച ജൈവ ഉല്പന്നങ്ങളിൽനിന്ന് പ്രാദേശിക ആവശ്യമനുസരിച്ച് ജൈവ ഉല്പാദനോപാദികൾ കർഷകർ ഉല്പാദിപ്പിച്ച് മറ്റു കർഷകർക്ക് വിതരണം ചെയ്യുന്നതിന് പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നു. 2022-23 സാമ്പത്തികവർഷത്തിൽ പ്രോജക്ട് അടിസ്ഥാനത്തിൽ ജൈവ ഉല്പാദനോപാദികൾ ഉല്പാദിപ്പിക്കുന്നതിനുള്ള ചെലവുകൾക്ക് 75% തുക സബ്സിഡിയായി നൽകുന്നതിനുവേണ്ടി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതി പ്രകാരം രൂപീകൃതമായിട്ടുള്ള കൃഷിക്കൂട്ടം മുഖേന കുടുംബശ്രീ യൂണിറ്റ് അംഗങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്.

(സി) കൃഷിയിറക്കൽ, പരിചരണം, വിപണനം എന്നിവ കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ആവശ്യമായ സേവനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിനും കാർഷിക ബിരുദധാരികളെ താല്കാലികമായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കൃഷിയിറക്കൽ, പരിചരണം, വിപണനം എന്നിവ കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ആവശ്യമായ സേവനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിനും നിലവിൽ കൃഷിഭവനുകളിലെ കൃഷി ഉദ്യോഗസ്ഥർ (കൃഷി ഓഫീസർ, അസിസ്റ്റന്റ് കൃഷി ഓഫീസർ) പ്രവർത്തിച്ചുവരുന്നു. കൃഷി ഓഫീസർമാർ ഒഴിവുള്ള കൃഷിഭവനുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്കാലികമായി കൃഷി ബിരുദധാരികൾക്ക് നിയമനം ഇപ്പോൾ നൽകുന്നുണ്ട്.

കൂടാതെ വിവിധ പദ്ധതികളുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുവാൻ വേണ്ടി അതത് പദ്ധതികളിൽ താല്കാലികാടിസ്ഥാനത്തിൽ നിയമിതരായ കോൺട്രാക്ട് സ്റ്റാഫും പ്രവർത്തിക്കുന്നുണ്ട്. ഇവകൂടാതെ വിദ്യാസമ്പന്നരായ പുതിയ തലമുറയിലെ അംഗങ്ങളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും അവർക്ക് കൃഷിവകുപ്പിൽതന്നെ അവസരങ്ങളൊരുക്കുന്നതിനുമായും ജനങ്ങൾക്ക് കൃഷിഭവനിൽനിന്നും നിലവിൽ ലഭിക്കുന്ന സേവനങ്ങൾ കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിനും ഇന്റേൺഷിപ്പ് പരിപാടിയും നടപ്പിലാക്കിവരുന്നു. VHSE Agriculture, ഡിപ്ലോമ ഇൻ Agriculture, ഡിപ്ലോമ ഇൻ ഓർഗാനിക് ഫാർമിംഗ് എന്നീ കോഴ്സുകൾ പാസ്സായവരെയാണ് ഇന്റേൺസായി പരമാവധി 6 മാസത്തേയ്ക്ക് നിയമിക്കുന്നത്.

## ശാസ്ത്രീയ കൃഷിരീതി

119 (1674) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്രീയ കൃഷിരീതി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ശാസ്ത്രീയ കൃഷിരീതി പ്രോത്സാഹിപ്പിക്കുന്നതിനും ആയതിലൂടെ സംസ്ഥാനത്ത് കാർഷികവിളകൾക്ക് മികച്ച ഉല്പാദനവും ഉല്പാദനക്ഷമതയും കൈവരിക്കുന്നതിനായി കാർഷികവികസന കർഷകക്ഷേമവകുപ്പ് പ്രത്യേകം ശ്രദ്ധ നൽകുന്നുണ്ട്. കേരള കാർഷിക സർവ്വകലാശാല ശിപാർശ ചെയ്യുന്ന തെളിയിക്കപ്പെട്ട ശാസ്ത്രീയ സാങ്കേതികവിദ്യകൾ ഉൾക്കൊള്ളിച്ചാണ് കൃഷിവകുപ്പ്

നടപ്പിലാക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നത്. വിവിധ വിളയധിഷ്ഠിത പദ്ധതികൾ കൂടാതെ പുതുതായി നടപ്പിലാക്കുന്ന കൃഷിയിടം അടിസ്ഥാനമാക്കിയുള്ള പദ്ധതികളും ശാസ്ത്രീയ കൃഷിമുറകളും കർഷകരിലെത്തിക്കുന്നതിനുള്ള ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ശാസ്ത്രീയ കൃഷിരീതികളുടെ അടിസ്ഥാന പ്രമാണങ്ങളിലുൾപ്പെടുന്ന മണ്ണ് പരിശോധനയ്ക്കും കൃഷിക്കാവശ്യമായ ഉല്പാദനോപാധികളുടെ ഗുണമേന്മ പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനും കൃഷിവകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്ന ലബോറട്ടറികളിൽ സംവിധാനമൊരുക്കിയിട്ടുണ്ട്. മണ്ണ്, വിത്ത്, വളം, ജൈവ ജീവാണുവളം, രാസകീടനാശിനി, ജൈവനാശിനി എന്നിവയുടെ ഗുണനിലവാരപരിശോധനയ്ക്ക് പ്രത്യേകം ലബോറട്ടറികൾ കൃഷിവകുപ്പിനുകീഴിൽ പ്രവർത്തിക്കുന്നു.

ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ചുള്ള അവബോധം കർഷകരിൽ സൃഷ്ടിക്കാനും ഇത്തരത്തിലുള്ള മുറകൾ പ്രോത്സാഹിപ്പിക്കാനും പ്രത്യേകം കാർഷിക വിജ്ഞാനവ്യാപനം പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി കാർഷിക വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തൽ, കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിനും മികച്ച പരമ്പരാഗതവിദ്യകളും ശാസ്ത്രീയമായി തെളിയിക്കപ്പെട്ട പുതിയ സാങ്കേതികവിദ്യകളും ഫീൽഡുതല പ്രദേശങ്ങളിലൂടെ ജനകീയമാക്കുന്നതിന് ലക്ഷ്യമിടുന്ന കൃഷിപാഠശാല, കൃഷിവകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന ഫാം ഇൻഫർമേഷൻ ബ്യൂറോ എന്ന സ്ഥാപനത്തിലൂടെ നടപ്പാക്കുന്ന കാർഷിക വിവരവും വിനിമയവും മാനവശേഷി വികസനം എന്നീ പദ്ധതികൾ ഉൾപ്പെടുന്നു.

(ബി) എല്ലാ പാടശേഖരങ്ങളിലും വിത്തിറക്കുന്നതിനുമുമ്പ് മണ്ണുപരിശോധന നടത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ?

മണ്ണ് പരിശോധനയ്ക്കുവേണ്ടി കൃഷിവകുപ്പിനുകീഴിൽ 14 ജില്ലാ മണ്ണ് പരിശോധനാ ലബോറട്ടറികളും 10 മൊബൈൽ മണ്ണ് പരിശോധനാ ലബോറട്ടറികളും ഒരു സെൻട്രൽ സോയിൽ പ്ലാന്റ് ഹെൽത്ത് സെന്ററും പ്രവർത്തിച്ചുവരുന്നു. കർഷകർക്ക് അതതു കൃഷിഭവനുകളിലോ ജില്ലാ മണ്ണ് പരിശോധന ലബോറട്ടറികളിൽ നേരിട്ടോ മണ്ണ് പരിശോധനയ്ക്കായി നൽകാവുന്നതാണ്. മൊബൈൽ മണ്ണ് പരിശോധന ലബോറട്ടറികൾ കൃഷിയിടങ്ങളിൽ നേരിട്ടെത്തി ക്യാമ്പയിൻ അടിസ്ഥാനത്തിൽ മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധനനടത്തി ഫലം നൽകിവരുന്നു.

മണ്ണിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും തദ്വാരാ കൃഷിയിടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി കർഷകർക്കും കൃഷിയിടത്തിനും പിന്തുണ

നൽകുകയെന്ന ലക്ഷ്യത്തോടെ കൃഷിവകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് 'മണ്ണിന്റേയും വേരിന്റേയും ആരോഗ്യപരിപാലനവും ഉല്പാദനക്ഷമത മെച്ചപ്പെടുത്തലും'. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വിള ഉല്പാദനത്തിനാവശ്യമായ ദ്വിതീയ സൂക്ഷ്മമൂലകങ്ങൾ മണ്ണിന്റെ പി.എച്ച്/അമ്ലത്വം പരിഹരിക്കുന്നതിനുള്ള ഗുണനിലവാരമുള്ള ഉല്പാദനോപാധികൾ എന്നിവ നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിലുൾപ്പെടുന്നു. മണ്ണ് പരിശോധന അടിസ്ഥാനമാക്കിയുള്ള വളപ്രയോഗം പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം കേരള കാർഷിക സർവ്വകലാശാലയുടെ പാക്കേജ് ഓഫ് പ്രാക്ടീസസ് ശിപാർശ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾക്കാണ് സഹായം നൽകുന്നത്.

### ഡിഗ്രി, പി.ജി. സീറ്റുകൾ വർദ്ധിപ്പിക്കുന്നതിന് നടപടി

120 (1675) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ 2021-22 അക്കാദമിക വർഷം സംസ്ഥാനത്തെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ഡിഗ്രി, പി.ജി. സീറ്റുകൾ വർദ്ധിപ്പിച്ചതുപോലെ 2022-23 അക്കാദമിക വർഷവും സീറ്റ് വർദ്ധിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ;

(ബി) ഡിഗ്രി, പി.ജി. സീറ്റുകളിലേയ്ക്ക് അപേക്ഷ നൽകി കാത്തിരിക്കുന്നവർക്ക് ഉന്നതപഠനത്തിന് അവസരം ഉറപ്പാക്കുന്നതിന് സീറ്റ് വർദ്ധിപ്പിക്കുന്ന വിഷയത്തിൽ നടപടി സ്വീകരിക്കുമോ?

(എ&ബി) സംസ്ഥാനത്തെ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകളിലേക്ക് അനുവദനീയമായ സീറ്റുകളിലേയ്ക്ക് 2022-23 അക്കാദമിക വർഷത്തേയ്ക്ക് സീറ്റ് വർദ്ധനവിന് അനുമതി നൽകിക്കൊണ്ട് 26-7-2022 ൽ സ.ഉ.(സാധാ) നമ്പർ 1147/2022/ഉ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

### മലബാർ മേഖലയിലെ ഉന്നതവിദ്യാഭ്യാസം

121 (1676) <u>ശ്രീ. കെ. പി. എ. മജീദ്</u>:
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>:
<u>ശ്രീ. മഞ്ഞളാംകുഴി അലി</u>:
<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസരംഗത്ത് മലബാർമേഖലയിൽ മതിയായ സ്ഥാപനങ്ങളില്ലായെന്നത് പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ?

മലബാർ ഉൾപ്പെടെ വിവിധമേഖലകളിൽ മതിയായ വിദ്യാഭ്യാസസ്ഥാപനങ്ങളില്ല എന്നതുസംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ പരിഷ്കരണക്കമ്മീഷൻ പരിശോധിച്ച് റിപ്പോർട്ട് നല്കിയിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചുവരുന്നു.കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിൽ മലബാർമേഖലയിൽ നിലവിൽ കണ്ണൂർ കാലിക്കറ്റ് സർവ്വകലാശാലകളുടെ കീഴിലായി പ്രവർത്തിക്കുന്ന കോളേജുകളുടെ ജില്ലതിരിച്ചുള്ള വിവരം ചുവടെചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | ഗവൺമെന്റ് കോളേജുകൾ | എയ്ഡഡ് കോളേജുകൾ | അൺഎയ്ഡഡ് കോളേജുകൾ |
|---|---|---|---|---|
| 1 | മലപ്പുറം | 9 | 20 | 57 |
| 2 | കോഴിക്കോട് | 12 | 10 | 75 |
| 3 | വയനാട് | 2 | 4 | 13 |
| 4 | കണ്ണൂർ | 5 | 11 | 13 |
| | കാസർഗോഡ് | 5 | 3 | 13 |

മലബാർ മേഖലയിൽ സാങ്കേതികവിദ്യാഭ്യാസ വകുപ്പിനുകീഴിൽ 4 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളും 12 സർക്കാർ പോളിടെക്നിക് കോളേജുകളും നിലവിലുണ്ട്. മലബാർ മേഖലയിലെ കോഴിക്കോട് ജില്ലയിലെ മുക്കം, പേരാമ്പ്ര, കണ്ണൂർ ജില്ലയിലെ നടുവിൽ, പിണറായി, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം എന്നീ സ്ഥലങ്ങളിൽ പുതിയ പോളിടെക്നിക് കോളേജുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ നടുവിൽ പോളിടെക്നിക് സ്ഥാപിക്കുന്നതിന് 2022-23 ൽ എ.ഐ.സി.ടി.ഇ. അംഗീകാരം നേടിയിട്ടുണ്ട്.

മലബാർ മേഖലയിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് കോളേജുകളിൽ ഐ.എച്ച്.ആർ.ഡി.-ക്ക് കീഴിലുള്ള 30 സ്ഥാപനങ്ങൾ ഉൾപ്പെടും.

(ബി) പ്രസ്തുതമേഖലയിൽ ഉന്നതവിദ്യാഭ്യാസ പഠനസൗകര്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

സാങ്കേതികവിദ്യാഭ്യാസ ഡയറക്ടറേറ്റിനുകീഴിൽ മലബാർ മേഖലയിൽ 4 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളും 12 സർക്കാർ പോളിടെക്നിക് കോളേജുകളും നിലവിലുണ്ട്. മലബാർമേഖലയിലെ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾക്ക് അടിസ്ഥാനസൗകര്യവികസനത്തിനായി നടപ്പുസാമ്പത്തിക വർഷം 9093.87 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

2020-21 അദ്ധ്യയനവർഷത്തിൽ ഐ.എച്ച്.ആർ.ഡി.-യിൽ വിവിധ വിഷയങ്ങളിൽ അനുവദിച്ചിട്ടുള്ള സീറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു:

കാലിക്കറ്റ് യൂണിവേഴ്സിറ്റി - 20 സീറ്റുകൾ

കണ്ണൂർ യൂണിവേഴ്സിറ്റി - 45 സീറ്റുകൾ

2021-22 അദ്ധ്യയനവർഷത്തിൽ ഐ.എച്ച്.ആർ.ഡി.-യിൽ വിവിധ വിഷയങ്ങളിൽ അനുവദിച്ച സീറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു:

കാലിക്കറ്റ് യൂണിവേഴ്സിറ്റി - 48 സീറ്റുകൾ

കണ്ണൂർ യൂണിവേഴ്സിറ്റി - 290 സീറ്റുകൾ

**അംഗീകാരമില്ലാത്ത വിദേശ യൂണിവേഴ്സിറ്റികളിൽ പഠനം**

122 (1677) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദേശപഠനത്തിനുപോകുന്ന വിദ്യാർത്ഥികൾ അംഗീകാരമില്ലാത്ത യൂണിവേഴ്സിറ്റികളിൽ എത്തിപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**യു.ജി.സി. ശമ്പള പരിഷ്കരണം**

123 (1678) ശ്രീ. എം. വിൻസെന്റ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ വകുപ്പിലെ കോളേജ് അദ്ധ്യാപകർക്ക് യു.ജി.സി. ഏഴാം ശമ്പളപരിഷ്കരണം നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിൽ നിന്ന് എത്ര രൂപയുടെ സാമ്പത്തികസഹായം അനുവദിച്ചിട്ടുണ്ട്; പ്രസ്തുത കേന്ദ്രസഹായം എന്നാണ് ലഭിച്ചത്; വ്യക്തമാക്കുമോ?

യു.ജി.സി. ഏഴാം ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട് കേന്ദ്രസഹായം അനുവദിച്ചിട്ടില്ല.

(ബി) പ്രസ്തുത സാമ്പത്തിക സഹായം ലഭിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണ്; എത്ര തുകയ്ക്കുള്ള കേന്ദ്രസഹായമാണ് ലഭിക്കാതിരുന്നത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേന്ദ്രസഹായം ലഭിക്കാതിരുന്നതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥർ ആരാണ്; ഈ വിഷയത്തിലെ ഗുരുതരമായ വീഴ്ച കണ്ടെത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ ഉത്തരവാദിത്വം ചുമത്തിയിട്ടുണ്ടോ;

(ഡി) കോടിക്കണക്കിന് രൂപയുടെ കേന്ദ്രസഹായം നഷ്ടപ്പെടുത്തിയ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ശക്തമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി-ഡി) ഏഴാം ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതുമൂലമുള്ള സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്ത് 750 കോടിയുടെ Reimbursement പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ സംസ്ഥാന സർക്കാരുകൾ സമർപ്പിച്ച മിക്ക പ്രൊപ്പോസലുകളും പൂർണ്ണമായതോ കൃത്യതയുള്ളതോ അല്ലാത്തതിനാൽ കേന്ദ്രസഹായം നൽകാൻ കഴിഞ്ഞിട്ടില്ലെന്നും കൂടാതെ 31-3-2022-നുശേഷം സമർപ്പിക്കപ്പെട്ട പ്രൊപ്പോസലുകൾ പരിഗണിച്ചിട്ടില്ലെന്നും യു.ജി.സി. ശമ്പളപരിഷ്കരണത്തിന് 50% തുക Reimburse ചെയ്യുന്ന പദ്ധതി 1-4-2022 മുതൽ നിർത്തലാക്കിയതായും കേരളമടക്കമുള്ള 22 സംസ്ഥാനങ്ങളെ കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

(ഇ) യു.ജി.സി. ഏഴാം ശമ്പളപരിഷ്കരണത്തെത്തുടർന്ന് ജനവരി 2016 മുതൽ മാർച്ച് 2019 വരെയുള്ള ശമ്പള കുടിശ്ശിക, കോളേജ് അദ്ധ്യാപകരുടെ പി.എഫ്.-ൽ ലയിപ്പിക്കുമെന്ന് സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടും ശമ്പളപരിഷ്കരണം നടപ്പിലാക്കി ഒന്നരവർഷം കഴിഞ്ഞതിനുശേഷവും പ്രസ്തുത കുടിശ്ശിക അനുവദിക്കാത്തതെന്തുകൊണ്ടാണ്; ഈ കാലയളവിലെ കുടിശ്ശിക അനുവദിച്ച് ജീവനക്കാരുടെ പി.എഫ്.-ലേയ്ക്ക് ലയിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**ഉന്നതവിദ്യാഭ്യാസമേഖല പരിഷ്കരണത്തിനുള്ള കമ്മീഷൻ റിപ്പോർട്ടുകൾ**

124 (1679) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസമേഖലയിൽ സമഗ്രപരിഷ്കാരം ലക്ഷ്യമിട്ടുള്ള കമ്മീഷൻ റിപ്പോർട്ടുകൾ ലഭ്യമായിട്ടുണ്ടോ; എങ്കിൽ അവ സമയബന്ധിതമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## കോളേജുകളുടെ അടിസ്ഥാനസൗകര്യ വികസനം

125 (1680) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഭാഗമായി കിഫ്ബി മുഖേന നാളിതുവരെ എത്ര കോളേജുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്?

സംസ്ഥാനത്തെ കോളേജുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഭാഗമായി കിഫ്ബി മുഖേന നാളിതുവരെ സർവ്വകലാശാലകൾ, പോളിടെക്നിക് കോളേജുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ, ആർട്സ് & സയൻസ് കോളേജുകൾ എന്നിവയുൾപ്പെടെ 74 സ്ഥാപനങ്ങളിലെ പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്.

(ബി) ഇതിനായി ഓരോ കോളേജിനും അനുവദിച്ച തുക എത്ര വീതമാണെന്ന് അറിയിക്കുമോ; മാറ്റി?

കിഫ്ബി മുഖേന ഓരോ കോളേജിനും അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.*

(സി) സംസ്ഥാനത്ത് എത്ര കോളേജുകളിലാണ് കിഫ്ബി മുഖേനയുള്ള പ്രസ്തുത പ്രവൃത്തികൾ ഇതിനോടകം പൂർത്തിയാക്കിയിട്ടുള്ളത്?

സംസ്ഥാനത്ത് കിഫ്ബി മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ നാളിതുവരെ 6 കോളേജുകളുടെ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ കോളേജിലും ചെലവാക്കിയിട്ടുള്ള തുക എത്ര വീതമാണെന്ന് അറിയിക്കുമോ?

കിഫ്ബി പദ്ധതിപ്രകാരം ഓരോ കോളേജിലും ചെലവാക്കിയിട്ടുള്ള തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്*.

(ഇ) സംസ്ഥാനത്തെ കോളേജുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പുതിയ പദ്ധതികൾ എന്തെങ്കിലും സർക്കാർ ആസൂത്രണം ചെയ്യുന്നുണ്ടോ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ സംസ്ഥാനത്തെ കോളേജുകളിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള മുഴുവൻ കിഫ്ബി പദ്ധതികളും അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ ഇപ്പോൾ സ്വീകരിച്ചുവരുന്നത്. കൂടാതെ പ്ലാൻ ഫണ്ട്, നോൺ പ്ലാൻ ഫണ്ട് എന്നിവ ഉപയോഗിച്ചും അടിസ്ഥാനസൗകര്യ വികസനങ്ങൾ നടത്തിവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോളേജ് അധ്യാപകരുടെ ഡി.എ.

126 (1681) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ കോളേജ് അദ്ധ്യാപകരെ സംസ്ഥാന സർക്കാരിന്റെകീഴിലുള്ള ജീവനക്കാരായാണോ അതോ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ജീവനക്കാരായാണോ പരിഗണിക്കുന്നത്;വ്യക്തമാക്കുമോ;

(ബി) കോളേജ് അദ്ധ്യാപകരുടെ ഡി.എ. കണക്കാക്കുന്നത് ഏതുപ്രകാരമാണ്; കേന്ദ്രസർക്കാർ ജീവനക്കാർക്ക് തുല്യമായാണ് കണക്കാക്കുന്നതെങ്കിൽ, കേന്ദ്ര ജീവനക്കാർക്ക് നൽകിക്കൊണ്ടിരിക്കുന്ന 34% ഡി.എ. എന്തുകൊണ്ടാണ് കോളേജ് അദ്ധ്യാപകർക്ക് നൽകാത്തത്; വ്യക്തമാക്കുമോ;

(സി) കേരള സർക്കാർ ജീവനക്കാർക്ക് നൽകിക്കൊണ്ടിരിക്കുന്ന ക്ഷാമബത്ത ഗഡുക്കളിൽ ഏതൊക്കെ കാലയളവിലെ ക്ഷാമബത്ത ഗഡുക്കളാണ് ഉന്നതവിദ്യാഭ്യാസ വകുപ്പിലെ യു.ജി.സി. കോളേജ് അദ്ധ്യാപകർക്ക് നൽകാനുള്ളത്; അത് എത്ര ശതമാനമാണ്; വിശദമാക്കുമോ;

(ഡി) കോളേജ് അദ്ധ്യാപകർക്ക് മാത്രം ഇത്തരത്തിൽ കുടിശ്ശികയായ ക്ഷാമബത്ത ഗഡുക്കൾ നൽകാതിരുന്നത് എന്തുകൊണ്ടാണ്; കുടിശ്ശികയായ ഡി.എ. ഗഡുക്കൾ ഉടൻ നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ – ഡി) വിവരം ശേഖരിച്ചുവരുന്നു.

## സർവ്വകലാശാലകളിലെ പരീക്ഷാസമ്പ്രദായം പരിഷ്കരിക്കുന്നതിന് നടപടി

127 (1682) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിലെ പരീക്ഷാസമ്പ്രദായം സമഗ്രമായി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉണ്ട്. സർവ്വകലാശാലകളിലെ പരീക്ഷാസമ്പ്രദായം സമഗ്രമായി പരിഷ്കരിക്കുന്നതിന് ഡോ. സി. റ്റി. അരവിന്ദ് കുമാർ ചെയർമാനായി ഒരു കമ്മീഷനെ സർക്കാർ നിയമിച്ചിട്ടുണ്ട്.

(ബി) ഉന്നതവിദ്യാഭ്യാസമേഖലയിലെ പരീക്ഷാപരിഷ്കരണം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പ്രസ്തുത കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലെയും പരീക്ഷകളും ഫലപ്രഖ്യാപനങ്ങളും സമയബന്ധിതമായി നടത്തുന്നതിനായി നടപടി സ്വീകരിക്കാമോ?

ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായിവരുന്ന സർവ്വകലാശാലകളിലെ പരീക്ഷകളും ഫലപ്രഖ്യാപനങ്ങളും സമയബന്ധിതമായി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**വിദ്യാഭ്യാസപരിഷ്കരണ കമ്മീഷനുകൾ**

128 (1683) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെയും ഉന്നത വിദ്യാഭ്യാസരംഗത്തെയും അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ട ശിപാർശകൾ സമർപ്പിക്കുന്നതിനായി നിയമിച്ച ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, പരീക്ഷാ പരിഷ്കരണ കമ്മീഷൻ, സർവ്വകലാശാല നിയമപരിഷ്കാര കമ്മീഷൻ എന്നിവ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടുകളിലെ മുഖ്യശിപാർശകൾ വെളിപ്പെടുത്താമോ; റിപ്പോർട്ടുകളിന്മേലുള്ള തുടർനടപടിക്കായി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത റിപ്പോർട്ടുകളിലെ മുഖ്യശിപാർശകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

റിപ്പോർട്ടുകളിന്മേലുള്ള ശിപാർശകൾ പരിശോധിച്ച് നടപ്പിലാക്കുന്നതിനായി ഒരു സെൽ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും കോളേജുകളുടെയും ഗുണനിലവാരം പരിശോധിച്ച് അവയെ ഉൽകൃഷ്ടസ്ഥാപനങ്ങളാക്കി ഉയർത്തുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും കോളേജുകളുടെയും ഗുണനിലവാരം പരിശോധിച്ച് അവയെ ഉൽകൃഷ്ട സ്ഥാപനങ്ങളാക്കി ഉയർത്തുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ചില പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു:

1. സാക്ക് (SAAC - State Assessment & Accreditation Centre):- സംസ്ഥാനത്തെ സർവ്വകലാശാലകളെയും കോളേജുകളെയും ഔപചാരികമായി വിലയിരുത്തുകയെന്ന ലക്ഷ്യത്തോടെ ഉന്നതവിദ്യാഭ്യാസ കൗൺസിലിനുകീഴിൽ അസ്സസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകളും സർക്കാർ- എയ്ഡഡ് കോളേജുകളും സ്വയംഭരണ കോളേജുകളും സ്വാശ്രയ കോളേജുകളും SAAC-ന്റെ അവലോകന പരിധിയിൽവരും. NAAC-ൽ വിഭാവനം ചെയ്തിട്ടുള്ള 5 core values-നുപുറമേ Social Inclusiveness (Inclusive Education), Equity and Excellence, Scientific temper and secular outlook എന്നീ 3 core values കൂടി സ്ഥാപനങ്ങളെ State specific ആയി വിലയിരുത്തുന്നതിന് സ്വീകരിക്കാനാണുദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ജില്ലാടിസ്ഥാനത്തിൽ കോളേജുകൾക്ക് ഓറിയന്റേഷൻ പ്രോഗ്രാമുകൾ സംഘടിപ്പിച്ചുവരുന്നു.

2. കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (Kerala Institutional Ranking Framework) (KIRF):- സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്കുചെയ്യുന്ന കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (Kerala Institutional Ranking Framework) - (KIRF) പ്രാവർത്തികമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ കടന്നുവരുന്ന വിദ്യാർത്ഥികൾക്ക് ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കാൻ സഹായിക്കും. മാത്രമല്ല; നമ്മുടെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ദേശീയവും അന്തർദ്ദേശീയവുമായ റാങ്കിംഗ് മെച്ചപ്പെടുത്തുന്നതിന് ഇത് സഹായകരമായിരിക്കും. പ്രൊഫ. ഗംഗൻ പ്രതാപിന്റെ നേതൃത്വത്തിൽ ഇതുമായി ബന്ധപ്പെട്ട് ഒരു Oversight Committee രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

3. സെന്റേഴ്സ് ഓഫ് എക്സലൻസ്:- സർവ്വകലാശാലകൾക്കുള്ളിൽ സെന്റേഴ്സ് ഓഫ് എക്സലൻസ് സ്ഥാപിക്കുന്ന പദ്ധതി. ചുവടെപ്പറയുന്ന സെന്റേഴ്സ് ഓഫ് എക്സലൻസ് - നുള്ള നടപടികൾ പുരോഗമിക്കുന്നു:

1. കണ്ണൂർ ഇരിട്ടിയിലെ സെന്റർ ഓഫ് എക്സലൻസ് ഇൻ ആയുർവേദിക് റിസർച്ച്, മാനുസ്ക്രിപ്റ്റ് മ്യൂസിയം, മെഡിസിനൽ പ്ലാന്റ്സ് ഗാർഡൻ.
2. സെന്റർ ഓഫ് എക്സലൻസ് ആയി സ്കൂൾ ഓഫ് മാത്തമാറ്റിക്സ്, കോഴിക്കോട്.
3. കേരള സർവ്വകലാശാല ക്യാമ്പസിൽ താണു പത്മനാഭൻ സെന്റർ ഓഫ് എക്സലൻസ് ഇൻ അസ്ട്രോണമി ആന്റ് ആസ്ട്രോഫിസിക്സ്.
4. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂറോഡീജനറേഷൻ ആന്റ് ബ്രെയിൻ ഹെൽത്ത്.
5. വയനാട് കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് സർവ്വകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ വൺ ഹെൽത്ത്, വെസ്റ്റേൺഘട്ട്സ് ബയോഡൈവേഴ്സിറ്റി, ഹ്യൂമൺ-വൈൽഡ് ലൈഫ് ഇന്റർഫേസ് ആന്റ് സൂവോനോട്ടിക് ഡിസീസസ്സ്.
6. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി.

4.ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ:- ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗവേഷണ കണ്ടെത്തലുകൾ നാടിന്റെ ഉല്പാദനമേഖലയ്ക്ക് ഗുണകരമാകുന്നതരത്തിൽ ഉപയോഗിക്കപ്പെടണം. അക്കാദമിക് വൃത്തത്തിൽ ചുരുങ്ങിനിൽക്കാതെ പ്രായോഗികജീവിതത്തിന് ഗുണപ്പെടുന്നതരത്തിൽ ഉന്നതവിദ്യാഭ്യാസമേഖല മാറണം. അതിനായി ട്രാൻസ്ലേഷണൽ ലാബുകളും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന ഇൻകുബേഷൻ കേന്ദ്രങ്ങളും കൂടുതൽ ആരംഭിക്കണം. വിജ്ഞാന സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുവാനും അതുവഴി സംസ്ഥാനത്തിന്റെ മൂല്യവർദ്ധിത ഉല്പാദനവും ആഭ്യന്തരവരുമാനവും വർദ്ധിപ്പിക്കുവാനും കഴിയണം.

ഇതിനുതകുന്നരീതിയിൽ കേരളത്തിലെ സർവ്വകലാശാല ക്യാമ്പസ്സുകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## ഉന്നത വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ

129 (1684) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉന്നതവിദ്യാഭ്യാസമേഖലയിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മുൻസർക്കാരും (2016-21) നിലവിലുള്ള സർക്കാരും നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ?

ഉന്നതവിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ വകുപ്പിലും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, തൃശ്ശൂർ ലോ കോളേജുകളിലും ഐ.എച്ച്.ആർ.ഡി.-യിലും നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കൂടാതെ, കണ്ണൂർ സർവ്വകലാശാലയിൽ ഭൂമി ഏറ്റെടുക്കൽ, കമ്പ്യൂട്ടർ പർച്ചേസ്, ഫർണിച്ചർ പർച്ചേസ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

28-4-2020-ലെ G.O.(MS)No.159/2020/ HEDN നമ്പർ സർക്കാർ ഉത്തരവുപ്രകാരം 'കേരള സർവ്വകലാശാലയെ മികവിന്റെ കേന്ദ്രമാക്കുക' എന്ന പദ്ധതിക്ക് 150 കോടി രൂപയുടെ ഭരണാനുമതി നൽകുകയും രണ്ടുഘട്ടമായി 75 കോടി രൂപ വീതം റിലീസ് ചെയ്യാൻ തീരുമാനമാകുകയും ചെയ്തു. തുടർന്ന് 23-10-2020-ൽ Detailed Project Report കിഫ്ബി പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി Laboratory Equipment -കൾ വാങ്ങുന്നതിന് നടപടി പുരോഗമിച്ചുവരുന്നു.

എ. പി. ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയിൽ അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട് മുൻസർക്കാരിന്റെ കാലത്ത് സാങ്കേതിക സർവ്വകലാശാലയുടെ ക്യാമ്പസ് പദ്ധതി ഉദ്ഘാടനം ചെയ്തു. സാങ്കേതിക സർവ്വകലാശാലയ്ക്കാവശ്യമായ 50 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ ഹോസ്റ്റൽ, അക്കാദമിക് ബ്ലോക്ക്, ഭരണവിഭാഗകെട്ടിടം എന്നിവ നവീകരിക്കുകയും സ്മാർട്ട് ക്ലാസ് സജ്ജമാക്കുകയും റെക്കോർഡിംഗ് സ്റ്റുഡിയോ, സോളാർ പവർ പ്ലാന്റ് എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മലയാളം സർവ്വകലാശാലയിൽ ഓഫീസുകൾ, ലൈബ്രറി, ക്ലാസ് മുറികൾ എന്നിവയുടെ ഡിജിറ്റൈസേഷനും സർവ്വകലാശാലയ്ക്കാവശ്യമായ കെട്ടിടങ്ങളുടെയും ക്ലാസ് മുറികളുടെയും നിർമ്മാണം, മലയാളം ശ്രേഷ്ഠഭാഷാ മികവു കേന്ദ്രത്തിനുള്ള സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാനവികസനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തിവരുന്നുണ്ട്.

കേരള സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷന്റെ കീഴിൽ കേരളാ സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമി, കല്ല്യാശ്ശേരിയിൽ ഒരു ഡിജിറ്റൽ ലൈബ്രറിയും ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽനിന്നും 60.00 ലക്ഷം രൂപ ചെലവിൽ തിരുവനന്തപുരത്തെ വിദഗ്ദ്ധ അദ്ധ്യാപകരുടെ ക്ലാസ്സുകൾ ലഭിക്കുന്നതിനാവശ്യമായ വെർച്വൽ ക്ലാസ് മുറിയും സജ്ജീകരിച്ചിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച് പൊന്നാനിക്കുവേണ്ടി സ്ഥിരം കെട്ടിടനിർമ്മാണം പൂർത്തിയാക്കി. രണ്ടാംനിലയുടെ നിർമ്മാണത്തിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിവരുന്നു. കൊല്ലം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരളയിലെ കെട്ടിടസമുച്ചയത്തിന്റെ മൂന്നാംഘട്ട കെട്ടിടനിർമ്മാണം അവസാനഘട്ടത്തിലാണ്. തിരുവനന്തപുരം കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമി കെട്ടിടത്തിൽ അഡ്മിനിസ്ട്രേറ്റീവ് വിഭാഗവും വെർച്വൽ ക്ലാസ് റൂമുകളും കോൺഫറൻസ് ഹാളും സജ്ജീകരിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പുതിയ പരീക്ഷാഭവൻ കെട്ടിടത്തിൽ അധികനിലകളുടെ നിർമ്മാണം, കൺവെർജൻസ് അക്കാദമിക കോംപ്ലക്സ് നിർമ്മാണം, പി.ജി.ലാബ് നിർമ്മാണം, പുതിയ പരീക്ഷാഭവൻ കെട്ടിടത്തിൽ ആധുനിക റെക്കോർഡ് റൂം സജ്ജീകരിക്കൽ, DASTP (Directorate for Applied Short Term Programme) വിദ്യാർത്ഥി സേവനങ്ങൾക്കായുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കൽ, സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിന് പഠനാവശ്യത്തിനനുസൃതമായ കെട്ടിടത്തിന്റെ നിർമ്മാണം എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ SWAYAM ലാബ് നിർമ്മാണം, സ്കൂൾ ഓഫ് ലെറ്റേഴ്സിൽ Library cum Cultural Complex, K.N. Raj സെന്ററിൽ Economics and Learning Lab, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ Artificial Intelligence and Deep Learning Lab, സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ Laboratory facility for Department of Geology, SPESS (School of Physical Education & Sports Sciences)-ൽ Sports Hub വികസനം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയുടെ മറൈൻ സയൻസ് ക്യാമ്പസിലെ ആധുനിക അക്കാദമിക് കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി. കൂടാതെ ക്യാമ്പസിലെ പുതിയ അക്കാദമിക് ബിൽഡിംഗ്, സർവ്വകലാശാല എഞ്ചിനീയറിംഗ് വിഭാഗത്തിനുള്ള കെട്ടിടം എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. അതുകൂടാതെ ഇന്റർനാഷണൽ ഗസ്റ്റ് ഹൗസ്, സ്വിമ്മിംഗ് പൂൾ, സോളാർ പവർ പ്ലാന്റ് എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

**ഏൺ വൈൽ യു ലേൺ പദ്ധതിയുടെ പുരോഗതി**

130 (1685) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉന്നതവിദ്യാഭ്യാസ മേഖലയിൽ ആരംഭിച്ചിട്ടുള്ള പരിഷ്കാരങ്ങളുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിൽ നൈപുണ്യവും വരുമാനസാധ്യതയും ലക്ഷ്യം വച്ചുകൊണ്ടുള്ള ഏൺ വൈൽ യു ലേൺ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

പഠനത്തോടൊപ്പം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും അതിലൂടെ വിദ്യാർത്ഥികൾക്ക് സമ്പാദ്യശീലം വളർത്തുകയുമെന്ന ലക്ഷ്യത്തോടെ 2021-22 സാമ്പത്തികവർഷം ആരംഭിച്ച പദ്ധതിയാണ് ഏൺ വൈൽ യു ലേൺ. പ്രസ്തുത പദ്ധതിപ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ച പ്രൊപ്പോസലുകൾ പരിശോധിച്ച് 26 കോളേജുകൾക്കായി പ്രസ്തുത സാമ്പത്തികവർഷം 1,21,80,953 രൂപ അനുവദിച്ചുനൽകിയിരുന്നു. പഠനത്തോടൊപ്പം വരുമാനമെന്ന ആശയം അടിസ്ഥാനമാക്കി സാങ്കേതികവിദ്യാഭ്യാസ വകുപ്പിനുകീഴിലെ തെരഞ്ഞെടുത്ത പോളിടെക്നിക് കോളേജുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ പ്രൊഡക്ഷൻ & ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു.

എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. നിലവിൽ 46 യൂണിറ്റുകളും 40 പ്രീ ഇൻക്യുബേഷൻ യൂണിറ്റുകളും വിവിധ സ്ഥാപനങ്ങളിലായുണ്ട്. 50-ലേറെ യൂണിറ്റുകൾ Gestation period പൂർത്തിയാക്കി. സ്ഥാപനങ്ങളോടനുബന്ധിച്ച് വ്യവസായ സംരംഭങ്ങൾ

രൂപകൽപ്പന ചെയ്യാനുദ്ദേശിക്കുന്നു. തൊഴിൽദാതാക്കളായ സാങ്കേതികവിദഗ്ദ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സാങ്കേതികവിദ്യാഭ്യാസ വകുപ്പിനുകീഴിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (ഇന്റസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭദശയിലാണ്. ഈ പദ്ധതിയും പഠനത്തോടൊപ്പം വരുമാനമെന്ന ലക്ഷ്യമിട്ടുള്ളതാണ്. ASAP-ന്റെ നേതൃത്വത്തിൽ വിവിധ പോളിടെക്നിക്കുകളിൽ ഇതുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികളും നടപ്പിലാക്കിവരുന്നു.

(ബി) ഇ.ഡബ്ല്യൂ.വൈ.എൽ. പദ്ധതിയെക്കുറിച്ച് വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും പ്രതികരണങ്ങളും അഭിപ്രായങ്ങളും ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്താമോ?

പഠനത്തോടൊപ്പം വരുമാനം ലഭിക്കുന്ന ജോലികൾ ചെയ്യാൻ താല്പര്യമുള്ളവർ അറിയിക്കണമെന്ന വകുപ്പിന്റെ നിർദ്ദേശത്തോട് വിദ്യാർത്ഥികൾ നൽകിയ പ്രതികരണത്തിന്റെ അടിസ്ഥാനത്തിലാണ് ഏൺ വൈൽ യു ലേൺ പദ്ധതിയാവിഷ്കരിച്ചത്. പദ്ധതി നടപ്പിലാക്കിയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, മറ്റു സഹകാരികൾ എന്നിവരിൽനിന്നും അഭിപ്രായങ്ങൾ ആരായുകയും പദ്ധതി നടത്തിപ്പിൽ ക്രീയാത്മകമായ നിർദ്ദേശങ്ങൾ വ്യവസായ പ്രമുഖർ, സാങ്കേതികവിദഗ്ദ്ധർ എന്നിവരിൽനിന്നും സമയാസമയങ്ങളിൽ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി) പദ്ധതി കൂടുതൽ വ്യാപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അതിനായി നടപ്പുവർഷം നീക്കിവച്ചിട്ടുള്ള തുകയുടെ വിശദാംശവും അറിയിക്കുമോ?

കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി നടപ്പ് സാമ്പത്തികവർഷം എല്ലാ കോളേജുകളിലും അടുക്കളത്തോട്ടം നിർമ്മിക്കുന്നതിനായി 10,000 രൂപ വീതം അനുവദിച്ചുനൽകിയിട്ടുണ്ട്. കൂടാതെ കോളേജുകളിൽ ഫ്രീഡം വാൾ ഏൺ വൈൽ യു ലേൺ പദ്ധതിയിലുൾപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ട്. ഏൺ വൈൽ യു ലേൺ പദ്ധതിക്കുവേണ്ടി Student Support Welfare Outreach എന്ന ശീർഷകത്തിൽ നിന്നുമാണ് തുക അനുവദിക്കുന്നത്. നടപ്പ് സാമ്പത്തികവർഷം 600 ലക്ഷം രൂപയാണ് ടി ശീർഷകത്തിൽ അനുവദിച്ചിട്ടുള്ളത്. നടപ്പുവർഷം PAT (പ്രൊഡക്ഷൻ & ട്രെയിനിംഗ്) സ്ഥാപനങ്ങൾക്കായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുതപദ്ധതിയുടെ നിലവിലുള്ള സംരംഭങ്ങൾക്കുപുറമേ വിദ്യാർത്ഥികളുടെ പഠനവിഷയവുമായി ബന്ധപ്പെട്ട സ്ഥലത്തുള്ള സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിൽ തൊഴിൽനൈപുണ്യ പരിശീലനവും പാർട്ട് ടൈം ജോലിയും നൽകാൻ കഴിഞ്ഞാൽ ഒരേസമയംതന്നെ ഉന്നതപഠനവും തൊഴിൽവൈദഗ്ദ്ധ്യവും നേടുന്നതിന് സാധിക്കുന്ന തരത്തിൽ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഏൺ വൈൽ യു ലേൺ പദ്ധതി മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കുന്നതിനാണ് വകുപ്പുദ്ദേശിച്ചിട്ടുള്ളത്. കോളേജുകൾക്കുള്ളിലുള്ള തൊഴിലുകൾ കണ്ടെത്തി അത് നിർവ്വഹിക്കുക, കോളേജുകളിൽ ഉല്പന്നങ്ങളുണ്ടാക്കി പുറത്ത് വില്പന നടത്തുക അല്ലെങ്കിൽ സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകുക. മൂന്നാം ഘട്ടത്തിലാണ് പാർട്ട്ടൈം ജോലി കണ്ടെത്തുന്നതുൾപ്പെടുത്തിയിട്ടുള്ളത്. മൂന്നാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഉന്നതവിദ്യാഭ്യാസ മേഖലയിലെ കാലാനുസൃതമാറ്റം

131 (1686) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലാനുസൃതവും ഘടനാപരവുമായ മാറ്റം അനിവാര്യമായ സാഹചര്യത്തിൽ ഉന്നതവിദ്യാഭ്യാസമേഖല മെച്ചപ്പെടുത്താൻ എന്തെല്ലാം മാറ്റങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

കാലാനുസൃതവും ഘടനാപരവുമായ മാറ്റങ്ങൾ അനിവാര്യമായ സാഹചര്യത്തിൽ ഉന്നതവിദ്യാഭ്യാസമേഖല മെച്ചപ്പെടുത്തുന്നകാര്യം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡോ. ശ്യാം ബി. മേനോൻ അദ്ധ്യക്ഷനായി ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, ഡോ. എൻ. കെ. ജയകുമാർ അദ്ധ്യക്ഷനായി നിയമപരിഷ്കരണ കമ്മീഷൻ, ഡോ. സി. റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായി പരീക്ഷാപരിഷ്കരണ കമ്മീഷൻ എന്നിങ്ങനെ മൂന്ന് കമ്മീഷനുകളെ നിയമിച്ചിരുന്നു. കമ്മീഷനുകൾ സമർപ്പിച്ച റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ചുവരുന്നു.

## സർവ്വകലാശാലകളിലെ നിയമനങ്ങൾ

132 (1687) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുവാൻ 2011-16 സർക്കാരിന്റെ കാലഘട്ടത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് പ്രകാരം കേരളത്തിലെ സർവ്വകലാശാലകളിലേയ്ക്കുള്ള അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടിട്ടുണ്ട്.

(ബി) സർവ്വകലാശാലകളിലെ അദ്ധ്യാപക നിയമനങ്ങൾ ചാൻസലർ റദ്ദുചെയ്യുന്ന സാഹചര്യത്തിൽ സർവ്വകലാശാല ക്യാമ്പസ്സുകളിലെ അദ്ധ്യാപകനിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇക്കാര്യം നിലവിൽ പരിശോധിച്ചിട്ടില്ല.

### സർവ്വകലാശാലയിലെ അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർ

133 (1688) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ സ്ഥിരം തസ്തികകളിൽ എത്ര അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്നുണ്ട്; സർവ്വകലാശാല തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സർവ്വകലാശാലകളിൽ സ്ഥിരം തസ്തികകളിൽ ജോലിചെയ്യുന്ന അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സർവ്വകലാശാല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം I-ൽ ചേർത്തിരിക്കുന്നു*.

(ബി) നിലവിൽ എത്ര അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ കരാർ/ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്; സർവ്വകലാശാല തിരിച്ച് വ്യക്തമാക്കാമോ?

കരാർ/ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സർവ്വകലാശാല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം II-ൽ ചേർത്തിരിക്കുന്നു*.

### പ്രിൻസിപ്പൽമാരുടെ ഒഴിവ്

134 (1689) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് കോളേജുകളിൽ നിലവിൽ പ്രിൻസിപ്പൽമാരുടെ എത്ര ഒഴിവുകളാണുള്ളത്; പ്രസ്തുത തസ്തികയിലെ ഒഴിവുകൾ നികത്തിയിട്ട് എത്രകാലമായി; കോളേജ് തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള ഗവൺമെന്റ് കോളേജുകളിൽ ആകെ 58 ഒഴിവുകളുണ്ട്. ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജുകളിൽ 55- ഉം ഗവൺമെന്റ് ട്രെയിനിംഗ് കോളേജുകളിൽ 2-ഉം ഗവൺമെന്റ് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിൽ ഒരു (1) ഒഴിവുമാണുള്ളത്. ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജുകളിൽ 4-8-2018 -നുശേഷവും ഗവൺമെന്റ് ട്രെയിനിംഗ് കോളേജുകളിൽ 31-5-2022 – നുശേഷവും ഗവൺമെന്റ് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിൽ 31-5-2017-നുശേഷവും ഉണ്ടായിട്ടുള്ള ഒഴിവുകൾ നികത്തിയിട്ടില്ല. കോളേജ് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം - I ആയി ചേർക്കുന്നു.*

(ബി) പ്രിൻസിപ്പൽ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

പ്രിൻസിപ്പൽ തസ്തികയുമായി ബന്ധപ്പെട്ട് യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡം ചുവടെചേർക്കുന്നു.

**യോഗ്യത**

1. Ph.D Degree.

2. Professor/Associate Professor with a total service/experience of at least fifteen years of teaching/research in Universities, Colleges and other institutions of higher education.

3. A minimum of 10 research publications in peer -reviewed or UGC listed journals.

4. A minimum of 110 Research Score as per Appendix II, Table 2. നിശ്ചിത അംഗങ്ങളുൾപ്പെടുന്ന സെലക്ഷൻ കമ്മിറ്റി തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടവരിൽനിന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗം അദ്ധ്യക്ഷനായുള്ള വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് പ്രിൻസിപ്പൽ പ്രൊമോഷന് യോഗ്യരായവരെ തെരഞ്ഞെടുക്കുന്നത്.

(സി) യോഗ്യരായവരുടെ സ്ഥാനക്കയറ്റത്തിനായി സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.* ഇവരിൽ യോഗ്യതയുള്ളവരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പ്രിൻസിപ്പൽമാരുടെ നിയമനത്തിന് കാലതാമസം നേരിടുന്നത് ഒഴിവാക്കാൻ വകുപ്പ് സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കുമോ?

വിവിധ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ പ്രിൻസിപ്പൽ തസ്തികയിൽ നിയമനം നടത്തുന്നതിന് യു.ജി.സി. മാനദണ്ഡപ്രകാരവും വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരവും യോഗ്യരായവരിൽനിന്നും സെലക്ഷൻ കമ്മിറ്റി തെരഞ്ഞെടുത്തവരെയുൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കുകയും ടി ലിസ്റ്റിലുൾപ്പെട്ടവരെ സ്ഥാനക്കയറ്റത്തിന് പരിഗണിക്കുന്നതിനും വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല.

**കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന് സ്ഥലം**

135 (1690) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിനുവേണ്ടി ജില്ലയിൽ പുതിയ സ്ഥലം കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇതുസംബന്ധിച്ച ഫയലുകളുടെ വിശദാംശം ലഭ്യമാക്കാമോ; സ്ഥലം ഏറ്റെടുക്കൽ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) (I) കൊയിലാണ്ടി താലൂക്കിൽ അത്തോളി വില്ലേജിൽ കുമുള്ളി മൊടക്കല്ലൂർ ദേശങ്ങളിലായി സർവ്വേ നമ്പർ 38/12, 40/25, 38/10,11, 39/24,25, 7/25,26, 34/21,22,23,24,28, 35/21, 37/14,15, 38/13,2, 39/26,27,41,42,44, 46/10,11,2, 43/30,31,53,54,45, 46/13,14, 47/24,25, 26/19, 49/12, 50/34,35 ഏകദേശം 41 ഏക്കർ ഭൂമി.

(II) കുന്ദമംഗലം വില്ലേജിൽ റീ-സർവ്വേ നമ്പർ 401/1 എ 2 പട്ടികയിൽപ്പെട്ട ഭൂമി.

(III) ശ്രീ. സുധീർ, പ്രേമൻ മാസ്റ്റർ, ജാവേദ് എന്നിവരുടെ ഉടമസ്ഥതയിലുള്ള ചേലാനല്ലൂർ വില്ലേജിൽ 30 ഏക്കർ ഭൂമി എന്നിവ പരിഗണനയിലുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇതിൽ കോളേജിലെ ഇൻസ്റ്റിറ്റ്യൂഷൻ ഡെവലപ്മെന്റ് കമ്മിറ്റിയംഗങ്ങൾ വിവിധസ്ഥലങ്ങൾ സന്ദർശിക്കുകയും കൊയിലാണ്ടി താലൂക്കിൽ അത്തോളി വില്ലേജിൽ കുമുള്ളി മൊടക്കല്ലൂർ ദേശങ്ങളിലായി സർവ്വേ നമ്പർ 38/12, 40/25, 38/10,11, 39/24,25, 7/25,26, 34/21,22,23,24,28, 35/21, 37/14,15, 38/13,2, 39/26,27,41,42,44, 46/10,11,2, 43/30,31,53,54,45, 46/13,14, 47/24,25, 26/19, 49/12, 50/34, 35 ഏകദേശം 41 ഏക്കർ ഭൂമി അനുയോജ്യമാണെന്ന് കണ്ടെത്തിയിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികളുമായി മുന്നോട്ടുപോകാൻ സ്ഥാപനമേധാവി ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

കോഴിക്കോട് സർക്കാർ എഞ്ചിനീയറിംഗ് കോളേജ് മാറ്റിസ്ഥാപിക്കുന്നതിന് ഈ മൂന്ന് സ്ഥലങ്ങളിൽ അനുയോജ്യമായസ്ഥലം കണ്ടെത്തുന്നത് സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

**മഞ്ചേശ്വരം ഗോവിന്ദ പൈ ഗവൺമെന്റ് കോളേജ്**

136 (1691) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ഗോവിന്ദ പൈ ഗവൺമെന്റ് കോളേജിൽ ആധുനിക രീതിയിലുള്ള ഹോസ്റ്റൽ, ലൈബ്രറി കെട്ടിടങ്ങൾ നിർമ്മിക്കുന്ന പ്രവൃത്തി നിലവിൽ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ&ബി) മഞ്ചേശ്വരം ഗവൺമെന്റ് കോളേജിൽ ബോയ്സ് ഹോസ്റ്റൽ നിർമ്മാണം പൂർത്തിയാവുകയും 2019 ജൂൺ മാസം മുതൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബോയ്സ് ഹോസ്റ്റലിനായി നിർമ്മിച്ച കെട്ടിടം താല്ക്കാലികമായി ലേഡീസ് ഹോസ്റ്റലായാണ് പ്രവർത്തിക്കുന്നത്. പെൺകുട്ടികളുടെ ഹോസ്റ്റൽ, ലൈബ്രറി കെട്ടിടം എന്നിവ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്നതിന് 5.49 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ DSR 2018-ലേയ്ക്ക് മാറിയതിനാലും GST നിരക്ക് ഉയർന്നതിനാലും 6.9 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുന്നതിലേയ്ക്കായി പദ്ധതി നിർവ്വഹണ ഏജൻസിയായ KSITIL പ്രൊപ്പോസൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## മൊകേരി ഗവൺമെന്റ് കോളേജിൽ കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കുന്നതിന് നടപടി

137 (1692) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊകേരി ഗവൺമെന്റ് കോളേജിൽ പുതുതായി ആരംഭിച്ച ബി.എ. ഇക്കണോമെട്രിക്സ് ആന്റ് ഡാറ്റാ മാനേജ്മെന്റ് കോഴ്സിന്റെ ഭാഗമായി കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി ലഭ്യമാക്കാമോ;

(ബി) ഇതിനായി സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്നറിയിക്കാമോ?

(എ & ബി) മൊകേരി ഗവൺമെന്റ് കോളേജിലെ ബി.എ. ഇക്കണോമെട്രിക്സ് & ഡാറ്റാ മാനേജ്മെന്റ് കോഴ്സിന്റെ ഭാഗമായുള്ള കമ്പ്യൂട്ടർ ലാബ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചശേഷം വർക്കിംഗ് ഗ്രൂപ്പിന്റെയും അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മഞ്ചേശ്വരം ഗോവിന്ദ പൈ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ നിലവിലുള്ള കോഴ്സുകൾ

138 (1693) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ഗോവിന്ദ പൈ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ നിലവിൽ ഏതൊക്കെ കോഴ്സുകളാണുള്ളതെന്നും ഓരോന്നിനും എത്ര സീറ്റുകളാണുള്ളതെന്നും വിശദമാക്കുമോ?

മഞ്ചേശ്വരം ഗോവിന്ദ പൈ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ നിലവിലുള്ള കോഴ്സുകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെചേർക്കുന്നു.

1. ബി.എ. കന്നട - 24 സീറ്റ്
2. ബി.ടി.ടി.എം. - 24 സീറ്റ്
3. ബി.കോം കോ-ഓപ്പറേഷൻ – 40 സീറ്റ്
4. ബി.എസ്.സി.സ്റ്റാറ്റിസ്റ്റിക്സ് - 24 സീറ്റ്
5. എം.കോം.ഫിനാൻസ് - 10 സീറ്റ്
6. എം.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ് - 12 സീറ്റ്
7. എം.ടി.ടി.എം. - 15 സീറ്റ്

(ബി) പ്രസ്തുത കോളേജിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

2022-23 അദ്ധ്യയനവർഷം പ്രസ്തുത കോളേജിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് പ്രൊപ്പോസലുകളൊന്നും സർക്കാരിന് ലഭിച്ചിട്ടില്ല.

(സി) ഉന്നതവിദ്യാഭ്യാസത്തിന് അവസരങ്ങൾ കുറവുള്ള കേരളത്തിന്റെ വടക്കേയറ്റത്ത് സ്ഥിതിചെയ്യുന്ന പ്രസ്തുത കോളേജിൽ കൂടുതൽ ഡിഗ്രി, പി. ജി. കോഴ്സുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

2022-23 അദ്ധ്യയനവർഷം സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനമായിട്ടില്ല.

### ഒറ്റപ്പാലം മണ്ഡലത്തിലെ കോളേജുകൾ

139 (1694) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിലവിലുള്ള സർക്കാർ, എയ്ഡഡ്, അറബിക് കോളേജുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളേജുകളിൽ ഏതെല്ലാം ഡിഗ്രി കോഴ്സുകളുണ്ടെന്നും എത്ര സീറ്റുകളുണ്ടെന്നും കോളേജുകൾ തിരിച്ച് വ്യക്തമാക്കുമോ?

(എ&ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിൽ രണ്ട് എയ്ഡഡ് കോളേജുകളും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ ഒരു സർക്കാർ എഞ്ചിനീയറിംഗ് കോളേജുമാണുള്ളത്. പ്രസ്തുത കോളേജുകളുടെയും അവിടെ നിലവിലുള്ള കോഴ്സുകളുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ സർക്കാർ, എയ്ഡഡ് മേഖലകളിൽ അറബിക് കോളേജുകൾ നിലവിലില്ല.

### കോടഞ്ചേരി ഗവൺമെന്റ് കോളേജിലെ കിഫ്ബി പദ്ധതി

140 (1695) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ കിഫ്ബി ധനസഹായത്തോടുകൂടി 10.83 കോടി രൂപയുടെ അടിസ്ഥാന വികസന പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ 2112 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള അക്കാഡമിക് ബ്ലോക്ക്, 512.90 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള സ്റ്റാഫ് ക്വാർട്ടേഴ്സ്, 136.87 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പ്രിൻസിപ്പൽ ക്വാർട്ടേഴ്സ്, നിലവിലുള്ള ലൈബ്രറിയുടെ നവീകരണം എന്നിവ ഉൾപ്പെടുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിക്ക് 10.83 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. 19-6-2019-ലെ സ.ഉ. (കൈ) നമ്പർ 173/2019/ ഉ.വി.വ, 30-8-2019-ലെ സ.ഉ. (കൈ) നമ്പർ 304/2019/ഉ.വി.വ. എന്നീ സർക്കാർ ഉത്തരവുകൾപ്രകാരം പ്രസ്തുത പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (DPR) സമർപ്പിച്ച് കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കുന്നതുവരെയുള്ള പ്രവർത്തനങ്ങൾക്ക് കിറ്റ്കോയെയും തുടർന്നുള്ള പദ്ധതി നിർവ്വഹണത്തിനുള്ള ഏജൻസിയായി (SPV) കേരള സ്റ്റേറ്റ് ഐ.റ്റി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (KSITIL)-നെയും ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(സി) ടി പദ്ധതിക്ക് കിഫ്ബി അംഗീകാരം ലഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ കിറ്റ്കോ വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുകയും കിഫ്ബി ആയത് പരിശോധിക്കുകയും സാങ്കേതിക അവലോകന റിപ്പോർട്ട് തയ്യാറാക്കി SPV-യുടെ അഭിപ്രായത്തിനായി നൽകുകയും ചെയ്തിട്ടുണ്ട്. ഡി.എസ്.ആർ. 2018, GRIHA 3 star standards എന്നിവ പ്രകാരമുള്ള പുതുക്കിയ ഡി.പി.ആർ. കിഫ്ബിയിൽ ലഭ്യമാകുന്നതിനുള്ള നടപടികൾ കിറ്റ്കോ സ്വീകരിച്ചുവരുന്നു.

**ഉന്നത വിദ്യാഭ്യാസ രംഗത്ത് മലബാർ മേഖലയുടെ അവസ്ഥ**

141 (1696) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസരംഗത്ത് മലബാർമേഖലയുടെ പിന്നോക്കാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

മലബാർ ഉൾപ്പെടെ വിവിധ മേഖലകളിൽ മതിയായ വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല എന്നതുസംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ പരിഷ്കരണക്കമ്മീഷൻ പരിശോധിച്ച് റിപ്പോർട്ട് നല്കിയിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചുവരുന്നു. കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിൽ മലബാർമേഖലയിൽ നിലവിൽ കണ്ണൂർ, കാലിക്കറ്റ് സർവ്വകലാശാലകളുടെ കീഴിലായി പ്രവർത്തിക്കുന്ന കോളേജുകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

മലപ്പുറം- 9 ഗവൺമെന്റ് കോളേജുകൾ, 20 എയ്ഡഡ് കോളേജുകൾ, 57 അൺ-എയ്ഡഡ് കോളേജുകൾ

കോഴിക്കോട്- 12 ഗവൺമെന്റ് കോളേജുകൾ, 10 എയ്ഡഡ് കോളേജുകൾ, 75 അൺ-എയ്ഡഡ് കോളേജുകൾ

വയനാട്- 2 ഗവൺമെന്റ് കോളേജുകൾ, 4 എയ്ഡഡ് കോളേജുകൾ, 13 അൺ-എയ്ഡഡ് കോളേജുകൾ

കണ്ണൂർ- 5 ഗവൺമെന്റ് കോളേജുകൾ, 11 എയ്ഡഡ് കോളേജുകൾ, 13 അൺ-എയ്ഡഡ് കോളേജുകൾ

കാസർഗോഡ്- 5 ഗവൺമെന്റ് കോളേജുകൾ, 3 എയ്ഡഡ് കോളേജുകൾ 13 അൺ-എയ്ഡഡ് കോളേജുകൾ.

മലബാർ മേഖലയിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ 4 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളും 12 സർക്കാർ പോളിടെക്നിക് കോളേജുകളും നിലവിലുണ്ട്. മലബാർ മേഖലയിലെ കോഴിക്കോട് ജില്ലയിലെ മുക്കം, പേരാമ്പ്ര, കണ്ണൂർ ജില്ലയിലെ നടുവിൽ, പിണറായി, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം എന്നീ സ്ഥലങ്ങളിൽ പുതിയ പോളിടെക്നിക് കോളേജുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ നടുവിൽ പോളിടെക്നിക് 2022-23-ൽ എ.ഐ.സി.ടി.ഇ. അംഗീകാരം നേടിയിട്ടുണ്ട്. മലബാർ മേഖലയിലെ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾക്ക് അടിസ്ഥാനസൗകര്യ വികസനത്തിനായി നടപ്പുസാമ്പത്തികവർഷം 9093.87 ലക്ഷം രൂപ അനുവദിച്ചിട്ടുമുണ്ട്.

മലബാർ മേഖലയിൽ പ്രവർത്തിക്കുന്ന അൺ-എയ്ഡഡ് കോളേജുകളിൽ ഐ.എച്ച്.ആർ.ഡി.-ക്ക് കീഴിലുള്ള 30 സ്ഥാപനങ്ങൾ ഉൾപ്പെടും.

(ബി) 2000-01 വർഷം കൂത്തുപറമ്പിൽ ആരംഭിച്ച കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് (ഐ.എച്ച്.ആർ.ഡി. കോളേജ്) വലിയവെളിച്ചത്ത്

സ്വന്തമായി കെട്ടിടം പണിതെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂത്തുപറമ്പ് കോളേജ് ഓഫ് അപ്ലൈഡ് സയൻസിനായി ആസ്തി വികസനഫണ്ടിൽനിന്നും തുക ചെലവഴിച്ച് നിർമ്മിച്ച കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽനിന്നും ഇതുവരെ കെട്ടിട നമ്പർ ലഭിച്ചിട്ടില്ല. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഐ.എച്ച്.ആർ.ഡി.-ക്ക് ഇല്ലെന്ന കാരണത്താലാണിത്. കെട്ടിട നമ്പർ ഇല്ലാത്തതിനാൽ വൈദ്യുതികണക്ഷനും ലഭിച്ചിട്ടില്ല. ഇക്കാരണങ്ങളാൽ പൂർത്തീകരിച്ച കെട്ടിടങ്ങളിലേയ്ക്ക് ഇതേവരെ കോളേജ് മാറ്റാൻ കഴിഞ്ഞിട്ടില്ല.

2011-ലെ സർക്കാർ ഉത്തരവ് പ്രകാരം ഐ.എച്ച്.ആർ.ഡി.-ക്ക് അനുവദിച്ച 15.83 ഏക്കർ ഭൂമിയിലാണ് പ്രസ്തുത കെട്ടിടങ്ങൾ നിർമ്മിച്ചിരിക്കുന്നത്. സർക്കാർഭൂമി ആയതിനാൽ പാട്ടക്കരാർ മതിയാകുമെന്നതിനാൽ അതിനുവേണ്ടിയുള്ള അപേക്ഷ ഐ.എച്ച്.ആർ.ഡി. സമർപ്പിച്ചിരുന്നുവെങ്കിലും നടപടിക്രമങ്ങൾ പൂർത്തിയായിരുന്നില്ല. 5 ഏക്കർ ഭൂമി ഐ.എച്ച്.ആർ.ഡി. കോളേജിന് അനുവദിക്കുവാനുള്ള നടപടികൾ പുരോഗമിക്കവേ ഐ.എച്ച്.ആർ.ഡി.-ക്ക് ആദ്യം ഭൂമി അനുവദിച്ച സർക്കാർ ഉത്തരവിനെതിരെ ഒരു സ്വകാര്യവ്യക്തി ബഹു. ഹൈക്കോടതിയിൽ ഹർജി സമർപ്പിക്കുകയുണ്ടായി. ടി ഹർജിയിൽ 14-9-2021-ലെ ഉത്തരവിലൂടെ തൽസ്ഥിതി തുടരാൻ ഹൈക്കോടതി ഉത്തരവായിരുന്നു. ഈ സാഹചര്യത്തിൽ കോളേജിന് ഭൂമി അനുവദിക്കുന്നതിനുള്ള നടപടികൾ തുടരുവാൻ സാധിച്ചില്ല. തുടർന്ന് 12-7-2022-ലെ ഉത്തരവുപ്രകാരം തൽസ്ഥിതി തുടരുകയെന്നത് ഐ.എച്ച്.ആർ.ഡി.-ക്ക് ഭൂമി അനുവദിക്കുന്നതിന് തടസ്സമാകുകയില്ലെന്ന് കോടതി ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കോളേജിനായി 5 ഏക്കർ ഭൂമി അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) പ്രസ്തുത സ്ഥാപനത്തിന് ചുറ്റുമതിൽ നിർമ്മിച്ച് സുരക്ഷ ഉറപ്പാക്കുന്നതിന് പ്രത്യേക ഫണ്ട് അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

ഐ.എച്ച്.ആർ.ഡി.-യുടെ പ്ലാൻ ഫണ്ടിൽനിന്നും 50 ലക്ഷം രൂപ ചെലവഴിച്ച് കോളേജിന് ചുറ്റുമതിൽ നിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി കൈമാറി ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കാസർഗോഡ് ജില്ലയിൽ പുതിയ കോളേജുകൾ**

142 (1697) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പുതിയ കോളേജുകൾ ആരംഭിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

കാസർഗോഡ് ജില്ലയിലെ ഭുവനേശ്വരി എഡ്യൂക്കേഷണൽ എംപ്ലോയ്മെന്റ് & ചാരിറ്റബിൾ ട്രസ്റ്റിനുകീഴിൽ ഭുവനേശ്വരി ആർട്സ് & സയൻസ് കോളേജ്, ചീമേനി എന്ന പുതിയ സ്വാശ്രയ കോളേജിന് 2022-23 അക്കാദമിക് വർഷം ആരംഭിക്കാൻ എൻ.ഒ.സി. നൽകിയിട്ടുണ്ട്.

ടി.കെ.സി. എഡ്യൂക്കേഷണൽ ട്രസ്റ്റിനുകീഴിൽ വരുന്ന വിങ്സ് ആർട്സ് & സയൻസ് കോളേജ് എന്ന പുതിയ സ്വാശ്രയ കോളേജിന് 2022-23 അക്കാദമിക് വർഷം ആരംഭിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

**പട്ടാമ്പി ഗവ. കോളേജിന് പുതിയ കെട്ടിടം**

143 (1698) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഏറ്റവും കൂടുതൽ അടിസ്ഥാനസൗകര്യങ്ങളുള്ള കോളേജായ പട്ടാമ്പി ഗവ. കോളേജിൽ പുതിയ കോഴ്സുകൾ, പുതിയ കെട്ടിടം എന്നിവ അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം പിന്നീട് പരിഗണിക്കുന്നതിനായി മാറ്റിവച്ചിരിക്കുകയാണ്. പട്ടാമ്പി സർക്കാർ കോളേജിൽ കിഫ്ബി മുഖാന്തരം കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**പെരിന്തൽമണ്ണ ഗവ. പി.ടി.എം.കോളേജിൽ ബി.എ. ഉറുദു കോഴ്സ്**

144 (1699) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ ഗവ. പി.ടി.എം. കോളേജിൽ ബി.എ. ഉറുദു കോഴ്സ് ആരംഭിക്കണമെന്ന നാട്ടുകാരുടെയും വിദ്യാർത്ഥികളുടെയും ദീർഘകാലത്തെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോളേജിൽ ബി.എ. ഉറുദു കോഴ്സ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

(എ & ബി) പെരിന്തൽമണ്ണ ഗവ. പി.ടി.എം. കോളേജിൽ ബി.എ. ഉറുദു കോഴ്സ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർവ്വകലാശാല മുഖാന്തരം ലഭ്യമായിട്ടില്ല.

## കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ

145 (1700) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ മെമ്മോറിയൽ കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ?

(എ&ബി) കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ മെമ്മോറിയൽ കോളേജിൽ 2022-23 അദ്ധ്യയനവർഷം പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ സർക്കാരിൽ ലഭിച്ചിട്ടില്ല. സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം പിന്നീട് പരിഗണിക്കുന്നതിനായി മാറ്റിവച്ചിരിക്കുകയാണ്.

## ഇടപ്പള്ളിയിലെ ഐ.എച്ച്.ആർ.ഡി. റീജിയണൽ സെന്ററിന് പുതിയ കെട്ടിടം

146 (1701) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നിയോജകമണ്ഡലത്തിലെ ഇടപ്പള്ളിയിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി. റീജിയണൽ സെന്ററിന്റെ കീഴിലുള്ള കെട്ടിടങ്ങൾ ജീർണ്ണാവസ്ഥയിൽ ആയതിനാൽ പ്രസ്തുത സെന്റർ നടത്തുന്ന കോഴ്സുകൾ പ്രതിമാസം 80,000 രൂപയോളം വാടക നൽകി വാടക കെട്ടിടങ്ങളിലാണ് നടത്തുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സ്ഥലപരിമിതിമൂലം ഐ.എച്ച്.ആർ.ഡി.-യുടെ ഇടപ്പള്ളി റീജിയണൽ സെന്ററിലെ കോഴ്സുകൾ നിലവിൽ ഐ.എച്ച്.ആർ.ഡി.-യുടെ എറണാകുളം മോഡൽ ഫിനിഷിംഗ് സ്കൂൾ പ്രവർത്തിക്കുവാൻവേണ്ടി വാടകയ്ക്കെടുത്തിരിക്കുന്ന ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയത്തിലെ മുറികളിലാണ്

നടത്തിവരുന്നത്. റീജിയണൽ സെന്ററിലെ കോഴ്സുകൾ നടത്തുന്നതിനായി പ്രത്യേകമായി വാടക നൽകുന്നില്ല.

(ബി) പ്രസ്തുത സെന്ററിന് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ഇല്ലെങ്കിൽ ഇവിടെ ആധുനികരീതിയിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും കോഴ്സുകൾ നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ആവശ്യമായ തുക അനുവദിക്കുന്നതിനും പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(ബി&സി) ഐ.എച്ച്.ആർ.ഡി.-യിൽനിന്നും പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

**പുനലൂർ എസ്.എൻ. കോളേജിലെ ആശ്രിത നിയമനം**

147 (1702) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് കോളേജുകളിൽ നോൺ ടീച്ചിംഗ് സ്റ്റാഫ് മരണപ്പെട്ടാൽ അവരുടെ ആശ്രിതർക്ക് നിയമനം നൽകേണ്ടതുണ്ടോ?

എയ്ഡഡ് കോളേജുകളിൽ സർവ്വീസിലിരിക്കെ 7-10-2013-നുശേഷം മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതർക്ക് 17-2-2020-ലെ GO(P)No.10/ 2020/HEDN നമ്പർ ഉത്തരവ് പ്രകാരം ആശ്രിത നിയമനം നൽകിവരുന്നുണ്ട്.

(ബി) എങ്കിൽ എത്ര കാലത്തിനുള്ളിൽ പ്രസ്തുത നിയമനം നടത്തണമെന്ന് വ്യക്തമാക്കാമോ?

7-2-2020-ലെ G.O.(P)No.10/2020/HEDN നമ്പർ ഉത്തരവ് പ്രകാരം ജീവനക്കാരൻ/ജീവനക്കാരി മരണപ്പെട്ടാൽ ആശ്രിതനിയമനത്തിനായുള്ള അപേക്ഷ 2 വർഷത്തിനകം സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ആശ്രിതൻ മൈനറാണെങ്കിൽ പ്രായപൂർത്തിയായിട്ട് 3 വർഷത്തിനകം അപേക്ഷ സമർപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിയമനം നൽകുന്നതിനായി കാലപരിധിയൊന്നും നിഷ്കർഷിച്ചിട്ടില്ല.

(സി) പുനലൂർ എസ്.എൻ. കോളേജ് ലാബ് അസിസ്റ്റന്റ് ആയിരുന്ന സുപ്രിയന്റെ മരണത്തെത്തുടർന്ന് ടിയാന്റെ ഭാര്യക്ക് നിയമനം (ഫയൽ നമ്പർ.ഇ 2/24617/2019) നൽകാൻ സർക്കാരിൽനിന്നും മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ നിയമനം ആയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത നിയമനം നൽകുന്നതിന് സഹായകരമായ തുടർനടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി&ഡി) ഉണ്ട്. ആശ്രിത നിയമനത്തിനുള്ള അപേക്ഷ മാനേജർ മുഖേന നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. പുനലൂർ എസ്.എൻ. കോളേജിൽ ലാബ് അസിസ്റ്റന്റായിരിക്കെ മരണമടഞ്ഞ സുപ്രിയന്റെ ഭാര്യയായ ശ്രീമതി ദീപയ്ക്ക് 17-2-2020-ലെ G.O.(P)No.10/2020/HEDN സർക്കാർ ഉത്തരവ് പ്രകാരം ആശ്രിത നിയമനത്തിനുള്ള അർഹതയുള്ളപക്ഷം ആയത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി അപേക്ഷ ലഭ്യമായാലുടൻതന്നെ നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്.

**പെൻഷൻ അനുവദിക്കുന്നതിന് നടപടി**

148 (1703) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിൽ 11-9-1968 മുതൽ 28-2-1979-വരെ അദ്ധ്യാപകനായി ജോലി ചെയ്തിരുന്ന സെയിദ് അബൂബക്കർ പൂക്കോയ തങ്ങൾക്ക് പെൻഷൻ ലഭിക്കുന്നത് സംബന്ധിച്ച് നൽകിയ നിവേദനത്തിന്മേൽ ഡി.റ്റി.ഇ.-യിൽനിന്നും (എൽ 2/15973/2020/ഡി.റ്റി.ഇ.) കൊല്ലം ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജ് അധികൃതരോട് ആവശ്യപ്പെട്ട റിപ്പോർട്ട് ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്മേൽ ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റ് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) അപേക്ഷകന് പെൻഷൻ ലഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

(എ-സി) കൊല്ലം ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജ് അധികൃതരോട് ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായും ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിൽ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## കേരള ചരിത്ര ഗവേഷണ കൗൺസിൽ കൈവരിച്ച നേട്ടങ്ങൾ

149 (1704) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലുൾപ്പെട്ട പദ്ധതികളിൽനിന്നും കേരള ചരിത്ര ഗവേഷണ കൗൺസിൽ ഏറ്റെടുത്ത പ്രധാന സംരംഭങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച് പദ്ധതി പ്രകാരം പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ കേരള ചരിത്ര ഗവേഷണ കൗൺസിൽ ഏറ്റെടുത്ത പ്രധാന സംരംഭങ്ങൾ ചുവടെ ചേർക്കുന്നു.

1. സെമിനാർ, വർക്ക്ഷോപ്പുകൾ, പബ്ലിക് ലെക്ചർ തുടങ്ങിയ അക്കാദമിക പരിപാടികൾ സംഘടിപ്പിക്കുന്നതിന് മറ്റ് സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുക.

2. കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ചിന്റെ വിവിധ ഗവേഷണ ഫെലോഷിപ്പുകളും ഇന്റേൺഷിപ്പും.

3. മറ്റു സംരംഭങ്ങൾ

I. ഡിജിറ്റൈസിംഗ് കേരള പാസ്റ്റ്.

II. കൺസെർവിംഗ് ദ ഹിസ്റ്റോറിക്കൽ.

III. ഹെറിറ്റേജ് ഓഫ് കേരള

IV. ലൈബ്രറി റിസോഴ്സുകളുടെ സമ്പുഷ്ടീകരണം.

V. പ്രസിദ്ധീകരണങ്ങൾ.

VI. കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച് ന്യൂസ് ലെറ്റർ/വാർഷിക റിപ്പോർട്ട്.

പട്ടണം പുരാവസ്തു ഗവേഷണവും ഗവേഷണ ക്യാമ്പസ് വികസനവും സെമിനാർ, വർക്ക് ഷോപ്പുകൾ, പബ്ലിക് ലെക്ചർ തുടങ്ങിയ അക്കാദമിക പരിപാടികൾ സംഘടിപ്പിക്കുന്നതിന് മറ്റുസ്ഥാപനങ്ങൾക്ക് ധനസഹായം നൽകുക.

(ബി) പ്രസ്തുത സംരംഭങ്ങളിൽ ഇതുവരെ കൈവരിച്ച നേട്ടങ്ങൾ വിശദീകരിക്കാമോ?

സമൂഹങ്ങളെ വിജ്ഞാന സമൂഹങ്ങളാക്കി പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനമാണ് കേരളചരിത്ര ഗവേഷണ കൗൺസിൽ. കേരളചരിത്രത്തെയും സമൂഹത്തെയും സംബന്ധിച്ചുള്ള അറിവ് ജനങ്ങളിലേയ്ക്ക് എത്തിക്കുകയും അതിലുള്ള താൽപ്പര്യം സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് കേരള ചരിത്ര ഗവേഷണ കൗൺസിലിന്റെ ഉദ്യമം. ഇത് പ്രാവർത്തികമാക്കുന്നതിനുവേണ്ടി കൗൺസിൽ സ്വയം ഗവേഷണം നടത്തുകയും (In House Research) അതോടൊപ്പം പുറമേനിന്നുള്ള അക്കാദമിക സ്ഥാപനങ്ങളെയും വ്യക്തികളെയും പിന്തുണയ്ക്കുകയും ചെയ്യുന്നു.

ഇതിന്റെ ഭാഗമായി കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച് (ഓൺഗോയിംഗ്) എന്ന പദ്ധതിയിലെ പ്രധാന സംരംഭങ്ങളിൽനിന്നും കൈവരിച്ച നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

(1) അഞ്ച് വർഷ കാലയളവിൽ വിവിധ കോളേജുകൾ, അക്കാദമിക സംഘടനകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് സെമിനാർ, വർക്ക്ഷോപ്പുകൾ, പബ്ലിക് ലെക്ചർ തുടങ്ങിയ അക്കാദമിക പരിപാടികൾ സംഘടിപ്പിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ കേരള ചരിത്ര ഗവേഷണ കൗൺസിൽ സ്വന്തംനിലയിൽ സെമിനാർ, വർക്ക്ഷോപ്പുകൾ തുടങ്ങിയവ നടത്തിയിട്ടുണ്ട്.

(2) വിവിധ ഗവേഷണ ഫെലോഷിപ്പുകളും, ഇന്റേൺഷിപ്പും

(3) ഫെലോഷിപ്പ് കാറ്റഗറിയിൽ

(1) പി.എച്ച്.ഡി. ഫെലോഷിപ്പ്

(2) തീമാറ്റിക് പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്

(3) റിവൈസ് പി.എച്ച്.ഡി. തീസിസ് ഫെലോഷിപ്പ്

(4) സ്കോളർ ഇൻ റെസിഡൻസ് ഫെലോഷിപ്പ്

(5) ഫെലോഷിപ്പ് ഫോർ ഇൻഡിപ്പെൻഡന്റ് റിസർച് (വിമെൻ)

(6) ഏർലി കരിയർ ഫെലോഷിപ്പ്

(7) ഫെലോഷിപ്പ് ഫോർ ഇൻഡിപ്പെൻഡന്റ് റിസർച്ച് (ട്രാൻസ്ജെൻഡേഴ്സ്) എന്നിവ വിവിധ ഗവേഷകർക്ക് നൽകിയിട്ടുണ്ട്. ഇതോടൊപ്പം ഗവേഷണങ്ങൾക്കായി കോൺഫറൻസ്, ലൈബ്രറി/ആർക്കൈവ്സ്/മ്യൂസിയം-വിസിറ്റ് തുടങ്ങിയവയ്ക്കുവേണ്ടി വിവിധ സ്ഥാപനങ്ങൾ

സന്ദർശിക്കുന്നതിനുള്ള ട്രാവൽ അസിസ്റ്റന്റ്സും നൽകിയിട്ടുണ്ട്. കൂടാതെ ബിരുദ/ബിരുദാനന്തര വിദ്യാർത്ഥികൾക്കായി ഇന്റേൺഷിപ്പും നൽകിയിട്ടുണ്ട്.

(4) മറ്റു സംരംഭങ്ങൾ

I. ഡിജിറ്റൈസിംഗ് കേരള പാസ്റ്റ്;

വിവിധ തരത്തിലുള്ള അക്കാദമിക സ്രോതസ്സുകളെ ഡിജിറ്റൈസ് ചെയ്യുകയും അവ പൊതുസമൂഹത്തിന് ഉപയോഗിക്കത്തക്കവിധത്തിൽ ലഭ്യമാക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ വിവിധ സ്രോതസ്സുകൾ ഡിജിറ്റൈസ് ചെയ്യുകയും അവ കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച് വെബ്സൈറ്റിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. അവ പൂർത്തിയായിവരുന്നു. മേൽപ്പറഞ്ഞ സ്രോതസ്സുകളിൽ തെരഞ്ഞെടുത്തവ പൊതുജനങ്ങളുടെ സഹകരണത്തോടെ ട്രാൻസ്ക്രൈബ് ചെയ്യുന്ന നടപടികളും പുരോഗമിക്കുന്നു.

II. കൺസെർവിംഗ് ദ ഹിസ്റ്റോറിക്കൽ ഹെറിറ്റേജ് ഓഫ് കേരള;

ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ നശിച്ചുകൊണ്ടിരിക്കുന്ന വിവിധ ടാൻജിബിൾ (Tangible), ഇൻടാൻജിബിൾ റിസോഴ്സസ് (Intangible Resources)-കൾ ഡോക്യുമെന്റ് ചെയ്യുകയും സംരക്ഷിക്കുകയും ചെയ്യുന്നു. ഇതിന്റെ നടത്തിപ്പിനുവേണ്ടി കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച് സ്വന്തംനിലയിൽ നടത്തുന്നതും ധനസഹായം നൽകി നടത്തിവരുന്നതുമായ വിവിധ പ്രോജക്ടുകൾ ചുവടെ ചേർക്കുന്നു.

1. ആർക്കൈവ്സ് ഓൺ ഫാമിലി ഹിസ്റ്ററീസ് ആൻഡ് ബയോഗ്രഫീസ്.

2. റൈറ്റിംഗ് ഓഫ് ലോക്കൽ ഹിസ്റ്ററി.

3. ആർക്കിയോളജിക്കൽ എക്സ്പ്ലൊറേഷൻസ് ആൻഡ് സർവേയ്സ്.

4. ഹിസ്റ്ററി ഓഫ് എഡ്യൂക്കേഷൻ ആൻഡ് ഡിജിറ്റൽ ഡോക്യുമെന്ററീസ് ഓഫ് സെന്റിനറി സ്കൂൾസ് ആൻഡ് ഓൾഡ് കോളേജസ്.

5. ഫണ്ട് ടു എൻഹാൻസ് ലൈബ്രറി കളക്ഷൻ ഓൺ ബുക്സ് ആൻഡ് മെറ്റീരിയൽസ് ഇൻ ഹിസ്റ്ററി ആൻഡ് റിലേറ്റഡ് ഫീൽഡ്സ് ഓഫ് റിസർച്ച്.

6. ഫിനാൻഷ്യൽ അസിസ്റ്റൻസ് ടു ക്യാരി ഔട്ട് സ്റ്റഡീസ് ഇൻ ഹിസ്റ്ററി ആൻഡ് അലൈഡ് സബ്ജക്ട്സ്.

7. കണ്ടംപററി ഹിസ്റ്ററി ആർക്കൈവ്സ് ഓഫ് കേരള.

8. ഓറൽ ഹിസ്റ്ററി.

9. കംപാരറ്റീവ് സ്റ്റഡി ഓഫ് ഇൻഡ്യൻ ഓഷൻ സ്ലേവറി.

10. പോസ്റ്റ് കൊളോണിയൽ സ്റ്റഡീസ് പ്രോജക്ട്സ്.

11. വിഷ്വൽ/സോണിക് കൾചർ ആർക്കൈവ്സ്.

12. ഹിസ്റ്ററി ഓഫ് മൈഗ്രേഷൻസ് ആൻഡ് മൈഗ്രന്റ് കമ്യൂണിറ്റീസ്.

13. ഡോക്യുമെന്റേഷൻ ഓഫ് ദ ബുദ്ധിസ്റ്റ് ആൻഡ് ജൈൻവെസ്റ്റീജസ് ഇൻ കേരള.

14. ഹിസ്റ്റോറിക്കൽ - ആർക്കിയോളജിക്കൽ ആർക്കൈവൽ ഹെറിറ്റേജ് അറ്റ്ലസ് ഓഫ് കേരള.

III. ലൈബ്രറി റിസോഴ്സുകളുടെ സമ്പുഷ്ടീകരണം;

ഈ പദ്ധതിയുടെ ഭാഗമായി നിലവിൽ പതിമൂവായിരത്തോളം പുസ്തകങ്ങളും എഴുപതോളം ജേർണലുകളും വിവിധ മാഗസിനുകളും കൂടാതെ ജെ.എസ്.ടി.ഒ.ആർ. എംപയർ ഓൺലൈൻ തുടങ്ങിയ ഓൺലൈൻ സ്രോതസ്സുകളും അടങ്ങിയ കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച്, റിസർച്ച് റിസോഴ്സ് സെന്റർ ആൻഡ് ലൈബ്രറിയുടെ വിപുലീകരണം നടത്തി. തുടർന്നും ഈ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ചിന്റെ നോർത്ത് പറവൂർ, പട്ടണം ക്യാമ്പസിൽ പുരാവസ്തു സംബന്ധമായതും പ്രാചീനലിപി പഠന സംബന്ധമായതുമായ ലൈബ്രറി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

IV. പ്രസിദ്ധീകരണങ്ങൾ;

മോണോഗ്രാഫ്സ്, ബയോഗ്രഫീസ്, റിപ്പോർട്ട്സ് ഓഫ് ആർക്കിയോളജിക്കൽ റിസർച്ച്, വർക്കിംഗ് പേപ്പേഴ്സ്, ഒക്കേഷണൽ പേപ്പേഴ്സ്, കംപൈൽഡ് ആർട്ടിക്കിൾസ് ഓഫ് എമിനന്റ് സ്കോളേഴ്സ്, എഡിറ്റഡ് വോളിയംസ്, ഇന്റർവ്യൂസ് തുടങ്ങി വിവിധ തരത്തിലുള്ള റിസർച്ച് പ്രസിദ്ധീകരണങ്ങൾ കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച് സ്വന്തംനിലയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

V. കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച് ന്യൂസ് ലെറ്റർ, ആനുവൽ റിപ്പോർട്ട്സ്, ഡയറീസ്, കലണ്ടേഴ്സ്, ഹാൻഡ്ബുക്ക്സ് തുടങ്ങിയവ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

5) പട്ടണം പുരാവസ്തു ഗവേഷണവും ഗവേഷണ ക്യാമ്പസ് വികസനവും

കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച്, നോർത്ത് പറവൂരിലെ പട്ടണം എന്ന സ്ഥലത്ത് കഴിഞ്ഞ 9 വർഷക്കാലത്തോളം പുരാവസ്തു ഖനനം നടത്തിയിരുന്നു. ഈ ഖനനത്തിൽനിന്ന് കിട്ടിയ പുരാവസ്തുക്കൾ ഒരു സൈറ്റ് മ്യൂസിയം നിർമ്മിച്ച് അവിടെ പ്രദർശിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയുള്ള പ്രവൃത്തികൾ നടത്തിവരുന്നു. മുസിരീസ് ഹെറിറ്റേജ് പ്രോജക്ടുമായി ചേർന്ന് ഇതിന്റെ കെട്ടിടനിർമ്മാണം പൂർത്തിയായിവരുന്നു. കൂടാതെ ഇവിടെനിന്നുകിട്ടിയ പുരാവസ്തുക്കളെപ്പറ്റിയുള്ള പഠനങ്ങളും നടത്തിവരുന്നു. ഇതിനുപുറമെ ഈ പുരാവസ്തുക്കൾ മറ്റു ഗവേഷകർക്കും പഠനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ഇതിനുവേണ്ടി ഒരു ആർക്കിയോളജിക്കൽ റെപ്പോസിറ്ററി പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഈ പ്രവൃത്തികൾക്കുടാതെ പട്ടണം ക്യാമ്പസിൽ സ്കൂൾ ഓഫ് എപ്പിഗ്രാഫിക്കൽ സ്റ്റഡീസ് എന്ന പേരിൽ പ്രാചീന ലിപികളെപ്പറ്റിയുള്ള ക്ലാസ്സുകൾ നടന്നുവരുന്നു. മാത്രമല്ല കോസ്മോസ് മലബാറിക്കസ് എന്ന പേരിൽ ലെയ്ഡൻ യൂണിവേഴ്സിറ്റിയുമായും നെതർലാൻഡ്സ് ആർക്കൈവ്സുമായും ചേർന്ന് പ്രാചീന ഡച്ച് ഭാഷ പഠനത്തിനുള്ള ധാരണാപത്രം ഒപ്പുവയ്ക്കുകയും അതിന്റെ തുടർപ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു.

**എൻ.ഐ.ആർ.എഫ്. റാങ്കിംഗ്**

150 (1705) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ലെയും 2022-ലെയും എൻ.ഐ.ആർ.എഫ്. റാങ്കിംഗുകളിൽ സംസ്ഥാനത്തെ ഓരോ സർവ്വകലാശാലയുടെയും സ്ഥാനം എത്രയെന്ന് വ്യക്തമാക്കാമോ?

എൻ.ഐ.ആർ.എഫ്. റാങ്കിംഗുകളിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായുള്ള സർവ്വകലാശാലകളുടെ സ്ഥാനം ചുവടെ ചേർത്തിരിക്കുന്നു:

<u>2021</u>

കേരള സർവ്വകലാശാല - 27

മഹാത്മാഗാന്ധി സർവ്വകലാശാല - 31

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല - 44

കാലിക്കറ്റ് സർവ്വകലാശാല - 60

2022

മഹാത്മാഗാന്ധി സർവ്വകലാശാല - 30

കേരള സർവ്വകലാശാല - 40

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല - 41

കാലിക്കറ്റ് സർവ്വകലാശാല - 69

(ബി) സംസ്ഥാനത്തെ സർവ്വകലാശാലകൾ മുൻവർഷത്തെ അപേക്ഷിച്ച് റാങ്കിംഗിൽ പിന്നോക്കംപോയി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വിലയിരുത്തുകയുണ്ടായോ; പരിഹാരമാർഗ്ഗങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

മഹാത്മാഗാന്ധി സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല എന്നീ സർവ്വകലാശാലകൾ റാങ്കിംഗ് മെച്ചപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും കോളേജുകളുടെയും റാങ്കിംഗും അക്രഡിറ്റേഷനും മെച്ചപ്പെടുത്തുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് അസസ്സ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ സെന്ററും (SAAC) കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്കും (KIRF) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. സർവ്വകലാശാലകളുടെ റാങ്കിംഗ് മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെപ്പറയുന്നു.

1. പുത്തൻ തലമുറ കോഴ്സുകൾ ആരംഭിച്ചു.
2. അദ്ധ്യാപക തസ്തികകളുടെ എണ്ണം വർദ്ധിപ്പിച്ചു.
3. അനുഭവസമ്പത്തും പി.എച്ച്.ഡി. യോഗ്യതയുമുള്ള അദ്ധ്യാപകരുടെ വർദ്ധന.
4. സർവ്വകലാശാലകൾക്ക് വർദ്ധിച്ച ധനസഹായം (പ്ലാൻ ആന്റ് നോൺ പ്ലാൻ)
5. സർവ്വകലാശാലകൾക്ക് ഇ-ജേർണൽ കൺസോർഷ്യം.
6. ഐ.പി.ആർ./പേറ്റന്റുകൾക്ക് പ്രോത്സാഹനം.
7. കൂടുതൽ പ്രോജക്റ്റുകൾ, ട്രാൻസ്ലേഷണൽ റിസർച്ചിന് കൂടുതൽ ധനസഹായം.

8. സർവ്വകലാശാലകളിൽ സെന്റർ ഓഫ് എക്സലൻസുകൾ

9. സർവ്വകലാശാലകൾക്ക് അക്കാദമിക്/പരീക്ഷ കലണ്ടറുകൾ

10. വർദ്ധിച്ച ഗവേഷണ സൗകര്യങ്ങൾ

11. വനിതകൾ, സാമൂഹ്യ-സാമ്പത്തിക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ, ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ ഇവർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ.

**പാലക്കാട് തോലന്നൂർ ഗവ. കോളേജ് കെട്ടിട നിർമ്മാണം**

151 (1706) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ തോലന്നൂർ ഗവ. ആർട്സ് & സയൻസ് കോളേജിന്റെ കെട്ടിടനിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളേജിനായുള്ള സ്ഥലത്തിന്റെ അളവെടുക്കുന്നതിൽ ഏതെങ്കിലും രീതിയിലുള്ള തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്ഥലം അളന്നുതിട്ടപ്പെടുത്തുന്ന പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ-സി) പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിൽ കുത്തനൂർ 1 വില്ലേജിൽ ഉൾപ്പെട്ടതും ബ്ലോക്ക് 10 റീസർവ്വേ നമ്പർ 209/2, 210 എന്നിവയിലായി സ്ഥിതിചെയ്യുന്ന 5.3052 ഹെക്ടർ ഭൂമി തോലന്നൂർ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിനായി അഡ്വാൻസ് പൊസഷൻ നൽകി 23-2-2021-ലെ ജി.ഒ. (കൈ) നമ്പർ 78/2021/റവ. പ്രകാരം സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ആയതുപ്രകാരം പ്രസ്തുത ഭൂമി സർവ്വേ നടത്തി അഡ്വാൻസ് പൊസഷൻ നൽകുന്നതിന് ആലത്തൂർ തഹസിൽദാറെ ചുമതലപ്പെടുത്തിയിരുന്നു. തഹസിൽദാർ ആദ്യഘട്ടത്തിൽ ഭൂമി സന്ദർശിച്ച് സർവ്വേ നടത്തുന്ന അവസരത്തിൽ പ്രസ്തുത ഭൂമിയിൽ ഉൾപ്പെട്ടിട്ടുള്ള ഒരു പ്രതിഷ്ഠ ഒഴിവാക്കുന്നത് സംബന്ധിച്ച് നാട്ടുകാർ ആശങ്ക അറിയിച്ചിരുന്നു. എന്നാൽ റവന്യൂ അധികാരികളും കോളേജ് അധികൃതരും ജനപ്രതിനിധികളും നാട്ടുകാരും ചേർന്ന് പ്രസ്തുത ആശങ്ക പരിഹരിക്കുകയും തഹസിൽദാരുടെ നേതൃത്വത്തിൽ സർവ്വേ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കോളേജിന് ഭൂമി വിട്ടുകിട്ടിയശേഷം പുതിയ കെട്ടിടനിർമ്മാണം ആരംഭിക്കാൻ കഴിയുന്നതാണ്.

## കാലിക്കറ്റ് സർവ്വകലാശാലയിൽ യു.ജി രണ്ടാം സെമസ്റ്റർ പരീക്ഷയുടെ മൂല്യനിർണ്ണയം

152 (1707) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിൽ ഏപ്രിൽ 2020 നടന്ന യു.ജി. രണ്ടാം സെമസ്റ്റർ പരീക്ഷയുടെ മൂല്യനിർണ്ണയം ഫാൾസ് നമ്പറിംഗ് കൂടാതെ നടത്തുന്നതിന് പരീക്ഷാ സ്ഥിരം സമിതി തീരുമാനമെടുത്തിരുന്നോ; എങ്കിൽ ഇത് പ്രസ്തുത പരീക്ഷയുടെ പരിപൂർണ്ണ ഫലപ്രസിദ്ധീകരണം വൈകിപ്പിച്ചതിന് കാരണമായതായി വിലയിരുത്തുന്നുണ്ടോ?

സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 9-9-2021-ലെ ചർച്ചയിൽനിന്ന് ഉരുത്തിരിഞ്ഞ തീരുമാനപ്രകാരം കോവിഡ് പശ്ചാത്തലത്തിൽ ഫല പ്രസിദ്ധീകരണ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി രണ്ടാം സെമസ്റ്റർ യു.ജി. ഏപ്രിൽ 2020 പരീക്ഷകളുടെയും നാല്, അഞ്ച്, ആറ് സെമസ്റ്റർ കോവിഡ് സ്പെഷ്യൽ പരീക്ഷകളുടെയും എൻ.സി.സി. കേഡറ്റുകൾക്ക് വേണ്ടിയുള്ള മൂന്നാം സെമസ്റ്റർ സ്പെഷ്യൽ പരീക്ഷകളുടേയും മൂല്യനിർണ്ണയം ഫാൾസ് നമ്പറിംഗ് കൂടാതെ നടത്താനെടുത്ത തീരുമാനം 25-9-2021-ലെ U.O.No.850/2021/PB നമ്പർ ഉത്തരവ് പ്രകാരം നടപ്പിൽ വരുത്തിയിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ ഉത്തര പേപ്പറുകൾ/മാർക്കിന്റെ വിശദാംശങ്ങൾ മൂല്യനിർണ്ണയത്തിനുശേഷം സർവ്വകലാശാലയിൽ തിരികെ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുമൂലം പ്രസ്തുത വിദ്യാർത്ഥികൾക്കായി വീണ്ടും പരീക്ഷ നടത്തുന്നതിന് കാലിക്കറ്റ് സർവ്വകലാശാല തീരുമാനമെടുത്തിട്ടുണ്ടോ; പരീക്ഷാ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സർവ്വകലാശാലയുടെ ഭാഗത്തുനിന്നുണ്ടായ പ്രസ്തുത വീഴ്ചയ്ക്ക് ഇരയാകേണ്ടിവന്ന വിദ്യാർത്ഥികൾ അനുഭവിക്കുന്ന സമയനഷ്ടം, മാനസിക പിരിമുറുക്കം, സാമ്പത്തികനഷ്ടം എന്നിവയ്ക്ക് എപ്രകാരം പരിഹാരമേകാമെന്നാണ് സർവ്വകലാശാല ലക്ഷ്യമിടുന്നത്?

(ബി&സി) മാർക്കിന്റെ വിശദാംശങ്ങൾ സർവ്വകലാശാലയിൽ ലഭ്യമാണ്. മുൻ വർഷങ്ങളിൽ ചെയ്തതുപോലെ ഉത്തര പേപ്പറുകൾ അതത് വിഷയങ്ങളുടെ ചെയർമാന്മാരുടെ ഉത്തരവാദിത്വത്തിൽ സുരക്ഷിതമായി സൂക്ഷിച്ചിട്ടുണ്ട്. ഉത്തരക്കടലാസുകൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് 2022 ജൂൺ മാസം 27, 28

തീയതികളിൽ പുനഃപരീക്ഷ നടത്തിയിട്ടുണ്ട്. ഫലപ്രഖ്യാപനം തുടർപഠനത്തെ ബാധിക്കാതെ നടത്തുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) ആയതിന് ഉത്തരവാദികളായ പരീക്ഷാസ്ഥിരം സമിതിയുൾപ്പെടെയുള്ള മുഴുവൻ ഉന്നതാധികാരികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും പുനഃപരീക്ഷ നടത്തിപ്പിനാവശ്യമായ മുഴുവൻ ചെലവുകളും വിദ്യാർത്ഥികൾക്കുള്ള നഷ്ടപരിഹാരവും ഉത്തരവാദികളിൽനിന്ന് ഈടാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

കോവിഡ് പശ്ചാത്തലത്തിൽ ഫലപ്രസിദ്ധീകരണ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി മൂല്യനിർണ്ണയം ഫാൾസ് നമ്പറിംഗ് കൂടാതെ നടത്തുവാൻ 9-9-2021-ൽ ചേർന്ന പരീക്ഷ സ്ഥിരം സമിതി എടുത്ത തീരുമാനം 25-9-2021-ലെ U.O.No.850/2021/PB നമ്പർ ഉത്തരവ് പ്രകാരം നടപ്പിൽ വരുത്തുകയാണുണ്ടായത്. ഉത്തരക്കടലാസുകൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് 2022 ജൂൺ മാസം 27, 28 തീയതികളിൽ പുനഃപരീക്ഷ നടത്തിയിട്ടുണ്ട്. ഫലപ്രഖ്യാപനം തുടർപഠനത്തെ ബാധിക്കാതെ നടത്തുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

## യു.ജി.സി. അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്കുള്ള നിയമനം

153 (1708) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി. അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് അപ്ലൈഡ് സബ്ജക്ടായ ബയോ ടെക്നോളജിക്കും പ്യൂവർ സബ്ജക്ടായ ബോട്ടണിക്കും സുവോളജിക്കും ഇക്വലൻസി കൊടുക്കാൻ ഏതെങ്കിലും തരത്തിലുള്ള തീരുമാനമുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

(എ&ബി) M.Sc. ബയോടെക്നോളജിക്ക് M.Sc. ബോട്ടണി, M.Sc. സുവോളജി എന്നീ കോഴ്സുകളോട് കേരളത്തിലെ സർവ്വകലാശാലകൾ തുല്യത അംഗീകരിച്ചിട്ടില്ല. ആയതിനാൽ, യു.ജി.സി. അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് അപ്ലൈഡ് സബ്ജക്ടായ ബയോ ടെക്നോളജിക്കും പ്യൂവർ സബ്ജക്ടായ ബോട്ടണിക്കും സുവോളജിക്കും ഇക്വലൻസി കൊടുക്കുവാൻ നിലവിൽ തീരുമാനമില്ല.

## ബിരുദ/ബിരുദാനന്തര ബിരുദ സീറ്റുകളുടെ എണ്ണം

154 (1709) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ആകെയുള്ള ബിരുദ/ബിരുദാനന്തര ബിരുദ സീറ്റുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സീറ്റുകൾ ഏതെല്ലാം കോളേജുകളിൽ ആണെന്നും ഏതെല്ലാം കോഴ്സുകളിൽ ആണെന്നും വ്യക്തമാക്കാമോ; വിശദാംശം നൽകുമോ?

(എ&ബി) വയനാട് ജില്ലയിൽ ആകെയുള്ള ബിരുദ/ബിരുദാനന്തര ബിരുദ സീറ്റുകളുടെ എണ്ണവും അവ നടത്തുന്ന കോളേജുകളുടെയും കോഴ്സുകളുടെയും വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു. *

## ഡോ. ശ്യാം ബി. മേനോൻ കമ്മീഷൻ റിപ്പോർട്ട്

155 (1710) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ പരിഷ്കരണത്തിന് സംസ്ഥാന സർക്കാർ നിയോഗിച്ച ഡോ. ശ്യാം ബി. മേനോൻ ചെയർമാനായ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ അതിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ പ്രധാന ശിപാർശകൾ അനുബന്ധമായി ചേർക്കുന്നു.*

## സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജുകളുടെ വിശദാംശങ്ങൾ

156 (1711) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജുകളുടെ/ സ്ഥാപനങ്ങളുടെ ജില്ലാടിസ്ഥാനത്തിലുള്ള പട്ടിക കോളേജുകളുടെ പേര് സഹിതം തരംതിരിച്ച് ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുബന്ധം 1 -ൽ ചേർത്തിരിക്കുന്നു.*

(ബി) കേരളത്തിലെ അദ്ധ്യാപന പരിശീലനം (ബി.എഡ്./ടി .ടി .സി./ സമാന ബിരുദ/ഡിപ്ലോമ/ സർട്ടിഫിക്കറ്റ് കോഴ്സുകൾ/മറ്റുള്ളവ) നൽകുന്ന സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജുകളുടെ/സ്ഥാപനങ്ങളുടെ ജില്ലാടിസ്ഥാനത്തിലുള്ള പട്ടിക കോളേജുകളുടെ/സ്ഥാപനങ്ങളുടെ/ സർവ്വകലാശാല വകുപ്പുകളുടെ പേര് സഹിതം തരംതിരിച്ച് ലഭ്യമാക്കാമോ?

അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു. *

ടി.ടി.സി/സമാന ബിരുദ/ഡിപ്ലോമ/സർട്ടിഫിക്കറ്റ് കോഴ്സുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) ബിരുദകോഴ്സുകൾ നടത്തുന്ന കേരളത്തിലെ സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജുകളുടെ/സ്ഥാപനങ്ങളുടെ/സർവ്വകലാശാല വകുപ്പുകളുടെ ജില്ല അടിസ്ഥാനത്തിലുള്ള പട്ടിക ഓരോ കോളേജിലുമുള്ള ബിരുദ വിഷയം, സീറ്റുകളുടെ എണ്ണം എന്നിവ സഹിതം ലഭ്യമാക്കാമോ;

(ഡി) ബിരുദാനന്തരബിരുദ കോഴ്സുകൾ നടത്തുന്ന കേരളത്തിലെ സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജുകളുടെ/സ്ഥാപനങ്ങളുടെ/സർവ്വകലാശാലാ വകുപ്പുകളുടെ ജില്ലാ അടിസ്ഥാനത്തിലുള്ള പട്ടിക ഓരോ കോളേജിലുമുള്ള ബിരുദാനന്തരബിരുദ കോഴ്സുകൾ/വിഷയം, സീറ്റുകളുടെ എണ്ണം എന്നിവ സഹിതം ലഭ്യമാക്കാമോ?

(സി &ഡി) (എ)- ൽ നൽകിയിരിക്കുന്നു.

**മണിമലയിൽ എൽ.ബി.എസ്. സെന്റർ അനുവദിക്കാൻ നടപടി**

157 (1712) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൽ.ബി.എസ്. സെന്ററിന്റെ കീഴിൽ പ്രവർത്തിച്ചു വന്നിരുന്ന ഏതെങ്കിലും സബ്സെന്റർ നിർത്തലാക്കിയിട്ടുണ്ടോ; അറിയിക്കാമോ?

ഉണ്ട്. എൽ.ബി.എസ്. സെന്ററിന്റെ കീഴിൽ പ്രവർത്തിച്ചുവന്നിരുന്ന നാദാപുരം, ഗുരുവായൂർ എന്നീ സബ്സെന്ററുകൾ നിർത്തലാക്കിയിട്ടുണ്ട്.

(ബി) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ സർക്കാരിന്റെ കീഴിൽ കമ്പ്യൂട്ടർ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലൊരു സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ പ്രവർത്തിക്കുന്നുണ്ട്.

(സി) മണ്ഡലത്തിന്റെ കിഴക്കൻ മേഖലയിൽപ്പെട്ടതും പട്ടികജാതി, പട്ടികവർഗ്ഗവിഭാഗത്തിലുള്ള വിദ്യാർത്ഥികൾ വളരെയധികം താമസിക്കുന്ന പ്രദേശവുമായ മണിമലയിൽ, എൽ.ബി.എസ്. സബ്സെന്റർ അനുവദിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ മണിമലയിൽ എൽ.ബി.എസ്.-ന്റെ ഒരു സബ് സെന്റർ തുടങ്ങുന്നത് സംബന്ധിച്ച് എൽ.ബി.എസ്. ഡയറക്ടർക്ക് ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ എൽ.ബി.എസ്.-ന്റെ ഒരു പ്രതിനിധി മൂന്ന് സ്ഥലങ്ങളിൽ നിർദ്ദേശിച്ച കെട്ടിടങ്ങൾ സന്ദർശിക്കുകയും മണിമല ഗ്രാമപഞ്ചായത്ത് കെട്ടിടം സൗജന്യമായി അനുവദിക്കുകയാണെങ്കിൽ എൽ.ബി.എസ് സബ്സെന്റർ തുടങ്ങാൻ സാധിക്കുമെന്ന് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

(ഡി) സെന്റർ പ്രവർത്തിക്കുന്നതിനാവശ്യമായ സ്ഥലവും കെട്ടിടവും സൗജന്യമായി വിട്ടുനൽകാൻ മണിമല ഗ്രാമപഞ്ചായത്ത് സന്നദ്ധമായിരിക്കുന്ന സാഹചര്യത്തിൽ പുതിയ സബ്സെന്റർ ആരംഭിക്കുന്നകാര്യം അനുഭാവപൂർവ്വം പരിഗണിക്കാമോ?

സെന്റർ പ്രവർത്തിക്കുന്നതിനായി കെട്ടിടം സൗജന്യമായി ലഭിച്ചാൽ എൽ.ബി.എസ്.-ന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

## കെ.വി.എം.എസ്. ഐ.ടി.സി.-യിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് കോഴ്സ്

158 (1713) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലെ മാത്ര കെ.വി.എം.എസ്. ഐ.ടി.സി.-യിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് കോഴ്സ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് വിദഗ്ദ്ധസംഘം സന്ദർശിക്കുകയും പരിശോധനകൾ പൂർത്തിയാക്കി അനുകൂല റിപ്പോർട്ട് ഡയറക്ടറേറ്റിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത റിപ്പോർട്ടിന്മേൽ അവിടെ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് കോഴ്സ് അനുവദിക്കുന്നതിന് ശിപാർശ നൽകിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട നിലവിലെ നടപടികളുടെ അവസ്ഥ വിശദമാക്കാമോ;

(സി) എല്ലാ ഭൗതിക സാഹചര്യങ്ങളും അദ്ധ്യാപക നിയമനങ്ങളും പൂർത്തിയാക്കിയ സാഹചര്യത്തിൽ ഈ വർഷംതന്നെ അവിടെ കെ.ജി.സി.ഇ. ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ച് അനുവദിച്ച് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ബി&സി) പുനലൂർ മണ്ഡലത്തിലെ മാത്ര കെ.വി.എം.എസ്. ഐ.ടി.സി.-യിൽ കെ.ജി.സി.ഇ. കോഴ്സായ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് (30 സീറ്റ്) പുതുതായി അനുവദിച്ചുകൊണ്ട് 23-8-2022-ലെ സ.ഉ (സാധാ) നമ്പർ 1266/2022/ ഉ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**സർക്കാർ മേഖലയിൽ പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിന് നടപടി**

159 (1714) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പോളിടെക്നിക്കുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ളത് എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട്-മുക്കം, ആലപ്പുഴ-ഹരിപ്പാട്, തിരുവനന്തപുരം-വിളപ്പിൽശാല, കണ്ണൂർ-നടുവിൽ, പിണറായി എന്നിവിടങ്ങളിൽ പുതിയ പോളിടെക്നിക് കോളേജുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നറിയിക്കാമോ?

AICTE മാനദണ്ഡപ്രകാരം പുതിയ പോളിടെക്നിക് ആരംഭിക്കുന്നതിന് പ്രാഥമികമായി നഗരമേഖലയിൽ ആണെങ്കിൽ 1.5 ഏക്കർ, ഗ്രാമീണ മേഖലയിലാണെങ്കിൽ 4 ഏക്കർ സ്ഥലം ആവശ്യമാണ്. സ്ഥാപനത്തിന് സ്വന്തം ഉടമസ്ഥതയിലുള്ള സ്ഥലവും കെട്ടിടങ്ങളും മറ്റ് അടിസ്ഥാനസൗകര്യങ്ങളും ആവശ്യമാണ്.

(സി) വാമനപുരം മണ്ഡലത്തിൽ പാലോട് കേന്ദ്രമായി പുതിയ പോളിടെക്നിക് ആരംഭിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വാമനപുരം മണ്ഡലത്തിൽ പാലോട് കേന്ദ്രമായി പുതിയ പോളിടെക്നിക് ആരംഭിക്കുന്നതിനുള്ള പ്രാഥമിക റിപ്പോർട്ട് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു. പ്രസ്തുത പോളിടെക്നിക് ആരംഭിക്കുമ്പോൾ സർക്കാരിനുണ്ടാകുന്ന സാമ്പത്തികബാധ്യത എത്രയെന്നത് ഉൾപ്പെടെയുള്ള വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പോളിടെക്നിക്കുകളിൽ സീറ്റ് വർദ്ധന**

160 (1715) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ അദ്ധ്യയന വർഷം പോളിടെക്നിക്കുകളിൽ സീറ്റ് വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഈ അദ്ധ്യയന വർഷം നിലവിൽ സീറ്റ് വർദ്ധിപ്പിച്ചിട്ടില്ല.

(ബി) കൂടുതൽ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നേടുന്നതിനായി സീറ്റ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**മുക്കത്ത് പോളിടെക്നിക്**

161 (1716) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം കേന്ദ്രമായി അനുവദിച്ച പോളിടെക്നിക് സ്ഥാപിക്കുന്നതിന് സ്വകാര്യവ്യക്തിയിൽനിന്നും സ്ഥലമേറ്റെടുക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിൽ ലഭ്യമായിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇങ്ങനെ സ്ഥലമേറ്റെടുക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

മുക്കം പോളിടെക്നിക്കിനായി സ്ഥലമേറ്റെടുക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സംബന്ധിച്ച് വ്യക്തമായ ശിപാർശ സഹിതം റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പോളിടെക്നിക് പരീക്ഷ നടത്തുന്നതിൽ വരുത്തിയ പരിഷ്കാരങ്ങൾ

162 (1717) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ പോളിടെക്നിക് ഡിപ്ലോമ പരീക്ഷ നടത്തുന്നതിൽ എന്തൊക്കെ പരിഷ്കാരങ്ങളാണ് നടപ്പിലാക്കിവരുന്നതെന്നും പ്രസ്തുത പരിഷ്കാരങ്ങൾ കാരണം വിദ്യാർത്ഥികൾക്ക് എന്തൊക്കെ ഗുണങ്ങളാണ് ഉണ്ടായതെന്നും വ്യക്തമാക്കുമോ?

പോളിടെക്‌നിക് കോളേജുകളിലെ ഡിപ്ലോമ പരീക്ഷകൾ സംബന്ധിച്ചുള്ള വിവിധ പ്രവർത്തനങ്ങൾ സുഗമമായി നിർവ്വഹിക്കുന്നതിന് sbte.kerala.gov.in എന്ന പോർട്ടൽ ക്രമീകരിച്ചിട്ടുണ്ട്. ഈ പോർട്ടൽ മുഖേന വിദ്യാർത്ഥികൾക്ക് ഓൺലൈനായി സെമസ്റ്റർ രജിസ്ട്രേഷൻ, പരീക്ഷ രജിസ്ട്രേഷൻ എന്നിവ നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാണ്. പ്രസ്തുത പോർട്ടലിൽ വിദ്യാർത്ഥികൾക്ക് വിവിധ സേവനങ്ങൾക്കുള്ള ഫീസ് ഓൺലൈനായി ഒടുക്കുന്നതിനും പരീക്ഷ സംബന്ധമായ പരാതികൾ സമർപ്പിക്കുന്നതിനുമുള്ള സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ചോദ്യപേപ്പർ വിതരണവും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. പരീക്ഷ പാസ്സായ വിദ്യാർത്ഥികൾക്ക് പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, പ്രൊവിഷണൽ ഗ്രേഡ് കാർഡ് എന്നിവയ്ക്ക് ഓൺലൈൻ ആയി അപേക്ഷിക്കുന്നതിനുള്ള സംവിധാനവും ലഭ്യമാണ്. പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, പ്രൊവിഷണൽ ഗ്രേഡ് കാർഡ് എന്നിവ വിദ്യർത്ഥികൾ അപേക്ഷിച്ചാലുടൻ പഠന സ്ഥാപനത്തിൽനിന്നുതന്നെ അതിവേഗം വിതരണം ചെയ്യുന്നതിന് കഴിയുന്നതാണ്. അസ്സൽ ഡിപ്ലോമ സർട്ടിഫിക്കറ്റ് ഗ്രേഡ് കാർഡ് എന്നിവ നേരിട്ട് വിദ്യാർത്ഥികളുടെ മേൽവിലാസത്തിൽ ലഭ്യമാക്കുന്നതിനുള്ള പരിഷ്കാരങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സമയബന്ധിതമായി പോളിടെക്നിക് പരീക്ഷകൾ നടത്തുന്നതിനും ഫലം പ്രസിദ്ധീകരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലായെങ്കിൽ ഇതുമൂലം വിദ്യാർത്ഥികൾക്കുണ്ടായ പ്രയാസങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

കോവിഡ് കാലത്ത് നടത്തേണ്ടിയിരുന്ന ഡിപ്ലോമ പരീക്ഷകൾക്ക് കാലതാമസം വന്നിട്ടുണ്ട്. എന്നിരുന്നാലും പ്രസ്തുത പരീക്ഷകൾ പൂർത്തീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(സി) സെമസ്റ്റർ പരീക്ഷകൾ യഥാസമയംതന്നെ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

അക്കാദമിക്ക് കലണ്ടർ പ്രകാരം സെമസ്റ്റർ പരീക്ഷകൾ യഥാസമയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സർക്കാർ നിയന്ത്രണത്തിലുള്ള കമ്പനികളിൽ ഇന്റേൺഷിപ്പ്**

163 (1718) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോളിടെക്നിക്കുകളിലെ വിദ്യാർത്ഥികൾ ഇന്റേൺഷിപ്പിനുവേണ്ടി കമ്പനികൾക്ക് വലിയതുക ഒടുക്കേണ്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സൗജന്യമായി അനുവദിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) സർക്കാർ നിയന്ത്രണത്തിലുള്ള കമ്പനികളിൽ ഇന്റേൺഷിപ്പ് നൽകുന്നതിനുള്ള ആലോചനയുണ്ടോ; വിശദമാക്കാമോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല,

പോളിടെക്നിക്കുകളിലെ കരിക്കുലം റിവിഷൻ 21 പ്രകാരം രണ്ടാമത്തെ സെമസ്റ്ററിനുശേഷമുള്ള ഇന്റേൺഷിപ്പ് അതത് സ്ഥാപനങ്ങളിൽത്തന്നെ നടത്താവുന്നതാണ്. നാലാമത്തെ സെമസ്റ്ററിനുശേഷമുള്ള ഇന്റേൺഷിപ്പ് സർക്കാർ നിയന്ത്രണത്തിലുള്ള കമ്പനികളിലും നടത്താവുന്നതാണ്.

**ഗവൺമെന്റ് പോളിടെക്നിക് കോളേജിന്റെ നവീകരണം**

164 (1719) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലമ്പുഴ മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന പാലക്കാട് ഗവൺമെന്റ് പോളിടെക്നിക് കോളേജിന്റെ നവീകരണത്തിന് ഉന്നതവിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; നടത്തി വരുന്ന പ്രവൃത്തികളുടെ വിശദവിവരങ്ങളും അനുവദിച്ച തുകയും അറിയിക്കാമോ?

1) ബഹു.മുഖ്യമന്ത്രിയുടെ 100 ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി പാലക്കാട് ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ സിവിൽ ബ്ലോക്ക്, ലൈബ്രറി ബ്ലോക്ക് എന്നിവ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. (സിവിൽ ബ്ലോക്ക്-165 ലക്ഷം, ലൈബ്രറി ബ്ലോക്ക്-320 ലക്ഷം)

2) ടി പോളിടെക്നിക് കോളേജിൽ പുതിയ കമ്പ്യൂട്ടർ ബ്ലോക്ക് നിർമ്മിക്കുന്നതിലേയ്ക്കായി 21-6-2021-ലെ സ.ഉ. (സാധാ)നമ്പർ 821/2021/ ഉ.വി.വ പ്രകാരം 350 ലക്ഷം രൂപയുടെ ഭരണാനുമതി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

3) ടി പോളിടെക്നിക് കോളേജിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ബ്ലോക്ക് നിർമ്മിക്കുന്നതിലേയ്ക്കായി 21-6-2018-ലെ സ.ഉ.(സാധാ) നമ്പർ 1222/2018/ ഉ.വി.വ പ്രകാരം 250 ലക്ഷം രൂപയുടെ ഭരണാനുമതി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.
ടി കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

4) 16-12-2021-ലെ ഡി4/12992/21/ഡി.ടി.ഇ നമ്പർ ഉത്തരവ് പ്രകാരം ടി പോളിടെക്നിക് കോളേജിൽ ഇന്റേണൽ റോഡ് നിർമ്മിക്കുന്നതിന്റെ ഭാഗമായി മണ്ണ് പരിശോധന നടത്തുന്നതിലേയ്ക്കായി 1,10,000 രൂപയുടെ ഭരണാനുമതി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

## തത്തുല്യമായി അംഗീകരിച്ചിട്ടുള്ള കോഴ്സുകൾ

165 (1720) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് ആന്റ് വേഡ് പ്രോസസ്സിംഗ് പരീക്ഷകൾക്ക് തത്തുല്യമായി കേരളത്തിനുപുറത്തുള്ള ഏതെല്ലാം സംസ്ഥാനങ്ങളിലെ ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് അംഗീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) കേരള പരീക്ഷാഭവൻ നടത്തുന്ന കെ.ജി.ടി.ഇ.(കോമേഴ്സ്) ഇംഗ്ലീഷ് ടൈപ്പ് റൈറ്റിംഗ് ആൻഡ് വേഡ് പ്രോസസ്സിംഗ് (ലോവർ, ഹയർ), ഇംഗ്ലീഷ് ഷോർട്ട് ഹാൻഡ് (ലോവർ, ഹയർ) എന്നിവയ്ക്ക് തത്തുല്യമായി തമിഴ്നാട് ഗവ.ടെക്നിക്കൽ എക്സാമിനേഷൻ (റ്റി.ജി.റ്റി.ഇ.) നടത്തുന്ന ടൈപ്പ്റൈറ്റിഗ് ഇംഗ്ലീഷ് (ജൂനിയർ, സീനിയർ, ഹൈസ്പീഡ്), ഷോർട്ട് ഹാൻഡ് ഇംഗ്ലീഷ് (ജൂനിയർ -80 wpm, ഇന്റർമീഡിയറ്റ് -100wpm, സീനിയർ -120wpm, ഹൈസ്പീഡ് - 150wpm, 180wpm, 200wpm,) എന്നീ പരീക്ഷകളിൽ ഏതെല്ലാമാണ് കേരള സർക്കാർ തത്തുല്യമായി അംഗീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

(എ&ബി) പത്താം ക്ലാസ്, പന്ത്രണ്ടാം ക്ലാസ് എന്നിവയുടെ ഇക്വലൻസിയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകളിന്മേൽ സിലബസ്,

കോഴ്സ് പ്രോസ്പക്ടസ്, മറ്റിതര രേഖകൾ എന്നിവ പരിശോധിച്ച് തുല്യത നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും ജി.ഒ. (ആർ.ടി.) നമ്പർ 2038/2018/പൊ.വി.വ. തീയതി 2-6-2018 പ്രകാരം എസ്.സി.ഇ.ആർ.ടി. ഡയറക്ടർ അദ്ധ്യക്ഷനായി ഇക്വലൻസി കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിദേശരാജ്യങ്ങൾ, മറ്റുസംസ്ഥാനങ്ങൾ എന്നിവിടങ്ങളിലുള്ള വിവിധ കോഴ്സുകൾ മറ്റുസാങ്കേതിക വിഷയങ്ങൾ എന്നിവയാണ് ഈ കമ്മിറ്റിയുടെ പരിഗണനയ്ക്കുവരുന്നത്. തുല്യത സംബന്ധിച്ച് ഇക്കാര്യത്തിൽ ഈ വകുപ്പിൽനിന്നും ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

**ടെയിലറിംഗ് സ്കൂളുകളിലെ ഫാഷൻ ഡിസൈനിംഗ് കോഴ്സ്**

166 (1721) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെയിലറിംഗ് സ്കൂളുകളെ ഫാഷൻ ഡിസൈനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളായി മാറ്റിയതിനാൽ ഇവിടെ വിദ്യാർത്ഥികൾക്ക് പ്രവേശനം നടത്താൻ കഴിയാത്ത അവസ്ഥ സംജാതമായിരിക്കുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള 2 ഫാഷൻ ഡിസൈനിംഗ്-കം-ഗാർമെന്റ് ടെക്നോളജി സെന്ററുകളിലും 9 തയ്യൽ ട്രെയിനിംഗ് സെന്ററുകളിലും ഒരു ക്രാഫ്റ്റ് സെന്ററിലും പ്രവേശനം നടത്തുന്നതിന് നിലവിൽ തടസ്സങ്ങളില്ല.

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ പ്രവേശനം, വിദ്യാർത്ഥികളുടെ സ്റ്റൈപന്റ് എന്നിവ ഏത് രീതിയിലാണ് നൽകുന്നത് എന്ന് വിശദമാക്കുമോ?

പ്രസ്തുത സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിനുള്ള അപേക്ഷകൾ പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസുകളിൽ സ്വീകരിച്ച് പ്രവേശനം നല്കിവരികയും പ്രവേശനം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അർഹമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ ജില്ലാതലത്തിൽ നൽകിവരികയുമാണ് ചെയ്യുന്നത്.

(സി) ഫാഷൻ ഡിസൈനിംഗിന് പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികൾക്ക് പ്രവേശനം നടത്തുവാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

പ്രവേശനം നൽകുന്നതിന് നിലവിൽ തടസ്സങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച മാർഗ്ഗരേഖ തയ്യാറാക്കുന്നതിന് സ്റ്റേറ്റ് ബോർഡ് യോഗം ചേരുന്നതിനുള്ള കാലതാമസം എന്താണ്; യോഗം ചേരാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുതയോഗം എന്നുചേരുമെന്നും ആരൊക്കെയാണ് അംഗങ്ങളെന്നും അറിയിക്കാമോ?

(ഡി&ഇ) ടി സെന്ററുകളിൽ പ്രവേശനം നേടുന്നതിനുള്ള അപേക്ഷകൾ ജില്ലയിലെ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ സ്വീകരിക്കുകയും ജില്ലാതലത്തിൽ പ്രവേശനം നൽകി നടപടികൾ സ്വീകരിച്ചുവരുകയുമാണ് ചെയ്യുന്നത്. പ്രസ്തുത വിഷയം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സ്റ്റേറ്റ് ബോർഡുമായി ബന്ധപ്പെട്ടതല്ല.

**കണക്ട് കരിയർ ടു ക്യാമ്പസ് ക്യാമ്പയിൻ**

167 (1722) ശ്രീ. സജി ചെറിയാൻ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ കാലയളവിൽത്തന്നെ വിദ്യാർത്ഥികളെ വ്യാവസായിക തൊഴിൽ മേഖലകൾ പരിചയപ്പെടുത്തി തൊഴിൽ സജ്ജരാക്കുന്നതിനായി നടത്തുന്ന കണക്ട് കരിയർ ടു ക്യാമ്പസ് ക്യാമ്പയിനിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

അഞ്ച് വർഷംകൊണ്ട് നാൽപ്പത് ലക്ഷം യുവജനങ്ങൾക്ക് പരിശീലനവും ഇരുപത് ലക്ഷം പേർക്ക് തൊഴിലും നൽകി കേരളത്തെ ഒരു നവവൈജ്ഞാനിക സമൂഹമാക്കി മാറ്റുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി കേരളത്തിലെ കലാലയങ്ങളിൽ നൈപുണ്യ വികസനത്തിന്റെ പ്രാധാന്യം ബോധവൽക്കരിക്കാനും തൊഴിൽസാധ്യത ഉറപ്പുവരുത്തുന്ന ഡി.ഡബ്ല്യു.എം.എസ്. പ്ലാറ്റ്ഫോം വിദ്യാർത്ഥികൾക്കിടയിൽ പരിചയപ്പെടുത്തുന്നതിനുമായി സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുള്ള ചുമതല (G.O. (Rt) No. 1050/2022/HEdn dated 11-7-2022 അസാപിന് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, പ്രാരംഭനടപടി എന്ന നിലയിൽ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രിൻസിപ്പാൾമാരെ സംഘടിപ്പിച്ച് പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ 2022 ആഗസ്റ്റ് 2 -ന് നടന്ന യോഗത്തിൽവച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അവതരിപ്പിക്കുകയും കണക്ട് കരിയർ ടു ക്യാമ്പസിന്റെ പ്രചാരണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചുവരികയുമാണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കോളേജുതലത്തിൽ

ആരംഭിക്കുകയും വിദ്യാഭ്യാസസ്ഥാപനങ്ങൾ ഡി.ഡബ്ല്യു.എം.എസ്.-നെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതുമാണ്.

(ബി) സംസ്ഥാനത്തും പുറത്തും തൊഴിൽ തേടുന്ന യുവതലമുറയ്ക്ക് പുത്തൻ പ്രതീക്ഷകൾ നൽകിക്കൊണ്ട് രൂപീകരിച്ചിട്ടുള്ള കെ-സ്കിൽ ക്യാമ്പയിൻ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ?

സംസ്ഥാനത്തും പുറത്തും തൊഴിൽ തേടുന്ന യുവതലമുറയ്ക്ക് പുത്തൻ പ്രതീക്ഷകൾ നൽകിക്കൊണ്ട് രൂപീകരിച്ചിട്ടുള്ള കെ-സ്കിൽ ക്യാമ്പയിൻ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ട്.

ഒരു സമഗ്ര നൈപുണ്യ വികസന പരിപ്രേക്ഷ്യത്തിൽ നടപ്പിലാക്കുന്ന കെ-സ്കിൽ ക്യാമ്പയിൻ കേരളത്തിലെ യുവതലമുറയുടെ നൈപുണ്യ വികസനത്തിന് മുതൽക്കൂട്ടാകും. പതിനഞ്ചിലധികം തൊഴിൽ മേഖലകളും നൂറിലധികം സ്കിൽ കോഴ്സുകളുമാണ് കെ-സ്കില്ലിന്റെ ഭാഗമായി അസാപ് വഴി നൽകുന്നത്. വിദ്യാർത്ഥികൾക്കും വർക്കിംഗ് പ്രൊഫഷണലുകൾക്കും ഉപയോഗപ്രദമായ രീതിയിൽ ഓൺലൈനായും ഓഫ് ലൈനായും ക്ലാസ്സുകൾ ലഭ്യമായിരിക്കും. ഇൻഡസ്ട്രി കേന്ദ്രീകൃതമായി ഡിസൈൻ ചെയ്തിരിക്കുന്ന അസാപ് കോഴ്സുകൾ തൊഴിൽ മാർക്കറ്റിലേയ്ക്ക് വിദ്യാർത്ഥികൾക്ക് വാതിൽ തുറക്കുന്നു. വിദ്യാർത്ഥികൾക്ക് പ്ലെയ്സ്മെന്റ് സഹായവും അസാപ് നൽകുന്നുണ്ട്. യുവജനങ്ങൾക്കിടയിലെ തൊഴിൽ നൈപുണ്യം വളർത്തിയെടുക്കാനും ലോകത്തെ മികച്ച സ്ഥാപനങ്ങളിൽ തൊഴിലവസരങ്ങൾ നേടാനും പ്രാപ്തരാക്കുക എന്ന മഹത്തായ ദൗത്യം ഏറ്റെടുത്ത് രണ്ടര ലക്ഷത്തിലധികം വിദ്യാർത്ഥികളെ പരിശീലിപ്പിക്കാനും കഴിഞ്ഞ ഒരു വർഷം കൊണ്ടുമാത്രം ആയിരത്തോളം ഉദ്യോഗാർത്ഥികൾക്ക് വിവിധ ബഹുരാഷ്ട്ര കമ്പനികളിലും ചെറുതും വലുതുമായ സ്ഥാപനങ്ങളിലും പ്ലെയ്സ്മെന്റ് നൽകാനും അസാപ്പിന് സാധിച്ചു.

വീബോക്സ്, സി.ഐ.ഐ.-യുടെ സഹായത്തോടുകൂടി പ്രസിദ്ധീകരിച്ച 2022-ലെ ഇന്ത്യ സ്കിൽസ് റിപ്പോർട്ടിൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ തൊഴിൽ ക്ഷമതയുള്ള മൂന്നാമത്തെ സംസ്ഥാനമായി കേരളം തെരഞ്ഞെടുക്കപ്പെട്ടിരുന്നു. പുരുഷ തൊഴിൽക്ഷമതയിൽ മൂന്നാമതും വനിതാ തൊഴിൽക്ഷമതയിൽ നാലാമതും കേരളമാണ്. തൊഴിൽക്ഷമതയുള്ള ആളുകളെ ഉൾക്കൊള്ളുന്ന ഏറ്റവും കൂടുതൽ നഗരങ്ങളുള്ളത് കേരളത്തിലാണ്.

ക്ലാസ് മുറികളിൽ ഇൻഡസ്ട്രികളിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ ഉദാഹരണങ്ങൾ ആവിഷ്കരിക്കുകയും അദ്ധ്യാപകർ വിദ്യാർത്ഥികൾക്ക് ഇൻഡസ്ട്രിയുമായി ബന്ധപ്പെട്ട വാർഷിക പ്രോജക്ടുകൾക്ക് ക്രെഡിറ്റ് നൽകുന്ന രീതി അവലംബിക്കുകയും ഇൻഡസ്ട്രി അക്രെഡിറ്റഡ് കോഴ്സുകൾ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ക്രെഡിറ്റ് സ്കോറുകൾ നൽകുന്ന സംവിധാനത്തിലേയ്ക്ക് നമ്മുടെ യൂണിവേഴ്സിറ്റികളെ മാറ്റുന്നത് പരിഗണനയിലുണ്ട്.

അസാപ്പിന്റെ കെ-സ്കിൽ ക്യാമ്പയിനിന്റെ ഭാഗമായി പതിനഞ്ചിലധികം തൊഴിൽ മേഖലകളിലായി നൂറിലധികം കോഴ്സുകളാണ് ഒരേ സമയം ലോഞ്ച് ചെയ്യപ്പെടുന്നത്. ഐ.ടി, മീഡിയ, ഹെൽത്ത് കെയർ, ലിംഗ്വിസ്റ്റിക്സ്, ബാങ്കിംഗ് തുടങ്ങിയ വിവിധ മേഖലകളിൽ ഹ്രസ്വകാല സ്കിൽ കോഴ്സുകൾ നമ്മുടെ യുവാക്കൾക്ക് മികച്ച തൊഴിലിലേയ്ക്ക് വഴികാട്ടും. ഇതിന് സഹായകമാകുന്നതാണ് ആന്വൽ ട്രെയിനിംഗ് കലണ്ടർ. നൂറിലധികം കോഴ്സുകളുടെ സംക്ഷിപ്തവിവരണവും ജോലിസാധ്യതകളും സമയക്രമവുമെല്ലാം ഒരു കുടക്കീഴിൽ ലഭ്യമാകുന്ന ഈ കലണ്ടർ വിദ്യാർത്ഥികൾക്ക് മാത്രമല്ല രക്ഷകർത്താക്കൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വർക്കിംഗ് പ്രൊഫഷണലുകൾക്കും പൊതുസമൂഹത്തിനും നൈപുണ്യ വികസനരംഗത്തെ പുത്തൻതലമുറ കോഴ്സുകൾ പരിചയപ്പെടാൻ സഹായകമാണ്.

(സി) വൈജ്ഞാനിക സമൂഹ കേന്ദ്രീകൃതമായ സമ്പദ്‍വ്യവസ്ഥ കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും അസാപ് മുഖേന നൈപുണ്യമേളകൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വൈജ്ഞാനിക സമൂഹ കേന്ദ്രീകൃതമായ സമ്പദ്‍വ്യവസ്ഥ കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി ഉദ്യോഗാർത്ഥികൾക്കിടയിൽ തൊഴിൽക്ഷമത ഉറപ്പുവരുത്തുന്നതിനായി നൈപുണ്യ വികസനത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തേണ്ടതുണ്ട്. ഇതിനായി സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും നിയമസഭാ സാമാജികന്റെ നേതൃത്വത്തിൽ പ്രാദേശിക തലത്തിൽ വിഭവസമാഹരണം നടത്തി നൈപുണ്യ മേളകൾ സംഘടിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. അതിന്റെ ഭാഗമായി നൈപുണ്യമേളയുടെ സംസ്ഥാനതല ഉദ്ഘാടനം 2022 ജൂലൈ 30-ാം തീയതി ക്രൈസ്റ്റ് കോളേജ് ഇരിങ്ങാലക്കുടയിൽവച്ച് നിർവ്വഹിക്കുകയുണ്ടായി. സമാനമാതൃകയിൽ സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും പ്രാദേശികതലത്തിൽ ധനസഹായം ലഭ്യമാകുന്നമുറയ്ക്ക് നൈപുണ്യ മേളകൾ സംഘടിപ്പിക്കുവാൻ അസാപ് കേരള മുൻകയ്യെടുക്കുന്നതാണ്.

**ആഡിറ്റ് ഒബ്ജക്ഷൻ**

168 (1723) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് <u>ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി</u> സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ ഐ.എച്ച്.ആർ.ഡി.-യിൽ യു.ജി.സി. സ്കെയിലിൽ ജോലി ചെയ്യുന്നവരിൽ എത്ര പേരുടെ ശമ്പളവുമായി ബന്ധപ്പെട്ട് അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് ഒബ്ജക്ഷൻ നിലവിലുണ്ട്?

ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജുകളിലെ 137 അദ്ധ്യാപകരുടെ AICTE/UGC ശമ്പളവുമായി ബന്ധപ്പെട്ട് അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള പരിശോധന നടന്നുവരുന്നു.

(ബി) പ്രസ്തുത ആഡിറ്റ് ഒബ്ജക്ഷൻ വന്നിട്ടുള്ളത് എന്നുമുതലാണെന്ന് അറിയിക്കാമോ?

2011-2012 സാമ്പത്തികവർഷം നടന്ന ആഡിറ്റിലാണ് അപാകതകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(സി) ആഡിറ്റ് ഒബ്ജക്ഷൻ വന്നിട്ടുള്ള എത്ര പേർക്ക് ശമ്പള ഇനത്തിൽ അധിക തുക നൽകിയതായി ആഡിറ്റ് ടീം റിപ്പോർട്ട് നല്കിയിട്ടുണ്ട്; ഇതുമൂലമുണ്ടായിട്ടുള്ള സാമ്പത്തികനഷ്ടം വിശദമാക്കുമോ;

(ഡി) ഇത്തരത്തിൽ അധിക ശമ്പളം നൽകിയതും വാങ്ങിയതുമായ എത്രപേർ സർവ്വീസിലുണ്ടെന്നും എത്രപേർ റിട്ടയറായെന്നും തസ്തിക സഹിതം വ്യക്തമാക്കുമോ; ഇവർ കൈപ്പറ്റിയ അധിക തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

(സി&ഡി) ഐ.എച്ച്.ആർ.ഡി.-യിൽ ജോലി ചെയ്യുന്ന AICTE/UGC ശമ്പളം വാങ്ങുന്ന മുഴുവൻ അദ്ധ്യാപകരുടെയും ശമ്പളം പുനർനിർണ്ണയം നടത്തി അധിക തുക കൈപ്പറ്റിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനായി 24-1-2022-ലെ സ.ഉ (സാധാ) നമ്പർ 133/2022/ഉ.വി.വ. പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് ശ്രീ. സുനിൽ കുമാർ, ശ്രീ. മിനു. കെ. കെ എന്നിവർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.P(C)No. 5258/2022, W.P (C) No. 5261/2022 എന്നീ കേസുകളിന്മേൽ ബഹു. ഹൈക്കോടതി ഇതിന്മേലുള്ള തുടർനടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണ്. സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനുള്ള അപേക്ഷ ബഹു. ഹൈക്കോടതിയിൽ ഐ.എച്ച്.ആർ.ഡി. സമർപ്പിച്ചിട്ടുണ്ട്.

**ഐ.ഐ.ടി. അനുവദിക്കുന്നതിന് നടപടി**

169 (1724) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ഐ.ഐ.ടി. അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ കേന്ദ്രസർക്കാർ നിലപാട് അറിയിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) ഏത് ജില്ലയിൽ ഐ.ഐ.ടി. അനുവദിക്കണമെന്ന ആവശ്യത്തിന്മേലാണ് സർക്കാർ നിർദ്ദേശം സമർപ്പിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഐ.ഐ.ടി. ആരംഭിക്കുന്നതിനുള്ള ശിപാർശകളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ 2015 മുതൽ പാലക്കാട് ജില്ലയിൽ ഒരു ഐ.ഐ.ടി. പ്രവർത്തിച്ചുവരുന്നുണ്ട്.

## കെ.ജി.റ്റി.ഇ. സിലബസ് പരിഷ്കരണം

170 (1725) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോളിടെക്നിക്കുകളിലെ കോമേഴ്സ്യൽ പ്രാക്ടീസ് കോഴ്സ്, കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിലെ സെക്രട്ടേറിയറ്റ് പ്രാക്ടീസ് കോഴ്സ്, പരീക്ഷാഭവൻ നടത്തുന്ന കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ്റൈറ്റിംഗ് പരീക്ഷ തുടങ്ങിയവയിൽ മലയാളം ടൈപ്പ് റൈറ്റിംഗ് എൻ.എസ്. പണ്ടാല സിസ്റ്റം പരിശീലനം മുന്നോട്ടുകൊണ്ടു പോകുന്നതിന് മലയാളം ടൈപ്പ്റൈറ്റിംഗ് മെഷീനുകളുടെ ദൗർലഭ്യം കാരണം കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സിലബസിൽ കാലോചിതമായ മാറ്റം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സിലബസിൽ കാലോചിതമായ മാറ്റം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ബി) ടൈപ്പ്റൈറ്റിംഗ് എൻ.എസ്.പണ്ടാല മലയാളം സിസ്റ്റത്തിന് പകരമായി കംപ്യൂട്ടറിൽ ഇൻസ്ക്രിപ്റ്റ്, ഐ.എസ്.എം. മലയാളം സോഫ്റ്റ്‌വെയറുകളിൽ ടൈപ്പിംഗ് പരീക്ഷ എഴുതാൻ കഴിയുംവിധം പ്രസ്തുത കോഴ്സുകളിൽ സിലബസ് പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

20-8-2022-ലെ സ.ഉ (കൈ) നമ്പർ 403/2022/ഉ.വി.വ. ഉത്തരവ് പ്രകാരം കെ.ജി.ടി.ഇ ടൈപ്പ്റൈറ്റിംഗ് കോഴ്സ് (കോമേഴ്സ്)-ന്റെ സിലബസ് പരിഷ്കരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഇരുപത്തിയഞ്ച് വർഷങ്ങൾക്ക് മുൻപ് മലയാളം ടൈപ്പ്റൈറ്റിംഗ് മെഷീൻ കമ്പനികൾ നിർമ്മാണം നിർത്തിയതിനാൽ പരിമിതമായ എൻ. എസ്. പണ്ടാല മലയാളം ടൈപ്പ് റൈറ്റിംഗ് മെഷീനുകൾ മാത്രമേ ശേഷിക്കുന്നുള്ളൂ എന്നത് കെ.ജി.റ്റി.ഇ. ഉൾപ്പെടെയുള്ള സിലബസ് പരിഷ്കരണങ്ങളിൽ ഗൗരവമായി പരിഗണിക്കുമോ?

പരിഗണിച്ചിട്ടുണ്ട്.

(ഡി) കെ.ജി.റ്റി.ഇ. (കോമേഴ്സ്) സിലബസ് പരിഷ്കരണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഇ) കെ.ജി.റ്റി.ഇ. സിലബസ് അവസാനമായി പരിഷ്കരിച്ചത് 16-8-2001-ലെ സ.ഉ.(എം.എസ്) നമ്പർ 96/2001/ഉ.വി.വ. പ്രകാരം ഇരുപത് വർഷങ്ങൾക്ക് മുമ്പാണെന്നത് പരിഗണിച്ച് എത്രയും വേഗം പുതിയ സിലബസ് പരിഷ്കരണം പൂർത്തിയാക്കി പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(ഡി&ഇ) 20-8-2022 -ലെ സ.ഉ (കൈ) നമ്പർ 403/2022/ഉ.വി.വ. ഉത്തരവ് പ്രകാരം കെ.ജി.ടി.ഇ ടൈപ്പ്റൈറ്റിംഗ് കോഴ്സ് (കോമേഴ്സ്)-ന്റെ സിലബസ് പരിഷ്കരിച്ചിട്ടുണ്ട്.

**കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിട നിർമ്മാണം**

171 (1726) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിന് കെട്ടിടം നിർമ്മിക്കാൻ പുതുക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കുറ്റിപ്പുറം ഗവ.ടെക്നിക്കൽ ഹൈസ്കൂളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 13-8-2021-ലെ സ.ഉ.(സാധാ) നമ്പർ 114/2021/ധന. ഉത്തരവ് പ്രകാരം കേരളത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് 15-3-2019 മുൻകാല പ്രാബല്യത്തിൽ DSoR-2018 നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ 554.40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് പുതുക്കിയ ഭരണാനുമതി നൽകുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. NIT കോഴിക്കോടുനിന്നോ മറ്റ് സർക്കാർ സ്ഥാപനങ്ങളിൽനിന്നോ ഉള്ള മണ്ണുപരിശോധന വിദഗ്ധനെക്കൊണ്ട് പരിശോധിപ്പിച്ച് റിപ്പോർട്ടുസഹിതം എസ്റ്റിമേറ്റ് സമർപ്പിക്കാൻ 4-7-2022-ലെ കത്തുപ്രകാരം സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത കെട്ടിടനിർമ്മാണത്തിന് സ്ട്രക്ച്ചറൽ ഡിസൈനും ആർക്കിടെക്ച്ചറൽ ഡിസൈനും പൂർത്തിയായിട്ടുണ്ടോ; എങ്കിൽ പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ടി കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈനും ആർക്കിടെക്ചറൽ ഡിസൈനും പൂർത്തിയാക്കി സാങ്കേതികാനുമതി ലഭ്യമാക്കാനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്നു.

**സർവ്വകലാശാലകൾക്കുള്ള ഗ്രാന്റ്**

172 (1727) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾക്ക് പ്രതിമാസ ഗ്രാന്റ് അനുവദിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾക്ക് 2022-23 സാമ്പത്തികവർഷം നോൺ പ്ലാൻ ഇനത്തിൽ നാളിതുവരെ അനുവദിച്ച് നൽകിയിട്ടുള്ള പ്രതിമാസ ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

<u>കേരള സർവ്വകലാശാല</u>

നോൺ-പ്ലാൻ - Rs.110,00,00,000

<u>മഹാത്മാഗാന്ധി സർവ്വകലാശാല</u>

നോൺ-പ്ലാൻ - 65.34 കോടി

<u>കാലിക്കറ്റ് സർവ്വകലാശാല</u>

നോൺ പ്ലാൻ - Rs.81,49,90,000

<u>കണ്ണൂർ സർവ്വകലാശാല</u>

നോൺ-പ്ലാൻ - 22,20,00,000

<u>കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല</u>

നോൺ-പ്ലാൻ - Rs.56,40,00,000

<u>എ.പി.ജെ.അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല</u>

നോൺ പ്ലാൻ - 1009.52 ലക്ഷം

<u>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല</u>

നോൺ പ്ലാൻ - 2464 ലക്ഷം

<u>ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല</u>

നോൺ പ്ലാൻ - 1,10,00,000

(ബി) ഗ്രാന്റ് അനുവദിക്കാത്തതുമൂലം സർവ്വകലാശാല ജീവനക്കാരുടെ ശമ്പളവും പെൻഷനും തടസ്സപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തടസ്സപ്പെടാതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സർവ്വകലാശാലകൾക്കെല്ലാം പ്രതിമാസ ഗ്രാന്റ് അനുവദിച്ച് നൽകിയിട്ടുണ്ട്.

## സർവ്വകലാശാലകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടി

173 (1728) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഒപ്പം സർവ്വകലാശാലകളുടെ കീഴിലുള്ള കോളേജുകളിലെ പഠനനിലവാരം ഉയർത്തുന്നതിനും നടപ്പാക്കിവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഒപ്പം സർവ്വകലാശാലകളുടെ കീഴിലുള്ള കോളേജുകളിലെ പഠനനിലവാരം ഉയർത്തുന്നതിനും നടപ്പാക്കിവരുന്ന പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു :

1. ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്യൂവേറ്റ് ആട്രിബ്യൂട്ടുകളും (GA):-

ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്യൂവേറ്റ് ആട്രിബ്യൂട്ടുകൾക്കും (GA) ഊന്നൽ നല്കിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണത്തിനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. ഓരോ പ്രോഗ്രാമിനും ചേരുന്ന വിദ്യാർത്ഥികൾക്ക് ആത്യന്തികമായി ആർജ്ജിക്കാൻ കഴിയുന്ന അറിവുകളും നൈപുണ്യങ്ങളും എന്തൊക്കെയായിരിക്കുമെന്ന് മുൻകൂട്ടി നിശ്ചയിച്ച് പ്രസ്താവിക്കുന്നതാണ് ഈ രീതി.

2. കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (കാൾനെറ്റ്):-

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ സർവ്വകലാശാല ലൈബ്രറികൾ കൂട്ടിയിണക്കി സംസ്ഥാന തലത്തിൽ കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (Kerala Academic Library Network-KALNET) പ്രവർത്തനം ആരംഭിച്ചു.

3. DIGICOL (കോളേജുകൾക്ക് ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം):-

കേരളത്തിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യം ഒരുക്കാൻ ഉദ്ദേശിച്ചുകൊണ്ട് ഉന്നത വിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും സംയുക്തമായി ആവിഷ്കരിച്ച് സർക്കാരിന് സമർപ്പിച്ച പദ്ധതിയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് ഇൻ കേരള (Digital Enablement of Higher Education Institutions in Kerala) (Let's go digital പദ്ധതി). LMS നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതലത്തിലും ഓരോ വിദ്യാഭ്യാസ സ്ഥാപനതലത്തിലും ആവശ്യമായ ഓൺലൈൻ പഠന സംവിധാനമാണ് ഈ പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നത്.

4. ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്റർ (FDC):-

ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികച്ച അദ്ധ്യാപകരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഉന്നത വിദ്യാഭ്യാസ കൗൺസിലിനുകീഴിൽ ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്റർ ആരംഭിക്കാൻ തീരുമാനിച്ചത്.

5. സാക്ക് (SAAC - State Assessment & Accreditation Centre):

സംസ്ഥാനത്തെ സർവ്വകലാശാലകളെയും കോളേജുകളെയും ഔപചാരികമായി വിലയിരുത്തുക എന്ന ലക്ഷ്യത്തോടെ ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ അസസ്സ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്.

6. ഓൺലൈൻ ഡിജിറ്റൽ ശേഖരം:-

സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിവിധ വിഷയങ്ങളിലുള്ള യു.ജി/പി.ജി പ്രോഗ്രാമുകളുടെ പഠനസാമഗ്രികൾ ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ വെബ്പോർട്ടലിൽ "ഓൺലൈൻ സ്റ്റഡി മെറ്റീരിയൽസ്" എന്ന ശീർഷകത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

7. കോളേജുകളുടെ ക്ലസ്റ്റർ പദ്ധതി:-(കാസർകോട്, കണ്ണൂർ, പാലക്കാട് എന്നിവിടങ്ങളിൽ പുതിയ ക്ലസ്റ്റർ):-

ഒരേ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രത്യേകിച്ചും കോളേജുകൾ മാനുഷികവും ഭൗതികവുമായ വിഭവങ്ങൾ പരസ്പരം പങ്കുവയ്ക്കുകയും അതുവഴി ഈ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്ത് ഉന്നതവിദ്യാഭ്യാസ രംഗത്ത് മേൻമ കൈവരിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് യു.ജി.സി. നിർദ്ദേശാനുസരണം 'ക്ലസ്റ്റർ ഓഫ് കോളേജസ്' എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയത്.

8. ഇ-ജേർണൽ കൺസോർഷ്യം:-

സർവ്വകലാശാലകൾക്ക് യു.ജി.സി. സൗജന്യമായി നൽകിവന്നിരുന്ന ഈ-ജേർണൽ പദ്ധതി (UGC INFLIBNET) നിർത്തലാക്കിയ സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും/ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണപ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഈ-ജേർണൽ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിന് സംസ്ഥാനതല ഈ-ജേർണൽ കൺസോർഷ്യം (State Level E-Journal Consortium) പ്രവർത്തനക്ഷമമാണ്.

9. ബ്രെയിൻ ഗെയിൻ:-

കേരളത്തിനുപുറത്ത് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന മലയാളികളായ പ്രഗത്ഭ വ്യക്തികളുടെ വിജ്ഞാന സമ്പത്ത് സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതി. Building Up Database of the Keralite - Academic Diaspora around the Globe എന്ന പേരിലാണ് ഈ പ്രോജക്ട് നടപ്പിലാക്കിവരുന്നത്.

10. എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം:-

സംസ്ഥാനത്തെ സർവ്വകലാശാലകളിലെയും കോളേജുകളിലെയും അക്കാദമിക് സമൂഹത്തിന് നൊബേൽ ജേതാക്കളടക്കമുള്ള അക്കാദമിക് വിദഗ്ധരുമായി ആശയവിനിമയം നടത്തുന്നതിനും അതിലൂടെ അക്കാദമിക് നെറ്റ്‌വർക്ക് വികസിപ്പിക്കുന്നതിനുംകൂടിയാണ് എറുഡൈറ്റ് സ്കോളർ ഇൻ റസിഡൻസ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്.

11. കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (Kerala Institutional Ranking Framework) (KIRF):-

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്ക് ചെയ്യുന്ന കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (Kerala Institutional Ranking Framework)-(KIRF) പ്രാവർത്തികമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സർവ്വകലാശാലകളുടെ പരീക്ഷാനടത്തിപ്പിലും റിസൾട്ട് പ്രഖ്യാപനങ്ങളിലും കോവിഡുകാലം മുതലുള്ള കാലതാമസം ഒഴിവാക്കുന്നതിനും പരീക്ഷാനടത്തിപ്പും റിസൾട്ട് പ്രഖ്യാപനവും സമയബന്ധിതമാക്കുന്നതിനുമായി 'കലണ്ടർ' നടപ്പാക്കുകയും ആയവ കലണ്ടർ പ്രകാരം നടപ്പാകാതിരുന്നാൽ അതിന് കാരണക്കാരായ ഉദ്യോഗസ്ഥരുടെ പേരിൽ നടപടികൾ സ്വീകരിക്കുന്നതും പരിഗണിക്കുമോ;

(സി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലും അക്കാദമിക്/ പരീക്ഷാകലണ്ടർ സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കോവിഡ് മഹാമാരിമൂലം പരീക്ഷാ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലുമുണ്ടായ കാലതാമസം പരിഹരിച്ചിട്ടുണ്ട്. പരീക്ഷാ കലണ്ടർ നിലവിലുള്ള സർവ്വകലാശാലകളിൽ കലണ്ടർ പ്രകാരം സമയബന്ധിതമായി പരീക്ഷകൾ നടത്തി ഫലപ്രഖ്യാപനം നടത്താൻ ശ്രദ്ധചെലുത്തുന്നുമുണ്ട്.

**സർവ്വകലാശാലകൾക്കുള്ള ഗ്രാന്റ്**

174 (1729) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിലെ സർവ്വകലാശാലകൾക്ക് ഇനി മുതൽ സർക്കാർ ഗ്രാന്റ് അനുവദിക്കില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത തീരുമാനം അടിയന്തരമായി പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് ഇനി മുതൽ സർക്കാർ ഗ്രാന്റ് അനുവദിക്കില്ലെന്ന് തീരുമാനിച്ചിട്ടില്ല.

**ഡീംഡ് ടു ബി യൂണിവേഴ്സിറ്റികളാക്കി മാറ്റുന്നതിനുള്ള അപേക്ഷ**

175 (1730) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡീംഡ് ടു ബി യൂണിവേഴ്സിറ്റികളാക്കി മാറ്റുന്നതിന് ഏതെല്ലാം കോളജുകൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്?

സംസ്ഥാനത്ത് ഡീംഡ് ടു ബി യൂണിവേഴ്സിറ്റികളാക്കി മാറ്റുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള കോളേജുകൾ താഴെപ്പറയുന്നവയാണ്:

1. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്
2. സീറോ മലങ്കര കാത്തലിക് ചർച്ച്
3. തൃശ്ശൂർ വടക്കേമഠം ബ്രഹ്മസ്വം
4. അഹല്യ ഹെൽത്ത്, ഹെറിറ്റേജ് ആന്റ് നോളജ് വില്ലേജ്.
5. കാഞ്ഞിരപ്പള്ളി അമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ്.
6. മാർ ആൻഡ്രൂസ് താഴത്ത് ആർച്ച് ബിഷപ്പ് ഓഫ് തൃശ്ശൂർ.

(ബി) പ്രസ്തുത അപേക്ഷകളിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം; ടി വിഷയത്തിൽ ഉന്നതവിദ്യാഭ്യാസ കൗൺസിൽ സർക്കാരിന് നൽകിയ റിപ്പോർട്ടിന്റെ പകർപ്പും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ യോഗ മിനിട്സും ലഭ്യമാക്കാമോ?

പ്രസ്തുത അപേക്ഷകളിന്മേൽ കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് സർക്കാരിന് ശിപാർശ സമർപ്പിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ ഉന്നതവിദ്യാഭ്യാസ കൗൺസിൽ സർക്കാരിന് നൽകിയ റിപ്പോർട്ടിന്റെ പകർപ്പും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ ആദ്യ യോഗമിനിട്സും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഡീംഡ് ടു ബി യൂണിവേഴ്സിറ്റി പദവിയുടെ ഭാഗമായി സമർപ്പിച്ച അപേക്ഷ പരിഗണനയിലാണെന്ന് വ്യക്തമാക്കി ഏതെല്ലാം കോളജുകൾക്കാണ് സർക്കാർ ഉത്തരവ്/മറുപടി നൽകിയിട്ടുള്ളത്; വിശദാംശം നൽകുമോ ?

1. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്
2. അമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്, കാഞ്ഞിരപ്പള്ളി.
3. സീറോ മലങ്കര കാത്തലിക് ചർച്ച്.

## സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാരുടെ നിയമനം

176 (1731) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാരുടെ നിയമനം നടത്തുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ എപ്രകാരമാണെന്ന് വിശദമാക്കുമോ?

സർവ്വകലാശാലയുടെ ചാൻസലർ കൂടിയായ ഗവർണർ നിയമിക്കുന്ന സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാരെ നിയമിക്കുന്നത്.

(ബി) സർവ്വകലാശാലകളിലെ വൈസ് ചാൻസലർ നിയമനത്തിൽ കൂടുതൽ സർക്കാർ നിയന്ത്രണം കൊണ്ടുവരുന്നതിന് എന്തെങ്കിലും നിയമഭേദഗതി ഉദ്ദേശിക്കുന്നുണ്ടോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) എങ്കിൽ ഇപ്രകാരം ഒരു നിയമം കൊണ്ടുവരാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ; ഇതിന്റെ വിശദാംശം നൽകുമോ?

(ബി&സി) യു.ജി.സി. റെഗുലേഷൻസ് 2018-ലെ വ്യവസ്ഥകൾ കേരളത്തിലെ സർവ്വകലാശാലകളിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വൈസ് ചാൻസലർമാരെ നിയമിക്കുന്ന നടപടിക്രമത്തിൽ നിയമഭേദഗതികൾക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വ്യാജഗ്രേസ് മാർക്ക്**

177 (1732) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u>
<u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്കൃത സർവ്വകലാശാലാ യുവജനോത്സവത്തിൽ പങ്കെടുക്കാതിരുന്നിട്ടും ഒരു വിദ്യാർത്ഥി സംഘടനയുടെ വനിതാനേതാവിന് ഗ്രേസ്മാർക്ക് ലഭിക്കുന്നതിനുവേണ്ടി മലയാളം സ്കിറ്റ് മത്സരത്തിൽ ഒന്നാം സ്ഥാനവും എ ഗ്രേഡും ലഭിച്ചതായി വ്യാജ സർട്ടിഫിക്കറ്റ് നൽകിയത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ?

മലയാളം സ്കിറ്റിൽ പങ്കെടുത്തതിനുലഭിച്ച സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഗ്രേസ് മാർക്ക് അനുവദിച്ചിട്ടുള്ളത്.

(ബി) മേൽപ്പറഞ്ഞ വിദ്യാർത്ഥി നേതാവ് ബി.എ. ആറാം സെമസ്റ്റർ പരീക്ഷ പരാജയപ്പെട്ടതിനെത്തുടർന്ന് വ്യാജമായി 10 മാർക്ക് ഗ്രേസ്മാർക്ക് നൽകി വിജയിപ്പിച്ചെന്ന ആരോപണത്തിൽ സർവ്വകലാശാല അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സർവ്വകലാശാല രജിസ്ട്രാർ പ്രാഥമികാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വിഷയത്തിൽ കൂടുതൽ അന്വേഷണം നടത്തുന്നതിനായി മൂന്ന് സിൻഡിക്കേറ്റംഗങ്ങളടങ്ങിയ സമിതിയെ ചുമതലപ്പെടുത്തിക്കൊണ്ട് ആഗസ്റ്റ് 23-ന ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനമെടുത്തിട്ടുണ്ട്.

(സി) ഈ വിഷയത്തിൽ സേവ് യൂണിവേഴ്സിറ്റി ക്യാമ്പയിൻ കമ്മിറ്റി ചാൻസലർക്ക് സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സർവ്വകലാശാല നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

സേവ് യൂണിവേഴ്സിറ്റി ക്യാമ്പയിൻ കമ്മിറ്റി ചാൻസലർക്ക് സമർപ്പിച്ച പരാതി സർവ്വകലാശാലയിൽ ലഭ്യമായിട്ടില്ല.

## സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് നടപടി

178 (1733) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽനിന്നും ഒറിജിനൽ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒറിജിനൽ സർട്ടിഫിക്കറ്റുകൾ, സെമസ്റ്റർ തിരിച്ചുള്ള മാർക്ക് ലിസ്റ്റുകൾ, ട്രാൻസ്ക്രിപ്റ്റുകൾ എന്നിവയ്ക്കായി അപേക്ഷ നൽകി മാസങ്ങളോളം കാത്തിരിക്കേണ്ടിവരുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി അപേക്ഷ സ്വീകരിച്ച് ഇത്ര ദിവസത്തിനകം ആവശ്യപ്പെട്ട സർട്ടിഫിക്കറ്റുകൾ ഇഷ്യൂ ചെയ്യുന്ന തരത്തിൽ ഓൺലൈൻ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ആയതുപ്രകാരം കൃത്യമായി അവ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ?

(എ&ബി) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ സർട്ടിഫിക്കറ്റുകൾ കാലതാമസംകൂടാതെ വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതി നാവശ്യമായ ഓൺലൈൻ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സർവ്വകലാശാലകൾ സ്വീകരിച്ചുവരുന്നു.

സർക്കാരിന്റെ നേതൃത്വത്തിൽ സർവ്വകലാശാലകളെ പങ്കെടുപ്പിച്ചുകൊണ്ട് കെ-റീപ് എന്ന പദ്ധതി നടപ്പിലാക്കുന്നത് പരിഗണിച്ചുവരുന്നു.

## ഉന്നതവിദ്യാഭ്യാസ മേഖലയിലെ പരിഷ്കരണം

179 (1734) ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിലെ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും പ്രാബല്യത്തിലുള്ള പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പരിഷ്കരണത്തെപ്പറ്റി പഠിക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ നിയോഗിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

(എ&ബി) സംസ്ഥാനത്തെ സർവ്വകലാശാലകളിലും മറ്റ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രാബല്യത്തിലുള്ള പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

ഗുണമേന്മയുള്ള ഉന്നത വിദ്യാഭ്യാസം എന്ന ലക്ഷ്യത്തോടെ Choice Based Credit Semester System (CBCSS) സമ്പ്രദായം സംസ്ഥാനത്ത് 2009-10 മുതൽ നടപ്പിലാക്കി തുടങ്ങി. ഇതിന് ചുവടുപിടിച്ച് കേരളത്തിലെ സർവ്വകലാശാലകൾ ബിരുദാനന്തര ബിരുദ വിദ്യാഭ്യാസവും പുനഃസംഘടിപ്പിച്ചു.

ബിരുദാനന്തര ബിരുദ വിദ്യാഭ്യാസം സമഗ്രവും ഏകീകൃതവുമായ രീതിയിൽ പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച കാര്യത്തിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ ഡോ. ഇ.ഡി.ജമ്മീസ് അദ്ധ്യക്ഷനായ വിദഗ്ദ്ധസമിതിയുടെ റിപ്പോർട്ടും സർവ്വകലാശാലകളിലെ പരീക്ഷാപരിഷ്കരണം സംബന്ധിച്ച് പ്രൊഫ. എൻ. ജെ. റാവു കമ്മിറ്റിയുടെ റിപ്പോർട്ടും ഉന്നതവിദ്യാഭ്യാസ കൗൺസിൽ മുഖേന ലഭ്യമായിട്ടുണ്ട്.

ബിരുദ ബിരുദാനന്തര കോഴ്സുകളുടെ പാഠ്യപദ്ധതി ഫലാധിഷ്ഠിത വിദ്യാഭ്യാസ രീതിയിലാക്കാൻ (OBE) പരിശ്രമിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തിന്റെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് ഡോ. ശ്യാം ബി. മേനോൻ അദ്ധ്യക്ഷനായി നിയോഗിച്ച ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ പാഠ്യപദ്ധതി പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള സർവ്വകലാശാലകൾ നടത്തുന്ന വ്യത്യസ്തങ്ങളായ കോഴ്സുകൾക്ക് സംസ്ഥാനത്തെ സർവ്വകലാശാലകളുടെ അംഗീകാരം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ, നടപടിക്രമങ്ങൾ എന്നിവ അറിയിക്കാമോ; ഇതിൽ മാറ്റം വരുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത നടപടിക്രമങ്ങൾ ലഘൂകരിച്ച് സംസ്ഥാനത്തിന് പുറത്തുള്ള സർവ്വകലാശാലകളുടെ കോഴ്സുകൾക്ക് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(സി&ഡി) കോഴ്സുകളുടെ അംഗീകാരവും തുല്യതയും സംബന്ധിച്ച് 13-11-2018-ലെ G.O.(Ms)No.272/2018/HEDN നമ്പർ ഉത്തരവ് പ്രകാരം സർക്കാർ വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയുടെയും മറ്റ് മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ സർവ്വകലാശാലകളിലെ വിഷയ

വിദഗ്ധർ പരിശോധിച്ചശേഷം ഉന്നതാധികാര സമിതിയായ അക്കാദമിക് കൗൺസിലാണ് അപേക്ഷകൾ പരിശോധിച്ച് കോഴ്സുകളുടെ അംഗീകാരം സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുന്നത്. പ്രസ്തുത വിഷയത്തിന്മേലുള്ള പരാതികൾ/തർക്കങ്ങൾ എന്നിവ പരിഹരിക്കുന്നതിനായി ഉന്നതവിദ്യാഭ്യാസ കൗൺസിലിനുകീഴിൽ സംസ്ഥാനത്തെ സർവ്വകലാശാല വൈസ് ചാൻസലർമാർ ഉൾപ്പെടുന്ന സ്റ്റേറ്റ്ലെവൽ അക്കാദമിക് കമ്മിറ്റി (SLAC) രൂപീകരിച്ചുകൊണ്ടും സർക്കാർ ഉത്തരവായിട്ടുണ്ട്. G.O.(Ms)No.303/2018/HEDN dated 17-12-2018. പ്രസ്തുത സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## സർവ്വകലാശാലകളിലെ അദ്ധ്യാപക നിയമനങ്ങൾ

180 (1735) ശ്രീ. സി. ആർ. മഹേഷ്:

ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മുതൽ നാളിതുവരെ കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ നടന്ന അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് സേവ് യൂണിവേഴ്സിറ്റി ക്യാമ്പയിൻ കമ്മിറ്റി സർക്കാരിന് പരാതി നൽകിയിട്ടുണ്ടോ; ചാൻസലർക്ക് നൽകിയ എത്ര പരാതികളിൽ സർക്കാരിനോട് വിശദീകരണം ചോദിച്ചിട്ടുണ്ട്?

2016 ജൂൺ മുതൽ നാളിതുവരെ കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ നടന്ന അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് സേവ് യൂണിവേഴ്സിറ്റി ക്യാമ്പയിൻ കമ്മിറ്റി ചാൻസലർക്ക് നൽകിയ പരാതികളിൽ സർക്കാരിനോട് വിശദീകരണം ചോദിച്ചിട്ടില്ല.

(ബി) ഏതൊക്കെ തസ്തികകളിലെ നിയമനവുമായി ബന്ധപ്പെട്ടാണ് പരാതികൾ നൽകിയിട്ടുള്ളത്; പ്രസ്തുത തസ്തികകളിൽ നിയമനം ലഭിച്ചവരുടെ വിശദാംശം വെളിപ്പെടുത്തുമോ?

അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് കാലിക്കറ്റ് സർവ്വകലാശാലയിൽ പരാതി ലഭ്യമായിട്ടുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമനം നേടിയവരുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മേൽപ്പറഞ്ഞ പരാതികളിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; പരാതിയിൽ ചൂണ്ടിക്കാണിച്ച ഏതെങ്കിലും നിയമനം സർക്കാരോ ചാൻസലറോ റദ്ദാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

മേൽപ്പറഞ്ഞ പരാതി കാലിക്കറ്റ് സർവ്വകലാശാല പരിശോധിക്കുകയും പരാതിക്കാർക്ക് മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കാലിക്കറ്റ് സർവ്വകലാശാലകളിലെ നിയമനങ്ങൾ സർക്കാരോ, ചാൻസലറോ റദ്ദ് ചെയ്തിട്ടില്ല.

**കൽപ്പിത സർവ്വകലാശാല പദവിക്കുവേണ്ടി നിരാക്ഷേപപത്രം**

181 (1736) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം സ്വയംഭരണ കോളജുകളിൽനിന്നാണ് കൽപ്പിത സർവ്വകലാശാല പദവിക്ക് അപേക്ഷിക്കാനുള്ള നിരാക്ഷേപപത്രത്തിന് (എൻ.ഒ.സി.-ക്ക്) അപേക്ഷ ലഭിച്ചത്; ഇതിൽ ഏതെല്ലാം കോളജുകൾക്ക് എൻ.ഒ.സി. നൽകിയിട്ടുണ്ട്; അറിയിക്കാമോ;

(ബി) എൻ.ഒ.സി. നൽകിയിട്ടുണ്ടെങ്കിൽ അതിൽ കൽപ്പിത സർവ്വകലാശാല ആയാലും അദ്ധ്യാപകരുടെയും ജീവനക്കാരുടെയും ശമ്പളം സർക്കാർ നൽകാമെന്ന ഉറപ്പുനൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

(എ & ബി) താഴെപ്പറയുന്ന സ്വയംഭരണ കോളേജുകളിൽനിന്നാണ് കല്പിത സർവ്വകലാശാല പദവിക്ക് അപേക്ഷിക്കാനുള്ള നിരാക്ഷേപപത്രത്തിന് (എൻ.ഒ.സി.-ക്ക്) അപേക്ഷ ലഭിച്ചത്:

1. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്
2. സീറോ മലങ്കര കാത്തലിക് ചർച്ച്
3. തൃശ്ശൂർ വടക്കേമഠം ബ്രഹ്മസ്വം.
4. അഹല്യ ഹെൽത്ത്, ഹെറിറ്റേജ് ആന്റ് നോളജ് വില്ലേജ്
5. കാഞ്ഞിരപ്പള്ളി അമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
6. മാർ ആൻഡ്രൂസ് താഴത്ത് ആർച്ച് ബിഷപ്പ് ഓഫ് തൃശ്ശൂർ.

ഒരു കോളേജിനും ഇതുവരെ എൻ.ഒ.സി. നൽകിയിട്ടില്ല.

(സി) സ്വകാര്യ സ്വയംഭരണ കോളജുകൾ കൽപ്പിത സർവ്വകലാശാലയാകുമ്പോൾ അവയുടെമേൽ സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണമുണ്ടാകുമോ;

(ഡി) സ്വന്തംനിലയ്ക്ക് വിദ്യാർത്ഥി പ്രവേശനവും ഫീസ് നിർണയിക്കാനുള്ള അധികാരവും കൽപ്പിത സർവ്വകലാശാലകൾക്ക് യു.ജി.സി. റെഗുലേഷൻ നൽകുമ്പോൾ അത്തരം സ്ഥാപനങ്ങളിലെ ശമ്പള ബാധ്യതയും മറ്റും സർക്കാർ ഏറ്റെടുക്കണമെന്ന നയം സർക്കാരിനുണ്ടോയെന്ന് വ്യക്തമാക്കുമോ?

(സി&ഡി) കല്പിത സർവ്വകലാശാലാ പദവി നൽകുന്ന വിഷയത്തിൽ സർക്കാർ തീരുമാനമെടുത്തിട്ടില്ല.

## സർവ്വകലാശാലയ്ക്ക് ധനസഹായം

182 (1737) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷം സംസ്ഥാനത്തെ ഓരോ സർവ്വകലാശാലയ്ക്കും പ്ലാൻ, നോൺ പ്ലാൻ, പ്രത്യേകസഹായം എന്നീ ഇനങ്ങളിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കാമോ?

2022-23 സാമ്പത്തിക വർഷം സംസ്ഥാനത്തെ ഓരോ സർവ്വകലാശാലയ്ക്കും പ്ലാൻ, നോൺ പ്ലാൻ, പ്രത്യേകസഹായം എന്നീ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

കേരള സർവ്വകലാശാല

പ്ലാൻ - 33,20,00,000

നോൺ-പ്ലാൻ - 320,22,10,000

മഹാത്മാഗാന്ധി സർവ്വകലാശാല

പ്ലാൻ - 34.4 കോടി

നോൺ-പ്ലാൻ - 196.02 കോടി

പ്രത്യേക ധനസഹായം - ഇല്ല.

കാലിക്കറ്റ് സർവ്വകലാശാല

പ്ലാൻ - 29.80 കോടി

നോൺ -പ്ലാൻ - Rs.244,97,00,000

കണ്ണൂർ സർവ്വകലാശാല

പ്ലാൻ + മൂലധന ആസ്തികളുടെ രൂപീകരണത്തിനായുള്ള ധനസഹായം - 30,00,00,000

നോൺ-പ്ലാൻ - 60,17,00,000

കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല

പ്ലാൻ - Rs.168,15,70,000

നോൺ-പ്ലാൻ - Rs.29,75,00,000

പ്രത്യേക ധനസഹായം

Non-Plan Grant-in-aid to Inter University Centre for Intellectual Property right studies - Rs.1,00,00,000

Non-Plan Gran-in-aid to Centre for Budget Studies - Rs.50,00,000

Inter University Centre for Research Ethics & Protocols (IUCREP) - Rs.1,00,00,000

എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല

പ്ലാൻ - 2460 ലക്ഷം

നോൺ -പ്ലാൻ - 4038.1 ലക്ഷം

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

പ്ലാൻ - 2040 ലക്ഷം

നോൺ- പ്ലാൻ - 7390.90 ലക്ഷം

ദി നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (നുവാൽസ്)

പ്ലാൻ ഫണ്ട് - Rs.2,35,91,489

ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല

പ്ലാൻ നോൺ സാലറി - 420 ലക്ഷം

പ്ലാൻ സാലറി - 280 ലക്ഷം

നോൺ- പ്ലാൻ സാലറി - 440 ലക്ഷം

(ബി) പ്രസ്തുത ഇനങ്ങളിൽ നാളിതുവരെ ഓരോ സർവ്വകലാശാലയ്ക്കും എത്ര തുക വീതം നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

2022-23 സാമ്പത്തിക വർഷം സംസ്ഥാനത്തെ ഓരോ സർവ്വകലാശാലയ്ക്കും പ്ലാൻ, നോൺ പ്ലാൻ, പ്രത്യേകസഹായം എന്നീ ഇനങ്ങളിൽ നാളിതുവരെ അനുവദിച്ച് നൽകിയിട്ടുള്ള തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

കേരള സർവ്വകലാശാല

പ്ലാൻ - 3,55,32,358

നോൺ-പ്ലാൻ - 110,00,00,000

മഹാത്മാഗാന്ധി സർവ്വകലാശാല

പ്ലാൻ - 3.1 കോടി

നോൺ-പ്ലാൻ - 65. 34 കോടി

പ്രത്യേക ധനസഹായം - ഇല്ല.

കാലിക്കറ്റ് സർവ്വകലാശാല

പ്ലാൻ - Rs. 6,19,84,000

നോൺ- പ്ലാൻ - Rs.81,49,90,000

കണ്ണൂർ സർവ്വകലാശാല

പ്ലാൻ - 1,27,51,215 + 5,64,00,000

നോൺ-പ്ലാൻ - 22,20,00,000

കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല

പ്ലാൻ - Rs. 5,88,82,500

നോൺ-പ്ലാൻ - Rs.56,40,00,000

എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല

പ്ലാൻ - 811.79 ലക്ഷം

നോൺ -പ്ലാൻ - 1009.52 ലക്ഷം

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

നോൺ -പ്ലാൻ - 2464 ലക്ഷം

ദി നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (നുവാൽസ്)

പ്ലാൻ ഫണ്ട് - Rs.2,35,91,489

ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല

പ്ലാൻ നോൺ സാലറി - 1,05,00,000 ലക്ഷം

പ്ലാൻ സാലറി - 70,00,000 ലക്ഷം

നോൺ- പ്ലാൻ സാലറി - 1,10,00,000 ലക്ഷം

**കേരള സർവ്വകലാശാലയിൽ പുനർ നിയമനം നേടിയവർ**

183 (1738) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ സർവ്വീസിൽനിന്നും വിരമിച്ച എത്ര ഉദ്യോഗസ്ഥരാണ് നിലവിൽ സർവ്വകലാശാലയുടെ വിവിധ പദ്ധതികളിൽ പുനർനിയമനം നേടി സേവനം അനുഷ്ഠിക്കുന്നതെന്നും അവർ ആരെല്ലാമാണെന്നും ഏതെല്ലാം തസ്തികയിൽനിന്നും വിരമിച്ചവരാണെന്നും നിലവിൽ ഏതെല്ലാം തസ്തികകളിലാണ് സേവനമനുഷ്ഠിക്കുന്നതെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

ജോയിന്റ് രജിസ്ട്രാർ തസ്തികയിൽനിന്നും വിരമിച്ച ഡോ. പി. രാഘവൻ സർവ്വകലാശാലാ ഹരിതാലയം പ്രോജക്ട് സ്പെഷ്യൽ ഓഫീസർ ആയി 18-6-2021 മുതൽ 17-5-2022 വരെ കാലയളവിൽ സേവനമനുഷ്ഠിച്ചിരുന്നു. കരാർ പുതുക്കുന്നതിനുള്ള അപേക്ഷ സർവ്വകലാശാലയുടെ പരിഗണനയിലാണ്. Inter University Centre for Evolutionary and Integrative Biology (iCEIB) എന്ന സെന്ററിൽ നിലവിലുള്ള പ്രോജക്ടിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി സർവ്വകലാശാലാ ജോയിന്റ് രജിസ്ട്രാർ തസ്തികയിൽനിന്നും വിരമിച്ച ശ്രീ. ദിലീപ് ആർ. സേവനം അനുഷ്ഠിക്കുന്നുണ്ട്.

(ബി) ഇങ്ങനെ പുനർനിയമനം നൽകിയിട്ടുള്ള ഉദ്യോഗസ്ഥരിൽ ആർക്കെങ്കിലും എതിരെ സർവ്വീസിൽ ആയിരിക്കുമ്പോൾ ഔദ്യോഗിക കൃത്യനിർവ്വഹണവുമായി ബന്ധപ്പെട്ട ഏതെങ്കിലും തരത്തിലുള്ള കേസുകൾ ഉണ്ടായിരുന്നോ?

ഇല്ല.

(സി) എങ്കിൽ അവർക്കെതിരെയുള്ള കേസുകൾ എന്തായിരുന്നുവെന്നും ആയത് തീർപ്പാക്കിയിട്ടുണ്ടോയെന്നും അതിൽ ഇപ്പോഴും കേസുകൾ നിലവിലുള്ളവർ ആരെല്ലാമാണെന്നും അവർക്കെതിരെയുള്ള കേസുകൾ എന്തെല്ലാമാണെന്നും പ്രസ്തുത കേസുകളുടെ നിലവിലെ സ്ഥിതി എന്താണെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

ബാധകമല്ല.

**മഹാത്മാഗാന്ധി സർവ്വകലാശാല കോഴ്സുകൾ**

184 (1739) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി സർവ്വകലാശാല 2016 മുതൽ 2022 വരെ ആരംഭിച്ച പുതിയ പി.ജി., ഡിഗ്രി, ഡിപ്ലോമ, സർട്ടിഫിക്കറ്റ് കോഴ്സുകൾ എതെല്ലാമാണെന്ന് വിശദമാക്കുമോ?

മഹാത്മാഗാന്ധി സർവ്വകലാശാല 2016 മുതൽ 2022 വരെ ആരംഭിച്ച പുതിയ പി.ജി., ഡിഗ്രി, ഡിപ്ലോമ സർട്ടിഫിക്കറ്റ് കോഴ്സുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഈ കോഴ്സുകളിൽ യഥാസമയം പരീക്ഷ നടത്തി റിസൾട്ട് പ്രസിദ്ധീകരിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഏതെല്ലാം കോഴ്സുകൾക്കാണ് ഇതുവരെയും സർട്ടിഫിക്കറ്റ് നൽകാൻ കഴിയാതിരുന്നതെന്ന് വിശദമാക്കുമോ?

കോവിഡുമൂലം 2019 അഡ്മിഷൻ വിദ്യാർത്ഥികളുടെ പരീക്ഷ യഥാസമയം നടത്തി റിസൾട്ട് പ്രസിദ്ധീകരിക്കുന്നതിന് സാധിച്ചില്ല. എന്നാൽ നിലവിൽ എല്ലാ പ്രോഗ്രാമുകളുടെയും ഫലം പ്രസിദ്ധീകരിച്ചിട്ടുണ്ട്. Post Graduate Certificate in Nanoscience and Nanotechnology, Certificate in Business Data Analysis using Tally ERP and MS-Excel ഒഴികെയുള്ള എല്ലാ പ്രോഗ്രാമുകളുടെയും സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. 2021 അഡ്മിഷൻ പ്രോഗ്രാമുകളുടെ ഫലം ഉടൻതന്നെ പ്രസിദ്ധീകരിക്കുന്നതാണ്.

(സി) മഹാത്മാഗാന്ധി സർവ്വകലാശാല നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഫുഡ് അനാലിസിസ് ആൻഡ് ക്വാളിറ്റി കൺട്രോൾ കോഴ്സിന്റെ 2019-ൽ നടന്ന പരീക്ഷയുടെ തീയതിയും റിസൾട്ട് പ്രസിദ്ധികരിച്ചതും എന്നാണ്; ഇതിന്റെ സർട്ടിഫിക്കറ്റുകൾ ഇതുവരെയും വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയം എന്നത്തേയ്ക്ക് പരിഹരിക്കാൻ കഴിയും; വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മഹാത്മാഗാന്ധി സർവ്വകലാശാല നടത്തുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഫുഡ് അനാലിസിസ് ആന്റ് ക്വാളിറ്റി കൺട്രോൾ കോഴ്സിന്റെ (2019 Admission) പരീക്ഷ 2021 ആഗസ്റ്റ് 7, 8 തീയതികളിലാണ് നടന്നത്. ഫലം പ്രസിദ്ധീകരിച്ചത് 20-10-2021-നം. ഇതിന്റെ സർട്ടിഫിക്കറ്റുകൾ വിദ്യാർത്ഥികൾക്ക് രജിസ്റ്റേർഡ് തപാലിൽ അയച്ചുകൊടുത്തിട്ടുണ്ട്.

**മലയാളം അസോസിയേറ്റ് പ്രൊഫസർ റാങ്ക് ലിസ്റ്റ്**

185 (1740) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവ്വകലാശാല സിൻഡിക്കേറ്റ് 2021 ജൂലൈ 27-ന് അംഗീകരിച്ച മലയാളം അസോസിയേറ്റ് പ്രൊഫസർ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി സർവ്വകലാശാല സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കണ്ണൂർ സർവ്വകലാശാല സിൻഡിക്കേറ്റ് അംഗീകരിച്ച മലയാളം അസോസിയേറ്റ് പ്രൊഫസർ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ ചുവടെപ്പറയുന്നു:

1. മലയാളം അസോസിയേറ്റ് പ്രൊഫസർ തസ്തിക ഉൾപ്പെടെ സർവ്വകലാശാല പഠനവകുപ്പുകളിലെ വിവിധ അദ്ധ്യാപക തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിലേയ്ക്കായി അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള 22-9-2021-ലെ Acad.B3/23389/2019 നമ്പർ സർവ്വകലാശാല വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

2. 2-11-2021-ന് ചേർന്ന സ്ക്രീനിംഗ് കമ്മിറ്റി യോഗം മലയാളം അസോസിയേറ്റ് പ്രൊഫസർ തസ്തികയിലെ നിയമനത്തിന് ലഭ്യമായ അപേക്ഷകളുടെ സ്ക്രീനിംഗ് നടത്തിയിട്ടുണ്ട്.

3. സ്ക്രീനിംഗ് കമ്മിറ്റി അഭിമുഖത്തിന് ശിപാർശ ചെയ്ത 6 ഉദ്യോഗാർത്ഥികളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഷോർട്ട് ലിസ്റ്റ് 13-11-2021-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

4. മലയാളം അസോസിയേറ്റ് പ്രൊഫസർ തസ്തികയിലെ നിയമനത്തിന് രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള അഭിമുഖം 18-11-2021-ന് ഓൺലൈനിൽ നടത്തിയിട്ടുണ്ട്.

5. നിയമനത്തിന് മുന്നോടിയായി ഉദ്യോഗാർത്ഥികളുടെ അദ്ധ്യാപന പരിചയം പരിഗണിക്കുന്നത് സംബന്ധിച്ച സ്പഷ്ടീകരണം സർവ്വകലാശാല സ്റ്റാന്റിംഗ് കൗൺസലിൽനിന്നും ലഭ്യമാക്കുകയുണ്ടായി.

6. നിയമനത്തിന് മുന്നോടിയായി ഉദ്യോഗാർഥികളുടെ അദ്ധ്യാപന പരിചയം പരിഗണിക്കുന്നത് സംബന്ധിച്ച സ്പഷ്ടീകരണം യു.ജി.സി.-യിൽ നിന്നും തേടുകയുണ്ടായി.

7. നിയമനത്തിന് മുന്നോടിയായി ഉദ്യോഗാർത്ഥികളുടെ അദ്ധ്യാപന പരിചയം പരിഗണിക്കുന്നത് സംബന്ധിച്ച സ്പഷ്ടീകരണം അഡ്വക്കേറ്റ് ജനറലിൽനിന്നും ലഭ്യമാക്കുകയുണ്ടായി.

8. നിയമനത്തിന് ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട മുഴുവൻ ഉദ്യോഗാർത്ഥികളുടെയും യോഗ്യത സ്വീകാര്യമാണെന്ന സർവ്വകലാശാല സ്റ്റാന്റിംഗ് കൗൺസിൽ, അഡ്വക്കേറ്റ് ജനറൽ ഓഫ് കേരള എന്നിവരുടെ നിയമോപദേശം ലഭ്യമായതിനുശേഷം പ്രസ്തുത നിയമനത്തിന് സെലക്ഷൻ കമ്മിറ്റി തയാറാക്കിയ റാങ്ക് പട്ടിക 27-6-2022-ന് ചേർന്ന സർവ്വകലാശാല സിൻഡിക്കേറ്റ് അംഗീകരിച്ചിട്ടുണ്ട്.

9. സിൻഡിക്കേറ്റ് അംഗീകരിച്ച റാങ്ക് പട്ടിക 19-7-2022-ന് താല്ക്കാലികമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

10. താത്കാലിക റാങ്ക് പട്ടികയിൽ ഒന്നാമതായി റാങ്ക് ചെയ്യപ്പെട്ട ഉദ്യോഗാർത്ഥിയുടെ അസൽ രേഖകളുടെ പരിശോധന 1-8-2022-ന് നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമനത്തിന് ഇന്റർവ്യൂവിൽ പങ്കെടുക്കാൻ ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികൾ ആരൊക്കെയാണ്; ഇവരുടെ വിദ്യാഭ്യാസ യോഗ്യതകളും ഗവേഷണ പരിചയവും അദ്ധ്യാപന പരിചയവും വ്യക്തമാക്കുന്ന രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ?

മലയാളം പഠന വകുപ്പിലെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് ഇന്റർവ്യൂവിൽ പങ്കെടുക്കാൻ ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികളുടെ പേരുവിവരം അനുബന്ധം-I ആയി ചേർത്തിരിക്കുന്നു. *

ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യതകൾ, ഗവേഷണ പരിചയം, അദ്ധ്യാപന പരിചയം എന്നിവയുമായി ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മേൽപ്പറഞ്ഞ ഉദ്യോഗാർത്ഥികൾ അപേക്ഷയോടൊപ്പം സമർപ്പിച്ച അദ്ധ്യാപന ഗവേഷണ പരിചയങ്ങളുടെയും പ്രസിദ്ധീകരണങ്ങളുടെയും വിവരങ്ങളുടെ അടിസ്ഥാനത്തിൽ സർവ്വകലാശാല ഓരോരുത്തർക്കും നൽകിയ സ്കോർ എത്രയാണെന്നും സോഫ്റ്റ്‌വെയർ മുഖേന നൽകുന്ന പ്രസ്തുത സ്കോറിന് അടിസ്ഥാനമാക്കുന്ന വിവരങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

അദ്ധ്യാപന ഗവേഷണ പരിചയങ്ങളുടെയും പ്രസിദ്ധീകരണങ്ങളുടെയും അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികൾ അപേക്ഷയിൽ അവകാശപ്പെട്ട സ്കോറിൽ UGC റെഗുലേഷൻ 2018 പ്രകാരം സ്വീകാര്യമായ കുറഞ്ഞ സ്കോർ 75 ഉണ്ടെന്ന് ഉറപ്പുവരുത്തിയ ഉദ്യോഗാർത്ഥികളെയാണ് ഷോർട്ട് ലിസ്റ്റ് ചെയ്യുവാൻ സ്ക്രീനിംഗ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ളത്. ഉദ്യോഗാർത്ഥികൾ അവകാശപ്പെട്ട സ്കോറിൽ UGC, റെഗുലേഷൻ 2018 പ്രകാരം സ്വീകാര്യമായ അന്തിമ സ്കോർ സ്ക്രീനിംഗ് കമ്മിറ്റി രേഖപ്പെടുത്തിയിട്ടില്ല. സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്കോർ രേഖപ്പെടുത്തുന്നതിന് അനുവദിച്ച പട്ടിക പ്രകാരം ഉദ്യോഗാർത്ഥികൾ അവകാശപ്പെട്ടിട്ടുള്ള സ്കോർ അനുബന്ധം-III ആയി ചേർത്തിരിക്കുന്നു.*

ഉദ്യോഗാർത്ഥികൾ അവകാശപ്പെട്ടിട്ടുള്ള സ്കോർ അന്തിമമാണെന്ന് സ്ക്രീനിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടില്ല.

(ഡി) മേൽപ്പറഞ്ഞ ഓരോ ഉദ്യോഗാർത്ഥിക്കും ഇന്റർവ്യൂവിന് ലഭിച്ച മാർക്ക് എത്രയാണെന്ന് വ്യക്തമാക്കുന്ന രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഇന്റർവ്യൂവിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികൾക്ക് സെലക്ഷൻ കമ്മിറ്റി നൽകിയ മാർക്ക് വ്യക്തമാക്കുന്ന രേഖകളുടെ പകർപ്പ് അനുബന്ധം-IV ആയി ചേർത്തിരിക്കുന്നു.*

## കണ്ണൂർ യൂണിവേഴ്സിറ്റി അസോസിയേറ്റ് പ്രൊഫസർ നിയമനം

186 (1741) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ യൂണിവേഴ്സിറ്റി അസോസിയേറ്റ് പ്രൊഫസർ തെരഞ്ഞെടുപ്പിൽ ഇന്റർവ്യൂവിൽ ലഭിക്കുന്ന മാർക്ക് മാത്രമാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ മാനദണ്ഡമാക്കിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണ്ണൂർ യൂണിവേഴ്സിറ്റി അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി ചുവടെ ചേർത്തിരിക്കുന്ന അഞ്ച് മേഖലകളിൽ പരമാവധി 10 മാർക്ക് വീതം നിശ്ചയിച്ച് അഭിമുഖത്തിൽ ഉദ്യോഗാർത്ഥികളെ വിശകലനം ചെയ്ത് മാർക്ക് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് റാങ്ക് പട്ടിക തയ്യാറാക്കിയിട്ടുള്ളത്.

1. Research

2. Publication

3. Teaching Ability

4. Language Competence

5. Inter disciplinary and Domain Knowledge.

(ബി) പ്രസ്തുത മാർക്ക് മാത്രമാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ മാനദണ്ഡമാക്കേണ്ടതെന്ന് യു.ജി.സി. ചട്ടം നിഷ്കർഷിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

യു.ജി.സി. റെഗുലേഷൻ ചട്ടം 5.3-ൽ ഉദ്യോഗാർത്ഥികളുടെ അഭിമുഖത്തിലെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ ശിപാർശ തയ്യാറാക്കി സെലക്ഷൻ കമ്മിറ്റി മിനിട്സ് ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. യു.ജി.സി. റെഗുലേഷൻ ചട്ടം 6-ൽ Merit, Credentials in different Parameters, Performance on grading system proforma, (Table 2, Appendix II of UGC Regulations 2010), Ability for Teaching ability, Research aptitude തുടങ്ങിയവ ഉദ്യോഗാർത്ഥികളെ വിശകലനം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാലയുടെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി, യു.ജി.സി. നിഷ്കർഷിച്ച മാനദണ്ഡം അനുസരിച്ച് ഉദ്യോഗാർത്ഥികളെ അഭിമുഖം ചെയ്താണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്.

(സി) റിസർച്ച് സ്കോറും പബ്ലിക്കേഷനും അന്തിമ തെരഞ്ഞെടുപ്പിനെ ബാധിക്കില്ലെന്ന വാദം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അഭിമുഖത്തിൽ ഉദ്യോഗാർത്ഥികളെ വിശകലനം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങളിൽ റിസർച്ച്, പബ്ലിക്കേഷൻ എന്നിവ ഉൾപ്പെടുന്നുണ്ട്.

(ഡി) ഗവേഷണം, പബ്ലിക്കേഷൻ എന്നീ ഘടകങ്ങൾകൂടി പരിഗണിച്ചാണോ ഇന്റർവ്യൂ ബോർഡിലുള്ള ഓരോ അംഗവും മാർക്ക് നിശ്ചയിക്കുന്നത്; വ്യക്തമാക്കാമോ?

ഉദ്യോഗാർത്ഥികളുടെ ഗവേഷണം, പബ്ലിക്കേഷൻ എന്നിവ ഉൾപ്പെടെ വിശകലനം ചെയ്താണ് ഇന്റർവ്യൂ ബോർഡ് അംഗങ്ങൾ മാർക്ക് നിശ്ചയിച്ച് നൽകിയിട്ടുള്ളത്.

(ഇ) പ്രസിദ്ധീകരണം, അദ്ധ്യാപന മികവ്, ഭാഷാ നൈപുണ്യം, പ്രധാന വിഷയത്തിലും ഇതര വിഷയങ്ങളിലുമുള്ള അറിവ് എന്നിവ വിലയിരുത്തിയാണ് സെലക്ഷൻ കമ്മിറ്റി മാർക്കിടുന്നതെന്ന് സർവ്വകലാശാല പത്രക്കുറിപ്പ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പത്രക്കുറിപ്പ് ഇറക്കാനുള്ള സാഹചര്യം വ്യക്തമാക്കാമോ?

സർവ്വകലാശാല പത്രക്കുറിപ്പ് നൽകിയിട്ടുണ്ട്. സർവ്വകലാശാല മലയാള വിഭാഗം അസോസിയേറ്റ് പ്രൊഫസർ തസ്തികയിലെ നിയമനത്തിന് ഉദ്യോഗാർത്ഥികൾ സമർപ്പിച്ച അപേക്ഷയുടെ ഭാഗമായി UGC റെഗുലേഷൻ 2018, Appendix II, Table 2 പ്രകാരം അവകാശപ്പെട്ട സ്കോറും സെലക്ഷൻ കമ്മറ്റി ഉദ്യോഗാർത്ഥികളെ വിശകലനം ചെയ്ത് അഭിമുഖത്തിൽ അനുവദിച്ച മാർക്കും ബന്ധപ്പെടുത്തി വസ്തുതാരഹിതമായ വാർത്തകൾ മാധ്യമങ്ങളിൽവന്ന സാഹചര്യത്തിലാണ് പത്രക്കുറിപ്പ് നൽകിയിട്ടുള്ളത്.

## യൂണിവേഴ്സിറ്റികളിലെ അദ്ധ്യാപക നിയമനം

187 (1742) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവ്വകലാശാല അസോസിയേറ്റ് പ്രൊഫസർ നിയമനം ചാൻസലർ മരവിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഈ നിയമനം റദ്ദാക്കുന്നതിന് ചാൻസലർ സർവ്വകലാശാലയ്ക്ക് നൽകിയ കാരണം വിശദമാക്കുമോ?

കണ്ണൂർ സർവ്വകലാശാലയുടെ മലയാള പഠനവിഭാഗത്തിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്കുള്ള നിയമന പ്രക്രിയയുമായി ബന്ധപ്പെട്ട് കണ്ണൂർ യൂണിവേഴ്സിറ്റി ആക്ട് 1996, സെക്ഷൻ 7(3) പ്രകാരം നടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ചുകൊണ്ടും പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും മറ്റൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ മരവിപ്പിച്ചുകൊണ്ടും ബഹുമാനപ്പെട്ട ചാൻസലർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ മരവിപ്പിക്കുന്നതിനുള്ള കാരണം പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല.

(ബി) 25 വർഷത്തെ അദ്ധ്യാപന പരിചയവും നൂറിലധികം ഗവേഷണ പ്രബന്ധങ്ങളും പ്രസിദ്ധീകരിച്ച അദ്ധ്യാപകന് റിസർച്ച് സ്കോറിൽ 656 സ്കോർ ലഭിച്ചിട്ടും 156 സ്കോർ ലഭിച്ചയാൾക്ക് ഒന്നാം റാങ്ക് നൽകിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

അദ്ധ്യാപന ഗവേഷണ പരിചയങ്ങളുടെയും പ്രസിദ്ധീകരണങ്ങളുടെയും അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികൾ അപേക്ഷയിൽ അവകാശപ്പെട്ട സ്കോറിൽ യു.ജി.സി. റെഗുലേഷൻ 2018 പ്രകാരം സ്വീകാര്യമായ കുറഞ്ഞ സ്കോർ 75 ഉണ്ടെന്ന് ഉറപ്പുവരുത്തിയ ഉദ്യോഗാർത്ഥികളെയാണ് ഷോർട്ട് ലിസ്റ്റ് ചെയ്യാൻ സ്ക്രീനിംഗ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ളത്. ഉദ്യോഗാർത്ഥികൾ അവകാശപ്പെട്ട സ്കോറിൽ യു.ജി.സി. റെഗുലേഷൻ 2018 പ്രകാരം സ്വീകാര്യമായ അന്തിമ സ്കോർ സ്ക്രീനിംഗ് കമ്മിറ്റി രേഖപ്പെടുത്തിയിട്ടില്ല. സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്കോർ രേഖപ്പെടുത്തുന്നതിന് അനുവദിച്ച പട്ടിക പ്രകാരം ഉദ്യോഗാർത്ഥികൾ അവകാശപ്പെട്ടിട്ടുള്ള സ്കോർ അന്തിമമാണെന്ന് സ്ക്രീനിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടില്ല. ചുവടെ ചേർത്തിരിക്കുന്ന അഞ്ച് മേഖലകളിൽ പരമാവധി 10 മാർക്ക് വീതം നിശ്ചയിച്ച് അഭിമുഖത്തിൽ മാർക്ക് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ഉദ്യോഗാർത്ഥികളെ റാങ്ക് ചെയ്തിട്ടുള്ളത്.

1. Research

2. Publication

3. Teaching Ability

4. Language Competence

5. Inter disciplinary and Domain Knowledge.

(സി) കണ്ണൂർ യൂണിവേഴ്സിറ്റിയിലടക്കം അനധികൃത അദ്ധ്യാപക നിയമനം നടത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർവ്വകലാശാലകളിലെ നിയമനങ്ങൾ കൂടുതൽ സുതാര്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

യു.ജി.സി. നിയമാവലികളും ചട്ടങ്ങളും പാലിച്ചുകൊണ്ടാണ് സർവ്വകലാശാലകളിൽ അദ്ധ്യാപക നിയമനങ്ങൾ നടത്തിവരുന്നത്.

## കണ്ണൂർ സർവ്വകലാശാലയിലെ മലയാളം അസോസിയേറ്റ് പ്രൊഫസർ നിയമനം

188 (1743) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവ്വകലാശാലയിലെ മലയാളം വിഭാഗത്തിൽ അസോസിയേറ്റ് പ്രൊഫസർ നിയമനത്തിനുള്ള റാങ്ക് പട്ടികയിൽ ഒന്നാം റാങ്ക് ജേതാവിന് നിയമനം നൽകുന്നതിനായി സർവ്വകലാശാല എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കണ്ണൂർ സർവ്വകലാശാലയിലെ മലയാളം വിഭാഗത്തിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് നിയമനം നൽകുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെപ്പറയുന്നു:

മലയാളം അസോസിയേറ്റ് പ്രൊഫസർ തസ്തിക ഉൾപ്പെടെ സർവ്വകലാശാല പഠനവകുപ്പുകളിലെ വിവിധ അദ്ധ്യാപക തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിലേയ്ക്കായി അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് 22-9-2021-ലെ Acad.B3/23389/2019 നമ്പർ വിജ്ഞാപനം സർവ്വകലാശാല പുറപ്പെടുവിച്ചിട്ടുണ്ട്.

2-11-2021-ന് ചേർന്ന സ്ക്രീനിംഗ് കമ്മിറ്റി യോഗം മലയാളം അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയിലെ നിയമനത്തിന് ലഭ്യമായ അപേക്ഷകളുടെ സ്ക്രീനിംഗ് നടത്തിയിട്ടുണ്ട്.

സ്ക്രീനിംഗ് കമ്മിറ്റി അഭിമുഖത്തിന് ശിപാർശ ചെയ്ത 6 ഉദ്യോഗാർത്ഥികളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഷോർട്ട് ലിസ്റ്റ് 13-11-2021-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മലയാളം അസോസിയേറ്റ് പ്രൊഫസർ തസ്തികയിലെ നിയമനത്തിന് രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള അഭിമുഖം 18-11-2021-ന് ഓൺലൈനിൽ നടത്തിയിട്ടുണ്ട്.

നിയമനത്തിന് മുന്നോടിയായി ഉദ്യോഗാർത്ഥികളുടെ അദ്ധ്യാപന പരിചയം പരിഗണിക്കുന്നത് സംബന്ധിച്ച സ്പഷ്ടീകരണം സർവ്വകലാശാല സ്റ്റാന്റിംഗ് കൗൺസലിൽനിന്നും ലഭ്യമാക്കുകയുണ്ടായി.

നിയമനത്തിന് മുന്നോടിയായി ഉദ്യോഗാർഥികളുടെ അദ്ധ്യാപന പരിചയം പരിഗണിക്കുന്നത് സംബന്ധിച്ച സ്പഷ്ടീകരണം യു.ജി.സി.-യിൽനിന്നും തേടുകയുണ്ടായി.

നിയമനത്തിന് മുന്നോടിയായി ഉദ്യോഗാർത്ഥികളുടെ അദ്ധ്യാപന പരിചയം പരിഗണിക്കുന്നത് സംബന്ധിച്ച സ്പഷ്ടീകരണം അഡ്വക്കേറ്റ് ജനറലിൽനിന്നും ലഭ്യമാക്കുകയുണ്ടായി.

നിയമനത്തിന് ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട മുഴുവൻ ഉദ്യോഗാർത്ഥികളുടെയും യോഗ്യത സ്വീകാര്യമാണെന്ന സർവ്വകലാശാല സ്റ്റാന്റിംഗ് കൗൺസിൽ, അഡ്വക്കേറ്റ് ജനറൽ ഓഫ് കേരള എന്നിവരുടെ നിയമോപദേശം ലഭ്യമായതിനുശേഷം പ്രസ്തുത നിയമനത്തിന് സെലക്ഷൻ കമ്മിറ്റി തയാറാക്കിയ റാങ്ക് പട്ടിക 27-6-2022-നുചേർന്ന സർവ്വകലാശാല സിൻഡിക്കേറ്റ് അംഗീകരിച്ചിട്ടുണ്ട്.

സിൻഡിക്കേറ്റ് അംഗീകരിച്ച റാങ്ക് പട്ടിക 19-7-2022-ന് താൽക്കാലികമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

താൽക്കാലിക റാങ്ക് പട്ടികയിൽ ഒന്നാമതായി റാങ്ക് ചെയ്യപ്പെട്ട ഉദ്യോഗാർത്ഥിയുടെ അസ്സൽ രേഖകളുടെ പരിശോധന 1-8-2022-ന് നടത്തിയിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ തസ്തികയിലേയ്ക്ക് നിയമനം ലഭിക്കുന്നതിനാവശ്യമായ യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; എത്രവർഷത്തെ അദ്ധ്യാപന പരിചയമാണ് ആവശ്യമുള്ളതെന്ന് അറിയിക്കുമോ?

മലയാളം അസോസിയേറ്റ് പ്രൊഫസർ തസ്തികയ്ക്ക് താഴെപ്പറയുന്ന യോഗ്യത നിശ്ചയിച്ചിട്ടുണ്ട്:

1. A good academic record, with a Ph.D. Degree in the concerned/ allied/ relevant disciplines.
2. A Master's Degree with at least 55% marks (or an equivalent grade in a point-scale, wherever the grading system is followed).
3. A minimum of eight years of experience of teaching and / or research in an academic/ research position equivalent to that of Assistant Professor in a University, College or Accredited Research Institution/ industry with a minimum of seven publications in the peer-reviewed or UGC-listed journals and a total research score of Seventy five (75) as per the criteria given in Appendix II, Table 2 of UGC Regulation - 2018.

മേൽ യോഗ്യതാമാനദണ്ഡം അനുസരിച്ച് 8 വർഷത്തെ അദ്ധ്യാപന പരിചയം ആവശ്യമുണ്ട്.

(സി) പ്രസ്തുത തസ്തികയിലേയ്ക്കുള്ള അപേക്ഷയോടൊപ്പം ഒന്നാം റാങ്ക് ജേതാവ് സമർപ്പിച്ച വിദ്യാഭ്യാസ യോഗ്യതകളുടെയും അദ്ധ്യാപന പരിചയത്തിന്റെയും രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ?

രേഖകളുടെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റ് ചാൻസലർ റദ്ദാക്കാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

കണ്ണൂർ സർവ്വകലാശാലയുടെ മലയാള പഠന വിഭാഗത്തിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്കുള്ള നിയമന പ്രക്രിയയുമായി ബന്ധപ്പെട്ട കണ്ണൂർ യൂണിവേഴ്സിറ്റി ആക്റ്റ് 1996, സെക്ഷൻ 7(3) പ്രകാരം നടപടി സ്വീകരിക്കാനും പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും മറ്റൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ മരവിപ്പിച്ചുകൊണ്ടും ബഹു. ചാൻസലർ ഉത്തരവ് പുറപ്പെടുവിച്ചതിലേയ്ക്കുള്ള അറിയിപ്പ് സർവ്വകലാശാലയിൽ ലഭ്യമായിട്ടുണ്ട്. നടപടിക്രമങ്ങൾ മരവിപ്പിക്കുന്നതിലേയ്ക്കുള്ള കാരണം പ്രസ്തുത അറിയിപ്പിൽ പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല.

## വിദ്യാഭ്യാസ യോഗ്യതകളുടെയും അദ്ധ്യാപന പരിചയത്തിന്റെയും രേഖകളുടെ പകർപ്പ്

189 (1744) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ സർവ്വകലാശാലയിലെ മലയാളം വിഭാഗത്തിൽ അസോസിയേറ്റ് പ്രൊഫസർ നിയമനത്തിനുള്ള റാങ്ക് പട്ടികയിൽ ഒന്നാം റാങ്ക് നേടിയ പ്രിയ വർഗ്ഗീസ് സമർപ്പിച്ച വിദ്യാഭ്യാസ യോഗ്യതകളുടെയും അദ്ധ്യാപന പരിചയത്തിന്റെയും രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ?

കണ്ണൂർ സർവ്വകലാശാലയിൽ മലയാളം അസോസിയേറ്റ് പ്രൊഫസർ തസ്തികയിലെ നിയമനത്തിനായി പ്രസിദ്ധീകരിച്ച താൽക്കാലിക റാങ്ക് പട്ടികയിൽ ഒന്നാമതായി റാങ്ക് ചെയ്യപ്പെട്ട ശ്രീമതി പ്രിയ വർഗ്ഗീസ് സമർപ്പിച്ച വിദ്യാഭ്യാസ യോഗ്യതകളുടെയും അദ്ധ്യാപന പരിചയത്തിന്റെയും രേഖകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**മലയാളം സർവ്വകലാശാലയിൽ അറബി-മലയാള ഗവേഷണ കേന്ദ്രം**

190 (1745) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ഫെബ്രുവരി മുതൽ 2022 ജൂലൈ വരെയുള്ള ഏതൊക്കെ തീയതികളിലാണ് മലയാളം സർവ്വകലാശാലയുടെ നിർവ്വാഹക സമിതി, പൊതുസഭ, അക്കാദമിക് കൗൺസിൽ എന്നിവ യോഗം ചേർന്നിട്ടുള്ളത്; പ്രസ്തുത യോഗങ്ങളുടെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ?

2018 ഫെബ്രുവരി മുതൽ 2022 ജൂലൈ വരെയുള്ള മലയാളം സർവ്വകലാശാലയുടെ നിർവ്വാഹക സമിതി, പൊതുസഭ, അക്കാദമിക് കൗൺസിൽ എന്നിവ യോഗം ചേർന്നതിന്റെ തീയതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

മിനിറ്റ്സുകളുടെ പകർപ്പ് ശേഖരിച്ച് നൽകുന്നതാണ്.

(ബി) പ്രസ്തുത സർവ്വകലാശാലയിൽ അറബി-മലയാള ഗവേഷണത്തിനായി പ്രത്യേക കേന്ദ്രം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പുരോഗതിയും ഇതുവരെ നടപ്പാക്കിയ പദ്ധതികളും വിവരിക്കാമോ?

സർവ്വകലാശാലയിൽ അറബി-മലയാള ഗവേഷണത്തിനായി പ്രത്യേക കേന്ദ്രം ആരംഭിച്ചിട്ടില്ല.

(സി) പ്രസ്തുത സർവ്വകലാശാലയുടെ പുതിയ ക്യാമ്പസിന്റെ നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ?

സർവ്വകലാശാലയുടെ പുതിയ കാമ്പസിന്റെ നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) പ്രസ്തുത സർവ്വകലാശാലയിലെ അനദ്ധ്യാപക സ്ഥിരനിയമനത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും ആയത് എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്നും അറിയിക്കുമോ?

സർവ്വകലാശാലയിലെ അനദ്ധ്യാപക സ്ഥിര നിയമനവുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) വിരമിച്ച അറുപത് വയസ് കഴിഞ്ഞവരെ അനദ്ധ്യാപകരായി നിയമിച്ച് സർവീസിൽ തുടരാൻ അനുവദിക്കുന്നുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ്; ഇവർ പെൻഷന് പുറമെ പറ്റുന്ന ശമ്പളം അടക്കമുള്ള സാമ്പത്തിക ആനുകൂല്യത്തിന്റെ കണക്ക് ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിരമിച്ച അറുപത് വയസ്സ് കഴിഞ്ഞ ആർക്കുംതന്നെ മലയാള സർവ്വകലാശാലയിൽ അനദ്ധ്യാപകരായി പുനർനിയമനം നൽകി സർവ്വകലാശാലാ സർവ്വീസിൽ തുടരാൻ അനുവദിക്കുന്നില്ല. എന്നാൽ സർക്കാർ/ സർവ്വകലാശാലാ സർവ്വീസിൽനിന്നും വിരമിച്ച ഏതാനും ഉദ്യോഗസ്ഥർക്ക് അവരുടെ പരിചയസമ്പത്ത് മുൻനിർത്തി കരാർ അടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്.

കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന സർവ്വകലാശാലകളിൽനിന്നും ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിൽനിന്നും വിരമിച്ചവർക്ക് 35,000 രൂപയും അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിൽ നിന്നും വിരമിച്ചവർക്ക് 30,000 രൂപയും സെക്ഷൻ ഓഫീസർ തസ്തികയിൽനിന്നും വിരമിച്ചവർക്ക് 28,000 രൂപയും പ്രതിമാസ വേതനം നൽകി വരുന്നുണ്ട്.

## കണ്ണൂർ സർവ്വകലാശാല അസോസിയേറ്റ് പ്രൊഫസർ നിയമനം

191 (1746) ശ്രീ. റോജി എം. ജോൺ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എം. വിൻസെന്റ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവ്വകലാശാല അസോസിയേറ്റ് പ്രൊഫസർ നിയമനവുമായി ബന്ധപ്പെട്ട് അപേക്ഷകർ നൽകിയ രേഖകൾ സ്ക്രീനിംഗ് കമ്മിറ്റി പരിശോധിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കണ്ണൂർ സർവ്വകലാശാല അസോസിയേറ്റ് പ്രൊഫസർ നിയമനവുമായി ബന്ധപ്പെട്ട് അപേക്ഷകർ നൽകിയ രേഖകൾ സ്ക്രീനിംഗ് കമ്മിറ്റി പരിശോധിച്ചിട്ടുണ്ട്.

(ബി) പ്രോ വൈസ്ചാൻസലർ അദ്ധ്യക്ഷനായ സ്ക്രീനിംഗ് കമ്മിറ്റി അപേക്ഷകർ നൽകിയ രേഖകൾ പരിശോധിച്ചതിനുശേഷമാണോ ചുരുക്കപ്പട്ടിക തയ്യാറാക്കുന്നത്; പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് നടപടിക്രമം പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

പ്രോ വൈസ്ചാൻസലർ അദ്ധ്യക്ഷനായ സ്ക്രീനിംഗ് കമ്മിറ്റി അപേക്ഷകർ നൽകിയ രേഖകൾ പരിശോധിച്ചതിനുശേഷമാണ് ചുരുക്കപ്പട്ടിക തയ്യാറാക്കുന്നത്. പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് നടപടിക്രമം പാലിച്ചിട്ടുണ്ട്.

(സി) അപേക്ഷകർ നൽകിയ രേഖകൾ സ്ക്രീനിംഗ് കമ്മിറ്റി പരിശോധിച്ച് ചുരുക്കപ്പട്ടിക തയ്യാറാക്കിയശേഷം അദ്ധ്യാപന പരിചയവും ഗവേഷണ പ്രബന്ധങ്ങളുടെ മികവും ഇന്റർവ്യൂവിൽ മാനദണ്ഡമാകില്ല എന്ന വാദം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

യു.ജി.സി. റെഗുലേഷൻസ് 2018 പ്രകാരം രൂപീകരിച്ച സെലക്ഷൻ കമ്മിറ്റിയാണ് ഇന്റർവ്യൂവിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നത്. സെലക്ഷൻ കമ്മിറ്റി ചുവടെ ചേർത്തിരിക്കുന്ന അഞ്ച് മേഖലകളിൽ പരമാവധി 10 മാർക്ക് വീതം നിശ്ചയിച്ച് (ആകെ 50 മാർക്ക്) അഭിമുഖത്തിൽ മാർക്ക് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ഉദ്യോഗാർത്ഥികളെ റാങ്ക് ചെയ്തിട്ടുള്ളത്.

1. Research

2. Publication

3. Teaching Ability

4. Language Competence

5. Inter disciplinary and Domain Knowledge.

**വിദ്യാർത്ഥി സംഘടനയുടെ വനിതാ നേതാവിന് ലഭിച്ച വ്യാജ ഗ്രേസ് മാർക്ക്**

192 (1747) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്കൃത സർവ്വകലാശാലയിൽ യുവജനോത്സവത്തിൽ പങ്കെടുക്കാത്ത ഒരു വിദ്യാർത്ഥി സംഘടനയുടെ വനിതാനേതാവിന് ഗ്രേസ് മാർക്ക് ലഭിക്കാൻ മലയാളം സ്കിറ്റ് മത്സരത്തിൽ ഒന്നാം സ്ഥാനവും എ ഗ്രേഡും ലഭിച്ചതായി വ്യാജ സർട്ടിഫിക്കറ്റ് നൽകിയെന്ന ആക്ഷേപമുള്ള സാഹചര്യത്തിൽ മേൽപ്പറഞ്ഞ യുവജനോത്സവത്തിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ പേര് വിവരങ്ങളും മത്സരയിനങ്ങളുടെ വിശദാംശങ്ങളും ഉൾപ്പെടുന്ന രജിസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കുമോ?

യുവജനോത്സവത്തിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ പേര് വിവരങ്ങളും മത്സരയിനങ്ങളുടെ വിശദാംശങ്ങളും ഉൾപ്പെടുന്ന രജിസ്റ്ററിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാലിക്കറ്റ് സർവ്വകലാശാലയിലെ താല്ക്കാലിക നിയമനം

193 (1748) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിൽ ഉൾപ്പെടാത്തവയും സർക്കാർ അംഗീകാരം ലഭിക്കാത്തവയുമായ ഏതെങ്കിലും തസ്തികകളിൽ 2021 ജനുവരി മുതൽ കരാർ/ദിവസവേതനാടിസ്ഥാനത്തിൽ താല്ക്കാലിക ജീവനക്കാരെ നിയമിക്കുകയോ നിയമനം നൽകുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിജ്ഞാപനത്തിന്റെയും നിയമനം ലഭിച്ച ജീവനക്കാരുടെയും വിശദാംശം, തസ്തിക, നിയമനം നല്കിയ ബ്രാഞ്ച്/വകുപ്പ്, ശമ്പളം/വേതനം എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

ഉണ്ട്. കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്, 1977 ചാപ്റ്റർ 4 പ്രകാരം സർവ്വകലാശാലയ്ക്ക് നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് 50,000 രൂപ പ്രതിമാസ ഹോണറേറിയം നൽകിക്കൊണ്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രൈബൽ സ്റ്റഡീസ് ആൻഡ് റിസർച്ചിൽ (ഐ.ടി.എസ്.ആർ.) ഒരു വർഷത്തേയ്ക്ക് താൽക്കാലികാടിസ്ഥാനത്തിൽ അസിസ്റ്റന്റ് ഡയറക്ടറെ നിയമിച്ചിട്ടുണ്ട്.

40,000 രൂപ പ്രതിമാസ വേതനം നിശ്ചയിച്ചുകൊണ്ടു ഇന്റഗ്രേറ്റഡ് എം.എ. ഡെവലപ്പ്മെന്റൽ സ്റ്റഡീസിൽ താൽക്കാലികാടിസ്ഥാനത്തിൽ കോ-ഓർഡിനേറ്ററെ നിയമിച്ചിട്ടുണ്ട്. 40,000 രൂപ പ്രതിമാസ വേതനം നിശ്ചയിച്ചുകൊണ്ട് എം.എ. ഉറുദു പ്രോഗ്രാമിൽ താൽക്കാലികാടിസ്ഥാനത്തിൽ കോ-ഓർഡിനേറ്ററെയും 42,000 രൂപ പ്രതിമാസ വേതനം നിശ്ചയിച്ചുകൊണ്ട് മ്യൂസിക് പ്രോഗ്രാമിലും 50,000 രൂപ പ്രതിമാസ വേതനം നിശ്ചയിച്ചുകൊണ്ട് ഇന്റഗ്രേറ്റഡ് പി.ജി. പ്രോഗ്രാമിലും പ്രോഗ്രാം ഡയറക്ടറേയും 2022-2023 അക്കാദമിക് വർഷത്തിലേയ്ക്ക് നിയമിച്ചിട്ടുണ്ട്. എം.എ. ഉറുദു പ്രോഗ്രാമിലെ കോ-ഓർഡിനേറ്ററുടെ നിയമനവുമായി ബന്ധപ്പെട്ട വിജ്ഞാപനവും മ്യൂസിക് പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ നിയമനവുമായി ബന്ധപ്പെട്ട വിജ്ഞാപനവും (music notification)അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു.*

16-6-2020-ലെ 67778/AD-A-ASST-2/2014/Admn നമ്പർ വിജ്ഞാപന പ്രകാരം 21-1-2021-ന് ഷെഹാസ് വി.ബി. എന്നവരെയും ടിയാനെ 15-3-2021-ന് സർവ്വകലാശാല സേവനത്തിൽനിന്നും വിടുതൽ ചെയ്തശേഷം 24-9-2021-ന് അൻസബ് കെ.പി. എന്നവരെയും നെറ്റ്വർക്ക് അഡ്മിനിസ്ട്രേറ്റർ തസ്തികയിൽ 35,000 രൂപ പ്രതിമാസ വേതനത്തോടുകൂടി കാലിക്കറ്റ് സർവ്വകലാശാല കമ്പ്യൂട്ടർ സെന്ററിൽ നിയമനം നൽകി.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

25-11-2020-ലെ 33880/AD-A-ASST-2/2013/Admn നമ്പർ വിജ്ഞാപനപ്രകാരം 15-01-2022-ന് വിജിത്ത് ടി. കെ. എന്നവരെ പബ്ലിക് അഡ്രസ് സിസ്റ്റം ഓപ്പറേറ്റർ തസ്തികയിൽ 17,325 രൂപ പ്രതിമാസ വേതനത്തോടുകൂടി യൂണിവേഴ്സിറ്റി സയൻസ് ആന്റ് ഇൻസ്ട്രുമെന്റേഷൻ സെന്ററിൽ നിയമനം നൽകി.

5-2-2021-ലെ 2509/IQAC-ASST-1/2021/Admn നമ്പർ വിജ്ഞാപനപ്രകാരം, 16-6-2022-ന് റിസ്വാനമീർ ഇ. കെ. എന്നവരെ ഗ്രാഫിക്ക് ഡിസൈനർ തസ്തികയിൽ 30,000 രൂപ പ്രതിമാസ വേതനത്തോടുകൂടി പബ്ലിക്ക് റിലേഷൻ ഓഫീസിൽ നിയമനം നൽകി.

2-7-2022-ലെ 73521/AD-A-ASST-2/2022/Admn നമ്പർ വിജ്ഞാപനപ്രകാരം 21-7-2022-ന് സുജ പി. എന്നവരെ പ്രോഗ്രാം എക്സിക്യൂട്ടീവ് തസ്തികയിൽ 30,000 രൂപ പ്രതിമാസ വേതനത്തോടുകൂടിയും 25-7-022-ന് അനൂപ് യു. എന്നവരെ സൗണ്ട് റെക്കോർഡിസ്റ്റ് തസ്തികയിൽ 25,000 രൂപ പ്രതിമാസ വേതനത്തോടുകൂടിയും യൂണിവേഴ്സിറ്റി കാമ്പസ് റേഡിയോയിൽ നിയമനം നൽകി.

ലെയ്സൺ ഓഫീസർ - ന്യൂഡൽഹി പ്രതിമാസം 15,000 രൂപ ഏകീകൃത വേതനവും 3,000 രൂപ കണ്ടിജൻസി അലവൻസ്, ലെയ്സൺ ഓഫീസർ - തിരുവനന്തപുരം പ്രതിമാസം 20000 രൂപ ഹോണറേറിയം, മാനേജർ ഗോൾഡൻ ജൂബിലി അക്വാട്ടിക്സ് കോംപ്ലക്സ് സ്വിമ്മിംഗ് പൂൾ, ഫിസിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റ് പ്രതിമാസം 27,000 രൂപ ഏകീകൃത വേതനം എന്നീ നിരക്കിൽ നിയമിച്ചിട്ടുണ്ട്.

പ്രസ്സിലെ പ്ലേറ്റ് മേക്കർ തസ്തികയിലെ ഒരൊഴിവിൽ 780 രൂപ നിരക്കിലും തുഞ്ചൻ താളിയോല ഗ്രന്ഥപ്പുരയിലെ സ്കിൽഡ് വർക്കർ തസ്തികയിലെ ഒരൊഴിവിൽ 675 രൂപ നിരക്കിലും ബോട്ടണി ഡിപ്പാർട്ട്മെന്റിലെ ഹെർബേറിയം വർക്കർ തസ്തികയിലെ 2 ഒഴിവിലേയ്ക്ക് 675 രൂപ നിരക്കിലും വൈസ് ചാൻസലറുടെ ഓഫീസിലെ ടി ബോയ് തസ്തികയിലെ ഒരൊഴിവിൽ 675 രൂപ നിരക്കിലും ജീവനക്കാരെ നിയമിക്കുന്നുണ്ട്.

(ബി) പ്രസ്തുത തസ്തികകളിൽ കരാർ/ദിവസവേതനാടിസ്ഥാനത്തിൽ താല്ക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് സർവ്വകലാശാല സിൻഡിക്കേറ്റിനോ വൈസ് ചാൻസലർക്കോ അധികാരമുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും പകർപ്പ് സഹിതം വിശദാംശം ലഭ്യമാക്കുമോ?

കാലിക്കറ്റ് സർവ്വകലാശാല ആക്ട്, 1975-ലെ ചാപ്റ്റർ നാലിലെ ആക്ട് 23-ലെ സിൻഡിക്കേറ്റിന്റെ അധികാരങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ഖണ്ഡികയിൽ (viii) പ്രകാരം സർവ്വകലാശാലയുടെ അദ്ധ്യാപകരെയും മറ്റ ജീവനക്കാരെയും നിയമിക്കുന്നതിനും അവരുടെ ചുമതലകൾ നിർദ്ദേശിക്കുന്നതിനും (ix) പ്രകാരം അഡ്മിനിസ്ട്രേറ്റീവ്, മിനിസ്റ്റീരിയൽ, മറ്റ അവശ്യ തസ്തികകൾ സൃഷ്ടിക്കുന്നതിനും സിൻഡിക്കേറ്റിന് അധികാരമുണ്ട്. പ്രസ്തുത ആക്ടിന്റെ പകർപ്പ് അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു.*

(സി) വിവിധ തസ്തികകളിൽ കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ താല്ക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും സർക്കാർ അംഗീകൃതമല്ലാത്ത തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താല്ക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും നിഷ്കർഷിക്കുന്ന 26-2-2016-ലെ ജി.ഒ (പി) നമ്പർ 28/2016/ഫിൻ. സർക്കാർ ഉത്തരവും 11-01-2019-ലെ നമ്പർ 03/ 2019/ധന. സർക്കാർ സർക്കുലറും 9-7-2019-ലെ സ.ഉ (പി) നമ്പർ 81/2019/ധന. സർക്കാർ ഉത്തരവും മുഴുവൻ സർവ്വകലാശാലകൾക്കും ബാധകമാണോയെന്ന് വ്യക്തമാക്കാമോ?

26-2-2016-ലെ ജി.ഒ.(പി) നമ്പർ 28/2016/ഫിൻ, 9-7-2019-ലെ സ.ഉ. (പി)നമ്പർ 81/2019/ധന എന്നീ സർക്കാർ ഉത്തരവുകൾ സർവ്വകലാശാലയിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) കാലിക്കറ്റ് സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിൽ ഉൾപ്പെടാത്തവയും സർക്കാർ അംഗീകാരം ലഭിക്കാത്തവയുമായ തസ്തികകളിൽ 2021 ജനുവരി മുതൽ സർവ്വകലാശാല കരാർ/ദിവസവേതനാടിസ്ഥാനത്തിൽ താല്ക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ടെങ്കിൽ ആയതിന് സർക്കാരിൽനിന്നും മുൻകൂർ അനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

സർക്കാരിൽനിന്നും മുൻകൂർ അനുമതി നൽകിയിട്ടില്ല.

(ഇ) സർക്കാരിൽനിന്നും മുൻകൂർ അനുമതിയില്ലാതെ ചെലവുൾപ്പെടുന്ന കാര്യങ്ങൾ നിർവ്വഹിക്കാൻ പാടില്ലെന്ന് നിർദ്ദേശിക്കുന്ന 27-10-1988-ലെ G.O. (MS)No.230/88/എച്ച്.ഇ.ഡി.എൻ. സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം III ആയി ഉള്ളടക്കം ചെയ്യുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്) സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിൽ ഉൾപ്പെടാത്തവയും സർക്കാർ അംഗീകൃതമല്ലാത്തവയുമായ തസ്തികകളിലും അംഗീകൃത തസ്തികകളുടെ സാംഗ്ഷൻഡ് സ്ട്രെംഗ്തിനു പുറമെയുള്ള എണ്ണം തസ്തികകളിലും താല്ക്കാലിക ജീവനക്കാരെ വർഷങ്ങളായി നിയമിച്ചുവരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്, 1977 ചാപ്റ്റർ 4 പ്രകാരം സർവ്വകലാശാലയ്ക്ക് നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് 40,000 രൂപ പ്രതിമാസ വേതനം നിശ്ചയിച്ചുകൊണ്ട് എം. എ. ഉറുദു പ്രോഗ്രാമിൽ താൽക്കാലികാടിസ്ഥാനത്തിൽ കോ-ഓർഡിനേറ്ററെയും 42,000 രൂപ പ്രതിമാസ വേതനം നിശ്ചയിച്ചുകൊണ്ട് മ്യൂസിക് പ്രോഗ്രാമിലും കോ-ഓർഡിനേറ്ററെയും 50,000 രൂപ പ്രതിമാസ വേതനം നിശ്ചയിച്ചുകൊണ്ട് ഇന്റഗ്രേറ്റഡ് പി.ജി. പ്രോഗ്രാമിൽ പ്രോഗ്രാം ഡയറക്ടറേയും 2022-2023 അക്കാദമിക വർഷത്തിലേയ്ക്ക് നിയമിച്ചിട്ടുണ്ട്. 50,000 രൂപ പ്രതിമാസ ഹോണറേറിയം നൽകിക്കൊണ്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രൈബൽ സ്റ്റഡീസ് ആൻഡ് റിസർച്ചിൽ (ഐ.ടി.എസ്.ആർ.) ഒരു വർഷത്തേയ്ക്ക് താൽക്കാലികാടിസ്ഥാനത്തിൽ അസിസ്റ്റന്റ് ഡയറക്ടറെ നിയമിച്ചിട്ടുണ്ട്. 40,000 രൂപ പ്രതിമാസ വേതനം നിശ്ചയിച്ചുകൊണ്ട് ഇന്റഗ്രേറ്റഡ് എം.എ. ഡെവലപ്മെന്റൽ സ്റ്റഡീസിൽ താൽക്കാലികാടിസ്ഥാനത്തിൽ കോ-ഓർഡിനേറ്ററെ നിയമിച്ചിട്ടുണ്ട്.

സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിൽ ഉൾപ്പെടാത്തവയും സർക്കാർ അംഗീകൃതമല്ലാത്തവയുമായ ചുവടെപ്പറയുന്ന തസ്തികകളിൽ താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

ലെയ്സൺ ഓഫീസർ - ന്യൂ ഡെൽഹി, ലെയ്സൺ ഓഫീസർ - തിരുവനന്തപുരം, സ്വിമ്മിംഗ് ട്രെയിനർ (പുരുഷൻ)-ഗോൾഡൻ ജൂബിലി അക്വാട്ടിക്സ് കോംപ്ലക്സ് സ്വിമ്മിംഗ് പൂൾ, ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്, സ്വിമ്മിംഗ് ട്രെയിനർ (സ്ത്രീ) - ഗോൾഡൻ ജൂബിലി അക്വാട്ടിക്സ് കോംപ്ലക്സ് സ്വിമ്മിംഗ് പൂൾ, ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്, ലൈഫ് ഗാർഡ് - ഗോൾഡൻ ജൂബിലി അക്വാട്ടിക്സ് കോംപ്ലക്സ് സ്വിമ്മിംഗ് പൂൾ, ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്, മാനേജർ - ഗോൾഡൻ ജൂബിലി അക്വാട്ടിക്സ് കോംപ്ലക്സ് സ്വിമ്മിംഗ് പൂൾ, ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്, കെയർടേക്കർ - ഇൻഡോർ സ്റ്റേഡിയം, ഫിറ്റ്നസ് സെന്റർ ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് എന്നിവിടങ്ങളിലും കൂടാതെ സർക്കാർ അംഗീകൃതമല്ലാത്ത നെറ്റ്വർക്ക് അഡ്മിനിസ്ട്രേറ്റർ, ടെക്നീഷ്യൻ (സി.യു.സി.സി.),

പി.എ.എസ്. ഓപ്പറേറ്റർ എന്നീ തസ്തികകളിലും താൽക്കാലിക ജീവനക്കാരെ നിയമിച്ചുവരുന്നുണ്ട്. കൂടാതെ റൂം ബോയ് -കം- ബയറർ-6, കൗണ്ടർ-2, മേട്രൺ-6, ഹെർബേറിയം വർക്കർ -2, പമ്പ് ഓപ്പറേറ്റർ -1, ലാബ് അറ്റൻഡർ- 1, ഡ്രൈവർ (കാൾ ഓൺ)-6, കാർപ്പെന്റർ-2, പ്രോഗ്രാമർ, ഇലക്ട്രിസിറ്റി വർക്കർ, തസ്തികകളിൽ സർക്കാർ അംഗീകൃത തസ്തികകളുടെ സാംഗ്ഷൻഡ് സ്ട്രെംഗ്തിനുപുറമെയുള്ള എണ്ണം നിയമനം നൽകുന്നുണ്ട്. ഗാർഡ്നർ, ഗ്രൗൻഡ്സ് മെൻ, പ്യൂൺ, സ്വീപ്പർ എന്നീ തസ്തികകളിലും ഗവൺമെന്റ് അംഗീകൃത തസ്തികയ്ക്കുപുറമെ നിയമനം നടത്തുന്നുണ്ട്. പ്രസ്തുത തസ്തികകളിൽ സി.എൽ.ആർ. ജീവനക്കാരെ റൊട്ടേഷൻ അടിസ്ഥാനത്തിൽ 2 മാസക്കാലത്തേയ്ക്ക് നിയമിക്കുകയാണ് ചെയ്യുന്നത്.

(ജി) സർവ്വകലാശാലയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഇത്തരം തസ്തികകൾ അത്യന്താപേക്ഷിതമാണെങ്കിൽ പ്രസ്തുത തസ്തികകൾ ഉൾപ്പെടുത്തി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവ ഭേദഗതി വരുത്തുന്നതിനും പ്രസ്തുത തസ്തികകൾ സൃഷ്ടിക്കേണ്ട ആവശ്യകത സർക്കാരിനെ ബോദ്ധ്യപ്പെടുത്തി സർക്കാരിൽനിന്നും അംഗീകാരം വാങ്ങുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

മേൽപ്പറഞ്ഞ ചില തസ്തികകളിൽ നിയമനം നടത്തുന്നതിന് അനുമതിക്കായി സർക്കാരിലേയ്ക്ക് കത്ത് നൽകിയിട്ടുള്ളതിൽ ചിലതിന് അംഗീകാരം വാങ്ങുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. അടിയന്തര സാഹചര്യങ്ങളിൽ സർവ്വകലാശാലാ താൽപ്പര്യം സംരക്ഷിക്കുന്നതിനായി താത്കാലിക നിയമനം നടത്താൻ CUFS 1977 ചാപ്റ്റർ 4 സ്റ്റാറ്റ്യൂട്ട് 11 (1) പ്രകാരം സർവ്വകലാശാലയ്ക്ക് അധികാരമുണ്ട്. കാലിക്കറ്റ് സർവ്വകലാശാല ആക്ട് 1975 സെക്ഷൻ 23 സബ് സെക്ഷൻ IX പ്രകാരം അഡ്മിനിസ്ട്രേറ്റീവ് മിനിസ്റ്റീരിയൽ മറ്റ് അത്യാവശ്യ തസ്തികകൾ സൃഷ്ടിക്കുന്നതിനായി സർവ്വകലാശാല സിൻഡിക്കേറ്റിന് അധികാരമുണ്ട്.

## കാലിക്കറ്റ് യൂണിവേഴ്സിറ്റി ബി.എഡ്. സെന്ററുകൾ

194 (1749) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള സ്വാശ്രയ ബി.എഡ്. സെന്ററുകളിൽ 2022-2023 വർഷത്തെ അഡ്മിഷനുള്ള പ്രവേശന വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

അനുബന്ധം I- ആയി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത സെന്ററുകളുടെ അംഗീകാരം പിൻവലിച്ച തീരുമാനത്തിനെതിരെ സമർപ്പിച്ച അപ്പീൽ 18-4-2022-ന് എൻ.സി.ടി.ഇ. തള്ളിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

തള്ളിയിട്ടുണ്ട്.

(സി) പ്രസ്തുത അപ്പീൽ എൻ.സി.ടി.ഇ. 18-4-2022-ന് തള്ളിയതിനുശേഷം ടി തീരുമാനത്തിനെതിരെ ഹൈക്കോടതിയിൽ സർവ്വകലാശാല കേസ് ഫയൽ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കേസിന്റെ വിശദാംശവും കേസിൽ സർവ്വകലാശാല ഇതുവരെ സ്വീകരിച്ച നടപടികളും വിശദമാക്കുമോ?

ഉണ്ട്. NCTE അംഗീകാരം പിൻവലിച്ച നടപടിക്കെതിരെ ഹൈക്കോടതിയിൽ WP(C)No.27006, 27008, 27015, 27019, 27097, 27098, 26818, 26643, 26835, 26870, 26893 of 2022 പ്രകാരം കേസ് ഫയൽ ചെയ്തിട്ടുണ്ട്. ബി.എഡ്. കോഴ്സ് തുടർന്ന് നടത്തുന്നതിനായി ഹൈക്കോടതിയിൽ നിന്നും പതിനൊന്ന് സെന്ററുകൾക്കും അനുകൂലമായ വിധി ലഭിച്ചിട്ടുണ്ട്.

(ഡി) കേസ് ഫയൽ ചെയ്തിട്ടില്ലെങ്കിൽ എൻ.സി.ടി.ഇ. അപ്പീൽ തള്ളിയിട്ടും അതിനെതിരെ നാല് മാസക്കാലം കോടതിയെ സമീപിക്കാതിരിക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ബാധകമല്ല.

(ഇ) 2022-2023 വർഷത്തെ അഡ്മിഷൻ നോട്ടിഫിക്കേഷൻ ഹൈക്കോടതിയിൽനിന്നോ, എൻ.സി.ടി.ഇ.-യിൽനിന്നോ ഏതെങ്കിലും തരത്തിലുള്ള ഉത്തരവ് ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണോ പുറപ്പെടുവിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ; അല്ലെങ്കിൽ ഏത് സർവ്വകലാശാല ചട്ടത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവേശന വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

യൂണിവേഴ്സിറ്റി സ്റ്റാന്റിംഗ് കൗൺസിലിന്റെ നിയമോപദേശ പ്രകാരമാണ് പതിനൊന്ന് ക്യൂടെക് സെന്ററുകളിലേയ്ക്കും 2022-23 വർഷത്തെ പ്രവേശന വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത്.

(എഫ്) 1-9-2021 മുതൽ 12-8-2022 വരെയുള്ള കാലഘട്ടത്തിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽനിന്ന് എൻ.സി.ടി.ഇ.-ക്ക് അയച്ച കത്തുകളുടെയും രേഖകളുടെയും കോപ്പി ലഭ്യമാക്കുമോ?

അനുബന്ധം II ആയി ചേർത്തിരിക്കുന്നു. *

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കാലിക്കറ്റ് സർവ്വകലാശാലയിലെ നാക് അക്രെഡിറ്റേഷൻ**

195 (1750) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022- ലെ നാലാംഘട്ട നാക് അക്രെഡിറ്റേഷനുമായി ബന്ധപ്പെട്ട് കാലിക്കറ്റ് സർവ്വകലാശാല വിഭാവന ചെയ്ത നിർമ്മാണ നിർമ്മാണേതര പദ്ധതികളുടെ വിശദാംശം നൽകുമോ?

2022-ലെ നാലാംഘട്ട നാക് അക്രെഡിറ്റേഷനുമായി ബന്ധപ്പെട്ട് നാക് സന്ദർശനത്തിന്റെ തൊട്ടുമുൻപുള്ള മാസങ്ങളിൽ സർവ്വകലാശാലയിൽ ആരംഭിച്ച പ്രധാന നിർമ്മാണപ്രവൃത്തികളുടെ പട്ടിക അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു*

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം കൈവരിക്കുവാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങളും പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് വകയിരുത്തിയ തുകയുമുൾപ്പെടെയുള്ള മുഴുവൻ വിശദാംശങ്ങളും ലഭ്യമാക്കുമോ?

2022-ലെ നാലാംഘട്ട നാക് അക്രെഡിറ്റേഷനുമായി ബന്ധപ്പെട്ട നിർമ്മാണ, നിർമ്മാണേതര പ്രവൃത്തികൾക്കായി യൂണിവേഴ്സിറ്റിയിൽ പ്രത്യേക തുക വകയിരുത്തിയിട്ടില്ല. പ്ലാൻ ഫണ്ടും യൂണിവേഴ്സിറ്റി തനതുഫണ്ടും ഉപയോഗിച്ചാണ് ഇതുവരെയുള്ള പ്രവൃത്തികൾ നടത്തിവരുന്നത്. പ്രസ്തുത പദ്ധതികൾപ്രകാരം യൂണിവേഴ്സിറ്റിയിലെ കെട്ടിടങ്ങളുടെ ഒഴിച്ചുകൂടാനാവാത്ത അറ്റകുറ്റപ്പണികളും വിവിധ ഡിപ്പാർട്ടുമെന്റുകളിലെ ലാബ് സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണങ്ങൾ, ഭിന്നശേഷി കുട്ടികൾക്കായുള്ള റാംപ്, ടോയ്‌ലെറ്റ് നിർമ്മാണം മുതലായവ ചെയ്ത് യൂണിവേഴ്സിറ്റിയുടെ മൊത്തത്തിലുള്ള മുഖച്ഛായ ഉയർത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. 2022-ലെ നാലാംഘട്ട നാക് അക്രെഡിറ്റേഷനുമായി ബന്ധപ്പെട്ട് കാലിക്കറ്റ് സർവ്വകലാശാലാ എഞ്ചിനീയറിംഗ് വിഭാഗം (സിവിൽ) പൂർത്തീകരിച്ച പ്രവൃത്തികളുടെ പട്ടിക, ചെലവായ തുക, ഫണ്ട് എന്നിവ അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു*.

(സി) നാക് അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട് യു.ജി.സി പരിശോധനാവിധേയമാക്കുന്ന ഘടകങ്ങൾ ഏതെല്ലാമാണ്; സർവ്വകലാശാല വിഭാവന ചെയ്ത പദ്ധതികൾ പ്രസ്തുത പരിശോധനാ മാനദണ്ഡങ്ങൾ പാലിക്കുന്നവയാണോ; വിശദമാക്കുമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) 2022-ലെ നാലാംഘട്ട നാക് അക്രെഡിറ്റേഷനുമായി ബന്ധപ്പെട്ട് സർവ്വകലാശാല വിഭാവന ചെയ്ത ഏതെല്ലാം പദ്ധതികൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്; ആയതിന് എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ട്; പ്രസ്തുത തുകകൾ ഏതുഫണ്ടിൽ (പ്ലാൻ/നോൺപ്ലാൻ/തനത്ഫണ്ട്/മറ്റുള്ളവ) നിന്നാണ് ചെലവഴിച്ചത്; വിശദാംശം ലഭ്യമാക്കുമോ;

(ഇ) 2022-ലെ നാലാംഘട്ട നാക് അക്രെഡിറ്റേഷനുമായി ബന്ധപ്പെട്ട് സർവ്വകലാശാല വിഭാവന ചെയ്ത ഏതെല്ലാം പദ്ധതികൾ ഇനി പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്; ആയതിന് എത്ര തുക വീതം വേണ്ടിവരും; പ്രസ്തുത തുകകൾ ഏത് ഫണ്ടിൽനിന്നാണ് വകയിരുത്തുന്നത് (പ്ലാൻ/നോൺ പ്ലാൻ/തനത് ഫണ്ട്/മറ്റുള്ളവ ഉൾപ്പെടെയുള്ള) വിശദാംശം ലഭ്യമാക്കുമോ?

(സി-ഇ) നാക് അക്രെഡിറ്റേഷനുമായി ബന്ധപ്പെട്ട് സർവ്വകലാശാലയിലെ മുഴുവൻ പ്രവൃത്തികളും ചുവടെ ചേർത്തിട്ടുള്ള ഏഴ് മാനദണ്ഡങ്ങളായി തരംതിരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുന്നു.

1. Criterion 1 - Curricular Aspects
2. Criterion 2 - Teaching-Learning and Evaluation
3. Criterion 3 - Reasearch, Innovations and Extension
4. Criterion 4 - Infrastructure and Learning Resources
5. Criterion 5 - Student Support and Progression
6. Criterion 6 - Governance, Leadership and Management
7. Criterion 7 - Institutional Values and Best Practices

സർവ്വകലാശാല വിഭാവന ചെയ്ത പദ്ധതികൾ പ്രസ്തുത പരിശോധനാ മാനദണ്ഡങ്ങൾ പാലിക്കുന്നവയാണ്.

(എഫ്) അക്കാദമിക പ്രവർത്തനങ്ങൾ, പരീക്ഷ നടത്തിപ്പ് ഉൾപ്പെടെയുള്ള വിദ്യാർത്ഥി സേവനങ്ങൾ, മറ്റ് സർവ്വകലാശാല സേവനങ്ങൾ എന്നിവ കാര്യക്ഷമമാക്കുന്നതിനുതകുന്ന പ്രവർത്തനങ്ങളെക്കാൾ നാക് അക്രെഡിറ്റേഷനുമായി ബന്ധപ്പെട്ട് സർവ്വകലാശാലകൾ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് പ്രാമുഖ്യം നല്കുന്നതെന്ന് വിലയിരുത്തുന്നുണ്ടോ; വിശദമാക്കുമോ?

അങ്ങനെ വിലയിരുത്തുന്നില്ല. ഇപ്പോൾ യൂണിവേഴ്സിറ്റിയിൽ നടക്കുന്ന അറ്റകുറ്റപ്പണികൾ യൂണിവേഴ്സിറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായുള്ളതാണ്. അക്കാദമിക് പ്രവർത്തനങ്ങൾ, പരീക്ഷ നടത്തിപ്പുകൾ ഉൾപ്പെടെയുള്ള വിദ്യാർത്ഥി സേവനങ്ങൾ, മറ്റ് സർവ്വകലാശാലാ സേവനങ്ങൾ എന്നിവ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സർവ്വകലാശാലയുടെ ദൈനംദിന പ്രവർത്തനത്തിന്റെ അവിഭാജ്യ ഘടകമെന്ന നിലയിൽ അനുസ്യൂതം നടന്നുവരുന്ന ഒന്നാണ്. ഇത്തരം പ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണത്തിനും പരിപാലനത്തിനും ആവശ്യമായ മരാമത്ത് പ്രവൃത്തികളാണ് നടന്നുവരുന്നത്. മേൽ പ്രവൃത്തികൾ നാക് സന്ദർശനത്തിന് തൊട്ടുമുമ്പുള്ള മാസങ്ങളിലാണ് ആരംഭിച്ചതെങ്കിലും അവയെല്ലാം നാക് സന്ദർശനത്തിന് അനുബന്ധമായ പ്രവൃത്തികളല്ല.

വിവിധ കെട്ടിടങ്ങളുടെ ബലവും ആയുസ്സും നിലനിർത്തുന്നതിനുവേണ്ടിയും വിദ്യാർത്ഥികൾക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടിയുമുള്ള നടപടികളാണ് പുരോഗമിക്കുന്നത്. ലൈബ്രറിയുടെ റഫറൻസ് ഹാളിൽ സീലിംഗ് ചെയ്യുന്നതിനും മറ്റ് അടിയന്തരവും ഒഴിവാക്കാനാവാത്തതുമായ അറ്റകുറ്റപ്പണികൾ ഉൾപ്പെടെയുള്ള പ്രവൃത്തികളും ഇതിൽ ഉൾപ്പെടുന്നു.

പഠനവകുപ്പുകളിൽ പഠനപ്രവർത്തനങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകിയിട്ടുണ്ട്.

### കാലിക്കറ്റ് സർവ്വകലാശാലയിലെ പദ്ധതികൾ

196 (1751) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിൽ 2019-20 സാമ്പത്തികവർഷം മുതൽ നാളിതുവരെ നടപ്പിലാക്കിയവയും വിഭാവന ചെയ്തവയുമായ നിർമ്മാണപ്രവൃത്തികളും വാങ്ങലുകളും ഉൾപ്പെടുന്ന മുഴുവൻ പദ്ധതികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മേൽപദ്ധതികൾക്ക് ഭരണാനുമതിയും സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും അനുവദിച്ചതിന്റെ വിശദാംശവും മേൽ പദ്ധതികൾക്കാവശ്യമായ തുക ഏത് ഫണ്ടിൽനിന്നാണ് വകയിരുത്തിയിരുന്നതെന്നതിന്റെ (പ്ലാൻ/നോൺപ്ലാൻ/തനത്ഫണ്ട്/ മറ്റുള്ളവ) വിശദാംശവും ലഭ്യമാക്കുമോ;

(സി) 2019-20 സാമ്പത്തികവർഷം മുതൽ നാളിതുവരെ സർവ്വകലാശാലയിൽ നടപ്പിലാക്കിയ മുഴുവൻ പദ്ധതികൾക്കും (നിർമ്മാണ പ്രവൃത്തികൾ, വാങ്ങലുകൾ) ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും പ്രസ്തുത തുക ഏതുഫണ്ടിൽനിന്നാണ് ചെലവഴിച്ചതെന്നും (പ്ലാൻ/നോൺപ്ലാൻ/തനത് ഫണ്ട്/മറ്റുള്ളവ) ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) 2019-20 സാമ്പത്തികവർഷം മുതൽ നാളിതുവരെ ഭരണാനുമതിയും സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച നിർമ്മാണ പ്രവൃത്തികളുടെയും വാങ്ങലുകളുടെയും ടെണ്ടർ നടപടികളുടെയും വിശദാംശം ലഭ്യമാക്കുമോ?

(എ-ഡി) വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

(ഇ) മേൽപ്പറഞ്ഞ നിർമ്മാണപ്രവൃത്തികളിൽ നിലവിൽ നടന്നു കൊണ്ടിരിക്കുന്നവയുടെ പുരോഗതിയും നിർമ്മാണ കാലാവധി കഴിഞ്ഞിട്ടും പൂർത്തിയാവാത്ത പദ്ധതികളുടെയും വിശദാംശം ലഭ്യമാക്കുമോ?

മേൽപ്പറഞ്ഞ പട്ടികയിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളിൽ ഐ.ക്യൂ.എ.സി. ബിൽഡിംഗിന്റെ നിർമ്മാണം ഒഴികെ എല്ലാ പ്രവൃത്തികളും എഗ്രിമെന്റ് കാലാവധിക്കുള്ളിൽത്തന്നെ പൂർത്തീകരിക്കുമെന്ന നിലയിലാണ് പുരോഗമിക്കുന്നത്.

(എഫ്) ഭരണാനുമതി ലഭിച്ചിട്ടും സാങ്കേതികാനുമതി ലഭിക്കാത്ത പദ്ധതികൾ ഉണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ; ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടും ടെണ്ടറിംഗ് പൂർത്തിയാകാത്ത പദ്ധതികൾ ഉണ്ടോ; എങ്കിൽ അവയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

ഇല്ല.

### കാലിക്കറ്റ് സർവ്വകലാശാല അദ്ധ്യാപകരുടെ ആർജ്ജിതാവധി

197 (1752) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാല പഠനവകുപ്പുകളിലെ അദ്ധ്യാപകർക്ക് പഠനവകുപ്പ് മേധാവിയുടെ ചുമതലയല്ലാതെ മറ്റേതെങ്കിലും തസ്തികകളുടെ ചുമതല/അധികച്ചുമതല നൽകാറുണ്ടോയെന്ന് വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാലിക്കറ്റ് സർവ്വകലാശാല പഠന വകുപ്പുകളിലെ അദ്ധ്യാപകർക്ക് പഠന വകുപ്പ് മേധാവിയുടെ ചുമതലയല്ലാതെ മറ്റ് തസ്തികകളുടെ ചുമതല/അധികച്ചുമതല നൽകാറുണ്ട്.

(ബി) അപ്രകാരം സർവ്വകലാശാലയിൽ 2016 മുതൽ മറ്റ് തസ്തികകളുടെ ചുമതല/അധികച്ചുമതല വഹിച്ചവരും നിലവിൽ ചുമതലയിൽ തുടരുന്നവരുമായ അദ്ധ്യാപകരുടെയും തസ്തികകളുടെയും വിശദാംശങ്ങളും പ്രസ്തുത തസ്തികകളിൽ കാലിക്കറ്റ് സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടാത്തവയുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

(സി) കാലിക്കറ്റ് സർവ്വകലാശാല പഠനവകുപ്പുകളിലെ അദ്ധ്യാപകർ എപ്രകാരമുള്ള ജോലികൾ നിർവ്വഹിക്കുമ്പോഴാണ് വെക്കേഷൻ തടയപ്പെടുന്നതിനുള്ള ആർജ്ജിതാവധി ക്രെഡിറ്റ് ചെയ്യപ്പെടുകയെന്ന് വിശദമാക്കുമോ?

അദ്ധ്യാപകർ വിവിധ വകുപ്പുകളിൽ ഡയറക്ടർ/പഠന വകുപ്പ് മേധാവിയുടെ ചുമതല വഹിക്കുമ്പോൾ അദ്ധ്യാപകർക്ക് അനുവദനീയമായ ശനിയാഴ്ചയുൾപ്പെടെയുള്ള അവധികൾ നഷ്ടപ്പെടുമ്പോൾ KSR പാർട്ട് I ചട്ടം 78 പ്രകാരവും മധ്യവേനൽ അവധി നഷ്ടപ്പെടുന്ന സാഹചര്യത്തിൽ KSR പാർട്ട് I ചട്ടം 81 പ്രകാരവും ആർജ്ജിതാവധി അനുവദിക്കുന്നുണ്ട്.

(ഡി) കാലിക്കറ്റ് സർവ്വകലാശാല പഠനവകുപ്പുകളിലെ അദ്ധ്യാപകർക്ക് തങ്ങളുടെ ലീവ് അക്കൗണ്ടിൽ ആർജ്ജിതാവധി ക്രെഡിറ്റ് ചെയ്യപ്പെടുന്നതിന് കെ.എസ്.ആർ. ചട്ടങ്ങളിലെ വ്യവസ്ഥകൾ ബാധകമാണോ; വിശദമാക്കുമോ?

കാലിക്കറ്റ് സർവ്വകലാശാല പഠന വകുപ്പുകളിലെ അദ്ധ്യാപകർക്ക് തങ്ങളുടെ ലീവ് അക്കൗണ്ടിൽ ആർജിതാവധി ക്രെഡിറ്റ് ചെയ്യപ്പെടുന്നതിന് കെ.എസ്.ആർ. ചട്ടങ്ങളിലെ KSR പാർട്ട് I ചട്ടം 78 (വകുപ്പ് മേധാവിക്ക്), KSR പാർട്ട് I ചട്ടം 81 എന്നീ വ്യവസ്ഥകൾ ബാധകമാണ്.

(ഇ) കാലിക്കറ്റ് സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടാത്ത തസ്തികകളുടെ ചുമതല/അധികച്ചുമതല വഹിക്കുന്ന അദ്ധ്യാപകർക്ക് വെക്കേഷൻ തടയപ്പെടുന്നുവെന്ന് കാണിച്ച് ആർജ്ജിതാവധി അനുവദിക്കാറുണ്ടോയെന്നും 2016 മുതൽ അപ്രകാരം ആർജ്ജിതാവധി അദ്ധ്യാപകരുടെ ലീവ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

(എഫ്) കാലിക്കറ്റ് സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടാത്ത തസ്തികകളുടെ ചുമതല/അധികച്ചുമതല വഹിക്കുന്ന അദ്ധ്യാപകർക്ക് വെക്കേഷൻ തടയപ്പെടുന്നുവെന്ന് കാണിച്ച് ആർജ്ജിതാവധി, ആർജ്ജിതാവധി സറണ്ടർ അനുവദിക്കുന്നതുമൂലം സർവ്വകലാശാലയ്ക്ക് സാമ്പത്തികനഷ്ടം സംഭവിക്കുന്നതായുള്ള ആഡിറ്റ് കണ്ടെത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാന ആഡിറ്റ് വകുപ്പിന്റെയും മറ്റ് ഏജൻസികളുടെയും പ്രസ്തുത ആഡിറ്റ് കുറിപ്പുകളുടെ/ കണ്ടെത്തലുകളുടെ പകർപ്പുകളുൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിഷയം സർവ്വകലാശാല സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്. KSAD Audit Note അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു.*

(ജി) അംഗീകൃതമല്ലാത്ത തസ്തികകളുടെ ചുമതല/അധികച്ചുമതല വഹിക്കുന്ന അദ്ധ്യാപകർക്ക് വെക്കേഷൻ തടയപ്പെടുന്നുവെന്ന് കാണിച്ച് ആർജ്ജിതാവധി ക്രെഡിറ്റ് ചെയ്യപ്പെടുന്നതിന് കെ.എസ്.ആർ. ചട്ടങ്ങളിൽ വ്യവസ്ഥയുണ്ടെങ്കിൽ പ്രസ്തുത ചട്ടങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

KSR പാർട്ട് I Rule 78 & KSR പാർട്ട് I Rule 81 അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു.*

**ബിരുദ വിദ്യാർത്ഥികൾക്കുള്ള മേഴ്സി ചാൻസ്**

198 (1753) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിൽ ബിരുദ കോഴ്സുകൾക്ക് മേഴ്സിചാൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

2-12-2020-ലെ യൂണിവേഴ്സിറ്റി ഓർഡർ 1178/PB/2020 പ്രകാരം 1995-ലോ അതിനുശേഷമോ കോഴ്സ് പൂർത്തിയാക്കിയവർക്ക് " ഒറ്റത്തവണ റെഗുലർ സപ്ലിമെന്ററി" എന്ന പേരിൽ ഒരവസരം നൽകുന്നു. സെമസ്റ്റർ സമ്പ്രദായത്തിൽ പഠിച്ചവർക്ക് എല്ലാ സെമസ്റ്ററിലും വാർഷിക സമ്പ്രദായത്തിൽ പഠിച്ചവർക്ക് എല്ലാ വർഷവും രജിസ്ട്രേഷൻ ഉള്ളവർക്ക് നിശ്ചിതഫീസ് അടച്ച് വിജ്ഞാപനം വരുന്നമുറയ്ക്ക് പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കാലിക്കറ്റ് സർവ്വകലാശാലയിൽ 2003-ൽ അഡ്മിഷൻ നേടിയ ബിരുദ വിദ്യാർത്ഥികൾക്ക് മേഴ്സിചാൻസ് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ മേഴ്സിചാൻസ് നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

2003-ൽ അഡ്മിഷൻ എടുത്ത ബിരുദ വിദ്യാർത്ഥികൾക്ക് പൊതുവായി വരുന്ന Part I English, Part II Additional language എന്നിവയിലേയ്ക്ക് നോട്ടിഫിക്കേഷൻ വിളിക്കുകയും Part I ഇംഗ്ലീഷ് പരീക്ഷകൾ പൂർത്തിയാവുകയും ചെയ്തു. Part III-ൽ ഉൾപ്പെടുന്ന മെയിൻ വിഷയങ്ങൾക്കായുള്ള നോട്ടിഫിക്കേഷൻ ചാൻസ് നടപടികൾ പൂർത്തിയായതിനുശേഷം പ്രസിദ്ധീകരിക്കുന്നതാണ്.

(സി) കാലിക്കറ്റ് സർവ്വകലാശാലയിൽ 2003-ൽ അഡ്മിഷൻ നേടിയ ബിരുദ വിദ്യാർത്ഥികൾക്ക് മാനുഷിക പരിഗണനനൽകി മേഴ്സിചാൻസ് അനുവദിക്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കാമോ?

കാലിക്കറ്റ് സർവ്വകലാശാലയിൽ 2003-ൽ അഡ്മിഷൻ നേടിയ ബിരുദ വിദ്യാർത്ഥികൾക്ക് 2-12-2020-ലെ യൂണിവേഴ്സിറ്റി ഓർഡർ 1178/PB/2020 പ്രകാരം ഒറ്റത്തവണ റെഗുലർ സപ്ലിമെന്ററി എന്ന പേരിലൊരു അവസരം നൽകുന്നുണ്ട്.

**കോഴിക്കോട് സർവ്വകലാശാലയ്ക്കായി നടപ്പാക്കുന്ന പദ്ധതികൾ**

199 (1754) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാലക്കുവേണ്ടി നടപ്പുസാമ്പത്തിക വർഷത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്?

2022-23 സാമ്പത്തികവർഷം കാലിക്കറ്റ് സർവ്വകലാശാലയുടെ അക്കാദമിക ഉന്നമനത്തിനും മികച്ച സർവ്വകലാശാലയാക്കി മാറ്റുന്നതിനും വിവിധ പദ്ധതികൾ സ്റ്റേറ്റ് പ്ലാൻ ഗ്രാന്റിന് കീഴിൽ ആസൂത്രണംചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. *

(ബി) പ്രസ്തുത പദ്ധതികൾക്കായി എന്തുതുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി സർക്കാർ 2022-23 സാമ്പത്തികവർഷം 2980 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് അനുവദിച്ചിട്ടുണ്ട്. 26-4-2022-ൽ ചേർന്ന ഉന്നതവിദ്യാഭ്യാസ വകുപ്പ് വർക്കിംഗ് ഗ്രൂപ്പ് യോഗം പദ്ധതികൾ പരിഗണിക്കുകയും ഗവൺമെന്റ് ഉത്തരവ് G.O.(Rt) No.759/2022/HEDN Dated 23-5-2022 പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ബി. എഡ് കോളേജ്/സെന്ററുകളുടെ അംഗീകാരം

200 (1755) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് കീഴിൽ സർക്കാർ, സർക്കാർ എയ്ഡഡ്, അൺ-എയ്ഡഡ് മേഖലയിൽ എത്ര ബി.എഡ്. കോളേജ്/ സെന്ററുകളാണ് നിലവിലുള്ളതെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ?

യൂണിവേഴ്സിറ്റി ബി.എഡ് സെന്ററുകൾ-11

സർക്കാർ മേഖലയിൽ - 2

എയ്ഡഡ് - 2

അൺ- എയ്ഡഡ് - 59

(ബി) കാലിക്കറ്റ് സർവ്വകലാശാലകൾക്ക് കീഴിലുള്ള ബി.എഡ്. കോളേജ്/സെന്ററുകൾക്ക് അംഗീകാരം നഷ്ടപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര കോളേജുകൾ/സെന്ററുകൾ; ഏതൊക്കെയാണെന്നും വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അംഗീകാരം നഷ്ടപ്പെട്ട സെന്ററുകളുടെ വിശദാംങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു *

(സി) നഷ്ടപ്പെട്ട അംഗീകാരം പുനഃസ്ഥാപിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പതിനൊന്ന് സെന്ററുകളിലും NCTE നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പൂർത്തീകരിക്കാൻവേണ്ട എല്ലാ നടപടികളും സർവ്വകലാശാല എടുത്തിട്ടുണ്ട്. NCTE അംഗീകാരം പിൻവലിച്ച നടപടിക്കെതിരെ ഹൈക്കോടതിയിൽനിന്നും പതിനൊന്ന് സെന്ററുകൾക്കും സ്റ്റേ ഓർഡർ ലഭിച്ചിട്ടുണ്ട്.

## സർവ്വകലാശാലയിലെ അനധികൃത നിയമനം

201 (1756) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളുടെ സ്റ്റാറ്റ്യൂട്ട്/ഓർഡിനൻസിൽ ഉൾപ്പെടാത്തതും സർക്കാർ അംഗീകാരം നൽകാത്തതുമായ തസ്തികകളിൽ താല്ക്കാലിക നിയമനം നടത്താൻ സർവ്വകലാശാല സിൻഡിക്കേറ്റിനോ/ വൈസ്-ചാൻസലർക്കോ അധികാരമുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ അവശ്യം വേണ്ട ഐ.റ്റി. ഓഫീസേഴ്സ്, മറ്റ് സാങ്കേതിക തസ്തികകൾ എന്നിവ താത്കാലികമായി സിൻഡിക്കേറ്റ് സൃഷ്ടിക്കുകയും ടി തസ്തികകളിൽ 89 ദിവസക്കാലയളവിലേയ്ക്ക് നിയമനം നൽകാറുമുണ്ട്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ അടിയന്തരഘട്ടങ്ങളിൽ ആവശ്യമായ അദ്ധ്യാപക അനധ്യാപക തസ്തികകൾ സൃഷ്ടിക്കുവാനുള്ള അധികാരം കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല സിൻഡിക്കേറ്റിനുണ്ട്.

എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവ്വകലാശാലയിൽ അടിയന്തരവും സമയബന്ധിതവുമായി തീർക്കേണ്ട ജോലികൾക്കായി 179 ദിവസത്തേയ്ക്ക് സർവ്വകലാശാല സിൻഡിക്കേറ്റ് തീരുമാനപ്രകാരം താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്.

മലയാള സർവ്വകലാശാലയിൽ സർവ്വകലാശാലയുടെ ദൈനംദിന ഭരണ നിർവ്വഹണത്തിനാവശ്യമായി വരുന്ന തസ്തികകളിൽ താത്കാലികാടി സ്ഥാനത്തിൽ ജീവനക്കാരെ നിയോഗിക്കുന്നതിന് വൈസ് ചാൻസലർക്ക് അധികാരമുണ്ട്.

കാലിക്കറ്റ് സർവ്വകലാശാലയിൽ അടിയന്തര സാഹചര്യങ്ങളിൽ സർവ്വകലാശാല താല്പര്യം സംരക്ഷിക്കുന്നതിനായി 180 ദിവസങ്ങളിൽ കൂടാത്ത താൽക്കാലിക നിയമനം നടത്തുന്നതിന് സർവ്വകലാശാലയ്ക്ക് അധികാരമുണ്ട്. അദ്ധ്യാപകരേയും മറ്റ് ജീവനക്കാരേയും നിയമിക്കുന്നതിനും ചുമതലകൾ നിർണ്ണയിക്കുന്നതിനും അഡ്മിനിസ്ട്രേറ്റീവ്, മിനിസ്റ്റീരിയൽ, മറ്റ് അത്യാവശ്യ തസ്തികകൾ സൃഷ്ടിക്കുന്നതിനും സർവ്വകലാശാല സിൻഡിക്കേറ്റിന് അധികാരമുണ്ട്.

(ബി) കാലിക്കറ്റ് സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്/ഓർഡിനൻസ് പ്രകാരം വയനാട് ജില്ലയിലെ ഐ.റ്റി.എസ്.ആർ. എന്ന സ്ഥാപനത്തിൽ അസിസ്റ്റന്റ് ഡയറക്ടറുടെ തസ്തിക നിലവിലുണ്ടോ?

വയനാട് ജില്ലയിലെ ഐ.റ്റി.എസ്.ആർ. എന്ന സ്ഥാപനത്തിൽ അസിസ്റ്റന്റ് ഡയറക്ടറുടെ സ്ഥിരം തസ്തിക ഇല്ല.

(സി) സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെയും വിജ്ഞാപനം ഇറക്കാതെയും സർവ്വകലാശാല വൈസ്-ചാൻസലർ, അസിസ്റ്റന്റ് ഡയറക്ടർ എന്ന തസ്തികയിൽ കരാർ നിയമനം നടത്തിയിട്ടുണ്ടോ; ഇത്തരത്തിൽ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെയുള്ള നിയമനം പരിശോധിക്കുമോ?

അടിയന്തരസാഹചര്യങ്ങളിൽ സർവ്വകലാശാല താല്പര്യം സംരക്ഷിക്കു ന്നതിനായി താത്കാലിക നിയമനം നടത്താൻ സർവ്വകലാശാലയ്ക്ക് അധികാരമുണ്ട്. അഡ്മിനിസ്ട്രേറ്റീവ് മിനിസ്റ്റീരിയൽ മറ്റ് അത്യാവശ്യ തസ്തികകൾ സൃഷ്ടിക്കുന്നതിനായി സർവ്വകലാശാല സിൻഡിക്കേറ്റിന് അധികാരമുണ്ട്.

(ഡി) സ്റ്റാറ്റ്യൂട്ട്/ഓർഡിനൻസിൽ ഉൾപ്പെടാത്തതും സർക്കാർ അനുമതി നൽകാത്തതുമായ ലെയ്സൺ ഓഫീസർ തസ്തികയിൽ വിജ്ഞാപനമിറക്കാതെ കാലിക്കറ്റ് സർവ്വകലാശാല വൈസ്-ചാൻസലർ കരാർ നിയമനം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഗവൺമെന്റ് സെക്രട്ടേറിയറ്റ്, രാജ്ഭവൻ, തിരുവനന്തപുരത്തെ മറ്റു സർക്കാർ ഓഫീസുകൾ എന്നിവിടങ്ങളിൽ അടിയന്തര ഇടപെടലുകൾ നടത്തുന്നതിനായി ഒരു ലെയ്സൺ ഓഫീസറെ നിയമിച്ചിട്ടുണ്ട്. ശ്രീശങ്കരാചാര്യ യൂണിവേഴ്സിറ്റി കാലടി, കണ്ണൂർ യൂണിവേഴ്സിറ്റി, തുഞ്ചത്തെഴുത്തച്ഛൻ മലയാളം യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ ലെയ്സൺ ഓഫീസറായി സേവനം അനുഷ്ഠിക്കുന്നതിൽ അദ്ദേഹത്തിന്റെ വൈദഗ്ധ്യവും പരിചയവും പരിഗണിച്ചാണ് പ്രസ്തുത നിയമനം നടത്തിയിട്ടുള്ളത്.

### കാലിക്കറ്റ് സർവ്വകലാശാലയിലെ ബിരുദ പരീക്ഷ

202 (1757) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിൽ 2020-21 അദ്ധ്യയന വർഷം ബിരുദകോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ഏതെല്ലാം സെമസ്റ്റർ പരീക്ഷകൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം സെമസ്റ്റർ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും തീയതികൾ സഹിതം വിശദമാക്കാമോ?

കാലിക്കറ്റ് സർവ്വകലാശാലയിൽ 2020-21 അദ്ധ്യയന വർഷം ബിരുദ കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ നാല് വരെയുള്ള സെമസ്റ്ററുകളുടെ പരീക്ഷകൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. അവയിൽ ഒന്നാം സെമസ്റ്റർ പരീക്ഷകളുടെ ഫലം 20-6-2022-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. രണ്ടാം സെമസ്റ്റർ പരീക്ഷകളുടെ മൂല്യനിർണ്ണയം ആരംഭിച്ചിട്ടുണ്ട്. മൂന്നുനാല് സെമസ്റ്റർ പരീക്ഷകളുടെ മൂല്യനിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കാലിക്കറ്റ് സർവ്വകലാശാലയിൽ 2021-22 അദ്ധ്യയന വർഷം ബിരുദകോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ഏതെല്ലാം സെമസ്റ്റർ പരീക്ഷകൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഏതെല്ലാം സെമസ്റ്റർ പരീക്ഷകൾക്ക് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെന്നും തീയതികൾ സഹിതം വിശദമാക്കാമോ?

കാലിക്കറ്റ് സർവ്വകലാശാലയിൽ 2021-22 അദ്ധ്യയന വർഷം ബിരുദകോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ഒന്നും രണ്ടും സെമസ്റ്ററുകളുടെ പരീക്ഷകൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) 2020-21 അദ്ധ്യയന വർഷം ബിരുദകോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ഒന്നാം സെമസ്റ്റർ പരീക്ഷകളുടെ (നവംബർ 2020) ഫലം പ്രസിദ്ധീകരിക്കുന്നതിനുമുമ്പെ 2021-22 അദ്ധ്യയന വർഷം ബിരുദകോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്കുമാത്രമായി ഒന്നാം സെമസ്റ്റർ ബിരുദ പരീക്ഷ (നവംബർ 2021) നടത്തിയതുമൂലം ഒന്നാം സെമസ്റ്റർ ബിരുദ സപ്ലിമെന്ററി പരീക്ഷകൾ (നവംബർ 2021) പ്രത്യേകമായി നടത്തേണ്ട സാഹചര്യം ഉടലെടുത്തിട്ടുണ്ടെന്നും ആയത് പരീക്ഷ നടത്തിപ്പിൽ ഇരട്ടിച്ചെലവിന് കാരണമാകുമെന്നും വിലയിരുത്തിയിട്ടുണ്ടോ;

(ഡി) 2020-21 അദ്ധ്യയന വർഷം ബിരുദകോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ രണ്ടാം സെമസ്റ്റർ പരീക്ഷകളുടെ (ഏപ്രിൽ 2021) ഫലം പ്രസിദ്ധീകരിക്കുന്നതിനുമുമ്പെ 2021-22 അദ്ധ്യയന വർഷം ബിരുദകോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്കുമാത്രമായി രണ്ടാം സെമസ്റ്റർ ബിരുദ പരീക്ഷ (ഏപ്രിൽ 2022) നടത്തിയതുമൂലം രണ്ടാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷകൾ (ഏപ്രിൽ 2022) പ്രത്യേകമായി നടത്തേണ്ട സാഹചര്യം ഉടലെടുത്തിട്ടുണ്ടെന്നും ആയത് പരീക്ഷ നടത്തിപ്പിൽ ഇരട്ടിചെലവിന് കാരണമാകുമെന്നും വിലയിരുത്തിയിട്ടുണ്ടോ;

(ഇ) ഇത്തരം തീരുമാനങ്ങൾ പരീക്ഷ നടത്തിപ്പിൽ ഇരട്ടിചെലവിനും സർവ്വകലാശാല ഫണ്ടിന്റെ ദുർവിനിയോഗത്തിനും കാരണമാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ; ഇതുമൂലം കുറ്റമറ്റ പരീക്ഷ നടത്തിപ്പിന്റെ വിവിധ ഘട്ടങ്ങളളായുള്ള പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുമെന്നും വിവിധ ഏജൻസികളുടെ ഓഡിറ്റ് തടസ്സവാദങ്ങൾക്ക് കാരണമാകുമെന്നും വിദ്യാർത്ഥികൾക്ക് കോഴ്സ് കാലയളവിനുള്ളിൽത്തന്നെ സപ്ലിമെന്ററി പരീക്ഷകളെഴുതി ബിരുദം പൂർത്തീകരിക്കാനുള്ള സാധ്യതയെ നഷ്ടപ്പെടുത്തുമെന്നും വിലയിരുത്തിയിട്ടുണ്ടോ?

(സി-ഇ) കോവിഡ്-19 മഹാമാരിയെത്തുടർന്ന് നിരവധി പ്രവൃത്തി ദിവസങ്ങൾ നഷ്ടപ്പെട്ട സാഹചര്യത്തിൽ പരീക്ഷകളെ ക്രമീകരിക്കുന്നതിന്റെ ഭാഗമായിട്ടാണ് പ്രസ്തുത രീതിയിൽ പരീക്ഷകൾ നടത്തിയത്. പരീക്ഷ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് പ്രസ്തുത രീതിയിൽ പരീക്ഷകൾ നടത്തിയത്. കുട്ടികൾക്ക് അവരുടെ കോഴ്സ് സമയബന്ധിതമായി പൂർത്തിയാകുന്നതിനായിട്ടാണ് പ്രസ്തുത രീതിയിൽ പ്രസ്തുത പരീക്ഷകൾ ക്രമീകരിച്ചത്.

(എഫ്) വിവിധ റെഗുലർ സെമസ്റ്റർ പരീക്ഷകളോടൊപ്പം പ്രസ്തുത സെമസ്റ്ററുകളുടെ സപ്ലിമെന്ററി പരീക്ഷകളും നടത്തിവരുന്ന നിലവിലെ രീതി 2021-22 അദ്ധ്യയന വർഷം ബിരുദ കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ഇനി നടക്കാനിരിക്കുന്ന റെഗുലർ സെമസ്റ്റർ പരീക്ഷകൾക്ക് നിർബന്ധമായും അവലംബിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

വരാനിരിക്കുന്ന റെഗുലർ, സപ്ലിമെന്ററി പരീക്ഷകൾ വേറെ വേറെ നടത്തുന്നതിനായി നിലവിൽ തീരുമാനമെടുത്തിട്ടില്ല.

**കാലിക്കറ്റ് സർവ്വകലാശാലയിലെ സ്വാശ്രയകേന്ദ്രങ്ങൾ**

203 (1758) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാല നേരിട്ട് നടത്തുന്ന വിവിധ സ്വാശ്രയ കേന്ദ്രങ്ങൾ, സ്വാശ്രയ വകുപ്പുകൾ എന്നിവയിൽനിന്നും ലഭ്യമാകുന്ന കോഴ്സുകളുടെയും വിശദാംശം ലഭ്യമാക്കാമോ?

കാലിക്കറ്റ് സർവ്വകലാശാല നേരിട്ട് നടത്തുന്ന വിവിധ സ്വാശ്രയകേന്ദ്രങ്ങൾ, സ്വാശ്രയ വകുപ്പുകൾ എന്നിവയിൽനിന്നും ലഭ്യമാകുന്ന കോഴ്സുകളുടെയും വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ എത്ര അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർ ജോലിചെയ്യുന്നുണ്ടെന്ന് അറിയിക്കാമോ; സ്ഥിര ജീവനക്കാരുടെയും കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാരുടെയും തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ നിലവിൽ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാർ പ്രസ്തുത തസ്തികകളിൽ ആദ്യമായി ജോലിയിൽ പ്രവേശിച്ച തീയതി മുതൽ നാളിതുവരെ സർവ്വകലാശാലയിൽ ജോലിചെയ്ത കാലയളവിന്റെ വിശദാംശം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

(ഡി) പ്രസ്തുത ജീവനക്കാർക്ക് 2022 ഏപ്രിൽ മാസം വേതനം അനുവദിച്ച ഇനത്തിൽ സർവ്വകലാശാല ചെലവഴിച്ച തുകയുടെ വിശദാംശം തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം IV ആയി ചേർത്തിരിക്കുന്നു.*

## കോഴിക്കോട് സർവ്വകലാശാലയിൽ അദ്ധ്യാപക നിയമനങ്ങളിൽ ഭിന്നശേഷി വിഭാഗങ്ങൾക്ക് സംവരണം

204 (1759) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാലയിൽ അദ്ധ്യാപക നിയമനങ്ങളിൽ ഭിന്നശേഷി വിഭാഗങ്ങൾക്ക് സംവരണം അനുവദിക്കുന്ന വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ?

കോഴിക്കോട് സർവ്വകലാശാലയിൽ അദ്ധ്യാപക നിയമനങ്ങളിൽ ഭിന്നശേഷി വിഭാഗങ്ങൾക്ക് സംവരണം അനുവദിക്കുന്ന വിഷയത്തിൽ The Right of Persons with Disabilities Act-2016 section 34(1) പ്രകാരം ഭിന്നശേഷിക്കാർക്ക് നാല് ശതമാനം സംവരണം ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി) സർവ്വകലാശാല ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

2016-ലെ അംഗപരിമിതാവകാശ നിയമം കാലിക്കറ്റ് സർവ്വകലാശാലയിൽ നടപ്പാക്കിയിട്ടുണ്ട്. എയ്ഡഡ് കോളേജുകളിൽ ഭിന്നശേഷിക്കാർക്ക് അർഹമായ സംവരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേരള സർക്കാർ 18-11-2018-ൽ പുറപ്പെടുവിച്ച G.O. (P) No.18/2018/SJD ഉത്തരവ് പ്രകാരം കാലിക്കറ്റ് സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സർവ്വകലാശാലയിൽ സ്വീകരിച്ചിട്ടുള്ളതാണ്. 1979-ലെ കാലിക്കറ്റ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്താനുള്ള മേൽ ഭേദഗതി നിർദ്ദേശങ്ങൾ സർവ്വകലാശാല ചാൻസലറായ ബഹു. കേരള ഗവർണറുടെ അംഗീകാരത്തിനായി 13-11-2020-ലെ കത്ത് പ്രകാരം ബഹു. കേരള ഗവർണറുടെ ഓഫീസിലേയ്ക്ക് അയച്ചുനൽകിയിരുന്നെങ്കിലും ഭിന്നശേഷിക്കാർക്ക് ഉചിതമായ തസ്തികകൾ വ്യക്തമാക്കി നൽകുന്നതിന് സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ നിർദ്ദേശങ്ങൾ ഭേദഗതി വരുത്തി നൽകുന്നതിനായി 22-11-2021-ലെ കത്ത് പ്രകാരം തിരികെ നൽകിയിട്ടുള്ളതാണ്. ആയത് 30-12-2021-ൽ ചേർന്ന സിൻഡിക്കേറ്റ് പരിഗണിക്കുകയും തുടർനടപടികൾക്കായി സിൻഡിക്കേറ്റ് ഉപസമിതിയായ ലീഗൽ അഫയേഴ്സ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരിക്കുകയുമാണ്.

(സി) സർവ്വകലാശാലകളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുമ്പോൾ മറ്റ് സമുദായങ്ങൾക്ക് സംവരണ നഷ്ടം സംഭവിക്കുന്നുണ്ടോ, വിശദമാക്കുമോ;

(ഡി) സർവ്വകലാശാലകളിൽ ഔട്ട് ഓഫ് ടേൺ ആയി ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിനെ തുടർന്ന് ഉണ്ടാകുവാൻ സാധ്യതയുള്ള മറ്റ് വിഷയങ്ങൾ പരിഹരിക്കുന്നതിനും മറ്റ് സംവരണ സമുദായങ്ങളുടെ നഷ്ടം നികത്തുന്നതിനും ഉതകുന്ന തരത്തിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ: വിശദമാക്കുമോ?

(സി&ഡി) സർവ്വകലാശാലകളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതുമൂലം മറ്റ് സമുദായങ്ങൾക്ക് സംവരണ നഷ്ടം ഉണ്ടാകുന്നില്ല.

## കാലിക്കറ്റ് സർവ്വകലാശാലയിലെ അദ്ധ്യാപക ഒഴിവുകൾ

205 (1760) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലാ പഠന വകുപ്പുകളിൽ 1995-നുശേഷം ഒഴിവുവന്ന അദ്ധ്യാപക തസ്തികകൾ, ഒഴിവ് വന്ന തീയതി, പഠന വകുപ്പുകൾ എന്നിവ അറിയിക്കാമോ?

കാലിക്കറ്റ് സർവ്വകലാശാല പഠന വകുപ്പുകളിൽ 1995-നുശേഷം ഒഴിവ് വന്ന അദ്ധ്യാപക തസ്തികകളുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കാലിക്കറ്റ് സർവ്വകലാശാലാ പഠന വകുപ്പുകളിൽ 1995-ന് ശേഷം ഒഴിവുവന്ന/സൃഷ്ടിക്കപ്പെട്ട അദ്ധ്യാപക തസ്തികകൾ, ഒഴിവ് വന്ന/സൃഷ്ടിക്കപ്പെട്ട തീയതി, പഠന വകുപ്പുകൾ എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ പുറത്തുവിടരുതെന്ന് ഏതെങ്കിലും കോടതി വിധിയുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് നൽകാമോ?

WP(C)No.9785/2015, 17961/2015, 18659/2015 and 18797/2015 -ലെ വിധിന്യായ പ്രകാരം നിയമന സമയത്ത് മാത്രമേ റൊട്ടേഷൻ പറയാവൂ. ഡേറ്റ് ഓഫ് ഒക്കറൻസ് ഓഫ് വേക്കൻസി പുറത്തുവിടുന്നത് ഇതിലേയ്ക്ക് നയിക്കുന്നതാണ് എന്നതിനാൽ ഡേറ്റ് ഓഫ് ഒക്കറൻസ് ഓഫ് വേക്കൻസി പ്രസിദ്ധപ്പെടുത്താൻ സാധിക്കില്ല.

(സി) കാലിക്കറ്റ് സർവ്വകലാശാല സ്റ്റാറ്റിസ്റ്റിക്സ്, മലയാളം, ജേർണലിസം, ഹിസ്റ്ററി, കമ്പ്യൂട്ടർ സയൻസ് എന്നീ പഠന വകുപ്പുകളിലെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് സ്ഥിരം നിയമനത്തിനുവേണ്ടി അവസാനമായി നടത്തിയ അഭിമുഖത്തിൽ പങ്കെടുത്തവർക്ക് വിവിധ വിഭാഗങ്ങളിൽ (ഇന്റർവ്യൂ, പബ്ലിക്കേഷൻ തുടങ്ങിയവയിൽ) ലഭിച്ച സ്കോറിന്റെ ഷീറ്റും റാങ്ക് ലിസ്റ്റും നൽകാമോ?

പബ്ലിഷ് ചെയ്യപ്പെട്ട ഡോക്യുമെന്റ് ആയ റാങ്ക് ലിസ്റ്റിന്റെ പകർപ്പ് അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു.*

**കീം പ്രവേശന പരീക്ഷ**

206 (1761) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള എഞ്ചിനീയറിംഗ് (കീം) പ്രവേശന പരീക്ഷ കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷയാക്കുന്നത് സംബന്ധിച്ച് പ്രവേശന പരീക്ഷ കമ്മീഷണർ ശിപാർശ സമർപ്പിച്ചിട്ടുണ്ടോ;എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

(ബി) കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷാരീതിയിലുള്ള പരീക്ഷ നടത്തിപ്പിനായി ഏതെല്ലാം കമ്പനികൾ/ഏജൻസികൾ താൽപ്പര്യപത്രം സമർപ്പിച്ചു; ഓരോ കമ്പനിയും സമർപ്പിച്ച താൽപ്പര്യപത്രത്തിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ കമ്പ്യൂട്ടർ അധിഷ്ഠിതമായി നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വർഷം മുതൽ; ഏത് ഏജൻസിയുടെ സാങ്കേതിക സഹായമാണ് തേടുന്നത്; വ്യക്തമാക്കുമോ?

സർക്കാർ പരിശോധിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**അസാപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ പദ്ധതികൾ**

207 (1762) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ അസാപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ പദ്ധതികളും അവയുടെ ഭൗതിക നേട്ടങ്ങളും വിശദമാക്കുമോ?

വിദ്യാർത്ഥികളിലും ഉദ്യോഗാർത്ഥികളിലും തൊഴിൽ നൈപുണ്യം വളർത്തിയെടുക്കുകവഴി പുതിയ തലമുറയുടെ തൊഴിൽക്ഷമത ഉറപ്പാക്കി അതുവഴി തൊഴിലില്ലായ്മ എന്ന സാമൂഹികപ്രശ്നം ഫലപ്രദമായി പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള (അസാപ് കേരള). സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലും ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും പ്രവർത്തിക്കുന്ന 121 സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ, 99 എഞ്ചിനീയറിംഗ് കോളേജുകളിലും 45 പോളിടെക്നിക് കോളേജുകളിലുമായി പ്രവർത്തിക്കുന്ന അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ, വിവിധ ജില്ലകളിൽ സ്ഥാപിച്ചിട്ടുള്ള 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ എന്നിവിടങ്ങളിലൂടെയാണ് കേരളത്തിലെ നൈപുണ്യ വികസന പ്രവർത്തനങ്ങൾ അസാപ് ഏകോപിപ്പിക്കുന്നത്.

നൈപുണ്യപരിശീലനം

സംസ്ഥാനത്തെ അഭ്യസ്തവിദ്യരുടെ തൊഴിൽശേഷി വർദ്ധിപ്പിക്കുന്നതിനായി അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള മുഖാന്തരം അനവധി നൂതന കോഴ്സുകൾ ലഭ്യമാക്കുന്നു. ഈ കോഴ്സുകൾ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ലഭ്യമാണ്. ബിസിനസ്സ് അനലിറ്റിക്സ്, ആമസോൺ വെബ് സർവ്വീസ് അക്കാഡമി ക്ളൗഡ് ഫൗണ്ടേഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്, ഡ്രോൺ ടെക്നോളജി മുതലായ നൂതനകോഴ്സുകൾ ഇത്തരത്തിൽ ലഭ്യമാണ്. പ്രമുഖ ഇൻഡസ്ട്രികളുടെ പങ്കാളിത്തത്തോടുകൂടി നടത്തപ്പെടുന്ന ഈ കോഴ്സുകൾ പഠിതാക്കളെ ഇൻഡസ്ട്രി നിലവാരത്തിലേയ്ക്കുയർത്തി തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാൻ സഹായിക്കുന്നവയാണ്.

ഗ്രാമീണയുവതികൾക്ക് സബ്സിഡിയോടെ നൈപുണ്യ പരിശീലനം

ഗ്രാഫിക് ഡിസൈനർ കോഴ്സ് വിദ്യാർത്ഥികളെ ഉയർന്ന വിഷ്വൽ ഇംപാക്ടുള്ള പരസ്യങ്ങൾ, ബ്രോഷറുകൾ, മാഗസിനുകൾ, കോർപ്പറേറ്റ് റിപ്പോർട്ടുകൾ തുടങ്ങിയ ലേഔട്ടുകളും ആപ്ലിക്കേഷനുകളും വികസിപ്പിക്കാൻ പ്രാപ്തരാക്കുന്നു. നബാർഡിന്റെ (NABARD) സഹായത്തോടെ ഗ്രാഫിക് ഡിസൈനർ കോഴ്സിൽ പരിശീലനം നേടുന്ന 116 ഗ്രാമീണയുവതികൾക്ക് ഫീ സബ്സിഡി നൽകുന്നുണ്ട്. ഇതിൽ 58 പേരുടെ പരിശീലനം നടന്നുവരികയാണ്. 216 മണിക്കൂർ ദൈർഘ്യമുള്ള ഈ കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥിനികൾക്ക് ഫീ ആയ 16,000 രൂപയിൽ 12,000 രൂപ നബാർഡ് വഴി സബ്സിഡിയായി നൽകുന്നതിനൊപ്പം പ്ലേസ്മെന്റും ഉറപ്പുനൽകുന്നുണ്ട്.

അസാപ് സെൽ

പ്രമുഖ വ്യവസായ മേഖലകളിൽ ലഭ്യമായിട്ടുള്ള തൊഴിലുകൾ സംബന്ധിച്ചും അത്തരത്തിലുള്ള തൊഴിലുകൾക്കുവേണ്ട നൈപുണ്യത്തെയും വൈദഗ്ദ്ധ്യത്തെയും സംബന്ധിച്ചും വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും വ്യവസായ മേഖലകളിൽനിന്നുള്ള പ്രഗത്ഭരുമായി സംവദിക്കുന്നതിനും അവസരമൊരുക്കുന്നതിനായി അസാപ് സെല്ലുകൾ ആരംഭിച്ചു. കേരളത്തിലെ 468 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നുള്ള 10822 വിദ്യാർത്ഥികൾ നിലവിൽ അസാപ് സെല്ലിന്റെ ഭാഗമാണ്.

അസാപ് പ്ലേസ്മെന്റ് പോർട്ടൽ

വിദ്യാസമ്പന്നരായ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ നിരക്ക് പരിഹരിക്കുക, തൊഴിലന്വേഷകർക്ക് അവരുടെ യോഗ്യതയ്ക്കും വൈദഗ്ദ്ധ്യത്തിനും അനുസരിച്ചുള്ള തൊഴിൽ കണ്ടെത്താൻ സഹായിക്കുക, തൊഴിൽദാതാക്കൾക്ക് തങ്ങൾക്കനുയോജ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്താൻ സഹായിക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ 2021 മേയ്-ൽ അസാപ് ആരംഭിച്ച പ്ലേസ്മെന്റ് പോർട്ടൽ തൊഴിൽദാതാക്കൾക്കും തൊഴിൽ അന്വേഷകർക്കും ഒരുപോലെ പ്രയോജനപ്പെട്ടിട്ടുണ്ട്. കോവിഡ് കാലഘട്ടത്തിൽ ക്യാമ്പസ് റിക്രൂട്ട്മെന്റുവഴി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കാനുള്ള സാധ്യതകളടഞ്ഞ സാഹചര്യത്തിൽ തൊഴിൽദാതാക്കൾക്ക് ഒരു വെർച്വൽ റിക്രൂട്ട്മെന്റിനുള്ള ഉപാധിയായി മാറാനും ഉദ്യോഗാർത്ഥികൾക്ക് ഫോർച്യൂൺ 500 കാറ്റഗറിയിൽപ്പെടുന്ന മൾട്ടി നാഷണൽ കമ്പനികളിൽ ജോലിയിൽ പ്രവേശിക്കാനും അവസരമൊരുക്കാൻ ഈ സംവിധാനത്തിന് സാധിച്ചു. പോർട്ടലിൽ രജിസ്റ്റർചെയ്ത ഉദ്യോഗാർത്ഥികൾക്ക് അവരുടെ മികവിന്റെയും സാധ്യതയുടെയും അടിസ്ഥാനത്തിൽ തരംതിരിച്ച് ഓൺലൈൻ പരിശീലനം നൽകി റിക്രൂട്ട്മെന്റിന് സജ്ജമാക്കുന്നു.

ഈ സർക്കാർ നിലവിൽ വന്നതുവരെ അസാപ് പ്ലേസ്മെന്റ് പോർട്ടലിൽ രജിസ്റ്റർചെയ്ത 377 ഉദ്യോഗാർത്ഥികളിൽ 47 പേർക്ക് തൊഴിൽ ലഭിച്ചിരുന്നു. ഈ സർക്കാരിന്റെ കാലയളവിൽ 16101 പേർ രജിസ്റ്റർ ചെയ്യുകയും ഇതിൽ 7930 പേർ പ്ലേസ്മെന്റ് അവസരങ്ങൾക്ക് അർഹരാകുംവിധം പ്രൊഫൈൽ അപ്ഡേഷൻ പൂർത്തിയാക്കിയിട്ടുമുണ്ട്. ഇവരിൽ 140 പേർക്ക് തൊഴിൽ ലഭിച്ചു. മറ്റുള്ളവരെ തൊഴിൽ സജ്ജരാക്കുന്നതിനുള്ള പരിശീലനം നൽകിവരുന്നു.

<u>ഇന്റേൺഷിപ്പ്</u>

അസാപ്പിന്റെ സ്റ്റേറ്റ് ഇന്റേൺഷിപ്പ് പോർട്ടൽ (State Internship Portal) വഴി ബിരുദവിദ്യാർത്ഥികൾക്കും ബിരുദധാരികൾക്കും വിവിധ സർക്കാർ-സ്വകാര്യ സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പ് പരിശീലനത്തിനുള്ള അവസരം ലഭ്യമാക്കുന്നുണ്ട്. ബിരുദധാരികൾക്ക് ഒരു വർഷത്തെ 'ഗ്രാജുവേഷൻ പ്രൊബേഷൻ പ്രോഗ്രാം' ആയും ബിരുദവിദ്യാർത്ഥികൾക്ക് സെമസ്റ്റർ ബ്രേക്ക് കാലയളവിൽ ഷോർട്ട് ടേം പ്രോഗ്രാമായുമാണ് ഇന്റേൺഷിപ്പ് നൽകുന്നത്. വിദ്യാർത്ഥികൾക്ക് വ്യാവസായിക അന്തരീക്ഷം പരിചയപ്പെടുത്തിക്കൊടുക്കുക, പരിശീലനം നൽകുക, തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുക എന്നിവയാണ് ഇതിലൂടെ പ്രധാനമായി ലക്ഷ്യമിടുന്നത്. വ്യവസായ, സേവനമേഖലയ്ക്കാവശ്യമായ നൈപുണ്യം ചെറുപ്പക്കാരിൽ സൃഷ്ടിച്ചെടുക്കാൻ ഈ പദ്ധതി സഹായകരമാണ്. ഇതുവഴി മികച്ച തൊഴിലവസരവും ഉറപ്പാക്കുന്നു.

ഈ സർക്കാർ നിലവിൽ വന്നതുവരെ അസാപ് വഴി 469 പേരായിരുന്നു വിവിധ സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പ് പൂർത്തിയാക്കിയത്. ഈ സർക്കാരിന്റെ കാലയളവിൽ 30 പേർ കൂടി വിവിധ സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പിന് ചേർന്നിട്ടുണ്ട്.

<u>കമ്മ്യൂണിറ്റി സ്കിൽ പാർക്ക്</u>

മാറുന്ന തൊഴിൽ സാഹചര്യത്തിൽ മെച്ചപ്പെട്ട തൊഴിൽ നേടുന്നതിന് പൊതുസമൂഹത്തിനെ സജ്ജമാക്കാനായി ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ കേരള സർക്കാർ നടത്തിയ ഫലപ്രദമായ ഇടപെടലാണ് അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ. 25000-ൽ അധികം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ അന്താരാഷ്ട്രനിലവാരത്തിലുള്ള പരിശീലന സൗകര്യങ്ങളോടെയാണ് സ്കിൽ പാർക്കുകൾ നിർമ്മിക്കുന്നത്. ഇത്തരത്തിൽ വിഭാവന ചെയ്ത 16 സ്കിൽ പാർക്കുകളിൽ 9 എണ്ണം നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ ഉൾപ്പെടുന്ന 7 സ്കിൽ പാർക്കുകളുടെ നിർമ്മാണപ്രവർത്തനം നടന്നുവരുന്നു.

നഴ്സസ് ട്രെയിനിങ്

സംസ്ഥാനത്തെ നഴ്സുമാരുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിനായി അസാപ് പരിശീലനം നൽകിവരുന്നു. ഭാഷാപരിശീലനം ക്ലിനിക്കൽ പരിശീലനം യു.കെ.-യിൽ പ്ലേസ്മെന്റ് എന്നിങ്ങനെ മൂന്നുഭാഗങ്ങൾ ഉൾപ്പെടുന്നതാണ് പരിശീലനം. ഭാഷാപരിശീലനത്തിനായി ബ്രിട്ടീഷ് കൗൺസിലുമായും ക്ലിനിക്കൽ പരിശീലനത്തിനായി ആസ്റ്റർ ഡി.എം. ഹെൽത്ത് കെയറുമായും അസാപ് ധാരണയിലെത്തിയിട്ടുണ്ട്. പരിശീലനപരിപാടിയുടെ ആദ്യഘട്ടം ഭാഷാ പരിശീലനമാണ്. ബ്രിട്ടീഷ് കൗൺസിലുമായി ചേർന്ന് IELTS പരീക്ഷയിൽ വിജയിക്കാൻ ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകും. IELTS വിജയകരമായി പൂർത്തിയാക്കുന്ന ഉദ്യോഗാർത്ഥികൾക്ക് യു.കെ.-യിൽ പ്ലേസ്മെന്റ് അവസരങ്ങൾ നൽകുകയും ക്ലിനിക്കൽ പരിശീലനം നൽകുകയും ചെയ്യും. ഈ സർക്കാരിന്റെ കാലയളവിൽ 8 ബാച്ചുകളിലായി 106 നഴ്സുമാർക്ക് പരിശീലനം നൽകി.

എൻ.എസ്.ക്യൂ.എഫ് നിലവാരത്തിൽ അസാപ് വികസിപ്പിച്ച കോഴ്സുകൾ

ഈ സർക്കാരിന്റെ കാലയളവിൽ അസാപ് വികസിപ്പിച്ചെടുത്ത നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻസ് ഫ്രെയിംവർക്ക് (NSQF) നിലവാരത്തിലുള്ള കോഴ്സുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഈ കോഴ്സുകൾ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ എജ്യൂക്കേഷൻ ആൻഡ് ട്രെയിനിംഗ് (NCVET)-ന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്.

1. Advanced Communicative English Trainer (NSQF Level 7)

   Course Duration: 500 hours.

2. Business Analytics (NSQF Level 6)

   Course Duration: 975 hours

3. Digital Marketing using AR/VR (NSQF Level 6)

   Course Duration: 286 hours

ഇൻഡസ്ട്രി ഓൺ ക്യാംപസ് (IoC)

പരമ്പരാഗത അദ്ധ്യയനത്തിനൊപ്പം പ്രായോഗിക പരിശീലനത്തെ പ്രോത്സാഹിപ്പിക്കുകയും വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തിയെടുക്കു ന്നതിനുമായി അസാപ് കേരളത്തിലെ പോളിടെക്നിക് കോളേജുകളിൽ ഏകദേശം ഏഴ് കോടിയോളം രൂപയുടെ ഫാബ് ലാബ്, റോബോട്ടിക് കിറ്റ് തുടങ്ങിയ നൂതന സാങ്കേതിക ഉപകരണങ്ങൾ നൽകുകയുണ്ടായി. ഈ ഉപകരണങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട പോളിടെക്നിക് കോളേജ് അദ്ധ്യാപകർക്ക് പത്ത് ദിവസം നീളുന്ന പരിശീലനം അസാപ് നൽകി. 41 പോളിടെക്നിക് കോളേജുകളിലായി ഈ വർഷം 'ഇൻഡസ്ട്രി ഓൺ ക്യാമ്പസ്' എന്ന പദ്ധതി നടപ്പിലാക്കുന്നതാണ്. പോളിടെക്നിക്കുകളിൽ സ്ഥാപിക്കുന്ന വ്യാവസായിക മാതൃകയിലൂടെ വിദ്യാർത്ഥികൾക്ക് അവർ അഭ്യസിച്ച കോഴ്സുകളുടെ പ്രായോഗിക കാര്യങ്ങൾ മനസ്സിലാക്കുവാനുള്ള അവസരം ലഭിക്കും. 'പഠനത്തോടൊപ്പം വരുമാനവും' (Earn while you Learn) എന്ന ആശയം പ്രോത്സാഹിപ്പിക്കുവാനും ഇൻഡസ്ട്രി ഓൺ ക്യാമ്പസിലൂടെ സാധിക്കും. ഈ പദ്ധതിവഴി വിവിധ വ്യവസായമേഖലകളുമായി സഹകരിച്ച് പോളിടെക്നിക്കുകളെ വ്യവസായ യൂണിറ്റുകളാക്കി മാറ്റുവാനും സാധിക്കും.

ജെൻഡർ ആക്ഷൻ പ്ലാൻ

2020-ൽ ജെൻഡർ ആക്ഷൻ പ്ലാൻ നടപ്പിലാക്കിയ ഏറ്റവും മികച്ച പ്രൊജക്റ്റിനുള്ള ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ അംഗീകാരം അസാപിന് ലഭിച്ചു.

വിദേശ ഭാഷാ പരിശീലന കേന്ദ്രങ്ങൾ

യുവാക്കളുടെ ജനനസംഖ്യയിൽ മുൻപന്തിയിൽ നിൽക്കുന്ന രാജ്യങ്ങളിൽ ഒന്നായ ഇന്ത്യയിൽ വിദേശരാജ്യങ്ങളിലെ തൊഴിൽ സാധ്യതകൾ വളരെയേറെയാണ്. അതതു രാജ്യങ്ങളിലെ പ്രാദേശിക ഭാഷ പഠനത്തിലൂടെ ജോലിസാധ്യതകൾ വർദ്ധിക്കും. ആ സാധ്യത മുന്നിൽക്കണ്ട് ജാപ്പനീസ്, ഫ്രഞ്ച്, ജർമൻ, സ്പാനിഷ്, അറബിക്, IELTS/OET എന്നിവയിൽ അസാപ് കേരള പരിശീലനം നൽകിവരുന്നു.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്പീച്ച് ആൻഡ് ഹിയറിംഗുമായി അസോസിയേഷൻ (നിഷ്)

നിഷിലെ വിദ്യാർത്ഥികൾക്ക് വിവിധ നൈപുണ്യ കോഴ്സുകളും ഫൗണ്ടേഷൻ കോഴ്സുകളും നൽകുന്നതിന് 2017-ൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗുമായി (നിഷ്) അസാപ് കേരള സഹകരിച്ചു. അസാപ് കേരള നിഷ് വിദ്യാർത്ഥികൾക്ക് അതിന്റെ അടിസ്ഥാന മൊഡ്യൂളിൽ പരിശീലനം നൽകി. ഇംഗ്ലീഷ് ഭാഷയിൽ പരിശീലനം നേടിയ നൈപുണ്യ വികസന എക്സിക്യൂട്ടീവുകളാണ് പരിശീലനം കൈകാര്യം ചെയ്യുന്നത്.

ഷീ-സ്കിൽസ്

സ്ത്രീകളുടെ നൈപുണ്യ പരിശീലനത്തിൽ പ്രത്യേക ശ്രദ്ധ പതിനഞ്ച് വയസ്സിന് മുകളിലുള്ള കേരളത്തിലെ സ്ത്രീകൾക്ക് മാത്രമായി 2019-ലാണ് ഷീ-സ്കിൽസ് ആരംഭിച്ചത്. വിപണന നൈപുണ്യങ്ങൾ പഠിക്കാൻ സൗകര്യമൊരുക്കി സാമ്പത്തികമായി സ്വയംപര്യാപ്തത കൈവരിക്കാൻ അവരെ സഹായിച്ചും വരുമാനവും അവസരങ്ങളുമായി അവരെ ബന്ധിപ്പിച്ചും സ്ത്രീകളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് നൈപുണ്യ പരിശീലന സംരംഭം നടപ്പിലാക്കിയത്. പരിപാടിയിൽ 5529 സ്ത്രീകൾക്ക് പരിശീലനം നൽകി.

പ്രൊഫഷണൽ സ്റ്റുഡന്റ് സമ്മിറ്റ്

ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ അസാപ് കേരളയെ നോഡൽ ഏജൻസിയാക്കി രണ്ട് പ്രൊഫഷണൽ സ്റ്റുഡന്റ് സമ്മിറ്റുകൾ സംഘടിപ്പിച്ചു. 2019, 2020 വർഷങ്ങളിൽ സംഘടിപ്പിച്ച ഉച്ചകോടിയിൽവച്ച് വിദ്യാർത്ഥികൾക്ക് വിവിധ മേഖലകളിൽനിന്നുള്ള പ്രൊഫഷണലുകളുമായി സംവദിക്കാനുള്ള അവസരം ലഭിച്ചു.

സമത്വ - 2019

സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ കുറഞ്ഞ പങ്കാളിത്തം ഉൾപ്പെടുന്ന വിവിധ വശങ്ങൾ മനസ്സിലാക്കുന്നതിനുള്ള പ്രവർത്തനത്തിന്റെ ഭാഗമായി 2019-ൽ അസാപ് കേരള കേരളത്തിലെ വ്യവസായങ്ങളിലും ബിസിനസ്സുകളിലും തൊഴിലിൽ ലിംഗസമത്വം വർദ്ധിപ്പിക്കുക എന്ന വിഷയത്തിൽ 'സമത്വ' എന്ന ശിൽപ്പശാല സംഘടിപ്പിച്ചു.

ദേശീയ യോഗ്യതാ രജിസ്റ്ററിലെ അസാപ് യോഗ്യതകൾ

നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്കിൽ ദേശീയതലത്തിൽ 12 നൈപുണ്യ യോഗ്യതകൾക്കുള്ള അവാർഡ് നൽകുന്ന സ്ഥാപനമാണ് അസാപ് കേരള. ഉന്നതവിദ്യാഭ്യാസത്തിന് അനുയോജ്യമായ ഹൈലെവൽ ഫ്യൂച്ചറിസ്റ്റിക് വൊക്കേഷണൽ ട്രെയിനിംഗ് പ്രോഗ്രാമുകളുടെ വിഭാഗത്തിലാണ് മിക്ക കോഴ്സുകളും വരുന്നത്.

കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനർ

കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനർ എന്നത് ബിരുദധാരികളെ മൃദുനൈപുണ്യ പരിശീലകരാക്കുന്നതിനായി അസാപ് കേരള വികസിപ്പിച്ചെടുത്ത ഒരു NSQF ലെവൽ 6 യോഗ്യതയാണ്.

റീബൂട്ട് കേരള ഹാക്കത്തോൺ

സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിൽനിന്നും ആധുനിക സാങ്കേതികവിദ്യകളുടെ സഹായത്തോടെ കാര്യനിർവ്വഹണം മെച്ചപ്പെടുത്താൻ സാധിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാൻ അസാപ് ‘ റീബൂട്ട് കേരള ഹാക്കത്തോൺ 2020’ -ലൂടെ (Reboot Kerala Hackathon) കോളേജ്, പോളിടെക്നിക് വിദ്യാർത്ഥികൾക്ക് അവസരം നൽകി. വിജയകരമായി പൂർത്തിയാക്കിയ ആദ്യ സീസണിന്റെ തുടർച്ചയെന്നോണം റീബൂട്ട് കേരള ഹാക്കത്തോൺ 2.0 എന്ന പദ്ധതി നടത്തുവാൻ അസാപ് താല്പര്യപ്പെടുന്നു. വ്യവസായരംഗത്തെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അക്കാഡമിക് സമൂഹത്തിന്റെയും വിദ്യാർത്ഥി സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനും അതുവഴി വിദ്യാർത്ഥികൾക്കിടയിൽ സംരംഭകത്വം വളർത്തിയെടുക്കുന്നതിനുമാണ് ഹാക്കത്തോണിന്റെ രണ്ടാം പതിപ്പ് ലക്ഷ്യമിടുന്നത്. റീബൂട്ട് കേരള ഹാക്കത്തോൺ 2020-ന് സമാനമായി പുതിയ പതിപ്പിൽ 7 സോഫ്റ്റ്‌വെയർ തീമുകളിലും 3 ഹാർഡ്‌വെയർ തീമുകളിലുമായി മൊത്തം 10 ഹാക്കത്തോണുകളും തുടർന്ന് ഒരു ഗ്രാൻഡ് ഫിനാലെയും ഉൾപ്പെടും.

ആസ്പയർ -പ്ലേസ്‌മെന്റ് ഡ്രൈവ്

ആസ്പയർ പ്ലേസ്മെന്റ് ഡ്രൈവിന്റെ ഭാഗമായി EY, UST Global, NEST പോലുള്ള മുൻനിര കമ്പനികളായ ഫോർച്യൂൺ 500 MNC-കളുമായി അസാപ് സഹകരിക്കുന്നു.

സംസ്ഥാന ഇന്റേൺഷിപ്പ് പോർട്ടൽ

ഇന്റേൺഷിപ്പ് പോർട്ടൽ വിദ്യാർത്ഥികളെ വ്യവസായങ്ങളുമായും സംസ്ഥാനസർക്കാർ വകുപ്പുകളുമായും പ്രത്യേകിച്ച് തദ്ദേശസ്വയംഭരണ വകുപ്പുകളുമായും സാങ്കേതിക ജോലികൾക്കായി ബന്ധിപ്പിക്കുന്നു. 'ചെയ്തു പഠിക്കുക' എന്ന പെഡഗോഗി നടപ്പിലാക്കാനാണ് പോർട്ടൽ ലക്ഷ്യമിടുന്നത്.

കണക്ട് ടു വർക്ക്

അഭ്യസ്തവിദ്യരായ യുവാക്കളെ അവരുടെ ഇഷ്ടത്തിനനുസരിച്ച് ജോലി കണ്ടെത്തുന്നതിന് സഹായിക്കുന്നതിനായി കുടുംബശ്രീ സംസ്ഥാന മിഷനുമായി ചേർന്ന്, 'കണക്ട് ടു വർക്ക്'എന്ന തൊഴിലധിഷ്ഠിത പരിശീലന പരിപാടി അസാപ് കേരള ആരംഭിച്ചു. 'കണക്ട് ടു വർക്ക്' എന്നത് സോഫ്റ്റ് സ്കില്ലുകളുടെ അഭാവം ഉൾപ്പെടെ വിവിധ കാരണങ്ങളാൽ ജോലിയിൽ പ്രവേശിക്കുന്നതിൽ പരാജയപ്പെട്ട വിദ്യാസമ്പന്നരായ ഉദ്യോഗാർത്ഥികളെ സഹായിക്കാൻ ഉദ്ദേശിച്ചുള്ളതാണ്. സംരംഭത്തിന്റെ ഭാഗമായി പങ്കെടുത്ത 2,200 പേരിൽ 350 പേർ പ്രമുഖ സ്ഥാപനങ്ങളിൽ തൊഴിൽ നേടി.

<u>സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലേയ്ക്കുള്ള ഫൗണ്ടേഷൻ</u>

സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിലെ 209 ആളുകൾക്ക് അസാപ് കേരള പരിശീലനം നൽകിയിട്ടുണ്ട്.

<u>മൊഡ്യൂൾ കുടുംബശ്രീക്ക് സോഫ്റ്റ് സ്കിൽ-മോട്ടിവേഷൻ പരിശീലനം</u>

ദീൻ ദയാൽ ഉപാധ്യായ കൗശല്യ യോജന വഴി കുടുംബശ്രീ നടത്തുന്ന 130 ബാച്ചുകൾക്ക് അസാപ് കേരളവഴി സോഫ്റ്റ് സ്കിൽസ് മോട്ടിവേഷൻ പരിശീലനം നൽകി.

<u>സൗജന്യ ഓൺലൈൻ ലൈവ് ക്ലാസ്സുകൾ</u>

കോവിഡ് കാലത്ത് കോളേജുകളിലെയും സർവകലാശാലകളിലെയും ഫാക്കൽറ്റി അംഗങ്ങളുടെ നേതൃത്വത്തിൽ ആർട്സ് ആൻഡ് സയൻസ്, എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, പോളിടെക്നിക് കോളേജുകളിലെ വിദ്യാർത്ഥികൾക്കായി അസാപ് കേരള സൗജന്യ ഓൺലൈൻ ക്ലാസ്സുകൾ സംഘടിപ്പിച്ചിരുന്നു. മൊത്തം 361 ഓൺലൈൻ തത്സമയ സെഷനുകൾ നടത്തി. 67281 വിദ്യാർത്ഥികൾ ക്ലാസ്സുകളിൽ പങ്കെടുത്തു.

<u>സൗജന്യ ഓൺലൈൻ വെബിനാർ സീരീസ്</u>

വിവിധ മേഖലകളിലെ പുതിയ സംഭവവികാസങ്ങളെയും തൊഴിൽ അവസരങ്ങളെയുംകുറിച്ച് അവബോധം നൽകുന്നതിനായി അസാപ് കേരള സൗജന്യ വെബിനാറുകൾ സംഘടിപ്പിച്ചു. 2020 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലായി 205 വെബിനാറുകൾ നടത്തി.

<u>സ്കിൽ ടോക്ക്സ് - ഓൺലൈൻ പരിശീലന പരിപാടി</u>

<u>ഔദ്യോഗിക യൂട്യൂബ് ചാനലിൽ ചലച്ചിത്ര നിർമ്മാണത്തെ</u>ക്കുറിച്ചുള്ള ഓൺലൈൻ പരിശീലന പരമ്പരയായ സ്കിൽ ടോക്ക്സ് ആരംഭിച്ചു.

<u>ഓൺലൈൻ ഇന്റർഫേസിലൂടെ നൈപുണ്യ വിദ്യാഭ്യാസത്തിലേയ്ക്കുള്ള പ്രവേശനക്ഷമത മെച്ചപ്പെടുത്തൽ</u>

അസാപ് കേരള ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ വൈവിദ്ധ്യമാർന്ന നൈപുണ്യ കോഴ്സുകൾ നൽകുന്നു. അതുവഴി പൊതുജനങ്ങൾക്ക് നൈപുണ്യ കോഴ്സുകളിലേയ്ക്ക് പ്രവേശനമുണ്ടെന്ന് ഉറപ്പാക്കുന്നു. അഗ്രികൾച്ചർ & ഫുഡ് പ്രോസസ്സിംഗ്, റബ്ബർ, കയർ & നാളികേരം തുടങ്ങിയ ക്ലസ്റ്ററുകളിൽപ്പെട്ടതാണ് ASAP കേരളയുടെ സാങ്കേതികേതര ഓൺലൈൻ കോഴ്സുകൾ.

ഏജൻസികളിൽ നിന്നുള്ള ധനസഹായം

ഉയർന്ന ഓർഡർ കോഴ്സുകളിൽ ചേരുന്ന വിദ്യാർത്ഥികൾക്ക് ഫണ്ട് സപ്പോർട്ട് നൽകുന്നതിന് നബാർഡ്, നോർക്ക തുടങ്ങിയ ഏജൻസികളുമായി അസാപ് കേരള സഹകരിച്ചിരുന്നു. നബാർഡിന്റെ ധനസഹായത്തോടെ ഗ്രാഫിക് ഡിസൈനർ പ്രോഗ്രാമിൽ 58 ഉദ്യോഗാർത്ഥികൾക്കും നോർക്കയുടെ ധനസഹായത്തോടെ ക്ലൗഡ് കമ്പ്യൂട്ടിംഗിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസിലും 150-ൽ അധികം ഉദ്യോഗാർത്ഥികൾക്കും അസാപ് കേരളവഴി പരിശീലനം നൽകിയിട്ടുണ്ട്.

(ബി) പതിനാലാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും എവിടെയെല്ലാം നടപ്പാക്കുന്നുവെന്നും വ്യക്തമാക്കാമോ?

1. നൈപുണ്യ പരിശീലന പദ്ധതികൾ

(എ) എഞ്ചിനീയറിംഗ്, പോളിടെക്നിക്, ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽനിന്ന് പരിശീലനംനേടി ഇറങ്ങുന്ന വിദ്യാർത്ഥികൾക്കും അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്കും അനുയോജ്യമായ നൂതന തൊഴിൽ കോഴ്സുകൾ നൽകി തൊഴിൽ സജ്ജരാക്കാൻ ഉദ്ദേശിക്കുന്നു. ഇതുകൂടാതെ സ്കൂൾ വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകാനും അസാപ് കേരള ഉദ്ദേശിക്കുന്നു.

(ബി) വ്യവസായ സ്ഥാപനങ്ങളുമായും ഡിപ്പാർട്ടുമെന്റുകളുമായും സംയോജിച്ച് സ്ത്രീകൾക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

(സി) LGBT വിഭാഗത്തിന് പ്രത്യേക പരിശീലന പരിപാടി.

(ഡി) SC/ST ഡിപ്പാർട്ടുമെന്റുകളുമായി ചേർന്ന് SC/ST വിഭാഗത്തിൽ ഉൾപ്പെടുന്ന വിദ്യാഭ്യാസം പൂർത്തീകരിച്ചവർക്കും പഠിതാക്കൾക്കും നൂതന നൈപുണ്യ കോഴ്സുകളിൽ പരിശീലനം.

(ഇ) ഫിഷറീസ് വകുപ്പുമായിചേർന്ന് അസാപ് കേരള മുഖാന്തരം ഡിജിറ്റൽ മാർക്കറ്റിംഗ്, കപ്പാസിറ്റി ബിൽഡിംഗ് മുതലായ കോഴ്സുകൾ നടപ്പിലാക്കിവരുന്നു.

(എഫ്) എം.ആർ.എസ്. സ്കൂളുകളിലെ എട്ടാംതരം മുതലുള്ള പഠിതാക്കൾക്കായി പഠനത്തോടൊപ്പംതന്നെ ഭാഷ പരിശീലനവും തൊഴിലധിഷ്ഠിത പരിശീലനവും നൽകുന്ന പദ്ധതി.

(ജി) ഹൈസ്കൂൾ/ ഹയർ സെക്കണ്ടറി/ കോളേജ് വിദ്യാർത്ഥികളുടെ ഭാഷാ നൈപുണ്യവും സാങ്കേതിക വൈദഗ്ദ്ധ്യവും വികസിപ്പിക്കുന്നതിനായുള്ള കോഴ്സ്.

(എച്ച്) അങ്കണവാടി വർക്കേഴ്സിനുവേണ്ടിയുള്ള പ്രത്യേക കോഴ്സുകൾ തദ്ദേശസ്വയംഭരണ വകുപ്പുമായി യോജിച്ച് അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ നൈപുണ്യശേഷി വർദ്ധിപ്പിക്കുവാനും വിദഗ്ദ്ധ തൊഴിലാളികളാക്കിമാറ്റി തൊഴിൽസേനയിൽ ഉൾപ്പെടുത്താനുള്ള പദ്ധതി.

(ഐ) ഇൻഡസ്ട്രിയുമായി ചേർന്ന് അസാപിന്റെ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾവഴിയും മറ്റുസെന്ററുകൾ വഴിയും പരിശീലനം നൽകി അവരെ ഗിഗ് ഇക്കോണമിവഴി ജോലി നൽകുവാനുള്ള കോഴ്സുകൾ (work near home).

(ജെ) നോർക്ക റൂട്ട്സും സമാനമായ സ്ഥാപനങ്ങളുമായി ചേർന്ന് വിദേശങ്ങളിൽനിന്ന് തൊഴിൽ നഷ്ടപ്പെട്ട് വന്നവർക്കായുള്ള പുനരധിവാസ പദ്ധതികൾ.

(കെ) ആരോഗ്യമേഖലയിലും ടെക്നിക്കൽരംഗത്തും വർദ്ധിച്ചുവരുന്ന വിദേശ തൊഴിലവസരങ്ങളെ കണക്കിലെടുത്തുകൊണ്ട് വിദേശ ഭാഷാ പരിശീലനം.

2. പ്രാദേശിക തലങ്ങളിലെ നൈപുണ്യ വികസനം

നൈപുണ്യവികസന പ്രവൃത്തികളുടെ പ്രയോജനം സമൂഹത്തിലെ താഴെത്തട്ടിലുള്ളവർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ലഭ്യമാകുംവിധം പതിനാലാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് പ്രാദേശിക സാമ്പത്തിക വികസനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള നൈപുണ്യ വികസന പരിപാടികൾ സംഘടിപ്പിക്കാൻ അസാപ് പദ്ധതിയിടുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായിചേർന്ന് നൈപുണ്യ വികസന പരിശീലന പരിപാടികൾ ഈ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കുവാനും അതിലൂടെ പ്രാദേശികതലത്തിലെ നൈപുണ്യ വിടവുനികത്തി ഉദ്യോഗാർത്ഥികളുടെ തൊഴിൽ പങ്കാളിത്തം ഉയർത്തുകവഴി ഗ്രാമീണ സമ്പദ്ഘടന പുനരുജ്ജീവിപ്പിക്കുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള ശാശ്വതപരിഹാരമായി മാറാൻ ഈ പദ്ധതിക്ക് കഴിയും.

3. സെന്റർ ഓഫ് എക്സലൻസ്

വ്യവസായ ആവശ്യങ്ങളും യുവാക്കളുടെ നൈപുണ്യവും തമ്മിലുള്ള വിടവ് നികത്തുന്നതിന് വ്യവസായ പ്രമുഖരുമായി സഹകരിച്ച് ഒരു വ്യവസായ നേതൃത്വത്തിലുള്ള ആവാസവ്യവസ്ഥ സൃഷ്ടിക്കാൻ അസാപ് കേരള ഉദ്ദേശിക്കുന്നു. ഇതിനായി സി.എസ്.പി. കളമശ്ശേരി, സി.എസ്.പി. കഴക്കൂട്ടം, സി.എസ്.പി. കുളക്കട, സി.എസ്.പി. പാണ്ടിക്കാട്, സി.എസ്. പി. പാമ്പാടി, സി.എസ്.പി. ചാത്തന്നൂർ എന്നീ സ്കിൽ പാർക്കുകൾ വിവിധ നൂതന നൈപുണ്യ മേഖലകളിലെ സെന്റർ ഓഫ് എക്സലൻസ് ആക്കി മാറ്റുവാനും അസാപ് ലക്ഷ്യമിടുന്നു.

4. പുതിയ NSQF വിന്യസിച്ച നൈപുണ്യ കോഴ്സുകൾ വികസിപ്പിക്കൽ

വ്യവസായങ്ങളുമായും സർക്കാർ വകുപ്പുകളുമായും സഹകരിച്ച് NSQF-നൊപ്പം 100 നൈപുണ്യ കോഴ്സുകൾ വികസിപ്പിക്കാനും വിന്യസിക്കാനും അസാപ് കേരള പദ്ധതിയിടുന്നു. കോഴ്സുകൾ അപ്പ്സ്കില്ലിംഗ് സഹായകരമാകുന്ന തരത്തിൽ ഒരു ഹ്രസ്വകാല ആർ.പി.എൽ. മോഡലാക്കി മാറ്റാൻ കഴിയുന്ന തരത്തിൽ രൂപകല്പന ചെയ്തിരിക്കുന്നു.

5. ഇൻഡസ്ട്രി കണക്കും ഇൻഡസ്ട്രി സർട്ടിഫിക്കേഷനും

വ്യവസായ-കണക്ട് പ്രോഗ്രാമുകളുടെ ഒരു പരമ്പര അസാപ് ആസൂത്രണം ചെയ്തിട്ടുണ്ട്. അതിൽ വിവിധ വ്യവസായങ്ങളിൽനിന്നുള്ള പ്രതിനിധികൾ അസാപ് കേരള വികസിപ്പിച്ച കോഴ്സുകൾ സാക്ഷ്യപ്പെടുത്തുകയും അംഗീകരിക്കുകയും ചെയ്യും. അതുവഴി അവരുടെ ജീവനക്കാരുടെ നൈപുണ്യവും പുനർനൈപുണ്യവും പ്രോത്സാഹിപ്പിക്കും.

6. കേരള നൈപുണ്യ അക്രെഡിറ്റേഷൻ പ്ലാറ്റ്ഫോം (KSAP)

എൻ.സി.വി.ഇ.ടി-ൽനിന്നും ലഭിച്ച ഡ്യൂവൽ റെക്കഗ്നിഷൻ പദവിയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ നൈപുണ്യ പരിശീലന സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി അസാപ് കേരള ഇത്തരം സ്ഥാപനങ്ങളുടെ കേന്ദ്രങ്ങളെ അക്രെഡിറ്റ് ചെയ്യാനും അവയുടെ കോഴ്സുകളെ അഫിലിയേറ്റ് ചെയ്യാനും ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി കെ-സാപ് (**KSAP**) അക്രെഡിറ്റേഷൻ പ്ലാറ്റ്ഫോം അവതരിപ്പിക്കാനും പദ്ധതിയിടുന്നു.

7. ഇൻഡസ്ട്രി ഓൺ ക്യാമ്പസ് (IoC)

ഇൻഡസ്ട്രി ഓൺ കാമ്പസ് പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിനും കൂടുതൽ സ്ഥാപനങ്ങളിൽ ഇൻഡസ്ട്രി ഓൺ ക്യാമ്പസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുംവേണ്ടി വിവിധ കമ്പനികളും സർക്കാർ-സർക്കാരിതര ഓർഗനൈസേഷനുകൾ എന്നിവയുമായി ചർച്ചകൾ പുരോഗമിക്കുന്നു. ഇതേവരെ എട്ട് സ്ഥാപനങ്ങളിലായി 29 യൂണിറ്റുകൾ രൂപീകരിക്കുകയും അവയിൽ നാല് സ്ഥാപനങ്ങളിൽ ഉല്പാദനപ്രക്രിയ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മറ്റുള്ള സ്ഥാപനങ്ങളിൽ പദ്ധതി വിവിധഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

## സോഷ്യൽ സെക്യൂരിറ്റി മിഷൻ

208 (1763) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 2021-2022 കാലയളവിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ സോഷ്യൽ സെക്യൂരിറ്റി മിഷൻവഴി നൽകുന്ന ചികിത്സാ സഹായത്തിനായി ലഭിച്ച അപേക്ഷകളുടെയും ഇവയിൽ അനുവദിക്കപ്പെട്ട ധനസഹായം സംബന്ധിച്ച വിശദാംശവും പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി ലഭ്യമാക്കാമോ?

2021-22 കാലയളവിൽ കേരള സാമൂഹ്യസുരക്ഷാമിഷൻ മുഖേന നടപ്പാക്കിവരുന്ന ചികിത്സാ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) 2016-2021 കാലയളവിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന മിശ്രവിവാഹിതരായ ദമ്പതികൾക്ക് വിതരണംചെയ്ത സാമ്പത്തികസഹായം സംബന്ധിച്ച കണക്കുകൾ പട്ടികപ്പെടുത്തി ലഭ്യമാക്കാമോ?

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളൊഴികെ മിശ്രവിവാഹം ചെയ്തതുകാരണം സാമ്പത്തികബുദ്ധിമുട്ട് അനുഭവിക്കുന്ന ദമ്പതിമാർക്ക് ധനസഹായം നൽകുന്നതിനായി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതിയാണ് മിശ്രവിവാഹ ധനസഹായ പദ്ധതി. 30,000 രൂപയാണ് ധനസഹായത്തുക. അതത് ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ മുഖേന തുക ഗുണഭോക്താക്കൾക്ക് നൽകിവരുന്നു. മിശ്രവിവാഹ ധനസഹായത്തുക മണ്ഡലാടിസ്ഥാനത്തിൽ വിതരണം ചെയ്തുവരുന്നില്ല. ആയതിനാൽ, വടക്കാഞ്ചേരി മണ്ഡലം ഉൾപ്പെടുന്ന തൃശ്ശൂർ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവ മുഖേന 2016 മുതൽ 2021 വരെ മിശ്രവിവാഹ ധനസഹായമായി വിതരണംചെയ്ത തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. പ്രസ്തുത തുക 2015 വരെ അപേക്ഷ സമർപ്പിച്ച അപേക്ഷകർക്ക് വിതരണം ചെയ്തതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ല: തൃശ്ശൂർ

| വർഷം | ബ്ലോക്ക് പഞ്ചായത്ത് | മുനിസിപ്പാലിറ്റി | കോർപ്പറേഷൻ |
|---|---|---|---|
| 2016-17 | 0 | 0 | 0 |
| 2017-18 | 39,00,000 | 8,70,000 | 0 |
| 2018-19 | 0 | 60,000 | 4,50,000 |
| 2019-20 | 7,20,000 | 60,000 | 90,000 |
| 2020-21 | 6,00,000 | 1,50,000 | 1,20,000 |
| 2021-22 | 3,00,000 | 1,20,000 | 60,000 |
| ആകെ | 55,20,000 | 12,60,000 | 7,20,000 |

**സാമൂഹ്യനീതി വകുപ്പുവഴി നടപ്പാക്കുന്ന ചികിത്സാ സഹായപദ്ധതികൾ**

209 (1764) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യനീതി വകുപ്പുവഴി നടപ്പാക്കിവരുന്ന ചികിത്സാ സഹായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത ചികിത്സാ സഹായം ലഭിക്കുന്നതിനാവശ്യമായ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സാമൂഹ്യനീതി വകുപ്പ് കേരള സാമൂഹ്യസുരക്ഷാമിഷൻ മുഖേന നടപ്പിലാക്കി വരുന്ന ചികിത്സാ പദ്ധതികളും അവയുടെ മാനദണ്ഡങ്ങളും അനുബന്ധമായി ചേർക്കുന്നു.*

**ഭിന്നശേഷി കുട്ടികൾക്കായി മാതൃക അസിസ്റ്റീവ് വില്ലേജുകൾ**

210 (1765) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി കുട്ടികൾക്കായി മാതൃക അസിസ്റ്റീവ് വില്ലേജുകൾ എന്ന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ആദ്യഘട്ടത്തിൽ ഏതൊക്കെ ജില്ലകളിൽ എവിടെയൊക്കെ തുടങ്ങാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ & ബി) സംസ്ഥാനത്തിന്റെ മൂന്നുമേഖലകളിലായി സാമൂഹ്യനീതി വകുപ്പിന്റെകീഴിൽ ഭിന്നശേഷിക്കാരുടെ സമഗ്രമായ പുനരധിവാസത്തിനുവേണ്ടി മൂന്ന് പുനരധിവാസ വില്ലേജുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന വിവരം ബഹു. കേരള ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിച്ചിരുന്നു. ഭിന്നശേഷിക്കാരുടെ സമഗ്രമായ പുനരധിവാസം ലക്ഷ്യംവച്ച് സാമൂഹ്യനീതി വകുപ്പിനുകീഴിൽ ഇത്തരം പുനരധിവാസ ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്.

**മാനസിക സംഘർഷം കുറയ്ക്കാൻ കൗൺസിലിംഗ്**

211 (1766) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാനസിക വെല്ലുവിളി നേരിടുന്നവർ, ആത്മഹത്യാ പ്രവണത പ്രകടിപ്പിക്കുന്നവർ തുടങ്ങിയവർക്ക് കൗൺസിലിംഗ് നൽകുന്നതിനും അവരെ ആരോഗ്യകരമായ ജീവിതത്തിലേയ്ക്ക് നയിക്കുന്നതിനും വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

ആത്മഹത്യാ പ്രവണതയുള്ളവരെ ജീവിത യാഥാർത്ഥ്യങ്ങൾ ബോധ്യപ്പെടുത്താനും ആത്മഹത്യകൾ നിയന്ത്രിക്കുന്നതിനുമായി സാമൂഹ്യനീതി വകുപ്പ് കോഴിക്കോട് IMHANS-ന്റെ സഹകരണത്തോടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ഹെൽപ്പ്ലൈൻ തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. പെട്ടെന്നുള്ളതും ഫലപ്രദവുമായ ശാസ്ത്രീയ ഇടപെടലിലൂടെ ആത്മഹത്യകളുടെ തോത് കുറയ്ക്കുകയെന്നതാണ് ഈ പ്രോജക്ടിന്റെ ആത്യന്തിക ലക്ഷ്യം.

സാമൂഹ്യനീതി വകുപ്പുമുഖേന നടപ്പിലാക്കി വരുന്ന ട്രാൻസ്ജെൻഡർ ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി ട്രാൻസ്ജെൻഡർ വ്യക്തികൾക്കിടയിലെ ആത്മഹത്യ പ്രവണത കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ Peer Support Program വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ട്രാൻസ് വ്യക്തികളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് കൗൺസിലിംഗ് ഉൾപ്പെടെയുള്ള പരിശീലനം നൽകി കമ്മ്യൂണിറ്റിയിലെ ആത്മഹത്യ പ്രവണതയുള്ളവർക്ക് ആവശ്യമായ സേവനം ലഭ്യമാക്കുന്ന പദ്ധതിയാണിത്. പദ്ധതിയുടെ ആദ്യപടിയായി 30 പേർക്ക് പരിശീലനം നൽകിക്കഴിഞ്ഞു. ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന ട്രാൻസ്ജെൻഡർ സെല്ലുമായി ബന്ധപ്പെടുന്നവരിൽ മാനസികപിന്തുണയും കൗൺസിലിംഗും ആവശ്യമുള്ളവർക്ക് അതത് ജില്ലകളിലെ പരിശീലനം കഴിഞ്ഞ വ്യക്തികൾ മുഖേന സേവനം നൽകിവരുന്നുണ്ട്. ഈ വർഷം പുതിയ ഗ്രൂപ്പിന് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്.

## സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

212 (1767) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമാശ്വാസം, ആശ്വാസകിരണം തുടങ്ങിയ പദ്ധതികളുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിലുണ്ടാകുന്ന കാലതാമസം കാരണം അർഹരായ ഗുണഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കുമോ?

സമാശ്വാസം പദ്ധതി

സമാശ്വാസം പദ്ധതിയിൽ ഓരോ സാമ്പത്തികവർഷവും അനുവദിക്കുന്ന ഫണ്ടുപയോഗിച്ച് യഥാസമയം ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കുന്ന ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്. 2021-2022 സാമ്പത്തികവർഷം അർഹരായ ഗുണഭോക്താക്കൾക്ക് 5 കോടി രൂപ ധനസഹായമായി അനുവദിച്ചുനൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ആശ്വാസകിരണം

ആശ്വാസകിരണം പദ്ധതി പ്രകാരം പ്രതിമാസം നൽകുന്ന തുക ഫണ്ടിന്റെ ലഭ്യതക്കനുസൃതമായി നൽകിവരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 40 കോടി രൂപ ചെലവഴിച്ച് നിലവിലുള്ള ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 42.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) സാമൂഹ്യ സുരക്ഷ വകുപ്പുമുഖേന നടപ്പിലാക്കിവരുന്ന ക്ഷേമ പ്രവർത്തനങ്ങളും അവയുടെ മാനദണ്ഡങ്ങളും വിശദമാക്കുമോ?

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന ക്ഷേമ പ്രവർത്തനങ്ങളും അവയുടെ മാനദണ്ഡങ്ങളും അനുബന്ധമായി ചേർക്കുന്നു.*

## കിടപ്പു രോഗികളെ സംരക്ഷിക്കുന്നവർക്കുള്ള ധനസഹായം

213 (1768) ശ്രീ സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രയ പദ്ധതിപ്രകാരം കിടപ്പുരോഗികളെ സംരക്ഷിക്കുന്നവർക്ക് 600 രൂപ വീതം ധനസഹായം ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിടപ്പുരോഗികളെ ഉൾപ്പെടെ പരിചരിക്കുന്നവർക്ക് അനുവദിക്കുന്ന പ്രതിമാസ ധനസഹായമായ ആശ്വാസകിരണം പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തികവർഷം (2021-22) ബഡ്ജറ്റ് വിഹിതമായി ലഭിച്ച 40 കോടി രൂപ ചെലവഴിച്ച് കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 സെപ്റ്റംബർ മാസം വരെയും ബാക്കി 8 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 ആഗസ്റ്റ് മാസം വരെയുള്ള ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

20-8-2022-ലെ സ.ഉ.(സാധാ) നമ്പർ 198/2022/എസ്.ജെ.ഡി. ഉത്തരവ് പ്രകാരം ടി പദ്ധതിയുടെ നടത്തിപ്പിനായി നടപ്പുസാമ്പത്തിക വർഷം (2022-23) ബഡ്ജറ്റ് വിഹിതമായി 42,50,00,000 രൂപ (42 കോടി അൻപത് ലക്ഷം രൂപ മാത്രം) യുടെ ഭരണാനുമതി നൽകിക്കൊണ്ടും ആദ്യ ഗഡുവായ 10 കോടി രൂപ (പത്ത് കോടി രൂപ മാത്രം) റിലീസ് ചെയ്യുന്നതിനുള്ള അനുമതി നൽകിക്കൊണ്ടും ഉത്തരവായിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ഈ പദ്ധതി പ്രകാരം എത്ര പേർക്ക് ഇനിയും സഹായം ലഭിക്കാനുണ്ട്; ഇവർക്ക് എന്ന് സഹായം ലഭ്യമാകുമെന്നും വ്യക്തമാക്കാമോ?

നിയമസഭാമണ്ഡലങ്ങൾ അടിസ്ഥാനപ്പെടുത്തി അപേക്ഷകരുടെ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്. അതിനാൽ ചെങ്ങന്നൂർ മണ്ഡലത്തിൽ നിന്ന് മാത്രമായി ലഭിച്ച അപേക്ഷകൾ തിട്ടപ്പെടുത്തിയിട്ടില്ലാത്തതാണ്.

## സാമൂഹ്യ സുരക്ഷാമിഷൻ

214 (1769) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം മണ്ഡലത്തിൽനിന്ന് സാമൂഹ്യ സുരക്ഷാമിഷൻ മുഖേന വിവിധ ചികിത്സാ സഹായങ്ങൾക്ക് ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര പേർക്ക് ചികിത്സാ സഹായങ്ങൾ ലഭിച്ചിട്ടുണ്ടെന്നുമുള്ള കണക്കുകൾ ലഭ്യമാണോ; എങ്കിൽ ആകെ സഹായം ലഭിച്ചവരുടെ എണ്ണവും ഏതെല്ലാം ചികിത്സകൾക്ക് എത്ര തുക ഇതിനായി അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന ശ്രുതിതരംഗം പദ്ധതി, വീകെയർ പദ്ധതി, മെയിന്റനൻസ് പദ്ധതി, ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കുള്ള

സാമൂഹ്യ സഹായ പദ്ധതി (മിഠായി) എന്നീ ചികിത്സാസഹായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ചികിത്സാ സഹായങ്ങൾക്ക് ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണവും ചെലവഴിച്ച തുക സംബന്ധിച്ച വിവരവും അനുബന്ധം-I ആയി ചേർക്കുന്നു.*

(ബി) ഇനി എത്ര അപേക്ഷകൾ തീരുമാനമെടുക്കാൻ അവശേഷിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

ലഭ്യമായ അപേക്ഷകളിൽ ഇനിയും തീർപ്പ് കൽപ്പിക്കാനുള്ളവ സംബന്ധിച്ച വിശദാംശം അനുബന്ധം - II ആയി ചേർക്കുന്നു.*

**വി-കെയർ പദ്ധതി**

215 (1770) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽവന്നശേഷം വി-കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി എത്രപേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വീ കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി 328 പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) വി-കെയർ പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമവും എന്തെല്ലാമാണെന്ന് അറിയിക്കാമോ; വിശദവിവരം നൽകുമോ?

വി-കെയറിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ സാമൂഹ്യ സുരക്ഷാമിഷൻ കോ-ഓർഡിനേറ്റർമാർ മുഖേന അപേക്ഷകരുടെ സാമൂഹിക-സാമ്പത്തിക പശ്ചാത്തലം അന്വേഷിക്കുകയും പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെയും ചികിത്സാ ചെലവിന്റെ വ്യാപ്തിയുടെയും അടിസ്ഥാനത്തിൽ താഴെപ്പറയുന്ന വി-കെയറിന്റെ വിവിധ കമ്മിറ്റികളിൽ ഇവ പരിഗണിക്കുകയും ചെയ്യും. രണ്ട് ലക്ഷം രൂപയ്ക്കുതാഴെ ചികിത്സാ ചെലവുകൾ വരുന്ന അപേക്ഷകൾ നേരിട്ട് വി-കെയർ കമ്മിറ്റിയിലും രണ്ട് ലക്ഷം രൂപയ്ക്ക് മുകളിൽ ചികിത്സാ ചെലവുവരുന്ന അപേക്ഷകൾ സർക്കാർ മെഡിക്കൽ കോളേജിലെ വിദഗ്ധ ഡോക്ടർമാർ അടങ്ങുന്ന മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് വീ-കെയർ കമ്മിറ്റികളിൽ പരിഗണിച്ച് സഹായം നൽകുകയും ചെയ്തുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| വീ കെയർ കമ്മിറ്റികൾ | അനുവദിക്കാവുന്ന തുക |
|---|---|
| ഇംപ്ലിമെന്റേഷൻ കമ്മറ്റി | 10,000 രൂപ വരെ |
| റിവ്യൂ & ഇംപ്ലിമെന്റേഷൻ കമ്മിറ്റി | 10,000-25,000 രൂപ വരെ |
| എക്സിക്യൂട്ടീവ് കമ്മിറ്റി | 25,000-1,00,000 രൂപ വരെ |
| ഗവേണിംഗ് ബോഡി | 1,00,000 രൂപയ്ക്ക് മുകളിൽ |

## അരുവിക്കര മണ്ഡലത്തിലെ സാമൂഹ്യനീതി വകുപ്പിന്റെ ധനസഹായ പദ്ധതികൾ

216 (1771) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികൾ മുഖേന അരുവിക്കര മണ്ഡലത്തിലെ വ്യക്തികൾക്ക് അനുവദിച്ചിട്ടുള്ള ധനസഹായങ്ങളുടെ വിവരങ്ങൾ വ്യക്തിയുടെ പേര്, മേൽവിലാസം, പഞ്ചായത്ത്, പദ്ധതിയുടെ പേര് എന്നിവ തരംതിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ആനുകൂല്യങ്ങൾക്കായി ലഭിച്ച അപേക്ഷകളിൽ ഇനി തീർപ്പാക്കാനുള്ള അപേക്ഷകളുടെ വിവരങ്ങൾ മേൽ സൂചിപ്പിച്ചപ്രകാരം തരംതിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) സാമൂഹ്യനീതി വകുപ്പും വകുപ്പിനുകീഴിലെ സ്ഥാപനങ്ങളും സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പദ്ധതികളൊന്നുംതന്നെ മണ്ഡലം തിരിച്ച് നടപ്പിലാക്കുന്നവയല്ല. എന്നാൽ സാമൂഹ്യനീതി വകുപ്പ് ട്രാൻസ്ജെൻഡർ, പ്രൊബേഷൻ & ആഫ്റ്റർ കെയർ സംവിധാനംവഴി അരുവിക്കര നിയോജക മണ്ഡലത്തിലെ വ്യക്തികൾക്ക് അനുവദിച്ചുനൽകിയിട്ടുള്ള ധനസഹായങ്ങളുടെ വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു.* വകുപ്പിനുകീഴിലെ സ്ഥാപനമായ കേര ളസാമൂഹ്യ സുരക്ഷാമിഷൻ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശംഅനുബന്ധം - 2 ആയി ചേർക്കുന്നു.

## ക്ഷേമ പദ്ധതികൾ

217 (1772) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയിട്ടുള്ള എന്തൊക്കെ ക്ഷേമ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയിട്ടുള്ള നിലവിലുള്ള ക്ഷേമപദ്ധതികൾ അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) കുട്ടികൾക്കായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

സാമൂഹ്യനീതി വകുപ്പ് കുട്ടികൾക്കായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം - 2 ആയി ചേർത്തിരിക്കുന്നു.*

## വീ-കെയർ പദ്ധതി

218 (1773) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാമൂഹ്യ സുരക്ഷാമിഷൻ വഴി നടപ്പിലാക്കുന്ന വീ-കെയർ പദ്ധതിയിൽ ഇപ്പോൾ എത്ര തുക ഉണ്ടെന്നുള്ള വിവരം ലഭ്യമാക്കുമോ?

വീ-കെയർ പദ്ധതി വിഭാവന ചെയ്തിരിക്കുന്നത് സർക്കാർ-അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ, ദേശീയ-അന്തർദ്ദേശീയ ഏജൻസികൾ എന്നിവയിലൂടെ ധനസമാഹരണം നടത്താനാണ്. ഇപ്രകാരം സമാഹരിച്ച തുകയിൽ നിലവിൽ 1,18,30,000 രൂപയാണ് വീ-കെയർ പദ്ധതിയുടെ അക്കൗണ്ടിലുള്ളത്. 2021-22 സാമ്പത്തികവർഷത്തിൽ 291 ഗുണഭോക്താക്കൾക്കായി 6,63,65,979 രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 210 ഗുണഭോക്താക്കൾക്ക് ചികിത്സിക്കുന്ന ബില്ലുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് തുക വിതരണം ചെയ്തുകൊള്ളാമെന്ന് 5,06,60,242 രൂപയുടെ സമ്മതപത്രവും നൽകിയിട്ടുണ്ട്. വീ-കെയർ അക്കൗണ്ടിൽ നിലവിൽ ബാക്കിയുള്ള തുകയായ 1,18,30,000 രൂപ കൂടാതെ 3,88,30,242 രൂപ കൂടി ലഭ്യമായാൽ മാത്രമേ സമ്മതപത്രം നൽകിയ ആശുപത്രികൾക്ക് തുക കൈമാറുവാൻ സാധിക്കുകയുള്ളൂ.

(ബി) 2016 ജൂൺ മുതൽ 2021 മേയ് വരെ വീ-കെയർ പദ്ധതിയിലൂടെ എത്ര തുക വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ?

| ക്രമ നമ്പർ | സാമ്പത്തിക വർഷം | തുക ചെലവഴിച്ചത് |
|---|---|---|
| 1 | 2016-2017 | 10,000 |
| 2 | 2017-2018 | 78,62,947 |
| 3 | 2018-2019 | 2,63,27,520 |
| 4 | 2019-2020 | 6,04,63,817 |
| 5 | 2020-2021 | 7,93,20,952 |
| 6 | 2021-2022 | 6,63,65,979 |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) വീ-കെയർ പദ്ധതിയിലൂടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ഇപ്പോൾ കേരള സാമൂഹ്യ സുരക്ഷമിഷനിൽ എത്ര അപേക്ഷകൾ തീർപ്പാക്കാതെ ഉണ്ടെന്നുള്ള വിവരം ലഭ്യമാക്കുമോ?

ലഭ്യമായ അപേക്ഷകൾ വിവിധ കമ്മിറ്റികൾ പരിശോധിച്ചുവരുന്നു. ഒരേ അപേക്ഷകൻതന്നെ നേരിട്ടും വിവിധ അധികാരസ്ഥാപനങ്ങൾ മുഖാന്തരവും അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതിനാൽ പരിശോധന പൂർത്തിയാകുന്ന മുറയ്ക്കുമാത്രമേ അപേക്ഷകളുടെ എണ്ണം കൃത്യമായി കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(ഡി) 2021 ജൂൺ മുതൽ നാളിതുവരെ വി കെയർ പദ്ധതിയിലൂടെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കുമോ; ടി തുക ആർക്കൊക്കെ ഏതൊക്കെ ആവശ്യത്തിന് ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

2021 ജൂൺ മുതൽ നാളിതുവരെ വീ-കെയർ പദ്ധതിയിലൂടെ 7,51,25,847 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഇ) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായി ആനുകൂല്യങ്ങൾ നൽകുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വീ-കെയർ പദ്ധതി വിഭാവന ചെയ്തിരിക്കുന്നത് സർക്കാർ-അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ, ദേശീയ-അന്തർദ്ദേശീയ ഏജൻസികൾ എന്നിവയിലൂടെ ധനസമാഹരണം നടത്താനാണ്. എന്നാൽ കേരളത്തിലുണ്ടായ പ്രളയവും കോവിഡ് പ്രതിസന്ധിയും കാരണം വീ -കെയർ പദ്ധതിയിൽ സംഭാവന ലഭിക്കുന്നത് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. സമൂഹമാധ്യമങ്ങൾവഴി ധനസമാഹരണം നടത്തുന്നതിന്റെ ഭാഗമായി CEO മീറ്റ് നടത്തുക, CSR ഫണ്ട് സമാഹരിക്കുക, വീ-കെയർ പേമെന്റ് ഗേറ്റ്‌വേ വഴി സംഭാവന നൽകാൻ കഴിയുന്നവരിലേയ്ക്ക് പദ്ധതിയുടെ വിവരങ്ങളെത്തിക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണ സ്ഥാപനങ്ങളുടെയും സഹായം ഉറപ്പാക്കുക എന്നീ പ്രാരംഭഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ എൻ.എസ്.എസ്./എൻ.സി.സി. യൂണിറ്റുകളുടെ സഹായത്തോടെ ക്യാമ്പസുകളിൽ ധനസമാഹരണം നടത്തുന്നതിനായുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

### മാതൃകാ അങ്കണവാടികളുടെ നിർമ്മാണം

219 (1774) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാതൃകാ അങ്കണവാടികളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് ഒരു നിയോജകമണ്ഡലത്തിൽ മാതൃക അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടുത്തി വകുപ്പ് വിഹിതമായി 17 ലക്ഷം രൂപയും ബന്ധപ്പെട്ട എം.എൽ.എ. വിഹിതമായി 6.75 ലക്ഷം രൂപയും ചേർത്ത് ആകെ 23.75 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റ് ആയി വിനിയോഗിച്ച് 122 മാതൃക അങ്കണവാടികൾ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കുകയും ആയതിൽ 101 അങ്കണവാടികളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2019 മുതൽ സ്മാർട്ട് അങ്കണവാടി കെട്ടിടനിർമ്മാണ പദ്ധതി ആരംഭിച്ചതിനാൽ നിലവിൽ മാതൃക അങ്കണവാടി കെട്ടിടനിർമ്മാണം പ്രോത്സാഹിപ്പിച്ചുവരുന്നില്ല.

(ബി) നിലവിൽ എത്ര മാതൃകാ അങ്കണവാടികളുടെ നിർമ്മാണമാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് നാളിതുവരെ 122 മാതൃക അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കുകയും ആയതിൽ 101 അങ്കണവാടികളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) മാതൃക അങ്കണവാടികളിൽ എന്തെല്ലാം സൗകര്യങ്ങളാണുള്ളതെന്ന് വിശദമാക്കുമോ?

അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനായി ലഭ്യമാകുന്ന 10 സെന്റ് സ്ഥലത്ത് 910 Sq. ft വിസ്തൃതിയിലാണ് മാതൃക അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നത്. പ്രസ്തുത അങ്കണവാടികളിൽ ക്ലാസ്സ് റൂം, ഡൈനിംഗ് റൂം, റീഡിംഗ് റൂം, മുതിർന്ന സ്ത്രീകളുടെ പകൽ പരിപാലന ഹാൾ, ഫീഡിംഗ് റൂം, അടുക്കള, സ്റ്റോർ റൂം, ശിശു സൗഹൃദ ടോയ്‌ലെറ്റ്, സ്ത്രീ സൗഹൃദ ടോയ്‌ലെറ്റ്, വാഷ് ഏരിയ, കുടിവെള്ളം എന്നീ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

### ഭിന്നശേഷിക്കാരായ സർക്കാർ ജീവനക്കാർക്ക് പ്രൊമോഷനിലും സംവരണം

220 (1775) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)ഭിന്നശേഷിക്കാരായ സർക്കാർ ജീവനക്കാർക്ക് പ്രൊമോഷനിലും സംവരണം നൽകുന്നതുമായി ബന്ധപ്പെട്ട ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ?

ഭിന്നശേഷി ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിൽ സംവരണം അനുവദിച്ച് 15-7-2022-ലെ സ.ഉ. (പി) നമ്പർ 5/2022/സാ.നീ.വ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ഇതിന്മേലുള്ള നടപടി സംബന്ധിച്ച നിലവിലെ സ്ഥിതി വിശദമാക്കാമോ?

15-7-2022-ലെ സ.ഉ. (പി) നമ്പർ 5/2022/ സാ.നീ.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷിവിഭാഗത്തിൽപ്പെട്ടവർക്ക് പ്രൊമോഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് ചട്ടം ഭേദഗതി വരുത്തുന്നത് സംബന്ധിച്ച വിഷയത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മേൽ ഉത്തരവിലെ നിർദ്ദേശപ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സമർപ്പിച്ച നിയമന സംവരണം ഉറപ്പാക്കേണ്ട തസ്തികകളുടെ കരട് എക്സ്പെർട്ട് കമ്മിറ്റി പരിശോധിച്ചുവരുന്നു.

**നിരാമയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

221 (1776) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ പദ്ധതി പ്രകാരം ഗുരുവായൂർ നിയോജകമണ്ഡലത്തിൽ സാമ്പത്തിക സഹായം ലഭിച്ചവരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സ്വാശ്രയ പദ്ധതിപ്രകാരം ഗുരുവായൂർ നിയോജകമണ്ഡലത്തിൽ 2018-2019 മുതൽ 2021-2022 വരെ മാനദണ്ഡങ്ങൾപ്രകാരമുള്ള അപേക്ഷകളൊന്നും ലഭ്യമായിട്ടില്ലാത്തതിനാൽ ആർക്കും ധനസഹായം നൽകിയിട്ടില്ല. 2020-21 വർഷത്തിൽ ഒരു അപേക്ഷ ലഭിച്ചതിൽ പദ്ധതിയിൽ നിഷ്കർഷിക്കപ്പെട്ട മാനദണ്ഡങ്ങൾപ്രകാരം പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ അപേക്ഷ നിരസിച്ചിട്ടുള്ളതാണ്.

(ബി) നിരാമയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിരാമയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരുടെ നിയമനം**

222 (1777) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ ഭിന്നശേഷി അവകാശ നിയമമനുസരിച്ച് അരൂർ മണ്ഡലത്തിൽ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇത്തരം നിയമനങ്ങൾ നൽകുന്നതിന് മണ്ഡലാടിസ്ഥാനത്തിൽ ഭിന്നശേഷിക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകാമോ; വ്യക്തമാക്കുമോ?

(എ&ബി) സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരുടെ നിയമനങ്ങൾ പ്രത്യേക മണ്ഡലാടിസ്ഥാനത്തിലല്ല നടത്തുന്നത്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള തെരഞ്ഞെടുപ്പ് നടപടികളും നിയമന ശിപാർശകളും സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമാണ് നടത്തിവരുന്നത്

**കാസർഗോഡ് എൻഡോസൾഫാൻ മേഖലയിലെ ബഡ്സ് സ്കൂളുകൾ**

223 (1778) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് എൻഡോസൾഫാൻ മേഖലയിൽ എത്ര ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് എൻഡോസൾഫാൻ മേഖലയിൽ 6 മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകളും (MCRC) 4 ബഡ്സ് സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. ബഡ്സ് സ്കൂളുകളുടെ ചുമതല അതത് പഞ്ചായത്തിനും എം.സി.ആർ.സി. ആയി അപ്ഗ്രേഡ് ചെയ്ത 6 ബഡ്സ് സ്കൂളുകളുടെ നടത്തിപ്പ് ചുമതല കേരള സാമൂഹ്യ സുരക്ഷാ മിഷനുമാണ്. ആയതിന്റെ വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) ഈ സ്കൂളുകളിലെ ഭിന്നശേഷി കുട്ടികളെ പരിശീലിപ്പിക്കുന്നതിനും പരിചരിക്കുന്നതിനും എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ?

എം.സി.ആർ.സി.-യായി അപ്ഗ്രേഡ് ചെയ്ത 6 ബഡ്സ് സ്കൂളുകളിൽ കേരള സാമൂഹ്യ സുരക്ഷാ മിഷനിൽനിന്നും താൽക്കാലികമായി കരാറടിസ്ഥാനത്തിൽ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

45 ജീവനക്കാരെ നിയമിച്ചിരുന്നു. ചാച്ചാജി ബഡ്സ് സ്കൂളിലും (കള്ളാർ പഞ്ചായത്ത്), സാന്ത്വന ബഡ്സ് സ്കൂളിലും (എൻമകജെ പഞ്ചായത്ത്) ഭിന്നശേഷി കുട്ടികളെ പരിശീലിപ്പിക്കുന്നതിനും പരിചരിക്കുന്നതിനും 6 വീതം (12) ജീവനക്കാരുമുണ്ട്.

(സി) ഇവരുടെ നിയമനം സ്ഥിര നിയമനമാണോ കരാറടിസ്ഥാനത്തിലാണോയെന്നത് വ്യക്തമാക്കാമോ?

എം.സി.ആർ.സി.-യിലെ ജീവനക്കാരുടെ നിയമനം കരാറടിസ്ഥാനത്തിലാണ്. ചാച്ചാജി ബഡ്സ് സ്കൂളിൽ 4 പേർ കരാറടിസ്ഥാനത്തിലും 2 പേർ ദിവസവേതനാടിസ്ഥാനത്തിലും സേവനമനുഷ്ഠിക്കുന്നു. സാന്ത്വന ബഡ്സ് സ്കൂളിൽ 4 പേർ കരാറടിസ്ഥാനത്തിലും 2 പേർ ദിവസവേതനാടിസ്ഥാനത്തിലും സേവനമനുഷ്ഠിക്കുന്നു.

(ഡി) കരാറടിസ്ഥാനത്തിലാണെങ്കിൽ എപ്പോഴാണ് നിയമിച്ചതെന്നും എത്ര വർഷത്തേയ്ക്കാണ് നിയമനമെന്നും വ്യക്തമാക്കാമോ?

എം.സി.ആർ.സി.-യായി അപ്ഗ്രേഡ് ചെയ്ത 6 ബഡ്സ് സ്കൂളുകളിൽ 2019 മുതലാണ് കരാറടിസ്ഥാനത്തിൽ താൽക്കാലികമായി നിയമനം നടത്തിവരുന്നത്. ചാച്ചാജി ബഡ്സ് സ്കൂൾ, സാന്ത്വന ബഡ്സ് സ്കൂൾ എന്നിവ 2011 മുതലാണ് ജീവനക്കാരെ കരാറടിസ്ഥാനത്തിൽ നിയമിച്ചുവരുന്നത്. ഓരോ വർഷത്തേയ്ക്കാണ് കരാറടിസ്ഥാനത്തിൽ നിയമനം നൽകിവരുന്നത്.

(ഇ) സാമൂഹ്യ സുരക്ഷാമിഷൻ മുഖേനയായിരുന്നോ നിയമനമെന്നും വ്യക്തമാക്കാമോ?

സാമൂഹ്യ സുരക്ഷാമിഷൻ മുഖേനയും പഞ്ചായത്ത് മുഖേനയുമാണ് ജീവനക്കാരെ നിയമിച്ചിട്ടുള്ളത്.

(എഫ്) ഇവരുടെ കരാർ പുതുക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; വേതനം മുടങ്ങിക്കിടക്കുന്നുണ്ടെങ്കിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും എപ്പോൾ കൊടുത്തുതീർക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

ഓരോ വർഷത്തേയ്ക്കാണ് കരാർ നിയമനം നൽകിവരുന്നത്. ഗ്രാമപഞ്ചായത്ത് നിയമിച്ച ജീവനക്കാർക്ക് ശമ്പള കുടിശ്ശിക നിലവിലില്ല. എം.സി.ആർ.സി.-യായി അപ്ഗ്രേഡ് ചെയ്ത ബഡ്സ് സ്കൂളുകളിൽ 2022 മാർച്ച് 31 വരെയുള്ള വേതനം നൽകിയിട്ടുണ്ട്. മാർച്ചിനുശേഷമുള്ള കാലാവധിയിൽ പുതിയ കരാറിലേർപ്പെടുന്ന വിഷയം പരിശോധിച്ചുവരുന്നു.

**കുന്നത്തുനാട് മണ്ഡലത്തിലെ യു.ഡി.ഐ.ഡി. കാർഡ് വിതരണം**

224 (1779) <u>ശ്രീ. പി. വി. ശ്രീനിജിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അർഹരായ മുഴുവൻ ഭിന്നശേഷിക്കാർക്കും യു.ഡി.ഐ.ഡി. കാർഡ് ലഭ്യമാക്കുന്നതിനുള്ള രജിസ്ട്രേഷൻ ഡ്രൈവിൽ കുന്നത്തുനാട് നിയോജകമണ്ഡലത്തിൽനിന്ന് എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ?

720 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതിൽ എത്ര പേർക്ക് മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കുമോ?

587 പേർ നിലവിൽ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റുള്ളവരാണ്.

(സി) മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റില്ലാത്തവർക്കായി കുന്നത്തുനാട് മണ്ഡലത്തിൽ വൈകല്യ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റില്ലാത്തവർ ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷ പരിശോധിച്ച് വൈകല്യം നിർണ്ണയിച്ച് അതത് ജനറൽ/ജില്ലാ/താലൂക്കുതല ആശുപത്രികളിൽ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് നൽകിവരുന്നു. അതോടൊപ്പം UDID കാർഡ് വിതരണം സംബന്ധിച്ച പ്രത്യേക പരിപാടിയുടെ ഭാഗമായി വൈകല്യ നിർണ്ണയത്തിനായി ബഹുമാനപ്പെട്ട എം.എൽ.എ.-മാരടക്കമുള്ള ജനപ്രതിനിധികളുടെ സഹകരണത്തോടെ പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**ഭിന്നശേഷി സൗഹൃദ സെന്റർ നിർമ്മാണം**

225 (1780) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട കേന്ദ്രമായി ഭിന്നശേഷി സൗഹൃദ സെന്ററും പാർക്കും നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ഇതിനായി ഒരു വ്യക്തി സൗജന്യമായി വിട്ടുനൽകിയ ഭൂമിയിൽ ആയതിനുള്ള നടപടി സ്വീകരിക്കാമോ; വിശദമാക്കുമോ?

കാട്ടാക്കട കേന്ദ്രമായി ഭിന്നശേഷി പുനരധിവാസ സെന്ററും ഭിന്നശേഷി സൗഹൃദപാർക്കും ഗാർഡനും നിർമ്മിക്കുന്നതിനായി 2022-23 ബഡ്ജറ്റ് സ്റ്റേറ്റ്മെന്റിൽ ടോക്കൺ വിഹിതം വകയിരുത്തിയിട്ടുണ്ട്. കാട്ടാക്കട അമ്പലത്തിൻകാല സ്വദേശി ശ്രീ. ഗോവിന്ദൻ ആശാരി സ്വമേധയാ കാട്ടാക്കട പഞ്ചായത്തിന് കൈമാറി നൽകിയിട്ടുള്ള 50 സെന്റ് സ്ഥലത്ത് ഇപ്രകാരം ഒരു പുനരധിവാസ കേന്ദ്രം ആരംഭിക്കുന്നത് സംബന്ധിച്ച് അഡ്വ. ഐ. ബി. സതീഷ് എം.എൽ.എ (കാട്ടാക്കട) സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## ഭിന്നശേഷിക്കാർക്ക് സംവരണം

226 (1781)ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക- അനദ്ധ്യാപക നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്ക് സംവരണം നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ?

സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകളുൾപ്പെടെയുള്ള എയ്ഡഡ് കോളേജുകളിലും എയ്ഡഡ് സ്കൂളുകളിലും നിയമനങ്ങളിൽ 7-2-1996 പ്രാബല്യത്തിൽ ഭിന്നശേഷി സംവരണം ബാധകമാക്കിക്കൊണ്ടും ആയത് ഉറപ്പാക്കുന്നതിന് വകുപ്പുമേധാവികൾക്ക് നിർദ്ദേശം നൽകിക്കൊണ്ടും 18-11-2018-ലെ സ.ഉ.(പി)നമ്പർ 18/2018/സാ.നീ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും 8-11-2021-ലെ സ.ഉ.(പി)നമ്പർ 19/2021/പൊ.വി.വ.,25-6-2022-ലെ സ.ഉ.(കൈ) നമ്പർ 111/ 2022/പൊ.വി.വ. എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*.

## മുതിർന്ന പൗരന്മാരുടെ ക്ഷേമം

227 (1782) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുതിർന്ന പൗരന്മാർക്കുനേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച കഴിഞ്ഞ രണ്ട് വർഷത്തെ കണക്കുകൾ വ്യക്തമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത വിഷയത്തിൽ സാമൂഹ്യനീതി വകുപ്പ് പ്രത്യേക പരിശോധനകൾ നടത്തിയിട്ടില്ല. എന്നാൽ വകുപ്പിനുകീഴിലുള്ള ചുവടെ ചേർക്കുന്ന രണ്ട് സുപ്രധാന പദ്ധതികളിലൂടെ സംസ്ഥാനത്തെ മുതിർന്ന പൗരന്മാർക്ക് സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**1. മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം 2007**

ഈ നിയമപ്രകാരം 2020-21 വർഷത്തിൽ അതിക്രമങ്ങളുൾപ്പെടെയുള്ള 3316 കേസ്സുകൾ ലഭിക്കുകയും 2287 കേസ്സുകൾ തീർപ്പാക്കിയിട്ടുമുണ്ട്. 2021-22 വർഷത്തിൽ 4435 കേസ്സുകൾ ലഭ്യമാവുകയും മുൻവർഷത്തേതുൾപ്പെടെ 5195 കേസ്സുകൾ തീർപ്പാക്കിയിട്ടുമുണ്ട്.

**2.നാഷണൽ ഹെൽപ്പ് ലൈൻ ഫോർ സീനിയർ സിറ്റിസൺ**

എൽഡർ ലൈൻ പദ്ധതി സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ച 1-10-2021 മുതൽ 24-8-2022 വരെ എൽഡർ ലൈനിൽ 30363 കാളുകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ മുതിർന്ന പൗരന്മാർക്കുനേരെയുള്ള അതിക്രമവുമായി ബന്ധപ്പെട്ട് 623 പരാതികളുണ്ടായിരുന്നു.

(ബി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന എൽഡർ ലൈനിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന എൽഡർ ലൈനിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എൽഡർ ലൈനിൽ ലഭ്യമാകുന്ന കാളുകളുടെ ആവശ്യകത അനുസരിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കാനായി 2 ജില്ലകൾക്കായി 1 ഫീൽഡ് റെസ്പോൺസ് ഓഫീസറെന്ന നിലയ്ക്ക് 7 ഫീൽഡ് റെസ്പോൺസ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. എൽഡർ ലൈനിന്റെ പ്രവർത്തനങ്ങളെയും സേവനങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങളിലെത്തിക്കുന്നതിനായി കമ്മ്യൂണിറ്റി മീറ്റിംഗുകൾ, Stake holders മീറ്റിംഗുകൾ എന്നിവ എല്ലാ ജില്ലകളിലും നടത്തിവരുന്നുണ്ട്. കൂടാതെ പഞ്ചായത്തുതലത്തിലും കുടുംബശ്രീ അംഗങ്ങൾക്കും അങ്കണവാടി ജീവനക്കാർക്കും പ്രത്യേകമായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. എൽഡർ ലൈനിന്റെ സേവനങ്ങളെക്കുറിച്ചുള്ള അവബോധ ക്ലാസ് കേരളത്തിലെ എല്ലാ ജില്ലകളിലുമുള്ള ബീറ്റ് പോലീസ് ഓഫീസർമാർക്കായി നൽകിയിട്ടുണ്ട്. ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, അഗ്നിരക്ഷാ വകുപ്പ്, വനിത-ശിശു വികസന വകുപ്പുൾപ്പെടെയുള്ള മറ്റ് അനുബന്ധ വകുപ്പുകളുമായി നിരന്തരം ബന്ധപ്പെട്ട് എൽഡർ ലൈൻ പ്രവർത്തനം വിപുലീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ, മറ്റ് ദീർഘകാല പരിചരണ കേന്ദ്രങ്ങൾ എന്നിവയിൽ മുതിർന്ന പൗരന്മാർക്ക് സംരക്ഷണം ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വിവരം ശേഖരിച്ചുവരുന്നു.

**മുളക്കുളം പഞ്ചായത്തിലെ വൃദ്ധസദനം**

228 (1783) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിനുകീഴിൽ കടുത്തുരുത്തി മണ്ഡലത്തിലെ മുളക്കുളം പഞ്ചായത്തിൽ വൃദ്ധസദനത്തിന്റെ രണ്ടാംഘട്ട നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ?

കോട്ടയം ജില്ലയിലെ കടുത്തുരുത്തി മണ്ഡലത്തിലെ മുളക്കുളം പഞ്ചായത്തിലെ സർക്കാർ വൃദ്ധമന്ദിരത്തിന്റെ ആദ്യഘട്ട നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. വൃദ്ധസദനം കൂടുതൽ വയോജന സൗഹൃദമാക്കുന്നതിന്റെ ഭാഗമായി രണ്ടാംഘട്ട നിർമ്മാണപ്രവർത്തനങ്ങൾക്കായി സാമൂഹ്യനീതി വകുപ്പിന്റെ ബാരിയർ ഫ്രീ ടെക്നിക്കൽ സെല്ലിന്റെ അഭിപ്രായം തേടിയിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) നിലവിൽ പ്രസ്തുത പ്രവർത്തനത്തിനാവശ്യമായ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ആയതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും അതിന്റെ പുരോഗതി എന്താണെന്നും വിശദീകരിക്കാമോ?

രണ്ടാംഘട്ട നിർമ്മാണപ്രവർത്തനങ്ങളുടെ പ്ലാൻ തയ്യാറാക്കുന്നതിന് വകുപ്പിന്റെ ബാരിയർ ഫ്രീ ടെക്നിക്കൽ സെല്ലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ഏജൻസി രണ്ടാംഘട്ട നിർമ്മാണത്തിന്റെ സാധ്യതകൾ പരിശോധിച്ചുവരുന്നു. ടെക്നിക്കൽ സെല്ലിൽനിന്നും detailed റിപ്പോർട്ടും പ്ലാനും ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) മുളക്കുളം പഞ്ചായത്തിൽ ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിലേയ്ക്ക് കോട്ടയത്തെ സർക്കാർ വൃദ്ധസദനത്തിന്റെ പ്രവർത്തനം മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; അതിനുള്ള പ്രധാന തടസ്സം എന്താണെന്നും വിശദീകരിക്കാമോ?

വൃദ്ധസദനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച 20-8-2016-ലെ G.O. (P)No.10/2016/SJD ഉത്തരവുപ്രകാരമുള്ള മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ സൗകര്യങ്ങളും സർക്കാർ വൃദ്ധമന്ദിരങ്ങളിലും ഉറപ്പാക്കേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പ്രവർത്തനങ്ങൾകൂടി പൂർത്തീകരിക്കുന്ന മുറയ്ക്കുമാത്രമേ വൃദ്ധസദനത്തിന്റെ പ്രവർത്തനം മുളക്കുളത്തേയ്ക്ക് മാറ്റുന്നതിന് സാധിക്കുകയുള്ളൂ.

**അനാഥാലയങ്ങൾക്കും അഗതിമന്ദിരങ്ങൾക്കുമുള്ള പെൻഷൻ**

229 (1784) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനാഥാലയങ്ങളിലും അഗതിമന്ദിരങ്ങളിലും കഴിയുന്ന അന്തേവാസികൾക്കുള്ള പെൻഷൻ നിർത്തലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

അനാഥ/അഗതി/വൃദ്ധ മന്ദിരങ്ങളിൽ താമസിക്കുന്ന അന്തേവാസികൾ പ്രസ്തുത സ്ഥാപനങ്ങളുടെ സംരക്ഷണയിലാണ് ജീവിക്കുന്നത്. അവരുടെ പൂർണ്ണമായ സംരക്ഷണച്ചുമതല പ്രസ്തുത സ്ഥാപനങ്ങൾക്കാണ്. ഇത്തരം സ്ഥാപനങ്ങളിൽ അർഹതപ്പെട്ടവർക്ക് സർക്കാർ ധനസഹായം ലഭ്യമാക്കുന്നുണ്ട്. ആയതിനാൽ അനാഥ/അഗതി/വൃദ്ധ മന്ദിരങ്ങളിൽ താമസിക്കുന്ന അന്തേവാസികൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയില്ലെന്ന് 28-7-2021-ലെ സ.ഉ.(സാധാ)നമ്പർ 5171/2021/ധന. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) സർക്കാർ ഗ്രാന്റ് ലഭിക്കുന്നുവെന്ന കാരണത്താൽ പെൻഷൻ നിർത്തലാക്കുന്നത് ഇത്തരക്കാരോടുള്ള അനീതിയാണെന്നത് പരിഗണിച്ച് പെൻഷൻ വിതരണം പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) പ്രസ്തുത ഗ്രാന്റ് ലഭിക്കാത്ത ധർമ്മസ്ഥാപനങ്ങളിലെ അന്തേവാസികൾക്കും പെൻഷൻ ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്ക് പെൻഷൻ നൽകുന്ന കാര്യം പരിഗണിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധിക്കാവുന്നതാണ്.

(ഡി) സംസ്ഥാനത്തെ അനാഥാലയങ്ങൾക്ക് നൽകിവരുന്ന ഗ്രാന്റ് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) അഗതി പെൻഷനും ഗ്രാന്റും തമ്മിലുള്ള അന്തരം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

(ഡി&ഇ) സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പരിഗണിക്കാൻ പരിമിതിയുണ്ട്.

### കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന ചികിത്സാ സഹായം

230 (1785) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നിർധനരായ രോഗികൾക്ക് ചികിത്സാ സഹായം നൽകുന്നതിന് 2022-23 വർഷത്തെ ബജറ്റിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ ഈ ഇനത്തിൽ എത്ര തുക ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടപ്പിലാക്കിവരുന്ന ചികിത്സാ പദ്ധതികളും അവയ്ക്ക് 2022-23 വർഷത്തെ ബജറ്റിൽ വകയിരുത്തി അനുവദിച്ചിട്ടുള്ള തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു*.

### ആലത്തൂർ മണ്ഡലത്തിൽ ബസ് സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നടപടി

231 (1786) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലൂടെയുള്ള എത്ര കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകളാണ് കോവിഡ് സാഹചര്യത്തിൽ നിർത്തലാക്കിയത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ആലത്തൂർ മണ്ഡലത്തിലൂടെയുള്ള 8 കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകളാണ് കോവിഡ് സാഹചര്യത്തിൽ നിർത്തലാക്കിയത്.

<u>പാലക്കാട്</u>

1. 05.30 കാരപ്പാറ
2. 09.30 കാരപ്പാറ

<u>വടക്കാഞ്ചേരി</u>

1. 05.20 വടക്കാഞ്ചേരി – ആലത്തൂർ - കോഴിക്കോട്
2. 05.50 മംഗലം ഡാം – കോഴിക്കോട്
3. 06.40 മംഗലം ഡാം – കോഴിക്കോട്
4. 06.24 ആലത്തൂർ - കോഴിക്കോട്
5. 07.20 ആലത്തൂർ - കോഴിക്കോട്

<u>ചിറ്റൂർ</u>

06.55-തൃശ്ശൂർ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അവയിൽ പുനരാരംഭിച്ച സർവ്വീസുകളുടെ വിശദാംശം ലഭ്യമാക്കാമോ; ബാക്കിയുള്ള സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കോവിഡ് സാഹചര്യത്തിൽ യാത്രക്കാർ കുറഞ്ഞതിനാൽ നിർത്തിയ മേൽ സർവ്വീസുകളിൽ ലാഭകരമായവ ക്രമാനുഗതമായി ആരംഭിച്ചുവരികയാണ്. എന്നാൽ നഷ്ടത്തിലുള്ള ട്രിപ്പുകൾ പുനരാരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-യുടെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ കഴിഞ്ഞിട്ടില്ല. നഷ്ടത്തിലോടിയിരുന്നതും ഡീസൽ ചെലവിനുള്ള തുകപോലും ലഭ്യമാകാത്തതും പ്രവർത്തന ചെലവുപോലും ലഭിക്കാത്ത സർവ്വീസുകൾ പുനഃരാരംഭിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ അത്തരം സർവ്വീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ സർവ്വീസുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിനും പദ്ധതി നടപ്പാക്കിവരുന്നു. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ എത്രയും വേഗം ആരംഭിക്കാവുന്നതാണ്.

(സി) ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം-വെള്ളപ്പാറ ജംഗ്ഷനിൽ ലിമിറ്റഡ് സ്റ്റോപ്പ്, ഫാസ്റ്റ് പാസഞ്ചർ ഉൾപ്പെടെയുള്ള കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം - വെള്ളപ്പാറ ജംഗ്ഷനിൽ ലിമിറ്റഡ് സ്റ്റോപ്പ്, ഫാസ്റ്റ് പാസഞ്ചർ ഉൾപ്പെടെയുള്ള കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിനായി സാധ്യതാപഠനം നടത്തി കോർപ്പറേഷന് ഗുണകരമാകുമെങ്കിൽ സ്റ്റോപ്പ് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി.-യുടെ കെട്ടിടത്തിൽ മറ്റ് ഓഫീസുകളെ മാറ്റുന്നതിനുള്ള നടപടി

232 (1787) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് സ്വന്തമായി കെട്ടിട സൗകര്യമുള്ള സ്ഥലങ്ങളിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മറ്റ് സർക്കാർ ഓഫീസുകളെ കെ.എസ്.ആർ.ടി.സി.-യുടെ കെട്ടിടത്തിലേയ്ക്ക് മാറ്റാനുള്ള തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ഓഫീസുകൾ പ്രവർത്തിപ്പിക്കുന്നതിന് സ്ഥലം ആവശ്യപ്പെടുന്നമുറയ്ക്ക് കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങൾ അനുവദിച്ച് നൽകിവരുന്നു.

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ സബ് ആർ.ടി. ഓഫീസ് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിലെ ഷോപ്പിംഗ് കോംപ്ലക്സിലേക്ക് മാറ്റുന്നതിനായി തീരുമാനമെടുത്തിട്ടുണ്ടോ; അറിയിക്കാമോ?

തീരുമാനമെടുത്തിട്ടില്ല.

**അരുവിക്കര മണ്ഡലത്തിൽ ബസ് സർവ്വീസ് പുനഃസ്ഥാപിക്കുന്നതിന് നടപടി**

233 (1788) <u>ശ്രീ. ജി. സ്റ്റീഫൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ കോവിഡ് കാലഘട്ടത്തിൽ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ പുനഃസ്ഥാപിക്കാത്തതുമൂലമുള്ള യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് സാഹചര്യത്തിൽ യാത്രക്കാർ കുറഞ്ഞതിനാൽ നിർത്തിയ മേൽ സർവ്വീസുകളിൽ ലാഭകരമായവ ക്രമാനുഗതമായി ആരംഭിച്ചുവരികയാണ്. എന്നാൽ നഷ്ടത്തിലുള്ള ട്രിപ്പുകൾ പുനഃരാരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-യുടെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ കഴിഞ്ഞിട്ടില്ല. നഷ്ടത്തിലോടിയിരുന്നതും ഡീസൽ ചെലവിനുള്ള തുകപോലും ലഭ്യമാകാത്തതും പ്രവർത്തന ചെലവുപോലും ലഭിക്കാത്തതുമായ സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ അത്തരം സർവ്വീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ സർവ്വീസുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിനും പദ്ധതി നടപ്പാക്കിവരുന്നു. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ എത്രയും വേഗം ആരംഭിക്കാവുന്നതാണ്.

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ജനങ്ങൾ നൽകിയ നിവേദനങ്ങളിന്മേൽ സ്വീകരിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

അരുവിക്കര ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കടമ്പനാട് – ജി. വി. രാജാ – വട്ടിയൂർക്കാവ് – കിഴക്കേകോട്ട സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ഒറ്റപ്പെട്ട മേഖലകളിലേയ്ക്കുള്ളതും കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനം ലഭിക്കുന്നതുമായ ട്രിപ്പുകൾ പുനഃക്രമീകരിച്ച് കൂടുതൽ ഷെഡ്യൂളുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) കോവിഡ് കാലഘട്ടത്തിനുമുമ്പ് കൃത്യമായി സർവ്വീസ് നടത്തിയിരുന്നവയിൽ പുനഃസ്ഥാപിക്കേണ്ട ബസ് സർവ്വീസുകളുടെ വിവരങ്ങൾ മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോ തിരിച്ച് വിശദമാക്കാമോ?

പുനഃസ്ഥാപിക്കേണ്ട സർവ്വീസുകൾ

<u>നെടുമങ്ങാട്</u>

1. ചെരുപ്പാണി – നെടുമങ്ങാട്
2. തേവിയാര്കുന്ന് – നെടുമങ്ങാട്

<u>വെള്ളനാട്</u>

1. കാരയ്ക്കാർ തോട് – തിരുവനന്തപുരം
2. കാട്ടാക്കട - ആലുംകുഴി – കിഴക്കേകോട്ട

<u>കാട്ടാക്കട</u>

1. കാട്ടാക്കട -കാപ്പിക്കാട് - തിരുവനന്തപുരം
2. കാട്ടാക്കട – ആനാകോട് - നാക്കാര കാട്ടാക്കട
3. പാങ്കാവ് - കാട്ടാക്കട - തിരുവനന്തപുരം

<u>വിതുര</u>

1. ചെരുപ്പാണി - ആര്യനാട് - വാഴിച്ചൽ - കളിയിക്കാവിള
2. മേൽത്തോട്ടം– കുര്യാത്തി-നെടുമങ്ങാട്-മെഡിക്കൽ കോളേജ്
3. വിതുര – ആനപ്പെട്ടി – നെടുമങ്ങാട് – തിരുവനന്തപുരം

<u>ആര്യനാട്</u>

1. കളിയിക്കാവിള
2. മീനാങ്കൽ
3. പട്ടകുളം – തിരുവനന്തപുരം
4. ചായ്ക്കുളം – തിരുവനന്തപുരം
5. കല്ലാമം – തിരുവനന്തപുരം
6. കോട്ടയ്ക്കകം – തേവിയാര്കുന്ന്
7. മേത്തോട്ടം
8. മരങ്ങാട്

യാത്രാവശ്യം വർദ്ധിക്കുന്നതിനനുസരിച്ച് സർവ്വീസുകൾ പുനരാരംഭിക്കുന്നതാണ്, ഇതിനായി മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടി പാറ്റേൺ സിംഗിൾ ഡ്യൂട്ടികളായി ക്രമീകരിക്കുന്നതോടെ ഇത്തരം സർവ്വീസ് ക്യാൻസലേഷൻ ഒഴിവാക്കി കൂടുതൽ ബസ്സുകൾ ഓപ്പറേറ്റ് ചെയ്യാൻ സാധിക്കും. ഇതിനായി സംഘടനകളുമായി സർക്കാർതലത്തിൽ ചർച്ചകൾ നടന്നുവരുന്നു. എന്നാൽ നഷ്ടത്തിലുള്ള പ്രവർത്തന ചെലവുപോലും കഴിയാത്ത സർവ്വീസുകൾ പുനരാരംഭിക്കാൻ സാധിക്കുകയില്ല. അത്തരം സർവ്വീസുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഡീസൽ ചെലവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുകയാണെങ്കിൽ ഗ്രാമവണ്ടി പദ്ധതിയിലുൾപ്പെടുത്തി സർവ്വീസുകൾ ആരംഭിക്കാവുന്നതാണ്.

**വടകര-മണിയൂർ റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്**

234 (1789) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്തിനുമുമ്പ് വടകര-മണിയൂർ റൂട്ടിൽ സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് പുനരാരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കും സർക്കാർ ഓഫീസുകളിലേയ്ക്കും ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്കും പോകുന്ന ജനങ്ങൾക്ക് പ്രസ്തുത ബസ് സർവ്വീസ് പുനഃസ്ഥാപിക്കാത്തതുകാരണം നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിൽ വടകര യൂണിറ്റിൽനിന്നും കോവിഡ് കാലത്തിനുമുമ്പ് നിർത്തിവച്ച ഷെഡ്യൂൾ പുനഃസ്ഥാപിക്കുകയും പ്രസ്തുത ഷെഡ്യൂളിന്റെ മൂന്ന് ട്രിപ്പും മറ്റൊരു ഷെഡ്യൂളിന്റെ ഒരു ട്രിപ്പും കൃത്യമായും ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ട്. കോവിഡുകാലത്ത് നിർത്തിവച്ച ഈ റൂട്ടിലെ മറ്റ് ട്രിപ്പുകൾ ഗ്രാമവണ്ടി പദ്ധതിയിലുൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യാൻ പഞ്ചായത്തുമായി ബന്ധപ്പെട്ടിട്ടുണ്ട്.

## ഗ്രാമവണ്ടി പദ്ധതിയുടെ നടപടികൾ

235 (1790) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവണ്ടി പദ്ധതി പ്രകാരം കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്പോൺസർ ചെയ്യാനുള്ള നടപടിക്രമം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ഗ്രാമവണ്ടി സർവ്വീസിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ടുകളിൽ ഓടുന്ന ബസ്സുകൾക്ക് തനത് ഫണ്ട്/ സംഭാവന ഉപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് 22-3-2022-ലെ സ.ഉ. (സാധാ) 704/2022/LSGD പ്രകാരം യഥേഷ്ടാനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്.

പദ്ധതിക്ക് തദ്ദേശസ്വയംഭരണ വകുപ്പ് കോ-ഓർഡിനേഷൻ കമ്മിറ്റിയും അനുമതി നൽകിയിട്ടുണ്ട്. മേൽ സർക്കാർ അനുമതിയിൽ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങളിൽനിന്നുമടക്കം അതത് പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്പോൺസർഷിപ്പ് സ്വീകരിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

ഇപ്രകാരം പഞ്ചായത്തുകൾ സ്പോൺസർഷിപ്പ് സ്വീകരിച്ച് പദ്ധതി നടപ്പിലാക്കിവരികയാണ്. ഇത്തരത്തിൽ തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ പഞ്ചായത്തും തൃശ്ശൂർ ജില്ലയിലെ എളവള്ളി പഞ്ചായത്തും ഗ്രാമവണ്ടി പദ്ധതി ആരംഭിച്ചുകഴിഞ്ഞു. സ്പോൺസർഷിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തുകളിൽ ലഭ്യമാണ്.

(ബി) ഇതിൻപ്രകാരം നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും 5 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ പഞ്ചായത്ത്, തൃശ്ശൂർ ജില്ലയിലെ എളവള്ളി പഞ്ചായത്ത്, മലപ്പുറം ജില്ലയിലെ എടവണ്ണ പഞ്ചായത്ത്, കായംകുളം പത്തിയൂർ പഞ്ചായത്ത്, കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൂർ പണം (advance) അടച്ചിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ, തൃശ്ശൂർ ജില്ലയിലെ എളവള്ളി എന്നീ പഞ്ചായത്തുകളിൽ ടി പദ്ധതികൾ ആരംഭിച്ചുകഴിഞ്ഞു.

(സി) പ്രസ്തുത പദ്ധതി എന്ന് മുതലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഗ്രാമവണ്ടി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ പഞ്ചായത്തിൽ 29-7-2022-ലും തൃശ്ശൂർ ജില്ലാതല ഉദ്ഘാടനം എളവള്ളി പഞ്ചായത്തിൽ 19-8-2022-ലും നടക്കുകയുണ്ടായി.

**സി.എൻ.ജി. പമ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി.**

236 (1791) <u>ശ്രീമതി കെ. കെ. രമ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സി.എൻ.ജി. വാഹനങ്ങളുടെ എണ്ണം അവയുടെ ഇനം തിരിച്ച് വിശദമാക്കുമോ?

സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള സി.എൻ.ജി. വാഹനങ്ങളുടെ ഇനം തിരിച്ചുള്ള എണ്ണം അനുബന്ധം - I ആയി ചേർത്തിട്ടുണ്ട്*.

(ബി) സംസ്ഥാനത്ത് നിലവിൽ പ്രവർത്തനക്ഷമമായ സി.എൻ.ജി. പമ്പുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

സംസ്ഥാനത്ത് നിലവിൽ പ്രവർത്തനക്ഷമമായ സി.എൻ.ജി. പമ്പുകളുടെ ജില്ലതിരിച്ചുള്ള എണ്ണം അനുബന്ധം - II ആയി ചേർത്തിട്ടുണ്ട്*.

(സി) സി.എൻ.ജി. വാഹനങ്ങളുടെ എണ്ണത്തിനാനുപാതികമായ എണ്ണം സി.എൻ.ജി. പമ്പുകൾ നിലവിലില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) മതിയായ എണ്ണം പമ്പുകളുടെ അഭാവം സി.എൻ.ജി. വാഹനങ്ങൾ സ്വന്തമാക്കിയ ഓട്ടോഡ്രൈവർമാർ ഉൾപ്പെടെയുള്ള ആളുകളെ പ്രതികൂലമായി ബാധിക്കുന്ന വിഷയം പരിശോധിക്കുകയുണ്ടായോ; വ്യക്തമാക്കുമോ?

(സി&ഡി) സംസ്ഥാനത്ത് നിലവിൽ 88 സി.എൻ.ജി. പമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കോട്ടയം, ഇടുക്കി, പത്തനംതിട്ട, വയനാട് എന്നീ ജില്ലകളിൽ സി.എൻ.ജി. പമ്പുകൾ നിലവിലില്ല. ഈ ജില്ലകളിൽ സി.എൻ.ജി. പമ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എണ്ണക്കമ്പനികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) കെ.എസ്.ആർ.ടി.സി.-ക്കുവേണ്ടി പുതിയ 700 സി.എൻ.ജി. ബസുകൾ വാങ്ങാൻ തീരുമാനമെടുത്തിരിക്കുന്ന സാഹചര്യത്തിൽ സി.എൻ.ജി. പമ്പുകളുടെ കുറവ് എങ്ങനെ പരിഹരിക്കാനാകുമെന്നാണ് സർക്കാർ കരുതുന്നത്; വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.എസ്.ആർ.ടി.സി.-ക്ക് ആവശ്യമായ CNG ലഭ്യമാക്കുന്നതിന് M/s. AG&P, M/s. IOC-Adani എന്നീ കമ്പനികളുമായി ചേർന്ന് CNG ഫില്ലിംഗ് സ്റ്റേഷനുകൾ/റീട്ടെയിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പാലക്കാട് ജില്ലയിൽ റോഡപകടങ്ങൾ കുറയ്ക്കുന്നതിനായുള്ള നടപടികൾ**

237 (1792) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തിൽ പാലക്കാട് ജില്ലയിൽ ആകെയുണ്ടായ റോഡപകടങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ?

2021-22 വർഷത്തിൽ പാലക്കാട് ജില്ലയിൽ 3506 വാഹനാപകടങ്ങൾ നടന്നിട്ടുള്ളതാണ്.

(ബി) പ്രസ്തുത റോഡപകടങ്ങളിൽ ജീവൻ നഷ്ടപ്പെട്ട സംഭവങ്ങളുണ്ടെങ്കിൽ എത്രയെന്നും പരിക്ക് പറ്റിയ സംഭവങ്ങൾ എത്രയെന്നും വ്യക്തമാക്കുമോ?

പ്രസ്തുത റോഡ് അപകടങ്ങളിൽ 469 അപകടങ്ങളിൽ 505 പേർ മരണപ്പെട്ടിട്ടുള്ളതും 2909 അപകടങ്ങളിലായി 3954 പേർക്ക് പരിക്ക് പറ്റിയിട്ടുള്ളതുമാണ്.

(സി) ഏത് തരം വാഹനങ്ങളാണ് ഏറ്റവും കൂടുതൽ അപകടത്തിന് ഇരയാകുന്നതെന്ന് വ്യക്തമാക്കുമോ?

ഇരുചക്ര വാഹനങ്ങളാണ് കൂടുതലായും അപകടത്തിൽപ്പെട്ടിട്ടുള്ളത്.

(ഡി) ജില്ലയിൽ റോഡപകടങ്ങൾ കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

സിഗ്നൽ സംവിധാനം ഏർപ്പെടുത്തിയും മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചും ഹംപുകൾ സ്ഥാപിച്ചും വാഹനങ്ങളുടെ വേഗത കുറയ്ക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊണ്ടിട്ടുള്ളതാണ്. കാൽനട യാത്രക്കാർക്ക് റോഡ് മുറിച്ചുകടക്കുന്നതിനായി സീബ്രാ ലൈൻ സ്ഥാപിച്ചും അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. വേഗത കുറയ്ക്കുന്നതിന് സ്പീഡ് ബ്രേക്കറുകൾ സ്ഥാപിക്കുകയും സ്ഥിരമായി വാഹന പരിശോധന നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

1. 2019-2021 കാലഘട്ടത്തിൽ ജില്ലയിൽ നടന്ന റോഡ് അപകടങ്ങൾ വിശകലനം ചെയ്ത് അപകട മേഖലകൾ കണ്ടെത്തുകയും, അപകടമേഖലകൾ മാപ്പിൽ രേഖപ്പെടുത്തുകയും ടി മാപ്പ് പൊതുജനങ്ങളുടെയും മറ്റ് ഡിപ്പാർട്ടുമെന്റുകളുടെയും അറിവിലേയ്ക്കായി റോഡ് സേഫ്റ്റി കൗൺസിൽ ചെയർമാൻ കൂടിയായ ജില്ലാ കളക്ടറുടെ സോഷ്യൽ മീഡിയ പേജ് വഴി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

2. അപകട മേഖലകളിൽ റോഡ് ഓഡിറ്റ് നടത്തി ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചുവരുന്നു.

3. അപകട മേഖലകൾ കേന്ദ്രീകരിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തുന്നുണ്ട്.

4. ജില്ലയിൽ നടക്കുന്ന പ്രധാന അപകടങ്ങളെക്കുറിച്ച് പഠിച്ച് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചുവരുന്നു.

5. പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്.

6. റോഡ് സുരക്ഷയ്ക്ക് വിഘാതമുണ്ടാക്കുന്ന രീതിയിൽ ഗുരുതരമായ കുറ്റകൃത്യങ്ങൾ ചെയ്യുന്ന ഡ്രൈവർമാരുടെ ലൈസൻസ് താൽക്കാലികമായി റദ്ദ് ചെയ്യുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

7. പാലക്കാട് - കോഴിക്കോട് ദേശീയപാത 966-ൽ നിരന്തരം അപകടങ്ങൾ ആവർത്തിച്ചിരുന്ന പനയംപാടം എന്ന സ്ഥലത്ത് പാലക്കാട് ഐ.എ.ടി.-യുടെ നേതൃത്വത്തിൽ വിദഗ്ദ്ധ പഠനം നടത്തിക്കുകയും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ച് നടപ്പിലാക്കിക്കുകയും ചെയ്തിട്ടുണ്ട്.

8. റോഡ് അപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തരമായി സഹായം എത്തിക്കുന്നതിനുവേണ്ടി പാലക്കാട് - കുളപ്പുള്ളി റോഡ് കേന്ദ്രീകരിച്ച് QRT എന്ന സന്നദ്ധ സംഘടന മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു.

## പാലക്കാട് ജില്ലയിൽ റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടി

238 (1793) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-ൽ പാലക്കാട് ജില്ലയിലുണ്ടായ റോഡപകടങ്ങളുടെ എണ്ണം വ്യക്തമാക്കുമോ?

പാലക്കാട് ജില്ലയിൽ 1-1-2022 മുതൽ 25-8-2022 വരെ 1597 വാഹനാപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ പാലക്കാട് ജില്ലയിൽ റോഡപകടങ്ങൾമൂലം ആളുകൾക്ക് ജീവഹാനിയും പരിക്കും പറ്റിയ സംഭവങ്ങളുണ്ടായിട്ടുണ്ടോ; എങ്കിൽ അവയുടെ കണക്ക് വിശദമാക്കുമോ?

ഉണ്ട്. പ്രസ്തുത കാലയളവിൽ പാലക്കാടുണ്ടായ വാഹനാപകടങ്ങളിൽ 227 പേർ മരണപ്പെടുകയും 1805 പേർക്ക് പരിക്ക് പറ്റുകയും ചെയ്തിട്ടുണ്ട്.

(സി) റോഡപകടങ്ങൾ കുറയ്ക്കാൻ ജില്ലയിൽ ഗതാഗത വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

1. 2019-2021 കാലഘട്ടത്തിൽ ജില്ലയിൽ നടന്ന റോഡപകടങ്ങൾ വിശകലനം ചെയ്ത് അപകട മേഖലകൾ കണ്ടെത്തുകയും അപകട മേഖലകൾ മാപ്പിൽ രേഖപ്പെടുത്തുകയും ടി മാപ്പ് പൊതുജനങ്ങളുടെയും മറ്റ് ഡിപ്പാർട്ടുമെന്റുകളുടെയും അറിവിലേയ്ക്കായി റോഡ് സേഫ്റ്റി കൗൺസിൽ ചെയർമാൻ കൂടിയായ ജില്ലാ കളക്ടറുടെ സോഷ്യൽ മീഡിയ പേജ് വഴി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.
2. അപകട മേഖലകളിൽ റോഡ് ഓഡിറ്റ് നടത്തി ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചുവരുന്നു.
3. അപകട മേഖലകൾ കേന്ദ്രീകരിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തുന്നുണ്ട്.
4. ജില്ലയിൽ നടക്കുന്ന പ്രധാന അപകടങ്ങളെക്കുറിച്ച് പഠിച്ച് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചുവരുന്നു.
5. പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്.

6. റോഡ് സുരക്ഷയ്ക്ക് വിഘാതമുണ്ടാക്കുന്ന രീതിയിൽ ഗുരുതരമായ കുറ്റകൃത്യങ്ങൾ ചെയ്യുന്ന ഡ്രൈവർമാരുടെ ലൈസൻസ് താൽക്കാലികമായി റദ്ദ് ചെയ്യുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

7. പാലക്കാട് കോഴിക്കോട് ദേശീയപാത 966-ൽ നിരന്തരം അപകടങ്ങൾ ആവർത്തിച്ചിരുന്ന പനയംപാടം എന്ന സ്ഥലത്ത് പാലക്കാട് ഐ.എ.ടി.-യുടെ നേതൃത്വത്തിൽ വിദഗ്ദ്ധ പഠനം നടത്തിക്കുകയും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ച് നടപ്പിലാക്കിക്കുകയും ചെയ്തിട്ടുണ്ട്.

8. റോഡ് അപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തരമായി സഹായം എത്തിക്കുന്നതിനുവേണ്ടി പാലക്കാട് -കുളപ്പുള്ളി റോഡ് കേന്ദ്രീകരിച്ച് QRT എന്ന സന്നദ്ധ സംഘടന മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു.

സുപ്രീം കോർട്ട് കമ്മിറ്റി ഓൺ റോഡ് സേഫ്റ്റിയുടെ നിർദ്ദേശപ്രകാരം റോഡപകടങ്ങളും റോഡപകട മരണങ്ങളും 10% കുറയ്ക്കാൻ പാലക്കാട് ഉൾപ്പെടെയുള്ള എല്ലാ ജില്ലാ റോഡ് സേഫ്റ്റി കൗൺസിൽ ചെയർമാൻമാർക്കും കേരള റോഡ് സുരക്ഷാ അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്. അപകടങ്ങൾ കുറയ്ക്കുന്നതിനായി ജില്ലാതല ആക്ഷൻ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

ഇതുകൂടാതെ അപകടങ്ങൾ കുറയ്ക്കാനായി 8-11-2019-ൽ കൂടിയ 40-ാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗത്തിൽ പാലക്കാട് ജില്ലയിലെ തത്തമംഗലം - പൊള്ളാച്ചി റോഡിൽ ട്രാഫിക് സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതിനായി 3.8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ 2019-ലെ ആദ്യത്തെ 7 മാസത്തെയും 2022-ലെ ഇതേ കാലയളവിലെയും കണക്കുകൾ പരിശോധിച്ചാൽ റോഡപകടങ്ങളും മരണങ്ങളും കുറഞ്ഞിട്ടുണ്ട്. സ്കൂൾ പരിസരങ്ങളിൽ റോഡ് സുരക്ഷാ ചാർട്ടുകൾ സ്ഥാപിക്കുന്നതിനും റോഡ് സുരക്ഷാ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും ആക്ടിവിറ്റി അടിസ്ഥാനമാക്കിയുള്ള പഠനത്തിനും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നതിനും കെർബ് ഡ്രിൽ പ്രദർശനത്തിനും പ്രഥമ ശുശ്രൂഷാ പരിശീലനം നടത്തുന്നതിനും റോഡ് സുരക്ഷ പ്രതിപാദിക്കുന്ന വീഡിയോകൾ പ്രദർശിപ്പിക്കുന്നതിനും സംസ്ഥാനത്തുടനീളമുള്ള തെരഞ്ഞെടുത്ത 100 സ്കൂളുകൾക്ക് ഒരു സ്കൂളുകളിന് 50,000 രൂപ വീതം അനുവദിക്കാൻ അതോറിറ്റിയുടെ 45-ാമത് യോഗം തീരുമാനിച്ചു. പാലക്കാട് ജില്ലയിൽനിന്നും ഏഴ് സ്കൂളുകൾ ഇതിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

സ്കൂൾ കുട്ടികളുടെ അപകടസാധ്യതയും തീവ്രതയും കുറയ്ക്കുന്നതിനും സ്കൂൾ പരിസരത്തെ റോഡ് മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ ഇടപെടലുകൾ നടപ്പിലാക്കുന്നതിനുള്ള നാറ്റ്പാക്കിന്റെ 'സേഫ് റോഡ് ടു സ്കൂൾ' എന്ന പരിപാടി 100 സ്കൂളുകളിൽ നടത്തുന്നതിന് 9-3-2022-ന് ചേർന്ന റോഡ് സുരക്ഷ അതോറിറ്റിയുടെ 45-ാമത് യോഗം തീരുമാനിച്ചു. പാലക്കാട് ജില്ലയിൽനിന്നും നാല് സ്കൂളുകൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ സ്കൂൾ സോൺ മെച്ചപ്പെടുത്തുന്നതിനും സ്കൂൾ മേഖല സുരക്ഷിതമാക്കാനും റോഡ് അച്ചടക്കത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളിൽ അവബോധം നൽകാനും ലക്ഷ്യമിടുന്ന ഒരു പ്രോജക്ട് പൊതുമരാമത്ത് (റോഡുകൾ & പാലങ്ങൾ) വകുപ്പ് നടപ്പിലാക്കിവരുന്നു. സ്കൂൾ മേഖലകൾ മെച്ചപ്പെടുത്തുന്നതിന് ഘട്ടംഘട്ടമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ആദ്യഘട്ടത്തിൽ 14 ജില്ലകളിലെ 50 സ്കൂളുകൾ മെച്ചപ്പെടുത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ നാല് സ്കൂളുകൾ പാലക്കാട് ജില്ലയിൽ നിന്നുമാണ്.

### ഒലിയപ്പുറം ജംഗ്ഷനിലെ വർദ്ധിച്ചുവരുന്ന അപകടങ്ങൾ

239 (1794) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിലെ ഒലിയപ്പുറം ജംഗ്ഷനിൽ ഗതാഗത സംവിധാനത്തിലെ പോരായ്മമൂലം അപകടങ്ങൾ വർദ്ധിച്ചുവരുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽനിന്ന് റോഡ് സുരക്ഷാ ഉദ്യോഗസ്ഥർ, പൊതുമരാമത്ത് (നിരത്ത്) വകുപ്പ് വിഭാഗം എഞ്ചിനീയർ, പ്രാദേശിക കൗൺസിലർമാർ തുടങ്ങിയവർ സംയുക്തമായി സ്ഥലം സന്ദർശിച്ച് റോഡ് സുരക്ഷാ വീഴ്ചകളും അതുമൂലമുള്ള അപകടസ്ഥിതിയും വിലയിരുത്തുകയുണ്ടായി.

സംയുക്ത പരിശോധനാസംഘം സ്ഥല പരിശോധന നടത്തിയതിൽ താഴെപ്പറയുന്ന പ്രധാന റോഡ് സുരക്ഷാ പ്രശ്നങ്ങൾ കണ്ടെത്തി:

- ഇന്ത്യൻ റോഡ് കോൺഗ്രസിന്റെ മാർഗ്ഗരേഖ പ്രകാരം ഒരു ജംഗ്ഷനിൽ അത്യാവശ്യമായ ദൂരക്കാഴ്ച പരിധിയിലുള്ള പരിമിതി.
- കവലയിലേയ്ക്കെത്തുന്ന വാഹനങ്ങൾക്ക് സമീപത്തുള്ള മറ്റ് റോഡുകളിൽനിന്ന് വരുന്ന വാഹനങ്ങളെ കാണാൻ സാധിക്കാത്തതുമൂലമുള്ള പ്രശ്നങ്ങൾ.

- കാൽനട യാത്രക്കാർക്ക് സുരക്ഷിതമായി സഞ്ചരിക്കുന്നതിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തത.
- പ്രധാന ജംഗ്ഷനിൽതന്നെ സ്ഥിതിചെയ്യുന്ന Auto സ്റ്റാൻഡ്മൂലം മറ്റ് വാഹനങ്ങൾ വഴിമാറി സഞ്ചരിക്കുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ.
- നിലവിൽ ജംഗ്ഷനിൽ റോഡുകളുടെ മുൻഗണനാക്രമം തീരുമാനിക്കാത്തതിലുള്ള പ്രശ്നങ്ങൾ.

(ബി) പ്രസ്തുത മേഖലയിൽ അപകടങ്ങൾ കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത മേഖലകളിൽ അപകടങ്ങൾ കുറയ്ക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു.

- ജംഗ്ഷനിലെ റോഡുകളുടെ മുൻഗണനാക്രമം തീരുമാനിച്ച് വേണ്ട സൈനുകളും റോഡ് മാർക്കിംഗും നടപ്പാക്കുക.
- ജംഗ്ഷൻ IRC മാനദണ്ഡങ്ങൾ അനുസരിച്ച് ഘടനാപരമായ മാറ്റങ്ങൾ വരുത്തുക.
- കവലയിലെ ദൂരക്കാഴ്ച പരിധിയിലുള്ള പരിമിതികൾ മാറ്റുക.
- കവലകളിൽ സ്ഥിതിചെയ്യുന്ന ഓട്ടോ സ്റ്റാൻഡ് മാറ്റി സ്ഥാപിക്കുക.
- കാൽനടക്കാർക്കുവേണ്ട സുരക്ഷാ സംവിധാനങ്ങളൊരുക്കുക.
- IRC മാനദണ്ഡങ്ങളനുസരിച്ചുള്ള വേഗത നിയന്ത്രണ സംവിധാനങ്ങൾ സ്ഥാപിക്കുക.

(സി) പ്രസ്തുത മേഖലയിൽ വാഹനങ്ങളുടെ വേഗത കുറച്ച് അപകടങ്ങൾ ഒഴിവാക്കുന്നതിനായി റോഡിൽ ഹംപ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രസ്തുത റോഡിൽ ബാരിക്കേഡ് ഉപയോഗിച്ച് സ്പീഡ് ബ്രേക്കേഴ്സ് നിർമ്മിച്ചിട്ടുള്ളതാണ്.

കൂടാതെ വാഹനങ്ങളുടെ നേർക്കുനേർ ഉള്ള കൂട്ടിയിടി ഒഴിവാക്കുന്നതിനായി triangle cones ഉപയോഗിച്ച് റോഡ് partition ചെയ്തിട്ടുണ്ട്.

കൂടാതെ റോഡ് മാർക്കിംഗും കൃത്യമായി ചെയ്തിട്ടുള്ളതാണ്. IRC മാനദണ്ഡങ്ങളനുസരിച്ചുള്ള വേഗത നിയന്ത്രണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

## ഓൺലൈൻ ടാക്സി സംവിധാനം നടപ്പിലാക്കുന്നത്

240 (1795) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യൂബർ, ഓല തുടങ്ങിയ ഓൺലൈൻ ടാക്സി സംവിധാനത്തിന്റെ മാതൃകയിൽ സംസ്ഥാന സർക്കാരിന്റെ കീഴിൽ ഓൺലൈൻ ടാക്സി സംവിധാനം ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സർക്കാരിന്റെ നേതൃത്വത്തിൽ ഗതാഗത വകുപ്പിനുകീഴിൽ ഉത്തരവാദിത്വത്തോടുകൂടിയുള്ള ഓൺലൈൻ ടാക്സി സംവിധാനം സംസ്ഥാനത്തുടനീളം ആരംഭിക്കുകയാണെങ്കിൽ ആയത് ഓട്ടോ-ടാക്സി തൊഴിലാളികൾക്കും ഉടമകൾക്കും യാത്രക്കാർക്കും ഒരുപോലെ സഹായകരമാകുമെന്നതിനാൽ വകുപ്പ് മുൻകയ്യെടുത്ത് പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഓൺലൈൻ ടാക്സി/ഓട്ടോ സംവിധാനം നിലവിൽ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ തൊഴിലും നൈപുണ്യവും വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഓൺലൈൻ ടാക്സി/ഓട്ടോ പദ്ധതിയായ "കേരള സവാരി", കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നേതൃത്വത്തിൽ, പാലക്കാട് ജില്ലയിൽ സ്ഥിതി ചെയ്യുന്ന കേന്ദ്ര സർക്കാർ സ്ഥാപനമായ ഐ.ടി.ഐ. ലിമിറ്റഡ്-ന്റെ സാങ്കേതിക സഹകരണത്തോടെ, തിരുവനന്തപുരം നഗരപരിധിയിൽ പൈലറ്റ് പ്രോജക്ട് ഉദ്ഘാടനം ചെയ്യപ്പെട്ടിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് സർവ്വീസ്

241 (1796) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘദൂര സർവീസ് ലക്ഷ്യമിട്ട് ആവിഷ്കരിച്ച കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് കമ്പനിക്ക് ഹ്രസ്വദൂര റൂട്ടുകൾ കൈമാറാൻ തീരുമാനിച്ച സാഹചര്യം വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ യാതൊരു റൂട്ടുകളും സ്വിഫ്റ്റ് കമ്പനിയടക്കം ആർക്കും കൈമാറിയിട്ടില്ല. സ്വിഫ്റ്റ് ബസ്സും ക്രൂവും വാടകയ്ക്ക് ലഭ്യമാക്കി കെ.എസ്.ആർ.ടി.സി.-യാണ് സർവ്വീസ് ഓപ്പറേറ്റ് ചെയ്യുന്നത്. ദീർഘദൂര സർവ്വീസുകളുടെ പ്രതികിലോമീറ്റർ ചെലവിനെക്കാൾ കൂടുതലാണ് ഹ്രസ്വദൂര സർവ്വീസുകളുടെ പ്രതികിലോമീറ്റർ ചെലവ്. ഈ സാഹചര്യത്തിൽ ചെലവ്

കുറയ്ക്കുന്നതിന് പ്രതികിലോമീറ്റർ ചെലവ് വളരെ കുറവുള്ള സ്വിഫ്റ്റ് ഇലക്ട്രിക് ബസ്സുകൾ സിറ്റി സർവ്വീസിന് ഉപയോഗിക്കുമ്പോൾ കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാരെ ദീർഘദൂര/മൊഫ്യൂസിൽ സർവ്വീസിൽ നിയോഗിക്കാൻ കഴിയും. ചെലവ് ചുരുക്കി കൂടുതൽ വരുമാനം ലഭ്യമാക്കാനും സഹായിക്കുമെന്നതിനാലാണ് ചെലവേറിയ ഹ്രസ്വദൂര റൂട്ടുകളിലും സ്വിഫ്റ്റ് ബസ്സുകൾ വാടക അടിസ്ഥാനത്തിലെടുത്ത് കെ.എസ്.ആർ.ടി.സി. നടത്തിവരുന്നത്. ഇത്തരത്തിൽ ഇന്ധന ചെലവിനത്തിൽ മാത്രം ഏതാണ്ട് 26 രൂപ ഒരു കിലോമീറ്ററിന് കുറവ് വരുന്നതായി കാണുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ റൂട്ടുകളൊന്നുംതന്നെ KSRTC-SWIFT-ന് കൈമാറിയിട്ടില്ല. 11-12-2021-ലെ G.O. (Ms) No. 58/2021/TRANS പ്രകാരം രൂപീകരിച്ച കമ്പനിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സർവ്വീസുകൾ കാര്യക്ഷമമായി നടത്തുന്നതിനാവശ്യമായ പിന്തുണ നൽകുക.

2. കിഫ്ബി ലോൺ മുഖാന്തരവും പ്ലാൻ ഫണ്ട് ഉപയോഗിച്ചും വാങ്ങുന്ന പുതിയ ബസ്സുകൾ എന്നിവ ഒരു കേന്ദ്രീകൃത നിയന്ത്രണ സംവിധാനത്തിന് കീഴിൽ കാര്യക്ഷമമായി പ്രവർത്തിക്കുക.

ആയതിനാൽ കിഫ്ബിയിൽനിന്നുള്ള വായ്പ വിനിയോഗിച്ച് KSRTC-SWIFT വാങ്ങിയിട്ടുള്ള ഹ്രസ്വദൂര ബസ്സുകളും കെ.എസ്.ആർ.ടി.സി. ആണ് operate ചെയ്യുന്നത്.

(ബി) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് സർവ്വീസിന്റെ നാളിതുവരെയുള്ള പ്രതിമാസ വരുമാനം, ചെലവ്, ലാഭം, സ്വിഫ്റ്റ് കമ്പനിയിൽനിന്നും കെ.എസ്.ആർ.ടി.സി.-യുടെ അക്കൗണ്ടിലേയ്ക്ക് ലഭിച്ച തുക എന്നിവ വ്യക്തമാക്കുമോ?

നാളിതുവരെയുള്ള വരുമാനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 13-4-2022 മുതൽ 30-4-2022 വരെ | 1,44,29,756 |
| 1-5-2022 മുതൽ 31-5-2022 വരെ | 5,24,27,736 |
| 1-6-2022 മുതൽ 30-6-2022 വരെ | 6,46,88,926 |
| 1-7-2022 മുതൽ 31-7-2022 വരെ | 6,81,35,233 |
| 1-8-2022 മുതൽ 25-8-2022 വരെ | 5,93,08,124 |
| ആകെ | 25,89,89,775 രൂപ. |

ചെലവ് - സ്വിഫ്റ്റിന്റെ എ.സി. സ്ലീപ്പറിന് പ്രതി കിലോമീറ്ററിന് 27.72 രൂപയും എ.സി. സീറ്ററിന് 24.95 രൂപയും എ.സി. ഡീലക്സിന് 22.5 രൂപയും നിരക്കിൽ വാടകയിനത്തിൽ ചെലവാകുന്നുണ്ട്.

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ്-ന്റെ സർവ്വീസ് ഓപ്പറേഷൻവഴി ലഭ്യമാകുന്ന വരുമാനം പൂർണ്ണമായും കെ.എസ്.ആർ.ടി.സി. ഫിനാൻഷ്യൽ അഡ്വൈസർ ആൻഡ് ചീഫ് അക്കൗണ്ട്സ് ഓഫീസറുടെ പേരിലുള്ള പ്രത്യേക അക്കൗണ്ടിലാണ് ഒടുക്കുന്നത്.

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ്സുകൾക്ക് സർവ്വീസ് നടത്തുന്നതിനായി ജീവനക്കാർക്ക് ശമ്പള ഇനത്തിൽ നാളിതുവരെ ചെലവായ തുക ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2022 ഏപ്രിൽ | 12,43,595 |
| 2022 മേയ് | 49,68,890 |
| 2022 ജൂൺ | 64,96,423 |
| 2022 ജൂലൈ | 82,14,000 |

സ്വിഫ്റ്റ് കമ്പനിയിൽനിന്നും കെ.എസ്.ആർ.ടി.സി.-യുടെ അക്കൗണ്ടിലേയ്ക്ക് തുക ലഭ്യമാക്കേണ്ട സാഹചര്യം നിലനിൽക്കുന്നില്ല. സ്വിഫ്റ്റ് ബസ്സുകളിൽനിന്നുള്ള വരുമാനം കെ.എസ്.ആർ.ടി.സി.-യുടെ അക്കൗണ്ടിലേയ്ക്കാണ് പോകുന്നത്.

(സി) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് മുഖേന സിറ്റി സർക്കുലർ സർവ്വീസുകൾ നടത്തുന്നത് നിലവിൽ ലാഭകരമാണോ; എങ്കിൽ കഴിഞ്ഞ രണ്ടുമാസത്തെ വരുമാനം സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖേന സിറ്റി സർക്കുലർ സർവ്വീസുകൾ നടത്തുന്നത് നിലവിൽ പ്രവർത്തന ലാഭത്തിലാണ്. ഇന്ധനയിനത്തിൽ മാത്രം ഏതാണ്ട് 26 രൂപ ഒരു കിലോമീറ്ററിന് കുറവ് വരുന്നതായി കണക്കാക്കിയിട്ടുണ്ട്.

കഴിഞ്ഞ രണ്ട് മാസത്തെ വരുമാനം ചുവടെ ചേർക്കുന്നു.

ജൂൺ 2022 - 72,23,561

ജൂലൈ 2022 - 74,14,323.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. വാങ്ങിയ ഇലക്ട്രിക്കൽ/ഡീസൽ ബസ്സുകളുടെ എണ്ണം എത്രയെന്നും എത്ര സീറ്റിംഗ് കപ്പാസിറ്റിയുള്ള എത്ര എണ്ണം വീതം ബസ്സുകളാണ് വാങ്ങിയതെന്നും വ്യക്തമാക്കുമോ;

(ഇ) കെ.എസ്.ആർ.ടി.സി. വാങ്ങിയ ഇലക്ട്രിക് ബസ്സുകളുടെ സീറ്റിംഗ് കപ്പാസിറ്റി, ഒരു ബസിന്റെ ശരാശരി വില, അതേ സീറ്റിംഗ് കപ്പാസിറ്റിയുള്ള ഒരു ഡീസൽ ബസ്സിന്റെ വില, ഇലക്ട്രിക് ബസ് വാങ്ങിയ ഇനത്തിൽ ചെലവഴിച്ചിട്ടുള്ള ആകെ തുക എന്നിവ വിശദമാക്കുമോ;

(എഫ്) പ്രസ്തുത കാലയളവിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ വാങ്ങുന്നതിന് സ്വീകരിച്ച ടെണ്ടർ നടപടിക്രമങ്ങളുടെ വിശദാംശം, ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് എന്നിവ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

(ഡി-എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-ക്കുവേണ്ടി ഇലക്ട്രിക്കൽ/ഡീസൽ ബസ്സുകൾ വാങ്ങിയിട്ടില്ല.

**കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പകൾ**

242 (1797) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നിലവിൽ ഏതെല്ലാം സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തിട്ടുണ്ട്; എന്നുമുതലാണ് പ്രസ്തുത വായ്പകളെടുത്തിട്ടുള്ളത്; വായ്പ തുകയുടെ വിശദവിവരം നൽകുമോ?

സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി 31-3-2018-ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നേതൃത്വത്തിലുള്ള കൺസോർഷ്യം രൂപീകരിച്ച് 3100 കോടി രൂപ വായ്പയായി സമാഹരിച്ചിട്ടുണ്ട്. ടി കൺസോർഷ്യത്തിലുൾപ്പെട്ട ബാങ്കുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| | |
|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 1000 |
| കാനറ ബാങ്ക് | 500 |
| ബാങ്ക് ഓഫ് ബറോഡ | 500 |
| കെ.ടി.ഡി.എഫ്.സി. | 150 |
| ലക്ഷ്മിവിലാസ് ബാങ്ക് | 150 |
| ആന്ധ്ര ബാങ്ക് | 500 |
| യൂണിയൻ ബാങ്ക് | 300 |
| ആകെ | 3100 |

ഇതിനുപുറമെ ശമ്പളമുൾപ്പെടെയുള്ള അടിയന്തര ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽനിന്നും 50 കോടി രൂപ ഓവർഡ്രാഫ്റ്റ് വായ്പ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) എത്ര ശതമാനം പലിശയ്ക്കാണ് ഓരോ വായ്പയുമെടുത്തിട്ടുള്ളത്; മുതലിനത്തിലും പലിശയിനത്തിലും നാളിതുവരെ തിരിച്ചടച്ച തുകയുടെയും ഇനി തിരിച്ചടയ്ക്കാനുള്ള തുകയുടെയും വിശദവിവരം നൽകുമോ?

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള കൺസോർഷ്യം വായ്പ 9.20% നിരക്കിലാണ് ലഭ്യമായതെങ്കിലും വിവിധ ഘട്ടങ്ങളിലായി പലിശ നിരക്ക് കുറഞ്ഞ് 8.5% വരെ എത്തിയിരുന്നു. ടി വായ്പയുടെ മുതലും പലിശയുമടക്കം 31-7-2022 വരെ 1311.89 കോടി രൂപ തിരിച്ചടച്ചിട്ടുണ്ട്. ഇതേ തീയതിയിലെ കണക്കനുസരിച്ച് 3014.33 കോടി രൂപ ടി വായ്പയിൽ ഇനി ഒടുക്കാനുമുണ്ട്.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽനിന്നും 9.30% പലിശ നിരക്കിലാണ് ഓവർഡ്രാഫ്റ്റ് വായ്പ ലഭ്യമാക്കിയിരിക്കുന്നത്. ഒരു മാസത്തെ തിരിച്ചടവ് കാലാവധിയിലാണ് ടി ഓവർഡ്രാഫ്റ്റ് വായ്പ അനുവദിക്കുന്നത്. എന്നാൽ കെ.എസ്.ആർ.ടി.സി.-യിലെ കടുത്ത സാമ്പത്തിക പ്രതിസന്ധിനിമിത്തം നിലവിലെ വായ്പ നാളിതുവരെയും ഒടുക്കിത്തീർക്കാൻ കഴിഞ്ഞിട്ടില്ല.

### കെ.എസ്.ആർ.ടി.സി.-യിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ

243 (1798) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യിൽ നിരവധി പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

തിരുവനന്തപുരം നഗരത്തിലെ സമഗ്ര നഗര ഗതാഗതത്തിന് നഗരപരിധിയിൽ വിവിധ പ്രദേശങ്ങളെയും സ്ഥാപനങ്ങളെയും ബന്ധിപ്പിച്ച് നഗരത്തിലേയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന പൊതുജനങ്ങൾക്കും നഗരത്തിലെ വിവിധ ഭാഗങ്ങളിൽ സഞ്ചരിക്കേണ്ട യാത്രക്കാർക്കും പ്രയോജനകരമായ രീതിയിൽ സിറ്റി സർക്കുലർ (ഹോപ്പ് ഓൺ ഹോപ്പ് ഓഫ്) ആരംഭിച്ചു. ഈ സർവ്വീസുകളിൽ പ്രതിദിനം 30000-ത്തിലധികം യാത്രക്കാർ ആശ്രയിക്കുന്ന നിലയിലേയ്ക്ക് സ്വീകാര്യത വർദ്ധിച്ചിട്ടുണ്ട്.

പ്രസ്തുത സർവ്വീസുകൾക്ക് പുതുതായി നിരത്തിലിറക്കിയ 25 എണ്ണം കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ഇലക്ട്രിക് ബസ്സുകൾ ഉപയോഗിക്കുന്നതിനാൽ ഡീസലിന് പ്രതി കിലോമീറ്ററിന് ഏതാണ്ട് 32 രൂപ ചെലവാകുന്ന സ്ഥാനത്ത് ശരാശരി 6 രൂപയാണ് പ്രതികിലോമീറ്ററിന് ഇന്ധന ചെലവിനായി ഇപ്പോൾ ആകുന്നത്. ഇങ്ങനെ ഇന്ധനയിനത്തിൽ ഏതാണ്ട് 26 രൂപ കുറവ് വരുമ്പോൾ പ്രവർത്തന ചെലവും കുറയുന്നത് കെ.എസ്.ആർ.ടി.സി.-യ്ക്ക് ആശ്വാസമേകുന്നതാണ്.

തിരുവനന്തപുരം നഗരത്തിലെ പൊതുഗതാഗത സംവിധാനം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി സിറ്റി സർക്കുലർ സർവ്വീസിന് അനുബന്ധമായി ആരംഭിച്ച നൂതന ബസ് സർവ്വീസ് ആണ് "സിറ്റി ഷട്ടിൽ". തിരുവനന്തപുരം ജില്ല കേന്ദ്രീകരിച്ച് നടത്തിയ ശാസ്ത്രീയപഠനത്തിന്റെ വെളിച്ചത്തിൽ തിരുവനന്തപുരം നഗരവുമായി ബന്ധപ്പെട്ട് വിവിധ തൊഴിലുകളിൽ ഏർപ്പെടുന്നതും വിവിധ ആവശ്യങ്ങൾക്കായി അവരുടെ ലക്ഷ്യസ്ഥാനത്ത് നേരിട്ടെത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സർവ്വീസ് വർദ്ധിച്ച ജനസമ്മിതിയും ഉയർന്ന വരുമാനവും ലഭ്യമാക്കി വരുന്നത് യാത്രക്കാരുടെ എണ്ണത്തിലുണ്ടായ വർദ്ധന സൂചിപ്പിക്കുന്നു.

ഇതുകൂടാതെ ആരംഭിച്ച "സിറ്റി റേഡിയൽ" സർവ്വീസ് യാത്രക്കാർക്ക് നേരിട്ട് നഗരത്തിന് വെളിയിലെ രണ്ട് കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങിക്കയറാതെ യാത്ര ചെയ്യുന്നതിന് ലക്ഷ്യമായിട്ടുള്ളതാണ്. ഈ സർവ്വീസിനും വൻജനസമ്മതിയോടെ വർദ്ധിച്ച യാത്രക്കാർ ലഭ്യമായിട്ടുണ്ട്.

തിരുവനന്തപുരത്തിനും കോഴിക്കോടിനും ഇടയിലുള്ള നഗരങ്ങളിലെ ഗതാഗതക്കുരുക്കിൽനിന്നും ഒഴിവാക്കി യാത്രക്കാരെ നിശ്ചിത സ്ഥലത്ത് കുറഞ്ഞ സമയത്തിൽ എത്തിക്കുന്നതിന് കെ.എസ്.ആർ.ടി.സി. "ബൈപ്പാസ് റൈഡർ" എന്ന പേരിൽ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. ഈ സർവ്വീസുകൾ പ്രധാനമായും നാഷണൽ ഹൈവേയിലെയും എം.സി. റോഡിലെയും സമാന്തര ബൈപ്പാസ് റോഡുകളിലൂടെയാണ് സർവ്വീസ് നടത്തുന്നത്. ബൈപ്പാസുകളിലെ നിർദ്ദിഷ്ട സ്ഥലങ്ങളിൽ യാത്രക്കാർക്ക് സൗകര്യപ്രദമായി വിശ്രമിക്കുന്നതിനും ബസ് കാത്തിരിക്കുന്നതിനും "ഫീഡർ സ്റ്റേഷനുകൾ" പഴയ ലോ ഫ്ളോർ ബസ്സുകളിൽ ക്രമീകരിച്ചിട്ടുണ്ട്. ഇത്തരം ഫീഡർ സ്റ്റേഷനുകളിലേയ്ക്ക് ബന്ധപ്പെട്ട യൂണിറ്റുകളിൽനിന്നും പ്രത്യേക നിറത്തിലുള്ള "ഫീഡർ സർവ്വീസുകൾ" യാത്രക്കാർക്കായി നടത്തുന്നുമുണ്ട്. ബൈപ്പാസ് റൈഡർ സർവ്വീസുകളിൽ റിസർവ് ചെയ്ത യാത്രക്കാർക്ക് ഫീഡർ ബസ്സുകളിൽ ഫീഡർ സ്റ്റേഷനിലേയ്ക്ക് സൗജന്യമായി യാത്ര ചെയ്യാം. കുറഞ്ഞത് ഓരോ മണിക്കൂർ ഇടവേളകളിൽ ടി സർവ്വീസിന്റെ സേവനം നാഷണൽ ഹൈവേ വഴിയും എം.സി. റോഡ് വഴിയും പൂർണ്ണമാക്കുന്നതിനുള്ള പദ്ധതികൾ അന്തിമഘട്ടത്തിലാണ്. നിലവിൽ ആരംഭിച്ച കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് സൂപ്പർ ക്ലാസ് ബസ്സുകൾ ഇത്തരത്തിൽ ഓപ്പറേറ്റ് ചെയ്യുകയും വരുമാനവും സ്വീകാര്യതയും വർദ്ധിച്ചിട്ടുമുണ്ട്.

സാധാരണക്കാരായ മത്സ്യത്തൊഴിലാളികൾക്കായി ആരംഭിച്ച മൂന്ന് സമുദ്ര സർവ്വീസുകൾ സർക്കാർ സഹായത്തോടുകൂടി സൗജന്യമായി നടത്തിവരുന്നു. മറ്റ് യാത്രാസൗകര്യമില്ലാത്ത ഉൾനാടൻ ഗ്രാമപ്രദേശങ്ങളിലേയ്ക്ക് സർവ്വീസ് നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഡീസൽ ചെലവ് വഹിച്ച് കെ.എസ്.ആർ.ടി.സി.-യുമായി സഹകരിച്ച് നൂതന സംരംഭമായ ഗ്രാമവണ്ടി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ പഞ്ചായത്തിൽ 29-7-2022-ൽ നടക്കുകയുണ്ടായി. അതുകൂടാതെ തൃശ്ശൂർ ജില്ലയിലെ എളവള്ളി പഞ്ചായത്തിലും 19-8-2022-ന് ജില്ലാതല ഉദ്ഘാടനം നടത്തുകയുണ്ടായി. കൂടാതെ മലപ്പുറം ജില്ലയിലെ എടവണ്ണ പഞ്ചായത്ത്, കായംകുളം പത്തിയൂർ പഞ്ചായത്ത്, കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പഞ്ചായത്തുമടക്കം ധാരാളം പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ വികസനവും ജനക്ഷേമവും മുൻനിർത്തുന്നതിൽ വലിയ പങ്കാണ് കടുത്ത സാമ്പത്തിക ബുദ്ധിമുട്ടിലും കെ.എസ്.ആർ.ടി.സി. നിർവ്വഹിച്ചുവരുന്നത്. കൂടാതെ വിവിധ സൗജന്യങ്ങൾ, പാസ്സുകൾ, സാമൂഹിക പ്രതിബദ്ധതാ സർവ്വീസുകൾ എന്നിവ കെ.എസ്.ആർ.ടി.സി. നടത്തിവരുന്നു.

സാധാരണ ജനതയുടെ യാത്രാ സ്വപ്നങ്ങൾ കുറഞ്ഞ ചെലവിൽ സാക്ഷാൽക്കരിക്കുന്നതിനായി ആരംഭിച്ച മറ്റൊരു നൂതന പദ്ധതിയാണ് "ബഡ്ജറ്റ് ടൂറിസം". ഇതിലൂടെ വലിയ വരുമാന വർദ്ധനയും വൻജനസമ്മതിയും ഉണ്ടായിട്ടുണ്ട്.

മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി സമയം ക്രമീകരിച്ച് മെയിന്റനൻസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ത്രീ ടയർ മെയിന്റനൻസ് സംവിധാനം നടപ്പിൽവരുത്തി ബസ്സുകളുടെ മെയിന്റനൻസ് സമയബന്ധിതമായി പൂർത്തീകരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

19 ഓപ്പറേറ്റിംഗ് സെന്ററുകളിലെ മെക്കാനിക്കൽ ജീവനക്കാരെ മാതൃയൂണിറ്റിലേയ്ക്ക് മാറ്റി ആവശ്യാർത്ഥം മാത്രം ജീവനക്കാരെ നിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഫ്യൂവൽ ഡിവിഷൻ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

മെക്കാനിക്കൽ ജീവനക്കാർക്ക് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് വാഹന നിർമ്മാതാക്കൾ മുഖാന്തരം ട്രെയിനിംഗ് നൽകിവരുന്നു. ഫ്ലീറ്റ് ആൻഡ് മെയിന്റനൻസ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ നടപ്പിൽവരുത്തുന്നതിന്റെ പ്രവർത്തനം പുരോഗതിയിലാണ്.

റിപ്പയർ ഷെഡ്യൂളിന്റെ അടിസ്ഥാനത്തിൽ ഫ്ലോട്ട് യൂണിറ്റുകൾ ലഭ്യമാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ട്രാക്കിംഗ് ആൻഡ് മോണിറ്ററിംഗ് സിസ്റ്റം

പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ 1600-ൽപ്പരം ബസ്സുകളിൽ VLTD സ്ഥാപിച്ചിട്ടുണ്ട്. ടി പദ്ധതി പൂർണ്ണമായി നടപ്പിലാക്കി കഴിയുന്നതിലൂടെ പൊതുജനങ്ങൾക്കും യാത്രക്കാർക്കും മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടെയും സർവ്വീസുകളുടെയും യഥാർത്ഥ സമയക്രമം ഓൺലൈനായി ലഭ്യമാകും. കൂടാതെ ബസ്സുകളുടെ ലൊക്കേഷൻ ലൈവ് ആയിത്തന്നെ ലഭ്യമാകും.

ബസ് Utilization, Mileage, Service സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം ചെയ്യാനും സാധിക്കും.

GPRS, Bluetooth, RFID സംവിധാനമുള്ള ETM

Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്കവിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകളുടെ വിതരണം പുരോഗമിച്ചുവരികയാണ്. ഇത് പൂർണ്ണമായി നടപ്പിലാക്കി കഴിയുന്നതിലൂടെ ടിക്കറ്റ് കളക്ഷൻ സംബന്ധിച്ച എല്ലാ വിവരങ്ങളും അപ്പോൾതന്നെ ഓൺലൈനായി നിരീക്ഷിക്കാൻ സാധിക്കും. ഇതിൽനിന്നും യാത്രക്കാരുടെ എണ്ണം, വരുമാനം തുടങ്ങിയ വിവരങ്ങൾ മനസ്സിലാക്കാൻ സാധിക്കുന്നു.

ഓരോ ട്രിപ്പുകളുടെയും കളക്ഷൻ വിവരങ്ങളും ഓരോ ബസ്സിന്റെയും വരുമാനം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാൻ സാധിക്കും. ആയത് വഴി ടി ട്രിപ്പ് ലാഭകരമാണോയെന്ന് വിശകലനം ചെയ്യാനും സാധിക്കും.

നിലവിൽ പ്രീ-പെയ്ഡ് സ്മാർട്ട് കാർഡ് ഉപയോഗിച്ച് സിറ്റി സർക്കുലർ സർവ്വീസുകളിൽ പണരഹിതമായി യാത്ര ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ടി സംവിധാനം ഘട്ടംഘട്ടമായി എല്ലാ സർവ്വീസുകളിലും നടപ്പിലാക്കുന്നതാണ്. കൂടാതെ വിവിധതരം പാസ്സുകളെ സ്മാർട്ട് കാർഡ് സംവിധാനത്തിലേയ്ക്ക് മാറ്റാനും കഴിയുന്നതാണ്.

ഓൺലൈൻ റിസർവേഷൻ സംവിധാനം

കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിനും പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം

ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി "എന്റെ കെ.എസ്.ആർ.ടി.സി" എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ടി ആപ്പ് ഉപയോഗിച്ചും യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്.

ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് നേരിട്ട് ബസ് ലഭ്യമല്ലെങ്കിൽ, 'Link Ticket' എന്ന സംവിധാനത്തിലൂടെ യാത്രക്കാർക്ക് രണ്ട് ബസ്സുകളിലെയും ടിക്കറ്റ് ടി ആപ്പ് മുഖേന ബുക്ക് ചെയ്യാൻ സാധിക്കും.

കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനായി ഓൺലൈൻ റിസർവേഷൻ ബുക്കിംഗ് ചാർജ്ജ് 30 രൂപയിൽനിന്നും 10 രൂപയായി കുറച്ചിട്ടുണ്ട്.

കൂടാതെ 'Group Ticket' Option മുഖേന നാലോ അതിലധികമോ യാത്രക്കാർ ഒരുമിച്ച് ബുക്ക് ചെയ്യുമ്പോൾ ഒരു ടിക്കറ്റിന്റെ ബുക്കിംഗ് ചാർജ്ജായ 10 രൂപ മാത്രം നൽകിയാൽ മതിയാകും.

Round Ticket ബുക്ക് ചെയ്യുമ്പോൾ റിട്ടേൺ ടിക്കറ്റ് തുകയുടെ 10% ഇളവ് ലഭിക്കുന്നതാണ്.

പുതുക്കിയ Cancellation Policy പ്രകാരം 72 മണിക്കൂറിന് മുമ്പ് ടിക്കറ്റ് ക്യാൻസൽ ചെയ്യുമ്പോൾ മുഴുവൻ തുകയും യാത്രകാർക്ക് തിരികെ നൽകുന്നതാണ്.

ടി ആപ്പിൽ കൂടുതൽ Payment Option-കൾ (UPI, Credit / Debit card, Net banking) ഏർപ്പെടുത്തിയിട്ടുണ്ട്.

നിലവിൽ 800-ൽപ്പരം സർവ്വീസുകൾക്ക് ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

<u>ജി-സ്പാർക്ക്</u>

ജീവനക്കാരുടെ ശമ്പള വിവരങ്ങളും സർവ്വീസ് സംബന്ധമായ വിവരങ്ങളും സാലറി സ്ലിപ്പ് തുടങ്ങിയ സംവിധാനങ്ങളോടുകൂടിയ ജി-സ്പാർക്ക് സോഫ്റ്റ്‌വെയർ നടപ്പിലാക്കി തുടർനടപടികൾ പുരോഗമിച്ചുവരുന്നു.

ശമ്പള ബിൽ സംബന്ധമായ പൂർണ്ണവിവരങ്ങൾ ഓൺലൈനായി ലഭ്യമാകും. PF സംബന്ധമായ വിവരങ്ങൾ, ജീവനക്കാരന്റെ ശമ്പളത്തിൽനിന്നും ഈടാക്കിയ വിവിധ Loan സംബന്ധമായ വിവരങ്ങൾ, e-Service book, Online വഴി ലീവ് അപേക്ഷ സമർപ്പണം എന്നിവയും ലഭ്യമാകും.

കെ.എസ്.ആർ.ടി.സി. നേരിടുന്ന സാമ്പത്തിക പ്രതിസന്ധി കുറയ്ക്കുന്നതിലേയ്ക്കായി ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കൊമേഴ്സ്യൽ വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ബസ്സുകളിൽ പരസ്യം പതിപ്പിക്കൽ, ബസ്സുകൾ വാടകയ്ക്ക് നൽകൽ, യൂണിറ്റുകളിലെ സ്ഥലങ്ങളും കടമുറികളും കച്ചവട സംബന്ധമായ ആവശ്യങ്ങൾക്ക് വാടകയ്ക്ക് അനുവദിക്കൽ, യൂണിറ്റുകളിൽ ജനശ്രദ്ധ ആകർഷിക്കുന്ന സ്ഥലങ്ങളിൽ ഹോർഡിംഗ്സ് സ്ഥാപിക്കുന്നതിന് സ്ഥലം വാടകയ്ക്ക് അനുവദിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്തുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം KSRTC-SWIFT മുഖാന്തരം 8 എണ്ണം fully built premium class AC sleeper bus-കളും, 20 എണ്ണം semi premium fully built AC seater bus-കളും, 88 എണ്ണം Non AC air suspension diesel bus-കളും നിരത്തിലിറക്കിയിട്ടുണ്ട്. 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിന് വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്, ഇതിൽ 25 ബസ്സുകൾ ലഭിച്ചിട്ടുണ്ട്.

കിഫ്ബി ധനസഹായത്താൽ 310 സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടിയുടെ ഭാഗമായി വാഹനത്തിന്റെ prototype evaluation അന്തിമഘട്ടത്തിലാണ്. ഇതുകൂടാതെ 700 സി.എൻ.ജി. ബസ് വാങ്ങുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. CNG ഇന്ധനത്തിന്റെ അപ്രതീക്ഷിതമായുണ്ടായ വിലവർദ്ധന നിമിത്തം CNG ഇന്ധനം ഉപയോഗിച്ച് ബസ് ഓപ്പറേറ്റ് ചെയ്യുന്നത് ലാഭകരമല്ലാത്ത സ്ഥിതി സംജാതമാകുമെന്നതിനാൽ 1010 (310+700) എണ്ണം CNG ബസ്സുകൾ വാങ്ങുന്നതിന് KIIFB അനുവദിച്ച ലോൺ തുക ഉപയോഗിച്ച് പ്രവർത്തനച്ചെലവ് കുറഞ്ഞ ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനെ സംബന്ധിച്ച് കിഫ്ബിയുമായി ചർച്ചകൾ നടന്നുവരുന്നു.

കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി Prof. Susheel Khanna-യുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ മാനേജ്മെന്റ്, പ്രവർത്തനരീതി എന്നിവ പുനഃക്രമീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>മാനേജ്മെന്റ് പ്രൊഫഷണലിസം</u>

കെ.എസ്.ആർ.ടി.സി.-യിലെ വിവിധ വിഭാഗങ്ങളിലേയ്ക്ക് അതത് മേഖലകളിൽ യോഗ്യതയും പരിചയവുമുള്ള ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുന്നതിനായി ഓരോ വിഭാഗങ്ങളിലും വൈദഗ്ദ്ധ്യമുള്ളവരെ മതിയായ നിയമന നടപടിക്രമങ്ങൾ പാലിച്ച് കരാറടിസ്ഥാനത്തിൽ നിയമിക്കുക വഴി മാനേജ്മെന്റ് ശാക്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കോർപ്പറേഷനിലെ ടോപ് ലെവൽ മാനേജ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി General Manager (F&A), General Manager (Tech.), Dy. General Manager (F&A), Dy. General Manager (Operations), Dy. General Manager (Tech.), Chartered / Cost Accountant എന്നീ തസ്തികകൾ താൽക്കാലികമായി സർക്കാർ സൃഷ്ടിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെയും കോർപ്പറേഷനെ കൊമേർഷ്യലൈസ് ചെയ്യുന്നതിന്റെ ഭാഗമായി പ്രാവീണ്യം തെളിയിക്കുന്നവരെ ഓപ്പൺ മാർക്കറ്റിൽ നിന്നും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശം കോർപ്പറേഷനെ മൂന്ന് (3) സ്വയംപര്യാപ്തമായ ലാഭ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്. ആയതിൻപ്രകാരം കെ.എസ്.ആർ.ടി.സി.-യെ ചുവടെ ചേർത്തിരിക്കുന്ന തരത്തിൽ മൂന്ന് മേഖലകളാക്കി രൂപീകരിച്ചു.

| പേര് | റവന്യൂ ജില്ല | ആസ്ഥാനം |
|---|---|---|
| സൗത്ത് സോൺ | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട | സെൻട്രൽ വർക്സ്, പാപ്പനംകോട് |
| സെൻട്രൽ സോൺ | ആലപ്പുഴ, കോട്ടയം, എറണാകുളം. ഇടുക്കി, തൃശ്ശൂർ | എറണാകുളം ബോട്ട് ജെട്ടി |
| നോർത്ത് സോൺ | മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് | കോഴിക്കോട് |

കൂടാതെ ഭരണപരവും, അക്കൗണ്ട്സ് സംബന്ധവുമായ നടപടികൾ ജില്ലാ അടിസ്ഥാനത്തിൽ സ്വീകരിക്കുന്നതിന് പതിനഞ്ച് (15) ജില്ലാ ഓഫീസുകൾ രൂപീകരിച്ചിട്ടുണ്ട്. വരുമാനവർദ്ധന വരുത്തുക എന്നതിനോടൊപ്പം, കോർപ്പറേഷന്റെ പ്രവർത്തനങ്ങളുടെ ശാക്തീകരണമാണ് പ്രസ്തുത മേഖലകളുടെ രൂപീകരണം മുഖേന ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) തിരുവനന്തപുരം നഗരത്തിൽ നടപ്പിലാക്കിയ സർക്കിൾ സർവ്വീസ് മുഖേന കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്ന വരുമാനം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത സർവ്വീസിനായി വന്ന ചെലവ് സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ?

തിരുവനന്തപുരം സിറ്റി, പേരൂർക്കട എന്നീ ഡിപ്പോകളിൽ നിന്നാണ് സിറ്റി സർക്കിൾ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നത്.

ഇത് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് 25 ഇലക്ട്രിക് ബസ്സുകൾ സിറ്റി സർക്കിൾ സർവ്വീസായി നിരത്തിലിറക്കിയതിനാൽ ഡീസലിന് പ്രതികിലോമീറ്ററിന് ഏതാണ്ട് 32 രൂപ ചെലവാകുന്ന സ്ഥാനത്ത് ശരാശരി 6 രൂപയാണ് പ്രതികിലോമീറ്ററിന് ഇന്ധന ചെലവിനായി ഇപ്പോൾ ആകുന്നത്. ഇങ്ങനെ ഇന്ധനയിനത്തിൽ ഏതാണ്ട് 26 രൂപ കുറവ് വരുമ്പോൾ പ്രവർത്തന ചെലവ് കുറയുകയും ചെയ്യും.

പ്രാരംഭ ഓഫർ എന്ന നിലയിൽ നിരക്ക് കേവലം 10 രൂപ ക്രമത്തിൽ മാത്രം ഈടാക്കിയിട്ടുപോലും താഴെ പറയുന്ന വരുമാനം ലഭിച്ചിട്ടുണ്ട്.

തിരുവനന്തപുരം സിറ്റി

വരുമാനം (1-1-2022 മുതൽ 30-6-2022 വരെ) - 2,65,39,792

പേരൂർക്കട

വരുമാനം (1-1-2022 മുതൽ 30-6-2022 വരെ) - 1,65,00,685.

പ്രതിദിനം ശരാശരി 2,04,954 രൂപ ലഭിക്കുന്നുണ്ട്. കൂടാതെ പ്രതിദിനം 30000-ത്തിലധികം യാത്രക്കാരുടെ എണ്ണവും സ്വീകാര്യതയും വർദ്ധിച്ച് വരികയാണ്.

സിറ്റി സർക്കിൾ സർവ്വീസിന് തുടക്കത്തിൽ ഉപയോഗിച്ചിരുന്നത് പഴയ JnNURM ബസ്സുകളാണ്. ഇപ്പോൾ പുറത്തിറക്കിയ 25 ഇലക്ട്രിക് ബസ്സുകൾക്ക് 23,10,99,650 രൂപയാണ് വില. ഡീസൽ, ശമ്പളം, പരിപാലനം മറ്റ് അനുബന്ധ ചെലവുകൾ KSRTC-യുടെ മറ്റ് ബസ്സുകളുടെ ചെലവിനോടൊപ്പമാണ് കണക്കാക്കുന്നത്. ആയതിനാൽ ഇവ പ്രത്യേകം കണക്കാക്കി സൂക്ഷിച്ചിട്ടില്ല.

(സി) കെ.എസ്.ആർ.ടി.സി.-യുടെ ഗ്രാമവണ്ടി സർവ്വീസിന് സംസ്ഥാനത്തെ എതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് സന്നദ്ധത അറിയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇതിനകം സർവ്വീസ് ആരംഭിച്ചിട്ടുള്ളവയുടെ വിവരം ലഭ്യമാക്കുമോ?

ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി നിരവധി പഞ്ചായത്തുകൾ മുന്നോട്ടുവന്നുകൊണ്ടിരിക്കുകയാണ്. നിലവിൽ തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ പഞ്ചായത്ത്, തൃശ്ശൂർ ജില്ലയിലെ എളവള്ളി പഞ്ചായത്ത്, മലപ്പുറം ജില്ലയിലെ എടവണ്ണ പഞ്ചായത്ത്, കായംകുളം പത്തിയൂർ പഞ്ചായത്ത്, കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പഞ്ചായത്ത് എന്നീ 5 പഞ്ചായത്തുകൾ അഡ്വാൻസ് തുക അടയ്ക്കുകയും അതിൽ തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ പഞ്ചായത്തിൽ 29-7-2022-ൽ സംസ്ഥാനതല ഉദ്ഘാടനം നടക്കുകയും തൃശ്ശൂർ ജില്ലയിലെ എളവള്ളി പഞ്ചായത്തിൽ 19-8-2022-ന് ജില്ലാതല ഉദ്ഘാടനം നടത്തുകയും ടി പദ്ധതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## പൊതുഗതാഗതം കുറ്റമറ്റതാക്കുന്നതിനുള്ള നടപടി

244 (1799) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡുമൂലമുള്ള ലോക്ക്ഡൗൺ, അടിക്കടിയുള്ള പെട്രോൾ, ഡീസൽ വിലവർദ്ധന, പെട്രോളിയം കമ്പനികൾ കെ.എസ്.ആർ.ടി.സി.ക്ക് ന്യായവിലയിൽ ഡീസൽ നൽകാതിരിക്കൽ എന്നിവ കെ.എസ്.ആർ.ടി.സി.-യുടെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോ; എങ്കിൽ ഏത് രീതിയിൽ ബാധിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. കോവിഡിനുമുമ്പ് കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനം ശരാശരി 6.30 കോടി രൂപ വരെ ലഭ്യമായിരുന്നു. എന്നാൽ കോവിഡ് മഹാമാരിയെത്തുടർന്നുള്ള ഒന്നും രണ്ടും ലോക്ക്ഡൗൺ കാലയളവിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പൂർണ്ണമായും നിർത്തിവെച്ചിരുന്നു. മാത്രമല്ല ലോക്ക്ഡൗൺ ഇളവുകളെത്തുടർന്ന് ഘട്ടംഘട്ടമായി സർവ്വീസുകൾ പുനരാരംഭിച്ചെങ്കിലും കുറച്ചധികം കാലംവരെ പൊതുഗതാഗത സംവിധാനം ഉപയോഗിക്കാൻ ജനങ്ങൾ വിമുഖത കാട്ടിയതും കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി അത്യധികം രൂക്ഷമാക്കുകയുണ്ടായി. ഇതിനുപുറമെ ഡീസൽ വിലയിലുണ്ടാകുന്ന ദിനംപ്രതിയുള്ള അനിയന്ത്രിതമായ വിലക്കയറ്റവും ഇന്ധന കമ്പനികൾ കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള ബൾക്ക് പർച്ചെയ്സർമാർക്ക് അനുവദിച്ചിരുന്ന ആനുകൂല്യങ്ങൾ അപ്പാടെ ഒഴിവാക്കുകയും ചെയ്തതിനാൽ കോർപ്പറേഷൻ കടുത്ത ബാധ്യത ഭാരം പേറുകയാണ്.

2022 ഫെബ്രുവരിക്കുമുമ്പുവരെ വൻകിട ഉപഭോക്താക്കൾക്ക് എണ്ണക്കമ്പനികൾ ഡീസൽ നൽകിയിരുന്നത് വിപണി വിലയെക്കാൾ പ്രതി ലിറ്ററിന് ഏകദേശം 4 രൂപ കുറഞ്ഞ നിരക്കിൽ ആയിരുന്നു. എന്നാൽ 2022 ഫെബ്രുവരി മാസം മുതൽ എണ്ണക്കമ്പനികൾ വൻകിട ഉപഭോക്താവിന് നൽകുന്ന ഡീസലിന് വിപണി വിലയെക്കാൾ കൂടിയ നിരക്കാണ് ഈടാക്കിവരുന്നത്. ഇപ്രകാരം ഘട്ടംഘട്ടമായി വർദ്ധിച്ച്, വിപണി വിലയെക്കാൾ ഡീസലിന് ലിറ്ററിന് 42 രൂപയുടെവരെ വർദ്ധനയുണ്ടായിട്ടുണ്ട്. ഇപ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് ന്യായവിലയിൽ ഡീസൽ നൽകാത്തതുമൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത നിയന്ത്രിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള യാത്രാ ഫ്യൂവൽസ് റീട്ടെയിൽ ഔട്ട്ലെറ്റുകളിൽനിന്നും സ്വകാര്യ പമ്പുകളിൽനിന്നും കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ കൺസ്യൂമർ പമ്പിലേയ്ക്ക് ഇന്ധനം ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തേണ്ട സാഹചര്യമാണ് നിലനിൽക്കുന്നത്. ഇക്കാരണത്താൽ യഥാസമയം ഡിപ്പോകളിൽ ഡീസലെത്തിക്കുന്നതിന് സാധിക്കാതെ വരികയും തദ്വാര സർവ്വീസ് ഓപ്പറേഷനെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു.

കോവിഡ് മഹാമാരിയെത്തുടർന്ന് 2020 മാർച്ച് 23-ാം തീയതി ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിനെത്തുടർന്ന് ഏറ്റവും പ്രതിസന്ധിയിലായത് പൊതുഗതാഗത മേഖലയായിരുന്നു. സർവ്വീസുകൾ പൂർണ്ണമായും നിർത്തി വയ്ക്കേണ്ടി വന്നിരുന്നതും വരുമാനം പൂർണ്ണമായും നിലച്ചിരുന്നതുമായ വലിയ പ്രതിസന്ധിയാണ് കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കേണ്ടിവന്നത്. തുടർന്ന് 2020 മേയ് മാസത്തോടെ സർവ്വീസുകൾ പുനരാരംഭിച്ചെങ്കിലും ഡീസലിന്റെയും പെട്രോളിയം ഉത്പന്നങ്ങളുടെയും വിലവർദ്ധന അതിഭീകരമായ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്കാണ് കെ.എസ്.ആർ.ടി.സി.-യെ എത്തിച്ചത്. ഒരു വശത്ത് വരുമാനം തീരെ ലഭിക്കാതെ വരികയും മറുവശത്ത് ഡീസൽ വില വർദ്ധനമൂലം പ്രവർത്തന ചെലവ് വളരെയധികം വർദ്ധിച്ചതും കെ.എസ്.ആർ.ടി.സി.-യെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേയ്ക്കാണ് നയിച്ചത്. എന്നാൽ സർക്കാരിന്റെ സാമ്പത്തിക സഹായവും പുനരുദ്ധാരണ ശ്രമങ്ങളും കെ.എസ്.ആർ.ടി.സി.-യെ ഒരു പരിധിവരെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തി തിരികെകൊണ്ടുവരുന്നതിന് സഹായകമായെങ്കിലും വാഹനങ്ങൾക്ക് ഇന്ധനംപോലും കൃത്യമായി നൽകാനാകാത്തവിധം ദൈനംദിന പ്രവർത്തനങ്ങളെ ഇന്ധന വിലവർദ്ധന ബാധിച്ചിട്ടുണ്ട്.

ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചും ഒറ്റപ്പെട്ട ട്രിപ്പുകൾ ഒഴികെ നഷ്ടത്തിലുള്ള സർവ്വീസുകളുടെ ട്രിപ്പുകൾ നിർത്തലാക്കിയും ജീവനക്കാരുടെ ഡ്യൂട്ടി പുനഃക്രമീകരിച്ചും ചെലവ് കുറച്ച് സർവ്വീസ് ഓപ്പറേഷൻ ക്രമീകരിക്കുകവഴിയും നോൺ ഓപ്പറേറ്റിംഗ് വരുമാനം കണ്ടെത്തിയും വരുമാന വർദ്ധന ഉറപ്പുവരുത്തിയതിലൂടെ കെ.എസ്.ആർ.ടി.സി.-യുടെ നില കോവിഡ് സാഹചര്യങ്ങളിൽനിന്നും വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പ്രതിസന്ധികൾ തരണം ചെയ്ത് പൊതുഗതാഗതം കുറ്റമറ്റതാക്കാൻ ഈ സർക്കാർ കാലയളവിൽ കെ.എസ്.ആർ.ടി.സി.-ക്ക് എത്ര രൂപയുടെ സഹായം ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ; കൂടാതെ നിലവിലുള്ള ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നതൊഴിവാക്കി യാത്രാക്ലേശം പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2021-22 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ ശമ്പളം, പെൻഷൻ, കൺസോർഷ്യം വായ്പ തിരിച്ചടവ് എന്നീ സുപ്രധാന ചെലവുകൾക്കായി 2037.51 കോടി രൂപ അനുവദിച്ച് നൽകിയിരുന്നു. ഇതിനുപുറമെ നാല് (4) പദ്ധതികളുടെ പൂർത്തീകരണത്തിനായി 87.21 കോടി രൂപ പദ്ധതി വിഹിതമായും അനുവദിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ, സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് വായ്പ ധനസഹായമായി 1000 കോടി രൂപയും പദ്ധതി വിഹിതമായി 106 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിൽ വായ്പ വിഹിതത്തിൽനിന്നും 530.14 കോടി രൂപ നാളിതുവരെ അനുവദിച്ച് നൽകിയിട്ടുണ്ട്.

ദീർഘദൂര സർവ്വീസുകൾ, പ്രധാന സർവ്വീസുകൾ, ഒറ്റപ്പെട്ട സർവ്വീസുകൾ എന്നിവയും റിസർവേഷൻ നൽകിയിട്ടുള്ള അന്തർസംസ്ഥാന സർവ്വീസുകളും പരമാവധി ഓപ്പറേറ്റ് ചെയ്യുന്ന രീതിയിൽ ക്രമീകരിച്ചിട്ടുണ്ട്. പ്രാധാന്യമേറിയതും കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനം ലഭിക്കുന്നതുമായ മിക്കവാറും എല്ലാ സർവ്വീസുകളും ഓപ്പറേറ്റ് ചെയ്തിട്ടുണ്ട്. ഒഴിവാക്കാനാകാത്ത ഏതെങ്കിലും കാരണത്താൽ സർവ്വീസുകൾ റദ്ദ് ചെയ്യേണ്ടിവരുന്ന സാഹചര്യത്തിൽ മറ്റ് സർവ്വീസുകളുമായി ക്ലബ്ബ് ചെയ്ത് യാത്രക്കാർക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിൽ ക്രമീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിലും കടുത്ത നഷ്ടം സഹിച്ചും ഒറ്റപ്പെട്ട സർവ്വീസുകളും സാമൂഹിക പ്രതിബദ്ധതയുടെ അടിസ്ഥാനത്തിൽ നടത്തുന്ന സർവ്വീസുകളും തുടരുകയും ചെയ്തിട്ടുണ്ട്. ബൾക്ക് കൺസ്യൂമർ ഗണത്തിൽ കെ.എസ്.ആർ.ടി.സി.-യും പെട്ടതിനാൽ പൊതുവിപണിയെക്കാൾ ഡീസൽ വില നൽകേണ്ട സാഹചര്യം വരികയും ചെയ്തതിനാൽ പൊതുവിപണിയിൽനിന്നും രൊക്കം പണം നൽകി ഡീസൽ നിറച്ച് ചെലവ് കുറയ്ക്കാൻ ശ്രമം നടത്തി ഒരു പരിധി വരെ വിജയിച്ചെങ്കിലും കടുത്ത സാമ്പത്തിക ബുദ്ധിമുട്ടിന്റെ പശ്ചാത്തലത്തിൽ കുടിശ്ശിക ഡീസൽ തുക നൽകാൻ കഴിയാത്തതിനാൽ ലോക്കൽ പമ്പുകൾ വിതരണം പലപ്പോഴും നിർത്തിയതിനാലും ഐ.ഒ.സി.-യിൽനിന്നും ഡീസൽ ലഭിക്കുന്നതിന് തടസ്സം വന്നതിനാലും ചില ദിവസങ്ങളിൽ അപൂർവ്വമായി സർവ്വീസുകൾ കൂടുതലായി ക്യാൻസൽ ചെയ്തിട്ടുണ്ട്.

**കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ**

245 (1800) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിന് ബലക്ഷയം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് പഠിക്കാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിലെ ബേസ്മെന്റ് ഫ്ലോറുകളിലെ സ്ലാബുകൾക്ക് വിള്ളലുകളുള്ളതായി ശ്രദ്ധയിൽപ്പെട്ടു. പ്രസ്തുത പ്രശ്നത്തെക്കുറിച്ച് പഠിക്കാൻ മദ്രാസ് ഐ.ഐ.ടി.-യെ 10-8-2018-ൽ ചുമതലപ്പെടുത്തി. ബസ് ടെർമിനൽ കോംപ്ലക്സിൽ ബലക്ഷയം ഉള്ളതായി ഐ.ഐ.ടി. മദ്രാസിന്റെ 5-10-2021-ലെ വിശദ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഐ.ഐ.ടി. മദ്രാസിന്റെ തിരുത്തൽ/ശക്തിപ്പെടുത്തലിന്റെ വിശദാംശവും അന്തിമ റിപ്പോർട്ടും ലഭ്യമാകുന്നമുറയ്ക്ക് ശക്തിപ്പെടുത്തൽ നടപടി ആരംഭിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി.യുടെ ഗ്രാമവണ്ടി പദ്ധതിയുടെ നടപടിക്രമങ്ങൾ**

246 (1801) ശ്രീ. കെ. വി. സുമേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഗ്രാമവണ്ടി പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഗ്രാമവണ്ടി അനുവദിക്കുന്നതിനായുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

(എ&ബി) സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പ് - കെ.എസ്.ആർ.ടി.സി.-യുടെ ഗ്രാമവണ്ടി സർവ്വീസിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ടുകളിൽ ഓടുന്ന ബസ്സുകൾക്ക് തനത് ഫണ്ട്/സംഭാവന ഉപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി സ.ഉ.(സാധാ) നമ്പർ 704/2022/LSGD, തീയതി 22-3-2022 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. നിർദ്ദിഷ്ട പദ്ധതി പ്രകാരമുള്ള സർവ്വീസിന്റെ പ്രത്യേകതകൾ താഴെ ചേർക്കുന്നു.

1. സർവ്വീസിന്റെ ഡീസൽ ചെലവ് പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കണം.
2. അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന റൂട്ടുകളിൽ നിർദ്ദേശിക്കുന്ന സമയക്രമത്തിൽ സർവ്വീസ് നടത്തുന്നതാണ്.
3. പ്രതിദിനം കുറഞ്ഞത് 150 കിലോമീറ്റർ എങ്കിലും ഓടിയിരിക്കണം.
4. ബസ്, പരിപാലനം, ജീവനക്കാർ, ശമ്പളം, ഇൻഷ്വറൻസ്, പെർമിറ്റ് തുടങ്ങി ഡീസൽ ഒഴികെ മറ്റെല്ലാ ചെലവുകളും കെ.എസ്.ആർ.ടി.സി. വഹിക്കും.
5. നിലവിൽ സർക്കാർ നിശ്ചയിച്ച ടിക്കറ്റ് നിരക്ക് മാത്രം ഈടാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ട്, സമയക്രമം എന്നിവ പാലിച്ചാണ് സർവ്വീസുകൾ നടത്തുക.
6. റൂട്ടുകളുടെ ഗതാഗതയോഗ്യതയ്ക്കനുസരിച്ച് 24 seater, 32 seater, സാധാരണ ബസ്സുകൾ എന്നിങ്ങനെ ആവശ്യമായ ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുക.

7. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന സ്ഥലത്തുനിന്നും സർവ്വീസ് നടത്തുക.

8. തുടക്കത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ ബസ്സുകൾ (34 മുതൽ 48 സീറ്റുകൾ) ഉപയോഗിച്ച് ഡിപ്പോയിൽ നിന്നുതന്നെ ആരംഭിക്കാൻ കഴിയുന്ന സർവ്വീസുകൾക്ക് മുൻഗണന നൽകും.

9. രണ്ടാം ഘട്ടത്തിൽ ഇത്തരത്തിൽ ഡിപ്പോയിൽ നിന്നല്ലാതെ ഗ്രാമപഞ്ചായത്തുകൾ ക്രമീകരിക്കുന്ന സ്റ്റേ സൗകര്യമുള്ള പ്രദേശങ്ങളിൽ നിന്നുകൂടി ആരംഭിക്കുന്ന സർവ്വീസുകൾ പരിഗണിക്കും.

10. മൂന്നാംഘട്ടത്തിൽ മിനി ബസ്സുകൾ (24 സീറ്റ്) ലഭ്യമാക്കി വീതി കുറഞ്ഞ റോഡുകളിൽക്കൂടി മേൽ പ്രതിപാദിച്ച തരത്തിൽതന്നെ ഗ്രാമവണ്ടി ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

11. ചുവപ്പ്, മഞ്ഞ നിറങ്ങൾ നൽകി എല്ലാ ഗ്രാമവണ്ടികൾക്കും ഒരേ ഡിസൈൻ നിശ്ചയിച്ചിട്ടുണ്ട്.

12. ഡീസൽ തുക സ്പോൺസർ ചെയ്യുന്നതാണെങ്കിൽ ആ സ്ഥാപനത്തിന്റെ/ വ്യക്തിയുടെ പേര്, വിശദാംശങ്ങൾ എന്നിവ നിശ്ചിത വലിപ്പത്തിൽ ബസ്സിൽ പ്രദർശിപ്പിക്കാൻ അനുവദിക്കും.

13. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെ.എസ്.ആർ.ടി.സി.-യുമായി മൂന്ന് വർഷത്തേയ്ക്ക് കരാറിൽ ഏർപ്പെടേണ്ടതും പിന്നീട് കരാർ പുതുക്കാവുന്നതുമാണ്.

14. കെ.എസ്.ആർ.ടി.സി. പമ്പിൽനിന്നും ഡീസൽ നൽകുന്നതിന് ബസ് ഒന്നിന് ഡീസൽ കരുതൽ നിക്ഷേപമായി മുൻകൂർ 1 ലക്ഷം രൂപ നൽകണം. പിന്നീട് ഓരോ മാസവും 20-ാം തീയതിക്കകം മുൻമാസത്തെ യഥാർത്ഥ ഡീസൽ ചെലവിന്റെ തുക കെ.എസ്.ആർ.ടി.സി.-യ്ക്ക് നൽകിയാൽ മതിയാകും.

15. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകൾക്ക് പുറത്തെ സ്ഥലങ്ങളിൽ നിന്നും ആരംഭിക്കുന്ന സർവ്വീസുകൾക്ക് ജീവനക്കാർക്കായുള്ള സ്റ്റേ റൂം, സുരക്ഷിതമായ പാർക്കിംഗ് സൗകര്യം എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനം ഏർപ്പെടുത്തേണ്ടതാണ്. ഒന്നോ അതിലധികമോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചേർന്നും ടി പദ്ധതി നടപ്പിലാക്കാവുന്നതാണ്.

16. അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബഹുമാനപ്പെട്ട MLA-മാർ മുഖാന്തരം നൽകുന്ന അപേക്ഷകൾക്ക് മുൻഗണന നൽകും.

17. ഗ്രാമവണ്ടി പദ്ധതിയുടെ നടത്തിപ്പ് പഞ്ചായത്ത് ട്രാൻസ്‌പോർട്ടേഷൻ മാനേജ്മെന്റ് കമ്മിറ്റി മുഖാന്തരമാണ് നടക്കുക. ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ/ ചെയർപേഴ്സൺ/മേയർ ചെയർമാനായും സെക്രട്ടറി കൺവീനറായും എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, കെ.എസ്.ആർ.ടി.സി.-യുടെ രണ്ട് പ്രതിനിധികൾ എന്നിവർ അംഗങ്ങളായിരിക്കും. ആവശ്യമെങ്കിൽ ഒരു സാങ്കേതിക വിദഗ്ദ്ധനെയും രണ്ടിൽ കൂടാത്ത പഞ്ചായത്ത് അംഗങ്ങളെയും അംഗങ്ങളാക്കാവുന്നതാണ്. സ്ഥലം എം.എൽ.എ./എം.എൽ.എ.-മാർ, ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ ഉപദേശകരായും പ്രവർത്തിക്കും.

18. പദ്ധതിക്ക് തദ്ദേശസ്വയംഭരണ വകുപ്പ് കോ-ഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച ഉത്തരവ് ഉടൻ പുറത്തിറക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

നിലവിൽ തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ പഞ്ചായത്ത്, തൃശ്ശൂർ ജില്ലയിലെ എളവള്ളി പഞ്ചായത്ത്, മലപ്പുറം ജില്ലയിലെ എടവണ്ണ പഞ്ചായത്ത്, കായംകുളം പത്തിയൂർ പഞ്ചായത്ത്, കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പഞ്ചായത്ത് എന്നീ 5 പഞ്ചായത്തുകൾ അഡ്വാൻസ് തുക അടയ്ക്കുകയും അതിൽ തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ തൃശ്ശൂർ ജില്ലയിലെ എളവള്ളി എന്നീ 2 പഞ്ചായത്തുകളിൽ ടി പദ്ധതി ആരംഭിക്കുകയും ചെയ്തു.

### കെ.എസ്.ആർ.ടി.സി.-യിൽ പരിഷ്കരണ നടപടികൾ

247 (1802) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-യെ ജനകീയവും പരിസ്ഥിതി സൗഹൃദവുമാക്കാൻ വേണ്ടി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യെ ജനകീയവും പരിസ്ഥിതി സൗഹൃദവുമാക്കാൻ നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം നഗരത്തിലെ സമഗ്രമായ നഗര ഗതാഗതത്തിന് നഗരപരിധിയിൽ വിവിധ പ്രദേശങ്ങളെയും സ്ഥാപനങ്ങളെയും ബന്ധിപ്പിച്ച് നഗരത്തിലേയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന പൊതുജനങ്ങൾക്കും

നഗരത്തിലെ വിവിധ ഭാഗങ്ങളിൽ സഞ്ചരിക്കേണ്ട യാത്രക്കാർക്കും പ്രയോജനകരമായ രീതിയിൽ സിറ്റി സർക്കുലർ (ഹോപ്പ് ഓൺ ഹോപ്പ് ഓഫ്) ബസ്സുകളിൽ സ്വന്തം വാഹനം ഉപയോഗിച്ചിരുന്നവരടക്കം 30629 വരെ യാത്രക്കാർ ഉപയോഗിക്കുന്നത് അന്തരീക്ഷ മലിനീകരണവും ട്രാഫിക് കുരുക്കും കുറയ്ക്കാൻ സഹായകരമായിട്ടുണ്ട്. ഈ സർവ്വീസുകൾ കൂടുതൽ പ്രയോജനപ്രദമായ രീതിയിൽ ക്രമീകരിക്കും.

പ്രസ്തുത സർവ്വീസുകൾക്ക് പുതുതായി നിരത്തിലിറക്കിയ 25 എണ്ണം കൂടാതെ 25 കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ഇലക്ട്രിക് ബസ്സുകൾകൂടി ഉപയോഗിക്കുന്നതിനാൽ (ആകെ 50 എണ്ണം) അന്തരീക്ഷ മലിനീകരണം വലിയതോതിൽ കുറയ്ക്കുന്നതിന് സാധിക്കും.

സിറ്റി സർക്കുലറിന് അനുപൂരകമായി തിരുവനന്തപുരം നഗരത്തിലെ പൊതുഗതാഗത സംവിധാനം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച നൂതന ബസ് സർവ്വീസ് ആണ് "സിറ്റി ഷട്ടിൽ". തിരുവനന്തപുരം ജില്ല കേന്ദ്രീകരിച്ച് നടത്തിയ ശാസ്ത്രീയ പഠനത്തിന്റെ വെളിച്ചത്തിൽ തിരുവനന്തപുരം നഗരവുമായി ബന്ധപ്പെട്ട് വിവിധ തൊഴിലുകളിൽ ഏർപ്പെടുന്നതും വിവിധ ആവശ്യങ്ങൾക്കായി അവരുടെ ലക്ഷ്യസ്ഥാനത്ത് നേരിട്ടെത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സർവ്വീസ് വർദ്ധിച്ച ജനസമ്മിതിയും ഉയർന്ന വരുമാനവും ലഭ്യമാക്കി വരുന്നത് യാത്രക്കാരുടെ എണ്ണത്തിലുണ്ടായ വർദ്ധന സൂചിപ്പിക്കുന്നു.

ഇതുകൂടാതെ ആരംഭിച്ച "സിറ്റി റേഡിയൽ" സർവ്വീസ് യാത്രക്കാർക്ക് നേരിട്ട് നഗരത്തിനുവെളിയിലെ രണ്ട് കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങിക്കയറാതെ യാത്ര ചെയ്യുന്നതിന് ലക്ഷ്യമിട്ടുള്ളതാണ്. ഈ സർവ്വീസിനും വൻജനസമ്മിതിയോടെ വർദ്ധിച്ച യാത്രക്കാർ ലഭ്യമായിട്ടുണ്ട്.

ദീർഘദൂര യാത്രകൾക്കായി ബൈപ്പാസ് റൈഡറുകൾ ഉപയോഗപ്പെടുത്തുന്ന യാത്രക്കാർക്ക് സാധാരണ മറ്റ് റോഡുകളിലൂടെയുള്ള യാത്രാസമയത്തെക്കാൾ സമയം ലാഭിക്കാമെന്നുള്ളത് ഈ സർവ്വീസിന്റെ പ്രത്യേകതയാണ്. കുറഞ്ഞത് ഓരോ മണിക്കൂർ ഇടവേളകളിൽ ടി സർവ്വീസിന്റെ സേവനം നാഷണൽ ഹൈവേ വഴിയും എം.സി. റോഡ് വഴിയും പൂർണ്ണമാക്കുന്നതിനുള്ള പദ്ധതികൾ അന്തിമഘട്ടത്തിലാണ്. ഇത് പൂർത്തിയാക്കും. നിലവിൽ ആരംഭിച്ച കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് സൂപ്പർ ക്ലാസ് ബസ്സുകൾ ഇത്തരത്തിൽ ഓപ്പറേറ്റ് ചെയ്യുകയും വരുമാനവും സ്വീകാര്യതയും വർദ്ധിച്ചിട്ടുമുണ്ട്.

സാധാരണ ജനതയുടെ യാത്രാ സ്വപ്നങ്ങൾ കുറഞ്ഞ ചെലവിൽ സാക്ഷാത്കരിക്കുന്നതിനായി ആരംഭിച്ച മറ്റൊരു നൂതന പദ്ധതിയാണ് "ബഡ്ജറ്റ് ടൂറിസം". ഇതിലൂടെ വലിയ വരുമാന വർദ്ധനയും വൻ ജനസമ്മിതിയും

ഉണ്ടായിട്ടുണ്ട്. ഇത് വ്യാപിപ്പിക്കും. പാവപ്പെട്ട സാധാരണക്കാരായ മത്സ്യത്തൊഴിലാളികൾക്കായി ആരംഭിച്ച മൂന്ന് സമുദ്ര സർവ്വീസുകൾ സർക്കാർ സഹായത്തോടുകൂടി സൗജന്യമായി നടത്തിവരുന്നു. ഇതിന് വൻജനപ്രീതിയാണുള്ളത്. ഇതിൽ മത്സ്യത്തൊഴിലാളി സ്ത്രീകൾ മത്സ്യ വിപണനത്തിനായി ഏതാണ്ട് ഇരുപതിനായിരത്തിലധികം യാത്രകൾ ചെയ്തിട്ടുള്ളതായി കാണുന്നുണ്ട്. ഇത് ഫിഷറീസ് വകുപ്പുമായി ചേർന്ന് തുടരും.

മറ്റ് യാത്രാ സൗകര്യമില്ലാതെ പാർശ്വവൽക്കരിക്കപ്പെട്ട വലിയൊരു വിഭാഗം ഗ്രാമങ്ങളിൽ താമസിക്കുന്നുണ്ട്. ഇവർക്കായി ഉൾനാടൻ ഗ്രാമപ്രദേശങ്ങളിലേയ്ക്ക് സർവ്വീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.-യും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഡീസൽ ചെലവ് പങ്കുവച്ച് സഹകരിച്ച് നൂതന സംരംഭമായ ഗ്രാമവണ്ടി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ പഞ്ചായത്തിൽ 29-7-2022-ൽ നടക്കുകയുണ്ടായി. അതുകൂടാതെ തൃശ്ശൂർ ജില്ലയിലെ എളവള്ളി പഞ്ചായത്തിലും 19-8-2022-ന് ജില്ലാതല ഉദ്ഘാടനം നടത്തുകയുണ്ടായി. കൂടാതെ മലപ്പുറം ജില്ലയിലെ എടവണ്ണ പഞ്ചായത്ത്, കായംകുളം പത്തിയൂർ പഞ്ചായത്ത്, കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പഞ്ചായത്തും അടക്കം ധാരാളം പഞ്ചായത്തുകൾ പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം കുറച്ച് ഒറ്റപ്പെട്ട എല്ലാ മേഖലയിലേയ്ക്കും ബസ് സർവ്വീസ് എത്തിക്കുന്നതിന് സഹായകരമാകുന്ന വിപ്ലവകരമായ മാറ്റം ഗതാഗത മേഖലയിലുണ്ടാക്കും. ഇങ്ങനെ വികസനവും ജനക്ഷേമവും മുൻനിർത്തുന്നതിൽ വലിയ പങ്കാണ് കടുത്ത സാമ്പത്തിക ബുദ്ധിമുട്ടിലും കെ.എസ്.ആർ.ടി.സി. നിർവ്വഹിച്ചുവരുന്നത്.

KIIFB ധനസഹായത്താൽ വൈദ്യുതി ഉപയോഗിച്ച് ഓടിക്കാൻ കഴിയുന്ന വൈദ്യുതവാഹനം 50 എണ്ണം വാങ്ങുന്നതിന് M/s. PMI Electro Mobility Solution Pvt. Ltd.-ന് വിതരണ ഉത്തരവ് നൽകിയതുപ്രകാരം ആദ്യഘട്ടത്തിൽ വിതരണം ചെയ്ത 25 ബസ്സുകൾ 1-8-2022 മുതൽ തിരുവനന്തപുരം സിറ്റിയിൽ സർവ്വീസ് നടത്തിവരുന്നു.

കിഫ്ബി ധനസഹായത്താൽ 310 സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടിയുടെ ഭാഗമായി വാഹനത്തിന്റെ prototype evaluation അന്തിമഘട്ടത്തിലാണ്. ഇതുകൂടാതെ 700 സി.എൻ.ജി. ബസ് വാങ്ങുന്നതിന് കിഫ്ബിയിൽനിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. CNG ഇന്ധനത്തിന്റെ അപ്രതീക്ഷിതമായുണ്ടായ വില വർദ്ധനനിമിത്തം CNG ഇന്ധനം ഉപയോഗിച്ച് ബസ് ഓപ്പറേറ്റ് ചെയ്യുന്നത് ലാഭകരമല്ലാത്ത സ്ഥിതി സംജാതമാകുമെന്നതിനാൽ 1010

(310+700) എണ്ണം CNG ബസ്സുകൾ വാങ്ങുന്നതിന് KIIFB അനുവദിച്ച ലോൺ തുക ഉപയോഗിച്ച് പ്രവർത്തനച്ചെലവ് കുറഞ്ഞ ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനെ സംബന്ധിച്ച് കിഫ്ബിയുമായി ചർച്ചകൾ നടന്നുവരുന്നു.

കെ.എസ്.ആർ.ടി.സി. ബസ്സുകൾ പരിസ്ഥിതി സൗഹൃദമാക്കാൻ കൂടുതൽ ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേക്ക് പരിവർത്തനം ചെയ്യുന്നതിന് മുന്നോടിയായി പരീക്ഷണാർത്ഥം 5 ബസ്സുകൾ സി.എൻ.ജി.-യിലേക്ക് പരിവർത്തനം ചെയ്യുന്നതിന് ദർഘാസ് ക്ഷണിച്ചു. അതിൻപ്രകാരം വർക്ക് ഓർഡർ നൽകി ഒരു ഡീസൽ ബസ് സി.എൻ.ജി.-യിലേക്ക് പരിവർത്തനം നടത്തി 9-6-2022 മുതൽ ആലുവ യൂണിറ്റിൽ സർവ്വീസ് നടത്തിവരുന്നു. കൂടാതെ പരീക്ഷണാർത്ഥം 4 ബസ്സുകൾകൂടി പരിവർത്തനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തി പുരോഗമിച്ചുവരുന്നു.

GPRS, Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ.

Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്ക വിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകളുടെ വിതരണം പുരോഗമിച്ചുവരികയാണ്. ഇത് പൂർണ്ണമായി നടപ്പിലാക്കിക്കഴിയുന്നതിലൂടെ ചുവടെ പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നതാണ്.

- ടിക്കറ്റ് കളക്ഷൻ സംബന്ധിച്ച എല്ലാ വിവരങ്ങളും അപ്പോൾതന്നെ ഓൺലൈനായി നിരീക്ഷിക്കാൻ സാധിക്കും. ഇതിൽനിന്നും യാത്രക്കാരുടെ എണ്ണം, വരുമാനം തുടങ്ങിയ വിവരങ്ങൾ മനസ്സിലാക്കാൻ സാധിക്കുന്നു.
- നിലവിൽ പ്രീ-പെയ്ഡ് സ്മാർട്ട് കാർഡ് ഉപയോഗിച്ച് സിറ്റി സർക്കുലർ സർവ്വീസുകളിൽ പണരഹിതമായി യാത്ര ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ടി സംവിധാനം ഘട്ടംഘട്ടമായി എല്ലാ സർവ്വീസുകളിലും നടപ്പിലാക്കുന്നതാണ്. കൂടാതെ വിവിധതരം പാസ്സുകളെ സ്മാർട്ട് കാർഡ് സംവിധാനത്തിലേയ്ക്ക് മാറ്റാനും കഴിയുന്നതാണ്.
- ഓരോ ട്രിപ്പുകളുടെയും കളക്ഷൻ വിവരങ്ങളും ഓരോ ബസ്സിന്റെയും വരുമാനം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാൻ സാധിക്കും. ആയത് വഴി ടി ട്രിപ്പ് ലാഭകരമാണോയെന്ന് വിശകലനം ചെയ്യാനും സാധിക്കും.

ഓൺലൈൻ റിസർവേഷൻ സംവിധാനം

- കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിനും പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്.

- മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി "എന്റെ കെ.എസ്.ആർ.ടി.സി." എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ടി ആപ്പ് ഉപയോഗിച്ചും യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്.

- ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് നേരിട്ട് ബസ് ലഭ്യമല്ലെങ്കിൽ, 'Link Ticket' എന്ന സംവിധാനത്തിലൂടെ യാത്രക്കാർക്ക് രണ്ട് ബസ്സുകളിലെയും ടിക്കറ്റ് ടി ആപ്പ് മുഖേന ബുക്ക് ചെയ്യാൻ സാധിക്കും.

- കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനായി ഓൺലൈൻ റിസർവേഷൻ ബുക്കിംഗ് ചാർജ്ജ് 30 രൂപയിൽനിന്നും 10 രൂപയായി കുറച്ചിട്ടുണ്ട്.

- കൂടാതെ 'Group Ticket' Option മുഖേന നാലോ അതിലധികമോ യാത്രക്കാർ ഒരുമിച്ച് ബുക്ക് ചെയ്യുമ്പോൾ ഒരു ടിക്കറ്റിന്റെ ബുക്കിംഗ് ചാർജ്ജായ 10 രൂപ മാത്രം നൽകിയാൽ മതിയാകും.

- Round Ticket ബുക്ക് ചെയ്യുമ്പോൾ റിട്ടേൺ ടിക്കറ്റ് തുകയുടെ 10% ഇളവ് ലഭിക്കുന്നതാണ്.

- പുതുക്കിയ Cancellation Policy പ്രകാരം 72 മണിക്കൂറിനുമുമ്പ് ടിക്കറ്റ് ക്യാൻസൽ ചെയ്യുമ്പോൾ മുഴുവൻ തുകയും യാത്രക്കാർക്ക് തിരികെ നൽകുന്നതാണ്.

- ടി ആപ്പിൽ കൂടുതൽ Payment Option-ൾ (UPI, Credit / Debit card, Net banking) ഏർപ്പെടുത്തിയിട്ടുണ്ട്.

നിലവിൽ എണ്ണൂറിൽപ്പരം സർവ്വീസുകൾക്ക് ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യിലെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കൽ

248 (1803) ശ്രീ. കെ. പി. എ. മജീദ്:

ശ്രീ. പി. ഉബൈദുള്ള:

ശ്രീ. കുറുക്കോളി മൊയ്തീൻ:

ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം നൂതന നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവ്വീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസ്സിലെ പരസ്യം, മൊബൈൽ ടവർ, Public Information system മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനസ്രോതസ്സുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും ബസ്സുകളിൽ പരസ്യം പതിപ്പിക്കൽ, ബസ്സുകൾ വാടകയ്ക്ക് നൽകൽ തുടങ്ങിയ പ്രവൃത്തികൾ കാര്യക്ഷമമായി നിർവ്വഹിച്ച് ടിക്കറ്റിതര വരുമാനം ഉയർത്തുന്നതിലുപരിയായി യൂണിറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ ചെറുകിട കച്ചവടങ്ങൾക്കായി പ്രതിമാസവാടക അടിസ്ഥാനത്തിൽ അനുവദിച്ചും Hoardings, LED display എന്നിവ പ്രദർശിപ്പിക്കുന്നതിന് വിവിധ ഏജൻസികൾക്ക് വാടക അടിസ്ഥാനത്തിൽ അനുവദിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ എത്ര ശതമാനം പ്രസ്തുത മാർഗ്ഗത്തിലൂടെ ലഭിക്കുമെന്നാണ് കരുതുന്നത്?

2022 ജൂലൈ മാസത്തെ ആകെ വരുമാനത്തിന്റെ ഏകദേശം 7 ശതമാനത്തോളം ടിക്കറ്റിതര വരുമാനമായി ലഭ്യമായിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികളുടെ വാടക യഥാസമയം പുതുക്കി നിശ്ചയിക്കാറുണ്ടോ; ഇല്ലെങ്കിൽ ആയതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികളുടെ വാടക യഥാസമയം പുതുക്കി നിശ്ചയിക്കാറുണ്ട്.

## കെ.എസ്.ആർ.ടി.സി.-യെ സ്വയംപര്യാപ്തതയിലെത്തിക്കാൻ നടപടി

249 (1804) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ സ്വയംപര്യാപ്തതയിലെത്തിക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യെ സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

പൊതുജനോപകാരപ്രദവും വിശ്വസനീയവും കുറഞ്ഞ ചെലവിലുമുള്ള പൊതുഗതാഗതം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് പ്രതിജ്ഞാബദ്ധമാണ്. ഈ ലക്ഷ്യം നിറവേറ്റുന്നതിന് കൂടുതൽ കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിനായി കെ.എസ്.ആർ.ടി.സി. വിവിധതരം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

കൂടാതെ മലിനീകരണ നിയന്ത്രണവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്നുണ്ട്.

പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടുപ്രകാരം സിംഗിൾ ഡ്യൂട്ടി നടപ്പിലാക്കുന്നതോടെ കെ.എസ്.ആർ.ടി.സി.-യുടെ ഓടാതെ കിടക്കുന്ന ബസ്സുകൾ ഓപ്പറേറ്റ് ചെയ്ത് അധിക വരുമാനവും യാത്രാ സൗകര്യവും പ്രദാനം ചെയ്യും.

തിരുവനന്തപുരം നഗരത്തിലെ സമഗ്രമായ നഗരഗതാഗതത്തിന് നഗരപരിധിയിൽ വിവിധ പ്രദേശങ്ങളെയും സ്ഥാപനങ്ങളെയും ബന്ധിപ്പിച്ച് നഗരത്തിലേയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന പൊതുജനങ്ങൾക്കും നഗരത്തിലെ വിവിധ ഭാഗങ്ങളിൽ സഞ്ചരിക്കേണ്ട യാത്രക്കാർക്കും പ്രയോജനകരമായ രീതിയിൽ സിറ്റി സർക്കുലർ (ഹോപ്പ് ഓൺ ഹോപ്പ് ഓഫ്) കൂടുതൽ പ്രയോജനപ്രദമായ രീതിയിൽ ക്രമീകരിക്കും.

പ്രസ്തുത സർവ്വീസുകൾക്ക് പുതുതായി നിരത്തിലിറക്കിയ 25 എണ്ണം കൂടാതെ 25 കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ഇലക്ട്രിക് ബസ്സുകൾകൂടി ഉപയോഗിക്കുന്നതിനാൽ (ആകെ 50 എണ്ണം) അന്തരീക്ഷ മലിനീകരണം വലിയ തോതിൽ കുറയ്ക്കുമെന്നുള്ളതും ഡീസലിന് പ്രതി കിലോമീറ്ററിന് ഏതാണ്ട് 32 രൂപ

ചെലവാകുന്ന സ്ഥാനത്ത് ശരാശരി 6 രൂപയാണ് പ്രതി കിലോമീറ്ററിന് ഇന്ധന ചെലവിനായി ഇപ്പോൾ ആകുന്നത്. ഇങ്ങനെ ഇന്ധനയിനത്തിൽ ഏതാണ്ട് 26 രൂപ കുറവ് വരുമ്പോൾ പ്രവർത്തന ചെലവ് കുറയുന്നത് കെ.എസ്.ആർ.ടി.സി.-യ്ക്ക് കൂടുതൽ ആശ്വാസമേകുന്നതാണ്.

ദീർഘദൂര യാത്രകൾക്കായി ബൈപ്പാസ് റൈഡറുകൾ ഉപയോഗപ്പെടുത്തുന്ന യാത്രക്കാർക്ക് സാധാരണ മറ്റ് റോഡുകളിലൂടെയുള്ള യാത്രാസമയത്തെക്കാൾ സമയം ലാഭിക്കാമെന്നുള്ളത് ഈ സർവ്വീസിന്റെ പ്രത്യേകതയാണ്. കുറഞ്ഞത് ഓരോ മണിക്കൂർ ഇടവേളകളിൽ ടി സർവ്വീസിന്റെ സേവനം നാഷണൽ ഹൈവേ വഴിയും എം.സി. റോഡ് വഴിയും പൂർണ്ണമാക്കുന്നതിനുള്ള പദ്ധതികൾ അന്തിമ ഘട്ടത്തിലാണ്. ഇത് പൂർത്തിയാക്കും. നിലവിൽ ആരംഭിച്ച കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് സൂപ്പർ ക്ലാസ് ബസ്സുകൾ ഇത്തരത്തിൽ ഓപ്പറേറ്റ് ചെയ്യുകയും വരുമാനവും സ്വീകാര്യതയും വർദ്ധിച്ചിട്ടുമുണ്ട്.

സാധാരണ ജനതയുടെ യാത്രാസ്വപ്നങ്ങൾ കുറഞ്ഞ ചെലവിൽ സാക്ഷാൽക്കരിക്കുന്നതിനായി ആരംഭിച്ച മറ്റൊരു നൂതന പദ്ധതിയാണ് "ബഡ്ജറ്റ് ടൂറിസം". ഇതിലൂടെ വലിയ വരുമാന വർദ്ധനയും വൻജനസമ്മിതിയും ഉണ്ടായിട്ടുണ്ട്. ഇത് വ്യാപിപ്പിക്കും. പാവപ്പെട്ട സാധാരണക്കാരായ മത്സ്യ തൊഴിലാളികൾക്കായി ആരംഭിച്ച മൂന്ന് സമുദ്ര സർവ്വീസുകൾ സർക്കാർ സഹായത്തോടുകൂടി സൗജന്യമായി നടത്തിവരുന്നു. ഇതിന് വൻജന പ്രീതിയാണുള്ളത്. ഇതിൽ മത്സ്യത്തൊഴിലാളി സ്ത്രീകൾ മത്സ്യ വിപണനത്തിനായി ഏതാണ്ട് ഇരുപതിനായിരത്തിലധികം യാത്രകൾ ചെയ്തിട്ടുള്ളതായി കാണുന്നുണ്ട്. ഇത് ഫിഷറീസ് വകുപ്പുമായി ചേർന്ന് തുടരും.

മറ്റ് യാത്രാസൗകര്യം ഇല്ലാതെ പാർശ്വവൽക്കരിക്കപ്പെട്ട വലിയ ഒരു വിഭാഗം ഗ്രാമങ്ങളിൽ താമസിക്കുന്നുണ്ട്. ഇവർക്കായി ഉൾനാടൻ ഗ്രാമപ്രദേശങ്ങളിലേയ്ക്ക് സർവ്വീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.-യും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഡീസൽ ചെലവ് പങ്കുവച്ച് സഹകരിച്ച് നൂതന സംരംഭമായ ഗ്രാമവണ്ടി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ പഞ്ചായത്തിൽ 29-7-2022-ൽ നടക്കുകയുണ്ടായി. അതുകൂടാതെ തൃശ്ശൂർ ജില്ലയിലെ എളവള്ളി പഞ്ചായത്തിലും 19-8-2022-ന് ജില്ലാതല ഉദ്ഘാടനം നടത്തുകയുണ്ടായി. കൂടാതെ മലപ്പുറം ജില്ലയിലെ എടവണ്ണ പഞ്ചായത്ത്, കായംകുളം പത്തിയൂർ പഞ്ചായത്ത്, കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പഞ്ചായത്തുമടക്കം ധാരാളം പഞ്ചായത്തുകൾ പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം കുറച്ച് ഒറ്റപ്പെട്ട എല്ലാ മേഖലയിലേയ്ക്കും ബസ് സർവ്വീസ് എത്തിക്കുന്നതിന് സഹായകരമാകുന്ന വിപ്ലവകരമായ മാറ്റം ഗതാഗത മേഖലയിലുണ്ടാക്കും.

ഇങ്ങനെ വികസനവും ജനക്ഷേമവും മുൻനിർത്തുന്നതിൽ വലിയ പങ്കാണ് കടുത്ത സാമ്പത്തിക ബുദ്ധിമുട്ടിലും കെ.എസ്.ആർ.ടി.സി. നിർവ്വഹിച്ചുവരുന്നത്.

മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി സമയം ക്രമീകരിച്ച് മെയിന്റനൻസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ത്രീ ടയർ മെയിന്റനൻസ് സംവിധാനം നടപ്പിൽവരുത്തി ബസ്സുകളുടെ മെയിന്റനൻസ് സമയബന്ധിതമായി പൂർത്തീകരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

19 ഓപ്പറേറ്റിംഗ് സെന്ററുകളിലെ മെക്കാനിക്കൽ ജീവനക്കാരെ മാതൃയൂണിറ്റിലേക്ക് മാറ്റി ആവശ്യാർത്ഥം മാത്രം ജീവനക്കാരെ നിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഫ്യൂവൽ ഡിവിഷൻ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

റിപ്പയർ ഷെഡ്യൂളിന്റെ അടിസ്ഥാനത്തിൽ ഫ്ലോട്ട് യൂണിറ്റുകൾ ലഭ്യമാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

മെക്കാനിക്കൽ ജീവനക്കാർക്ക് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് വാഹന നിർമ്മാതാക്കൾ മുഖാന്തരം ട്രെയിനിംഗ് നൽകിവരുന്നു.

ഫ്ലീറ്റ് ആൻഡ് മെയിന്റനൻസ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ നടപ്പിൽ വരുത്തുന്നതിന്റെ പ്രവർത്തനം പുരോഗതിയിലാണ്.

വർക്ക്ഷോപ്പുകൾ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ജില്ല/സബ് ജില്ല വർക്ക്ഷോപ്പുകളുടെ ആധുനികവത്കരണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

<u>GPRS, Bluetooth, RFID സംവിധാനമുള്ള ETM</u>

Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്ക വിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകളുടെ വിതരണം പുരോഗമിച്ചുവരികയാണ്. ഇത് പൂർണ്ണമായി നടപ്പിലാക്കിക്കഴിയുന്നതിലൂടെ ചുവടെ പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നതാണ്.

ടിക്കറ്റ് കളക്ഷൻ സംബന്ധിച്ച എല്ലാ വിവരങ്ങളും അപ്പോൾതന്നെ ഓൺലൈനായി നിരീക്ഷിക്കാൻ സാധിക്കും. ഇതിൽനിന്നും യാത്രക്കാരുടെ എണ്ണം, വരുമാനം തുടങ്ങിയ വിവരങ്ങൾ മനസ്സിലാക്കാൻ സാധിക്കുന്നു.

നിലവിൽ പ്രീ-പെയ്ഡ് സ്മാർട്ട് കാർഡ് ഉപയോഗിച്ച് സിറ്റി സർക്കുലർ സർവ്വീസുകളിൽ പണരഹിതമായി യാത്ര ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ടി സംവിധാനം ഘട്ടംഘട്ടമായി എല്ലാ സർവീസുകളിലും നടപ്പിലാക്കുന്നതാണ്. കൂടാതെ വിവിധതരം പാസ്സുകളെ സ്മാർട്ട് കാർഡ് സംവിധാനത്തിലേയ്ക്ക് മാറ്റാനും കഴിയുന്നതാണ്.

ഓരോ ട്രിപ്പുകളുടെയും കളക്ഷൻ വിവരങ്ങളും ഓരോ ബസ്സിന്റെയും വരുമാനം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാൻ സാധിക്കും. ആയത് വഴി ടി ട്രിപ്പ് ലാഭകരമാണോയെന്ന് വിശകലനം ചെയ്യാനും സാധിക്കും.

കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ട്രാക്കിംഗ് ആൻഡ് മോണിറ്ററിംഗ് സിസ്റ്റം

പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ 1600-ൽപ്പരം ബസ്സുകളിൽ VLTD സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത സംവിധാനത്തിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങൾ ഉപയോഗിച്ച് യാത്രക്കാർക്ക് ഷെഡ്യൂളുകളുടെയും സർവ്വീസുകളുടെയും യഥാർത്ഥ സമയക്രമം ലഭ്യമാകുന്നതാണ്.

ടി പദ്ധതി പൂർണ്ണമായി നടപ്പിലാക്കിക്കഴിയുന്നതിലൂടെ താഴെ പറയുന്ന പ്രയോജനങ്ങൾ യാത്രക്കാർക്ക് ലഭ്യമാകുന്നതാണ്.

പൊതുജനങ്ങൾക്കും യാത്രക്കാർക്കും മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടെയും സർവ്വീസുകളുടെയും യഥാർത്ഥ സമയക്രമം ഓൺലൈനായി ലഭ്യമാകും.

വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റത്തിലൂടെ യാത്രക്കാർക്ക് ബസ്സുകളുടെ ലൊക്കേഷൻ ലൈവ് ആയിത്തന്നെ ലഭ്യമാകും.

ബസ് Utilization, Mileage, Service സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം ചെയ്യാൻ സാധിക്കും.

ഇ-ഓഫീസ്

ഓഫീസ് പ്രവർത്തനങ്ങൾ സുഗമവും വേഗതയേറിയതും കാര്യക്ഷമവുമാക്കുന്നതിനായി ഇ-ഓഫീസ് സംവിധാനം കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ/NIC എന്നിവയുമായി ചേർന്ന് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ആദ്യഘട്ടമെന്ന നിലയിൽ കെ.എസ്.ആർ.ടി.സി.-യുടെ ചീഫ് ഓഫീസിലും മൂന്ന് സോണൽ ഓഫീസുകളിലും ടി സംവിധാനം നടപ്പിലാക്കുന്നതാണ്.

<u>KSRTC-യുടെ യാത്രാ പാസ്സ്, സ്റ്റുഡന്റ് കൺസഷൻ സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നത്.</u>

KSRTC അംഗ വൈകല്യമുള്ളവർ, കാഴ്ചശക്തി ഇല്ലാത്തവർ, മാധ്യമപ്രവർത്തകർ തുടങ്ങി പൊതുജനങ്ങൾക്ക് നൽകിവരുന്ന വിവിധതരം യാത്രാ പാസ്സുകൾ, വിദ്യാർത്ഥികൾക്കുള്ള കൺസഷൻ എന്നീ സേവനങ്ങൾ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ/NIC എന്നിവയുമായി ചേർന്ന് "സർവ്വീസ് പ്ലസ്" എന്ന ആപ്ലിക്കേഷനിലൂടെ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ടി പദ്ധതി നടപ്പിലാകുന്നതിലൂടെ പൊതുജനങ്ങൾക്ക് ഓഫീസുകളിൽ സന്ദർശിക്കാതെതന്നെ എവിടെ ഇരുന്നും അപേക്ഷകൾ സമർപ്പിക്കാനും അപേക്ഷകളുടെ പുരോഗതി ട്രാക്ക് ചെയ്യാനുമുള്ള സൗകര്യങ്ങൾ ലഭ്യമാകും. കൂടാതെ ടി അപേക്ഷകളിന്മേൽ KSRTC ജീവനക്കാർക്ക് ഓൺലൈനായിത്തന്നെ നടപടികൾ സ്വീകരിക്കാനും സാധിക്കും.

കെ.എസ്.ആർ.ടി.സി.-യെ സ്വയംപര്യാപ്തമാക്കുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളിലൊന്നാണ് കൊമേഴ്സ്യൽ വിഭാഗം രൂപീകരിച്ചിട്ടുള്ളത്. കെ.എസ്.ആർ.ടി.സി. ബസുകളിലെ പരസ്യം, ബസ് സ്റ്റേഷനുകളിലെ പരസ്യം, ബസ്സുകൾ വാടകയ്ക്ക് നൽകൽ, കേരളത്തിലെ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളുടെ ആവശ്യത്തിനായി ബസ്സുകൾ അനുവദിച്ചുനൽകൽ കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ അധീനതിയിലുള്ള ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ, കെട്ടിടങ്ങൾ, കടമുറികൾ എന്നിവ ആവശ്യക്കാർക്ക് ടെണ്ടർ ചെയ്ത് നൽകുന്ന നടപടികൾ ചെയ്തുവരുന്നു.

കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി Prof. Susheel Khanna-യുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ മാനേജ്മെന്റ്, പ്രവർത്തനരീതി എന്നിവ പുനഃക്രമീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>മാനേജ്മെന്റ് പ്രൊഫഷണലിസം</u>

കെ.എസ്.ആർ.ടി.സി.-യിലെ വിവിധ വിഭാഗങ്ങളിലേയ്ക്ക് അതത് മേഖലകളിൽ യോഗ്യതയും പരിചയവുമുള്ള ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുന്നതിനായി ഓരോ വിഭാഗങ്ങളിലും വൈദഗ്ദ്ധ്യമുള്ളവരെ മതിയായ നിയമന നടപടിക്രമങ്ങൾ പാലിച്ച് കരാറടിസ്ഥാനത്തിൽ നിയമിക്കുകവഴി മാനേജ്മെന്റ് ശാക്തികരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കോർപ്പറേഷനിലെ ടോപ്ലെവൽ മാനേജ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി General Manager (F&A), General Manager (Tech.), Dy. General Manager (F&A), Dy. General Manager (Operations), Dy. General Manager (Tech.), Chartered/Cost Accountant എന്നീ തസ്തികകൾ താൽക്കാലികമായി സർക്കാർ സൃഷ്ടിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെയും കോർപ്പറേഷനെ കൊമേർഷ്യലൈസ് ചെയ്യുന്നതിന്റെയും ഭാഗമായി പ്രാവീണ്യം തെളിയിക്കുന്നവരെ ഓപ്പൺ മാർക്കറ്റിൽനിന്നും കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശം കോർപ്പറേഷനെ മൂന്ന് (3) സ്വയം പര്യാപ്തമായ ലാഭകേന്ദ്രങ്ങളാക്കി മാറ്റുകയെന്നതാണ്. ആയതിൻപ്രകാരം കെ.എസ്.ആർ.ടി.സി.-യെ ചുവടെ ചേർത്തിരിക്കുന്ന തരത്തിൽ മൂന്ന് മേഖലകളാക്കി രൂപീകരിച്ചു.

| പേര് | റവന്യൂ ജില്ല | ആസ്ഥാനം |
|---|---|---|
| സൗത്ത് സോൺ | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട | സെൻട്രൽ വർക്സ്, പാപ്പനംകോട് |
| സെൻട്രൽ സോൺ | ആലപ്പുഴ, കോട്ടയം, എറണാകുളം. ഇടുക്കി, തൃശ്ശൂർ | എറണാകുളം ബോട്ട് ജെട്ടി |
| നോർത്ത് സോൺ | മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് | കോഴിക്കോട് |

കൂടാതെ ഭരണപരവും അക്കൗണ്ട്സ് സംബന്ധവുമായ നടപടികൾ ജില്ലാടിസ്ഥാനത്തിൽ സ്വീകരിക്കുന്നതിന് പതിനഞ്ച് (15) ജില്ലാ ഓഫീസുകൾ രൂപീകരിച്ചിട്ടുണ്ട്. വരുമാന വർദ്ധന വരുത്തുക എന്നതിനോടൊപ്പം, കോർപ്പറേഷന്റെ പ്രവർത്തനങ്ങളുടെ ശാക്തീകരണമാണ് പ്രസ്തുത മേഖലകളുടെ രൂപീകരണംകൊണ്ട് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റിതര വരുമാനംകൂടി ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവന ചെയ്തിരിക്കുന്നത്; പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവ്വീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസ്സിലെ പരസ്യം, മൊബൈൽ ടവർ, Public Information system മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നെങ്കിലും നൂതന വരുമാനമാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനസ്രോതസ്സുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

സർവ്വീസ് ഓപ്പറേഷനിലൂടെ ലഭ്യമാകുന്ന വരുമാനത്തിലുപരിയായി സർവ്വീസിതര വരുമാനം വർദ്ധിപ്പിക്കാൻ തീരുമാനിക്കുകയും ആയതിലേയ്ക്കായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ബസ്സുകളിൽ പരസ്യം പതിപ്പിക്കൽ, ബസ്സുകൾ വാടകയ്ക്ക് നൽകൽ, യൂണിറ്റിലെ ജനശ്രദ്ധ ആകർഷിക്കുന്ന സ്ഥലങ്ങളിൽ പരസ്യം പ്രദർശിപ്പിക്കൽ തുടങ്ങിയ പ്രവൃത്തികൾ പ്രാവർത്തികമാക്കി വരുമാനം ആർജ്ജിച്ചുവരുന്നുണ്ട്. കൂടാതെ യൂണിറ്റുകളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ ചെറുകിട കച്ചവടങ്ങൾക്കായി വാടകയ്ക്ക് അനുവദിക്കൽ, പാഴ്സൽ സർവ്വീസുകൾ, LED display തുടങ്ങിയ പ്രവൃത്തികളാരംഭിച്ച് ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ടി മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി. ടൂർ പാക്കേജുകൾ ഏറ്റെടുത്ത് നടത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി 2022 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു.

കുറഞ്ഞ ചെലവിൽ വിനോദസഞ്ചാരം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരികയാണ്.

സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പിലാക്കിവരുന്നത്.

## ഗുരുവായൂർ ഡിപ്പോയിൽനിന്നുമുള്ള ബസ് സർവ്വീസ് പുനരാരംഭിക്കുന്നതിന് നടപടി

250 (1805) ശ്രീ. എൻ. കെ. അക്ബർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിക്കുമുമ്പ് സർവ്വീസ് നടത്തിയിരുന്നതും തുടർന്ന് നിർത്തലാക്കിയതുമായ ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള ബസ് സർവ്വീസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോവിഡിനുശേഷം ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള 16 സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ട്.

1. 19.00 ബാംഗ്ലൂർ
2. 07.00 കോഴിക്കോട്
3. 04.40 തിരുവനന്തപുരം
4. 06.00 കോഴിക്കോട്
5. 15.10 മാനന്തവാടി
6. 04.30 പാലക്കാട്
7. 07.40 കോഴിക്കോട്
8. 08.45 കോഴിക്കോട്
9. 05.10 ആലപ്പുഴ
10. 07.30 കോഴിക്കോട്
11. 05.50 കോഴിക്കോട്
12. 07.02 പാലക്കാട്
13. 04.00 പാലക്കാട്
14. 05.00 കോഴിക്കോട്
15. 08.20 കോഴിക്കോട്
16. 16.40 എറണാകുളം.

(ബി) നിർത്തലാക്കിയ സർവ്വീസുകളിൽ പുനരാരംഭിച്ചിട്ടുള്ള റൂട്ടുകളുടെയും ഇനിയും സർവ്വീസ് പുനരാരംഭിച്ചിട്ടില്ലാത്ത റൂട്ടുകളുടെയും വിശദാംശം ലഭ്യമാക്കുമോ?

(എ)-പിരിവിൽ കാണിച്ചിരിക്കുന്ന സർവ്വീസുകളൊന്നുംതന്നെ പൂർണ്ണമായും പുനരാരംഭിച്ചിട്ടില്ല. മേൽ സർവ്വീസുകൾക്ക് പകരമായി മറ്റ് സർവ്വീസുകൾ പുനഃക്രമീകരിക്കുകയും ഇത്തരത്തിൽ പകരം യാത്രാ സൗകര്യം ലഭ്യമാവുകയും ചെയ്തതിനാൽ അനാവശ്യമായി അധിക സർവ്വീസ് നടത്തി ചെലവ് വർദ്ധിക്കാതിരിക്കാൻ താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്. എന്നാൽ യാത്രാവശ്യം വരുന്നതനുസരിച്ച് ജീവനക്കാരെ പുനഃക്രമീകരിച്ച് ലഭ്യമാക്കി

സർവ്വീസുകൾ വീണ്ടും ആരംഭിക്കുന്നത് പരിഗണിക്കുന്നതാണ്. കൂടാതെ നഷ്ടം വരുത്തുന്നതും ചെലവ് കൂടുന്നതുമായ അധിക സർവ്വീസുകൾ പുനരാരംഭിക്കാൻ നിലവിൽ കഴിയുകയില്ല.

(സി) നിർത്തലാക്കിയ സർവ്വീസുകൾ എന്നേയ്ക്ക് പുനരാരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ജീവനക്കാരുടെ ലഭ്യത അനുസരിച്ച് പുനരാരംഭിക്കുന്നതാണ്. കൂടാതെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് പ്രകാരം സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കുമ്പോൾ ലഭ്യമാകുന്ന അധിക ജീവനക്കാരെ ഉപയോഗിച്ച് ഇതോടൊപ്പം കൂടുതൽ സർവ്വീസുകൾ ആരംഭിക്കാൻ കഴിയും.

**കുട്ടനാട്ടിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനുള്ള നടപടി**

251 (1806) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

എം.സി. റോഡിലെ പുനർനിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കുട്ടനാട്ടിലെ ജനങ്ങൾ നേരിടുന്ന യാത്രാക്ലേശം പരിഹരിക്കുന്നതിനായി നിലവിൽ 13 ബസ്സുകൾ ഉപയോഗപ്പെടുത്തി കുട്ടനാട്ടിൽ കെ.എസ്.ആർ.ടി.സി. പരമാവധി സർവ്വീസുകൾ ക്രമീകരിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും നടത്താൻ നിർദ്ദേശം നല്കിയിട്ടുണ്ട്. കുട്ടനാട്ടിൽ അധിവസിക്കുന്ന ജനങ്ങൾക്ക് ബോട്ട് യാത്ര ഏർപ്പെടുത്തുന്നതിനായി ആലപ്പുഴ, നെടുമുടി, പുളിങ്കുന്ന്, കാവാലം, എടത്വ, ചങ്ങനാശ്ശേരി എന്നീ സ്റ്റേഷൻ ഓഫീസുകൾ കേന്ദ്രീകരിച്ച് 22 ബോട്ട് സർവ്വീസുകളിലായി ദിനംപ്രതി 110 ട്രിപ്പുകൾ സംസ്ഥാന ജലഗതാഗത വകുപ്പ് നടത്തിവരുന്നു. കൂടാതെ ഇന്ത്യയിലെ പ്രഥമ സംരംഭമായ വാട്ടർ ടാക്സി ആലപ്പുഴയിലെ മുഹമ്മയിൽനിന്നും സർവ്വീസ് നടത്തിവരുന്നു. എല്ലാവിധ ആധുനിക സൗകര്യങ്ങളോടുകൂടിയ റെസ്ക്യൂ ആൻഡ് ഡൈവ് ബോട്ട്, ആംബുലൻസ് സർവ്വീസ് നടത്തുന്നതിനായി 24 മണിക്കൂറും സജ്ജമാക്കിയിട്ടുണ്ട്. നിലവിൽ എല്ലാ സർവ്വീസുകളും മുടക്കമില്ലാതെ നടത്തുന്നുണ്ട്. കൂടുതൽ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കാലപ്പഴക്കംചെന്ന ബോട്ടുകൾ സർവ്വീസിൽനിന്നും പിൻവലിച്ച് അത്യാധുനീക രീതിയിലുള്ള ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി തടി ബോട്ടുകൾക്ക് പകരം സ്റ്റീൽ, കാറ്റാമറൈൻ ഫൈബർ ബോട്ടുകൾ ഉപയോഗിച്ചുവരുന്നു.

ഇന്ത്യയിലെ പ്രഥമ സംരംഭമായ സോളാർ ബോട്ട് "ആദിത്യ"യുടെ സർവ്വീസ് വിജയകരമായതിനെത്തുടർന്ന് ഇത്തരത്തിലുള്ള സോളാർ ബോട്ടുകളും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ കാറ്റമറൈൻ ബോട്ടുകളും വെള്ളപ്പൊക്ക സമയത്ത് മറ്റ് ബോട്ടുകൾക്ക് എത്തിപ്പെടാൻ കഴിയാത്ത സ്ഥലങ്ങളിലെത്തി രക്ഷാപ്രവർത്തനം നടത്തുന്നതിനായി രൂപകൽപ്പന ചെയ്ത ഡിങ്കി ബോട്ടുകളും കുട്ടനാട് മേഖലയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കുട്ടനാട്ടിൽ നിർത്തലാക്കിയ ലാഭകരമായി ഓടിയിരുന്ന മുഴുവൻ സ്റ്റേ സർവീസുകളും പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കോവിഡിനുമുമ്പ് ആലപ്പുഴ KSRTC ഡിപ്പോയിൽനിന്നും ചമ്പക്കുളം സ്റ്റേ സർവ്വീസാണ് ഉണ്ടായിരുന്നത്. ചമ്പക്കുളം via പുളിങ്കുന്ന് സ്റ്റേ സർവ്വീസായി നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

കോവിഡ് സാഹചര്യത്തിൽ കുട്ടനാട്ടിൽ നിർത്തലാക്കിയ സ്റ്റേ ബോട്ടുകൾ ഇപ്പോൾ ക്രമീകരിച്ചിട്ടുണ്ട്.

**ഗ്രാമവണ്ടി പദ്ധതി**

252 (1807) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുഗതാഗത സൗകര്യങ്ങൾ കുറവായ പ്രദേശങ്ങളിലേയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഗ്രാമ വണ്ടി എന്ന പേരിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതി ഗതാഗത വകുപ്പുമന്ത്രി, ഗതാഗത വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതായി പ്രഖ്യാപിച്ചത്. തദ്ദേശസ്വയംഭരണ വകുപ്പ്- കെ.എസ്.ആർ.ടി.സി.-യുടെ ഗ്രാമവണ്ടി സർവ്വീസിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ടുകളിൽ ഓടുന്ന ബസ്സുകൾക്ക് തനത് ഫണ്ട്/സംഭാവന ഉപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി 22-3-022-ലെ സ.ഉ.(സാധാ) നമ്പർ 704/2022/LSGD, പ്രകാരം ഉത്തരവായിട്ടുള്ളതാണ്. പദ്ധതിക്ക് തദ്ദേശസ്വയംഭരണ വകുപ്പ് കോ-ഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്.

കൂടാതെ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അതത് പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സ്പോൺസർ ചെയ്യാവുന്നതുമാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. സർവ്വീസിന്റെ ഡീസൽ ചെലവ് പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കണം.

2. അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന റൂട്ടുകളിൽ നിർദ്ദേശിക്കുന്ന സമയക്രമത്തിൽ സർവ്വീസ് നടത്തുന്നതാണ്.

3. പ്രതിദിനം കുറഞ്ഞത് 150 കിലോമീറ്ററെങ്കിലും ഓടിയിരിക്കണം.

4. ബസ്, പരിപാലനം, ജീവനക്കാർ, ശമ്പളം, ഇൻഷ്വറൻസ്, പെർമിറ്റ് തുടങ്ങി ഡീസൽ ഒഴികെ മറ്റ് എല്ലാ ചെലവുകളും കെ.എസ്.ആർ.ടി.സി. വഹിക്കും.

5. നിലവിൽ സർക്കാർ നിശ്ചയിച്ച ടിക്കറ്റ് നിരക്ക് മാത്രം ഈടാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ട്, സമയക്രമം എന്നിവ പാലിച്ചാണ് സർവ്വീസുകൾ നടത്തുക.

6. റൂട്ടുകളുടെ ഗതാഗതയോഗ്യതയ്ക്കനുസരിച്ച് 24 seater, 32 seater, സാധാരണ ബസ്സുകൾ എന്നിങ്ങനെ ആവശ്യമായ ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുക.

7. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന സ്ഥലത്തുനിന്നും സർവ്വീസ് നടത്തുക.

8. തുടക്കത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ ബസ്സുകൾ (34 മുതൽ 48 സീറ്റുകൾ) ഉപയോഗിച്ച് ഡിപ്പോയിൽനിന്നുതന്നെ ആരംഭിക്കാൻ കഴിയുന്ന സർവ്വീസുകൾക്ക് മുൻഗണന നൽകും.

9. രണ്ടാംഘട്ടത്തിൽ ഇത്തരത്തിൽ ഡിപ്പോയിൽ നിന്നല്ലാതെ ഗ്രാമപഞ്ചായത്തുകൾ ക്രമീകരിക്കുന്ന സ്റ്റേ സൗകര്യമുള്ള പ്രദേശങ്ങളിൽ നിന്നുകൂടി ആരംഭിക്കുന്ന സർവ്വീസുകൾ പരിഗണിക്കും.

10. മൂന്നാം ഘട്ടത്തിൽ മിനി ബസ്സുകൾ (24 സീറ്റ്) ലഭ്യമാക്കി വീതി കുറഞ്ഞ റോഡുകളിൽകൂടി മേൽ പ്രതിപാദിച്ച തരത്തിൽതന്നെ ഗ്രാമവണ്ടി ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

11. ചുവപ്പ്, മഞ്ഞ നിറങ്ങൾ നൽകി എല്ലാ ഗ്രാമവണ്ടികൾക്കും ഒരേ ഡിസൈൻ നിശ്ചയിച്ചിട്ടുണ്ട്.

12. ഡീസൽ തുക സ്പോൺസർ ചെയ്യുന്നതാണെങ്കിൽ ആ സ്ഥാപനത്തിന്റെ/വ്യക്തിയുടെ പേര്, വിശദാംശങ്ങൾ എന്നിവ നിശ്ചിത വലിപ്പത്തിൽ ബസ്സിൽ പ്രദർശിപ്പിക്കാൻ അനുവദിക്കും.

13. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെ.എസ്.ആർ.ടി.സി.-യുമായി മൂന്ന് വർഷത്തേയ്ക്ക് കരാറിൽ ഏർപ്പെടേണ്ടതും പിന്നീട് കരാർ പുതുക്കാവുന്നതുമാണ്.

14. കെ.എസ്.ആർ.ടി.സി. പമ്പിൽനിന്നും ഡീസൽ നൽകുന്നതിന് ബസ് ഒന്നിന് ഡീസൽ കരുതൽ നിക്ഷേപമായി മുൻകൂർ 1 ലക്ഷം രൂപ നൽകണം. പിന്നീട് ഓരോ മാസവും 20-ാം തീയതിക്കകം മുൻമാസത്തെ യഥാർത്ഥ ഡീസൽ ചെലവിന്റെ തുക കെ.എസ്.ആർ.ടി.സി.-യ്ക്ക് നൽകിയാൽ മതിയാകും.

15. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകൾക്കുപുറത്തെ സ്ഥലങ്ങളിൽ നിന്നും ആരംഭിക്കുന്ന സർവ്വീസുകൾക്ക് ജീവനക്കാർക്കായുള്ള സ്റ്റേ റൂം സുരക്ഷിതമായ പാർക്കിംഗ് സൗകര്യം എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനം ഏർപ്പെടുത്തേണ്ടതാണ്. ഒന്നോ അതിലധികമോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചേർന്നും ടി പദ്ധതി നടപ്പിലാക്കാവുന്നതാണ്.

16. അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബഹുമാനപ്പെട്ട MLA-മാർ മുഖാന്തരം നൽകുന്ന അപേക്ഷകൾക്ക് മുൻഗണന നൽകും.

17. ഗ്രാമവണ്ടി പദ്ധതിയുടെ നടത്തിപ്പ് പഞ്ചായത്ത് ട്രാൻസ്പോർട്ടേഷൻ മാനേജ്മെന്റ് കമ്മിറ്റി മുഖാന്തരമാണ് നടക്കുക. ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ/ ചെയർപേഴ്സൺ/മേയർ ചെയർമാനായും, സെക്രട്ടറി കൺവീനറായും, എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, കെ.എസ്.ആർ.ടി.സി.-യുടെ രണ്ട് പ്രതിനിധികൾ എന്നിവർ അംഗങ്ങളായിരിക്കും. ആവശ്യമെങ്കിൽ ഒരു സാങ്കേതിക വിദഗ്ദ്ധനെയും രണ്ടിൽ കൂടാത്ത പഞ്ചായത്ത് അംഗങ്ങളെയും അംഗങ്ങളാക്കാവുന്നതാണ്. സ്ഥലം എം.എൽ.എ./എം.എൽ.എ.-മാർ, ജില്ലാ/ബ്ലോക്ക്/പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ ഉപദേശകരായും പ്രവർത്തിക്കും.

18. പദ്ധതിക്ക് തദ്ദേശസ്വയംഭരണ വകുപ്പ് കോർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച ഉത്തരവ് ഉടൻ പുറത്തിറക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി നിരവധി പഞ്ചായത്തുകൾ മുന്നോട്ടുവന്നുകൊണ്ടിരിക്കുകയാണ്. നിലവിൽ തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ പഞ്ചായത്ത്, തൃശ്ശൂർ ജില്ലയിലെ എളവള്ളി പഞ്ചായത്ത്, മലപ്പുറം ജില്ലയിലെ എടവണ്ണ പഞ്ചായത്ത്, കായംകുളം പത്തിയൂർ പഞ്ചായത്ത്, കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പഞ്ചായത്ത് എന്നീ 5 പഞ്ചായത്തുകൾ അഡ്വാൻസ് തുക അടയ്ക്കുകയും അതിൽ തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ പഞ്ചായത്ത്, തൃശ്ശൂർ ജില്ലയിലെ എളവള്ളി പഞ്ചായത്ത് എന്നീ രണ്ട് പഞ്ചായത്തുകളിൽ ടി പദ്ധതി ആരംഭിക്കുകയും ചെയ്തു. ടി പദ്ധതിയിൽ ആകൃഷ്ടരായി കൂടുതൽ ഗ്രാമ പഞ്ചായത്തുകൾ മുന്നോട്ടുവരുന്നുണ്ട്.

(ബി) ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി മുന്നോട്ടുവന്നിട്ടുള്ളതെന്നും എവിടെയെല്ലാം പദ്ധതി ആരംഭിച്ചെന്നും അറിയിക്കുമോ?

ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി നിരവധി പഞ്ചായത്തുകൾ മുന്നോട്ടുവന്നുകൊണ്ടിരിക്കുകയാണ്. നിലവിൽ തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ പഞ്ചായത്ത്, തൃശ്ശൂർ ജില്ലയിലെ എളവള്ളി പഞ്ചായത്ത്, മലപ്പുറം ജില്ലയിലെ എടവണ്ണ പഞ്ചായത്ത്, കായംകുളം പത്തിയൂർ പഞ്ചായത്ത്, കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പഞ്ചായത്ത് എന്നീ 5 പഞ്ചായത്തുകൾ അഡ്വാൻസ് തുക അടയ്ക്കുകയും അതിൽ തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ പഞ്ചായത്തിൽ 29-7-2022-ൽ സംസ്ഥാനതല ഉദ്ഘാടനവും തൃശ്ശൂർ ജില്ലയിലെ എളവള്ളി പഞ്ചായത്തിൽ 19-8-022-ന് ജില്ലാതല ഉദ്ഘാടനവും നടത്തുകയും ടി പദ്ധതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**നിർത്തലാക്കിയതും പുനഃക്രമീകരിച്ചതുമായ സർവ്വീസുകൾ**

253 (1808) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലയളവിൽ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. സർവ്വീസുകളുടെ വിവരങ്ങൾ നൽകാമോ?

കോവിഡിനുമുമ്പ് 30-12-2019-ൽ കെ.എസ്.ആർ.ടി.സി. 4513 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു. 22-8-2022-ലെ കണക്കനുസരിച്ച് 3906 സർവ്വീസുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്. ആകെ 607 സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ട്.

(ബി) ഇതിൽ എത്ര സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുണ്ടെന്ന വിവരം നൽകാമോ?

നിന്നുപോയ 607 സർവ്വീസുകളിലെ ജനോപകാരപ്രദമായ പ്രധാന ട്രിപ്പുകൾ പുനഃക്രമീകരിച്ച് നിലവിലുള്ള 3906 സർവ്വീസുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഇത്തരത്തിൽ തിരുവനന്തപുരം ജില്ലയിൽ നിർത്തലാക്കിയതും പുനഃക്രമീകരിച്ചിട്ടുള്ളതുമായ സർവ്വീസുകൾ എത്രയാണെന്നുള്ള വിവരം നൽകാമോ?

തിരുവനന്തപുരം ജില്ലയിൽ 191 സർവ്വീസുകൾ നിർത്തലാക്കുകയും അവയിൽ 162 സർവ്വീസുകളിലെ ട്രിപ്പുകൾ പുനഃക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പട്ടാമ്പി നിയോജകമണ്ഡലത്തിൽ നിർത്തലാക്കിയതും പുനഃക്രമീകരിച്ചിട്ടുള്ളതുമായ സർവ്വീസുകൾ എത്രയാണെന്നുള്ള വിവരം നൽകാമോ?

04.15 കാടാമ്പുഴ, 09.45 കാടാമ്പുഴ-ഗുരുവായൂർ എന്നീ രണ്ട് സർവ്വീസുകൾ പട്ടാമ്പി നിയോജകമണ്ഡലത്തിൽ നിർത്തലാക്കിയെങ്കിലും അവ പുനഃക്രമീകരിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യെ സ്വയംപര്യാപ്തമാക്കാൻ നടപടി**

254 (1809) ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. അബ്ദുൽ ഹമീദ് :
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കെ.എസ്.ആർ.ടി.സി.-യെ സ്വയം പര്യാപ്തമാക്കാൻ എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കെ.എസ്.ആർ.ടി.സി.-യെ സ്വയംപര്യാപ്തമാക്കുന്നതിനുവേണ്ടി പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് അനുസരിച്ച് കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ ഡബിൾ ഡ്യൂട്ടികളും മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961/ റൂൾ 1962 എന്നിവ പ്രകാരം സിംഗിൾ ഡ്യൂട്ടികളാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ 2400 ഓർഡിനറി ബസ്സുകൾ പ്രായോഗികമായി മോഡിഫൈ ചെയ്യുമ്പോൾ എണ്ണൂറിലധികം ബസ്സുകൾ അധികമായി ഓപ്പറേറ്റ് ചെയ്യാൻ കഴിയും. ഇതിലൂടെ ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനയില്ലാതെ പ്രതിമാസം 25 കോടി രൂപയുടെ

വരുമാന വർദ്ധന ലഭ്യമാകുമെന്ന് കണക്കാക്കിയിട്ടുണ്ട്. കൂടാതെ ജീവനക്കാർക്ക് ഓവർ ടൈം ഇനത്തിൽ വലിയൊരു തുക പ്രതിമാസം അധിക വേതനമായി ലഭിക്കുകയും ചെയ്യും. ഇത് നടപ്പിലാക്കുന്നതോടെ നിലവിലുള്ള ഷെഡ്യൂൾ ക്രൂ (ഡ്രൈവർ, കണ്ടക്ടർ) റേഷ്യോ കുറയുന്നതാണ്. ഈ പദ്ധതികൾ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് എത്രയുംവേഗം നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ജീവനക്കാർക്ക് ആകർഷകമായ ഇൻസെന്റീവ് സമ്പ്രദായവും ചർച്ച ചെയ്ത് ഉടൻ തീരുമാനിക്കും.

കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി Prof. Susheel Khanna യുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ മാനേജ്മെന്റ്, പ്രവർത്തനരീതി എന്നിവ പുനഃക്രമീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>മാനേജ്മെന്റ് പ്രൊഫഷണലിസം</u>

കെ.എസ്.ആർ.ടി.സി.-യിലെ വിവിധ വിഭാഗങ്ങളിലേയ്ക്ക് അതത് മേഖലകളിൽ യോഗ്യതയും പരിചയവുമുള്ള ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുന്നതിനായി ഓരോ വിഭാഗങ്ങളിലും വൈദഗ്ദ്ധ്യമുള്ളവരെ മതിയായ നിയമന നടപടിക്രമങ്ങൾ പാലിച്ച് കരാറടിസ്ഥാനത്തിൽ നിയമിക്കുകവഴി മാനേജ്മെന്റ് ശാക്തികരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കോർപ്പറേഷനിലെ ടോപ് ലെവൽ മാനേജ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി General Manager (F&A), General Manager (Tech.), Dy. General Manager (F&A), Dy. General Manager (Operations), Dy. General Manager (Tech.), Chartered/Cost Accountant എന്നീ തസ്തികകൾ താൽക്കാലികമായി സർക്കാർ സൃഷ്ടിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെയും കോർപ്പറേഷനെ കൊമേർഷ്യലൈസ് ചെയ്യുന്നതിന്റെയും ഭാഗമായി പ്രാവീണ്യം തെളിയിക്കുന്നവരെ ഓപ്പൺ മാർക്കറ്റിൽനിന്നും കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശം കോർപ്പറേഷനെ മൂന്ന് (3) സ്വയം പര്യാപ്തമായ ലാഭകേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്. ആയതിൻപ്രകാരം കെ.എസ്.ആർ.ടി.സി.-യെ ചുവടെ ചേർത്തിരിക്കുന്ന തരത്തിൽ മൂന്ന് മേഖലകളാക്കി രൂപീകരിച്ചു.

| പേര് | റവന്യൂ ജില്ല | ആസ്ഥാനം |
|---|---|---|
| സൗത്ത് സോൺ | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട | സെൻട്രൽ വർക്സ്, പാപ്പനംകോട് |
| സെൻട്രൽ സോൺ | ആലപ്പുഴ, കോട്ടയം, എറണാകുളം. ഇടുക്കി, തൃശ്ശൂർ | എറണാകുളം ബോട്ട് ജെട്ടി |
| നോർത്ത് സോൺ | മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് | കോഴിക്കോട് |

കൂടാതെ ഭരണപരവും അക്കൗണ്ട്സ് സംബന്ധവുമായ നടപടികൾ ജില്ലാടിസ്ഥാനത്തിൽ സ്വീകരിക്കുന്നതിന് പതിനഞ്ച് (15) ജില്ലാ ഓഫീസുകൾ രൂപീകരിച്ചിട്ടുണ്ട്. വരുമാന വർദ്ധന വരുത്തുക എന്നതിനോടൊപ്പം, കോർപ്പറേഷന്റെ പ്രവർത്തനങ്ങളുടെ ശാക്തീകരണമാണ് പ്രസ്തുത മേഖലകളുടെ രൂപീകരണം കൊണ്ട് ലക്ഷ്യമിട്ടിട്ടുള്ളത്.

കെ.എസ്.ആർ.ടി.സി.-യെ സ്വയംപര്യാപ്തമാക്കാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി സമയം ക്രമീകരിച്ച് മെയിന്റനൻസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.
- ത്രീ ടയർ മെയിന്റനൻസ് സംവിധാനം നടപ്പിൽ വരുത്തി ബസ്സുകളുടെ മെയിന്റനൻസ് സമയബന്ധിതമായി പൂർത്തീകരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
- 19 ഓപ്പറേറ്റിംഗ് സെന്ററുകളിലെ മെക്കാനിക്കൽ ജീവനക്കാരെ മാതൃയൂണിറ്റിലേയ്ക്ക് മാറ്റി ആവശ്യാർത്ഥം മാത്രം ജീവനക്കാരെ നിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
- ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഫ്യൂവൽ ഡിവിഷൻ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.
- റിപ്പയർ ഷെഡ്യൂളിന്റെ അടിസ്ഥാനത്തിൽ ഫ്ലോട്ട് യൂണിറ്റുകൾ ലഭ്യമാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.
- മെക്കാനിക്കൽ ജീവനക്കാർക്ക് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് വാഹന നിർമ്മാതാക്കൾ മുഖാന്തരം ട്രെയിനിംഗ് നൽകിവരുന്നു.
- ഫ്ലീറ്റ് ആൻഡ് മെയിന്റനൻസ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ നടപ്പിൽ വരുത്തുന്നതിന്റെ പ്രവർത്തനം പുരോഗതിയിലാണ്.

വർക്ക്ഷോപ്പുകൾ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ജില്ല/സബ് ജില്ല വർക്ക്ഷോപ്പുകളുടെ ആധുനികവത്കരണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

(ബി) ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവ്വീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസ്സിലെ പരസ്യം, മൊബൈൽ ടവർ, Public Information system മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാന സ്രോതസ്സുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷനിലൂടെ ലഭ്യമാകുന്ന വരുമാനത്തിലുപരിയായി സർവ്വീസിതര വരുമാനം വർദ്ധിപ്പിക്കാൻ തീരുമാനിക്കുകയും ആയതിലേയ്ക്കായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ബസ്സുകളിൽ പരസ്യം പതിപ്പിക്കൽ, ബസ്സുകൾ വാടകയ്ക്ക് നൽകൽ, യൂണിറ്റിലെ ജനശ്രദ്ധ ആകർഷിക്കുന്ന സ്ഥലങ്ങളിൽ പരസ്യം പ്രദർശിപ്പിക്കൽ തുടങ്ങിയ പ്രവൃത്തികൾ പ്രാവർത്തികമാക്കി വരുമാനം ആർജിച്ചുവരുന്നുണ്ട്. കൂടാതെ യൂണിറ്റുകളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ ചെറുകിട കച്ചവടങ്ങൾക്കായി വാടകയ്ക്ക് അനുവദിക്കൽ, പാഴ്സൽ സർവ്വീസുകൾ, LED display തുടങ്ങിയ പ്രവൃത്തികളാരംഭിച്ച് ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുടെ മാത്രം ഉപയോഗത്തിനായി സ്ഥാപിച്ചിട്ടുള്ള കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ യാത്രാ ഫ്യൂവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളും കൂടാതെ വിവിധ ശ്രേണിയിലുള്ള വാഹനങ്ങളുടെ എഞ്ചിൻ ഓയിൽ ഉൾപ്പെടെയുള്ള മുഴുവൻ ലൂബ്രിക്കന്റുകളും പ്രമുഖ എണ്ണക്കമ്പനികളുമായി ചേർന്ന് കോർപ്പറേഷന്റെ രൂപമാറ്റം വരുത്തിയ ബസ്സുകളിൽ കേരളത്തിലുടനീളം വിതരണം ചെയ്യുന്നതിനുള്ള ലൂബ് ഷോപ്പുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും ആദ്യഘട്ടത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 8 യാത്രാ ഫ്യൂവൽ റീട്ടെയ്ൽ ഔട്ട്ലെറ്റുകളും രണ്ട് ലൂബ് ഷോപ്പുകളും ഇതിനകം ആരംഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ട പ്രവർത്തനങ്ങളും ദ്രുതഗതിയിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

(സി) ഇന്ധനച്ചെലവ് കുറയ്ക്കുന്നതിനായി കൂടുതൽ ഇലക്ട്രിക് ബസ്സുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇന്ധനച്ചെലവ് കുറയ്ക്കുന്നതിനായി പുതുതായി നിരത്തിലിറക്കിയ 25 കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ഇലക്ട്രിക് ബസ്സുകൾ കൂടാതെ 25 എണ്ണംകൂടി ഉപയോഗിക്കാൻ (ആകെ 50 എണ്ണം) ഉദ്ദേശിക്കുന്നു.

50 എണ്ണം ഇലക്ട്രിക് ബസ്സുകൾ വിതരണം ചെയ്യുന്നതിന് നൽകിയ ഉത്തരവുപ്രകാരം ആദ്യഘട്ടത്തിൽ ലഭ്യമായ 25 ഇലക്ട്രിക് ബസ്സുകൾ 1-8-2022 മുതൽ തിരുവനന്തപുരം സിറ്റിയിൽ സർവ്വീസ് നടത്തിവരുന്നു.

കിഫ്ബി ധനസഹായത്താൽ 310 സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടിയുടെ ഭാഗമായി വാഹനത്തിന്റെ prototype evaluation അന്തിമഘട്ടത്തിലാണ്. ഇതുകൂടാതെ 700 സി.എൻ.ജി. ബസ് വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. CNG ഇന്ധനത്തിന്റെ അപ്രതീക്ഷിതമായുണ്ടായ വിലവർദ്ധന നിമിത്തം CNG ഇന്ധനം ഉപയോഗിച്ച് ബസ് ഓപ്പറേറ്റ് ചെയ്യുന്നത് ലാഭകരമല്ലാത്ത സ്ഥിതി സംജാതമാകുമെന്നതിനാൽ ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനെ സംബന്ധിച്ച് കിഫ്ബിയുമായി ചർച്ചകൾ നടന്നുവരുന്നു.

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ജീവനക്കാരുടെ സഹകരണം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

കെ.എസ്.ആർ.ടി.സി.-യിൽ എല്ലാത്തരം പരിഷ്കരണ നടപടികളും സ്വീകരിക്കുന്നത്, കാലാകാലങ്ങളിലുള്ള അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ജീവനക്കാരുടെ ആശങ്കകൾ പരിഹരിക്കുന്നതരത്തിൽ ചർച്ച ചെയ്തുകൊണ്ടാണ്. തുടർന്നുള്ള പരിഷ്കാരങ്ങളും പ്രസ്തുത ചർച്ചകളിലൂടെ പരിഹരിക്കുന്നതാണ്.

പരിഷ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി തൊഴിലാളികളെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**കാസർഗോഡ് ജില്ലയിൽ ബസ് ഗതാഗതം സുഗമമാക്കുന്നതിനായുള്ള നടപടി**

255 (1810) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഇടയ്ക്കിടെയുണ്ടാകുന്ന ഡീസൽ ക്ഷാമംമൂലം ബസ് റൂട്ട് നിർത്തലാക്കേണ്ടി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എണ്ണക്കമ്പനികൾ കെ.എസ്.ആർ.ടി.സി.-ക്ക് വിപണി വിലയിൽ ഡീസൽ നല്കാത്തതുമൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത നിയന്ത്രിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള യാത്രാ ഫ്യൂവൽസ് റീട്ടെയിൽ ഔട്ട്ലെറ്റുകളിൽനിന്നും സ്വകാര്യ പമ്പുകളിൽനിന്നും ഡിപ്പോകളിലെ കൺസ്യൂമർ പമ്പിലേയ്ക്ക് ഇന്ധനം ലഭ്യമാക്കേണ്ട സാഹചര്യമാണ് നിലനിൽക്കുന്നത്. കാസർഗോഡ് ജില്ലയിൽ കെ.എസ്.ആർ.ടി.സി.-യുടെ യാത്രാ ഫ്യൂവൽസ് റീട്ടെയിൽ ഔട്ട്ലെറ്റുകൾ നിലവിലില്ലാത്തതിനാൽ സ്വകാര്യ പമ്പുകളിൽ നിന്നുമാത്രമാണ് ഡീസൽ എത്തിക്കുന്നത്. ഇപ്രകാരം യഥാസമയം സ്വകാര്യ പമ്പുകളിൽനിന്നും ഡീസൽ എത്തിക്കുന്നതിന് കാലതാമസം നേരിട്ടത് പരിഹരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ കടുത്ത സാമ്പത്തിക ബുദ്ധിമുട്ടിന്റെ ഭാഗമായി ഡീസലിന്റെ ലഭ്യത കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ വരുമാനമില്ലാത്ത സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നത് ഒഴിവാക്കേണ്ടതായി വന്നിട്ടുണ്ട്. ഈ സാഹചര്യത്തിലും ദീർഘദൂര സർവ്വീസുകൾ, പ്രധാന സർവ്വീസുകൾ, ഒറ്റപ്പെട്ട സർവ്വീസുകൾ എന്നിവയും റിസർവേഷൻ നൽകിയിട്ടുള്ള അന്തർസംസ്ഥാന സർവ്വീസുകളും പരമാവധി ഓപ്പറേറ്റ് ചെയ്യുന്ന രീതിയിൽ ക്രമീകരിച്ചിട്ടുണ്ട്. പ്രാധാന്യമേറിയതും കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനം ലഭിക്കുന്നതുമായ മിക്കവാറും എല്ലാ സർവ്വീസുകളും ഓപ്പറേറ്റ് ചെയ്തിട്ടുണ്ട്. ഒഴിവാക്കാനാകാത്ത ഏതെങ്കിലും കാരണത്താൽ സർവ്വീസുകൾ റദ്ദ് ചെയ്യേണ്ടിവരുന്ന സാഹചര്യത്തിൽ മറ്റ് സർവ്വീസുകളുമായി ക്ലബ്ബ് ചെയ്ത് യാത്രക്കാർക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിൽ ക്രമീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ കുടിശ്ശിക ഡീസൽ തുക നൽകാൻ കഴിയാത്തതിനാൽ ലോക്കൽ പമ്പുകൾ വിതരണം നിർത്തിയതിനാലും ഐ.ഒ.സി.-യിൽനിന്നും ഡീസൽ ലഭിക്കുന്നതിന് തടസ്സം വന്നതിനാലും ചില അവധി ദിവസങ്ങളിൽ സർവ്വീസുകൾ കൂടുതലായി ക്യാൻസൽ ചെയ്തിട്ടുണ്ട്.

(ബി) അന്തർ സംസ്ഥാന റൂട്ടുകളിലെ സർവ്വീസുകളുൾപ്പെടെ വിജയകരമായി നടത്തുന്ന പ്രസ്തുത ജില്ലയിൽ ബസ് ഗതാഗതം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

അന്തർ സംസ്ഥാന റൂട്ടുകളടക്കം വിജയകരമായി നടത്തുന്ന സർവ്വീസുകൾ മുടക്കമില്ലാതെ നടത്തുന്നതിന് സാമ്പത്തിക പ്രതിസന്ധിയിലും പരമാവധി ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധി

256 (1811) ശ്രീ. പി. അബ്ദുൽ ഹമീദ് :
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും മറ്റ് പ്രവർത്തനങ്ങൾക്കുമായി കെ.എസ്.ആർ.ടി.സി.-യുടെ ഡിപ്പോകളുൾപ്പെടുന്ന സ്ഥലങ്ങൾ ബാങ്കുകൾക്ക് പണയപ്പെടുത്തിയിട്ടുണ്ടോ?

വായ്പയ്ക്ക് ഈടായി കെ.എസ്.ആർ.ടി.സി.-യുടെ ഡിപ്പോകൾ പണയപ്പെടുത്തിയിട്ടുണ്ട്.

(ബി) എങ്കിൽ എത്ര കോടി രൂപയ്ക്കാണ് പണയപ്പെടുത്തിയിരിക്കുന്നത്; വിശദാംശം അറിയിക്കുമോ?

രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നേതൃത്വത്തിലുള്ള 7 ബാങ്കുകളുടെ കൺസോർഷ്യം മുഖാന്തരം 3100 കോടി രൂപയുടെ വായ്പ ലഭ്യമാക്കുന്നതിന്റെ ഭാഗമായാണ് കെ.എസ്.ആർ.ടി.സി.-യുടെ 52 ഡിപ്പോകളിലെ വസ്തുവകകൾ ഈട് നൽകിയിരിക്കുന്നത്.

(സി) ഇപ്രകാരം പണയപ്പെടുത്തുന്നതുവഴി കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ സമ്പൂർണ്ണ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടത്തിയ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കൂടിയ പലിശ നിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലയളവിലുമെടുത്തിരുന്ന വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് സമാഹരിച്ച തുക ഉപയോഗിച്ച് വളരെ ലാഭകരമായി പുനഃക്രമീകരിച്ചിട്ടുണ്ട്. ടി കൺസോർഷ്യംവഴി ലഭ്യമായ തുക ഉപയോഗിച്ച് നിലവിലുണ്ടായിരുന്ന ഹ്രസ്വകാല വായ്പകൾ പൂർണ്ണമായും അടച്ച് തീർക്കുകയും തൽഫലമായി പ്രതിമാസ വായ്പ തിരിച്ചടവിനത്തിൽ ഗണ്യമായ തുക ലാഭിക്കാനും കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ പ്രതിദിന വരുമാനം വർദ്ധിപ്പിക്കുകയും വായ്പ തിരിച്ചടവ് ചെലവ് കുറയുകയും ചെയ്തതുവഴി ലഭ്യമായ തുക ഉപയോഗിച്ച് ജീവനക്കാർക്ക് യഥാസമയം അനുവദിക്കാതിരുന്ന മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, ക്ഷാമബത്ത, പ്രോവിഡന്റ് ഫണ്ട് എന്നിവയുടെ കുറച്ചെങ്കിലും വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. വരവും ചെലവും തമ്മിലുള്ള അന്തരം കുറച്ച് സ്ഥാപനം

സന്തുലിതാവസ്ഥയിലേയ്ക്കെത്തുന്ന സാഹചര്യത്തിൽ ആഞ്ഞടിച്ച കോവിഡ് മഹാമാരിയെത്തുടർന്ന് ടി ഗുണഫലങ്ങളെല്ലാം നിഷ്ക്രിയമായി സ്ഥാപനം വീണ്ടും രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിൽപ്പെടുകയും ചെയ്തു.

**യാത്രാക്ലേശം ഒഴിവാക്കാൻ നടപടി**

257 (1812) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. കെ. ബഷീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡീസൽ വാങ്ങിയ ഇനത്തിൽ നൽകേണ്ട തുകയിൽ കുടിശിക വരുത്തിയതിനാൽ എണ്ണ കമ്പനികൾ ഡീസൽ വിതരണം നിർത്തിയതിനെത്തുടർന്ന് സർവ്വീസ് വെട്ടിക്കുറയ്ക്കേണ്ടി വന്നിട്ടുണ്ടോ?

ഉണ്ട്.

(ബി) മുന്നറിയിപ്പില്ലാതെ ഓർഡിനറി ബസ് സർവീസ് കുറച്ചതിനാൽ യാത്രക്കാർക്ക് ഏറെ ബുദ്ധിമുട്ട് നേരിടേണ്ടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ;

(സി) യാത്രാക്ലേശം ഒഴിവാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

(ബി&സി) ഡീസൽ ക്ഷാമത്താൽ ഓർഡിനറി ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്നത് കുറയ്ക്കേണ്ടി വന്നതിനാൽ യാത്രക്കാർക്ക് ബുദ്ധിമുട്ട് വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ മുന്നറിയിപ്പില്ലാതെ ഓർഡിനറി ബസ് സർവ്വീസ് ഡീസലിന്റെ അഭാവം കാരണം വെട്ടിക്കുറച്ചിട്ടില്ല.

കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന കെ.എസ്.ആർ.ടി.സി.-യിൽ ഡീസൽ ചെലവിന് തുക സമാഹരിക്കാൻ കഴിയാത്തതിനാൽ അവധി ദിവസങ്ങളിലുൾപ്പെടെ വരുമാനം ഇല്ലാത്തതും യാത്രക്കാർ കുറഞ്ഞതുമായ സർവ്വീസുകളുടെ ട്രിപ്പുകളും സർവ്വീസുകളും ഭാഗികമായി ക്രമീകരിക്കുന്നതിന് മുൻകൂട്ടി നിർദ്ദേശം നൽകി നടപടികൾ സ്വീകരിക്കുകയും ടി വിവരം യഥാസമയം പത്രദൃശ്യ മാധ്യമങ്ങളിലും നവമാധ്യമങ്ങളിലും പ്രചരിപ്പിച്ചിരുന്നതുമാണ്.

കെ.എസ്.ആർ.ടി.സി.-യുടെ കടുത്ത സാമ്പത്തിക ബുദ്ധിമുട്ടിന്റെ ഭാഗമായി ഡീസലിന്റെ ലഭ്യത കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ വരുമാനമില്ലാത്ത സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നത് ഒഴിവാക്കേണ്ടതായി വന്നിട്ടുണ്ട്.

ഈ സാഹചര്യത്തിലും ദീർഘദൂര സർവ്വീസുകൾ, പ്രധാന സർവ്വീസുകൾ, ഒറ്റപ്പെട്ട സർവ്വീസുകൾ എന്നിവയും റിസർവേഷൻ നൽകിയിട്ടുള്ള അന്തർസംസ്ഥാന സർവ്വീസുകളും പരമാവധി ഓപ്പറേറ്റ് ചെയ്യുന്ന രീതിയിൽ ക്രമീകരിച്ചിട്ടുണ്ട്. പ്രാധാന്യമേറിയതും കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനം ലഭിക്കുന്നതുമായ മിക്കവാറും എല്ലാ സർവ്വീസുകളും ഓപ്പറേറ്റ് ചെയ്തിട്ടുണ്ട്. ഒഴിവാക്കാനാകാത്ത ഏതെങ്കിലും കാരണത്താൽ സർവ്വീസുകൾ റദ്ദ് ചെയ്യേണ്ടിവരുന്ന സാഹചര്യത്തിൽ മറ്റ് സർവ്വീസുകളുമായി ക്ലബ്ബ് ചെയ്ത് യാത്രക്കാർക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിൽ ക്രമീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ കുടിശ്ശിക ഡീസൽ തുക നൽകാൻ കഴിയാത്തതിനാൽ ലോക്കൽ പമ്പുകൾ വിതരണം നിർത്തിയതിനാലും ഐ.ഒ.സി.-യിൽനിന്നും ഡീസൽ ലഭിക്കുന്നതിന് തടസ്സം വന്നതിനാലും ചില ദിവസങ്ങളിൽ അപൂർവ്വമായി സർവ്വീസുകൾ കൂടുതലായി ക്യാൻസൽ ചെയ്തിട്ടുണ്ട്.

**ഇലക്ട്രിക് ബസ്സുകൾ വാങ്ങിയ നടപടികൾ**

258 (1813) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുതിയ ഇലക്ട്രിക് ബസ്സുകൾ വാങ്ങിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

വാങ്ങിയിട്ടുണ്ട്. 50 എണ്ണം 9 മീറ്റർ Non AC ഇലക്ട്രിക് ബസ്സുകൾ വിതരണം ചെയ്യുന്നതിന് M/s. PMI Electro Mobility Solutions PVT. Ltd. - എന്ന സ്ഥാപനത്തിന് ഉത്തരവ് നൽകുകയും ആദ്യഘട്ടമായി ലഭ്യമായ 25 ബസ്സുകൾ തിരുവനന്തപുരം സിറ്റിയിൽ 1-8-2022 മുതൽ സർവ്വീസ് നടത്തിവരികയും ചെയ്യുന്നു.

(ബി) എങ്കിൽ പ്രസ്തുത ബസ്സുകൾ ടെണ്ടർ നടപടികൾ പാലിച്ചാണോ വാങ്ങിയതെന്ന് വ്യക്തമാക്കാമോ?

കേരള സർക്കാരിന്റെ ഇ-ടെണ്ടർ പോർട്ടൽ മുഖേന Two Bid System പ്രകാരം ഇ-ദർഘാസ് ക്ഷണിച്ചാണ് ഇലക്ട്രിക് ബസ് വാങ്ങിയത്.

(സി) പ്രസ്തുത ടെൻഡറിൽ പങ്കെടുത്ത കമ്പനികൾ ഏതൊക്കെയെന്നും ഓരോരുത്തരും ക്വാട്ട് ചെയ്ത തുക എത്രയെന്നും വിശദമാക്കുമോ?

9 മീറ്റർ Non AC ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിന് ക്ഷണിച്ച ഇ-ദർഘാസിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത വില വിവരം ചുവടെ ചേർക്കുന്നു.

| ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ | വാഗ്ദാനം ചെയ്ത തുക (GST ഉൾപ്പെടെ) |
|---|---|
| M/s. Tata Motors Ltd. | Rs.1,10,31,773.55 |
| M/s. JBM Auto Ltd. | Rs. 1,13,00,835.00 |
| M/s. PMI Electro Mobility Solutions Pvt. Ltd. | Rs. 94,53,986.00 |
| M/s.VE Commercial Vehicles Ltd. | Rs. 95,20,000.00 |
| M/s.Switch Mobility Automotive Ltd. | Rs. 1,17,65,000.00 |

എറ്റവും കുറഞ്ഞ വില വാഗ്ദാനം ചെയ്ത് L1 സ്ഥാനത്ത് വന്ന M/s. PMI Electro Mobility Solutions Pvt. Ltd.-മായി വിലപേശൽ നടത്തിയതിനുശേഷമുള്ള അന്തിമ വില 92,43,986 രൂപയാണ് (ജി.എസ്.ടി. ഉൾപ്പെടെ).

(ഡി) കരാർ ലഭിച്ച കമ്പനിയുമായി സർക്കാർ ഒപ്പുവച്ച കരാർ രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

**കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം**

259 (1814) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് സർവ്വീസ് ആരംഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ; സ്വിഫ്റ്റ് സർവ്വീസ് ആരംഭിക്കുന്നതിന് തൊട്ടുമുമ്പുള്ള മാസം കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ച ആകെ വരുമാനം എത്രയായിരുന്നുവെന്ന് ഇനം തിരിച്ച് വിശദമാക്കുമോ?

11-4-2022 മുതൽക്കാണ് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് സർവ്വീസ് ആരംഭിച്ചത്.

മാർച്ച് മാസം കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ച

ആകെ വരുമാനം : 159,04,65,469

ടിക്കറ്റ് വരുമാനം : 147,24,00,000

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടിക്കറ്റിതര വരുമാനം:

| | |
|---|---|
| യാത്രാഫ്യൂവൽ | 5,29,48,201 |
| ലൂബ് ഷോപ്പ് | 1,02,688 |
| ലൈസൻസ് ഫീ | 2,43,44,039 |
| ഷോപ്പ് ഓൺ വീൽ | 1,13,180 |
| പരസ്യവരുമാനം | 1,84,94,536 |
| ബസ് ഓൺ ഹയർ | 3,62,789 |
| സെയിൽസ് ഓഫ് സ്ക്രാപ്പ് | 2,07,46,295 |
| സ്ലീപ്പർ ഇൻ ബസ് | 3,91,309 |
| ടെണ്ടർ ഫോം | 5,62,432. |

(ബി) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് സർവ്വീസിന് 2022 ജൂലൈ മാസത്തിൽ ലഭിച്ച ആകെ വരുമാനം എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; ഇതിൽ എത്ര തുക കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചെന്നും ഏതൊക്കെ ഇനത്തിലാണ് ലഭിച്ചതെന്നും വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ്സുകൾ സർവ്വീസ് നടത്തുന്നതുവഴി ലഭ്യമാകുന്ന വരുമാനം പൂർണ്ണമായും കെ.എസ്.ആർ.ടി.സി. ഫിനാൻഷ്യൽ അഡ്വൈസർ ആൻഡ് ചീഫ് അക്കൗണ്ട്സ് ഓഫീസറുടെ പേരിലുള്ള പ്രത്യേക അക്കൗണ്ടിലാണ് ഒടുക്കുന്നത്.

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് സർവ്വീസിന് 2022 ജൂലൈ മാസത്തിൽ ലഭിച്ച ആകെ ടിക്കറ്റ് വരുമാനം- 6,81,35,233 രൂപയാണ്.

(സി) കെ.എസ്.ആർ.ടി.സി.-ക്ക് 2022 ജൂലൈ മാസത്തിൽ ലഭിച്ച ആകെ വരുമാനം എത്രയാണെന്ന് ഇനം തിരിച്ച വ്യക്തമാക്കുമോ?

ആകെ വരുമാനം 176,06,41,166.

ആയതിന്റെ ഇനം തിരിച്ചുള്ള വിവരം ഇതോടൊപ്പം ചേർക്കുന്നു.

ടിക്കറ്റ് വരുമാനം - 162,20,90,070.

ടിക്കറ്റ് ഇതരവരുമാനം

| | |
|---|---|
| യാത്രാ ഫ്യൂവൽ | 8,13,90,617 |
| ലൂബ് ഷോപ്പ് | 1,80,235 |
| ലൈസെൻസ് ഫീ | 2,05,31,997 |
| സെയിൽസ് ഓഫ് സ്ക്രാപ്പ് | 3,64,23,967 |
| ടെണ്ടർ ഫോം | 13,100 |
| ലേലം | 11,180. |

**ഗ്രാമവണ്ടി പദ്ധതിക്കായുള്ള സഹായങ്ങൾ**

260 (1815) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പ്രഖ്യാപിച്ച ഗ്രാമവണ്ടി പദ്ധതിക്ക് പ്രസ്തുത കോർപ്പറേഷൻ നൽകുന്ന സഹായങ്ങളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതി ഗതാഗത വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതായി പ്രഖ്യാപിച്ചിരുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് - കെ.എസ്.ആർ.ടി.സി.-യുടെ ഗ്രാമവണ്ടി സർവ്വീസിന് തദ്ദേശഭരണസ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ടുകളിൽ ഓടുന്ന ബസ്സുകൾക്ക് തനത് ഫണ്ട്/സംഭാവന ഉപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് അനുമതി നൽകി 22-3-2022-ലെ സ.ഉ. (സാധാ) നമ്പർ 704/2022/LSGD പ്രകാരം ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഗ്രാമവണ്ടി പദ്ധതിക്ക് കെ.എസ്.ആർ.ടി.സി. ബസ്, പരിപാലനം, ജീവനക്കാർ, ശമ്പളം, ഇൻഷ്വറൻസ്, പെർമിറ്റ്, ആവശ്യമെങ്കിൽ പാർക്കിംഗ്, ജീവനക്കാരുടെ സ്റ്റേ സൗകര്യം എന്നിവ തുടങ്ങി ഡീസൽ ഒഴികെ മറ്റെല്ലാ ചെലവുകളും വഹിക്കും.

(ബി) പ്രസ്തുത പദ്ധതിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഡീസൽ തുക ലഭ്യമാക്കണം.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെ.എസ്.ആർ.ടി.സി.-യുമായി മൂന്ന് വർഷത്തേയ്ക്ക് കരാറിൽ ഏർപ്പെടേണ്ടതും, പിന്നീട് കരാർ പുതുക്കാവുന്നതുമാണ്.

3. കെ.എസ്.ആർ.ടി.സി. പമ്പിൽനിന്നും ഡീസൽ നൽകുന്നതിന് ബസ് ഒന്നിന് ഡീസൽ കരുതൽ നിക്ഷേപമായി മുൻകൂർ 1 ലക്ഷം രൂപ നൽകണം.

പിന്നീട് ഓരോ മാസവും 20-ാം തീയതിക്കകം മുൻമാസത്തെ യഥാർത്ഥ ഡീസൽ ചെലവിന്റെ തുക കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയാൽ മതിയാകും.

4. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകൾക്കുപുറത്തെ സ്ഥലങ്ങളിൽ നിന്നും ആരംഭിക്കുന്ന സർവ്വീസുകൾക്ക് ജീവനക്കാർക്കായുള്ള സ്റ്റേ റൂം സുരക്ഷിതമായ പാർക്കിംഗ് സൗകര്യം എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനം ഏർപ്പെടുത്തേണ്ടതാണ്. ഒന്നോ അതിലധികമോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചേർന്നും ടി പദ്ധതി നടപ്പിലാക്കാവുന്നതാണ്.

(സി) പദ്ധതിപ്രകാരം കോഴിക്കോട് ജില്ലയിൽ ലഭിച്ച അപേക്ഷകളുടെ വിശദാംശം വ്യക്തമാക്കുമോ?

കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പഞ്ചായത്തിൽനിന്നും അപേക്ഷ ലഭ്യമാകുകയും അഡ്വാൻസ് തുക അടയ്ക്കുകയും ചെയ്തിട്ടുണ്ട്.

**ഗ്രാമവണ്ടികൾ സ്പോൺസർഷിപ്പ്**

261 (1816) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം പ്രദേശങ്ങളിലാണ് ഗ്രാമവണ്ടികൾ ഓടിത്തുടങ്ങിയതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ പഞ്ചായത്തിൽ 29-7-2022-ന് ഗ്രാമവണ്ടിയുടെ സംസ്ഥാനതല ഉദ്ഘാടനം നടക്കുകയും തൃശ്ശൂർ ജില്ലയിലെ എളവള്ളി പഞ്ചായത്തിൽ 19-8-2022-ന് ജില്ലാതല ഉദ്ഘാടനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രദേശങ്ങളിൽ ഗ്രാമവണ്ടി ഓടിത്തുടങ്ങിയിട്ടുമുണ്ട്.

(ബി) ഒരു മാസത്തെ ഇന്ധനച്ചെലവ് കെ.എസ്.ആർ.ടി.സി.-ക്ക് മുൻകൂറായി നൽകണമെന്ന വ്യവസ്ഥ കാരണം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഗ്രാമവണ്ടികൾ സ്പോൺസർ ചെയ്യുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നുവെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. വിദ്യാർത്ഥികൾക്കായി സുരക്ഷിതമായി യാത്ര ചെയ്യുന്നതിന് ആരംഭിച്ച പ്രത്യേക ബോണ്ട് സർവ്വീസുകൾ, കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാഹചര്യത്തിൽ നിശ്ചയിച്ചിട്ടുള്ള നിരക്കുകളിൽ മാത്രമേ അനുവദിക്കാൻ കഴിയുകയുള്ളൂ.

കൂടാതെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി അപേക്ഷിച്ചാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ ഗ്രാമവണ്ടി പദ്ധതിയിലുൾപ്പെടുത്തി സർവ്വീസ് അനുവദിക്കുന്നതാണ്.

## വടകര താലൂക്കിൽ ഗ്രാമവണ്ടി പദ്ധതി

262 (1817) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിൽ കെ.എസ്.ആർ.ടി.സി.-യുടെ ഗ്രാമ വണ്ടി പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

വടകര താലൂക്കിലെ വിവിധ പഞ്ചായത്തുകളിൽ ഗ്രാമവണ്ടി പദ്ധതി സംബന്ധിച്ച വിവരങ്ങളടങ്ങിയ കൈപുസ്തകം കൈമാറുകയും ടി പദ്ധതിയുടെ പ്രവർത്തനത്തെപ്പറ്റി വിശദമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത താലൂക്കിൽ ഏതൊക്കെ റൂട്ടുകളിലാണ് ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

വടകര താലൂക്കിലെ പഞ്ചായത്തുകളിൽനിന്നും അനുകൂലമായ ഒരു മറുപടിയും നാളിതുവരെ ലഭ്യമായിട്ടില്ല.

## തിരുവനന്തപുരം-മൂന്നാർ-പഴനി റൂട്ടിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി. ബസ്സിന്റെ സമയക്രമം

263 (1818) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ വഴി സർവ്വീസ് നടത്തുന്ന തിരുവനന്തപുരം-പഴനി കെ.എസ്.ആർ.ടി.സി. ബസ്സിന്റെ സമയക്രമത്തിൽ മാറ്റം വരുത്തുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മൂന്നാർ വഴി സർവ്വീസ് നടത്തുന്ന തിരുവനന്തപുരം-പഴനി കെ.എസ്.ആർ.ടി.സി. ബസ്സിന്റെ സമയക്രമത്തിൽ മാറ്റംവരുത്തി പുനഃക്രമീകരിച്ചിട്ടുണ്ട്.

(ബി) പഴനിയിൽനിന്നും തിരുവനന്തപുരത്തേയ്ക്ക് വരുന്നതിന് നിശ്ചയിച്ച സമയക്രമത്തിൽ മാറ്റം വരുത്തിയതുമൂലം പൊതുജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത ബസ്സിന്റെ പുനർനിശ്ചയിച്ച സമയക്രമവും നേരത്തെ ഓടിക്കൊണ്ടിരുന്ന സമയക്രമവും വിശദമാക്കാമോ?

നേരത്തെ ഓടിക്കൊണ്ടിരുന്ന സമയക്രമം 18.30 മണി പഴനി – തിരുവനന്തപുരം, നിലവിലെ സമയക്രമം 17.00 മണി പഴനി – തിരുവനന്തപുരം.

## ആലത്തൂർ മണ്ഡലത്തിലെ ബസ് സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള നടപടി.

264 (1819) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ പാല-മംഗലം ഡാം-ഒലിപ്പാറ റൂട്ടിൽ സർവ്വീസ് നടത്തിവന്നിരുന്ന കെ.എസ്.ആർ.ടി.സി. ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് നിർത്താനുണ്ടായ കാരണം വിശദമാക്കാമോ?

ആലത്തൂർ മണ്ഡലത്തിലെ പാല-മംഗലം ഡാം -ഒലിപ്പാറ റൂട്ടിൽ സർവ്വീസ് നടത്തിവന്നിരുന്ന കെ.എസ്.ആർ.ടി.സി. ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് കോവിഡ് മഹാമാരിയെത്തുടർന്ന് ലോക്ക്ഡൗൺ പ്രഖ്യാപിച്ചതുമൂലം നിർത്തലാക്കി.

(ബി) പ്രസ്തുത ബസ് സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

കോവിഡ് മഹാമാരിയെത്തുടർന്ന് നിർത്തിവെച്ച സർവ്വീസുകളിൽ ലാഭകരമായവ പുനരാരംഭിച്ചിട്ടുണ്ട്. പാല-മംഗലം ഡാം - ഒലിപ്പാറ സർവ്വീസ് ലാഭകരമാണെന്ന് കണ്ടെത്തുന്നപക്ഷം സർവീസ് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിർത്തലാക്കിയ നടപടി

265 (1820) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഗ്രാമവണ്ടി സർവ്വീസുകൾ ഫലപ്രദമാകാത്ത റൂട്ടുകളിൽ വിദ്യാർത്ഥികളും ബസ് യാത്രക്കാരും അനുഭവിക്കുന്ന യാത്രാദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചെങ്ങന്നൂർ മണ്ഡലത്തിലെ ഗ്രാമീണ മേഖലയിൽ സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നിർത്തലാക്കിയ ബസ് സർവ്വീസുകൾ പുനരാരംഭിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

കോവിഡ് മഹാമാരിയ്ക്കുമുമ്പ് ചെങ്ങന്നൂർ യൂണിറ്റിൽനിന്നും നടത്തിയിരുന്ന 25 രൂപയ്ക്ക് താഴെ മാത്രം ലഭ്യമായിരുന്ന 4 സർവ്വീസുകൾ പ്രവർത്തന ചെലവിനുപോലും വരുമാനം ലഭിക്കാത്തതിനാൽ പുനരാരംഭിച്ചിട്ടില്ല.

പ്രവർത്തന ചെലവുപോലും ലഭിക്കാത്ത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ സാമ്പത്തികസ്ഥിതിയിൽ കഴിയാത്തതിനാൽ അത്തരം സർവ്വീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിലുൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ പുതിയ സർവ്വീസുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിനും പദ്ധതി നടപ്പാക്കിവരുന്നു. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ എത്രയും വേഗം ആരംഭിക്കാൻ കഴിയും.

**കെ.എസ്.ആർ.ടി.സി. സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള നടപടി**

266 (1821) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ മലയോര ഗ്രാമങ്ങളായ ചിമ്മിനി ഡാം, ഇഞ്ചക്കുണ്ട്, കുണ്ടുകടവ്, വെള്ളാനിക്കോട് തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് തൃശ്ശൂർ മെഡിക്കൽകോളേജ്, ചാലക്കുടി, തൃശ്ശൂർ ഡിപ്പോ, ഇരിങ്ങാലക്കുട എന്നിവിടങ്ങളിൽനിന്ന് കെ.എസ്.ആർ.ടി.സി. നടത്തിവന്നിരുന്ന സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

പുതുക്കാട് മണ്ഡലത്തിലെ മലയോര ഗ്രാമങ്ങളായ ചിമ്മിനി ഡാം, ഇഞ്ചക്കുണ്ട്, കുണ്ടുകടവ്, വെള്ളാനിക്കോട് തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് തൃശ്ശൂർ മെഡിക്കൽ കോളേജ്, ചാലക്കുടി, തൃശ്ശൂർ ഡിപ്പോ, ഇരിങ്ങാലക്കുട എന്നിവിടങ്ങളിൽനിന്ന് കെ.എസ്.ആർ.ടി.സി. നടത്തിവന്നിരുന്ന മൂന്ന് സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത സർവ്വീസുകൾ പുനരാരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

രണ്ട് സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ട്. ബാക്കി ഒരു സർവ്വീസ് ജീവനക്കാരെ പുനഃക്രമീകരിച്ച് ലഭ്യമാക്കി യാത്രാവശ്യം വർദ്ധിക്കുന്നതിനനുസരിച്ച് പുനരാരംഭിക്കുന്നതാണ്. കൂടാതെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് പ്രകാരം സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കുമ്പോൾ ലഭ്യമാകുന്ന അധിക ജീവനക്കാരെ ഉപയോഗിച്ച് ഇതോടൊപ്പം കൂടുതൽ ലാഭകരമായ സർവ്വീസുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി സർവ്വീസുകളും ആരംഭിക്കാൻ കഴിയും.

**ചെങ്ങന്നൂർ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ നിർമ്മാണം**

267 (1822) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 ബജറ്റിലുൾപ്പെടുത്തി കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കുമോ?

2022-23 ബജറ്റിലുൾപ്പെടുത്തി അഞ്ച് പദ്ധതികളുടെ നടത്തിപ്പിനായി കെ.എസ്.ആർ.ടി.സി.-ക്ക് 106 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Total Computerization and e-Governance in KSRTC

Infrastructure Development and Modernization of depots and workshops

Providing training to Drivers, Technical, Personnel and Officers in KSRTC.

Modernization and Quality improvement and Renewal of Fleet (Conversion of HSD to CNG).

Viability Gap Funding Project for the utilization of assets owned by KSRTC.

2022-23 ബജറ്റിലുൾപ്പെടുത്തി കെ.എസ്.ആർ.ടി.സി. സിവിൽ വിഭാഗവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

സെൻട്രൽ വർക്സ് പാപ്പനംകോട്, റീജിയണൽ വർക്ക്ഷോപ്പുകളായ ആലുവ, മാവേലിക്കര, എടപ്പാൾ, കോഴിക്കോട് എന്നിവിടങ്ങളിൽ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഡിസ്ട്രിക്ട് വർക്ക്ഷോപ്പുകളായ വടക്കാഞ്ചേരി, ചടയമംഗലം, എന്നിവിടങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങൾക്കായി ടെണ്ടർ നടപടികൾ നടന്നുവരുന്നു.

ഡിസ്ട്രിക് വർക്ക്ഷോപ്പുകൾക്കായി പത്തനംതിട്ടയ്ക്ക് 553.12 ലക്ഷത്തിനും സുൽത്താൻ ബത്തേരിക്ക് 290.56 ലക്ഷത്തിനും നിർമ്മാണപ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

ഡിസ്ട്രിക് വർക്ക്ഷോപ്പുകളായ ചാലക്കുടി, കാഞ്ഞങ്ങാട്, കണ്ണൂർ, ഏറ്റുമാനൂർ, മൂലമറ്റം എന്നിവിടങ്ങളിലെ നിർമ്മാണപ്രവർത്തനം നടത്തുന്നതിനായി എസ്റ്റിമേറ്റുകൾ പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

പാവങ്ങാട്, അങ്കമാലി, കണ്ണൂർ, R/W എടപ്പാൾ, ചടയമംഗലം, പാറശ്ശാല, ചാത്തന്നൂർ, പൊന്നാനി എന്നിവിടങ്ങളിൽ യാർഡ് വർക്കിനുള്ള എസ്റ്റിമേറ്റുകൾ പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

(ബി) ചെങ്ങന്നൂരിൽ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ചെങ്ങന്നൂരിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രവൃത്തി ചെയ്യുന്നതിന് Design Proposal തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത സ്റ്റേഷൻ നിർമ്മാണം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

Design അംഗീകരിച്ച് Estimate തയ്യാറാക്കി എത്രയുംവേഗം തുടർ നടപടി സ്വീകരിക്കുന്നതാണ്.

## കണ്ണൂർ പഴയങ്ങാടി പയ്യന്നൂർ റൂട്ടിൽ കൂടുതൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നതിനുള്ള നടപടി

268 (1823) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ പഴയങ്ങാടി പയ്യന്നൂർ കെ.എസ്.റ്റി.പി. റോഡ് വഴി കെ.എസ്.ആർ.ടി.സി. കൂടുതൽ സർവ്വീസ് നടത്തണമെന്നും പയ്യന്നൂരിൽനിന്ന് രാവിലെ കണ്ണൂർ റെയിൽവേ സ്റ്റേഷനിലേയ്ക്കുള്ള ബസ്സും ജനശതാബ്ദി ട്രെയിനിലെ യാത്രക്കാർക്ക് ഉപകാരപ്രദമാവുംവിധം കണ്ണൂർ റെയിൽവേ സ്റ്റേഷനിൽനിന്ന് രാത്രി 11.30-ന് പഴയങ്ങാടിവഴി കാഞ്ഞങ്ങാട് വരെ സർവ്വീസ് നടത്തിയിരുന്ന ബസ്സും പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് കല്ല്യാശ്ശേരി എം.എൽ.എ. ഗതാഗത വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ?

കണ്ണൂർ-പഴയങ്ങാടി റൂട്ടിൽ കണ്ണൂർ ഡിപ്പോയിൽനിന്നും 5 ബസ്സുകളുപയോഗിച്ച് സർവ്വീസുകളുണ്ടായിരുന്നെങ്കിലും ടി റൂട്ടിൽ അഞ്ച് പത്ത് മിനിട്ട് ഇടവിട്ട് സ്വകാര്യ ബസ് സർവ്വീസുകൾ നടത്തുന്നതിനാലും യാത്രാക്ലേശം ഇല്ലാത്തതിനാലും കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നത് ലാഭകരമല്ലാത്തതിനാലും നിർത്തുകയാണുണ്ടായത്. പയ്യന്നൂർ യൂണിറ്റിൽനിന്നും രാവിലെ 05.00 മണിക്കുണ്ടായിരുന്ന കണ്ണൂർ റെയിൽവേ സ്റ്റേഷൻ സർവ്വീസ് നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. നഷ്ടത്തിലോടുന്ന സർവ്വീസുകൾ തുടർന്നും ഓപ്പറേറ്റ് ചെയ്യാൻ

നിലവിലെ കെ.എസ്.ആർ.ടി.സി.-യുടെ മോശം സാമ്പത്തിക സാഹചര്യത്തിൽ കഴിയുന്നില്ല. 11.30-ന് പഴയങ്ങാടി വഴി കാഞ്ഞങ്ങാട് വരെ പോയിരുന്ന സർവ്വീസ്, ജീവനക്കാരെ പുനഃക്രമീകരിച്ച് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

269 (1824) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. നടത്തിയിരുന്ന സർവ്വീസുകളിൽ കോവിഡ് സാഹചര്യംമൂലം നിർത്തലാക്കിയവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കോവിഡ് സാഹചര്യമൂലം നിർത്തലാക്കിയ സർവ്വീസുകൾ ചുവടെ ചേർക്കുന്നു.

1. 14.30 ചങ്ങനാശ്ശേരി - വേളാങ്കണ്ണി
2. 07.15 ചങ്ങനാശ്ശേരി - പഴനി
3. 18.50 ചങ്ങനാശ്ശേരി - പഴനി
4. 14.10 ചങ്ങനാശ്ശേരി - ആലപ്പുഴ
5. 06.30 ചങ്ങനാശ്ശേരി - എടത്വാ
6. 06.20 ചങ്ങനാശ്ശേരി - കട്ടപ്പന
7. 05.00 ചങ്ങനാശ്ശേരി - ഏറ്റുമാനൂർ
8. 05.15 ചങ്ങനാശ്ശേരി - ഏറ്റുമാനൂർ
9. 05.45 ചങ്ങനാശ്ശേരി - ഏറ്റുമാനൂർ
10. 06.40 ചങ്ങനാശ്ശേരി - ഏറ്റുമാനൂർ

(ബി) ഇവയിൽ ഏതെല്ലാം സർവ്വീസുകൾ പുനരാരംഭിച്ചുവെന്നും ബാക്കിയുള്ളവ പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

പുനരാരംഭിച്ച സർവ്വീസുകൾ

1. 14.30 ചങ്ങനാശ്ശേരി - വേളാങ്കണ്ണി
2. 07.15 ചങ്ങനാശ്ശേരി - പഴനി

എ.സി. റോഡ് നവീകരണം നടക്കുന്നതിനാൽ ബാക്കിയുള്ള സർവ്വീസുകൾ പുനരാരംഭിച്ചിട്ടില്ല. ഇത് പരിഹരിക്കുന്നമുറയ്ക്ക് സർവ്വീസുകൾ പുനരാരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത മണ്ഡലത്തിലൂടെ പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

06.45 ചങ്ങനാശ്ശേരി - കണ്ണൂർ എന്ന പുതിയ സർവ്വീസ് തുടങ്ങിയിട്ടുണ്ട്.

**കോന്നി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ നിർമ്മാണം**

270 (1825) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് എന്ന് പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; നിലവിലെ നിർമ്മാണപുരോഗതി വിശദമാക്കാമോ?

2013-14 നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച മൂന്ന് കോടി രൂപ ഉപയോഗിച്ച് കോന്നി ബസ് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ചില ഫിനിഷിംഗ് ജോലികൾ ഒഴികെ പൂർത്തിയായിട്ടുണ്ട്. ഗ്യാരേജിന്റെ ഫിനിഷിംഗ് ജോലികൾ, വൈദ്യുതീകരണം ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തിയായി. യാർഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി KSRTC- യുടെ Project Management Consultancy ആയ M/s. HLL Lifecare Ltd-ന് പ്രവൃത്തി ചെയ്യുന്നതിന് 6-5-2021 തീയതിയായി 1,45,30,893 രൂപയുടെ ഭരണാനുമതി നൽകി നിലവിൽ യാർഡിന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. യാർഡ് രൂപീകരണം, യാർഡ് കോൺക്രീറ്റിന് മുൻപുള്ള അടിസ്ഥാനപ്രവർത്തനങ്ങൾ (metaling), Drainage തുടങ്ങിയ പ്രവൃത്തികൾ പൂർത്തിയായി വരുന്നു. ബസ് സ്റ്റേഷന് ഉള്ളിലേയ്ക്കുകയറുന്ന റോഡിന്റെ retaining wall നിർമ്മാണ പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. 17-6-2022-ന് കോന്നി യാർഡ് നിർമ്മാണ പ്രവർത്തനം സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ KSRTC ഉദ്യോഗസ്ഥർ, നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുത്തുനടത്തുന്ന പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടന്റായ M/s. HLL Lifecare Ltd-ന്റെ ഉദ്യോഗസ്ഥർ എന്നിവരുമായി യോഗം ചേരുകയും എം.എൽ.എ. പ്രവൃത്തികൾ സംബന്ധിച്ച്

നൽകിയ നിർദ്ദേശങ്ങൾക്കൂടി പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചു വരികയുമാണ്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കോന്നി ഓപ്പറേറ്റിംഗ് സ്റ്റേഷനിൽ കോവിഡിനുമുമ്പ് എത്ര ബസ് സർവ്വീസുകളുണ്ടായിരുന്നെന്ന് വെളിപ്പെടുത്താമോ?

കോന്നി ഓപ്പറേറ്റിംഗ് സ്റ്റേഷനിൽ കോവിഡിനുമുമ്പ് 17 ബസ് സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു.

(സി) നിലവിൽ പ്രസ്തുത ഓപ്പറേറ്റിംഗ് സ്റ്റേഷനിൽ എത്ര ബസ് സർവ്വീസുകളും ജീവനക്കാരും ഉണ്ടെന്ന് അറിയിക്കാമോ?

9 ബസ് സർവീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. നിലവിൽ പ്രസ്തുത ഓപ്പറേറ്റിംഗ് സെന്ററിൽ 44 ജീവനക്കാരുണ്ട്. തസ്തിക തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കണ്ടക്ടർ | 19 |
| ഡ്രൈവർ | 20 |
| ഇൻസ്പെക്ടർ | 1 |
| സ്റ്റേഷൻ മാസ്റ്റർ | 1 |
| ചാർജ്ജ്മാൻ | 1 |
| ജൂനിയർ അസിസ്റ്റന്റ് | 1 |
| സെക്യൂരിറ്റി ഗാർഡ് | 1 |

(ഡി) പ്രസ്തുത ഓപ്പറേറ്റിംഗ് സ്റ്റേഷനിൽനിന്നും നിലവിലുണ്ടായിരുന്ന ബസ് സർവ്വീസുകൾ എന്നത്തേയ്ക്ക് പുനരാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

നിർത്തലാക്കിയ സർവ്വീസുകളുടെ ലാഭകരമായതും ജനങ്ങൾക്ക് ഉപകാരപ്രദമായ ട്രിപ്പുകൾ പുനഃക്രമീകരിച്ച് മറ്റ് സർവ്വീസുകളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. നഷ്ടത്തിൽ ഓടിയിരുന്നതും ഡീസൽ ചെലവിനുള്ള തുകപോലും ലഭ്യമാകാത്തതും പ്രവർത്തന ചെലവുപോലും ലഭിക്കാത്ത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ അത്തരം സർവ്വീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിലുൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിനും ജനോപകാരപ്രദമായി ആരംഭിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ എത്രയുംവേഗം ആരംഭിക്കാൻ കഴിയും.

## കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ അനുവദിക്കാൻ നടപടി

271 (1826) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം - പള്ളിക്കത്തോട്, കോട്ടയം - കറുകച്ചാൽ - മണിമല, കറുകച്ചാൽ - കുളത്തൂർമൂഴി റൂട്ടുകളിൽ എത്ര കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ലോക്ക്ഡൗണിനുമുമ്പ് ഉണ്ടായിരുന്നെന്ന് അറിയിക്കുമോ?

കോട്ടയം - പള്ളിക്കത്തോട്, കോട്ടയം - കറുകച്ചാൽ - മണിമല, കറുകച്ചാൽ - കുളത്തൂർമൂഴി റൂട്ടുകളിൽ ഒരു കെ.എസ്.ആർ.ടി.സി. സർവ്വീസ് ലോക്ക് ഡൗണിന് മുമ്പ് ഓപ്പറേറ്റ് ചെയ്തിരുന്നു.

(ബി) അവയിൽ എത്ര എണ്ണം നിലവിലുണ്ടെന്ന് അറിയിക്കാമോ?

ഒരു സർവ്വീസ് നിലവിലുണ്ട്.

(സി) പ്രസ്തുത റൂട്ടുകളിൽ യാത്രാക്ലേശം പരിഹരിക്കുന്നതിന് ഓരോ കെ.എസ്.ആർ.ടി.സി. സർവ്വീസ് വീതമെങ്കിലും ആരംഭിക്കാൻ നടപടി സ്വീകരിക്കാമോ?

നിലവിൽ ഒരു സർവ്വീസ് പ്രസ്തുത റൂട്ടുകളിൽ ഓപ്പറേറ്റ് ചെയ്തുവരുന്നു. നഷ്ടത്തിലോടിയിരുന്നതും ഡീസൽ ചെലവിനുള്ള തുകപോലും ലഭ്യമാകാത്തതും പ്രവർത്തന ചെലവുപോലും ലഭിക്കാത്ത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ സാമ്പത്തികസ്ഥിതിയിൽ കഴിയാത്തതിനാൽ അത്തരം സർവ്വീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിലുൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ പുതിയ സർവ്വീസുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിനും പദ്ധതി നടപ്പാക്കിവരുന്നു. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ എത്രയും വേഗം ആരംഭിക്കാൻ കഴിയും.

## കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൺസഷൻ അനുവദിക്കുന്നതിനുള്ള നടപടി

272 (1827) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ദ്വീപ് സമൂഹമായ കടമക്കുടി ഗ്രാമപഞ്ചായത്തിലെ ചെറിയ കടമക്കുടി, പിഴല, മൂലമ്പിള്ളി തുടങ്ങിയ പ്രദേശങ്ങളിൽനിന്നും വല്ലാർപാടം കണ്ടെയ്നർ റോഡുവഴി എറണാകുളം നഗരത്തിലെയും സമീപപ്രദേശങ്ങളിലെയും വിദ്യാലയങ്ങളിലേയ്ക്ക് പോകുന്ന

കെ.എസ്.ആർ.ടി.സി. ബസ്സുകളെ മാത്രം ആശ്രയിക്കുന്ന വിദ്യാർത്ഥികൾക്ക് ലഭ്യമായിക്കൊണ്ടിരുന്ന കൺസഷൻ നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) വൈപ്പിൻ മണ്ഡലത്തിലെ ദ്വീപ് സമൂഹമായ കടമക്കുടി ഗ്രാമപഞ്ചായത്തിലെ, ചെറിയ കടമക്കുടി, പിഴല, മൂലമ്പിള്ളി തുടങ്ങിയ പ്രദേശങ്ങളിൽനിന്നും വല്ലാർപാടം കണ്ടെയ്നർ റോഡുവഴി എറണാകുളം നഗരത്തിലെയും സമീപ പ്രദേശങ്ങളിലെയും വിദ്യാലയങ്ങളിൽ പോകുന്ന വിദ്യാർത്ഥികൾക്ക്, കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ 2022 ആഗസ്റ്റ് മാസം മുതൽ കൺസഷൻ അനുവദിച്ചുനൽകിയിട്ടുണ്ട്.

## മാവേലിക്കര ഡിപ്പോ കോൺക്രീറ്റ് ചെയ്യുന്നതിനുള്ള നടപടി

273 (1828) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ കുഴികൾ രൂപപ്പെട്ട് വെള്ളക്കെട്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഡിപ്പോ കോൺക്രീറ്റ് ചെയ്ത് വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

മാവേലിക്കര ബസ് സ്റ്റേഷനിലെ യാർഡ് തകർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക പ്രതിസന്ധിമൂലം തനത് ഫണ്ടിലുൾപ്പെടുത്തി യാർഡ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി നിർവ്വഹിക്കുന്നതിന് ഇപ്പോൾ നിർവ്വാഹമില്ലാത്തതാണ്.

## ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ

274 (1829) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രാഫിക് നിയമലംഘനങ്ങൾ കണ്ടുപിടിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് എത്ര ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകളാണ് സ്ഥാപിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കാമോ?

'സേഫ് കേരള' പ്രോജക്ടിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം 700 ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. കെൽട്രോണിനെയാണ് ഇതിന്റെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി, BOOT Annuity മോഡലിൽ, നിയമിച്ചിട്ടുള്ളത്. പ്രസ്തുത ക്യാമറകളുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി) പ്രസ്തുത ക്യാമറകൾ സ്ഥാപിക്കുന്നതിനുമുമ്പ് ഇതുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിന് എന്തെല്ലാം ബോധവത്കരണങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

'സേഫ് കേരള' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുടനീളം സ്ഥാപിക്കുന്ന ക്യാമറകൾ പൊതുനിരത്തുകളിലെ ഗതാഗത നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനുദ്ദേശിച്ചിട്ടുള്ളതാണ്. പ്രസ്തുത ക്യാമറകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ 'നിങ്ങൾ ക്യാമറ നിരീക്ഷിണത്തിലാണ്' എന്ന സൂചനാ ബോർഡ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത ക്യാമറകൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലങ്ങളിൽ വാഹനങ്ങളുടെ വേഗപരിധി നിശ്ചയിച്ചുകൊണ്ടുള്ള ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറവഴി വേഗപരിധി ലംഘനം കണ്ടെത്തുന്നില്ല. മറ്റ് ഗതാഗത നിയമലംഘനങ്ങളാണ് ഇത്തരം ക്യാമറകൾ വഴി കണ്ടെത്തുന്നത്. ആയതിന് സൂചനാ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത ക്യാമറകളുടെ സഹായത്തോടെ പിടിക്കപ്പെടുന്ന ട്രാഫിക് നിയമലംഘനങ്ങളിൽ ഏതൊക്കെ ഇനങ്ങൾക്ക്, എത്ര രൂപ വീതം പിഴകളാണ് ഈടാക്കുന്നതെന്നതെന്ന് അറിയിക്കാമോ?

ഹെൽമറ്റ് ധരിക്കാതിരിക്കുക, ഇരുചക്ര വാഹനത്തിൽ രണ്ടുപേരിലധികം യാത്ര ചെയ്യുക, സീറ്റ് ബെൽറ്റ് ധരിക്കാതിരിക്കുക, മൊബൈൽ ഫോൺ ഉപയോഗിച്ച് വാഹനമോടിക്കുക, നിയമപ്രകാരമല്ലാത്ത നമ്പർ പ്ലേറ്റ് പ്രദർശിപ്പിച്ച് വാഹനമോടിക്കുക എന്നിവയാണ് പ്രസ്തുത ക്യാമറകളുടെ സഹായത്തോടെ കണ്ടെത്തുന്ന ട്രാഫിക് നിയമലംഘനങ്ങൾ.

ഹെൽമറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ധരിക്കാത്തതിന് 500 രൂപ വീതവും ഇരുചക്ര വാഹനത്തിൽ രണ്ടുപേരിലധികം യാത്രചെയ്യുന്നത് 1000 രൂപയും വാഹനം ഓടിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിന് 2000 രൂപയും നിയമപ്രകാരമല്ലാത്ത നമ്പർ പ്ലേറ്റ് പ്രദർശിപ്പിച്ച് വാഹനമോടിക്കുന്നതിന് 2000 മുതൽ 5000 രൂപ വരെയും പിഴ ഈടാക്കിവരുന്നു.

(ഇ) പ്രസ്തുത ക്യാമറകൾ സ്ഥാപിക്കുന്നതിന് സർക്കാർ എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ക്യാമറകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് Project Management Consultant ആയി കെൽട്രോണിനെയാണ് നിയമിച്ചിട്ടുള്ളത്. പ്രസ്തുത ക്യാമറകൾ

പ്രവർത്തനക്ഷമമായതിനുശേഷം മാത്രമേ കെൽട്രോണിന് തുക അനുവദിക്കുകയുള്ളൂ. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ സ്ഥാപിക്കുന്നതിനായി നിലവിൽ തുക ചെലവഴിച്ചിട്ടില്ല.

**കാട്ടാക്കട മേഖലയിലുള്ള യാത്രാക്ലേശം പരിഹരിക്കുന്നതിനായി നടപടി**

275 (1830) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മേഖലയിൽ യാത്രാക്ലേശം രൂക്ഷമായി കൊണ്ടിരിക്കുകയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാനായി വേണ്ട നടപടികൾ സ്വീകരിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോവിഡ് മഹാമാരിയെത്തുടർന്ന് കെ.എസ്.ആർ.ടി.സി.-യെ ആശ്രയിക്കുന്ന യാത്രക്കാരുടെ എണ്ണത്തിൽ വളരെയധികം കുറവുണ്ടായിട്ടുണ്ട്. നിലവിൽ കാട്ടാക്കട ഡിപ്പോയിൽനിന്നും എല്ലാ റൂട്ടുകളിലേയ്ക്കും ബസ് ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ചില ഒറ്റപ്പെട്ട മേഖലകളിലേയ്ക്ക് നിലവിലെ കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതിയിൽ കടുത്ത നഷ്ടം സഹിച്ച് ഓപ്പറേറ്റ് ചെയ്യാൻ കഴിയാത്ത സാഹചര്യമുണ്ട്. ടി മേഖലയിലെ ജനങ്ങൾക്ക് യാത്രാ സൗകര്യം നൽകാൻ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ എത്രയും വേഗം ഗ്രാമവണ്ടി സർവ്വീസുകൾ ആരംഭിക്കാവുന്നതാണ്.

(ബി) കാട്ടാക്കടനിന്നും മേലാരിയോട്-വണ്ടന്നൂർ വഴിയുള്ള ബസ് സർവ്വീസ് കാട്ടാക്കടനിന്നും കുരുതംകോട് വഴിയുള്ള ബസ് സർവ്വീസ് പുനഃസ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ?

കാട്ടാക്കടനിന്നും കുരുതംകോട് വഴിയുള്ള ബസ് സർവ്വീസ് രാവിലെ 06.00 മണിക്കും വൈകുന്നേരം 06.30 മണിക്കുമിടയിൽ 8 ട്രിപ്പുകൾ പുനഃസ്ഥാപിച്ചിട്ടുണ്ട്. മറ്റുള്ള ഓപ്പറേറ്റിംഗ് ചെലവ് ലഭിക്കുന്ന ട്രിപ്പുകൾ മറ്റ് സർവ്വീസിൽ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ഗ്രാമവണ്ടികൾ ആരംഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറായാൽ സാമ്പത്തികലാഭം നോക്കാതെ സർവ്വീസുകൾ നടത്താൻ കഴിയുന്നതാണ്.

**ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റിയ സേവനങ്ങൾ**

276 (1831) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റിയ സേവനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇനി ഏതെല്ലാം സേവനങ്ങളാണ് ഓൺലൈൻ പ്ലാറ്റ്ഫോമിലേയ്ക്ക് മാറാനുള്ളതെന്ന് വ്യക്തമാക്കുമോ?

മോട്ടോർ വാഹന വകുപ്പിൽ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റിയ 83 സേവനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* സ്റ്റേജ് ക്യാരിയേജുകളുടെ പെർമിറ്റ് സംബന്ധമായ സേവനങ്ങൾ, വാഹന പരിശോധന (ഫിറ്റ്നസ് സർട്ടിഫിക്കറ്റ് / രജിസ്ട്രേഷൻ പുതുക്കൽ), വാഹനം ഓടിക്കുന്നതിനുള്ള കഴിവ് പരിശോധിക്കൽ (പുതിയ ഡ്രൈവിംഗ് ടെസ്റ്റ്/ഒരുവർഷത്തിലധികമായി കാലാവധി നഷ്ടപ്പെട്ട ലൈസൻസ് പുതുക്കൽ മുതലായവ), ടാക്സ് ഇളവുകളുടെ ഒഴിവാക്കലുകൾ, കുടിക്കാഴ്ച ആവശ്യമുള്ള അനന്തരാവാകാശ കൈമാറ്റലുകൾ, കോടതി വ്യവഹാരങ്ങളിന്മേലുള്ള അനന്തര നടപടികൾ എന്നിവയാണ് ഓൺലൈൻ സംവിധാനത്തിലേയ്ക്ക് ഇനിയും മാറാനുള്ള സേവനങ്ങൾ.

(ബി) മോട്ടോർ വാഹന വകുപ്പിലെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

മോട്ടോർ വാഹന വകുപ്പിലെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിന്റെ ഭാഗമായി പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ ഓൺലൈൻ സംവിധാനത്തിലൂടെ നടത്തിവരുന്നു. നിലവിൽ, Change of address in RC, Hypothecation addition, Hypothecation termination, Issue to Duplicate RC, Issue of NOC, Transfer of ownership എന്നീ സേവനങ്ങൾക്ക് ഫേസ്‌ലെസ്സ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. മറ്റ് സേവനങ്ങൾക്കും ഈ തരത്തിലുള്ള ഫേസ്‌ലെസ്സ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. VAHAN CITIZEN SERVICES വഴിയാണ് ഇത് തയ്യാറാക്കുന്നത്.

മുൻകൂർ വാഹന പരിശോധന ഒഴികെയുള്ള സേവനങ്ങൾ കഴിയുന്നത്ര ഓൺലൈനായി പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ പരിഷ്കരിക്കാനുള്ള ശ്രമം നടത്തിവരുന്നു.

ഓൺലൈൻ സംവിധാനത്തിലേയ്ക്ക് പൂർണ്ണമായും മാറിയ സാഹചര്യത്തിൽ ലോകത്ത് ഏതുഭാഗത്തുനിന്നും ലൈസൻസ് പുതുക്കൽ, ഇന്റർനാഷണൽ ഡ്രൈവിംഗ് പെർമിറ്റെടുക്കലും പുതുക്കലും എന്നിവ ചെയ്യാൻ സാധിക്കുന്നുണ്ട്. നിലവിൽ, BNPL (BOOK NOW PAY LATER) എന്ന സംവിധാനത്തിലൂടെ കമ്പ്യൂട്ടർ അധിഷ്ഠിതമായി, സ്പീഡ് പോസ്റ്റ് മുഖേന, മാത്രമാണ് ഡ്രൈവിംഗ് ലൈസൻസ്, ആർ.സി. എന്നിവ അയച്ചുവരുന്നത്.

**പാലക്കാട് ജില്ലയിലെ ആർ.ടി. ഓഫീസുകളിൽ ഒഴിവുകൾ നികത്തുന്നതിന് നടപടി**

277 (1832) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ആർ.ടി. ഓഫീസുകളിൽ നിലവിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവുകളുണ്ടെന്ന് വിശദമാക്കാമോ?

<u>റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, പാലക്കാട്</u>

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡ്രൈവർ - 1

ഓഫീസ് അറ്റൻഡന്റ് - 2

സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, മണ്ണാർക്കാട്

ഹെഡ് ക്ലാർക്ക് - 2

സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, പട്ടാമ്പി

ഹെഡ് ക്ലാർക്ക് - 1

(ബി) പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

**ഡിജിറ്റൽ ലക്സ് മീറ്റർ ഉപയോഗിച്ചുള്ള പരിശോധന**

278 (1833) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളിലെ തീവ്രപ്രകാശമുള്ള ഹെഡ്‌ലൈറ്റുകൾ അപകടങ്ങൾക്ക് കാരണമാകുന്നുവെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വാഹനങ്ങളിൽ തീവ്രപ്രകാശമുള്ള ഹെഡ്‌ലൈറ്റുകൾ അപകടങ്ങൾക്ക് കാരണമാകുന്നുവെന്ന വസ്തുത പരിശോധിക്കുകയും ഇത്തരത്തിലുള്ള നിയമലംഘനങ്ങൾ കണ്ടെത്തി തടയുന്നതിനായി മോട്ടോർ വാഹന വകുപ്പ് 4-4-2022 മുതൽ 13-4-2022 വരെ 'ഓപ്പറേഷൻ ഫോക്കസ്' എന്ന പേരിൽ ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുകയും ചെയ്തിട്ടുണ്ട്. തുടർന്നും ഇത്തരം പരിശോധനകൾ മോട്ടോർ വാഹന വകുപ്പ് നടത്തുന്നതാണ്.

(ബി) എങ്കിൽ ഇത്തരം ലൈറ്റുകളുടെ തീവ്രത തിട്ടപ്പെടുത്തുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ;

(സി) അപകടങ്ങൾ കുറയ്ക്കുന്നതിനായി ഡിജിറ്റൽ ലക്സ് മീറ്റർ ഉപയോഗിച്ചുള്ള പരിശോധനകൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) നിലവിലുണ്ട്. തീവ്രപ്രകാശമുള്ള ഹെഡ്‌ലൈറ്റുകൾ ഉപയോഗിക്കുന്നതുമൂലം അപകടങ്ങൾ സംഭവിക്കുന്നത് ഒഴിവാക്കാൻ ഡിജിറ്റൽ ലക്സ് മീറ്ററുകൾ ഉപയോഗിച്ച് പരിശോധനകൾ നടത്തിവരുന്നുണ്ട്.

(ഡി) നിലവിൽ മോട്ടോർ വാഹന വകുപ്പിനുകീഴിൽ എത്ര ഡിജിറ്റൽ ലക്സ് മീറ്റർ ഉപയോഗിച്ചുവരുന്നുണ്ട്; ആയതിന് എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഏത് കമ്പനിയിൽ നിന്നാണ് പ്രസ്തുത മീറ്ററുകൾ വാങ്ങിയത്; വിശദമാക്കാമോ?

നിലവിൽ മോട്ടോർ വാഹന വകുപ്പിനുകീഴിൽ 40 ലക്സ് മീറ്റർ ഉപയോഗിച്ച് വരുന്നുണ്ട്. ആയതിന് 3,77,600 രൂപ (മൂന്നുലക്ഷത്തി എഴുപത്തിയേഴായിരത്തി അറുന്നൂറ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. ലക്സ് മീറ്ററുകൾ M/s. Medical Sensors India Private Ltd, Bangalore, എന്ന കമ്പനിയിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്.

**പാലക്കാട് പന്നിയങ്കര ടോൾ നിരക്ക് കുറയ്ക്കുന്നതിനുള്ള നടപടി**

279 (1834) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് പന്നിയങ്കര ടോൾ പ്ലാസയിൽ സർക്കാർ/സ്വകാര്യ ബസ്സുകൾക്ക് ഉയർന്ന ടോൾ നിരക്ക് ഈടാക്കി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പന്നിയങ്കര ടോൾ പ്ലാസയിൽ 2008-ലെ NH Fee Rules (Determination of rates and collection) പ്രകാരമാണ് ടോൾ ഈടാക്കി വരുന്നതെന്ന് NHAI അറിയിക്കുന്നു. NHAI നിലവിലെ കേന്ദ്ര ഗവൺമെന്റ് Norms പ്രകാരമാണ് User Fee ഈടാക്കിവരുന്നത്.

**പാറശ്ശാല മണ്ഡലത്തിൽ റോഡ് സേഫ്റ്റി ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തികൾ**

280 (1835) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡ് സേഫ്റ്റി ഫണ്ട് വിനിയോഗിച്ച് പാറശ്ശാല മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

മണ്ഡലാടിസ്ഥാനത്തിൽ മാത്രമായി റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് പ്രവർത്തനങ്ങളൊന്നും നടത്തുന്നില്ല. പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ആരോഗ്യ വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, നാറ്റ്പാക്ക് തുടങ്ങിയ സ്റ്റേക്ക് ഹോൾഡിംഗ് വകുപ്പുകളും 14 ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളും ലഭ്യമാക്കുന്ന പ്രൊപ്പോസലുകൾക്കാണ് റോഡ് സുരക്ഷാഫണ്ട് അനുവദിക്കുന്നത്.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഓരോന്നിനും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) അനുവദിച്ച പ്രവൃത്തികളിൽ പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്ന് വിശദമാക്കാമോ?

(ബി&സി) ബാധകമല്ല.

**മോട്ടോർവാഹന നിയമ ലംഘനംമൂലം രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകൾ**

281 (1836) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷക്കാലയളവിൽ വയനാട് ജില്ലയിൽ മോട്ടോർ വാഹന നിയമലംഘനത്തിന് എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വയനാട് ജില്ലയിൽ കഴിഞ്ഞ ഒരു വർഷക്കാലയളവിൽ മോട്ടോർ വാഹന നിയമലംഘനത്തിന് 10354 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത വർഷക്കാലയളവിൽ വയനാട് ജില്ലയിൽ എത്ര രൂപയാണ് പിഴയായി ഈടാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത വർഷക്കാലയളവിൽ വയനാട് ജില്ലയിൽ മോട്ടോർ വാഹന നിയമലംഘനവുമായി ബന്ധപ്പെട്ട് 1,29,61,604 രൂപ (ഒരു കോടി ഇരുപത്തിയൊൻപത് ലക്ഷത്തി അറുപത്തിയൊന്നായിരത്തി അറന്നൂറ്റിനാല് രൂപ മാത്രം) പിഴയായി ഈടാക്കിയിട്ടുണ്ട്.

(സി) ഏറ്റവും കൂടുതൽ നിയമലംഘനം നടത്തിയിട്ടുള്ളത് ഏത് തരം വാഹനങ്ങളാണെന്നത് അറിയിക്കാമോ?

ഇരുചക്ര വാഹനങ്ങളാണ് വയനാട് ജില്ലയിൽ കൂടുതൽ നിയമലംഘനങ്ങൾ നടത്തിയിട്ടുള്ളത്.

**സേഫ് കേരള പദ്ധതിയുടെ ലക്ഷ്യങ്ങൾ**

282 (1837) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന സേഫ് കേരള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

സേഫ് കേരള പദ്ധതി പ്രവർത്തനക്ഷമമാക്കുന്ന പ്രക്രിയ അന്തിമഘട്ടത്തിലാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

1. റോഡ് സുരക്ഷ ഉറപ്പുവരുത്തുക.

2. റോഡപകടങ്ങളും അതുമൂലമുണ്ടാകുന്ന മരണനിരക്കും ഗണ്യമായി കുറയ്ക്കുക.

3. സുരക്ഷിതമായ റോഡ് ഉപയോഗത്തെപ്പറ്റിയും അപകടങ്ങളെക്കുറിച്ചും വാഹന ഉപഭോക്താക്കൾക്കും പൊതുജനങ്ങൾക്കും ബോധവൽക്കരണം നടത്തുക.

4. ട്രാഫിക് നിയമ ലംഘനങ്ങൾക്കെതിരെ മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന പ്രകാരം ശക്തമായ നടപടികൾ സ്വീകരിക്കുക.

5. അപകട മേഖലകൾ കണ്ടെത്തി സുരക്ഷ ഉറപ്പുവരുത്തുക.

## സന്നദ്ധ സംഘടനകൾ സംഭാവന നൽകിയ ആംബുലൻസിന്റെ രജിസ്ട്രേഷൻ നടപടി

283 (1838) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗേൾസ് സ്കൗട്ട് വെസ്റ്റേൺ വാഷിംഗ്ടണും ആർട്സ് ഫോർ അസിസ്റ്റൻസ് എന്ന ചാരിറ്റി സംഘടനയും വാമനപുരം മണ്ഡലത്തിലെ കല്ലറ ഗ്രാമപഞ്ചായത്തിന് സംഭാവനയായി നൽകിയ ആംബുലൻസിന്റെ രജിസ്ട്രേഷൻ നടപടിക്കുള്ള പ്രത്യേക അനുമതിക്കായി ഗതാഗത വകുപ്പുമന്ത്രിക്ക് വാമനപുരം എം.എൽ.എ. മുഖാന്തരം ഗ്രാമപഞ്ചായത്ത് അധികൃതർ 20-4-2022-ൽ നൽകിയ കത്തിന്മേൽ (No.Vpm/MLA/1000/2022) സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ?

കല്ലറ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷയിലെ രേഖകൾപ്രകാരം വാഹനത്തിന്റെ Temporary Registration മോട്ടോർ ക്യാബ് ആയാണ് എടുത്തിരിക്കുന്നത്. എന്നാൽ ഫോം 20, 21 എന്നിവയിൽ ആംബുലൻസ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വാഹന ഡാറ്റാ ബേസിലെ Homologation type approval certificate പ്രകാരം വാഹനം Rigid Passenger Vehicle ആണ്. ഇതുകൂടാതെ Form 22A പ്രകാരം വാഹനം ആംബുലൻസായി ബോഡി ഫാബ്രിക്കേറ്റ് ചെയ്തതായി certify ചെയ്തിട്ടുണ്ട്. വാഹനം നിയമാനുസൃതമല്ലാതെ

തരംമാറ്റിയിട്ടുള്ളതായതിനാൽ ടി വാഹനം ആംബുലൻസായി രജിസ്റ്റർ ചെയ്യാൻ അനുവദിക്കാനാവില്ലെന്ന് അറിയിച്ചുകൊണ്ട് കല്ലറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് ഗതാഗത കമ്മീഷണർ മറുപടി നൽകിയിട്ടുണ്ട്.

**വാഹൻ സോഫ്റ്റ്‌വെയറിലെ സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിന് നടപടി**

284 (1839) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ ഓൺലൈൻ പുക പരിശോധനാ സർട്ടിഫിക്കറ്റുകൾ ഓൺലൈൻവഴി പരിശോധിച്ച് ആധികാരികത ഉറപ്പുവരുത്തുന്നതിന് നിലവിലെ വാഹൻ സോഫ്റ്റ്‌വെയറിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇവ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) സാങ്കേതിക തടസ്സങ്ങൾ നിലനിൽക്കുന്നില്ല. PUC സർട്ടിഫിക്കറ്റുകളുടെ ആധികാരികത വാഹൻ PUCC- Module വഴി നിലവിൽ പരിശോധിക്കാൻ കഴിയുന്നതാണ്. എന്നാൽ തെറ്റായ പുകപരിശോധനാ ഫലങ്ങൾ വാഹൻ പുക പരിശോധനാ കേന്ദ്രങ്ങൾവഴി നൽകിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തെറ്റായ പുക പരിശോധനാ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്ന പുക പരിശോധനാ കേന്ദ്രങ്ങൾക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു.

(സി) പുതിയതായി പുക പരിശോധനാ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും എന്നു മുതലാണ് ഇവ നിലവിൽ വന്നതെന്നും അറിയിക്കാമോ?

15-2-1996-ലെ G.O.(Rt.) No.48/1996/PW&T ഉത്തരവുപ്രകാരമാണ് പുക പരിശോധനാ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ഡി) പ്രസ്തുത മാനദണ്ഡങ്ങൾ പരിഷ്കരിക്കാൻ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

15-2-1996-ലെ G.O.(Rt.) No.48/1996/PW&T ഉത്തരവുപ്രകാരം പുക പരിശോധനാ കേന്ദ്രങ്ങൾ അനുവദിക്കുമ്പോൾ ദൂരപരിധി നിഷ്കർഷിച്ചിരുന്നില്ല. ആയതിനാൽ പുക പരിശോധനാ കേന്ദ്രങ്ങൾ അനുവദിക്കുമ്പോൾ അവ തമ്മിൽ 2 കി.മീറ്റർ ദൂരപരിധി വേണമെന്ന് നിഷ്കർഷിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരികയാണ്.

## ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ

285 (1840) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുമായി നടത്തി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്?

10-3-2019-ലെ ജി.ഒ. (എംഎസ്.) നമ്പർ 24/2019/ട്രാൻസ്. പ്രകാരം, 'ഇലക്ട്രിക്ക് വെഹിക്കിൾ പോളിസി' (വൈദ്യുത വാഹന നയം) രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വാഹനങ്ങളുടെ രജിസ്ട്രേഷൻ ഫീസ്, നികുതി, പെർമിറ്റ് എന്നിവയിൽ ഇളവ് അനുവദിക്കുകയും 15 വർഷം കഴിഞ്ഞ ഡീസൽ ഓട്ടോറിക്ഷകളുടെ ഉപയോഗം നിരോധിക്കുകയും ചെയ്തിട്ടുണ്ട്. ഇലക്ട്രിക് ഓട്ടോറിക്ഷകളുടെ ഉടമകൾക്ക് 30,000 രൂപ വരെ (മുപ്പതിനായിരം രൂപ മാത്രം) സബ്സിഡി അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ ഡീസൽ വാഹനങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനായി പുതിയ ഡീസൽ വാഹനങ്ങൾക്ക് ഹരിത നികുതി ഏർപ്പെടുത്തിക്കൊണ്ടും പതിനായിരം ഇ-ഓട്ടോകൾക്ക് ഇൻസെന്റീവ് പ്രഖ്യാപിച്ചുകൊണ്ടുമുള്ള പ്രഖ്യാപനങ്ങൾ 2022-23-ലെ സംസ്ഥാന ബഡ്ജറ്റിലുൾപ്പെടുത്തിയിരുന്നു. ANERT, PWD എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ Solar panelled Charging Stations സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. KTDFC, KSRTC എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് Last Mile Connectivity-യ്ക്കായി 30 ഇലക്ട്രിക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിനുള്ള നടപടിയും പുരോഗമിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് എത്ര ഇലക്ട്രിക് വാഹനങ്ങളാണ് നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ളത്; വാഹനങ്ങളുടെ ഇനം തിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് 34655 ഇലക്ട്രിക് വാഹനങ്ങളാണ് നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ളത്. വാഹനങ്ങളുടെ ഇനം തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**കുട്ടനാട്ടിൽ ബോട്ട് സർവീസ് കാര്യക്ഷമമാക്കാൻ നടപടി**

286 (1841) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ, പ്രത്യേകിച്ച് കൈനകരിയുൾപ്പെടെയുള്ള പ്രദേശങ്ങളിലെ ജനങ്ങൾ വൻതോതിൽ ആശ്രയിക്കുന്ന ബോട്ട് സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടി എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

കുട്ടനാട്ടിൽ അധിവസിക്കുന്ന ജനങ്ങൾക്ക് ചെലവ് കുറഞ്ഞ യാത്രാ മാർഗ്ഗം ഏർപ്പെടുത്തുന്നതിനായി ആലപ്പുഴ, നെടുമുടി, പുളിങ്കുന്ന്, കാവാലം, എടത്വാ, ചങ്ങനാശ്ശേരി എന്നീ സ്റ്റേഷൻ ഓഫീസുകൾ കേന്ദ്രീകരിച്ച് 22 ബോട്ട് സർവ്വീസുകളിലായി ദിനംപ്രതി 110 ട്രിപ്പുകൾ ജലഗതാഗത വകുപ്പ് നടത്തിവരുന്നു. കൂടാതെ ഇന്ത്യയിലെ പ്രഥമസംരംഭമായ വാട്ടർ ടാക്സി ആലപ്പുഴയിലെ മുഹമ്മയിൽനിന്നും സർവ്വീസ് നടത്തിവരുന്നു. എല്ലാവിധ ആധുനിക സൗകര്യങ്ങളോടുകൂടിയ റെസ്ക്യൂ ആൻഡ് 40 ഡൈവ് ബോട്ട്, ആംബുലൻസ് സർവ്വീസ് എന്നിവ 24 മണിക്കൂറും സജ്ജമാക്കിയിട്ടുണ്ട്. നിലവിൽ എല്ലാ സർവ്വീസുകളും മുടക്കമില്ലാതെ നടത്തുന്നുണ്ട്. കൂടുതൽ ബോട്ടുകൾ സർവ്വീസിലുൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കാലപ്പഴക്കംചെന്ന ബോട്ടുകൾ സർവ്വീസിൽനിന്നും പിൻവലിച്ച് അത്യാധുനികരീതിയിലുള്ള ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി തടി ബോട്ടുകൾക്ക് പകരം സ്റ്റീൽ, കാറ്റാമറൈൻ ഫൈബർ ബോട്ടുകൾ വകുപ്പ് ഉപയോഗിച്ചുവരുന്നു. ഇന്ത്യയിലെ പ്രഥമ സംരംഭമായ സോളാർ ബോട്ട് "ആദിത്യ"യുടെ സർവ്വീസ് വിജയകരമായതിനെത്തുടർന്ന് ഇത്തരത്തിലുള്ള സോളാർ ബോട്ടുകളും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ കാറ്റാമറൈൻ ബോട്ടുകളും വെള്ളപ്പൊക്ക സമയത്ത് മറ്റ് ബോട്ടുകൾക്കെത്തിപ്പെടാൻ കഴിയാത്ത സ്ഥലങ്ങളിലെത്തി രക്ഷാപ്രവർത്തനം നടത്തുന്നതിനായി രൂപ കൽപ്പന ചെയ്ത ഡിങ്കി ബോട്ടുകളും കുട്ടനാട് മേഖലയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബോട്ടപകടങ്ങൾ ഒഴിവാക്കുന്നതിനും സുരക്ഷ ഉറപ്പുവരുത്തുന്നതിലേയ്ക്കായി കേരള ഇൻലാൻഡ് വെസൽ റൂൾ 2010 അനുശാസിക്കുന്ന എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും ബോട്ടുകളിൽ പാലിച്ചുവരുന്നു. യാത്രാക്കാർക്കും ജീവനക്കാർക്കുമായി ജീവൻ രക്ഷാ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉപകരണങ്ങളായ ലൈഫ് ജാക്കറ്റുകൾ, ലൈഫ് ബോയ്, ബോയന്റ് അപ്പാരറ്റസ്, ഫയർ എക്സ്റ്റിങ്ക്യൂഷർ എന്നിവ എല്ലാ ബോട്ടുകളിലും സജ്ജീകരിച്ചിട്ടുണ്ട്.

(ബി) ജലഗതാഗത വകുപ്പിന്റെ സർവ്വീസ് ബോട്ടുകൾ കൃത്യമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിനും കാലപ്പഴക്കം ചെന്നവ മാറ്റി പുതിയ ബോട്ടുകൾ നീറ്റിലിറക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

സർവ്വീസ് ബോട്ടുകളുടെ അറ്റകറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ട ഭൗതിക സംവിധാനങ്ങൾ ഡോക്കിൽ ലഭ്യമാണ്. ഏഴ് ബോട്ടുകൾ ഒരേ സമയം കരയ്ക്ക് കയറ്റാനാകുന്ന സ്ലിപ്‌വേ സംവിധാനം, നാല് ബോട്ടുകൾ കയറ്റാനാകുന്ന ഡ്രൈഡോക്ക് സംവിധാനം എന്നിവ റിപ്പയർ വിഭാഗത്തിന് നിലവിലുണ്ട്. ഇവ ഉപയോഗിച്ച് ടി ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നു. കാലപ്പഴക്കംചെന്ന ബോട്ടുകൾ സർവ്വീസിൽനിന്നും പിൻവലിച്ച് അത്യാധുനീകരീതിയിലുള്ള ബോട്ടുകൾ സർവ്വീസിലുൾപ്പെടുത്തുന്നതിന്റെ ഭാഗമായി തടി ബോട്ടുകൾക്കുപകരം സ്റ്റീൽ, കാറ്റാമറൈൻ ഫൈബർ ബോട്ടുകൾ വകുപ്പ് ഉപയോഗിച്ചുവരുന്നു. സോളാർ ബോട്ടുകളും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ കാറ്റാമറൈൻ ബോട്ടുകളും വെള്ളപ്പൊക്ക സമയത്ത് മറ്റ് ബോട്ടുകൾക്കെത്തിപ്പെടാൻ കഴിയാത്ത സ്ഥലങ്ങളിലെത്തി രക്ഷാപ്രവർത്തം നടത്തുന്നതിനായി രൂപ കൽപ്പന ചെയ്ത ഡിങ്കി ബോട്ടുകളും ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ജലഗതാഗതം കൂടുതൽ ജനസൗഹൃദമാക്കുന്നതിനും വിനോദ സഞ്ചാരമുൾപ്പെടെയുള്ള മേഖലയ്ക്ക് സഹായകരമാകുന്നതിനും പുതുതായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

ആലപ്പുഴ ജില്ലയിലെ കനാലുകളുടെ സൗന്ദര്യമാസ്വദിച്ചുകൊണ്ട്, പാതിരാമണൽ ദ്വീപ്, കുമരകം എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനും കുറഞ്ഞ ചെലവിൽ സുരക്ഷിത യാത്ര ഒരുക്കുന്നതിനുമായി ആലപ്പുഴ - കുമരകം റൂട്ടിൽ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള കാറ്റാമറൈൻ ബോട്ടുപയോഗിച്ച് പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് നടത്തിവരുന്നു. ടി ബോട്ടിൽ 40 എ.സി. സീറ്റുകളും 80 നോൺ എ.സി. സീറ്റുകളും ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ ഇന്ത്യയിലെ പ്രഥമ സംരംഭമായ വാട്ടർ ടാക്സി ആലപ്പുഴയിലെ മുഹമ്മയിൽനിന്നും സർവ്വീസ് നടത്തിവരുന്നു. ഇത്തരത്തിൽ ടൂറിസം കേന്ദ്രീകരിച്ച് കൂടുതൽ സർവ്വീസുകൾ നടത്തുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ആധുനിക സൗകര്യങ്ങളോടുകൂടിയ ബോട്ടുകൾ സീ കുട്ടനാട് സർവ്വീസ് നടത്തുന്നതിനായി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 30 പാസഞ്ചർ കപ്പാസിറ്റിയുള്ള സൗരോർജ്ജ ബോട്ടുകൾ കുട്ടനാടിന്റെ വിവിധ പ്രദേശങ്ങളിൽ സർവ്വീസ് നടത്തുന്നതിനായി നിർമ്മാണം പൂർത്തിയായിവരുന്നു.

## ഹെൽത്തി കിഡ്സ് പദ്ധതി

287 (1842) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഹെൽത്തി കിഡ്സ് പദ്ധതിപ്രകാരം നടപ്പിലാക്കിവരുന്ന പ്രവൃത്തികളെ സംബന്ധിച്ചുള്ള വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

കേരള സംസ്ഥാനത്തിലെ കുട്ടികളുടെ കായികവും ബൗദ്ധികവുമായ കഴിവ് വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കായിക യുവജനകാര്യാലയം വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് ഹെൽത്തി കിഡ്സ്. 25 സ്കൂളുകളിലായി കായിക യുവജന കാര്യാലയം നടപ്പിലാക്കിയിരുന്ന പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി 30 സ്കൂളുകളിലേയ്ക്കുകൂടി വ്യാപിപ്പിച്ച് പ്രാഥമികമായി 55 സ്കൂളുകളിൽ ഹെൽത്തി കിഡ്സ് എന്ന പേരിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. കായിക യുവജന കാര്യാലയത്തിനുകീഴിൽ രൂപീകരിച്ച സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന പൊതുമേഖലാ സ്ഥാപനം മുഖേന ഹെൽത്തി കിഡ്സ് പദ്ധതി നടപ്പിലാക്കുന്നതിന് 2,07,65,480 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിനും ഏകോപനത്തിനുമായുള്ള നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിച്ചുവരികയാണ്. പദ്ധതി ഘട്ടംഘട്ടമായി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ നടപ്പിലാക്കുന്ന 25 സെന്ററുകളുടെ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

(ബി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഇ-സ്പോർട്സ് മേഖലയിൽ പരിശീലനം നൽകാൻ സ്പോർട്സ് കേരള ഫൗണ്ടേഷൻ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിവരം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

ഇല്ല.

(സി) സ്വകാര്യ കായിക അക്കാദമികളുടെ വികസനത്തിനായി സർക്കാർ ധനസഹായം ഉറപ്പാക്കാനും സർക്കാർ മേഖലയിൽ സ്വകാര്യ പങ്കാളിത്തത്തോടെ കായിക അക്കാദമികൾ രൂപീകരിക്കാനും എത്ര കോടി രൂപയാണ് ചെലവഴിക്കുന്നതെന്നും സമയബന്ധിതമായി പ്രസ്തുത പദ്ധതികൾ നടപ്പിലാക്കി ധനസഹായം നൽകാനും സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാർ മേഖലയിൽ സ്വകാര്യ പങ്കാളിത്തത്തോടെ കായിക അക്കാദമികൾ രൂപീകരിക്കുന്നതിനുള്ള പദ്ധതിയൊന്നും നിലവിലില്ല. വിവിധ കായിക അക്കാദമികൾക്കും സ്പോർട്സ് അസോസിയേഷനുകൾക്കും ധനസഹായം അനുവദിക്കുന്നതിന് കായിക യുവജന കാര്യാലയത്തിന്റെ ബഡ്ജറ്റ് ശീർഷകത്തിൽ തുക വകയിരുത്താറുണ്ട്. ഇപ്രകാരം വകയിരുത്തുന്ന ഫണ്ടിൽനിന്നും പ്രസ്തുത അസോസിയേഷൻ/അക്കാദമികൾ എന്നിവയിൽനിന്നും പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് ടി സ്ഥാപനങ്ങളുടെ കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ പ്രവർത്തനംകൂടി വിലയിരുത്തി ധനസഹായം അനുവദിക്കാറുണ്ട്.

**കോങ്ങാട് മണ്ഡലത്തിൽ സ്പോർട്സ് വകുപ്പ് നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ**

288 (1843) ശ്രീമതി ശാന്തകുമാരി കെ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് സ്പോർട്സ് വകുപ്പ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) 2021 - 22 സാമ്പത്തിക വർഷം ബജറ്റിൽ ക്രമ നം. 2971 ആയി ഉൾപ്പെട്ട കരിമ്പ പഞ്ചായത്ത് സ്റ്റേഡിയം തദ്ദേശസ്വയംഭരണ വകുപ്പിലാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ പ്രസ്തുത പ്രവൃത്തി കായിക വകുപ്പിലേയ്ക്ക് മാറ്റി ലഭിച്ചതിൻപ്രകാരം പ്രവൃത്തിയുടെ വിശദമായ ലേഔട്ട്, ഭരണാനുമതിക്കായുള്ള ഒരു കോടി രൂപയുടെ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇതുകൂടാതെ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിപ്രകാരം കോങ്ങാട് മണ്ഡലത്തിലെ കാരക്കുറിശ്ശി ഗ്രാമപഞ്ചായത്തിൽ കാരക്കുറിശ്ശി വാർഡ് 9, മുഞ്ഞക്കണ്ണി ശ്മശാനം ഗ്രൗണ്ടിൽ കളിസ്ഥലം നിർമ്മിക്കുന്നതിനായി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**

289 (1844) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുത്തി എത്ര പഞ്ചായത്തുകളിൽ കളിക്കളം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി ജനപ്രതിനിധികളുടെ ശിപാർശ പരിശോധിച്ച് തയ്യാറാക്കിയ പ്രാഥമിക കളിസ്ഥലങ്ങളുടെ ലിസ്റ്റ് അംഗീകരിച്ച് 10-8-2022-ലെ സ.ഉ.(സാധാ)നമ്പർ 204/2022/കാ.യു.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഇടുക്കി ജില്ലയിൽ ഇപ്രകാരം കളിക്കളങ്ങൾ അനുവദിക്കപ്പെട്ട പഞ്ചായത്തുകൾ സംബന്ധിച്ച വിശദാംശം നിയോജകമണ്ഡലം തിരിച്ച് ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തിയ ഇടുക്കി ജില്ലയിലെ പഞ്ചായത്തുകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിയോജകമണ്ഡലം | പഞ്ചായത്ത് |
|---|---|
| ഉടുമ്പൻ ചോല | ഇരട്ടയാർ ഗ്രാമപഞ്ചായത്തിലെ കളിസ്ഥലം |
| ഇടുക്കി | കൊന്നത്തടി ഗ്രാമപഞ്ചായത്തിലെ പാറത്തോട് ഗ്രൗണ്ട് |
| പീരുമേട് | വണ്ടിപെരിയാർ ഗ്രാമപഞ്ചായത്ത് മിനി സ്റ്റേഡിയം |
| ദേവികുളം | പള്ളിവാസൽ ഗ്രാമപഞ്ചായത്തിലെ കളിസ്ഥലം |

(സി) ഈ പദ്ധതി പ്രകാരം കളിക്കളങ്ങൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണെന്നും പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ചുമതല ആർക്കാണെന്നും അറിയിക്കാമോ?

പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയോഗിച്ചും പ്രസ്തുത പദ്ധതി നിർവ്വഹണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് 12-7-2022-ലെ സ.ഉ.(അച്ചടി)നമ്പർ 1/ 2022/കാ.യു.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്*.

(ഡി) ഈ പദ്ധതിയിൽ ഒരു കളിക്കളം നിർമ്മിക്കുന്നതിന് അനുവദിക്കാവുന്ന പരമാവധി തുക, മറ്റ് അനുബന്ധ വിവരങ്ങൾ എന്നിവ ലഭ്യമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലെ ഓരോ പദ്ധതിക്കും ആവശ്യമായി വരുന്ന ഒരു കോടി രൂപയിൽ 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കിവരുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യപ്രതിബദ്ധതാ ഫണ്ട് എന്നിവയിൽനിന്നും പ്രവൃത്തിക്കാവശ്യമായ തുക സമാഹരിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. മറ്റ് അനുബന്ധ വിവരങ്ങൾ പ്രസ്തുത പദ്ധതി നിർവ്വഹണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**മണലൂർ മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**

290 (1845) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് കളിക്കളങ്ങൾ നിർമ്മിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ കളിക്കളങ്ങൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(എ&ബി) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി ജനപ്രതിനിധികളുടെ ശിപാർശ പരിശോധിച്ച് തയ്യാറാക്കിയ പ്രാഥമിക കളിസ്ഥലങ്ങളുടെ ലിസ്റ്റ് അംഗീകരിച്ച് 10-8-2022-ലെ സ.ഉ.(സാധാ)നമ്പർ 204/2022/കാ.യു.വ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ലിസ്റ്റിൽ മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തി പദ്ധതികളുടെ സൂക്ഷ്മ പരിശോധന നടത്തി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കാസർഗോഡ് ജില്ലയിൽ കായിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

291 (1846) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും അതിനായി അനുവദിച്ച തുക എത്രയാണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ&ബി) കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക്

കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനുംവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയായ പ്ലേ ഫോർ ഹെൽത്ത് നിലവിൽ ഹെൽത്തി കിഡ്സ് എന്ന പേരിൽ കാസർഗോഡ് ജില്ലയിലെ കീക്കാംകോട്ട് ഗവ. എൽ.പി. സ്കൂളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാസ് റൂട്ട് ഫുട്ബോൾ പരിശീലന പദ്ധതിയായ കിക്കോഫ് (നിലവിൽ ഗോൾ) നടപ്പിലാക്കുന്നതിന് കാസർഗോഡ് ജില്ലയിലെ ബല്ല ഈസ്റ്റ് ഗവൺമെന്റ് ഹൈസ്കൂൾ, ജി.എഫ്.എച്ച്.എസ്.എസ്, പടന്നക്കടപ്പുറം എന്നീ സ്കൂളുകളെ തെരഞ്ഞെടുക്കുകയും കുട്ടികളുടെ സെലക്ഷൻ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാസ്റൂട്ട് അത്‌ലറ്റിക്സ് പരിശീലന പദ്ധതിയായ സ്പ്രിന്റ് നടപ്പിലാക്കുന്നതിന് കാസർഗോഡ് ജില്ലയിലെ ജി.എച്ച്.എസ്.എസ്. ഉദിനൂർ സ്കൂളിനെ തെരഞ്ഞെടുക്കുകയും കുട്ടികളുടെ സെലക്ഷൻ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി ഓരോ സെന്ററിനും പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല.

എല്ലാവർക്കും "ആരോഗ്യം, ശാരീരികക്ഷമത, സന്തോഷം" എന്ന പ്രാഥമിക ലക്ഷ്യത്തോടെ സർക്കാർ നടപ്പിലാക്കുന്ന ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം" എന്ന പദ്ധതി പ്രകാരം ഓരോ പഞ്ചായത്തിലും മറ്റ് ഗ്രാമപ്രദേശങ്ങളിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചീമേനി ഗ്രാമപഞ്ചായത്ത് ജി.എച്ച്.എസ്.എസ്. ഗ്രൗണ്ട്, മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ മഞ്ചേശ്വരം പഞ്ചായത്ത് സ്റ്റേഡിയം എന്നീ പദ്ധതികളും പ്രാഥമിക ലിസ്റ്റിൽ അംഗീകരിച്ചിട്ടുണ്ട്.

ടൂറിസം വകുപ്പിനുകീഴിൽ 7 ജില്ലകളിൽ ഓപ്പൺ ജിം പദ്ധതി സ്ഥാപിക്കാൻ ഭരണാനുമതി നൽകിയിട്ടുള്ളതിൽ കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് ബീച്ചിനെ ഉൾപ്പെടുത്തിയിട്ടുണ്ട് .

കാസർഗോഡ് ജില്ലയിൽ കിഫ്ബി ധനസഹായത്തോടെ 20.76 കോടി രൂപ ചെലവിൽ നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെയുള്ള 29.32 കോടി രൂപ അടങ്കൽ വരുന്ന തൃക്കരിപ്പൂർ എം.ആർ.സി. കൃഷ്ണൻനായർ സ്റ്റേഡിയത്തിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

തൃക്കരിപ്പൂർ മണ്ഡലത്തിൽ 9 സ്ഥലങ്ങളിലായി ഓപ്പൺ ജിം സ്ഥാപിക്കുന്നതിനും ചെറുവത്തൂരിൽ ഒരു സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

**മാനന്തവാടി മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**

292 (1847) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം മാനന്തവാടി മണ്ഡലത്തിൽ തെരഞ്ഞെടുത്ത സ്ഥലം ഏതാണെന്ന് അറിയിക്കാമോ;

(ബി) മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

(എ&ബി) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി ജനപ്രതിനിധികളുടെ ശിപാർശ പരിശോധിച്ച് തയ്യാറാക്കിയ പ്രാഥമിക കളിസ്ഥലങ്ങളുടെ ലിസ്റ്റ് അംഗീകരിച്ച് 10-8-2022-ലെ സ.ഉ.(സാധാ)നമ്പർ 204/2022/കാ.യു.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ മാനന്തവാടി മണ്ഡലത്തിൽ തിരുനെല്ലി പഞ്ചായത്ത് സ്റ്റേഡിയം കാട്ടിക്കുളമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മാനന്തവാടി മണ്ഡലത്തിലെ പദ്ധതിക്കായി നിർദ്ദേശിച്ച സ്ഥലം സന്ദർശിക്കുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് സ്രോതസ്സുകളിൽനിന്നും പ്രസ്തുത പദ്ധതിക്ക് വിഹിതം ലഭ്യമാകുമ്പോൾ പദ്ധതി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതി നടപ്പാക്കാനാവശ്യമായ തുക കണ്ടെത്തുന്നത് സംബന്ധിച്ച വിശദാംശം നൽകാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലെ ഓരോ പദ്ധതിക്കും ആവശ്യമായി വരുന്ന ഒരു കോടി രൂപയിൽ 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കി വരുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട് വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽനിന്നും പ്രവൃത്തിക്കാവശ്യമായ തുക സമാഹരിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**എല്ലാ പഞ്ചായത്തുകളിലും ഒരു കളിസ്ഥലം പദ്ധതി**

293 (1848) ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എല്ലാ പഞ്ചായത്തുകളിലും ഒരു കളിസ്ഥലം എന്ന പദ്ധതി ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി ജനപ്രതിനിധികളുടെ ശിപാർശ പരിശോധിച്ച് തയ്യാറാക്കിയ പ്രാഥമിക കളിസ്ഥലങ്ങളുടെ പഞ്ചായത്ത് തിരിച്ചുള്ള ലിസ്റ്റ് അംഗീകരിച്ച് 10-8-2022-ലെ സ.ഉ.(സാധാ)നമ്പർ 204/ 2022/കാ.യു.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**കോതമംഗലം മണ്ഡലത്തിൽ പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി**

294 (1849) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയുടെ ഭാഗമായി കോതമംഗലം മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്നും ഏത് പഞ്ചായത്തിലാണ് ആദ്യം നടപ്പിലാക്കുന്നതെന്നും വിശദമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി ജനപ്രതിനിധികളുടെ ശിപാർശ പരിശോധിച്ച് തയ്യാറാക്കിയ പ്രാഥമിക കളിസ്ഥലങ്ങളുടെ ലിസ്റ്റ് അംഗീകരിച്ച് 10-8-2022-ലെ സ.ഉ.(സാധാ)നമ്പർ 204/2022/കാ.യു.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് കളിക്കളമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) എത്ര തുകയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നതെന്നും ഇതിനുവേണ്ടി എത്ര സ്ഥലം കണ്ടെത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലെ ഓരോ പദ്ധതിക്കും ആവശ്യമായി വരുന്ന ഒരു കോടി രൂപയിൽ 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കി വരുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യപ്രതിബദ്ധതാ ഫണ്ട് എന്നിവയിൽനിന്നും പ്രവൃത്തിക്കാവശ്യമായ തുക സമാഹരിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. കോതമംഗലം മണ്ഡലത്തിൽ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 62 സെന്റ് സ്ഥലമാണ് കണ്ടെത്തിയിട്ടുള്ളത്.

(സി) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് കളിസ്ഥലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത പദ്ധതിയുടെ ഭാഗമായി കുറഞ്ഞത് ഒരേക്കർ സ്ഥലത്ത് നിലവിൽ പ്രചാരത്തിലുള്ള വിവിധ കായിക ഇനങ്ങൾക്കുള്ള സൗകര്യങ്ങളും ഇൻഡോർകോർട്ട്, മാനസിക ശാരീരിക ശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന ഫിറ്റ്നസ് പവലിയൻ, ജിം തുടങ്ങിയ വിപുലമായ സൗകര്യങ്ങളും ഉയർന്ന സാമൂഹിക നിലവാരത്തോടുകൂടി സ്ത്രീ സൗഹൃദ അന്തരീക്ഷംകൂടി കണക്കിലെടുത്തുകൊണ്ടാണ് പദ്ധതി രേഖ തയ്യാറാക്കിയിരിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കോതമംഗലം മണ്ഡലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്നും എന്നത്തേയ്ക്ക് പുതിയ കളിസ്ഥല നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതി താമസംവിനാ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ഡി&ഇ) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ കോതമംഗലം മണ്ഡലത്തിലെ പദ്ധതിക്കായി നിർദ്ദേശിച്ച സ്ഥലം സന്ദർശിക്കുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് സ്രോതസ്സുകളിൽനിന്നും പ്രസ്തുത പദ്ധതിക്ക് വിഹിതം ലഭ്യമാകുന്നമുറയ്ക്ക് പദ്ധതി എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പുതുവൈപ്പിനിൽ അക്വാപാർക്ക് സ്ഥാപിക്കാൻ നടപടി**

295 (1850) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പിനിൽ അക്വാപാർക്ക് ആരംഭിക്കുന്നതുസംബന്ധിച്ച് ഫിഷറീസ് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും 3-9-2021-ൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പിനിൽ അക്വാപാർക്ക് ആരംഭിക്കുന്നത് സംബന്ധിച്ച് ഫിഷറീസ് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും 3-9-2021-ൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങളനുസരിച്ച് പുതുവൈപ്പിനിൽ അക്വാപാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലം സന്ദർശിച്ച് പ്രദേശത്തെ കണ്ടൽക്കാടുകൾ സംരക്ഷിച്ച് സി.ആർ.ഇസഡ്. ചട്ടങ്ങൾ പാലിച്ചുകൊണ്ട് വിവിധ വകുപ്പുകളുടെ സഹകരണത്താൽ പദ്ധതി കൺസെപ്റ്റ് നോട്ട് തയ്യാറാക്കാൻ എംപാനൽ ഏജൻസിയെ കണ്ടെത്തുന്നതിന് നോട്ടീസ് പ്രസിദ്ധീകരിക്കാൻ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തി. പദ്ധതി വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച് ഒരു

എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (EOI) തയ്യാറാക്കണമെന്ന് പ്രസ്തുത മേഖലയിൽ പ്രവർത്തിപരിചയമുള്ള കേന്ദ്രസർക്കാർ അംഗീകൃത സ്ഥാപനമായ വാട്ടർ & പവർ കൺസൾട്ടൻസി സർവ്വീസസിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് ടെക്നോ കോമേഴ്സ്യൽ & എൻവയോൺമെന്റ് ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിനുള്ള തുക അനുവദിക്കണമെന്ന് കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ കേന്ദ്രസർക്കാരിന്റെ പ്രധാൻമന്ത്രി മൽസ്യ സമ്പദ യോജന പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മുൻകൂർ തുക അനുവദിക്കാൻ കഴിയില്ലെന്നും ഡി.പി.ആർ. അംഗീകരിക്കുന്നമുറയ്ക്ക് പദ്ധതി രൂപരേഖ തയ്യാറാക്കിയ തുക കൂടി ഉൾക്കൊള്ളിച്ച് അംഗീകാരം ലഭ്യമാക്കി നൽകുന്നതാണെന്നും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ അറിയിച്ചു. ഇന്റഗ്രേറ്റഡ് അക്വാപാർക്ക് പദ്ധതി പ്രീ-ഡി.പി.ആർ. പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കുണ്ടറ മണ്ഡലത്തിലെ ഫിഷറീസ് പദ്ധതികൾ

296 (1851) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തികവർഷം മുതൽ കുണ്ടറ നിയോജകമണ്ഡലത്തിൽ കേന്ദ്ര/സംസ്ഥാന ഫണ്ട് ഉപയോഗിച്ച് ഫിഷറീസ് വകുപ്പ് നടത്തിവരുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ കേന്ദ്ര/സംസ്ഥാന പദ്ധതികൾ ഏതൊക്കെയെന്നും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും തരംതിരിച്ച് വിശദാംശം നൽകാമോ?

(എ&ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

## കോസ്റ്റൽ വാർഡൻമാരുടെ സേവനം

297 (1852) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശത്ത് രക്ഷാപ്രവർത്തനത്തിനായി എത്ര കോസ്റ്റൽ വാർഡൻമാരെ നിയമിച്ചിട്ടുണ്ടെന്നും ഇവർക്ക് നൽകുന്ന പ്രതിമാസ വേതനം/ദിവസ വേതനം എത്രയെന്നും വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളത്തിലെ വിവിധ തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് കീഴിലായി, തീരദേശ പോലീസ് സേനയെ കൃത്യനിർവ്വഹണത്തിൽ സഹായിക്കുന്നതിനായി ആകെ 177 കോസ്റ്റൽ വാർഡന്മാരെ നിയമിച്ചിരുന്നു. അവരിൽ 164 പേർ നിലവിൽ ജോലിയിൽ തുടർന്നുവരുന്നുണ്ട്. ഇവർക്ക് പ്രതിമാസം 18,900 രൂപ വേതനമായി നൽകിവരുന്നു.

(ബി) ഇവരുടെ വേതനം കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും ഇവർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ ഇവർക്ക് നൽകിയിരിക്കുന്ന യൂണിഫോം രക്ഷാപ്രവർത്തനത്തിന് അനുയോജ്യമല്ലെന്ന വസ്തുത കണക്കിലെടുത്ത് ഇവർക്ക് അനുയോജ്യമായ യൂണിഫോം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത കോസ്റ്റൽ വാർഡൻമാരുടെ സേവനം സ്ഥിരപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

(ബി-ഡി) വിവരം ശേഖരിച്ചു വരുന്നു.

**അക്വാകൾച്ചർ ലൈസൻസ്**

298 (1853) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിൽനിന്നും അക്വാകൾച്ചർ ലൈസൻസ് ലഭിക്കുന്നതിന് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ സാക്ഷ്യപത്രം വേണമെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

ഫിഷറീസ് വകുപ്പിൽനിന്നും അക്വാകൾച്ചർ ലൈസൻസ് ലഭിക്കുന്നതിന് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ സാക്ഷ്യപത്രം വേണമെന്ന സർക്കാർ ഉത്തരവ് നിലവിലില്ല.

(ബി) ഏതൊക്കെ ജില്ലകളിൽനിന്ന് അത്തരം സാക്ഷ്യപത്രം സഹിതം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഓരോ ജില്ലയിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്നും വ്യക്തമാക്കുമോ?

മത്സ്യകൃഷിയുമായി ബന്ധപ്പെട്ട അപേക്ഷകളിൽ ജില്ലാ പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസറുടെ സാക്ഷ്യപത്രം ഉള്ളടക്കം ചെയ്തിട്ടുള്ള അപേക്ഷകളൊന്നുംതന്നെ ജില്ലകളിൽ ലഭിച്ചിട്ടില്ല.

(സി) ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ സാക്ഷ്യപത്രം നൽകുന്നതിൽ നിയമപരമായ തടസ്സമുണ്ടോ; വിശദമാക്കുമോ?

ജില്ലാ പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ മൽസ്യകൃഷിയുമായി ബന്ധപ്പെട്ട് സാക്ഷ്യപത്രം നൽകുന്നതിൽ നിയമപരമായി തടസ്സമില്ല. കേരള സംസ്ഥാന ഉൾനാടൻ ഫിഷറീസ് & അക്വാകൾച്ചർ (ഭേദഗതി) ആക്ട് 2021 സെക്ഷൻ 8 (2) (ഇ) പ്രകാരം ഒരു വിള നെൽകൃഷിയെങ്കിലും ചെയ്യാൻ അനുയോജ്യമായ ഏതൊരു പാടത്തും അക്വാകൾച്ചർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് സർക്കാരിന് ഗസറ്റഡ് വിജ്ഞാപനം വഴി സ്ഥിരമോ താൽക്കാലികമോ ആയി പരിമിതപ്പെടുത്തലുകളോ നിയന്ത്രണങ്ങളോ നിരോധനങ്ങളോ ഏർപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ സർക്കാരിൽനിന്ന് അത്തരം നോട്ടിഫിക്കേഷനുകൾ ഇതുവരെ ഉണ്ടായിട്ടില്ല. സർക്കാർ നോട്ടിഫിക്കേഷനുകൾവഴി നിരോധനമേർപ്പെടുത്തുന്ന പാടശേഖരങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതിൽ നെൽകൃഷിക്ക് അനുയോജ്യമല്ലെന്ന് ബന്ധപ്പെട്ട ജില്ലയിലെ പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ സാക്ഷ്യപ്പെടുത്തുന്ന പാടങ്ങൾക്ക് അക്വാകൾച്ചർ ലൈസൻസ് നൽകാൻ പ്രസ്തുത ആക്ട് പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്.

## വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്റർ

299 (1854) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിലേയ്ക്കുള്ള വഴി, പാർക്കിംഗ് ഏരിയ എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളത്; പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഫിഷ് ലാന്റിംഗ് സെന്റർ എപ്പോൾ പൂർണ്ണ രീതിയിൽ ഉപയുക്തമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിലേയ്ക്കുള്ള വഴി, പാർക്കിംഗ് ഏരിയ എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ 12.552 സെന്റ് ഭൂമി ഏറ്റെടുക്കൽ നടപടികൾ റവന്യൂ വകുപ്പ് മുഖേന സ്വീകരിച്ചുവരികയാണ്. അക്വിസിഷൻ നടപടികൾ പൂർത്തീകരിച്ചതിനുശേഷം മാത്രമേ ഫിഷ് ലാന്റിംഗ് സെന്റർ പൂർണ്ണ രീതിയിൽ ഉപയുക്തമാക്കുന്നതിന് സാധ്യമാകുകയുള്ളൂ.

(ബി) ഫിഷ് ലാന്റിംഗ് സെന്ററിന്റെ വികസനത്തിനായി ഭൂവുടമകൾ വിട്ടുനൽകാമെന്ന് സമ്മതിച്ചിട്ടുള്ള 8.575 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഫിഷ് ലാന്റിംഗ് സെന്ററിന്റെ വികസനത്തിനായി ഭൂവുടമകൾ വിട്ടുനൽകാമെന്ന് സമ്മതിച്ചിട്ടുള്ള 8.575 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനായി സെന്റിന് 20 ലക്ഷം രൂപ നിരക്കിൽ 171.5 ലക്ഷം രൂപ ഉൾപ്പെടുത്തി ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണപ്രവൃത്തിയുടെ ഭാഗമായ അപ്രോച്ച് റോഡ്, പാർക്കിംഗ് ഏരിയ എന്നിവയുള്ള 417 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മത്സ്യബന്ധ തുറമുഖ വകുപ്പിലെ വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്റർ സംബന്ധിച്ച ബി2/77/2022 നമ്പർ ഫയലിൽ 5-7-2022-ൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു*.

## മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ പെർമിറ്റ്

300 (1855) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ഔട്ട് ബോർഡ് എഞ്ചിൻ യാനങ്ങൾക്ക് മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നതിനും മത്സ്യബന്ധന ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുമുള്ള കാലാവധി പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച സർക്കാർ ഉത്തരവിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ ഇനം യാനങ്ങൾക്കും മണ്ണെണ്ണ പെർമിറ്റ് ലഭിക്കുന്നതിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള കാലാവധി എത്രയാണെന്ന് അറിയിക്കുമോ?

(എ&ബി) കാലാവധി പുതുക്കി നിശ്ചയിച്ചിട്ടില്ല. മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നതിന് നിലവിൽ 10 വർഷമാണ് എഞ്ചിനുകളുടെ കാലപ്പഴക്കം നിശ്ചയിച്ചിരിക്കുന്നത്. മത്സ്യബന്ധന യാനങ്ങളുടെ കാലാവധി ചുവടെ ചേർക്കുന്നു.

| ഹൾ മെറ്റീരിയൽ | ഫിഷിംഗ് വെസ്സൽ വിത്ത് വീൽ ഹൗസ് | ഫിഷിംഗ് വെസ്സൽ വിത്തൗട്ട് വീൽ ഹൗസ് |
|---|---|---|
| തടി | 12 വർഷം | 8 വർഷം |
| സ്റ്റീൽ | 15 വർഷം | - |
| എഫ്.ആർ.പി | 18 വർഷം | 12 വർഷം |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) 80 ലക്ഷത്തിലധികം രൂപ ചെലവിൽ നീറ്റിലിറക്കുന്ന ഒരു മത്സ്യബന്ധന യാനത്തിന് 12 വർഷംകൊണ്ട് മുതൽമുടക്ക് തിരിച്ചുപിടിക്കാൻ കഴിയില്ലെന്ന മത്സ്യത്തൊഴിലാളികളുടെ വാദം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) എങ്കിൽ മത്സ്യബന്ധന യാനങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഇപ്പോൾ നിർണ്ണയിച്ചിരിക്കുന്ന കാലാവധി പരിധി സംബന്ധിച്ച് ഇളവ് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ഇ) കാലാവധി നിശ്ചയിക്കുന്നതിനുപകരം ഫിറ്റ്നസിന്റെ അടിസ്ഥാനത്തിലാണ് പെർമിറ്റ് നൽകേണ്ടതെന്നും മുപ്പത് - നാൽപ്പത് വർഷം പഴക്കമുള്ള വിദേശനിർമ്മിത യാനങ്ങൾ യഥേഷ്ടം സർവ്വീസ് നടത്തുമ്പോൾ പരമ്പരാഗത രീതിയിലെ മത്സ്യബന്ധനത്തിന് കർശന ഉപാധികൾ ഏർപ്പെടുത്തുന്നത് സംസ്ഥാനത്തെ മത്സ്യലഭ്യത കുറയുന്നതിനും വിഷലിപ്തമായ മത്സ്യം വിദേശത്തുനിന്നുൾപ്പെടെ വിപണിയിലെത്തുന്നതിനും ഇടയാക്കുമെന്ന മത്സ്യത്തൊഴിലാളികളുടെ ആശങ്ക പരിശോധിക്കുമോ; വിശദമാക്കുമോ?

(സി-ഇ) ഭൂരിഭാഗം മത്സ്യബന്ധനയാനങ്ങളും വർഷംതോറും റിപ്പയർ ചെയ്താണ് ഉപയാഗിക്കുന്നതെന്നും വാഹനങ്ങൾക്ക് റീ ടെസ്റ്റ് നടത്തി ലൈഫ് നിശ്ചിത കാലത്തേയ്ക്ക് വർദ്ധിപ്പിച്ച് നൽകുന്നതുപോലെ മത്സ്യബന്ധന യാനങ്ങളുടെ കാര്യത്തിലും സീവർത്തിനസ് പരിശോധിച്ച് ഉറപ്പുവരുത്തി ഒരു നിശ്ചിത കാലത്തേയ്ക്കുകൂടി ലൈഫ് സ്പാൻ വർദ്ധിപ്പിച്ച് നൽകണമെന്ന് മത്സ്യബന്ധന മേഖലയിൽ ആവശ്യമുയരുകയും മത്സ്യബന്ധന മേഖല ട്രേഡ് യൂണിയൻ പ്രതിനിധികൾ ഇക്കാര്യം ഉന്നയിച്ച് സർക്കാരിന് നിവേദനം നൽകുകയും ചെയ്തിരുന്നു. ആയത് പരിഗണിച്ച് ലൈഫ് സ്പാൻ നീട്ടി നൽകുന്ന വിഷയവും സീവർത്തിനസ് പരിശോധിച്ച് ഉറപ്പുവരുത്തുന്ന വിഷയവും ചർച്ച ചെയ്ത് ശിപാർശ സമർപ്പിക്കുന്നതിനായി ഫിഷറീസ് ഡയറക്ടർ ഈ വിഷയം ബന്ധപ്പെട്ട ടെക്നിക്കൽ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടുകയും കേരള സംസ്ഥാന മാരീടൈം ബോർഡിന്റെ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തി ബന്ധപ്പെട്ട ടെക്നിക്കൽ കമ്മിറ്റി പുനഃസംഘടിപ്പിക്കുകയും ചെയ്തു.

തുടർന്ന് 30-5-2022-ന് എറണാകുളം സി.ഐ.എഫ്.റ്റി.-ൽ വച്ച് ടെക്നിക്കൽ കമ്മിറ്റി യോഗം ചേരുകയും സീവർത്തിനസ് പരിശോധിച്ച് ഉറപ്പുവരുത്തുന്ന തടികൊണ്ട് നിർമ്മിച്ചതുൾപ്പെടെയുള്ള മത്സ്യബന്ധന യാനങ്ങൾക്ക് നിലവിലുള്ള ലൈഫ് സ്പാൻ കഴിഞ്ഞശേഷം 3 വർഷം കൂടി ലൈഫ് സ്പാൻ വർദ്ധിപ്പിച്ച് നൽകാവുന്നതാണെന്ന് ശിപാർശ ചെയ്യുകയുമുണ്ടായി. സീവർത്തിനസ് ഉറപ്പാക്കി സർട്ടിഫിക്കറ്റ് നൽകേണ്ട ഉത്തരവാദിത്വം കേരള മാരിടൈം ബോർഡിനായിരിക്കണമെന്നും ശിപാർശ ചെയ്തിരുന്നു. 3 വർഷങ്ങൾക്കുശേഷം വീണ്ടും ലൈഫ് സ്പാൻ വർദ്ധിപ്പിക്കണമെന്ന ആവശ്യമുയർന്നാൽ ഓരോ വർഷവും

സീവർത്തിനസ് ഉറപ്പാക്കി കേരള മാരിടൈം ബോർഡ് സർട്ടിഫൈ ചെയ്യുന്ന പക്ഷം അതത് വർഷം ലൈഫ് സ്പാൻ പുതുക്കി നൽകാവുന്നതാണ്.

മേൽപ്പറഞ്ഞ ടെക്നിക്കൽ കമ്മിറ്റി ശിപാർശകൾ ഫിഷറീസ് ഡയറക്ടർ അംഗീകരിക്കുകയും അതനുസരിച്ചുള്ള പ്രൊപ്പോസൽ ഫീസ് സ്ട്രക്ചറുൾപ്പടെ സമർപ്പിക്കാൻ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള മാരിടൈം ബോർഡ് 14-6-2022-ന് വിശദമായ പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**കായിക മേഖലയിലെ സൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടി**

301 (1856) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക മേഖലയിലെ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി വിവിധ ഗ്രൗണ്ടുകൾ, സ്റ്റേഡിയങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട നന്തിക്കര ജി.വി.എച്ച്.എസ്. ഗ്രൗണ്ട് നവീകരണം നടപ്പാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം നവീകരണ പ്രവൃത്തികളാണ് ഇതിന്റെ ഭാഗമായി നിശ്ചയിച്ചിട്ടുള്ളതെന്നറിയിക്കാമോ?

(ബി&സി) ഉണ്ട്. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ പ്രാഥമികലിസ്റ്റിൽ നന്തിക്കര ജി.വി.എച്ച്.എസ്.എസ്. ഗ്രൗണ്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ച മാർഗ്ഗ നിർദ്ദേശപ്രകാരമുള്ള താഴെ പറയുന്ന സൗകര്യങ്ങളിൽ അനുയോജ്യമായവ, സ്ഥലം സന്ദർശിച്ച് പ്രാദേശിക മുൻഗണനകൾകൂടി പരിഗണിച്ചുകൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കുന്നതാണ്.

നിർദ്ദേശിച്ച സൗകര്യങ്ങൾ

മൾട്ടി ഗെയിമുകൾക്കായുള്ള പ്ലേ കോർട്ടുകൾ, ഇൻഡോർ കോർട്ടുകൾ, ഓപ്പൺ ജിം, വോളിബോൾ, ബാസ്ക്കറ്റ് ബോൾ എന്നിവ കളിക്കാനുള്ള കോർട്ടുകൾ, ഓപ്പൺ ജിംനേഷ്യം, നടപ്പാത, ടോയ്‌ലെറ്റുകൾ, വസ്ത്രം മാറുന്ന മുറികൾ, കോഫി ഷോപ്പ് തുടങ്ങിയവ.

(ഡി) ഓരോ പഞ്ചായത്തിലും ഒരു ഗ്രൗണ്ടിന്റെയെങ്കിലും നവീകരണം നടത്തുന്നതിനായി പദ്ധതി തയ്യാറാക്കി നടപ്പാക്കുമോ; വ്യക്തമാക്കാമോ?

2021-22-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ഓരോ പദ്ധതികളും ഒരു കോടി രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്ന പഞ്ചായത്ത് കളിസ്ഥല നിർമ്മാണത്തിന്റെ 50% ചെലവ് സർക്കാർ വഹിക്കുകയും ബാക്കി എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട്, തദ്ദേശസ്ഥാപന ഫണ്ട്, സി.എസ്.ആർ. ഫണ്ടുകൾ, പൊതു സ്വകാര്യ പങ്കാളിത്തം എന്നിവയിൽനിന്നു കണ്ടെത്തിക്കൊണ്ടും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള എസ്.പി.വി. ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയോഗിച്ചും പദ്ധതി നടത്തിപ്പിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ടി പദ്ധതിയുടെ ആദ്യഘട്ടത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.-മാരിൽനിന്നും ലഭ്യമായ പ്രൊപ്പോസലുകൾ പരിശോധിച്ച് സ്കൂട്ടിനി കമ്മിറ്റി നിർദ്ദേശിച്ച കളിസ്ഥലങ്ങളുടെ ലിസ്റ്റ് അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. തുടർന്ന് സ്ഥലപരിശോധന നടത്തി, വിശദമായ ഡി.പി.ആർ. തയ്യാറാക്കുന്നതിനും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**കോട്ടിക്കുളത്ത് ഫിഷിംഗ് ഹാർബർ**

302 (1857) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കോട്ടിക്കുളത്ത് ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ ബേക്കൽ കോട്ടിക്കുളം പ്രദേശത്ത് മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 26-3-2018-ലെ സ.ഉ.(സാധാ)നമ്പർ 232/2018/മ.തു.വ. ഉത്തരവ് പ്രകാരം പ്രവൃത്തികൾക്കായി 67.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇതുമായി ബന്ധപ്പെട്ട് നാളിതുവരെയായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോട്ടിക്കുളത്ത് മത്സ്യബന്ധനതുറമുഖം നിർമ്മിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ടോപ്പോഗ്രാഫിക് സർവ്വേ, പ്രീ മൺസൂൺ, പോസ്റ്റ് മൺസൂൺ സമയത്തെ വിന്റ് ആൻഡ് വേവ് ഒബ്സർവേഷൻ, ബീച്ച് പ്രൊഫൈൽ ക്രോസ് സെക്ഷൻ, ബെഡ്-വാട്ടർ സാംപിൾ കളക്ഷൻ, ഫ്ലോട്ട് ഒബ്സർവേഷൻ, ടൈഡൽ ഒബ്സർവേഷൻ എന്നിവയാണ് ചെയ്യേണ്ടത്. ഇതിൽ പോസ്റ്റ് മൺസൂൺ സമയത്തെ സർവ്വേ പ്രവൃത്തികളും ബീച്ച് പ്രൊഫൈൽ ക്രോസ് സെക്ഷൻ, ബെഡ്-വാട്ടർ സാംപിൾ കളക്ഷൻ, ഫ്ലോട്ട് ഒബ്സർവേഷൻ, ടോപ്പോഗ്രാഫിക് സർവ്വേ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ലാബ് ടെസ്റ്റ് നടത്തി റിസൾട്ട് തയ്യാറാക്കിവരുന്നു.

(സി) ഇനി ഏതൊക്കെ പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി ചെയ്യാനുണ്ട്; വിശദാംശം അറിയിക്കാമോ?

അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയാൽ ടി പ്രവൃത്തിയുടെ മാതൃകാപഠനം എം.ഐ.കെ.ഇ 21 സോഫ്റ്റ്‌വെയർ ഉപയോഗിച്ച് നടത്തേണ്ടതുണ്ട്. മാതൃകാപഠനം പൂർത്തിയാക്കി ഹാർബർ ലേ ഔട്ട് അന്തിമമാക്കിയശേഷം പാരിസ്ഥിതികാഘാത പഠനം, കോസ്റ്റൽ റെഗുലേഷൻ സോൺ മാപ്പിംഗ് എന്നിവ നടത്തി കോസ്റ്റൽ റെഗുലേഷൻ സോൺ ക്ലിയറൻസ് ലഭ്യമാക്കിയതിനുശേഷം വിശദമായ പദ്ധതി റിപ്പോർട്ടും തയ്യാറാക്കേണ്ടതുണ്ട്.

### കാസർഗോഡ് ഫിഷറീസ് തുറമുഖം

303 (1858) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഫിഷറീസ് തുറമുഖം നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യാനുദ്ദേശിക്കുന്നത്; ഇതിന് എത്ര തുക അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) ഇതിന്റെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(എ-സി) ഹാർബറിലെ പുലിമുട്ടുകൾക്കിടയിലുള്ള ചാനലിൽക്കൂടി ബോട്ടുകൾക്കും ഫൈബർ വള്ളങ്ങൾക്കും ഹാർബറിൽ എത്തിച്ചേരാൻ പ്രയാസം അനുഭവപ്പെടുന്നുവെന്ന മത്സ്യത്തൊഴിലാളികളുടെ പരാതിയെത്തുടർന്ന് മത്സ്യത്തൊഴിലാളി ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി ഹാർബർ

സന്ദർശിക്കുകയും പുലിമുട്ടുകളുടെ നീളവും അകലവും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഇതിനെത്തുടർന്ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പൂനെക്കിയ മോഡൽ സ്റ്റഡി പ്രകാരം അലൈൻമെന്റ് തയ്യാറാക്കുകയും വടക്കേ പുലിമുട്ടിന്റെ നീളം 530 മീറ്ററും തെക്കേ പുലിമുട്ടിന്റെ നീളം 200 മീറ്ററും വർദ്ധിപ്പിക്കുവാൻ പദ്ധതി തയ്യാറാക്കുകയുമുണ്ടായി. ഇതിൽ ഓഖി പാക്കേജിലുൾപ്പെടുത്തി വടക്കേ പുലിമുട്ടിന്റെ നീളം 170 മീറ്റർ പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി 360 മീറ്ററും തെക്കേ പുലിമുട്ടിന്റെ നീളം 200 മീറ്ററും വർദ്ധിപ്പിക്കുന്നതിനും കരയിലെ മറ്റ് അനുബന്ധ സൗകര്യങ്ങളുൾപ്പെടെ 71 കോടി രൂപയുടെ എസ്റ്റിമേറ്റ് പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എക്സ്റ്റൻഷൻ ഓഫ് ബ്രേക്ക് വാട്ടർ, അപ്രോച്ച് റോഡ് റ്റു എക്സിസ്റ്റിംഗ് ബ്രേക്ക് വാട്ടർ, റീ ഹാൻഡ് ലിംങ് ഓഫ് എക്സിസ്റ്റിംഗ് സ്റ്റോൺസ് ആൻഡ് ഡ്രെഡ്ജിംഗ്, ബീച്ച് ലാൻഡിംഗ് ഫെസിലിറ്റീസ്, അഡീഷണൽ ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റീസ്, എൺവയോൺമെന്റൽ മിറ്റിഗേഷൻ വർക്ക് ഓൺ സൗത്ത് സൈഡ്, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, സർവ്വെയലൻസ് സിസ്റ്റം, പ്രഷർ വാഷർ ആൻഡ് ക്ലീനിംഗ് എക്യുപ്മെന്റ്സ്, മെക്കാനിക്കൽ കൺവെയർ സിസ്റ്റം ആൻഡ് ആട്ടോമേഷൻ, ഇൻസ്റ്റലേഷൻ ഓഫ് ഡി.ജി. സെറ്റ്, ഗ്രീൻ ബെൽറ്റ്, നാവിഗേഷണൽ എയ്ഡ്, റിപ്പയർ ആൻഡ് മെയിന്റനൻസ് ഓഫ് എക്സിസ്റ്റിംഗ് സ്ട്രക്ചേഴ്സ്, ഇലക്ട്രിഫിക്കേഷൻ ആൻഡ് വാട്ടർ സപ്ലൈ അറേഞ്ച്മെന്റ് എന്നീ പ്രവൃത്തികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്.

**മാവേലിക്കര മണ്ഡലത്തിലെ തഴക്കര പഴഞ്ചിറ കുളം നീന്തൽ പരിശീലന കേന്ദ്രമാക്കൽ**

304 (1859) <u>ശ്രീ. എം. എസ്. അരുൺ കുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ തഴക്കര പഴഞ്ചിറ കുളം നീന്തൽ പരിശീലന കേന്ദ്രമാക്കുന്നതിന് 5-8-2022-ലെ സ.ഉ.(സാധാ)നമ്പർ 5578/ 2022/ ധന.-പ്രകാരം ബഡ്ജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. തഴക്കര ഗ്രാമപഞ്ചായത്ത് 7 & 8 വാർഡുകളിലായി സ്ഥിതി ചെയ്യുന്ന പഴഞ്ചിറ കുളം നീന്തൽ പരിശീലന കേന്ദ്രം എന്ന പ്രവൃത്തിക്ക് ഒരു കോടി രൂപ അടങ്കൽ തുകയും 20 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായും

വകയിരുത്തിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തി വ്യവസായ വകുപ്പിന് കീഴിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തി നിർവ്വഹണത്തിനായി കായിക വകുപ്പിനെ ചുമതലപ്പെടുത്തിയും ബഡ്ജറ്റ് വിഹിതം വകുപ്പിന് കൈമാറിക്കൊണ്ടും ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കൂ.

### കടയിരുപ്പ് സ്കൂളിലെ സിന്തറ്റിക് ട്രാക്ക്, ടർഫ് നിർമ്മാണം

305 (1860) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയ, കുന്നത്തുനാട് മണ്ഡലത്തിലെ കടയിരുപ്പ് സ്കൂളിലെ സിന്തറ്റിക് ട്രാക്ക്, ആർട്ടിഫിഷ്യൽ ടർഫ് എന്നിവയുടെ നിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) കുന്നത്തുനാട് മണ്ഡലത്തിലെ കടയിരുപ്പ് സ്കൂളിൽ സിന്തറ്റിക് ട്രാക്ക്, ആർട്ടിഫിഷ്യൽ ടർഫ് എന്നിവയുടെ നിർമ്മാണത്തിനായി 2022-23 വർഷത്തെ ബഡ്ജറ്റിൽ ക്രമ നമ്പർ 1905 ആയി 300 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കിയും 60.00 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായും ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത സ്ഥലത്തിന്റെ ടോട്ടൽസ്റ്റേഷൻ സർവ്വേ പ്രവൃത്തികൾ പൂർത്തീകരിച്ച് വിശദമായ ലേഔട്ട്, തയ്യാറാക്കി 300 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### തൃക്കരിപ്പൂരിൽ ടർഫ് ഗ്രൗണ്ട് നിർമ്മാണം

306 (1861) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ ഇന്നേവരെ കായിക മേഖലയിൽനിന്നും എത്ര പേർക്ക് സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

2016 മുതൽ നാളിതുവരെ കായിക മേഖലയിൽ നിന്നുള്ള 392 പേർക്ക് പബ്ലിക് സർവ്വീസിൽ നിയമനാനുമതി നൽകിയിട്ടുണ്ട്.

(ബി) തൃക്കരിപ്പൂരിൽ നിർമ്മാണം നടക്കുന്ന ജില്ലാ സ്റ്റേഡിയത്തിനകത്ത് നാഷണൽ ഗെയിംസിന്റെ ഭാഗമായി നിർമ്മിച്ച ടർഫ് ഗ്രൗണ്ട് പുതുക്കി പണിയാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**ജി.വി. രാജാ സ്പോർട്സ് സ്കൂൾ വികസനം**

307 (1862) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിലെ വിവിധ സ്കൂളുകളുടെ കായികനിലവാരം മെച്ചപ്പെടുത്തുന്നതിനും ട്രൈബൽ മേഖലകളിലുള്ള വിദ്യാർത്ഥികൾക്ക് കൂടുതൽ മെച്ചമായ രീതിയിൽ കായികപരിശീലനം ലഭ്യമാക്കുന്നതിനും സ്വീകരിച്ചുവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

അരുവിക്കര മണ്ഡലത്തിലെ ഗവൺമെന്റ് ജി.വി.രാജാ സ്പോർട്സ് സ്കൂളിന്റെ സമഗ്ര പുരോഗതിക്ക് ആവശ്യമായ നയങ്ങൾ, പദ്ധതികൾ എന്നിവ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. അത്‌ലറ്റിക്സ്, ക്രിക്കറ്റ്, ബാസ്കറ്റ് ബോൾ, തായ്കോണ്ട എന്നീ ഇനങ്ങളിൽ സ്കൂളിലെ ആറാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള 413 കുട്ടികൾക്ക് പരിശീലനം നൽകിവരുന്നു.

ഗ്രാസ് റൂട്ട് ജൂഡോ പരിശീലന പദ്ധതിയായ ജൂഡോക്ക നടപ്പിലാക്കുന്നതിന് അരുവിക്കര മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. അരുവിക്കര സ്കൂളിനെ തെരഞ്ഞെടുത്തിട്ടുണ്ട്. ട്രൈബൽ മേഖലകളിലുള്ള വിദ്യാർത്ഥികൾക്ക് മാത്രമായി കൂടുതൽ മെച്ചമായ രീതിയിൽ കായിക പരിശീലനം ലഭ്യമാക്കുന്നതിന് നിലവിൽ പദ്ധതികളൊന്നും നിലവിലില്ല.

കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ അരുവിക്കര മണ്ഡലത്തിൽ വിവിധ സ്കൂളുകളിൽ കായിക നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അത്‌ലറ്റിക്സ്, ഖോ ഖോ, കബഡി, ത്രോബോൾ, സോഫ്റ്റ്ബോൾ, ജൂഡോ, ബാഡ്മിന്റൺ, ക്രിക്കറ്റ്, ഫുട്ബോൾ മറ്റ് കായിക പരിശീലനങ്ങളും ലഭ്യമാക്കിവരുന്നുണ്ട്.

(ബി) ജി.വി.രാജാ സ്പോർട്സ് സ്കൂൾ വികസനവുമായി ബന്ധപ്പെട്ട് ഈ വർഷം നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ, ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി എന്നിവ സംബന്ധിച്ച് വ്യക്തമാക്കാമോ?

ജി.വി. രാജാ സ്പോർട്സ് സ്കൂൾ വികസനവുമായി ബന്ധപ്പെട്ട് ഫുട്ബോൾ ഗ്രൗണ്ടിന് സമീപം നിലവിലുള്ള കാലഹരണപ്പെട്ട ടോയ്‌ലെറ്റ് പൊളിച്ച് മാറ്റി

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി ടോയ്‌ലെറ്റും ചെയിഞ്ചിംഗ് റൂം സൗകര്യം, ക്യാമ്പസിന് ചുറ്റുമുള്ള ഇന്റേണൽ റോഡിന്റെ അറ്റകുറ്റപ്പണികളും, സൗന്ദര്യവത്കരണ പ്രവൃത്തികളും പെൺകുട്ടികളുടെ ഹോസ്റ്റലിലെ ചോർച്ച തടയുന്നതിനായുള്ള ഷീറ്റ് റൂഫിംഗ് പ്രവൃത്തി, പെൺകുട്ടികളുടെ ഹോസ്റ്റലിലുള്ള കിച്ചണിന്റെ നവീകരണ പ്രവൃത്തികൾ, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി പ്രത്യേകം പ്രത്യേകം മലിനജല ശുദ്ധീകരണ പ്ലാന്റ്, ടോയ്‌ലെറ്റ് സംവിധാനത്തോടു കൂടിയുള്ള സെക്യൂരിറ്റി ക്യാബിൻ, എ.ടി.എം. കൗണ്ടർ, സൈനേജ് ബോർഡ് എന്നിവയുടെ നിർമ്മാണം, ഇൻഡോർ സ്റ്റേഡിയത്തിലെ ഒരു റൂം സ്റ്റോർ റൂമാക്കി മാറ്റുന്ന പ്രവൃത്തി, ജിംനേഷ്യത്തിൽ ഫിസിയോതെറാപ്പി, ആയുർവേദിക് മെഡിസിൻ, മസാജ് സെന്റർ എന്നിവ നിർമ്മിക്കുന്ന പ്രവൃത്തി, അരുവിക്കരയിലെ വെള്ളം ശുദ്ധീകരിച്ച് സംഭരിക്കുന്നതിനും മഴവെള്ളം സംഭരിക്കുന്നതിനും മറ്റുമായി ഫിൽട്ടറോടുകൂടിയ വാട്ടർ ടാങ്കിന്റെ നിർമ്മാണം, ഗേൾസ് ഹോസ്റ്റലിന്റെയും ബോയ്സ് ഹോസ്റ്റലിന്റെയും അറ്റകുറ്റപ്പണികൾ, ശാശ്വതമായുള്ള മാലിന്യ സംസ്കരണ സംവിധാനം എന്നിവയാണ് ഈ വർഷം നടത്താനുദ്ദേശിക്കുന്നത്.

നിലവിൽ നടന്നുവരുന്ന ഒന്നാം നിലയിലെ ജിംനേഷ്യത്തിന്റെ ഇന്റീരിയർ പ്രവൃത്തികൾ 85% പൂർത്തിയായിട്ടുണ്ട്. ഹോക്കി സ്റ്റേഡിയത്തിലെ അഡീഷണൽ പ്രവൃത്തികൾ 30% പൂർത്തിയായിട്ടുണ്ട്. ഗേൾസ് ഹോസ്റ്റലിനടുത്തുള്ള ബാസ്കറ്റ് ബോൾ കോർട്ടിന്റെ പ്രീ എഞ്ചിനീയേർഡ് പ്രവൃത്തി 15% പൂർത്തിയായിട്ടുണ്ട്.

കൂടാതെ ജി.വി.രാജാ സ്പോർട്സ് സ്കൂൾ വികസനവുമായി ബന്ധപ്പെട്ട് ഈ വർഷം നടത്താൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

- ഇതിഹാസ നായകരോടൊപ്പം അനുഭവം പങ്കുവയ്ക്കൽ
- ജൂഡോ, ബോക്സിംഗ് പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്
- മികച്ച വിദ്യാർത്ഥികൾക്കും അവരുടെ പരിശീലകർക്കും ക്യാഷ് അവാർഡ് പദ്ധതികൾ
- നാഷണൽ ടൂർണമെന്റുകളുടെ നടത്തിപ്പ്
- കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം സെന്റർ ഓഫ് എക്സലൻസ് പ്രോഗ്രാമിന്റെയും സ്ഥാപനം
- മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി

**മത്സ്യത്തിൽ മായം ചേർക്കുന്നത് പരിശോധിക്കാൻ സ്ട്രിപ്പുകൾ**

308 (1863) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യത്തിൽ മായം ചേർന്നിട്ടുണ്ടോയെന്ന് പരിശോധിക്കുന്ന സ്ട്രിപ്പുകൾ പൊതുവിപണിയിൽ ലഭ്യമല്ലെന്ന വിവരം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ട്രിപ്പുകൾ പൊതുവിപണിയിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ ?

ടെസ്റ്റിംഗ് കിറ്റ് പൊതുവിപണിയിൽ ലഭ്യമാണ്. എന്നാൽ ടി കിറ്റിന് ഷെൽഫ് ലൈഫ് കുറവായതിനാൽ വിതരണക്കാർ അധിക സ്റ്റോക്കെടുത്തു സൂക്ഷിക്കാറില്ലെന്ന കാരണത്താൽ പല അവസരങ്ങളിലും കിറ്റിന്റെ ദൗർലഭ്യം അനുഭവപ്പെടാറുണ്ട്. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുമായി ബന്ധപ്പെട്ട് കിറ്റിന്റെ സാങ്കേതികവിദ്യ കൈമാറിയിട്ടുള്ള കമ്പനികൾ ആവശ്യാനുസരണം ഉല്പാദിപ്പിക്കുന്നതിനും ആയത് പൊതുവിപണിയിൽ കൂടുതൽ ഫലപ്രദമായും ആവശ്യാനുസരണവും ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചാത്തന്നൂർ മണ്ഡലത്തിലെ മത്സ്യമാർക്കറ്റുകളുടെ നവീകരണം**

309 (1864) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി ഫണ്ട് വിനിയോഗിച്ച് തീരദേശ വികസന കോർപ്പറേഷന്റെ ചുമതലയിൽ ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ, ചാത്തന്നൂർ, പാരിപ്പള്ളി, കൊട്ടിയം എന്നീ മത്സ്യമാർക്കറ്റുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

തീരദേശ വികസന കോർപ്പറേഷന്റെ ചുമതലയിൽ ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ, ചാത്തന്നൂർ, പാരിപ്പള്ളി, കൊട്ടിയം എന്നീ മത്സ്യമാർക്കറ്റുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബിയുടെ ഫണ്ടിംഗ് അനുമതി ലഭിച്ചിരുന്നു. ലഭ്യമായ ഫണ്ടിംഗ് തുക ലോൺ ആകയാൽ അതത് ഗ്രാമ പഞ്ചായത്തുമായി റവന്യൂ ഷെയറിംഗ് തിരിച്ചടവ് നിഷ്കർഷിച്ചിരുന്നു. ഇതുപ്രകാരം തുടർനടപടികൾ സ്വീകരിച്ചുവരികയായിരുന്നു. എന്നാൽ

ജനപ്രതിനിധികളുടെ അഭ്യർത്ഥന പരിഗണിച്ചുകൊണ്ട് ഫണ്ടിംഗ് അനുമതി ഗ്രാന്റ് ആയി കണക്കാക്കാവുന്നതാണെന്ന് കിഫ്ബി 4-8-2022-ലെ കത്തിൽ അറിയിച്ചിട്ടുണ്ട്. റവന്യൂ ഷെയറിംഗ് നിബന്ധന കിഫ്ബി ഇപ്പോൾ ഒഴിവാക്കിയ സാഹചര്യത്തിൽ പ്രവൃത്തി ഉടനടി ഏർപ്പാടാക്കുന്നതിന് അതത് ഗ്രാമപഞ്ചായത്തുകളുമായുള്ള ചർച്ചകളുടെ അടിസ്ഥാനത്തിലും ജിയോടെക്നിക്കൽ ഇൻവെസ്റ്റിഗേഷന്റെ അടിസ്ഥാനത്തിലും സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

## കോട്ടയ്ക്കൽ ഗവ: രാജാസ് ഹയർ സെക്കന്ററി സ്കൂളിൽ മൾട്ടി പർപ്പസ് പ്ലേ സ്പേസ് നിർമ്മാണം

310 (1865) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ കോട്ടയ്ക്കൽ ഗവ: രാജാസ് ഹയർ സെക്കന്ററി സ്കൂളിൽ മൾട്ടി പർപ്പസ് പ്ലേ സ്പേസ് സ്ഥാപിക്കുന്നത് സംബന്ധിച്ച നിവേദനം ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) മൂവായിരത്തി ഇരുന്നൂറിൽ അധികം കുട്ടികൾ പഠിക്കുന്ന പ്രസ്തുത സ്കൂളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള മൾട്ടി പർപ്പസ് പ്ലേ സ്പേസ് സ്ഥാപിക്കുന്നതിന് പ്ലാൻ ഫണ്ടിൽ മതിയായ തുക വകയിരുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) കോട്ടയ്ക്കൽ ഗവ: രാജാസ് ഹയർ സെക്കന്ററി സ്കൂളിൽ മൾട്ടി പർപ്പസ് പ്ലേ സ്പേസ് നിർമ്മാണം സംബന്ധിച്ച് കോട്ടക്കൽ മുനിസിപ്പാലിറ്റി ചെയർമാൻ ലഭ്യമാക്കിയ നിവേദനത്തിന്മേൽ എ 1/99/2018/കാ.യു.വ നമ്പർ ഫയലിൽ നടപടി സ്വീകരിക്കുകയും പ്രസ്തുത സ്റ്റേഡിയത്തിന്റെ ഡി.പി.ആർ, സാങ്കേതികത, സ്ഥലം എന്നിവ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് കായിക എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തുവാൻ കായികയുവജനകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

ഇതിൻ പ്രകാരം കോട്ടക്കൽ നഗരസഭയിലെ കോട്ടയ്ക്കൽ രാജാസ് ഹൈസ്കൂൾ ഗ്രൗണ്ടിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് കായിക എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റ് കോട്ടയ്ക്കൽ നഗരസഭയ്ക്ക് അയച്ചുനൽകിയിട്ടുണ്ടെന്ന് കായിക യുവജനകാര്യ ഡയറക്ടർ 30-11-2018-ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്.

## സ്പോർട്സ് കോംപ്ലക്സുകളുടെ നിർമ്മാണം

311 (1866) ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. ഷംസുദ്ദീൻ:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായിക മേഖലയുടെ വികസനത്തിനായി എല്ലാ ജില്ലകളിലും സ്പോർട്സ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയിൽ ഏതെല്ലാം ജില്ലകളിലെ പദ്ധതികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ബാക്കിയുള്ളവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ കായിക മേഖലയുടെ വികസനത്തിനായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി എല്ലാ ജില്ലകളിലും ജില്ലാ സ്റ്റേഡിയങ്ങൾ നിർമ്മിക്കുവാൻ ഉത്തരവായിരുന്നു. പ്രസ്തുത പ്രവൃത്തികളിൽ പലതും പൂർത്തീകരണഘട്ടത്തിലെത്തിയിട്ടുണ്ട്. അനുയോജ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ ചില പദ്ധതികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. കരാർ സംബന്ധമായ പ്രശ്നങ്ങൾമൂലം ചില പദ്ധതികൾക്ക് വേണ്ടത്ര പുരോഗതി കൈവരിക്കുവാനും കഴിഞ്ഞിട്ടില്ല. 2024 ഡിസംബർ മാസത്തോടുകൂടി എല്ലാ പ്രവൃത്തികളും പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(സി) കോഴിക്കോട് ഒരു ഇന്റർനാഷണൽ സ്റ്റേഡിയം നിർമ്മിക്കണമെന്ന ആവശ്യത്തിൻമേൽ എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

കോഴിക്കോട് ഒരു ഇന്റർനാഷണൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## പാറശ്ശാല മണ്ഡലത്തിൽ നീന്തൽ പരിശീലനം ആരംഭിക്കാൻ നടപടി

312 (1867) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാറശ്ശാല മണ്ഡലത്തിൽ പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിനാൻവലിച്ചാൻ കുളത്തിൽ നീന്തൽ പരിശീലനം ആരംഭിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പാറശ്ശാല മണ്ഡലത്തിൽ പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ കിനാൻവലിച്ചാൻ കുളത്തിൽ നീന്തൽ പരിശീലനം ആരംഭിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിയോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ടി റിപ്പോർട്ടിൽ പ്രസ്തുത സ്ഥലം സ്വാഭാവിക ജലസ്രോതസ്സുള്ള കുളമാണിതെന്നും നിലവിൽ പായൽകൊണ്ട് മൂടിയ അവസ്ഥയിലാണെന്നും നാട്ടുകാർ കന്നുകാലികളെ കുളിപ്പിക്കുന്നതിനായി ഉപയോഗിക്കുന്നുവെന്നും ഏകദേശം 2 ഏക്കർ വിസ്തൃതിയുള്ള ടി കുളം നവീകരിക്കുന്നതിന് വലിയൊരു തുക ആവശ്യമായി വരുമെന്നതിനാൽ സർക്കാർ ഏജൻസികൾ മുഖേന വിശദമായ പഠനം നടത്തേണ്ടതിനാൽ പ്രസ്തുത സ്ഥലം സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ സന്ദർശിക്കുകയും സാധ്യതാ പഠനം നടത്തുകയും നീന്തൽ കുളം നിർമ്മാണത്തിന് ഏകദേശം 2.61 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ടെന്നും വിലയിരുത്തുകയുണ്ടായി. നിലവിൽ പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ നിർവ്വാഹമില്ല.

### ചെങ്ങന്നൂരിലെ സ്റ്റേഡിയം നിർമ്മാണം

313 (1868) <u>ശ്രീ. സജി ചെറിയാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്റ്റേഡിയങ്ങളുടെ നിർമ്മാണമാണ് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കായിക രംഗത്തെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് 54 സ്റ്റേഡിയങ്ങളുടെ നിർമ്മാണമാണ് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ചെങ്ങന്നൂരിലെ സ്റ്റേഡിയം നിർമ്മാണം തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചെങ്ങന്നൂർ സ്റ്റേഡിയത്തിന്റെ 50% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിലെ കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ കരാർ റദ്ദാക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ കരാറുകാരന് നോട്ടീസ് നൽകുകയും ഇതിനെതിരെ കരാറുകാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി തടസ്സപ്പെട്ടിരിക്കുകയാണ്.

(സി) നിർവ്വഹണ വിഭാഗവും കരാറുകാരും തമ്മിലുള്ള തർക്കങ്ങൾ പരിഹരിച്ച് പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിന്റെ എസ്.പി.വി. ആയ കിറ്റ്കോയും കരാറുകാരും തമ്മിലുള്ള തർക്കങ്ങൾ ചർച്ച ചെയ്ത് പരിഹരിച്ച് പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**വടക്കാഞ്ചേരി മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി**

314 (1869) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വികസനത്തിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ പുതിയ പദ്ധതികളാരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

സംസ്ഥാനത്ത് ജൂഡോയുടെ ഉന്നമനത്തിന് മെച്ചപ്പെട്ട അടിത്തറയിടുന്നതിന് സ്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നടത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ഗ്രാസ് റൂട്ട് ജൂഡോ പരിശീലന പദ്ധതിയായ ജൂഡോക്ക നടപ്പിലാക്കുന്നതിന് തൃശ്ശൂർ ജില്ലയിലെ ജി.എച്ച്.എസ്.എസ്. എരുമപ്പെട്ടി സ്കൂളിനെ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ, ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി ജനപ്രതിനിധികളുടെ ശിപാർശ പരിശോധിച്ച് തയ്യാറാക്കിയ പ്രാഥമിക കളിസ്ഥലങ്ങളുടെ ലിസ്റ്റ് അംഗീകരിച്ച് 10-8-2022-ലെ സ.ഉ.(സാധാ)നമ്പർ 204/2022/കാ.യു.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ 11 കളിസ്ഥലങ്ങളാണ് പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. മേൽ ഉത്തരവിന്റെ പകർപ്പും അംഗീകരിച്ച ലിസ്റ്റും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ട കളിസ്ഥലങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ വടക്കാഞ്ചേരി പഞ്ചായത്തിലെ ജി.ബി.എച്ച്.എസ്.എസ്. കളിസ്ഥലമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി ജനപ്രതിനിധികളുടെ ശിപാർശ പരിശോധിച്ച് തയ്യാറാക്കിയ പ്രാഥമിക കളിസ്ഥലങ്ങളുടെ ലിസ്റ്റ് അംഗീകരിച്ച് 10-8-2022-ലെ സ.ഉ.(സാധാ)നമ്പർ 204/2022/കാ.യു.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസിച്ച് ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തി പദ്ധതികളുടെ സൂക്ഷ്മ പരിശോധന നടത്തി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**പട്ടാമ്പി ഗവ. കോളേജിൽ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം**

315 (1870) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി ഗവൺമെന്റ് കോളേജിൽ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്റ്റേഡിയം നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണം എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. നിലവിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 10.00 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പട്ടാമ്പി ഗവൺമെന്റ് കോളേജിലെ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം പദ്ധതിക്ക് കായിക വകുപ്പിന് കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷനെ കിഫ്ബി പ്രവൃത്തികളുടെ എസ്.പി.വി. ആയി നിയോഗിച്ചുകൊണ്ട് പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതാണ്.

**കുട്ടനാട്ടിലെ സ്കൂളുകളിൽ കളിക്കളം പദ്ധതി**

316 (1871) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ കായിക പ്രതിഭകൾ വളരെ കൂടുതലുള്ളത് പരിഗണിച്ച് കുട്ടനാട്ടിലെ എല്ലാ സ്കൂളുകളിലും കളിക്കളം നിർമ്മിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോ?

കുട്ടനാട്ടിൽ നിരവധി കായിക പ്രതിഭകളുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കാര്യമാണ്. പുതിയ കായികതാരങ്ങളെ കണ്ടെത്തുന്നതിനും വളർത്തിയെടു ക്കുന്നതിനും ഗ്രാമീണതലത്തിൽ കായിക അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയെന്നതാണ് സർക്കാരിന്റെ നയം. ഇതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു കളിക്കളമെങ്കിലും വികസിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ അസംബ്ലി നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന രീതിയിൽ 111 കളിക്കളങ്ങളുടെ ലിസ്റ്റ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ആയതിൽ സ്കൂൾ ഗ്രൗണ്ടുകളുടെ വികസനവും ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് പരിശോധിക്കാവുന്നതാണ്.

(ബി) കനോയിംഗ്, കയാക്കിംഗ് ഇനങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിൽ പരിശീലനം നൽകുന്നതിനും അതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ കുട്ടനാട്ടിൽ ഒരുക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കനോയിംഗ് കയാക്കിംഗ് ഇനത്തിന് കുട്ടനാട്ടിൽ അനന്തമായ സാധ്യതകൾ മനസ്സിലാക്കിക്കൊണ്ട് ആലപ്പുഴയിൽ ഒരു റോവിംഗ് അക്കാഡമി സ്ഥാപിക്കുന്നതിനായി കിഫ്ബി ഫണ്ടുപയോഗിച്ച് 10 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള ആലപ്പുഴ ജില്ലാ സ്പോർട്സ് അക്കാഡമിയുടെ നിയന്ത്രണത്തിൽ ആലപ്പുഴ പുന്നമടയിൽ കനോയിംഗ് & കയാക്കിംഗ് ഇനത്തിൽ കായികതാരങ്ങൾക്ക് പരിശീലനം നൽകിവരുന്നുണ്ട്.

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നിലവിൽ കുട്ടനാട്ടിൽ SAI-യുടെ നേതൃത്വത്തിൽ പരിശീലനകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.

### മത്സ്യബന്ധനയാനങ്ങൾ തകർന്നതിന് നഷ്ടപരിഹാരം

317 (1872) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽക്ഷോഭത്തിലും മറ്റുമായി മത്സ്യബന്ധനയാനങ്ങൾ തകർന്നതിന് നഷ്ടപരിഹാരം ലഭിക്കുന്നതിനായി വൈപ്പിൻ മണ്ഡലത്തിലെ എത്ര പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

കടൽക്ഷോഭത്തിലും മറ്റുമായി മത്സ്യബന്ധനയാനങ്ങൾ തകർന്നതിന് നഷ്ടപരിഹാരം ലഭിക്കുന്നതിനായി വൈപ്പിൻ മണ്ഡലത്തിൽനിന്ന് 3 പേരാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

1. ശ്രീ. ജോർജ്ജ് ആംബ്രോസ്, പോത്തനാട് വീട്, മാലിപ്പുറം എന്ന മത്സ്യത്തൊഴിലാളിയുടെ ഉടമസ്ഥതയിലുള്ള IND-KL-04-MM-3137 നമ്പർ രജിസ്ട്രേഷനുള്ള 'കാസ 2' എന്ന ഫൈബർ വള്ളം മത്സ്യബന്ധനത്തിനിടെ 19-11-2021-ന് മുങ്ങിത്താഴുകയും വള്ളത്തിലുണ്ടായിരുന്ന രണ്ട് വലകൾ, എക്കോസൗണ്ടർ എന്നിവ നഷ്ടപ്പെടുകയും ചെയ്തു.

2. ശ്രീ. ജോഷി പി. കെ., പാലശ്ശേരി ഹൗസ്, മാലിപ്പുറം പി.ഒ, വൈപ്പിൻ എന്ന മത്സ്യത്തൊഴിലാളിയുടെ "തമ്പുരാൻ" (രജിസ്ട്രേഷൻ നമ്പർ IND-KL-04-MO-990) എന്ന തടിയിൽ നിർമ്മിച്ച വള്ളം 6-9-2021-ന് കടൽക്ഷോഭത്തിൽപ്പെട്ട് മറിയുകയും അതിലുണ്ടായിരുന്ന മത്സ്യബന്ധനോപകരണങ്ങൾ, എഞ്ചിൻ ഉൾപ്പെടെ നഷ്ടപ്പെട്ടു. ടി വള്ളത്തിനെ രക്ഷിക്കാൻ എത്തിയ ടിയാന്റെ ഉടമസ്ഥതയിലുള്ള "വല്ലാർപാടത്തമ്മ" എന്ന വള്ളവും അപകടത്തിൽപ്പെട്ട് നഷ്ടം സംഭവിച്ചിട്ടുണ്ട്.

3. ശ്രീ. സി. എ. സ്റ്റീഫൻ ചാക്യമുറിയിൽ എന്ന വ്യക്തിയുടെ മേരിയമ്മ (രജിസ്ട്രേഷൻ നമ്പർ IND-KL-04-MM-173) എന്ന മത്സ്യബന്ധനയാനം 16-3-2017-ന് മത്സ്യബന്ധനം കഴിഞ്ഞ് മടങ്ങി വരുമ്പോൾ അപകടത്തിൽപ്പെട്ട് പൂർണ്ണമായി തകരുകയും ആയതിനു നഷ്ടപരിഹാരം അനുവദിക്കണമെന്ന് അപേക്ഷ ലഭ്യമായിട്ടുമുണ്ട്.

(ബി) പ്രസ്തുത നഷ്ടപരിഹാരം ലഭിക്കുന്നതിനായി മാലിപ്പുറം പോത്തനാട് വീട്ടിൽ അംബ്രോസ്, മാലിപ്പുറം പാലിശ്ശേരി വീട്ടിൽ പി. കെ. ജോഷി, എളങ്കുന്നപ്പുഴ അഴിക്കൽ കരയിൽ പണ്ടാരപ്പറമ്പിൽ സുനിൽ സണ്ണി ഡി .കുഞ്ഞ, പുതുവൈപ്പ് ചാക്യാമുറി വീട്ടിൽ സ്റ്റീഫൻ തുടങ്ങിയവർ സമർപ്പിച്ചിരുന്ന അപേക്ഷകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; നഷ്ടപരിഹാരം എപ്പോൾ ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. ജോർജ്ജ് ആംബ്രോസ് പോത്തനാട് മാലിപ്പുറം എന്ന വ്യക്തിക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭ്യമാക്കുന്നതിന് വള്ളത്തിന് 2,21,250 രൂപയും, വലയ്ക്ക് 16,250 രൂപയും കൂടി ആകെ 2,18,405 രൂപ നഷ്ടപരിഹാരം കണക്കാക്കി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അപകടം നടക്കുന്ന സമയത്ത് യാനത്തിന് ലൈസൻസും ഇൻഷ്വറൻസും ഉണ്ടായിരുന്നില്ല. ആയതിനാൽ ടിയാന് നഷ്ടപരിഹാരം അനുവദിക്കാൻ കഴിയുന്നതല്ല.

ശ്രീ. ജോഷി പി. കെ. പാലിശ്ശേരി ഹൗസ്, മാലിപ്പുറം പി.ഒ എന്നയാളുടെ IND-KL-04-MO-2859 എന്ന രജിസ്ട്രേഷനിലുള്ള വല്ലാർപാടത്തമ്മ 4 എന്ന വള്ളത്തിന് 27,250 രൂപയും വലയ്ക്ക് 16,250 രൂപയും കൂടി ആകെ 43,500 രൂപയും IND-KL-04-MO-990 എന്ന രജിസ്ട്രേഷനിലുള്ള തമ്പുരാൻ എന്ന വള്ളത്തിന് 1,18,113 രൂപയും നഷ്ടപരിഹാരം കണക്കാക്കി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നഷ്ടപരിഹാരം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

പുതുവൈപ്പ് ചാക്യമുറിയിൽ വീട്ടിൽ സ്റ്റീഫൻ സമർപ്പിച്ച അപേക്ഷയിൽ അന്വേഷണം നടത്തി 66,000 രൂപ നഷ്ടപരിഹാരം കണക്കാക്കി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

എളങ്കുന്നപ്പുഴ അഴീക്കൽ കരയിൽ പണ്ടാരപ്പറമ്പിൽ സുനിൽ സണ്ണി ഡി. കുഞ്ഞ എന്നയാളുടെ അപേക്ഷ ലഭിച്ചിട്ടില്ല.

**ഒരു പഞ്ചായത്തിൽ ഒരു കളി സ്ഥലം പദ്ധതി**

318 (1873) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു പഞ്ചായത്തിൽ ഒരു കളി സ്ഥലം എന്ന മാതൃകാ പദ്ധതിക്കായി എത്ര കളിസ്ഥലങ്ങൾ നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കളിസ്ഥലങ്ങളുടെ നിർമ്മാണപ്രവൃത്തികൾ എന്നത്തേയ്ക്ക് തുടങ്ങാനാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി ജനപ്രതിനിധികളുടെ ശിപാർശ പരിശോധിച്ച് തയ്യാറാക്കിയ പ്രാഥമിക കളിസ്ഥലങ്ങളുടെ ലിസ്റ്റ് അംഗീകരിച്ച് 10-8-2022-ലെ സ.ഉ.(സാധാ)നമ്പർ 204/2022/കാ.യു.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പും അംഗീകരിച്ച ലിസ്റ്റും അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കനുസിച്ച് ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തി പദ്ധതികളുടെ സൂക്ഷ്മ പരിശോധന നടത്തി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**തിരുവമ്പാടി സ്റ്റേഡിയത്തിന്റെ ടെണ്ടർ പൂർത്തിയാക്കാൻ നടപടി**

319 (1874) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാനുദേശിക്കുന്ന തിരുവമ്പാടി സ്റ്റേഡിയത്തിന്റെ ടെണ്ടർ നടപടികൾ കഴിഞ്ഞ ഫെബ്രുവരിയിൽ പൂർത്തിയായിട്ടും നടപടിക്രമങ്ങൾ ഇതുവരെ പൂർത്തിയാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ അംഗീകാരം എപ്പോൾ നൽകുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാനുദ്ദേശിക്കുന്ന തിരുവമ്പാടി സ്റ്റേഡിയത്തിന്റെ നിർമ്മാണപ്രവൃത്തിക്കായി 19-7-2018-ലെ സ.ഉ. (സാധാ)നമ്പർ 146/2018/കാ.യു.വ. നമ്പർ ഉത്തരവ് പ്രകാരം 5 കോടി രൂപ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പ്രവൃത്തിക്കായി ലഭിച്ചിരുന്ന 3 ദർഘാസുകൾ എസ്.പി.വി ആയ കിറ്റ്കോ കിഫ്ബി പദ്ധതിയുടെ ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും 14-2-2022-ന് ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി യോഗം ചേരുകയും ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സമർപ്പിച്ച ടെണ്ടർ 4,06,97,999 രൂപ അടങ്കലിൽ അംഗീകരിക്കാൻ തീരുമാനമെടുക്കുകയും ചെയ്തിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ L1 ദർഘാസുകാരനായ AKR കൺസ്ട്രക്ഷൻസ് ക്വാട്ട് ചെയ്ത തുക 3,75,32,627.20 രൂപയും L3 ദർഘാസുകാരൻ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്വാട്ട് ചെയ്ത തുക 4,06,97,999.29 രൂപയുമായിരുന്നു. ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾക്ക് 10% പ്രൈസ് പ്രിഫറൻസിന് അർഹതയുണ്ടെങ്കിലും L3 ദർഘാസുകാരനായ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ടെണ്ടർ അംഗീകരിക്കുമ്പോൾ അധിക സാമ്പത്തിക ബാധ്യത വരുന്നതിനാൽ സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുണ്ടെന്ന് ടെണ്ടർ അക്സെപ്റ്റൻസ് കമ്മിറ്റിയിലെ ധനകാര്യ വകുപ്പിന്റെ പ്രതിനിധി ചൂണ്ടിക്കാട്ടിയിരുന്നു.

കൂടാതെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ടി പ്രവൃത്തിക്കുവേണ്ടി L1 ദർഘാസുകാരൻ രേഖപ്പെടുത്തിയിരുന്ന 3,75,32,627.20 രൂപയ്ക്ക് ടി പ്രവൃത്തി ചെയ്യുവാൻ സമ്മതമാണെന്ന് അറിയിച്ചാൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് സർക്കാർ അംഗീകാരം കൂടാതെതന്നെ വർക്ക് അവാർഡ് ചെയ്യാമെന്നും കമ്മിറ്റി തീരുമാനിച്ചിരുന്നു. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി L1-ന്റെ നിരക്കിലേയ്ക്ക് തുക കുറയ്ക്കുവാൻ കഴിയുകയില്ലെന്നും അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകുവാൻ കായികയുവജനകാര്യ ഡയറക്ടർ അഭ്യർത്ഥിക്കുകയും ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അനുമതി തേടുകയുമുണ്ടായി. ഇതുകൊണ്ടാണ് ഇക്കാര്യത്തിൽ കാലതാമസമുണ്ടായത്. ധനവകുപ്പ് പ്രസ്തുത നിർദ്ദേശം അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവമ്പാടി സ്റ്റേഡിയത്തിന് നിർമ്മാണ പ്രവൃത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകി 25-8-2022-ൽ സ.ഉ.(സാധാ) നമ്പർ 212/2022/കാ.യു.വ . ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

### തിരൂരങ്ങാടി മണ്ഡലത്തിലെ സ്റ്റേഡിയങ്ങൾ

320 (1875) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേഡിയം നിർമ്മാണം/നവീകരണം പദ്ധതിയിൽ തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്റ്റേഡിയങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ സ്റ്റേഡിയങ്ങൾക്കായി വകയിരുത്തിയ തുകയും ഇവയുടെ ഡി. പി.ആർ.-ൽ ഉൾപ്പെട്ട പ്രവൃത്തികളും വിശദമാക്കുമോ?

(എ&ബി) തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര ഗ്രാമ പഞ്ചായത്ത് സ്റ്റേഡിയം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദശങ്ങൾക്കനുസരിച്ച് ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തി പദ്ധതിയുടെ സൂക്ഷ്മ പരിശോധന നടത്തി വിശദമായ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട് നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് സ്പോർട്സ് കേരള ഫൗണ്ടേഷൻ എഞ്ചിനീയറിംഗ് വിഭാഗം ടി സ്കൂൾ സൈറ്റ് സന്ദർശിച്ച് പ്രാഥമിക പഠനം

നടത്തുകയും ലേ ഔട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ചുറ്റുമതിൽ, ഫുട്ബോൾ കോർട്ട്, ഗാലറി, ഡ്രെയിൻ, പാർക്കിംഗ് ഏര്യ, ഫെൻസിംഗ്, സ്വിമ്മിംഗ് പൂൾ ചെയ്ഞ്ച് റൂം, ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങൾ നിർമ്മിക്കുന്നതിനുള്ള 300 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

## കോട്ടയം ജില്ലയിലെ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി

321 (1876) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി ജനപ്രതിനിധികളുടെ ശിപാർശ പരിശോധിച്ച് തയ്യാറാക്കിയ പ്രാഥമിക കളിസ്ഥലങ്ങളുടെ ലിസ്റ്റ് അംഗീകരിച്ച് 10-8-2022-ലെ സ.ഉ.(സാധാ)നമ്പർ 204/2022/കാ.യു.വ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസിച്ച് ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തി പദ്ധതികളുടെ സൂക്ഷ്മ പരിശോധന നടത്തി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട് ഭരണാനുമതി ലഭിച്ചിട്ടുള്ള കളിക്കളങ്ങളിൽ എന്തൊക്കെ ഘടകങ്ങൾ ഉൾപ്പെടുത്താനാണ് ലക്ഷ്യമിടുന്നതെന്നും ഒരു കളിക്കളത്തിന് പ്രതീക്ഷിക്കുന്ന ചെലവെത്രയെന്നും അറിയിക്കാമോ;

(സി) ഇതിൽ സ്പോർട്സ് വകുപ്പ് അനുവദിക്കാൻ ഉദ്ദേശിക്കുന്ന തുക എത്രയെന്നും എം.എൽ.എ. ഫണ്ട് പോലുള്ള മറ്റ് സ്രോതസ്സുകളിൽനിന്നും ലക്ഷ്യമിടുന്ന തുക എത്രയെന്നും അറിയിക്കാമോ?

(ബി&സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കുറഞ്ഞത് ഒരു ഏക്കർ സ്ഥലത്ത് നിലവിൽ പ്രചാരത്തിലുള്ള വിവിധ കായിക ഇനങ്ങൾക്കുള്ള സൗകര്യങ്ങളും ഇൻഡോർകോർട്ട്, മാനസിക ശാരീരിക ശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന ഫിറ്റ്നസ് പവലിയൻ, ജിം തുടങ്ങിയ വിപുലമായ സൗകര്യങ്ങളും ഉയർന്ന സാമൂഹിക നിലവാരത്തോടുകൂടി സ്ത്രീ സൗഹൃദ അന്തരീക്ഷംകൂടി കണക്കിലെടുത്തുകൊണ്ടാണ് പദ്ധതി രേഖ തയ്യാറാക്കിയിരിക്കുന്നത്.

പ്രസ്തുത പദ്ധതിയിലെ ഓരോ പ്രവൃത്തിക്കും ആവശ്യമായി വരുന്ന ഒരു കോടി രൂപയിൽ 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കി വരുന്ന തുക

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട് വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽ നിന്നും പ്രവൃത്തിക്ക് ആവശ്യമായ തുക സമാഹരിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ചുമതല ആർക്കാണെന്നും പദ്ധതിയുടെ രൂപീകരണവേളയിൽ അതത് എം.എൽ.എ.-മാരുടെ പങ്കാളിത്തം കൂടി ഉറപ്പാക്കാൻ നടപടി സ്വീകരിക്കാമോയെന്നും അറിയിക്കാമോ?

പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയോഗിച്ചും പ്രസ്തുത പദ്ധതി നിർവ്വഹണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും 12-7-2022-ലെ സ.ഉ.(അച്ചടി)നമ്പർ 1/2022/ കാ.യു.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.* ജനപ്രതിനിധികളുടെ ശിപാർശ പരിശോധിച്ചാണ് പ്രാഥമിക കളിസ്ഥലങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

(ഇ) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയുടെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെയോ ഓഫീസിന്റെയോ വിശദാംശം അറിയിക്കാമോ?

പദ്ധതിയുമായി ബന്ധപ്പെട്ട് സ്പോർട്സ് കേരള ഫൗണ്ടേഷൻ കോട്ടയം ജില്ലാ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ പേരും വിവരവും ചുവടെ ചേർക്കുന്നു.

ശ്രീ. റോയ് വി. എം.,

സ്പോർട്സ് കേരള ഫൗണ്ടേഷൻ

ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം

വെള്ളയമ്പലം, തിരുവനന്തപുരം

ഫോൺ - 9447111583

## ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികളുടെ പുരോഗതി

322 (1877) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ, മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനും മത്സ്യ-അനുബന്ധമേഖലകളുടെ നവീകരണത്തിനുമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരുന്ന വിവിധ പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥയും അവയുടെ നിർവ്വഹണ പുരോഗതിയും വിശദീകരിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ, മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനും മത്സ്യ-അനുബന്ധ മേഖലകളുടെ നവീകരണത്തിനുമായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*

**കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം**

323 (1878) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതിയിൽ ഏതൊക്കെ കായിക ഇനങ്ങളാണ് പുതുതായി ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ യോഗ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശവും ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ?

(എ&ബി) കായിക താരങ്ങൾക്ക് പബ്ലിക് സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതിപ്രകാരം 2015 മുതൽ 2019 വരെയുള്ള വർഷങ്ങളിലെ ഒഴിവുകളിൽ നിയമനത്തിനായി അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള 18-2-2021 എസ്.ഡി.1/100/2018/പൊ.ഭ.വ. നമ്പർ വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള കായിക ഇനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

അക്വാട്ടിക്

അത്‌ലറ്റിക്സ്

ബാസ്കറ്റ് ബോൾ

സൈക്ലിംഗ്

ഫുട്ബോൾ

ഹാൻഡ് ബോൾ

വോളീബോൾ

കനോയിംഗ് & കയാക്കിംഗ്

ഷൂട്ടിംഗ്

ബാഡ്മിന്റൺ(ഷട്ടിൽ)

ടേബിൾ ടെന്നീസ്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വെയ്റ്റ് ലിഫ്റ്റിംഗ്

ജൂഡോ

ആർച്ചറി

തായ്ക്ക്വാണ്ടോ

ബോക്സിംഗ്

റോവിംഗ്

ഫെൻസിംഗ്

റസ്ലിംഗ്

ജിംനാസ്റ്റിക്സ്

ഹോക്കി

ടെന്നീസ്

സോഫ്റ്റ് ബോൾ (വനിത)

കബഡി

ചെസ്സ്

കരാട്ടെ

ബാസ്കറ്റ് ബോൾ(മെൻ)

വുഷു

മൗണ്ടനിയറിംഗ്

സൈക്കിൾ പോളോ

പവർ ലിഫ്റ്റിംഗ്

ടെന്നീക്വയറ്റ്

ബോൾ ബാഡ്മിന്റൺ

ഖോ ഖോ

കളരിപ്പയറ്റ്

ബോഡി ബിൽഡിംഗ്

സോഫ്റ്റ്ബോൾ

ബാസ്കറ്റ്ബോൾ

ടഗ് ഓഫ് വാർ

നെറ്റ്ബോൾ

ആം റസ്ലിംഗ്

യോഗ

സെപക് താക്രോ

റോളർ സ്കേറ്റിംഗ്

ത്രോ ബോൾ

കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ച് മൂന്ന് വർഷം പൂർത്തിയായിട്ടുള്ളതും ഒളിമ്പിക്സ്/ഏഷ്യൻ ഗെയിംസ് മത്സരങ്ങളിൽ ഉൾപ്പെടാത്തതുമായ 17 കായിക ഇനങ്ങളുടെ പട്ടികയിലാണ് യോഗ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത 17 കായിക ഇനങ്ങൾക്കായി പ്രതിവർഷം ഒരു ഒഴിവ് വീതമാണ് നീക്കിവച്ചിട്ടുള്ളത്. 16-2-2017-ലാണ് യോഗയ്ക്ക് കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അംഗീകാരം ലഭിച്ചത്. 18-2-2021-ലെ പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

**കല്ലായി ഗവൺമെന്റ് ഫിഷറീസ് എൽ.പി. സ്കൂളിന് പുതിയ കെട്ടിടം**

324 (1879) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ കല്ലായി ഗവൺമെന്റ് ഫിഷറീസ് എൽ.പി. സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

ഇല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇല്ലെങ്കിൽ പ്രസ്തുത സ്കൂളിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ വകുപ്പിന്റെ ഏതെങ്കിലും പദ്ധതിയിലുൾപ്പെടുത്തി ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിൽ ടി സ്കൂൾ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ളതാണ്. എങ്കിലും തീരദേശ സ്കൂൾ എന്ന നിലയിൽ മത്സ്യത്തൊഴിലാളികൾക്കുള്ള അടിസ്ഥാനസൗകര്യ വികസനവും മാനവശേഷി വികസനവും എന്ന പദ്ധതിയിലോ, കിഫ്ബി പദ്ധതിയിലോ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന് തുക അനുവദിക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്.

**സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിന് പാരിതോഷികം**

325 (1880) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമിന് സർക്കാർ പാരിതോഷികം നൽകിയിരുന്നോയെന്ന് വ്യക്തമാക്കുമോ?

കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമിന് സർക്കാർ പാരിതോഷികം നൽകിയിരുന്നു.

(ബി) എങ്കിൽ ടീമിൽ എത്ര പേരുണ്ടായിരുന്നുവെന്നും ആർക്കെല്ലാമാണ് പാരിതോഷികം നൽകിയതെന്നും എത്ര രൂപയായിരുന്നു പാരിതോഷികമെന്നും വ്യക്തമാക്കാമോ; പാരിതോഷികം പ്രഖ്യാപിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കൊൽക്കത്തയിൽവച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 20 അംഗങ്ങൾക്കും മുഖ്യപരിശീലകനും രണ്ട് ലക്ഷം രൂപ വീതവും മാനേജർ, അസിസ്റ്റന്റ് പരിശീലകൻ, ഫിസിയോതെറാപ്പിസ്റ്റ് എന്നിവർക്ക് ഒരു ലക്ഷം രൂപ വീതവും പാരിതോഷികം നൽകിയിരുന്നു. 5-4-2018-ലെ സ.ഉ.(കൈ)നമ്പർ 2/2018/കാ.യു.വ. നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്*.

(സി) ടീമിൽ അന്ന് ഫിസിയോതെറാപ്പിസ്റ്റ് ആരായിരുന്നുവെന്നും ടിയാന് പാരിതോഷികം നൽകിയിരുന്നോയെന്നും വ്യക്തമാക്കാമോ?

പ്രസ്തുത ടീമിലെ ഫിസിയോതെറാപ്പിസ്റ്റ് ശ്രീ. അരുൺ രാജ് എ. എസ്. ആയിരുന്നു. ടിയാന് ഒരു ലക്ഷം രൂപ പാരിതോഷികം നൽകിയിരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) കേരളത്തിൽവച്ച് നടന്ന 75-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമിന് പാരിതോഷികം പ്രഖ്യാപിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) ടീമിൽ എത്ര പേരുണ്ടായിരുന്നുവെന്നും ആർക്കെല്ലാമാണ് പാരിതോഷികം നൽകിയതെന്നും എത്ര രൂപയായിരുന്നു പാരിതോഷികമെന്നും വ്യക്തമാക്കാമോ?

(ഡി&ഇ) കേരളത്തിൽവച്ച് നടന്ന 75-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമിന് പാരിതോഷികം പ്രഖ്യാപിച്ച് പുറപ്പെടുവിച്ച 16-5-2022-ലെ സ.ഉ. (കൈ)നമ്പർ 3/2022/ കാ.യു.വ. ഉത്തരവിന്റെ പകർപ്പ് അനുബന്ധം-II ആയി ചേർത്തിട്ടുണ്ട്.*

75-ാമത് സന്തോഷ് ട്രോഫി ഫുട്ബോൾ മത്സരത്തിൽ വിജയിച്ച കേരള ടീമിലെ 20 കായിക താരങ്ങൾക്കും മുഖ്യപരിശീലകനും അഞ്ച് ലക്ഷം രൂപ വീതവും അസിസ്റ്റന്റ് പരിശീലകൻ, മാനേജർ, ഗോൾകീപ്പർ ട്രെയിനി എന്നിവർക്ക് മൂന്ന് ലക്ഷം രൂപ വീതവും പാരിതോഷികം നൽകുകയുണ്ടായി.

(എഫ്) ടീമിന്റെ ഫിസിയോതെറാപ്പിസ്റ്റ് ആരായിരുന്നു എന്ന് വ്യക്തമാക്കാമോ; ടിയാന് പാരിതോഷികം നൽകിയിരുന്നോയെന്നും എങ്കിൽ എത്ര രൂപയാണ് പാരിതോഷികമായി നൽകിയതെന്നും വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഫിസിയോതെറാപ്പിസ്റ്റിനെ ഒഴിവാക്കാനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ?

75-ാമത് സന്തോഷ് ട്രോഫി ഫുട്ബോൾ മത്സരത്തിൽ വിജയിച്ച കേരള ടീമിന്റെ ഫിസിയോതെറാപ്പിസ്റ്റ് ശ്രീ. മുഹമ്മദ് ആയിരുന്നു. ടിയാന് പാരിതോഷികം അനുവദിച്ചിട്ടില്ല.

**മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നിർമ്മിച്ച നൽകിയ ഭവനങ്ങൾ**

326 (1881) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി പ്രകൃതിക്ഷോഭത്തെത്തുടർന്ന് വർഷങ്ങൾക്കുമുമ്പ് ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ കഠിനംകുളം, ചിറയിൻകീഴ് എന്നീ പഞ്ചായത്തുകളിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുവേണ്ടി നിർമ്മിച്ച നൽകിയ ഭവനങ്ങൾ ജീർണ്ണാവസ്ഥയിലാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ ചിറയിൻകീഴ് പഞ്ചായത്തിലെ കടകത്ത് മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുവേണ്ടി ഭവനങ്ങൾ നിർമ്മിച്ച് നൽകിയിട്ടുള്ളത് റവന്യൂ വകുപ്പ് മുഖേനയാണ്. ആകെയുള്ള 55 വീടുകളിൽ 2 വീടുകൾക്ക് അറ്റകുറ്റപ്പണി നടത്തേണ്ടതാണെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ജീർണ്ണിച്ച ഭവനങ്ങൾക്കു പകരം പുതിയ കെട്ടിടങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

സുനാമി കോളനികളുടെ അടിസ്ഥാനസൗകര്യ വികസനങ്ങൾ നടത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു.

## മത്സ്യത്തൊഴിലാളികൾക്ക് മിനിമം വേതനം

327 (1882) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് തമിഴ്നാട് സർക്കാർ നടപ്പാക്കിയ മാതൃകയിൽ മണ്ണെണ്ണ സബ്സിഡി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഇപ്പോൾ പരിഗണനയിൽ ഇല്ല. നിലവിൽ മത്സ്യഫെഡ് മുഖേന അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻക്ഷമതയുടെ അടിസ്ഥാനത്തിൽ ചുവടെ വിവരിച്ച പ്രകാരമുള്ള അളവിൽ ലിറ്ററിന് 25 രൂപ സബ്സിഡി ഡി.ബി.റ്റി. ആയി നൽകി വരുന്നുണ്ട്.

10 HP വരെ - 140 ലിറ്റർ

10 HP മുതൽ 15 HP വരെ - 150 ലിറ്റർ

15 HP- ക്ക് മുകളിൽ - 190 ലിറ്റർ

(ബി) കാലാവസ്ഥാ മുന്നറിയിപ്പുകൾ കാരണം ജോലിക്ക് പോകുവാൻ സാധിക്കാത്ത മത്സ്യത്തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശം നൽകുമോ?

പ്രകൃതിക്ഷോഭത്തിന്റെയോ കടൽക്ഷോഭത്തിന്റെയോ ഫലമായി തുടർച്ചയായി മത്സ്യബന്ധന വിലക്ക് ഏർപ്പെടുത്തുന്ന ദിവസങ്ങളിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും നിലവിൽ ഒരു ദിവസം 200 രൂപ വീതം കണക്കാക്കി ധനസഹായം നല്കുന്നുണ്ട്.

കാലാവസ്ഥാ മുന്നറിയിപ്പുകൾ കാരണം മത്സ്യബന്ധന വിലക്ക് ഏർപ്പെടുത്തുന്ന ദിവസങ്ങളിൽ ജോലിക്ക് പോകുവാൻ സാധിക്കാത്ത മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഫിഷറീസ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ സഹായം**

328 (1883) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷേമ പെൻഷൻ ലഭിക്കുന്നതിനുമുമ്പ് അപകടം ബാധിച്ച് മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത മത്സ്യത്തൊഴിലാളികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായം നൽകാൻ നടപടി സ്വീകരിക്കുമോ?

മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത മത്സ്യത്തൊഴിലാളികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി./ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി.) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള ടേം വായ്പകൾ 6 ശതമാനം പലിശ നിരക്കിൽ 5 വർഷം കാലാവധിയിൽ മത്സ്യഫെഡ് വഴി വിതരണം ചെയ്തുവരുന്നു.

**തീരദേശമേഖലയിലെ അടിസ്ഥാനസൗകര്യ വികസനം**

329 (1884) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് തുടരുന്നതുമായ തീരദേശമേഖലയിലെ അടിസ്ഥാനസൗകര്യ വികസന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഫിഷറീസ് വകുപ്പ് മുഖേനയും അനുബന്ധ ഏജൻസികൾ മുഖേനയും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് തുടരുന്നതുമായ തീരദേശമേഖലയിലെ അടിസ്ഥാനസൗകര്യ വികസന പദ്ധതികളുടെ വിശദവിവരം അനുബന്ധം 1 ആയി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മത്സ്യബന്ധന തുറമുഖങ്ങൾക്കും തീരദേശ റോഡുകൾക്കുമായി ചെലവഴിക്കുന്ന തുക ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു.*

(സി) തീരദേശവാസികൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനായി ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നുള്ള വിവരം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

തീരദേശവാസികൾക്ക് വീട് നിർമ്മിച്ചുനൽകുന്നതിനായുള്ള പദ്ധതികൾ സംബന്ധിച്ച് ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധം-3 ആയി ചേർക്കുന്നു.*

(ഡി) വിഴിഞ്ഞം തുറമുഖം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തദ്ദേശവാസികൾക്ക് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രദേശത്തെ അടിസ്ഥാനസൗകര്യ വികസനത്തിനും തദ്ദേശവാസികളുടെ ക്ഷേമത്തിനും ജീവനോപാധി നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനും മറ്റ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ട് നടപ്പാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-4 ആയി ചേർക്കുന്നു*.

### വിഴിഞ്ഞം പദ്ധതിയിൽ വീട് നഷ്ടപ്പെട്ടവരുടെ പുനരധിവാസം

330 (1885) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിമൂലം വീടുകൾ നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിനായി മുട്ടത്തറയിൽ 18 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

കടലാക്രമണംമൂലം ഭൂമിയും വീടും നഷ്ടപ്പെട്ടവരെയും വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്നവരെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ബൃഹത് പദ്ധതിയാണ് പുനർഗേഹം. പുനർഗേഹം പദ്ധതിപ്രകാരം തിരുവനന്തപുരം ജില്ലയിൽ വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് മുട്ടത്തറ വില്ലേജിൽ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്ഷീര വികസന വകുപ്പിന്റെയും ഡയറി കോളേജിന്റെയും കൈവശമുള്ള 17.43 ഏക്കർ സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് 2-6-2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു.

(ബി) പ്രസ്തുത സ്ഥലത്ത് പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച് വീട് നഷ്ടപ്പെട്ട കുടുംബങ്ങളുടെ പ്രതിനിധികളുമായോ ബന്ധപ്പെട്ട സംഘടനകളുമായോ ജനപ്രതിനിധികളുമായോ ഏതെങ്കിലും തരത്തിലുള്ള ചർച്ച നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പ്രസ്തുത സ്ഥലം ലഭ്യമാക്കി പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിന് സ്ഥലം എം.എൽ.എ. കൂടിയായ ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട തിരുവനന്തപുരം മേയറും പങ്കെടുത്ത് 16-8-2022-നും 22-8-2022-നും ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ചകൾ നടത്തിയിട്ടുണ്ട്. കൂടാതെ 19-8-2022-ന് തിരുവനന്തപുരം അതിരൂപത പ്രതിനിധികളുമായും ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ചകൾ നടന്നിട്ടുണ്ട്.

(സി) മുട്ടത്തറയിൽ സർക്കാർ കണ്ടെത്തിയ ഭൂമി മൃഗസംരക്ഷണ വകുപ്പിന്റെ ഡെയറി കോളേജിനായുള്ള സ്ഥലമാണോ; എങ്കിൽ പ്രസ്തുത ഭൂമി പുനരധിവാസ ആവശ്യത്തിനായി ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദാംശം നൽകുമോ?

ഡെയറി കോളേജ് ആരംഭിക്കുന്നതിന് തിരുവനന്തപുരത്ത് പകരം സ്ഥലം കണ്ടെത്തി നൽകണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയാണ് 2-6-2022-ലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തിയ യോഗത്തിൽ തീരുമാനമായത്.

(ഡി) മുട്ടത്തറയിൽ ഏത് രീതിയിലുള്ള പുനരധിവാസ പദ്ധതിയാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മുട്ടത്തറയിൽ മത്സ്യത്തൊഴിലാളികൾക്കായി നിർമ്മിച്ച് കൈമാറിയ പ്രതീക്ഷ ഫ്ലാറ്റിന്റെ മാതൃകയിലുള്ള പുനരധിവാസമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

(ഇ) പുനരധിവാസവുമായി ബന്ധപ്പെട്ട് ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ സമരം നടക്കുന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ സ്ഥലത്തിന്റെ അനുയോജ്യത ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സമരസമിതി പ്രതിനിധികളുമായും ബന്ധപ്പെട്ട മറ്റു സംഘടനകളുമായും ജനപ്രതിനിധികളുമായും ചർച്ച നടത്തുന്നതിന് തയ്യാറാകുമോ; വിശദാംശം നൽകുമോ?

19-8-2022-ന് ലത്തീൻ അതിരൂപത പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ പുനരധിവാസം അടക്കമുള്ള വിഷയങ്ങൾ ചർച്ച ചെയ്തിരുന്നു.

## പുനർഗേഹം പദ്ധതി

331 (1886) <u>ശ്രീ. വി. ജോയി:</u> താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന വികസനത്തിനും ക്ഷേമത്തിനുമായി വിഭാവന ചെയ്തിട്ടുള്ള പുനർഗേഹം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനുള്ള ബൃഹത് പദ്ധതിയാണ് പുനർഗേഹം.

2018 വർഷത്തിൽ ഫിഷറീസ് വകുപ്പ് തീരദേശത്ത് നടത്തിയ വിശദമായ സർവ്വേ പ്രകാരം കടലോരത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ 18685 കുടുംബങ്ങൾ അധിവസിക്കുന്നതായി കണ്ടെത്തിയിരുന്നു. സർവ്വേയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ 18685 കുടുംബങ്ങളും അപ്പീൽ അപേക്ഷകളുമുൾപ്പെടെ ആകെ 21004 കുടുംബങ്ങളാണ് പുനർഗേഹം പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ 8375 ഗുണഭോക്താക്കൾ മാറിത്താമസിക്കുന്നതിന് സന്നദ്ധത അറിയിച്ചവരാണ്. ഇതിൽ 3382 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിക്ക് ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി വില അംഗീകരിച്ചിട്ടുണ്ട്. 2701 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും 2171 ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിക്കുകയും 1480 ഗുണഭോക്താക്കൾ പദ്ധതി ആനുകൂല്യം പൂർണ്ണമായും കൈപ്പറ്റിയിട്ടുമുണ്ട്. വ്യക്തിഗത ഭവന നിർമ്മാണം സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

തിരുവനന്തപുരം ജില്ലയിൽ കാരോട് (128), ബീമാപള്ളി (20), മലപ്പുറം ജില്ലയിൽ പൊന്നാനി (128) എന്നിവിടങ്ങളിലുമായി 276 കുടുംബങ്ങളെ ഫ്ലാറ്റ് നിർമ്മിച്ച് ഇതിനോടകം പുനരധിവസിപ്പിച്ചിട്ടുണ്ട്. കൊല്ലം QSS കോളനിയിൽ 114 ഫ്ലാറ്റുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ആലപ്പുഴ ജില്ലയിൽ മണ്ണുംപുറം 228 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇതിനുപുറമെ വലിയതുറ (192), കാരോട് (24), പൊന്നാനി (100), നിറമരുതൂർ (16), കോഴിക്കോട് ജില്ലയിലെ വെസ്റ്റ്ഹിൽ (80), കാസർഗോഡ് ജില്ലയിലെ കോയിപ്പാടി-(144) എന്നിവിടങ്ങളിലായി 556 ഫ്ലാറ്റുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സർക്കാർ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭൂമി ലഭ്യമാക്കി കെട്ടിട സമുച്ചയങ്ങൾ നിർമ്മിച്ച് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനും മാറിത്താമസിക്കുവാൻ തയ്യാറായിട്ടുള്ള ഗുണഭോക്താക്കൾ സ്വന്തം നിലയിൽ ഭൂമി കണ്ടെത്തുന്ന പക്ഷം 10 ലക്ഷം രൂപ ധനസഹായം അനുവദിച്ച് പുനരധിവസിപ്പിക്കുന്നതിനുമുള്ള സത്വര നടപടികൾ പുരോഗമിച്ചുവരുന്നു.

**മത്സ്യത്തൊഴിലാളികളുടെ ജീവിതപ്രശ്നങ്ങൾ**

332 (1887) <u>ശ്രീ. കെ. പി. എ. മജീദ്:</u>
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u>
<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ മുന്നറിയിപ്പ് കാരണം കടലിൽ പോകുന്നത് നിരോധിക്കുന്നതിനാൽ മത്സ്യത്തൊഴിലാളികളുടെ ജീവിതമാർഗ്ഗം തടസ്സപ്പെടുന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് എന്തെങ്കിലും പരിഹാരമാർഗ്ഗം കണ്ടെത്തിയിട്ടുണ്ടോ?

2020-21 കാലാവസ്ഥ മുന്നറിയിപ്പുമൂലം തൊഴിൽ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിനായി SDRF പ്രകാരം 31.126 കോടി രൂപയും CMDRF പ്രകാരം 5 കോടി രൂപയും ഉൾപ്പെടെ 36.126 കോടി രൂപ അനുവദിച്ചിരുന്നു. കടൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2000 രൂപ വീതവും ഉൾനാടൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2000 രൂപ വീതവും അനുബന്ധ വിഭാഗങ്ങൾക്ക് 1000 രൂപ വീതവും മൊത്തം 36.126 കോടി രൂപയാണ് ധനസഹായമായി അനുവദിച്ചത്.

ടൗട്ടെ ചുഴലിക്കാറ്റ് മുന്നറിയിപ്പിനെത്തുടർന്നു കടൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിരുന്ന സാഹചര്യത്തിൽ കടൽ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിരുന്ന 6 ദിവസത്തേയ്ക്കുള്ള ധനസഹായമായി ഒരു കുടുംബത്തിന് 1,200 രൂപ നിരക്കിൽ തിട്ടപ്പെടുത്തി 18.36 കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. 1,24,970 കടൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും 28,070 അനുബന്ധത്തൊഴിലാളി കുടുംബങ്ങൾക്കും തുക അനുവദിക്കുന്നതിനായി അതത് ജില്ലാ ഓഫീസർമാർക്ക് തുക അനുവദിച്ചിട്ടുണ്ട്.

2021 ഒക്ടോബർ, നവംബർ മാസങ്ങളിലുണ്ടായ കനത്ത മഴയെത്തുടർന്ന് കടലിൽ പോകുന്നതിന് വിലക്കേർപ്പെടുത്തിയതുമൂലം തൊഴിൽദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി-അനുബന്ധത്തൊഴിലാളി കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിന് 47.84 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിക്കുകയും 159481 മത്സ്യത്തൊഴിലാളി അനുബന്ധത്തൊഴിലാളി കുടുംബങ്ങൾക്ക് കുടുംബം ഒന്നിന് 3,000 രൂപ വെച്ച് ധനസഹായം ജില്ലാ ഓഫീസർമാർ മുഖേന മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുമുണ്ട്.

(ബി) കടലിൽ പോകുന്നത് നിരോധിക്കുന്ന ദിവസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് മിനിമം വേതനം നൽകണമെന്ന ആവശ്യത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പ്രകൃതിക്ഷോഭത്തിന്റെയോ കടൽക്ഷോഭത്തിന്റെയോ ഫലമായി തുടർച്ചയായി മത്സ്യബന്ധന വിലക്കേർപ്പെടുത്തുന്ന ദിവസങ്ങളിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും നിലവിൽ ഒരു ദിവസം 200 രൂപ വീതം കണക്കാക്കി ധനസഹായം നല്കുന്നുണ്ട്. കാലാവസ്ഥാ മുന്നറിയിപ്പുകൾ കാരണം മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തുന്ന ദിവസങ്ങളിൽ കടലിൽ ജോലിക്ക് പോകുവാൻ സാധിക്കാത്ത മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം അനുവദിക്കുന്നതിന്റെ സാധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഫിഷറീസ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

### മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികൾ

333 (1888) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും സാമൂഹിക സാമ്പത്തിക സുരക്ഷയ്ക്കുമായി എന്തൊക്കെ പദ്ധതികളാണ് വിഭാവന ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികൾ മുഖേനയും മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും സാമൂഹിക സാമ്പത്തിക സുരക്ഷയ്ക്കുമായി നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മത്സ്യത്തൊഴിലാളികളുടെ സംരക്ഷണം

334 (1889) ശ്രീ. വി. ജോയി:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനാവശ്യമുള്ള മണ്ണെണ്ണ വിഹിതത്തിൽ കേന്ദ്രം വരുത്തിയിട്ടുള്ള ഗണ്യമായ വെട്ടിക്കുറവ്, ഇന്ധന വില വർദ്ധന, മണ്ണെണ്ണയ്ക്കും ഡീസലിനും സബ്സിഡി നിർത്തലാക്കിയത് തുടങ്ങിയ പ്രശ്നങ്ങളാൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മത്സ്യബന്ധനത്തിനുപയോഗിക്കുന്ന ഇന്ധനങ്ങളുടെ പ്രത്യേകിച്ച് മണ്ണെണ്ണയുടെ വില വർദ്ധന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് താങ്ങാവുന്നതിലും അധികമാണ്. നിലവിൽ പൊതുവിപണിയിൽ മണ്ണെണ്ണയുടെ വില ലിറ്ററിന് 106.52 രൂപയും സിവിൽ സപ്ലൈസ് വകുപ്പ് വഴി വിതരണം ചെയ്യുന്ന സബ്സിഡിരഹിത മണ്ണെണ്ണയ്ക്ക് ലിറ്ററിന് 84 രൂപയുമാണ്. മത്സ്യബന്ധനത്തിന് മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ദുരിതത്തിലാക്കുന്ന ഈ വിലവർദ്ധന പരമ്പരാഗത മത്സ്യബന്ധന മേഖലയുടെ തകർച്ചയ്ക്ക് കാരണമാകും. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിർണ്ണയാവകാശം എണ്ണക്കമ്പനികൾക്കായതാണ് ഇതിന് മുഖ്യ കാരണം. പരമ്പരാഗത തൊഴിൽ എന്ന നിലയിലും ഏറെ പിന്നോക്കാവസ്ഥയിലുള്ള ഒരു മേഖലയെന്ന പരിഗണന നൽകിയും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ അത്രയും മണ്ണെണ്ണ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

നിലവിൽ മത്സ്യഫെഡ് മുഖേന ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് 25 രൂപ സംസ്ഥാന സർക്കാർ സബ്സിഡി അനുവദിക്കുന്നുണ്ട്. 10 വർഷത്തിന് താഴെ കാലപ്പഴക്കമുള്ള 14332 എഞ്ചിനുകൾക്കാണ്, എഞ്ചിൻ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ പ്രതിമാസം 140 മുതൽ 190 ലിറ്റർ വരെ മണ്ണെണ്ണ ഇത്തരത്തിൽ അനുവദിക്കുന്നത്. ഇത് ഈ മേഖലയുടെ മണ്ണെണ്ണ ആവശ്യത്തിന്റെ കാൽഭാഗംപോലും നിറവേറ്റുന്നില്ല. മത്സ്യഫെഡ് വഴി അനുവദിക്കുന്ന അതേ അനുപാതത്തിൽ മണ്ണെണ്ണ 25 രൂപയ്ക്ക് അനുവദിക്കണമെങ്കിൽ പ്രതിവർഷം 350 കോടി രൂപ

വേണ്ടിവരും. പ്രതിവർഷം മത്സ്യബന്ധന മേഖലയിലെ മുകളിൽ പറഞ്ഞ 14332 എഞ്ചിനുകളുടെ പ്രവർത്തനത്തിന് മാത്രമായി ഒരു ലക്ഷം കിലോ ലിറ്ററിലധികം മണ്ണെണ്ണ ആവശ്യമാണ്.

കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന സബ്സിഡി രഹിത മണ്ണെണ്ണ സംസ്ഥാനത്ത് മത്സ്യബന്ധന മേഖല, കാർഷിക മേഖല ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു. എഞ്ചിൻ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ 129 ലിറ്റർ മുതൽ 180 ലിറ്റർ വരെയാണ് മത്സ്യബന്ധനത്തിനായി അനുവദിക്കുന്നത്. 1,08,000 (ഒരു ലക്ഷത്തി എണ്ണായിരം) കിലോ ലിറ്റർ മണ്ണെണ്ണ പ്രതിവർഷം ആവശ്യമുള്ളിടത്ത് ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ 2160 കിലോ ലിറ്റർ മണ്ണെണ്ണ മാത്രമാണ് അനുവദിച്ചിട്ടുള്ളത്.

വില കുത്തനെ കൂട്ടിയതിനു പിന്നാലെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതവും നിർത്തലാക്കുകയാണ്. കൂടുതൽ മണ്ണെണ്ണ ആവശ്യപ്പെട്ട് കേന്ദ്രത്തിന് നൽകിയ കത്തിന് മണ്ണെണ്ണയ്ക്ക് പകരം മത്സ്യബന്ധനത്തിന് പെട്രോളോ ഡീസലോ ഉപയോഗിക്കുന്ന കാര്യം പരിഗണിക്കണമെന്നാണ് കേന്ദ്ര സർക്കാരിന്റെ നിലപാട്. സംസ്ഥാനത്തിന് ആവശ്യമുള്ളതിന്റെ നാലിൽ ഒന്ന് മാത്രമാണ് നിലവിൽ കേന്ദ്രത്തിൽനിന്നും ലഭിക്കുന്നത്.

(ബി) കേന്ദ്ര സർക്കാരിന്റെ ഇത്തരം നയസമീപനങ്ങൾകൊണ്ടും കാലാവസ്ഥാ വ്യതിയാനംമൂലവും പ്രതിസന്ധിയിലായ മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനും വരുമാനം ഉറപ്പ് വരുത്തുന്നതിനുമായി സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

കേന്ദ്ര സർക്കാർ നയങ്ങൾമൂലം ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ദുരിത നിവാരണത്തിനായും അവരുടെ പുനരധിവാസത്തിനുമായി നിരവധി പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം, കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പുനർഗേഹം പദ്ധതി, കടലാക്രമണം തടയുന്നതിനുള്ള കടൽഭിത്തി നിർമ്മാണം, മത്സ്യബന്ധന ഉപകരണങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് മത്സ്യഫെഡ് നടപ്പാക്കുന്ന വിവിധ പദ്ധതികൾ, വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന സബ്സിഡിയോടുകൂടി മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ, പഞ്ഞ മാസങ്ങളിൽ നടപ്പാക്കിവരുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി, സാഫ് മുഖേന നടപ്പാക്കിവരുന്ന പദ്ധതികൾ എന്നിവ ഇത്തരത്തിലുള്ളവയാണ്. പ്രസ്തുത പദ്ധതികൾ മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനും വരുമാനം ഉറപ്പ് വരുത്തുന്നതിനും ഉതകുന്നവയാണ്.

(സി) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ പ്രധാന പ്രശ്നങ്ങളായ ഇന്ധന വിലവർദ്ധന, മണ്ണെണ്ണയുടെ ദൗർലഭ്യം, സബ്സിഡി നിർത്തലാക്കൽ എന്നീ വിഷയങ്ങളിൽ കേന്ദ്ര സർക്കാരിന്റെ നയസമീപനം തിരുത്തുന്നതിനായി സർക്കാർ നടത്തിയ ഇടപെടലുകൾ സംബന്ധിച്ച വിശദാംശം നൽകുമോ?

കേന്ദ്ര സർക്കാരിൽനിന്നും അനുവദിച്ച് നൽകുന്ന സബ്സിഡിരഹിത മണ്ണെണ്ണ വർദ്ധിച്ചതോതിൽ ലഭ്യമാക്കുകയും അതോടൊപ്പം മത്സ്യഫെഡിനെ മണ്ണെണ്ണയുടെ മൊത്തവിതരണക്കാരായി അംഗീകരിക്കുന്നതിനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരികയാണ്. എന്നാൽ നിരന്തരം ആവശ്യപ്പെട്ടിട്ടും മേൽപ്പറഞ്ഞ രണ്ട് കാര്യങ്ങളിലും അനുകൂലമായ പ്രതികരണം കേന്ദ്ര സർക്കാരിൽനിന്നും ഉണ്ടായിട്ടില്ല.

സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയ്ക്ക് ആവശ്യമായ അളവിൽ മണ്ണെണ്ണ ലഭ്യമാക്കുന്നതിന് കേന്ദ്ര ഫിഷറീസ് മന്ത്രിയെ ഈ മാസം 17-ാം തീയതി സംസ്ഥാന ഫിഷറീസ് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നേരിട്ട് സന്ദർശിച്ച് ചർച്ച നടത്തി സബ്സിഡി രഹിത മണ്ണെണ്ണ വർദ്ധിച്ച തോതിൽ അനുവദിക്കണമെന്നാവശ്യപ്പെട്ട് നിവേദനം നൽകിയിട്ടുണ്ട്.

**കിഫ്ബി വഴിയുള്ള തീരദേശ വികസനം**

335 (1890) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ തീരദേശവികസനവുമായി ബന്ധപ്പെട്ട് എത്ര തുകയുടെ വികസന പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടത്തിയിട്ടുള്ളത്; കിഫ്ബി മുഖേന തീരദേശ വികസനത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

**മണിമലയിൽ ആധുനിക ഫിഷ് മാർക്കറ്റും വെയർഹൗസും**

336 (1891) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാതയ്ക്ക് സമീപം മണിമലയിൽ ആധുനിക ഫിഷ് മാർക്കറ്റ്, ഫിഷറീസ് വെയർഹൗസ് എന്നിവ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതുസംബന്ധിച്ച സാധ്യതാ പഠനത്തിന് നടപടി സ്വീകരിക്കാമോ?

(എ&ബി) പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാതയ്ക്ക് സമീപം മണിമലയിൽ നിലവിലുള്ള മാർക്കറ്റ് വിപുലീകരിച്ച് ആധുനിക ഫിഷ് മാർക്കറ്റും വെയർഹൗസും സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി സ്വീകരിച്ചുവരുന്നു. ഇതുസംബന്ധിച്ച ഫീസിബിലിറ്റി റിപ്പോർട്ട് തീരദേശ വികസന കോർപ്പറേഷൻ മുഖേന തയ്യാറാക്കിയിട്ടുണ്ട്.

**ലോക വ്യാപാര സംഘടനയുടെ മത്സ്യബന്ധന മേഖലയിലെ നിർദ്ദേശങ്ങൾ**

337 (1892) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചിരുന്ന സബ്സിഡികൾ നിർത്തലാക്കണമെന്ന ലോക വ്യാപാര സംഘടനയുടെ നിർദ്ദേശം കേന്ദ്ര സർക്കാർ അംഗീകരിച്ചതോടെ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

നിയമവിരുദ്ധവും റിപ്പോർട്ട് ചെയ്യാത്തതും അനിയന്ത്രിതവുമായ മത്സ്യബന്ധനത്തിനുള്ള സബ്സിഡികൾ ഇല്ലാതാക്കുന്നത് ഉൾപ്പെടെയുള്ള ഡബ്ല്യു.ടി.ഒ. ചർച്ചകൾ ആഗോളതലത്തിൽ മത്സ്യസമ്പത്ത് സംരക്ഷിക്കാനുള്ള വഴികൾ കണ്ടെത്തുന്നതിനു വേണ്ടിയാണെന്ന് അവകാശപ്പെടുന്നു. എന്നാൽ WTO Site-ലും, 17-62022-ലെ മന്ത്രിതലയോഗ തീരുമാനത്തിലും കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമായിട്ടുള്ള കരാറിന്റെ പകർപ്പിൽനിന്നും വ്യക്തമാവുന്ന കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. ആർട്ടിക്കിൾ (3.1) പ്രകാരം നിയമവിരുദ്ധമായും റിപ്പോർട്ട് ചെയ്യപ്പെടാത്തതും നിയന്ത്രിക്കപ്പെടാത്തതുമായ മാർഗ്ഗങ്ങളിലൂടെ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക്/യാനങ്ങൾക്ക് സബ്സിഡി നൽകുന്നത് തടയണമെന്നതാണ് പൊതുവായ തീരുമാനം.

2. ആർട്ടിക്കിൾ (3.8) പ്രകാരം വികസ്വര രാജ്യങ്ങളിലും Least Developed രാജ്യങ്ങളിലും പ്രത്യേക സാമ്പത്തിക മേഖല (EEZ) - യ്ക്കുള്ളിൽ രണ്ട് വർഷത്തേയ്ക്ക് മേൽപ്പറഞ്ഞ ആർട്ടിക്കിൾ 3.1, ആർട്ടിക്കിൾ 10 എന്നിവ പ്രകാരമുള്ള തീരുമാനം നടപ്പിലാക്കുന്നത് ഒഴിവാക്കിയിട്ടുണ്ട്.

3. ആർട്ടിക്കിൾ (4.1) പ്രകാരം ഏതെങ്കിലും ഒരു പ്രത്യേക സ്പീഷീസിൽപ്പെട്ട മത്സ്യം അതിന്റെ പിടിച്ചെടുക്കാവുന്ന അളവിനേക്കാൾ കൂടുതൽ പിടിക്കുന്ന (Over Fished stocks) തരം മത്സ്യബന്ധനം നടത്തുന്ന യാനങ്ങൾക്ക് സബ്സിഡി അനുവദിക്കാൻ പാടില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ആർട്ടിക്കിൾ (4.4) പ്രകാരം വികസ്വര രാജ്യങ്ങളിലും Least Developed രാജ്യങ്ങളിലും പ്രത്യേക സാമ്പത്തിക മേഖലയ്ക്കുള്ളിൽ (EEZ) രണ്ട് വർഷത്തേയ്ക്ക് ഈ തീരുമാനം നടപ്പിലാക്കുന്നത് ഒഴിവാക്കിയിട്ടുണ്ട്. സാധാരണ രണ്ട് വർഷത്തിലൊരിക്കലാണ് WTO-യുടെ മന്ത്രിതല യോഗം നടക്കാറുള്ളത്. നിലവിൽ ഇന്ത്യ ഉൾപ്പെടെയുള്ള വികസ്വര രാജ്യങ്ങളുടെ EEZ-ൽ മന്ത്രിതലയോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നത് രണ്ട് വർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുള്ളതുകൊണ്ട് മത്സ്യ മേഖലയിൽ ഇതിനകം ഉയർന്നുവന്നിട്ടുള്ള ആശങ്കകൾക്ക് താൽക്കാലിക ശമനം ഉണ്ടായിട്ടുണ്ട്. ഇന്ത്യ ഉൾപ്പെടെയുള്ള വികസ്വരരാജ്യങ്ങളുടെ ശക്തമായ എതിർപ്പിനെ തുടർന്നാണ് 2 വർഷത്തേയ്ക്ക് ഇങ്ങനെ ഒരു തീരുമാനമുണ്ടായതെന്നാണ് മനസ്സിലാക്കുന്നത്.

(ബി) കേരളത്തിലെ പത്ത് ലക്ഷത്തിൽ അധികം വരുന്ന മത്സ്യത്തൊഴിലാളികളുടെ വരുമാനത്തെ ബാധിക്കുന്ന ലോക വ്യാപാര സംഘടനയുടെ തീരുമാനത്തെ പൂർണതോതിൽ നടപ്പിലാക്കാൻ ശ്രമിക്കുന്ന കേന്ദ്ര സർക്കാർ നടപടി പ്രതിരോധിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

സമൂഹത്തിൽ ഏറ്റവുമധികം പിന്നോക്കാവസ്ഥയിൽ ഇപ്പോഴും നിലകൊള്ളുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിന് നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഇനിയും തുടരണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. ഇക്കാര്യം കേന്ദ്ര സർക്കാരിനെ രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കടലിന്റെ ആവാസവ്യവസ്ഥയെ തകർക്കുന്ന തരത്തിലുള്ള വിദേശ ട്രോളറുകൾ കേരള തീരത്ത് ട്രോളിംഗ് നടത്തുന്നതുമൂലം മത്സ്യസമ്പത്തിനുണ്ടാകുന്ന നാശവും മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന വരുമാന നഷ്ടവും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കേരളതീരത്ത് വിദേശ ട്രോളറുകൾ മത്സ്യബന്ധനം നടത്തുന്നത് നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(സി&ഡി) കേരള തീരത്ത് വിദേശ ട്രോളറുകളുടെ മത്സ്യബന്ധനം തടയുന്നതിന് KMFR Act കാലോചിതമായി ഭേദഗതി വരുത്തുകയും ആയത് നടപ്പിലാക്കുന്നതിനാവശ്യമായ ചട്ടങ്ങൾ രൂപീകരിക്കുകയും ചെയ്തു. ഫിഷറീസ്

വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും നിയമ ലംഘകർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കേരള തീരത്ത് വിദേശ ട്രോളറുകളുടെ മത്സ്യബന്ധനം നിർത്തലാക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി 2018-ൽ കേന്ദ്ര സർക്കാർ വിദേശ യാനങ്ങൾക്ക് നൽകിയിരുന്ന LOP (Letter of permit) നിർത്തലാക്കിയിട്ടുണ്ട്.

## കേന്ദ്ര ഫിഷറീസ് ബിൽ

338 (1893) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്രസർക്കാർ അവതരിപ്പിച്ച ഫിഷറീസ് ബില്ലിലെ വ്യവസ്ഥകൾ മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുമോ; വിശദമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ കരട് സമുദ്ര മത്സ്യബന്ധന നിയമം 2019 പ്രസിദ്ധീകരിച്ച ഉടൻതന്നെ സംസ്ഥാന താല്പര്യത്തിന് ഹാനികരമാകുന്ന നിർദ്ദേശങ്ങൾ തിരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിന് സമർപ്പിച്ച നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ ഫീസ്

339 (1894) ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. അബ്ദുൽ ഹമീദ് :
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന വള്ളങ്ങളുടെയും ബോട്ടുകളുടെയും രജിസ്ട്രേഷൻ ഫീസ് വർദ്ധന ഒഴിവാക്കണമെന്ന മത്സ്യത്തൊഴിലാളി സംഘടനകളുടെ ആവശ്യത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(ബി) മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ ഫീസിലെ വർദ്ധന പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) 2018-ലെ വിജ്ഞാപന പ്രകാരം മത്സ്യബന്ധന യാനങ്ങൾക്ക്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏർപ്പെടുത്തിയിരിക്കുന്ന രജിസ്ട്രേഷൻ ഫീസുകൾ മത്സ്യത്തൊഴിലാളികൾക്ക് താങ്ങാൻ കഴിയുന്നതിനേക്കാളും അപ്പുറമാണെന്ന് പറഞ്ഞു മത്സ്യമേഖലയിലെ വിവിധ സംഘടനകൾ അന്നത്തെ ഫിഷറീസ് മന്ത്രിക്കും മുഖ്യമന്ത്രിക്കും നിവേദനങ്ങൾ നൽകിയിരുന്നു. പ്രസ്തുത നിവേദനങ്ങളുടെയും അപേക്ഷകളുടെയും അടിസ്ഥാനത്തിൽ ഫിഷറീസ് വകുപ്പുമന്ത്രി സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുകയും മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ ലൈസൻസ് ഫീസുകൾ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ രജിസ്ട്രേഷൻ ഫീസ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു*.

(സി) വള്ളങ്ങളുടെയും ബോട്ടുകളുടെയും രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിനുള്ള വ്യവസ്ഥകളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല. നിലവിൽ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള വ്യവസ്ഥ അനുബന്ധം (2) ആയി ചേർക്കുന്നു*.

**മത്സ്യബന്ധനയാനങ്ങളുടെ അപകടങ്ങൾ ഒഴിവാക്കാൻ നടപടി**

340 (1895) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി അഴിമുഖത്തോടും തുറമുഖത്തോടും ചേർന്നുള്ള പ്രദേശങ്ങളിൽ മത്സ്യബന്ധനയാനങ്ങൾ അപകടത്തിൽപ്പെടുന്നത് സംബന്ധിച്ച് 22-10-2021-ൽ കൂടിയ യോഗത്തിലെ തീരുമാനങ്ങൾ എന്തെന്ന് വിശദമാക്കാമോ?

22-10-2021-ലെ യോഗതീരുമാനം ചുവടെ ചേർക്കുന്നു.

കൊച്ചി തുറമുഖത്ത് അപകടത്തിൽപ്പെടുന്ന ബോട്ടുകളുടെ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്വം കൊച്ചിൻ പോർട്ട് ട്രസ്റ്റിനാണെന്നും സാമ്പത്തിക പരിമിതിയുള്ളതുകൊണ്ട് ഇക്കാര്യം നിർവ്വഹിക്കുവാൻ കഴിയില്ലെങ്കിൽ അക്കാര്യം ചൂണ്ടിക്കാട്ടി തുറമുഖ സെക്രട്ടറിക്ക് കത്ത് നൽകേണ്ടതാണ്. ഇതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുവാൻ യോഗം എറണാകുളം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി.

(ബി) പ്രസ്തുത യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

പ്രസ്തുത യോഗതീരുമാനം പോർട്ട് ട്രസ്റ്റിനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പോർട്ട് ട്രസ്റ്റിന്റെ ഫണ്ടുപയോഗിച്ച് ബോട്ടുകളുടെ അവശിഷ്ടങ്ങൾ മാറ്റാൻ കഴിയില്ലെന്ന് പോർട്ട് ട്രസ്റ്റ് അറിയിക്കുകയുണ്ടായി. തുടർന്ന് ദുരന്ത നിവാരണ നിധിയിൽനിന്നും തുക അനുവദിക്കാനാകുമോയെന്ന് പരിശോധിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ശുചിത്വ സാഗരം സുന്ദര തീരം പദ്ധതി**

341 (1896) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)"ശുചിത്വ സാഗരം സുന്ദര തീരം" പദ്ധതിയെപ്പറ്റി വിശദീകരിക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) നിലവിൽ ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതെന്ന് അറിയിക്കാമോ;

(സി) മറ്റു ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കുമോ; അതിന് എത്ര രൂപ ചെലവുവരുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 9 തീരദേശ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ പ്രാരംഭപ്രവർത്തനമായ പ്രചാരണ ബോധവത്കരണ പ്രവർത്തനങ്ങൾ പ്രസ്തുത ജില്ലകളിൽ ഇപ്പോൾ നടന്നുവരികയാണ്.

**മത്സ്യഭവനുകളുടെ പ്രവർത്തനം**

342 (1897) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന മത്സ്യഭവനുകളുടെ പ്രവർത്തനം വിശദമാക്കാമോ?

സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും മത്സ്യഭവനുകൾ നിലവിലില്ല. ആകെ 67 മത്സ്യഭവനുകളാണ് നിലവിലുള്ളത്. ഇതിൽ 55 എണ്ണം മത്സ്യത്തൊഴിലാളികൾ കൂടുതലായി തിങ്ങിപ്പാർക്കുന്ന തീരദേശങ്ങളിലും 12 എണ്ണം ഇൻലാൻഡ് മേഖലയിലുമാണ് പ്രവർത്തിച്ചുവരുന്നത്.

29-10-2019-ലെ സ.ഉ.(പി) നമ്പർ 40/2019/മ.തു.വ. പ്രകാരം സർക്കാർ മത്സ്യഭവനുകളുടെ അധികാരപരിധി നിശ്ചയിച്ചിട്ടുണ്ട്. മത്സ്യഭവനുകൾ കേന്ദ്രീകരിച്ച് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, ഫിഷറീസ് ഓഫീസർ ലെവൽ ഓഫീസർമാരാണ് ചുമതലയിലുള്ളത്. മത്സ്യബന്ധന മേഖലയിലെ വിവിധ വികസന ക്ഷേമ പദ്ധതികളുടെ നിർവ്വഹണം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ഘടക

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികളുടെ നിർവ്വഹണം എന്നിവയാണ് മത്സ്യഭവന്റെ പ്രധാന ചുമതല. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായുള്ള പദ്ധതി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി വകുപ്പ് നിശ്ചയിക്കും പ്രകാരം ആവശ്യമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക, വിവിധ പദ്ധതികളെ സംബന്ധിച്ച് മത്സ്യകർഷകർക്ക് വേണ്ട അവബോധം നൽകുക, സർക്കാരിന്റെയും വകുപ്പിന്റെയും പ്രവർത്തനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് താഴെത്തട്ടിലെ ജനങ്ങളിലേയ്ക്ക് എത്തിക്കുക, മത്സ്യ കർഷക വികസന ഏജൻസിയുടെ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുക എന്നിവയൊക്കെയാണ് മത്സ്യഭവൻ വഴി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ.

(ബി) മത്സ്യഭവനുകളുടെ പ്രവർത്തനം കൂടുതൽ ജനകീയമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

മത്സ്യഭവനുകളുടെ പ്രവർത്തനം കൂടുതൽ ജനകീയമാക്കുന്നതിനായി നിലവിലുള്ള 67 മത്സ്യഭവനുകൾക്ക് പുറമെ 33 മത്സ്യഭവനുകൾകൂടി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. മത്സ്യഭവനുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി മത്സ്യഭവനുകൾ കേന്ദ്രീകരിച്ച് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, ഫിഷറീസ് ഓഫീസർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി ഉദ്യോഗസ്ഥർ, മത്സ്യസമ്പത്തിന്റെ സംരക്ഷണവും പരിപാലനവും മത്സ്യത്തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള വില്ലേജുതല, ജില്ലാതല, സംസ്ഥാനതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുമായി ചേർന്ന് പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**കേന്ദ്ര നയങ്ങൾ മത്സ്യമേഖലയിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ**

343 (1898) ശ്രീ കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. എൻ. കെ. അക്ബർ:

ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന രംഗത്ത് കേന്ദ്ര സർക്കാർ പിന്തുടർന്ന് വരുന്ന നയങ്ങൾ സംസ്ഥാനത്തെ മത്സ്യമേഖലയിൽ എന്തെല്ലാം പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

മത്സ്യബന്ധന രംഗത്ത് കേന്ദ്രസർക്കാർ പിന്തുടർന്നുവരുന്ന നയങ്ങൾ സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. കേരളത്തിലെ മത്സ്യബന്ധനയാനങ്ങളുടെ ഉദ്ദേശം 85.10 ശതമാനവും മോട്ടോർ ഘടിപ്പിച്ച നാടൻ വള്ളങ്ങളാണ്. ഇടയ്ക്കിടെ ഉണ്ടാവുന്ന മണ്ണെണ്ണയുടെ വില വർദ്ധന ഇത്തരം യാനങ്ങളുടെ നിലനിൽപ്പിനുതന്നെ ഭീഷണി ആയിട്ടുണ്ട്. വേൾഡ് ട്രേഡ് ഓർഗനൈസേഷൻ (WTO) കരാറിന്റെ അടിസ്ഥാനത്തിൽ മത്സ്യബന്ധന മത്സ്യമേഖലയിലെ സബ്സിഡി അവസാനിപ്പിക്കാനുള്ള നടപടികൾ, മത്സ്യബന്ധന സാമഗ്രികൾക്ക് ജി.എസ്.ടി. ഏർപ്പെടുത്തുന്നതിനുള്ള തീരുമാനം, സമഗ്രമായ ശാസ്ത്രപഠനങ്ങൾ ഇല്ലാതെ തീരദേശത്ത് നടപ്പാക്കുന്ന വൻകിട ടൂറിസം പദ്ധതികൾ, കോർപ്പറേറ്റ് കമ്പനികൾ നടപ്പാക്കുന്ന മറ്റു വൻകിട പദ്ധതികൾ, ബ്ലൂ ഇക്കോണമിയുടെ പേരിൽ നടപ്പാക്കാനുദ്ദേശിക്കുന്ന കടൽ ഖനന പദ്ധതികൾ എന്നിവയെല്ലാംതന്നെ കേരളത്തിന്റെ മത്സ്യമേഖലയിൽ പ്രത്യാഘാതങ്ങളുണ്ടാക്കും. പല പദ്ധതികളും തീരദേശത്തിന്റെ സന്തുലിതാവസ്ഥയെയും മത്സ്യത്തൊഴിലാളികളുടെ സുരക്ഷയെയും പ്രതികൂലമായി ബാധിക്കും.

(ബി) ഇന്ധന വിലവർദ്ധന, ബ്ലൂ ഇക്കോണമിയുടെ പേരിൽ തീരക്കടലിലും ആഴക്കടലിലും നടപ്പാക്കിക്കൊണ്ടിരിക്കുന്ന കേന്ദ്ര പദ്ധതികൾ, മീൻപിടുത്ത ഉപകരണങ്ങൾക്ക് ജി.എസ്.ടി. ഉയർത്തിയ നടപടി എന്നിവ സംസ്ഥാനത്തെ മത്സ്യമേഖലയിൽ എത്രത്തോളം പ്രതിസന്ധി സൃഷ്ടിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഇടയ്ക്കിടെ ഉണ്ടാവുന്ന ഇന്ധനവില വർദ്ധന കേരളത്തിലെ മത്സ്യബന്ധന മേഖലയെ തകർച്ചയിലേയ്ക്ക് നയിക്കുന്നു. കേരളത്തിന്റെ കടലിൽ 43489 യാനങ്ങൾ മത്സ്യബന്ധനം നടത്തിവരുന്നു. ഇതിന്റെ 85.1 ശതമാനവും (33991) മണ്ണെണ്ണ ഉപയോഗിച്ച് പ്രവർത്തിച്ചുവരുന്ന നാടൻ വള്ളങ്ങളാണ്. കുത്തനെയുള്ള മണ്ണെണ്ണ വിലവർദ്ധന ഇത്തരം വള്ളങ്ങളുടെ നിലനിൽപ്പിനുതന്നെ ഭീഷണി ആയിട്ടുണ്ട്. അതുപോലെ ഡീസലിന്റെ വിലയിലുണ്ടാകുന്ന വർദ്ധന സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന 6671 യന്ത്രവൽകൃത ബോട്ടുകളുടെ (ഇൻബോർഡ് എഞ്ചിൻ യാനങ്ങൾ) ഉൾപ്പെടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. ബ്ലൂ ഇക്കോണമിയുടെ പേരിൽ നടപ്പാക്കിവരുന്ന വിവിധ ടൂറിസം പദ്ധതികളും നടപ്പാക്കാനുദ്ദേശിക്കുന്ന കടലിലെ ധാതു ഖനന പദ്ധതികളും കടലിലെ ആവാസവ്യവസ്ഥയെ തന്നെ ബാധിക്കും. ഇത്തരം പദ്ധതികൾ തീരശോഷണത്തിനും ജലമലിനീകരണത്തിനും ഹേതുവാകും. കടലിലെ ധാതു ഖനനം കടലിലെ പ്രാഥമിക ഉല്പാദനത്തെയും അതുവഴി മത്സ്യ ഉല്പാദനത്തെയും പ്രതികൂലമായി ബാധിക്കും. കടലോരത്തും കടലിലും നടത്തിവരുന്ന വിവിധ നിർമ്മാണപ്രവൃത്തികൾ തീരക്കടലിൽനിന്ന് മത്സ്യങ്ങൾ കൂട്ടത്തോടെ പാലായനം ചെയ്യുന്നതിന് ഇടയാക്കും.

സംസ്കരിക്കാത്ത പച്ച മത്സ്യങ്ങൾക്ക് ജി.എസ്.ടി. ഏർപ്പെടുത്തിയിട്ടില്ലെങ്കിലും വിവിധ മത്സ്യ ഉൽപ്പന്നങ്ങൾക്ക് (ഉണക്കമത്സ്യം ഉൾപ്പെടെ) സംസ്കരിച്ച മത്സ്യങ്ങൾക്ക് അഞ്ച് ശതമാനം ജി.എസ്.ടി. ഉണ്ട്. അതുപോലെതന്നെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന ചൂണ്ടകൾ, കയറുകൾ എന്നിവയ്ക്ക് 12% ജി.എസ്.ടി. ഏർപ്പെടുത്തിയിട്ടുണ്ട്. മുമ്പ് ഇത്തരം സാധനങ്ങൾക്ക് ടാക്സ് നിലവിലില്ലായിരുന്നു. അതുപോലെ മത്സ്യബന്ധന വലകൾ, മത്സ്യബന്ധന എഞ്ചിനുകൾ തുടങ്ങിയവയ്ക്ക് 5 ശതമാനം നിരക്കിൽ ജി.എസ്.ടി. ബാധകമാക്കിയിട്ടുണ്ട്. മത്സ്യബന്ധന യാനങ്ങൾക്കും വലകൾ, ചൂണ്ടകൾ, കയറുകൾ, എന്നിവയ്ക്കും ഉണക്കമത്സ്യം ഉൾപ്പെടെയുള്ള മത്സ്യ ഉല്പന്നങ്ങൾക്കും ജി.എസ്.ടി. ഏർപ്പെടുത്തിയ നടപടി അടിക്കടിയുണ്ടാകുന്ന ഇന്ധന വിലവർദ്ധനമൂലം നട്ടംതിരിയുന്ന മത്സ്യബന്ധന മേഖലയെ കൂടുതൽ തകർച്ചയിലേയ്ക്ക് നയിക്കും.

(സി) കേന്ദ്ര സർക്കാരിന്റെ നയങ്ങൾക്ക് ബദലായി സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെയും മത്സ്യബന്ധന മേഖലയുടെയും വികസനത്തിനായി സ്വീകരിച്ചുവരുന്ന നയങ്ങളും നടപടികളും വിശദമാക്കാമോ?

മത്സ്യത്തൊഴിലാളികളുടെ ദുരിത നിവാരണത്തിനായും അവരുടെ പുനരധിവാസത്തിനുമായി നിരവധി പദ്ധതികൾ കേരള സർക്കാർ നടപ്പാക്കി വരുന്നുണ്ട്. സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം, കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പുനർഗേഹം പദ്ധതി, കടലാക്രമണം തടയുന്നതിനുള്ള കടൽഭിത്തി നിർമ്മാണം, മത്സ്യബന്ധന ഉപകരണങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് മത്സ്യഫെഡ് നടപ്പാക്കുന്ന വിവിധ പദ്ധതികൾ, വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന സബ്സിഡിയോടുകൂടി മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ, പഞ്ഞ മാസങ്ങളിൽ നടപ്പാക്കിവരുന്ന സമ്പാദ്യസമാശ്വാസ പദ്ധതി, എന്നിവ ഇത്തരത്തിലുള്ളവയാണ്. മത്സ്യ മത്സ്യേതര മേഖലകളിൽ തൊഴിൽ നേടുന്നതിന് മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകളെ പ്രാപ്തരാക്കുന്നതിനും അതുവഴി മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സാമ്പത്തികമായി ഉന്നതിയിലേയ്ക്ക് നയിക്കുന്നതിനും ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള സാഫ് വഴി വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു.

## മത്സ്യബന്ധന മേഖലയിലെ സബ്സിഡി

344(1899) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലൂ ഇക്കോണമി എന്ന പേരിൽ കേന്ദ്ര സർക്കാർ കൊണ്ടുവരുന്ന നിയമ നിർമ്മാണം വഴി ആഴക്കടലിനൊപ്പം തീരക്കടലിൽ നിന്നുകൂടി പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പുറന്തള്ളപ്പെടുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇന്ത്യ അംഗമായ ലോക വ്യാപാര സംഘടനയുടെ മന്ത്രിതല സമിതി യോഗം, മത്സ്യബന്ധന മേഖലയിലെ സബ്സിഡി പൂർണ്ണമായും നിർത്തണമെന്ന് തീരുമാനിച്ചത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സൃഷ്ടിക്കാനിടയുള്ള പ്രതിസന്ധി കണക്കിലെടുത്ത് ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യപ്പെടുമോയെന്ന് അറിയിക്കാമോ?

സമൂഹത്തിൽ ഏറ്റവുമധികം പിന്നോക്കാവസ്ഥയിൽ ഇപ്പോഴും നിലകൊള്ളുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിന് നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഇനിയും തുടരണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. ഇക്കാര്യം കേന്ദ്ര സർക്കാരിനെ രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) തീരദേശ മത്സ്യത്തൊഴിലാളികൾക്ക് ജീവനോപാധികൾക്കും അടിസ്ഥാനസൗകര്യ വികസനത്തിനുമുള്ള സഹായം നൽകി അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് നടപ്പാക്കുന്ന സംസ്ഥാന പദ്ധതികളെക്കുറിച്ച് അറിയിക്കാമോ?

ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികൾ മുഖേനയും മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും സാമൂഹിക സാമ്പത്തിക സുരക്ഷയ്ക്കുമായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ശുദ്ധജല മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി

345 (1900) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ശുദ്ധജല മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ശുദ്ധജല മത്സ്യോല്പാദനം ഉൾപ്പെടെയുള്ള ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിക്കായി 98 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതനുസരിച്ച് ശുദ്ധജല മത്സ്യകൃഷിയും ഓരുജല മത്സ്യകൃഷിയും നടപ്പിലാക്കിയിട്ടുണ്ട്. ആയതിൽ ശുദ്ധജല മത്സ്യകൃഷിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

ഇതിനുപുറമെ 8165 പൊതുകുളങ്ങളിലായി 1338.41 ഹെക്ടറിൽ മത്സ്യക്കുഞ്ഞ് നിക്ഷേപിക്കുന്ന പദ്ധതികളും നടപ്പിലാക്കി.

2020-21 സാമ്പത്തികവർഷം പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 5392.5 ലക്ഷം രൂപ അടങ്കൽ തുക വരുന്ന റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ബയോഫ്ലോക്ക് അക്വാകൾച്ചർ സിസ്റ്റം എന്നീ നൂതന മത്സ്യകൃഷിരീതികളും ബാണാസുര സാഗർ, കാരാപ്പുഴ, പെരുവണ്ണാമൂഴി, കക്കി റിസർവോയറുകളിൽ 16 കോടി അടങ്കൽ തുകയുള്ള കൂടിലെ മത്സ്യകൃഷി പദ്ധതി വഴി 400 കൂട്ടുകളിൽ ശുദ്ധജല മത്സ്യകൃഷിയും നടപ്പിലാക്കി പൂർത്തീകരിച്ചുവരുന്നു.

2021-22 സാമ്പത്തികവർഷം പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 750 ലക്ഷം രൂപ അടങ്കൽ തുക വരുന്ന റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റവും 1081.80 ലക്ഷം രൂപ അടങ്കൽ തുക വരുന്ന റിസർവോയർ പദ്ധതിക്കും ഭരണാനുമതി നൽകുകയും ആയതനുസരിച്ച് പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. 2022-24 സാമ്പത്തിക വർഷത്തെ 60.72 കോടി രൂപയുടെ സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിയിൽ 3523.84 ലക്ഷം രൂപ ശുദ്ധജല മത്സ്യകൃഷി പദ്ധതിക്കായി വക കൊള്ളിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ ഫലമായി ശുദ്ധജല മത്സ്യോല്പാദനത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ വിവിധ ശുദ്ധജല മത്സ്യകൃഷി പദ്ധതികളിലൂടെ 2020-21 സാമ്പത്തിക വർഷത്തെ 31201 മെട്രിക് ടൺ ശുദ്ധജല മത്സ്യോൽപ്പാദനം 2021-22 സാമ്പത്തിക വർഷമായപ്പോൾ 32655 മെട്രിക് ടണ്ണായി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഉല്പാദിപ്പിച്ച മത്സ്യത്തിന്റെ സംസ്കരണത്തിനും വിപണനത്തിനുമായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദാംശം നൽകുമോ?

ഉൾനാടൻ മത്സ്യമേഖലയിൽനിന്നും ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങളുടെ സംസ്കരണത്തിനും വിപണനത്തിനുമായി സംസ്ഥാനത്തെ 5 ജില്ലകളിലായി ഒരു യൂണിറ്റിന് 10 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 30 മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനായി നടപ്പ് സാമ്പത്തികവർഷം 3 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഉൾനാടൻ മത്സ്യങ്ങളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ശൃംഖല രൂപീകരണവും വിപണനം ശാക്തീകരിക്കുന്നതിനും ലക്ഷ്യമിടുന്നു. ഇതിനുപുറമെ ഗുണനിലവാരമുള്ള മത്സ്യം ശുചിത്വ സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് മത്സ്യഫെഡ് മുഖേന സർവ്വീസ് സഹകരണബാങ്ക്/സംഘങ്ങളുമായി ചേർന്നുള്ള മത്സ്യ വിപണന പദ്ധതിയിൽ കേരളത്തിലെ 140 നിയോജകമണ്ഡലത്തിലും ഫിഷ് മാർട്ടുകൾ രൂപീകരിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ നിയോജകമണ്ഡലങ്ങളിലായി 113 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ പ്രവർത്തിക്കുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ പി.എം.എം.എസ്.വൈ പദ്ധതിയിലുൾപ്പെടുത്തി കക്കി (പത്തനംതിട്ട), പെരുവണ്ണാമൂഴി (കോഴിക്കോട്), കാരാപ്പുഴ & ബാണാസുരസാഗർ (വയനാട്) എന്നീ ജല സംഭരണികളിലായി നടത്തിവരുന്ന കൂട് മത്സ്യ കൃഷിയോടനുബന്ധിച്ച് വിവിധ ഇടങ്ങളിൽ മത്സ്യ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## റാന്നി മണ്ഡലത്തിലെ ഉൾനാടൻ മത്സ്യകൃഷി

346 (1901) <u>ശ്രീ. പ്രമോദ് നാരായൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന ഉൾനാടൻ മത്സ്യകൃഷിക്കായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് പട്ടികയായി നൽകാമോ?

റാന്നി നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന ഉൾനാടൻ മത്സ്യകൃഷിക്കായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അഡാക്ക് മുഖാന്തരം പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിലുൾപ്പെടുത്തി റാന്നി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന സീതത്തോട് പഞ്ചായത്തിലെ കക്കി റിസർവോയറിൽ അണക്കെട്ടുകളിൽ കൂട്ട മത്സ്യകൃഷി നടപ്പിലാക്കുന്നുണ്ട്. പദ്ധതിപ്രകാരം 100 കൂടുകൾ സ്ഥാപിച്ചിട്ടുണ്ട്. അതിൽ കരിമീൻ, അനാബാസ്, വരാൽ എന്നീ തനത് മത്സ്യങ്ങളെ വളർത്തി പരിപാലിച്ചുവരുന്നു. പട്ടിക വിഭാഗത്തിൽ ഉൾപ്പെടുന്ന തദ്ദേശീയരും വനവാസികളുമായ ജനവിഭാഗമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ആകെ 100 ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) 2022-23 സാമ്പത്തിക വർഷത്തിൽ പ്രസ്തുത മണ്ഡലത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം നൽകാമോ?

ജനകീയ മത്സ്യകൃഷി (2022-23) ശാസ്ത്രീയ ശുദ്ധജല മത്സ്യകൃഷി (തിലാപ്പിയ, ആസ്സാംവാള, വരാൽ, തദ്ദേശീയ ക്യാറ്റ്ഫിഷ്, കാർപ്പ് മത്സ്യങ്ങൾ, സ്വകാര്യകുളങ്ങളിലെ കാർപ്പ് മത്സ്യകൃഷി, പടുതാക്കുളങ്ങളിലെ മത്സ്യകൃഷി (ആസാംവാള, വരാൽ, അനാബാസ്) റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ബയോഫ്ലോക്ക് വനാമി കൃഷി, കരിമീൻ, വരാൽ വിത്തുൽപ്പാദന യൂണിറ്റ് എന്നിവയാണ് പ്രസ്തുത മണ്ഡലത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ. 2021-22 സാമ്പത്തിക വർഷത്തിൽ പി.എം.എം.എസ്.വൈ പദ്ധതിയിലുൾപ്പെടുത്തി റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ബയോഫ്ലോക്ക് എന്നീ പദ്ധതികളും നടപ്പിലാക്കുന്നതാണ്.

## മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

347 (1902) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഉൾനാടൻ മത്സ്യോൽപ്പാദനം, പ്രാദേശിക തൊഴിൽ സാധ്യതകൾ എന്നിവ വർദ്ധിപ്പിക്കുന്നതിനായി സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ ജനകീയ മത്സ്യകൃഷിയുടെ പുരോഗതി വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഉൾനാടൻ മത്സ്യോൽപ്പാദനം, പ്രാദേശിക തൊഴിൽ സാധ്യതകൾ എന്നിവ വർദ്ധിപ്പിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷം സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിക്കായി 98 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതനുസരിച്ച് വിവിധ മത്സ്യകൃഷി സ്കീമുകൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

---

+

ഇത്തരത്തിൽ വിവിധ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കിയതിലൂടെ 2020-21 സാമ്പത്തിക വർഷം 34987 മെട്രിക് ടണ്ണായിരുന്ന മത്സ്യോൽപ്പാദനം 2021-22 സാമ്പത്തിക വർഷമായപ്പോൾ 37521 മെട്രിക് ടണ്ണായി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) ഇതിനായി നൂതന കൃഷിരീതികൾ അവലംബിക്കുന്നതിനും ഗുണമേന്മയുള്ള മത്സ്യവിത്തുകളുടെ ഉല്പാദന - വിതരണത്തിനും മത്സ്യ ഇനങ്ങളിലെ വൈവിദ്ധ്യവൽക്കരണത്തിനും ശാസ്ത്രീയ പരിപാലനം ഉറപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബയോഫ്ലോക്ക് അക്വാകൾച്ചർ സിസ്റ്റം, റീ-സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഇന്റൻസീവ് അക്വാകൾച്ചർ സിസ്റ്റം എന്നീ നൂതന സാങ്കേതികവിദ്യകൾ അവലംബിച്ചുള്ള നൂതന മത്സ്യകൃഷി രീതികൾ നടപ്പിലാക്കിയതിലൂടെ 2455 ബയോഫ്ലോക്ക് യൂണിറ്റുകളും 4204 എണ്ണം വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി (ഇന്റൻസീവ് അക്വാകൾച്ചർ) യൂണിറ്റുകൾ, 467 റീ-സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷം പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 100 റീ-സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം യൂണിറ്റുകളും 400 ബയോഫ്ലോക്ക് യൂണിറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിലെ ഹാച്ചറികളുടെ അടിസ്ഥാനസൗകര്യം വികസിപ്പിച്ച് ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചതിന്റെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷം 601.96 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തി വിതരണം ചെയ്യുകയെന്ന ഉദ്ദേശ്യത്തോടെ സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം കൊല്ലം ആസ്ഥാനമായി സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ മത്സ്യവിത്തിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനും മെച്ചപ്പെട്ട വിത്ത് കർഷകർക്ക് ലഭ്യമാക്കുന്നതിനും പ്രാദേശിക മത്സ്യവിത്ത് കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു.

ഇതുകൂടാതെ നൂതന സാങ്കേതികമാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ട് കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ, പാലക്കാട് ജില്ലയിലെ മലമ്പുഴ, കോഴിക്കോട് ജില്ലയിലെ കല്ലനോട് എന്നിവിടങ്ങളിൽ ഗിഫ്റ്റ് തിലാപ്പിയ ഹാച്ചറികൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി ഹാച്ചറി നിർമ്മാണപ്രവർത്തനത്തിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

തദ്ദേശീയ ഇനം മത്സ്യങ്ങളുടെ വിത്തുൽപ്പാദനത്തിനും മത്സ്യകൃഷിയുടെ വൈവിദ്ധ്യവൽക്കരണത്തിനുമായി തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, തൃശ്ശൂർ ജില്ലയിലെ പീച്ചി, വയനാട് ജില്ലയിലെ തളിപ്പുഴ, കാരാപ്പുഴ എന്നിവിടങ്ങളിൽ പുതിയ ഹാച്ചറികൾ സ്ഥാപിച്ചു. ഇതുവഴി സർക്കാർ ഹാച്ചറികളിലെ മത്സ്യവിത്തുല്പാദനം 2016-17 സാമ്പത്തിക വർഷം 195.10 ലക്ഷത്തിൽനിന്നും 2021-22 സാമ്പത്തികവർഷം 601.96 ലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

മത്സ്യവിത്തിന്റെ വിതരണം കാര്യക്ഷമമാക്കുന്നതിന് ഗുണമേന്മയുള്ള നല്ലയിനം മത്സ്യവിത്തുകൾ മത്സ്യകർഷകർക്ക് ലഭ്യമാക്കുന്നതിനും വകുപ്പിനു കീഴിലുള്ള ഫിഷ് സീഡ് ഫാമുകളിലും ഹാച്ചറികളിലും ഉൽപ്പാദനം വർദ്ധിപ്പിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണഘട്ടത്തിലായിരിക്കുന്ന മത്സ്യവിത്ത് ഉൽപ്പാദനകേന്ദ്രങ്ങൾ പൂർത്തിയാക്കുന്നതോടെയും നിലവിലുള്ള ഹാച്ചറികളുടെ നവീകരണത്തിലൂടെ ഉൽപ്പാദന വർദ്ധന സാധ്യമാകുന്നതോടെയും മത്സ്യവിത്തുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എം.എസ്.വൈ.-യിൽ ഉൾപ്പെടുത്തിയിട്ടുള്ള റീസർക്കുലേറ്ററി അക്വാകൾച്ചറൽ സിസ്റ്റം, ബയോഫ്ലോക്ക് അക്വാകൾച്ചറൽ സിസ്റ്റം എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2020-21 സാമ്പത്തിക വർഷം പി.എം.എം.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 53.925 കോടി രൂപ അടങ്കൽ തുക വരുന്ന 319 റീസർക്കുലേറ്ററി അക്വാകൾച്ചറൽ സിസ്റ്റം യൂണിറ്റുകളും 400 ബയോഫ്ലോക്ക് അക്വാകൾച്ചറൽ സിസ്റ്റം യൂണിറ്റുകളും സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയതനുസരിച്ച് പദ്ധതി നടപ്പിലാക്കി പൂർത്തീകരിച്ചുവരുന്നു.

(ഡി) ഈ കാലയളവിൽ മത്സ്യോല്പാദനത്തിലും മത്സ്യക്കയറ്റുമതിയിലും ഉണ്ടായിട്ടുള്ള പുരോഗതി അറിയിക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ മത്സ്യോൽപാദനം 37521 മെട്രിക് ടണ്ണായി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം 5020.34 കോടി രൂപ മൂല്യമുള്ള മത്സ്യ കയറ്റുമതിയിൽനിന്ന് 2020-21 സാമ്പത്തിക വർഷമായപ്പോൾ 5039.89 കോടി രൂപ മൂല്യമുള്ള മത്സ്യം കയറ്റുമതി ചെയ്യാൻ സാധിച്ചിട്ടുണ്ട്.

## ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്തിന് നിരാക്ഷേപ സാക്ഷ്യപത്രം

348 (1903) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെള്ളയിൽ ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്തിന് നിരാക്ഷേപ സാക്ഷ്യപത്രം നൽകുന്നത് സംബന്ധിച്ചുള്ള ഫയലിന്റെ (നമ്പർ എ 2/105/2022/എഫ്&പി) നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഫിഷറിസ് ഡയറക്ടറിൽനിന്നും ഇതുസംബന്ധിച്ചുള്ള റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(സി) നിരാക്ഷേപപത്രം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോൾ നൽകുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) ഇതുസംബന്ധിച്ച് തടസ്സങ്ങൾ എന്തെങ്കിലും നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

(എ-ഡി)കോഴിക്കോട് ജില്ലയിലെ കോഴിക്കോട് താലൂക്കിൽ കസബ വില്ലേജിൽ ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള T.S.No. 3-3-95 സർവ്വേ നം. സ്ഥലത്ത് വെള്ളയിൽ മത്സ്യഭവൻ ഓഫീസിന് പിൻവശത്ത് താമസിക്കുന്ന 19 കുടുംബങ്ങൾക്ക് റവന്യൂ വകുപ്പിൽനിന്നും പട്ടയം അനുവദിക്കുന്നതിനായി 26-8-2022-ലെ സ.ഉ.(സാധാ) നമ്പർ 539/2022/ എഫ്&പി പ്രകാരം നിരാക്ഷേപപത്രം അനുവദിച്ചിട്ടുണ്ട്.

### കായംകുളം മണ്ഡലത്തിലെ ഫിഷറീസ് വകുപ്പ് പ്രവൃത്തികൾ

349 (1904) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 മുതൽ നാളിതുവരെ മത്സ്യബന്ധന വകുപ്പ് മുഖേന കായംകുളം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തികളുടെയും ഭരണാനുമതി, സാങ്കേതികാനുമതി, എഗ്രിമെന്റ് എന്നിവയുടെ തീയതിയും പ്രവൃത്തി പുരോഗതിയും വിശദമാക്കാമോ?

(എ&ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മാവേലിക്കര മണ്ഡലത്തിലെ ഫിഷറീസ് പദ്ധതികൾ

350 (1905) ശ്രീ. എം. എസ്. അരുൺ കുമാർ:താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലയളവിൽ ഫിഷറീസ് വകുപ്പ് മാവേലിക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ; ഇവയിൽ ഭരണാനുമതി നല്കിയവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## തൃക്കാക്കര മണ്ഡലത്തിലെ ഫിഷറീസ് പദ്ധതികൾ

351 (1906) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷകാലയളവിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത മണ്ഡലത്തിൽ നിലവിൽ വകുപ്പ് ഏതെങ്കിലും പ്രവൃത്തികൾ നടപ്പിലാക്കിവരുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നിലവിൽ പി.എം.എം.എസ്.വൈ., ബയോഫ്ലോക്ക് (140 $m^3$) – 2 യൂണിറ്റ്, സുഭിക്ഷ ബയോഫ്ലോക്ക് (13 യൂണിറ്റ്) എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കൂടാതെ മത്സ്യഫെഡ് മുഖേന മൈക്രോഫിനാൻസ് വായ്പ പദ്ധതി, മത്സ്യക്കച്ചവടം ചെയ്യുന്ന വനിതകൾക്കുള്ള പലിശരഹിത വായ്പ, ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ (എൻ.സി.ഡി.സി.) ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതിയിൽ മത്സ്യക്കച്ചവടം ചെയ്യുന്ന വനിതകൾക്കുള്ള വായ്പ (ഐ.എഫ്.ഡി.പി.എഫ്.വി.) എന്നീ പദ്ധതികൾ തുടർന്നും നടപ്പിലാക്കിവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പെരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ സ്പോർട്സ് ഹബ്ബ് ആരംഭിക്കാൻ നടപടി**

352 (1907) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ കായിക നയങ്ങളുടെ ഭാഗമായി, പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള 5 ഏക്കർ സ്ഥലത്ത് ഒരു സ്പോർട്സ് ഹബ്ബ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് വകുപ്പുതലത്തിൽ അപേക്ഷകൾ ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള 5 ഏക്കർ സ്ഥലത്ത് സർക്കാരിന്റെ നിലവിലെ കായിക നയങ്ങളുടെ ഭാഗമായി ഒരു സ്പോർട്സ് ഹബ്ബ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് സർക്കാരിൽ ലഭിച്ച പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ബഹുമാനപ്പെട്ട എം.എൽ.എ. മുഖേന സമർപ്പിച്ച അപേക്ഷ പ്രകാരം സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ചശേഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി നടപ്പിലാക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

**കായിക വകുപ്പിന്റെ മലമ്പുഴ മണ്ഡലത്തിലെ പ്രവൃത്തികൾ**

353 (1908) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന എന്തെല്ലാം പ്രവൃത്തികളാണ് നടത്തിവരുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നീ വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) നിലവിൽ മലമ്പുഴ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന പദ്ധതികളൊന്നും നടത്തിവരുന്നില്ല. എന്നാൽ മലമ്പുഴ മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ സ്ഥലത്ത് പാലക്കാട് ജില്ലാ സ്റ്റേഡിയമായ കെ.കെ. പ്രേമചന്ദ്രൻ ഇൻഡോർ സ്റ്റേഡിയം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. ഇറിഗേഷൻ വകുപ്പിൽനിന്ന് നിർമ്മാണം നടത്തുന്നതിനുള്ള പെർമിസീവ് സാംഗ്ഷൻ ലഭിക്കുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

കൂടാതെ മലമ്പുഴ മണ്ഡലത്തിലെ മരുത റോഡ് പഞ്ചായത്ത് മിനി സ്റ്റേഡിയം നിർമ്മാണത്തിനായി 2022-23 വർഷത്തെ ബഡ്ജറ്റിൽ ക്രമ നം. 2324 ആയി 300 ലക്ഷം രൂപ അടങ്കൽതുക കണക്കാക്കിയും 60 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായും ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത സ്ഥലത്തിന്റെ ടോട്ടൽസ്റ്റേഷൻ സർവ്വേ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വിശദമായ ഡി.പി.ആർ, എസ്റ്റിമേറ്റ് എന്നിവ സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിവരുന്നു.

**ഫിഷറീസ് വകുപ്പിന്റെ പൂഞ്ഞാർ മണ്ഡലത്തിലെ പ്രവർത്തനങ്ങൾ**

354 (1909) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

<u>1) കോട്ടയം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>

ഫിഷറീസ് വകുപ്പിന്റെ കീഴിൽ പൂഞ്ഞാർ മണ്ഡലത്തിൽ സുഭിക്ഷകേരളം, ജനകീയ മത്സ്യകൃഷി, പ്രധാൻമന്ത്രി മത്സ്യസമ്പദ യോജന എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>സുഭിക്ഷകേരളം</u>

പടുതാക്കുളം - 32 യൂണിറ്റ്

ബയോഫ്ലോക്ക് - 33 യൂണിറ്റ്

<u>ജനകീയമത്സ്യകൃഷി</u>

ബയോഫ്ലോക്ക് - 04 യൂണിറ്റ്

<u>റീസർക്കുലേറ്ററി അക്വാകൾച്ചർ</u>

സിസ്റ്റം - 03 യൂണിറ്റ്

കൂട് കൃഷി - 01 യൂണിറ്റ്

അർദ്ധ ഊർജ്ജിത മത്സ്യകൃഷി - 831 സെന്റ്

<u>പ്രധാൻമന്ത്രി മത്സ്യസമ്പദ യോജന</u>

റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം - 03

ബാക്ക്യാർഡ് ഓർണമെന്റൽ യൂണിറ്റ് - 01

2) മത്സ്യഫെഡ് മുഖേനയുള്ള പദ്ധതികൾ

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സംസ്ഥാന സർക്കാർ ധനസഹായത്തോടുകൂടി ഈരാറ്റുപേട്ടയിൽ മത്സ്യഫെഡ് ഫിഷ് മാർട്ട് സ്ഥാപിച്ച് 21-10-2015-ൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം തദ്ദേശസ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കുമോ?

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മണ്ഡലത്തിലെ തദ്ദേശസ്ഥാപനങ്ങൾ തിരിച്ച് പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി

1) അർദ്ധ ഊർജ്ജിത മത്സ്യകൃഷി തിലാപ്പിയ - 50 സെന്റ്

2) അർദ്ധ ഊർജ്ജിത മത്സ്യകൃഷി കാർപ്പ് - 50 സെന്റ്

പൂഞ്ഞാർ

റീസർക്കുലേറ്റി അക്വാകൾച്ചർ സിസ്റ്റം - 50 M3 - 1 യൂണിറ്റ്

പി.എം.എം.എസ്.വൈ ബാക്ക്യാർഡ് - 1 യൂണിറ്റ്

തീടനാട്

സുഭിക്ഷകേരളം പടുതാക്കുളം - 8 യൂണിറ്റുകൾ

അർദ്ധഊർജ്ജിത മത്സ്യകൃഷി - 75 സെന്റ്

തീക്കോയി

2021 -22 വർഷത്തിൽ പ്രോജക്ട് ഇല്ല.

എരുമേലി

1) സുഭിക്ഷകേരളം 2021 -22 പടുത - 22 യൂണിറ്റുകൾ

2) സുഭിക്ഷകേരളം 2021 -22 ബയോഫ്ലോക്ക് - 22 യൂണിറ്റുകൾ

3) ജനകീയ മത്സ്യകൃഷി 50 M3 - 1 യൂണിറ്റ്

4) ജനകീയ മത്സ്യകൃഷി കൂട് കൃഷി - 1 യൂണിറ്റ്

5) ജനകീയ മത്സ്യകൃഷി ബയോഫ്ലോക്ക് 160 M3 - 1 യൂണിറ്റ്

പാറത്തോട്

സുഭിക്ഷകേരളം പടുതാക്കുളം - 2 യൂണിറ്റുകൾ

മുണ്ടക്കയം

1) സുഭിക്ഷകേരളം ബയോഫ്ലോക്ക് - 3 യൂണിറ്റുകൾ

2) പടുത - 1 യൂണിറ്റ്

കോരുത്തോട്

2021 -22 പ്രോജക്ട് ഇല്ല.

കൂട്ടിക്കൽ

ബയോഫ്ലോക്ക് - 10 യൂണിറ്റുകൾ

(സി) സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ തെരഞ്ഞെടുത്ത 51 മത്സ്യമാർക്കറ്റുകൾ ആധുനിക വൽക്കരിക്കുന്നതിനായി 137.81 കോടി രൂപയുടെ കിഫ്ബി ധനസഹായം അംഗീകരിച്ചിട്ടുണ്ട്. കൂടാതെ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിലുൾപ്പെടുത്തി കൊല്ലം ജില്ലയിലെ നെടുമൺകാവ് മത്സ്യമാർക്കറ്റ് ആധുനികവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**കാസർഗോഡ് ഫിഷറീസ് സ്റ്റേഷൻ**

355 (1910) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഫിഷറീസ് സ്റ്റേഷൻ ഉദ്ഘാടനം ചെയ്തത് എപ്പോഴാണെന്ന് അറിയിക്കാമോ?

2022 ഏപ്രിൽ 4-ന് കാസർഗോഡ് ഫിഷറീസ് സ്റ്റേഷൻ ഉദ്ഘാടനം ചെയ്തു.

(ബി) പ്രസ്തുത ഫിഷറീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന നിയോജകമണ്ഡലം, വില്ലേജ്, പഞ്ചായത്ത്/മുനിസിപ്പാലിറ്റി എന്നിവ ഏതാണെന്ന് അറിയിക്കാമോ; സ്ഥലത്തിന്റെ റീസർവ്വേ നമ്പർ എത്രയെന്നും വിസ്തീർണ്ണം എത്രയെന്നും വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉദുമ നിയോജകമണ്ഡലത്തിൽ കാസർഗോഡ് മുനിസിപ്പാലിറ്റിയിൽ തളങ്കര വില്ലേജിൽ റീ-സർവ്വേ നമ്പർ 129/A-ൽ കാസർഗോഡ് ഫിഷറീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്നു. പ്രസ്തുത സ്ഥലത്തിന്റെ വിസ്തീർണ്ണം 0.10 ഏക്കർ ആണ്.

(സി) എത്ര വർഷങ്ങൾക്കുമുമ്പ് എത്ര രൂപ ചെലവഴിച്ചാണ് പ്രസ്തുത സ്റ്റേഷൻ നിർമ്മിച്ചതെന്നും നിർമ്മാണം എത്ര വർഷംകൊണ്ട് പൂർത്തീകരിച്ചുവെന്നും ഉദ്ഘാടനത്തിന് കാലതാമസമുണ്ടായത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ?

2013-14 സാമ്പത്തിക വർഷത്തിലെ നബാർഡിന്റെ ഗ്രാമീണാടിസ്ഥാന സൗകര്യവികസന പദ്ധതി ട്രാൻജെ 19-ൽ ഉൾപ്പെടുത്തി 50.00 ലക്ഷം രൂപയുടെ ഭരണാനുമതി 13-9-2013-ൽ ലഭിച്ചിരുന്നു. പ്രസ്തുത പ്രവൃത്തി 45.00 ലക്ഷം രൂപയ്ക്ക് പൂർത്തിയാക്കി 8-3-2017-ൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കാസർഗോഡിന് കൈമാറിയിരുന്നു. പ്രസ്തുത ഫിഷറീസ് സ്റ്റേഷന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുണ്ടായ കാലതാമസം കാരണമാണ് പൂർത്തീകരിച്ച കെട്ടിടം ഉദ്ഘാടനം ചെയ്യുന്നതിന് കാലതാമസമുണ്ടായത്.

(ഡി) പ്രസ്തുത സ്റ്റേഷനിൽ ഏതെല്ലാം തസ്തികകൾക്കാണ് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്; ഇവയിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതൊക്കെ; വ്യക്തമാക്കുമോ?

കാസർഗോഡ് ഫിഷറീസ് സ്റ്റേഷനിൽ ചുവടെ ചേർക്കുന്ന തസ്തികകൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്.

ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ - 1

അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ - 1

ഫിഷറീസ് ഓഫീസർ - 1

ഫിഷറീസ് ഗാർഡ് - 3

ക്ലാർക്ക് -കം- ടൈപ്പിസ്റ്റ് - 1

ഓഫീസ് അറ്റൻഡന്റ് - 1

കാഷ്വൽ സ്വീപ്പർ - 1

ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ ചുവടെ ചേർക്കുന്ന പ്രകാരമാണ്.

ഫിഷറീസ് ഓഫീസർ - 1

ക്ലാർക്ക് -കം- ടൈപ്പിസ്റ്റ് - 1

ഓഫീസ് അറ്റൻഡന്റ് - 1

കാഷ്വൽ സ്വീപ്പർ - 1

ഫിഷറീസ് ഗാർഡ് - 1

(ഇ) തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെങ്കിൽ എത്രകാലമായി ഒഴിഞ്ഞു കിടക്കുന്നുവെന്നും എപ്പോൾ നികത്തുമെന്നും അറിയിക്കാമോ?

ഫിഷറീസ് ഓഫീസർ, ഓഫീസ് അറ്റൻഡന്റ്, കാഷ്വൽ സ്വീപ്പർ തസ്തികയിൽ നിലവിൽ വർക്കിംഗ് അറേഞ്ചുമെന്റിൽ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. ഫിഷറീസ് ഓഫീസർ, ക്ലാർക്ക് -കം -ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് തസ്തികകൾ പുതുതായി സൃഷ്ടിച്ച തസ്തികകളായതിനാൽ പി.എസ്.സി/ എംപ്ലോയ്മെന്റ് വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഫിഷറീസ് ഗാർഡ് പോലീസിൽ നിന്നുള്ള ഡെപ്യൂട്ടേഷൻ തസ്തികയാണ്. അതിലേയ്ക്കുള്ള നിയമന നടപടി പോലീസ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു.

(എഫ്) ഈ സ്റ്റേഷനിലെ നിലവിലെ പരാധീനതകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; ശുദ്ധജലം, രക്ഷാപ്രവർത്തന ബോട്ട്, രാത്രി കടൽ - പുഴ നിരീക്ഷണത്തിനുതകുന്ന വെളിച്ചം തുടങ്ങിയ സംവിധാനങ്ങൾ ഇവിടെ ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

കടൽരക്ഷാ പ്രവർത്തനത്തിനും കടൽ പട്രോളിംഗിനുമായി ഒരു റസ്ക്യൂ ബോട്ടും 4 ലൈഫ് ഗാർഡുകളെയും സജ്ജമാക്കുകയും 24 മണിക്കൂറും അവരുടെ സേവനം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. സ്ഥിരം ജീവനക്കാരിൽ ആദ്യഘട്ടമെന്ന നിലയിൽ അത്യാവശ്യം വേണ്ട ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഭാവിയിൽ അധിക ജീവനക്കാർ ആവശ്യമാണെന്ന് കാണുന്നപക്ഷം നിയമനം നടത്തുന്ന കാര്യം പരിശോധിക്കും. വാഹനം, രാത്രി നിരീക്ഷണത്തിനുള്ള ലൈറ്റ് എന്നിവ വാങ്ങുന്നതിന് നടപ്പ് സാമ്പത്തിക വർഷം ഫണ്ട് വകയിരുത്തിയിട്ടുണ്ട്. കുഴൽക്കിണർ നിർമ്മിച്ച് ശുദ്ധജല ലഭ്യതയും ഉറപ്പാക്കിയിട്ടുണ്ട്.

**വെള്ളൂർ ഗവൺമെന്റ് മാപ്പിള എൽ.പി. സ്കൂളിന് സ്വന്തമായി കെട്ടിടം**

356 (1911) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വഖഫ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന വെള്ളൂർ ഗവൺമെന്റ് മാപ്പിള എൽ.പി. സ്കൂളിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി, സ്കൂൾ പ്രവർത്തിക്കുന്ന ഭൂമി വിദ്യാഭ്യാസ വകുപ്പിന് വിട്ടുകൊടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ; അറിയിക്കുമോ?

1995-ലെ വഖഫ് നിയമത്തിൽ 2013-ന് ഉണ്ടായ നിയമഭേദഗതി അനുസരിച്ച് 51 (1A), 104-A എന്നീ വകുപ്പുകൾ പ്രകാരം വഖഫ് വസ്തുക്കളുടെ വില്പന, ദാനം, ഒത്തുമാറ്റം, പണയപ്പെടുത്തൽ, കൈമാറ്റം എന്നിവ സാധുതയില്ലാത്തതാണ്. എന്നിരുന്നാലും ടി നിയമം ഇതേ വകുപ്പിലെ പ്രൊവൈസോ പ്രകാരം സംസ്ഥാന വഖഫ് ബോർഡുമായി ആലോചിച്ച് നിലവിലുള്ള ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം പൊതുകാര്യത്തിനായി ഭൂമി ഏറ്റെടുക്കുവാൻ വ്യവസ്ഥയുണ്ട്. അത്തരത്തിൽ പൊതുകാര്യത്തിനായി സർക്കാർ വഖഫ് ഭൂമി ഏറ്റെടുക്കുമ്പോൾ ടി ഏറ്റെടുക്കുന്ന വഖഫ് ഭൂമിക്ക് പകരം നിലവിലുള്ള മാർക്കറ്റ് വില നഷ്ടപരിഹാരമായോ അല്ലെങ്കിൽ ന്യായമായ നഷ്ടപരിഹാരം സഹിതം അനുയോജ്യമായ ഭൂമിയോ നൽകേണ്ടതാണ്.

## വഖഫ് ബോർഡിന്റെ പ്രവർത്തനം

357 (1912) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വഖഫ് ബോർഡിന്റെ പ്രവർത്തനത്തിന് കേന്ദ്ര വിഹിതം ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് വഖഫ് ബോർഡിന്റെ പ്രവർത്തനത്തിന് കേന്ദ്ര വിഹിതം ലഭ്യമാക്കുന്നുണ്ട്. കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ഖൌമി വഖഫ് ബോർഡ് തറാക്കിയത്തി സ്കീം എന്ന പദ്ധതിയിൻകീഴിലുള്ള വഖഫ് വസ്തുക്കളുടെ ജി.ഐ.എസ് മാപ്പിംഗ് ഉൾപ്പെടെ പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം മുതൽ 2021-22 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ ആകെ 2,78,64,652 രൂപ വഖഫ് ബോർഡിന് അനുവദിച്ചിട്ടുണ്ട്.

(ബി) വഖഫ് ബോർഡിന് പ്രതിവർഷം സംസ്ഥാന സർക്കാർ അനുവദിക്കുന്ന ഗ്രാന്റ്, വിഹിതം എത്രയാണെന്ന് വിശദമാക്കാമോ?

'വഖഫ് ബോർഡിനുള്ള അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ്' ഇനത്തിൽ 72 ലക്ഷം രൂപയും ' വഖഫ് ബോർഡിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനത്തിനുവേണ്ടിയുള്ള പ്രത്യേക ധനസഹായം' ഇനത്തിൽ 132 ലക്ഷം രൂപയും 2022-23 സാമ്പത്തിക വർഷം സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) കഴിഞ്ഞ 5 വർഷം കേന്ദ്ര, സംസ്ഥാന സർക്കാരുകൾ അനുവദിച്ച വിഹിതം, ഗ്രാന്റ് എന്നിവ തരംതിരിച്ച് ലഭ്യമാക്കാമോ?

ഖൌമി വഖഫ് ബോർഡ് തറാക്കിയത്തി സ്കീം എന്ന പദ്ധതിയുടെ ഭാഗമായി 2017-18 സാമ്പത്തിക വർഷം മുതൽ 2021-22 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ കേന്ദ്ര സർക്കാർ വിഹിതമായി ആകെ 2,78,64,652 രൂപ വഖഫ് ബോർഡിന് അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ 'വഖഫ് ബോർഡിനുള്ള അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ്', ' വഖഫ് ബോർഡിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനത്തിനുവേണ്ടിയുള്ള പ്രത്യേക ധനസഹായം' എന്നീ ഇനങ്ങളിലായി കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച ഗ്രാന്റ് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

**അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ തിരിച്ചുപിടിക്കുന്നതിന് നടപടി**

358 (1913) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ തിരിച്ചുപിടിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ അന്യാധീനപ്പെട്ട വഖഫ് വസ്തുക്കൾ തിരിച്ചു പിടിക്കാൻ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) അന്യാധീനപ്പെട്ട ഏതൊക്കെ വഖഫ് സ്വത്തുക്കളാണ് ഈ സർക്കാരിന്റെ കാലയളവിൽ തിരിച്ചുപിടിച്ചതെന്ന് വിശദമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് അന്യാധീനപ്പെട്ട 46 വഖഫ് വസ്തുക്കളിൽ കയ്യേറ്റം ഒഴിവാക്കി വഖഫിന് തിരികെ ലഭ്യമാക്കുന്നതിന് ബോർഡിൽനിന്നും നടപടി സ്വീകരിച്ചിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധം 2-ആയി ചേർക്കുന്നു*.

**വഖഫ് ബോർഡ് നിയമനങ്ങൾ**

359 (1914) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനുള്ള നിയമം ഭേദഗതി ചെയ്യുമെന്ന സർക്കാർ വാഗ്ദാനം നടപ്പാക്കിയിട്ടുണ്ടോ; ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിന് പകരം പ്രസ്തുത നിയമനങ്ങൾക്ക് മാത്രമായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇതുസംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിയമന വിഷയത്തിൽ മുസ്ലിം സംഘടനകളുമായുള്ള ചർച്ചയിൽ ഉയർന്നുവന്ന ആശങ്കകൾ പരിഹരിച്ചും പൊതുഅഭിപ്രായങ്ങൾ പരിഗണിച്ചും നിലപാടുകൾ സ്വീകരിക്കുമോ; ഇതുസംബന്ധിച്ച നിയമ ഭേദഗതി എന്ന് നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ?

(എ-സി) വഖഫ് ബോർഡ് നിയമന വിഷയത്തിൽ മുസ്ലീം സംഘടനകളുടെ അഭിപ്രായംകൂടി പരിഗണിച്ച് ഉചിതമായ തീരുമാനമെടുക്കുന്ന കാര്യവും യോഗ്യരായവരെ ബോർഡിൽ നിയമിക്കുന്നതിന് സംവിധാനം ഒരുക്കുന്ന കാര്യവും പരിശോധിക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി-ക്ക് വിട്ടുകൊണ്ടുള്ള നിയമം റദ്ദാക്കുന്ന കാര്യവും വഖഫ് ബോർഡിലെ അഡ്മിനിസ്ട്രേറ്റീവ് തസ്തികകളിൽ നിയമനം നടത്തുന്നതിന് ബദൽ സംവിധാനം ഏർപ്പെടുത്തുന്ന കാര്യവും സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## അഴീക്കൽ ഫിഷിംഗ് ഹാർബർ

360 (1915) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ ഫിഷിംഗ് ഹാർബർ വികസനത്തിനായി 25 കോടി രൂപയുടെ എസ്റ്റിമേറ്റ് പരിശോധന പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന വിശദാംശം അറിയിക്കാമോ?

(എ&ബി) കണ്ണൂർ ജില്ലയിലെ അഴീക്കൽ ഫിഷിംഗ് ഹാർബർ ആധുനികവൽക്കരിക്കുന്ന പ്രവർത്തനങ്ങൾക്കായി പുതുക്കിയ GST നിരക്ക് (18%) പ്രകാരം തയ്യാറാക്കിയ 26.95 കോടി രൂപയുടെ എസ്റ്റിമേറ്റ്, വിശദമായ പദ്ധതി റിപ്പോർട്ട് എന്നിവ ആർ.ഐ.ഡി.എഫ് XXVIII-ൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി നബാർഡിന് നൽകിയിട്ടുണ്ട്.

**ഹജ്ജ് തീർത്ഥാടകർ നേരിടുന്ന ചൂഷണം തടയാൻ നടപടി**

361 (1916) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ടൂർ ഓപ്പറേറ്റർമാർ മുഖേന ഹജ്ജിന് പോകുന്ന തീർത്ഥാടകരിൽ ഭൂരിപക്ഷവും ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാവാതെ ചൂഷണം ചെയ്യപ്പെടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഹജ്ജ് കമ്മിറ്റി നിയോഗിക്കുന്ന വോളന്റിയർമാർക്ക് സ്വകാര്യ ഹജ്ജ് ഗ്രൂപ്പുകളിലൂടെയെത്തുന്ന ഹാജിമാരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിൽ ശ്രദ്ധ ചെലുത്താനുതകുന്ന രീതിയിൽ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ;

(സി) താമസം, യാത്ര, ഭക്ഷണം തുടങ്ങിയ കാര്യങ്ങളിൽ വാഗ്ദാനങ്ങൾ പാലിക്കാത്ത ടൂർ ഓപ്പറേറ്റർമാരെ നിയന്ത്രിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) സ്വകാര്യ ടൂർ ഓപ്പറേറ്റർമാർ ഹജ്ജ് യാത്രയ്ക്ക് ഈടാക്കുന്ന തുക അമിതമാണെന്ന ആക്ഷേപം പരിശോധിച്ച് ഇക്കാര്യത്തിൽ നിയന്ത്രണങ്ങൾ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യങ്ങൾ പരിശോധിക്കുന്നതിന് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

(ബി-ഡി) ഹജ്ജ് കമ്മിറ്റി നിയോഗിക്കുന്ന വോളന്റിയർമാർക്ക് സ്വകാര്യ ഹജ്ജ് ഗ്രൂപ്പുകളിലൂടെയെത്തുന്ന ഹാജിമാരുടെ ക്ഷേമം ഉറപ്പു വരുത്തുന്നതിൽ നിലവിൽ സംവിധാനമില്ല, എന്നിരുന്നാലും ഈ വിഷയത്തിലും സ്വകാര്യ ടൂർ ഓപ്പറേറ്റർമാർക്കെതിരെയുള്ള പരാതികളിൻമേൽ നടപ്പിലാക്കാൻ കഴിയുന്ന കാര്യങ്ങളുടെ പ്രായോഗിക വശങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ഇതുമായി ബന്ധപ്പെട്ട് ലഭ്യമായിട്ടുള്ള പരാതികളുടെ അടിസ്ഥാനത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുവാൻ കേന്ദ്ര ഹജ്ജ് കമ്മിറ്റി സി.ഇ.ഒ-യോട് ആവശ്യപ്പെടുകയും ഇത്തരം പ്രവണതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുവാൻ കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രിയുമായുള്ള 18-8-2022-ലെ കൂടിക്കാഴ്ചയിൽ നേരിട്ടഭ്യർത്ഥിക്കുകയും കൂടാതെ കൂടുതൽ പേർക്ക് സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ സംവിധാനത്തിൽ ഹജ്ജ് ചെയ്തു മടങ്ങാൻ, ഹജ്ജിനുള്ള ഗവൺമെന്റ് ക്വാട്ട ആനുപാതികമായി വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഒരു മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## ഹജ്ജ് എംബാർക്കേഷൻ പോയിന്റ്

362 (1917) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കരിപ്പൂരിലേയ്ക്ക് മാറ്റുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കരിപ്പൂരിലേയ്ക്ക് മാറ്റുന്നതിനുവേണ്ടി സംസ്ഥാന മത്സ്യബന്ധന, കായിക, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി, കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി, കേന്ദ്ര വ്യോമയാന കാര്യ മന്ത്രി എന്നിവരുമായി 2021 നവംബർ മാസത്തിലും 2022 ആഗസ്റ്റ് മാസത്തിലും നേരിട്ട് കണ്ട് ചർച്ച നടത്തുകയും അനുകൂല നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഈ വിഷയത്തിൽ സംസ്ഥാന മത്സ്യബന്ധന, കായിക, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി, കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രിക്കും കേന്ദ്ര വ്യോമയാന മന്ത്രിക്കും കത്തുകളും നൽകിയിട്ടുണ്ട്.

## ഹരിപ്പാട് വലിയഴീക്കൽ ഫിഷിംഗ് ഹാർബറിന്റെ വികസനം

363 (1918) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ വലിയഴീക്കൽ ഫിഷിംഗ് ഹാർബറിന്റെ വികസനത്തിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി പ്രസ്തുത ഹാർബറിന്റെ വികസനം എത്രയുംവേഗം നടപ്പിലാക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് നിയോജകമണ്ഡലത്തിലെ വലിയഴീക്കൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെ അധിക അടിസ്ഥാന സൗകര്യവികസനത്തിനുള്ള ഘടകങ്ങളായ അഡീഷണൽ വാർഫ്, ലേലപ്പുര, ലോഡിംഗ് ഏരിയ, കവേർഡ് ലോഡിംഗ് ഏരിയ, കോമ്പൗണ്ട് വാൾ, ക്യാന്റീൻ & റസ്റ്റ് റൂംസ്, അഡ്മിനിസ്ട്രേറ്റീവ് കെട്ടിടം, ലോക്കർ മുറികൾ, ഷോപ്പ്, നെറ്റ് മെൻഡിംഗ് ഷെഡ്, ഇന്റേണൽ റോഡ് & ഡ്രെയിൻ എന്നീ പ്രവൃത്തികൾക്കായി നബാർഡ് - RIDF XXVII Scheme-ൽ 1668 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി ഏർപ്പാടാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രവൃത്തിയിലെ അഡീഷണൽ വാർഫ്, ഓക്ഷൻ ഹാൾ, കവേർഡ് ലോഡിംഗ് ഏരിയ, ലോക്കർ റൂം കം ഷോപ്പ്, നെറ്റ് മെൻഡിംഗ് ഷെഡ് എന്നിവയുടെ നിർമ്മാണത്തിനായി കരാറിലേർപ്പെട്ടിട്ടുണ്ട്. പ്രവൃത്തി പ്രാരംഭ ഘട്ടത്തിലാണ്.

2. അഡ്മിനിസ്റ്റേറ്റീവ് ബിൽഡിംഗിന്റെ നിർമ്മാണത്തിനായി കരാറിലേർപ്പെടുകയും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

3. ക്യാന്റീൻ & റെസ്റ്റ് റൂം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിശോധനയിലാണ്.

4. നിലവിലുള്ള വാർഫ്, ഓക്ഷൻ ഹാൾ എന്നിവയുടെ ഫ്ലോറിംഗ് നവീകരിക്കുന്നതിനായി 29.30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഹജ്ജ് കർമ്മത്തിന് പോകുന്ന തീർത്ഥാടകർ**

364 (1919) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹജ്ജ് കർമ്മത്തിന് പോകുന്ന തീർത്ഥാടകരുടെകൂടെ വോളന്റിയറായി ഡെപ്യൂട്ടേഷനിൽ സർക്കാർ ജീവനക്കാർക്ക് പോകാൻ സാധിക്കുമോയെന്ന് അറിയിക്കാമോ; ആയതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ?

കേന്ദ്ര ഹജ്ജ് കമ്മിറ്റിയുടെ സർക്കുലർ പ്രകാരം ഓരോ വർഷവും നിശ്ചിത യോഗ്യതയുള്ള സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഹജ്ജ് വോളന്റിയർമാരായി ഡെപ്യൂട്ടേഷനിൽ പോകാൻ അപേക്ഷ സമർപ്പിക്കാവുന്നതാണ്. സംസ്ഥാന ഹജ്ജ് കമ്മിറ്റിയിൽ ലഭ്യമാകുന്ന അപേക്ഷകളിൽനിന്നും അർഹരായവരെ സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ഇന്റർവ്യൂബോർഡ് അഭിമുഖം നടത്തി ലിസ്റ്റ് തയ്യാറാക്കുകയും ആകെ സംസ്ഥാനത്തിന് ലഭ്യമായ ഹജ്ജ് ക്വാട്ട അനുപാതത്തിന് അനുസൃതമായി ഷോർട്ട് ലിസ്റ്റ് ചെയ്യുകയും ആയത് സംസ്ഥാന ഹജ്ജ് കമ്മിറ്റി കേന്ദ്ര ഹജ്ജ് കമ്മിറ്റിക്ക് നൽകുകയും ചെയ്യുന്നു. തുടർന്ന്, കേന്ദ്ര ഹജ്ജ് കമ്മിറ്റി അന്തിമ ലിസ്റ്റ് അംഗീകരിച്ച് സംസ്ഥാന സർക്കാരിന് കൈമാറുകയും സംസ്ഥാന സർക്കാർ പ്രസ്തുത ലിസ്റ്റ് അംഗീകരിച്ച് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിശ്ചിത കാലയളവിൽ ഹാജിമാരെ സഹായിക്കുന്നതിനുവേണ്ടി സർക്കാർ ജീവനക്കാരെ ഹജ്ജ് വോളന്റിയർമാരായി നിയമിക്കുകയുമാണ് ചെയ്യുന്നത്. 2022-ലെ ഹജ്ജ് വോളന്റിയർ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കേന്ദ്ര ഹജ്ജ് കമ്മിറ്റി സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തീരദേശ റോഡുകളുടെ നവീകരണം

365 (1920) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശ റോഡുകളുടെ നവീകരണത്തിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഏതെല്ലാം റോഡുകളുടെ നവീകരണത്തിനാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

മാറ്റത്തൂർ ഗ്രാമപഞ്ചായത്തിലെ വാസുപുരം മാത്തൂർ റോഡ്, നെൻമണിക്കര ഗ്രാമപഞ്ചായത്തിലെ ആർ.കെ.എൽ.പി. സ്കൂൾ റോഡ് - പഴായി തുടങ്ങിയ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി പുരോഗമിക്കുന്നു. കൂടാതെ തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായി 2022-23 വർഷത്തെ സർക്കാർ അംഗീകൃത ലിസ്റ്റ് നമ്പർ 1 പ്രകാരം സ്നേഹപുരം -കണച്ചൻകടവ് റോഡ്, നന്തിക്കര പള്ളിത്താഴം റോഡ്, പിഷാരിക്കൻ മണ്ടേപ്പാടം റോഡ്, കാരിക്കുളക്കടവ് റോഡ് തുടങ്ങി 4 റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിൽ കൂടുതൽ തീരദേശ റോഡുകൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

എം.എൽ.എ.-യുടെ ശിപാർശയിന്മേൽ തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിന് സർക്കാർ അംഗീകൃത ലിസ്റ്റിൽ ആയത് ഉൾപ്പെടുത്തുന്നതാണ്.

## കൊയിലാണ്ടി ഹാർബർ എഞ്ചിനീയറിംഗ് സബ് ഡിവിഷൻ

366 (1921) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി ഹാർബർ എഞ്ചിനീയറിംഗ് സബ് ഡിവിഷൻ ഓഫീസിന് ഭരണ തുടർച്ചാനുമതി ലഭ്യമാക്കിയിട്ടുണ്ടോ?

30-9-2020 വരെ തുടർച്ചാനുമതി നൽകിയിട്ടുണ്ട്.

(ബി) കൊയിലാണ്ടി ഹാർബർ കമ്മീഷൻ ചെയ്തിട്ടുണ്ടെങ്കിലും ഹാർബറിന്റെ വികസനത്തിനും പരിപാലനത്തിനും നാല് നിയോജകമണ്ഡലങ്ങളിലെ തീരദേശ റോഡുകളുടെയും കലുങ്കുകളുടെയും നിർമ്മാണപ്രവൃത്തികൾക്കുംവേണ്ടി സബ്ഡിവിഷൻ കൊയിലാണ്ടിയിൽ നിലനിർത്തേണ്ടതുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) ഹാർബർ പ്രോജക്ടിന്റെ ഒന്നാംഘട്ട പ്രവൃത്തികൾ പൂർത്തിയായ സാഹചര്യത്തിൽ സബ്ഡിവിഷൻ ഓഫീസിന്റെ ഭരണ ചെലവുകൾക്കായി പ്ലാൻ ഹെഡ്ഡിൽനിന്നും ഓഫീസിനെ നോൺ പ്ലാൻ ഹെഡ്ഡിലേയ്ക്ക് മാറ്റുവാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഈ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**മണലൂർ മണ്ഡലത്തിലെ പുനരുദ്ധാരണം നടത്തുന്ന റോഡുകൾ**

367 (1922) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമുഖേന മണലൂർ മണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ പുനരുദ്ധാരണം നടത്തുന്നതിനാണ് ഭരണാനുമതി നല്കിയിട്ടുള്ളതെന്നും പ്രസ്തുത റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഗണേശമംഗലത്തെ വാട്ടർലൈൻ ചെയ്തതുമൂലം തകർന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തിക്ക് 59.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് ടാറിംഗ്, സൈഡ് ബേ കോൺക്രീറ്റിംഗ് ഒഴികെയുള്ള എല്ലാ വർക്കും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) മണലൂർ എം.എൽ.എ. ശിപാർശ ചെയ്ത എല്ലാ റോഡുകൾക്കും അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് അനുമതി നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഇല്ല. തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിന് 2022-23 വർഷത്തെ സർക്കാർ അംഗീകൃത ലിസ്റ്റ് നമ്പർ 1 പ്രകാരം മണലൂർ പഞ്ചായത്തിലെ മണച്ചാൽ ബണ്ട് റോഡ്, കർഷക റോഡ് ടാറിംഗ് & ഡ്രെയിനേജ് സൈഡ് പ്രൊട്ടക്ഷൻ, കിസാൻ റോഡ് എന്നീ റോഡുകളും സർക്കാർ അംഗീകൃത ലിസ്റ്റ് 2 പ്രകാരം ചിലങ്ക ബീച്ച് റോഡ്, പള്ളിനട - കയർ സംഘം റോഡ് എന്നീ റോഡുകളുടെയും എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ പള്ളിനട - കയർസംഘം റോഡ് പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പുതിയങ്ങാടി - പാലക്കോട് അഴിമുഖത്തെ റിവർ ട്രെയിനിംഗ് പ്രവൃത്തി

368 (1923) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി-പാലക്കോട് അഴിമുഖത്തെ റിവർ ട്രെയിനിംഗ് പ്രവൃത്തിയുടെ വിശദാംശം ലഭ്യമാക്കാമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി - പാലക്കോട് അഴിമുഖത്തെ റിവർ ട്രെയിനിംഗ് പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുകയും പ്രീക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിച്ച് ഏറ്റവും കുറവുതുക ക്വാട്ട് ചെയ്ത കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയുടെ എൺവയോൺമെന്റൽ ഇംപാക്ട് അസെസ്മെന്റ് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 28-7-2022- ൽ കേരള തീരദേശ പരിപാലന അതോറിറ്റിയിൽനിന്നും കോസ്റ്റൽ റെഗുലേഷൻ സോൺ ക്ലിയറൻസ് ലഭ്യമായിട്ടുണ്ട് .

(ബി) ഇതുസംബന്ധിച്ച് ഹാർബർ എഞ്ചനീയറിംഗ് വകുപ്പ് മുഖേന കേരള തീരദേശ പരിപാലന അതോറിറ്റിയിൽ സമർപ്പിച്ച സി.ആർ.ഇസഡ്. അനുമതിക്കായുള്ള അപേക്ഷയിൽ അംഗീകാരം ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. കോസ്റ്റൽ റെഗുലേഷൻ സോൺ അനുമതിക്കായുള്ള അപേക്ഷ കേരള തീരദേശ പരിപാലന അതോറ്റിയുടെ 26-2-2022 തീയതിയിൽ നടന്ന 120-ാം മീറ്റിംഗിൽ പരിഗണിക്കുകയും 2011 കോസ്റ്റൽ റെഗുലേഷൻ സോൺ വിജ്ഞാപനത്തിലെ ക്ലോസ് 3 (IV)(b)-ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം അംഗീകൃത ഏജൻസി സൂക്ഷ്മ പരിശോധന നടത്തിയ ഹൈഡ്രോളിക് മോഡലിംഗ് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നിർദ്ദേശം നൽകുവാൻ തീരുമാനിക്കുകയുമുണ്ടായി.

തുടർന്ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സാങ്കേതിക റിപ്പോർട്ട് സമർപ്പിക്കുകയും ടി റിപ്പോർട്ട് കേരള തീരദേശ പരിപാലന അതോറിറ്റിയുടെ 2-4-2022-ൽ നടന്ന 121-ാമത് യോഗം പരിശോധിക്കുകയും അംഗീകൃത ഏജൻസിയെക്കൊണ്ട് ടി പദ്ധതിയുടെ മാതൃകാപഠനം സൂക്ഷ്മ

പരിശോധന നടത്താൻ കേരള തീരദേശ പരിപാലന അതോറിറ്റി നിർദ്ദേശിക്കുകയും ചെയ്തു. നിർദ്ദിഷ്ട പുതിയങ്ങാടി ഫിഷിംഗ് ഹാർബറിന്റെയും നിർദ്ദിഷ്ട ഹാർബറിന്റെ 1.5 കി.മീ. വടക്ക് ഭാഗത്തെ അഴിമുഖ പ്രവൃത്തിയും ഉൾപ്പെടെയുള്ള മാതൃകാ പഠനമാണ് സി.ഡബ്ല്യൂ.പി.ആർ.എസ്. നടത്തിയിട്ടുള്ളത്. ആർ.കെ.ഐ. പദ്ധതിയിൽ അനുമതി ലഭിച്ചതിനാൽ ഇതിൽ അഴിമുഖ ട്രെയിനിംഗ് പ്രവൃത്തിക്ക് മാത്രമാണ് കോസ്റ്റൽ റെഗുലേഷൻ സോൺ ക്ലിയറൻസിനായി കേരള തീരദേശ പരിപാലന അതോറിറ്റിക്ക് അപേക്ഷ സമർപ്പിച്ചത്. 9-5-2022-ൽ സി.ഡബ്ല്യൂ.പി.ആർ.എസ്.-ൽ നിന്നും ഇതുസംബന്ധിച്ച ക്ലാരിഫിക്കേഷൻ ലഭിക്കുകയും അന്നേദിവസംതന്നെ ആയത് കേരള തീരദേശ പരിപാലന അതോറിറ്റിക്ക് സമർപ്പിക്കുകയും തുടർന്ന് 28-7-2022-ലെ കേരള തീരദേശ പരിപാലന അതോറിറ്റിയുടെ യോഗത്തിൽ കോസ്റ്റൽ റെഗുലേഷൻ സോൺ ക്ലിയറൻസിന് അംഗീകാരം ലഭിക്കുകയും ചെയ്തു.

**കുമ്പള മൊഗ്രാൽ റെയിൽവേ അടിപ്പാത നിർമാണം**

369 (1924) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്പള പഞ്ചായത്തിലെ മൊഗ്രാൽ റെയിൽവേ അടിപ്പാതയുടെ നിർമ്മാണ പ്രവൃത്തി പൂർത്തിയാകാത്തതുമൂലം വിദ്യാർത്ഥികളും പൊതുജനങ്ങളും ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റെയിൽവേ അടിപ്പാത നിർമ്മാണത്തിന്റെ നിർവ്വഹണ ഏജൻസിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; ആയത് എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ-സി) കുമ്പള പഞ്ചായത്തിലെ മൊഗ്രാൽ റെയിൽവേ അടിപ്പാത നിർമ്മാണം റെയിൽവേയുടെ പ്രവൃത്തിയാണ്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്ന ഘട്ടത്തിലാണ്. അനുബന്ധ റോഡ് നിർമ്മാണം കുമ്പള പഞ്ചായത്തും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും ചേർന്നാണ് ചെയ്യുന്നത്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 A.M.]

## II തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1660-ന്റെ തിരുത്തിയ ഉത്തരം

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 15-ാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ 5-7-2022-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1660-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

## III റൂളിംഗ്

പത്ര-ദൃശ്യ മാധ്യമങ്ങളിൽവന്ന തെറ്റിദ്ധാരണാജനകമായ പരാമർശം

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയെ സ്പീക്കർ താക്കീത് ചെയ്തുവെന്ന നിലയിൽ ഇന്നലെയും ഇന്നും മാധ്യമങ്ങളിൽ വ്യാപകമായി വാർത്ത വന്നത് ചെയറിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഈ പശ്ചാത്തലത്തിൽ ചില വസ്തുതകൾ വിശദീകരിക്കേണ്ടതുണ്ടെന്ന് ചെയർ കരുതുന്നു. 15-ാം കേരള നിയമസഭയുടെ 4-ാം സമ്മേളനത്തിൽ 2022 ഫെബ്രുവരി 22-ാം തീയതി മറുപടി പറഞ്ഞ 20-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ വിവിധ പിരിവുകൾക്ക് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നൽകിയ മറുപടി ഒരേ രൂപത്തിലുള്ളതാണെന്നും ഇത് സഭാംഗങ്ങളുടെ അവകാശങ്ങളുടെ ലംഘനമാണെന്നും കാണിച്ച് കോൺഗ്രസ് പാർലമെന്ററി പാർട്ടി സെക്രട്ടറി ശ്രീ. എ. പി. അനിൽ കുമാർ ചെയറിന് കത്ത് നൽകിയിരുന്നു. പ്രസ്തുത കത്തിലൂടെ ഉന്നയിക്കപ്പെട്ട ആക്ഷേപത്തിന്മേൽ ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ പ്രതികരണം ചെയർ ആരാഞ്ഞിരുന്നു. അതിനുള്ള മറുപടിയായി നിയമസഭാ ചോദ്യത്തിന് ഗവൺമെന്റിൽ ലഭ്യമായ മറുപടിയാണ് നൽകിയതെന്നും വ്യത്യസ്ത പിരിവുകളിലെ ചോദ്യങ്ങൾ പരസ്പരം ബന്ധപ്പെട്ട് വരുന്നതിനാലാണ് സംയോജിത മറുപടി ലഭ്യമാക്കിയതെന്നും നിയമസഭാ ചോദ്യങ്ങൾക്ക് മനഃപൂർവ്വം ഒഴിഞ്ഞുമാറുന്ന സമീപനം സ്വീകരിച്ചിട്ടില്ലെന്നും അറിയിച്ചിരുന്നു.

ശ്രീ. എ. പി. അനിൽ കുമാറിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ഒരു ചോദ്യത്തിന്റെ വ്യത്യസ്ത പിരിവുകൾക്ക് ഒരേ മറുപടി നൽകിയ നടപടി ശരിയായ പ്രവണതയല്ലെന്നും ഭാവിയിൽ ഇക്കാര്യം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെ അറിയിക്കാൻ ചെയർ ഉത്തരവിറക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മന്ത്രിക്ക് കത്ത് നൽകുകയും അക്കാര്യം പരാതി നൽകിയ കോൺഗ്രസ് പാർലമെന്ററി പാർട്ടി സെക്രട്ടറി

---

* അനുബന്ധം 4 ആയി ചേർത്തിട്ടുണ്ട്.

ശ്രീ. എ. പി. അനിൽ കുമാറിനെ അറിയിക്കുകയും ചെയ്തിരുന്നു. ഒരു ചോദ്യത്തിന്റെ വ്യത്യസ്ത പിരിവുകൾക്കുള്ള മറുപടി സമാനമാണെങ്കിൽ സാധാരണ ഒരു കോമൺ ബ്രാക്കറ്റിനകത്ത് പൊതുവായ, ഒറ്റ മറുപടിയായി നൽകാറുണ്ട്. എന്നാൽ വിശദമായി പരിശോധിച്ചതിൽ നിയമസഭാ ചോദ്യങ്ങളുടെ പോർട്ടലിൽ ചോദ്യത്തിന്റെ പിരിവുകൾക്കുള്ള പൊതുമറുപടി, ഒറ്റ മറുപടിയായി അപ്‌ലോഡ് ചെയ്യുന്നതിന് സോഫ്റ്റ്‌വെയറിൽ ചില സാങ്കേതിക തടസ്സങ്ങളുള്ളതായി കാണുകയുണ്ടായി. എന്നാൽ മന്ത്രിക്ക് കത്ത് നൽകിയ സന്ദർഭത്തിൽ ഇക്കാര്യം ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. പിന്നീട് ബഹുമാനപ്പെട്ട മന്ത്രി, ഡി, ഇ, എഫ് എന്നീ പിരിവുകൾക്ക് ഒരേ ഉത്തരം നൽകിയ കാര്യം പരിശോധിച്ചപ്പോഴാണ് അങ്ങനെ വന്നത് സോഫ്റ്റ്‌വെയറിന്റെ സാങ്കേതിക പരിമിതിമൂലമാണെന്നും കോമൺ ബ്രാക്കറ്റിൽ ഒറ്റ മറുപടിയായി നൽകുന്നതിന് കഴിയാത്ത സാങ്കേതിക തടസ്സമുണ്ടെന്നും കണ്ടെത്തിയത്. അത് പരിഹരിക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. സാധാരണയായി ഇത്തരം സന്ദർഭങ്ങളിൽ സ്പീക്കർക്ക് ലഭിക്കുന്ന പരാതികളിൽ നിയമസഭാ സെക്രട്ടേറിയറ്റ് സ്വീകരിക്കുന്ന ഒരു പൊതുനടപടിക്രമം എന്നല്ലാതെ ഇക്കാര്യത്തിൽ അസാധാരണമായ ഒന്നും സംഭവിച്ചിട്ടില്ലെന്ന കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. മാധ്യമ വാർത്തകളിൽ കണ്ടതുപോലെ താക്കീത്, ശാസന എന്നീ പദപ്രയോഗങ്ങളൊന്നും നേരത്തെ നൽകിയ കത്തിൽ ഉൾപ്പെട്ടിട്ടില്ലെന്ന കാര്യവും വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടേതല്ലാത്ത ഉത്തരവാദിത്വത്തിന്റെ പേരിൽ തെറ്റിദ്ധാരണാജനകമായ വാർത്തകൾ പത്ര-ദൃശ്യ മാധ്യമങ്ങളിൽ വന്ന പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട മന്ത്രിയാണെങ്കിലും മറ്റേതെങ്കിലും അംഗമാണെങ്കിലും ചെയറിന്റെ പരിരക്ഷ ആവശ്യമുണ്ടെന്നുള്ളതുകൊണ്ടാണ് ഈ വിശദീകരണം നൽകുന്നത്.

10.04 A.M.]

## IV അടിയന്തരപ്രമേയം

<u>യുവജനങ്ങളിലും വിദ്യാർത്ഥികളിലും വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം</u>

<u>മി. സ്പീക്കർ</u>: എം.ഡി.എം.എ. അടക്കമുള്ള മാരക ലഹരി വസ്തുക്കളുടെ ഉപയോഗം യുവാക്കളിലും വിദ്യാർത്ഥികളിലും വർദ്ധിച്ചുവരുന്നതുമൂലം സമൂഹത്തിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, എൻ. ഷംസുദ്ദീൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരളീയ സമൂഹം നേരിടുന്ന ഗൗരവമായ ഒരു പ്രശ്നമാണ് അടിയന്തര പ്രമേയത്തിലൂടെ ഉന്നയിച്ചിരിക്കുന്നത്. ഇന്ന് മൂന്ന് ബില്ലുകളുടെ അവസാനഘട്ട നടപടികളിലേയ്ക്ക് കടക്കേണ്ടതുള്ളതിനാലാണ് ഈ വിഷയം ചർച്ച ചെയ്യാൻ കഴിയാത്തത്. ലഹരി ഉപഭോഗവും വ്യാപാരവും സമൂഹത്തിൽ കുറച്ചുകാലമായി ഭീഷണിയായി വളർന്നിട്ടുണ്ടെന്നുള്ളത് നിസ്തർക്കമായ വസ്തുതയാണ്. ലഹരി ഉപയോഗത്തിൽ വർദ്ധനയും പുതിയ രീതികളും ഉണ്ടാകുന്നുണ്ട്. ഇത് സംസ്ഥാനത്തോ രാജ്യത്തോ മാത്രം ഒതുങ്ങുന്ന ഒരു വിഷയമല്ല. ലഹരി വ്യാപനം സംസ്ഥാന സർക്കാർ അതീവ ഗൗരവത്തോടെയാണ് കാണുന്നത്. സമീപനാളുകളിൽ ലഹരിക്കടത്തും വില്പനയും പിടിക്കപ്പെടുന്നതിന്റെ അളവ് വലിയതോതിൽ വർദ്ധിച്ചത് സർക്കാർ സംവിധാനങ്ങളുടെ ഏകോപിതമായ പരിശ്രമത്തിന്റെ ഫലമായാണ്. എക്സൈസ്-പോലീസ് വകുപ്പുകൾ ഏകോപിതമായി ലഹരിമരുന്ന് വേട്ട നടത്തുന്നുണ്ട്. ലഹരി ഉപഭോഗം സംബന്ധിച്ച് 2020-ൽ 4650-ഉം, 2021-ൽ 5334-ഉം കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. 2022 ആഗസ്റ്റ് 29 വരെയുള്ള കണക്കുപ്രകാരം 16128 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2020-ൽ 5674 പേരേയും 2021-ൽ 6704 പേരേയും 2022-ൽ 17834 പേരേയും ഇതുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്തിട്ടുണ്ട്. വ്യാപാരാവശ്യത്തിനായി എത്തിച്ച 1340 കി.ഗ്രാം. കഞ്ചാവും 6.7 കി.ഗ്രാം. എം.ഡി.എം.എ.-യും 23.4 കി.ഗ്രാം ഹാഷിഷ് ഓയിലും ഈ വർഷം പിടിച്ചെടുത്തിട്ടുണ്ട്. നേരത്തേ കഞ്ചാവ് പോലുള്ള ലഹരി വസ്തുക്കളാണ് വ്യാപകമായി ഉപയോഗിക്കപ്പെട്ടിരുന്നതെങ്കിൽ സിന്തറ്റിക് ലഹരി വസ്തുക്കളുടെ വ്യാപനവും ഉപഭോഗവുമാണ് നിലവിൽ വലിയ ഭീഷണിയായിട്ടുള്ളത്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലുൾപ്പെടെ ഇത്തരം ലഹരി മരുന്നുകൾ എത്തിച്ചേരുന്നുണ്ട്, പ്രസ്തുത വിപത്ത് തടയാൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ മാത്രമല്ല, വിവിധ ജനവിഭാഗങ്ങളുടെയും സർക്കാർ സംവിധാനത്തിന്റെയും ഏകോപിത സമീപനമാണ് ആവശ്യം. സർക്കാർ ഇക്കാര്യത്തിൽ ഫലപ്രദമായ നടപടി സ്വീകരിച്ചുവരികയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കേരളത്തെ സംബന്ധിച്ച് പാരിസ്ഥിതികമായ ഒരു സർവ്വനാശത്തിന്റെ സാധ്യത കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് അടിയന്തര പ്രമേയമായി മുൻപ് സഭയിൽ അവതരിപ്പിച്ചിരുന്നു. എന്നാൽ കേരളത്തിന്റെ ഭാവിയെ ബാധിക്കുന്ന മറ്റൊരു തലത്തിലുള്ള അപകടസാധ്യതയിലേയ്ക്കാണ് സഭയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നത്. ഇന്ന് മൂന്ന് ബില്ലുകൾ ഉള്ളതുകൊണ്ടുമാത്രമാണ് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പരാമർശത്തെ ഞങ്ങൾ സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യുന്നു. സഗൗരവം ആ വിഷയം ഉൾക്കൊള്ളുന്നുവെന്നാണ് അത് കാണിക്കുന്നത്. കേരളം ഒരു മയക്കുമരുന്ന് ബാധിത സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുന്നുവെന്ന

സത്യത്തെ അഭിമുഖീകരിക്കാൻ നാം സജ്ജരാകേണ്ടിയിരിക്കുന്നു. ഒരു ജനതയുടെ സാമൂഹ്യവും സൗന്ദര്യാത്മകവുമായ മുന്നോട്ടുപോക്ക് സാധ്യമാക്കുന്നത് ആ സമൂഹത്തിലെ വ്യക്തികളുടെ ബുദ്ധിപരവും വൈകാരികവുമായ തെളിച്ചമാണ്. സമൂഹത്തിലെ വ്യക്തികൾ വിവേചനബുദ്ധിയും യുക്തിബോധവും ആത്മനിയന്ത്രണവും നഷ്ടപ്പെട്ടവരായാൽ ആ സമൂഹത്തിന്റെ പോക്ക് സർവ്വനാശത്തിലേയ്ക്കായിരിക്കും. 'Narcotics is a dirty business' എന്നത് അടുത്തകാലത്ത് കേരളത്തിൽ വലിയ വാണിജ്യവിജയം നേടിയ 'ലൂസിഫർ' എന്ന സിനിമയിൽ ആവർത്തിക്കപ്പെട്ട ഒരു പഴയ പ്രയോഗമാണ്. ആ ബിസിനസ്സിന്റെ ആഗോള കച്ചവടമൂല്യം കുറച്ച് വർഷങ്ങൾക്കു മുമ്പുതന്നെ 650 ബില്യൻ ഡോളർ കടന്നതായി പഠനങ്ങൾ പറയുന്നു. 2017-ൽ മാത്രം Burden of disease-ന്റെ കണക്കുപ്രകാരം 7.5 ലക്ഷംപേർ നിരോധിത മയക്കമരുന്നിന്റെ ഉപയോഗംമൂലം മരണപ്പെട്ടിട്ടുണ്ട്. വ്യാപാരത്തിലൂടെ ഇത്രയും പണം കണ്ടെത്തുന്നത് ഒരു രാജ്യാന്തര കുറ്റവാളി ശൃംഖലയാണെന്നത് അതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചുകൂടി ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. ആ അന്താരാഷ്ട്ര സംഘത്തിന്റെ ഇടത്താവളമായി കേരളം മാറാൻ അനുവദിക്കരുത്. സിംബാബ്‌വെയിൽനിന്നും നാട്ടിലെത്തിയ ഒരു മലയാളിയിൽനിന്നും കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ വച്ച് 32 കോടി രൂപയുടെ ലഹരിമരുന്നാണ് പിടികൂടിയത്. ഈ ലഹരിവസ്തു ഡൽഹിയിൽവച്ച് ഏറ്റുവാങ്ങാൻ നിയോഗിക്കപ്പെട്ടിരുന്നത് നൈജീരിയൻ സ്വദേശിയായ ഒരു യുവതിയായിരുന്നു. ലഹരി മാഫിയയുടെ അന്താരാഷ്ട്ര സ്വഭാവം സൂചിപ്പിക്കാനാണ് ഞാൻ ഈ സംഭവം ഉദാഹരണമായി പറഞ്ഞത്. ആഗോള മാഫിയയുടെ പ്രാദേശിക പ്രത്യാഘാത ങ്ങളിലേയ്ക്ക് വന്നാൽ, കണ്ണൂർ സ്വദേശിയായ ഒരു സ്കൂൾ വിദ്യാർത്ഥിനി കഴിഞ്ഞ ദിവസം നടത്തിയ വെളിപ്പെടുത്തലുകൾ നമ്മെ നടുക്കുന്നതാണ്. ഒൻപതാം ക്ലാസ്സുകാരൻ മയക്കമരുന്ന് നൽകി തനിക്ക് പുറമെ പതിനൊന്നോളം പെൺകുട്ടികളെ ലൈംഗികമായി പീഡിപ്പിച്ചുവെന്നാണ് ആ പെൺകുട്ടി വെളിപ്പെടുത്തിയത്. കേസിലെ പ്രതി പതിനാല് വയസ്സുകാരനാണ്. കേരളത്തിലെ ഒരു വിദ്യാലയത്തിലെ കുട്ടികളാണിവർ. എന്തുതരം നാടാണ് കുഞ്ഞുങ്ങൾക്ക് വളരാൻ നാം ഒരുക്കിക്കൊടുക്കുന്നത്? ഒന്നര വർഷത്തിനിടെ ഇരുപത്തിയൊന്ന് വയസ് തികയാത്ത 3933 പേരെയാണ് വിവിധ ലഹരി വിമുക്തി കേന്ദ്രങ്ങളിലേയ്ക്ക് പ്രവേശിപ്പിച്ചത്. അതിൽ 40 ശതമാനംപേരും പതിനെട്ട് വയസ്സിനുതാഴെ പ്രായമുള്ളവരാണ്. ജനുവരി മുതൽ ജൂൺ മാസംവരെ ഇരുപത്തിയൊന്ന് വയസിനുതാഴെ പ്രായമുള്ളവരുടെ 389 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. യുവതീ-യുവാക്കൾ ഒരുപോലെ ഇത്തരം റാക്കറ്റിന്റെ കണ്ണികളാണ്. തൊടുപുഴയിലെ ലോഡ്ജിൽനിന്നും ലഹരിക്ക് അടിമപ്പെട്ട് ബോധമില്ലാതെ അലറിക്കരഞ്ഞുകൊണ്ട് പോലീസ് സ്റ്റേഷനിലേയ്ക്ക് കയറിവരുന്ന ഒരു യുവതി, എം.ഡി.എം.എ.-യും മറ്റ് ലഹരി വസ്തുക്കളും കൈമാറ്റം ചെയ്യുമ്പോൾ

പിടിയിലായ എ.ആർ. ക്യാമ്പിലെ ഒരു സിവിൽ പോലീസ് ഓഫീസർ ഇവരെയെല്ലാം ആഴവും പരപ്പും നിറഞ്ഞ മഞ്ഞുമലയുടെ തുമ്പായി മാത്രം കാണേണ്ടതാണ്. ലഹരിക്ക് അടിമപ്പെട്ട മകൻ ഗ്യാസ് സിലിണ്ടർകൊണ്ട് അമ്മയെ തലയ്ക്കടിച്ചുകൊന്ന സംഭവം കഴിഞ്ഞ ദിവസത്തെ പത്രങ്ങളിലും ചാനലുകളിലും നാം കണ്ടതാണ്. കൊച്ചി കാക്കനാട് ഫ്ലാറ്റിൽ യുവാവ് കൊല്ലപ്പെട്ട സംഭവത്തിന്റെ അന്വേഷണവും എത്തിനിൽക്കുന്നത് മയക്കുമരുന്ന് മാഫിയയിലേയ്ക്കാണ്. ഈ വിഷയം സഭയിൽ അവതരിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പ്രമുഖ കലാലയങ്ങളിലെയും ഹയർ സെക്കണ്ടറി സ്കൂളുകളിലെയും പ്രിൻസിപ്പാൾമാരുമായും മറ്റ് നിരവധി ആളുകളുമായും വ്യക്തിപരമായി ഞാൻ സംസാരിച്ചു. അവരെല്ലാം ഭയത്തോടും ആശങ്കയോടുംകൂടി പങ്കുവയ്ക്കുന്നത് സ്കൂൾ വിദ്യാർത്ഥികളിലെയടക്കം ലഹരി ഉപയോഗത്തിന്റെ അപകടകരമായ അവസ്ഥയെക്കുറിച്ചാണ്. ഇക്കാര്യം പുറത്തുപറഞ്ഞാൽ സ്ഥാപനത്തിന്റെ പേര് മോശമാകുമെന്ന് കരുതി പലരും രക്ഷകർത്താക്കളെ സ്കൂളിലേയ്ക്ക് വിളിച്ചുവരുത്തി പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. അതിന്റെ അപകടം വളരെ വലുതാണ്. പഞ്ചാബ് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ മയക്കുമരുന്ന് ഉപയോഗിക്കുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. ഇത് ഞാൻ പറയുന്നതല്ല, "Kerala in race to become country's drug capital" എന്നത് ഇന്ത്യൻ എക്സ്പ്രസ് പത്രത്തിൽ വന്ന വാർത്തയുടെ തലക്കെട്ടാണ്. 2016-ൽ NDPS ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തത് 5924 കേസായിരുന്നെങ്കിൽ 2022 ജൂൺ മാസംവരെ ആറുമാസംകൊണ്ട് അത് 11714 കേസുകളായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുമ്പോൾ കണക്കുകൾക്ക് കുറച്ചുകൂടി വ്യക്തത വരും. കാരണം ആധികാരികമായ കണക്കുകൾ ലഭ്യമായിട്ടുള്ളത് അദ്ദേഹത്തിനാണ്. 2018-2020 കാലയളവിൽ സംസ്ഥാനത്തുനിന്ന് പിടിച്ചെടുത്ത ലഹരി മരുന്നിന്റെ അളവിൽ 122 ശതമാനം വർദ്ധനയാണുള്ളത്. ഇത് പ്രതിപക്ഷ ഭരണപക്ഷ രാഷ്ട്രീയ ആരോപണ പ്രത്യാരോപണമായി ഞങ്ങൾ കാണുന്നില്ല. ഇക്കാര്യത്തിൽ പ്രതിപക്ഷനേതാവിനും ശ്രീ. രമേശ് ചെന്നിത്തലയ്ക്കുമെല്ലാം ഇതേ സമീപനം തന്നെയാണുള്ളത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ;ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്; എന്നരൂപത്തിൽ ക്യാമ്പസ് കേന്ദ്രീകരിച്ച് നിരവധി പ്രോഗ്രാമുകൾ നടത്തി. ഇവിടെ ക്രമസമാധാന പ്രശ്നമെന്ന നിലയിൽ ഈ ശൃംഖലയെ നേരിടണം. അന്തർസംസ്ഥാന തലത്തിലും രാജ്യാന്തരതലത്തിലുമുള്ള കണ്ണികളെ കണ്ടെത്താനും Dark web പോലെയുള്ള സാങ്കേതികവിദ്യയുടെ സാധ്യതകളെ ദുരുപയോഗം ചെയ്യുന്ന സാഹചര്യങ്ങൾ നേരിടാനും തയ്യാറാകണം. പക്ഷെ അതിൽ ഒതുങ്ങുന്നതല്ല നമ്മുടെ ഉത്തരവാദിത്വം. മയക്കുമരുന്നിനോടുള്ള വിവിധ ലോക രാജ്യങ്ങളുടെ പോരാട്ടത്തിന് നിരവധി ഉദാഹരണങ്ങളുണ്ട്, മയക്കുമരുന്നിനെ ക്രമസമാധാന പ്രശ്നമായി കാണുന്ന അമേരിക്കൻ മോഡലുണ്ട്. അതിനെ ഒരു വ്യക്തിയുടെ തെറ്റായ coping mechanism ആയി കാണുന്ന

സ്വിറ്റ്സർലൻഡിന്റെ മോഡലുണ്ട്. ആദ്യത്തേത് വിതരണം തടയുക എന്നതാണെങ്കിൽ രണ്ടാമത്തേത് ഡിമാന്റിനെ നിയന്ത്രിക്കലാണ്. ഇവിടെ ഇവ രണ്ടും നമുക്കാവശ്യമാണ്. ഡിമാന്റിനെ നിയന്ത്രിക്കാൻ ബോധവൽക്കരണം ആവശ്യമാണ്. പക്ഷെ അതുകൊണ്ടുമാത്രം കാര്യമില്ല. അതിന്റെ മറ്റ് തലങ്ങൾകൂടി നമ്മൾ കാണണം. 2021-ലെ ഇക്കണോമിക് റിവ്യൂ പ്രകാരം രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക് 4.8 ശതമാനമാണ്. കേരളത്തിന്റേത് 10 ശതമാനമാണ്. കേരളത്തിൽ ജനസംഖ്യയുടെ നല്ലൊരു ശതമാനം യുവാക്കളാണ്. തൊഴിലില്ലായ്മ ഉണ്ടാക്കുന്ന അനിശ്ചിതാവസ്ഥ, അരക്ഷിതത്വം, മനുഷ്യശേഷിയുടെ ഉപയോഗക്കുറവ് ഇതെല്ലാം അപകടകരമായ സാഹചര്യങ്ങളാണ് യുവാക്കൾക്കിടയിൽ സൃഷ്ടിക്കുന്നത്. ഉല്പാദനപരമായി യുവാക്കളുടെ ഊർജ്ജം ഉപയോഗപ്പെടുത്താൻ കഴിയുന്നില്ലെന്നത് മാത്രമല്ല സർഗ്ഗാത്മകമായും ക്രിയാത്മകമായും ഇടപെടാൻ സാഹചര്യങ്ങളില്ലാതാകുന്നതും വെല്ലുവിളിയാണ്. പണ്ടുകാലത്ത് വായനശാലകൾ, ഗ്രാമീണ സാംസ്കാരിക പ്രവർത്തനങ്ങൾ, റൂറൽ തിയേറ്റർ ഗ്രൂപ്പുകൾ എന്നിങ്ങനെ നിരവധി സാമൂഹിക സാംസ്കാരിക ഇടപെടലുകൾ ചെറുപ്പക്കാരുടെ നേതൃത്വത്തിൽ ഗ്രാമങ്ങളിൽ ഉണ്ടാകുമായിരുന്നു. സാംസ്കാരിക കൂട്ടായ്മകൾ വഹിച്ച ദൗത്യത്തെ ഇന്ന് എങ്ങനെ നിർവ്വഹിക്കപ്പെടണമെന്നുള്ളത് നയപരമായിത്തന്നെ അന്വേഷിച്ച് വകുപ്പുകളിൽകൂടി നടപ്പിലാക്കേണ്ടിയിരിക്കുന്നു. ജീവിതത്തിന്റെ ഉന്നതമായ നിലയിലുള്ള അനുഭൂതികളെ മനസ്സിലാക്കാനോ മനുഷ്യബന്ധങ്ങളെ കൂടുതൽ സെൻസിറ്റീവായും സൗന്ദര്യാത്മകവുമായി കാണാനും സഹായിക്കുന്ന പ്ലാറ്റ്ഫോമുകൾ സോഷ്യൽ എഞ്ചിനീയറിംഗിന്റെ ഭാഗമായി മാറേണ്ടതാണ്. അത്തരത്തിലുള്ള പുരോഗമനപരവും സൗന്ദര്യപരവുമായ ഒരു തലത്തെ പ്രതിനിധീകരിക്കുന്നുവെന്ന് നടിക്കുന്ന പലയിടങ്ങളും നമ്മുടെ യുവാക്കളെ എത്തിക്കുന്നത് മയക്കുമരുന്നിന്റെയും ശാരീരിക ചൂഷണങ്ങളുടെയും വൈകാരിക ആഘാതങ്ങളുടെയും ലോകത്തേയ്ക്കാണെന്ന സത്യംകൂടി നമ്മൾ തിരിച്ചറിയണം. കുഞ്ഞുങ്ങളുടെ കാര്യത്തിൽ കുടുംബഘടന മാറിയിട്ടുണ്ട്. കുടുംബങ്ങളിൽ ഓരോരുത്തരും നിർവ്വഹിക്കപ്പെടുന്ന റോളുകൾ മാറിയിട്ടുണ്ട്. കോവിഡ് കാലത്തെ ഓൺലൈൻ പഠനങ്ങളുടെ സങ്കീർണ്ണതകളുമുണ്ട്. ഇതിനെയെല്ലാം ഒരുമിച്ച് അഡ്രസ് ചെയ്യണം. ഫോൺ നിരീക്ഷിക്കുക, ബാഗ് പരിശോധിക്കുക എന്നതിനപ്പുറം കുട്ടികളുടെ മാനസികാരോഗ്യം പരിഗണിക്കാനും അവർക്ക് കാര്യങ്ങൾ തുറന്ന് പറയാനുമുള്ള വിശ്വാസവും സ്വാതന്ത്ര്യവും നൽകാൻ സാധിക്കണം. അവരിലേയ്ക്ക് എത്താൻ സാധ്യതയുള്ള വിപത്തിന്റെ കണ്ണികളെ മുറിച്ചുമാറ്റാൻ നമുക്ക് കഴിയണം. സമഗ്രമായ രൂപത്തിൽ പരിശോധിക്കേണ്ടതും പരിഗണിക്കേണ്ടതുമായ വിഷയമായാണ് ഇതിനെ കാണുന്നത്. ഇത് നിയമപരമായി നടപ്പിലാക്കുന്നതിലെ ചില ന്യൂനതകൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താം. അത് പരിഹരിക്കാൻ സാധിക്കുന്നതാണ്. സ്കൂൾ പരിസരത്ത് മയക്കുമരുന്ന് വിൽക്കുന്ന ക്രിമിനലുകൾ,

സ്കൂൾ കുട്ടികൾക്ക് മയക്കമരുന്ന് കൊടുക്കുന്ന ക്രിമിനലുകൾ ഇവരെ പോലീസ് അറസ്റ്റ് ചെയ്യുമ്പോൾ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം 77, 78 വകുപ്പ് ചുമത്തിയാൽ ഏഴ് വർഷംവരെ ഇവർക്ക് തടവ് ശിക്ഷ ലഭിക്കും. എന്നാൽ ഇപ്പോൾ പിടിയിലാകുന്നവർക്ക് വേഗം ജാമ്യം കിട്ടുന്നതിനാൽ ഇതേ ആളുകൾതന്നെ ഇതേ കുറ്റം വീണ്ടും കുട്ടികളോട് ചെയ്യുന്നു. സ്കൂൾ പരിസരത്ത് മയക്കമരുന്ന് വിൽക്കുന്നവർ, വിതരണം ചെയ്യുന്നവർ, ഇതിൽ ഉൾപ്പെടുന്നവർ അവരെയെല്ലാം ജെ.ജെ. ആക്ട് 78 പ്രകാരം ബുക്ക് ചെയ്യണമെന്ന് പോലീസിന് കർശന നിർദ്ദേശം നൽകണം. എക്സൈസ് ഡിപ്പാർട്ട്മെന്റിന് ജെ.ജെ. ആക്ട് പ്രകാരം കേസ് ഏറ്റെടുക്കാൻ കഴിയില്ല. അതുകൊണ്ട് ടി ഡിപ്പാർട്ടുമെന്റിന് ജെ.ജെ. ആക്ട് അനുസരിച്ച് കേസ്സെടുക്കാൻ അവകാശമുണ്ടാകണം. അതിനായി എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ സ്റ്റാഫ് സ്ട്രെംഗ്ത് വർദ്ധിപ്പിക്കണം. അതുപോലെ നിരന്തരമായി ഒരേ കേസിൽപ്പെടുന്ന ആളുകൾക്കെതിരെ കാപ്പ ചുമത്താൻ കഴിയണം. അങ്ങയുടെ സ്വപ്നം നവകേരള സൃഷ്ടിയാണ്. സൂക്ഷിച്ചില്ലെങ്കിൽ നവ മലയാളിയുടെ, യുവാക്കളുടെ ഔദ്യോഗിക ആനന്ദമാർഗ്ഗം എം.ഡി.എം.എ. ആകും. തിരുവനന്തപുരം നഗരത്തിലെ ഒരു പ്രമുഖ വിദ്യാലയത്തിലെ രക്ഷകർത്താവിന്റെ ഞെട്ടിപ്പിക്കുന്ന വെളിപ്പെടുത്തലുകൾ വളരെ പേടിയോടുകൂടിയാണ് നാം കേട്ടത്. വീണ്ടും ഞാൻ ആവർത്തിക്കുന്നു, നമ്മുടെ കുഞ്ഞുങ്ങൾക്ക് വളരാൻ നാം എന്തുതരം കേരളമാണ് ഒരുക്കുന്നത്? ഇതിനെ രാഷ്ട്രീയ കക്ഷി വ്യത്യാസമില്ലാതെ പ്രതിപക്ഷ ഭരണപക്ഷ ഭേദമില്ലാതെ ഒരുമിച്ച് നേരിടാനുള്ള നടപടിയുണ്ടാകണം. അതുകൊണ്ട് ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ബഹുമാന്യനായ അംഗം പ്രസ്താവിച്ച കാര്യം വളരെ പോസിറ്റീവായിത്തന്നെയാണ് സർക്കാർ കാണുന്നത്. കാരണം ഇതൊരു ഭരണപക്ഷ പ്രതിപക്ഷ വിഷയമെന്നതിലുപരി കേരളീയ സമൂഹം നേരിടുന്ന ഗുരുതരമായ ഒരു വിഷയമാണ്. അതിനെ അതിന്റേതായ ഗൗരവത്തിൽത്തന്നെയാണ് സർക്കാർ കാണുന്നത്. വിവിധ രീതിയിൽ നമ്മൾ ഈ വിഷയത്തെ സമീപിക്കേണ്ടതുണ്ട്. അതിലൊന്ന്, ഇത് ബോധപൂർവ്വം ചെയ്യുന്ന കുറ്റമാണ്. പണസമ്പാദനത്തിനുവേണ്ടി ഏത് ഹീനമാർഗ്ഗവും സ്വീകരിക്കാൻ തയ്യാറാകുന്ന ശക്തികൾ നിസാരരായിരിക്കില്ല. അത്തരം ആളുകളാണ് ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നതെന്നതിനാൽ ഇതിനെ നേരിടുന്നതിന് നിലവിലുള്ള രീതികളിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. നാർക്കോട്ടിക് കേസ്സുകളിൽ നേരത്തെ ശിക്ഷിക്കപ്പെട്ട പ്രതികളെക്കുറിച്ചുള്ള വിവരങ്ങൾ കോടതിയിൽ സമർപ്പിക്കുന്ന കുറ്റപത്രത്തിൽ വ്യക്തമാക്കണമെന്ന് വ്യക്തമായ നിർദ്ദേശം

നൽകിയിട്ടുണ്ട്. NDPS നിയമത്തിലെ 31, 31 A വകുപ്പുകൾ പ്രകാരമുള്ള ഉയർന്ന ശിക്ഷ ഉറപ്പുവരുത്താൻ ഇത് ആവശ്യമാണ്. ഇവിടെ ചാർജ്ജ് ചെയ്യുന്ന അല്ലെങ്കിൽ കോടതിയിലേയ്ക്ക് പോകുന്ന കേസ്സുകളിൽ നേരത്തെ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആ വിവരങ്ങൾകൂടി ഉൾപ്പെടുത്തണം. അതോടൊപ്പം NDPS നിയമത്തിലെ 34-ാം വകുപ്പ് പ്രകാരം കുറ്റകൃത്യങ്ങളിൽ ഉൾപ്പെടില്ലെന്ന് വ്യക്തമാക്കുന്ന ബോണ്ട് വാങ്ങുന്നതിന് അധികാരം നൽകുന്നുണ്ടെങ്കിലും അത് ഉപയോഗിച്ചിരുന്നില്ല. ഇനി മുതൽ ഈ പറയുന്ന കുറ്റകൃത്യങ്ങളിൽ ഉൾപ്പെടില്ലെന്ന് പറഞ്ഞുകൊണ്ടുള്ള ബോണ്ട് പ്രതികളിൽനിന്ന് വാങ്ങണമെന്ന കാര്യത്തിലും ശക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. അതേപോലെ പ്രധാനപ്പെട്ടൊരു കാര്യം 1988-ൽ Prevention of Illicit Traffic in Narcotic Drugs and Psychotropic Substances Act, PITNDPS എന്നപേരിൽ അറിയപ്പെടുന്ന പ്രത്യേക നിയമം പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഇതനുസരിച്ച് സ്ഥിരം കുറ്റവാളികളെ രണ്ട് വർഷംവരെ വിചാരണ കൂടാതെ കരുതൽ തടങ്കലിൽ പാർപ്പിക്കാനുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. ഇക്കാര്യത്തിലും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടത് സംസ്ഥാന സർക്കാരിലെ സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥനാണ്. മയക്കുമരുന്ന് സംഘത്തിലെ സ്ഥിരം കുറ്റവാളികൾക്കെതിരെ PITNDPS ആക്ട് പ്രകാരമുള്ള ശിപാർശകൾ സമർപ്പിക്കാൻ പോലീസ് ഉദ്യോഗസ്ഥരും എക്സൈസ് ഉദ്യോഗസ്ഥരും തയ്യാറാകണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പരാമർശിച്ച കാപ്പ നിയമപ്രകാരമുള്ള, കാപ്പ രജിസ്റ്റർ തയ്യാറാക്കുന്ന രീതിയുണ്ട്. അതുപോലെ NDPS ആക്ടിലെ കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്കെതിരെ ഡാറ്റാ ബാങ്ക് തയ്യാറാക്കേണ്ടതായിട്ടുണ്ട്. അത് സബ്ഡിവിഷൻ തലത്തിലോ ജില്ലാതലത്തിൽ നാർക്കോട്ടിക് സെൽ ഡിവൈ.എസ്.പി.-യുടെയോ എക്സൈസ് അസിസ്റ്റന്റ് കമ്മീഷണറുടെയോ മേൽനോട്ടത്തിൽ ആവശ്യമായ അപ്ഡേഷൻ വരുത്തി സൂക്ഷിക്കണം. ഇക്കാര്യത്തിലും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ബോണ്ട് വാങ്ങേണ്ടത് എസ്.എച്ച്.ഒ.-മാരും എക്സൈസ് ഇൻസ്പെക്ടർമാരുമാണ്. അതത് പോലീസ് സ്റ്റേഷനുകളിലെ എസ്.എച്ച്.ഒ.-മാരും അതത് സ്ഥലങ്ങളിലെ എക്സൈസ് ഇൻസ്പെക്ടർമാരും ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. NDPS ആക്ടിലെ 31, 31A വകുപ്പുകൾ പ്രകാരമുള്ള അധികാരം പരമാവധി ഉപയോഗിക്കുന്നതിന് പോലീസ് എക്സൈസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അടുത്ത ആഴ്ചകളിൽ ഇതുമായി ബന്ധപ്പെട്ട സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. NDPS ആക്ടിലെ 34 വകുപ്പ് പ്രകാരം ബോണ്ട് വയ്പ്പിക്കുക, മയക്കുമരുന്ന് കേസ്സിൽ പതിവായി ഉൾപ്പെടുന്നവരെ PITNDPS ആക്ട് പ്രകാരം കരുതൽ തടങ്കലിൽ

പാർപ്പിക്കുക തുടങ്ങിയ നടപടികൾക്കാണ് ഒരു സ്പെഷ്യൽ ഡ്രൈവ് അടുത്ത ദിവസംമുതൽ സംസ്ഥാനത്താകെ നടത്താൻ തീരുമാനിച്ചിട്ടുള്ളത്. സ്പെഷ്യൽ ഡ്രൈവിന് മുന്നോടിയായി നാർക്കോട്ടിക് സെൽ ഡിവൈ.എസ്.പി.-മാർക്കും കേരള ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സിലെ അംഗങ്ങൾക്കും എക്സൈസ് അസിസ്റ്റന്റ് കമ്മീഷണർമാർ, എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവർക്കും സംസ്ഥാനതലത്തിൽ PITNDPS ആക്ടിലെയും NDPS ആക്ടിലെയും ബന്ധപ്പെട്ട വകുപ്പുകളെക്കുറിച്ചും അതിന്റെ പ്രായോഗികതയെക്കുറിച്ചും സംസ്ഥാനതലത്തിൽ ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനും എസ്.എച്ച്.ഒ.-മാർ സബ് ഡിവിഷണൽ പോലീസ് ഓഫീസർമാർ, എക്സൈസ് ഇൻസ്പെക്ടർമാർ എന്നിവർക്ക് ജില്ലാതലത്തിലും ഇതേ പരിശീലനം നൽകണമെന്നും നിർദ്ദേശം നൽകിക്കഴിഞ്ഞു. മയക്കുമരുന്ന് കേസ്സുകളിൽ ഒന്നിലധികം തവണ ഉൾപ്പെടുന്നവരുടെ വ്യക്തിപരമായ വിവരശേഖരണം നടത്തി അവരുടെ ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കി പോലീസ് സ്റ്റേഷനുകളിലും എക്സൈസ് റേഞ്ച് ഓഫീസുകളിലും സൂക്ഷിച്ച് അവരെ നിരന്തരം നിരീക്ഷിക്കണം. ട്രെയിനുകളിൽ സ്നിഫർ ഡോഗ് സംവിധാനമടക്കം ഉപയോഗിച്ചുകൊണ്ട് പരിശോധന ശക്തിപ്പെടുത്തണം. ഇത്തരം നടപടികൾകൊണ്ടുമാത്രം എല്ലാം തീരുമെന്ന് പറയാനാകില്ല. അത്രകണ്ട് വ്യാപനമാണ് ഇക്കാര്യത്തിൽ ഉണ്ടായിരിക്കുന്നത്. അതുകൊണ്ടുതന്നെ കൂടുതൽ ശക്തമായ പ്രവർത്തനങ്ങൾ നടത്താൻ കഴിയണം. കേസ്സുകൾ വൻതോതിൽ വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് ഏകോപിതവും സംഘടിതവുമായ ഒരു രൂപമുണ്ടാകണം. ക്യാമ്പയിനിന്റെ ഭാഗമായി ലഹരിക്കെതിരായ പോരാട്ടത്തിൽ എല്ലാ വിഭാഗം ജനങ്ങളെയും അണിനിരത്താനാകണം. വിദ്യാർത്ഥികൾ, യുവാക്കൾ, മഹിളകൾ, കുടുംബശ്രീ പ്രവർത്തകർ, ജാതിമത സംഘടനകൾ, ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ, സാമൂഹിക സാംസ്കാരിക സംഘടനകൾ, വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, മറ്റു പ്രാദേശിക കൂട്ടായ്മകൾ എന്നിങ്ങനെ ഏതെല്ലാം സംവിധാനങ്ങളുണ്ടോ അവയെയെല്ലാം ഇതിന്റെ ഭാഗമായി അണിനിരത്തിക്കൊണ്ട് വ്യക്തമായ രൂപരേഖ തയ്യാറാക്കി ഇക്കാര്യത്തിൽ നല്ല പ്രചരണം നൽകുന്നതിന് കഴിയണം. ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ സംസ്ഥാനത്ത് ലഹരി വിരുദ്ധ പ്രചരണത്തിനുവേണ്ടി ഉപയോഗപ്പെടുത്താനാണ് തീരുമാനിച്ചിരിക്കുന്നത്. നാടാകെ അത്തരത്തിലുള്ള പരിപാടികൾ സംഘടിപ്പിക്കും. ആ ദിവസംതന്നെ സ്കൂളുകൾ, കോളേജുകൾ, മറ്റു ടെക്നിക്കൽ സ്ഥാപനങ്ങൾ, പ്രൊഫഷണൽ സ്ഥാപനങ്ങൾ തുടങ്ങിയ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇതുമായി ബന്ധപ്പെട്ട പരിപാടികൾ സംഘടിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. വിദ്യാലയങ്ങൾക്കുചുറ്റും വലിയ സന്ദേശമായി മാറുന്ന തരത്തിൽ ലഹരി വിരുദ്ധ

സംരക്ഷണ ശൃംഖല എല്ലാവരുടെയും സഹകരണത്തോടുകൂടി തീർക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കാവുന്നതാണ്. അതോടൊപ്പം, ഇതുമായി ബന്ധപ്പെട്ട് നടത്തുന്ന പരിപാടിയുടെ സന്ദേശം വിക്ടേഴ്സ് ചാനൽ വഴി എല്ലാ ക്ലാസ്സുകളിലും നൽകാനാകും. ഈ സന്ദേശം പരത്തുന്ന ഹ്രസ്വസിനിമകൾ, വീഡിയോയുടെ സഹായത്തോടെ ഒരുമണിക്കൂർ നീണ്ടുനിൽക്കുന്ന ലഹരി വിരുദ്ധ ക്ലാസ് എന്നിവയിലൂടെ ഈ രംഗത്ത് പ്രാദേശികമായി എന്തെല്ലാം കാര്യങ്ങൾ ചെയ്യണമെന്ന് പറയുന്നതിനുള്ള ഒരു സംവിധാനവും സംഘടിപ്പിക്കാൻ കഴിയുന്നതാണ്. ഗാന്ധിജയന്തി ആഘോഷങ്ങൾ വലിയ തോതിൽ ലഹരി വിരുദ്ധ ക്യാമ്പയിനായി നാടാകെ അണിനിരന്നുകൊണ്ട് സംഘടിപ്പിക്കും. എല്ലാ വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ വിവിധ പരിപാടികൾ ആസൂത്രണം ചെയ്യാൻ കഴിയും. റോൾ പ്ലേ, സ്കിറ്റ്, ലഹരി വിരുദ്ധ കവിതാലാപനം, കഥാവായന, ചെറിയ പ്രസംഗങ്ങൾ, പോസ്റ്റർ രചന എന്നിവയോടൊപ്പം പ്രാദേശിക സാധ്യതകൾ എന്തെല്ലാമുണ്ടോ അതെല്ലാം ഉപയോഗിച്ചുകൊണ്ടുള്ള വിവിധ പരിപാടികൾ വിവിധ തരത്തിൽ ആസൂത്രണം ചെയ്യാൻ സാധിക്കും. ഇങ്ങനെയെല്ലാം ചെയ്യുന്നതോടൊപ്പം ഓരോ പ്രദേശത്തും പ്രതീകാത്മകമായി ലഹരി ഉല്പന്നങ്ങൾ കുഴിച്ചുമൂടുന്ന ചടങ്ങും പ്രചരണാർത്ഥം സംഘടിപ്പിക്കാവുന്നതാണ്. എൽ.പി. സ്കൂൾ മുതൽ പ്രൊഫഷണൽ കോളേജുവരെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പി.ടി.എ.-യുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിക്കണം. അതിൽ സ്കൂളുകളുടെ കാര്യത്തിൽ, പ്രാദേശിക കൂട്ടായ്മയുടെ പ്രതിനിധികൾ, രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ, അവിടെയുള്ള പ്രധാന സംഘടനകളുടെ പ്രതിനിധികൾ, രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ എന്നിവരെല്ലാം ജനജാഗ്രതാ സമിതിയിൽ ഉണ്ടാകുന്നത് നന്നായിരിക്കും. വിദ്യാലയത്തിന കത്തായാലും പുറത്തായാലും ജാഗ്രതയോടെ ഇടപെടാനുള്ള ഒരു പ്രവർത്തന രൂപരേഖ തയ്യാറാക്കാനാകും. കേരളത്തിലെ പല സ്കൂളുകളും പൊതുവേ മറയോ, മതിലുകളോ ഇല്ലാത്തവയാണ്; അതിനാൽ മയക്കുമരുന്ന് വ്യാപാരം നടത്തുന്നവർക്ക് സ്കൂൾ കോമ്പൗണ്ടിനകത്ത് വേഗത്തിലെത്താൻ സാധിക്കും.

ശ്രീ. രമേശ് ചെന്നിത്തല: സർ, NDPS Act (Narcotic Drugs and Psychotropic Substances Act) അനുസരിച്ച് ഒരു കിലോയ്ക്ക് താഴെ കഞ്ചാവ് കയ്യിൽ വയ്ക്കാമെന്ന് കേന്ദ്ര നിയമമുണ്ട്. അത് ചെറിയ അളവിലാക്കി ആളുകളുടെയിടയിൽ വിതരണം ചെയ്യുകയാണ്. അതിൽ സംസ്ഥാന ഗവൺമെന്റിന് ഒന്നും ചെയ്യാൻ സാധിക്കില്ല. അതുപോലെ ഇത് മരുന്നുണ്ടാക്കാനാണെന്ന് വ്യാജമായി പറഞ്ഞാണ് എൻ.ഡി.പി.എസ്. ആക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതിനാൽ ഈ നിയമത്തിൽ ഭേദഗതി വരുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പിണറായി വിജയൻ: സർ, നമ്മുടെ നാട് നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രായോഗികമായി ചെയ്യാൻ സാധിക്കുന്നതെല്ലാം ചെയ്യാം. ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞ നിർദ്ദേശം തികച്ചും സ്വാഗതാർഹമാണ്. ചുറ്റുമതിലില്ലാത്ത വിദ്യാലയങ്ങളിലേയ്ക്ക് ഇത്തരം വ്യാപാരികൾക്ക് നിഷ്പ്രയാസം കടക്കാൻ സാധിക്കുമെന്നതിനാൽ അത് തടയുന്നതിന് അദ്ധ്യാപക-രക്ഷകർത്തൃ സമിതിയും നാട്ടുകാരുമെല്ലാം ചേർന്ന് അവിടത്തെ പ്രയോഗികതയ്ക്കനുസരിച്ച് എന്താണോ ചെയ്യാൻ സാധിക്കുന്നത് അത് ചെയ്യേണ്ടതുണ്ട്. അവിടെ പോലീസിന്റെയും എക്സൈസിന്റെയുമൊക്കെ സാന്നിധ്യം ഉണ്ടാവുന്ന തരത്തിലുള്ള നടപടി സ്വീകരിക്കാവുന്നതാണ്. അതോടൊപ്പം, എൻ.സി.സി, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്, സ്കൗട്ട് ആൻഡ് ഗൈഡ്, ജെ.ആർ.സി. (ജൂനിയർ റെഡ് ക്രോസ്), വിമുക്തി ക്ലബ്ബുകൾ തുടങ്ങിയ വിവിധ സംവിധാനങ്ങളെ ലഹരി വിരുദ്ധ ക്യാമ്പയിനുവേണ്ടി നല്ല രീതിയിൽ പ്രയോജനപ്പെടുത്താം. കോളേജുകളിൽ ശ്രദ്ധ, നേർക്കൂട്ടം എന്നിങ്ങനെ ചില സംവിധാനങ്ങളുണ്ട്. അതിലൂടെയുള്ള പ്രവർത്തനങ്ങൾ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഉറപ്പാക്കാവുന്നതാണ്. ഇത്തരം കാര്യങ്ങൾ നേരിടുന്നതിന് പ്രത്യേക പരിശീലനം നൽകണം. അതോടൊപ്പം, ഗാന്ധിജയന്തി ദിനത്തിൽ ബസ് സ്റ്റാൻഡുകൾ, വലിയ തോതിൽ ആളുകൾ കൂടിച്ചേരുന്ന കവലകൾ, ക്ലബ്ബുകൾ, ഗ്രന്ഥശാലകൾ എന്നിവിടങ്ങളിലെല്ലാം പ്രൊജക്ടറുകൾ ഉപയോഗിച്ച് സന്ദേശം പ്രചരിപ്പിക്കാനുള്ള സംവിധാനം ഒരുക്കുന്നതിനും ജനജാഗ്രതാ സദസ് സംഘടിപ്പിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകയ്യെടുക്കേണ്ടതാണ്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനമേധാവി അദ്ധ്യക്ഷനായും ആ സ്ഥലത്തെ എക്സൈസ്/പോലീസ് ഉദ്യോഗസ്ഥനെ കൺവീനറാക്കിയും ലഹരിവിരുദ്ധ ജനജാഗ്രതാ സമിതി രൂപീകരിക്കാനാകണം. വാർഡ് തലത്തിലും ക്ലബ്ബുകൾ, ഗ്രന്ഥശാലകൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ എന്നിവിടങ്ങളിലുമൊക്കെ യൂണിറ്റുകൾ ഉണ്ടാക്കണം. അങ്ങനെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ വിപുലമായ ഒരു ഇടപെടൽ ഇതിനകത്തുണ്ടാകണം. അതോടൊപ്പം, എല്ലാ കുടുംബശ്രീ യൂണിറ്റുകളിലും ലഹരിയുടെ വിപത്ത് സംബന്ധിച്ച പ്രത്യേക ചർച്ച സംഘടിപ്പിക്കാനാകണം. അതിനോടൊപ്പംതന്നെ ഏതെങ്കിലും തരത്തിൽ ലഹരിയുടെ വിതരണവും മറ്റുകാര്യങ്ങളുമുണ്ടെങ്കിൽ അതിന് ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥന്റെ ഫോൺനമ്പരും മേൽവിലാസവും കൈമാറുന്നതിന് കഴിയേണ്ടതുണ്ട്. മറ്റൊന്ന്, ആരാധനാലയങ്ങൾക്ക് ഇതിൽ പ്രധാനമായ പങ്കുവഹിക്കാൻ സാധിക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സ്കൂളുകൾക്കുചുറ്റും മിഠായി വിൽക്കുന്ന കടകളുണ്ട്. മിഠായിക്കകത്ത് മയക്കുമരുന്നുകൾ ചേർത്ത് വിൽക്കുന്നതാണ് ഏറ്റവും ക്രൂരമായ കാര്യം. അത് വാങ്ങികഴിക്കുന്ന കുട്ടികൾ ജീവിതകാലം മുഴുവൻ അതിനടിമയായി പോകുകയാണ്. അതിനാൽ സ്കൂളുകൾക്കുചുറ്റുമുള്ള ഇത്തരം കടകളിൽ പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; നമ്മുടെ നാട്ടിലെ വരും തലമുറയെ രക്ഷിക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, സ്കൂളിനകത്ത് കയറി ലഹരിക്കച്ചവടം നടത്തുന്നത് പൂർണ്ണമായും തടയും. സ്കൂളിന് പുറത്തുള്ള ഏതെങ്കിലും കച്ചവട സ്ഥാപനങ്ങളിൽ മയക്കുമരുന്നുമായി ബന്ധപ്പെട്ട എന്തെങ്കിലും വ്യാപാരം നടന്നാൽ ആ കച്ചവട സ്ഥാപനം സ്ഥിരമായി അടച്ചുപൂട്ടുന്നതിനുള്ള കർശന നടപടി സ്വീകരിക്കുന്നതാണ്.

ആരാധനാലയങ്ങളിൽ വിശ്വാസികൾ എത്തുന്ന വിശേഷാൽ പരിപാടികളിൽ, അവരോട് ലഹരി വിപത്തിനെ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തണമെന്ന് പ്രസ്തുത ആരാധനാലയങ്ങളുടെ അധിപന്മാരോട് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അഭ്യർത്ഥന നടത്താം. എസ്.സി.ഇ.ആർ.ടി.-യുടെ സഹകരണത്തോടുകൂടി വിമുക്തി മിഷൻ ഈ സെപ്റ്റംബർ 15-നകം ജനജാഗ്രതാ സമിതികളുടെ പ്രവർത്തനത്തിനാവശ്യമായ കരട് രൂപരേഖ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട എല്ലാവർക്കും സെപ്റ്റംബർ 30-നകം പ്രത്യേക അദ്ധ്യാപക പരിശീലനവും നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഹ്രസ്വ സിനിമകളും വീഡിയോകളും നിർമ്മിക്കുന്നതിനുവേണ്ടി പബ്ലിക് റിലേഷൻസ് വകുപ്പിനെ ചുമതലപ്പെടുത്താമെന്നാണ് കരുതുന്നത്. ഇത് സെപ്റ്റംബർ 20-ാം തീയതിക്കകം പൂർത്തീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പരിശീലനം നൽകുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട കാര്യം ലഹരി ഉപഭോഗത്തിന്റെ വിവിധ രീതികൾ പരിചയപ്പെടുത്തുന്നതാവരുത് പരിശീലനത്തിന്റെ ഉദ്ദേശ്യം. ലഹരി ഉപഭോഗം സൃഷ്ടിക്കുന്ന ശാരീരിക/മാനസിക ആരോഗ്യ പ്രശ്നങ്ങൾ, അതിന്റെ സാമൂഹികാഘാതങ്ങൾ, കുടുംബത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധയൂന്നിക്കൊണ്ടാവണം ക്ലാസും പരിശീലനവും നടത്തേണ്ടത്. വിമുക്തി മിഷൻ എസ്.സി.ഇ.ആർ.ടി.-യുമായി ചേർന്നിറക്കുന്ന മൊഡ്യൂളുകളുടെ കരട് രൂപരേഖ മാത്രമേ ഈ പരിശീലനത്തിന് ഉപയോഗിക്കാൻ പാടുള്ളൂ. തങ്ങൾ പരിശീലകരാണെന്ന് പറഞ്ഞ് തോന്നിയ കാര്യങ്ങൾ പരിശീലിപ്പിക്കാൻ പാടില്ല. ഒരു പാഠപുസ്തകം പോലെ ഈ കരട് രൂപരേഖ അടിസ്ഥാനപ്പെടുത്തിയായിരിക്കണം പരിശീലനം നൽകേണ്ടത്. വിവിധ സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ/സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയ പൊതു സ്ഥാപനങ്ങളിലെല്ലാം ലഹരി വിരുദ്ധ പോസ്റ്ററുകൾ പതിക്കണം. അതോടൊപ്പം, ലഹരി ഉപഭോഗമോ വിതരണമോ ശ്രദ്ധയിൽപ്പെട്ടാൽ അക്കാര്യം അറിയിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരും ടെലഫോൺ നമ്പരും ആ പോസ്റ്ററിൽ രേഖപ്പെടുത്തണം. കേരളത്തിലെ എല്ലാ വ്യാപാര സ്ഥാപനങ്ങളിലും പ്രത്യേകിച്ച് സ്കൂളുകൾക്കടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ "ഈ സ്ഥാപനത്തിൽ ലഹരി പദാർത്ഥങ്ങൾ വിൽപ്പന നടത്തുന്നില്ല" എന്നും "ലഹരി വസ്തുക്കൾ ശ്രദ്ധയിൽപ്പെട്ടാൽ ഇന്ന ആളെ ബന്ധപ്പെടുക" എന്ന് സൂചിപ്പിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഫോൺ നമ്പരും വിലാസവും പ്രദർശിപ്പിക്കുകയും വേണം. പോലീസ്/എക്സൈസ് ഉദ്യോഗസ്ഥരുടെ

നമ്പരുകളാണ് ഇവിടെ നൽകുന്നത്. ലഹരി ഉപഭോഗവും വിതരണവും സംബന്ധിച്ച വിവരങ്ങൾ സമാഹരിക്കുന്നതിനായി എല്ലാ എക്സൈസ് ഓഫീസുകളിലും കൺട്രോൾ റൂം തുറക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പരാതി ലഭിച്ചാൽ ആ വിവരവും ആരാണ് പരാതി നൽകിയതെന്ന കാര്യവും രഹസ്യമാക്കി വയ്ക്കണം. വിശദാംശങ്ങൾ രഹസ്യമായി സൂക്ഷിക്കുന്ന കാര്യം ഉറപ്പാക്കണമെന്ന് നിർദ്ദേശിക്കും. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭിച്ചാൽ പോലീസ് ചടുലമായി പ്രതികരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാന/ജില്ലാ തലത്തിലും പോലീസ് സ്റ്റേഷൻ അടിസ്ഥാനത്തിലും പ്രവർത്തിക്കുന്ന പ്രത്യേക സംവിധാനത്തെ കൂടുതൽ ഊർജ്ജിതമാക്കണം. ഇക്കാര്യത്തിൽ നമുക്ക് ഒന്നിച്ച് നിൽക്കാനാകണം. എല്ലാവരും ഒന്നിച്ച് ചേർന്ന് ഒക്ടോബർ 2 മുതലുള്ള വലിയ ക്യാമ്പയിൻ നടത്താനാകണം. നമ്മുടെ സമൂഹത്തെ ലഹരി മുക്തമാക്കി മാറ്റുന്നതിന് അതിലൂടെയാണ് കഴിയുക. അക്കാര്യത്തിൽ നമുക്ക് ഒന്നിച്ച് നിൽക്കാം. നേരത്തെ പറഞ്ഞ പ്രായോഗിക വിഷമം കൂടിയുള്ളതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ കഴിയാതെ വന്നിരിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ സമഗ്രമായ ഒരു വിശദീകരണമാണ് നൽകിയിട്ടുള്ളത്. ലഹരിക്കെതിരായി നമ്മുടെ നാട് ഒറ്റക്കെട്ടായി യുദ്ധ സന്നാഹത്തിന് ഒരുങ്ങിയിരിക്കുന്നു എന്നുള്ളതാണ് ആ വിശദീകരണത്തിന്റെ സന്ദേശം. ഗൗരവമുള്ള ഈ വിഷയം അത്രയും ഗൗരവത്തോടെയും ഔചിത്യത്തോടെയും അവതരിപ്പിച്ച ശ്രീ. പി. സി. വിഷ്ണുനാഥിനെയും ചെയർ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വിശദീകരിച്ച രീതിയിൽ ഒറ്റക്കെട്ടായി, ലഹരിക്കെതിരായിട്ടുള്ള പോരാട്ടത്തിന് തുടക്കം കുറിക്കാനുള്ള ശക്തമായ സന്ദേശമാണ് ഈ നിയമസഭ ഇന്ന് സമൂഹത്തിനാകെ നൽകുന്നതെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരിച്ച പ്രവർത്തനങ്ങളിൽ നിയമസഭയുടെയും നിയമസഭയുടെ ഭാഗമായ കെ-ലാംപ്സ്, സഭാ ടിവി എന്നിവയുടെയും പങ്കാളിത്തം ഉറപ്പുവരുത്തുമെന്ന കാര്യംകൂടി അറിയിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വളരെ ഗൗരവമുള്ള ഒരു വിഷയം ഈ സഭയിൽ കൊണ്ടുവരാൻ കഴിഞ്ഞതിലുള്ള സന്തോഷം ഞാൻ ആദ്യം പ്രകടിപ്പിക്കുകയാണ്. നമ്മുടെ സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയായി ലഹരി മരുന്ന് ഉപയോഗത്തിനെ കാണണം. ആഗോള തലത്തിലോ, ദേശീയതലത്തിലോ ഒക്കെ ഈ ഭീഷണികളുണ്ടാകാം. പക്ഷേ ഇന്ന് സംസ്ഥാനം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളി ഇത് തന്നെയാണ് എന്ന്

നമ്മൾ തീരുമാനിക്കണം. എല്ലായിടത്തും നമ്മുടെ കുഞ്ഞുങ്ങൾക്കായി ചതിക്കുഴികൾ ഒരുങ്ങിയിരിക്കുകയാണ്. എവിടെയും ആരുടെ കുഞ്ഞുവേണമെങ്കിലും ചെന്നുപെടാവുന്ന തരത്തിലുള്ള ചതിക്കുഴികളാണുള്ളത്. മയക്കുമരുന്ന് ബിസിനസ്സ് എന്നത് lucrative ബിസിനസ്സാണ്. വലിയ മാർജിൻ കിട്ടുന്ന ബിസിനസ്സാണത്. അതിൽ ഉൾപ്പെട്ട് പിടിക്കപ്പെടുന്നവരും പിന്നീട് അതേ ബിസിനസ്സിലേയ്ക്ക് തന്നെ പോകുകയാണ്. പിന്നീട് ഒരു തരത്തിലും അവരത് അവസാനിപ്പിക്കുന്നില്ല എന്നതാണ് അപകടകരമായ കാര്യം. ഞാൻ കഴിഞ്ഞ ഏഴെട്ട് വർഷക്കാലമായി ഒരു ജനപ്രതിനിധിയെന്ന നിലയിൽ നിരന്തരം ഇക്കാര്യത്തിൽ ഇടപെടുന്ന ഒരാളാണ്. കുട്ടികൾ ഉൾപ്പെടുന്ന ഇത്തരം കേസുകളിൽ എക്സൈസ് ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, രക്ഷകർത്താക്കൾ എന്നിവരുമായി ചേർന്ന് വളരെ രഹസ്യമായി അവരുടെ വീടുകളിൽ പോയി തങ്ങളുടെ കുട്ടികൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് പറയുമ്പോൾ മാതാപിതാക്കൾ പൊട്ടിത്തെറിക്കാറാണ് പതിവ് എന്നതാണ് എന്നെ അത്ഭുതപ്പെടുത്തിയിട്ടുള്ളത്. തങ്ങളുടെ കുട്ടികൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് അവരൊരിക്കലും വിശ്വസിക്കുന്നില്ല. പല സ്ഥലത്തും പരിചയക്കാരായ മാതാപിതാക്കളെ കണ്ട് സംസാരിക്കുമ്പോൾപ്പോലും ഇതുതന്നെയാണവസ്ഥ. കാരണം മദ്യപിക്കുന്നതുപോലെയല്ല ഇതിന്റെ ഉപയോഗം. നിരന്തരമായി ഉപയോഗിക്കുകയാണെങ്കിലും മറ്റുള്ളവർക്ക് പ്രത്യേകിച്ച് മണമൊന്നും അനുഭവപ്പെടാറില്ല. ഒരു തലവേദനയാണെന്ന് പറഞ്ഞ് വീട്ടിൽ കിടന്നുറങ്ങിയാൽ മതി. മാതാപിതാക്കൾക്കോ സുഹൃത്തുക്കൾക്കോ പോലും കുട്ടികൾ ഇത് ഉപയോഗിക്കുകയാണെന്ന് തിരിച്ചറിയുന്നതിനുള്ള യാതൊരു മാർഗ്ഗവുമില്ലാത്ത അവസ്ഥയാണ് പല സ്ഥലത്തും കാണാൻ കഴിയുന്നത്. ഡീ-അഡിക്ഷൻ സെന്റർ മുഖാന്തരവും കൗൺസിലിംഗിലൂടെയുമൊക്കെ കുറേപ്പേരെ ഞങ്ങൾ തിരിച്ച് കൊണ്ടുവന്നു. തിരിച്ച് കൊണ്ടുവരാൻ കഴിയാത്ത രീതിയിൽ കുറേപ്പേർ ഇതിനടിമകളായിരിക്കുകയാണ്. ഞാൻ ആദ്യം എം.എൽ.എ. ആയ സമയത്ത് ഒരു സുഹൃത്തിന്റെ വീട്ടിൽ പോകുമ്പോൾ ഓടിവന്ന് എന്റെ മടിയിൽ കയറിയിരുന്നിരുന്ന ഒരു നാല് വയസ്സുകാരൻ പയ്യനുണ്ടായിരുന്നു. ഇത്രയും മിടുക്കനായ ഒരു കുട്ടിയെ ഞാൻ കണ്ടിട്ടില്ല. എക്സ്ട്രാ ഓർഡിനറി ബ്രില്ല്യന്റായിരുന്ന അവൻ നന്നായി പഠിച്ചു. എസ്.എസ്.എൽ.സി.-ക്കും പ്ലസ് ടുവിനും ഫുൾ എ പ്ലസ് നേടി എം.എൽ.എ.-യുടെ മെറിറ്റ് അവാർഡ് കരസ്ഥമാക്കുകയുണ്ടായി. കേരളത്തിലെ പ്രശസ്തമായ ഒരു എഞ്ചിനീയറിംഗ് കോളേജിൽ ചേർന്നു. എപ്പോഴും അവൻ എന്നെ ഫോണിൽ ബന്ധപ്പെടുമായിരുന്നു. ഓരോ സെമസ്റ്റർ പാസ്സാകുമ്പോഴും ലഭിക്കുന്ന മാർക്ക് എന്നെ അറിയിക്കുമായിരുന്നു. അവനെയിപ്പോൾ രണ്ടാമത്തെ തവണ ഡീ-അഡിക്ഷൻ സെന്ററിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. അവൻ ജീവിതത്തിലേയ്ക്ക് തിരിച്ച് വരുമെന്ന് എനിക്ക് പ്രതീക്ഷയില്ല. ചെറുപ്പം മുതൽ ഞാൻ എടുത്ത് നടന്ന കുട്ടിയാണ്. ഞാനടുത്തകാലത്ത് ഒരു ഡീ-അഡിക്ഷൻ സെന്ററിൽ പോയപ്പോൾ, ഈ വർഷം 85 കുട്ടികളെയാണ് അവിടെ

പ്രവേശിപ്പിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. അതിൽ 37 പേർ പെൺകുട്ടികളാണ്. ശ്രീ. പി. സി. വിഷ്ണുനാഥ് വളരെ വിശദമായി സ്റ്റാറ്റിസ്റ്റിക്സ് സഹിതം പറഞ്ഞതിനാൽ ഞാനതൊന്നും ആവർത്തിക്കുന്നില്ല. രണ്ട് വർഷത്തിനിടയിൽ ലഹരിക്കടത്തിന് പിടിയിലായ 21 വയസ്സിന് താഴെയുള്ളവർ 1978 പേരാണ്. ഇതിന്റെ അഞ്ചിരട്ടി ആളുകളാണ് പിടിയിലാകാതെ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത്. മതിലിനുള്ളിലുള്ള സ്കൂളുകളിൽ മതിലിന് പുറത്തുനിന്ന് ലഹരി വസ്തുക്കൾ എറിഞ്ഞ് കൊടുക്കുകയാണ്. നമുക്ക് സഹിക്കാൻ കഴിയാത്ത രീതിയിലുള്ള സംഭവങ്ങളാണ് പ്രധാനാദ്ധ്യാപകർ വന്ന് പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയം വളരെ ഗൗരവമായെടുക്കുകയും ഞാൻ അങ്ങോട്ട് പറയണമെന്ന് കരുതിയ പല നിർദ്ദേശങ്ങളും അങ്ങ് ഇങ്ങോട്ട് പറയുകയുമുണ്ടായി. ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുന്നു. യു.ഡി.എഫ്. പ്രത്യേകം യോഗം ചേർന്ന് ഈ വിഷയം മാത്രം അജണ്ടയാക്കി ചർച്ച നടത്തുകയുണ്ടായി. മയക്കുമരുന്ന് വ്യാപനം അവസാനിപ്പിക്കുന്നതിനുവേണ്ടി സർക്കാർ നടത്തുന്ന എല്ലാ ശ്രമങ്ങൾക്കും ആദ്യാവസാനം വരെ പ്രതിപക്ഷം ഒന്നടങ്കം കൂടെയുണ്ടാകുമെന്ന് അങ്ങേയ്ക്കും ഗവൺമെന്റിനും പൊതുസമൂഹത്തിനും വാക്ക് തരുന്നു. എല്ലാവരും ഒരുമിച്ച് ചേർന്ന് നമ്മുടെ കുഞ്ഞുങ്ങളെയും വരുംതലമുറയെയും രക്ഷിക്കാനുള്ള ശ്രമം നടത്തണം. കോവിഡ് കാലത്ത് ഇത് ഗുരുതരമായി വർദ്ധിച്ച് മാനസികാരോഗ്യ പ്രശ്നങ്ങളായി മാറുകയാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. രമേശ് ചെന്നിത്തല സൂചിപ്പിച്ചതുപോലെ PITNDPS ആക്റ്റിൽത്തന്നെ പ്രശ്നങ്ങളുണ്ട്. ലഹരി മരുന്ന് അതെന്തായാലും കൈവശം വച്ചിരിക്കുന്നത് ഒരു കിലോയിൽ താഴെയാണെങ്കിൽ അതായത് 999 ഗ്രാം മയക്കുമരുന്നാണെങ്കിൽ പിടിക്കപ്പെട്ടാലും ജാമ്യം കിട്ടുകയാണ്. ജാമ്യം കിട്ടിക്കഴിഞ്ഞാൽ വീണ്ടുംപോയി ഇതേ കാര്യം തന്നെ ചെയ്യുകയാണ്. അപ്പോൾ നിയമത്തിലും പഴുതുകളുണ്ട്. എന്റെയൊരു നിർദ്ദേശം, സാമ്പത്തിക പ്രതിസന്ധിയും കാര്യങ്ങളുമൊക്കെ ഉണ്ടെങ്കിലും എക്സൈസിന്റെ സേനാബലം വർദ്ധിപ്പിച്ച് എൻഫോഴ്സ്മെന്റ് ശക്തമാക്കണം. എക്സൈസിനെയും പോലീസിനെയും കുറെക്കൂടി ലിങ്ക് ചെയ്യണം. ഡാറ്റാ ബാങ്കിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. കുറ്റവാളികളെ സംബന്ധിച്ച മുഴുവൻ വിവരങ്ങളും നമ്മുടെ വിരൽത്തുമ്പിൽ ഉണ്ടാകുന്നവിധം ഒരു ഡാറ്റാ ബാങ്ക് സംസ്ഥാനത്തുടനീളം ഉണ്ടാകണം. ചെറിയ ക്വാണ്ടിറ്റി കൈവശം വച്ചാൽ പിടിച്ചാലും വീണ്ടും വീണ്ടും ജാമ്യംകിട്ടി പോരുകയാണ്. എപ്പോൾ പിടിക്കപ്പെട്ടാലും ജാമ്യം ലഭിക്കുന്ന തരത്തിലുള്ള ക്വാണ്ടിറ്റി സൂക്ഷിച്ചായിരിക്കും അവരുടെ നീക്കങ്ങൾ. എന്നിട്ട് അത് ചെറിയ പായ്ക്കറ്റുകളാക്കി വിതരണം നടത്തുകയാണ്. അങ്ങനെ ഹാബിച്വൽ ഒഫന്റേഴ്സായി മാറുന്ന ആളുകളെ, എക്സൈസോ, പോലീസോ പിടിക്കുമ്പോൾത്തന്നെ നമുക്ക് മനസ്സിലാക്കാനും പിന്നെ അതിനുമേൽ കാപ്പ, PITNDPS Act എന്നിവ ഉപയോഗിച്ച് അറസ്റ്റ് ചെയ്യാനുംവേണ്ടിയുള്ള നടപടിയുണ്ടാകണം. കർശനമായി ഇത് കൈകാര്യം ചെയ്യുന്നുവെന്നുള്ളൊരു ഫീലിംഗ് ഉണ്ടാകണം. ഇപ്പോൾ ഒരുപാടുപേർ

രക്ഷപ്പെടുകയാണ്. ഡിപ്പാർട്ടുമെന്റ് പരിമിതമായ സൗകര്യം വച്ച് ഇത് ചെയ്യുന്നില്ല എന്നുള്ളൊരു പരാതിയല്ല ഞാൻ പറയുന്നത്. ഇരുപതിലൊന്നു കേസുപോലും പിടിക്കാൻ കഴിയുന്നില്ല എന്നതാണ് യാഥാർത്ഥ്യം. കാരണം ഇത് വലിയ ചെയിനാണ്. ഈ ചെയിനിന്റെ കണ്ണികൾ മുറിക്കാതെ ശരിയാകില്ല. ഇപ്പോൾ അഫ്ഗാനിസ്ഥാൻ, പാകിസ്ഥാൻ, ഇറാൻ, തുടങ്ങിയ രാജ്യങ്ങളിൽനിന്നുമാണ് മയക്കുമരുന്ന് വരുന്നത്. അതുപോലെ മഹാരാഷ്ട്ര, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽനിന്നും വരുന്നുണ്ട്. പിടിക്കുന്നത് മുഴുവൻ ചെറിയ കാരിയേഴ്സിനെയാണ്. ഇതിന്റെ ഉറവിടത്തിലേയ്ക്ക് എത്തുന്നതുപോലുമില്ല. അതിന്റെ അടുത്തേയ്ക്ക് പോകാൻ നമുക്ക് കഴിയുന്നില്ല. കോടിക്കണക്കിന് രൂപയുടെ ബിസിനസ്സാണ്. എവിടെനിന്നും വരുന്നു, ആര് കൊണ്ടുവരുന്നു, മേജർ ക്വാണ്ടിറ്റി ആരാണ് വിതരണം ചെയ്യുന്നത് എന്നൊന്നും നമുക്ക് പിടികിട്ടുന്നില്ല എന്നുള്ളത് നമുക്ക് ഏറ്റവും വലിയ വെല്ലുവിളിയാകുന്നു. ഇതിന്റെ വേറൊരു പ്രശ്നമാണ് വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ. ഇപ്പോഴത്തെ കുറ്റകൃത്യങ്ങളുടെ ക്രൂരത ശ്രദ്ധിച്ചാൽ യാതൊരു മനശ്ചാഞ്ചല്യവുമില്ലാതെ ഒരുത്തന്റെ കാല് വെട്ടിയെടുത്തിട്ട് അതുമായി ബൈക്കിൽ പ്രകടനം നടത്തുകയാണ്. തല വെട്ടിയെടുക്കുകയാണ്. തമ്പാനൂരിലെ ഒരു ലോഡ്ജിൽ ഇറച്ചി വെട്ടുന്നതുപോലെ ഒരാളുടെ കഴുത്തിൽ വെട്ടി കൊല ചെയ്തതിനുശേഷം ഒരു കുളത്തിൻകരയിൽ ഒന്നും സംഭവിക്കാത്ത മട്ടിൽ പ്രതി ഇരിക്കുകയായിരുന്നു. കോട്ടയത്ത് ഒരു ഗുണ്ട പത്തൊമ്പത് വയസ്സുകാരനെ ക്രൂരമായി തല്ലി, രണ്ടുവിരലുവച്ച് കണ്ണ് കുത്തിപ്പൊട്ടിക്കുകയാണുണ്ടായത്. ആ വീട്ടിൽ ഞങ്ങൾ പോയതാണ്. വേറൊരു സംഭവത്തിൽ ഗ്യാസ് സിലിണ്ടർ ഉപയോഗിച്ച് ഒരു അമ്മയെ അടിച്ചുകൊല്ലുകയാണ് ചെയ്തത്. എന്നോട് ചില ഉദ്യോഗസ്ഥർ പറഞ്ഞത്, വളരെ ക്രൂരമായി കൊല നടത്തിയതിനുശേഷം intoxication മാറുമ്പോൾ പ്രതികളിരുന്ന് കരയുകയാണ്. അവരല്ല അത് ചെയ്തത്. ആ സമയത്ത് ഇതെല്ലാം ലഹരിയാണ് ചെയ്യുന്നത്. അപ്പോൾ ക്രൈം വളരെ അപകടകരമായ രീതിയിലാണ് വരുന്നത്. ഒരു വണ്ടിയിലിരുന്ന് യാത്ര ചെയ്യുമ്പോൾ ഒരു ബൈക്ക് നമ്മളെയൊന്ന് ഓവർടേക്ക് ചെയ്ത് വല്ലാതെ പോയിക്കഴിഞ്ഞാൽ എന്താണ് ഇങ്ങനെ ഓടിക്കുന്നതെന്ന് ചോദിക്കാൻ പോലും കഴിയില്ല. ബൈക്ക് നിർത്തിവച്ച് വന്ന് അവർ ചിലപ്പോൾ കയ്യിലിരുന്ന ആയുധമെടുത്ത് ചിലപ്പോൾ കുത്തും. അത്രമാത്രം നിസ്സാരമായ കാര്യങ്ങൾക്കുവരെ വലിയ ക്രൈം സംസ്ഥാനത്ത് നടക്കുകയാണ്. അതിന്റെയെല്ലാം പ്രധാനപ്പെട്ട ഒരു കാരണം ഇതുമാത്രമായിരിക്കില്ല, പക്ഷേ മേജർ cause എന്നുപറയുന്നത് മയക്കുമരുന്നിന്റെ വ്യാപനമാണ്. പലതരത്തിൽ ഇത് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പല രീതിയിലും ഈ സംഭവം വരുന്നുണ്ട്. കരയിലും കടലിലും ആകാശത്തും എല്ലാ മാർഗ്ഗങ്ങളിലൂടെയും മയക്കുമരുന്ന് വരുന്നുണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം. ഒരുകാര്യംകൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്. പഞ്ചാബിലാണ് ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രശ്നമുള്ളത്. അതിൽ ഏറ്റവും വലിയ impact ഉണ്ടാകേണ്ട വേറൊരു സ്ഥലം ഹരിയാനയാണ്. ഹരിയാന ഗവൺമെന്റ് പത്തുവർഷംമുമ്പ് ഇതിൽനിന്ന്

ഒഴിവാകാൻ വേണ്ടി വലിയൊരു സ്പോർട്ട്സ് ഇൻഫ്രാസ്ട്രക്ച്ചർ വ്യാപകമായി വികസിപ്പിക്കുകയുണ്ടായി. അതിനുശേഷം ആരോഗ്യം, ഫിറ്റ്നസ് എന്നിവയെക്കുറിച്ച് അവബോധം ചെറുപ്പത്തിൽത്തന്നെ കുട്ടികൾക്ക് നൽകി. അവർക്ക് എല്ലാ സ്ഥലത്തും പ്രാക്ടീസ് ചെയ്യാൻ സൗകര്യങ്ങളുണ്ടാക്കി. നമുക്ക് ഇപ്പോൾ കളിക്കളങ്ങൾ പോലും ഇല്ലാത്ത സ്ഥിതിയിലേയ്ക്ക് പോകുകയാണ്. പണ്ടാണെങ്കിൽ വോളിബോൾ, ഫുട്ബോൾ, അല്ലെങ്കിൽ ബാഡ്മിന്റൺ എന്നിവ കളിക്കാൻ പോകാൻ കഴിയുമായിരുന്നു. ഒരു ഹെൽത്ത് അവയർനെസ്സും ഫിറ്റ്നസ് അവയർനെസ്സും ഇല്ലാത്തൊരു സാഹചര്യമാണ് ഇപ്പോഴുള്ളത്. ഹരിയാന സ്പോർട്ട്സ് ഇൻഫ്രാസ്ട്രക്ച്ചറിലൂടെയാണ് ഭൂപീന്ദർ സിംഗ് ഹൂഡ ഗവൺമെന്റിന്റെ സമയത്ത് ഡ്രഗ് ഇഷ്യൂ മാനേജ് ചെയ്തത്. ഇപ്പോഴത്തെ നാഷണൽ ഗെയിംസിന്റെ റിസൾട്ടുകൾ വരുമ്പോൾ കൂടുതൽ മെഡലുകൾ പോകുന്നത് ഹരിയാനയിലേയ്ക്കാണെന്ന് കാണാം. അവർ അതുണ്ടാക്കിയതിന്റെ ഗുണവുമുണ്ട്. വലിയ തോതിൽ അതിർത്തിയിൽനിന്നുള്ള മയക്കുമരുന്നിന്റെ വ്യാപനം തടുത്തുനിർത്താൻ അവർക്ക് കഴിഞ്ഞുവെന്നുള്ളതാണ് യാഥാർത്ഥ്യം. അങ്ങനെ പലതരത്തിലുള്ള സാധ്യതകൾ ചർച്ച ചെയ്ത്, മുഖംനോക്കാതെയുള്ള നടപടികൾ ഒരുവശത്ത് ചെയ്യുകയും മറുവശത്ത് വലിയ ക്യാമ്പയിനിലൂടെ ഉറവിടം കണ്ടെത്തുന്നതിനായി ശ്രമിക്കുകയും ചെയ്തു. ഒഴിഞ്ഞ പറമ്പുകളും വീടുകളും കലുങ്കിന്റെ അടിഭാഗം, ആൾതാമസമില്ലാത്ത ഫ്ലാറ്റ്, ഉപയോഗിക്കാത്ത വലിയ പൈപ്പുകളുടെ ഉൾവശം തുടങ്ങി എവിടെയൊക്കെയാണ് ഇതിന്റെ സോഴ്സെന്ന് കറക്ടായി ഒരു റസിഡന്റ്സ് അസോസിയേഷന് അറിയാൻ സാധിക്കും. ഗ്രാമ-നഗര വ്യത്യാസമില്ലാത്ത എല്ലാ ഇടവഴികളിലും കാടുപിടിച്ചു കിടക്കുന്ന സ്ഥലത്തും എവിടെച്ചെന്ന് നോക്കിയാലും ഇതിന്റെ അവശിഷ്ടങ്ങൾ കാണാം. മനസ്സിലാകാത്ത തരത്തിലുള്ള പുതിയ മെറ്റീരിയൽസാണ് വരുന്നത്. മുൻകാലങ്ങളിൽ മയക്കുമരുന്ന് ഇൻജക്ഷനൊക്കെയായിട്ടാണ് ഉപയോഗിച്ചിരുന്നത്. അത് ഇപ്പോൾ പോയി, നാക്കിനടിയിൽവയ്ക്കുന്ന സ്റ്റാമ്പുൾപ്പെടെയുള്ള വേറെ പുതിയ സാധനങ്ങളാണ് ഇപ്പോഴുള്ളത്. ചെറിയ ക്വാണ്ടിറ്റിയൊക്കെ പിടിച്ചെന്ന് പറയുമ്പോൾ അതിനൊക്കെ കോടിക്കണക്കിന് രൂപയാണ് മൂല്യം വരുന്നത്. സാധാരണ ഉദ്യോഗസ്ഥതലത്തിൽ നടത്തുന്ന ക്യാമ്പയിനുകളുണ്ട്. എക്സൈസ് ഡിപ്പാർട്ടുമെന്റിന് വിമുക്തിയും മറ്റ് പരിപാടികളൊക്കെയുണ്ട്. അതുപോലെയുള്ള ഒരു പരിപാടിയാക്കാതെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ എല്ലാവരും പങ്കെടുക്കുന്ന പരിപാടിയാക്കണം. ഇതാണ് കേരളം ചെയ്യേണ്ടത്. നമ്മുടെ കുഞ്ഞുങ്ങളെ രക്ഷിക്കാൻ നല്ല എന്തെങ്കിലുമൊരു slogan കൊടുത്ത് 'നമ്മുടെ കുഞ്ഞുങ്ങളെ ഇവർക്ക് വിട്ടുതരില്ല, ചതിക്കുഴികളിൽ നമ്മുടെ കുഞ്ഞുങ്ങളെ വീഴാൻ സമ്മതിക്കില്ല' എന്നുള്ളൊരു വലിയ മെസേജ് കൊടുത്തുകൊണ്ടുള്ള ക്യാമ്പയിൻ ഉണ്ടാകണം. കേരളത്തെയും വരാനിരിക്കുന്ന തലമുറകളെയും രക്ഷപ്പെടുത്താൻവേണ്ടിയുള്ള ക്യാമ്പയിന് ഈ നിയമസഭ ഇന്ന് തുടക്കം കുറിക്കണം. ഇന്ന് നടന്ന ഈ ചർച്ച അതിനുള്ളൊരു വലിയ ആരംഭമായി മാറട്ടെയെന്ന് ആശംസിച്ചുകൊണ്ടും വിട്ടുവീഴ്ചയില്ലാതെ നമുക്കെല്ലാവർക്കും ഒരുമിച്ചുനിന്ന് കാര്യങ്ങൾ ചെയ്യാൻ കഴിയട്ടെയെന്നും പ്രാർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

10.59 A.M.]

## V ശ്രദ്ധ ക്ഷണിക്കൽ

### (1) കേന്ദ്ര സാമ്പത്തിക നയം തിരുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. നന്ദകുമാർ: സർ, സംസ്ഥാനത്തെ ഞെരുക്കുന്ന കേന്ദ്ര സാമ്പത്തികനയത്തിന്റെ ഫലമായി സംസ്ഥാനത്തിന്റെ വരുമാനത്തിന് കുറവുണ്ടായിരിക്കുകയാണ്. ജി.എസ്.ടി. നഷ്ടപരിഹാരത്തുക, നികുതിയിനത്തിലെ കുറവ്, റവന്യൂ-കമ്മി ഗ്രാന്റ് ഇനത്തിലെ കുറവ്, വായ്പ പരിധി കുറച്ചത്, കിഫ്ബിക്കെതിരായ കടന്നാക്രമണം, പെൻഷൻ കമ്പനി എടുക്കുന്ന കടം സംസ്ഥാനത്തിന്റെ നേരിട്ടുള്ള കടമാക്കൽ തുടങ്ങിയ നടപടികൾ സംസ്ഥാനത്തിന്റെ സാമ്പത്തികനിലയെ ബാധിക്കുകയാണ്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

നമ്മുടെ പുഴകളിലും ഡാമുകളിലും ആയിരക്കണക്കിന് കോടി രൂപയുടെ മണലാണ് അടിഞ്ഞുകൂടിയിരിക്കുന്നത്. ഇത് സർക്കാരിന് അധിക വരുമാനമുണ്ടാക്കുന്നതോടൊപ്പം വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കി വെള്ളപ്പൊക്കം ഒഴിവാക്കാനും കഴിയും. ഭാരതപ്പുഴയിൽ മണൽ കൂമ്പാരങ്ങൾ നിറഞ്ഞ് നദിയുടെ രൂപംതന്നെ മാറിയിരിക്കുകയാണ്. പുഴയുടെ നടുക്ക് കാടുകൾ രൂപംകൊള്ളുന്നു. നാല് കണ്ടൽചെടികൾ വന്നാൽ 'പ്രകൃതി സ്നേഹികൾ' തൊടാൻ പാടില്ല എന്നുപറയുകയാണ്. കേരളത്തിന്റെ എല്ലാ പ്രധാനപ്പെട്ട നദികളിലും മണൽ അടിഞ്ഞുകൂടുന്ന അവസ്ഥയുണ്ട്. നിയമാനുസൃതമായി മണലെടുക്കുകയാണെങ്കിൽ ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാകും. കേരളത്തിന് പുറത്തുനിന്നും ഇവിടേയ്ക്ക് യാതൊരു വിധത്തിലുള്ള നിയന്ത്രണങ്ങളുമില്ലാതെ ഇഷ്ടംപോലെ മണൽ നല്ലനിലയ്ക്കും കള്ളക്കടത്തായും വന്നുകൊണ്ടിരിക്കുകയാണ്. മറ്റൊരു പ്രശ്നം, പോലീസ് കസ്റ്റഡിയിലെടുത്തിട്ടുള്ള ആയിരക്കണക്കിന് വാഹനങ്ങളാണ് കേരളത്തിന്റെ വിവിധ റോഡുകളിലും പൊതുസ്ഥലങ്ങളിലും കിടന്ന് നശിക്കുന്നത്. ഇത് വിൽപ്പന നടത്തിയാൽ സർക്കാർ ഖജനാവിലേയ്ക്ക് വൻതുക ലഭിക്കും. നമ്മുടെ വനപ്രദേശങ്ങളിലും റോഡരികിലുമൊക്കെ വീണുകിടക്കുന്ന മരങ്ങൾ വിൽക്കുന്നതിന് ഇപ്പോൾ സംവിധാനമില്ലാത്തതിനാൽ അവ അവിടെക്കിടന്ന് നശിക്കുകയാണ്. ബന്ധപ്പെട്ട വകുപ്പ് മുൻകയ്യെടുത്ത് ഈ പ്രശ്നത്തിന് പരിഹാരം കാണേണ്ടതാണ്. ഇത്തരം വിഷയങ്ങൾ മനസ്സിലാക്കി ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സത്വരമായി സ്വീകരിക്കണമെന്നാണ് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. സംസ്ഥാന ഗവൺമെന്റിന്റെ വരുമാന സ്രോതസ്സുകളിൽ വരുന്ന കുറവ് പരിഹരിക്കാനായി ചെയ്യേണ്ട കാര്യങ്ങളാണ് ഈ ശ്രദ്ധ ക്ഷണിക്കലിലുള്ളത്. കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാന സർക്കാരിനെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുന്ന ഒരവസ്ഥയുണ്ട്. റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സായിട്ടുള്ള കേന്ദ്രത്തിൽനിന്നുള്ള നികുതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതികളിലുള്ള വിഭവ കൈമാറ്റം എന്നിവയൊക്കെ കുറഞ്ഞുവരികയാണ്. ധനകാര്യ കമ്മീഷനുകൾവഴിയുള്ള കുറവുകൾ വന്നിട്ടുണ്ട്. 3.875 ശതമാനമായിരുന്ന കേന്ദ്ര വിഹിതം 2.5 ശതമാനമായി കുറഞ്ഞത് ഇപ്പോൾ 1.92 ആയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2020-21 സാമ്പത്തിക വർഷം 5141 കോടി രൂപയാണ് നൽകിയതെങ്കിൽ അവസാന സാമ്പത്തിക വർഷത്തെ കണക്കനുസരിച്ച് 3798 കോടി രൂപ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഇപ്പോൾ ഏറ്റവും ഒടുവിലായി ജി.എസ്.ടി. നഷ്ടപരിഹാരമുൾപ്പെടെ ലഭിക്കാത്ത വിഷയങ്ങളുണ്ട്. കിഫ്ബിയും പെൻഷൻ കമ്പനിയും എടുത്തിട്ടുള്ള 14,312 കോടി രൂപ കൂടി സംസ്ഥാനത്തിന്റെ ഓഫ് ബജറ്റ് ബോറോയിംഗാണെന്ന് പറഞ്ഞ് ഉൾപ്പെടുത്തിയതിന്റെ പ്രശ്നങ്ങളുണ്ട്. കേന്ദ്രവുമായി നമ്മൾ ഇക്കാര്യങ്ങൾ ചർച്ചചെയ്തുകൊണ്ടിരിക്കുകയാണ്. മണൽ, വാഹന വില്പന, തടി തുടങ്ങി നമുക്ക് ലഭ്യമായ സ്രോതസ്സുകളിൽനിന്നും ലഭ്യമാകാവുന്ന വരുമാനത്തെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. അതിൽ 2013-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) നിയമത്തിലെ സെക്ഷൻ 23 (എ) പ്രകാരം അനധികൃതമായി കടത്തുന്ന പുഴമണലും ആയത് കടത്തുവാനുപയോഗിച്ച വാഹനവും റവന്യൂ, പോലീസ് വകുപ്പുകൾ പിടിച്ചെടുത്ത് കണ്ടുകെട്ടുകയും കണ്ടുകെട്ടുന്ന മണൽ പൊതുമരാമത്ത് വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന വില ഈടാക്കി നിർമ്മിതി കേന്ദ്രത്തിന് അഥവാ 'കലവറയ്ക്ക്' കൈമാറുകയും അനധികൃത മണൽ കടത്തിൽ പിടിച്ചെടുക്കുന്ന വാഹനം, ഖനനത്തിനുപയോഗിക്കുന്ന സാമഗ്രികൾ എന്നിവ പിടിച്ചെടുത്ത് ലേലത്തിലൂടെ വിറ്റഴിച്ച് അതുപ്രകാരം ലഭിക്കുന്ന തുക റിവർ മാനേജ്മെന്റ് ഫണ്ടിലേയ്ക്ക് (ആർ.എം.എഫ്.) ഒടുക്കുകയും ചെയ്യുന്നതാണ് നിലവിലുള്ള രീതി. ഇതിനുള്ള പ്രൊവിഷൻസുണ്ട്. കേരളത്തിലെ 44 നദികളിൽ 26 എണ്ണത്തിലും സാൻഡ് ഓഡിറ്റിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. അതിൽ ആവശ്യത്തിലധികം മണൽ നിക്ഷേപം കണ്ടെത്തിയിട്ടുള്ള പതിനാല് നദികളിൽ സാൻഡ് മൈനിംഗ് ആരംഭിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർമാർക്ക് ലഭ്യമാക്കി സാൻഡ് മൈനിംഗ് നടത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്. ഇപ്രകാരം സാൻഡ് മൈനിംഗിലൂടെ ലഭിക്കുന്ന മണൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കടവ് കമ്മിറ്റികൾ

മുഖേനയാണ് നിലവിൽ വിൽപ്പന നടത്തുന്നത്. 2016 മുതൽ അനധികൃതമായി മണൽ കടത്തിയതിന് റവന്യൂ വകുപ്പ് സംസ്ഥാനത്തൊട്ടാകെ 1175 വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്. ഇപ്രകാരം പിടിച്ചെടുത്ത വാഹനങ്ങളും ആയതിനുപയോഗിച്ച ഉപകരണങ്ങളും പ്രസ്തുത നിയമത്തിലെ വിവിധ വകുപ്പുകൾപ്രകാരമുള്ള വിവിധ നടപടിക്രമങ്ങളിലൂടെ വിൽപ്പന നടത്തുകവഴി ഏകദേശം ആറ് കോടിയോളം രൂപ ഇപ്പോൾ ആർ.എം.എഫ്. അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. Narcotic Drugs and Psychotropic Substances Act (NDPS Act) പ്രകാരം എക്സൈസ് വകുപ്പ് പിടിച്ചെടുക്കുന്ന വാഹനങ്ങൾ ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ കണ്ടുകെട്ടുകയും തുടർന്ന് അഡീഷണൽ എക്സൈസ് കമ്മീഷണറും എക്സൈസ് കമ്മീഷണറും യഥാക്രമം അപ്പീലും പ്രൊവിഷനും പരിഗണിച്ച് കണ്ടുകെട്ടൽ നടപടി സ്ഥിരീകരിച്ചശേഷം വാഹനം ലേലം ചെയ്ത് വിൽക്കുകയും ചെയ്യുന്നുണ്ട്. NDPS ആക്ട് പ്രകാരമുള്ള കേസുകളിൽ ജില്ലകളിൽ രൂപീകരിച്ചിട്ടുള്ള ഡിസ്പോസൽ കമ്മിറ്റി കേസിന്റെ നിയമവശങ്ങൾ പരിശോധിച്ച് വാഹനം കേസിൽ ഉൾപ്പെടുന്നതാണെന്ന് കണ്ടെത്തിയാൽ ഇൻവെന്ററി തയ്യാറാക്കി കോടതിയിൽ സമർപ്പിച്ച് സാക്ഷ്യപ്പെടുത്തി ലഭിക്കുന്നമുറയ്ക്ക് വാഹനം ലേലംചെയ്ത് വിൽക്കുകയാണ് ചെയ്യുന്നത്. നിയമപരമായ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനാവശ്യമായ സമയം മാത്രമാണ് അബ്കാരി, NDPS കേസുകളിൽ ഉൾപ്പെട്ട വാഹനങ്ങൾ വിൽപ്പന നടത്തുന്നതിനുണ്ടാകാറുള്ളത്. NDPS കേസ്സുകളിലുൾപ്പെട്ട വാഹനങ്ങൾ വേഗത്തിൽ വിൽക്കുന്നതിന് സംസ്ഥാനാടിസ്ഥാനത്തിലുണ്ടായിരുന്ന ഡിസ്പോസൽ കമ്മിറ്റിക്കുപകരം ഇപ്പോൾ ഓരോ ജില്ലയിലും ഡിസ്പോസൽ കമ്മിറ്റി രൂപീകരിച്ച് ഓർഡറായിട്ടുണ്ട്. അതുവഴി കുറച്ചുകൂടി നേരത്തെ നമുക്ക് ഇത്തരം കാര്യങ്ങൾ ചെയ്യാനും വാഹനങ്ങൾ വിൽക്കാനും കഴിയും. പോലീസോ മറ്റ് നിർവ്വഹണ അധികാരികളോ പിടിച്ചെടുത്തതോ തടവിൽ വച്ചതോ കണ്ടുകെട്ടിയതോ കസ്റ്റഡിയിലെടുത്തതോ അല്ലെങ്കിൽ ഉപേക്ഷിക്കപ്പെട്ടതോ ആയ വാഹനങ്ങൾ, ജലയാനങ്ങൾ എന്നിവ തീർപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കി ആഭ്യന്തര വകുപ്പിന്റെ പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ നദികളിലും ജലാശയങ്ങളിലും അടിഞ്ഞുകൂടിയിട്ടുള്ള മണൽ, വിവിധ എൻഫോഴ്സ്മെന്റ് ഏജൻസികൾ കണ്ടുകെട്ടുന്ന വാഹനങ്ങൾ എന്നിവയുടെ വിൽപ്പനയിലൂടെ നികുതിയേതര വരുമാനത്തിൽ വർദ്ധനവ് വരുത്തുന്നതിനുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. എന്നാലും ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഇക്കാര്യത്തിൽ കൂടുതൽ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ സംയോജിപ്പിച്ച് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. ഈ പറയുന്ന കാര്യങ്ങളെല്ലാം നിയമത്തിലുണ്ടെങ്കിലും നമ്മുടെ നദികളിലെല്ലാം വെള്ളപ്പൊക്കത്തിനുശേഷം മണൽ നിറഞ്ഞ് വലിയ മണൽത്തിട്ടകൾ രൂപംകൊണ്ടിരിക്കുകയാണ്. ഡാമുകളിലും ഈ പ്രശ്നമുണ്ട്. ബന്ധപ്പെട്ട വകുപ്പുകളെ ചേർത്ത് പ്രത്യേകമായൊരു സ്കീം ഉണ്ടാക്കി മണൽ വാരുന്നതിനും മറ്റുമുള്ള കാര്യങ്ങൾ ചെയ്യാം. ഇതിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും കഴിയുന്നതാണ്.

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, കേരളത്തിലെ പ്രധാനപ്പെട്ട രണ്ടുമൂന്ന് നദികളിൽനിന്നും അടിയന്തരമായി മണലെടുക്കുന്നതിനുള്ള സംവിധാനം ചെയ്യുമോ? എല്ലാം ഒരു പ്രോജക്ട് പോലെ വന്നതിനുശേഷം നടപടിക്രമങ്ങൾ ആരംഭിക്കുകയാണെങ്കിൽ സമയമെടുക്കും. വെള്ളപ്പൊക്കത്തിന് കാരണമാകുന്നതും വൻതോതിൽ മണൽ കെട്ടിക്കിടക്കുന്നതുമായ ഇത്തരം നദികളെ പ്രത്യേകമായി പരിഗണിച്ച് അതിൽ ഭാരതപ്പുഴയ്ക്ക് മുൻഗണന നൽകാൻ തയ്യാറാകുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഇതിന്റെ അടിസ്ഥാനത്തിൽ ഞാൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുമായി സംസാരിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട മറ്റ് ചില വകുപ്പുകളെക്കൂടി ഉൾപ്പെടുത്തി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു യോഗം വിളിക്കുന്നതിന് അഭ്യർത്ഥിച്ചിട്ടുണ്ട്. ഭാരതപ്പുഴയുടെ കാര്യത്തിൽ വളരെ പെട്ടെന്നുതന്നെ ചെയ്യാവുന്നതാണ്. ഇന്നലെ തോട്ടപ്പള്ളി സ്പിൽവേ തുറന്നതുമായി ബന്ധപ്പെട്ട് ചില ഉദാഹരണങ്ങൾ ഇവിടെ പറഞ്ഞു. യുദ്ധകാലാടിസ്ഥാനത്തിൽ ഇക്കാര്യങ്ങൾ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

### (2) <u>അട്ടപ്പാടിയിലെ ഭൂമി കയ്യേറ്റങ്ങൾ</u>

<u>ശ്രീമതി കെ. കെ. രമ</u>: സർ, വ്യാജരേഖകളുണ്ടാക്കി ഭൂമാഫിയ ആദിവാസി ഭൂമി കയ്യേറുന്നതാണ് ഇന്ന് അട്ടപ്പാടി നേരിട്ടുകൊണ്ടിരിക്കുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന്. വില്ലേജോഫീസർമാർ, തഹസിൽദാർമാർ, സബ് രജിസ്ട്രാർ തുടങ്ങിയ ഉദ്യോഗസ്ഥരും പോലീസുമുൾപ്പെടെ ആദിവാസി ഭൂമി കയ്യേറ്റത്തിന് ഭൂമാഫിയയെ സഹായിക്കുകയാണ്. ദേശീയ അവാർഡ് ജേതാവ് ഗായിക നഞ്ചിയമ്മയുടെ ഭൂമി കയ്യേറിയത് ഇതിൽ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ്. നഞ്ചിയമ്മയുടെ ഭർത്താവിന്റെ അച്ഛൻ നാഗമൂപ്പന്റെ പേരിൽ അഗളിയിലെ പഴയ വില്ലേജ് ഓഫീസിന് മുൻവശത്ത് 4.81 ഏക്കർ ഭൂമിയുണ്ടായിരുന്നു. അഗളി വില്ലേജിൽ ഈ ഭൂമിയുടെ പേരിൽ അടച്ച വ്യാജ രസീത് ഹാജരാക്കി കോടതിയിൽനിന്നും അനുകൂലമായ ഉത്തരവ് സമ്പാദിക്കുകയും അതിന്റെ പിൻബലത്തിൽ നഞ്ചിയമ്മയുടെ ഭൂമിക്ക് പ്രമാണരേഖ ഉണ്ടാക്കുകയും ചെയ്തതായാണ് അറിയുന്നത്. നിലവിലെ അഗളി വില്ലേജ് ഓഫീസർക്ക് ഭൂമി നികുതി രസീത് നൽകിയിട്ടില്ലെന്ന് കോടതിയിൽ മൊഴി നൽകിയതോടെ നികുതി രസീത് വ്യാജരേഖയാണെന്നും ഭൂമാഫിയ സംഘങ്ങളിലെ അംഗങ്ങൾ വ്യാജരേഖ ചമച്ച് കയ്യേറ്റം നടത്തിയതാണെന്നും വ്യക്തമായിരിക്കുകയാണ്. ഇവർ വ്യാജരേഖയുണ്ടാക്കി എത്ര ഏക്കർ ഭൂമി മറിച്ചുവിറ്റുവെന്ന് റവന്യൂ വകുപ്പ് അന്വേഷിക്കണം. ഇവരിലൊരാൾക്ക് 80-ലധികം വ്യാജ ആധാരങ്ങൾ നടത്തിയതായി ലാൻഡ് റവന്യൂ കമ്മീഷണർക്ക് പരാതി ലഭിച്ചതായാണ് അറിയുന്നത്. അട്ടപ്പാടിയിൽ ഭൂമാഫിയ സംഘത്തിന്റെ ആദിവാസി ഭൂമി കയ്യേറ്റം തുടരുകയാണ്. മുൻ ചീഫ് സെക്രട്ടറി രക്ഷാധികാരിയായ ട്രസ്റ്റിന്റെ വട്ടലക്കിയിലെ 55

ഏക്കർ, സേതുമാധവ വാര്യർ ഫൗണ്ടേഷന്റെ വിവിധ സ്ഥലങ്ങളിലെ ഭൂമി, മരപ്പാലത്ത് രാമൻകുട്ടി വാര്യർ, ചീരക്കടവിൽ രാമചന്ദ്രൻ തുടങ്ങിയവർ നടത്തിയ കയ്യേറ്റങ്ങൾ എന്നിവയ്ക്കെല്ലാമെതിരെ പരാതി നൽകിയിട്ടുള്ളതായാണ് അറിയുന്നത്. കാറ്റാടി കമ്പനിയുമായി ബന്ധപ്പെട്ട ഭൂമി കയ്യേറ്റത്തിൽ വലിയൊരു ഭൂമാഫിയ സംഘംതന്നെയുണ്ടായിരുന്നു. AHADS (Attapadi Hills Area Development Society)-ലെ മുൻ ഉദ്യോഗസ്ഥരടക്കം ഈ സംഘത്തിലുണ്ടെന്ന് അന്നത്തെ ചീഫ് സെക്രട്ടറി കണ്ടെത്തുകയും ചെയ്തിരുന്നു. അവർ ഇന്നും സജീവമാണ്. മരിച്ച ആദിവാസികളുടെ പേരിൽ വ്യാജരേഖയുണ്ടാക്കി ഭൂമി തട്ടിയെടുക്കുന്നതാണ് ഇവരുടെ രീതി. പോലീസിനെയും ഗുണ്ടകളെയും ഉപയോഗിച്ച് ആദിവാസികളെ ഭീഷണിപ്പെടുത്തുകയാണ്. ചീരക്കടവിൽ പോലീസ് സംഘം ആദിവാസി സ്ത്രീകളെ ഭീഷണിപ്പെടുത്തുന്ന വീഡിയോ പുറത്തുവന്നിരുന്നു. ബഹുമാനപ്പെട്ട മന്ത്രിക്കടക്കം അത് വാട്ട്സാപ്പ് സന്ദേശമായി ലഭിച്ചതായാണ് അറിയുന്നത്. ഒരു മുൻമന്ത്രിയുടെ അടുപ്പക്കാരനാണെന്ന് ആരോപിക്കപ്പെടുന്ന സേതുമാധവ വാര്യരും ഒറ്റപ്പാലത്ത് രാമൻകുട്ടി മേനോനും പാടവയൽ വില്ലേജ് ഓഫീസറും മരപ്പാലത്തെ ആദിവാസികളെ ഭീഷണിപ്പെടുത്തുന്നുണ്ട്. അട്ടപ്പാടിയിലെ ഭൂമാഫിയയുടെ ഉറ്റതോഴരായ വില്ലേജ് ഓഫീസറോ തഹസിൽദാരോ അന്വേഷിച്ചാൽ സത്യം പുറത്തുവരില്ല. മൂന്നാറിൽ വ്യാജരേഖയുണ്ടാക്കി ഭൂമി തട്ടിയെടുക്കുന്നവരെക്കുറിച്ച് അന്വേഷണം നടത്തിയത് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്നു. അതേ മാതൃകയിൽ ലാൻഡ് റവന്യൂ കമ്മീഷണറേയോ സത്യസന്ധരായ ഏതെങ്കിലും ഐ.എ.എസ്. ഓഫീസർമാരെയോ ചുമതലപ്പെടുത്തി അട്ടപ്പാടിയിലെ ഭൂമി വ്യാജരേഖ കേസ് സംബന്ധിച്ച് അന്വേഷണം നടത്തണം. സത്യസന്ധമായ അന്വേഷണം നടത്തിയില്ലെങ്കിൽ മധു കൊല്ലപ്പെട്ടതുപോലെ അട്ടപ്പാടിയിലെ നിരവധി ആദിവാസി കുടുംബങ്ങളെ ഭൂമാഫിയ കൊല്ലാക്കൊല ചെയ്ത് ഇല്ലാതാക്കുന്ന അവസ്ഥയുണ്ടാകും. ഈ സാഹചര്യത്തിൽ സത്യസന്ധമായ അന്വേഷണം പ്രഖ്യാപിച്ച് അട്ടപ്പാടി മേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന ഭൂമി കയ്യേറ്റങ്ങൾക്ക് അറുതി വരുത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ആദിവാസികളുടെ ഭൂമി അന്യാധീനപ്പെട്ടതുമായി ബന്ധപ്പെട്ട് അംഗം ഉന്നയിച്ച പ്രശ്നം വളരെ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. ആദിവാസികളുടെ ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ എല്ലാവർക്കും ഭൂമി ലഭ്യമാക്കാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. ആദിവാസി വിഭാഗത്തിൽപ്പെട്ടവരെ കബളിപ്പിച്ച് അവരുടെ ഭൂമിയുടെ കൈമാറ്റങ്ങൾ സംസ്ഥാനത്ത് മുമ്പ് നടന്നതായി റിപ്പോർട്ടുകളും പരാതികളും ഉണ്ടായിരുന്നു. ഇത് അവസാനിപ്പിക്കുന്നതിനും അവരുടെ ഭൂമി പുനഃസ്ഥാപിച്ച് നൽകുന്നതിനും വേണ്ടിയാണ് 1975-ലെയും 1999-ലെയും നിയമങ്ങൾ പാസ്സാക്കിയത്. 1999-ലെ

കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും എന്ന നിയമമാണ് ഈ വിഷയത്തിൽ നിലനിൽക്കുന്ന നിയമം. ഇതുപ്രകാരം നിയമം നിലവിൽവന്ന 24-1-1986-നോ അതിനുശേഷമോ പട്ടികവർഗ്ഗത്തിലെ ഒരംഗം ജില്ലാ കളക്ടറുടെ രേഖാമൂലമുള്ള അനുമതിയില്ലാതെ പട്ടികവർഗ്ഗക്കാരനല്ലാത്ത ഒരാൾക്ക് അഞ്ചേക്കറിലധികം ഭൂമി കൈമാറുന്നത് അസാധുവാണ്. കൂടാതെ 1-1-1960-നും 24-1-1986-നുമിടയിൽ ഇപ്രകാരം കൈമാറ്റപ്പെട്ട ഭൂമി അഞ്ചേക്കറിൽ കൂടുതലാണെങ്കിൽ അത് പുനഃസ്ഥാപിച്ചുനൽകുന്നതിനും 1999-ലെ നിയമം വ്യവസ്ഥചെയ്യുന്നുണ്ട്. ഇത്തരത്തിൽ ഭൂമി പുനഃസ്ഥാപിച്ചുകിട്ടുന്നതിനുള്ള അപേക്ഷ 24-1-1986-നുമുമ്പ് സമർപ്പിച്ചിട്ടുണ്ടെങ്കിൽ അഞ്ചേക്കറിൽ താഴെയുള്ള ഭൂമിയാണെങ്കിൽക്കൂടി അത് പുനഃസ്ഥാപിച്ചുകിട്ടുന്നതിന് പട്ടികവർഗ്ഗക്കാരന് അവകാശമുണ്ടെന്ന് 1999-ലെ നിയമം നിഷ്കർഷിക്കുകയും ചെയ്യുന്നുണ്ട്.

ഇവിടെ ശ്രീമതി നഞ്ചിയമ്മയുടെ കുടുംബവുമായി ബന്ധപ്പെട്ട ഒരു പ്രശ്നം ഉന്നയിച്ചു. വേറെ ചില പേരുകൾ എഴുതി നൽകാതെയും ഇവിടെ ഉന്നയിച്ചിട്ടുണ്ട്. ആ കാര്യങ്ങൾ പരിശോധിച്ചുമാത്രമേ പറയാൻ കഴിയൂ. ശ്രീമതി നഞ്ചിയമ്മയുടെ ഭർത്താവിന്റെ പിതാവ് നാഗമൂപ്പന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന ഭൂമി 1962-ൽ പട്ടികവർഗ്ഗക്കാരനല്ലാത്ത ഒരാൾക്ക് കൈമാറ്റം ചെയ്തതായാണ് കാണാൻ കഴിയുന്നത്. ഈ കൈമാറ്റം റദ്ദാക്കി ഭൂമി പുനഃസ്ഥാപിച്ചുകിട്ടുന്നതിനായി ഒറ്റപ്പാലം സബ്കളക്ടറുടെ 20-2-2020 തീയതിയിലെ ടി.എൽ.എ.297/87 നമ്പർ ഉത്തരവ് റദ്ദാക്കണമെന്ന് അപേക്ഷിക്കുകയും 1999-ലെ നിയമപ്രകാരം പാലക്കാട് ജില്ലാ കളക്ടർ മുമ്പാകെ 7(5) പ്രകാരം നടപടിയെടുക്കണമെന്നാവശ്യപ്പെട്ട് നഞ്ചിയമ്മയുൾപ്പെടെ നാഗമൂപ്പന്റെ തുടർ അവകാശികളായിട്ടുള്ള ആളുകൾ സമർപ്പിച്ച അപേക്ഷയിന്മേൽ നിയമാനുസൃതമായി കക്ഷികൾക്ക് നോട്ടീസ് നൽകി. നിലവിലുള്ള നിയമവ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ നാഗമൂപ്പന്റെ അവകാശികൾക്ക് ഭൂമിയിൽ അവകാശമുണ്ടോ എന്ന് പരിശോധിച്ച് എത്രയും പെട്ടെന്ന് നടപടിയെടുത്ത് ഉത്തരവ് പുറപ്പെടുവിക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ ഭാഗമായി 10-8-2022-ൽ ആദ്യത്തെ ഹിയറിംഗ് കഴിഞ്ഞു. അന്ന് ബന്ധപ്പെട്ടവർ എല്ലാവരുമെത്താത്തതിനാൽ 13-9-2022-ൽ വീണ്ടും ഹിയറിംഗ് നടത്താൻ മാറ്റിവച്ചിട്ടുണ്ട്. ഈ നടപടി പരിശോധിച്ച് അവകാശികൾക്കനുകൂലമായി വിധിക്കപ്പെടുന്നപക്ഷം ഭൂമി പുനഃസ്ഥാപിച്ച് നൽകുന്നതിന് അടിയന്തരനടപടി സ്വീകരിക്കുന്നതാണ്. വ്യാജരേഖകളുണ്ടാക്കി ഭൂമാഫിയ ആദിവാസി ഭൂമി കയ്യേറുന്നത് അട്ടപ്പാടി മേഖല നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നമാണെന്നും വില്ലേജ് ആഫീസറും തഹസിൽദാറും സബ് രജിസ്ട്രാറും പോലീസടക്കമുള്ളവരുമെല്ലാം ഭൂമാഫിയയെ സഹായിക്കുന്നുവെന്നുമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുള്ളത്. അംഗം ഉന്നയിക്കുന്നതുപോലെ എല്ലാ ഉദ്യോഗസ്ഥരും വകുപ്പുകളും ഏതെങ്കിലും

വിധത്തിൽ ഭൂമാഫിയയെ സഹായിക്കുന്നവരാണെന്ന അഭിപ്രായം സർക്കാരിനില്ല. എന്നാൽ ആദിവാസികളുടെ ഭൂമി കയ്യേറ്റം സംബന്ധിച്ച എല്ലാ പരാതികളും വളരെ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. ഇവിടെയുന്നയിച്ച വിഷയം വളരെ ഗൗരവത്തോടെ സർക്കാർ കാണുകയും ചെയ്തു. ആദിവാസികളുടെ ഭൂമി വ്യാജരേഖകൾ ചമച്ച് തട്ടിയെടുക്കാൻ ഗൂഢസംഘം പ്രവർത്തിക്കുന്നുണ്ടോ എന്നതുൾപ്പെടെയുള്ള പ്രശ്നങ്ങൾ ലാൻഡ് റവന്യൂ കമ്മീഷണറുടെ മേൽനോട്ടത്തിൽ റവന്യൂ വിജിലൻസിന്റെ പ്രത്യേക സംഘത്തെക്കൊണ്ട് അന്വേഷിപ്പിക്കാൻ സർക്കാർ തയ്യാറാണ്.

അന്വേഷണത്തിൽ അത്തരം സംഭവങ്ങൾ കണ്ടെത്തിയാൽ Scheduled Castes and Scheduled Tribes (Prevention of Atrocities) Act ഉൾപ്പെടെയുള്ള നിയമങ്ങളിലെ വകുപ്പുകൾ ചുമത്തി കേസെടുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും കഴിയും. വ്യാജരേഖ ചമയ്ക്കപ്പെട്ട ഏതെങ്കിലും പ്രത്യേക കേസുകൾ ചൂണ്ടിക്കാണിച്ചാൽ ശക്തമായ നടപടി സ്വീകരിക്കുന്നതിന് യാതൊരു പ്രയാസവുമില്ല. ആദിവാസികളുടെ ഭൂമി സംരക്ഷിക്കുകയെന്ന കാര്യത്തിൽ മാത്രമല്ല, ആദിവാസികളുടെ ആകെയുള്ള സംരക്ഷണത്തിനുവേണ്ടി ഏറ്റവും ഗൗരവമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 369 പട്ടയം ഇതിനകം വിതരണം ചെയ്യുകയും വനാവകാശ നിയമപ്രകാരം 168 പേർക്ക് 537.55 ഏക്കർ ഭൂമി വനാവകാശ കൈവശരേഖ (RoR - Record of Rights)-യും നൽകുകയും ചെയ്തിട്ടുണ്ട്. RoR നൽകാൻ ഗവൺമെന്റിന്റെ മുമ്പിലുള്ള 986 അപേക്ഷകൾ ഗൗരവമായി പരിശോധിക്കുകയാണ്. ആദിവാസികളുടെ ആരോഗ്യം, വിദ്യാഭ്യാസം, ഭൂമി, പാർപ്പിടം എന്നീ പ്രശ്നങ്ങൾ ശരിയായനിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് മാത്രമല്ല ബാക്കിയെല്ലാ വകുപ്പുകളെയും യോജിപ്പിച്ചുകൊണ്ടുള്ള ശ്രമമാണ് സംസ്ഥാനത്ത് നടക്കുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, ഈ പ്രശ്നത്തിൽ സർക്കാർ വളരെ ഗൗരവമായി ഇടപെടുന്ന സമീപനമാണുള്ളത്. സംസ്ഥാനത്ത് ഭൂരഹിതരായ മുഴുവൻ ആദിവാസികൾക്കും ഭൂമി നൽകുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ഒരു വർഷക്കാലം 54535 പട്ടയങ്ങൾ വിതരണം ചെയ്തതായി ഔപചാരികമായി പ്രഖ്യാപിച്ചു. വരാൻ പോകുന്ന ഒരു വർഷം അതായത്, 2022-23 വർഷക്കാലം റവന്യൂ വകുപ്പ് ആദിവാസി മേഖലയിലെയും മലയോര മേഖലയിലെയും പട്ടയം വിതരണം ചെയ്യാനാണ് ലക്ഷ്യം വയ്ക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു; ഒരു മിഷൻ മാതൃകയിൽ പ്രവർത്തനം നടത്തി മുന്നോട്ടുപോകുകയാണ്.

ശ്രീമതി കെ. കെ. രമ: സർ, അട്ടപ്പാടി മേഖലയിലുൾപ്പെടെയുള്ള കയ്യേറ്റങ്ങൾക്ക് പിന്നിലുള്ള ഭൂമാഫിയകളെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; എന്തെല്ലാം വിവരങ്ങളാണ് ഇതിൽനിന്നും ലഭിക്കാനിടയായിട്ടുള്ളത്?

ശ്രീ. കെ. രാജൻ: സർ, ഇവിടെ ഉന്നയിക്കപ്പെട്ടതുപോലെ അട്ടപ്പാടി മാത്രമല്ല, ഭൂമാഫിയ എവിടെയുണ്ടെങ്കിലും സർക്കാർ അതിനെതിരാണ്. ഓരോ വിഷയങ്ങളിലും ആളുകളെ കണ്ടെത്തി കർശന നടപടികൾക്ക് വിധേയമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ റിപ്പോർട്ടുകളുണ്ടെങ്കിലും അവയെല്ലാം ഇവിടെ പ്രസിദ്ധീകരിക്കുന്നില്ല. അക്കാര്യത്തിൽ മണ്ണിന്റെ അവകാശികളായിട്ടുള്ള ആദിവാസികളുടെ ഭൂമിയും ജീവിതവും സംരക്ഷിക്കാൻ ശക്തമായ സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നതെന്ന് സഭയെ അറിയിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

11.18 A.M.]

## VI സബ്മിഷൻ

(1) കാസർഗോഡ് ജില്ലയിലെ വിവിധ വകുപ്പുകളിലെ ഒഴിവുകൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കാസർഗോഡ് ജില്ലയിൽ വിവിധ സർക്കാർ വകുപ്പുകളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടിയുണ്ടാകണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ഇപ്പോൾ കാസർഗോഡ് ജില്ലയിൽ ഏതാണ്ട് ആയിരത്തിയഞ്ഞൂറോ അതിനടുത്തോ വരുന്ന ഒഴിവുകൾ നിലനിൽക്കുന്നുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം എന്നീ വകുപ്പുകളിൽ മാത്രം ഏതാണ്ട് ആയിരത്തോളം ഒഴിവുകളുണ്ട്. പഞ്ചായത്ത്, പോലീസ്, റവന്യൂ, ഫയർ ആൻഡ് റെസ്ക്യൂ, സഹകരണം, മൃഗസംരക്ഷണം, ജല അതോറിറ്റി കാര്യാലയം എന്നിവയിലെയും അതുപോലെ എ.ഡി.സി.-യുടെ ഓഫീസിലെ വി.ഇ.ഒ.-മാരുടെയുമൊക്കെ ഒഴിവുകൾ കണക്കാക്കിയാൽ ആയിരത്തിയഞ്ഞൂറിൽപ്പരം ഉണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇത്രയധികം ഒഴിവുകൾ ഉണ്ടാകാനുള്ള പ്രധാനപ്പെട്ട കാരണം, ജില്ലയിൽ നിന്നുതന്നെ ആവശ്യമുള്ള ആളുകളെ കണ്ടെത്താൻ കഴിയാത്തതാണ്. മറ്റ് ജില്ലകളിൽനിന്നും പ്രൊമോട്ട് ചെയ്യപ്പെടുന്ന ആളുകളാണ് പല പോസ്റ്റുകളിലേയ്ക്കും അവിടെയെത്തുന്നത്. എൽ.ഡി. ക്ലാർക്കിന് മുകളിലുള്ള എല്ലാ തസ്തികയിലും വരുന്നത് പ്രൊമോട്ട് ചെയ്യപ്പെട്ടവരാണ്. അങ്ങനെ എത്തുന്നവർ അടുത്ത ഏതാനും ആഴ്ചകൾക്കോ മാസങ്ങൾക്കൊ ഉള്ളിൽ അവരവരുടെ ജില്ലകളിലേയ്ക്ക് തിരിച്ചുപോകുന്ന അവസ്ഥയാണ്. സ്വാഭാവികമായും ഒഴിവുകളെല്ലാം നിലനിൽക്കുന്നത് കാസർഗോഡ് ഉൾപ്പെടെയുള്ള വടക്കൻ പ്രദേശങ്ങളിലാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി, കാസർഗോഡ് ജില്ലയ്ക്കുമാത്രമായി ഒരു സ്പെഷ്യൽ റിക്രൂട്ട്മെന്റ്, അവിടെയുള്ള ആളുകളിൽനിന്നും തെരഞ്ഞെടുക്കാനുള്ള സംവിധാനത്തെക്കുറിച്ചുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക്, ഗവൺമെന്റിന് ആലോചിക്കാൻ കഴിയുമോ; അങ്ങനെ ചെയ്താൽ തീർച്ചയായും ആ ജില്ലയിലുള്ള ഇത്തരം ഒഴിവുകൾ നികത്തുന്നതിന് സഹായകരമായിരിക്കുമെന്നാണ് ഈ സബ്മിഷനിലൂടെ പ്രത്യേകമായി ഉന്നയിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാസർഗോഡ് ജില്ല നേരിടുന്ന ഗൗരവമായ ഒരു പ്രശ്നമാണ് ബഹുമാന്യനായ അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത്. കാസർഗോഡ് ഉൾപ്പെടെയുള്ള ചില ജില്ലകളിൽ വിവിധ വകുപ്പുകളിൽ നിയമനം ലഭിക്കുന്ന ജീവനക്കാർ അവധിയിൽ പോകുന്നതുകൊണ്ട് ഇത്തരം പ്രശ്നങ്ങളുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവശ്യതസ്തികകളിൽ ജീവനക്കാരില്ലാത്തത് പദ്ധതി നിർവ്വഹണത്തിന് തടസ്സം സൃഷ്ടിക്കപ്പെടുന്നുണ്ട്. ഇതെല്ലാം കണക്കിലെടുത്ത് കാസർഗോഡ്, ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ നിശ്ചിത കാലയളവിൽ അതത് ജില്ലകളിൽ ജോലി ചെയ്യുന്നുവെന്ന് ഉറപ്പാക്കാൻ ബന്ധപ്പെട്ട വകുപ്പ് തലവന്മാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്താകെയുള്ള വിവിധ സർക്കാർ വകുപ്പുകൾ പൊതുവിലെടുത്താൽ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യമില്ല. എല്ലാ വകുപ്പുകളിലുമുണ്ടാകുന്ന ഒഴിവുകൾ യഥാസമയം നികത്തുന്നതിന് സത്വര നടപടി സ്വീകരിച്ചുവരികയാണ്. ഒഴിവുകളുണ്ടാകുന്നമുറയ്ക്ക് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തപക്ഷം അടിയന്തര സാഹചര്യമുണ്ടെങ്കിൽ താത്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് വ്യവസ്ഥയുണ്ട്. കോവിഡ് വന്ന ഘട്ടത്തിൽ വളരെയധികം ഉദ്യോഗാർത്ഥികൾ എഴുതുന്ന പി.എസ്.സി. ടെസ്റ്റുകൾ നടത്തുന്നതിന് പരിമിതിയുണ്ടായിരുന്നു. അതുകൊണ്ട് ചുരുങ്ങിയ കാലയളവിൽ ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ്, എൽ.പി. സ്കൂൾ ടീച്ചർ തുടങ്ങിയ തസ്തികകളുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാതെ വന്നു. ഇപ്പോൾ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എൽ.പി. സ്കൂൾ ടീച്ചർ 239 ഒഴിവുകളിലേയ്ക്ക് അഡ്വൈസ് നൽകിക്കഴിഞ്ഞു. ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ് തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് ഉടൻ അഡ്വൈസ് നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(2) ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ വരുമാനം

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ക്ഷേത്രങ്ങളുടെയും വിശ്വാസികളുടെയും കാര്യത്തിൽ പ്രാർത്ഥനയ്ക്കും ആരാധനയ്ക്കുമുള്ള അവകാശത്തിന് കമ്മ്യൂണിസ്റ്റുകാർ വഹിച്ച പങ്ക് കേരള സമൂഹത്തിന് അറിയാവുന്നതാണ്. കമ്മ്യൂണിസ്റ്റ് സർക്കാരുകൾ ഹിന്ദു ക്ഷേത്രങ്ങൾ കയ്യടക്കിയെന്നും വരുമാനം ലക്ഷ്യമിട്ടാണ് ഇത് ചെയ്യുന്നതെന്നുമുള്ള സുപ്രീം കോടതി റിട്ടയേർഡ് ജസ്റ്റിസ് ഇന്ദു മൽഹോത്രയുടെ പ്രസ്താവന വിശ്വാസികൾക്കിടയിൽ ആശങ്കയുളവാക്കുന്നതും തെറ്റിദ്ധാരണ പരത്തുന്നതുമാണ്. കേരളത്തിന്റെ മതനിരപേക്ഷ മനസ്സ് തകർക്കുന്നതിനായി ചില നിക്ഷിപ്തതാൽപ്പര്യമുള്ള രാഷ്ട്രീയ സംഘടനകൾ പതിറ്റാണ്ടുകളായി പ്രചരിപ്പിക്കുന്ന പച്ചക്കള്ളമാണ് ഇവിടെയും ഉപയോഗിച്ചിട്ടുള്ളത്. ചില സ്വാർത്ഥതാൽപ്പര്യങ്ങളുണ്ടോയെന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു. മേൽ സാഹചര്യത്തിൽ ദേവസ്വം ബോർഡ്

ക്ഷേത്രങ്ങൾക്കും ഇതരക്ഷേത്രങ്ങൾക്കും സർക്കാർ നൽകുന്ന സഹായങ്ങളെ സംബന്ധിച്ചും ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെയും ഇതരക്ഷേത്രങ്ങളിലെയും വരുമാനം സർക്കാരിലേയ്ക്ക് എത്തുന്നുണ്ടോയെന്നതിനെ സംബന്ധിച്ചും നിജസ്ഥിതി വ്യക്തമാക്കണമെന്ന് ആവശ്യപ്പെടുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട എം. എസ്. അരുൺ കുമാർ ഉന്നയിച്ച സബ്മിഷൻ പ്രധാനമായും സുപ്രീം കോടതി റിട്ടയേർഡ് ജസ്റ്റിസ് ഇന്ദു മൽഹോത്രയുടെ ഒരു പരാമർശവുമായി ബന്ധപ്പെട്ടുള്ളതാണ്. കമ്മ്യൂണിസ്റ്റ് സർക്കാരുകൾ ഹിന്ദു ക്ഷേത്രങ്ങൾ കയ്യടക്കി വരുമാനം ലക്ഷ്യംവച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നതെന്നാണ് റിട്ടയേർഡ് ജസ്റ്റിസ് തിരുവനന്തപുരത്തുവന്ന് പറഞ്ഞത്. അത് വസ്തുതകൾക്ക് വിരുദ്ധവും ജനങ്ങളിൽ തെറ്റിദ്ധാരണ പരത്തുന്നതിനുംവേണ്ടിയാണെന്ന് പറയുന്നതിൽ വലിയ ഖേദമുണ്ട്. സുപ്രീംകോടതിയിൽനിന്നും റിട്ടയർ ചെയ്ത ഒരു ജസ്റ്റിസ്തന്നെ ഇത്രയും അടിസ്ഥാനരഹിതമായ, ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള പ്രസ്താവന നടത്തിയത് അനുചിതമായിപ്പോയെന്നാണ് സൂചിപ്പിക്കാനുള്ളത്. യാഥാർത്ഥ്യ മെന്താണെന്ന് ഇവിടെ ബഹുമാനപ്പെട്ട അംഗം ചോദിക്കുകയുണ്ടായി. സംസ്ഥാനത്ത് തിരുവിതാംകൂർ, കൊച്ചിൻ, മലബാർ, ഗുരുവായൂർ, കൂടൽമാണിക്യം എന്നീ അഞ്ച് ദേവസ്വം ബോർഡുകളാണ് പ്രവർത്തിക്കുന്നത്. ദേവസ്വം ബോർഡുകൾക്കുകീഴിലുള്ള ക്ഷേത്രങ്ങളുടെ വരുമാനം അല്ലെങ്കിൽ ദേവസ്വം ബോർഡിന്റെ വരുമാനം നേടിയെടുക്കാൻ ഇന്നുവരെ സംസ്ഥാന ഗവൺമെന്റ് ശ്രമം നടത്തിയിട്ടില്ല. ക്ഷേത്രങ്ങളെയും ദേവസ്വങ്ങളെയും സഹായിക്കാൻവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് കഴിഞ്ഞ അഞ്ച് വർഷമായി ഗവൺമെന്റ് നടത്തിയിട്ടുള്ളത്. പ്രളയവും മഹാമാരിയായ കോവിഡ് വൈറസും ബാധിച്ച സന്ദർഭത്തിൽ നമ്മുടെ ക്ഷേത്രങ്ങളുടെ പ്രവർത്തനങ്ങളെല്ലാം നിലച്ചുപോകുന്ന സ്ഥിതിയിൽ അവിടത്തെ ജീവനക്കാർക്കും പെൻഷൻകാർക്കും ശമ്പളമോ പെൻഷനോ കൊടുക്കാൻ കഴിയാത്ത അവസ്ഥയായിരുന്നു. ആ സന്ദർഭത്തിൽ കഴിഞ്ഞ അഞ്ച് വർഷക്കാലം (2017-2018 മുതൽ 2022 വരെ) ഏകദേശം 450 കോടി രൂപ സംസ്ഥാന ഖജനാവിൽനിന്നും ഗവൺമെന്റ് ദേവസ്വം ബോർഡുകൾക്ക് കൊടുക്കുകയാണ് ചെയ്തത്. ഇത് അറിയാതെയല്ല ക്ഷേത്രങ്ങളുടെ വരുമാനം സർക്കാർ പിടിച്ചെടുക്കുന്നുവെന്നുള്ള പ്രസ്താവന ജസ്റ്റിസ് നടത്തിയത്. അതുപോലെ ദേവസ്വം ബോർഡിന്റെ കീഴിൽവരുന്ന സ്ഥാപനങ്ങളോ ഭൂമിയോ നഷ്ടപ്പെടാതിരിക്കാൻ വേണ്ടിയുള്ള സമഗ്രമായ നടപടിയും സ്വീകരിച്ചുവരികയാണ്. 450 കോടി രൂപ കൂടാതെ, ശബരിമല തീർത്ഥാടകർക്ക് താമസസൗകര്യമൊരുക്കുന്നതിനുവേണ്ടി അഞ്ച് ഇടത്താവളങ്ങൾ സ്ഥാപിക്കാൻ കിഫ്ബിയിൽനിന്നും ഏകദേശം 118 കോടി രൂപയുടെ സഹായം ലഭിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ

നടന്നുവരികയുമാണ്. ഇതുകൂടാതെ, ഈ ഗവൺമെന്റ് വന്നതിനുശേഷം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് ഏകദേശം മൂന്ന് കോടി പതിനെട്ട് ലക്ഷം രൂപയിൽ രണ്ട് കോടിയോളം രൂപ പലിശരഹിത വായ്പയായും മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി 118 ലക്ഷം രൂപയും കൊടുക്കുകയുണ്ടായി. ചോറ്റാനിക്കര ഭഗവതിക്ഷേത്രത്തിൽ പ്ലാന്റില്ലാത്തതിന്റെ ഫലമായി ചില പ്രശ്നങ്ങളുണ്ടായപ്പോൾ 25 ലക്ഷം രൂപയാണ് പ്രത്യേകമായി ആ ക്ഷേത്രത്തിന് കൊടുത്തത്. ശബരിമല വികസനവുമായി ബന്ധപ്പെട്ടുള്ള മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനുവേണ്ടി 66 കോടിയോളം രൂപ ഇപ്പോൾ ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. ഇനിയും ആവശ്യമായ സംഖ്യ കൊടുക്കാൻ തയ്യാറാകുകയാണ്. ദേവസ്വം ബോർഡും ദേവസ്വം വകുപ്പും ഇക്കാര്യത്തിൽ യോജിച്ച പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഭക്തർക്കാവശ്യമുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുക, ക്ഷേത്രങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന നിലപാടാണ് സ്വീകരിച്ചുപോകുന്നത്. വിവിധ വകുപ്പുകൾ ദേവസ്വങ്ങളുടെ വികസനത്തിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുംവേണ്ടി എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്ന ഈ സന്ദർഭത്തിലാണ് ഇത്തരത്തിലുള്ള പരാമർശങ്ങൾ ഉന്നത നീതിപീഠത്തിന്റെ പ്രതിനിധിയായി പ്രവർത്തിച്ച ഒരു മഹതിയിൽനിന്നുമുണ്ടായത് എന്നുള്ളത് നമ്മുടെ നാടിന് അപമാനമാണെന്നുള്ള കാര്യംകൂടി ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. ഒരു ക്ഷേത്രത്തിന്റെയും വരുമാനം പിടിച്ചെടുക്കുക എന്ന നിലപാടല്ല, മറിച്ച് ക്ഷേത്രങ്ങളെയും വിശ്വാസങ്ങളെയും സംരക്ഷിക്കാൻ വേണ്ടിയുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കുന്നതെന്നാണ് ഈ സന്ദർഭത്തിൽ അറിയിക്കാനുള്ളത്.

## (3)<u>അതിരാറ്റുകുന്ന്, വാളവയൽ വിദ്യാലയങ്ങളിൽ യു.പി. വിഭാഗം അനുവദിക്കൽ</u>

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, എന്റെ നിയോജകമണ്ഡലത്തിൽ പൂതാടി ഗ്രാമപഞ്ചായത്തിലെ അതിരാറ്റുകുന്ന് എൽ.പി. സ്കൂൾ സ്ഥാപിച്ചത് 1973-ലും വാളവയൽ എൽ.പി. സ്കൂൾ സ്ഥാപിച്ചത് 1966-ലുമാണ്. 2011-ൽ ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി ഈ രണ്ട് എൽ.പി. സ്കൂളുകളും ഹൈസ്കൂളുകളായി ഉയർത്തിയെങ്കിലും യു.പി. വിഭാഗം ഇവിടെയില്ല. ദേശീയ വിദ്യാഭ്യാസനയവും പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവുമൊക്കെ നിലനിൽക്കുന്ന സാഹചര്യത്തിലാണ് എൽ.പി. സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞശേഷം ഈ കുട്ടികൾ ഏതാണ്ട് 6 മുതൽ 8 കിലോമീറ്റർവരെ താണ്ടി മറ്റ് യു.പി. സ്കൂളുകളിൽ പോയി പഠനം നടത്തേണ്ട സ്ഥിതിയുണ്ടായിരിക്കുന്നത്. അവിടത്തെ യു.പി. പഠനം കഴിഞ്ഞ് തിരിച്ച് വീണ്ടും ഹൈസ്കൂളുകളിലേയ്ക്ക് ഇതേ വിദ്യാലയങ്ങളിൽ എത്തേണ്ടതായിട്ടുണ്ട്. ഈ രണ്ട് വിദ്യാലയങ്ങളിലും യു.പി. സ്കൂൾ തുടങ്ങുന്നതിനുള്ള എല്ലാ സൗകര്യങ്ങളുമുണ്ട്. എം.എസ്.ഡി.പി.-യിൽ ഉൾപ്പെടുത്തി നിർമ്മിച്ച കെട്ടിടങ്ങളും രാജ്യസഭ എം.പി.-മാരുടെ ഫണ്ടുകളും ജില്ലാ പഞ്ചായത്തുകളുടെയും

ബ്ലോക്ക് പഞ്ചായത്തുകളുടെയും ഫണ്ടുകൾ മുടക്കി നിർമ്മിച്ച കെട്ടിടങ്ങളും ഇവിടെയുണ്ട്. ഒട്ടേറെ പട്ടികവർഗ്ഗ വിദ്യാർത്ഥികളും കർഷകത്തൊഴിലാളികളുടെ മക്കളുമുൾപ്പെടെ നിരവധി വിദ്യാർത്ഥികളുള്ള ഒരു പ്രദേശമാണിത്. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് അതിരാറ്റുകുന്ന്, വാളവയൽ വിദ്യാലയങ്ങളിലും യു.പി. വിഭാഗം അനുവദിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. ഇത് അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സുൽത്താൻബത്തേരി നിയോജകമണ്ഡലത്തിലെ അതിരാറ്റുകുന്ന്, വാളവയൽ എന്നീ ഹൈസ്കൂൾ വിദ്യാലയങ്ങളിൽ യു.പി. വിഭാഗം അനുവദിക്കണമെന്നത് ബഹുമാനപ്പെട്ട അംഗം ശ്രീ. ഐ. സി. ബാലകൃഷ്ണൻ എം.എൽ.എ. നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ന്യായമായൊരു ആവശ്യമാണ്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആവശ്യം പരിശോധിക്കുകയുണ്ടായി. നിലവിൽ എൽ.പി., ഹൈസ്കൂൾ വിഭാഗങ്ങൾ പ്രവർത്തിക്കുന്ന അതിരാറ്റുകുന്ന്, വാളവയൽ ഗവൺമെന്റ് ഹൈസ്കൂളുകളിൽ യു.പി. വിഭാഗംകൂടി അനുവദിക്കുന്നത് സ്കൂൾ അപ്ഗ്രഡേഷന്റെ ഭാഗമാണ്. വിദ്യാഭ്യാസ അവകാശ നിയമത്തിൽ ഏതെങ്കിലും സെക്ഷൻ അടിസ്ഥാനമാക്കിമാത്രം നിലവിലുള്ള സ്കൂൾ അപ്ഗ്രേഡ് ചെയ്യാനോ പുതിയതായി ഒരു സ്കൂൾ ആരംഭിക്കാനോ സാധിക്കില്ല. സാമ്പത്തിക-സാമൂഹിക-വിദ്യാഭ്യാസ പിന്നോക്കാവസ്ഥ, യാത്രാ സൗകര്യങ്ങളുടെ അപര്യാപ്തത, വിദ്യാർത്ഥികളുടെ എണ്ണം, അൺഇക്കണോമിക് സ്കൂൾ എന്നിവയൊക്കെ അടിസ്ഥാനപ്പെടുത്തി രൂപീകരിക്കുന്ന വിശാല പൊതുനയത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ സംസ്ഥാനത്ത് നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാനോ പുതിയതായി ആരംഭിക്കാനോ സാധിക്കുകയുള്ളൂ. സംസ്ഥാനത്ത് കേരള സിലബസിലുള്ള ഗവൺമെന്റ് എയ്ഡഡ് സ്കൂളുകൾക്ക് പുറമെ കേരള സിലബസിലുള്ള അൺ എയ്ഡഡ് സ്കൂളുകൾ, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളും ധാരാളമായി പ്രവർത്തിക്കുന്നുണ്ട്. വിദ്യാർത്ഥികൾക്ക് ഇഷ്ടമുള്ള സ്കൂളുകളിൽ ചേർന്ന് പഠിക്കാവുന്ന തരത്തിലുള്ള യാത്രാ സൗകര്യങ്ങളും ലഭ്യമാണ്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ചുമാത്രമെ അപ്ഗ്രഡേഷനെ സംബന്ധിച്ച് നയപരമായ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. എങ്കിലും ഇത്തരത്തിൽ എൽ.പി. വിഭാഗവും ഹൈസ്കൂളുകളും പ്രവർത്തിക്കുകയും എന്നാൽ യു.പി. വിഭാഗം ഇല്ലാത്തതുമായ സ്കൂളുകളുടെ വിവരങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽനിന്നും ആവശ്യപ്പെട്ടിരിക്കുകയാണ്. സ്കൂൾ അപ്ഗ്രഡേഷനെ സംബന്ധിച്ച് പൊതുവിൽ ഒരു തീരുമാനമെടുക്കുമ്പോൾ ആദ്യത്തെ മുൻഗണന അങ്ങ് ഉന്നയിച്ച സ്കൂളുകൾക്ക് നൽകുന്നതാണ്.

## (4) ബേക്കൽ ബീച്ച് ഫെസ്റ്റിവൽ

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ബേക്കൽ ബീച്ച് ഫെസ്റ്റിവൽ നടത്തിപ്പിന് ടൂറിസം വകുപ്പിന്റെ അനുമതിയും സാമ്പത്തിക സഹായവും ലഭ്യമാക്കണമെന്ന ആവശ്യം സംബന്ധിച്ചുള്ളതാണ് എന്റെ സബ്മിഷൻ. അന്താരാഷ്ട്ര ടൂറിസം ഭൂപടത്തിൽ സ്ഥാനം പിടിച്ച ബേക്കൽ ടൂറിസം പദ്ധതി സഞ്ചാരികളുടെ ആകർഷക കേന്ദ്രമാക്കി മാറ്റുന്നതിന് വൈവിദ്ധ്യമാർന്ന പരിപാടികളുടെ പോരായ്മ നിലനിൽക്കുന്നുണ്ട്. ബീച്ച് ടൂറിസം, ഫോർട്ട് ടൂറിസം, ഫാം ടൂറിസം, തെയ്യം ടൂറിസം തുടങ്ങിയ ദേശീയ-അന്തർദ്ദേശീയ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന കേന്ദ്രമാണിത്. കോവിഡ് മഹാമാരിക്കുശേഷം കേരളത്തിലെ വിനോദ സഞ്ചാരമേഖല വീണ്ടും ഉണർന്ന് എഴുന്നേൽക്കുകയാണ്. ഈ കുതിപ്പിൽ സപ്തഭാഷാ സംഗമ ഭൂമിയായ കാസർഗോഡിന്റെ വൈവിദ്ധ്യമാർന്ന സംസ്കാരങ്ങളുടെ കേന്ദ്രമായി ബേക്കൽ ടൂറിസം മേഖലയെയും കോർത്തിണക്കേണ്ടതായിട്ടുണ്ട്. ഇതിനായി 2023 ജനുവരി മാസം ആദ്യവാരം ബേക്കൽ ബീച്ച് ഫെസ്റ്റിവൽ എന്ന പേരിൽ ഒരാഴ്ച നീണ്ടുനിൽക്കുന്ന ഒരു സാംസ്കാരിക ടൂറിസം പരിപാടി ബി.ആർ.ഡി.സി., ഡി.ടി.പി.സി, കുടുംബശ്രീ, ത്രിതല പഞ്ചായത്ത് തുടങ്ങി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടത്താനുദ്ദേശിക്കുകയാണ്. ഈ പരിപാടിയുടെ വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് ഇതിനോടകം വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ഈ പ്രോജക്ടിന് ടൂറിസം വകുപ്പിന്റെ അനുമതിയും ആവശ്യമായ സാമ്പത്തിക സഹായവും നൽകണമെന്നഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ. ഇവിടെ ഉന്നയിച്ച സബ്മിഷൻ കേരളത്തിലെ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഒന്നായ ബേക്കൽ ടൂറിസത്തിന്റെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുക എന്നുള്ള ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ്. ഇതിന് എല്ലാ രീതിയിലും ടൂറിസം വകുപ്പ് പിന്തുണയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയുമാണ്. കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പ്രധാനപ്പെട്ട കേന്ദ്രമായി ബേക്കലിനെ കാണുകയാണ്. ബേക്കൽ ഡെസ്റ്റിനേഷന്റെ പ്രചരണത്തിനായി ബേക്കൽ ബീച്ച് ഫെസ്റ്റിവൽ 2022 എന്ന ആശയം ബഹുമാനപ്പെട്ട എം.എൽ.എ. മുന്നോട്ടുവച്ചിട്ടുണ്ട്. ബി.ആർ.ഡി.സി.-യും ഡി.ടി.പി.സി.-യും മറ്റ് വകുപ്പുകളുമായി യോജിപ്പിച്ച് ബീച്ച് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതിന് ടൂറിസം വകുപ്പ് എല്ലാ സഹായവും നൽകുമെന്നറിയിക്കുകയാണ്. അവിടെ പ്രാദേശികമായി സംഘാടനം നടത്തുന്നതായിരിക്കും ഗുണകരമാകുന്നത്. അതിന് ബഹുമാനപ്പെട്ട എം.എൽ.എ. തന്നെ മുൻകയ്യെടുക്കണം. ബേക്കൽ ബീച്ച് ഫെസ്റ്റിവലിന് പ്രത്യേകിച്ച് ഗ്രാന്റ് അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്. ബേക്കൽ മംഗലാപുരത്തോട് ചേർന്ന്

കിടക്കുന്ന പ്രദേശമാണ്. വയനാടുപോലെ ടൂറിസം സ്പോട്ടായി ഉയർത്താൻ സാധിക്കുന്ന ഒരു സ്ഥലമാണിത്. സിനിമാ ടൂറിസത്തെക്കുറിച്ച് ഞാൻ നേരത്തെ സഭയിൽ പറഞ്ഞിരുന്നു. കേരളത്തിലെ പ്രധാനപ്പെട്ട സിനിമകൾ ഷൂട്ടിംഗ് നടത്തിയ കേന്ദ്രങ്ങൾ കേരളത്തിലുണ്ട്. അവയെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുകയെന്നുള്ള ലക്ഷ്യംവച്ച് നടത്തുന്ന ഒരു പ്രവർത്തനമാണിത്. ബേക്കലിനെക്കുറിച്ച് പറയുമ്പോൾ നമുക്കറിയാം, ശ്രീ. മണിരത്നത്തിന്റെ ബോംബെ എന്ന മനോഹരമായ സിനിമ കണ്ടവരായിരിക്കും ഈ സഭയിൽ ഇരിക്കുന്ന എല്ലാവരും. നാം ജീവിച്ചിരിക്കുന്ന കാലത്തോളം കേൾക്കാൻ ആഗ്രഹിക്കുന്ന ഗാനമാണ് ശ്രീ. എ.ആർ.റഹ്മാൻ സംഗീതം പകർന്ന 'ഉയിരേ' എന്ന് തുടങ്ങുന്ന ഗാനം. പഴയ ബോംബെ സിനിമയെ ഓർക്കുന്ന നിലയിലേയ്ക്ക് ശ്രീ. അരവിന്ദ് സ്വാമിയെയും ശ്രീ. എ. ആർ. റഹ്മാനെയും ശ്രീ. മണിരത്നത്തെയും ബേക്കലിൽ കൊണ്ടുവന്ന് ഒരു പരിപാടി നടത്തുന്നതിനും അതിലൂടെ ബേക്കൽ ടൂറിസത്തെ സജീവമാക്കാനുമുള്ള ആലോചനയുണ്ടായി. അതിന്റെ ഭാഗമായി ശ്രീ. മണിരത്നവുമായി ഇതിനകം സംസാരിച്ചിട്ടുണ്ട്. അദ്ദേഹം ആ ടീമുമായി അവിടെ വരാമെന്ന് അറിയിച്ച വിവരം സന്തോഷത്തോടെ ഞാൻ ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

## (5) മാമ്മൂട്-മല്ലപ്പള്ളി റോഡ് നവീകരണം

ശ്രീ. ജോബ് മൈക്കിൾ: സർ, ചങ്ങനാശ്ശേരി-കാഞ്ഞിരപ്പള്ളി-തിരുവല്ല നിയോജകമണ്ഡലത്തെ ബന്ധിപ്പിക്കുന്ന ഏകദേശം നാല് കിലോമീറ്റർ നീളമുള്ള മാമ്മൂട്-ശാന്തിപുരം-നെടുങ്ങാടപ്പള്ളി-മല്ലപ്പള്ളി റോഡ് വളരെ ശോച്യാവസ്ഥയിലാണ്. ഏകദേശം അഞ്ച് മീറ്റർ വീതിയുള്ള ഈ റോഡിലെ ഓടകളും കലുങ്കുകളും കാലപ്പഴക്കംമൂലം അപകടാവസ്ഥയിലാണ്. ശബരിമല സീസൺ ആരംഭിച്ചാൽ 24 മണിക്കൂറും വാഹനത്തിരക്ക് അനുഭവപ്പെടുന്ന റോഡാണിത്. മാമ്മൂട് പള്ളിയും പ്രശസ്തമായ രണ്ട് സ്കൂളുകളും ഈ റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്നു. കറുകച്ചാൽവഴി നെടുങ്ങാടപ്പള്ളിയിലേയ്ക്ക് പോകുന്നതിന് റോഡിലൂടെ വന്നാൽ എട്ട് കിലോമീറ്റർ ദൂരം കുറവ് കിട്ടുന്നതാണ്. മൂന്ന് നിയോജകമണ്ഡലങ്ങളിൽക്കൂടി കടന്നുപോകുന്ന വടക്ക് കിഴക്കൻ മേഖലയിൽ നിന്നെത്തുന്ന ശബരിമല തീർത്ഥാടകർ ഈ റോഡിനെയാണ് ആശ്രയിക്കുന്നത്. ഗതാഗത ബാഹുല്യം നിമിത്തം സാധാരണ നിലയിലുള്ള ടാറിംഗ് നിലനിൽക്കുന്നില്ല. പ്രസ്തുത റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് ശബരിമല പാക്കേജിലോ വകുപ്പിന്റെ ഫണ്ടിലോ ഉൾപ്പെടുത്തി റോഡ് ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് നവീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ജോബ് മൈക്കിൾ ഉന്നയിച്ച വിഷയം വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, തിരുവല്ല എന്നീ മൂന്ന് നിയോജകമണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന ശബരിമല തീർത്ഥാടകർ ആശ്രയിക്കുന്ന റോഡാണിത്. കോട്ടയം-പത്തനംതിട്ട ജില്ലകളെ ബന്ധിപ്പിക്കുന്ന മാമ്മൂട്-ശാന്തിപുരം-നെടുങ്ങാടപ്പള്ളി-മല്ലപ്പള്ളി റോഡിന്റെ നവീകരണം പ്രാധാന്യത്തോടെ ആലോചിക്കേണ്ടൊരു വിഷയമാണ്. നിലവിൽ റണ്ണിംഗ് കോൺട്രാക്റ്റിൽ ഉൾപ്പെടുത്തി റോഡ് പരിപാലിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റോഡ് ബി.എം. ആൻഡ് ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തണമെന്ന ആവശ്യമാണ് ബഹുമാനപ്പെട്ട എം.എൽ.എ. മുന്നോട്ടുവച്ചിരിക്കുന്നത്. ഇത് ഏതെങ്കിലും പദ്ധതികളിൽ ഉൾപ്പെടുത്തി നവീകരിക്കാനുള്ള സാദ്ധ്യത പരിശോധിക്കുന്നതാണ്. നമ്മുടെ സംസ്ഥാനത്തെ റോഡുകളുടെ പരിപാലന കാലാവധി കഴിഞ്ഞാൽ എന്തുചെയ്യുമെന്നത് ഒരു പ്രശ്നമാണ്. 2022 ആഗസ്റ്റ് മാസത്തിൽ നിർമ്മാണം കഴിഞ്ഞ റോഡിന്റെ പരിപാലന കാലാവധി 2024 ആഗസ്റ്റ് മാസം വരെയാണ്. എന്നാൽ 2024 ആഗസ്റ്റ് മാസത്തിനുശേഷം സെപ്റ്റംബർ മുതൽ ആ റോഡ് കുണ്ടുംകുഴിയുമായാൽ 2025 മാർച്ച് മാസം വരെ കാത്തുനിന്നിട്ടാണ് ഒരു തീരുമാനമെടുക്കുന്നത്. അതിനുശേഷം എസ്റ്റിമേറ്റെടുത്ത് ടെണ്ടർ വിളിച്ചുപോകുന്നു. എന്തുകൊണ്ട് 2024 സെപ്റ്റംബർ മാസം മുതൽ ആ റോഡിന്റെ കാര്യങ്ങൾ ഒരു കരാർ സംവിധാനം ആലോചിച്ച് ഒരു വ്യക്തിക്ക് ചുമതല നൽകിക്കൂടായെന്ന ആലോചനയുടെ ഫലമായാണ് ഇപ്പോൾ റണ്ണിംഗ് കോൺട്രാക്റ്റിൽ എത്തിയിരിക്കുന്നത്. റണ്ണിംഗ് കോൺട്രാക്റ്റ് എന്ന ആശയം ഭാവിയിൽ നമ്മുടെ സംസ്ഥാനത്ത് റോഡുകളിൽ വലിയ മാറ്റം വരുത്തുമെന്നതും സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

### (6) അങ്കമാലി ബൈപ്പാസ്, കാലടി സമാന്തര പാലം നിർമ്മാണം

ശ്രീ. റോജി എം. ജോൺ: സർ, അങ്കമാലി നിയോജകമണ്ഡലത്തിലെ അങ്കമാലി പട്ടണത്തിലും കാലടി ടൗണിലുമെല്ലാം അനുഭവപ്പെടുന്ന ഗതാഗതക്കുരുക്കിനെ സംബന്ധിച്ച പ്രശ്നമാണ് ഞാൻ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. ഈ വിഷയം നിരവധി തവണ ചർച്ച ചെയ്തിട്ടുള്ളതുമാണ്. പ്രത്യേകിച്ച് ഓണം സീസണൊക്കെ വരുമ്പോൾ അങ്കമാലിയിലും കാലടിയിലും മണിക്കൂറുകളോളം ആളുകൾ ഗതാഗതക്കുരുക്കിൽ അകപ്പെട്ടുകിടക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇതിന് പരിഹാരമെന്ന നിലയിൽ അങ്കമാലി ബൈപ്പാസിന്

കിഫ്ബി വഴി പണം അനുവദിച്ചിരുന്നു. പക്ഷെ അതിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഇഴഞ്ഞുനീങ്ങുന്ന സാഹചര്യമാണുള്ളത്. ഏറ്റവും ഒടുവിലായി 11(1) നോട്ടിഫിക്കേഷൻ വന്നിട്ടുണ്ട്. ഇപ്പോൾ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് സർവ്വേ ടീമിന്റെ അപര്യാപ്തത എല്ലാ സ്ഥലങ്ങളിലുമുണ്ട്. സർവ്വേ ടീമിനെ പ്രത്യേകം നിയോഗിച്ചുകൊണ്ട് അങ്കമാലി ബൈപ്പാസിന്റെ ഭൂമിയേറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തി നിർമ്മാണം വേഗത്തിലാക്കാനുള്ള ഇടപെടലുണ്ടാകണം. കാലടി സമാന്തരപാലവുമായി ബന്ധപ്പെട്ട വിഷയം ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാവുന്ന കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും അവിടെ പുതിയ പാലം നിർമ്മിക്കുന്നതിനുള്ള തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ പാലം നിർമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്തിരിക്കുന്നു. അതിന്റെ നടപടികൾ എത്രയും വേഗം പൂർത്തീകരിച്ച് പാലത്തിന്റെ നിർമ്മാണം ആരംഭിക്കേണ്ടതുണ്ട്. അപ്രോച്ച് റോഡുമായി ബന്ധപ്പെട്ട് അങ്കമാലി, പെരുമ്പാവൂർ നിയോജകമണ്ഡലങ്ങളിലുള്ള ഏകദേശം 30 സെന്റോളം ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ ഇതുപോലെ വേഗത്തിലാക്കിയാൽ മാത്രമേ പാലത്തിന്റെ നിർമ്മാണവും അപ്രോച്ച് റോഡിന്റെ നിർമ്മാണവും പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. പാലത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരുന്ന സാഹചര്യത്തിൽ എത്രയുംവേഗം ഈ സീസണിൽത്തന്നെ നിർമ്മാണം ആരംഭിക്കുന്നതിനുവേണ്ടിയുള്ള ഇടപെടലുണ്ടാകണം. കാലടിയുടെ കാര്യത്തിൽ പ്രത്യേക താല്പര്യമെടുത്തുവെന്നത് ഈ അവസരത്തിൽ ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. അതുപോലെ മറ്റൂർ ജംഗ്ഷന്റെ നവീകരണവും ആവശ്യമാണ്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്കുള്ള 20 ജംഗ്ഷനുകൾ നവീകരിക്കുന്നൊരു പദ്ധതി സംസ്ഥാന സർക്കാർ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. അതിൽ കാലടിയെയും മറ്റൂരിനെയും ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് ഞാൻ അങ്ങേയ്ക്ക് കത്തുനൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസലും പോയിട്ടുണ്ട്. ഇതുപോലുള്ള കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന്റെയും ജംഗ്ഷൻ നവീകരിക്കുന്നതിന്റെയും ഭാഗമായി കാലടിയും മറ്റൂരും ഉൾപ്പെടുത്തി സർക്കാർ എത്രയുംവേഗം ശാശ്വത പരിഹാരം കാണാൻ നടപടി സ്വീകരിക്കണം. ഈ പ്രദേശങ്ങളിലെ ഗതാഗതക്കുരുക്ക് പ്രദേശവാസികൾക്കുമാത്രമല്ല മറ്റുസ്ഥലങ്ങളിൽനിന്നും വരുന്ന ആളുകൾക്കും പ്രത്യേകിച്ച് വിമാനത്താവളത്തിലേയ്ക്കും സ്കൂളുകളിലും ആശുപത്രികളിലും പോകുന്നവർക്കും പൊതുജനങ്ങൾക്കും വലിയ തോതിലുള്ള ബുദ്ധിമുട്ടാണുണ്ടാക്കുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ കൃത്യമായൊരു ഇടപെടലുണ്ടായി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള സമീപനമുണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. റോജി എം. ജോൺ ഉന്നയിച്ച വിഷയം വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഇതൊരു മണ്ഡലത്തിന്റെ മാത്രം പ്രശ്നമല്ല. നമ്മുടെ സംസ്ഥാനത്തെ പ്രധാന പാതയെന്ന നിലയിൽ പരിശോധിക്കുമ്പോൾ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു വിഷയമാണ് അദ്ദേഹമിവിടെ അവതരിപ്പിച്ചിട്ടുള്ളത്. കാലടി ടൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കണമെന്ന ആവശ്യമാണ് ഉന്നയിച്ചിട്ടുള്ളത്. കാലടി സമാന്തര പാലം നിർമ്മാണമാണ് ഇതിന് പരിഹാരം കാണാനുള്ള ഒരു പ്രധാന പദ്ധതിയെന്ന് അദ്ദേഹമിവിടെ സൂചിപ്പിച്ചു. മറ്റ് എം.എൽ.എ.-മാരുമായി ഞങ്ങൾ അവിടം സന്ദർശിച്ചിരുന്നു. 42 കോടി രൂപയ്ക്ക് സമാന്തര പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സമാന്തര പാലത്തിന്റെ ടെണ്ടറിംഗ് പ്രക്രിയ അന്തിമഘട്ടത്തിലാണ്. അത് എത്രയുംവേഗം നടപ്പിലാക്കണമെന്ന ആവശ്യം വളരെ ന്യായമാണ്. ടെണ്ടർ ലഭിച്ച കരാറുകാരുമായി നെഗോസിയേഷൻ നടത്തി കരാർ ഒപ്പുവയ്ക്കുകയെന്ന നടപടിക്രമമാണ് ബാക്കിയുള്ളത്. അത് വേഗത്തിലാക്കാൻ തീർച്ചയായും ഇടപെടൽ നടത്താവുന്നതാണ്. അത് ബന്ധപ്പെട്ടവരെ അറിയിക്കാം; പ്രവൃത്തിയിലേയ്ക്ക് കടക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. എത്രയും വേഗത്തിൽ അത് നടപ്പിലാക്കി മുന്നോട്ടുപോകണം. കാലടിപ്പാലത്തിന്റെ കാലപ്പഴക്കം കാരണം ബെയറിംഗിന് തകരാർ സംഭവിച്ച് ബെയറിംഗ് കോട്ടിന് ഇളക്കം തട്ടിയതിനാൽ കുഴികൾ രൂപപ്പെട്ട് ഗതാഗത സ്തംഭനമുണ്ടാകുന്നുണ്ട്. പാലത്തിന്റെ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തി തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. കുഴികൾ രൂപപ്പെടുമ്പോൾ അത് നികത്തുന്ന നടപടികൾ ഇപ്പോൾ കൈക്കൊണ്ടിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രശ്നം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിയിട്ടുണ്ട്. പുതിയ റോഡോ പാലമോ മറ്റെന്തെങ്കിലുമോ വരണമെങ്കിൽ ഭൂമിയേറ്റെടുക്കലിന് രണ്ടുവർഷത്തോളം സമയം വേണ്ടിവരുന്നുണ്ട്. നിർമ്മാണത്തിന് ഒരുവർഷമേ വരുന്നുള്ളൂ. എല്ലാംകൂടി മൂന്ന്-മൂന്നര വർഷമാണ് വേണ്ടിവരുന്നത്. മൂന്നര വർഷത്തിൽ ഭൂരിഭാഗം സമയവും ഭൂമി ഏറ്റെടുക്കലിനാണ് പോകുന്നത്. സ്പെഷ്യൽ സർവ്വേ ടീമിനെ നിയോഗിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുമായി സംസാരിച്ചതിൽ അദ്ദേഹം വളരെ പോസിറ്റീവായ സമീപനമാണ് എടുത്തിട്ടുള്ളത്. ഭാവിയിൽ അത് പരിഹരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആ നിലയിൽ പോയാൽ നമുക്ക് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി വേഗത്തിൽ നടപ്പിലാക്കാൻ സാധിക്കുമെന്നുള്ളത് ബഹുമാനപ്പെട്ട അംഗത്തെയും സഭയെയും അറിയിക്കുകയാണ്.

## (7) അവയവദാന ശസ്ത്രക്രിയ

ശ്രീ. എച്ച്. സലാം: സർ, ജീവിതശൈലീ രോഗങ്ങളായ പ്രമേഹം, ഹൈപ്പർ ടെൻഷൻ തുടങ്ങിയവ ഇന്ന് വ്യാപകമാണ്. ഇതിന്റെ ഭാഗമായി അവയവം മാറ്റിവയ്ക്കൽ രോഗികളുടെ എണ്ണവും വർദ്ധിച്ചുവരികയാണ്. മസ്തിഷ്ക മരണം സംഭവിച്ചവരുടെ അവയവങ്ങൾ സ്വീകരിച്ച ശസ്ത്രക്രിയകളുടെ കാര്യത്തിൽ കേരളം ഏറെ മുന്നോട്ടുപോയിട്ടുണ്ട്. ബൈപ്പാസ് ശസ്ത്രക്രിയയുടെ കാര്യത്തിൽ നാം ഒരുപാട് മുന്നോട്ടെത്തിക്കഴിഞ്ഞിട്ടുണ്ട്. മൃതസഞ്ജീവനി പദ്ധതിയിൽ വൃക്കമാറ്റിവയ്ക്കാൻ രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്നവരുടെ എണ്ണം 2230 ആണ്. ഈ മേഖലയിലെ മാഫിയയുടെ പ്രവർത്തനം ഗൗരവമായി കാണാൻ കഴിയും. എന്റെ മണ്ഡലത്തിൽ തീരദേശത്ത് മൂന്ന് വാർഡുകളിൽനിന്നുമാത്രം ഇരുപതിലധികം പേർ കിഡ്നി നൽകിയെന്ന റിപ്പോർട്ട് പുറത്തുവന്നിട്ടുണ്ട്. ചില സ്വകാര്യ ആശുപത്രികൾ അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് ഈടാക്കുന്ന ഫീസ് ഭയാനകമാണ്. കിഡ്നി, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ കഴിയുമ്പോൾ 30 ലക്ഷം മുതൽ 35 ലക്ഷം രൂപ വരെ ചെലവഴിക്കേണ്ടതായി വരുന്നു. സ്വകാര്യ ആശുപത്രികളിൽ കിഡ്നി മാറ്റിവയ്ക്കുന്ന രോഗികൾ അഞ്ചരലക്ഷം രൂപ മുതൽ ഏഴുലക്ഷം രൂപ വരെ ആദ്യംതന്നെ കെട്ടിവയ്ക്കണം. കരൾ മാറ്റിവയ്ക്കൽ ആകുമ്പോൾ 20 ലക്ഷം രൂപവരെ ആദ്യമേ കെട്ടിവയ്ക്കേണ്ട സാഹചര്യമാണ്. ഇത് സാധാരണക്കാർക്ക് താങ്ങാൻ കഴിയുന്നതല്ല. ചില സർക്കാർ ആശുപത്രികളിൽ രക്തബന്ധുക്കൾ അല്ലാത്തവരുടെ അവയവങ്ങൾ മാറ്റിവയ്ക്കാൻ ചില തടസ്സങ്ങളുണ്ടാകുന്നുണ്ട്. എന്നാൽ മെഡിക്കൽ ബോർഡിന്റെ അനുമതി വാങ്ങി സ്വകാര്യ ആശുപത്രിയിൽ രക്തബന്ധുക്കൾ അല്ലാത്ത ഡോണർമാരുടെ അവയവങ്ങൾ സ്വീകരിക്കാൻ തടസ്സങ്ങളുണ്ടാകുന്നുമില്ല. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയണം. പണമില്ലാത്ത പാവങ്ങളായ രോഗികൾക്കുവേണ്ടി ജനകീയ കമ്മിറ്റിയുണ്ടാക്കി നാട്ടുകാരിൽനിന്നും പണം ശേഖരിച്ചാണ് ശസ്ത്രക്രിയ നടത്തിക്കൊണ്ടിരിക്കുന്നത്. ഓരോ സ്വകാര്യ ആശുപത്രിയും തോന്നുംപോലെ ഫീസ് ഈടാക്കുന്ന സാഹചര്യത്തെ നിയന്ത്രിക്കുന്ന കാര്യം സർക്കാർ ഗൗരവമായി ആലോചിക്കേണ്ടതാണ്. ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർ ജീവിതാവസാനം വരെ മരുന്നുകഴിക്കേണ്ടി വരുമ്പോഴുണ്ടാകുന്ന സാമ്പത്തിക ചെലവ് സാധാരണക്കാർക്ക് താങ്ങാൻ കഴിയുന്നതല്ല. ഇക്കാര്യത്തിൽ സർക്കാരിന്റെ ശക്തമായ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഒന്ന്, സർക്കാർ മേഖലയിൽ അവയവമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുവേണ്ടിയുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. രണ്ട്, സ്വകാര്യ ആശുപത്രികളുടെ ഫീസ് ഏകീകരിക്കാനും നിയന്ത്രിക്കാനും നടപടി സ്വീകരിക്കണം. മൂന്ന്, തുടർച്ചയായി ആവശ്യമായിവരുന്ന മരുന്ന് സൗജന്യനിരക്കിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. ഈ മൂന്ന് കാര്യങ്ങൾ മുൻനിർത്തിയുള്ള ഗൗരവമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നു മുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിരിക്കുന്നത്. അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ സങ്കീർണ്ണവും മറ്റ് ശസ്ത്രക്രിയകളിൽനിന്ന് വ്യത്യസ്തവും ചെലവേറിയതുമാണ്. ഒരു വ്യക്തിക്ക് ജീവിച്ചിരിക്കുന്നവരിൽനിന്ന് അവയവദാനം വഴിയോ മസ്തിഷ്ക മരണാനന്തര അവയവദാനം വഴിയോ അവയവം സ്വീകരിച്ച് അവയവമാറ്റ ശസ്ത്രക്രിയ നടത്താവുന്നതാണ്. മരണാനന്തര അവയവദാന പദ്ധതിയാണ് മൃതസഞ്ജീവനി. മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. അത്യന്തം ചെലവേറിയ അവയവമാറ്റ ശസ്ത്രക്രിയ സർക്കാർ മെഡിക്കൽ കോളേജുകളിൽ നടത്തുമ്പോൾ ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ച ചില വിഷയങ്ങളുണ്ട്. അത്തരത്തിലുള്ള ബാഹ്യ ഇടപെടലുകളും മാഫിയയുടെ ഇടപെടലുകളുമൊക്കെ ഒഴിവാക്കി ഏറ്റവും സുതാര്യതയോടെയും മികവോടെയും നടത്തി സാധാരണ ജനങ്ങൾക്ക് ശസ്ത്രക്രിയകൾ സാധ്യമാകുന്ന സാഹചര്യം സംസ്ഥാനത്ത് ഉറപ്പാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ചികിത്സയുമായി ബന്ധപ്പെട്ടുള്ള മനുഷ്യ അവയവങ്ങളുടെയും ടിഷ്യൂകളുടെയും നീക്കം ചെയ്യൽ, സംഭരണം, മാറ്റിവയ്ക്കൽ എന്നിവ നിയന്ത്രിക്കുന്നതിനും ഇവയിലെ വാണിജ്യ ഇടപാടുകൾ തടയുന്നതിനുമായി ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആൻഡ് ടിഷ്യൂസ് ആക്ട് പ്രകാരം കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (KSOTO) ഈ സർക്കാർ സ്ഥാപിച്ചിട്ടുണ്ട്. അവയദാനവുമായി ബന്ധപ്പെട്ട ജില്ലാതല authorisation committee യഥാസമയം കൂടുന്നതിനും പരിശോധിച്ച് അനുമതി നൽകുന്നതിനും തടസ്സം നേരിടുന്നതായി സർക്കാരിന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അതത് മെഡിക്കൽ കോളേജുകളിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരെ 28-6-2021-ലെ ഗവൺമെന്റ് ഉത്തരവുപ്രകാരം ഈ കമ്മിറ്റിയിൽ ഉൾപ്പെടുത്തി നടപടികൾ വേഗത്തിലാക്കിയിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ വൃക്കമാറ്റിവയ്ക്കൽ കോട്ടയത്ത് കരൾ, ഹൃദയം മാറ്റിവയ്ക്കൽ തൃശ്ശൂർ, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ കോർണിയ മാറ്റിവയ്ക്കൽ തുടങ്ങിയ ശസ്ത്രക്രിയകളാണ് നടക്കുന്നത്. ഈ സർക്കാരിന്റെ കാലത്ത് കോട്ടയത്ത് 2022 ഫെബ്രുവരി മാസത്തിൽ ആദ്യമായി കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടത്തുവാനും അത് തുടരുവാനും കഴിയുന്നുവെന്നുള്ളത് അഭിമാനകരമായ നേട്ടമായി കാണുകയാണ്. അവയവങ്ങൾക്കായി കാത്തിരിക്കുന്ന രോഗികളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ അവയവങ്ങൾ ലഭിക്കുന്നവരുടെ എണ്ണം വളരെ കുറവാണെന്നുള്ളത് യാഥാർത്ഥ്യമാണ്. സർക്കാർ മേഖലയിൽ ഇതുവരെ 1368 വിവിധ അവയവമാറ്റ

ശസ്ത്രക്രിയകളാണ് നടത്തിയിട്ടുള്ളത്. നിലവിൽ അവയവമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യം കൂടുതൽ വിപുലപ്പെടുത്തുന്നതിനാണ് സർക്കാർ ആലോചിക്കുന്നത്. ഇപ്പോൾ അവയവമാറ്റ ശസ്ത്രക്രിയയുടെ 90 ശതമാനവും നടക്കുന്നത് സ്വകാര്യമേഖലയിലാണ്. അവയവമാറ്റ ശസ്ത്രക്രിയ വളരെ ചെലവേറിയ ഒന്നായതിനാൽ ആവശ്യക്കാരിൽ 90 ശതമാനത്തിലധികം പേർക്കും അത് താങ്ങാൻ കഴിയാത്തതാണെന്നുള്ളത് വസ്തുതയാണ്. ഈ സാഹചര്യത്തിലാണ് സർക്കാർ മേഖലയിൽ അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്നതിനുള്ള സ്ഥാപനങ്ങളുടെ അപര്യാപ്തതയ്ക്കൊരു പരിഹാരമെന്ന നിലയിൽ അവയവമാറ്റ ശസ്ത്രക്രിയകൾ ഏറ്റവും മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനും സംസ്ഥാനത്തെ ആരോഗ്യമേഖലയിലെ ഗവേഷണത്തിന്റെയും പരിശീലനത്തിന്റെയും ശേഷി വർദ്ധിപ്പിക്കുന്നതിനുള്ളൊരു വിജ്ഞാന കേന്ദ്രമെന്ന നിലയിൽ ഒരു ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ ഇൻസ്റ്റിറ്റ്യൂട്ട് കോഴിക്കോട് സ്ഥാപിക്കുന്നതിനും തീരുമാനിച്ചത്. അതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ സർക്കാർ അധികാരത്തിലെത്തിയശേഷം നിരവധി തവണ അവയവമാറ്റ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് മന്ത്രിതലത്തിൽ അവലോകന യോഗം ചേർന്നിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഏറ്റവും ചെലവേറിയ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ കോട്ടയം മെഡിക്കൽ കോളേജിൽ നടപ്പിലാക്കാൻ കഴിഞ്ഞു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുള്ള സജ്ജീകരണങ്ങളും പരിശീലനവും പൂർത്തിയാക്കി രോഗികളെ അഡ്മിറ്റ് ചെയ്ത് അതിന്റെ രജിസ്ട്രേഷനും അഡ്മിഷനും ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ പുതിയ ടീമിനെ പരിശീലിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മരണാനന്തര അവയവദാനം മുഖേനയുള്ള അവയവമാറ്റ ശസ്ത്രക്രിയ പരിപോഷിപ്പിക്കുന്നതിനായി തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകൾക്ക് ഒന്നരക്കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്. നാഷണൽ ഇൻഫൊർമാറ്റിക് സെന്റർ മുഖേന ഒരു രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇത് നിലവിൽ വരുന്നതോടെ അവയവദാന പ്രക്രിയ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാകും. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചൊരു കാര്യം നിരക്കുകളുമായി ബന്ധപ്പെട്ടുള്ളതാണ്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടനുസരിച്ച് സ്വകാര്യ ആശുപത്രികൾ രോഗികൾക്ക് ചെയ്യുന്ന സ്പെഷ്യൽ procedure ഉൾപ്പെടെയുള്ള നിരക്ക് പ്രദർശിപ്പിക്കണമെന്നുള്ളത് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പല സ്വകാര്യ ആശുപത്രികളും നല്ല രീതിയിൽ ഇതിനോട് സഹകരിക്കുന്നുണ്ട്. മറ്റ് സ്വകാര്യ ആശുപത്രികൾകൂടി ഇതിലേയ്ക്ക് വന്ന് ഇത് സാധ്യമാക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; അതിനുള്ള നടപടികളും

സ്വീകരിക്കുന്നുണ്ട്. എല്ലാ സ്വകാര്യ ആശുപത്രികളും ഈ നിബന്ധന പാലിക്കേണ്ടതാണ്. അവയവം മാറ്റിവച്ചതിനുശേഷമുള്ള മരുന്നുകൾ വളരെ വിലയേറിയതാണ്. നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജില്ലാ പഞ്ചായത്തുകളും കോർപ്പറേഷനുകളും അവരവരുടെ സ്കീമുകൾവഴി ഈ രീതിയിൽ അവയവമാറ്റത്തിനുശേഷം ബി.പി.എൽ. കുടുംബത്തിലുള്ളവർക്ക് മരുന്നുകൾ നൽകുന്നുണ്ട്. കിഡ്നി ട്രാൻസ്പ്ലാന്റേഷനുശേഷം KASP വഴി ആരോഗ്യവകുപ്പും ഒരു വർഷം വരെ മരുന്നുകൾ ലഭ്യമാക്കുന്നുണ്ട്. സബ്സിഡി നിരക്കിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് കഴിയുമോ എന്നത് സർക്കാരിന്റെ പരിഗണനാ വിഷയമാണ്. അതിനുള്ള ചർച്ചകളും പ്രവർത്തനങ്ങളും സർക്കാർ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം വളരെ പ്രധാനപ്പെട്ടൊരു കാര്യം 'Prevention is better than cure' എന്നതാണ്. ട്രാൻസ്പ്ലാന്റേഷനിലേയ്ക്കും അവയവ രോഗസങ്കീർണ്ണതകളിലേയ്ക്കും എത്തിക്കുന്നതിനേക്കാൾ പ്രധാനമാണ് വ്യക്തിയുടെ ആരോഗ്യം ഉറപ്പാക്കുക എന്നത്. ഈ സർക്കാരിന്റെ കാലത്ത് നവകേരള കർമ്മപദ്ധതി 2-ന്റെ ഭാഗമായി ആരംഭിച്ചിട്ടുള്ള പ്രധാന ജനകീയ ക്യാമ്പയിനാണ് ജീവിത ശൈലീരോഗങ്ങൾക്കെതിരെയുള്ള ക്യാമ്പയിൻ. ഇതിന്റെ അടിസ്ഥാനത്തിൽ 30 വയസ്സിന് മുകളിലുള്ള സംസ്ഥാനത്തെ എല്ലാവരേയും ജീവിതശൈലി രോഗങ്ങൾക്ക് സ്ക്രീൻ ചെയ്യുന്നതിനുള്ള ജനകീയ പരിപാടി ആരംഭിച്ചിട്ടുണ്ട്. ഒന്നരമാസത്തിനുള്ളിൽ 15 ലക്ഷം ആളുകളെ സ്ക്രീൻ ചെയ്യുന്നതിന് കഴിഞ്ഞു. ജീവിതശൈലി രോഗങ്ങളുള്ളവരെ കണ്ടെത്തുന്നതിനും ശരിയായ ചികിത്സ ഉറപ്പാക്കുന്നതിനും വരാൻ സാധ്യതയുള്ളവർക്ക് റിസ്ക് ഫാക്ടേഴ്സ് കണക്കിലെടുത്തുകൊണ്ട് പ്രതിരോധം തീർക്കുന്നതിനും ഇതിലൂടെ സാധിക്കും. അതോടൊപ്പം ക്യാൻസർ ഉൾപ്പെടെയുള്ള മറ്റ് അസുഖങ്ങളുള്ളവർക്ക് ആദ്യഘട്ടത്തിൽ തന്നെ അത് കണ്ടെത്തുന്നതിനും ആവശ്യമായിട്ടുള്ള ചികിത്സ ഉറപ്പാക്കുന്നതിനും കഴിയുന്നുണ്ട്.

(8) കാസർഗോഡ് ജനറൽ ആശുപത്രിയിലെ രാത്രികാല പോസ്റ്റ്മോർട്ടം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, 2021 ഡിസംബർ 16-ാം തീയതിയിലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധിന്യായത്തിലെ പ്രസക്തമായൊരു ഭാഗം ഞാൻ ഇവിടെ വായിക്കാം;

" The right to dignity and fair treatment is not only available to a living man but also to his dead body." അതേ വിധിന്യായത്തിൽ കോടതി പറയുന്നു; " The State of Kerala came with a brave decision by way of a Government order in 2015 implementing 24 hours autopsy and accorded

sanction to conduct night autopsy in five Government Medical Colleges namely, Thiruvananthapuram, Alappuzha, Kottayam, Trissur, and Kozhikode and also in the General Hospital Kasargod" ഈ ഉത്തരവിനെതിരെ മെഡിക്കോ-ലീഗൽ സൊസൈറ്റി, ഫോറൻസിക് മെഡിസിൻ ഫാക്കൽറ്റി, കോട്ടയം എന്നിവർ കോടതിയിൽ റിട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അത് പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല. പിന്നീട് ഈ കേസ് കോടതി പരിഗണിച്ചത് 2021 ഒക്ടോബർ 29-നാണ്. 2021-ൽ ഞാൻ കോടതിയിൽ ഒരു ഐ.എ.(Interlocutory Application) ഫയൽ ചെയ്തു. ബഹുമാനപ്പെട്ട ചെയറിനറിയാം, ഇക്കാര്യത്തിനുവേണ്ടി നിയമസഭയിൽ ആറോ-ഏഴോ പ്രാവശ്യം സബ്മിഷൻ ഉന്നയിച്ചൊരു ജനപ്രതിനിധിയാണ് ഞാൻ. കോടതിയിൽ പറഞ്ഞിട്ടുള്ള മറ്റൊരു കാര്യം ഡോക്ടർമാർ പിൻതിരിഞ്ഞു നിൽക്കുകയാണെന്നാണ്. വിധിന്യായത്തിൽ കോടതി പറഞ്ഞിട്ടുള്ള മറ്റൊരു കാര്യം വളരെ ഗൗരവപൂർവ്വം എടുക്കേണ്ടതാണ്. " when the Government is providing an "air conditioned Maruti Car with full facilities, the doctors cannot claim or demand a " BMW car with its royal facilities" അതാണ് ഡോക്ടർമാരോട് കോടതി പറയുന്നത്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ആറ് മാസത്തിനകവും കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഒരുമാസത്തിനകവും പോസ്റ്റ്മോർട്ടം ആരംഭിക്കണമെന്നാണ് 16-2-2021-ലെ ജഡ്ജ്മെന്റിൽ ഹൈക്കോടതി നിർദ്ദേശിച്ചത്. അതനുസരിച്ച് കാസർഗോഡ് ജനറൽ ആശുപത്രിയിൽ 19-3-2021-ന് പോസ്റ്റ്മോർട്ടം ആരംഭിച്ചു. അതിനുശേഷം രാത്രികാലങ്ങളിൽ ധാരാളം പോസ്റ്റ്മോർട്ടങ്ങൾ കാസർഗോഡ് ജനറൽ ആശുപത്രിയിൽ നടന്നു. അതിനിടയിലാണ് കാസർഗോഡ് ജനറൽ ആശുപത്രിയിലെ ഡോക്ടർമാർ മോർച്ചറിക്ക് പുറത്ത് ഒരു നോട്ടീസ് പതിച്ചത്. ആ നോട്ടീസിൽ പറയുന്നത്; 'കാസർഗോഡ് ജനറൽ ആശുപത്രിയിൽ രാത്രികാല പോസ്റ്റ്മോർട്ടം നടത്താൻ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ച മാനവവിഭവശേഷി നടപ്പാക്കാൻ ആരോഗ്യവകുപ്പ് ഇതുവരെ തയ്യാറായിട്ടില്ല. ആയതിനാൽ 16-8-2022 മുതൽ ഡോക്ടർമാർ രാത്രികാല പോസ്റ്റ്മോർട്ടത്തിൽനിന്നും വിട്ട് നിൽക്കുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ഇതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടിന് ഞങ്ങൾ ഉത്തരവാദിയല്ല, സർക്കാർ ആവശ്യമായ മാനവവിഭവശേഷി നൽകുന്ന മുറയ്ക്ക് രാത്രികാല പോസ്റ്റ്മോർട്ടം തുടരുന്നതാണ്.' കോടതി പറഞ്ഞിട്ടുള്ള മറ്റൊരു കാര്യമിതാണ്; " certain fundamental rights available in our constitution to a person will continue even after his death. The State cannot take a stand that since there is financial difficulty, the State cannot provide adequate infrastructure for night autopsies to all the Government

Medical Colleges and other hospitals" . സാമ്പത്തിക പ്രതിസന്ധി പറഞ്ഞ് നമുക്ക് ഇതിൽനിന്ന് ഒഴിവാകാൻ സാധിക്കില്ലെന്നാണ് കോടതി പറഞ്ഞിട്ടുള്ളത്. ഡോ. ബി. ഉമാദത്തനെ നമുക്കറിയാം. അദ്ദേഹം മുമ്പ് Medical Education ഡയറക്ടറായിരുന്നു. അദ്ദേഹത്തിന്റ പുസ്തകത്തിലെഴുതിയിട്ടുള്ള കാര്യം; " If you have seen people waiting in front of a mortuary to get post-mortem done on the body of their relative, you can never forget their faces. ഇത് ഈ സഭയിലിരിക്കുന്ന എല്ലാവരുടേയും അനുഭവമാണ്. ബഹുമാനപ്പെട്ട ചെയറും ചിലപ്പോൾ അങ്ങയുടെ മണ്ഡലത്തിൽ രാത്രികാലങ്ങളിൽ ഏതെങ്കിലും വ്യക്തി മരണപ്പെട്ടാൽ ആ ജഡമൊന്ന് വിട്ടുകിട്ടുന്നതിനുവേണ്ടി മോർച്ചറിയുടെ മുന്നിൽ കാത്തുനിൽക്കേണ്ടി വന്നിട്ടുണ്ടാകും. അത്തരത്തിലുള്ള എന്റെ ഒരുപാട് അനുഭവങ്ങളാണ് ഈയൊരു പോരാട്ടം നടത്താൻ എന്നെ പ്രേരിപ്പിച്ചതെന്നുകൂടി ഇവിടെ പറയാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്, ഏറെക്കാലമായി നമ്മൾ ആഗ്രഹിച്ചിരുന്നൊരു സൗകര്യവും സംവിധാനവും ബഹുമാനപ്പെട്ട ഹൈക്കോടതി വിധിച്ചിട്ടുണ്ട്. മാത്രമല്ല 2015-ൽ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി കേരളത്തിന്റെ മുഖ്യമന്ത്രി ആയിരുന്നപ്പോഴാണ് ഈ ഉത്തരവ് ഇറക്കിയത്. ഒരു സൗകര്യവും സംവിധാനവും നമുക്ക് ഒരുക്കികിട്ടി, അത് നിയമസഭയിലെ എല്ലാ അംഗങ്ങളും ആഗ്രഹിക്കുന്നൊരു സംവിധാനമാണ്. സാമ്പത്തിക പ്രതിസന്ധി പറഞ്ഞ് ഈ സംവിധാനം ഇല്ലാതാക്കാൻ പാടില്ലെന്നാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്. കാസർഗോഡ് ജനറൽ ആശുപത്രിയിലെ ഡോക്ടർമാർ പറയുന്നത് അഡീഷണലായി ഒരു ഫോറൻസിക് സർജനെയും രണ്ടോ മൂന്നോ ജീവനക്കാരെയും വേണമെന്നാണ്. അത് ബഹുമാനപ്പെട്ട മന്ത്രി അനുവദിച്ചുതരണമെന്നാണ് എനിക്ക് പറയാനുള്ളത്.

12.00.P.M]

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, രാത്രികാല പോസ്റ്റ്മോർട്ടം (night autopsy) നടപ്പിലാക്കുന്നതിനുവേണ്ടി നിലപാടെടുത്ത് പ്രവർത്തിച്ചൊരു ജനപ്രതിനിധിയാണ് ബഹുമാനപ്പെട്ട അംഗം. കേരളത്തിലെ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിലും കാസർഗോഡ് ജനറൽ ആശുപത്രിയിൽ പൈലറ്റായും രാത്രികാല പോസ്റ്റ്മോർട്ടം നടത്തുന്നതിന് അനുമതി നല്കിക്കൊണ്ട് 26-10-2015-ൽ സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടായിരുന്നു. 24 മണിക്കൂർ പോസ്റ്റ്മോർട്ടം അനുവദിച്ച് സർക്കാർ പുറപ്പെടുവിച്ച പ്രസ്തുത ഉത്തരവിനെതിരെ കേരള മെഡിക്കൽ ലീഗൽ സൊസൈറ്റി 33874/2015 -ആയി റിട്ട് പെറ്റീഷൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസിന്മേൽ ഹൈക്കോടതിയുടെ 16-12-2021-ലെ

വിധിന്യായത്തിൽ മെഡിക്കൽ സ്റ്റാഫും പാരാമെഡിക്കൽ സ്റ്റാഫും ഉൾപ്പെടെയുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും അനുവദിച്ച് സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ രാത്രികാല പോസ്റ്റ്മോർട്ടം നടത്തുന്നതിന് നടപടി സ്വീകരിക്കാനും കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഒരു മാസത്തിനുള്ളിൽ ആവശ്യമായ ജീവനക്കാരെ വിന്യസിച്ച് രാത്രികാല പോസ്റ്റ്മോർട്ടം നടത്തുന്നതിനും സർക്കാരിന് നിർദ്ദേശം നല്കുകയുണ്ടായി. കാസർഗോഡ് ജനറൽ ആശുപത്രിയിൽ രാത്രികാല പോസ്റ്റ്മോർട്ടം സുഗമമായി നടത്തുന്നതിന് ഹൈക്കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം നഴ്സിംഗ് അസിസ്റ്റന്റുമാരെയും ഹോസ്പിറ്റൽ അറ്റൻഡന്റുമാരെയും ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചു. ഫോറൻസിക് സർജനുപുറമെ അസിസ്റ്റന്റ് സർജന്മാരുടെ സേവനവുംകൂടി പ്രയോജനപ്പെടുത്തി രാത്രികാല പോസ്റ്റ്മോർട്ടം ആരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതിനും ആരോഗ്യവകുപ്പ് ഡയറക്ടർ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നല്കി. ഇതിന്റെ അടിസ്ഥാനത്തിൽ അവശ്യം വേണ്ടിവരുന്ന അടിസ്ഥാന സൗകര്യമൊരുക്കുകയും 3 നഴ്സിംഗ് അസിസ്റ്റന്റുമാർ, രണ്ട് ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് (II) തുടങ്ങിയവരെ ജോലി ക്രമീകരണത്തിൽ നിയമിക്കുകയും ആശുപത്രിയിൽ നിലവിൽ അനുവദിച്ചിട്ടുള്ള ജൂനിയർ കൺസൾട്ടന്റ് (ഫോറൻസിക് സർജൻ) എന്ന തസ്തികയിൽ ജോലി ചെയ്തുവരുന്ന ഒരു ഡോക്ടർ ഉൾപ്പെടെ മറ്റ് വിഭാഗം ഡോക്ടർമാരെ നിയോഗിക്കുകയും ചെയ്ത് രാത്രികാല പോസ്റ്റ്മോർട്ടം 2022 മാർച്ച് മാസം 19-ാം തീയതി മുതൽ ആരംഭിച്ചു. പ്രസ്തുത ആശുപത്രിയിൽ ഇതുവരെ 204 പോസ്റ്റ്മോർട്ടം നടത്തിയിട്ടുണ്ട്. ഇതിൽ 7 എണ്ണമാണ് രാത്രികാല പോസ്റ്റ്മോർട്ടമുള്ളത്. റിട്ട് പെറ്റീഷൻ 33874/2015-മേലുള്ള 3-8-2022 -ലെ ഇടക്കാല ഉത്തരവിൽ 16-12-2021-ലെ ഹൈക്കോടതിയുടെ വിധി ന്യായം നടപ്പിലാക്കുന്നതിനുള്ള സമയപരിധി, 21-6-2022-ൽ മൂന്ന് മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചു നല്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ രാത്രികാല പോസ്റ്റ്മോർട്ടം നടത്തുന്നതിന് ഡോക്ടർമാർ വിമുഖത പ്രകടിപ്പിച്ചിട്ടുണ്ട്. ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആശുപത്രികളിൽ രാത്രികാല പോസ്റ്റ്മോർട്ടം ആരംഭിക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി അവലോകനം ചെയ്യുന്നതിനായി ആരോഗ്യവകുപ്പിലേയും ആരോഗ്യ-വിദ്യാഭ്യാസ വകുപ്പിലേയും ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്തിരുന്നു. നിലവിലെ സാഹചര്യം പരിശോധിക്കുകയും പോസ്റ്റ്മോർട്ടം പ്രാവർത്തികമാക്കുന്നതിനാവശ്യമായ ജീവനക്കാരുടെയും സജ്ജീകരണങ്ങളുടേയും സ്ഥിതി സംബന്ധിച്ച അടിയന്തര റിപ്പോർട്ട് ലഭ്യമാക്കണമെന്ന നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിലവിലുള്ള ഡോക്ടർമാരുടേയും അവിടെ ജോലി ചെയ്തുവരുന്ന ജൂനിയർ കൺസൾട്ടന്റിന്റേയും

(ഫോറൻസിക് സർജൻ വിഭാഗം) വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിക്കപ്പെട്ട നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II എന്നീ വിഭാഗം ജീവനക്കാരുടേയും സേവനം പ്രയോജനപ്പെടുത്തി തുടർന്നും രാത്രികാല പോസ്റ്റ്മോർട്ടം നടത്തുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. ഒരു ഫോറൻസിക് സർജന്റെ സേവനം അധികമായി ലഭ്യമാക്കാൻ കഴിയും. രാത്രികാല പോസ്റ്റ്മോർട്ടം വേണമെന്നത് ജനങ്ങളുടെ ആവശ്യമായാണ് സർക്കാർ കാണുന്നത്. ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയാക്കി 4 മണി കഴിഞ്ഞാൽ പോസ്റ്റ്മോർട്ടമില്ലെന്ന നിലപാടിനോട് യോജിക്കുന്നില്ല. ഇത് ആളുകൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നുമുണ്ട്. അതുകൊണ്ടുതന്നെ ഹൈക്കോടതി വിധിയുടെ കൂടി പശ്ചാത്തലത്തിൽ മേൽ സൂചിപ്പിച്ച 5 മെഡിക്കൽ കോളേജുകളിലും ആദ്യഘട്ടത്തിൽ കാസർഗോഡ് ജനറൽ ആശുപത്രിയിലും പോസ്റ്റ്മോർട്ടം നടക്കുന്ന മറ്റുപ്രധാന ആശുപത്രികളിലും രാത്രികാല പോസ്റ്റ്മോർട്ടം (night autopsy) ആരംഭിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

(9) നെടുമ്പന സി.എച്ച്.സി.-യി.ൽ ഐസൊലേഷൻ വാർഡ് നിർമ്മാണം

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കോവിഡിന്റെ രണ്ടാം വരവിനെ നേരിടുന്ന സാഹചര്യങ്ങൾക്കുവേണ്ടിയാണ് സർക്കാർ പ്രതിപക്ഷത്തേയും ഭരണപക്ഷത്തേയും എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് ആവശ്യപ്പെട്ടത്. എല്ലാ എം.എൽ.എ.മാരും അത് നൽകുകയും 4 കോടി രൂപയോളം സമാഹരിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ നിയോജകമണ്ഡലങ്ങളിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാനുള്ള തീരുമാനമുണ്ടായി. എന്റെ മണ്ഡലത്തിൽ ആരോഗ്യവകുപ്പിൽനിന്നും ഏത് ആശുപത്രിയിലാണ് ഐസൊലേഷൻ വാർഡ് നിർമ്മിക്കേണ്ടതെന്ന നിർദ്ദേശം ചോദിച്ചിരുന്നു. നെടുമ്പന സി.എച്ച്.സി.-യെ തെരഞ്ഞെടുക്കണമെന്ന് ആരോഗ്യ വകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തു. തുടർന്ന് അവിടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചു. നിർമ്മാണം ആരംഭിക്കുന്ന വിവരമോ, പ്ലാൻ എന്താണെന്നോ, എന്തൊക്കെ സൗകര്യങ്ങളാണ് അവിടെ ഒരുക്കുന്നതെന്നോ ഇതുസംബന്ധിക്കുന്ന യാതൊരു വിവരവും ജനപ്രതിനിധിയായ എന്നെ അറിയിച്ചിട്ടില്ല. 60 ശതമാനം പണി പൂർത്തിയായെന്നു പറയുന്നു. നിർമ്മാണപ്രവർത്തനങ്ങൾ തൃശ്ശൂർ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ കെ.എം.എസ്.സി.എൽ. ഏൽപ്പിച്ചിരിക്കുന്നുയെന്നാണ് പറയുന്നത്. നിർമ്മാണത്തിന്റെ ഗുണനിലവാരത്തെ സംബന്ധിച്ച് നാട്ടുകാരിൽനിന്ന് വ്യാപക പരാതിയാണ് ഉയരുന്നത്. 1 കോടി 75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ്. ആരാണത് മോണിറ്റർ ചെയ്യുന്നതെന്ന് അറിയില്ല. കഴിഞ്ഞ ശനിയാഴ്ച ജില്ലാ വികസന സമിതിയിൽ എം.എൽ.എ. എന്ന നിലയിൽ പ്രസ്തുത വിഷയം ഉന്നയിച്ചപ്പോൾ ബന്ധപ്പെട്ട ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥർപോലും അന്വേഷിച്ച് വിവരം നല്കാമെന്നാണ് മറുപടി നല്കിയത്. നിർവ്വഹണ

ഏജൻസിയിൽപ്പെട്ട ആളുകൾ എന്താണവിടെ നിർമ്മിക്കുന്നത്; അതിന്റെ സൗകര്യങ്ങൾ എന്തൊക്കെയാണ്; പ്ലാൻ എന്താണ്; എസ്റ്റിമേറ്റ് എന്താണ്; അതിന്റെ നിർമ്മാണ നിർവ്വഹണത്തിന്റെ മേൽനോട്ടം ആരാണ്; ഇത് സംബന്ധിച്ച് ജനപ്രതിനിധിയെ ഇരുട്ടിൽ നിർത്തിയിരിക്കുകയാണ്. ഈ വിഷയം വളരെ ഗൗരവമായി കാണണം. കോവിഡിന്റെ രണ്ടാം വരവിനെ നേരിടാനെന്ന നിലയിലാണ് അടിയന്തരമായി ഇത് ചെയ്തത്. മെറ്റൽ ഷീറ്റും മെറ്റൽ റൂഫുമൊക്കെ ഉപയോഗിച്ചുള്ള നിർമ്മാണ രീതിയാണെന്നാണ് പറയുന്നത്. 3-ാം തരംഗവും കഴിഞ്ഞ് ഇനിയും ആരോഗ്യപരമായ അടിയന്തരാവസ്ഥ നേരിടുന്നതിനുള്ള തയ്യാറെടുപ്പുകൾ ആരോഗ്യവകുപ്പ് നടത്തുമ്പോൾ ഇക്കാര്യത്തിലുണ്ടായ ഗുരുതരമായ വീഴ്ച, ഉത്തരവാദിത്തമില്ലായ്മ എന്നിവയെക്കുറിച്ച് കൃത്യമായി അന്വേഷിക്കണം. പ്രസ്തുത വിഷയം സംബന്ധിച്ച് നടപടി സ്വീകരിക്കണമെന്ന് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഐസൊലേഷൻ ബ്ലോക്ക് എന്നുമാത്രമല്ല സംസ്ഥാന സർക്കാരുമായി ബന്ധപ്പെട്ട നിർമ്മാണപ്രവർത്തനങ്ങൾ, ഉദ്ഘാടനം ഉൾപ്പെടെ അതത് നിയോജകമണ്ഡലത്തിലെ എം.എൽ.എ.-മാരെ കൃത്യമായി അറിയിക്കണമെന്ന് നിർദ്ദേശം നല്കിയിരുന്നു. അങ്ങയെ വിവരങ്ങൾ അറിയിച്ചിട്ടില്ല എന്ന വിഷയം വളരെ ഗൗരവത്തോടെ കാണുകയും അന്വേഷിക്കുകയും ചെയ്യാം.

2021-22-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ സാംക്രമിക രോഗ പ്രതിരോധ നടപടിയുടെ ഭാഗമായാണ് എല്ലാ നിയോജകമണ്ഡലങ്ങളിലേയും ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ഒരു ആരോഗ്യകേന്ദ്രത്തിൽ പത്ത് ബെഡ്ഡുകളോടുകൂടിയ ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുന്നതിന് പ്രഖ്യാപനം നടത്തിയത്. ഇതിന്റെ അടിസ്ഥാനത്തിൽ 26-7-2021-ലെ സർക്കാർ ഉത്തരവുപ്രകാരം ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. കുണ്ടറ നിയോജകമണ്ഡലത്തിൽ നെടുമ്പന സാമൂഹ്യ ആരോഗ്യ കേന്ദ്രമാണ് ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി തെരഞ്ഞെടുത്തത്. പ്രസ്തുത ഉത്തരവുപ്രകാരം പദ്ധതി നടപ്പിലാക്കുന്നത് എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടും കിഫ്ബി ഫണ്ടും തുല്യമായി വിനിയോഗിച്ചുകൊണ്ടാണ്. Pre engineered സ്ട്രക്ച്ചറുകൾ ഉപയോഗിച്ച് 2400 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ 1 കോടി 79 ലക്ഷം രൂപയാണ് യൂണിറ്റ് കോസ്റ്റായി കണക്കാക്കിയിട്ടുള്ളത്. 10 ഐ.സി.യു. ബെഡ്, 1 ഡോക്ടർ റൂം, നഴ്സിംഗ് സ്റ്റേഷൻ, പ്രൊസീഡ്യൂർ റൂം, ടോയ്‌ലെറ്റുകൾ, ഓക്സിജൻ ജനറേഷൻ യൂണിറ്റ്, മെഡിക്കൽ ഗ്യാസ് സൗകര്യങ്ങളും മെഡിക്കൽ ഉപകരണങ്ങളും ഉൾപ്പെട്ട ഐസൊലേഷൻ ബ്ലോക്ക് എന്നിവ നിർമ്മിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

കോവിഡ് ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിനായി വിശദമായ പരിശോധനകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ട നിർമ്മാണത്തിനായി 90 സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുകയുണ്ടായി. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 90 സ്ഥാപനങ്ങളിൽ 73 എണ്ണത്തിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. നെടുമ്പന സി.എച്ച്.സി.-യെ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 90 ആശുപത്രികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണ ഏജൻസി തൃശ്ശൂർ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്. 7-2-2022-ന് പ്രവൃത്തി ഉത്തരവ് നല്കുകയും നിർമ്മാണ പ്രവൃത്തിക്കായി 19-2-2022 -ൽ സ്ഥലം, ഈ ഏജൻസിക്ക് കൈമാറുകയും ചെയ്തു. കരാർ പ്രകാരം പ്രവൃത്തി ഉത്തരവ് തീയതി മുതൽ 135 ദിവസങ്ങൾക്കകം നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. പ്രീ എഞ്ചിനീയറിംഗ് സാധന സാമഗ്രികളുടെ ലഭ്യതയിലുണ്ടായ കാലതാമസവും ഐസൊലേഷൻ വാർഡ് നിർമ്മാണത്തെ സാരമായി ബാധിച്ചിട്ടുണ്ടെങ്കിലും ഇപ്പോൾ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുകയാണെന്നാണ് റിപ്പോർട്ട്. കെ.എം.എസ്.സി.എൽ. മുഖേനയാണ് ഇതിന്റെ നിർമ്മാണം നടത്തുന്നത്. നെടുമ്പന സാമൂഹിക ആരോഗ്യകേന്ദ്രത്തിൽ പ്ലിന്ത് ബീം കോൺക്രീറ്റ് പൂർത്തിയായിക്കഴിഞ്ഞു. ഇപ്പോൾ നടന്നുവരുന്ന എഞ്ചിനീയറിംഗ് സ്ട്രക്ച്ചറുകൾ സ്ഥാപിക്കുന്ന ജോലി പൂർത്തിയാകുന്നമുറയ്ക്ക് ഇ.പി.എസ്. പാനലുകൾ, മേൽക്കൂരയുടെ പഫ് ഷീറ്റ് തുടങ്ങിയ ജോലികൾ കാലതാമസം കൂടാതെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടുത്ത മാസത്തോടുകൂടി ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വിഷയത്തെ സംബന്ധിച്ച് ബഹുമാന്യനായ എം.എൽ.എ.-യെ വിവരങ്ങൾ കൃത്യമായി അറിയിക്കുന്നതിനും ഇവിടെ വിശദീകരിച്ചതുപോലെയുള്ള എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അത് സംബന്ധിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിനും ആവശ്യപ്പെടുന്നതാണ്.

### (10) അഴീക്കോട് മിനി ഫിഷ് ലാൻഡിംഗ് സെന്റർ

ശ്രീ. കെ. വി. സുമേഷ്: സർ, അഴീക്കോട് നിയോജകമണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട പ്രകൃതിദത്തമായ തീരപ്രദേശമാണ് നീർക്കടവ്. അവിടെ ഇരുന്നൂറിലേറെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുണ്ട്. മത്സ്യബന്ധന ഉപകരണങ്ങളും യാനങ്ങളുമെല്ലാം തൊട്ടടുത്തുള്ള അഴീക്കൽ ഹാർബറിലും കണ്ണൂർ ഹാർബറിലും കെട്ടി മത്സ്യബന്ധനം നടത്തുകയെന്നത് ഇവർ അഭിമുഖീകരിക്കുന്ന വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. പ്രകൃതിദത്തമായ ഇത്രയും വലിയ കടൽത്തീരമുണ്ടായിട്ടും അവിടെയൊരു ഫിഷ് ലാൻഡിംഗ് സെന്റർ ഇല്ലായെന്നത് മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ദീർഘകാലമായി ആവശ്യപ്പെട്ടു കൊണ്ടിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ടൊരു കാര്യമാണ്. ഇരുന്നൂറിലേറെ കുടുംബങ്ങളുള്ള മത്സ്യത്തൊഴിലാളി ഗ്രാമത്തിലെ ആളുകളുടെ പ്രധാനപ്പെട്ട ഉപജീവനമാർഗ്ഗം മത്സ്യബന്ധനമാണ്. വർഷങ്ങളായുള്ള ഈ ആവശ്യം പരിഗണിച്ച് അവിടെ ഫിഷ് ലാൻഡിംഗ് സെന്റർ അനുവദിക്കണമെന്നാണ് ബഹുമാന്യനായ ഫിഷറീസ് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നത്.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ബഹുമാനപ്പെട്ട കെ. വി. സുമേഷിന്റെ മണ്ഡലമായ അഴീക്കോട് ധാരാളം മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അധിവസിക്കുന്ന ഒരു പ്രദേശമാണ്. കണ്ണൂർ ജില്ലയിൽ അഴീക്കോട് പഞ്ചായത്തിൽ കടലോര പ്രദേശമായ നീർക്കടവ് ഗ്രാമം, അതുകൂടാതെ മീൻകുന്ന്, പള്ളിയാംമൂല തുടങ്ങിയ സമീപപ്രദേശങ്ങളിൽനിന്നും മത്സ്യത്തൊഴിലാളികൾ നീർക്കടവിനെയാണ് ബീച്ച് ലാന്റിംഗായി ആശ്രയിക്കുന്നത്. 32 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അധിവസിക്കുന്ന ഫിഷർമെൻ കോളനിയും ഇതിനടുത്താണ്. ഭൂമിശാസ്ത്രപരമായി അഴീക്കൽ ഫിഷറീസ് ഹാർബറിൽനിന്നും 7 കിലോമീറ്ററും മാപ്പിള ബേ ഫിഷറീസ് ഹാർബറിൽനിന്നും 10 കിലോമീറ്റർ ദൂരത്തുമാണ് നീർക്കടവ് സ്ഥിതി ചെയ്യുന്നത്. ഏകദേശം 120 യാനങ്ങൾ ഈ പ്രദേശത്ത് മത്സ്യബന്ധനം നടത്തുന്നുണ്ട്. ഇതിൽ അൻപതോളം യാനങ്ങൾ യന്ത്രവത്കൃതമാണ്. തീരദേശശോഷണമുള്ള അവസരങ്ങളിൽ ഈ പ്രദേശത്തുള്ളവർ ലാൻഡിംഗിനായി അഴീക്കൽ, മാപ്പിള ബേ ഹാർബറുകളെയാണ് ആശ്രയിക്കുന്നത്. നീർക്കടവിൽ ഒരു ഫിഷിംഗ് ഹാർബർ പണിയുന്നതിന്റെ സാധ്യത പരിശോധിക്കാം. അവിടെ സ്ഥലം ലഭ്യമായാൽ ഉടൻതന്നെ ഈ നടപടിയിലേയ്ക്ക് കടക്കാമെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

12.10 P.M.]

## VII നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഈ ബില്ലുമായി ബന്ധപ്പെട്ട് വിശദമായ ചർച്ചയും സബ്ജക്ട് കമ്മിറ്റി പരിഗണനയുംശേഷമാണ് ബിൽ സഭയിൽ വീണ്ടും വന്നിരിക്കുന്നത്. നാം അഭിമുഖീകരിക്കുന്ന വികസന വെല്ലുവിളികളെ

നേരിടാൻ സർക്കാർ വകുപ്പുകളുടെയും മെഷിനറികളുടെയും മറ്റ് ഏജൻസികളുടെയും ഏകോപനവും യോജിച്ച പ്രവർത്തനവും അനിവാര്യമാണ്. ഇത് പ്രായോഗിക വികസന നിർവ്വഹണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടതാണെന്ന് എല്ലാവർക്കുമറിയാം. മാലിന്യ പ്രശ്നം, ദുരന്തനിവാരണം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ മനുഷ്യരെ കേന്ദ്രീകരിച്ചുണ്ടാകണം. ഓരോ വകുപ്പും വെവ്വേറെ തിരിഞ്ഞുനിന്നുകൊണ്ടുള്ള ഭരണസംവിധാനത്തിന്റെ പ്രവർത്തനങ്ങൾ ഒഴിവാക്കിയാൽ മാത്രമേ അത് ഫലപ്രദമായി നടപ്പാക്കാൻ കഴിയുകയുള്ളൂ. അത്തരമൊരു ഏകോപനം സാധ്യമാക്കാൻ കഴിയുന്നത് ജനങ്ങളോട് അഭിമുഖമായി ചേർന്നുനിന്നുകൊണ്ട് പ്രവർത്തിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം പ്രായോഗിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന കാര്യം വരുമ്പോൾ സർക്കാർതല പിന്തുണയ്ക്കും ഏകോപനത്തിനുമായി വകുപ്പുതിരിഞ്ഞ് സമീപിക്കേണ്ടിവരികയാണ്. ഗ്രാമപഞ്ചായത്തുകൾ പഞ്ചായത്ത് വകുപ്പ് എന്ന നിലയിലും ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമവികസന വകുപ്പ് എന്ന നിലയിലും നഗരസഭകൾ നഗരകാര്യ വകുപ്പ് എന്ന നിലയിലുമാണ് നിലവിൽ പ്രവർത്തിക്കുന്നത്. എഞ്ചിനീയറിംഗും ടൗൺപ്ലാനിംഗും പ്രത്യേകമായാണ് പ്രവർത്തിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെടാൻ സർക്കാരിനും വ്യത്യസ്ത വകുപ്പുകളിലൂടെ നടപടി സ്വീകരിക്കേണ്ടിവരുന്നു. ഒരേ പ്രദേശത്ത് യോജിച്ച നിലയിൽ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്താൻ സാധ്യതയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആ നിലയ്ക്കുള്ള പ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ ഓരോന്നും വെവ്വേറെ കിടക്കുന്നതിനാൽ നിലവിൽ പ്രയാസം നേരിടുന്നു. വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് പഞ്ചായത്ത് രാജ്, മുനിസിപ്പൽ നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ജോയിന്റ് കമ്മിറ്റികൾ ഇതേകാരണംകൊണ്ടുതന്നെ സജീവമല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥ സംവിധാനങ്ങളെ ഏകീകരിച്ച് ഒറ്റ സർവ്വീസാക്കി മാറ്റാനാണ് തീരുമാനിച്ചിട്ടുള്ളത്. വികേന്ദ്രീകൃതവും ജനകേന്ദ്രീകൃതവുമായ പ്രാദേശിക ഭരണസംവിധാനം സംബന്ധിച്ച് ദീർഘകാല കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ഏകീകരണം പ്രായോഗികമായി സാധ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാൻ പോകുന്നത്. നവകേരളം സൃഷ്ടിക്കുന്നതിന് യോജിച്ച പ്രവർത്തനങ്ങൾ എല്ലാ മേഖലയിലും നടത്തേണ്ടതുണ്ട്. കൃത്യമായ ലക്ഷ്യങ്ങളെ മുൻനിർത്തി വകുപ്പുഭേദചിന്തയില്ലാതെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ നാം ഇന്ന് അഭിമുഖീകരിക്കുന്ന എല്ലാ വെല്ലുവിളികളും നേരിടാൻ കഴിയുകയുള്ളൂ. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളും നഗരസഭകളും യോജിച്ച് തൊഴിലും സാമ്പത്തിക വികസനവും

പ്രാദേശികമായി സാധിക്കുന്ന മറ്റ് പ്രവർത്തനങ്ങളും ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനമെമ്പാടും അടുത്ത മാസത്തോടെ ഇതിനായി തൊഴിൽ സഭകൾ നടക്കുകയാണ്. ശുചിത്വപൂർണ്ണമായ കേരളം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനത്തിനും കൂട്ടായ ഒരു പദ്ധതി തദ്ദേശസ്വയംഭരണ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനംമൂലം ദുരന്തസാധ്യതകൾ മുന്നിൽ നിൽക്കുന്ന സംസ്ഥാനമായി കേരളം മാറിക്കഴിഞ്ഞു. ദുരന്തമുഖത്ത് ഒരു ഏകോപിത സംവിധാനം ജനങ്ങളെയും സ്ഥാപനങ്ങളെയും കൂട്ടിയോജിപ്പിക്കുന്നതിൽ കൂടുതൽ ഫലപ്രദമായ പങ്കുവഹിക്കാൻ തീർച്ചയായും നമുക്ക് സാധിക്കും. ഇത്തരമൊരു പശ്ചാത്തലത്തിലാണ് ഏകീകൃതമായ തദ്ദേശസ്വയംഭരണ സർവ്വീസ് രൂപീകരിക്കുന്നതിന് സർക്കാർ മുന്തിയ പരിഗണനയും ശ്രദ്ധയും നൽകിയിട്ടുള്ളത്. ഇതിലേയ്ക്കാവശ്യമായ ഒരു ബിൽ ഈ സഭയിൽ അവതരിപ്പിക്കുകയും സബ്ജക്ട് കമ്മിറ്റി പരിഗണിച്ച് വരികയും ചെയ്തു. നവകേരള സൃഷ്ടിയിൽ ഒരു പുതിയ മുഖത്തോടെ ഏകീകൃത തദ്ദേശസ്വയംഭരണ സർവ്വീസ് അതിന്റേതായ കടമ യോജിച്ചതും കൂട്ടായതുമായ പ്രവർത്തനങ്ങളിലൂടെ നിർവ്വഹിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനുവേണ്ടിയാണ് ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നത്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ സംബന്ധിച്ച എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, നഗര-ഗ്രാമാസൂത്രണം, തദ്ദേശ സ്വയംഭരണം (എഞ്ചിനീയറിംഗ്) എന്നീ അഞ്ച് വകുപ്പുകളാണ് ഈ ബില്ലിലൂടെ സംയോജിപ്പിക്കുന്നത്. ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെ കൂടുതൽ അധികാരം നൽകി സ്ഥാപിച്ച പ്രാദേശിക സർക്കാരുകളാണ് നമ്മുടെ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും. പ്രസ്തുത ഭരണഘടനാ ഭേദഗതികളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ പഞ്ചായത്ത് രാജ്-മുനിസിപ്പാലിറ്റി ആക്ടുകൾ പാസ്സാക്കിയിട്ടുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി സ്വതന്ത്ര സംവിധാനങ്ങളായി പ്രവർത്തിക്കേണ്ട പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും ഭരണ സംവിധാനത്തെ സംയോജിപ്പിക്കുന്നത് അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാനതത്വങ്ങളോട് യോജിക്കുന്ന സമീപനമല്ല. ഇവിടെ വിവിധ വകുപ്പുകളുടെ ഏകീകരണത്തെക്കുറിച്ച് വ്യവസ്ഥ ചെയ്യുന്ന ഒരു ബില്ലാണിത്. പക്ഷെ അത് ഏത് രീതിയിൽ നടപ്പാക്കുമെന്നതിനെ സംബന്ധിച്ച് വ്യവസ്ഥകളൊന്നും ബില്ലിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടില്ലാത്തതുകൊണ്ട് ഈ ബിൽ പാസ്സായി വരുമ്പോൾ കോടതി കയറിയിറങ്ങുന്ന സാഹചര്യമുണ്ടാകുമോ എന്നുപോലും ആശങ്കയുണ്ട്. അതുപോലെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകൾ ഉന്നയിച്ച ആശങ്കകൾക്കും മുന്നോട്ടുവച്ച നിർദ്ദേശങ്ങൾക്കും അർഹിക്കുന്ന പരിഗണന ബില്ലിൽ

ഉണ്ടായിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വർഷങ്ങളായി നിലനിൽക്കുന്ന ഒരു സംവിധാനത്തിൽനിന്നും പുതിയൊരു സംവിധാനത്തിനു കീഴിലേയ്ക്ക് കൊണ്ടുവരുമ്പോഴുണ്ടാകാവുന്ന പ്രായോഗികവിഷയങ്ങൾ കണക്കിലെടുക്കാതെ ഇങ്ങനെയൊരു ബില്ലുമായി മുന്നോട്ടുപോകുന്നത് പഞ്ചായത്തുകളുടെ പ്രവർത്തനത്തെ ഏത് രീതിയിൽ ബാധിക്കുമെന്നതിനെ സംബന്ധിച്ച് കൃത്യമായ പഠനം നടത്തിയിട്ടുണ്ടോ; ഏതെങ്കിലും റിപ്പോർട്ടിന്റെയോ കേസ് സ്റ്റഡിയുടെയോ അടിസ്ഥാനത്തിലാണോ ഇങ്ങനെയൊരു ബില്ലുമായി വന്നതെന്ന് വ്യക്തമാക്കണം. കഴിഞ്ഞ കുറെ നാളുകളായി, പഞ്ചായത്തുകളിലുൾപ്പെടെ ട്രാൻസ്ഫറും പ്രൊമോഷനുകളും നടക്കുന്നില്ല. തസ്തികകൾ പലതും ഒഴിഞ്ഞുകിടക്കുകയാണ്. ഏകദേശം അറുപതിലധികം പഞ്ചായത്തുകളിൽ സെക്രട്ടറിമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. പ്രൊമോഷനായി വരേണ്ട തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുകൊണ്ട് പ്രൊമോഷൻ സാധ്യതകളും പുതിയ ഉദ്യോഗാർത്ഥികളുടെ നിയമനങ്ങളും തടസ്സപ്പെട്ടിരിക്കുന്നു. എല്ലാ അർത്ഥത്തിലും പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ പ്രതിസന്ധിയിലായിരിക്കുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്ത് പകരുകയെന്ന ലക്ഷ്യമാണ് സർക്കാരിനുള്ളതെങ്കിൽ അടിസ്ഥാനപരമായി ചെയ്യേണ്ട കാര്യം അവർക്ക് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അവകാശം കൊടുക്കുക എന്നുള്ളതാണ്. പക്ഷെ നിർഭാഗ്യവശാൽ സർക്കാർ ചെയ്തുകൊണ്ടിരിക്കുന്ന എല്ലാ പ്രവർത്തനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്വയംഭരണാവകാശത്തെയും അവരുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെയുമൊക്കെ കവർന്നെടുക്കുന്നതാണ്. കോവിഡിന്റെ സമയത്ത് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും മാതൃകാപരമായിട്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് നമുക്കറിയാം. ഒരു വാർഡിൽ ഒരാൾക്ക് കോവിഡ് വന്നുകഴിഞ്ഞാൽ ആദ്യം ബന്ധപ്പെടുന്നത് അവിടത്തെ പഞ്ചായത്ത് മെമ്പറെയോ ആശാ വർക്കറെയോ ആയിരിക്കും. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി കമ്മ്യൂണിറ്റി കിച്ചൺ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ചെലവഴിച്ച പണംപോലും ഇതുവരെ കൊടുത്തുതീർക്കാൻ പല പഞ്ചായത്തുകൾക്കും സാധിച്ചിട്ടില്ല. പഞ്ചായത്തുകളുടെ തനത് ഫണ്ടിൽനിന്നും പ്ലാൻ ഫണ്ടിൽനിന്നുമെല്ലാം വലിയതോതിലുള്ള തുക ഇതുപോലുള്ള ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കേണ്ട സാഹചര്യം വരികയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. നൗഷാദ്)

സ്പിൽ ഓവർ പ്രോജക്ടുകൾപോലും നിർത്തിയതുകൊണ്ട് പഞ്ചായത്തുകൾക്ക് അവരുടെ പദ്ധതി നിർവ്വഹണത്തിൽ വലിയ പ്രതിസന്ധി നേരിടുകയാണ്. അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് പറയുമ്പോഴും നിർഭാഗ്യവശാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെമേൽ മാൻഡേറ്ററി സ്പെൻഡിംഗ് വലിയ

തോതിൽ വർദ്ധിക്കുകയാണ്. ലൈഫ് പദ്ധതി, സർവ്വശിക്ഷ കേരളം, അങ്കണവാടികൾ, വനിത ഘടകപദ്ധതികൾ, ജൽജീവൻ മിഷൻ എന്നീ പദ്ധതികൾക്കായി മാൻഡേറ്ററി സ്പെൻഡിംഗ് എന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനത്തിന്റെ വലിയൊരു ശതമാനം മാറ്റി വയ്ക്കേണ്ടി വരികയാണ്. അങ്ങനെ വരുമ്പോൾ പശ്ചാത്തല വികസനത്തിനായി അല്ലെങ്കിൽ പഞ്ചായത്തിന് സ്വന്തമായി ഒരു പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കാൻ സാധിക്കാത്ത സാഹചര്യമാണുണ്ടാകുന്നത്. അക്ഷരാർത്ഥത്തിൽ സർക്കാർ നിർദ്ദേശിക്കുന്ന പദ്ധതികളുടെ നിർവ്വഹണ ഏജൻസി എന്ന രീതിയിലേയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറുകയാണ്. പ്രാദേശിക ഗവൺമെന്റ് എന്ന നിലയിൽ ഒരു പഞ്ചായത്ത് ഭരണസമിതിക്ക് ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാനുള്ള ഫണ്ട് ലഭ്യമാകാത്ത ഗുരുതരമായ സാഹചര്യമാണ് നിലനിൽക്കുന്നത്. അതുകൊണ്ട് ഇപ്പോൾ പല പഞ്ചായത്തുകളിലും ഒരു വാർഡിലേയ്ക്ക് ശരാശരി അഞ്ച് ലക്ഷം രൂപയിൽ താഴെമാത്രമാണ് ഒരു മെമ്പർക്ക് പശ്ചാത്തല സൗകര്യ വികസനത്തിനായോ ഒരു റോഡ് നവീകരണത്തിനായോ മറ്റെന്തെങ്കിലും വികസന പ്രവർത്തനങ്ങൾക്കായിട്ടോ മാറ്റിവയ്ക്കാൻ സാധിക്കുന്നത്. ഫണ്ടിന്റെ അപര്യാപ്തതമൂലം പഞ്ചായത്ത് റോഡുകൾ നവീകരിക്കാൻ സാധിക്കാത്തതുകൊണ്ട് പഞ്ചായത്ത് മെമ്പർമാർ എം.എൽ.എ. ഫണ്ട് ചോദിച്ചുകൊണ്ട് എം.എൽ.എ.-മാരെ സമീപിക്കുന്ന സാഹചര്യമാണുള്ളത്. എം.എൽ.എ.-മാരെ സംബന്ധിച്ചിടത്തോളം പഞ്ചായത്ത് റോഡുകളുടെ മെയിന്റനൻസിന് എം.എൽ.എ. ഫണ്ട് നൽകിയാൽ മറ്റ് ക്രിയാത്മക പദ്ധതികളൊന്നും അവരവരുടെ മണ്ഡലങ്ങളിൽ ചെയ്യാൻ സാധിക്കാത്ത സാഹചര്യമുണ്ടാകും. ഇത് പ്രത്യേകമായി കണ്ടുകൊണ്ട് പഞ്ചായത്തുകളുടെ പശ്ചാത്തല സൗകര്യ വികസനത്തിനുവേണ്ടി അവർക്കാവശ്യമായ ഫണ്ട് കണ്ടെത്താനുള്ള സംവിധാനമുണ്ടാക്കണം. സാമ്പത്തികമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ വരിഞ്ഞുമുറുക്കുന്ന സർക്കാരിന്റെ ഈ നടപടികളിൽനിന്നും പിന്മാറണം. പഞ്ചായത്ത് റോഡുകളുടെ നവീകരണത്തിനായി സർക്കാർ മുൻകയ്യെടുത്ത് പ്രത്യേക ഫണ്ട് അനുവദിച്ചെങ്കിൽ മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുള്ള ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ടും ഇൻഫർമേഷൻ കേരള മിഷന്റെ നടത്തിപ്പുമായി ബന്ധപ്പെട്ടും നിരവധി പരാതികൾ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇക്കാര്യം പ്രത്യേകമായി പരിഗണിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

തെരുവ് നായ ശല്യത്തെക്കുറിച്ച് കഴിഞ്ഞ ദിവസം നമ്മൾ ചർച്ച ചെയ്തതാണ്. തെരുവ് നായ ശല്യം വർദ്ധിക്കുമ്പോൾ അതിനെ പിടിക്കാനുള്ള ഉത്തരവാദിത്വംകൂടി പഞ്ചായത്തിനെ ഏൽപ്പിക്കുകയാണ്. തെരുവ് നായ ശല്യം

പെരുകിയ സാഹചര്യത്തിൽ വന്ധ്യംകരണം വേഗത്തിലാക്കാനും കൂടുതൽ കേന്ദ്രങ്ങൾ തുടങ്ങാനും ആവശ്യപ്പെട്ടുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് ഒരു ഉത്തരവ് പുറപ്പെടുവിച്ചു. ഗ്രാമ/ ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകൾ, നഗരസഭ തുടങ്ങിയവയുടെ സംയുക്ത പദ്ധതിയായാണ് എ.ബി.സി. നടപ്പിലാക്കാൻ നിർദ്ദേശം നൽകിയത്. അതിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തുകൾക്കാണ് അതിന്റെ നിർവ്വഹണ ചുമതല നൽകിയത്. ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും അതിനുള്ള തുക കൈമാറണം. നൽകിയിരിക്കുന്ന നിർദ്ദേശമനുസരിച്ച് പുതിയതായി ഓപ്പറേഷൻ തീയേറ്റർ, ഷെൽറ്റർ, പോസ്റ്റ് ആൻഡ് പ്രീ ഓപ്പറേഷൻ കെയർ യൂണിറ്റ്, സ്റ്റോർ, സി.സി.ടി.വി., എ.സി., കിച്ചൺ സൗകര്യം എന്നിവയെല്ലാം ആവശ്യമാണ്. ഇതെല്ലാം എ.ബി.സി. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചെയ്യാൻ പഞ്ചായത്തുകളോടും ജില്ലാ പഞ്ചായത്തുകളോടുമാണ് ആവശ്യപ്പെടുന്നത്. ഇത്തരത്തിലൊരു സെന്റർ തുടങ്ങണമെങ്കിൽത്തന്നെ 20 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപ വരെ ഓരോ ജില്ലാ പഞ്ചായത്തും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചെലവ് ചെയ്യേണ്ടതായി വരും. സർക്കാർ നിർദ്ദേശങ്ങൾ മാത്രം നൽകിയാൽ പോരാ, അതിനാവശ്യമായ ഫണ്ട് കൂടി നൽകിയാൽ മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അത് ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. അല്ലാത്തപക്ഷം സർക്കാർ നൽകുന്ന നിർദ്ദേശം മാത്രം അനുസരിക്കാൻ വിധിക്കപ്പെട്ട ഒരു ഏജൻസിയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറുന്ന കാഴ്ച നമ്മൾ കാണേണ്ടിവരും. അതുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര വികേന്ദ്രീകരണത്തെ അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ പ്രവർത്തിപഥത്തിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ പഞ്ചായത്തുകൾക്ക് ആവശ്യമായ പദ്ധതി വിഹിതവും മെയിന്റനൻസ് ഗ്രാന്റ് ഉൾപ്പെടെ ലഭ്യമാക്കാൻ സർക്കാർ തയ്യാറാകണം. കേരളം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയം മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ടതാണ്. പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മാലിന്യ നിർമ്മാർജ്ജനത്തിനായി വ്യക്തമായ ഒരു പദ്ധതിയോ മാർഗ്ഗരേഖയോ ആർക്കും നൽകാനില്ല. നിരവധി ആളുകൾ വിദേശ രാജ്യങ്ങളിൽ പോകുന്നവരാണ്. പ്രവാസികൾ നാട്ടിൽ തിരിച്ചുവരുന്നു. അവിടെയൊക്കെ ജൈവ/അജൈവ മാലിന്യങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളുമൊക്കെ ശേഖരിക്കാൻ വളരെ ഫലപ്രദമായ സംവിധാനങ്ങളുണ്ട്. അത് ലോകത്ത് എല്ലാ ഭാഗങ്ങളിലും നടപ്പിലാകുന്നുണ്ട്. നിർഭാഗ്യവശാൽ നമ്മുടെ നാട്ടിൽ മാത്രം മാലിന്യനിർമ്മാർജ്ജനം ഒരു കീറാമുട്ടിയായി നിൽക്കുകയാണ്. പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മാത്രം ഏൽപ്പിച്ചുകൊണ്ട് ഫലപ്രദമായി നടപ്പാക്കാൻ സാധിക്കുമോയെന്നത് സംശയമാണ്. ഉറവിട മാലിന്യനിർമ്മാർജ്ജനത്തോടൊപ്പം സംസ്ഥാനത്ത് കേന്ദ്രീകൃത മാലിന്യനിർമ്മാർജ്ജന പദ്ധതികൂടി നടപ്പിലാക്കുന്നതിനുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. അല്ലെങ്കിൽ വരും നാളുകളിൽ കേരളം അഭിമുഖീകരിക്കാൻ

പോകുന്ന ഏറ്റവും വലിയ ഒരു പ്രശ്നം ഇതുതന്നെയായിരിക്കും. ആളൊഴിഞ്ഞ പ്രദേശങ്ങളിൽ മാലിന്യം തള്ളുന്ന വാർത്തകൾ പത്രങ്ങളുടെ പ്രാദേശിക പേജുകൾ പരിശോധിച്ചാൽ കാണാൻ സാധിക്കും. അതുമൂലം വലിയ സാമൂഹ്യപ്രശ്നവും മാലിന്യപ്രശ്നവും തെരുവ് നായ്ക്കളുടെ എണ്ണം ഉൾപ്പെടെ നിയന്ത്രിക്കാൻ സാധിക്കാത്ത സ്ഥിതിയുമാണുണ്ടാകുന്നത്. മാലിന്യ നിർമ്മാർജ്ജനം ഏതൊരു മലയാളിയുടെയും അടിസ്ഥാന പ്രശ്നമായി മാറിയിരിക്കുന്നു. വരുംനാളുകളിൽ അത് കൂടുതൽ ഗുരുതരമാകും. അതുകൊണ്ടുതന്നെ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി എന്ന നിലയിൽ അങ്ങ് ഇതിനെ കേരളത്തിന്റെ വലിയൊരു സാമൂഹ്യ പ്രശ്നമായി കാണുകയും മാലിന്യ നിർമ്മാർജ്ജനം നമ്മുടെ ഉത്തരവാദിത്വമായി കണ്ടുകൊണ്ട് അതിനുവേണ്ടി കൃത്യമായ കർമ്മ പദ്ധതി രൂപീകരിക്കുകയും വേണം. 'Waste-to-energy plant' സ്ഥാപിക്കുമെന്ന് ബ്രഹ്മപുരത്ത് ഒരു പ്രഖ്യാപനമുണ്ടായിരുന്നു, അത് എങ്ങുമെത്തിയിട്ടില്ല. ഇക്കാര്യങ്ങൾ പ്രഖ്യാപനങ്ങളിൽ മാത്രം ഒതുങ്ങുകയാണ്. റോഡുകളുടെയും തോടുകളുടെയും കുളങ്ങളുടെയും സൈഡിലും ആളൊഴിഞ്ഞ പ്രദേശങ്ങളിലുമൊക്കെ മാലിന്യം നിക്ഷേപിച്ചുപോകുന്നത് സാമൂഹ്യ വിപത്തായിക്കണ്ട് അത് പരിഹരിക്കാനുള്ള നടപടിയുണ്ടാകണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കായംകുളം മുനിസിപ്പാലിറ്റിയിൽ തൊഴിലുറപ്പ് തൊഴിലാളികൾ മുനിസിപ്പാലിറ്റി വളഞ്ഞിരിക്കുകയാണ്. കാരണം അവർക്ക് തൊഴിലുറപ്പ് ജോലിയുടെ കൂലി ലഭിച്ചിട്ടില്ല. പ്രത്യേകിച്ച് ഓണം സമയത്ത് അവർ പട്ടിണിയിലാകുന്ന സാഹചര്യമാണുണ്ടാകുന്നത്. സ്വാഭാവികമായും കേന്ദ്ര സർക്കാരിന്റെ ഫണ്ടുമുണ്ടാകും. അതുകൊണ്ട് ഗവൺമെന്റ് എത്രയും വേഗം ഇടപെട്ട് അതിനൊരു പരിഹാരം കാണണമെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

<u>ശ്രീ. റോജി എം. ജോൺ</u>: സർ, തീർച്ചയായും അടിസ്ഥാന വർഗ്ഗത്തിൽപ്പെട്ട ആളുകളെ സംബന്ധിച്ച് അവരുടെ വിഷയങ്ങളിൽ പ്രത്യേകമായ കരുതലും ക്രിയാത്മകമായ നടപടിയും പരിഹാരവും ഉണ്ടാകേണ്ടതാണ്. ഇന്ന് രാവിലെ നിയമസഭ ചർച്ച ചെയ്തത് കേരളത്തിലെ വലിയ സാമൂഹ്യ വിപത്തായ ലഹരിയുടെ വ്യാപനത്തെ സംബന്ധിച്ച് ബഹുമാന്യനായ പി. സി. വിഷ്ണുനാഥ് ഉന്നയിച്ച അടിയന്തര പ്രമേയമാണ്. അതിനോടനുബന്ധിച്ച ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ഒരു നിർദ്ദേശം വയ്ക്കുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ വികസിപ്പിക്കുന്നതിനുള്ള നടപടിയുണ്ടാകണം. അത് ഇന്നത്തെ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. യുവജനങ്ങളെ സംബന്ധിച്ച് അവർക്ക് ഒത്തുചേരാനുള്ള പൊതു ഇടങ്ങൾ നമ്മുടെ നാട്ടിൽ അന്യമായിക്കൊണ്ടിരിക്കുകയാണ്. 15 വർഷം മുമ്പുവരെ ഒരു പ്രദേശമോ

പഞ്ചായത്തോ എടുത്താൽ അവിടെയൊക്കെ നിരവധി കളിസ്ഥലങ്ങളുണ്ടായിരുന്നു. കളിസ്ഥലങ്ങൾ എന്നുപറയുന്നത് ഒരു പഞ്ചായത്തിലെ ഗ്രൗണ്ടെന്ന രീതിയിലല്ല. ഒഴിഞ്ഞുകിടന്നിരുന്ന സ്ഥലങ്ങളിലും കൃഷി ചെയ്യാത്ത പാടശേഖരങ്ങളിലുമൊക്കെ കുട്ടികൾ ഇറങ്ങി കളിക്കുന്ന ഒരു സംസ്കാരം നമുക്കുണ്ടായിരുന്നു. പക്ഷെ ഇന്ന് അവിടെയൊക്കെ കെട്ടിടങ്ങളോ അല്ലെങ്കിൽ മതിൽ കെട്ടി അടയ്ക്കപ്പെടുകയോ ചെയ്തിരിക്കുന്നതുകൊണ്ട് പൊതു കളിസ്ഥലങ്ങളും ആളുകൾക്ക് ഒത്തുകൂടാനുള്ള പൊതു ഇടങ്ങളും ഇല്ലാതായിരിക്കുന്നു. ഇത് വലിയ ഒരു സാമൂഹ്യ വിപത്തിലേയ്ക്ക് പോകുകയാണ്. ലഹരിയുടെ വ്യാപനത്തെക്കുറിച്ച് പറയുമ്പോൾ, ലഹരി കഴിക്കരുത്, ഉപയോഗിക്കരുത് എന്നൊക്കെ പറഞ്ഞ് ക്ലാസ്സുകൾ നടത്തുന്നത് വർഷങ്ങളായി തുടർന്നുകൊണ്ടിരിക്കുന്നതാണ്. ക്ലാസ്സുകൾ കൊണ്ടുമാത്രം ഇതിനെ ഫലപ്രദമായി എത്രത്തോളം പ്രതിരോധിക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് ആലോചിക്കണം. യുവതലമുറയുടെ എനർജിയെ സ്വതന്ത്രമാക്കാനുള്ള അല്ലെങ്കിൽ അതിനെ ക്രിയേറ്റീവായി ഉപയോഗപ്പെടുത്താനുള്ള അവസരങ്ങൾ കൊടുത്തില്ലെങ്കിൽ അത് വിനാശകരമായ മേഖലകളിലേയ്ക്ക് കടന്നുപോകുമെന്നുള്ളതാണ് നമ്മുടെ മുമ്പിലുള്ള അനുഭവങ്ങൾ തെളിയിക്കുന്നത്. 'ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം' എന്നരീതിയിൽ സർക്കാർ പദ്ധതി ആവിഷ്കരിച്ചത് നല്ല കാര്യമാണ്. പക്ഷേ കളിസ്ഥലങ്ങൾക്കായി ഭൂമി ഏറ്റെടുക്കാൻ ഇന്ന് പല സ്ഥലങ്ങളിലും ഭൂമി ലഭ്യമല്ല. മാത്രമല്ല അതിനുള്ള ഫണ്ട് പഞ്ചായത്തിനുമില്ല. കേരളത്തിന്റെ നിലവിലെ സാഹചര്യം പരിശോധിക്കുമ്പോൾ ഒരു വാർഡിൽ മിനിമം ഒരു കളിസ്ഥലമെങ്കിലുമുണ്ടായിരിക്കേണ്ടത് യുവതലമുറയ്ക്ക് നമ്മൾ ചെയ്തുകൊടുക്കേണ്ട വലിയൊരു കാര്യമാണ്. അങ്ങനെ ചെയ്തെങ്കിൽ മാത്രമേ ആരോഗ്യവും കായികക്ഷമതയുമുള്ള ഒരു തലമുറയെ വളർത്തിയെടുക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കൂടുതൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനും സ്ഥലമേറ്റെടുക്കുന്നതിനുമുള്ള സംവിധാനങ്ങളൊരുക്കണം. അതിന് ഫണ്ട് അനുവദിക്കേണ്ടതായിട്ടുണ്ട്.

<u>മി. ചെയർമാൻ</u>: ശ്രീ. റോജി എം. ജോൺ, അങ്ങയുടെ പ്രസംഗം ചുരുക്കണം. അങ്ങ് കൂടുതൽ സമയമെടുക്കുന്നില്ലെന്ന് പറഞ്ഞിട്ട് 15 മിനിട്ടായി.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, നേരത്തെ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ള ഒരു കാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്താം. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് സ്കൂളുകൾക്കുവേണ്ടി വിനിയോഗിക്കുന്നുണ്ട്. ഇപ്പോൾ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം നിർമ്മിക്കണമെന്ന് ആഗ്രഹിച്ചാൽപ്പോലും പലപ്പോഴും സർക്കാർ സ്കൂളുകളുമായി ബന്ധപ്പെട്ട് അതിനുള്ള ഭൂമി ലഭ്യമായില്ലെന്നുവരും. എയ്ഡഡ് സ്കൂളുകൾക്ക് ചിലപ്പോൾ ഭൂമി ലഭ്യമായിട്ടുണ്ടാകും. പക്ഷേ നിലവിലെ മാനദണ്ഡമനുസരിച്ച്

എയ്ഡഡ് സ്കൂളുകളിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് എം.എൽ.എ. ഫണ്ടിൽനിന്നും പണം കൊടുക്കാൻ സാധിക്കുന്നില്ല. എയ്ഡഡ് സ്കൂളുകൾക്ക് പാചകപ്പുര നിർമ്മിക്കാനും കമ്പ്യൂട്ടർ വാങ്ങാനുമൊക്കെ എം.എൽ.എ.-മാർ പണം അനുവദിക്കുന്നുണ്ട്. സർക്കാർ സ്കൂളുകളിൽ കെട്ടിട നിർമ്മാണം, ഗ്രൗണ്ട് നിർമ്മാണം തുടങ്ങിയ ഏത് നിർമ്മാണ പ്രവർത്തനങ്ങൾക്കും എം.എൽ.എ. ഫണ്ട് ഉപയോഗിക്കാൻ സാധിക്കും. പക്ഷേ നാട്ടിൽ പലപ്പോഴും എയ്ഡഡ് സ്കൂളുകളുമായി ബന്ധപ്പെട്ടാണ് സ്ഥലം ലഭ്യമായിട്ടുള്ളത്. ഇത് സർക്കാർ പൊതുവായി എടുക്കേണ്ട തീരുമാനമാണ്. എയ്ഡഡ് സ്കൂളുകളിലുൾപ്പെടെ ഗ്രൗണ്ടുകൾ നവീകരിക്കാനായി എം.എൽ.എ. ഫണ്ട് വിനിയോഗിക്കാൻ സർക്കാർ അനുമതി നൽകിയാൽ അത്തരത്തിലും നമുക്ക് സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ കൂടുതലായി വികസിപ്പിച്ചെടുക്കാൻ സാധിക്കും. അത് ഈ നാടിനോടും യുവതലമുറയോടും ചെയ്യേണ്ട ഏറ്റവും വലിയ ഉത്തരവാദിത്വമാണെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, യുവതയോട് അരുതെന്നുമാത്രം പറയുന്നതിൽ കാര്യമില്ല. അവരെ പോസിറ്റീവായി എൻഗേജ് ചെയ്യിക്കണം. കായിക മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുൾപ്പെടെ നടത്തേണ്ട കാര്യങ്ങളെ സംബന്ധിച്ച് വളരെ ശരിയായി അങ്ങ് പ്രതിപാദിക്കുകയുണ്ടായി. ഒരു പ്രധാനപ്പെട്ട കാര്യം സഭയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. കഴിഞ്ഞ കോമൺവെൽത്ത് ഗെയിംസിൽ അഞ്ച് മലയാളികൾ ഈ നാടിനാകെ അഭിമാനകരമായ വിജയം നേടി അന്താരാഷ്ട്രവേദിയിൽ ഇന്ത്യയുടെ ദേശീയഗാനം കേൾപ്പിച്ചിട്ടാണ് വന്നത്. എന്നാൽ തിരികെ വന്നപ്പോൾ എയർപോർട്ടിൽ അവർക്ക് അർഹമായ സ്വീകരണം കൊടുക്കാൻ സർക്കാരിന്റെ ഉത്തരവാദിത്വപ്പെട്ട ഒരു പ്രതിനിധിയേയും കണ്ടില്ലെന്നുള്ളത് ഖേദകരമാണ്. ട്രിപ്പിൾ ജമ്പിൽ സ്വർണ്ണ മെഡൽ നേടിയ ശ്രീ. എൽദോസ് പോൾ ഒരു മലയാളിയാണ്. നമുക്കിതുവരെ അച്ചീവ് ചെയ്യാൻ കഴിയാത്ത ഒരു നേട്ടമാണ് അദ്ദേഹം കൈവരിച്ചത്. ചെറുപ്രായത്തിൽ അമ്മ മരിച്ച ആ ചെറുപ്പക്കാരൻ ഒറ്റമുറി വീട്ടിൽനിന്നും പഠിച്ചുവളർന്ന് ഈ നാടിനുവേണ്ടി ഇത്രയും വലിയ നേട്ടമുണ്ടാക്കിയാണ് തിരികെ വന്നത്. അതുപോലെ ട്രിപ്പിൾ ജമ്പിൽ വെള്ളി മെഡൽ നേടിയ ശ്രീ. അബ്ദുള്ള അബൂബക്കറും സാധാരണ കുടുംബത്തിൽ ജനിച്ചുവളർന്ന പ്രതിഭയാണ്. നാഷണൽ ലോങ് ജമ്പ് റെക്കോർഡ് ഹോൾഡറായ പാലക്കാടുകാരൻ ശ്രീ. എം. ശ്രീശങ്കർ മുരളി, അന്താരാഷ്ട്ര സീസണിലെ ബെസ്റ്റ് ഡിസ്റ്റൻസ് കവർ ചെയ്തതിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന 23 വയസുള്ള ഒരു ചെറുപ്പക്കാരനാണ്. 8.36 മീറ്ററായിരുന്നു ശ്രീശങ്കർ ചാടിയ റെക്കോർഡ് ദൂരം. ലോകത്തെ ഏത് മീറ്റിലും അദ്ദേഹത്തിന്റെ ബെസ്റ്റ് ഡിസ്റ്റൻസ് കവർ ചെയ്താൽ നമുക്ക് മെഡൽ ലഭിക്കുമെന്ന് ഉറപ്പാണ്. ഒളിമ്പിക്സ് മെഡൽ നേടിയ ശ്രീ. പി. ആർ. ശ്രീജേഷിന് ഇപ്പോൾ കോമൺവെൽത്ത് ഗെയിംസിലും മെഡൽ ലഭിക്കുകയുണ്ടായി. കോമൺവെൽത്ത് ഗെയിംസിൽ, ബാഡ്മിന്റൻ മെഡൽ ജേതാവാണ് ട്രീസ ജോളി. ഈ അഞ്ച്

താരങ്ങൾക്കുമുള്ള ക്യാഷ് അവാർഡ് പ്രഖ്യാപിക്കാൻ ഇത്രയും കാലതാമസം വരുത്തുന്നതെന്തിനാണ്? സ്വർണ്ണ മെഡൽ ജേതാവിന് ഒന്നരക്കോടി രൂപയും വെള്ളി മെഡൽ ജേതാവിന് 75 ലക്ഷം രൂപയും വെങ്കല മെഡൽ ജേതാവിന് 50 ലക്ഷം രൂപയും ഹരിയാന കൊടുത്തു. അതുപോലെ മറ്റ് സംസ്ഥാനങ്ങളും 50 ലക്ഷം രൂപയും ഒരു കോടി രൂപയുമൊക്കെ ജേതാക്കൾക്ക് കൊടുക്കുമ്പോൾ കേരളം ഇതുവരെ അവർക്കൊരു സ്വീകരണം പോലും കൊടുത്തില്ലെന്നുമാത്രമല്ല ക്യാഷ് അവാർഡും പ്രഖ്യാപിച്ചിട്ടില്ല. ശ്രീശങ്കറിന്റെ ജോലിക്കാര്യത്തിൽ ഇതുവരെ ഒരു തീരുമാനവുമെടുത്തിട്ടില്ല. കെ.എ.എസ്. ഉൾപ്പെടെയുള്ള സംവിധാനങ്ങൾ അവർക്കുവേണ്ടി തുറന്നുകൊടുക്കണം. ഇത്തരം കാര്യങ്ങളിൽ എത്രയുംപെട്ടെന്ന് തീരുമാനമെടുത്താൽ മാത്രമല്ലേ ഈ ചെറുപ്പക്കാർക്ക് അതൊരു ഐക്കൺ ആയി മാറി, സ്പോർട്സിനോട് കൂടുതൽ അറ്റാച്ച്ഡായി, കൂടുതൽ താരങ്ങൾ നമ്മുടെ നാട്ടിൽനിന്ന് വളർന്നുവരികയുള്ളൂ.

ശ്രീ. റോജി എം. ജോൺ: സർ, ശരിയാണ്. നമ്മുടെ കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റങ്ങളും ഇന്നത്തെ തലമുറയുടെ കാഴ്ചപ്പാടുകളുമൊക്കെ നമ്മൾ തിരിച്ചറിയേണ്ടതായിട്ടുണ്ട്. അതിനനുസരിച്ച് നമ്മുടെ ഭരണ സംവിധാനങ്ങളിലും സമീപനങ്ങളിലും നയപരമായ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിയാതെവരുമ്പോഴാണ് ആ തലമുറയൊക്കെ ലഹരിയുടെയും മറ്റും പിടിയിലേയ്ക്ക് പോകുന്നതെന്ന് നമ്മൾ തിരിച്ചറിയാതെ പോകരുത്. സ്പോർട്സ് ഇതിന് വലിയൊരു ബദലാണ്. ലഹരിക്ക് അടിമപ്പെടുന്ന ഒരാളെ ഡി-അഡിക്ഷൻ സെന്ററിൽ കൊണ്ടുവന്ന് ചികിത്സിക്കുന്നതിനേക്കാൾ എത്രയോ നല്ലതാണ് അങ്ങനെ പോകാൻ സാധ്യതയുള്ള ഒരാളെ മറ്റൊരു ക്രിയേറ്റീവായ മേഖലയിലേയ്ക്കോ കായിക രംഗത്തേയ്ക്കോ കൈ പിടിച്ച് നടത്തി അവർ ലഹരിയുടെ അടിമത്തത്തിലേയ്ക്ക് പോകാതെ തടഞ്ഞുനിർത്താൻ കഴിയുന്നത്. അത്തരം രീതിയിലേയ്ക്ക് നമ്മുടെ ചിന്തകൾ മാറേണ്ടതായിട്ടുണ്ട്. ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞതുപോലെ, നമുക്ക് മാതൃകയായ കായിക താരങ്ങൾ ഒരു അംഗീകാരം നേടുമ്പോൾ അവരെ ആദരിക്കേണ്ടത് ഈ നാടിന്റെ ആവശ്യമാണ്. അത് അവർക്ക് ലഭിക്കുന്ന അംഗീകാരം മാത്രമല്ല, ഈ നാട്ടിലെ യുവതലമുറയ്ക്ക് കൊടുക്കുന്ന ഒരു മാതൃകകൂടിയാണ്. ഇത്തരം മേഖലകളിലേയ്ക്ക് അവർക്ക് കടന്നുവരാനുള്ള ഒരു പ്രചോദനം കൂടിയാണ്. ആ രീതിയിൽ നമ്മൾ കാണണം. നമ്മുടെ പഞ്ചായത്തുകളിൽ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ വികസിപ്പിച്ചെടുക്കാൻ സാധിച്ചില്ലെങ്കിൽ നമ്മുടെ യുവതലമുറ ഇന്ന് റമ്മി കളി പോലുള്ള മറ്റ് ഓൺലൈൻ ഗെയിമുകളിലേയ്ക്ക് പോകുന്നത് കാണേണ്ടി വരും. അങ്ങനെ പോയി ലക്ഷക്കണക്കിന് രൂപ നഷ്ടപ്പെട്ട് കുടുംബങ്ങൾ അവതാളത്തിലാകുകയും പല ആളുകളെയും ആത്മഹത്യയിലേയ്ക്ക് തള്ളിവിടുകയും ചെയ്യുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. ഓൺലൈൻ റമ്മി കളിക്കുന്ന ആളുകളെയല്ല നമുക്ക് ആവശ്യം. ഇവിടെ പറഞ്ഞതുപോലെ, കോമൺവെൽത്ത് ഗെയിംസിലും ദേശീയ

ഗെയിംസിലും ഒളിമ്പിക്സിലുമൊക്കെ പോയി ട്രിപ്പിൾ ജമ്പിലും ലോങ് ജമ്പിലുമൊക്കെ മെഡലുകൾ നേടാൻ സാധിക്കുന്ന യുവതലമുറയെ വാർത്തെടുക്കുന്ന ഒരു സ്പോർട്സ് കൾച്ചർ ഈ നാട്ടിലുണ്ടാക്കിയെടുക്കാൻ നമുക്ക് സാധിക്കണം. അതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് ഏറ്റവും വലിയ പങ്കുവഹിക്കാൻ സാധിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സർക്കാരിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്ന ഏജൻസി മാത്രമായി ചുരുക്കാതെ ഇത്തരം മേഖലകളിലേയ്ക്ക് ക്രിയാത്മകമായ ഇടപെടലുകൾ നടത്തുന്ന പ്രാദേശിക ഗവൺമെന്റുകളായി മാറ്റാൻ സർക്കാർ തയ്യാറാകണം. അതിനുള്ള സമീപനമുണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, ഈ ബിൽ സംബന്ധിച്ച് എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ നൽകുന്ന നടപടികൾ നമ്മുടെ രാജ്യത്ത് ആരംഭിച്ചത്. ഇത് നിലവിൽ വന്നിട്ട് 28 വർഷം പൂർത്തീകരിച്ചിരിക്കുകയാണ്. ആ സന്ദർഭത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അവസ്ഥ എന്താണെന്നതിനെ സംബന്ധിച്ച് സർക്കാർ ഒരു വിലയിരുത്തൽ നടത്തണമെന്നാണ് എനിക്ക് ആമുഖമായി സൂചിപ്പിക്കാനുള്ളത്. നേരത്തെ ഒരു പഞ്ചായത്തിനോ മുനിസിപ്പാലിറ്റിക്കോ പരമാവധി ഒരു ലക്ഷം രൂപയുടെ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കൊടുക്കാനുള്ള അധികാരമാണുണ്ടായിരുന്നതെങ്കിൽ ഇന്നത് ഒരു കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. സ്വാഭാവികമായും നമ്മുടെ നാടിന്റെ വികസന പ്രവർത്തനങ്ങളിൽ പ്രധാന പങ്കുവഹിക്കുന്നവയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറിയിരിക്കുകയാണ്. ഇന്ന് പൊതുജനങ്ങളുമായി ഏറ്റവുമടുത്ത് പ്രവർത്തിക്കുന്നവയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ. വീട് നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ, ഒരു കുട്ടിയുടെ ജനനം മുതൽ മരണം വരെയുള്ള കാര്യങ്ങൾ, സാമൂഹ്യ സുരക്ഷാ പെൻഷനുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവയെല്ലാം നടപ്പാക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. നമ്മുടെ നാട് നേരിടുന്ന എല്ലാ ദുരന്തങ്ങളെയും അഭിമുഖീകരിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയാണ്. കോവിഡ്, വെള്ളപ്പൊക്കം തുടങ്ങിയ ദുരന്തങ്ങൾ നമ്മുടെ നാട്ടിലുണ്ടായ സന്ദർഭങ്ങളിലെല്ലാം സംസ്ഥാന ഗവൺമെന്റിന്റെ നിർദ്ദേശങ്ങളെല്ലാം നടപ്പാക്കിക്കൊണ്ടിരുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. കഴിഞ്ഞ 28 വർഷക്കാലമായി വലിയ അധികാരങ്ങൾ കൊടുത്ത് വളർത്തി മുന്നോട്ടുകൊണ്ടുപോകുന്ന ഈ സ്ഥാപനത്തിന്റെ യഥാർത്ഥ വസ്തുതകളെ സംബന്ധിച്ച് വിലയിരുത്തേണ്ട ഒരു കാലഘട്ടമായിരിക്കുന്നു എന്നുള്ളതാണ് എനിക്ക് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. അതാണ് ബഹുമാനപ്പെട്ട റോജി എം. ജോണിന്റെ പ്രസംഗത്തിലൂടെ നമുക്ക് കേൾക്കാൻ സാധിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അതിന്റേതായ അധികാരങ്ങളെല്ലാം കൊടുത്ത് പൂർണ്ണതോതിൽ ശക്തിപ്പെടുത്തി

മുന്നോട്ടുപോകുന്നതിന് സഹായകരമായ നിലപാടെടുക്കാൻ കഴിയുന്നുണ്ടോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. 941 ഗ്രാമപഞ്ചായത്തുകളും 152 ബ്ലോക്ക് പഞ്ചായത്തുകളും 14 ജില്ലാ പഞ്ചായത്തുകളും 87 മുനിസിപ്പാലിറ്റികളും 6 കോർപ്പറേഷനുകളുമടക്കം ഏകദേശം 1200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. ആ സ്ഥാപനങ്ങളെയെല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്നതാണ് ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നത്. അങ്ങനെ വരുമ്പോൾ ആ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് വിലയിരുത്തണ്ടേ? നഗരകാര്യം, ഗ്രാമവികസനം, എൽ.എസ്.ജി.ഡി. (എഞ്ചിനീയറിംഗ്), നഗരാസൂത്രണം, പഞ്ചായത്ത്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ ആറ് വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ടാണ് ഒരു ഏകീകൃത വകുപ്പുണ്ടാക്കുന്നത്. പല മുനിസിപ്പാലിറ്റികൾക്കും ജീവനക്കാർക്ക് ശമ്പളംപോലും കൊടുക്കാൻ കഴിയുന്നില്ല. പല മുനിസിപ്പാലിറ്റികളിലെയും മുനിസിപ്പൽ ചെയർമാൻമാർ ഭാര്യമാരുടെ കെട്ടുതാലിവരെ പണയംവച്ച് ശമ്പളം കൊടുക്കേണ്ട സാഹചര്യം സംസ്ഥാനത്തുണ്ടായിട്ടുണ്ട്. സ്വാഭാവികമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ അവസ്ഥയെ സംബന്ധിച്ച് ഒരു അവലോകനം ഗവൺമെന്റ് നടത്തണ്ടേ? കാലാകാലങ്ങളിൽ മാറിമാറിവരുന്ന ഗവൺമെന്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങൾ ഒന്നൊന്നായി ഇല്ലായ്മ ചെയ്തുകൊണ്ടിരിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി, പരസ്യ നികുതി, വിനോദ നികുതി എന്നിവയെല്ലാം എടുത്തുമാറ്റിയിരിക്കുകയാണ്. ജി.എസ്.ടി. വന്നതോടെ പരസ്യ നികുതി പിരിക്കാനുള്ള സംവിധാനങ്ങൾകൂടി ഇല്ലാതായിരിക്കുകയാണ്. വിനോദ നികുതിയും പരസ്യ നികുതിയും ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്നില്ല. ജി.എസ്.ടി. കോമ്പൻസേഷൻ കൊടുക്കുമെന്ന് ഗവൺമെന്റ് പറഞ്ഞു. 2017-ലാണെന്ന് തോന്നുന്നു, ഒരു ഗഡു കൊടുത്തതല്ലാതെ അതിനുശേഷം ഒരു രൂപപോലും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. എങ്ങനെയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുന്നോട്ടുപോകുന്നത്? പരസ്യനികുതി, വിനോദ നികുതി എന്നിവയിലൂടെയാണ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടക്കുന്നത്. ആ നികുതികളെല്ലാം ഇപ്പോൾ നിശ്ചലമായിരിക്കുകയാണ്. പ്രൊഫഷണൽ ടാക്സ്, പ്രോപ്പർട്ടി ടാക്സ്, D&O License (Dangerous and Offensive Trades License) എന്നീ മൂന്ന് ഘടകങ്ങളിൽനിന്നുള്ള വരുമാനത്തിൽ ഊന്നിനിന്നുകൊണ്ടാണ് ഇന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. അപ്പോഴാണ് ആറ് വകുപ്പുകളെ സംയോജിപ്പിക്കാൻ ഗവൺമെന്റ് തീരുമാനമെടുത്തിരിക്കുന്നത്. അങ്ങനെ യോജിപ്പിച്ച് ഇവരെയെല്ലാം സർക്കാർ ജീവനക്കാരായി പരിഗണിക്കുമ്പോൾ ആ ജീവനക്കാർക്കെല്ലാവർക്കും ശമ്പളവും മറ്റാനുകൂല്യങ്ങളും കൊടുക്കാൻ സർക്കാർ തയ്യാറാകണ്ടേ? നഗരകാര്യം, ഗ്രാമവികസനം, എൽ.എസ്.ജി.ഡി. (എഞ്ചിനീയറിംഗ്), നഗരാസൂത്രണം എന്നീ വകുപ്പുകളിലെ ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നത് സർക്കാരാണ്. അവർക്ക് സർക്കാരിന്റെ എല്ലാ ആനുകൂല്യങ്ങളും കൊടുക്കുന്നുണ്ട്. പക്ഷേ,

വകുപ്പുകൾ ഏകീകരിക്കുമ്പോഴും പഞ്ചായത്ത്-മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൊടുക്കേണ്ടത് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ഇത് എന്ത് നീതിയാണ്; ഇത് എങ്ങനെ അംഗീകരിക്കാൻ കഴിയും? വിവിധ മേഖലകളിലെ ജീവനക്കാരെ മുഴുവൻ ഒന്നിപ്പിച്ച് ഒരു ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ കൊണ്ടുവരുമ്പോൾ അവർക്കെല്ലാം ശമ്പളം കൊടുക്കേണ്ടത് ഒരേ എജൻസിയായിരിക്കണമല്ലോ? പഞ്ചായത്തിൽ ജോലി ചെയ്തിരുന്ന ഒരു ജീവനക്കാരന് ശമ്പളം കൊടുക്കുന്നത് പഞ്ചായത്താണ്. എന്നാൽ ആ ജീവനക്കാരൻ ഗ്രാമവികസന വകുപ്പിലേയ്ക്ക് ട്രാൻസ്ഫർ ആയി പോയാൽ അയാൾക്ക് ശമ്പളം കൊടുക്കേണ്ടത് ഗ്രാമവികസന വകുപ്പാണ്. ഇത് എന്ത് നീതിയാണ്? സ്വാഭാവികമായും അത്തരം കാര്യങ്ങളാണ് ഈ ബില്ലിൽ ഏറ്റവും കൂടുതൽ നിഴലിച്ചുനിൽക്കുന്നത്. ജനങ്ങളുമായി ബന്ധപ്പെട്ടുനിൽക്കുന്ന ഒരു ഡിപ്പാർട്ടുമെന്റിലെ ജീവനക്കാരെ സംബന്ധിച്ചിടത്തോളം, അവർക്ക് ന്യായമായും കിട്ടേണ്ട ആനുകൂല്യങ്ങൾ കൊടുക്കാൻ കഴിയുന്നില്ലെന്നുള്ളതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന വരുമാനം പ്രോപ്പർട്ടി ടാക്സാണ്. ഒരേ വലിപ്പമുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത നികുതിയുണ്ടാകുന്നതിനുപകരം കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യം കണക്കാക്കി പ്ലിന്ത് ഏരിയ അടിസ്ഥാനത്തിലാണ് 2011 മുതൽ പ്രോപ്പർട്ടി ടാക്സ് ഈടാക്കാൻ തീരുമാനിച്ചത്. അതിലൂടെയാണ് ടാക്സ് ഏകീകരണം നടക്കുന്നതെന്നാണ് മനസ്സിലാക്കുന്നത്. കാരണം നേരത്തെ Annual Rental Value കണക്കാക്കിയാണ് ടാക്സ് ഈടാക്കിയിരുന്നത്. അപ്പോൾ സ്വാഭാവികമായും ഉദ്യോഗസ്ഥരുടെയിടയിൽ വലിയ രീതിയിലുള്ള സ്വാധീനം ചെലുത്തുന്ന ആളുകൾക്ക് Annual Rental Value കുറച്ചുകൊടുക്കുന്നതിന്റെ ഫലമായി വലിയ അസന്തുലിതാവസ്ഥ ഉണ്ടാകുന്നുവെന്ന് കണ്ടുകൊണ്ടാണ് പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ ടാക്സ് ഈടാക്കാൻ തീരുമാനിച്ചത്. എന്നാൽ 2011 മുതൽ 10 വർഷക്കാലമായിട്ടും പല നഗരസഭകളും പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ ടാക്സ് കണക്കാക്കുന്നതിലേയ്ക്ക് പൂർണ്ണമായും മാറിയിട്ടില്ല. ഇന്നലത്തെ മലയാള മനോരമ പത്രത്തിൽ 'ആറാം ധനകാര്യ കമ്മീഷന്റെ തീരുമാനപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫീസ് വർദ്ധിപ്പിക്കും' എന്നുള്ള വാർത്ത വന്നിരുന്നു. അങ്ങനെ തീരുമാനിക്കുമ്പോൾ അതിനകത്ത് പറഞ്ഞിരിക്കുന്ന ഒരു വസ്തുത, 'വസ്തുനികുതിയുടെ പത്ത് ശതമാനം തുകകൂടി സേവന ഉപാധി നികുതിയായി പരിഗണിക്കപ്പെടും' എന്നാണ്. ഗവൺമെന്റ് അത് അംഗീകരിച്ചുവെന്നാണ് പത്രത്തിൽ വാർത്ത വന്നത്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പ്രസംഗത്തിൽ അതുമായി ബന്ധപ്പെട്ട് വിശദീകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അങ്ങനെ വരുമ്പോൾ ഇതുവരെ നടത്തിയ എല്ലാ ഹോംവർക്കുകളും വൃഥാവിലാകുകയാണ്. കാരണം ഒരു കെട്ടിടത്തിന്റെ ഏരിയ അനുസരിച്ച് ടാക്സ് തീരുമാനിച്ച് നടപടികളുമായി മുന്നോട്ടുപോകുമ്പോൾ അതിനുപകരമായി സ്ഥലത്തിന്റെ മൂല്യംകൂടി കണക്കാക്കി പഴയ ARV-യിലേയ്ക്ക് പോകുന്ന രീതിയിൽ കാര്യങ്ങൾ വരുന്നത് വലിയ

അസന്തുലിതാവസ്ഥയുണ്ടാക്കും. നമ്മുടെ സമൂഹത്തിലും ജനങ്ങളുടെ ഇടയിലും വലിയ എതിർപ്പുണ്ടാക്കും. അത് ഒരുകാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല. ഈ വകുപ്പുകളുടെ ഏകീകരണംകൊണ്ട് ജനങ്ങൾക്ക് എന്തെങ്കിലും പ്രയോജനമുണ്ടാകണ്ടേ; ഇതുകൊണ്ട് ജനങ്ങൾക്കുണ്ടാകുന്ന പ്രയോജനം എന്താണ് എന്നതുസംബന്ധിച്ച് ഗവൺമെന്റ് പറയണ്ടേ? പഞ്ചായത്തിലെ ഒരു ജീവനക്കാരൻ കോർപ്പറേഷനിലേയ്ക്ക് വരുമ്പോൾ അവിടെയുള്ള കാര്യങ്ങൾ പഠിച്ചെടുക്കാൻ സമയമെടുക്കും. അപ്പോൾ സ്വാഭാവികമായും നല്ല സേവനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് കാലതാമസമുണ്ടാകും. അപ്പോൾ ആ വിഷയത്തെ സംബന്ധിച്ച് ഗവൺമെന്റ് പറയണം. ഏകദേശം 30000 ജീവനക്കാരാണ് ഈ മേഖലയിൽ വരുന്നത്. അത്രയും ജീവനക്കാരെ ഗവൺമെന്റ് ഒരുപോലെ കാണണ്ടേ; കുറേപേർക്ക് ഗവൺമെന്റും കുറേപേർക്ക് അതത് ഏജൻസികളുമാണ് ശമ്പളം കൊടുക്കേണ്ടത്. അങ്ങനെ വരുമ്പോൾ ഏകോപനംകൊണ്ട് ജീവനക്കാർക്ക് എന്തെങ്കിലും പ്രയോജനമുണ്ടാകുമോ? പ്രയോജനമുണ്ടായിട്ടില്ല എന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഒരു ഡിപ്പാർട്ടുമെന്റിനുകീഴിൽ വരുന്ന ജീവനക്കാരെ മുഴുവൻ ഏകോപിപ്പിക്കുന്നതുകൊണ്ട് ജീവനക്കാർക്ക് ഒരു പ്രയോജനവും ലഭ്യമാകുന്നില്ലെന്ന് മാത്രമല്ല, ഒരേ മേഖലയിൽ പണിയെടുക്കുന്ന ആളുകൾ വ്യത്യസ്ത രീതിയിൽ ശമ്പളം പറ്റുന്ന രീതിയാണ് ഈ ബിൽ നടപ്പാക്കുന്നതിലൂടെ വരുന്നത്. പൊതുമേഖലാ ബാങ്കായിരുന്ന എസ്.ബി.ടി.-യെ എസ്.ബി.ഐ.-ൽ ലയിപ്പിച്ചപ്പോൾ അതുമായി ബന്ധപ്പെട്ട് ഒരു അസന്തുലിതാവസ്ഥയുമുണ്ടായില്ല. എസ്.ബി.ടി.-യിലെ ജീവനക്കാരെ എസ്.ബി.ഐ.-ൽ ലയിപ്പിക്കുമ്പോൾ അതിനനുസൃതമായ സേവന-വേതന വ്യവസ്ഥകൾ എസ്.ബി.ഐ. കൊടുക്കാൻ തയ്യാറായിരുന്നു. മറിച്ച് ഇവിടെ ഒരു അസന്തുലിതാവസ്ഥയുണ്ടെന്നുള്ള കാര്യമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഈ മേഖലയിലെ 6 ഡിപ്പാർട്ടുമെന്റുകൾ ഏകീകരിക്കുമ്പോൾ അതുമായി ബന്ധപ്പെട്ടുണ്ടാകുന്ന സേവന-വേതന വ്യവസ്ഥകൾ ജീവനക്കാർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ കൊണ്ടുപോകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

കേരളത്തിലെ പി.എസ്.സി. നിയമിക്കുന്ന നഗരസഭാ ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചുകൊണ്ട് ശമ്പളവും പെൻഷനും മറ്റ് ആനുകൂല്യങ്ങളും ട്രഷറി മുഖാന്തരം ലഭ്യമാക്കണമെന്നത് വർഷങ്ങളായി നഗരസഭാ ജീവനക്കാരുടെ ആവശ്യമാണ്. ഈ ആവശ്യം സർക്കാർ അവഗണിച്ചിരിക്കുകയാണ്. പൊതുസർവ്വീസ് ഏകീകരണം എന്ന പേരിൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് ഭേദഗതി ചെയ്തുകൊണ്ട് മുനിസിപ്പൽ ജീവനക്കാരെ പേരിനുമാത്രം സർക്കാർ ജീവനക്കാരാക്കുകയും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും തുടർന്നും മുനിസിപ്പാലിറ്റി തന്നെ നൽകണമെന്നും വ്യവസ്ഥ ചെയ്തുകൊണ്ട് 2019 ഡിസംബർ മാസത്തിൽ ഗസറ്റ് വിജ്ഞാപനം ചെയ്തിരുന്നു. പൊതുസർവ്വീസിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവിധ വകുപ്പുകളിലെ ജീവനക്കാർക്ക് ട്രഷറി മുഖാന്തരം

സർക്കാർ നേരിട്ട് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകിവരുമ്പോൾ നഗരസഭാജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും തുടർന്നും നഗരസഭതന്നെ നൽകണമെന്ന സർക്കാർ നിലപാട് ഒരുകാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല. പൊതുസർവ്വീസ് രൂപീകരണത്തിന്റെ ആദ്യഘട്ടത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലെ പഞ്ചായത്ത്, നഗരകാര്യ വകുപ്പ്, ഗ്രാമവികസന വകുപ്പ്, എൽ.എസ്.ജി.ഡി. (എഞ്ചിനീയറിംഗ്), ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് എന്നീ അഞ്ച് വിവിധ വകുപ്പുകൾക്കൊപ്പം മുനിസിപ്പൽ കോമൺ സർവ്വീസിനെക്കൂടി പ്രത്യേക വിഭാഗമാക്കി ചേർത്തുകൊണ്ട് ഒറ്റ സർവ്വീസ് രൂപീകരിക്കുന്ന നടപടിയാണ് കൈക്കൊണ്ടിരുന്നത്. എന്നാൽ പൊതുസർവ്വീസ് രൂപീകരണത്തിന്റെ അന്തിമഘട്ടമായപ്പോഴേയ്ക്കും പ്രസിദ്ധീകരിച്ച പി.എസ്.സി.യു-ടെ വെരിഫിക്കേഷൻ റിപ്പോർട്ടിലും ഡ്രാഫ്റ്റ് റൂളിലും പൊതുസർവ്വീസ് ഉൾപ്പെട്ടിരിക്കുന്ന വകുപ്പുകളുടെ എണ്ണം ആറിൽ നിന്ന് അഞ്ചായി മാറി. മുനിസിപ്പൽ ജീവനക്കാരോട്/നഗരസഭ സർവ്വീസ് സംഘടനകളോട് അനുവാദം ചോദിക്കാതെയും ചർച്ച നടത്താതെയും ഇങ്ങനെയൊരു മാറ്റം വരുത്തിയത് നഗരകാര്യ ഡയറക്ടറേറ്റ് പുനഃപരിശോധിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

നഗരപ്രദേശങ്ങളും ഗ്രാമപ്രദേശങ്ങളും ഇന്ന് മാലിന്യക്കൂമ്പാരമായി മാറിക്കൊണ്ടിരിക്കുകയാണെന്ന് ശ്രീ. റോജി എം. ജോൺ സൂചിപ്പിക്കുകയുണ്ടായി. ഗവൺമെന്റ് പല പദ്ധതികളും ആവിഷ്കരിക്കുന്നുണ്ടെങ്കിലും അവയൊന്നും പ്രായോഗികതലത്തിൽ കൊണ്ടുവരാൻ കഴിയുന്നില്ല. ഒരു ഭാഗത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറവിട മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകണമെന്ന് നിർദ്ദേശിക്കുന്നു. മറ്റൊരു ഭാഗത്ത് കേന്ദ്രീകൃത പ്ലാന്റുകൾ നടപ്പാക്കുമെന്ന് പറയുന്നു. ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റിന് ഒരു കാഴ്ചപ്പാടുണ്ടാകണം. കേന്ദ്ര ഗവൺമെന്റിന്റെ 2018-ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരം പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കാൻ പാടില്ലെന്ന് നമുക്കറിയാം. നമ്മുടെ കൺസെപ്റ്റായി വേസ്റ്റ് ടു എനർജി പ്ലാന്റാണ് ഇതുവരെ കൊണ്ടുനടന്നിരുന്നത്. ആ കൺസെപ്റ്റിലൂടെ നമുക്കിനി മുന്നോട്ടുപോകാൻ സാധിക്കുമോ? ശ്രീ. ഉമ്മൻ ചാണ്ടിയുടെ കാലഘട്ടത്തിൽ കൊച്ചി ബ്രഹ്മപുരത്ത് നടപ്പാക്കാൻ ഉദ്ദേശിച്ച പദ്ധതിയാണ് "വേസ്റ്റ് ടു എനർജി പ്ലാന്റ്". അത് സമയബന്ധിതമായി ആരംഭിക്കാൻ സാധിക്കാത്തതുകൊണ്ട് അവരെ ടെർമിനേറ്റ് ചെയ്തു. പുതിയ പദ്ധതി നടപ്പാക്കുമെന്ന് പറഞ്ഞു. ഇതുവരെ അതുമായി ബന്ധപ്പെട്ട് ഒരിഞ്ച് മുന്നോട്ടുപോകാൻ സാധിച്ചിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി അതിന് മറുപടി പറയുമെന്ന് പ്രതീക്ഷിക്കുന്നു. കൊച്ചി നഗരത്തിൽ ഇന്നലെ അതിരൂക്ഷമായ വെള്ളക്കെട്ടായിരുന്നു. മഴവെള്ളത്തിൽ ആ നഗരം മുഴുവൻ മുങ്ങിക്കിടക്കുകയായിരുന്നു. വേസ്റ്റുംകൂടി വരുമ്പോഴുണ്ടാകുന്ന അസഹനീയാവസ്ഥ ഊഹിക്കാവുന്നതേയുള്ളൂ. ബ്രഹ്മപുരത്ത് 100 ഏക്കർ സ്ഥലമുണ്ട്. അവിടെ നമ്മൾ 2017-ൽ ഒരു ജൈവമാലിന്യ പ്ലാന്റ് ഉദ്ഘാടനം ചെയ്തു. ഇപ്പോൾ ആ പ്ലാന്റ്

നാമാവശേഷമായിരിക്കുകയാണ്. ആ ജില്ലയിലെ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും നഗരസഭകളുടെയും മാലിന്യം സംസ്കരിക്കുന്ന ഒരു പദ്ധതി സമയബന്ധിതമായി തുടങ്ങണ്ടേ? ഒരു ഭാഗത്ത് വെള്ളക്കെട്ട്, മറുഭാഗത്ത് മാലിന്യം. ഇതിന് കാലോചിതമായ ഒരു പദ്ധതി സമയബന്ധിതമായി നടപ്പാക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ സഹായങ്ങൾ നൽകാൻ സാധിക്കണം. പദ്ധതി വിഹിതമായി കിട്ടുന്ന തുകയിൽ ഒതുങ്ങി നിൽക്കുന്നതു കൊണ്ട് പല പദ്ധതികളും പ്രായോഗികതലത്തിൽ കൊണ്ടുവരുമ്പോൾ അവർക്കത് ചെയ്യാൻ സാധിക്കാത്ത സാഹചര്യമുണ്ടാകുകയാണ്. മറ്റു രീതിയിലുള്ള വരുമാന സ്രോതസ്സുകളെല്ലാം നിലച്ചുകൊണ്ടിരിക്കുകയാണ്. പുതിയ ടാക്സുകൾ ഏർപ്പെടുത്തുമെന്ന് ആറാം ധനകാര്യ കമ്മീഷൻ പറയുന്നുണ്ട്. അത്തരം കാര്യങ്ങളെ സംബന്ധിച്ച് പൊതുവായൊരു ചർച്ച ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്.

മി. ചെയർമാൻ: ശ്രീ. ടി. ജെ. വിനോദ് ചുരുക്കി സഹകരിക്കണം.

ശ്രീ. ടി. ജെ. വിനോദ്: സർ, ബഹുമാനപ്പെട്ട ചെയർ ചുരുക്കണമെന്ന് നിർദ്ദേശിക്കുന്നതുകൊണ്ട് ഞാൻ ദീർഘമായി കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏകീകരണം വരുമ്പോൾ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നുണ്ട്. ആ തസ്തികകൾ പുനഃപരിശോധിക്കണം. അതുകൊണ്ട് കുറച്ച് ആളുകൾക്ക് പ്രയോജനം ലഭിക്കുകയും കുറച്ച് ആളുകൾക്ക് പ്രയോജനം ലഭിക്കാതെയും വരുന്ന സാഹചര്യമാണുണ്ടാകുന്നത്. ഉദാഹരണത്തിന് മുനിസിപ്പൽ സെക്രട്ടറിയുടെ റാങ്കിൽ തന്നെയാണ് അഡീഷണൽ സെക്രട്ടറിയെയും നിയമിക്കുന്നത്. രണ്ടുപേർക്കും ജോയിന്റ് ഡയറക്ടറുടെ റാങ്കാണ്. രണ്ടുപേർക്കും ഒരേ ശമ്പളമാണ് നൽകുന്നത്. സെക്രട്ടറിക്ക് പിടിപ്പതുജോലിയും അഡീഷണൽ സെക്രട്ടറിക്ക് ഒരു ജോലിയുമില്ലാത്ത അവസ്ഥയുമാണ്. അദ്ദേഹത്തിന് ജോലി കിട്ടണമെങ്കിൽ സെക്രട്ടറി അധികാരങ്ങൾ ഡെലിഗേറ്റ് ചെയ്തു കൊടുക്കണം. രണ്ട് തസ്തികകൾ ഒരേ ഗ്രേഡിൽ ഒരേ ശമ്പളത്തിൽ നിയമിക്കുമ്പോൾ അതിന്റെ പ്രയോജനം ആ നഗരസഭയ്ക്ക് ലഭിക്കണ്ടേ? ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ഈ ബില്ലിൽ ഒന്നും കാണുന്നില്ലെന്ന കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ജീവനക്കാരെ പുതിയതായി നിയമിക്കുന്നുണ്ട്. ആ തസ്തികകളൊന്നും ക്രിയാത്മകമായി ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിലല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇത്തരം ഭേദഗതികളില്ലാതെ ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നതുകൊണ്ടാണ് ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നത്.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്) എന്നീ

വകുപ്പുകളിലെ സർവ്വീസുകളെയും തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം, ഗ്രാമവികസനം എന്നീ വകുപ്പുകളിലെ സർവ്വീസുകളെയും ഏകീകരിച്ചുകൊണ്ട് ഒരു പൊതുസർവ്വീസ് രൂപീകരിക്കുന്നതിന്റെ ഭാഗമായി 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് എന്നിവ ഭേദഗതി ചെയ്യുന്നതിനുള്ള വ്യവസ്ഥകളാണ് ഈ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, നഗരഗ്രാമാസൂത്രണം, എൽ.എസ്.ജി.ഡി. (എഞ്ചിനീയറിംഗ്) എന്നീ വകുപ്പുകളാണ് സംയോജിപ്പിക്കുന്നത്. പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെ കൂടുതൽ അധികാരം നൽകി സ്ഥാപിച്ചവയാണ്. പ്രസ്തുത ഭരണഘടനാ ഭേദഗതികളുടെ അടിസ്ഥാനത്തിൽ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, കേരള മുനിസിപ്പാലിറ്റി ആക്റ്റ് എന്നിവ പാസ്സാക്കിയിട്ടുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി സ്വതന്ത്ര സംവിധാനങ്ങളായി പ്രവർത്തിക്കേണ്ട പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും ഭരണ സംവിധാനത്തെ സംയോജിപ്പിക്കുന്നത് അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന തത്വങ്ങൾക്ക് യോജിച്ചതല്ല. ഇതര വകുപ്പുകളുടെ ഏകീകരണത്തെക്കുറിച്ച് വ്യവസ്ഥ ചെയ്യുന്ന ഈ ബില്ലിൽ പ്രസ്തുത വകുപ്പുകൾക്ക് കീഴിൽ നിലവിലുള്ള സർവ്വീസുകളുടെ ഏകീകരണം നടപ്പാക്കേണ്ട രീതി സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടില്ല. വ്യക്തമായ പഠനങ്ങൾ കൂടാതെ വിവിധ സർവ്വീസുകളുടെ ഏകീകരണം നടത്തുന്നത് വലിയ രീതിയിലുള്ള നിയമവ്യവഹാരങ്ങൾക്ക് കാരണമാകുന്നതാണ്. മുമ്പ് ഇതുപോലെ രണ്ട് വകുപ്പുകളുടെ ഏകീകരണം നടന്നപ്പോൾ ജീവനക്കാരുടെ പ്രൊമോഷനുമായി ബന്ധപ്പെട്ട കേസുകൾ കോടതിയിലെത്തി, വർഷങ്ങൾ ആ കേസ് കോടതിയിൽ കെട്ടിക്കിടക്കേണ്ട അവസ്ഥയുണ്ടായിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കുന്ന നടപടികൾ ഒഴിവാക്കി മതിയായ ഫണ്ട് അനുവദിച്ച് പഞ്ചായത്ത്രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തേണ്ട നടപടിയാണ് ഉണ്ടാകേണ്ടത്. എന്നാൽ ഇവിടെ അതിനുള്ള നടപടികൾ സ്വീകരിക്കാതെ വകുപ്പുകളുടെ സംയോജനത്തിനായി ഇത്തരമൊരു നിയമനിർമ്മാണം കൊണ്ടുവരുന്നത് അപ്രസക്തമായതുകൊണ്ട് ഞാൻ ഇതിനോട് വിയോജിക്കുകയാണ്. അഞ്ച് ഡിപ്പാർട്ടുമെന്റുകളെ സംയോജിപ്പിക്കുമ്പോൾ, അവയ്ക്ക് കീഴിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സീനിയോറിറ്റിയിൽ വലിയ വ്യത്യാസമുണ്ടാകും. പ്രത്യേകിച്ച് പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർക്ക് ലഭ്യമാകേണ്ട അർഹമായ പ്രൊമോഷൻ സാധ്യതകൾ ഈ സംയോജനത്തിലൂടെ അടയുകയാണ്. അതുകൊണ്ട് ജീവനക്കാർക്ക് ഇക്കാര്യത്തിൽ വലിയ ആശങ്കയുണ്ട്. ജീവനക്കാരുടെ ആശങ്ക കൂടി പരിഹരിച്ചുകൊണ്ടാകണം ഇത്തരമൊരു സംയോജനം നടപ്പാക്കേണ്ടത്. ലോക്കൽ സെൽഫ് ഗവൺമെന്റുകൾ

എന്നുപറഞ്ഞ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണ സമിതികളുണ്ടാക്കി തെരഞ്ഞെടുക്കപ്പെട്ട ആ ഭരണ സമിതികളെ നോക്കുകുത്തികളാക്കുകയാണ്. വികസന പ്രവർത്തനങ്ങളായാലും ദുരന്തനിവാരണമായാലും എല്ലാ കാര്യങ്ങളും ഏൽപ്പിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ തുടക്കം മുതൽ ഒടുക്കം വരെയും നേതൃത്വം കൊടുത്തത് പഞ്ചായത്തുകളാണ്. സർക്കാർ ഒരു പൈസയും കൊടുത്തില്ല. പഞ്ചായത്തുകളുടെ ഫണ്ടുപയോഗിച്ചാണ് കോവിഡുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും (കമ്മ്യൂണിറ്റി കിച്ചൻ, ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ, സെക്കന്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ) നടത്തിയത്. നമ്മുടെ വിദ്യാർത്ഥികളും യുവാക്കളും ലഹരി വസ്തുക്കളുടെ അടിമകളായിക്കൊണ്ടിരിക്കുന്ന ഗുരുതരമായ പ്രശ്നമാണ് ഇന്ന് രാവിലെ സഭയിൽ ചർച്ച ചെയ്തത്. ജീവിക്കാൻ തുടങ്ങുമ്പോഴേയ്ക്കും ജീവിതം അവസാനിപ്പിക്കേണ്ട സ്ഥിതിയിലേയ്ക്ക് നമ്മുടെ വിദ്യാർത്ഥികളും യുവാക്കളും എത്തിക്കൊണ്ടിരിക്കുകയാണ്.

1.00P.M.]

വളരെ ഗൗരവതരമായ ഈ പ്രശ്നം ചർച്ച ചെയ്തപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഇക്കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കീഴിൽ വാർഡ് തലത്തിൽ ജനജാഗ്രതാ സമിതികളുണ്ടാക്കണമെന്നും എല്ലാ പ്രവർത്തനങ്ങൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേതൃത്വം കൊടുക്കണമെന്നുമാണ്. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് വിഹിതംപോലും വെട്ടിക്കുറയ്ക്കുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. സർക്കാർ എന്ത് ജോലി പഞ്ചായത്തുകളെ ഏൽപ്പിച്ചാലും ഏറ്റെടുക്കാൻ അവർ തയ്യാറാണ്. അതിനാവശ്യമായ ഫണ്ട് കൊടുക്കണ്ടേ; ഫണ്ട് കൊടുക്കാതെ പദ്ധതി പ്രവർത്തനം ഏൽപ്പിക്കണമെന്ന് പറഞ്ഞിട്ട് കാര്യമുണ്ടോ; ഇവിടെ ലഹരി വസ്തുക്കളുടെ ദുരുപയോഗത്തെക്കുറിച്ചും അതിന്റെ ഭവിഷ്യത്തിനെക്കുറിച്ചും നമ്മൾ ചർച്ച ചെയ്തു. അതുപറയുമ്പോൾ ഒരുകാര്യം കൂടി ഞാൻ കൂട്ടിച്ചേർക്കുകയാണ്. നേരത്തേ യു.ഡി.എഫ്. ഗവൺമെന്റ് സംസ്ഥാനം ഭരിക്കുമ്പോൾ മദ്യശാലകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചിരുന്നു. ഈ ഗവൺമെന്റ് വന്നപ്പോൾ ലൈസൻസ് നൽകുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും തിരിച്ചുപിടിച്ചു. ലഹരി വസ്തുക്കളുടെയും മദ്യത്തിന്റെയും ഉപയോഗം വർദ്ധിച്ചുവരികയും നമ്മുടെ കുട്ടികളൊക്കെ വളരെ അപകടകരമായ സ്ഥിതിയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഈ ഘട്ടത്തിലെങ്കിലും മദ്യശാലകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ചുനൽകാൻ ഗവൺമെന്റ് തയ്യാറാകണം.

സംസ്ഥാനത്തെ റോഡുകളുടെ ഇപ്പോഴത്തെ അവസ്ഥ നമുക്കെല്ലാവർക്കുമറിയാം. റോഡുകളിലൂടെ സഞ്ചരിക്കുമ്പോൾ റോഡിലെ കുഴികൾക്ക് സംസ്ഥാന കുഴി, ദേശീയ കുഴി, പഞ്ചായത്ത് കുഴി എന്നൊക്കെ പേരിടുകയാണ്. ഏത് റോഡിലൂടെയും എം.എൽ.എ. ബോർഡുവച്ച് ആര് സഞ്ചരിച്ചാലും റോഡിലൊരു കുഴി കണ്ടാൽ ജനങ്ങൾ ചൂണ്ടിക്കാണിക്കും. ആ റോഡ് പൊതുമരാമത്ത് വകുപ്പിന്റേതാണോ ദേശീയപാത അതോറിറ്റിയുടേതാണോ പഞ്ചായത്ത് മുനിസിപ്പൽ റോഡാണോ എന്നൊന്നും ജനങ്ങൾക്കറിയില്ല. എം.എൽ.എ.-മാർ ബോർഡ് വച്ച് പോകുന്നതാണ് ജനങ്ങൾ കാണുന്നത്. അതുകൊണ്ട് അവരത് ചൂണ്ടിക്കാണിക്കുകയാണ്. ഈ റോഡുകൾ റിപ്പയർ ചെയ്യാനാവശ്യമായ ഫണ്ട് എം.എൽ.എ.-മാരുടെ കയ്യിലില്ല. അതുകൊണ്ട് ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് പഞ്ചായത്തുകൾക്ക് കൂടുതൽ ഫണ്ട് കൊടുക്കണം. മുമ്പ് മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി കുറെ റോഡുകൾ നവീകരിക്കാൻ സാധിച്ചിരുന്നു. പക്ഷേ ഇലക്ഷൻ കഴിഞ്ഞപ്പോൾ അതുണ്ടായില്ല. രണ്ടാം പിണറായി സർക്കാർ വന്നപ്പോൾ മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി നിർത്തിവച്ചു. ആ പദ്ധതി പുനഃസ്ഥാപിക്കണം. എം.എൽ.എ.-മാരുടെ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിന്റെ കാര്യമാണ്. 2011-ൽ അധികാരത്തിൽ വന്ന ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റാണ് ഓരോ എം.എൽ.എ.-മാർക്കും ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ, അതത് നിയോജകമണ്ഡലങ്ങളിലെ വികസന പ്രവർത്തനം ഏറ്റെടുക്കാൻ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് പ്രഖ്യാപിച്ചത്. പ്രഖ്യാപിച്ച അന്നും ഇന്നും അത് 5 കോടി രൂപയാണ്. മെറ്റീരിയൽ കോസ്റ്റ് വർദ്ധിച്ച സാഹചര്യത്തിൽ എം.എൽ.എ.-മാരുടെ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് തുക വർദ്ധിപ്പിക്കാൻ അങ്ങയുടെ ഇടപെടലുണ്ടാകണം. അതുപോലെ എം.എൽ.എ.-മാരുടെ പ്രത്യേക വികസന ഫണ്ട് (എസ്.ഡി.എഫ്.) ഒരു കോടി രൂപ എന്നത് 20 വർഷം മുമ്പ് തീരുമാനിച്ചതാണ്. അതിൽ വർദ്ധന വേണ്ടേ? കാലാനുസൃതമായി മണ്ഡലം ആസ്തി വികസന ഫണ്ടിനും എം.എൽ.എ.-മാരുടെ എസ്.ഡി.എഫ്.-നും വർദ്ധനയുണ്ടാകണം

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, അങ്ങ് വിയോജിപ്പ് രേഖപ്പെടുത്തി പ്രസംഗിക്കുന്നതിനിടയിൽ പറഞ്ഞത് ത്രിതല പഞ്ചായത്തുകൾക്കുള്ള ഫണ്ട് വെട്ടിക്കുറച്ചുകൊണ്ടിരിക്കുന്നുവെന്നതാണ്. എൽ.ഡി.എഫ്. സർക്കാർ വന്നതിനു ശേഷം എവിടെയും വെട്ടിക്കുറച്ചിട്ടില്ല എന്നത് ബഡ്ജറ്റ് പരിശോധിക്കുന്നവർക്ക് മനസ്സിലാക്കാൻ സാധിക്കും. അതേ സമയം എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടോ പ്രാദേശിക വികസന ഫണ്ടോ വർദ്ധിപ്പിക്കണമെന്നുംകൂടി അങ്ങ് പറയുന്നു. അതായത്, പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് ഫണ്ട് നൽകണമെന്ന് പറയുകയും അത്തരത്തിൽ ഫണ്ട് കൊടുക്കുന്നതിനുപകരം എം.എൽ.എ.-മാരിലേയ്ക്ക് അത് കേന്ദ്രീകരിക്കണമെന്ന് പറയുകയും ചെയ്യുന്നത് യഥാർത്ഥത്തിൽ അധികാരവികേന്ദ്രീകരണമാണോ അധികാര കേന്ദ്രീകരണമാണോ എന്ന് വ്യക്തമാക്കുമോ?

ശ്രീ. പി. ഉബൈദുള്ള: സർ, പഞ്ചായത്ത് റോഡുകൾ നവീകരിക്കുന്നതിന് മുഖ്യമന്ത്രിയുടെ ഗ്രാമീണറോഡ് പുനരുദ്ധാരണ പദ്ധതിയുണ്ടായിരുന്നു. അത് പുനഃസ്ഥാപിക്കണമെന്നാണ് ഞാൻ ആദ്യം പറഞ്ഞത്. പഞ്ചായത്തുകൾക്ക് റോഡ് മെയിന്റനൻസിനാവശ്യമായ ഫണ്ട് അനുവദിക്കണമെന്ന് പറഞ്ഞു. അതിനുശേഷമാണ് എം.എൽ.എ. ഫണ്ട് വർദ്ധിപ്പിക്കണമെന്ന് പറഞ്ഞത്. എം.എൽ.എ. ഫണ്ട് കിട്ടിയാൽ അത് എവിടെയാണ് ചെലവഴിക്കുന്നത്; ഗ്രാമീണ റോഡുകൾക്കും സർക്കാർ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും സ്കൂൾ ബസ്സ് വാങ്ങുന്നതിനുമാണ് ആ പണം വിനിയോഗിക്കുന്നത്. അതിനാണ് എം.എൽ.എ. ഫണ്ട് വർദ്ധിപ്പിക്കണമെന്ന് പറഞ്ഞത്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഈ സഭയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഏകീകരണവുമായി ബന്ധപ്പെട്ട് ഏറ്റവും പ്രധാനപ്പെട്ട ഒരു ബില്ലിന്റെ ചർച്ചയാണ് നടക്കുന്നത്. ബഹുമാന്യനായ അംഗം ഇവിടെ പല കാര്യങ്ങളും പറഞ്ഞു. മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് അതിരൂക്ഷമായ പ്രശ്നം സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുമുണ്ട്. കേരളത്തിന്റെ വടക്കേയറ്റത്തെ മഞ്ചേശ്വരം നിയോജകമണ്ഡലം ഒരു കവാടമാണ്. കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽനിന്നൊക്കെ നമ്മുടെ സംസ്ഥാനത്തേയ്ക്ക് ആളുകൾ വരും. പ്രത്യേകിച്ച് ശബരിമല സീസൺ ആരംഭിച്ചാൽ കാൽനടയായി അയ്യപ്പഭക്തർ വരുന്ന ദൃശ്യം കുഞ്ഞുനാൾ മുതൽ കാണാറുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു പഞ്ചായത്താണ് മംഗൽപാടി പഞ്ചായത്ത്. അവിടെ അതിരൂക്ഷമായ മാലിന്യപ്രശ്നമുണ്ട്. 1994-ൽ കേരളത്തിലെ തന്നെ ആദ്യത്തെ ഏറ്റവും മികച്ച ഒരു പ്ലാന്റ് അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ് ഗോൾഡൻ അബ്ദുൾ ഖാദർ കൊണ്ടുവന്ന ഒരു പദ്ധതിയാണ്. ഒറീസ്സ, ആസാം എന്നിവിടങ്ങളിൽനിന്നും ആളുകൾ കാണാൻ വന്ന മോഡൽ പദ്ധതിയായിരുന്നു.

മി. ചെയർമാൻ: ശ്രീ. പി. ഉബൈദുള്ളയോട് വിശദീകരണം ചോദിക്കുന്നതിനല്ലേ വഴങ്ങിയത്; അദ്ദേഹം മറുപടി പറയേണ്ട കാര്യം ചോദിക്കൂ.

ശ്രീ. എ. കെ. എം. അഷ്റഫ് : സർ, മംഗൽപാടി പഞ്ചായത്തിലെ ഉപ്പള ടൗൺ വികസിച്ചപ്പോൾ മാലിന്യപ്രശ്നം രൂക്ഷമായിരിക്കുകയാണ്. അവിടെ പലപ്പോഴും രാഷ്ട്രീയ താൽപ്പര്യങ്ങൾക്കുവേണ്ടി എം.എൽ.എ.-യെ ടാർജറ്റ് ചെയ്യുകയാണ്. അതിരൂക്ഷമായ മാലിന്യ പ്രശ്നം നേരിടുന്ന മഞ്ചേശ്വരം പോലുള്ള മേഖലകളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ഉബൈദുള്ള: സർ, ബഹുമാനപ്പെട്ട മഞ്ചേശ്വരം എം.എൽ.എ., ശ്രീ. എ. കെ. എം. അഷ്റഫ് പറഞ്ഞത് വളരെ പ്രസക്തമായ കാര്യമാണ്. അദ്ദേഹം പറഞ്ഞ മംഗൽപാടി-കോയിപ്പാടി തുടങ്ങിയ പ്രദേശങ്ങളൊക്കെ എനിക്ക് നേരത്തേ അറിയാം. അവിടത്തെ മാലിന്യപ്രശ്നവും നേരിട്ട് ബോദ്ധ്യപ്പെട്ടതാണ്. അത് അദ്ദേഹത്തിന്റെ മണ്ഡലത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്ന പ്രശ്നമല്ല. നേരത്തേ ഇവിടെ സംസാരിച്ച ശ്രീ. റോജി എം. ജോൺ ഉൾപ്പെടെ അക്കാര്യം സൂചിപ്പിക്കുകയുണ്ടായി. മാലിന്യസംസ്കരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ്. മാലിന്യ സംസ്കരണം യാഥാർത്ഥ്യമാക്കാൻ പഞ്ചായത്തുകളെ ശക്തിപ്പെടുത്തുകയാണ് വേണ്ടത്. തെരുവുനായ ശല്യത്തെക്കുറിച്ച് ഇന്നലെ ഇവിടെ ചർച്ച ചെയ്തു. പുറത്തിറങ്ങി നടക്കാൻ വയ്യാത്തവിധം തെരുവുനായയുടെ ശല്യം വർദ്ധിച്ചുവരികയാണ്. മലപ്പുറത്തെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ മലപ്പുറം കോട്ടക്കുന്നിൽവച്ച് ഒരു കുട്ടിയെ നായ കടിച്ചുവെന്ന് ഇന്നലത്തെ ചർച്ച കഴിഞ്ഞ് പുറത്തിറങ്ങുമ്പോഴാണ് ഒരാൾ വിളിച്ചുപറയുന്നത്. രണ്ടാഴ്ച മുമ്പ് എനിക്ക് കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽവച്ച് ഒരു സംഭവത്തിന് ദൃക്സാക്ഷിയാകേണ്ടിവന്നു. കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ റെയിൽവേ ട്രാക്ക് മുറിച്ചുകടന്ന് ട്രെയിനിലേയ്ക്ക് കയറാൻ പോകുന്ന ഒരു പെൺകുട്ടിയുടെ നേരെ നാലഞ്ച് നായ്ക്കൾ കുരച്ച് പാഞ്ഞടുക്കുകയാണ്. 5 നായ്ക്കൾ ചേർന്നാണ് ഒരു പെൺകുട്ടിയെ കടിക്കാൻ ശ്രമിച്ചത്. ജനങ്ങൾ ഓടിക്കൂടി കല്ലെറിഞ്ഞ് ആ നായ്ക്കളെ തുരത്തിയില്ലായിരുന്നുവെങ്കിൽ എന്താണ് സംഭവിക്കുന്നതെന്ന് പറയാൻ പറ്റില്ലായിരുന്നു. കുട്ടിയുടെ ഡ്രസ് മാത്രമേ നായ്ക്കൾക്ക് വലിച്ചുകീറാൻ പറ്റിയുള്ളൂ. ജനങ്ങളൊക്കെ ആ ട്രാക്കിലേയ്ക്ക് ഇറങ്ങിയ സമയത്തെങ്ങാനും ട്രെയിൻ വന്നിരുന്നുവെങ്കിൽ വലിയ ദുരന്തം അന്ന് കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ സംഭവിക്കുമായിരുന്നു. അങ്ങനെയുള്ള എത്രയോ സംഭവങ്ങൾ ഉണ്ടായിരിക്കുന്നു. നമ്മൾ ഇന്നലെ ഈ വിഷയം ചർച്ച ചെയ്തതാണ്. ഒരു വീട്ടമ്മ ടിപ്പർ വാഹനത്തിന് അടിയിൽപ്പെട്ടാണ് മരിച്ചത്. എത്രയോ കുട്ടികൾ തെരുവ് നായ്ക്കളുടെ അക്രമത്തിന് വിധേയരായിക്കൊണ്ടിരിക്കുകയാണ്. ഇതിനൊരു നടപടിയുണ്ടാകണം. വെറും വാക്സിൻ എടുത്തതുകൊണ്ട് മാത്രമല്ല, കടിച്ചതിന് ശേഷമാണ് വാക്സിൻ എടുക്കുന്നത്. കടി കൊള്ളാതിരിക്കാനുള്ള മുൻകരുതൽ നടപടികൾ എന്തൊക്കെ നമുക്ക് സ്വീകരിക്കാൻ കഴിയുമെന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഗൗരവമായ ഇടപെടൽ നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിശ്വാസ്യത തകർക്കുന്ന പ്രവർത്തനങ്ങളും ഇതിനിടയ്ക്ക് നടക്കുന്നുണ്ടെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. പലരും അനധികൃതമായി കെട്ടിടങ്ങൾ നിർമ്മിക്കുകയാണ്. അനധികൃത

കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതിന് ലക്ഷങ്ങൾ കോഴ വാങ്ങുകയാണ്. നേരിട്ട് വാങ്ങിയാൽ പിടിക്കപ്പെടുമെന്നുള്ളതുകൊണ്ട് ഇടനിലക്കാരിലൂടെയാണ് പല ഉദ്യോഗസ്ഥരും തുക കൈപ്പറ്റുന്നത്. ഇതുപോലുള്ള തട്ടിപ്പുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വ്യാപകമായി നടക്കുകയാണ്. തിരുവനന്തപുരം കോർപ്പറേഷനിൽ ജനങ്ങൾ അടച്ച നികുതിപ്പണംപോലും വെട്ടിച്ച കാര്യം നമ്മളിവിടെ പലതവണ ചർച്ച ചെയ്തതാണ്. കോഴിക്കോട് കോർപ്പറേഷനിൽ വ്യാപകമായി അനധികൃത കെട്ടിടങ്ങൾക്ക് നമ്പർ നൽകിക്കൊണ്ടിരിക്കുകയാണ്. കോർപ്പറേഷൻ പരിധിയിലെ ചില കെട്ടിടങ്ങൾക്ക് നമ്പർ കിട്ടിയ വഴി കേട്ടാൽ ആരും ഞെട്ടും. ക്രമവിരുദ്ധമായി നിർമ്മിച്ച കെട്ടിടം പൊളിച്ചുനീക്കണമെന്ന് കോർപ്പറേഷൻ നോട്ടീസ് നൽകിയ കെട്ടിടത്തിനുപോലും പിന്നീട് നമ്പർ കിട്ടി. റവന്യൂ വിഭാഗമോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ അറിയാതെ കെട്ടിടങ്ങൾക്ക് മാഫിയാസംഘം നമ്പർ നൽകുകയായിരുന്നു. ലക്ഷങ്ങളോ കോടികളോ മറിഞ്ഞ ഇടപാടാണ് ഇതിനുപിന്നിൽ നടന്നിട്ടുള്ളത്. വളഞ്ഞ വഴിയിൽ സംഘടിപ്പിച്ച കെട്ടിട നമ്പർ ഉപയോഗിച്ച് പലരും ഓൺലൈനായി നികുതിയും അടച്ചു. കോർപ്പറേഷൻ ഉദ്യോഗസ്ഥരുടെ പാസ്‌വേഡ് ചോർത്തി അവയുപയോഗിച്ച് സോഫ്റ്റ്‌വെയറിൽ എഡിറ്റിംഗ് നടത്തിയാണ് തട്ടിപ്പ് നടത്തിയിട്ടുള്ളത്. എന്നാൽ പാസ്‌വേഡ് ചോർന്നത് എങ്ങനെയെന്നോ ആരാണ് ചോർത്തിയതെന്നതോ സംബന്ധിച്ച് ഇപ്പോഴും യാതൊരു വിവരവുമില്ല. കോർപ്പറേഷനിലെ ചില ഉദ്യോഗസ്ഥരും വിരമിച്ച ഉദ്യോഗസ്ഥരും ചില ഇടനിലക്കാരും ഭരണപക്ഷ രാഷ്ട്രീയക്കാരും ചേർന്ന സംഘമാണ് തട്ടിപ്പിന് പിന്നിലെന്നാണ് പുറത്തുകേൾക്കുന്ന വിവരം. മാസങ്ങൾക്കുമുമ്പ് പരാതി നൽകിയിട്ടും ഇതുവരെയും യാതൊരു നടപടിയും ഉണ്ടായിട്ടില്ല. വീണ്ടും പരാതി ഉയർന്നതോടെ തിരക്കിട്ട് നാല് ജീവനക്കാരെ സസ്പെന്റ് ചെയ്തു എന്നതൊഴിച്ചാൽ യഥാർത്ഥ കുറ്റവാളികളെ പിടികൂടാൻ ഇതുവരെയും തയ്യാറായിട്ടില്ല. തങ്ങൾ നിരപരാധികളാണെന്നാണ് ആ ജീവനക്കാർ പറയുന്നത്. ഇതൊക്കെ തടയാനുള്ള ഫലപ്രദമായ നടപടിയുണ്ടാകണം.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, പഞ്ചായത്തുകളുടെ അധികാരങ്ങൾ വെട്ടിക്കുറച്ചതിനെ കുറിച്ചും അധികാര കേന്ദ്രീകരണത്തെയും പരാമർശിച്ചുകൊണ്ട് ഈ ഗവൺമെന്റ് ചെയ്യുന്ന നടപടികളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ഇവിടെ പരാമർശിക്കുകയുണ്ടായി. മദ്യഷോപ്പുകൾ ആരംഭിക്കാൻ അനുമതി നൽകുന്നതിന് പഞ്ചായത്തുകൾക്കുണ്ടായിരുന്ന അധികാരം ഈ ഗവൺമെന്റിന്റെ കാലത്ത് എടുത്തുകളഞ്ഞു. ഈ അധികാരം എടുത്ത് കളഞ്ഞതിനുശേഷം കഴിഞ്ഞ ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് അടച്ചുപൂട്ടിയ നാനൂറിലേറെ ബാറുകൾ തുറന്നു. അതുകൂടാതെ പുതിയ അറുനൂറിലേറെ ബാറുകൾ ആരംഭിക്കുകയും പുതിയ

മദ്യഷോപ്പുകൾക്ക് നിർബാധം അനുമതി കൊടുക്കുകയും ചെയ്യുന്ന സാഹചര്യവുമുണ്ട്. ഇന്നുരാവിലെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം സംബന്ധിച്ച് നമ്മളെല്ലാം ആശങ്കപ്പെടുകയും ഐകകണ്ഠ്യേന അതിനെതിരായുള്ള ശബ്ദം ഉയരുകയും ചെയ്തതാണ്. ആ വിഷയത്തെ ഗൗരവവൽക്കരിക്കാൻ മദ്യഷോപ്പുകൾക്ക് അനുമതി നൽകുന്നതിനുള്ള പഞ്ചായത്തുകളുടെ അധികാരം എടുത്തുകളഞ്ഞതുംകൂടി ആക്കം കൂട്ടിയിട്ടുണ്ട് എന്നുള്ള വിഷയം ബഹുമാനപ്പെട്ട അംഗത്തിനറിയാമോ?

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, ഇത് താങ്കളുടെ വിയോജനക്കുറിപ്പാണ്. ബില്ലിന്മേലുള്ള ചർച്ചയല്ല. നമുക്കിത് തീർക്കണ്ടേ. ഇപ്പോൾത്തന്നെ 16 മിനിട്ടായി. അങ്ങ് ദയവായി സഹകരിക്കണം.

ശ്രീ. പി. ഉബൈദുള്ള: സർ, ബഹുമാനപ്പെട്ട കുറുക്കോളി മൊയ്തീൻ എം.എൽ.എ. പറഞ്ഞകാര്യം നേരത്തെ ഇവിടെ പറഞ്ഞിരുന്നു. അദ്ദേഹം അത് കേൾക്കാത്തതുകൊണ്ടായിരിക്കും. മദ്യശാലകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ചുനൽകണമെന്നത് പ്രസക്തമായ കാര്യമായതുകൊണ്ട് അദ്ദേഹം ഒന്നുകൂടി പറഞ്ഞുവെന്നേയുള്ളൂ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിഷയമാകുമ്പോൾ മണിക്കൂറുകളോളം പറയാനുണ്ട്. ഇപ്പോൾ ബഹുമാനപ്പെട്ട ചെയറിന്റെ അഭ്യർത്ഥന മാനിച്ച് ഒരിക്കൽക്കൂടി ഇതിനോട് വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. വി. ജോയി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരള സംസ്ഥാനത്ത് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്) എന്നിവയ്ക്കുകീഴിലുള്ള സർവ്വീസുകളെയും ഗ്രാമവികസനം, തദ്ദേശ സ്വയംഭരണം എഞ്ചിനീയറിംഗ് വിഭാഗം സർവ്വീസുകളെയും ഏകീകരിക്കുന്നതിനു വേണ്ടിയാണ് ഈ നിയമനിർമ്മാണം നടത്തുന്നത്. തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് എന്ന ലക്ഷ്യം നിറവേറ്റുകയാണ് ഇതിന്റെ ലക്ഷ്യം. ഇത് നമ്മുടെ നാട്ടിലെ സാധാരണക്കാരായ ആളുകൾക്ക് ഏറെ പ്രയോജനം ചെയ്യുന്നൊരു നിയമമായി മാറാൻ പോകുകയാണ്. ഇന്നലെവരെ പരസ്പര ബന്ധമില്ലാതിരുന്ന, അഞ്ച് വകുപ്പുകളിലായി പ്രവർത്തിക്കുന്ന സാങ്കേതിക ഭരണവിഭാഗം ജീവനക്കാരെ ഏകോപിത സംവിധാനത്തിനുകീഴിൽ കൊണ്ടുവരികയാണ് ഇതിന്റെ ഉദ്ദേശ്യം.

ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലും 1994-ലെതന്നെ കേരള മുനിസിപ്പാലിറ്റി ആക്ടിലും ഒരു പൊതുസർവ്വീസ് നടപ്പിലാക്കുന്നതിന്റെ വ്യവസ്ഥകളുണ്ട്. അങ്ങനെയില്ലെന്നാണ് എനിക്കുമുമ്പ് തടസ്സവാദമുന്നയിച്ച ആളുകൾ പറഞ്ഞത്. ജനകീയാസൂത്രണത്തിന്റെ 25 വർഷം പൂർത്തീകരിക്കുന്ന ഈ സന്ദർഭത്തിൽത്തന്നെയാണ് ജനങ്ങൾക്ക് കൂടുതൽ കാര്യക്ഷമമായ ഈ പൊതുസർവ്വീസ് രൂപീകരിക്കുന്നത്. സാങ്കേതികമേഖലയുടെ വളർച്ചയെ പൂർണ്ണമായും ഉപയോഗിച്ചുകൊണ്ട് ഉൽപ്പാദന മേഖലയിലും പ്രാദേശിക സേവന രംഗങ്ങളിലും ഐ.റ്റി. അധിഷ്ഠിത സംരംഭങ്ങൾ ഉൾപ്പെടെയുള്ള സാമ്പത്തിക വളർച്ച സൃഷ്ടിക്കുകയാണ് ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം. 31000 സ്ഥിരം ജീവനക്കാരും ഏഴായിരത്തോളം വരുന്ന കണ്ടിജന്റ് ജീവനക്കാരും ഉൾപ്പെടുന്ന പൊതുസർവ്വീസിന്റെ നാളിതുവരെയുള്ള ഏകോപനം ഇപ്പോൾ സാധ്യമാക്കുകയാണ്. കേരളം നടപ്പിലാക്കിയ വികേന്ദ്രീകരണാസൂത്രണ പ്രക്രിയ ഒരു ഉജ്ജ്വല മാതൃകയായിരുന്നു. ഇതിലൂടെ ഏറ്റവും മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് ഉറപ്പുവരുത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രാദേശിക ഭരണസംവിധാനമെന്ന നിലയിൽ എഞ്ചിനീയറിംഗ് വിഭാഗത്തെ ശക്തിപ്പെടുത്തേണ്ടതുണ്ട്. കൃത്യമായ അവലോകനവും മോണിറ്ററിംഗും ഇതിനാവശ്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വലിയ വികസന മാതൃകകൾക്ക് ഊന്നൽ നൽകേണ്ടതായിട്ടുണ്ട്. ഇന്നത്തെ ഒരു പ്രത്യേക കാര്യം, ശ്രീ. റോജി എം. ജോൺ തടസ്സവാദം ഉന്നയിച്ചുകൊണ്ട് സംസാരിച്ചപ്പോൾ പറഞ്ഞത് ഏറെക്കുറെ ശരിയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വാർഡടിസ്ഥാനത്തിൽ വീതം വയ്ക്കുന്ന സാഹചര്യം നിലനിൽക്കുകയാണ്. വാർഡടിസ്ഥാനത്തിൽ വീതം വയ്ക്കുമ്പോൾ ഒരു ലക്ഷമോ ഒന്നര ലക്ഷമോ രണ്ട് ലക്ഷമോ രൂപയായി പരിമിതപ്പെടുന്നു. ഇത് വലിയൊരു പ്രശ്നമായി മാറുകയാണ്. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനമെന്ന നിലയിൽ ഒറ്റയ്ക്ക് ശ്രദ്ധയാകർഷിക്കുന്ന ഒരു പ്രവർത്തനം ഏറ്റെടുക്കാൻ പലപ്പോഴും സാധിക്കുന്നില്ലെന്നുള്ളത് ഒരു പോരായ്മയായി നമ്മൾ കാണേണ്ടതായിട്ടുണ്ട്. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അനന്തമായ സാധ്യതകളുണ്ട്. അവശതയനുഭവിക്കുന്ന ജനത്തിനൊപ്പം നിൽക്കാൻ നമുക്ക് സാധിക്കണം. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, ജനനം മുതൽ മരണം വരെയുള്ള എല്ലാ കാര്യങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയാണ് പോകുന്നത്. പഞ്ചായത്തുകളെ ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ടൊരു പ്രശ്നം മാലിന്യ സംസ്കരണമാണ്. എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. റോജി എം. ജോണും ശ്രീ. ടി. ജെ. വിനോദും പറഞ്ഞത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ നിർമ്മാർജ്ജനം ശ്രദ്ധിക്കുന്നില്ല എന്നാണ്. മാലിന്യ നിർമ്മാർജ്ജനവും ഖരമാലിന്യ നിർമ്മാർജ്ജനവും പ്രത്യേകമായി ശ്രദ്ധിച്ച് അത് കൈകാര്യം ചെയ്യുന്നതിനുവേണ്ട

പ്ലാന്റ് അടക്കമുള്ള കാര്യങ്ങൾ ഗവൺമെന്റ് ആലോചിക്കുകയാണ്. അങ്ങനെ ഗവൺമെന്റ് ആലോചിക്കുന്ന പദ്ധതികളെ ഒരുവശത്തുനിന്നും സമരം ചെയ്ത് തകർക്കുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിച്ചിരിക്കുന്നത്. ഇപ്പോൾ കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ ആവിക്കൽതോടിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഒരു പ്ലാന്റ് സ്ഥാപിക്കാൻ തീരുമാനിച്ചു. അതിനെതിരെ ഇവിടെ അടിയന്തരപ്രമേയം കൊണ്ടുവന്നു. നാട്ടിലുള്ള ആളുകളെയെല്ലാം സംഘടിപ്പിച്ച് ഇത്തരം പ്ലാന്റുകൾക്കെതിരായി വലിയ പ്രക്ഷോഭം നടത്തുകയും ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് 'അങ്ങനെയല്ല, അത് ആവശ്യമാണ്' എന്നുപറയുകയും ചെയ്യുന്നത് ഇരട്ടത്താപ്പാണ് എന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ഇക്കാര്യങ്ങളിൽ ആളുകളുടെ മനോഭാവത്തിൽ വലിയൊരു മാറ്റംവരേണ്ടതായിട്ടുണ്ട്.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട വി. ജോയി ഉന്നയിച്ച വിഷയത്തോട് യോജിക്കുന്നു. യഥാർത്ഥത്തിൽ ഈ മാലിന്യപ്രശ്നം ഏതെങ്കിലും ഒരാളുടെ പ്രശ്നമല്ല, കേരളത്തിന്റെ ഒരു പൊതുപ്രശ്നമാണ്. കണ്ണൂർ കോർപ്പറേഷൻ പരിധിയിൽ പടന്നപ്പാലത്ത് ഇതുപോലൊരു പദ്ധതി പ്രഖ്യാപിച്ചു. അവിടെയുള്ള നാട്ടുകാർ സംഘടിതമായി ഈ പദ്ധതിക്ക് എതിരായി മുന്നോട്ടുവന്നു. പടന്നപ്പാലം സി.പി.ഐ. (എം) ന് ആഭിമുഖ്യമുള്ള പ്രദേശം കൂടിയാണ്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഉൾപ്പെടെ അന്ന് ഇക്കാര്യത്തിലിടപെട്ട് എല്ലാ പാർട്ടിക്കാരുടേയും മീറ്റിംഗ് വിളിച്ചുചേർത്തിരുന്നു. അത് അനിവാര്യമായൊരു പദ്ധതിയാണ്. ആ പദ്ധതി നടപ്പിലാക്കുകയല്ലാതെ വേറൊരു മാർഗ്ഗമില്ലെന്നൊരു സമീപനമാണ് കണ്ണൂരിൽ സി.പി.ഐ. (എം) സ്വീകരിച്ചത്. ആ പദ്ധതി ആരംഭിച്ച് പകുതിയോളം പണികൾ നടത്തുകയും ചെയ്തു. ബഹുമാനപ്പെട്ട വി. ജോയി ചർച്ചയിൽ പറഞ്ഞതുപോലെ പരസ്പര സഹകരണത്തോടെ മുന്നോട്ട് പോയാൽ മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് സാധിക്കും. അങ്ങനെയല്ലേ ഈ വിഷയം പരിഹരിക്കപ്പെടേണ്ടത്?

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, അതുമായി കൂട്ടിച്ചേർത്ത് ഒരു കാര്യം കൂടി പറയാനുണ്ട്. തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽശാലയിലെ മാലിന്യ പ്ലാന്റ് പൂട്ടിയതോടുകൂടിയാണ് കേരളത്തിൽ പ്ലാന്റുകളേ പറ്റുകയില്ലെന്നൊരു നിലപാടിലേയ്ക്ക് കാര്യങ്ങൾ എത്തിയത്. യഥാർത്ഥത്തിൽ ആ പ്ലാന്റ് പൂട്ടുന്നതിന് രാഷ്ട്രീയമായ പല കാരണങ്ങളുമുണ്ട്. ആ പ്ലാന്റ് പൂട്ടുന്നതിന് ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ യു.ഡി.എഫ്.ന്റെ ഭാഗമായി സ്വീകരിച്ച പല നിലപാടുകളും ഇന്ന് കേരളത്തിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനെതിരായിട്ടുള്ള വലിയ വികാരത്തിലേയ്ക്ക് വന്നിട്ടുണ്ട്. അക്കാര്യത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. വി. ജോയി</u>: സർ, കണ്ണൂർ കോർപ്പറേഷനുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ സി.പി.ഐ.(എം) ശ്രദ്ധേയമായിട്ടുള്ള പല മാതൃകകളും ഇക്കാര്യത്തിൽ കൈക്കൊള്ളാറുണ്ട്. ഈ മാലിന്യ നിർമ്മാർജ്ജന പദ്ധതിക്ക് എല്ലാവരുടെയും സഹകരണത്തോടെ ഒരുമിച്ചുനിന്നുള്ള പ്രവർത്തനം നടത്താൻ സാധിക്കുമോയെന്നാണ് അദ്ദേഹം ചോദിച്ചത്. എൽ.ഡി.എഫ്.-ന്റെയോ യു.ഡി.എഫ്.-ന്റെയോ ഒരു പ്രശ്നമായിട്ടല്ല, നാളെ ഭാവിതലമുറ അഭിമുഖീകരിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ടൊരു വിഷയമായി ഇതിനെ കാണണം. ഇക്കാര്യത്തിൽ ഒറ്റക്കെട്ടായിനിന്ന് ജനങ്ങളെ ബോധവൽക്കരിച്ച് മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള പ്രവർത്തനമാണ് നാം ആരംഭിക്കേണ്ടത്. മാലിന്യനിർമ്മാർജ്ജന പ്രശ്നംപോലെ വളരെ രൂക്ഷമാണ് പൊതുശ്മശാനങ്ങളുടെ കാര്യത്തിൽ ആളുകളെടുക്കുന്ന സമീപനവും. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതുശ്മശാനം വേണമെന്ന ആഗ്രഹമുണ്ട്. പക്ഷേ പൊതുശ്മശാനത്തിന് സ്ഥലമെടുക്കുന്നുവെന്നറിഞ്ഞാൽ ഉടൻതന്നെ സമരവും സത്യാഗ്രഹങ്ങളുമായി ജനങ്ങൾ ഇറങ്ങുകയാണ്. ഒരു സെന്റിലും രണ്ട് സെന്റിലും മൂന്ന് സെന്റിലും താമസിക്കുന്ന ആളുകൾ അവരുടെ വീടിന്റെ ചായ്പ് പൊളിച്ച് അവിടെ മൃതദേഹം സംസ്കരിക്കുന്ന സാഹചര്യം നമ്മുടെ ശ്രദ്ധയിലും വാർത്തകളിലും വന്നിട്ടുണ്ട്. ജനപ്രതിനിധികളെന്ന നിലയിൽ ചിലപ്പോൾ നമുക്കും അതിന് സാക്ഷികളാകേണ്ടി വന്നിട്ടുണ്ട്. ഒരു പൊതുശ്മശാനം വരുമ്പോൾ അത് വരട്ടെയെന്ന നിലപാടല്ല. രാഷ്ട്രീയമായി അതിനെ എതിർക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്. പഞ്ചായത്ത് ഭരിക്കുന്നത് സി.പി.ഐ.(എം) ആണെങ്കിൽ അതിനെ എതിർക്കുകയെന്നൊരു സമീപനമാണ് മറ്റുള്ളവർ സ്വീകരിക്കുന്നത്. അതുകൊണ്ട് മാലിന്യനിർമ്മാർജ്ജനത്തിന്റെയും പൊതുശ്മശാനത്തിന്റെയും കാര്യത്തിൽ എല്ലാവരും യോജിച്ച് പ്രവർത്തിക്കണം. തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് കഴിഞ്ഞ കാലങ്ങളിൽ നടത്തിയിട്ടുള്ള ശ്ലാഘനീയമായ പ്രവർത്തനങ്ങളുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത്, അതിദരിദ്രരെ കണ്ടെത്തുന്നതിനുവേണ്ടിയുള്ള ശ്രമമായിരുന്നു. ആരാലും സംരക്ഷിക്കപ്പെടാനില്ലാത്തവരായ 64006 ആളുകളെ സംരക്ഷിക്കുന്നതിനുവേണ്ടി വകുപ്പ് സ്വീകരിച്ച ധീരമായ നടപടി കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ ശ്രദ്ധയാകർഷിക്കപ്പെട്ടൊരു കാര്യമാണ്.

<u>ശ്രീമതി കാനത്തിൽ ജമീല</u>: സർ, അങ്ങേയ്ക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗം പറഞ്ഞ ആവിക്കൽ പ്ലാന്റുമായി ബന്ധപ്പെട്ട് നേരത്തെ ഇവിടെയൊരു ചർച്ച വന്നു. മാലിന്യ പ്ലാന്റ് എല്ലാ ഭാഗങ്ങളിലും വേണമെന്നും മാലിന്യം സംസ്കരിക്കുന്നത് പ്രത്യേക രീതിയിലായിരിക്കണമെന്നും ഈ ബില്ലിന്മേലുള്ള ചർച്ചയിൽ നേരത്തെ പ്രതിപക്ഷത്തുനിന്ന് ഒരു ബഹുമാനപ്പെട്ട അംഗം സംസാരിച്ചു. അവർ തന്നെയാണ് ആവിക്കൽ പ്ലാന്റിനെതിരെ സമരം ചെയ്യുന്നതും. എന്നിട്ട് മാലിന്യ പ്ലാന്റും അതുപോലെ പുതിയ രീതിയിൽ മാലിന്യം സംസ്കരിക്കുന്ന രീതിയും വേണമെന്ന് ഇവിടെ പറയുന്നു. ഇതൊരു ഇരട്ടത്താപ്പാണെന്ന് അങ്ങേയ്ക്ക് തോന്നുന്നുണ്ടോ?

ശ്രീ. ഡി. കെ. മുരളി: സർ, താങ്കളുടെ പ്രസംഗത്തിൽ പൊതുബോധം വളർത്തുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. മാലിന്യ നിർമ്മാർജ്ജനത്തിന്റെ കാര്യത്തിലായാലും പൊതുശ്മശാനങ്ങൾ സ്ഥാപിക്കുന്നതിന്റെ കാര്യത്തിലായാലും അത് ഉയർന്നുവരേണ്ടതാണ്. പഞ്ചായത്ത് രാജ് ആക്ട് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണ-പ്രതിപക്ഷമില്ല. ഒറ്റ ഭരണസമിതിയായിട്ടാണ് പോകേണ്ടത്. പക്ഷേ വികസന പ്രവർത്തനങ്ങളിൽ അതിന് വ്യത്യസ്തമായൊരു നിലപാട് കേരളത്തിൽ പൊതുവേ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം കോർപ്പറേഷനിൽ ബഡ്ജറ്റ് അവതരണത്തെയും കൗൺസിൽ യോഗത്തെയും തടസ്സപ്പെടുത്തുകയാണ്. അതിന് നേതൃത്വം കൊടുക്കുന്നത് ബി.ജെ.പി.യാണ്. ഈ സമീപനം പലയിടത്തും യു.ഡി.എഫ്-ഉം സ്വീകരിക്കുന്നുണ്ട്. രാഷ്ട്രീയലാക്കോടുകൂടിയുള്ള ഇത്തരം പ്രവർത്തനങ്ങൾ വികസനത്തെ പൊതുവെയും പ്രത്യേകിച്ച് പൊതുസമൂഹത്തിന് ഏറെ താൽപ്പര്യമുള്ള മാലിന്യനിർമ്മാർജ്ജനം, ശ്മശാന നിർമ്മാണം തുടങ്ങിയ കാര്യങ്ങളെയെല്ലാം തടസ്സപ്പെടുത്തുകയാണ്. ഇക്കാര്യത്തിൽ ഒരു മാതൃക ഇന്ന് നമ്മുടെ നിയമസഭ കാണിച്ചിട്ടുണ്ട്, ലഹരി വ്യാപനത്തിനെതിരായി ഒരു സമവായം. ഒരു അപശബ്ദവുമില്ലാതെ, അതിനെതിരെ ഉത്കണ്ഠ രേഖപ്പെടുത്താൻ ഐകകണ്ഠ്യേന കഴിഞ്ഞിട്ടുണ്ട്. അത്തരമൊരു സമീപനം ഇത്തരം കാര്യങ്ങളിൽക്കൂടി സ്വീകരിക്കണമെന്ന് യു.ഡി.എഫ്.-നോട് ഉപദേശിക്കാൻ അങ്ങ് ശ്രദ്ധിക്കുമോ?

ശ്രീ. വി. ജോയി: സർ, ഭാവിയെക്കുറിച്ചാലോചിക്കുമ്പോൾ സ്വാഭാവികമായും യു.ഡി.എഫ്. ഇക്കാര്യങ്ങളെ എതിർക്കേണ്ടതില്ല. ഇത്തരം പ്രവർത്തനങ്ങളിൽ എല്ലാവരും ഒരുമനസ്സോടെ നിൽക്കേണ്ടതിന്റെ ആവശ്യകത യു.ഡി.എഫ്.-ന് ബോധ്യപ്പെടുമെന്നാണ് ഞാൻ കരുതുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ജനപ്രതിനിധികൾ ബഹളമുണ്ടാക്കുന്നതിനെ സംബന്ധിച്ച് നമ്മൾ ഈ സഭയിൽ ആലോചിക്കുന്നത് നല്ലതാണ്, കാരണം പഴയത് ചെയ്തതൊക്കെ തെറ്റാണ് എന്നുള്ളൊരു confession ഞാൻ അതിനകത്തുനിന്ന് മനസ്സിലാക്കുകയാണ്. കുടിവെള്ളത്തിന്റെയും മാലിന്യ സംസ്കരണത്തിന്റെയും കാര്യങ്ങൾ പോലെ വളരെ സെൻസിറ്റീവായിട്ടുള്ള വിഷയങ്ങളിൽ നമ്മുടെ സംസ്ഥാനത്ത് ഒരു വികസന അജണ്ടയുണ്ടാക്കുന്നതിനുവേണ്ടി ശ്രമിക്കുകയല്ലേ ഗവൺമെന്റ് ചെയ്യേണ്ടത്? തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർക്ക് നിശ്ചയമായും അങ്ങനെയൊരു ചിന്തയുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. ചിലപ്പോൾ പ്രാദേശികമായി ചില തർക്കങ്ങൾ വരാം. ഭരണ-പ്രതിപക്ഷങ്ങൾ മാറിമാറി വന്നാലും ഈ തർക്കങ്ങൾ നിലനിൽക്കുന്നതിനാൽ പ്രശ്നം

പ്രശ്നമായിത്തന്നെ നിൽക്കും. അതിനെക്കാൾ ഉയർന്ന ചിന്തിച്ചുകൊണ്ട് ഒരു പൊതു അജണ്ടയുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ ഒരു വികസന മാതൃക ഡെവലപ് ചെയ്യുന്നതിനുവേണ്ടി ഗവൺമെന്റ് തയ്യാറാകണമെന്ന് അങ്ങ് അഭ്യർത്ഥിക്കുമോ?

ശ്രീ. വി. ജോയി: സർ, ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തെ സംബന്ധിച്ച് പറയുമെന്നുള്ളതുകൊണ്ട് ഞാൻ ആ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. ഞാൻ പറഞ്ഞുവന്നത് അതിദരിദ്രരെ കണ്ടെത്തുന്നതിനുവേണ്ടി വകുപ്പ് എടുത്ത നടപടികളെ സംബന്ധിച്ചാണ്. അതുപോലെ തന്നെയാണ് ഇപ്പോൾ വാതിൽപ്പടി സേവനം ലഭ്യമാക്കുന്നതിനുവേണ്ടി കണ്ടെത്തിയ 23000-ത്തിലധികം വരുന്ന ആളുകളുടെ കാര്യവും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന ഫണ്ട് നൽകുന്നില്ലെന്നൊരു ആക്ഷേപം ഉന്നയിക്കുകയുണ്ടായി. കഴിഞ്ഞ വർഷം 7180 കോടി രൂപ നൽകിയെന്നാണ് രേഖകൾ പരിശോധിച്ചപ്പോൾ എനിക്ക് മനസ്സിലായത്. ഈ വർഷം അത് 8048 കോടി രൂപയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തനതുഫണ്ട് രൂപീകരിക്കുന്നതിന് സ്രോതസ്സ് എങ്ങനെ കണ്ടെത്തുമെന്നാണ് ചിന്തിക്കേണ്ടത്. സാധാരണഗതിയിൽ പ്രോപ്പർട്ടി ടാക്സോ പ്രൊഫഷണൽ ടാക്സോ ആണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തനതുഫണ്ടായി ലഭിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം അങ്ങനെയൊരു തനത് ഫണ്ടില്ല, ഗവൺമെന്റ് കൊടുക്കുന്ന ഫണ്ട് ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം തനതായൊരു സോഴ്സ് ഉണ്ടാക്കിയെടുക്കുന്നതിനുവേണ്ടി പുതിയ കാര്യങ്ങൾ കണ്ടെത്തണം.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി നമ്മൾ കൂട്ടായി പരിശ്രമിക്കേണ്ടതുണ്ട്. എന്റെ വീടിനടുത്തുള്ള ഒരു കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ ഒരു ദിവസം എന്നോട് പറഞ്ഞ കാര്യമാണ് ഞാൻ സൂചിപ്പിക്കുന്നത്, അദ്ദേഹം 12 വർഷം മുമ്പ് സർവ്വീസിൽ കയറുമ്പോൾ ശമ്പളം 18,000 രൂപയും പ്രൊഫഷണൽ ടാക്സ് 1250 രൂപയുമായിരുന്നു. 12 കൊല്ലത്തിനുശേഷം ഇപ്പോഴും പ്രൊഫഷണൽ ടാക്സിൽ ഒരു മാറ്റവും വന്നിട്ടില്ല. അദ്ദേഹത്തിന്റെ ശമ്പളം ഇപ്പോൾ 80,000 രൂപയാണെങ്കിലും ആറ് മാസം കൂടുമ്പോൾ പ്രൊഫഷണൽ ടാക്സ് 1250 രൂപതന്നെ നൽകിയാൽ മതി. പ്രസ്തുത വ്യക്തി ടാക്സ് കൂടുതൽ കൊടുക്കാൻ തയ്യാറാണെങ്കിലും അത് വാങ്ങാൻ വകുപ്പില്ലെന്നാണ് പഞ്ചായത്ത് സെക്രട്ടറി പറയുന്നത്. ഇൻകം ടാക്സായി ഒരുലക്ഷം രൂപയാണ് അദ്ദേഹം അടയ്ക്കുന്നത്. അതുകൊണ്ട് പ്രൊഫഷണൽ ടാക്സ് വർദ്ധിപ്പിക്കണം. പഞ്ചായത്ത് രാജ് ആക്ടനുസരിച്ച് പുഴകളും തോടുകളും ഓരോ പഞ്ചായത്തിന്റെയും ഉടമസ്ഥതയിലാണ്. ഇങ്ങനെയുള്ള ജലാശയങ്ങളിൽ അടിഞ്ഞുകൂടിയിരിക്കുന്ന ചെളിയും മണലും നീക്കംചെയ്ത് വിൽപ്പന നടത്താനുള്ള ഒരു സൗകര്യംകൂടി പഞ്ചായത്തുകൾക്ക് ലഭ്യമായാൽ അതൊരു വലിയ വരുമാന സ്രോതസ്സായി മാറുമെന്ന അഭിപ്രായംകൂടി എനിക്കുണ്ട്.

<u>ശ്രീ. വി. ജോയി</u>: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. ഏതെങ്കിലും വിധത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾതന്നെ വരുമാനത്തിനുള്ള സ്രോതസ്സ് കണ്ടുപിടിക്കണം. നദികളിൽനിന്നും മണൽ വാരിവിൽക്കുന്നതായാലും മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെയായാലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ സ്രോതസ്സ് കണ്ടെത്തുകയും അതിന് ഗവൺമെന്റ് അനുമതി നൽകുകയും ചെയ്യുന്ന സാഹചര്യമുണ്ടായാൽ കുറച്ചധികം പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. എല്ലാ വിഷയങ്ങളും പരിഹരിക്കാൻ പ്ലാൻ ഫണ്ടോ നോൺപ്ലാൻ ഫണ്ടോ കിട്ടുന്നതുവരെ കാത്തിരിക്കുകയെന്ന സമീപനത്തിൽനിന്നും വ്യത്യസ്തമായി കാര്യങ്ങൾ ചെയ്യാൻ സാധിക്കുമോയെന്നാണ് നോക്കേണ്ടത്. ഫയലുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ധീരമായ നിലപാടാണ് സ്വീകരിച്ചത്. കെട്ടിക്കിടന്ന 4 ലക്ഷത്തിലധികം ഫയലുകളിൽ 3.5 ലക്ഷത്തിലധികം ഫയലുകൾ ഇക്കാലയളവിൽ തീർപ്പാക്കാൻ സാധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ പൂർത്തിയായിട്ട് നാല് മാസമായതേയുള്ളൂ. അതിനുംമുമ്പുള്ള ഫയലുകളാണ് ഇത്തരത്തിൽ പൂർണ്ണമായും തീർപ്പാക്കിയത്. പ്രസ്തുത വിഷയത്തിൽ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയാണ്. സഹകരണ വകുപ്പും പഞ്ചായത്ത് വകുപ്പും ചേർന്നുകൊണ്ടുള്ള വികസന പ്രക്രിയ നേരത്തേതന്നെ ആരംഭിച്ചതായിരുന്നു. ഇ.എം.എസ്. ഭവനപദ്ധതി വന്നപ്പോൾ സഹകരണ പ്രസ്ഥാനങ്ങളെ ചേർത്തുപിടിച്ച് അവരുടെ സഹായത്തോടെയാണ് ആ പദ്ധതി പൂർത്തീകരിച്ചത്. വികസനപ്രവർത്തനങ്ങളുടെ കാര്യത്തിൽ സഹകരണ സ്ഥാപനങ്ങളുടെ സ്രോതസ്സുകൾകൂടി ഉപയോഗപ്പെടുത്താൻ സാധിക്കണം. കേന്ദ്രഗവൺമെന്റിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി ലഭ്യമാകുന്ന ഫണ്ടോ സംസ്ഥാന ഗവൺമെന്റിന്റെ ഫണ്ടോ സഹകരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കാൻ സാധിക്കാത്ത സാഹചര്യം ഇന്നുണ്ട്. അത്തരം ഫണ്ടുകളെല്ലാം ഇന്ന് നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കുകളുടെ അക്കൗണ്ടുകളിലേയ്ക്കാണ് പോകുന്നത്. പണം നിക്ഷേപിക്കുന്നത് സഹകരണ ഇതര ബാങ്കുകളിലാകുമ്പോഴും സഹകരണ സ്ഥാപനങ്ങൾ നമ്മെ സഹായിക്കണമെന്ന് പറയുന്നതിൽ ഒരു വൈരുദ്ധ്യമുണ്ട്. പരമാവധി സർക്കാരിന്റേതായ ഫണ്ടുകൾ സഹകരണ സ്ഥാപനങ്ങളിലേയ്ക്ക് നൽകിക്കൊണ്ട് സഹകരണ സ്ഥാപനങ്ങളുടെകൂടി സഹായത്തോടെ ധാരാളം വികസന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കാൻ സാധിക്കും. ബില്ലിൽ സൂചിപ്പിച്ച വകുപ്പുകളെ കൂട്ടിച്ചേർത്തു കൊണ്ടുള്ള നടപടി നാട്ടിലെ ജനങ്ങൾക്ക് പ്രയോജനപ്പെടുന്നതോടൊപ്പം ഇന്ന് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ഇതുകൊണ്ട് സാധിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ ചുമതലപ്പെടുത്തിയതുപ്രകാരം (ഡോ. മാത്യു കുഴൽനാടൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇവിടെ പൊതുവായി ചർച്ചകളിൽ ഉയർന്നുവന്ന കാര്യങ്ങൾ നമുക്കെല്ലാവർക്കും യോജിക്കാൻ കഴിയുന്നവയാണ്. മന്ത്രിമാരിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മാത്രമാണ് ഇപ്പോൾ ശ്രോതാവായിട്ടുള്ളത്. സ്വാഭാവികമായി വകുപ്പിനോടുള്ള അദ്ദേഹത്തിന്റെ ഉത്തരവാദിത്വമാണ് ഇതുകൊണ്ട് വ്യക്തമാകുന്നത്. മന്ത്രിപദവിയേക്കാൾ ഉയർന്ന മറ്റൊരു പദവിയിലേയ്ക്ക് അദ്ദേഹം പോകുകയാണല്ലോ, ഇവിടെനിന്നും ലഭിച്ച പരിജ്ഞാനം ഉപയോഗപ്പെടുത്തി അടുത്ത കസേരയിലിരിക്കുമ്പോൾ കൂടുതൽ ഫലപ്രദമായി അതിനെ നയിക്കാൻ പറ്റുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അതുകൊണ്ടുതന്നെ ഇവിടെ ചർച്ച ചെയ്യപ്പെട്ട കാര്യങ്ങൾ കൂടുതൽ ഫലപ്രദമായി പ്രാവർത്തികമാക്കാൻ അങ്ങേയ്ക്ക് സാധിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഇവിടെ നടക്കുന്ന ചർച്ചയുടെ തുടർച്ച ലഭിക്കുന്നതിനായി ഏറ്റവും ഒടുവിൽ ചർച്ചയിൽ പങ്കെടുത്ത് പറഞ്ഞവസാനിപ്പിച്ച ആശയത്തിൽനിന്നും ഞാൻ എന്റെ ചർച്ചയ്ക്ക് തുടക്കമിടുകയാണ്. അവർ പറഞ്ഞതിൽ ഏറ്റവും പ്രസക്തമായ ഒന്നാണ് പഞ്ചായത്തുകളുടെ തനത് വരുമാനം വർദ്ധിപ്പിക്കുകയെന്നത്. പഞ്ചായത്തുകൾക്ക് ലഭ്യമാകേണ്ട തനത് നികുതി വരുമാനത്തിന് എന്താണ് സംഭവിക്കുന്നത്? ഭരണത്തിന്റെ ഒരു അടിസ്ഥാന തത്വം ഉപയോഗപ്പെടുത്തി നാം പരിശോധിക്കുമ്പോൾ ഏതൊരു സ്ഥാപനത്തിന്റെയും, അത് സംസ്ഥാന-കേന്ദ്ര സർക്കാരുകളാണെങ്കിലും പ്രാദേശിക ഭരണ കൂടങ്ങളാണെങ്കിലും അവയുടെ തനത് നികുതി വരുമാനത്തിൽ വർദ്ധനയുണ്ടാക്കുകയെന്നത് ഭരണത്തിലെ മികവായാണ് നാം അടയാളപ്പെടുത്തുന്നത്. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് നികുതി വരുമാനത്തിന്റെ കഴിഞ്ഞ പത്ത് വർഷത്തെ കണക്ക് മുഴുവനായി ക്രോഡീകരിച്ചില്ലെങ്കിലും 2013-14-നുശേഷം നികുതി വരുമാനത്തിൽ ശ്രദ്ധേയമായ വ്യത്യാസം ഞാൻ കാണുന്നുണ്ട്. There might be some intervening factors which resulted in such a jump. 2013-14-ൽ പഞ്ചായത്തുകളുടെ നികുതി വരുമാനം 51 ശതമാനമായിരുന്നത് 2014-15 -ൽ 73 ശതമാനത്തിലേയ്ക്ക് മാറിയിട്ടുണ്ട്. അത്തരമൊരു കുതിച്ചുചാട്ടത്തിന് എന്തെങ്കിലും കാര്യം കാണുമായിരിക്കാം, അതെന്തുകൊണ്ടാണെന്ന് എനിക്ക് തിരിച്ചറിയാൻ സാധിച്ചിട്ടില്ല. 2014-15-ൽ പഞ്ചായത്തുകളുടെ ആകെ നികുതി വരുമാനത്തിന്റെ 73 ശതമാനവും തനത് നികുതി വരുമാനമായിരുന്നു. തനത് നികുതി വരുമാന നിരക്ക് 2015-16-ൽ 71.07 ശതമാനം, 2016-17-ൽ 72.75 ശതമാനം, 2017-18-ൽ 71.91 ശതമാനം,

2018-19-ൽ 70.33 ശതമാനം, 2019-20-ൽ 69.16 ശതമാനം എന്ന രൂപത്തിലായിരുന്നു. നികുതി വരുമാനത്തിൽ കാര്യമായ ഇടിവുണ്ടായിട്ടുണ്ട്. It shows a continuous decline; there should be some reason. കോവിഡായതുകൊണ്ടാണ്, ചാഞ്ചാട്ടമാണ് എന്നൊക്കെയുള്ള കാരണങ്ങൾ നമുക്ക് വേണമെങ്കിൽ പറയാമെങ്കിൽക്കൂടിയും തനതുവരുമാനത്തിൽ തുടർച്ചയായൊരു ഇടിവ് കാണിക്കുന്നത് വളരെ ഗുരുതരമായ എന്തോ കാര്യം അതിലുണ്ടെന്നാണ്. തീർച്ചയായും അത് പരിശോധിക്കണം. Property Tax, Profession Tax, Entertainment Tax, Advertisement Tax എന്നിവയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച നികുതി മാർഗ്ഗങ്ങൾ. അതിൽത്തന്നെ ജി.എസ്.ടി. വന്നതോടെ വിനോദനികുതി അവരുടെ പക്കൽനിന്നും മാറിപ്പോയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മറ്റു നികുതികളായ തൊഴിൽ നികുതിയുടെയോ, പരസ്യ നികുതിയുടെയോ സ്ലാബ് വർദ്ധിപ്പിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുന്നില്ല. ഏറ്റവും അവസാനമായി ശ്രീ. കെ. ഡി. പ്രസേനൻ സൂചിപ്പിച്ചതും അതുതന്നെയാണ്. 18 വർഷം മുമ്പ് കൊടുത്തിരുന്ന തൊഴിൽ നികുതി തന്നെയാണ് ഇത്രയും വർഷങ്ങൾക്കുശേഷവും ഒരാൾ നൽകുന്നതെന്ന് പറയുകയുണ്ടായി, അത് കാണിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾക്ക് മുൻകയ്യെടുക്കേണ്ടത് ഗവൺമെന്റാണെന്നാണ്. ഇക്കാര്യത്തിൽ ഇപ്പോഴത്തെ ഗവൺമെന്റിനെമാത്രം ഞാൻ കുറ്റപ്പെടുത്തി പറയുകയല്ല. അതിനകത്ത് വളരെ അലസമായ ഒരു സമീപനം (lackadaisical approach) നമ്മുടെ സർക്കാരുകളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ടെന്ന് പറഞ്ഞാൽ അതൊരു തെറ്റാണെന്ന് തോന്നുന്നില്ല. കാരണം ഇവിടെയുള്ള പലരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലിരുന്ന് പരിചയമുള്ളവരാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ നികുതി നിരക്ക് സ്വന്തമായി വർദ്ധിപ്പിക്കാൻ കഴിയില്ല, എന്നാൽ ആ ഉത്തരവാദിത്വം നിർവ്വഹിക്കേണ്ട സർക്കാർ അങ്ങനെ ചെയ്യുന്നില്ലെന്ന് പറയുമ്പോൾ സ്വാഭാവികമായും അവരുടെ വരുമാനത്തിൽ വലിയതോതിലുള്ള കുറവുണ്ടാകും. ഞാൻ മുന്നോട്ടുവയ്ക്കാൻ ആഗ്രഹിക്കുന്ന രണ്ടാമത്തെ പോയിന്റ്, 74-ാം ഭരണഘടനാ ഭേദഗതിയോടുകൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ലോക്കൽ ഗവൺമെന്റുകളെപ്പോലെ ഡെവലപ് ചെയ്യണമെന്നാണ് യഥാർത്ഥത്തിൽ വിഭാവന ചെയ്തത്. അതിലെ ആർട്ടിക്കിൾ 243W, 243X-ലുമെല്ലാം അത് പറയുന്നുണ്ട്. Powers, authority and responsibilites of Municipalities etc. എന്നാണ്. അതിൽ പറയുന്നത്, ഏതൊക്കെയാണ് അവർക്ക് കൊടുക്കേണ്ടത്; 'Power to impose taxes by, and Funds, of, the Municipalities.

The Legislature of a State may, by law

(a) authorise a Municipality to levy, collect and appropriate such taxes, duties, tolls and fees in accordance with such procedure and subject to such limits;

(b) assign to a Municipality such taxes, duties, tolls and fees levied and collected by the State Government for such purposes and subject to such conditions and limits;

(c) provide for making, such grants in aid to the Municipalities from the consolidated Fund of the State; and

(d) provide for constitution of such Funds for crediting all moneys received respectively, by or on behalf of the Municipalities and also for the withdrawal of such moneys therefrom, as may be specified in the law ' എന്നാണ്.

യഥാർത്ഥത്തിൽ അധികാരവികേന്ദ്രീകരണത്തിന്റെ 25 വർഷം കഴിഞ്ഞ് നിൽക്കുമ്പോൾ എന്തുകൊണ്ടാണ് നമ്മൾ ആഗ്രഹിക്കുന്നതും പ്രതീക്ഷിക്കുന്നതും പോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉയർന്നുവരാൻ കഴിയാത്തതെന്ന് ചോദിച്ചാൽ, അതിന്റെ ഉത്തരം സിമ്പിളാണ്. Devolution of Powers; അധികാരം devolve ചെയ്യുന്നതിൽ സർക്കാരുകൾ കാണിക്കുന്ന മടിയാണെന്ന് അടിവരയിട്ട് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ സർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ളതുപ്രകാരം സ്റ്റേറ്റ് ഫിനാൻസ് കമ്മീഷൻ മുന്നോട്ടുവച്ചിട്ടുള്ള 325 ശിപാർശകൾ സർക്കാരിന്റെ മുന്നിലുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും ശക്തിപകരാനുംവേണ്ടി സ്റ്റേറ്റ് ധനകാര്യ കമ്മീഷൻ മുന്നോട്ടുവച്ചിട്ടുള്ള 325 ശിപാർശകളിൽ ഇരുന്നൂറ് ശിപാർശകളിന്മേൽ സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. സർക്കാരിന്റെ ധനകാര്യ വകുപ്പ് ഇറക്കിയിട്ടുള്ള പെർഫോമൻസ് അസസ്സ്മെന്റ് റിപ്പോർട്ടിലെ കൺക്ലൂഷനിൽ 'Out of 325 recommendations of the State Finance Commission which had been accepted by Government, 200 were not implemented till date. The recommendations to be implemented included significant recommendations facilitating devolution of activities to Local bodies.' എന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് സർക്കാരിന് മനസ്സിലാകാത്തതുകൊണ്ടോ നമ്മൾ കണ്ടെത്താത്തതുകൊണ്ടോ അല്ല. യഥാർത്ഥത്തിൽ നമ്മൾ ചെയ്യേണ്ട കാര്യം ചെയ്യാതെ, പഞ്ചായത്തുകളുടെ പെർഫോമൻസ് മോശമാണെന്ന് പറയുന്നതിൽ അർത്ഥമില്ല. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത്, തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്ക് കൈമാറിയ നിരവധി ഉത്തരവാദിത്വങ്ങളിൽ അവർക്ക് നിയന്ത്രണമില്ലാത്ത അവസ്ഥയാണ്. ഉദാഹരണത്തിന്, വാട്ടർ അതോറിറ്റിയുടെ ഫംഗ്ഷൻസ് പഞ്ചായത്തിന് കൈമാറിയിട്ടുണ്ടെങ്കിലും ഇന്നും അതിന്റെ നിയന്ത്രണം പഞ്ചായത്തിന്റെ കയ്യിലെത്തിയിട്ടില്ല. വാട്ടർ അതോറിറ്റിയുടെ പണം പിരിക്കുന്നത് പഞ്ചായത്തുകളോ മുനിസിപ്പാലിറ്റികളോ അല്ല. ഒരുപാട് പഞ്ചായത്തുകൾ കോടാനുകോടി രൂപ വാട്ടർ അതോറിറ്റിക്ക് കൊടുക്കാനുള്ളതായി കണക്കുകളുണ്ട്. അത് അവരുടെ കടബാധ്യതയായി നിൽക്കുകയാണ്. ഉദാഹരണത്തിന് എന്റെ മണ്ഡലത്തിലെ മാറാടി പഞ്ചായത്ത്, പോത്താനിക്കാട് പഞ്ചായത്ത് എന്നിവയെല്ലാം ഒന്നരക്കോടിരൂപ, ഒന്നേമുക്കാൽ കോടി രൂപയൊക്കെ കൊടുക്കാനുള്ളതായി കാണുന്നു. വാട്ടർ അതോറിറ്റിയുടെ ഡാറ്റ പ്രകാരം ഒരു പഞ്ചായത്തിൽ 68 കണക്ഷനുകളുള്ളതായിട്ടാണ് കാണിക്കുന്നത്. അതിൽ പ്രവർത്തനയോഗ്യമായത് ഇരുപതോ ഇരുപത്തിരണ്ടോ ആണ്. ബാക്കിയുള്ളത് കട്ട് ചെയ്യാൻ എഴുതിക്കൊടുത്തിട്ടും അതൊന്നും മാറ്റിയിട്ടില്ല. ബുക്കിൽ അതിന്റെയെല്ലാം തുക, 'ആരാന്റെ തോണി കാൽപണം കൂലി' എന്നുപറയുന്നതുപോലെ പഞ്ചായത്തും വാട്ടർ അതോറിറ്റിയും കൊണ്ടു നടക്കുകയാണ്. ഇതെല്ലാം ബുക്കുകളിൽ കാണിക്കുമ്പോൾ വാട്ടർ അതോറിറ്റിക്ക് ഇത്ര കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്. യഥാർത്ഥത്തിൽ പിരിഞ്ഞു കിട്ടാനുള്ളതാണോ? യഥാർത്ഥത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുകയല്ല, കിട്ടാനും പോകുന്നില്ല. ഇതെല്ലാം നമ്മുടെ അലസമായ, ഒട്ടും പ്രൊഫഷണലല്ലാത്ത സമീപനത്തെയാണ് കാണിക്കുന്നത്. ഇതെല്ലാമാണ് നമ്മൾ ബേസിക്കായി ഫിക്സ് ചെയ്യേണ്ട ചില പ്രശ്നങ്ങൾ. വാട്ടർ അതോറിറ്റിയുടെ കാര്യം നേരിട്ട് ബോധ്യമുള്ളതു കൊണ്ട് അതുമായി ബന്ധപ്പെട്ട കാര്യം ഞാൻ സൂചിപ്പിച്ചുവെന്നേയുള്ളൂ. വാട്ടർ കണക്ഷൻ കൊടുക്കുന്നതിനുള്ള അവകാശം കോർപ്പറേഷനോ, മുനിസിപ്പാലിറ്റിക്കോ, പഞ്ചായത്തിനോ കൊടുക്കുകയാണെങ്കിൽ തനതുവരുമാനം വർദ്ധിപ്പിക്കാൻ സാധിക്കും. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും വളരെ നോമിനലായ റേറ്റാണ് വെള്ളത്തിനുവേണ്ടി ചെലവാകുന്നത്. ഫ്ലാറ്റുകളിലും ലക്ഷ്വറി ഫ്ലാറ്റുകളിലും കൊടുക്കുന്ന വാട്ടർ കണക്ഷനുകൾ പല തട്ടുകളായി തിരിച്ച് കൂടുതൽ തുക ഈടാക്കാൻ കഴിഞ്ഞാൽ അതൊരു വരുമാന സ്രോതസ്സായി വരും. അങ്ങനെയുള്ള അവസരം നൽകാതെ ഇതെല്ലാം വീണ്ടും കടബാധ്യതയായി വർദ്ധിച്ചുവരുന്ന സ്ഥിതിവിശേഷമാണ് കാണുന്നത്. ഞാൻ എടുത്ത് പറയാൻ ആഗ്രഹിക്കുന്ന കാര്യം, നമ്മൾ ഏത് രീതിയിൽ നോക്കിയാലും ഇന്ന് പഞ്ചായത്തുകൾ ചെയ്യുന്ന പ്രവൃത്തികൾ, സംസ്ഥാനത്തിന്റെ പൊതുവായ വികസനത്തിനുവേണ്ടിയുള്ള പഞ്ചായത്തുകളുടെ കോൺട്രിബ്യൂഷൻ ഇവ ഒട്ടും ചെറുതല്ല. സംസ്ഥാന സർക്കാർ അവരുടെ ഏറ്റവും അഭിമാനകരമായ പല പ്രോജക്ടുകളും നടപ്പിലാക്കുന്നത് പഞ്ചായത്തുകൾ വഴിയാണ്. പഞ്ചായത്തുകളാണ് അതിന്റെ ഭാരം താങ്ങുന്നത്.

ഏറ്റവും ലേറ്റസ്റ്റായിട്ടുള്ളതാണ് 'ലൈഫ് പദ്ധതി.' ഇടതുപക്ഷ സർക്കാരിന്റെ ഏറ്റവും വലിയ ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമായി, അഭിമാനമായി, നേട്ടമായി നിങ്ങൾ ഉയർത്തിക്കാണിക്കുന്ന ലൈഫ് മിഷൻ പദ്ധതിയുടെ സാമ്പത്തികഭാരം മുഴുവൻ ചുമക്കുന്നത് പഞ്ചായത്തുകളാണ്. പഞ്ചായത്തുകളിൽ ലൈഫ് പദ്ധതിയുടെ നൂറുകണക്കിന് അപേക്ഷകളിന്മേൽ തീരുമാനമെടുക്കാൻ കഴിയാതെ, വീടുകൾ നൽകാൻ കഴിയാതെ നിൽക്കുകയാണ്. അക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും അവർക്ക് വേണ്ടത്ര പിന്തുണയില്ലാത്തതുകൊണ്ടും അതിനു വേണ്ടിയുള്ള ഫണ്ട് ഇയർ മാർക്ക് ചെയ്ത് നൽകാത്തതുകൊണ്ടും ലൈഫ് പദ്ധതിതന്നെ താളം തെറ്റി നിൽക്കുന്നു. അതിന്റെയെല്ലാം ദുരിതവും ദുഃഖവും ആളുകളുടെ നേരിട്ടുള്ള പരാതിയും കേൾക്കുന്നത് പഞ്ചായത്തുകളാണ്.

ശ്രീ. എം. വിൻസെന്റ്: സർ, ലൈഫ് മിഷൻ പദ്ധതി പ്രഖ്യാപിക്കുന്നതിനുമുമ്പ് ഓരോ പഞ്ചായത്തുകളിലും ഓരോ വർഷവും അവർക്ക് ഭവനം വച്ചുകൊടുക്കുന്ന ഒരു പദ്ധതിയുണ്ടായിരുന്നു. ഓരോ വാർഡിലും അഞ്ചും പത്തും പതിനഞ്ചും വീടുകൾ എല്ലാവർഷവും ലഭിക്കുമായിരുന്നു. ലൈഫ് പദ്ധതി വന്നശേഷം ഒരുതവണ മാത്രമാണ് വീട് കൊടുക്കാൻ കഴിഞ്ഞത്. 2020 ആഗസ്റ്റിൽ അപേക്ഷ സ്വീകരിച്ചിട്ട് ഇപ്പോൾ രണ്ട് വർഷം കഴിഞ്ഞിട്ടും, 2020 ആഗസ്റ്റിൽ സ്വീകരിച്ച അപേക്ഷയിന്മേൽ ഒരു വീടുപോലും കൊടുക്കാൻ നാളിതുവരെ കഴിഞ്ഞിട്ടില്ലെന്ന വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ, തീർച്ചയായും, ലൈഫ് മിഷൻ പദ്ധതിയെ വസ്തുനിഷ്ഠമായി വിലയിരുത്തിയാൽ പല പ്രശ്നങ്ങളും പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്. ഉദാഹരണത്തിന് ഒരു ക്ലെറിക്കൽ എററിന്റെ പേരിൽ/തെറ്റായ എൻട്രിയുടെ പേരിൽ ആർക്കെങ്കിലും ഒരവസരം നഷ്ടപ്പെട്ടാൽ അത് കറക്ട് ചെയ്യാനുള്ള ഒരു പ്രൊവിഷനില്ലെന്ന് പറയുന്നത് ലോകത്തൊന്നും കേട്ടുകേൾവിയുള്ള കാര്യമല്ല. കാരണം മനുഷ്യരാണ് ജോലിചെയ്യുന്നത്. Human error is always possible. Human error വന്നതുകൊണ്ട് എൻട്രിയിലെ തെറ്റ് പറ്റിയാൽ അത് കറക്ട് ചെയ്യാനുള്ള പ്രൊവിഷൻ വേണം. കാരണം ഏറ്റവും അർഹനായ ഒരാൾക്കായിരിക്കും അവസരം നഷ്ടപ്പെട്ടിട്ടുള്ളത്. അത് കറക്ട് ചെയ്യാൻ സോഴ്സില്ലെന്ന് ലൈഫ് മിഷൻ പദ്ധതിയുടെ ഡയറക്ടറടക്കം ഇതുപോലുള്ള കാര്യങ്ങൾ ഞങ്ങളെക്കൊണ്ട് സാധിക്കില്ല, ക്യാബിനറ്റിൽ പോകണമെന്ന് പറയുകയാണ്. ഒരു പാവപ്പെട്ടവന് അതിനുള്ള സ്വാധീനം ഉണ്ടാകില്ലല്ലോ; അത് അങ്ങയുടെ ശ്രദ്ധയിൽ പ്രത്യേകമുണ്ടാകണം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ദുർബ്ബല ജനവിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനയാണ് കൊടുക്കുന്നത്. താങ്കൾ ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്ന ലൈഫ് ഭവന പദ്ധതിയുടെ കാര്യത്തിൽ തിരിച്ചാണ് സംഭവിക്കുന്നത്. എല്ലാ മാസവും നറുക്കെടുപ്പിൽക്കൂടി മത്സ്യത്തൊഴിലാളി മേഖലയിൽപ്പെട്ടവർക്ക് ഭവനം ലഭിക്കുമായിരുന്നുവെന്ന് ബഹുമാനപ്പെട്ട കോവളം എം.എൽ.എ. ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അന്നത്തെ ഫിഷറീസ് വകുപ്പുമന്ത്രി ഇവിടെയുണ്ട്. ഞങ്ങളെല്ലാം ആ കാലഘട്ടത്തിലും ജനപ്രതിനിധികളായിരുന്നു. എന്നാൽ ലൈഫ് മിഷൻ ഭവന പദ്ധതിയിലേയ്ക്ക് മത്സ്യത്തൊഴിലാളികളുടെ വീടുകൾ കൂടി കൊണ്ടുവന്നതോടുകൂടി അവർക്ക് കിട്ടിക്കൊണ്ടിരുന്ന പരിഗണന നഷ്ടമായിരിക്കുകയാണ്. ലൈഫ് മിഷൻ പദ്ധതിയുടെ കർശനമായ മാനദണ്ഡങ്ങളിലേയ്ക്ക് പട്ടികജാതി പട്ടിക വിഭാഗത്തിൽപ്പെട്ട ആളുകളെയുംകൂടി കൊണ്ടുവന്നിരിക്കുകയാണ്. പട്ടയമില്ലാത്തതിന്റെ പേരിൽ മത്സ്യത്തൊഴിലാളികൾക്ക് ഇതിന്റെ ലിസ്റ്റിൽ കടന്നുവരാൻ കഴിയാത്ത സാഹചര്യമുണ്ട്. ദുർബ്ബല ജനവിഭാഗങ്ങൾക്ക് മുൻഗണന കൊടുക്കേണ്ടതിനുപകരം ഈ പദ്ധതി ദുർബ്ബലജനവിഭാഗങ്ങൾക്ക് കൂടുതൽ പ്രയാസം സൃഷ്ടിക്കുകയാണെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. ചെയർമാൻ: അങ്ങ് പ്രസംഗം ചുരുക്കണം. ഇനി വഴങ്ങി കൊടുക്കരുത്. സമയം ക്രമീകരിക്കണം.

ഡോ. മാത്യു കുഴൽനാടൻ: സർ, ഇതൊരു ചർച്ചയല്ലേ; ബില്ലിനെക്കുറിച്ചുള്ള ചർച്ചയിൽ സമയക്രമമില്ലല്ലോ; സംസാരിക്കാൻ കൊതിയുള്ളവരാരുമല്ല ഇവിടെ നിൽക്കുന്നത്.

മി. ചെയർമാൻ: സമയപരിധിയില്ലെങ്കിലും പരസ്പര ധാരണയിലാണല്ലോ പോകുന്നത്. ആ ധാരണ പാലിച്ചാൽ മതി.

ഡോ. മാത്യു കുഴൽനാടൻ: സർ, പ്രസംഗിക്കാൻ കൊതിയുള്ളവരാരും ഇവിടെ വന്ന് നിൽക്കുന്നില്ല. പറയാൻ എന്തെങ്കിലും കാര്യമുള്ളതുകൊണ്ടാണ് അവർ ഇടപെട്ട് പറയുന്നത്. നമ്മൾ ക്ഷമയോടെ കേൾക്കുക, ക്ഷമയോടെ മറുപടി പറയുക, അത് സ്വീകരിക്കുക, അതിനോട് പ്രതികരിക്കുക. അത് ലംഘിച്ച് ആരും ഒന്നും പറയാൻ പോകുന്നില്ല.

മി. ചെയർമാൻ: സമയബന്ധിതമായി ഇത് പൂർത്തീകരിക്കണമെന്നത് ചെയറിന്റെ ഉത്തരവാദിത്വമാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, തീർച്ചയായും സമയം വേണം, ഇതെല്ലാവർക്കും ബോദ്ധ്യമുള്ള കാര്യമാണല്ലോ; അല്ലാതെ ആരും പറഞ്ഞുപോകുകയല്ലല്ലോ. ഞാൻ വേറൊരു കാര്യവുംകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ

ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഞാനൊരു എം.എൽ.എ. എന്ന നിലയിൽ ഏകദേശം ഒന്നരവർഷം പൂർത്തിയാക്കാൻ പോകുന്നു. എന്റെ മണ്ഡലത്തിലും മറ്റ് മണ്ഡലങ്ങളിലുമൊക്കെ പോയി പരിശോധിച്ചപ്പോൾ നമ്മുടെ പഞ്ചായത്ത് മെമ്പർമാർ/ കൗൺസിലർമാരൊക്കെ ചെയ്യുന്ന ജോലി അങ്ങേയറ്റം അഭിനന്ദനാർഹമാണ്. എന്നാൽ exceptional ആയ ആളുകൾ ഇല്ലെന്ന് ഞാൻ പറയുന്നില്ല. മഹാഭൂരിപക്ഷംപേരും അതിരാവിലെ വീട്ടിൽ നിന്നിറങ്ങിയാൽ വൈകിട്ട് താമസിച്ചാണ് തിരിച്ചെത്തുന്നത്. പാതിരാത്രിയിൽപോലും ഏതൊരു ആവശ്യത്തിനും അവരുടെ വാർഡിലുള്ളവർ വിളിച്ചാൽ ഓടിച്ചെല്ലുകയും അവരുടെ ആവശ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യും. പണ്ടുകാലത്തുള്ള ഒരു പഞ്ചായത്ത് മെമ്പറിന്റെയോ കൗൺസിലറിന്റെയോ അവസ്ഥയല്ലല്ലോ ഇപ്പോഴുള്ളത്. പക്ഷേ ഞാൻ മനസ്സിലാക്കുന്നത് അവർക്ക് ഓണറേറിയമായി 8000 രൂപയാണ് നൽകിക്കൊണ്ടിരിക്കുന്നത്. കൂടാതെ സ്റ്റാൻഡിംഗ് കമ്മിറ്റിയുണ്ടെങ്കിൽ അതിന്റെ സിറ്റിംഗ് ഫീസെന്ന നിലയിൽ 200 രൂപയാണ് ലഭിക്കുന്നത്. യഥാർത്ഥത്തിൽ ആത്മാർത്ഥമായും സത്യസന്ധമായും പ്രവർത്തിക്കുന്ന ഒരു പൊതുപ്രവർത്തകനെ, ഒരു പഞ്ചായത്ത് മെമ്പറെ അല്ലെങ്കിൽ വാർഡ് കൗൺസിലറെ സംബന്ധിച്ച് കേവലം 8000 രൂപയാണ് അവർക്ക് ലഭിക്കുന്നത്. അവരുടെ ഒരുപടി മുകളിൽ നിൽക്കുന്ന ജനപ്രതിനിധികളാണ് നമ്മൾ. അടുത്തകാലത്തായി നമുക്ക് ശമ്പളവും അലവൻസും വർദ്ധിപ്പിച്ച പശ്ചാത്തലംകൂടിയുണ്ട്. പഞ്ചായത്ത് മെമ്പർമാർ ചെയ്യുന്ന സേവനം പരിഗണിച്ച് അവർക്കുള്ള ഓണറേറിയം വർദ്ധിപ്പിക്കേണ്ട കാലഘട്ടം അതിക്രമിച്ചിരിക്കുന്നു. അതുകൂടാതെ അഞ്ചോ പത്തോ വർഷക്കാലം പഞ്ചായത്ത് മെമ്പറായി സേവനമനുഷ്ഠിച്ചവർക്ക് ചെറിയ രീതിയിലാണെങ്കിലും പെൻഷൻ നൽകാനുള്ള കാര്യംകൂടി സർക്കാർ പരിഗണിക്കുന്നത് നന്നായിരിക്കും. അവർ താഴെത്തട്ടിലുള്ളവരെന്നോ മോശക്കാരെന്നോ അർഹതയില്ലാത്തവരാണെന്നോ കാണേണ്ട കാര്യമില്ല. എം.പി.-മാരായാലും എം.എൽ.എ.-മാരായാലും സർക്കാരിന്റെ പൊതുപ്രവർത്തനത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്നവരാണ്. സർക്കാരിന്റെ പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന അവരുടെ കാര്യം പരിഗണിക്കപ്പെടേണ്ടതാണ് എന്നുള്ള അഭിപ്രായം എനിക്കുണ്ട്.

മറ്റൊരുകാര്യം അങ്ങിൽനിന്നും സ്പെസിഫിക്കായി അറിയാൻ ആഗ്രഹിക്കുന്ന വിഷയം അങ്ങയുടെ മറുപടിയിൽ പറയുമെന്ന് ഞാൻ വിചാരിക്കുന്നു. പഞ്ചായത്തുകൾക്ക് General fund, Tied fund എന്ന നിലയിലാണ് ഫണ്ട് ലഭിച്ചത്. ജനറൽ ഫണ്ടിന് എല്ലാവർഷങ്ങളിലും 10 ശതമാനം ഇൻക്രീസ് കൊടുത്തുകൊണ്ടാണിരുന്നത്. അതനുസരിച്ച് കഴിഞ്ഞവർഷം ലഭിച്ച ജനറൽ ഫണ്ടിനെക്കാളും പത്ത് ശതമാനം ഇൻക്രീസിംഗിലാണ് പലപ്പോഴും പഞ്ചായത്തുകൾ പ്ലാനിംഗ് നടത്തിയിരുന്നത്. പക്ഷേ ഞാൻ മനസ്സിലാക്കുന്നത് ശരിയാണെങ്കിൽ കഴിഞ്ഞ നാലഞ്ചുവർഷക്കാലമായി, 2017 മുതൽ ജനറൽ ഫണ്ടിലെ പത്ത് ശതമാനം വർദ്ധന ഈ സർക്കാർ അല്ലെങ്കിൽ കഴിഞ്ഞ സർക്കാർ

പഞ്ചായത്തുകൾക്ക് നൽകുന്നില്ല. എന്തുകൊണ്ടാണ് ഇത് കൊടുക്കാത്തത്; അല്ലെങ്കിൽ അത് നിർത്തലാക്കിയതാണോയെന്ന കാര്യം അങ്ങയുടെ മറുപടി പ്രസംഗത്തിൽ പറയണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇന്നത്തെ ചർച്ചയിൽ മാലിന്യ സംസ്കരണത്തെക്കുറിച്ച് സംസാരിച്ചു. ജൈവ-അജൈവ മാലിന്യങ്ങളടക്കമുള്ളവ കൈകാര്യം ചെയ്യുന്നതിന് വ്യവസ്ഥയുണ്ടാക്കാൻവേണ്ടി ഇടപെടൽ നടത്തി കുറേ പുരോഗതിയുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷേ എന്റെ അഭിപ്രായത്തിൽ ഇനി അടുത്ത കാലഘട്ടത്തിലെ വെല്ലുവിളിയായി വരാൻപോകുന്നത് ഇ-വേസ്റ്റ് ആണ്. ഇന്ന് നമ്മൾ ഇ-വേസ്റ്റിനെക്കുറിച്ച് സംസാരിക്കുന്നത് സംസ്ഥാനതലത്തിലും മറ്റുമാണ്. ഞാൻ പരിമിതമായ അന്വേഷണവും പഠനവും നടത്തിയതിൽ, സംസ്ഥാനത്ത് ഇന്ന് ഇ-വേസ്റ്റ് കൈകാര്യം ചെയ്യാൻ സംവിധാനമുള്ള, അതിന് ഇനിഷ്യേറ്റീവ് എടുത്തിട്ടുള്ള ഒരു പഞ്ചായത്തുമുള്ളതായി എന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. ഇലക്ട്രോണിക് ഉപകരണങ്ങൾ, മൊബൈൽ ഫോൺ, കമ്പ്യൂട്ടർ തുടങ്ങിയ ഇ-വേസ്റ്റുകൾ കേരളത്തിലെ എല്ലാ കുടുംബങ്ങളിലും ജനറേറ്റ് ചെയ്യപ്പെടുന്ന നാൾ അതിവിദൂരമല്ല. അങ്ങനെ വരുമ്പോൾ ഇ-വേസ്റ്റുകൾ പഞ്ചായത്തുതലത്തിൽ കളക്ട് ചെയ്യാൻ കഴിഞ്ഞാൽ സംസ്ഥാനത്ത് അത് കുന്നുകൂടാതെ, ചലഞ്ചായി വരാതെ അതിനെ വികേന്ദ്രീകരണം ചെയ്ത് കൊണ്ടുവരാനുള്ള സാധ്യത പരിശോധിക്കപ്പെടേണ്ടതാണ്. ഈ ബിൽ പരിഗണനയ്ക്കെടുക്കുമ്പോൾ നിയമവിദ്യാർത്ഥിയെന്ന നിലയിൽ ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാഗ്രഹിക്കുന്ന കാര്യം, നമ്മുടെ ഭരണഘടന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നീ മൂന്ന് തലങ്ങളായാണ് ക്രിയേറ്റ് ചെയ്തിരിക്കുന്നത്. അതിന് മൂന്നിനും വ്യത്യസ്തമായ സ്വഭാവവും സ്വയംഭരണാവകാശവും പ്രവർത്തനവും അധികാര പരിധിയുമെല്ലാം ഭരണഘടന തന്നെ നിർവ്വചിച്ചിട്ടുണ്ടെന്നിരിക്കെ, അതിന്റെ ഭരണപരമായ നിയന്ത്രണം, ഒരു ബിൽ കൊണ്ടുവന്ന് ഏകീകരിക്കുന്നത് ഭരണഘടനാപരമായിട്ടുള്ള ഐഡന്റിറ്റിയെ ചോദ്യം ചെയ്യുന്നതാണോയെന്ന് അങ്ങ് പരിശോധിക്കണം. കാരണം സ്വാഭാവികമായും, Constitution by creation itself has been created as three different distinct tiers. അപ്പോൾ അത് അങ്ങനെതന്നെ നിൽക്കണമെന്നുള്ളതാണ് ഭരണഘടന വിഭാവന ചെയ്തിട്ടുള്ളത്. പക്ഷേ അതിനകത്ത് സർവ്വീസുകളെമാത്രം ഏകീകരിച്ച് ഒറ്റ വകുപ്പിന്റെ കീഴിൽ കൊണ്ടുവരുമ്പോൾ 3 ടയർ എന്ന സ്വഭാവത്തിൽ ഡൈല്യൂഷനുണ്ടാകുന്നുണ്ട്. അതുകൊണ്ട് ഈ കാര്യങ്ങൾ ഭരണഘടനാപരമായി നിലനിൽക്കുമോ, വെല്ലുവിളിയുണ്ടാകുമോയെന്ന കാര്യം അങ്ങ് നേരിട്ട് പരിശോധിക്കണം എന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ബഹുമാനപ്പെട്ട അംഗങ്ങൾ വിയോജനം രേഖപ്പെടുത്തിക്കൊണ്ടും അതിന്റെ ഭാഗമായിട്ടുള്ള ചർച്ചയിലും പങ്കെടുത്ത് ഒരുപാട് നിർദ്ദേശങ്ങളും അവരുടെ അനുഭവങ്ങളും വിശദീകരിച്ചിട്ടുണ്ട്. അത്തരത്തിലുള്ള എല്ലാ കാര്യങ്ങളും ഈ ബില്ലിന്റെ ഭാഗമായി മുന്നോട്ടുപോകുമ്പോൾ വലിയ

മുതൽക്കൂട്ടായി മാറുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഏകീകൃതമായ എൽ.എസ്.ജി.ഡി. വരുമ്പോൾ സംഘടനകൾ വ്യത്യസ്തമായ നിലപാട് സ്വീകരിക്കുന്നുവെന്നൊരു ഉത്കണ്ഠ പ്രകടിപ്പിച്ചു. എല്ലാ മേഖലയിലുമുള്ള ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തി അവരുടെ അഭിപ്രായങ്ങൾകൂടി കണക്കിലെടുത്താണ് ഈ തീരുമാനത്തിലെത്തിയതും പ്രവർത്തനങ്ങൾ മുന്നോട്ട് പോയിട്ടുള്ളതും. അതുകൊണ്ട് കേസിന്റെ കാര്യം സംബന്ധിച്ച് നമ്മൾ ഉത്കണ്ഠപ്പെടേണ്ട കാര്യമില്ല. വകുപ്പ് സംയോജനംമൂലം നിലവിലുള്ള ജീവനക്കാരിൽ ഒരാളുടെയും പ്രൊമോഷനും മറ്റ് കാര്യങ്ങളും ഒഴിവാക്കപ്പെടില്ല. അതെല്ലാം സംരക്ഷിച്ചുകൊണ്ടാണ് ഏകീകരണം നടപ്പിലാക്കുന്നത്. അതുകൊണ്ടു തന്നെ കേസ്സിന്റെ പ്രളയമുണ്ടാകുമെന്നുള്ള ധാരണ വേണ്ട. ഇനി ഏതെങ്കിലും കേസ് വന്നാൽ അതിനെ നിയമപരമായി നേരിടാൻ സാധിക്കുന്നതാണ്. കഴിഞ്ഞ പ്രാവശ്യം കേസ്സുണ്ടായെന്നുപറയുന്നത് ലയനത്തിന് മുൻകാല പ്രാബല്യം നൽകിയിരുന്നതിനാലാണ്. ഇപ്പോൾ ഇതിന് മുൻകാല പ്രാബല്യങ്ങളൊന്നും നൽകുന്നില്ല. അതുകൊണ്ട് അതുസംബന്ധിച്ചുള്ള ഒരു പ്രശ്നവുമുണ്ടാകേണ്ടതില്ല.

2.00 P.M.]

ഐ.എൽ.ജി.എം.എസ്. (ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം)-ന്റെ ഭാഗമായി ജോലി കൂടുന്നുവെന്നത് തെറ്റായ വിമർശനമാണ്. മുമ്പ് നിരവധി ഉദ്യോഗസ്ഥർ പരിശോധിച്ചിരുന്ന ഫയലുകൾ ഇപ്പോൾ ഐ.എൽ.ജി.എം.എസ്.-ന്റെ ഓൺലൈൻ സംവിധാനത്തിലൂടെ സ്വീകരിച്ചു കഴിഞ്ഞാൽ മൂന്ന് തലത്തിൽ പരിശോധിക്കുന്നതോടുകൂടി പ്രസ്തുത ഫയലിന് തീർപ്പുകൽപ്പിക്കാൻ സാധിക്കുന്നതാണ്. ഐ.എൽ.ജി.എം.എസ്.-ന്റെ ഓൺലൈൻ സംവിധാനത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേകിച്ച് പഞ്ചായത്തുകളിൽ കാര്യങ്ങൾ വേഗത്തിൽ നിർവ്വഹിക്കാൻ സാധിക്കുന്നുണ്ട്.

ഏകീകൃത സംവിധാനത്തെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് നേരത്തെ മറുപടി പറഞ്ഞതാണ്. 1957 മുതൽ അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട ചർച്ചയും സെൻ കമ്മിറ്റി റിപ്പോർട്ടിലെ ഇതുസംബന്ധിച്ച ശക്തമായ നിർദ്ദേശവും മണി ശങ്കർ അയ്യർ കമ്മിറ്റി റിപ്പോർട്ടിന്റെയുമെല്ലാം ഭാഗമായ ശിപാർശകളുമുണ്ട്. യു.പി.എ. ഭരണകാലത്ത് കേന്ദ്ര ഗവൺമെന്റുതന്നെ നിയോഗിച്ച പഠനസമിതിയുടെ 2012-ലെ റിപ്പോർട്ടും പൊതുകേഡറിനെ സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ട്. അവയെയെല്ലാം ആസ്പദമാക്കിയാണ് ഏകീകൃത സംവിധാനത്തെ സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനമെടുത്തതും ഇപ്പോൾ അത് നിയമമാക്കാൻ പോകുന്നതും. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്ക് കേരളത്തിന്റെ ശുചിത്വം ഉൾപ്പെടെയുള്ള പ്രശ്നങ്ങളിൽ ഫലപ്രദമായി ഇടപെടാൻ കഴിയണം. ശുചിത്വത്തിന്റെ കാര്യത്തിൽ ഏത് പഞ്ചായത്തോ മുനിസിപ്പാലിറ്റിയോ കോർപ്പറേഷനോ ആണെന്ന് നോക്കിയിട്ടല്ല കേരളത്തെ ആകെ കണ്ടുകൊണ്ടാണ് ഗവൺമെന്റ് പ്രവർത്തിക്കുന്നത്. ലോകത്തെ അമ്പത് പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഒന്നായാണ് കേരളത്തെക്കുറിച്ച് 'ടൈം മാഗസിൻ' പറഞ്ഞത്. ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസം കേന്ദ്രമായി കേരളത്തെ കാണുന്നു. ദൈവത്തിന്റെ സ്വന്തം നാടെന്ന രീതിയിൽ കേരളത്തിന്റെ ഈ പ്രത്യേകത നിലനിർത്തി മുന്നോട്ടുകൊണ്ടുപോകണമെങ്കിൽ ഇന്ന് നാം അഭിമുഖീകരിക്കുന്ന മാലിന്യപ്രശ്നം ഇല്ലാതെയാകണം. മാലിന്യം ദ്രവമാലിന്യവും ഖരമാലിന്യവുമുണ്ട്. കേന്ദ്രീകൃത മാലിന്യ സംസ്കരണം വേണമെന്നുള്ളതാണ് നയമെങ്കിലും എല്ലാം കേന്ദ്രീകൃതമായി നടക്കുമെന്ന തെറ്റിദ്ധാരണയും ഗവൺമെന്റിനില്ല. ഉറവിട മാലിന്യ സംസ്കരണമുൾപ്പെടെയുള്ള വികേന്ദ്രീകൃത മാലിന്യ സംസ്കരണവും, വലിയ പ്ലാന്റ് ഉൾപ്പെടെ ക്രമീകരിച്ചുകൊണ്ട് കേന്ദ്രീകൃത മാലിന്യസംസ്കരണവും ചേർത്തുകൊണ്ട് മാത്രമേ കേരളത്തിലെ ഇന്നത്തെ മാലിന്യ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂ. എല്ലാവരും ചൂണ്ടിക്കാണിച്ച പ്രശ്നവും അതാണ്. പണംകൊണ്ടുമാത്രം അത് പരിഹരിക്കാൻ സാധിക്കില്ല. പണം ഇല്ലാത്തതല്ല കേരളത്തിന്റെ പ്രശ്നം. 2500 കോടി രൂപയുടെ പിന്തുണ ലോകബാങ്കിന്റെ ഭാഗമായുണ്ട്. അതുപോലെ, അമൃത് രണ്ടാം ഘട്ട പദ്ധതിയുടെ ഭാഗമായി മൂവായിരത്തോളം കോടി രൂപയുടെ ഫണ്ട് ശുചീകരണ മേഖലയ്ക്കും ശുദ്ധജല വിതരണത്തിനുംവേണ്ടി ഉപയോഗിക്കാൻ സാധിക്കും. എന്നാൽ നാം കാണേണ്ട പ്രധാനപ്പെട്ട വസ്തുത കഴിഞ്ഞ ഒക്ടോബർ മാസത്തിൽ അവസാനിച്ച അമൃത് ഒന്നാം ഘട്ട പദ്ധതിയുടെ ഭാഗമായി ലഭിച്ച നൂറ്റിമുപ്പത് കോടി രൂപ ചെലവഴിക്കാൻ സാധിക്കുന്നില്ല എന്നുള്ളതാണ്. കാരണം, പ്ലാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ടുണ്ടാകുന്ന ജനങ്ങളുടെ എതിർപ്പാണ്. പലസ്ഥലത്തും കക്ഷിരാഷ്ട്രീയത്തിന് അതീതമായാണ് എതിർപ്പുണ്ടാകുന്നത്. വിവിധ പാർട്ടികൾ ചേർന്ന് അതിനായി ആക്ഷൻ കമ്മിറ്റി രൂപീകരിച്ച്, എവിടെയെങ്കിലും മാലിന്യ സംസ്കരണമെന്ന് കേൾക്കുമ്പോൾത്തന്നെ അതവിടെ സാധ്യമല്ലെന്നുള്ള നിലപാട് സ്വീകരിക്കുകയാണ്. എനിക്ക് ബഹുമാനപ്പെട്ട എം.എൽ.എ.-മാരോട് അഭ്യർത്ഥിക്കാനുള്ളത് സംസ്ഥാനം ശുചിത്വ കേരളത്തിലേയ്ക്ക് നീങ്ങണമെങ്കിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും ജനപ്രതിനിധികളും യോജിച്ച് മുന്നോട്ടുപോയാൽ മാത്രമേ സാധിക്കുകയുള്ളൂ. അമൃത് പദ്ധതിയുടെ ഭാഗമായി ഒന്നാം ഘട്ടത്തിൽ ലഭിച്ച പണംപോലും ചെലവഴിക്കാൻ കഴിയുന്നില്ല. തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് തുടങ്ങിയ നിരവധി മേഖലകളിൽ മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കാൻ സാധിക്കുന്നില്ല. അവിടത്തെ രാഷ്ട്രീയ പാർട്ടികളെല്ലാം യോജിച്ച നിലപാട് സ്വീകരിച്ചാൽ ഇതുമായി മുന്നോട്ടുപോകാമായിരുന്നു. കണ്ണൂരിലെ അനുഭവം പറഞ്ഞു, അത് എന്റെതന്നെ അനുഭവമാണ്. രാഷ്ട്രീയമായി പറയുകയാണെങ്കിൽ,

കണ്ണൂർ കോർപ്പറേഷൻ ഭരിക്കുന്നത് യു.ഡി.എഫ്. ആണ്. അവിടെ മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കാൻ തീരുമാനിച്ചപ്പോൾ എല്ലാ രാഷ്ട്രീയ പാർട്ടികളും അതിനെ എതിർത്തു. ചാലാട് പോലുള്ള വളരെ അത്യാവശ്യമുള്ള ഒരു കേന്ദ്രത്തിൽ അത് അനുവദിക്കില്ലെന്ന നിലപാടാണ് അവർ പൊതുവേ സ്വീകരിച്ചത്. അവിടെ ഭരിക്കുന്നത് ആരാണെന്ന് നോക്കിയിട്ടല്ല, നാടിന്റെ പൊതുവായ ആവശ്യത്തിനു വേണ്ടിയാണ്. ആ പ്ലാന്റ് നിർമ്മാണത്തിന് തറക്കല്ലിടാൻ എന്നെ ക്ഷണിച്ചു. എന്നാൽ അത് അവിടെ അനുവദിക്കില്ലെന്ന് പറഞ്ഞു. ഞാൻ അവരോട് വ്യക്തമായി സംസാരിച്ചതാണ്. നേരത്തെ ബഹുമാനപ്പെട്ട അഴീക്കോട് എം.എൽ.എ. പറഞ്ഞതുപോലെ കക്ഷി യോഗങ്ങളെല്ലാം വിളിച്ചുചേർത്തു. ആർക്കും അതിൽ മറ്റൊന്നും പറയാനില്ല. അതിൽ കക്ഷി രാഷ്ട്രീയത്തിന്റെ പ്രശ്നമൊന്നുമില്ല. എല്ലാവർക്കും അതിനോട് എതിർപ്പാണ്. തിരുവനന്തപുരത്തെ മെഡിക്കൽ കോളേജ് ഗ്രൗണ്ടിലുള്ള സ്വീവേജ് പ്ലാന്റിനെ സംബന്ധിച്ച് പഠിച്ച് മനസ്സിലാക്കാൻ ആവശ്യപ്പെട്ടതിൻപ്രകാരം അവർ തിരുവനന്തപുരത്ത് വരികയും കാര്യങ്ങൾ കണ്ട് മനസ്സിലാക്കുകയും ചെയ്തു. പ്ലാന്റ് കണ്ടശേഷം അതിനെ എതിർക്കേണ്ടതില്ലെന്ന് അവർക്ക് വ്യക്തമായി മനസ്സിലായി. തിരുവനന്തപുരത്തെ മാലിന്യ സംസ്കരണ കേന്ദ്രത്തെ ഇപ്പോൾ മൂന്ന് കോടി രൂപ ചെലവഴിച്ച് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ സെന്റർ ആക്കുകയാണ്. പത്ത് വർഷം പരിപാലിക്കുന്നതിനുള്ള എല്ലാ സംവിധാനങ്ങളും തിരുവനന്തപുരത്തുണ്ട്. ഇതേ ടെക്നോളജി തന്നെയാണ് കണ്ണൂരും ഉപയോഗിക്കുന്നത്. ബഹുമാനപ്പെട്ട മേയർ ടി. ഒ. മോഹനൻ എന്നോട് തറക്കല്ലിടാൻ ആവശ്യപ്പെട്ടെങ്കിലും അതൊന്നും വേണ്ട, പ്ലാന്റിന്റെ ജോലി ആരംഭിക്കാൻ പറഞ്ഞിരിക്കുകയാണ്. ഇപ്പോൾ ആ പ്ലാന്റിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. ഇതിൽനിന്നും ബോധവൽക്കരണം വളരെ പ്രധാനപ്പെട്ട ഒന്നാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. എനിക്ക് ബഹുമാനപ്പെട്ട അംഗങ്ങളോട് അഭ്യർത്ഥിക്കാനുള്ളത് കേരളത്തിന്റെ പൊതുതാല്പര്യമെന്ന രീതിയിൽ എല്ലാവരുടെയും പിന്തുണയോടെ ആളുകളുടെ തെറ്റിദ്ധാരണകൾ തിരുത്തി എല്ലാവരെയും ഒരുമിച്ചുനിർത്തി മൂന്നുനാല് വർഷംകൊണ്ട് ഗവൺമെന്റിന്റെയും ശുചിത്വമിഷന്റെയും കയ്യിലുള്ള സമ്പത്തുപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ടവരെക്കൂടി ഉൾപ്പെടുത്തി കേരളത്തെ പൂർണ്ണ ശുചിത്വ കേരളമാക്കി മാറ്റുന്നതിന് സാധിക്കും.

[അദ്ധ്യക്ഷവേദിയിൽ മി.സ്പീക്കർ]

ഇവിടെ ചൂണ്ടിക്കാണിച്ച മറ്റൊരു കാര്യം ലഹരി ഉൾപ്പെടെയുള്ള പ്രശ്നങ്ങളെ സംബന്ധിച്ചാണ്. ലഹരി മുക്തമായ കേരളമെന്നതുകൊണ്ട് മദ്യ മുക്തമായ കേരളമെന്നല്ല ഞാൻ ഉദ്ദേശിക്കുന്നത്. മദ്യ മുക്തമായ കേരളമോ ഇന്ത്യയോ ഒന്നും സാധ്യമല്ല. ആ ലക്ഷ്യം തുടങ്ങിവച്ചവരെല്ലാം അത് പൂർണ്ണമായും അവസാനിപ്പിച്ച് സാഷ്ടാംഗം നമസ്കരിച്ച് മതിയാക്കിയതാണ്. ലോകത്തെവിടെയും ഇങ്ങനെയാണ്.

മദ്യം കഴിക്കുന്നവർ കഴിക്കുകതന്നെ ചെയ്യും. പക്ഷേ ഗുണമേന്മയുള്ള മദ്യമാണ് കഴിക്കേണ്ടത്. കേരളത്തിൽ വളരെ ചെറിയ പ്രായമുള്ള കുട്ടികൾപോലും ലഹരിക്ക് അടിമപ്പെടുകയാണ്. അപകടകരമായ ഈ സാഹചര്യത്തെ അഭിമുഖീകരിക്കേണ്ടത് സമൂഹത്തിന്റെ പൊതുതാൽപ്പര്യമാണ്. ആ താൽപ്പര്യം സംരക്ഷിക്കുന്നതിന് ഗവൺമെന്റും വിവിധ വകുപ്പുകളും ചേർന്ന് എല്ലാ ജനവിഭാഗങ്ങളെയും ഉൾപ്പെടുത്തി ഫലപ്രദമായ പ്രതിരോധം തീർത്തു കൊണ്ടുമാത്രമേ മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂ. അതിൽ കക്ഷി രാഷ്ട്രീയം നോക്കി നിലപാടുകൾ സ്വീകരിക്കേണ്ട കാര്യമില്ല. നമുക്ക് യോജിച്ച് മുന്നോട്ട് പോകാൻ കഴിയണമെന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്. ഈ രണ്ട് കാര്യങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഏകോപനമുണ്ടായാലേ കാര്യമുള്ളൂ. പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും പല ഭാഗത്ത് നിൽക്കാതെ, എല്ലാ സംവിധാനത്തെയും ഒരു കുടക്കീഴിൽ നിർത്തി ജനങ്ങളുടെയും ജനപ്രതിനിധികളുടെയും പിന്തുണയോടുകൂടി മുന്നോട്ട് പോയാൽ സമൂഹം അഭിമുഖീകരിക്കുന്ന ഗൗരവതരമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രാജ്യത്തിന് മുന്നിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു സംവിധാനമായി വളർന്നത് ഇപ്പോഴാണെന്ന കാര്യം നമുക്കറിയാം. ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ, ഇവിടെ പ്രളയവും ഓഖിയുമുണ്ടായപ്പോഴും കോവിഡ്-19-ന്റെ പശ്ചാത്തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. പ്രതികൂല സാഹചര്യത്തെ അഭിമുഖീകരിക്കേണ്ടി വരുമ്പോഴാണ് ചരിത്രം അവരെ മുന്നോട്ട് നയിക്കുന്നത്. ലോകത്തെവിടെയും അങ്ങനെയാണ് സംഭവിച്ചിട്ടുള്ളത്. ആ രീതിയിൽ രാജ്യം ശ്രദ്ധിക്കുന്ന ഒരു പ്രാദേശിക ഗവൺമെന്റിന്റെ ചുമതല നിർവ്വഹിക്കാൻ ശേഷിയുള്ളവരായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറിയിരിക്കുന്നു. അതിനിയും മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചേർത്ത് നിർത്തിയാണ് എല്ലാ പ്രതികൂല പശ്ചാത്തലത്തെയും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പ്രതിരോധിച്ചത്. ഏതെങ്കിലും രീതിയിൽ അവർ ഒരു ഏജൻസിപ്പണി നടത്തിയതല്ല, അവർതന്നെ സന്നദ്ധതയോടുകൂടി പ്രവർത്തിച്ചതാണ്. ഡോ. മാത്യു കുഴൽനാടൻ സൂചിപ്പിച്ചതുപോലെ, കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ സർക്കാർ നടത്തിയ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനങ്ങൾക്ക് മുൻപന്തിയിൽ നിൽക്കാൻ അവരുണ്ടായിരുന്നു. അതിൽ വാർഡ് മെമ്പർമാരും സന്നദ്ധപ്രവർത്തകരുമെല്ലാം ഉൾപ്പെട്ടിരുന്നു. ആ രീതിയിൽ ഇനിയും മുന്നോട്ട് പോകാൻ സാധിക്കുമെന്ന് തന്നെയാണ് കരുതുന്നത്.

അഴിമതിയെപ്പറ്റി ഇവിടെ പറഞ്ഞു. അഴിമതിയോട് ഒരു വിട്ടുവീഴ്ചയും ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. അഹോരാത്രം പ്രവർത്തിക്കുന്ന വലിയ സർവ്വീസ് തന്നെയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ. എന്നാൽ കോർപ്പറേഷനിലായാലും മുനിസിപ്പാലിറ്റിയിലായാലും പഞ്ചായത്തിലായാലും തെറ്റായ നിലപാട് സ്വീകരിക്കുന്ന ചെറിയൊരു വിഭാഗമുണ്ട്. അവരെ കൃത്യമായി തിരിച്ചറിഞ്ഞ് ശരിയായ നിലപാട്

സ്വീകരിച്ച് തിരുത്തുകയും അവർ ആരായാലും കർശന നിലപാട് സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകുമെന്നതന്നെയാണ് ചൂണ്ടിക്കാണിക്കാനുള്ളത്.

ശ്രീ. പി. ഉബൈദുള്ള: സർ, ഗ്രാമീണ റോഡുകളൊക്കെ പൊട്ടിപ്പൊളിഞ്ഞ് കിടക്കുകയാണെന്ന കാര്യം നേരത്തെ ഞാൻ സൂചിപ്പിച്ചതാണ്. മഹാഭൂരിപക്ഷം റോഡുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളാണെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിതന്നെ പറഞ്ഞിട്ടുണ്ട്. ആ റോഡുകളുടെ പുനരുദ്ധാരണത്തിന് നേരത്തെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പിൽനിന്നുതന്നെ വൺ ടൈം സെറ്റിൽമെന്റ് പദ്ധതിപ്രകാരം ഫണ്ട് അനുവദിച്ചിരുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചിരുന്നു. ഈ രണ്ട് ഫണ്ടുകളും പുനഃസ്ഥാപിച്ച് ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിനുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പഞ്ചായത്ത് മെമ്പർമാരും പ്രസിഡന്റുമാരും അദ്ധ്യക്ഷന്മാരുമൊക്കെ പൊതുവെ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്നവരാണ്. സാമ്പത്തിക ബുദ്ധിമുട്ട് മാറ്റുന്നതിനല്ല, സേവന തൽപ്പരരായതിനാലാണ് അവർ മെമ്പർമാരായത്. പക്ഷേ ഓണറേറിയവും അലവൻസുമൊക്കെ വളരെ ചെറിയ രീതിയിലാണ് അവർക്ക് നൽകുന്നത്. പൊതുപ്രവർത്തകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ നമുക്കെല്ലാമറിയാം. അവരുടെ അലവൻസും ഓണറേറിയവും വർദ്ധിപ്പിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഇവിടെ ഉന്നയിച്ച രണ്ട് പ്രശ്നങ്ങളും ഗൗരവമുള്ളതാണ്. ഒന്ന്, ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം ഉൾപ്പെടെയുള്ള കാര്യത്തിൽ, ഒരോ പഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനും അനുവദിക്കുന്ന തുകയിൽ നിന്നുകൊണ്ട് മാത്രമേ വർക്ക് നടത്താൻ സാധിക്കുകയുള്ളൂ. കഴിഞ്ഞ തവണ പ്രളയമുണ്ടായപ്പോൾ പ്രളയ ബാധിത മേഖലയിൽ തകർന്ന ഗ്രാമീണ റോഡുകൾ ഉൾപ്പെടെ നവീകരിക്കുന്നതിനുള്ള പ്രവർത്തനത്തിൽ ഗവൺമെന്റ് ഇടപെടുകയും ആയിരക്കണക്കിന് റോഡുകളുടെ നവീകരണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുകയും ചെയ്തു. അതുപോലെ പ്രളയങ്ങളും മറ്റ് പ്രശ്നങ്ങളുമൊക്ക നേരിട്ട മേഖലകളിൽ റോഡുകൾ പുനഃസ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കും. സാമ്പത്തിക പരാധീനതകളും പ്രശ്നങ്ങളുമൊക്കെ ഇവിടെ നേരത്തെ ചർച്ച ചെയ്തിട്ടുള്ളതാണ്. മെമ്പർമാർക്കും പ്രസിഡന്റുമാർക്കുമെല്ലാമുള്ള ഓണറേറിയം വർദ്ധന അനുകൂല സാമ്പത്തിക സ്ഥിതി വരുമ്പോൾ പരിഗണിക്കാവുന്നതാണ്. സേവനത്തിന്റെ ഭാഗമായുള്ള അവരുടെ പ്രവർത്തനങ്ങൾക്ക് ഇപ്പോൾ കൊടുക്കുന്ന പ്രതിഫലം പര്യാപ്തമല്ലെന്നുള്ളത് സത്യമാണ്. എങ്കിൽപ്പോലും അവർക്ക് ഇതൊരു സമാശ്വാസമാണ്. ഓണറേറിയം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ അജണ്ടയിൽ

ഉൾപ്പെട്ടിട്ടില്ല. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമ്പോൾ സ്വാഭാവികമായും അതുസംബന്ധിച്ച് ആലോചിച്ച് ആവശ്യമായ നിലപാട് സ്വീകരിക്കുമെന്നതന്നെയാണ് പറയാനുള്ളത്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, പ്രളയത്തിൽ തകർന്ന റോഡുകളും പാലങ്ങളും പുനരുദ്ധരിക്കുന്നതിനെ സംബന്ധിച്ച് അങ്ങ് സൂചിപ്പിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിലും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലും ഉൾപ്പെടുത്തി അത്തരം ധാരാളം റോഡുകളുടെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ചെയ്തിട്ടുണ്ട്. പക്ഷേ റീബിൽഡ് കേരളയിൽ പ്രളയത്തിൽ തകർന്ന വലിയ റോഡുകളും പാലങ്ങളും ഏറ്റെടുക്കുന്ന നയമായിരുന്നു സ്വീകരിക്കപ്പെട്ടിരുന്നത്. അതിൽ ഒന്നാം ഘട്ടമെന്ന നിലയിൽ കുറച്ചധികം റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം നടന്നുവരുന്നുണ്ടെന്നാണ് മനസ്സിലാക്കുന്നത്. രണ്ടാം ഘട്ടത്തിൽ എന്റെ നിയോജകമണ്ഡലത്തിലെ മൂന്ന് റോഡുകളും രണ്ട് പാലങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. സർവ്വേ നടപടികളും പ്രാരംഭ പ്രവർത്തനങ്ങളുമൊക്കെ നടത്തിയെങ്കിലും രണ്ടാം ഘട്ടത്തിന് ഇതുവരെ അനുമതി ലഭിച്ചിട്ടില്ല. അതുകൊണ്ട് നിർമ്മാണം തുടങ്ങാനോ ടെണ്ടർ നടപടികൾക്കോ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നടപടികൾക്കോ സാധിക്കുന്നില്ലെന്നുള്ള പ്രശ്നമുണ്ട്. അക്കാര്യം അടിയന്തരമായി പരിഗണിക്കണം. 2018-ലെയും 2019-ലെയും പ്രളയത്തിൽ തകർന്ന റോഡുകളും പാലങ്ങളുമാണവ.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഇപ്പോഴും മുന്നോട്ടുപോകുന്ന പദ്ധതിയാണ്. അതിൽ ഉൾപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ തുടർന്നും മുന്നോട്ടുപോകുമെന്നതന്നെയാണ് പ്രതീക്ഷിക്കുന്നത്. സന്തോഷ് ട്രോഫി നേടിയ കേരള ടീമിന് കഴിഞ്ഞ സമ്മേളന സമയത്ത് നിയമസഭയിൽ വച്ച് സ്വീകരണം നൽകിയിരുന്നു. അതുപോലെതന്നെ, കോമൺവെൽത്ത് ഗെയിംസിലും മറ്റും പങ്കെടുത്ത് വിജയിച്ച കായിക താരങ്ങൾക്കും എല്ലാ ആദരവും അംഗീകാരവും നൽകുന്ന നിലപാടാണ് സഭ സ്വീകരിച്ചിട്ടുള്ളത്. ഈ നേട്ടമുണ്ടാക്കിയവർക്കെല്ലാം ജോലി ഉൾപ്പെടെയുള്ള കാര്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇനിയും അതേ രീതിയിൽ മുന്നോട്ട് പോകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമുണ്ടാകേണ്ടതില്ല. കേരള ഗവൺമെന്റിന്റെ കായിക നിലപാട് അതുതന്നെയാണ്. ഇവിടെ കായിക വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമെല്ലാം അവർക്ക് നല്ല രീതിയിലുള്ള പിന്തുണ നൽകുന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. കായിക മേഖലയിൽ വളരെ ഫലപ്രദമായ ഇടപെടൽ നടത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും സ്പോർട്സ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, കഴിഞ്ഞ കോമൺവെൽത്ത് ഗെയിംസിൽ ട്രിപ്പിൾ ജംപിൽ സ്വർണ്ണം നേടിയ ശ്രീ. എൽദോസ് പോളിന്റെ വീട് എന്റെ

നിയോജകമണ്ഡലത്തിലാണ്. ഷീറ്റ് മേഞ്ഞ ഒരു ചെറിയ വീടാണ്. അദ്ദേഹത്തിന് വീടുവച്ച് കൊടുക്കുന്നതിന് അനുകൂലമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റിന് സാധിക്കുമോ?

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, ഇത്തരത്തിലുള്ള അത്‍ലറ്റുകളെ പ്രോത്സാഹിപ്പിക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ഇത് പറയുമ്പോൾ ഒരുകാര്യം ആലോചിക്കുന്നത് നല്ലതാണ്. ഇവർ യഥാർത്ഥത്തിൽ ഇന്ത്യയുടെ ജഴ്സിയണിഞ്ഞ് ഇന്ത്യക്കുവേണ്ടി മത്സരിച്ചവരാണ്. അവരെ ആ അർത്ഥത്തിൽ ആദ്യം പരിഗണിക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. ആ പരിഗണന കേന്ദ്ര ഗവൺമെന്റ് നൽകുമെന്ന് പ്രതീക്ഷിക്കാം. ഏതായാലും കേരള ഗവൺമെന്റ് അവർക്ക് ആവശ്യമായ പരിചരണവും സഹായവും നൽകുമെന്ന കാര്യത്തിൽ യാതൊരു സംശയവുംവേണ്ട. കേരളത്തിലെ സ്പോർട്സിനെ ഫലപ്രദമായി മുന്നോട്ട് നയിക്കാൻ സാധിക്കുന്ന സ്പോർട്സ് കൗൺസിൽ പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നീ തലങ്ങളിൽ രൂപീകരിച്ചുകഴിഞ്ഞു. ആ പഞ്ചായത്തുകളിലൊക്കെ ആവശ്യമായ രീതിയിലുള്ള കളിക്കളങ്ങൾ ഉണ്ടാകണം. ഗ്രാമീണമേഖലയിലെ പുതിയ തലമുറയിലെ കുട്ടികളെ കണ്ടെത്തി പരിശീലിപ്പിച്ചാൽ, ലോകോത്തരമായ രീതിയിലുള്ള വളർച്ച നേടാൻ സാധിക്കുന്ന കായിക താരങ്ങളാണ് കേരളത്തിലുള്ളതെന്ന് മുമ്പ് ശ്രീമതി പി. ടി. ഉഷ മുതൽ ഇങ്ങോട്ട് തെളിയിച്ചിട്ടുള്ളതാണ്. എല്ലാവരെയും പ്രോത്സാഹിപ്പിക്കാൻ സാധിക്കണം. പ്രോത്സാഹനം മാത്രം പോര; അവർക്കാവശ്യമായ രീതിയിലുള്ള ശാസ്ത്രീയമായ കോച്ചിംഗും ഭക്ഷണവും നൽകണം. അതൊക്കെ ആവശ്യമായ രീതിയിൽ ചെയ്ത് മുന്നോട്ട് പോകാനുതകുന്ന രീതിയിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇപ്പോൾ സ്പോർട്സ് കൗൺസിൽ രൂപീകരിച്ചിരിക്കുന്നത്. അഖിലേന്ത്യാടിസ്ഥാനത്തിലുള്ള സ്പോർട്സിന്റെ ഭാഗമായി ഈ തലമുറയെ രൂപപ്പെടുത്താൻ നമുക്ക് കഴിയണം.

സഹകരണ മേഖലയുമായി ബന്ധപ്പെട്ട കാര്യം വളരെ ഗൗരവപൂർവ്വം പരിശോധിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ട്രഷറിയായിട്ടാണ് സഹകരണമേഖലയെ കൈകാര്യം ചെയ്യേണ്ടതെന്നാണ് ജവഹർലാൽ നെഹ്റുതന്നെ പറഞ്ഞിരിക്കുന്നത്. എന്നാൽ ആ രീതിയിലല്ല നമ്മൾ അതിനെ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഇപ്പോൾ നമ്മൾ യോജിച്ച ഒരു പ്രവർത്തനത്തിലേയ്ക്ക് പോവുകയാണ്. വ്യവസായമേഖലയിൽ സംരംഭകരെ കണ്ടെത്താൻവേണ്ടി തദ്ദേശസ്വയംഭരണം, വ്യവസായം, സഹകരണം, ഫിഷറീസ് എന്നിവയെല്ലാം കൂടിച്ചേർന്ന് പ്രവർത്തിച്ചാണ് മുന്നോട്ട് പോയിട്ടുള്ളത്. അതിന്റെ ഭാഗമായി നല്ല നേട്ടമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. കേരളത്തിന്റെ സാധ്യതകളെ പൂർണ്ണമായും ഉപയോഗിക്കുന്നതിന് സഹകരണമേഖലയെക്കൂടി

ചേർത്തുകൊണ്ട് മുന്നോട്ടുപോകാൻ നമുക്ക് സാധിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹകരണമേഖലയിൽ അക്കൗണ്ട് മെയിന്റയിൻ ചെയ്യുന്നതിനുള്ള സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ നിലപാട് സ്വീകരിക്കാം.

ലൈഫ് പദ്ധതിയിൽ വീട് നൽകുന്നതുമായി ബന്ധപ്പെട്ട പ്രശ്നം ഇവിടെ പറയുകയുണ്ടായി. പട്ടികജാതി-പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി വിഭാഗത്തിൽ ലൈഫ് പദ്ധതിയുടെ ഭാഗമായി വീട് ലഭിക്കേണ്ട മുഴുവൻ ആളുകൾക്കും വീട് നൽകുക എന്നുള്ളതുതന്നെയാണ് ഗവൺമെന്റിന്റെ ഒന്നാമത്തെ പരിഗണന. അക്കാര്യത്തിൽ സംശയംവേണ്ട. ജനറൽ കാറ്റഗറിയിൽ വീട് കൊടുക്കുന്നതിനെക്കാൾ പ്രാധാന്യം നൽകുന്നത് പട്ടികജാതി-പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി വിഭാഗങ്ങൾക്കാണ്. അതിന് പ്രത്യേക ലിസ്റ്റ് അനുസരിച്ചാണ് വീട് കൊടുത്തുകൊണ്ടിരിക്കുന്നത്. പണി തുടങ്ങാനുള്ള എല്ലാ സൗകര്യവും ഇപ്പോൾ ഒരുക്കിയിട്ടുണ്ട്. ഫണ്ട് കൊടുക്കാൻ തടസ്സമില്ലാത്ത രീതിയിൽ ഗവൺമെന്റുതന്നെയാണ് ഇപ്പോൾ 1500 കോടി രൂപ കടമെടുത്തിട്ടുള്ളത്. അതിന്റെ ഭാഗമായാണ് വീട് നിർമ്മിച്ച് കൊടുക്കുന്നത്. ലൈഫ് പദ്ധതിയുടെ ഭാഗമായി കൊടുക്കാൻ തീരുമാനിച്ച 1500 കോടി രൂപയുടെ ഫണ്ട് താഴെതലത്തിലേയ്ക്ക് (പഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും) കൊടുക്കാൻ തയ്യാറാണ്. ഇപ്പോൾ സംഭവിക്കുന്നത് പട്ടികജാതി-പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി മേഖലയിൽ ഉൾപ്പെടെയുള്ളവർ എഗ്രിമെന്റ് വച്ച് വീട് പണി തുടങ്ങുന്നില്ല എന്നുള്ളതാണ്. അത് പരിശോധിക്കുന്നതിന് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. അവരെ കണ്ടെത്തി അവർക്ക് വീട് നൽകുന്നതിനുള്ള ഫലപ്രദമായ ഇടപെടലുകൾ നടത്തണമെന്ന് ഇപ്പോൾ തീരുമാനിച്ചിട്ടുണ്ട്. ആ വർക്ക് നടത്തുകയാണ്. നല്ല മാറ്റമുണ്ടായിട്ടുണ്ട്. മുന്നോട്ടുള്ള പ്രയാണത്തിൽ എന്താണ്, എവിടെയാണ് തടസ്സമെന്ന് പരിശോധിച്ച് വീട് കൊടുക്കാൻതന്നെയാണ് തീരുമാനിച്ചിരിക്കുന്നത്. അക്കാര്യത്തിലൊരു സംശയവും ഉണ്ടാകേണ്ടതില്ല.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയെ പാർട്ടി സെക്രട്ടറിയാക്കുക എന്ന സി.പി.ഐ.(എം) എടുത്ത തീരുമാനം ഞങ്ങൾക്കൊക്കെ വളരെ ഇഷ്ടപ്പെട്ട ഒരു കാര്യമാണ്. അദ്ദേഹത്തിന് എല്ലാവിധ ആശംസകളും നേരുന്നു, നല്ല രീതിയിൽ പാർട്ടിയെ നിയന്ത്രിച്ചുകൊണ്ടുപോകാൻ അദ്ദേഹത്തിന് കഴിയട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. നമ്മുടെ പഞ്ചായത്തുകളിലെ വാർഡുകൾ വിഭജിച്ചിട്ട് ഏകദേശം 15 വർഷമായി. വലിയ പഞ്ചായത്തുകൾ വിഭജിക്കേണ്ടതുണ്ട്, മുനിസിപ്പാലിറ്റി കോർപ്പറേഷനാക്കേണ്ടതുണ്ട്. ഈ പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്?

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, വാർഡ് വിഭജനമുൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ചെല്ലാം പിന്നീട് ആലോചിച്ച് തീരുമാനിക്കാവുന്നതാണ്.

എവിടെയൊക്കെയാണോ വിഭജനം ഉണ്ടാകേണ്ടത് അതൊക്കെ ഭാവിയിൽ ചർച്ച ചെയ്ത് തീരുമാനിക്കാം. സാധാരണ രീതിയിൽ തെരഞ്ഞെടുപ്പ് വരുന്ന ഘട്ടത്തിലാണല്ലോ ഇതിനെപ്പറ്റി ഗൗരവ്വപൂർവ്വം ആലോചിക്കാറുള്ളത്. അങ്ങ് പറഞ്ഞകാര്യം നമുക്ക് ആലോചിക്കാം. പ്രതിപക്ഷത്തിന്റെ അഭിപ്രായം തള്ളിക്കളയുന്ന നിലയല്ല സർക്കാർ സ്വീകരിക്കുന്നത്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, നേരത്തെ ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ഹൗസിംഗ് സ്കീം ഉണ്ടായിരുന്നപ്പോൾ കൈവശരേഖ ഉണ്ടെങ്കിൽ അവർക്ക് വീട് കൊടുക്കുമായിരുന്നു. പക്ഷേ ഇന്ന് ലൈഫ് പദ്ധതിയുടെ മാനദണ്ഡമനുസരിച്ച് പട്ടയ വസ്തുവോ സ്വന്തം ഭൂമിയോ ഉണ്ടെങ്കിൽ മാത്രമേ വീട് കൊടുക്കുന്നുള്ളൂ. ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ ഹൗസിംഗ് സ്കീമിൽ നേരത്തെ ഉണ്ടായിരുന്നതുപോലെ മാനദണ്ഡത്തിൽ ആവശ്യമായ ഇളവുകൾ കൊടുക്കാൻ തയ്യാറാകുമോ?

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, പട്ടികജാതി-പട്ടികവർഗ്ഗ, ഫിഷറീസ് മേഖലയിലുള്ള പാവപ്പെട്ടവർക്ക് വീട് നൽകുന്നതിനുവേണ്ടി എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടെങ്കിൽ അത് പരിശോധിച്ച് ആവശ്യമായ നിലപാട് സ്വീകരിക്കാം. അത് അവർക്ക് നൽകുന്നതിൽ യാതൊരു തരത്തിലുള്ള വിട്ടുവീഴ്ചയും ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

പുതുതായി ഇവിടെ ഉയർന്നുവന്ന ചർച്ചകൾ, അതുപോലെ ഡോ. മാത്യു കുഴൽനാടൻ സൂചിപ്പിച്ച മിക്കവാറും കാര്യങ്ങൾക്കെല്ലാം ഞാൻ മറുപടി നൽകിയിട്ടുണ്ട്. ധനകാര്യ കമ്മീഷന്റെ 200 ശിപാർശകൾ പരിഗണിച്ചില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. പ്രതിപക്ഷത്തിരിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ മലയാള മനോരമ പത്രം ഉയർത്തിക്കാണിച്ച് ധനകാര്യ കമ്മീഷൻ റിപ്പോർട്ടിന്റെ ഭാഗമായി തീരുമാനിക്കാൻ നിർദ്ദേശിച്ച കാര്യങ്ങൾ അതിന്റെ വർദ്ധനയെ സംബന്ധിച്ച് വിമർശനപരമായി ഉന്നയിക്കുന്നുണ്ട്. ഡോ. മാത്യു കുഴൽനാടൻ അത് നടപ്പിലാക്കുന്നതിൽ വരുത്തുന്ന വീഴ്ചയെ സംബന്ധിച്ചാണ് ചൂണ്ടിക്കാണിച്ചത്. ഏതായാലും ഒരുകാര്യം വളരെ വ്യക്തമാണ്. നമുക്ക് ഇതെല്ലാം പരിഷ്കരിച്ച് മുന്നോട്ട് പോകേണ്ടിവരും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇങ്ങനെ എല്ലാക്കാലവും പ്ലാൻഫണ്ടുപയോഗിച്ച് മാത്രം വർക്ക് ചെയ്യുകയെന്നുള്ളതല്ല. സ്വതന്ത്രമായ രീതിയിൽ പ്രവർത്തിക്കാൻ സാധിക്കുന്ന സാമ്പത്തികശേഷി നേടാൻ അവയെ പ്രാപ്തമാക്കണമെന്നാണ് ഗവൺമെന്റുദ്ദേശിക്കുന്നത്. വൈജ്ഞാനിക സമൂഹമെന്ന രീതിയിൽ മാത്രമല്ല, ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയെന്ന രീതിയിലാണ് ഗവൺമെന്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും പൊതുവെ കേരളത്തെയും കാണുന്നത്. അങ്ങനെ വരുമ്പോൾ ഏതെല്ലാം രീതിയിൽ പഞ്ചായത്ത്,

മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തുടങ്ങിയവയ്ക്ക് മൂലധന നിക്ഷേപം നടത്താനാകുമെന്നും പി.പി.പി. ഉൾപ്പെടെയുള്ള സംവിധാനങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയുമോയെന്നും ആലോചിക്കണം. അങ്ങനെ ആലോചിക്കുമ്പോഴാണ് പുതിയ സാമ്പത്തിക സ്ഥിതിയിലേയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്ന പ്രവർത്തനങ്ങളിലേയ്ക്ക് പോകാൻ കഴിയുക. നല്ല വരുമാനം ആർജ്ജിക്കാൻ സാധിക്കുന്ന വിവിധ പദ്ധതികൾക്ക് വലിയ സാധ്യതയാണ് കേരളത്തിലുള്ളത്. ആ പദ്ധതികളെല്ലാം ഉപയോഗപ്പെടുത്തി കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ഒരു കുടക്കീഴിൽ കൊണ്ടുവന്ന് എല്ലാ അർത്ഥത്തിലും നമ്മുടെ നാടിന്റെ വികസനത്തോടൊപ്പം ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്താനാണുദ്ദേശിക്കുന്നത്. അത്തരം പ്രവർത്തനങ്ങൾക്ക് എല്ലാവിഭാഗം ജനങ്ങളുടെയും എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പിന്തുണയുണ്ട്. ഇവിടെ ഈ സഭയിലെ എല്ലാവരുടെയും പിന്തുണയുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഇത് ഏകകണ്ഠമായി അംഗീകരിച്ചുതരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: ശ്രീ. വി. ജോയി, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ജോയി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു. ഡോ. മാത്യു കുഴൽനാടൻ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ഭേദഗതിയെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.......

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

175. ഖണ്ഡം 2-ൽ "ആക്റ്റിന്റെ" എന്നതിനു പകരം "ആക്റ്റിലെ" എന്നു ചേർക്കുക.

191. ഖണ്ഡം 2(i) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 180 (4)-ൽ "സർക്കാർ " എന്നത് ഒഴിവാക്കുക

194. ഖണ്ഡം 2(i) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 180(4)-ൽ "സംസ്ഥാനത്തിനൊട്ടാകെയോ " എന്നതിനു പകരം "സംസ്ഥാനത്തിന് പൊതുവിലും "എന്ന് ചേർക്കുക.

196. ഖണ്ഡം 2(i) പ്രകാരം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 180(4)-ൽ "സംസ്ഥാനത്തിനൊട്ടാകെയോ ഓരോ ജില്ലയ്ക്കുമായോ" എന്നതിന് പകരം "സംസ്ഥാനത്തിനൊട്ടാകെ" എന്ന് ചേർക്കുക.

198. ഖണ്ഡം 2(i) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 180(4)-ൽ സംസ്ഥാനത്തിനൊട്ടാകെയോ ഓരോ ജില്ലയ്ക്കുമായോ" എന്നതിന് പകരം "ഓരോ ജില്ലയ്ക്കും പ്രത്യേകമായോ" എന്ന് ചേർക്കുക.

206. ഖണ്ഡം 2(i) പ്രകാരം 1994-ലെ പഞ്ചായത്ത് രാജ് ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 180(4)-ൽ"രൂപീകരിക്കുന്നതിന് " എന്നതിനുപകരം" ഏകീകരിക്കുന്നതിന്" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

176. ഖണ്ഡം 2-ൽ "(1994 -ലെ 13-ാം ആക്റ്റ്)" എന്നതിന് പകരം "(1994 -ലെ 13)" എന്ന് ചേർക്കുക.

179. ഖണ്ഡം 2(i) പ്രകാരം 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 180(4)-ൽ"ഉദ്യോഗസ്ഥരെയും ജീവനക്കാരെയും" എന്നതിന് പകരം "ഉദ്യോഗസ്ഥരേയോ ജീവനക്കാരേയോ" എന്ന് ചേർക്കുക.

199. ഖണ്ഡം 2 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 180(4)-ൽ "ജില്ലയ്ക്കുമായോ" എന്നതിന് പകരം "ജില്ലയ്ക്കുവേണ്ടിയോ" എന്ന് ചേർക്കുക.

200. ഖണ്ഡം 2(1) (1994-ലെ) കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 180(4)-ൽ "ജില്ലയ്ക്കുമായോ" എന്നതിനു ശേഷം "ഒരു" എന്ന് ചേർക്കുക.

203. ഖണ്ഡം 2(i) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 180(4)-ൽ "പൊതു സർവ്വീസ്" എന്നതിന് പകരം "പൊതുസർവ്വീസ്" എന്ന് ചേർക്കുക.

212. ഖണ്ഡം 2 പ്രകാരം 1994-ലെ പഞ്ചായത്ത്രാജ് ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 180(4)-ന് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക." എന്നാൽ തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരിക്കുമ്പോൾ അപ്രകാരമുള്ള സർവ്വീസിന്റെ ഭാഗമാക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് അതാത് സർവ്വീസിൽ തുടർന്നാൽ ലഭിക്കുമായിരുന്ന എല്ലാ സേവനവേതന ആനുകൂല്യങ്ങളും സീനിയോറിറ്റിയും സംരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്."

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

177. ഖണ്ഡം 2-ൽ 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ വകുപ്പ് 180(4)-ൽ "ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട പഞ്ചായത്ത് ഉദ്യോഗസ്ഥന്മാരേയോ ജീവനക്കാരേയോ സംസ്ഥാനമൊട്ടാകെയോ ഓരോ ജില്ലയ്ക്കു വേണ്ടിയോ ഒരു പ്രത്യേക സർവ്വീസായി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതുമാണ്." എന്നതിനു പകരം "പഞ്ചായത്ത് സർവ്വീസ്, മുനിസിപ്പൽ കോമൺ സർവ്വീസ്, തദ്ദേസ്വയംഭരണ വകുപ്പ് (പ്ലാനിങ്), തദ്ദേസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം, ഗ്രാമവികസനം എന്നീ സർവ്വീസുകളിലുള്ള സർക്കാർ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിനൊട്ടാകെയോ ഓരോ ജില്ലയ്ക്കോ തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരിക്കാവുന്നതുമാണ്." എന്നു ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

180. ഖണ്ഡം 2(i) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 180(4)-ൽ "ഉദ്യോഗസ്ഥരെയും ജീവനക്കാരെയും" എന്നതിനു പകരം "ഉദ്യോഗസ്ഥൻമാരെയോ ജീവനക്കാരെയോ" എന്ന് ചേർക്കുക.

229. ഖണ്ഡം 2 (ii) പ്രകാരം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 180(4) ന്റെ വിശദീകരണത്തിൽ "സർക്കാർ ജീവനക്കാർ എന്നർത്ഥമാകുന്നു" എന്നതിനു മുൻപായി "പി. എസ്. സി മുഖേന നിയമിക്കപ്പെട്ട" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

185. ഖണ്ഡം 2 (i) പ്രകാരം 1994-ലെ പഞ്ചായത്ത് രാജ് ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 180 (4)-ൽ " മറ്റേതെങ്കിലും" എന്നതിന് പകരം " മറ്റ്" എന്ന് ചേർക്കുക.

224. ഖണ്ഡം 2(ii) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 180(4)-ന്റെ വിശദീകരണത്തിൽ " മുനിസിപ്പാലിറ്റി" എന്നതിന് പകരം " നഗരകാര്യ വകുപ്പ്" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

205. ഖണ്ഡം 2(i) പ്രകാരം 1994-ലെ പഞ്ചായത്ത് രാജ് ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 180(4)-ൽ " പൊതുസർവ്വീസ്" എന്നതിന് ശേഷം "എന്ന പേരിൽ ഒരു പൊതുസർവ്വീസ്" എന്ന് ചേർക്കുക.

226. ഖണ്ഡം 2 (ii) പ്രകാരം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 180(4)-ന്റെ വിശദീകരണത്തിൽ" എഞ്ചിനീയറിംഗ് വിഭാഗം" എന്നതിന് ശേഷം "എന്നീ" എന്ന് ചേർക്കുക.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

207. ഖണ്ഡം 2 പ്രകാരം 1994-ലെ പഞ്ചായത്ത് രാജ് ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 180(4)-ന് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക." എന്നാൽ തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരണത്തിലൂടെ സംയോജിപ്പിക്കപ്പെട്ട വിവിധ വകുപ്പുകൾ മുഖേന പൊതുജനങ്ങൾക്ക് ലഭിച്ചിരുന്നതോ ലഭിക്കേണ്ടിയിരുന്നതോ ആയ യാതൊരു സേവനവും ആനുകൂല്യങ്ങളും നഷ്ടപ്പെടുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ് ."

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

209. ഖണ്ഡം 2 പ്രകാരം 1994-ലെ പഞ്ചായത്ത് രാജ് ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 180(4)-ന് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക." എന്നാൽ തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരണത്തിലൂടെ സംയോജിപ്പിക്കപ്പെട്ട വിവിധ വകുപ്പുകൾ മുഖേന പൊതുജനങ്ങൾക്ക് നൽകിയിരുന്ന എല്ലാ സേവനങ്ങളുടെയും തുടർച്ച ഉറപ്പാക്കേണ്ടതാണ് ".

213. ഖണ്ഡം 2 പ്രകാരം 1994-ലെ പഞ്ചായത്ത്‌രാജ് ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 180(4)-ന് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക." എന്നാൽ വിവിധ സർവ്വീസുകളെ സംയോജിപ്പിക്കുമ്പോൾ അപ്രകാരമുള്ള സർവ്വീസുകളുടെ ഭാഗമായിരിക്കുന്ന യാതൊരു തസ്തികയും ഉദ്യോഗസ്ഥനും തദ്ദേശസ്വയംഭരണ പൊതുസർവ്വീസിനു പുറത്താകുന്നില്ല എന്ന് ഉറപ്പാക്കേണ്ടതും എല്ലാ വിഭാഗം ഉദ്യോഗസ്ഥരുടെയും സേവനവേതന ആനുകൂല്യങ്ങളും സർവീസ് അവകാശങ്ങളും സംരക്ഷിക്കപ്പെടേണ്ടതുമാണ്."

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

220. ഖണ്ഡം 2(ii) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 180(4)-ന്റെ വിശദീകരണത്തിൽ " മുനിസിപ്പാലിറ്റി" എന്നതിന് പകരം " നഗരകാര്യം/മുനിസിപ്പൽ കോർപ്പറേഷൻ" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: 178-ാം നമ്പർ ഭേദഗതി 179-ാം നമ്പർ ഭേദഗതിക്കും 186 മുതൽ 188 വരെയുള്ള ഭേദഗതികൾ 185-ാം നമ്പർ ഭേദഗതിക്കും 192, 193 എന്നീ നമ്പർ ഭേദഗതികൾ 191-ാം നമ്പർ ഭേദഗതിക്കും 195, 197 എന്നീ നമ്പർ ഭേദഗതികൾ 196-ാം നമ്പർ ഭേദഗതിക്കും 204-ാം നമ്പർ ഭേദഗതി 203-ാം നമ്പർ ഭേദഗതിക്കും 208-ാം നമ്പർ ഭേദഗതി 207-ാം നമ്പർ ഭേദഗതിക്കും 210-ാം നമ്പർ ഭേദഗതി 209-ാം നമ്പർ ഭേദഗതിക്കും 211-ാം നമ്പർ ഭേദഗതി 212-ാം നമ്പർ ഭേദഗതിക്കും 214-ാം നമ്പർ ഭേദഗതി 213-ാം നമ്പർ ഭേദഗതിക്കും 216 മുതൽ 218 വരെയുള്ള ഭേദഗതികൾ 219-ാം നമ്പർ ഭേദഗതിക്കും 221 മുതൽ 223 വരെയുള്ള ഭേദഗതികൾ 224-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>): സർ, ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 203-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 203-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 175, 191, 194, 196, 198, 206 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 176, 179, 199, 200, 212 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 177-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 180, 229 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 185, 224 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 205, 226 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 207-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 209, 213 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 220-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

230. ഖണ്ഡം 3-ൽ " ആക്റ്റിന്റെ" എന്നതിന് പകരം " ആക്ടിലെ" എന്ന് ചേർക്കുക.

234. ഖണ്ഡം 3(i) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 222(1 ബി)-ൽ "മറ്റേതെങ്കിലും" എന്നതിന് പകരം "ഇതര" എന്ന് ചേർക്കുക.

245. ഖണ്ഡം 3(i) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 222 (1 ബി)-ൽ "സംസ്ഥാനത്തിനൊട്ടാകെയോ" എന്നതിന് പകരം "സംസ്ഥാനത്തിന് പൊതുവിലും" എന്ന് ചേർക്കുക.

250. ഖണ്ഡം 3(i) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 222(1 ബി)-ൽ "ഓരോ ജില്ലയ്ക്കുമായോ" എന്നതിനു പകരം "ഓരോ ജില്ലയ്ക്കും പ്രത്യേകമായോ" എന്ന് ചേർക്കുക.

255. ഖണ്ഡം 3(i) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 222(1 ബി)-ൽ " രൂപീകരിക്കുന്നതിന്" എന്നതിനുപകരം "ഏകീകരിക്കുന്നതിന്" എന്ന് ചേർക്കുക.

271. ഖണ്ഡം 3(ii) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 222(1 ബി)-യുടെ വിശദീകരണത്തിൽ "പഞ്ചായത്ത് " എന്നതിന് ശേഷം "വകുപ്പ് " എന്ന് ചേർക്കുക.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

231. ഖണ്ഡം 3-ൽ " (1994-ലെ 20-ാം ആക്റ്റ്)" എന്നതിന് പകരം " (1994-ലെ 20)" എന്ന് ചേർക്കുക.

233. ഖണ്ഡം 3(i) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 222(1 ബി)-ൽ " ഉദ്യോഗസ്ഥരെയും ജീവനക്കാരെയും മറ്റേതെങ്കിലും സർവ്വീസുകളിലുള്ള സർക്കാർ ജീവനക്കാരെയും" എന്നതിന് പകരം " ഉദ്യോഗസ്ഥരേയോ ജീവനക്കാരേയോ മറ്റേതെങ്കിലും സർവ്വീസുകളിലുള്ള സർക്കാർ ജീവനക്കാരേയോ" എന്ന് ചേർക്കുക.

252. ഖണ്ഡം 3(i) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 222(1 ബി)-ൽ "ഓരോ ജില്ലയ്ക്കുമായോ" എന്നതിനു ശേഷം "ഒരു" എന്ന് ചേർക്കുക.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

232. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ വകുപ്പ് 222(1 ബി)-ൽ " ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥരെയോ ജീവനക്കാരെയോ സംസ്ഥാനത്തിനൊട്ടാകെയോ ഓരോ ജില്ലയ്ക്കുമായോ ഒരു പ്രത്യേക സർവ്വീസായി രൂപീകരിക്കുന്നതിനുകൂടി വ്യവസ്ഥ ചെയ്യാവുന്നതുമാണ്." എന്നതിന് പകരം " മുനിസിപ്പൽ കോമൺ സർവ്വീസ്, പഞ്ചായത്ത് സർവ്വീസ്, തദ്ദേശസ്വയംഭരണ വകുപ്പ്(പ്ലാനിംഗ്), തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം, ഗ്രാമവികസനം എന്നീ സർവ്വീസുകളിലുള്ള സർക്കാർ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിനൊട്ടാകെയോ ഓരോ ജില്ലയ്ക്കോ തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരിക്കാവുന്നതുമാണ്" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

241. ഖണ്ഡം 3(i) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 222 (1 ബി)-ൽ " സർക്കാർ" എന്നത് ഒഴിവാക്കുക.

264. ഖണ്ഡം 3(ii) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 222(1 ബി)-യുടെ വിശദീകരണത്തിൽ "സർക്കാർ" എന്ന വാക്ക് വരുന്നിടത്തെല്ലാം ആയത് ഒഴിവാക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

254. ഖണ്ഡം 3(i) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 222(1 ബി)-ൽ "പൊതുസർവ്വീസ്" എന്നതിന് ശേഷം "എന്ന പേരിൽ ഒരു പൊതുസർവ്വീസ്" എന്ന് ചേർക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

256. ഖണ്ഡം 3(i) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 222(1 ബി)-യുടെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക.

"എന്നാൽ, തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരിക്കുമ്പോൾ അപ്രകാരമുള്ള സർവീസിന്റെ ഭാഗമാക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് അതാത് സർവ്വീസിൽ തുടർന്നാൽ ലഭിക്കുമായിരുന്ന എല്ലാ സേവനവേതന ആനുകൂല്യങ്ങളും സീനിയോറിറ്റിയും സംരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്."

ശ്രീ. സി. ആർ. മഹേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

258. ഖണ്ഡം 3(i) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 222(1 ബി)-യുടെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക.

"എന്നാൽ, തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരണത്തിലൂടെ സംയോജിപ്പിക്കപ്പെട്ട വിവിധ വകുപ്പുകൾ മുഖേന പൊതുജനങ്ങൾക്ക് ലഭിച്ചിരുന്നതോ ലഭിക്കേണ്ടിയിരുന്നതോ ആയ യാതൊരു സേവനവും ആനുകൂല്യങ്ങളും നഷ്ടപ്പെടുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്."

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

269. ഖണ്ഡം 3(ii) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 222(1 ബി)യുടെ വിശദീകരണത്തിൽ " പഞ്ചായത്ത്," എന്നതിന് മുമ്പായി " നഗരകാര്യ/മുനിസിപ്പൽ കോർപ്പറേഷൻ" എന്ന് ചേർക്കുക.

270. ഖണ്ഡം 3(ii) പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 222(1 ബി)-യുടെ വിശദീകരണത്തിൽ "പഞ്ചായത്ത് " എന്നതിന് പകരം "ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത്" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

274. ഖണ്ഡം 3 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 222(1 ബി)-യുടെ വിശദീകരണത്തിൽ "സർക്കാർ ജീവനക്കാർ എന്നർത്ഥമാകുന്നു " എന്നതിനു മുൻപായി "പി. എസ്. സി. മുഖേന നിയമിതരായ " എന്നത് ചേർക്കുക.

മി. സ്പീക്കർ: 235, 236 എന്നീ നമ്പർ ഭേദഗതികൾ 234-ാം നമ്പർ ഭേദഗതിക്കും 242 മുതൽ 244 വരെയുള്ള ഭേദഗതികൾ 241-ാം നമ്പർ ഭേദഗതിക്കും 257-ാം നമ്പർ ഭേദഗതി 256-ാം നമ്പർ ഭേദഗതിക്കും 259-ാം നമ്പർ ഭേദഗതി 258-ാം നമ്പർ ഭേദഗതിക്കും 265 മുതൽ 267 വരെയുള്ള ഭേദഗതികൾ 264-ാം നമ്പർ ഭേദഗതിക്കും 272, 273 എന്നീ നമ്പർ ഭേദഗതികൾ 271-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 230, 234, 245, 250, 255, 271 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 231, 233, 252 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 232-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 241, 264 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 254-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 256-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 258-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 269, 270 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 274-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

275. ഖണ്ഡം 4-ൽ "ആക്റ്റിന്റെ" എന്നതിനു പകരം "ആക്റ്റിലെ" എന്ന് ചേർക്കുക.

278. ഖണ്ഡം 4 പ്രകാരം 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(3)-ൽ "ഉണ്ടാക്കപ്പെട്ടിട്ടുള്ള" എന്നതിന് പകരം "നിർമ്മിക്കപ്പെട്ടിട്ടുള്ള" എന്ന് ചേർക്കുക.

279. ഖണ്ഡം 4 പ്രകാരം 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(3)-ൽ "തരംതിരിവ്" എന്നതിന് പകരം "കാറ്റഗറി" എന്ന് ചേർക്കുക.

288. ഖണ്ഡം 4 പ്രകാരം 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 10(3)-ൽ " മറ്റേതെങ്കിലും" എന്നതിന് പകരം "ഇതര " എന്ന് ചേർക്കുക

314. ഖണ്ഡം 4 പ്രകാരം 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(3)-ന്റെ വിശദീകരണത്തിൽ " മുനിസിപ്പാലിറ്റി" എന്നതിന് പകരം " നഗരകാര്യ വകുപ്പ്" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

276. ഖണ്ഡം 4 പ്രകാരം 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(3)-ൽ " (1968-ലെ 19-ാം ആക്റ്റ്)" എന്നതിനു പകരം "(1968-ലെ 19)" എന്ന് ചേർക്കുക.

294. ഖണ്ഡം 4 പ്രകാരം 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(3)-ൽ "ഓരോ ജില്ലയുമായോ" എന്നതിന് ശേഷം "ഒരു" എന്ന് ചേർക്കുക.

297. ഖണ്ഡം (4) പ്രകാരം 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(3)-ൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

" എന്നാൽ തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണത്തിലൂടെ സംയോജിപ്പിക്കപ്പെട്ട വിവിധ വകുപ്പുകൾ മുഖേന പൊതുജനങ്ങൾക്ക് നൽകിയിരുന്ന എല്ലാ സേവനങ്ങളുടെയും തുടർച്ച ഉറപ്പാക്കേണ്ടതാണ്."

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

277. ഖണ്ഡം 4 പ്രകാരം 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(3)-ൽ "ഉണ്ടാക്കപ്പെട്ടിട്ടുള്ള" എന്നതിന് പകരം "രൂപീകരിക്കപ്പെട്ടിട്ടുള്ള" എന്ന് ചേർക്കുക.

316. ഖണ്ഡം 4 പ്രകാരം 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(3)-ന്റെ വിശദീകരണത്തിൽ " മുനിസിപ്പാലിറ്റി" എന്നതിന് പകരം " നഗരകാര്യ / മുനിസിപ്പൽ കോർപ്പറേഷൻ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

280. ഖണ്ഡം 4 പ്രകാരം 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10 (3)-ൽ " സേവന" എന്നതിന് ശേഷം " വേതന" എന്ന് ചേർക്കുക.

318. ഖണ്ഡം 4 പ്രകാരം 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(3)-ന്റെ വിശദീകരണത്തിൽ " സർക്കാർ ജീവനക്കാർ എന്നർത്ഥമാകുന്നു" എന്നതിന് മുൻപ് " പി.എസ്.സി. മുഖേന നിയമിതരായ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

282. ഖണ്ഡം 4 പ്രകാരം 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10 (3)-ൽ " തദ്ദേശ സ്വയംഭരണ വകുപ്പ് (പ്ലാനിംഗ്)-ലെ" എന്നതിന് പകരം " തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്)-ന് കീഴിലുള്ള സർവ്വീസുകളിലെ" എന്ന് ചേർക്കുക.

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

283. ഖണ്ഡം 4 പ്രകാരം 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10 (3)-ൽ " മറ്റേതെങ്കിലും" എന്നതിന് പകരം " മറ്റ് " എന്ന് ചേർക്കുക.

309. ഖണ്ഡം 4 പ്രകാരം 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(3)-ന്റെ വിശദീകരണത്തിൽ "പഞ്ചായത്ത്" എന്നതിന് ശേഷം "വകുപ്പ്" എന്ന് ചേർക്കുക.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

296. ഖണ്ഡം (4) പ്രകാരം 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(3) ചുവടെപ്പറയും പ്രകാരം മാറ്റുക.

" (3) ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി, 1968-ലെ കേരള പബ്ലിക് സർവ്വീസസ് ആക്റ്റ് (1968-ലെ 19-ാം ആക്ട്) പ്രകാരം ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളനുസരിച്ച് ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും തരംതിരിവ്, റിക്രൂട്ട്മെന്റ്/ നിയമനരീതി, സേവന വ്യവസ്ഥകൾ, ശമ്പളവും ബത്തകളും, അച്ചടക്കം, പെരുമാറ്റം എന്നിവ സർക്കാർ നിയന്ത്രിക്കേണ്ടതും അങ്ങനെയുള്ള ചട്ടങ്ങളിൽ തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്), പഞ്ചായത്ത് സർവ്വീസ്, മുനിസിപ്പൽ കോമൺ സർവ്വീസ്, തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം, ഗ്രാമവികസനം എന്നീ സർവ്വീസുകളിലുള്ള സർക്കാർ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിനൊട്ടാകെയോ ഓരോ ജില്ലയ്ക്കുമായോ തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരിക്കാവുന്നതുമാണ്."

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

301. ഖണ്ഡം 4 പ്രകാരം 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(3)-ൽ, താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

" എന്നാൽ തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരിക്കുമ്പോൾ അപ്രകാരമുള്ള സർവ്വീസിന്റെ ഭാഗമാക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് അതാത് സർവ്വീസിൽ തുടർന്നാൽ ലഭിക്കുമായിരുന്ന എല്ലാ സേവനവേതന ആനുകൂല്യങ്ങളും സീനിയോറിറ്റിയും സംരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പാക്കേണ്ടതാണ് "

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

303. ഖണ്ഡം 4 പ്രകാരം 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(3)-ൽ, താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

" എന്നാൽ വിവിധ സർവീസുകളെ സംയോജിപ്പിക്കുമ്പോൾ അപ്രകാരമുള്ള സർവ്വീസുകളുടെ ഭാഗമായിരിക്കുന്ന യാതൊരു തസ്തികയും ഉദ്യോഗസ്ഥനും തദ്ദേശസ്വയംഭരണ പൊതുസർവ്വീസിനു പുറത്താകുന്നില്ല എന്ന് ഉറപ്പാക്കേണ്ടതും എല്ലാ വിഭാഗം ഉദ്യോഗസ്ഥരുടെയും സേവനവേതന ആനുകൂല്യങ്ങളും സർവ്വീസ് അവകാശങ്ങളും സംരക്ഷിക്കപ്പെടേണ്ടതുമാണ് " .

മി. സ്പീക്കർ: 284 മുതൽ 286 വരെയുള്ള ഭേദഗതികൾ 283-ാം നമ്പർ ഭേദഗതിക്കും 287, 289 എന്നീ നമ്പർ ഭേദഗതികൾ 288-ാം നമ്പർ ഭേദഗതിക്കും 298-ാം നമ്പർ ഭേദഗതി 297-ാം നമ്പർ ഭേദഗതിക്കും 302-ാം നമ്പർ ഭേദഗതി 301-ാം നമ്പർ ഭേദഗതിക്കും 304-ാം നമ്പർ ഭേദഗതി 303-ാം നമ്പർ ഭേദഗതിക്കും 310 മുതൽ 312 വരെയുള്ള ഭേദഗതികൾ 309-ാം നമ്പർ ഭേദഗതിക്കും 313, 315 എന്നീ നമ്പർ ഭേദഗതികൾ 314-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 275, 278, 279, 288, 314 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 276, 294, 297 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 277, 316 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 280, 318 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 282-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 283, 309 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 296-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 301-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 303-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

319. ഖണ്ഡം 5-ൽ " ഇല്ലാതായിത്തീർന്നിരുന്നാൽ തന്നെയും" എന്നതിന് പകരം " ഇല്ലാതായിത്തീർന്നിരുന്നാൽത്തന്നെയും" എന്ന് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

320. ഖണ്ഡം 5 ആയി താഴെപ്പറയുന്നവ ചേർക്കുകയും ശേഷിക്കുന്നത് പുനരക്കം ചെയ്യുകയും ചെയ്യുക.

" 5. (i) പൊതുസർവ്വീസിലേക്ക് വരുന്ന ജീവനക്കാരുടെ പരിരക്ഷ. (i) ഈ ആക്റ്റിന് കീഴിൽ വിവിധ വകുപ്പുകളിൽ നിലവിൽ സേവനം അനുഷ്ഠിച്ച് വരുന്ന ജീവനക്കാർ/ ഉദ്യോഗസ്ഥരുടെ സീനിയോറിറ്റി, ഉദ്യോഗക്കയറ്റം എന്നിവ അതാത് ഫീഡർ കാറ്റഗറിയിലെ പി.എസ്.സി. അഡ്വൈസ് തീയതിക്ക് അനുസൃതമായി പരിരക്ഷിക്കപ്പെടേണ്ടതാണ്.

(ii) ഇപ്രകാരം രൂപീകരിക്കുന്ന പൊതുസർവ്വീസിന്റെ ഭാഗമായി വരുന്ന വിവിധ വകുപ്പുകളിലെ ജീവനക്കാർ / ഉദ്യോഗസ്ഥരുടെ സേവന/വേതന വ്യവസ്ഥകൾക്ക് ഒരു ഏകീകൃത സംവിധാനം സൃഷ്ടിക്കേണ്ടതാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 319-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 320-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ വാക്കാൽ ഭേദഗതിയായി അവതരിപ്പിക്കുന്നു.

ദീർഘശീർഷകത്തിൽ "എഞ്ചീനിയറിങ്" എന്നതിന് പകരം "എഞ്ചിനീയറിംഗ്" എന്ന് ചേർക്കുക

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

119. ദീർഘശീർഷകത്തിൽ "മുൻസിപ്പാലിറ്റി" എന്നതിന് പകരം "നഗരകാര്യം/മുൻസിപ്പൽ കോർപ്പറേഷൻ" എന്ന് ചേർക്കുക.

131. പീഠികയിൽ " മുനിസിപ്പാലിറ്റി" എന്നതിന് പകരം "നഗരകാര്യ/ മുൻസിപ്പൽ കോർപ്പറേഷൻ " എന്ന് ചേർക്കുക.

151 എ. ഖണ്ഡം 1(1)-ൽ "കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ്" എന്നതിന് പകരം "കേരള തദ്ദേശസ്വയംഭരണസർവ്വീസ്" എന്ന് ചേർക്കുക.

152. ഖണ്ഡം 1(1)-ൽ "ആക്ട്" എന്നതിന് പകരം "നിയമം" എന്ന് ചേർക്കുക.

164. ഖണ്ഡം 1(2)-ൽ " കരുതപ്പെടേണ്ടതാണ്" എന്നതിന് പകരം "കണക്കാക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

120. ദീർഘശീർഷകത്തിൽ "എന്നിവയ്ക്ക് കീഴിലുള്ള സർവ്വീസുകളെയും" എന്നത് ഒഴിവാക്കുക.

143. പീഠികയിൽ "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

148. പീഠികയിൽ " യുക്തമായിരിക്കുകയാൽ" എന്നതിന് പകരം "ആവശ്യമായിരിക്കുകയാൽ" എന്ന് ചേർക്കുക.

163. ഖണ്ഡം 1(2)-ൽ " പ്രാബല്യത്തിൽ" എന്നതിന് പകരം "നിലവിൽ" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

124. ദീർഘശീർഷകത്തിൽ " കീഴിലുള്ള" എന്നതിന് ശേഷം " എല്ലാ" എന്ന് ചേർക്കുക.

126. ദീർഘശീർഷകത്തിൽ " ഒരു തദ്ദേശസ്വയം ഭരണ" എന്നതിന് പകരം " ഒരു തദ്ദേശസ്വയംഭരണ" എന്ന് ചേർക്കുക.

135. പീഠികയിൽ " കീഴിലുള്ള " എന്നതിന് ശേഷം "എല്ലാ" എന്നത് ചേർക്കുക.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

125. ദീർഘശീർഷകത്തിൽ " എഞ്ചീനിയറിങ്" എന്നതിന് പകരം " എഞ്ചിനീയറിംഗ് " എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

127. ദീർഘശീർഷകത്തിൽ " തദ്ദേശസ്വയം ഭരണപൊതുസർവ്വീസ" എന്നതിന് പകരം " തദ്ദേശസ്വയംഭരണ പൊതുസർവ്വീസ്" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

128. ദീർഘശീർഷകത്തിൽ " രൂപീകരിക്കുന്നതിനായുള്ള" എന്നതിന് പകരം " രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനായുള്ള" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

130. ദീർഘശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക.

" കേരള സംസ്ഥാനത്തെ പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, നഗരഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നിവയ്ക്കു കീഴിലുള്ള സർവ്വീസുകളെ ഏകീകരിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരിക്കുന്നതിനായുള്ള ഒരു ബിൽ"

149. പീഠിക താഴെ പറയും പ്രകാരം മാറ്റുക:

" കേരള സംസ്ഥാനത്തെ പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, നഗരഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നിവയ്ക്കു കീഴിലുള്ള സർവ്വീസുകളെ ഏകീകരിച്ചുകൊണ്ട് ഒരു തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കുന്നത് ആവശ്യമായിരിക്കുകയാൽ"

151. ഖണ്ഡം 1(1)-ൽ "കേരള" എന്നതിന് ശേഷം "സംസ്ഥാന" എന്ന് ചേർക്കുക.

155. ഖണ്ഡം 1(2)-ൽ "തീയതി" എന്നതിന് ശേഷം "മുതൽ" എന്ന് ചേർക്കുക.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

139. പീഠികയിൽ " ഏകീകരിച്ച് കൊണ്ട്" എന്നതിന് പകരം "ഏകീകരിച്ചത് കൊണ്ട്" എന്ന് ചേർക്കുക.

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

168. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക." (2)ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ് ."

മി. സ്പീക്കർ: 109 മുതൽ 115 വരെയുള്ള ഭേദഗതികൾ ശീർഷകത്തിലായതിനാൽ ക്രമപ്രകാരമല്ലാത്തതിനാലും 121 മുതൽ 123 വരെയുള്ള ഭേദഗതികൾ 120-ാം നമ്പർ ഭേദഗതിക്കും 129-ാം നമ്പർ ഭേദഗതി 128-ാം നമ്പർ ഭേദഗതിക്കും 140 മുതൽ 142 വരെയുള്ള ഭേദഗതികൾ 143-ാം നമ്പർ ഭേദഗതിക്കും 145 മുതൽ 147 വരെയുള്ള ഭേദഗതികൾ 148-ാം നമ്പർ ഭേദഗതിക്കും 153-ാം നമ്പർ ഭേദഗതി 152-ാം നമ്പർ ഭേദഗതിക്കും 154, 156, 157, 158, 159 എന്നീ നമ്പർ ഭേദഗതികൾ 155-ാം നമ്പർ ഭേദഗതിക്കും 160 മുതൽ 162 വരെയുള്ള ഭേദഗതികൾ 163-ാം നമ്പർ ഭേദഗതിക്കും 169 മുതൽ 171 വരെയുള്ള ഭേദഗതികൾ 168-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കലിന്റെ 138-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

138. പീഠികയിൽ " ഏകീകരിച്ച് കൊണ്ട്" എന്നതിന് പകരം "ഏകീകരിച്ചുകൊണ്ട്" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി ഞാൻ സ്വീകരിക്കുന്നു. വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച 127-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 119, 131, 151 എ, 152, 164 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 120, 143, 148, 163 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 124, 126, 135 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 130, 149, 151, 155 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 168-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബിൽ പാസ്സായിരിക്കുന്നു.

(ii) 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

(iii) 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ, 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: രണ്ട് ബില്ലുകളെയും സംബന്ധിച്ച ചർച്ച ഒരുമിച്ച് നടത്താവുന്നതാണ്. 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ, 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾക്ക് വിയോജിപ്പ് രേഖപ്പെടുത്തിയ അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഈ ബില്ലിലെ വ്യവസ്ഥകളോട് ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ദൈവത്തിന്റെ സ്വന്തം നാടാണ് കേരളമെന്ന് എല്ലാവരും പറയാറുണ്ടെങ്കിലും വ്യവസായങ്ങൾക്ക് പറ്റിയ നാടല്ലെന്നാണ് എല്ലാവരും ഒരുമിച്ച് പറയുന്നത്. ഈ തോന്നൽ മാറ്റാൻ നമുക്കിനിയും കഴിഞ്ഞിട്ടില്ല. വ്യവസായങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്നവരെ പിന്തിരിപ്പിക്കുന്ന

തരത്തിലുള്ള പൂർവ്വചരിത്രമാണ് നമുക്കുള്ളത്. ബഹുമാനപ്പെട്ട മന്ത്രി അതിനെതിരെ വിജയം കാണാൻ നല്ലതുപോലെ ശ്രമിക്കുന്നതിന്റെ ഭാഗമായാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. കഴിഞ്ഞ 30 വർഷത്തിനിടയിൽ അമ്പതോളം കമ്പനികളെ നമ്മളെല്ലാവരുംകൂടി കൊടികുത്തിപൂട്ടിച്ചു. മൂവായിരം കോടിയിലധികം നിക്ഷേപവും പതിനായിരത്തിലധികം ജീവനക്കാർ ജോലി ചെയ്തിരുന്നതുമായ 21 വൻകിട വ്യവസായങ്ങൾ പൂട്ടിപ്പോയതൊക്കെ ഇപ്പോഴും നിക്ഷേപകരെ ഭയപ്പെടുത്തുന്നുണ്ട്. നമ്മുടെ നാട്ടിൽ ചെറുതും വലുതുമായ നൂറുകണക്കിന് ഫാക്ടറികളുണ്ട്. എല്ലാ ഫാക്ടറിയുടെയും പ്രത്യേകിച്ച് വൻകിട കമ്പനികളുടെ മുമ്പിൽ ചെന്നാൽ അതിൽ ട്രേഡിംഗും സൂപ്പർ മാർക്കറ്റുകളുമൊക്കെയുൾപ്പെടും. ഒന്നോരണ്ടോ സമരപ്പന്തലുകളും ഒരു ഡസനോളം പല നിറത്തിലും വലിപ്പത്തിലുമുള്ള കൊടികളുമുണ്ടാകും. ഇതൊക്കെ കണ്ടാൽ പണമുള്ള ആരാണ് ഇവിടെവന്ന് വ്യവസായം തുടങ്ങുക. ഇവിടെ നിക്ഷേപകരുടെ കുറവില്ല. മൂലധനവും ടെക്നോളജിയും പരിചയമുള്ള എൻ.ആർ.ഐ. ഉണ്ടെങ്കിലും ഇവരൊന്നും ഇൻവെസ്റ്റ് ചെയ്യാതിരിക്കാനുള്ള പ്രധാനപ്പെട്ട കാരണം ഈ കൊടികളെപ്പേടിച്ച് തന്നെയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ചുവന്നകൊടി. ലോക കേരള സഭ കൊണ്ടൊന്നും കാര്യമായ നിക്ഷേപമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഈയടുത്തകാലത്ത് അങ്ങയുടെ ജില്ലയിൽ തുടക്കത്തിൽ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന, പത്തിരുപത് വർഷങ്ങൾക്കുമുമ്പ് പൂട്ടിപ്പോയ ഒരു ഫാക്ടറി ഏറ്റെടുത്തുനടത്താൻ ഗൾഫിൽനിന്നും ഒരുകൂട്ടം ആളുകൾ വന്നിരുന്നു. സർക്കാരിനുള്ള ഡ്യൂസ്, ഇലക്ട്രിസിറ്റി ഡ്യൂസ് എല്ലാം അവർ കൊടുക്കാൻ തയ്യാറായിരുന്നു. ഒരു കൺസൾട്ടന്റിനെവച്ച് ഇതിനെപ്പറ്റി പഠിക്കാൻ തീരുമാനിക്കുകയും അവർ അതിന് ഏർപ്പാട് ചെയ്യുകയും ചെയ്തു. ഇത് ഫീസിബിളാകാൻ പ്രയാസമാണ്, കാരണം എറണാകുളത്തുനിന്ന് ഇവിടം വരെയുള്ള എല്ലാ സ്ഥലങ്ങളിലും militant labours ആണെന്നാണ് അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ പറഞ്ഞത്. അവിടെ കക്ഷിരാഷ്ട്രീയമില്ലാതെ എല്ലാവരും ഒരുമിച്ച് നിൽക്കുകയാണ്. തങ്ങളുടെ സ്ഥാപനം എന്നെന്നേയ്ക്കുമായി പൂട്ടിക്കാനാണ് നഗരസഭയുടെ ശ്രമമെന്നാരോപിച്ച് തലശ്ശേരിയിൽനിന്നും നാടുവിടേണ്ടിവന്ന വ്യവസായി ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, ബഹുമാനപ്പെട്ട അംഗം തലശ്ശേരിയിലെ ചില സംഭവവികാസങ്ങളെക്കുറിച്ച് ഇവിടെ പരാമർശിച്ചു. യഥാർത്ഥത്തിൽ തലശ്ശേരിയിൽ ഈ പറഞ്ഞ വ്യാപാരി കുടിശ്ശികയടയ്ക്കാനുള്ളതാണ്. കുടിശ്ശികയടയ്ക്കാതെ തലശ്ശേരി പോലെയുള്ള മുനിസിപ്പാലിറ്റിക്ക് എങ്ങനെ മുന്നോട്ടുപോകാൻ കഴിയും? അല്ലാതെ ഏതെങ്കിലും തരത്തിൽ ഈ സ്ഥാപനത്തെ ബുദ്ധിമുട്ടിക്കുന്ന സമീപനം സർക്കാർ സ്വീകരിച്ചിട്ടില്ല; മറിച്ച് ഗവൺമെന്റിനെതിരായ

ഒരു ക്യാമ്പയിനുണ്ടാക്കാൻ അദ്ദേഹം ബോധപൂർവ്വം നാടുവിട്ടതാണ്. ഇപ്പോൾ വ്യവസായ സൗഹൃദാന്തരീക്ഷം തന്നെയാണ് കേരളത്തിലുള്ളത്. നിർഭാഗ്യവശാൽ അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും ഇവിടെ അത്തരം പരാമർശങ്ങളുണ്ടായി.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പിന്നെയെന്തിനാണ് ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ടത്; പിന്നെയെങ്ങനെയാണ് അവിടെ ഒരു സസ്പെൻഷനുണ്ടായത്? കൃത്യമായി കല്പിച്ചുകൂട്ടി അദ്ദേഹത്തെ പൂട്ടിക്കാനുള്ള ഒരു ശ്രമം നടത്തിയതാണെന്ന് നമ്മൾ മനസ്സിലാക്കണം. ഞാൻ ഇവിടെ രാഷ്ട്രീയം പറയുകയല്ല. കടം വാങ്ങി വന്ന് ആളുകൾ ഇവിടെ ഇതുപോലെയുള്ള ഫാക്ടറികൾ സ്ഥാപിക്കുമ്പോൾ അതിനെപ്പറ്റി കൃത്യമായി പഠിക്കണം. കോവിഡ് കാരണം സാമ്പത്തിക പ്രതിസന്ധിയിലാണ്; പിഴ കുറയ്ക്കണമെന്ന് അഭ്യർത്ഥിച്ചിട്ടും യാതൊരു സഹായവും തലശ്ശേരി നഗരസഭയിൽനിന്നും ലഭിക്കാത്തതുകൊണ്ടാണ് അദ്ദേഹത്തിന് കുടുംബത്തോടൊപ്പം നാടുവിടേണ്ടി വന്നത്. ആന്തൂറിലെ സാജനും കൊല്ലത്തെ സുഗതനും നൽകിയ പാഠത്തിൽനിന്നും ഇനിയും ഈ സർക്കാർ ഒന്നും പഠിച്ചിട്ടില്ലെന്നല്ലേ അത് കാണിക്കുന്നത്.

കേരളത്തിലെ നല്ല കാലാവസ്ഥ, വിദ്യാസമ്പന്നരായ ചെറുപ്പക്കാർ, ഉയർന്ന സാക്ഷരത, ആയുർദൈർഘ്യം, എല്ലാവർക്കും ആരോഗ്യം എന്നീ ഗുണങ്ങളൊക്കെയുള്ള സംസ്ഥാനം വ്യവസായങ്ങളുടെ ശവപ്പറമ്പാണെന്ന ദുഷ്പേര് സമ്പാദിച്ചതും അതിപ്പോഴും തുടരുന്നതിനും കാരണം ഉദ്യോഗസ്ഥരുടെയും സർക്കാരിന്റെയും നമ്മുടെയുമൊക്കെ സമീപനം കൊണ്ടുതന്നെയാണ്; എല്ലാവരും അതിലുൾപ്പെടും, ഞാനും ഇല്ലെന്ന് പറയുന്നില്ല. കഴിഞ്ഞയാഴ്ച ചോദ്യോത്തരവേളയിൽ കെ-റെയിലിന്റെ ദോഷവശങ്ങളെക്കുറിച്ച് അവരുടെ കൺസൾട്ടിന്റെ റിപ്പോർട്ടിൽ പറഞ്ഞ disadvantages ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് വിശദീകരിച്ചു. അർജന്റായി പോകേണ്ടവർക്ക് കെ-റെയിലിന് പകരം ജില്ലകളിൽ ചെറിയ ഫ്ലൈറ്റുകൾക്കും ഹെലികോപ്റ്ററുകൾക്കുംവേണ്ടി എയർ സ്ട്രിപ്പുകളുണ്ടാക്കാമോയെന്ന് അദ്ദേഹത്തോട് ചോദിച്ചതിനെ ബഹു. മുഖ്യമന്ത്രി ഏത് തരത്തിലാണ് പരിഹസിച്ചത്. ഇത്രയും അസംബന്ധമായ അല്ലെങ്കിൽ ഇത്രയും അബദ്ധജഡിലമായ ഒരു ചോദ്യം എങ്ങനെയാണ് ചോദിച്ചതെന്നായിരുന്നു അദ്ദേഹത്തിന്റെ മറുചോദ്യം. എയർപോർട്ടുകളുണ്ടാക്കുകയെന്നത് ഒരു അസംബന്ധമാണോ? അതിനുശേഷം നാല് ദിവസം കഴിഞ്ഞ് പത്രത്തിൽ ഒരു വാർത്തവന്നിരുന്നു. ആന്ധ്രാ സർക്കാർ അവരുടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും എയർപോർട്ടുകളുണ്ടാക്കുമെന്ന്. ആന്ധ്രയേക്കാൾ എല്ലാ കാര്യത്തിലും മുമ്പിലാണ് കേരളം. പക്ഷേ ബിസിനസ്സ് ചെയ്യാൻ ഏറ്റവും നല്ലത് കേരളത്തെക്കാൾ ആന്ധ്രയാണെന്നല്ലേ ഇത് തെളിയിക്കുന്നത്. കാഴ്ചപ്പാടിലെ വ്യത്യാസമാണ് ഞാൻ സൂചിപ്പിച്ചത്. അമേരിക്കയിൽ 19400 എയർപോർട്ടുകളുണ്ട്. ഒരു എയർപോർട്ടുണ്ടാക്കുന്നത് ഇത്രയും അബദ്ധമായ കാര്യമാണോ; അത് വ്യവസായികളെ സംരക്ഷിക്കാനും വ്യവസായങ്ങൾക്കും വേണ്ടിയാണ്. ഇവിടെ

വ്യവസായങ്ങൾ തുടങ്ങാൻ പറ്റാതെ നിൽക്കുന്നവരെ വിമാനമയച്ച് കൂട്ടിക്കൊണ്ടു പോകുന്ന അയൽസംസ്ഥാനങ്ങളോട് മത്സരിക്കാൻ നാം തയ്യാറാകണം. അതിനുതകുന്ന അനുകൂലമായ സാഹചര്യം ഇവിടെയുണ്ടാകണമെന്നാണ് ഞാൻ പറഞ്ഞത്. സർക്കാരിന്റെ ശൈലി മാറ്റാതെ സംസ്ഥാനത്തിന് വികസന കാര്യത്തിൽ രക്ഷയില്ല. ഇവിടെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ബില്ലിൽ കൊണ്ടു വന്നിരിക്കുന്ന ഭേദഗതി പ്രകാരം 5 കോടി രൂപവരെ മൂലധനനിക്ഷേപമുള്ള വ്യവസായസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വൈവിദ്ധ്യവത്കരിക്കുന്നതിനോ ആധുനികവത്കരിക്കുന്നതിനോ അനുമതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കാലതാമസം വരുത്തിയ ഉദ്യോഗസ്ഥന് ശിക്ഷ നൽകുന്നതിനുമായി ജില്ലാ തലത്തിൽ ജില്ലാ പരാതി പരിഹാര കമ്മിറ്റിയും 5 കോടി രൂപയ്ക്കുമുകളിൽ മൂലധനനിക്ഷേപമുള്ള സ്ഥാപനത്തിന് സംസ്ഥാന തലത്തിൽ സംസ്ഥാന പരാതി പരിഹാര കമ്മിറ്റിയുമുണ്ടാക്കുന്നുവെന്നതാണ് പ്രധാന ഭേദഗതിയായി കൊണ്ടുവന്നിട്ടുള്ളത്. ബില്ലിൽ ഭേദഗതിയായി എനിക്ക് പറയാനുള്ള ഒരു പ്രധാനകാര്യം ഈ തുകയുടെ പരിധി വർദ്ധിപ്പിക്കണമെന്നാണ്. കാരണം ഇന്നത്തെ നമ്മുടെ സാമ്പത്തിക അവസ്ഥയിൽ ഒരു ചെറിയ ഫാക്ടറിക്കുപോലും വേണ്ടിവരുന്ന ലാൻഡ്, ബിൽഡിംഗ്, മെഷീനറി, പ്രവർത്തന മൂലധനം എന്നിവ കൂട്ടുകയാണെങ്കിൽ ഇത് 5 കോടി രൂപയിലധികം വരും. അതിനെ 10 കോടി രൂപയാക്കി ഉയർത്തണമെന്നുള്ളതാണ് എന്റെ നിർദ്ദേശം. അതിനുമുകളിലുള്ളത് മാത്രം സംസ്ഥാന കമ്മിറ്റിയിലേയ്ക്ക് അയച്ചാൽ കുറേപ്പേരുടെ പ്രശ്നം പ്രാദേശിക കമ്മിറ്റിയിൽ പരിഹരിക്കാൻ കഴിയും. വൻനിക്ഷേപമുള്ള വ്യവസായങ്ങളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കാൻ കഴിയുന്ന തരത്തിലുള്ളതായിരിക്കണം നമ്മുടെ കാഴ്ചപ്പാട്. എന്നാൽ കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും ഭരണകാലത്ത് വെറും മൂന്ന് സംരംഭകർ മാത്രമാണ് 100 കോടിയിലധികം രൂപ സംസ്ഥാനത്ത് നിക്ഷേപിക്കാൻ ധൈര്യപ്പെട്ടിട്ടുള്ളത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ടി.വി. ഇബ്രാഹിം)

ഞാൻ കഴിഞ്ഞ സെഷനിൽ ചോദിച്ച ഒരു ചോദ്യത്തിന് അങ്ങ് നൽകിയ മറുപടിയാണിത്. പക്ഷെ എന്തുകൊണ്ടാണ് ഇത്രയും തുക മുടക്കിയുള്ള സംരംഭങ്ങൾ സംസ്ഥാനത്ത് വരുന്നില്ലായെന്നത് നമ്മൾ കൃത്യമായി പഠിക്കണം. ഇപ്പോഴും കോവിഡിനെയാണ് പഴിക്കുന്നത്. കോവിഡിൽനിന്നും നമ്മൾ രക്ഷപ്പെട്ടിട്ടില്ല. ഇന്ന് രാവിലെ മുതൽ ഡ്രഗ്സിനെപ്പറ്റിയും അതുപോലെതന്നെ വേസ്റ്റ് മാനേജ്മെന്റിനെപ്പറ്റിയുമൊക്കെ വളരെ കാര്യമായി സംസാരിച്ചു. എല്ലാവരും ഒരുമിച്ചുനിന്ന് പരിഹരിക്കണമെന്നാണ് പറയുന്നത്. നമ്മുടെ വ്യവസായത്തിന്റെ കാര്യത്തിലും ഇതേ രീതിയിലുള്ള ഒരു പരിഹാരം കാണണം. നമ്മളെല്ലാവരും

ഒരുമിച്ചുനിന്നെങ്കിൽ മാത്രമേ കേരളത്തിലേയ്ക്ക് ഇതുപോലെയുള്ള ഫാക്ടറികൾ വരികയുള്ളൂ. കഴിഞ്ഞ യു.ഡി.എഫ്.-ന്റെ കാലത്ത് 'എമർജിംഗ് കേരള' മുതൽ 'വിമിഷൻ -2015' വരെ നാല് പദ്ധതികൾ ആരംഭിച്ചിരുന്നു. യഥാർത്ഥത്തിൽ കേരളത്തിൽ അതുവരെ കാണാത്ത ഒരു ചുവടുവയ്പ്പായിരുന്നു അത്. അതിനുശേഷം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2020-ൽ ആ മാതൃകയിൽ 'അസെൻഡ് കേരള' എന്ന പേരിൽ ഒരു ആഗോള നിക്ഷേപസംഗമം കൊച്ചിയിൽ സംഘടിപ്പിച്ചിരുന്നു. ഒരു ലക്ഷത്തി മുന്നൂറ്റി അൻപത്തിയഞ്ച് കോടി നിക്ഷേപമുണ്ടാകുമെന്നാണ് അന്ന് പറഞ്ഞത്. എന്നാൽ അന്ന് ധാരണാപത്രം ഒപ്പുവച്ച, നൂറ് കോടി രൂപയിലധികം നിക്ഷേപിക്കുമെന്ന് പറഞ്ഞ മുപ്പതോളം സംരംഭങ്ങൾ വിവിധ കാരണങ്ങളാൽ പദ്ധതി ഉപേക്ഷിക്കുകയോ നിർത്തിവയ്ക്കുകയോ ചെയ്തു. ഇവിടെയെല്ലാം തകരാറിലാണെന്ന് പറയുന്നവരോട് കാണിക്കാൻ പറ്റിയ വൻവ്യവസായങ്ങൾ ഇനിയെങ്കിലുമുണ്ടാകണം. ഇവിടെ 35 ശതമാനം യുവാക്കളും 55 ശതമാനം സ്ത്രീകളും തൊഴിൽ രഹിതരാണ്. ഇവർക്കെല്ലാം തൊഴിൽ നൽകാൻ സർക്കാരിന് കഴിയില്ലെങ്കിലും അവരെ സംരംഭകരാക്കാനും പ്രോത്സാഹിപ്പിക്കാനും നമുക്ക് കഴിയണം.

ഈ ബില്ലിൽ മൂന്നാം വകുപ്പ് പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കുന്ന 13(എഫ്) വകുപ്പനുസരിച്ച് ന്യായമായ കാരണം കൂടാതെ വീഴ്ച വരുത്തുകയോ കാലതാമസം വരുത്തുകയോ ചെയ്യുന്ന ഉദ്യോഗസ്ഥന് ഓരോ ദിവസത്തെയും കാലതാമസത്തിന് 250 രൂപ നിരക്കിൽ പരമാവധി 10,000 രൂപ വരെ പിഴയും വകുപ്പുതല നടപടിയുമാണ് പറയുന്നത്. 1999-ൽ ഒറിജിനൽ ബില്ലിന്റെ നിയമ നിർമ്മാണവേളയിൽ പല മെമ്പർമാരും പറഞ്ഞ ഒരു കാര്യം, മനഃപൂർവ്വമായ വീഴ്ച കാരണം ഒരു വ്യവസായിക്ക് കോടിക്കണക്കിന് രൂപ നഷ്ടമാകാനിടയുണ്ടെന്നും അതുകൊണ്ട് ഈ നഷ്ടം ഇത്തരം ഉദാസീനരായ ഉദ്യോഗസ്ഥരിൽനിന്നും മുഴുവനും ഈടാക്കണമെന്നുമാണ്. പലപ്പോഴും പണത്തിനുവേണ്ടി അല്ലെങ്കിൽ എതിരാളികൾക്കുവേണ്ടി കൽപ്പിച്ചുകൂട്ടിയായിരിക്കും അവർ ഇതൊക്കെ ചെയ്യുന്നത്. യഥാർത്ഥത്തിൽ ഇത്തരത്തിലുള്ള നഷ്ടം തിട്ടപ്പെടുത്തി അതിന്റെ നല്ലൊരു അംശമെങ്കിലും ഈടാക്കുമെന്ന വ്യവസ്ഥയുൾപ്പെടുത്തിയാൽ നിയമം കുറച്ചുകൂടി കർശനമാകും, കാര്യങ്ങൾ നല്ല രീതിയിൽ നടക്കും. ഉദ്യോഗസ്ഥർ ചെയ്യുന്ന വീഴ്ചയുടെ ഗ്രാവിറ്റി നോക്കിയാൽ, പതിനായിരം രൂപ പിഴയെന്നത് ഇന്നത്തെ കാലത്ത് ഒന്നുമല്ല. അതുപോലെ ജില്ലാ പരാതി പരിഹാര കമ്മിറ്റിയിൽ സമയപരിധിക്കകം തീർപ്പാകാത്ത അപേക്ഷകൾ സംസ്ഥാന പരാതി പരിഹാര കമ്മിറ്റിക്ക് അയച്ചുകൊടുക്കണമെന്ന് മൂന്നാം വകുപ്പിലെ 13(ബി)(4)-ൽ പറയുന്നുണ്ട്. ഇത്തരത്തിലുള്ള അപേക്ഷകൾ സംസ്ഥാന പരാതി പരിഹാര കമ്മിറ്റിയിലേയ്ക്ക്

എത്ര സമയപരിധിക്കുള്ളിൽ അയയ്ക്കണമെന്നുകൂടി പറയണം. അവിടെയും താമസമുണ്ടാകുന്നില്ലെന്ന് ഉറപ്പിച്ചുപറയാൻ കഴിയില്ല. കളക്ടറേറ്റിലും താമസമുണ്ടാകും. അതുപോലെ കമ്മിറ്റിയിലെ അംഗങ്ങളിൽ ആരെങ്കിലും ഒരാൾ ഹാജരായില്ലെങ്കിൽ പരാതി തീർപ്പാക്കുന്ന നടപടിക്രമത്തെക്കുറിച്ചോ ക്വാറം ആവശ്യമാണെന്നതിനെ സംബന്ധിച്ചോ ഒന്നും പറഞ്ഞിട്ടില്ല. ഇതിനൊക്കെ നിയമത്തിൽ വ്യക്തത വേണം.

വ്യവസായ സൗഹൃദമാണ് നമ്മുടെ ലക്ഷ്യമെന്ന് പറയുമ്പോഴും അതിൽ യാതൊരു ആത്മാർത്ഥതയുമില്ലെന്നത് നമ്മുടെ വൈദ്യുതി നിരക്ക് വർദ്ധനയുടെ കാര്യം മാത്രം പരിശോധിച്ചാൽ മനസ്സിലാകും. കോവിഡ് കാരണം തകർച്ചയിലും മാന്ദ്യത്തിലുമുള്ള വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ അവർക്കാവശ്യമായ ഇളവുകൾ നൽകുകയെന്നതാണ് ഏതൊരു സർക്കാരും ചെയ്യുന്നത്. അയ്യായിരത്തോളം കടകളും ചെറുകിട ഫാക്ടറികളുമാണ് പ്രളയം, കോവിഡ് എന്നീ കാരണങ്ങളാൽ പൂട്ടിപ്പോയത്. പുതുക്കിയ വൈദ്യുതി നിരക്ക് വ്യവസായ വാണിജ്യ മേഖലയ്ക്ക് താങ്ങാൻ കഴിയുന്നതിലും അധികമാണ്. 6.5 ശതമാനം മുതൽ 11 ശതമാനം വരെയാണ് വൈദ്യുതി നിരക്ക് വർദ്ധന. സംസ്ഥാനത്ത് ഏറ്റവും ലാഭത്തിൽ പ്രവർത്തിക്കുന്ന കെ.എം.എം.എൽ.(കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്) പോലും നിരക്ക് വർദ്ധനയ്ക്കെതിരെ സർക്കാരിനെ സമീപിച്ചിരിക്കുകയാണെന്നാണ് ആളുകൾ പറയുന്നത്. അങ്ങനെയുള്ളപ്പോൾ കടമെടുത്ത് സംരംഭം തുടങ്ങിയ സാധാരണക്കാരുടെ കാര്യം പറയാനുണ്ടോ?

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, അങ്ങ് പറഞ്ഞതുപോലെ വളരെ പ്രധാനപ്പെട്ടൊരു കാര്യം, ഇപ്പോൾ Micro, Small & Medium Enterprises (MSME)-കളുടെ പ്രോത്സാഹനത്തിനുവേണ്ടി പല നടപടികളെക്കുറിച്ചും ആലോചിക്കുകയും സർക്കാർ മുന്നോട്ടുവരികയും ചെയ്യുന്നുണ്ട്. പക്ഷെ ഇതിൽ ഏറ്റവും ഗുരുതരമായ കാര്യമാണ് അങ്ങിപ്പോൾ പറഞ്ഞത്. പുതിയ വ്യവസായങ്ങൾ വരുമ്പോൾ അതിന് ഏറ്റവും വലിയ ഭീഷണിയായി നിൽക്കുന്ന ഘടകങ്ങളിലൊന്ന് വൈദ്യുതി ചാർജ്ജാണ്. പ്രൊഡക്ഷൻ മേഖലയിൽ പുതിയ സംരംഭങ്ങൾ വരണമെന്ന് ആഗ്രഹിക്കുകയും അതിനുവേണ്ടി ശ്രമിക്കുകയും ചെയ്യുമ്പോൾ വൈദ്യുതി ബില്ലിന്റെ ആഘാതം കാരണം പല കമ്പനികളും പൂട്ടിപ്പോകുന്ന സാഹചര്യമുണ്ട്. ഇത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, അതാണ് ഞാൻ ഇപ്പോൾ വിശദീകരിച്ചത്. സ്വാഭാവികമായും വൈദ്യുതി ചാർജ്ജ് വളരെ കൂടുതലാണ്. നമ്മുടെ നാട്ടിൽ അത് കൂടിക്കൂടി വരുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, വൈദ്യുതി നിരക്ക് തീരുമാനിക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാരിന് വലിയ പങ്കില്ലെന്നും റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശമാണ് പാലിക്കപ്പെടുന്നതെന്നുള്ളതും അങ്ങേയ്ക്ക് അറിയാവുന്നതല്ലേ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അതിൽ ഒരു സംശയവുമില്ല. അതിന് നമ്മൾ സബ്സിഡി കൊടുക്കണം. അതല്ലേ മറ്റ് സംസ്ഥാനങ്ങളൊക്കെ ചെയ്യുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ ഇലക്ട്രിസിറ്റി ചാർജ്ജ് വളരെ കുറവും കേരളത്തിൽ വളരെ കൂടുതലുമാകുന്നതെന്തുകൊണ്ടാണ്? നമ്മൾ വ്യവസായത്തെ സീരിയസ്സായി കാണണം. എല്ലാവരും ഒരുമിച്ചുനിന്നെങ്കിൽ മാത്രമേ ഇത് രക്ഷപ്പെടുകയുള്ളൂ. വ്യവസായമില്ലെങ്കിൽ ഇന്നല്ലെങ്കിൽ നാളെ നമ്മുടെ നാട് നശിക്കാൻ പോകുകയാണെന്ന് മനസ്സിലാക്കണം. രാജ്യത്തെ ജി.ഡി.പി.(Gross Domestic Product)-യുടെ 17 ശതമാനം വ്യവസായ മേഖലയിൽനിന്ന് ലഭിക്കുമ്പോൾ നമുക്ക് ഈ മേഖലയിൽനിന്ന് കേവലം 11 ശതമാനം മാത്രമാണ് ലഭിക്കുന്നത്. വ്യവസായ പുരോഗതിക്ക് തടസ്സം നിൽക്കുന്ന ഇത്തരത്തിലുള്ള നടപടികളാണ് ഇതിന് പ്രധാന കാരണമെന്നത് വ്യക്തമാണ്. പല അന്യസംസ്ഥാനങ്ങളും എല്ലാ അനുകൂല സാഹചര്യങ്ങളും സൃഷ്ടിച്ചുകൊടുക്കുമ്പോൾ നമ്മൾ നിലവിലുള്ള നിരക്കുകൾപോലും ഭീമമായി വർദ്ധിപ്പിച്ചാൽ പിന്നെ എങ്ങനെയാണ് വ്യവസായം വരിക; സംരംഭകർ എന്ത് വിശ്വസിച്ചാണ് ഇവിടെ നിക്ഷേപിക്കുക?ഐ.ടി. വ്യവസായത്തിൽ നമുക്കുണ്ടായിരുന്ന മേൽകൈയുണ്ടല്ലോ, അതിങ്ങനെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയല്ലേ. നമ്മുടെ പ്രൊഫഷണലുകളെല്ലാം അന്യസംസ്ഥാനത്തേയ്ക്കും വിദേശത്തേയ്ക്കും ചേക്കേറി. ഈ വർഷത്തെ പ്ലസ് ടു പരീക്ഷയിൽ ജയിച്ച 20 ശതമാനത്തിലധികം വരുന്ന വിദ്യാർത്ഥികൾ ഹയർ സ്റ്റഡീസിനുവേണ്ടി അന്യസംസ്ഥാനങ്ങളിലേയ്ക്കും വിദേശത്തേയ്ക്കുമാണ് പോയത്. അവരൊക്കെ അവിടെ ജോലി കണ്ടെത്തി അവിടെത്തന്നെ സ്ഥിരതാമസമാക്കുകയുമാണ്. കേരളത്തിലേയ്ക്ക് മടങ്ങി വരുമെന്നതിൽ യാതൊരു ഉറപ്പുമില്ല. അവർ ചെറുപ്പത്തിലേ പോകുകയാണ്, പഴയതുപോലെ ഗൾഫിലേയ്ക്കല്ല, യൂറോപ്പിലേയ്ക്കാണ് പോകുന്നത്. പോയവരൊന്നും തിരിച്ചുവരാൻ പോകുന്നില്ല. നമുക്ക് ഇവിടെ 'brain drain' ഉണ്ടാകാൻ പോകുകയാണ്. വെള്ളമെല്ലാം ഒഴുകി പോയതിനുശേഷം അണ കെട്ടിയിട്ട് കാര്യമുണ്ടോ? നോക്കുകൂലിയും പണിമുടക്കുമെല്ലാം ഏതെങ്കിലും പേരിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. കഠിനാദ്ധ്വാനത്തിലൂടെ സമ്പാദിച്ചതും വായ്പയെടുത്തതുമെല്ലാം ചേർത്ത് എന്തെങ്കിലും തുടങ്ങിയാൽ അയാളെ ബൂർഷ്വാ ആയി ചിത്രീകരിച്ച് പീഡിപ്പിക്കുന്നതിൽ ഇന്നും യാതൊരുവിധ മാറ്റവും വന്നിട്ടില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നോക്കുകൂലിക്ക് ചെറിയൊരു ശമനമുണ്ടായിരുന്നു. അത് സത്യമാണ്. എന്നാൽ കോവിഡ് കഴിഞ്ഞതിനുശേഷം വീണ്ടും അത് പൂർവ്വാധികം ശക്തിയോടെ സടകുടഞ്ഞെഴുന്നേറ്റിട്ടുണ്ട്. അന്ന് പറ്റിയ നഷ്ടം ഇപ്പോൾ കുറച്ചുമാസം കൊണ്ട് പിരിച്ചെടുക്കണമെന്നുള്ള വാശിയിലാണ് അവരൊക്കെ. ഈ വർഷം സംരംഭക വർഷമായി പ്രഖ്യാപിച്ചിരിക്കുന്നത് നല്ല കാര്യമാണ്. വലിയ

മുന്നൊരുക്കത്തോടുകൂടി തന്നെയാണ് 'സംരംഭക വർഷം' അങ്ങ് പ്രഖ്യാപിച്ചിരിക്കുന്നത്. മന്ത്രിയുടെ വിശദീകരണവും ആശാവഹമാണ്. സുതാര്യവും ശക്തവുമായ ഒരു നിയമം വളരെ സ്വാഗതാർഹമാണ്. എന്നാൽ ഉദ്യോഗസ്ഥരുടെയും തൊഴിലാളി സംഘടനാ നേതാക്കളുടെയും മനോഭാവത്തിൽ മാറ്റം കൊണ്ടുവരാൻ കഴിയാതെ എന്ത് പ്രഖ്യാപനം നടത്തിയാലും അത് പ്രഖ്യാപനമായിത്തന്നെ തുടരും. എന്നും ഉപഭോക്തൃ സംസ്ഥാനമായിത്തന്നെ നിന്നാൽ നമ്മുടെ സംസ്ഥാനത്തിന്റെ ഭാവി ഇരുട്ടിലാകും. വ്യവസായ മേഖലയിലെ കുതിപ്പിലൂടെ മാത്രമേ നമുക്ക് മാറ്റം കൊണ്ടുവരാനാകുകയുള്ളൂ. അതിന് സർക്കാർ പ്രതിജ്ഞാബദ്ധമാകണം എന്നാണ് എനിക്ക് പറയാനുള്ളത്.

ഇതിന്റെ മൂലനിയമം പാസ്സാക്കിയത് 2018 ഏപ്രിൽ 7-നാണ്. ബഹുമാനപ്പെട്ട ഗവർണർ പാസ്സാക്കിയത് 11 മാസങ്ങൾക്ക് മുമ്പ് മാത്രമാണ്. ഇതുവരെയും ഓൺലൈൻ സിംഗിൾ വിൻഡോ സംവിധാനം നിലവിൽ വന്നിട്ടില്ല. എല്ലാ രേഖകളും ഹാജരാക്കിയാൽ 30 ദിവസത്തിനകം പദ്ധതിക്ക് അംഗീകാരം നൽകണമെന്നാണ് അതിലുള്ളത്, ഇല്ലെങ്കിൽ അനുമതി ലഭിച്ചതായി കണക്കാക്കണമെന്നാണ് വ്യവസ്ഥയെങ്കിലും ഇതുവരെയും നടപ്പിലാക്കിയിട്ടില്ല. ടി വ്യവസ്ഥ നടപ്പാക്കുന്നതോടൊപ്പം ലൈസൻസ് പുതുക്കലിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> സർ, 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബില്ലും 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബില്ലും ക്ലബ്ബ് ചെയ്തിരിക്കുകയാണ്. ഇതിനകത്ത് റിക്രൂട്ട്മെന്റ് ബോർഡ് ബില്ലിനെ സംബന്ധിച്ച് ആദ്യംതന്നെ ഒരു അഭിപ്രായം പറയാം. വ്യവസായ വകുപ്പുമന്ത്രിയായ അങ്ങ് വിദ്യാർത്ഥി യുവജന പ്രസ്ഥാനത്തിൽക്കൂടിയാണ് രാഷ്ട്രീയത്തിലേയ്ക്ക് കടന്നുവന്നത്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 34 പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. നിയമസഭയിൽ സർവ്വശ്രീ ഷാഫി പറമ്പിൽ, കെ. ബാബു (തൃപ്പൂണിത്തുറ), സജീവ് ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ തുടങ്ങിയ അംഗങ്ങൾക്ക് അങ്ങ് നൽകിയ മറുപടിയിൽത്തന്നെ ഇത് പി.എസ്.സി.-ക്ക് കൊടുക്കുന്നത് സംബന്ധിച്ചുള്ള ചോദ്യത്തിന്റെ ഒടുവിൽ, ഇക്കാര്യത്തിൽ പി.എസ്.സി.-യുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോയെന്ന ചോദ്യത്തിന് 'ഇല്ല' എന്നാണ് മറുപടി പറഞ്ഞത്. 34 പൊതുമേഖലാ സ്ഥാപനങ്ങളിൽ പി.എസ്.സി. വഴി നിയമനം നടക്കുമ്പോൾ, ഇതിന്റെ ഉദ്ദേശ്യകാരണങ്ങളിൽ പറയുന്ന പ്രകാരമുള്ള സുതാര്യതയും ഏകോപനവും

നിയമനത്തിലുണ്ടാകണമെങ്കിൽ അതിന് പബ്ലിക് സർവ്വീസ് കമ്മീഷനല്ലേ കൂടുതൽ സുതാര്യമായ സംവിധാനമായി പരിഗണിക്കാൻ കഴിയുന്നത്.

3.00P.M.]

പി.എസ്.സി. വഴി നടത്തുന്ന നിയമനങ്ങളുടെ എണ്ണം കുറഞ്ഞുവരികയാണെന്നുള്ളത് ഞങ്ങൾ പലപ്പോഴും പറഞ്ഞിട്ടുള്ള കാര്യമാണ്. അതിൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുന്നതുമായി ബന്ധപ്പെട്ട ഉദ്യോഗാർത്ഥികളുടെ പ്രശ്നങ്ങളുമുണ്ട്. സമരങ്ങളുണ്ടാകാതിരിക്കാൻ ഷോർട്ട് ലിസ്റ്റ് തയ്യാറാക്കുമ്പോൾ വളരെ കുറച്ച് ഉദ്യോഗാർത്ഥികളുടെ മാത്രം പേരുകൾ ഉൾപ്പെടുത്തിക്കൊണ്ട് പ്രസിദ്ധീകരിക്കാനുള്ള പുതിയ നിർദ്ദേശമാണ് പി.എസ്.സി.-ക്ക് നൽകിയിരിക്കുന്നത്. തസ്തികകൾ വെട്ടിക്കുറയ്ക്കുകയും പിൻവാതിൽ നിയമനങ്ങൾ കൂടുതൽ സജീവമാക്കുകയും ചെയ്യുന്നു. അങ്ങനെ സംവരണതത്വങ്ങളെല്ലാം അവിടെ ലംഘിക്കപ്പെടുകയാണ്. പാർട്ടിയുടെ ഇഷ്ടപ്പെട്ടവർക്ക് സർക്കാരിന്റെ പൊതുഖജനാവിലെ പണമെടുത്ത് ശമ്പളം നൽകി പാർട്ടിയെ വളർത്തുന്ന സമ്പ്രദായം ആദ്യ പിണറായി സർക്കാരിന്റെ കാലത്തുതന്നെ തുടങ്ങിയതാണ്. തുടർ ഭരണവുംകൂടി ആയതിനാൽ അതിപ്പോൾ ആധികാരികമായി കേരളത്തിൽ നടപ്പാക്കുകയാണ്. ഇതുമൂലം ഉദ്യോഗാർത്ഥികൾ കടുത്ത നിരാശയിലും ആശങ്കയിലുമാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പി.എസ്.സി.-ക്ക് വിട്ട കേരളത്തിലെ സർവ്വകലാശാല നിയമനങ്ങളിൽപ്പോലും നടപടിക്രമങ്ങൾ പൂർത്തിയാക്കി നിയമനം നടത്തുന്നതിൽ ഈ സർക്കാർ യാതൊരു താൽപ്പര്യവും കാണിക്കുന്നില്ല. ഇത് സുതാര്യമായി നടക്കണമെന്നുള്ള ഉദ്ദേശ്യമാണ് നിങ്ങൾക്കുള്ളതെങ്കിൽ, എന്തുകൊണ്ടാണ് റിക്രൂട്ട്മെന്റ് ബോർഡ് സംവിധാനത്തിനുപകരം പി.എസ്.സി.വഴി നിയമനങ്ങൾ നടത്തുന്ന സമീപനം സ്വീകരിക്കാൻ തയ്യാറാകാത്തതെന്ന് സർക്കാരിനോട് ഞാൻ ചോദിക്കുകയാണ്. ഇപ്പോൾ വ്യവസായ മേഖലയും ചെറുകിട വ്യാപാര മേഖലയുമാകെ പ്രതിസന്ധിയിലാണ്. ദുരൂഹമായ നോട്ടുനിരോധനമാണ് നരേന്ദ്ര മോദി സർക്കാർ നടപ്പാക്കിയത്. നോട്ട് നിരോധനം നടപ്പാക്കിയതിന്റെ യഥാർത്ഥ കാരണമെന്താണെന്ന് ഇപ്പോഴും ആർക്കുമറിയില്ല. അതിന്റെ ദുരിതം വിവിധ മേഖലയിലുള്ളവർ ഇന്നും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. നോട്ട് നിരോധനം കഴിഞ്ഞയുടനെ യാതൊരുവിധ മുന്നൊരുക്കങ്ങളുമില്ലാതെയാണ് ജി.എസ്.ടി. നടപ്പാക്കാൻ തീരുമാനിച്ചത്. ഒരു പരസ്യത്തിൽ പറയുന്നതുപോലെ, ജി.എസ്.ടി.-യെക്കുറിച്ച് പറയുമ്പോൾ 'സന്തോഷംകൊണ്ടെനിക്ക് ഇരിക്കാൻ മേലേ,

ഞാനിപ്പോൾ മാനത്ത് വലിഞ്ഞുകയറും', എന്ന രൂപത്തിലുള്ള ആഹ്ലാദ പ്രകടനമായിരുന്നു അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന് ഉണ്ടായിരുന്നത്. ജി.എസ്.ടി വരുന്നതോടുകൂടി കേരളത്തിലെ സമ്പദ്‌വ്യവസ്ഥയ്ക്കാകമാനം പുതിയ ഉണർവ്വുണ്ടാകും. ഒരു ഉപഭോക്തൃ സംസ്ഥാനമായതിന്റെ മുഴുവൻ ആനുകൂല്യങ്ങളും കേരളത്തിന് ലഭിക്കാൻ പോകുകയാണ് എന്നൊക്കെയായിരുന്നു അന്ന് പറഞ്ഞത്. ബി.ജെ.പി. ഭരണമില്ലാത്ത പശ്ചിമ ബംഗാൾ, ഒറീസ, തെലങ്കാന, തമിഴ്‌നാട്, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളൊന്നും ജി.എസ്.ടി. ഉദ്ഘാടനം നടത്താൻ തീരുമാനിച്ചില്ല. ബഹുമാനപ്പെട്ട നരേന്ദ്ര മോദി പ്രഖ്യാപിച്ച, ജി.എസ്.ടി. സംവിധാനം ഉദ്ഘാടനം നടത്തിയ ഒരു സംസ്ഥാനമാണ് കേരളം. അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഇന്ന് സഭയിലില്ല. നോട്ടുനിരോധനവും ജി.എസ്.ടി.-യും നിലവിൽവന്നതിനുശേഷം 2018-ലെ പ്രളയം കേരളത്തെ ഭീകരമായി ബാധിച്ചു. അതുമായി ബന്ധപ്പെട്ട് ഒരു രൂപയുടെ നഷ്ടപരിഹാരംപോലും വ്യാപാരികൾക്ക് സർക്കാർ ഇതുവരെ നൽകിയിട്ടില്ല. 2018-ലെയും 2019-ലെയും പ്രളയം ഓണത്തിന് തൊട്ടുമുമ്പാണുണ്ടായത്. കഴിഞ്ഞദിവസം റാന്നിയിൽ ശ്രീ. പ്രമോദ് നാരായണിന്റെ മണ്ഡലത്തിലെ ചുങ്കപ്പാറയിലും വ്യാപാര സ്ഥാപനങ്ങളിലുമെല്ലാം വെള്ളംകയറി. ഓണത്തോടനുബന്ധിച്ച് ശേഖരിച്ച സ്റ്റോക്കുകളെല്ലാം നശിച്ച സംഭവം നാമെല്ലാം അറിഞ്ഞതാണ്. രണ്ട് പ്രളയംകാരണം വ്യാപാര-വ്യവസായ സ്ഥാപനങ്ങളെല്ലാം വലിയ പ്രതിസന്ധിയിൽ നിൽക്കുമ്പോഴാണ് കോവിഡ് മഹാമാരി വരുന്നത്. അതിന്റേതായ നിയന്ത്രണങ്ങളിൽ സാമൂഹ്യജീവിതമാകെ സ്തംഭിച്ച അവസ്ഥ വ്യവസായങ്ങളെയും ബാധിച്ചിട്ടുണ്ട്. ഗവൺമെന്റ് എന്താണ് ഇവിടെ ചെയ്തത്; വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചു. വൈദ്യുതി ചാർജ്ജ് വർദ്ധന വലിയതോതിൽ ബാധിക്കുന്നത് വ്യവസായ മേഖലയെയാണ്. ഈ പ്രതിസന്ധിയിൽ ഒരു കൈത്താങ്ങ് കൊടുക്കുന്നതിനുപകരം വൈദ്യുതി ചാർജ്ജ് വർദ്ധനപോലെയുള്ള തീരുമാനങ്ങളെടുത്ത് പ്രതിസന്ധിയിലായ വ്യവസായ മേഖലയെ കൂടുതൽ പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കോവിഡ്കാലത്ത് വിവിധ ഏജൻസികളുടെ പഠനത്തിന്റെയടിസ്ഥാനത്തിൽ സർക്കാരിന്റെ കണക്കുകൾപ്രകാരം 2020 ജൂലൈ മാസത്തിനുശേഷം 202 ചെറുകിട-ഇടത്തരം വ്യവസായങ്ങളാണ് കേരളത്തിൽ അടച്ചുപൂട്ടിയത്. അതുവഴി ആയിരത്തോളം ആളുകൾക്ക് തൊഴിൽ നഷ്ടവുമുണ്ടായിട്ടുണ്ട്. 2020 മാർച്ച് 24-ാം തീയതിയാണ് ആദ്യത്തെ

ലോക്ക്ഡൗൺ പ്രഖ്യാപിച്ചത്. ശ്രീ. മഞ്ഞളാംകുഴി അലി പറഞ്ഞ കാര്യങ്ങൾ സമയക്കുറവുമൂലം ഞാനിവിടെ ആവർത്തിക്കുന്നില്ല. വ്യവസായമേഖലയുമായി ബന്ധപ്പെട്ട ബില്ലിന്മേലുള്ള ചർച്ച നടക്കുന്നതുകൊണ്ട് ഒരു കാര്യംകൂടി പറയുകയാണ്. സ്വിറ്റ്സർലാൻഡിലെ ദാവോസിലെ വേൾഡ് ഇക്കണോമിക് ഫോറത്തിൽ നമ്മുടെ സംസ്ഥാനം പങ്കെടുത്തിട്ടില്ലെന്നതും തെലങ്കാനയുൾപ്പെടെ തെക്കേ ഇന്ത്യയിൽനിന്നും പങ്കെടുത്ത സംസ്ഥാനങ്ങൾക്ക് വലിയ നിക്ഷേപങ്ങൾ ലഭ്യമായ കാര്യത്തെ സംബന്ധിച്ചും വാർത്തകൾ വന്നിട്ടുണ്ട്. നിയമസഭയിലെ ചോദ്യങ്ങളെ സംബന്ധിച്ച് കഴിഞ്ഞ ദിവസം ശ്രീ. എ. പി. അനിൽ കുമാർ സ്പീക്കർക്ക് നൽകിയ ഒരു കത്ത് ഇവിടെയും പ്രസക്തമാണ്. 'സ്വിറ്റ്സർലാൻഡിലെ ദാവോസിലെ വേൾഡ് ഇക്കണോമിക് കോൺഫറൻസിൽ കേരളത്തിന് ക്ഷണം ലഭിച്ചിരുന്നോ' എന്ന ചോദ്യത്തിന്, മറുപടിയായി പറയുന്നത്, 'കേരളത്തിന് ഔദ്യോഗികക്ഷണം ലഭിച്ചിട്ടില്ല. അന്തർദ്ദേശീയ വ്യാവസായിക എക്സിബിഷനുകൾ, കോൺഫറൻസുകൾ എന്നിവയിൽ ഔദ്യോഗികക്ഷണം ലഭിക്കുന്നമുറയ്ക്ക് കേന്ദ്ര സർക്കാരിന്റെ അനുമതിക്ക് വിധേയമായി മാത്രമാണ് സംസ്ഥാനത്തെ പ്രതിനിധികരീച്ച് മുഖ്യമന്ത്രിയോ വകുപ്പുമന്ത്രിമാരോ പങ്കെടുക്കുന്നത് എന്നാണ്. ആ ചോദ്യത്തിന്റെ 'ബി' പിരിവിൽ 'പ്രസ്തുത കോൺഫറൻസിൽ പങ്കെടുക്കാനുള്ള താൽപ്പര്യം കേരളം കേന്ദ്രത്തെ അറിയിച്ചിരുന്നോ' എന്നായിരുന്നു. അതിന് മറുപടി എന്താണ്; 'കേരളത്തിന് ഔദ്യോഗിക ക്ഷണം ലഭിച്ചിട്ടില്ല. അന്തർദ്ദേശീയ വ്യാവസായിക എക്സിബിഷനുകൾ, കോൺഫറൻസുകൾ, എന്നിവയിൽ ഔദ്യോഗിക ക്ഷണം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ..........' എന്നാണ്. അതിന്റെ മൂന്നാമത്തെ പിരിവ് മറ്റൊരു ചോദ്യമാണ് അതിന്റെയും ഉത്തരം ഇതുതന്നെയാണ്. ഇത് എന്താണ്?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, എ, ബി, സി, എന്നീ ചോദ്യങ്ങൾക്ക് ഒരേ ഉത്തരംതന്നെ നൽകിയാൽ നിയമസഭയുടെ സോഫ്റ്റ്വെയറിൽ അത് മൂന്നിനും ഒരേ ഉത്തരമാണ് വരുന്നത് എന്നുള്ളത് ബഹുമാന്യനായ സ്പീക്കർ രാവിലെ സഭയെ അറിയിക്കുകയുണ്ടായി. ആ സമയം അങ്ങ് സഭയിൽ ഉണ്ടായിരുന്നില്ല, അതുകൊണ്ടാണ് ഇത് പറയേണ്ടിവന്നത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, അതിനകത്ത് ഒരു ചോദ്യത്തിന് എ, ബി, സി. എന്നുവരുന്നത് വാദത്തിനുവേണ്ടി അംഗീകരിക്കാം. അത് അല്ലാത്ത ചോദ്യങ്ങൾക്കും സമാന ഉത്തരം വരുമ്പോഴാണ് പ്രശ്നം വരുന്നത്. അത്തരം ഉത്തരങ്ങൾ വരുന്നുണ്ട്. അത് വ്യക്തമായി ബോധ്യപ്പെട്ടതുകൊണ്ടാണ് ചെയർ അത് പരിശോധിക്കണമെന്ന് നിർദ്ദേശം നൽകിയത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ശ്രീ. എ. പി. അനിൽ കുമാറിന്റെ കത്തിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ വിശദീകരണം നൽകിയപ്പോഴും പത്രവാർത്തകളെ സംബന്ധിച്ച് പരാമർശം നടത്തിയപ്പോഴും ഞാൻ സഭയിലുണ്ടായിരുന്നു. പക്ഷേ, എല്ലാ ചോദ്യത്തിനും ഇങ്ങനെ വരുന്നില്ല. 'എ'-ക്കും 'ബി'-ക്കും 'സി'-ക്കും വ്യത്യസ്ത മറുപടി വരുന്ന ചോദ്യങ്ങളും സമാനദിവസങ്ങളിൽ വരുന്നുണ്ട്. ഇവിടെ സോഫ്റ്റ്‌വെയറിന്റെ പ്രശ്നം പറഞ്ഞു, ചില പ്രത്യേക ചോദ്യങ്ങൾ വരുമ്പോൾമാത്രം 'എ'-ക്കും 'ബി'-ക്കും 'സി'-ക്കും ഒരേ ഉത്തരം. അതേസമയം അതേ ദിവസംതന്നെ മറ്റു ചോദ്യങ്ങൾക്ക് 'എ'-ക്കും 'ബി'-ക്കും 'സി'-ക്കും വ്യത്യസ്ത ഉത്തരം. അങ്ങനെയൊരു സോഫ്റ്റ്‌വെയറുണ്ടെങ്കിൽ അതിനെക്കുറിച്ചൊരു പഠനം നടത്തണം.

ഞാൻ ബില്ലിലേയ്ക്ക് തിരിച്ചുവരികയാണ്. വേൾഡ് ഇക്കണോമിക് കോൺഫറൻസിലേയ്ക്ക് തെലങ്കാനയ്ക്ക് ഔദ്യോഗിക ക്ഷണം ലഭിച്ചിട്ടും കേരളത്തിന് ഔദ്യോഗികക്ഷണം ലഭിക്കാതിരുന്നതിന്റെ കാരണമെന്താണ്; അതായത്, തെക്കേ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് പ്രസ്തുത കോൺഫറൻസിൽ പങ്കെടുക്കാനും അവിടെനിന്നും നിക്ഷേപങ്ങൾ സ്വീകരിക്കാനുമുള്ള ക്ഷണം ലഭിക്കുന്നു. നമുക്ക് ലഭിച്ചതുമില്ല. തൃക്കാക്കര ഉപതെരഞ്ഞെടുപ്പ് നടക്കുന്ന സമയത്താണ് ഈ കോൺഫറൻസ് നടന്നത്. സർക്കാരിന്റെ കൂടിയ ശ്രദ്ധ ഉപതെരഞ്ഞെടുപ്പിലേയ്ക്ക് മാറിപ്പോയതാണോ എന്ന സംശയം സ്വാഭാവികമായും ഉയരുന്നുണ്ട്. എന്തായാലും എന്തുകൊണ്ടാണ് മറ്റ് സംസ്ഥാനങ്ങൾക്ക് ലഭിച്ച ഈ ക്ഷണം കേരളത്തിന് ലഭിക്കാതെ പോയതെന്നകാര്യംകൂടി പരിശോധിക്കേണ്ടതാണ്.

പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടതാണ് കേരള പബ്ലിക് എന്റർപ്രൈസസ് റിക്രൂട്ട്മെന്റ് ബോർഡ്. എന്റെ നിയോജകമണ്ഡലത്തിലെ കേരള സിറാമിക്സ് ലിമിറ്റഡ് നല്ലനിലയിൽ പ്രവർത്തിച്ച് മുന്നോട്ടുപോകുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അവിടെ വന്നപ്പോൾ ഞാനും ഒരു നിവേദനം നൽകിയിരുന്നു. അങ്ങ് മുൻകയ്യെടുത്ത് ഒരുപാട് പുതിയ കാര്യങ്ങൾ നടപ്പാക്കുന്നുണ്ട്. അതിലൊന്നാണ് പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉപയോഗമില്ലാതെ കിടക്കുന്ന ലാൻഡിന്റെ യൂട്ടിലൈസേഷനുവേണ്ടി പദ്ധതികളുണ്ടാക്കുമെന്നത്. കേരള സിറാമിക്സ് ലിമിറ്റഡിൽ അത്തരത്തിൽഭൂമിയുണ്ടെന്ന കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. പക്ഷെ, ആ പദ്ധതിയുടെ പരിഗണനയിലേയ്ക്ക് കുണ്ടറയിലെ കേരള സിറാമിക്സ് ലിമിറ്റഡ് വന്നിട്ടില്ല. അത് പരിഗണിക്കണമെന്നുകൂടി ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. മറ്റൊരു വ്യവസായ സ്ഥാപനത്തെക്കുറിച്ചുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. കുണ്ടറയിലെ ALIND (Aluminium Industries Ltd.) എന്ന വ്യവസായ

സ്ഥാപനത്തെക്കുറിച്ച് മുൻപും അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഇതിന്റെ പ്രൊമോട്ടറായി പ്രവർത്തിക്കുന്നത് സൊമാനി ഗ്രൂപ്പാണ്. അവർ പ്രൊഡക്ഷൻ ഉൾപ്പെടെ ഒരു കാര്യവും ചെയ്യുന്നില്ല. മറ്റ് സ്ഥലങ്ങളിൽനിന്നും കൊണ്ടുവരുന്നതിന്റെ അസംബ്ലിംഗ് മാത്രമാണ് നടക്കുന്നത്. കോടാനുകോടി രൂപ മതിപ്പുവിലയുള്ള വസ്തുവും അനുബന്ധ സ്ഥാപനങ്ങളും അവിടെയുണ്ട്. എന്നാൽ ഇപ്പോൾ സർക്കാർ ജപ്തിചെയ്ത സ്ഥലത്തുനിന്നുപോലും അവർ സാധനങ്ങൾ കടത്തുന്നുവെന്ന ആക്ഷേപം വരുന്നുണ്ട്. ജനറേറ്ററുകളും മൂന്നരക്കോടി രൂപ വിലവരുന്ന മെഷീനുകളുമൊക്കെ വിറ്റതായുള്ള പരാതികൾ ട്രേഡ് യൂണിയനുകൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്ന് വിശ്വസിക്കുന്നു. അവിടത്തെ ജനപ്രതിനിധിയെന്ന നിലയിൽ എന്റെ ശ്രദ്ധയിലുംപ്പെടുത്തിയിട്ടുണ്ട്. ആ കമ്പനിയുടെ പുരോഗതിക്കുവേണ്ടി പ്രൊമോട്ടർ യാതൊന്നും ചെയ്യുന്നില്ലെന്ന് മാത്രമല്ല അവിടത്തെ കോടിക്കണക്കിന് രൂപ മതിപ്പുവിലയുള്ള ഉപകരണങ്ങൾ വിൽക്കുന്നുവെന്ന ഗുരുതരമായ പരാതിയാണ് ഉണ്ടായിരിക്കുന്നത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇടപെടണം. ഗവൺമെന്റിന് ഏറ്റെടുക്കാൻ നിയമപരമായ തടസ്സമില്ലെങ്കിൽ, അങ്ങനെ അല്ലെങ്കിൽ പി.പി.പി. മാതൃകയിൽ ചെയ്യണം. ആ നിലയ്ക്ക് ഗവൺമെന്റിന്റെ രാഷ്ട്രീയ തീരുമാനമുണ്ടാകേണ്ടതാണ്. കേരളത്തിലെ ഏറ്റവും പ്രശസ്തമായ ഒരു സ്ഥാപനമായിരുന്നു കുണ്ടറയിലെ ALIND. ഇന്നത് വളരെ പരിതാപകരമായ അവസ്ഥയിലാണ്. നിലവിൽ വളരെക്കുറച്ച് ജീവനക്കാർ മാത്രമാണുള്ളത്. ALIND-ന്റെ പുനരുജ്ജീവനത്തിനുവേണ്ടി അങ്ങയുടെയും വ്യവസായ വകുപ്പിന്റെയും ഭാഗത്തുനിന്നും കൃത്യമായ നിർദ്ദേശങ്ങളും തീരുമാനങ്ങളും ഉണ്ടാകണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ രണ്ട് ബില്ലുകളിന്മേലുള്ള വിയോജനം രേഖപ്പെടുത്തിക്കൊണ്ട് നിർത്തുന്നു.

ശ്രീ. ജോബ് മൈക്കിൾ: സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന '1എ' നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. വ്യവസായമേഖലയുടെ ഉന്നമനത്തിനും സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും ഈ ബിൽ ഉപകരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ ബിൽ അവതരിപ്പിച്ച ബഹുമാനപ്പെട്ട മന്ത്രിയെയും വ്യവസായ വകുപ്പിനെയും ഞാൻ അഭിനന്ദിക്കുകയാണ്. ഈ ബിൽ സഭയിൽ അവതരിപ്പിച്ച വേളയിൽത്തന്നെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറഞ്ഞതുപോലെ വ്യവസായ വകുപ്പിന് സാധാരണഗതിയിൽ വ്യവസായങ്ങളെ സംബന്ധിച്ച് ലൈസൻസ് നൽകാനുള്ള അധികാരം പരിമിതമായി മാത്രമേ ഉണ്ടായിരുന്നുള്ളൂ. പഞ്ചായത്ത്, പൊല്യൂഷൻ

കൺട്രോൾ ബോർഡ്, വൈദ്യുതി, ഹെൽത്ത്, ലേബർ എന്നിങ്ങനെ വിവിധ വകുപ്പുകളെ സംയോജിപ്പിച്ച് ലൈസൻസ് നൽകുന്നതിന് ഈ ബില്ലിലൂടെ വ്യവസ്ഥ ചെയ്യുന്നു. ഈ ബിൽ പാസ്സാക്കുന്നതിലൂടെ നടപടിക്രമങ്ങൾ വേഗത്തിലാക്കാനും അവ ഏകോപിപ്പിക്കാനും നിയമപരമായി സാധിക്കും. വ്യവസായ സ്ഥാപനങ്ങൾക്കാവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും സമയബന്ധിതമായി നൽകുമെന്നും അതിന്റെ ഭാഗമായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ തീർപ്പുകൽപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമെന്നും പറഞ്ഞിട്ടുണ്ട്. അതിനായി ജില്ലാതലത്തിലും സംസ്ഥാന തലത്തിലും കമ്മിറ്റികൾ രൂപീകരിച്ചു. ജില്ലാ തലത്തിൽ കമ്മിറ്റിയുടെ ചെയർമാനായി ജില്ലാ കളക്ടറെയും സംസ്ഥാനതലത്തിൽ വ്യവസായ വകുപ്പ് സെക്രട്ടറിയെയും നിശ്ചയിച്ചു. നിയോജകമണ്ഡലത്തിലെ എം.എൽ.എ.-മാരെ ചെയർമാന്മാരാക്കി താലൂക്കടിസ്ഥാനത്തിലോ നിയോജകമണ്ഡല അടിസ്ഥാനത്തിലോ ഒരു കമ്മിറ്റി രൂപീകരിക്കണം; എങ്കിൽ മാത്രമേ വളരെ ഫലപ്രദമായി നമുക്ക് മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. ഉദ്യോഗസ്ഥർ നൽകേണ്ട പിഴ 250 രൂപ മുതൽ 10,000 രൂപ വരെ എന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. ഇത് വളരെക്കുറവാണ്. നിലവിൽ 250 മുതൽ 10,000 രൂപ വരെയെന്നുള്ളത് 1000 രൂപ മുതൽ 25,000 രൂപ വരെയായി വർദ്ധിപ്പിക്കണം. ഒന്നാം പിണറായി സർക്കാരിന്റെ കാലം മുതൽ പൊതുമേഖലാ സ്ഥാപനങ്ങൾ തിരിച്ചുവരവിന്റെ പാതയിലാണ്. ചെറുകിട വ്യവസായങ്ങളുടെ കണക്ക് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ ലേഖനത്തിൽ പറഞ്ഞത് ഇപ്രകാരമാണ്, 2017-18-ൽ 15468, 2018-19-ൽ 13868, 2019-20-ൽ 13695, 2020-21-ൽ 10540, 2021-22-ൽ 15285. അതുപോലെ നിക്ഷേപവും വളരെയധികം കൂടിയിട്ടുണ്ട്. ആ കാലഘട്ടത്തിൽ രൂപ കോടിയിൽ പറഞ്ഞാൽ 2017-18-ൽ 1249 കോടി രൂപ, 2018-19-ൽ 1321 കോടി രൂപ, 2019-20-ൽ 1338 കോടി രൂപ, 2020-21-ൽ 1221 കോടി രൂപ, 2021-22-ൽ 1535 കോടി രൂപ എന്ന രീതിയിലാണ്. കോട്ടയം ജില്ലയിൽനിന്നുള്ള എം.എൽ.എ. എന്ന രീതിയിൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ കേന്ദ്ര ഗവൺമെന്റ് വിൽക്കാൻ വച്ചിരുന്ന എച്ച്.എൻ.എൽ. (ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്) -ന്റെ കാര്യത്തിൽ വളരെ തന്റേടത്തോടെ, ആ ലേലത്തിൽ പങ്കെടുത്ത് കേരളത്തിലെ ജനങ്ങൾക്കുവേണ്ടി അതേറ്റെടുത്ത ഒരു മന്ത്രിസഭയാണ് ഇന്ന് കേരളം ഭരിക്കുന്നത്. മൂവായിരത്തോളം ആളുകൾക്ക് ജോലി കിട്ടത്തക്ക രീതിയിൽ അവിടെ വ്യവസായം ആരംഭിക്കാനും കുറഞ്ഞത് മൂവായിരം കോടി രൂപ വിറ്റുവരവുള്ള സ്ഥാപനമായി വികസിപ്പിക്കാനുമുള്ള ലക്ഷ്യത്തോടുകൂടിയാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഞാൻ അതിന് വ്യവസായ വകുപ്പുമന്ത്രിയെ

പ്രത്യേകം അഭിനന്ദിക്കുകയാണ്. നമുക്കറിയാം ചരിത്ര നേട്ടവുമായാണ് സംസ്ഥാന പൊതുമേഖലാ സ്ഥാപനം നിലനിൽക്കുന്നത്. '3844.06 കോടി രൂപ വിറ്റുവരവ്, പ്രവർത്തനലാഭത്തിൽ 245.62 ശതമാനം വർദ്ധന' ഇത് 3-4-2022-ന് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് വന്ന പത്രവാർത്തയാണ്. സംസ്ഥാന വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന 41 പൊതുമേഖലാ സ്ഥാപനങ്ങൾ കഴിഞ്ഞ സാമ്പത്തികവർഷം വിറ്റുവരവിലും ലാഭത്തിലും ഏറെ മുന്നിലാണ്. 3884.06 കോടി രൂപയുടെ വിറ്റുവരവ് രേഖപ്പെടുത്തി. 2020-21 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 562.69 കോടി രൂപയുടെ വർദ്ധനയാണുണ്ടായിരിക്കുന്നത്. അതായത് 16.94 ശതമാനം. ഇവിടെ 11 കമ്പനികൾ പത്ത് വർഷത്തെ ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ചു. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് മുതൽ ഇങ്ങോട്ട് വായിച്ചാൽ എല്ലാ കമ്പനികളുടെയും പേര് ഇവിടെ രേഖപ്പെടുത്തിയിട്ടുണ്ട്. കേരളം വ്യവസായ സൗഹൃദ സംസ്ഥാനമല്ല, നിക്ഷേപം നടത്താൻ സാധിക്കില്ല. അങ്ങനെ എന്തെല്ലാം ദുഷ്പ്രചരണങ്ങളാണ് ഇവിടെയുണ്ടായത്. പക്ഷെ, വസ്തുതയെന്താണ്? Business Reforms Action Plan പ്രകാരം കേരളം വ്യവസായ സൗഹൃദ സംസ്ഥാനമാണെന്ന് കേന്ദ്രസർക്കാർ പാർലമെന്റിൽ പ്രഖ്യാപിച്ചിരിക്കുകയാണ്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ റാങ്കിംഗിൽ 2019-ലെ 22-ാം സ്ഥാനത്തുനിന്നും ഇന്ന് 15-ാം സ്ഥാനത്തേയ്ക്ക് നമ്മുടെ സംസ്ഥാനമെത്തിയിരിക്കുകയാണ്. ഇന്ത്യയിൽ മികച്ച നിക്ഷേപ സൗഹൃദ അന്തരീക്ഷം നിലനിൽക്കുന്ന സംസ്ഥാനങ്ങളിലൊന്നായി കേരളം മാറുകയാണ്. സംരംഭക നിക്ഷേപകർ കേരളത്തിലെത്തുകയാണ്. അവരുടെ പ്രശ്നങ്ങൾ പരിഹരിച്ച് സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എല്ലാവിധ പിന്തുണയും സഹായങ്ങളും സർക്കാർ നൽകുകയാണ്. സംരംഭകരുടെ പ്രശ്നങ്ങൾ നേരിട്ടുകേട്ട് നടപടിയെടുക്കുന്നതിനായി മീറ്റ് ദി മിനിസ്റ്റർ പരിപാടി നടപ്പിലാക്കി. ഈ പദ്ധതിയിലൂടെ ആയിരത്തിലധികം പരാതികൾക്ക് തീർപ്പുകല്പിക്കാനായി എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. പ്രമോദ് നാരായൺ: സർ, നമ്മുടെ കാലഘട്ടത്തിലെ എല്ലാ പുതുമയാർന്ന സംരംഭങ്ങളും പിറവിയെടുത്തിട്ടുള്ളത് ക്യാമ്പസുകളിൽനിന്നാണ്. കേരളത്തിൽ ഒരുലക്ഷം സംരംഭങ്ങൾ എന്ന മാതൃകാപരമായ പദ്ധതിയിലൂടെ സംരംഭകത്വത്തെ ഒരു സംസ്കാരമാക്കാൻ ശ്രമിക്കുകയാണ്. ക്യാമ്പസുകളിൽ നിന്നുണ്ടാകുന്ന സംരംഭങ്ങൾ, കഴിഞ്ഞ ദിവസം റാന്നി St.Thomas College-ൽ ചെന്നപ്പോൾ അടച്ചിടപ്പെട്ട കോവിഡ്-19 കാലത്ത് ദിവ്യ എന്ന വിദ്യാർത്ഥിനിയുടെ ഗിഫ്റ്റ് ബോക്സ് എന്ന ആശയം ഒരു സംരംഭമായി മാറിയ ആവേശകരമായ അനുഭവമുണ്ടായി. ഇത്തരം ആശയങ്ങൾ ക്യാമ്പസുകളിൽ

നിന്നുണ്ടാകുമ്പോൾ അവിടെ manufactures, suppliers ഇതിനാവശ്യമായ ബ്രാൻഡിംഗ്, ഫിനാൻഷ്യൽ സപ്പോർട്ട് എല്ലാം ചേർത്തുകൊണ്ട് ഒരു സംരംഭക ആവാസ വ്യവസ്ഥയും ഇൻഡസ്ട്രിയുമായുള്ള ലിങ്കേജും ക്യാമ്പസുകളിൽ നിന്നുതന്നെ സൃഷ്ടിക്കാൻ വ്യവസായ വകുപ്പ് മുൻകയ്യെടുക്കേണ്ടതല്ലേയെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജോബ് മൈക്കിൾ: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ ഒരു വർഷം ഒരു ലക്ഷം സംരംഭം. ഒരു ലക്ഷം ആളുകളെ പുതിയ സംരംഭത്തിൽ കൊണ്ടുവരാൻവേണ്ടി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നടത്തുന്ന ശ്രമങ്ങൾ വർദ്ധിത വീര്യത്തോടെ കേരളത്തിലെ ജനങ്ങളും കുടുംബങ്ങളും ഏറ്റെടുത്തിരിക്കുകയാണ്. ഇവിടെ സംസ്ഥാനം വ്യവസായ സൗഹൃദമാക്കുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് നമുക്കറിയാം. ഏഴ് നിയമങ്ങളും പത്ത് ചട്ടങ്ങളും ഭേദഗതി വരുത്തി വിവിധ വകുപ്പുകളിൽനിന്നുള്ള ലൈസൻസിനുള്ള അനുമതി ലഭിക്കുന്നതിന് ഓൺലൈൻ ഏകജാലക പോർട്ടലായ കെ-സ്വിഫ്റ്റ് ആരംഭിച്ചു. വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈനാക്കുന്നതിനും അവ കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനവുമായി സംയോജിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു. 50 കോടി രൂപ വരെയുള്ള നിക്ഷേപങ്ങൾക്ക് കെ-സ്വിഫ്റ്റ് acknowledgment-ലൂടെ മൂന്ന് വർഷത്തേയ്ക്ക് പ്രവർത്തിക്കാൻ അനുമതി നൽകി. 50 കോടി രൂപയിലധികം മൂലധന നിക്ഷേപമുള്ള വ്യവസായങ്ങൾക്ക് മതിയായ രേഖകൾ സഹിതം അപേക്ഷിച്ചാൽ ഏഴ് ദിവസത്തിനകം ലൈസൻസ് നൽകുന്നതിനുള്ള നിയമം പാസ്സാക്കി. വിവിധ വകുപ്പുകളുടെ ഏകോപനത്തിനുള്ള പരിശോധനകൾ സുഗമമാക്കുന്നതിനായി കെ-സ്വിഫ്റ്റ് സംവിധാനം ആരംഭിച്ചിട്ടുണ്ട്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, കേരളത്തിലെ റബ്ബർ കർഷക മേഖലയ്ക്കാകെ വലിയ പ്രതീക്ഷ നൽകിക്കൊണ്ട് വ്യവസായ വകുപ്പിന്റെ കീഴിൽ കേരള റബ്ബർ ലിമിറ്റഡ് എന്ന കമ്പനി, വാല്യൂ ആഡഡ് റബ്ബർ പ്രോഡക്ട്സ് നിർമ്മിക്കുന്നതിനുവേണ്ടി കർഷകരുടെ സഹകരണത്തോടുകൂടി കോട്ടയം ജില്ലയിൽ പ്രവർത്തനമാരംഭിച്ചിരിക്കുന്നത് കേരളത്തിലെ റബ്ബർ കർഷകർ വളരെ പ്രതീക്ഷയോടെയാണ് നോക്കിക്കാണുന്നതെന്നും അത് വ്യവസായ വകുപ്പിന്റെ ഭാഗത്തുനിന്നും റബ്ബർ കർഷകർക്ക് വലിയ ഗുണകരമായ കാര്യമാണെന്നുമുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജോബ് മൈക്കിൾ: സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഞാൻ ആദ്യം തന്നെ സൂചിപ്പിച്ചല്ലോ; വളരെയധികം ആളുകൾക്ക് ജോലി ലഭിക്കത്തക്ക രീതിയിൽ

റബ്ബറധിഷ്ഠിത വ്യവസായം ആരംഭിക്കുവാൻവേണ്ടി കോട്ടയം ജില്ലയിലെ വെള്ളൂർ ന്യൂസ് പ്രിന്റിന്റെ സ്ഥലമേറ്റെടുത്ത് പുതിയ ഫാക്ടറി വരുന്നത് സ്വാഗതാർഹമായ കാര്യമാണ്. വ്യവസായ വകുപ്പ് പുതിയ വ്യവസായ സംരംഭങ്ങൾക്കാവശ്യമായ എല്ലാ വിവരങ്ങളും ലഭ്യമാക്കുന്നതിനായി ഇൻവെസ്റ്റ് കേരള പോർട്ടൽ ആരംഭിക്കുകയും Kerala Micro Small and Medium Enterprises Facilitation Act, 2019 എന്ന നിയമത്തിലൂടെ റെഡ് കാറ്റഗറിയിൽപ്പെടാത്ത 10 കോടി രൂപവരെയുള്ള ഏത് സംരംഭവും ലൈസൻസ് വ്യവസ്ഥകളൊന്നുമില്ലാതെ ആരംഭിക്കുന്നതിനുള്ള അവസരമൊരുക്കുകയും ചെയ്തിട്ടുണ്ട്. നിയമാനുസൃതമായ ലൈസൻസുകളും ക്ലിയറൻസുകളും മൂന്ന് വർഷത്തിലൊരിക്കൽ എടുത്താൽ മതിയാകും. 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിന്റെ ഭേദഗതിയാണ് ഇപ്പോൾ 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബില്ലായി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങൾക്കാവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും വേഗത്തിൽ ലഭിക്കുന്നതിനും വ്യവസായ നഗരപ്രദേശ വികസന അധികാര സ്ഥാപനങ്ങൾ രൂപീകരിക്കുന്നതിനുംവേണ്ടി 1999-ലാണ് ഈ ആക്ട് നിലവിൽവന്നത്. പ്രസ്തുത നിയമത്തിലെ അപാകതകൾ പരിഹരിക്കാൻ വേണ്ടിയാണ് 2022-ലെ ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ചങ്ങനാശ്ശേരി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഭൂമി സംബന്ധിച്ച് കഴിഞ്ഞ 26 വർഷമായുള്ള പ്രശ്നം ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ള കമ്മിറ്റിയുടെ മുമ്പിൽ എത്തിയെങ്കിലും അതിപ്പോഴും പരിഹരിക്കപ്പെട്ടിട്ടില്ല. അത് പരിഹരിക്കാനുള്ള അടിയന്തര നടപടികൂടി അങ്ങ് സ്വീകരിക്കണം. വളരെ മികച്ച പ്രവർത്തനം നടത്തുന്ന വ്യവസായ വകുപ്പിനെ ഈ അവസരത്തിൽ അഭിനന്ദിക്കുന്നു. ദീർഘവീക്ഷണത്തോടെ നല്ല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ നമുക്കെല്ലാവർക്കും ഒരുപോലെ മുന്നോട്ടുപോകാം. നല്ലൊരു വ്യവസായ സംസ്ഥാനമായി കേരള സംസ്ഥാനം മാറിക്കൊണ്ടിരിക്കുകയാണ്. അതിനു വേണ്ടിയുള്ള എല്ലാ സഹകരണവും നൽകി പ്രതിപക്ഷ-ഭരണപക്ഷമെന്ന വ്യത്യാസമില്ലാതെ കേരളത്തിലെ ജനങ്ങൾക്കുവേണ്ടി നമുക്കെല്ലാവർക്കും ഒരുമിച്ചുനിൽക്കാമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ജി. സ്റ്റീഫൻ ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിന്റെ

വ്യവസായ മേഖലയ്ക്ക് വലിയതോതിലുള്ള കുതിച്ചുചാട്ടമാണ് ഈ ബില്ലിൽ വിഭാവന ചെയ്യുന്നത്. വിവിധ വകുപ്പുകളുടെ ചുവപ്പുനാടയ്ക്കുള്ളിൽ ഒതുങ്ങാതെ കേരള വികസനത്തിന് പുതിയൊരു ദിശാബോധം നൽകാൻ വ്യവസായ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബില്ലിന് കഴിയുമെന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നു. കേരളത്തിന്റെ വ്യവസായ വികസനത്തെപ്പറ്റി ചർച്ച ചെയ്യുമ്പോൾ കേരളം വ്യവസായത്തിന് പറ്റിയതല്ലെന്നൊരു പൊതുബോധം നമ്മുടെ മുന്നിലുണ്ട്. ഈ പൊതുബോധത്തെ മാറ്റിമറിക്കുന്ന പ്രവർത്തനങ്ങളാണ് കഴിഞ്ഞ ആറ് വർഷം കേരളത്തിൽ ഇടതുപക്ഷ സർക്കാരിന്റെ നേതൃത്വത്തിൽ നടന്നിട്ടുള്ളത്. കേരളം ഏഷ്യയിലെതന്നെ മികച്ച സ്റ്റാർട്ടപ്പ് സൗഹൃദ കേന്ദ്രമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. കഴിഞ്ഞ മൂന്ന് വർഷമായി കേരളമാണ് ഈ പദവി അലങ്കരിക്കുന്നത്. ഈ സ്റ്റാർട്ടപ്പ് കേവലമൊരു ചെറിയ സ്റ്റാർട്ടപ്പ് അല്ല. വരുംവർഷങ്ങളിൽ കേരളത്തെ മുന്നോട്ടുകൊണ്ടുപോകാൻ സഹായിക്കുന്ന ഘടകമാണിത്. തൊഴിലും മൂലധനവും പരസ്പരം പോരടിക്കേണ്ട ഘടകങ്ങളല്ലെന്ന് കേരള ഗവൺമെന്റും വ്യവസായ നയവും ഈ ഘട്ടങ്ങളിലെല്ലാംതന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. കേരളത്തിന്റെ വ്യവസായ നയം ഒരേ സമയംതന്നെ കേരളത്തിലേയ്ക്ക് നിക്ഷേപകരെ ക്ഷണിക്കുകയും തൊഴിലാളികളെ ചൂഷണത്തിൽനിന്ന് രക്ഷിക്കാൻ സഹായിക്കുകയും ചെയ്യുന്ന ഒന്നാണ്. ഈ വികസന നയം കേരള ജനതയുടെ ഇനിയുള്ള ജീവിതത്തെ മുന്നോട്ടുകൊണ്ടു പോകുന്ന ഒന്നാണ്. ഇതിനോട് ചേർന്ന് നിൽക്കുക എന്നതാണ് കാലഘട്ടം നമ്മോട് ആവശ്യപ്പെടുന്നത്. പ്രതിപക്ഷവും ഈ വികസന നയങ്ങളെ അനുകൂലിക്കുകയാണ് വേണ്ടത്. കോവിഡ്-19 മഹാമാരി വലിയൊരു പ്രതികൂല കാലാവസ്ഥയാണ് സൃഷ്ടിച്ചിട്ടുള്ളത്. ലോകം മുഴുവൻ കോവിഡ്-19 സൃഷ്ടിച്ച പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. ഈ പ്രതിസന്ധിയെ മുൻനിർത്തി ചിന്തിക്കുമ്പോഴാണ് കേരളത്തിന്റെ വികസന നയം ഏറ്റവും ശ്രദ്ധേയമാകുന്നത്. ജനജീവിതവും ഇക്കോണമിയും ചുരുങ്ങിപ്പോകുമ്പോഴും കേരളത്തെ വ്യവസായ സൗഹൃദ കേന്ദ്രമാക്കിയെടുക്കാൻ വ്യവസായ നയത്തിന് കഴിയുന്നു എന്നിടത്താണ് ഈ നയത്തിന്റെ കാതൽ നിൽക്കുന്നത്. സംസ്ഥാന സർക്കാരിന്റെ സംരംഭകവർഷ പദ്ധതി ആരംഭിച്ചിട്ട് 145 ദിവസം പിന്നിടുമ്പോഴേയ്ക്കും അരലക്ഷം സംരംഭങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിന്റെ ഭാഗമായി ഒരു ലക്ഷത്തി പതിനായിരം തൊഴിലുകളും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. പൊതുമേഖലയിൽ ചെലവ് ചെയ്യരുതെന്നാണ് കേന്ദ്ര സർക്കാരും നവലിബറൽ നയങ്ങളും സംസ്ഥാനങ്ങളോട് ആവശ്യപ്പെടുന്നത്. ഇതോടൊപ്പം കോവിഡ്-19 പ്രതിസന്ധികൂടി വരുമ്പോൾ സംസ്ഥാനങ്ങൾ പകച്ചുനിൽക്കുകയാണ്. ഇവിടെയാണ് കേരളം വ്യത്യസ്തമാകുന്നത്. ലോകവും ഇന്ത്യയും പ്രതിസന്ധിയുടെ ഇരുട്ടിൽ തപ്പുമ്പോൾ കേരളം വ്യവസായങ്ങൾക്കായി വാതിൽ തുറന്നിരിക്കുകയാണ്. ഈ നയത്തിന്റെ

ഭാഗമായാണ് കേരളം ഒരു വർഷത്തിനുള്ളിൽ ഒന്നിൽനിന്നും പതിനാലാം സ്ഥാനത്തേയ്ക്ക് കുതിച്ചതും വ്യവസായ സൗഹൃദമായി മാറിയതും. കേന്ദ്രവ്യവസായ വകുപ്പുമന്ത്രിക്ക് ലോക്സഭയിൽ ഇത് അംഗീകരിക്കേണ്ടി വരികയും ചെയ്തു. വ്യവസായ രംഗം പരിശോധിക്കുമ്പോൾ കോവിഡ് സാഹചര്യം കേരളത്തിന് പ്രതിസന്ധിയല്ല, മറിച്ച് വലിയ സാധ്യതയാണുണ്ടാക്കിയതെന്ന് മനസ്സിലാക്കാൻ കഴിയും. ചെറുതും വലുതുമായ ഒട്ടനവധി സംരംഭങ്ങളെ കേരളത്തിലേയ്ക്ക് ആനയിക്കാൻ നമുക്ക് കഴിഞ്ഞു. എം.എസ്.എം.ഇ. (Micro, Small & Medium Enterprises) കേരളത്തിലെ വ്യവസായത്തിന്റെ അടിത്തട്ടാണ്. ആർക്കൊക്കെ എന്തൊക്കെ സാധിക്കുമോ അതെല്ലാം കൊണ്ടുവരുന്നതിനുള്ള അവസരമാണ് നാം ഒരുക്കിക്കൊടുത്തത്. സംരംഭങ്ങൾ തുടങ്ങുന്നവരെ സ്വീകരിക്കുക മാത്രമല്ല അവരെ സുരക്ഷിതരാക്കുകയും ചെയ്തു. സംരംഭങ്ങൾക്ക് വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നാല് ശതമാനം പലിശയ്ക്ക് ലോൺ ലഭ്യമാക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എം.എസ്.എം.ഇ.-കളുടെ നിലനിൽപ്പും വളർച്ചയും ലക്ഷ്യമാക്കിക്കൊണ്ട്, ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുന്നതിനും വ്യവസായ വകുപ്പ് മുൻകയ്യെടുക്കുന്നു. 'മെയ്ഡ് ഇൻ കേരള' ഉൽപ്പന്നങ്ങളുടെ വിപണനം ലക്ഷ്യമാക്കിക്കൊണ്ട് സൂപ്പർ മാർക്കറ്റ് ശൃംഖല ആരംഭിക്കുന്നതിനുവേണ്ടി സഹകരണവകുപ്പുമായി കൂടിയാലോചനകൾ പുരോഗമിക്കുന്നു. നമ്മുടെ വ്യവസായ വികസനം എം.എസ്.എം.ഇ.-കളിൽ ഒതുങ്ങുന്നതല്ല. കിഫ്ബിയുടെ നേതൃത്വത്തിൽ, വൻകിട പദ്ധതികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിന് അടിസ്ഥാന സൗകര്യവികസനം നാം ലക്ഷ്യം വയ്ക്കുകയാണ്. ഇന്ത്യയിലെ ആദ്യത്തെ ഗ്രാഫീൻ ഇന്നൊവേഷൻ സെന്റർ കേരളത്തിൽ ആരംഭിച്ചിരിക്കുന്നു. ഇതോടൊപ്പം കേരളത്തിന്റെ വ്യവസായ പാർക്കുകളും വികസിക്കുകയാണ്. ഈ വർഷം പതിനാല് സ്വകാര്യ വ്യവസായ പാർക്കുകൾ കേരളത്തിൽ ആരംഭിക്കാൻ തീരുമാനമെടുത്തു. എം.എസ്.എം.ഇ.-കളും പശ്ചാത്തല സൗകര്യവികസനവും വ്യവസായ അനുകൂല അന്തരീക്ഷവും എല്ലാത്തിനുമുപരിയായി മാർഗ്ഗനിർദ്ദേശങ്ങളും സംരക്ഷണവും നൽകുന്ന ഇടതുപക്ഷ സർക്കാരും കേരളത്തിൽ മികച്ച വ്യവസായ അന്തരീക്ഷത്തിനുള്ള കളമൊരുക്കുന്നു. വ്യവസായത്തെ കേരളം ആകർഷിക്കുമ്പോഴും കരുതലോടെ കാത്തുസൂക്ഷിക്കുന്ന ഒന്നാണ് തൊഴിലാളി ക്ഷേമം. ഉൽപ്പാദനത്തിന് അത്യാവശ്യം വേണ്ട ഘടകമാണത്. മൂലധനവും അധ്വാനവും അവരവരുടെ ഐഡന്റിറ്റി നിലനിർത്തിക്കൊണ്ട് ഒരുമിച്ച് വിജയിക്കുന്ന സാഹചര്യമാണ് സർക്കാർ ഒരുക്കുന്നത്. വികസനത്തിന്റെ പേരിൽ തൊഴിലാളികളെ വഴിയാധാരമാക്കുന്നില്ല; എന്നാൽ തൊഴിൽ തർക്കങ്ങളുടെ പേരിൽ മൂലധന നിക്ഷേപം നിരസിക്കുന്നുമില്ല.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഇന്ത്യയിലെ ഒന്നാം നമ്പർ സംസ്ഥാനമാണ് കേരളം. ഇത്തരം ഒരു സാഹചര്യം വൈജ്ഞാനിക

ഉൽപ്പാദനത്തിന് കേരളത്തെ മുൻപന്തിയിലെത്തിക്കുന്നു. സാക്ഷരത മുതൽ ഉന്നതവിദ്യാഭ്യാസംവരെ കേരളത്തിന്റെ വൈജ്ഞാനിക ഉൽപ്പാദനം പരന്നുകിടക്കുകയാണ്. എന്നാൽ നമ്മുടെ വിജ്ഞാനം ഉല്പാദന-സമ്പദ് മേഖലയിൽ ശരിയായ രീതിയിൽ ഉപയോഗിക്കപ്പെട്ടിട്ടുണ്ടോ എന്നതിനുള്ള ഉത്തരമാണ് കഴിഞ്ഞ ബഡ്ജറ്റിൽ കേരളത്തെ ഒരു വിജ്ഞാന സമൂഹമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങളായി അവതരിപ്പിക്കപ്പെട്ടത്. കൃഷി മുതൽ സാങ്കേതികവിദ്യവരെ വിജ്ഞാനവുമായി ബന്ധപ്പെട്ടുകിടക്കുന്നു. മനുഷ്യ വ്യവഹാരത്തിന്റെ സമസ്ത മേഖലകളെയും വിജ്ഞാനവുമായി ബന്ധപ്പെടുത്തി കേരളത്തിന്റെ ഉൽപ്പാദനം ശക്തിപ്പെടുത്തുന്ന നിർദ്ദേശങ്ങളാണ് വിജ്ഞാന സമൂഹമെന്ന ആശയത്തിലൂടെ കഴിഞ്ഞ ബഡ്ജറ്റ് മുന്നോട്ടുവച്ചത്. ഇതാണ് കേരളത്തിന്റെ അടുത്ത 25 വർഷത്തിന്റെ വികസന രൂപരേഖ. കേരളത്തിന്റെ യുവസമൂഹം ആഗ്രഹിക്കുന്നതും ഇതാണ്. അവരുടെ സ്വപ്നങ്ങളാണ് നമ്മുടെ മുന്നിലുള്ളത്. കേരളത്തിന്റെ പ്രതിപക്ഷം കക്ഷിരാഷ്ട്രീയ താൽപ്പര്യങ്ങൾ മറികടന്ന് ഇതിനൊപ്പം നിൽക്കണം. അല്ലെങ്കിൽ വരും തലമുറ ചോദിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി പറയാൻ കഴിയാതെ നാം പകച്ചുനിൽക്കേണ്ടി വരും. വ്യവസായ സംരംഭകർക്ക് ആവശ്യമായ ലോണുകളും സഹായങ്ങളും ലഭിക്കുന്നില്ലെന്ന പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം. കേരള ജനത ഇന്ത്യയുടെ ദേശീയ ബാങ്കുകളിൽ നിക്ഷേപിക്കുന്നതിന്റെ വളരെ ചെറിയ ശതമാനം മാത്രമാണ് കേരളത്തിലേക്ക് തിരിച്ചുവരുന്നത്. ഉദാഹരണത്തിന് ദേശീയ വാണിജ്യ ബാങ്കുകളിൽ കേരളീയർ നിക്ഷേപിക്കുന്നതിന്റെ 60 ശതമാനം മാത്രമാണ് വായ്പകളായി കേരളത്തിലേക്ക് തിരിച്ചെത്തുന്നത്. കർണ്ണാടകയിലെ ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ (സി.ഡി.ആർ.) 110 ശതമാനമാണ്. കേരളീയ ജനതയുടെ പണമാണ് മറ്റ് സംസ്ഥാനങ്ങളിലേയ്ക്കെത്തുന്നത്. ബാങ്കുകൾ സ്വീകരിക്കുന്ന നിക്ഷേപത്തിൽ 38% സ്റ്റാറ്റ്യൂട്ടറി ലിക്വിഡിറ്റി റേഷ്യോയായും 14 ശതമാനം ക്യാഷ് റിസർവ് റേഷ്യോയായും കേന്ദ്രസർക്കാരിന്റെ സെക്യൂരിറ്റികളിൽ നിക്ഷേപിക്കണമെന്ന വ്യവസ്ഥയുണ്ടായിരുന്നു. ഇത് കേന്ദ്രസർക്കാരിന്റെ വിവിധ വികസന സംരംഭങ്ങൾക്കും നിർമ്മാണ പദ്ധതികൾക്കും വിഭവം കണ്ടെത്തുന്നതിനുള്ള ബാങ്കുകളുടെ പങ്കാളിത്തമായിരുന്നു. 1991-നുശേഷം ഈ നിരക്കുകൾ ഘട്ടംഘട്ടമായി വെട്ടിക്കുറച്ച് യഥാക്രമം 18 ശതമാനം, 4 ശതമാനം എന്നിങ്ങനെ ചുരുക്കുകയുണ്ടായി. സംസ്ഥാന സർക്കാരിന് ഇതിൽ വിഹിതമൊന്നും ലഭിക്കുന്നില്ല. സംസ്ഥാനങ്ങളിലെ ജനങ്ങളുടെ പണമാണ് ബാങ്കുകളിലൂടെ കേന്ദ്രസർക്കാരിലെത്തുന്നത്. ഏകപക്ഷീയമാകാതെ സംസ്ഥാനങ്ങൾക്കും ഇതിന്റെ വിഹിതം ലഭിക്കണം. അതിനാൽ സംസ്ഥാനത്തുനിന്നും ബാങ്കുകൾ സമാഹരിക്കുന്ന നിക്ഷേപത്തിന്റെ പത്ത് ശതമാനമെങ്കിലും സംസ്ഥാനത്തിന് ലഭ്യമാക്കാൻ കേന്ദ്രസർക്കാരും ആർ.ബി.ഐ.യും തയ്യാറാകണം.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, വൻകിട വ്യവസായങ്ങളും എം.എസ്.എം.ഇ. യൂണിറ്റുകളും ആരംഭിക്കുന്നതും കേന്ദ്രസർക്കാർ വിൽപ്പനയ്ക്ക് വച്ചിട്ടുള്ള കേരളത്തിലെ പല വ്യവസായങ്ങളും ഏറ്റെടുത്ത് നടപ്പിലാക്കാനുള്ള തീരുമാനവും സ്വാഗതാർഹമാണ്. 2011 മുതൽ 2016 വരെയുള്ള കാലയളവിൽ പരമ്പരാഗത വ്യവസായ മേഖലയിൽ വലിയ പ്രതിസന്ധിയാണ് നേരിട്ടത്. പല മേഖലകളിലും തൊഴിൽ നിഷേധവും തൊഴിലാളികളുടെ വരുമാനം കുറഞ്ഞതിന്റെ ഭാഗമായി ആത്മഹത്യകളും 2011-2016 വരെയുള്ള കാലയളവിൽ കേരളത്തിലുണ്ടായിട്ടുണ്ട്. മൺപാത്ര നിർമ്മാണ മേഖല പരമ്പരാഗത വ്യവസായ മേഖലയിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്. പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ കളിമണ്ണിന്റെ ലഭ്യതയിൽ വലിയ പ്രയാസം നേരിടുന്നുണ്ട്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, പ്രസ്തുത അസംസ്കൃതവസ്തു ലഭിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ വകുപ്പ് ഏർപ്പെടുത്തണമെന്നാണ് എന്റെയും അഭിപ്രായം. ഞാൻ പറഞ്ഞുവന്നത്, ബാങ്കുകൾ സമാഹരിക്കുന്ന നിക്ഷേപത്തിന്റെ 10 ശതമാനം തുക കേന്ദ്രസർക്കാരും ആർ.ബി.ഐ.-യും നൽകുകയാണെങ്കിൽ 70,000 കോടി രൂപ നമുക്ക് സമാഹരിക്കാനാകും. ഈ ആവശ്യം കേന്ദ്രസർക്കാരിന്റെ മുന്നിൽ അവതരിപ്പിക്കാൻ സർക്കാർ മുൻകയ്യെടുക്കണമെന്നുകൂടി ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. വടക്കാഞ്ചേരി മണ്ഡലത്തിലെ മുളങ്കുന്നത്തുകാവിലെ കെൽട്രോണിന്റെ ഭൂമി വീണ്ടെടുത്ത് ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ച് വ്യവസായ സംരംഭങ്ങൾ ആരംഭിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട അംഗം സമയക്രമം പാലിച്ചതിന് നന്ദി.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരളം വ്യവസായ സൗഹൃദ സംസ്ഥാനമായി മാറേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ആർക്കും സംശയമില്ല. നമ്മൾ അതിനായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് ഉൾപ്പെടെയുള്ള നിയമനിർമ്മാണങ്ങളും നടപടിക്രമങ്ങളുമെല്ലാം വേഗത്തിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. അതിനിടയിലും വ്യവസായ സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ചാണ് നേരത്തെ ഇവിടെ സംസാരിച്ചത്. തലശ്ശേരിയിലെ കണ്ടിക്കൽ എന്ന സ്ഥലത്ത് ഫാൻസി ഫർണിച്ചർ നടത്തിക്കൊണ്ടിരുന്ന ശ്രീവിദ്യ-രാജ്

കബീർ ദമ്പതിമാരുടെ സ്ഥാപനം പൂട്ടിക്കുന്നതിനുവേണ്ടി തലശ്ശേരി മുനിസിപ്പാലിറ്റി നിയമവിരുദ്ധമായ ഒരു ഉത്തരവ് കൊടുത്തു. അവരെ ഒഴിപ്പിക്കുന്നതിനുവേണ്ടിയുള്ള സമ്മർദ്ദങ്ങളെല്ലാം നിഷ്ഫലമായപ്പോഴാണ് മുനിസിപ്പാലിറ്റിതന്നെ അവർക്ക് ഇത്തരത്തിൽ ഒരു ഓർഡർ കൊടുത്തത്. അവരോട് നാല് ലക്ഷത്തിലധികം രൂപ ഫൈനായി അടയ്ക്കണമെന്ന് പറഞ്ഞപ്പോൾ അവർ അതിനെതിരായി ഹൈക്കോടതിയെ സമീപിക്കുകയും 10 ശതമാനം പണമടച്ച് സ്ഥാപനം തുറക്കുന്നതിന് ഈ മാസം 19-ാം തീയതി ഹൈക്കോടതി ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. അടുത്തദിവസം അവർ ഈ ഉത്തരവുമായി പണമടയ്ക്കാൻ തയ്യാറായെങ്കിലും മുനിസിപ്പൽ അധികാരികൾ സ്ഥാപനം തുറക്കുന്നതിന് അനുവാദം നൽകുന്നതിനുപകരം ഭീഷണിപ്പെടുത്തുകയും ദമ്പതിമാർ നാടുവിടുകയുമാണ് ചെയ്തത്. ഇതിന്റെ ഉടമസ്ഥരായ ഭാര്യയും ഭർത്താവും പത്ത് തൊഴിലാളികളും ഉൾക്കൊള്ളുന്ന ചെറിയൊരു സംരംഭം കുറച്ചുവർഷങ്ങളായി സാമാന്യം നല്ലനിലയിൽ പ്രവർത്തിച്ചിരുന്നതാണ്. അവർ സാമൂഹ്യ മാധ്യമങ്ങളിലൂടെ അവരുടെ ദുഃഖം വെളിപ്പെടുത്തി, "മുനിസിപ്പൽ അധികാരികളുടെ നിരന്തരമായ പീഡനങ്ങളും പിഴയും നിമിത്തം കഴിഞ്ഞ ഒരു മാസത്തിലേറെയായി അധികൃതർ സീൽ ചെയ്ത നടപടിപ്രകാരം ഞങ്ങളുടെ കണ്ടിക്കൽ വ്യവസായ എസ്റ്റേറ്റിലെ സ്ഥാപനവും പത്ത് തൊഴിലാളികളും ഞങ്ങളും ഒരുവരുമാനവുമില്ലാതെ തെരുവിലായിരിക്കുകയാണ്. നിരവധി തവണ ചെയർമാനെയും വൈസ് ചെയർമാനെയും കണ്ട് ദയയ്ക്കുവേണ്ടി അപേക്ഷിച്ചുവെങ്കിലും യാതൊരു ദയവും അവർ നൽകിയില്ലെന്ന് മാത്രമല്ല ലൈസൻസ് റദ്ദ് ചെയ്ത് സ്ഥാപനം സ്ഥിരമായി അടച്ചിടുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ മാറുകയായിരുന്നു. എല്ലാവർക്കും നീതികിട്ടുമെന്ന് ഉറച്ച് വിശ്വസിക്കുന്ന ഞങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്ന് 19-8-2022-ന് പുറപ്പെടുവിച്ച ഉത്തരവിലൂടെ ലൈസൻസ് റദ്ദാക്കിയ മുനിസിപ്പാലിറ്റിയുടെ നടപടി സ്റ്റേ ചെയ്തു. തുറന്ന് പ്രവർത്തിക്കാനും അധികൃതരോട് തുറന്നുകൊടുക്കാനും ഉത്തരവിറക്കി. തുകയായ 41,600 രൂപ നഗരസഭയിലൊടുക്കി. ഈ ഉത്തരവൊന്നും നഗരസഭ പരിഗണിച്ചില്ലെന്ന് മാത്രമല്ല, ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയെ പരിഹസിക്കുന്ന രീതിയിലുള്ള പെരുമാറ്റമാണ് ചില അധികാരികളുടെ ഭാഗത്തുനിന്നുമുണ്ടായത്. ഈ സമയം വരെ നഗരസഭ ഉത്തരവ് തന്നില്ലെന്ന് മാത്രമല്ല, വീണ്ടും പല കാരണങ്ങൾ പറഞ്ഞ് പൂട്ടിക്കാനും ഞങ്ങൾക്ക് കഴിയുമെന്നൊരു താക്കീതും തന്നു. ഭീഷണിയും പകപോക്കലും തുടരുന്നതിനാൽ ഞങ്ങൾ ആകെ ഭയന്നിരിക്കുകയാണ്. ചെയർമാനും വൈസ് ചെയർമാനും റവന്യൂ സൂപ്രണ്ടും ക്ലാർക്കും ഞങ്ങൾ കോടതിയിൽപ്പോയി ഉത്തരവ് വാങ്ങിച്ചതിനെ ഭീഷണി സ്വരത്തിൽ മറുപടി പറയുകയുണ്ടായി. ഞങ്ങൾ ആകെ ഭയന്നിരിക്കുകയാണ്. പതിനെട്ട് വർഷമായി നല്ലരീതിയിൽ നടന്നിരുന്ന ഞങ്ങളുടെ ബിസിനസ്സ് തകർത്തിരിക്കുകയാണ്.

വ്യവസായത്തിന് ഒരു രക്ഷയുമില്ല. മക്കളുടെ കാര്യം അവർ നോക്കട്ടെ; അധികൃതരുടെ ക്രൂരമായ നടപടി ഇനി നമുക്ക് താങ്ങാനാകില്ല, ഞങ്ങൾ പോകുന്നു, ഞങ്ങളെ ഇനി അന്വേഷിക്കണ്ട" ഇത് മാധ്യമങ്ങളിൽ വരികയും പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കേണ്ടതായും വന്നു. അവസാനം പോലീസ് അവരെ കണ്ടെത്തി മടക്കികൊണ്ടുവന്നു. ബഹുമാനപ്പെട്ട മന്ത്രിയുൾപ്പെടെ ഇക്കാര്യത്തിൽ ഇടപെട്ടതിന് അവർ നന്ദി അറിയിച്ചിട്ടുണ്ട്. രാഷ്ട്രീയ പ്രേരണയാണെങ്കിൽ മന്ത്രിയെ നന്ദിയോടെ ഇതിൽ സ്മരിക്കേണ്ടതില്ല. തലശ്ശേരിയിലെ വിഷയം നേരത്തെ ശ്രീ. എ. എൻ. ഷംസീർ പറഞ്ഞതുപോലെയല്ല. മുനിസിപ്പൽ അധികാരികൾ ഈ സ്ഥാപനം അടച്ചുപൂട്ടിക്കുകയും അവരെ അവിടെനിന്ന് മനഃപൂർവ്വം ഒഴിപ്പിക്കുകയുമാണ് ചെയ്തത്. ഏറ്റവും നല്ല അദ്ധ്യാപകനുള്ള അവാർഡ് കിട്ടിയ ബാലസാഹിത്യകാരൻ കെ. തായാട്ടിന്റെ മകനാണ്. ആ കുടുംബാംഗങ്ങളുമായി സംസാരിച്ചിരുന്നു. രാഷ്ട്രീയനേതൃത്വം ഇടപെട്ടുവെന്ന് വേണമെങ്കിൽ ശ്രീ. എ. എൻ. ഷംസീറിന് പറയാം. കാരണം, അവിടെയുള്ള നിങ്ങളുടെ അണികൾ ചെയ്ത തെറ്റ് തിരുത്തിക്കാൻ നിങ്ങൾക്ക് സാധിച്ചു.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, തലശ്ശേരിയിൽ നടന്നത് തികച്ചും ഒറ്റപ്പെട്ട സംഭവമാണ്. തലശ്ശേരി പൈതൃക നഗരമായതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചില പ്രശ്നങ്ങളുണ്ട്. എന്തോ മഹാ അപരാധം തലശ്ശേരി മുനിസിപ്പൽ ഭരണാധികാരികൾ ചെയ്തുവെന്ന രീതിയിൽ ഇവിടെ അവതരിപ്പിക്കുന്നത് ശരിയല്ല. അവിടെ അവർ കുടിശ്ശിക വരുത്തിയിരുന്നു. മുനിസിപ്പാലിറ്റി പ്രവർത്തിക്കുന്നത് അവരുടെ വരുമാനം കൊണ്ടാണ്. ഒരുപാട് പേർക്ക് ശമ്പളം കൊടുക്കേണ്ടതുണ്ട്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന മുനിസിപ്പാലിറ്റിക്ക് അവരുടേതായ ഫണ്ട് കണ്ടെത്തണം. അതിന് തീർച്ചയായും കുടിശ്ശികക്കാരിൽനിന്ന് പണം പിരിക്കാൻ ശ്രമിക്കും. എല്ലാ കുടിശ്ശികക്കാരും നാടുവിടാൻ തീരുമാനിച്ചാൽ എങ്ങനെയാണ് ഭരണം മുന്നോട്ടുപോകുന്നത്; അതിൽ ഇടപെടുകയും കൃത്യമായി കാര്യങ്ങൾ പറയുകയും ചെയ്തിട്ടുണ്ട്. (..........മൈക്ക് ഓഫ്.....)

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഇക്കാര്യം ശ്രീ. എ. എൻ. ഷംസീർ രണ്ട് പ്രാവശ്യം ന്യായീകരിച്ചിട്ടും ആർക്കും ബോധ്യം വന്നിട്ടില്ല. കാരണം, ആ സ്ഥാപനത്തെ നോട്ടീസ് കൊടുത്ത് അടച്ചുപൂട്ടിക്കുകയാണ് ചെയ്തത്. അതിനെതിരെയാണ് കോടതിയിൽ പോയത്. കോടതി വിധി പറഞ്ഞത് പ്രകാരമുള്ള പത്ത് ശതമാനം തുകയുമായി അവർ പോയിരുന്നു. സ്ഥാപന ഉടമ സാധാരണ കോടതിയിൽ പോയി അനുകൂലമായൊരു ഉത്തരവ് വാങ്ങി, ആ ഉത്തരവനുസരിച്ചുള്ള പണമടയ്ക്കാൻ തയ്യാറായി ചെന്നവരെയാണ് നിങ്ങൾ

കോടതിയിൽ പോയാലും ഉത്തരവ് സമ്പാദിച്ചുവന്നാലും ഞങ്ങൾക്ക് വീണ്ടും അടച്ചുപൂട്ടിക്കാൻ സാധിക്കുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തിയത്. അതിന്റെ അടിസ്ഥാനത്തിലാണ് മന്ത്രിയുടെ ഇടപെടലിന് നന്ദി പറഞ്ഞ് അവർ ഈ കുറിപ്പെഴുതിയത്. തിരുത്താൻ നിങ്ങൾ നിർബന്ധിതരായി. ഒറ്റപ്പെട്ട സംഭവമാണെന്ന് ശ്രീ. എ. എൻ. ഷംസീർ പറയുമ്പോൾ, ആന്തൂരിലെ സാജന്റെ അനുഭവം നിയമസഭയിൽ ഞാനാണ് അടിയന്തരപ്രമേയമായി കൊണ്ടുവന്നത്. അന്ന് നിങ്ങൾ മറുപടി പറയാൻ പ്രയാസപ്പെട്ട ഒരു കാര്യമാണ്.

<u>ശ്രീ. എ. എൻ. ഷംസീർ:</u>സർ, (.....മൈക്ക് ഓഫ്....)

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ആ കുടുംബത്തിന്റെ വേദനയിൽ സഭ തന്നെ പങ്ക് ചേർന്നതാണ്. അത് നിങ്ങൾക്ക് നിഷേധിക്കാൻ കഴിയില്ല. പുനലൂരിലെ സുഗതന്റെ കാര്യവും അതുപോലെയാണ്. അതുകൊണ്ട് ഇത് ഒറ്റപ്പെട്ട സംഭവമല്ല, അതിലേയ്ക്ക് എത്തിച്ചേർന്നതാണ്. ഈ ദമ്പതിമാർ നാടുവിട്ടശേഷം കോയമ്പത്തൂരിലോ തമിഴ്നാട്ടിലോ നിന്നാണ് അവരെ കൊണ്ടുവന്നത്. അങ്ങനെയൊരു ഇന്റർവെൻഷനുണ്ടായത് ശരിയാണ്. ഇത്തരത്തിൽ മുനിസിപ്പൽ അധികാരികളുൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വ്യവസായ വകുപ്പും മറ്റ് വകുപ്പുകളും ചെറുകിട വ്യവസായികൾക്കെതിരെ സ്വീകരിക്കുന്ന ദ്രോഹപരമായ നടപടികൾ അവസാനിപ്പിക്കണമെന്നുള്ളത് മാത്രമാണ് ഞങ്ങളുടെ ആവശ്യം. അതിനെ ന്യായീകരിക്കുന്നത് ശരിയല്ല. ആവർത്തിച്ചുണ്ടാകുന്ന ഒറ്റപ്പെട്ട സംഭവങ്ങൾ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ബില്ലുമായി ബന്ധപ്പെട്ട് പറയുകയാണെങ്കിൽ, തൊഴിലില്ലായ്മയുടെ കാര്യത്തിൽ വളരെ മുമ്പിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. വിദ്യാഭ്യാസ രംഗത്തെ നമ്മുടെ മുന്നേറ്റത്തോടൊപ്പം അഭ്യസ്തവിദ്യരായ നിരവധി തൊഴിൽരഹിതർ കേരളത്തിലുണ്ട്. രാവിലെ ശ്രീ. പി. സി. വിഷ്ണുനാഥിന്റെ അടിയന്തരപ്രമേയ അവതരണത്തിൽ അദ്ദേഹം അക്കാര്യങ്ങൾ പറഞ്ഞിരുന്നു. കേരളത്തിൽ തൊഴിൽരഹിതരുടെ സംഖ്യ ദേശീയ ശരാശരിയുടെ ഇരട്ടിയേക്കാൾ അധികമാണ്. ദേശീയ ശരാശരി നാലും കേരളത്തിലേത് പത്തുമാണ്. കേരളത്തിൽ അഭ്യസ്തവിദ്യരായ ആളുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് തൊഴിലിനായി കാത്തിരിക്കുകയാണ്. അല്ലെങ്കിൽ പബ്ലിക് സർവ്വീസ് കമ്മീഷനിൽ അപേക്ഷ സമർപ്പിച്ച് ടെസ്റ്റ് എഴുതി ഇന്റർവ്യൂ കഴിഞ്ഞ് റാങ്ക് ലിസ്റ്റിനായി കാത്തിരിക്കുന്നു. മൂന്ന് വർഷത്തെ കാലാവധി കഴിഞ്ഞിട്ടും ഒന്നാം റാങ്കിലുൾപ്പെട്ട ആൾക്കുപോലും ജോലി കിട്ടാത്ത സാഹചര്യം കേരളത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റാങ്ക് ഹോൾഡേഴ്സിന്റെ സമരത്തിൽ ദയനീയമായ കരച്ചിൽ കേരളത്തിൽ നമ്മൾ കണ്ടതാണ്. തലസ്ഥാനത്ത് സെക്രട്ടേറിയറ്റ് നടയിലും നിയമസഭയുടെ മുമ്പിലും അവരുടെ സമരം കണ്ടതാണ്. തൊഴിലില്ലായ്മ

അതിരൂക്ഷമാണ്. അതുപോലെ, കോവിഡിന്റെ പശ്ചാത്തലത്തിൽ വിദേശരാജ്യങ്ങളിൽനിന്ന് തൊഴിലുപേക്ഷിച്ച് ആളുകൾ കേരളത്തിലേയ്ക്ക് മടങ്ങിവരികയാണ്. വിദേശത്തേയ്ക്ക് റിക്രൂട്ട് ചെയ്യുന്നതിനുപകരം ഇങ്ങോട്ട് മടക്കി അയയ്ക്കുന്ന പ്രവണത നമ്മൾ അഭിമുഖീകരിക്കുകയാണ്. അവിടെ തൊഴിൽ ലഭ്യത കുറയുന്നു. വ്യാവസായിക മേഖല നമ്മൾ കൂടുതലായി അഭിവൃദ്ധിപ്പെടുത്തേണ്ടതുണ്ട്. കാർഷിക മേഖലയും വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. പരമ്പരാഗത വ്യവസായങ്ങൾ തകർച്ചയിലാണെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അതിനാൽ പുതിയ വ്യവസായ സംരംഭങ്ങൾ വരണം. സർക്കാർ സ്ഥാപനമായ സെക്രട്ടേറിയറ്റിലോ കളക്ടറേറ്റിലോ സ്കൂളുകളിലോ എല്ലാവർക്കും ജോലി കൊടുക്കാൻ കഴിയില്ല. പക്ഷേ, ലഭ്യമാകുന്ന സർക്കാരിന്റെ തൊഴിലവസരങ്ങൾ നീതിപൂർവ്വമായി അർഹതപ്പെട്ടവർക്ക് മെരിറ്റോറിയസായി നൽകണമെന്നുള്ളതാണ് നമ്മുടെ പൊതുനിയമവും സങ്കല്പവും. അതിനുവേണ്ടിയാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ. പക്ഷേ പി.എസ്.സി.-യുടെ പ്രവർത്തനംപോലും കേരളത്തിൽ ചോദ്യം ചെയ്യപ്പെടുന്നു. യൂണിവേഴ്സിറ്റി കോളേജിലെ ദൗർഭാഗ്യകരമായ സംഭവത്തിൽ പ്രതികളായ വ്യക്തികൾ കാസർഗോഡ് ജില്ലാ പോലീസ് സെലക്ഷനിൽ ഒന്നും രണ്ടും റാങ്കുകാരായി വന്നു. എഴുത്തുപരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് കിട്ടിയവരാണ്. അതിനെക്കുറിച്ച് അന്വേഷണം വന്നപ്പോൾ രണ്ടുമൂന്നുമാസങ്ങൾക്കുശേഷം എഴുത്തുപരീക്ഷയിലെ ചോദ്യം പോലീസ് ഉദ്യോഗസ്ഥർ ആവർത്തിച്ചപ്പോൾ അവർക്ക് ഒരു ചോദ്യത്തിനും ഉത്തരം പറയാൻ കഴിഞ്ഞിരുന്നില്ല. പി.എസ്.സി. എഴുത്തു പരീക്ഷയുടെ സുതാര്യത ചോദ്യം ചെയ്യപ്പെടുന്നുവെന്നുള്ളത് യാഥാർത്ഥ്യമായി നിൽക്കുകയാണ്. കേരളത്തിലെ സർവ്വകലാശാല നിയമനങ്ങളിൽ വ്യാപകമായ ക്രമക്കേടുകളാണ് നടക്കുന്നത്. കേരള സർവ്വകലാശാലയിൽ അത് ഒരുകാലത്ത് വലിയ ചരിത്രമായിരുന്നു. പിന്നീട് ആ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുകയാണ് ചെയ്തത്. ജില്ലാ ബാങ്കുകളിലെ നിയമനം ശ്രീ. എ. കെ. ആന്റണി ഗവൺമെന്റാണ് പി.എസ്.സി.-ക്ക് വിട്ടത്. ഇക്കാര്യത്തിലും ഞങ്ങൾ അതുതന്നെയാണ് ആവശ്യപ്പെടുന്നത്. പൊതുമേഖലയിലെ കുറേ നിയമനങ്ങൾ മാത്രം പി.എസ്.സി.-ക്ക് വിടുന്നതിനുപകരം ഈ നിയമനങ്ങൾ ന്യായയുക്തമായി നടത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നെങ്കിൽ ഇത്തരത്തിലൊരു ബോർഡ് രൂപീകരിക്കുന്നതിനുപകരം ഈ നിയമനങ്ങളും എന്തുകൊണ്ട് പി.എസ്.സി.-ക്ക് വിട്ടുകൂടാ? അതിനുപകരമായി രൂപീകരിക്കുന്ന ഈ സംവിധാനം ഫലപ്രദമാണോ? 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബില്ലിൽ 3-ാം വകുപ്പിലെ 4-ാം ഉപവകുപ്പിൽ ബോർഡ് ചെയർമാന്റെ യോഗ്യതയെ സംബന്ധിച്ച് പറയുന്നത് 'ബോർഡിന്റെ ചെയർപേഴ്സൺ സർക്കാരിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു സ്ഥാനം വഹിക്കുന്നതോ, വഹിച്ചിരുന്നതോ ആയതും ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ

ബോർഡിലെ അംഗം എന്ന നിലയിൽ പ്രവൃത്തിപരിചയം ഉള്ളതുമായ ഒരാളോ,....' ഇത് രണ്ടും കൂടി വേണമല്ലോ, എത്ര വർഷത്തെ പ്രവൃത്തിപരിചയം വേണമെന്ന് ഇതിൽ വ്യക്തമായിട്ടില്ല. പ്രവൃത്തി പരിചയത്തിന് ഒരു നിർവ്വചനമില്ല. മേൽസൂചിപ്പിച്ചതുപോലെ ചെയർമാന്റെ യോഗ്യത ഇതുമാത്രമാണ്. ബോർഡിലെ അംഗങ്ങളുടെ യോഗ്യതകൾ എന്താണ്?

'(i) സാങ്കേതികം അല്ലെങ്കിൽ മാർക്കറ്റിംഗ് അല്ലെങ്കിൽ മാനവവിഭവശേഷി എന്നിവയിലുള്ള ജനറൽ മാനേജ്മെന്റ്;' അതിൽ ഏത് കോഴ്സ് ആണ്; എന്ത് ഡിഗ്രിയാണ്; എന്ത് വിദ്യാഭ്യാസ യോഗ്യതയാണ് എന്നതിൽ ഒരു വ്യക്തതയില്ല.

'(ii) ധനകാര്യം, അക്കൗണ്ട്സ് അല്ലെങ്കിൽ കോസ്റ്റ് അക്കൗണ്ട്സ്;

(iii) നിയമം;

(iv) ഭരണ നിർവ്വഹണം (അഡ്മിനിസ്ട്രേഷൻ); എന്നീ മേഖലയിൽ പ്രവൃത്തിപരിചയം ഉള്ള ആളുകളായിരിക്കേണ്ടതാണ്.' എന്നുപറഞ്ഞാൽ എന്ത് പ്രവൃത്തിപരിചയം; എത്ര കൊല്ലത്തെ പ്രവൃത്തിപരിചയം; 'നിയമം' കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? നിയമ ബിരുദമാണോ; നിയമ പഠനമാണോ; പ്രാക്ടീസ് ആണോ; സർവ്വീസ് ആണോ; യാതൊരു വ്യക്തതയുമില്ലാതെ ഇഷ്ടപ്പെട്ട ആരേയും നിയമിക്കാൻ പഴുതുകൾ നൽകിക്കൊണ്ടുള്ള ഒരു വെള്ളപൂശലാണിത്. ബോർഡ് രൂപീകരിച്ച് നിയമനങ്ങൾ സുതാര്യമാക്കിയെന്ന് വരുത്തി തീർക്കാനുള്ള ഒരു ഓട്ടയടയ്ക്കൽ മാത്രമാണ് ഈ ബിൽ. ഈ നിയമത്തിന് ഒരു സത്യസന്ധതയും ആത്മാർത്ഥതയുമില്ല. ഇതൊരു തൊലിപ്പുറത്തെ ചികിത്സ മാത്രമാണ്. ഇവിടത്തെ യഥാർത്ഥ പ്രശ്നം നേരത്തെ പറഞ്ഞതുതന്നെയാണ്. നിയമനങ്ങൾ സുതാര്യമായിരിക്കണം. തൊഴിൽരഹിതരായും തൊഴിൽ അന്വേഷകരായും ലക്ഷക്കണക്കിന് ആളുകൾ ഉള്ളപ്പോൾ, ലഭ്യമാകുന്ന തൊഴിലവസരങ്ങൾ ചുരുങ്ങിവരുമ്പോൾ അത് നീതിപൂർവ്വമായി നൽകാനുള്ള സംവിധാനമാണ് വേണ്ടത്. ആ സംവിധാനം നിലവിലെ ഈ നിയമനിർമ്മാണത്തിലൂടെ നടപ്പിലാകുന്നില്ലെന്ന് സൂചിപ്പിച്ചുകൊണ്ട് ഫലപ്രദമായി ഈ നിയമനങ്ങളുൾപ്പെടെ പി.എസ്.സി.-ക്ക് വിടാൻ ഗവൺമെന്റ് തയ്യാറാകണമെന്നഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കാനുള്ള ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ്

(സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് എന്ന പേരിൽ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ പി.എസ്.സി. നിയമനം നടത്താത്ത തസ്തികകളിൽ ബോർഡ് നിയമനം നടത്തുകയെന്നതാണ് മുഖ്യലക്ഷ്യം. അതത് സ്ഥാപനങ്ങൾ നിയമനം നടത്തുമ്പോൾ പലപ്പോഴും യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാറില്ല. ഈ ബോർഡ് വരുന്നതോടുകൂടി അതിന് പരിഹാരം കാണാൻ സാധിക്കും. നിയമനങ്ങളുമായി ബന്ധപ്പെട്ട് ഉയർന്നുവരാറുള്ള ആരോപണങ്ങൾക്ക് ഇതോടുകൂടി അറുതി വരാനുള്ള സാധ്യതയാണ് കാണുന്നത്. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി അദ്ധ്യക്ഷനായ ബോർഡിൽ മൂന്ന് വിദഗ്ദ്ധരും ഉണ്ടാകുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നിലവിൽ KSIDC (Kerala State Industrial Development Corporation Limited), KMML(The Kerala Minerals & Metals Limited), KSEB (Kerala State Electricity Board Limited), കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ്, KSFE (The Kerala State Financial Corporation Limited) തുടങ്ങിയ 50-ഓളം സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. ആണ് നടത്തുന്നത്. ക്ലറിക്കൽ തസ്തികകളിലാണ് പി.എസ്.സി. നിയമനം നടത്തുന്നത്. സാങ്കേതിക തസ്തികകളിലെ നിയമനങ്ങളും ഇതോടുകൂടി ബോർഡിന് നൽകാനാകും. എഴുത്ത് പരീക്ഷയും അഭിമുഖവും ഉണ്ടാകുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി തന്നെ ഇക്കാര്യങ്ങളെ സംബന്ധിച്ച് സഭയിൽ വ്യക്തമാക്കിയിട്ടുണ്ട്. ബഹുമാന്യരായ കെ. എൻ. ഉണ്ണിക്കൃഷ്ണൻ, ടി. സിദ്ദിഖ്, പി. ഉബൈദുള്ള എന്നിവരെല്ലാം ചർച്ചയിൽ പങ്കെടുത്ത് ശക്തമായ പ്രതികരണം കൊണ്ടുവന്നിട്ടുള്ളതുകൊണ്ട് ഞാൻ ദീർഘമായി ഇക്കാര്യങ്ങളിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. കേരളത്തിലെ പൊതുമേഖലാരംഗത്ത് വലിയ പ്രതീക്ഷകളാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ആറ് വർഷം പിന്നിടുന്ന പിണറായി വിജയൻ സർക്കാർ കൈവരിച്ച ഒട്ടേറെ നേട്ടങ്ങളിൽ ഇന്ത്യയിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നാം വേറിട്ട് നിൽക്കുകയാണ്. പൊതുമേഖലാ വ്യവസായങ്ങളുടെ ഗതിമാറ്റം, സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള വ്യവസായ സ്ഥാപനങ്ങൾ കൈവരിച്ച ലാഭം ഇവയെല്ലാം വലിയ പ്രതീക്ഷയാണുയർത്തുന്നത്. 2016 മേയ് മാസത്തിൽ സ്ഥാനമൊഴിഞ്ഞ യു.ഡി.എഫ്. അവരുടെ കാലത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഗതിയൊന്ന് പരിശോധിക്കുന്നത് നല്ലതാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ തളർച്ചയിൽനിന്ന് തളർച്ചയിലേയ്ക്ക് നീങ്ങുകയായിരുന്നു. അപ്പോഴാണ് 'എൽ.ഡി.എഫ്. വരും എല്ലാം ശരിയാകും' എന്ന മുദ്രാവാക്യവുമായി തെരഞ്ഞെടുപ്പിനെ ഞങ്ങൾ നേരിട്ടത്. ജനങ്ങൾ അത് അംഗീകരിച്ചു. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽവന്നു. പൊതുമേഖലാ വ്യവസായ രംഗത്ത് സർക്കാർ സ്വീകരിച്ച പുനഃസംഘടനാ തന്ത്രം ഫലം കണ്ടു. ഇപ്പോഴും അത് തുടരുകയാണ്. ധനപരമായ പുനഃസംഘടന, വാങ്ങൽ നയത്തിലെ പരിഷ്കാരം, പൊതുമേഖലാ സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, കേന്ദ്ര പൊതുമേഖലാ

സ്ഥാപനങ്ങളുമായുള്ള സംയോജനം, മാനേജ്മെന്റിലെ പൊളിച്ചെഴുത്ത്, തുടർച്ചയായ മോണിറ്ററിംഗ്, അഴിമതി ഒഴിവാക്കാനുള്ള നടപടി തുടങ്ങിയ പാക്കേജിലൂടെ പൊതുമേഖലയെ വിപുലീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കി. അതുകൊണ്ടുതന്നെ പൊതുമേഖലയെ ലാഭത്തിലാക്കാൻ സാധിച്ചു. അതുവഴി സ്വന്തം ലാഭത്തിൽനിന്ന് ഇതിനുള്ള മൂലധനം സംഭരിക്കാനും സാധിക്കുമെന്ന് നാം തെളിയിച്ചു. എൽ.ഡി.എഫ്. മുന്നോട്ടുവയ്ക്കുന്ന നയങ്ങൾ വെറും വ്യാമോഹമല്ലെന്ന് തെളിയിച്ച് അഭിമാനപൂർവ്വം പിണറായി സർക്കാർ മുന്നോട്ടുപോകുകയാണ്. യു.ഡി.എഫ്. ഭരണത്തിൽ പൊതുമേഖല കാട്ടാന കയറിയ കരിമ്പിൻതോട്ടം പോലെയായിരുന്നു. ഉദാഹരണം എനിക്കുതന്നെ ചൂണ്ടിക്കാണിക്കാൻ സാധിക്കും. നെയ്യാറ്റിൻകരയിൽ കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് (കെ.എ.എൽ.) എന്ന സ്ഥാപനം ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. പ്രതിപക്ഷ ഉപനേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി വ്യവസായ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് അവിടെ എം.ഡി. ആയി ശ്രീ. ബഷീറിനെ നിയമിച്ചത് ഇപ്പോഴും ഓർമ്മയുണ്ട്. അദ്ദേഹം അവിടെ വന്ന് ചാർജ്ജ് എടുത്തു. അതിന് മുമ്പുവരെ കെ.എ.എൽ. ഒരു മാസം 300 ആട്ടോറിക്ഷകൾ നിർമ്മിച്ച് ബംഗ്ലാദേശ്, ശ്രീലങ്ക, ഈജിപ്ത് എന്നീ രാജ്യങ്ങളിലേയ്ക്കുപോലും കയറ്റി അയയ്ക്കുമായിരുന്നു. രണ്ടര വർഷം പിന്നിട്ടപ്പോൾ അതിന്റെ ഉൽപ്പാദനം നിലച്ചു. അവസാനം എം.ഡി. ശമ്പളം കൊടുക്കാൻ എവിടെനിന്നെങ്കിലും പൈസ കടംവാങ്ങി ബാഗിൽവച്ച് കൊണ്ടുവരും. ജീവനക്കാരെ വിളിച്ച് ശമ്പളം കുറച്ച് കൊടുക്കും. കെ.എ.എൽ.-ലെ ഉൽപ്പാദനം നിലച്ചു. 400-ഓളം ജീവനക്കാർ പണി ചെയ്തിരുന്ന സ്ഥാപനം തകർന്നു. ഈ സ്ഥാപനത്തിൽ ജോലിയുള്ള ജീവനക്കാർ നല്ല വീടുകളിൽപ്പോയി വിവാഹമൊക്കെ കഴിച്ചു. അവസാനം വരുമാനം നിലച്ചപ്പോൾ കെ.എ.എൽ.-ലേയ്ക്ക് വരുന്നുവെന്ന് വീട്ടിൽ പറഞ്ഞിട്ട് പ്ലംബിംഗിനും മറ്റ് ജോലിക്കും വേറെ സ്ഥലങ്ങളിൽപ്പോയി പണിയെടുത്ത് ജീവിക്കേണ്ട ഗതികേടിലായി. കേരള ആട്ടോമൊബൈൽ ലിമിറ്റഡ് എന്ന സ്ഥാപനം തകർന്നു. അന്ന് ഞാൻ അവിടത്തെ യൂണിയൻ നേതാവായിരുന്നു. സെക്രട്ടേറിയറ്റിലേയ്ക്ക് പട്ടിണി ജാഥ നടത്തി അവരെ സംരക്ഷിക്കാൻ നടത്തിയ ഇടപെടൽ എനിക്ക് ഇന്നും ഓർമ്മയുണ്ട്. ആ സ്ഥാപനം അന്ന് ശവപ്പറമ്പ് പോലെ കിടക്കുകയായിരുന്നു. ഇ.എം.എസ്. കേരളത്തിലെ മുഖ്യമന്ത്രിയായിരുന്ന കാലത്ത് സ്ഥാപിതമായ ബാലരാമപുരം സ്പിന്നിംഗ് മില്ലും തകർന്ന് തരിപ്പണമായി അടച്ചുപൂട്ടി പോയി. ശ്രീ. വി. എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ശ്രീ. എളമരം കരീം വ്യവസായ വകുപ്പുമന്ത്രിയായിരുന്നപ്പോൾ അത് പുനഃസ്ഥാപിച്ചു.

4.00 P.M.]

നമ്മുടെ വ്യവസായ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ ഏറെക്കുറെ സമാനമാണ്. പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത, കാലഹരണപ്പെട്ട സാങ്കേതികവിദ്യ, പ്രൊഫഷണൽ മാനേജ്മെന്റിന്റെ അഭാവം ഇവയെല്ലാം

പൊതുമേഖലാ സ്ഥാപനങ്ങളുടെ വളർച്ചയെ ബാധിക്കുകയാണ്. അതിൽ ടെക്സ്റ്റൈൽ, പരമ്പരാഗത മേഖലകൾ എന്നിവ ഈ പ്രശ്നം ഏറ്റവും കൂടുതൽ നേരിടുന്നവയാണ്. എന്നാൽ കെൽട്രോൺ ലാഭകരമായത് ഇലക്ട്രോണിക്സ് രംഗത്തെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തണമെന്ന സന്ദേശമാണ് നമുക്ക് നൽകുന്നത്. യു.ഡി.എഫ്. ഭരണകാലത്ത് തലപ്പത്തിരിക്കുന്നവരുടെ സുഖലോലുപത, സാമ്പത്തിക നേട്ടത്തിനായുള്ള ഇടപെടലുകൾ എന്നിവ കാരണം അഴിമതിയുടെ കൂത്തരങ്ങായിമാറി. തൊഴിലാളികൾക്ക് ജീവിത പ്രാരാബ്ധങ്ങളാണ് അന്ന് സമ്മാനിച്ചത്. ആ ദുഷ്പ്പേര് മാറ്റിയെടുക്കുകയെന്ന ഉത്തരവാദിത്വമാണ് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ ചെയ്തത്. സർക്കാർ നടത്തിയ സമഗ്ര ഇടപെടലാണ് ഇന്നത്തെ ചരിത്ര നേട്ടത്തിന് ആധാരമായത്. ഇന്നത്തെ അടിത്തറയിൽ നിന്നുകൊണ്ട് നിലവിലുള്ള എല്ലാ വ്യവസായങ്ങളെയും പുനരുദ്ധരിക്കുകയും അതിൽനിന്നുള്ള ആദായം ഉപയോഗപ്പെടുത്തി പുതിയ സംരംഭങ്ങൾക്ക് വഴിയൊരുക്കുകയും ചെയ്താൽ സംസ്ഥാനത്തിന്റെ വ്യാവസായികരംഗം വലിയ പുരോഗതിയിലേയ്ക്ക് നീങ്ങുമെന്നുള്ളത് ഉറപ്പാണ്. ബോർഡ് വന്നാൽ പുറം വാതിലിലൂടെ നിയമനവും അഴിമതിയും നടക്കും, രാഷ്ട്രീയ തീരുമാനമെടുത്ത് ആരെയെങ്കിലും അതിൽ പോസ്റ്റ് ചെയ്യും എന്നൊക്കെയുള്ള ആശങ്ക ഇവിടെ പ്രകടിപ്പിക്കുന്നുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരാണല്ലോ സഹകരണ മേഖലയിലെയും ദേവസ്വം മേഖലയിലെയും രണ്ട് റിക്രൂട്ട്മെന്റ് ബോർഡുകൾ കൊണ്ടുവന്നത്. കഴിഞ്ഞ ആറ് വർഷത്തിനിടയിൽ ഈ നിമിഷംവരെ ദേവസ്വം ബോർഡ് റിക്രൂട്ട്മെന്റിലോ സഹകരണ മേഖലയിലെ റിക്രൂട്ട്മെന്റിലോ അഴിമതിയുടെ ഒരംശമെങ്കിലും പറയാൻ പ്രതിപക്ഷത്തിനോ മാധ്യമങ്ങൾക്കോ അവസരം ലഭിച്ചിട്ടുണ്ടോ; അപ്പോൾ എന്തിനാണ് ഈ ആശങ്ക? ദേശീയതലത്തിൽ ഇന്ന് നിലനിൽക്കുന്ന സാഹചര്യങ്ങളെക്കുറിച്ചുകൂടി നാം കാണേണ്ടതായിട്ടുണ്ട്. രാജ്യത്തെ അതിപ്രധാനമായ അഞ്ച് പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കാനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം ഏറെ ആശങ്കയുണ്ടാക്കുന്നതാണ്. മഹാരത്ന കമ്പനിയായ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, നവരത്ന കമ്പനികളായ ഷിപ്പിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, കണ്ടെയ്നർ കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്നിവയടക്കമുള്ള സ്ഥാപനങ്ങളാണ് കേന്ദ്രസർക്കാർ ഏറ്റവും ഒടുവിൽ വിൽപ്പനയ്ക്കുവച്ചത്. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ഉൾപ്പെടെയുള്ള 23 സ്ഥാപനങ്ങളുടെ 51 ശതമാനത്തിൽത്താഴെ ഓഹരികൾ വിൽക്കാനും തീരുമാനിച്ചുകഴിഞ്ഞു. നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിൽ പൊതുമേഖലാ സ്വകാര്യവൽക്കരണത്തിലൂടെ 1,50,000 കോടി രൂപ സമാഹരിക്കുകയാണ് മോദി സർക്കാരിന്റെ ലക്ഷ്യം. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കേന്ദ്രസർക്കാരിനെ താങ്ങിനിർത്താൻ ഈ വിറ്റുതുലയ്ക്കൽ സഹായിക്കുമെന്നാണ് പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയും ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമനും കണക്കുകൂട്ടുന്നത്. രാജ്യത്തിന്റെ അഭിമാനസ്തംഭമായ പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നൊന്നായി

വിറ്റഴിച്ച് ഇന്ത്യയെ മഹാദുരന്തത്തിലേയ്ക്കാണ് മോദി സർക്കാർ നയിക്കുന്നത്. സമ്പദ്ഘടനയുടെ നട്ടെല്ലായ പൊതുമേഖലാ സ്ഥാപനങ്ങൾ കിട്ടുന്ന വിലയ്ക്ക് വിൽക്കുക എന്നതിനർത്ഥം 'വിത്തെടുത്ത് കുത്തുക' എന്നാണ്. സ്വാതന്ത്ര്യാനന്തരം ത്യാഗപൂർണ്ണമായ സമർപ്പണത്തിലൂടെ ഇന്ത്യൻ ജനത കെട്ടിപ്പടുത്തതാണ് രാജ്യത്തെ വൻകിട പൊതുമേഖലാ സ്ഥാപനങ്ങൾ. ഏത് സാമ്പത്തിക പ്രതിസന്ധിയുടെ കൊടുംകാറ്റിലും സമ്പദ്ഘടനയെ ഉലയാതെ താങ്ങിനിർത്തിയത് ഈ സ്ഥാപനങ്ങളാണ്. സ്വകാര്യവൽക്കരണത്തിന്റെ പേവിഷം ബാധിച്ച മോദി സർക്കാർ ഇപ്പോൾ വൻ ലാഭമുണ്ടാക്കുന്ന നവരത്ന കമ്പനികളിലും കൈവച്ചിരിക്കുകയാണ്. എന്ത് ചെയ്തും പൊതുമേഖലയെ കോർപ്പറേറ്റുകൾക്ക് അടിയറവയ്ക്കുമെന്ന വാശിയിലാണ് സംഘ്പരിവാർ. തീവ്രഹിന്ദുത്വവും കോർപ്പറേറ്റ് മൂലധന ശക്തികളുമായുള്ള ചങ്ങാത്തമാണ് ഇതിലൂടെ വെളിപ്പെടുത്തുന്നത്. മോദി സർക്കാരിനെ അധികാരത്തിലേറ്റാൻ കോടികൾ ഒരുക്കിയ കോർപ്പറേറ്റുകൾക്ക് സംഘ്പരിവാർ നൽകുന്ന പ്രത്യുപകാരമാണ് ഈ പൊതുമേഖലയ്ക്കുമേലുള്ള കടന്നാക്രമണം. ഇതാണ് ദേശീയ സാഹചര്യം. ഈ സാഹചര്യത്തിൽ നിന്നുകൊണ്ടുവേണം കേരളത്തിലെ പൊതുമേഖലാ സംരംഭങ്ങളെ വളർത്തിയെടുക്കാനും ആ മേഖലയിൽ ഗവൺമെന്റിന് ഇടപെടാനും. പല പൊതുമേഖല വ്യവസായ സ്ഥാപനങ്ങളിലും ടോപ് മാനേജുമെന്റും മിഡിൽ മാനേജുമെന്റുമില്ല. നിയമനം നടക്കുന്നില്ല. കേരളത്തിന്റെ സമ്പദ്ഘടനയിൽ ഏറ്റവും കൂടുതൽ സ്വാധീനിക്കാൻ കഴിയുന്ന പൊതുമേഖലാ സ്ഥാപനത്തിൽ നിയമനം നടക്കണം, അതിൽ ടോപ് മാനേജുമെന്റും മിഡിൽ മാനേജുമെന്റും വേണം, കൂടുതൽ തൊഴിലാളികൾ വേണം. പി.എസ്.സി. വഴിയുള്ള നിയമനം കാത്തുനിൽക്കാതെ അവസരോചിതമായി ഇടപെടാൻ ഈ ബോർഡ് ഉപകരിക്കുമെന്ന പ്രതീക്ഷയാണ് ഇക്കാര്യത്തിലുള്ളത്. അതുകൊണ്ട് ഈ ബോർഡ് രൂപീകരിക്കാൻ കഴിയണമെന്നാണ് എന്റെ അഭിപ്രായം. ഞാൻ ഇതിനെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, രണ്ട് നിയമങ്ങളെക്കുറിച്ചും പൊതുവായ വ്യവസായാന്തരീക്ഷത്തെക്കുറിച്ചും വളരെ നല്ല ചർച്ചയാണ് ഇവിടെ നടന്നിട്ടുള്ളത്. ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഇവിടെ പരാമർശിക്കപ്പെട്ടിട്ടുണ്ട്. പൊതുവെ വ്യവസായത്തിനനുകൂലമായ ഒരന്തരീക്ഷം രൂപംകൊള്ളുന്നുണ്ടെന്നും അതിന്റെ മാറ്റങ്ങൾ എല്ലാ തലങ്ങളിലും പ്രതിഫലിക്കുന്നുണ്ടെന്നുമാണ് സർക്കാർ കരുതുന്നത്. നമ്മുടേതായ ഒരു പരിമിതി അല്ലെങ്കിൽ നമ്മുടെ രീതിയുടെ ഒരു പ്രശ്നം ചർച്ചകളിലും പ്രതിഫലിക്കുകയുണ്ടായി. അടുത്ത കാലത്ത് തലശ്ശേരിയിലുണ്ടായ ഒറ്റപ്പെട്ട ഒരു സംഭവമാണ് അതിലൊന്ന്. ആ സംഭവം ശ്രീ. മഞ്ഞളാംകുഴി അലിയും ശ്രീ. സണ്ണി ജോസഫും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുതന്നെയാണ്. നമ്മൾ അത്തരം സംഭവങ്ങൾ മാത്രം ചർച്ച

ചെയ്യുമ്പോൾ കേരളമാകെ ആ ചർച്ച കേന്ദ്രീകരിക്കുന്നില്ലെങ്കിൽപ്പോലും പൊതുമണ്ഡലത്തിലേയ്ക്ക് ഇത് പോകുന്നുണ്ട്. നാളെ കഴിഞ്ഞ് കേരളം ഒരു ചരിത്ര സംഭവത്തിന് സാക്ഷ്യം വഹിക്കാൻ പോകുകയാണ്. രാജ്യത്തിന്റെ ചരിത്രത്തിലാദ്യമായി തദ്ദേശീയമായി നിർമ്മിച്ച ഒരു എയർ ക്യാരിയർ ആദരണീയനായ പ്രധാനമന്ത്രി നാവികസേനയ്ക്ക് കൈമാറുകയാണ്. അത് നിർമ്മിച്ചത് കേരളത്തിലെ കൊച്ചിൻ ഷിപ്‌യാർഡിലാണ്. കൊച്ചിൻ ഷിപ്‌യാർഡിന്റെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ (സി.എം.ഡി.) ശ്രീ. മധു നായർ നമ്മുടെ ക്യാമ്പസിന്റെതന്നെ പ്രോഡക്ടാണ്. കേരളത്തിൽ ഈ സംരംഭം നടത്തുന്നതിൽ ഏറ്റവും അനുകൂലമായ അന്തരീക്ഷമാണുള്ളതെന്നാണ് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞത്. അത് പൂർത്തീകരിക്കാൻ 15 വർഷമെടുത്തു. അടുത്തത് 7 വർഷംകൊണ്ട് പൂർത്തീകരിക്കാമെന്നാണ് ഇപ്പോൾ അദ്ദേഹം പറയുന്നത്. തൊഴിലാളികളുടെ പണിമുടക്കംമൂലം ഒരു ദിവസംപോലും നഷ്ടപ്പെട്ടില്ല. എല്ലാ ട്രേഡ് യൂണിയനുകളും തൊഴിലാളികളും അതുമായി സഹകരിച്ചു. നല്ല പ്രൊഡക്ടിവിറ്റിയുണ്ടായി. രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും വന്നപ്പോൾ രണ്ട് തവണ എനിക്ക് അവിടെ സന്ദർശിക്കാൻ അവസരം ലഭിക്കുകയുണ്ടായി. ഇത്രയും പ്രധാനപ്പെട്ട ഒന്ന് കേരളത്തിൽ നടക്കുകയും ഈ രൂപത്തിലുള്ള ഒരു അന്തരീക്ഷമുണ്ടെന്ന് അതിന്റെ സി.എം.ഡി. പറയുകയും ചെയ്യുന്നത് ഇപ്പോൾ ഞാൻ പറഞ്ഞപ്പോഴായിരിക്കും ബഹുമാന്യരായ പല എം.എൽ.എ.-മാരുടെയും ശ്രദ്ധയിൽ വന്നിട്ടുണ്ടാവുക. കാരണം, അതിന്റെയൊരു കവറേജ് കിട്ടിയിട്ടുണ്ടാവില്ല. അവിടെ ഒരു ദിവസം പണിമുടക്ക് നടന്നിരുന്നെങ്കിൽ ഇൻഡീജിനസ് ക്യാരിയർ ഇതാ തടസ്സപ്പെടുത്താൻ പോകുന്നു, കേരളത്തിൽ ഒന്നും വരില്ലെന്നുള്ളത് ലോകമാകെ അറിയുമായിരുന്നു. കൊച്ചിൻ ഷിപ്‌യാർഡ് ചെയർമാന്റെ പ്രസ് മീറ്റിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. വെല്ലിംഗ്ടൺ ഐലൻഡിൽ ഏകദേശം 900 കോടി രൂപയുടെ ഷിപ്പ് റിപ്പയറിംഗ് യാർഡ് കൊണ്ടുവരാനും കപ്പൽ നിർമ്മാണത്തിലും റിപ്പയറിംഗിലും കേരളത്തെ ഇന്ത്യയുടെ ഹബ്ബാക്കി മാറ്റാനുമാണ് ശ്രമിക്കുന്നതെന്ന് അതിൽ അദ്ദേഹം പറയുന്നുണ്ട്. രണ്ടാമത്തേത് ബി.പി.സി.എൽ. ആണ്. ഒരു ലക്ഷം കോടി രൂപയിലധികം പുതിയ നിക്ഷേപങ്ങൾ വരുമ്പോൾ, 12,000 കോടി രൂപയുടെ പ്രോജക്ട് പൂർത്തീകരിച്ച ഘട്ടത്തിൽ എല്ലാ ട്രേഡ് യൂണിയനുകളും അവിടെ യോഗം ചേർന്നു. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അതിലെല്ലാം ഇടപെട്ടിരുന്ന ആളാണ്. ശ്രീ. എളമരം കരീം, ശ്രീ. ചന്ദ്രശേഖരൻ തുടങ്ങിയ പ്രധാനപ്പെട്ട എല്ലാ ട്രേഡ് യൂണിയൻ നേതാക്കളും അതിൽ പങ്കെടുത്തു. ഒരു കമ്മിറ്റി രൂപീകരിച്ചു. എന്തെങ്കിലും തർക്കം വന്നാൽ അപ്പോൾ അത് പരിഹരിക്കാനാവശ്യമായ സംവിധാനങ്ങൾ യു.ഡി.എഫ്., എൽ.ഡി.എഫ്. ഗവൺമെന്റുകളുടെ കാലത്തുണ്ടാക്കിയിരുന്നു. നിശ്ചയിച്ചതിനേക്കാൾ മുമ്പ് ആ പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞു. നമ്മുടെ നാട്ടിൽ

ഒറ്റപ്പെട്ട ചില സംഭവങ്ങളുണ്ടെന്നുള്ളത് ശരിയാണ്. അത് മാറേണ്ടതും തിരുത്തേണ്ടതുമാണ്. എന്നാൽ ഇങ്ങനെയുള്ള പോസിറ്റീവായ കാര്യങ്ങൾകൂടി സമൂഹത്തിലെത്തിക്കാൻ നമ്മളെല്ലാവരും ശ്രമിക്കണമെന്ന് കഴിഞ്ഞ ആഴ്ച ഞാൻ സൂചിപ്പിക്കുകയുണ്ടായി. ഈസ് ഓഫ് ഡൂയിംഗ് ബിസിനസിൽ കേരളം 28 ശതമാനത്തിൽനിന്ന് 15 ശതമാനത്തിലേയ്ക്ക് എത്തിയെന്നുള്ളത് നമ്മുടെ എം.എൽ.എ.-മാരിലേയ്ക്കുപോലും എത്തിയില്ലെന്നുള്ളത് ഇവിടെ കണ്ടല്ലോ? അത് അവരുടെ കുഴപ്പമല്ല. ഈ പറഞ്ഞ പ്രശ്നമാണ്. ഏഷ്യയിൽ ഏറ്റവും കൂടുതൽ കൃത്രിമ പല്ലുണ്ടാക്കുന്ന കമ്പനി കേരളത്തിലാണ്. എറണാകുളം ജില്ലയിലെ മൂവാറ്റുപുഴയിലാണ് ഈ കമ്പനി പ്രവർത്തിക്കുന്നത്. അതുപോലെതന്നെ ഏറ്റവും പ്രധാനപ്പെട്ട പരിശോധനകൾക്കാവശ്യമായ കൺസ്യൂമബിൾസ് ഉണ്ടാക്കുന്ന, സ്വിറ്റ്സർലൻഡിലും യൂറോപ്പിലുമെല്ലാം ആസ്ഥാനമുള്ള കമ്പനി പ്രവർത്തിക്കുന്നതും കേരളത്തിൽ എറണാകുളം ജില്ലയിലാണ്. അതുപോലെ സ്പൈസസിൽനിന്നും എക്സ്ട്രാക്റ്റ് എടുക്കുന്ന ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് കമ്പനികൾ എറണാകുളം ജില്ലയിലുണ്ട്. അവയെല്ലാം നന്നായി പ്രവർത്തിക്കുന്നുണ്ട്. ഇവിടെ ആകെ കുഴപ്പമാണെന്ന് പറഞ്ഞ് മറ്റൊരു സംസ്ഥാനത്തിലേയ്ക്ക് പോയവരുടെ കമ്പനിയും യാതൊരു തർക്കങ്ങളുമില്ലാതെ ഇപ്പോഴും നല്ലരീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ബ്ലഡ് ബാഗുണ്ടാക്കുന്ന ഏഷ്യയിലെ ഏറ്റവും പ്രധാനപ്പെട്ട കമ്പനി തിരുവനന്തപുരം ജില്ലയിലാണ്. ഇങ്ങനെയുള്ളതെല്ലാം നമ്മുടെ നാട്ടിലുണ്ടെന്നുള്ളത് ലോകത്തെ നമ്മളെല്ലാവരും അറിയിക്കണം.

ഐ.ടി. രംഗത്ത് കുറച്ച് കുറവുകളുണ്ടെന്നും ഇപ്പോൾ പിറകോട്ടു പോകുകയാണെന്നും പറഞ്ഞു. അതാണോ യാഥാർത്ഥ്യം? IBM-ന്റെ ഇൻഡ്യയിലെ ഓപ്പറേഷൻസ് കൊച്ചിയിൽ ആരംഭിച്ചുകഴിഞ്ഞു. Tata Consultancy Services (TCS)-ന്റെ 36 ഏക്കറിലെ ക്യാമ്പസ് കൊച്ചിയിൽ വരുന്നു; ഇവിടെ അവരുടെ ക്യാമ്പസുണ്ട്. തിരുവനന്തപുരത്ത് കിൻഫ്ര കൊടുത്ത സ്ഥലത്തേയ്ക്ക് Tata Elxsi-യുടെ 60 ശതമാനം വർക്ക് ഫോഴ്സ് മാറുകയാണ്. അടുത്ത ഒന്നര ലക്ഷം സ്ക്വയർഫീറ്റിനുള്ള MoU ഒപ്പുവയ്ക്കാൻ പോകുകയാണ്. അതുപോലെതന്നെ Tata Elxsi-യുടെ വലിയൊരു സ്ഥാപനം കോഴിക്കോട് പ്രവർത്തനമാരംഭിക്കാൻ പോകുകയാണ്. കഴിഞ്ഞ ദിവസം ബഹുമാന്യനായ മുഖ്യമന്ത്രി കാക്കനാട് ഇൻഫോപാർക്കിന്റെ അടുത്ത ഘട്ടത്തോടൊപ്പം ഒരു ലക്ഷത്തിലധികം സ്ക്വയർ ഫീറ്റിൽ വരുന്ന Cognizant ഉദ്ഘാടനം ചെയ്തു. ഇങ്ങനെയുള്ള മാറ്റം നമ്മുടെ നാട്ടിൽ വന്നുകൊണ്ടിരിക്കുന്നു.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, അങ്ങ് സ്റ്റാർട്ടപ്പുകളെക്കുറിച്ച് പറഞ്ഞതുകൊണ്ടാണ്, സ്റ്റാർട്ടപ്പുകളെ എന്റർടെയിൻ ചെയ്യാൻവേണ്ടി ഓരോ ലോക്കൽ ബോഡിയിലും പല ഇന്റേൺസിനെയും അപ്പോയിന്റ് ചെയ്തിട്ടുണ്ട്. അത്തരം ആളുകളെ എം.എൽ.എ.-മാരുമായി കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് യോഗങ്ങൾ വിളിച്ചുചേർക്കാൻ മുൻകയ്യെടുക്കാമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാന്യനായ സ്പീക്കറുടെ മണ്ഡലത്തിലാണ് അതിന്റെ മണ്ഡലതല ഉദ്ഘാടനം നടത്തിയത്. അത് വളരെ നല്ല പരിപാടിയായിരുന്നു; നല്ല സംരംഭകർ പങ്കെടുത്തു. മറ്റ് പല എം.എൽ.എ.-മാരുടെയും മണ്ഡലത്തിൽ ആ യോഗങ്ങൾ നടന്നു കൊണ്ടിരിക്കുന്നുണ്ട്. ഇന്റേൺസിന്റെ ലിസ്റ്റടങ്ങിയ കൈപ്പുസ്തകം എം.എൽ.എ.-മാർക്ക് കഴിഞ്ഞ സമ്മേളനത്തിൽ നൽകിയിരുന്നു. ആ കൈപ്പുസ്തകത്തിനകത്ത് ഓരോ എം.എൽ.എ.മാരുടെയും മണ്ഡലത്തിലെ ഇന്റേണുകൾ ആരാണെന്നും അവരുടെ ഫോൺ നമ്പരും കൊടുത്തിട്ടുണ്ട്. ഇവിടെ ബഹുമാന്യനായ ജോബ് മൈക്കിൾ പറഞ്ഞതുപോലെ മണ്ഡലതലത്തിൽ അത്തരം കാര്യങ്ങളെ ഏകോപിപ്പിക്കുന്നതിനും നേതൃത്വം നൽകുന്നതിനും എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ അത്തരമൊരു സമിതിയും നമുക്ക് ആലോചിക്കാവുന്നതാണ്.

എത്രയോ കാലമായി പൂട്ടിക്കിടന്നതാണ് 'CRAZE Biscuit' കമ്പനി. അവർ ഇപ്പോൾ ബിസ്കറ്റ് മാനുഫാക്ചറിംഗിന് ആദ്യഘട്ടമായി 150 കോടി രൂപയുടെ നിക്ഷേപം നടത്തിയിരിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷമുള്ള 'മീറ്റ് ദി ഇൻവെസ്റ്റർ' പ്രോഗ്രാമിൽ വന്നതാണ്. കോഴിക്കോട് കിനാലൂരിൽ അവർ പ്രൊഡക്ഷൻ ആരംഭിച്ചുകഴിഞ്ഞു. നല്ല മാറ്റമാണ് ഉണ്ടായിരിക്കുന്നത്. അങ്ങ് പറഞ്ഞത്, ചിലയിടങ്ങളിൽ പോയി കൊടികുത്തുന്നു, അതാണ് പ്രശ്നമെന്നാണ്. ചിലയിടത്ത് ഉണ്ടാകുന്നുണ്ട്. അത് ഞങ്ങൾക്ക് നല്ല ധാരണയുണ്ട്. ഞങ്ങൾ അത് പറഞ്ഞിട്ടുമുണ്ട്. ഞങ്ങളുടെ കൊടിയായാലും നിങ്ങളുടെ കൊടിയായാലും ആ കൊടിക്ക് അതിന്റേതായ ഒരു മഹനീയതയുണ്ട്. ഏതെങ്കിലും ഒരു പദ്ധതി വരുമ്പോൾ അതിനെ തടയാൻവേണ്ടി അവിടെ പോയി കുത്താനുള്ളതല്ല ഒരു പാർട്ടിയുടെയും കൊടി. ആ കാഴ്ചപ്പാടാണ് ഞങ്ങൾക്കുള്ളത്. എവിടെയെങ്കിലും ഒറ്റപ്പെട്ട സംഭവങ്ങളുണ്ടായിട്ടുണ്ടാകാം. പൊതുവെ, ആ കാഴ്ചപ്പാടാണ് ഗവൺമെന്റിനുള്ളത്. രാഷ്ട്രീയ പാർട്ടികൾക്കും ആ കാഴ്ചപ്പാടുതന്നെയാണ് വേണ്ടത്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഭരണനേതൃത്വവും രാഷ്ട്രീയ നേതൃത്വവും ചിന്തിക്കുന്നതുപോലെ താഴെക്കിടയിലുള്ള ജനങ്ങൾ ചിന്തിക്കുന്നില്ല. അവർ ചെറിയ പ്രശ്നമുണ്ടായാൽ കൊടിപിടിച്ച് മുദ്രാവാക്യം വിളിക്കുകയാണ് ചെയ്യുന്നത്. ഏത് സംരംഭമായാലും അതിനുവേണ്ടി സംരംഭകർ എടുത്ത എഫർട്ടിനെക്കുറിച്ചോ ബാങ്ക് ലോണിനെക്കുറിച്ചോ ഒന്നും അവർ അറിയുന്നില്ല; അവർ സമരം ചെയ്യുന്നു. അതിന് ചില രാഷ്ട്രീയ പാർട്ടികൾ ലോക്കലായി പിന്തുണ നൽകുന്നു. അങ്ങനെ ഈ സംരംഭം പൂട്ടിപ്പോകുന്നു. താഴെക്കിടയിലുള്ള ജനങ്ങളെ ലിറ്ററേറ്റ് ചെയ്യാനുള്ള ഒരു സംവിധാനംകൂടി ഭരണതലത്തിലും രാഷ്ട്രീയതലത്തിലും ഉണ്ടാക്കുമോ?

ശ്രീ. പി. രാജീവ്: സർ, അതിന്റെ സ്ലക്ചേർഡായ പരാതിപരിഹാര സംവിധാനത്തെപ്പറ്റിയാണ് ഈ നിയമം ചർച്ച ചെയ്യുന്നത്. വ്യവസായം മാത്രമല്ല, വ്യാപാരം തുടങ്ങുമ്പോഴുമുള്ള പ്രശ്നങ്ങൾ ബഹുമാന്യനായ ശ്രീ. മഞ്ഞളാംകുഴി അലി എം.എൽ.എ. ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നെസ്റ്റോയിൽ വലിയ പ്രശ്നം വന്നു. സി.ഐ.ടി.യു.-വിന്റെ നേതാവായ ശ്രീ. എളമരം കരീം, ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് എന്നിവർ അതിൽ ഇടപെട്ട്, എല്ലാവരുംകൂടി ചർച്ച ചെയ്തു. കൽപ്പറ്റയിൽ പ്രതിപക്ഷ യൂണിയനാണ് ഒന്നാമതായി നിൽക്കുന്നത്, സി.ഐ.ടി.യു.-ഉം മറ്റ് യൂണിയനുകളുമുണ്ട്. അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് ധാരണയുണ്ടാക്കി. 650 കോടി രൂപയുടെ പദ്ധതികളാണ് അവർ പ്രഖ്യാപിച്ചത്. അതിലൊന്ന് എടപ്പാളിൽ ഉദ്ഘാടനം ചെയ്ത് കഴിഞ്ഞെന്നാണ് തോന്നുന്നത്. ബഹുമാന്യനായ എം.എൽ.എ. ഡോ. കെ. ടി. ജലീൽ ഇടപെട്ടതാണ്. യൂണിയനുകൾ അവിടെ പ്രശ്നം ഉണ്ടാക്കിയതുമാത്രമേ ലോകം അറിഞ്ഞുള്ളൂ. നേതൃത്വം ഇടപെട്ട് ഇവയെല്ലാം പരിഹരിച്ച് അവർ ഇവിടെ നിക്ഷേപങ്ങൾ നടത്തിയതും അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നതും ആരും അറിഞ്ഞില്ല എന്നത് നമ്മുടെ ഒരു പൊതുവായ കുറവാണ്. കേരളത്തിന്റെ അംബാസിഡർമാരായി കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാവരും മാറണം. തലശ്ശേരിയിലെ കാര്യം നേരത്തെ സൂചിപ്പിച്ചു. അതിൽ ഫൈൻ ഈടാക്കിയത് സംബന്ധിച്ച് കോടതിയുടെ വിധിയുണ്ടായിരുന്നു. കോടതിവിധി നടപ്പിലാക്കുന്നതിൽ ഉദ്യോഗസ്ഥർ പറഞ്ഞ കാര്യം ന്യായമല്ലാത്തതാണ്. അന്ന് അവർക്ക് കോടതിയിൽ കേസുണ്ടായിരുന്നതുകൊണ്ട് പോകേണ്ടി വന്നുവെന്നും അതുകൊണ്ട് ഓർഡർ നടപ്പിലാക്കാൻ കഴിഞ്ഞില്ലെന്നുമാണ് പറഞ്ഞത്. ഉദ്യോഗസ്ഥർക്കിടയിലും നല്ലമാറ്റം വന്നിട്ടുണ്ട്. ഇന്നത്തെ കണക്ക് നോക്കൂ, ഓരോ ജില്ലയിലും എത്ര സംരംഭം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഏത് മേഖലയിലാണെന്നും പഞ്ചായത്തുൾപ്പെടെയുള്ള കൃത്യമായ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്. 51716 MSME-കൾ ഏപ്രിൽ ഒന്നുമുതൽ ഇന്നുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 3,065 കോടി രൂപയുടെ നിക്ഷേപം വന്നുകഴിഞ്ഞു. 113489 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഇതെല്ലാം അതുപോലെ നിലനിൽക്കുമെന്ന് പറയാൻ സാധിക്കില്ല. ഇൻഡ്യയിലെ ഡ്രോപ്ഔട്ട് എന്നുപറയുന്നത് 30 ശതമാനമാണ്. ആദ്യവർഷം തന്നെ 30 ശതമാനം MSME-കളും അടച്ചുപൂട്ടുമെന്നുള്ളതാണ് രാജ്യത്തെ ശരാശരി കണക്ക്. നമുക്ക് അത്രയുമില്ല. നമ്മൾ അത് പരമാവധി കുറയ്ക്കുവാൻ ശ്രമിക്കുകയാണ്. അതുസംബന്ധിച്ച് നല്ല മാറ്റം വന്നിട്ടുണ്ട്. എന്നാൽ ഇപ്പോഴും ഉദ്യോഗസ്ഥർക്കിടയിൽ തെറ്റായ സമീപനങ്ങളുണ്ട്. പണ്ട് നമ്മെളല്ലാവരും വരുന്നവരെ സംശയത്തിന്റെ കണ്ണടവച്ചാണ് നോക്കുന്നത്. അത് മാറണം; വിശ്വാസത്തിന്റെ കണ്ണട വച്ച് നോക്കണം. സ്ഥാപനം നടന്നു കൊണ്ടിരിക്കുകയാണെങ്കിൽ പരമാവധി സഹായിക്കണം. നിയമവിരുദ്ധമായ

കാര്യങ്ങൾ നമുക്കാർക്കും അംഗീകരിക്കാൻ കഴിയില്ല. തെറ്റായ ചില പ്രവണതകൾ, നോക്കുകൂലിയടക്കമുള്ള പ്രശ്നങ്ങൾ ഇവിടെ സൂചിപ്പിച്ചല്ലോ; എല്ലാ രാഷ്ട്രീയ പാർട്ടികളും ബഹുമാന്യനായ മുഖ്യമന്ത്രി പാർട്ടി സെക്രട്ടറിയായിരിക്കുമ്പോഴും ഞങ്ങൾ പ്രതിപക്ഷത്തുള്ളപ്പോഴും നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ ട്രേഡ് യൂണിയനുകളും നിലപാട് സ്വീകരിച്ചു. അങ്ങനെ നോക്കുകൂലി ഒരു പ്രശ്നമല്ലാതായി മാറി. എന്നാൽ എല്ലാ യൂണിയനുകളുടെയും ചില തെറ്റായ പ്രവണതകൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഞാൻ എല്ലാ ട്രേഡ് യൂണിയനുകളുടെയും യോഗം വിളിച്ചു. അതിൽ എല്ലാ സ്റ്റേറ്റ് ലീഡേഴ്സും പങ്കെടുത്തു. അതിൽ അവർ തന്നെ പറഞ്ഞു, ഞങ്ങൾ പറ്റില്ലെന്ന് പറയുന്ന ചില പ്രവണതകൾ ഇപ്പോഴും അവശേഷിക്കുന്നുണ്ട്. ഇപ്പോൾ ഒരു നിർമ്മാണ കമ്പനി തുടങ്ങുമ്പോൾ പ്രധാനപ്പെട്ട ചില യൂണിയനുകളിലെ ആളുകൾ അവിടെ ചെന്ന് ഞങ്ങളിൽ ഇത്ര ആളുകളെ അവിടെ ജോലിക്ക് കയറ്റണമെന്ന് പറഞ്ഞ് ധാരണയുണ്ടാക്കുമെങ്കിലും അതിന്റെ അടിസ്ഥാനത്തിൽ ആളുകൾ കയറില്ല; ഒരു സൂപ്പർവൈസർ മാത്രം കയറും. അയാൾക്കുള്ള ശമ്പളം കൊടുത്തുകൊണ്ടിരിക്കും. ഇത് എല്ലായിടത്തുമില്ല, ഒറ്റപ്പെട്ട സംഭവങ്ങളുണ്ട്. ട്രേഡ് യൂണിയൻ റിക്രൂട്ടിംഗ് ഏജൻസിയല്ല. തൊഴിലാളികളെ അവകാശബോധത്തോടെ സംഘടിപ്പിച്ച് ഇതെല്ലാം നേടിയെടുക്കാനുള്ള സംവിധാനമാണ്. അത് ട്രേഡ് യൂണിയൻ നേതൃത്വം തന്നെ ഈ മീറ്റിംഗിൽ അംഗീകരിച്ചിട്ടുണ്ട്. ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഉണ്ടെന്ന് ഞാൻ നേരത്തെ പറഞ്ഞല്ലോ; കെ.പി.പി.എൽ., പുതിയ കമ്പനി ആരംഭിച്ചപ്പോൾ നേരത്തെ സ്ഥിരം തൊഴിലാളികളായിരുന്നവർ കോൺട്രാക്ടടിസ്ഥാനത്തിൽ വന്ന് ഓവർടൈമിൽപോലും ഒരു വേജസും വാങ്ങാതെ പ്രവർത്തിച്ചതിന്റെ ഭാഗമായിട്ടാണ് അത് മുന്നോട്ടുപോകുന്നത്. നല്ല മാറ്റം തൊഴിലാളികളുടെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. ട്രേഡ് യൂണിയൻ നേതാക്കൾ വളരെ പോസിറ്റീവായ സമീപനമാണ് സ്വീകരിച്ചത്. താഴെത്തട്ടിൽ ചില പ്രശ്നങ്ങളുണ്ടാകാം. ഉദ്യോഗസ്ഥർക്കിടയിൽ ചില ഒറ്റപ്പെട്ട പ്രശ്നങ്ങളുണ്ട്. അത് പരിഹരിക്കുന്നതിന് ഈ സംവിധാനം സഹായകരമാകും. വ്യവസായ വകുപ്പിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥരെ മൂന്ന് ദിവസം കോഴിക്കോട് ഐ.ഐ.എം.-ലേയ്ക്കും അതിന് താഴെയുള്ള ഉദ്യോഗസ്ഥരെ അഹമ്മദാബാദിൽ Entrepreneurship Development Institute-ലേയ്ക്കും പരിശീലനത്തിനയച്ചു. സംരംഭകരോട് പെരുമാറേണ്ട രീതിയും അവർക്കാവശ്യമായ സഹായങ്ങൾ ലഭ്യമാക്കേണ്ടതെങ്ങനെയെന്നും മനസ്സിലാക്കുന്നതിനാണ് ഈ പരിശീലനം. സംരംഭകരെ സഹായിക്കുന്നതിനായി 1153 ഇന്റേൺസിനെ പഞ്ചായത്തിൽ നിയോഗിച്ചിട്ടുണ്ട്. എറണാകുളത്തെ ഒരു സ്ഥാപനത്തെക്കുറിച്ച് പറഞ്ഞല്ലോ; അത് Meet-the-investor programme-ൽ വന്നതാണ്. അവർ യഥാർത്ഥത്തിൽ ട്രേഡ് യൂണിയനുമായി ചർച്ച ചെയ്ത് പ്രശ്നം

പരിഹരിച്ചു. റവന്യൂ വകുപ്പിൽനിന്നും വ്യവസായ വകുപ്പിന് എൻ.ഒ.സി. നൽകുന്നതുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങളുണ്ട്. തീപ്പെട്ടി നിർമ്മാണത്തിനാണെങ്കിൽ പട്ടയത്തിൽ തീപ്പെട്ടി നിർമ്മാണത്തിനാണെന്ന് ചേർക്കും. എന്നാൽ പ്രവർത്തനം തുടങ്ങുമ്പോൾ തീപ്പെട്ടിക്ക് ഡിമാൻഡില്ലാത്തതിനാൽ മെഴുകുതിരി നിർമ്മിക്കാമെന്ന് തീരുമാനിച്ചാൽ പട്ടയത്തിൽനിന്നും തീപ്പെട്ടി നിർമ്മാണമെന്ന പേര് മാറ്റേണ്ടിവരും. അതിനായി മൂന്നുനാല് വർഷം സമയമെടുക്കും. അപ്പോഴേയ്ക്കും മെഴുകുതിരിയുടെ ഡിമാന്റും പോയിട്ടുണ്ടാകും. അതുകൊണ്ട് ഇൻഡസ്ട്രിയെന്ന് മാത്രം എഴുതിയാൽ മതി എന്നാണ് തീരുമാനിക്കുന്നത്. ബാക്കിയുള്ള കാര്യങ്ങൾ റവന്യൂ വകുപ്പുമായി ധാരണയുണ്ടാക്കി വ്യവസായ വകുപ്പാണ് ചെയ്യേണ്ടത്. വ്യവസായ സംരംഭങ്ങളോ, ആശുപത്രിയോ, കോളേജുകളോ ആരംഭിക്കുന്നതിന് പതിനഞ്ച് ഏക്കറിൽ കൂടുതൽ സ്ഥലമുണ്ടെങ്കിൽ, exemption നൽകണമെന്ന് നിയമത്തിൽ വ്യവസ്ഥയുണ്ട്. അതിൽ കുറെ സങ്കീർണ്ണതകളുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കൂടിയ വ്യവസായ-റവന്യൂ വകുപ്പുമന്ത്രിമാരുടെ യോഗത്തിൽ തീരുമാനമായി. ഇപ്പോൾ ക്യാബിനറ്റ് തീരുമാനമെടുത്ത് അത് മന്ത്രിതല സമിതിക്ക് വിട്ടു. വ്യവസായം തുടങ്ങാൻ പതിനഞ്ച് ഏക്കറിൽ കൂടുതൽ സ്ഥലമുണ്ടെങ്കിൽ ഡി.പി.ആർ. നോക്കി ഇത്ര കോടി രൂപ നിക്ഷേപമുണ്ട്; ഇത്രപേർക്ക് തൊഴിൽ ഉണ്ടാകും; ഇത് പൊതുതാൽപ്പര്യത്തിന് നല്ലതാണ് എന്നുപറഞ്ഞ് വ്യവസായ വകുപ്പ് എൻ.ഒ.സി. നൽകിയാൽ ആ എൻ.ഒ.സി. വച്ച് റവന്യൂ വകുപ്പിന് exemption നൽകാം. റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങളെല്ലാം ഇപ്പോൾ ഓൺലൈനാക്കിയിട്ടുണ്ട്. അവർ താഴേയ്ക്ക് അപേക്ഷ സമർപ്പിച്ച് അതിന്മേൽ ലഭിക്കുന്ന റിപ്പോർട്ടിൽ എന്തൊക്കെ വാങ്ങിക്കണമെന്ന് കൃത്യമായി നിഷ്കർഷിച്ചിട്ടുണ്ടാകും. അതുവച്ച് റവന്യൂ വകുപ്പിൽ നിന്നാണെങ്കിൽ റവന്യൂ വകുപ്പുമന്ത്രിയും വ്യവസായത്തിനാണെങ്കിൽ വ്യവസായ വകുപ്പുമന്ത്രിയും ആശുപത്രിക്കാണെങ്കിൽ ആരോഗ്യ വകുപ്പുമന്ത്രിയും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണെങ്കിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരും അടങ്ങുന്ന കമ്മിറ്റി അത് പരിശോധിച്ച് എടുക്കുന്ന ശിപാർശകൾ ക്യാബിനറ്റിൽ സമർപ്പിച്ച് തീരുമാനമെടുക്കും.

ഭൂമി തരംമാറ്റലിലുള്ള സങ്കീർണ്ണത മാറ്റാൻ എല്ലാ പ്രവർത്തനങ്ങളും ഓൺലൈൻ ആക്കാൻ പോകുകയാണ്. സ്വകാര്യ എസ്റ്റേറ്റുകളുമായി ബന്ധപ്പെട്ട കാര്യത്തിൽ നയം മാറ്റാൻ പോകുന്നുവെന്ന് ഞാൻ നേരത്തെ പറഞ്ഞു. ഒരു മാസംകൊണ്ട് 24 അപേക്ഷകൾ ലഭിച്ചു. ഇന്നലെ അഞ്ചെണ്ണത്തിന് ലൈസൻസ് കൊടുക്കാൻ തീരുമാനിച്ചു. 30 ദിവസം എടുത്തില്ല. അപേക്ഷിക്കുന്നതുമുതൽ സർട്ടിഫിക്കറ്റ് നൽകുന്നതുവരെയുള്ള കാര്യങ്ങൾ ഓൺലൈൻ വഴിയാണ്

ചെയ്യുന്നത്. സംരംഭം തുടങ്ങുന്നയാൾക്ക് 30 ലക്ഷം രൂപ മുതൽ 3 കോടി രൂപവരെ ഗവൺമെന്റ് ഇൻസെന്റീവ് നൽകുന്നുണ്ട്. നിയമസഭ ആദ്യമായിട്ടാണ് ഉദ്യോഗസ്ഥരിൽനിന്നും ഫൈൻ ഈടാക്കാനുള്ള ഒരു നിയമം പാസ്സാക്കുന്നത്. പൊതുജനങ്ങളിൽനിന്നും ഫൈൻ ഈടാക്കാനുള്ള നിയമം മാത്രമേ നിലവിലുള്ളൂ. തുടങ്ങുമ്പോൾ 250 രൂപയിൽ തുടങ്ങിയിട്ട് പിന്നീട് നമുക്കത് പരിശോധിക്കാം. ഇത് പൈസ പിടിക്കണമെന്നുള്ള ഉദ്ദേശമല്ലല്ലോ; നിങ്ങൾ ഇത്ര ദിവസത്തിനുള്ളിൽ ഇത് ചെയ്തില്ലെങ്കിൽ ഈ ശിക്ഷ നിങ്ങൾക്ക് ലഭിക്കുമെന്ന് പറഞ്ഞ് മെസേജ് നൽകുകയാണ് ചെയ്യുന്നത്.

വ്യവസായ സ്ഥാപനങ്ങളിലെ വൈദ്യുതി നിരക്കുമായി ബന്ധപ്പെട്ട് പ്രശ്നമുണ്ട്. റെഗുലേറ്ററി കമ്മീഷനാണ് അതുമായി ബന്ധപ്പെട്ട തീരുമാനമെടുക്കുന്നതെന്ന് ഇവിടെ സൂചിപ്പിച്ചു. ഒരു കാര്യം ശരിയാണ്. കേരളത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വൈദ്യുതി നിരക്ക് കൂടുതലല്ല. മറ്റ് പലയിടങ്ങളിലും കൊടുക്കുന്ന ഇളവുകൾ നമുക്കധികം നൽകാൻ കഴിയാത്തതുകൊണ്ട് വ്യവസായ സ്ഥാപനങ്ങൾ ബുദ്ധിമുട്ട് നേരിടുന്നുവെന്ന് പറഞ്ഞ കാര്യം വസ്തുതകൾക്ക് നിരക്കുന്നതാണ്. അതുമായി ബന്ധപ്പെട്ട് റെഗുലേറ്ററി കമ്മീഷൻ തന്നെയാണ് തീരുമാനമെടുക്കേണ്ടത്.

ഡോ. കെ. ടി. ജലീൽ: സർ, 100 കോടിയിലധികം തുക നിക്ഷേപിക്കുന്ന ആളുകൾക്ക് സർക്കാരുമായി ബന്ധപ്പെടാനും അവരുടെ പ്രശ്നങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പരിഹാരം കാണുന്നതിനും ഒരു നോഡൽ ഓഫീസറെ നിയമിക്കാനുള്ള അങ്ങയുടെ തീരുമാനം വ്യവസായ രംഗത്ത് വളരെ കൂടുതൽ പ്രശംസ പിടിച്ചുപറ്റിയിട്ടുണ്ട്. അക്കാര്യത്തിൽ പല വ്യവസായ പ്രമുഖരും വളരെ നല്ല അഭിപ്രായവും അപ്രീസിയേഷനും അറിയിച്ചിട്ടുണ്ടെന്ന കാര്യം സാന്ദർഭികമായി സൂചിപ്പിക്കുകയാണ്.

ശ്രീ. പി. രാജീവ്: Meet-the-investor programme-ലൂടെ 100 കോടിരൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ള 21 സ്ഥാപനങ്ങൾ വന്നു. ഈ ചുരുങ്ങിയ സമയംകൊണ്ട് രണ്ടെണ്ണം പ്രൊഡക്ഷൻ ആരംഭിച്ചിട്ടുണ്ട്. അതിനായി ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തുകയാണ്. ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ഐ.എ.എസ്. ഉദ്യോഗസ്ഥരും കെ.എസ്.ഐ.ഡി.സി., കിൻഫ്ര എന്നിവയിലെ എം.ഡി.-മാരും ഒന്നിച്ചിരുന്നാണ് ഇവരുടെ പ്രശ്നങ്ങൾ കേൾക്കുന്നത്. അവർ പ്രോജക്ടുമായി മുന്നോട്ടുപോകുമ്പോൾ നമ്മൾ നോഡൽ ഓഫീസറെ നൽകും. പിന്നെ അവർ ഹാൻഡ്ഹോൾഡ് കൊടുക്കണം, എല്ലാം നിയമപരമാണ്. അതിനെല്ലാമുപരി ഇക്കാര്യങ്ങളെല്ലാം പെട്ടെന്ന് ചെയ്തു തീർക്കേണ്ട ഉത്തരവാദിത്വം ഈ ഉദ്യോഗസ്ഥനാണ്. എല്ലാ മാസവും നമ്മൾ ഇത് റിവ്യൂ ചെയ്യുന്നുണ്ട്. നല്ല

പ്രോഗ്രസ്സുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ദുബായ് എക്സ്പോയിൽ പങ്കെടുത്തതിന്റെ ഭാഗമായി രണ്ട് കമ്പനികൾ ഇവിടെ വന്നുകഴിഞ്ഞു. അവർക്ക് സ്ഥലം കൊടുത്തു. രണ്ട് കമ്പനികളുടെയും നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. വൻകിട കമ്പനികളാകണമെന്നില്ല, നമ്മുടെ സാധ്യതകൾക്കനുസരിച്ച് കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. ഈ നിയമവുമായി ബന്ധപ്പെട്ട് പറഞ്ഞ ഒരു കാര്യം പ്രസക്തമാണ്. ജില്ലാതലത്തിൽ 5 കോടി രൂപയെന്നത് നേരത്തെ സ്മാൾ സ്കെയിൽ ഇൻഡസ്ട്രിയുടെ പരിധിയായിരുന്നു. അത് ഇപ്പോൾ 10 കോടി രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. എം.എസ്.എം.ഇ.-കളുടെ പരിധി 10 കോടിയിൽ നിന്നും 50 കോടി രൂപവരെയാക്കി കേന്ദ്രം തന്നെ മാറ്റിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ഭേദഗതി വരുമ്പോൾ അതിനെക്കുറിച്ച് സൂചിപ്പിക്കാം.

പൊതുമേഖലാ സ്ഥാപനങ്ങളിലെ സാങ്കേതിക നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാത്തത് എന്തുകൊണ്ടാണെന്ന് ചോദിച്ചു. നിലവിൽ 42 പൊതുമേഖലാ സ്ഥാപനങ്ങളാണ് റിയാബിന്റെ കീഴിലുള്ളത്. അതിൽ 512 തസ്തികകൾ പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ട്. 442 വേക്കൻസികളാണുള്ളത്. അതിൽ 379 വേക്കൻസിയും റിപ്പോർട്ട് ചെയ്തുകഴിഞ്ഞു. ബാക്കിയുള്ള 503 തസ്തികകൾ സാങ്കേതിക മേഖലയിലുള്ളതായതുകൊണ്ടാണ് പി.എസ്.സി.-ക്ക് വിടാതിരുന്നത്. അത്തരത്തിലുള്ള തസ്തികകളിൽ കമ്പനികൾ നേരിട്ടാണ് നിയമനം നടത്തിക്കൊണ്ടിരുന്നത്. ഇപ്പോൾ ടി തസ്തികകളുടെ നിയമനം റിക്രൂട്ട്മെന്റ് ബോർഡിലേയ്ക്ക് മാറ്റുകയാണ്. യോഗ്യത ഒരു ബോർഡിലും വയ്ക്കാറില്ല. ഇന്നയിന്നയാളുകളെ നിയമിച്ചിട്ടുണ്ടെന്നേ പറയാറുള്ളൂ. നമ്മൾ യോഗ്യത പറഞ്ഞപ്പോൾ അത് ഏത് കോളേജിൽ നിന്നുള്ള ബിരുദമാണെന്നാണ് ബഹുമാനപ്പെട്ട സണ്ണി ജോസഫ് ചോദിച്ചത്. നിലവാരം ഉണ്ടാകണമെന്നതുകൊണ്ടാണ് ഇന്നയിന്ന മേഖലകളിൽ നിന്നുള്ളവരെ നിയമിക്കണമെന്ന് പറഞ്ഞിരുന്നത്. അതുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ ചർച്ച ചെയ്തിരുന്നു. ഭേദഗതിയും വന്നിട്ടുണ്ട്. ഓരോ മേഖലയിൽനിന്നും ഒരേ സമയം ഒന്നിൽക്കൂടുതൽ ആളുകൾ വരാൻ പാടില്ലെന്നുള്ളതാണ്. സംവരണത്തിൽ ചിലപ്പോൾ ഒരു പ്രശ്നം വരാനിടയുണ്ടെന്ന് മനസ്സിലായി. കാരണം ഒരാൾ എസ്.സി. ആയിരിക്കണം, ഒരാൾ വനിതയായിരിക്കണം, എസ്.സി. നിയമനത്തിൽ ഒരാളാണെങ്കിൽ അവർ ഇടയ്ക്ക് വച്ച് റിട്ടയർ ചെയ്താൽ പിന്നെ ആ വിഭാഗത്തിൽനിന്നുതന്നെ നിയമിക്കേണ്ടിവരും. അപ്പോൾ എല്ലാക്കാലത്തും ഒരു വിഭാഗത്തിൽനിന്നു മാത്രമേ

എസ്.സി./എസ്.ടി. ആയാലും വനിത ആയാലും നിയമിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് അതിനകത്ത് ഒരു മാറ്റം ബില്ലിന്റെ ഭാഗമായി വരുത്തുന്നുണ്ട്. ക്വാളിഫൈഡായ ആളുകൾ ബോർഡിൽ വേണമെന്നതുകൊണ്ടാണ് അത് നിഷ്കർഷിച്ചിട്ടുള്ളത്. പി.എസ്.സി.-യുടെ കാര്യങ്ങൾ ഇവിടെ ചർച്ച ചെയ്തതാണ്. ലിസ്റ്റിനനുസരിച്ചുള്ള വേക്കൻസിയല്ല, വേക്കൻസിക്കനുസരിച്ച് ലിസ്റ്റ് എന്നുള്ളതാണ് പൊതുവായ കാഴ്ചപ്പാട്. അതിന്റെ ഭാഗമല്ലെങ്കിലും ഇത് ഇവിടെ ഉന്നയിച്ചതുകൊണ്ട് മാത്രമാണ് സൂചിപ്പിച്ചത്.

എന്തുകൊണ്ടാണ് നമ്മൾ ദാവോസ് ഉച്ചകോടിയിൽ പങ്കെടുക്കാൻ പോകാതിരുന്നതെന്ന് ചോദിച്ചു. ഇവിടെ ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് വ്യവസായ മന്ത്രിയായിരിക്കുമ്പോൾ മുഖ്യമന്ത്രി ദാവോസിൽ പോയിരുന്നല്ലോ; അതിന്റെ ഭാഗമായി എന്തെങ്കിലും ഒരു നിക്ഷേപം വന്നിട്ടുണ്ടോ; ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് അന്ന് മന്ത്രിയായിരുന്നു. ദാവോസ് ഒരു ഇക്കണോമിക് ഫോറം ആണ്. എല്ലാവരും വരികയും എക്സ്ചേഞ്ച് നടക്കുകയും ചെയ്യുന്ന ഫോറമാണത്. നമുക്ക് വേണമെങ്കിൽ പോയി അവസരമൊക്കെ നോക്കാം. സാധാരണ നമ്മൾ അങ്ങനെ പോകുന്ന പതിവില്ല. ഇത്തവണ അത് ഉന്നയിക്കപ്പെട്ടു. തൃക്കാക്കര തെരഞ്ഞെടുപ്പുകൂടി നടന്നതുകൊണ്ട് ഇതുകൂടി ഇരുന്നോട്ടെന്ന് വച്ച് വന്ന ആരോപണമല്ലാതെ മറ്റൊന്നുമില്ല. സാധ്യമാകുന്ന രൂപത്തിൽ എല്ലാവരുമായി ബന്ധപ്പെട്ട് നിക്ഷേപങ്ങൾ കൊണ്ടുവരാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. ദാവോസിൽ പോയാൽ നിക്ഷേപം വരുമോ; എങ്കിൽ അതൊന്ന് നോക്കാം. പക്ഷെ നമ്മുടെ അനുഭവം ഇതാണ്. അതാണ് ഞാൻ സൂചിപ്പിച്ചത്.

ബഹുമാന്യനായ പി. സി. വിഷ്ണുനാഥ് പറഞ്ഞ ഒരു കാര്യം നമ്മൾ ചർച്ച ചെയ്യേണ്ടതാണ്. ഗവൺമെന്റിന്റേയും കാഴ്ചപ്പാട് അതിനകത്തുണ്ട്. ബഡ്ജറ്റിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിക്കുകയുണ്ടായി. അങ്ങ് പറയുന്നതുൾപ്പെടെയുള്ള ലാൻഡിന്റെ കാര്യം കിൻഫ്ര പരിശോധിച്ച് റിപ്പോർട്ട് നൽകിയശേഷം പദ്ധതി നടപ്പിലാക്കാൻ സാധിക്കും. അലൈൻമെന്റിന്റെ കാര്യത്തിൽ രണ്ട് സ്ഥലത്തും കുറച്ച് സങ്കീർണ്ണതകളുണ്ട്. അവിടെ എന്താണ് ചെയ്യാൻ സാധിക്കുന്നതെന്ന് പരിശോധിച്ച് സാധ്യമാകുന്നതെല്ലാം ഗവൺമെന്റ് ചെയ്യുന്നതായിരിക്കും.

കേരളത്തിലെ സർവ്വകലാശാലകളിൽ നല്ല മാറ്റം വരുന്നുണ്ട്. നമ്മൾ മറ്റു വിവാദങ്ങളിലേയ്ക്ക് കടക്കുന്നതിന്റെ ഭാഗമായി ശ്രദ്ധയിൽ വരാത്തതാണ്. വ്യവസായ വകുപ്പുമന്ത്രിയെന്ന നിലയിൽ ഞാൻ മൂന്ന് സർവ്വകലാശാലകളിലെ

പരിപാടികളിൽ പങ്കെടുത്തിരുന്നു. ലോക പ്രശസ്തനായ ശാസ്ത്രജ്ഞനാണ് എം.ജി. സർവ്വകലാശാലയുടെ വൈസ് ചാൻസലർ. അവിടെ ഒന്നാന്തരം സ്റ്റാർട്ടപ്പ് സംവിധാനമുണ്ട്. ലോകോത്തര പരീക്ഷണങ്ങളെ പ്രായോഗിക ഉൽപ്പന്നങ്ങളാക്കി മാറ്റാൻ സഹായിക്കുന്ന Common Facility Centre (CFC) വന്നിരിക്കുകയാണ്. അതിനകത്ത് വലിയ മാറ്റമാണ് വന്നിരിക്കുന്നത്. കേരള സർവ്വകലാശാലയിൽ അൻപതിലധികം സ്റ്റാർട്ടപ്പുകൾക്കുള്ള സഹായം കുട്ടികൾക്കും അദ്ധ്യാപകർക്കും നൽകുന്ന കാര്യവട്ടം ക്യാമ്പസിൽവച്ച് നടന്ന പരിപാടിയിൽ ഞാൻ പങ്കെടുക്കുകയുണ്ടായി. ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സംഘടിപ്പിച്ച പരിപാടിയാണത്. കൊച്ചി സർവ്വകലാശാലയിൽ ആക്സിലറേറ്ററും സ്റ്റാർട്ടപ്പും ആരംഭിച്ചിട്ടുണ്ട്. കുട്ടികളിലെ ആശയങ്ങൾ ഇൻകുബേറ്റ് ചെയ്യാൻ, ആക്സിലറേറ്റ് ചെയ്യാൻ, സ്റ്റാർട്ടപ്പിലേയ്ക്ക് എത്തിക്കാനാവശ്യമായ ഒരു അന്തരീക്ഷം കേരളത്തിലെ സർവ്വകലാശാലകളിൽ ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നുണ്ട്. കഴിഞ്ഞ ദിവസം ആലുവ സെന്റ് സേവ്യേഴ്സ് കോളേജിൽ ബഹുമാന്യനായ ശ്രീ. അൻവർ സാദത്ത്, എം.എൽ.എ. ഇതുമായി ബന്ധപ്പെട്ട പരിപാടിയിൽ പങ്കെടുത്തതാണ്. ഞാൻ ഓൺലൈനിലാണ് പങ്കെടുത്തത്. പല കോളേജുകൾക്കകത്തും ഇപ്പോൾ സ്റ്റാർട്ടപ്പ് സംവിധാനമാണ്. എറണാകുളത്തെ ജയഭാരത് കോളേജിൽ കഴിഞ്ഞ ദിവസം നടന്ന പരിപാടി നാഷണൽ ലെവലിൽ സ്റ്റാർട്ടപ്പുകളുമായി ബന്ധപ്പെട്ടുള്ളതാണ്. മാറ്റങ്ങൾ ഉണ്ടാകുന്നുണ്ട്, അത് നല്ലരീതിയിൽ നമുക്ക് ഉപയോഗിക്കാൻ കഴിയുമെന്ന നിർദ്ദേശമാണ് ബഹുമാന്യനായ ശ്രീ. പ്രമോദ് നാരായൺ മുന്നോട്ടുവച്ചത്.

റബ്ബർ ഫാക്ടറി നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. റബ്ബർ ബോർഡിനെയാണ് ഡി.പി.ആർ. തയ്യാറാക്കാൻ ചുമതലപ്പെടുത്തിയത്. റബ്ബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ, ഡോ. കെ. എൻ. രാഘവന്റെ നേതൃത്വത്തിൽ ഡി.പി.ആർ. നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവരുമായി ചർച്ച ചെയ്ത് അതിന്റെ മറ്റ് നടപടികളിലേയ്ക്ക് പോകാൻ കഴിയും. കർഷകർക്ക് വരുമാനം ലഭിക്കുന്നതിനും റബ്ബറിന്റെ ക്വാളിറ്റി വർദ്ധിപ്പിക്കുന്നതിനുമാണ് ഈ ഉദ്യമം. ഇരിങ്ങാലക്കുടയിലെ വജ്ര എന്നുപറയുന്ന സ്ഥാപനം ഡിഫൻസിലേയ്ക്ക് (NPOL-Naval Physical Oceanographic Laboratory) വേണ്ട റബ്ബർ ഉൽപ്പന്നങ്ങളാണ് നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. ഷിപ്പ്‌യാർഡിനെക്കുറിച്ച് ഞാൻ പറഞ്ഞല്ലോ. 100 എം.എസ്.എം.ഇ.-കൾക്കാണ് വിക്രാന്തിന്റെ നിർമ്മാണത്തിന്റെ ഭാഗമായി ജോലി കിട്ടിയത്. ഇങ്ങനെയുള്ള മാറ്റങ്ങൾ നമ്മുടെ നാട്ടിൽ നടക്കുന്നുണ്ട്. ചങ്ങനാശ്ശേരിയിലെ പാർക്കിന്റെ കാര്യവും നമുക്ക് പ്രത്യേകം പരിശോധിക്കാം. കുറച്ച് പഴക്കമുള്ളതാണ്. ഇതാണ് പൊതുവെ

നിയമവുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള കാര്യങ്ങൾ. നമ്മളെല്ലാം ഈ രൂപത്തിൽ കുറെക്കൂടി നന്നായി പോയാൽ ഭാവിതലമുറയോട് നീതിപുലർത്താൻ കഴിയും.

മി. സ്പീക്കർ: അദ്ദേഹം വളരെ ഉദാരമായി വഴങ്ങി. ഇനി നമുക്ക് അവസാനിപ്പിക്കാം.

ഡോ. കെ. ടി. ജലീൽ: സർ, ഒരു കാര്യത്തിൽ സംശയനിവാരണം വരുത്താൻ വേണ്ടിയാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽ താൽക്കാലിക നിയമനങ്ങൾ നടത്തുമ്പോൾ സംവരണം പാലിക്കപ്പെട്ടിരുന്നില്ല. താൽക്കാലിക നിയമനം ലഭിക്കുന്ന ആളുകൾ കുറച്ചുകഴിഞ്ഞാൽ സ്ഥിരമാക്കപ്പെടുന്ന സാഹചര്യമുണ്ടായിരുന്നു. ഈ ബിൽ വരുന്നതോടെ അത് എന്നെന്നേയ്ക്കുമായി അവസാനിക്കുകയാണ്. അതിന്റെ ഫലം കിട്ടാൻ പോകുന്നത് ഇവിടത്തെ എസ്.സി./എസ്.ടി. വിഭാഗത്തിനും ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങൾക്കുമാണ്. അതിന്റെ പേരിൽ അങ്ങയെ പ്രത്യേകം അഭിനന്ദിക്കാൻ ഞാൻ ഈ സന്ദർഭം ഉപയോഗിക്കുകയാണ്.

ശ്രീ. പി. രാജീവ്: സർ, പൊതുമേഖലയിൽ സാധാരണ നിയമിക്കുമ്പോൾ സംവരണം വരും. പക്ഷേ താൽക്കാലിക നിയമനം നടത്തുമ്പോൾ സംവരണം പാലിക്കപ്പെടുന്നില്ല. ഈ നിയമത്തിൽ തന്നെ അത് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുകൊണ്ട് പൂർണ്ണമായും സംവരണം ഉറപ്പുവരുത്താൻ കഴിയുമെന്നുള്ള കാര്യം കൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ജോബ് മൈക്കിൾ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ജോബ് മൈക്കിൾ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ ......

പ്രതികൂലിക്കുന്നവർ .....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ, 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ................................

പ്രതികൂലിക്കുന്നവർ ................................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

(i) 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രധാന ഖണ്ഡത്തിൽ ചേർക്കാനുദ്ദേശിക്കുന്ന (സിബി), (എൽ.എ) ഖണ്ഡങ്ങളിൽ 'വിവിധ സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ' എന്ന വാക്കുകൾക്കു പകരം 'വിവിധ കേന്ദ്ര-സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ സംസ്ഥാന സർക്കാരിന് നൽകാൻ അധികാരമുള്ള' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(സിബി), (എൽ.എ.)-യിൽ ഖണ്ഡങ്ങൾ 'വിവിധ സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ' എന്നാണ്. ചില ലൈസൻസുകൾ കേന്ദ്ര നിയമമാണെങ്കിലും സംസ്ഥാനമാണ് അനുമതി നൽകാനുള്ളത്. അതുകൊണ്ടാണ് ഭേദഗതി വരുത്തിയത്.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

177. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (സിഎ)-ൽ "ജില്ലാ" എന്ന് വരുന്നിടത്തെല്ലാം "ജില്ലാതല" എന്ന് ചേർക്കുക.

209. ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (സിബി)-ൽ "നിയമിച്ചിട്ടുള്ള" എന്നതിന് പകരം "നിയോഗിച്ചിട്ടുള്ള" എന്ന് ചേർക്കുക.

240. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എൽഎ)-ൽ " തീരുമാനമോ" എന്നതിനുശേഷം " പൂർത്തിയാക്കേണ്ട നടപടിക്രമങ്ങളോ" എന്ന് ചേർക്കുക.

241. ഖണ്ഡം 2(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(പി)-ൽ " സംസ്ഥാന" എന്ന് വരുന്നിടത്തെല്ലാം പകരം "സംസ്ഥാനതല" എന്ന് ചേർക്കുക.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

179. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (സിഎ)-ൽ "ജില്ലാ പരാതി പരിഹാര കമ്മിറ്റി" എന്നതിന് പകരം "ജില്ലാതല പരാതി പരിഹാര കമ്മിറ്റി" എന്ന് ചേർക്കുക.

194. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(സിബി)-ൽ " വിവിധ സംസ്ഥാന നിയമങ്ങൾക്ക്" എന്നതിന് മുൻപ് "കേന്ദ്രനിയമങ്ങൾ/" എന്ന വാക്കും ചിഹ്നവും ചേർക്കുക.

200. ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (സിബി)-ൽ " ഏതൊരാൾക്കും" എന്നതിന് ശേഷം " സ്ഥാപനങ്ങൾക്കും" എന്ന ചിഹ്നവും വാക്കും ചേർക്കുക.

201. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(സിബി)-ൽ " സേവനം" എന്നതിന് മുൻപ് " സമയബന്ധിതമായി" എന്ന് ചേർക്കുക.

228. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എൽഎ)യിൽ " പ്രവൃത്തിയോ" എന്നതിന് പകരം "ഉത്തരവാദിത്വമോ" എന്ന് ചേർക്കുക.

244. ഖണ്ഡം 2(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(പി)ൽ " സംസ്ഥാന പരാതി പരിഹാര കമ്മിറ്റി" എന്നതിന് പകരം "സംസ്ഥാനതല പരാതി പരിഹാര കമ്മിറ്റി" എന്ന് ചേർക്കുക.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

182. ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2(സിഎ)-ൽ, " രൂപീകരിക്കപ്പെട്ട" എന്നതിനുപകരം "രൂപീകരിച്ച" എന്ന് ചേർക്കുക.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

184. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(സിഎ)-ൽ, " ജില്ലാ പരാതി പരിഹാരകമ്മിറ്റി" എന്നതിനുപകരം "ജില്ലാ പരാതിപരിഹാര കമ്മിറ്റി" എന്ന് ചേർക്കുക.

237. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എൽഎ)-ൽ " തീരുമാനമോ" എന്നതിനു പകരം " നടപടിയോ" എന്ന് ചേർക്കുക.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

190. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കുന്ന വകുപ്പ് 2 (സി ബി) യിൽ "എന്നാൽ" എന്നതിന് ശേഷം "സംസ്ഥാനത്ത് " എന്ന് ചേർക്കുക.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

192.ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(സിബി)-ൽ " ആധുനികവത്ക്കരിക്കുന്നതിനോ" എന്നതിനു ശേഷം "വേണ്ടി" എന്ന് ചേർക്കുക.

199. ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (സിബി)-ൽ " അതിന്റെ പുതുക്കലോ ലഭിക്കുന്നതിനോ" എന്നതിന് പകരം " ലഭിക്കുന്നതിനോ അതിന്റെ പുതുക്കലിനോ" എന്ന് ചേർക്കുക.

217. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എൽ എ)-യിൽ "ഏതൊരാളും" എന്നത് ഒഴിവാക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

193.ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(സിബി)-ൽ " വിവിധ" എന്നതിന് മുൻപിലായി "വേണ്ടി" എന്ന് ചേർക്കുക.

197. ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (സിബി)-ൽ " വിവിധ സംസ്ഥാന നിയമങ്ങൾക്ക്" എന്നതിന് പകരം " സംസ്ഥാനത്തെ വിവിധ നിയമങ്ങൾക്ക്" എന്ന് ചേർക്കുക.

198. ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (സിബി)-ൽ " അതിന്റെ" എന്നതിന് പകരം " അവയുടെ" എന്ന് ചേർക്കുക.

213. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എൽഎ)-ൽ "ആധുനികവത്ക്കരിക്കുന്നതിനോവേണ്ടി" എന്നതിന് പകരം "ആധുനികവത്ക്കരിക്കുന്നതിനോ വേണ്ടി" എന്ന് ചേർക്കുക.

214. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എൽഎ)-ൽ "വിവിധ സംസ്ഥാന" എന്നതിന് പകരം "സംസ്ഥാനത്തെ വിവിധ" എന്ന് ചേർക്കുക.

218. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എൽഎ)-യിൽ "അപേക്ഷകളിൽ" എന്നതിന് പകരം "അപേക്ഷകളിന്മേൽ" എന്ന് ചേർക്കുക.

225. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എൽഎ)-യിൽ "ചെയ്ത" എന്നതിന് പകരം "ചെയ്തിട്ടുള്ള" എന്ന് ചേർക്കുക.

226. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എൽഎ)യിൽ "പ്രകാരമുള്ള" എന്നത് ഒഴിവാക്കുക.

227. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എൽഎ)യിൽ" കാലയളവിനുള്ളിൽ" എന്നതിന് പകരം "സമയപരിധിക്കുള്ളിൽ" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

210. ഖണ്ഡം 2 (ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എൽഎ)-ൽ "എന്നാൽ" എന്നതിന് ശേഷം "സംസ്ഥാനത്ത്" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

212. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എൽഎ)-ൽ "വൈവിദ്ധ്യവത്ക്കരിക്കുന്നതിനോ" എന്നതിന് പകരം "വൈവിധ്യവൽക്കരിക്കുന്നതിനോ" എന്ന് ചേർക്കുക.

220. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എൽഎ)-ൽ "നിയുക്ത ഉദ്യോഗസ്ഥൻ" എന്നതിന് പകരം "നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻ" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

232. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2 (എൽഎ)-ൽ "പ്രവൃത്തിയോ" എന്നതിന് ശേഷം "നടപടിയോ" എന്ന് ചേർക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

238.ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എൽഎ)-ൽ " തീരുമാനമോ" എന്നതിനു ശേഷം " നൽകേണ്ട സഹായമോ" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: 178-ാം നമ്പർ ഭേദഗതി 177-ാം നമ്പർ ഭേദഗതിക്കും 183-ാം നമ്പർ ഭേദഗതി 182-ാം നമ്പർ ഭേദഗതിക്കും 191-ാം നമ്പർ ഭേദഗതി 190-ാം നമ്പർ ഭേദഗതിക്കും 207, 208 എന്നീ നമ്പർ ഭേദഗതികൾ 209-ാം നമ്പർ ഭേദഗതിക്കും 211-ാം നമ്പർ ഭേദഗതി 210-ാം നമ്പർ ഭേദഗതിക്കും 229 മുതൽ 231 വരെയുള്ള ഭേദഗതികൾ 228-ാം നമ്പർ ഭേദഗതിക്കും 239-ാം നമ്പർ ഭേദഗതി 238-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

233. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2 (എൽഎ)-ൽ "തീരുമാനമോ" എന്നതിന് പകരം "നടപടികളോ" എന്ന് ചേർക്കുക.

245. ഖണ്ഡം 2(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(പി)യിൽ, " പരാതി പരിഹാര കമ്മിറ്റി" എന്നതിന് പകരം "പരാതിപരിഹാര കമ്മിറ്റി" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 184-ാം നമ്പർ ഭേദഗതിയും ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 192, 199 എന്നീ നമ്പർ ഭേദഗതികളും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച 184, 192, 199 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 177, 209, 240, 241 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 179, 194, 200, 201, 228, 244 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 182-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 237-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 190-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 217-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 193, 197, 198, 213, 214, 218, 225, 226, 227 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 210-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 212, 220 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 232-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 238-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ഖണ്ഡത്തിൽ 'ചെയർമാൻ' എന്നാണ് ഉപയോഗിക്കുന്നത്. ജെൻഡർ ഇക്വാലിറ്റികൂടി പരിഗണിച്ചുകൊണ്ട് 'ചെയർമാൻ' എന്ന വാക്ക് എവിടെയെല്ലാം വരുന്നോ അവിടെയെല്ലാം ആ വാക്കിനുപകരം 'ചെയർപെഴ്സൺ' എന്ന വാക്ക് ചേർക്കേണ്ടതാണ്.

പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 13 എ വകുപ്പ് (1)-ാം ഉപവകുപ്പിലും 13 സി വകുപ്പ് (1)-ാം ഉപവകുപ്പിലും 'വിവിധ സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ' എന്ന വാക്കുകൾക്കുപകരം 'വിവിധ കേന്ദ്ര-സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ സംസ്ഥാന സർക്കാരിന് നൽകാൻ അധികാരമുള്ള' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

13 എ വകുപ്പിന്റെ (4)-ാം ഉപവകുപ്പിൽ, "കമ്മിറ്റിയുടെ ക്വാറം മൊത്തം അംഗങ്ങളുടെ മൂന്നിലൊന്നിൽ കുറയാൻ പാടുള്ളതല്ല" എന്ന വാചകം അവസാനമായി ചേർക്കാവുന്നതാണ്. ഇക്കാര്യം ശ്രീ. മഞ്ഞളാംകുഴി അലി ഇവിടെ ഉന്നയിച്ചതാണ്. അത് അതുപോലെ സ്വീകരിക്കാൻ സാധിക്കാത്തതുകൊണ്ട് ഇത്തരത്തിൽ മാറ്റങ്ങൾ വരുത്താവുന്നതാണ്.

13 സി വകുപ്പിന്റെ (4)-ാം ഉപവകുപ്പിൽ "കമ്മിറ്റിയുടെ ക്വാറം മൊത്തം അംഗങ്ങളുടെ മൂന്നിലൊന്നിൽ കുറയാൻ പാടുള്ളതല്ല" എന്ന വാചകം അവസാനമായി ചേർക്കേണ്ടതാണ്.

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

247. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(1)-ൽ " സർക്കാരിന്," എന്നത് ഒഴിവാക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

248. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(1)-ൽ " അഞ്ച് കോടി രൂപ" എന്നതിന് പകരം " 2 കോടി രൂപ" എന്ന് ചേർക്കുക.

255. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(1)-ൽ "വിവിധ സംസ്ഥാന നിയമങ്ങൾക്ക്" എന്നതിന് മുൻപ് "കേന്ദ്ര," എന്ന് ചേർക്കുക.

260. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(1)-ൽ "ഒരാൾക്ക്" എന്നതിന് ശേഷം "/സ്ഥാപനങ്ങൾക്ക്" എന്ന് ചേർക്കുക.

272. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 13 എ(1)-ൽ, " നിരീക്ഷിക്കുന്നതിനും" എന്നതിന് ശേഷം" പരിശോധിക്കുന്നതിനും" എന്ന് ചേർക്കുക.

290. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(1)-ൽ " വ്യവസ്ഥ ചെയ്ത പ്രകാരമുള്ള" എന്നതിന് ശേഷം " ശിക്ഷാ" എന്ന് ചേർക്കുക

305. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(2)(സി)-ൽ "റീജിയണൽ ഡയറക്ടർ, നഗരകാര്യം" എന്ന വാക്കിന് പകരം "തദ്ദേശസ്വയംഭരണ പൊതു സർവ്വീസിന്റെ ഭാഗമായി പുതിയതായി രൂപീകരിച്ചിട്ടുള്ള District Joint Director" എന്ന വാക്ക് ചേർക്കുക.

329. ഖണ്ഡം (3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ (4)-ൽ " ആദ്യ പ്രവൃത്തി ദിവസം" എന്നതിന് പകരം "ആദ്യ ആഴ്ചയിലെ സൗകര്യപ്രദമായ പ്രവൃത്തിദിനം" എന്ന് ചേർക്കുക.

345. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി(1)-ൽ "മുപ്പത്" എന്നതിന് പകരം "അറുപത്" എന്ന് ചേർക്കുക.

364. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി(1)ന്റെ ക്ലിപ്ത നിബന്ധനയിൽ, " മുപ്പത് ദിവസക്കാലാവധി കഴിഞ്ഞതിനുശേഷം" എന്നതിന് പകരം "അറുപത് ദിവസത്തിനകം" എന്നത് ചേർക്കുക.

374. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി (3)-ൽ "നിയുക്ത ഉദ്യോഗസ്ഥനും അപേക്ഷകനും പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയതിനും " എന്നതിന് പകരം "നിയുക്ത ഉദ്യോഗസ്ഥൻ അപേക്ഷകനെ നേരിൽ കേട്ട " എന്ന് ചേർക്കുക.

381. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി(3)-ൽ "മുപ്പത്" എന്നതിനു പകരം "ഇരുപത്" എന്ന് ചേർക്കുക.

397. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 സി(1)-ൽ " അഞ്ച് കോടി" എന്നതിന് പകരം " രണ്ട് കോടി" എന്ന് ചേർക്കുക.

401. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 സി(1)-ൽ " അപേക്ഷ സമർപ്പിച്ചിട്ടുള്ള എതൊരാൾക്കും" എന്നതിന് ശേഷം " /സ്ഥാപനങ്ങൾക്കും" എന്നീ ചിഹ്നവും വാക്കും ചേർക്കുക.

416. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 13 സി(2) (എ) താഴെപ്പറയുംപ്രകാരം മാറ്റുക.

" (എ) വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി "

417. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 13 സി (2) (എ) താഴെപ്പറയും പ്രകാരം മാറ്റുക.

"(എ) വ്യവസായ വകുപ്പിലെ ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി തസ്തികയിൽ കുറയാത്ത ഉദ്യോഗസ്ഥൻ"

436. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13(സി)(2)(ഡി) ഒഴിവാക്കുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക.

446. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 സി(2)(കെ)-ൽ "വകുപ്പിന്റെ സെക്രട്ടറി അല്ലെങ്കിൽ ഡയറക്ടർ" എന്നതിന് പകരം "മറ്റു വകുപ്പുകളുടെ സെക്രട്ടറി അല്ലെങ്കിൽ ഡയറക്ടർ " എന്ന് ചേർക്കുക.

500. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഇ(1)-ൽ "തീരുമാന പ്രകാരം സങ്കടമനുഭവിക്കുന്ന" എന്നതിന് പകരം "തൃപ്തികരമല്ലാത്ത തീരുമാനത്താൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന" എന്ന് ചേർക്കുക.

504. ഖണ്ഡം (3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13(ഇ)-ൽ " അപ്പീൽ" എന്ന് വരുന്നയിടത്തെല്ലാം ആയതിന് ശേഷം " അപേക്ഷ" എന്ന് ചേർക്കുക.

517. ഖണ്ഡം (3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഇ(2)-ൽ "നിയുക്ത ഉദ്യോഗസ്ഥനും, സങ്കടമനുഭവിക്കുന്ന ആളിനും പറയുവാനുള്ളത് പറയുവാൻ "എന്നതിന് പകരം "നിയുക്ത ഉദ്യോഗസ്ഥനിൽ അപേക്ഷകനെ നേരിൽ കേൾക്കാൻ " എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

249. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 13 എ(1)-ൽ " അഞ്ചു കോടി" എന്നതിന് പകരം " അഞ്ച് കോടി" എന്ന് ചേർക്കുക.

253. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(1)-ൽ "വിവിധ " എന്നതിന് മുന്നിൽ "വേണ്ടി" എന്ന് ചേർക്കുക.

254.ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(1)-ൽ "വിവിധ സംസ്ഥാന" എന്നതിന് പകരം "സംസ്ഥാനത്തെ വിവിധ" എന്ന് ചേർക്കുക.

256. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(1)-ൽ "അനുമതിയോ" എന്നതിന് പകരം "അനുമതികളോ" എന്ന് ചേർക്കുക.

257. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(1)-ൽ "അതിന്റെ" എന്നതിന് പകരം "അവയുടെ" എന്ന് ചേർക്കുക.

268. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 13 എ(1)ൽ "നൽകുന്നുണ്ടെന്ന് " എന്നതിന് പകരം"ലഭിക്കുന്നുണ്ടെന്ന്" എന്ന് ചേർക്കുക.

276. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(1)ൽ, " അപ്രകാരമുള്ള ആളുകളുടെ" എന്നതിന് പകരം "അപ്രകാരമുള്ള സേവനം ലഭിക്കാത്ത ആളുകളുടെ" എന്ന് ചേർക്കുക.

296. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(1)-ൽ "ആവശ്യത്തിലേക്കായും" എന്നതിന് പകരം "ആവശ്യത്തിലേക്കായി" എന്ന് ചേർക്കുക.

317. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 13 എ (2) (എച്ച്)-ൽ "പ്രകാരം" എന്നതിന് പകരം "പക്ഷം' എന്ന് ചേർക്കുക.

335. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(4)-ൽ " പ്രസ്തുത കമ്മിറ്റിയുടെ" എന്നതിന് പകരം " പ്രസ്തുത യോഗത്തിന്റെ" എന്ന് ചേർക്കുക.

358. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "മുപ്പത്" എന്നതിന് പകരം "മുപ്പതു" എന്ന് ചേർക്കുക.

399. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 സി(1)-ൽ " വിവിധ സംസ്ഥാന" എന്നതിന് പകരം " സംസ്ഥാനത്തെ വിവിധ" എന്ന് ചേർക്കുക.

400. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 സി(1)-ൽ " അനുമതിയോ" എന്നതിന് പകരം " അനുമതികളോ" എന്ന് ചേർക്കുക.

412. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 സി (2) (എ)-ൽ "വ്യവസായവകുപ്പിലെ " എന്നതിന് പകരം "വ്യവസായ വാണിജ്യ വകുപ്പിലെ " എന്ന് ചേർക്കുക.

419. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 13 സി (2) (ബി)-ൽ "തദ്ദേശസ്വയംഭരണ" എന്ന് വരുന്നിടത്തെല്ലാം "തദ്ദേശ സ്വയംഭരണ" എന്ന് ചേർക്കുക.

425. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 സി(2)(സി)-ൽ "നിയമസെക്രട്ടറി" എന്നതിന് പകരം "നിയമ വകുപ്പ് സെക്രട്ടറി" എന്ന് ചേർക്കുക.

444. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 സി(2)(ഐ)-ൽ "ഫാക്ടറികളും ബോയിലറുകളും" എന്നതിന് പകരം "ഫാക്ടറീസ് & ബോയ്‌ലേഴ്സ് " എന്ന് ചേർക്കുക.

452. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 സി(3)-ൽ " മൂന്നു" എന്നതിന് പകരം " മൂന്ന്" എന്ന് ചേർക്കുക.

467. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 13 സി (4)-ൽ "പ്രസ്തുത കമ്മിറ്റിയുടെ" എന്നതിന് പകരം "പ്രസ്തുത യോഗത്തിന്റെ" എന്ന് ചേർക്കുക.

475. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഡി (1)-ൽ " ചെയ്യുന്നതുമൂലം" എന്നതിന് പകരം " ചെയ്തതു മൂലം" എന്ന് ചേർക്കുക.

482.ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഡി (1)-ന്റെ ക്ലിപ്തനിബന്ധനയിൽ " മുപ്പതു" എന്നതിന് പകരം "മുപ്പത്" എന്നത് ചേർക്കുക.

489. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഡി (2)-ൽ " കൺവീനർ" എന്നതിന് ശേഷം " , " എന്ന ചിഹ്നം ചേർക്കുക.

498. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഡി(3)-ൽ "എഴുതിരേഖപ്പെടുത്തിയ കാരണങ്ങൾ സഹിതം അപേക്ഷ തീർപ്പാക്കേണ്ടതും" എന്നതിന് പകരം "അപേക്ഷ തീർപ്പാക്കേണ്ടതും എഴുതിരേഖപ്പെടുത്തിയ കാരണങ്ങൾ സഹിതം" എന്ന് ചേർക്കുക.

506. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഇ(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ " സമയത്തിന് മുമ്പ്" എന്നതിന് പകരം " സമയപരിധിക്കുള്ളിൽ" എന്ന് ചേർക്കുക.

509. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഇ(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ " കമ്മിറ്റിക്ക്" എന്നതിന് പകരം " കമ്മിറ്റിയുടെ കൺവീനർക്ക്" എന്ന് ചേർക്കുക.

520. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഇ(2)-ൽ "പറയുവാൻ" എന്നതിന് ശേഷം "ഒരു " എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

250. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 13 എ(1)-ൽ " അഞ്ചു കോടി" എന്നതിന് പകരം " പത്ത് കോടി" എന്ന് ചേർക്കുക.

251. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 13 എ(1)-ൽ " വൈവിദ്ധ്യവത്കരിക്കുന്നതിനോ" എന്നതിന് പകരം " വൈവിദ്ധ്യവൽക്കരിക്കുന്നതിനോ" എന്ന് ചേർക്കുക.

259. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(1)-ൽ "ഒരാൾക്ക്" എന്നതിന് പകരം "ഒരാൾക്കോ ആളുകൾക്കോ സ്ഥാപനത്തിനോ" എന്ന് ചേർക്കുക.

334. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(4)-ൽ " തന്നെയായിരിക്കേണ്ടതാണ്"എന്നതിന് മുൻപിൽ " കഴിയുന്നതും" എന്ന് ചേർക്കുക.

337. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(4)-നു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക ;

"(5) ചെയർമാൻ തീരുമാനിക്കുന്ന പ്രകാരം കമ്മിറ്റിയ്ക്ക് ഓൺലൈനായി യോഗം ചേരാവുന്നതുമാണ് ."

388.ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി(4)-ൽ "തീർപ്പാക്കാത്ത അപേക്ഷകൾ" എന്നതിനു ശേഷം "ഏറ്റവും അടുത്ത പ്രവൃത്തി ദിവസം" എന്നത് ചേർക്കുക.

395. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി(4)-ൽ " പാലിക്കേണ്ടതുമാണ്" എന്നതിന് പകരം " പാലിക്കേണ്ടതും 13 എഫ് പ്രകാരമുള്ള ശിക്ഷ നൽകേണ്ടതുമാണ്." എന്നത് ചേർക്കുക.

396. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി(5) ആയി താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക;

" (5) കമ്മിറ്റിയുടെ ക്വാറം നാല് ആയിരിക്കേണ്ടതാണ്."

398. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 സി(1)-ൽ " അഞ്ച് കോടി" എന്നതിന് പകരം " പത്ത് കോടി" എന്ന് ചേർക്കുക.

426. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 സി(2)(സി)-ൽ "ചെയ്യുന്ന" എന്നതിന് ശേഷം "നിയമവകുപ്പിലെ" എന്ന് ചേർക്കുക.

466. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 13 സി (4)-ൽ "ചേരേണ്ടതാണ്" എന്നതിന് ശേഷം "കമ്മിറ്റിയുടെ ക്വാറം നാല് ആയിരിക്കുന്നതാണ്." എന്ന് ചേർക്കുക.

469. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 സി (4)-ന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക;

"(5) ചെയർമാൻ തീരുമാനിക്കുന്ന പ്രകാരം കമ്മിറ്റിക്ക് ഓൺലൈനായി യോഗം ചേരാവുന്നതുമാണ്."

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

252.ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(1)-ൽ "ആധുനികവത്കരിക്കുന്നതിനോ" എന്നതിന് ശേഷം "വേണ്ടി" എന്ന് ചേർക്കുക.

258. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(1)-ൽ "ഒരാൾക്ക്" എന്നതിന് പകരം "ഏതൊരാൾക്കും" എന്ന് ചേർക്കുക.

322. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ (4)-ൽ " സമയത്ത്" എന്നതിന് പകരം " സമയത്തും സ്ഥലത്തും" എന്ന് ചേർക്കുക.

376. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി (3)-ൽ "ഒരു " എന്നത് ഒഴിവാക്കുക.

424. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 സി(2)(ബി)-ൽ "സ്പെഷ്യൽ സെക്രട്ടറിയുടെ" എന്നതിന് പകരം "അഡീഷണൽ സെക്രട്ടറിയുടെ" എന്ന് ചേർക്കുക.

445. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 സി(2)(കെ)-ൽ "കരുതുന്ന പ്രകാരം" എന്നതിന് പകരം "കരുതുന്ന പക്ഷം " എന്ന് ചേർക്കുക.

505. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഇ(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ " സമയത്തിന് മുമ്പ്" എന്നതിന് പകരം " സമയത്തിനുള്ളിൽ" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

261. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(1)-ൽ " ബൈലോയോ" എന്നതിന് ശേഷം " റെഗുലേഷനുകളോ" എന്ന് ചേർക്കുക.

402. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 സി(1)-ൽ " നിരീക്ഷിക്കുന്നതിനും" എന്നതിന് പകരം " ഉറപ്പാക്കുന്നതിനും" എന്ന് ചേർക്കുക.

516. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഇ(2)-ൽ "സംസ്ഥാന പരാതിപരിഹാര കമ്മിറ്റിക്ക് "എന്നതിന് ശേഷം "(1)ആം ഉപവകുപ്പ് പ്രകാരം ലഭിച്ച അപ്പീൽ സംബന്ധിച്ചോ ഈ ആക്റ്റിലെ 13(ബി) (4) വകുപ്പ് പ്രകാരം ജില്ലാ പരാതി പരിഹാര കമ്മിറ്റിയിൽ നിന്നും അയച്ചു നൽകിയ അപ്പീലുകൾ സംബന്ധിച്ചോ " എന്ന് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

263. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(1)-ൽ " നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള" എന്നത് വരുന്നിടത്തെല്ലാം ആയത് ഒഴിവാക്കുക.

288. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(1)-ൽ " ഒരു നിയുക്ത ഉദ്യോഗസ്ഥനെതിരെ" എന്നതിന് പകരം " ഉദ്യോഗസ്ഥർക്കെതിരെ" എന്ന് ചേർക്കുക.

330. ഖണ്ഡം (3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ (4)-ൽ " പ്രവൃത്തി ദിവസം" എന്നതിന് പകരം "ആഴ്ചയിൽ" എന്ന് ചേർക്കുക.

360. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "മുപ്പത് ദിവസക്കാലാവധി" എന്നതിന് പകരം "കാലാവധി" എന്ന് ചേർക്കുക.

406. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 സി(1)ൽ" നിരീക്ഷിക്കുന്നതിനും" എന്നതിന്ശേഷം "പരിശോധിക്കുന്നതിനും" എന്ന് ചേർക്കുക.

427. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 സി(2)(സി)-ൽ "അഡീഷണൽ സെക്രട്ടറി" എന്നതിന് പകരം "ജോയിന്റ് സെക്രട്ടറി" എന്ന് ചേർക്കുക.

460. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 സി(3)-ൽ " നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്" എന്നതിന് പകരം " നിശ്ചയിക്കുന്നതുമാണ്" എന്ന് ചേർക്കുക.

483.ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഡി (1)-ന്റെ ക്ലിപ്തനിബന്ധനയിൽ " മുപ്പതു ദിവസക്കാലാവധി" എന്നതിന് പകരം "കാലാവധി" എന്നത് ചേർക്കുക.

533. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഇ(4)-ൽ " അധികാരസ്ഥാനത്തിന്" എന്നതിന് പകരം" ഉദ്യോഗസ്ഥന്" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

269. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 13 എ(1)ൽ "നിരീക്ഷിക്കുന്നതിനും " എന്നതിന്പകരം "ഉറപ്പാക്കുന്നതിനും" എന്ന് ചേർക്കുക.

278. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13(എ)-യിൽ, "പരാതി" എന്നതിനു പകരം "പരാതികൾ" എന്ന് ചേർക്കുക.

297. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(1)-ൽ "ജില്ലാ" എന്ന് വരുന്നിടത്തെല്ലാം "ജില്ലാതല" എന്ന് ചേർക്കുക.

320. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ (2) (എച്ച്) ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നത് പുനരക്ഷരം ചെയ്യുകയും ചെയ്യുക.

"(എച്ച്) എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ അതോറിറ്റി" .

347. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി(1)-ൽ " മുപ്പത് ദിവസങ്ങൾക്കുള്ളിൽ" എന്നതിന് പകരം " ആറു മാസത്തിനുള്ളിൽ" എന്ന് ചേർക്കുക.

365. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി(1)ന്റെ ക്ലിപ്ത നിബന്ധനയിൽ, " മുപ്പത് ദിവസക്കാലാവധി" എന്നതിന് പകരം "ആറുമാസക്കാലാവധി" എന്നത് ചേർക്കുക.

409. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 സി(1)-ൽ " മതിയായതും ന്യായമായതുമായ കാരണം കൂടാതെ" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

449. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 സി(2)-ൽ ഇനം (കെ) ആയി താഴെപ്പറയുന്നത് ചേർത്ത് ചേർക്കുകയും ശേഷിക്കുന്നത് പുനരക്ഷരം ചെയ്യുകയും ചെയ്യുക.

" (കെ) ചീഫ് എഞ്ചിനീയർ, വാട്ടർ അതോറിറ്റി"

476. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഡി (1)-ൽ " മുപ്പത് ദിവസങ്ങൾക്കുള്ളിൽ" എന്നതിന് പകരം " ആറു മാസത്തിനുള്ളിൽ" എന്ന് ചേർക്കുക.

487. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഡി (1)-ന്റെ ക്ലിപ്തനിബന്ധനയിൽ " മുപ്പതു ദിവസക്കാലാവധി" എന്നതിനു പകരം "ആറുമാസകാലാവധി" എന്ന് ചേർക്കുക.

493.ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഡി (3)-ൽ "നിയുക്ത ഉദ്യോഗസ്ഥനോട് ഒരു നിശ്ചിത സമയത്തിനകം സേവനം നൽകുവാൻ നിർദ്ദേശിക്കുകയോ" എന്നതിനുപകരം "നിയുക്ത ഉദ്യോഗസ്ഥൻ മനപ്പൂർവ്വമായ കാലതാമസം വരുത്തിയിട്ടുണ്ടെന്ന് കണ്ടെത്തുന്ന പക്ഷം ആ ഉദ്യോഗസ്ഥനെതിരെ വകുപ്പുതല ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ്മേലധ്യക്ഷനോട് ആവശ്യപ്പെടുകയും അപേക്ഷകന് എത്രയും വേഗം സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുകയോ" എന്ന് ചേർക്കുക.

503. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഇ(1)-ൽ " മുപ്പത് ദിവസങ്ങൾക്കകം" എന്നതിന് പകരം " ആറുമാസങ്ങൾക്കകം" എന്ന് ചേർക്കുക.

514. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഇ(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "മുപ്പത് ദിവസക്കാലയളവിന് " എന്നതിന് പകരം "ആറുമാസക്കാലയളവിന് " എന്ന് ചേർക്കുക.

526. ഖണ്ഡം (3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഇ(3)-ൽ "ഉചിതമായ" എന്നതിന് പകരം "ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിക്കൊണ്ട്" എന്ന് ചേർക്കുക.

536.ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഇ(5)-ൽ " പതിനഞ്ച്" എന്നതിന് പകരം " ഏഴ് പ്രവൃത്തി" എന്ന് ചേർക്കുക.

540. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഇ(6) (എ)-ൽ " ഏതൊരാളെയും" എന്നതിന് മുൻപ് " പരാതിക്കാരനൊഴികെ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

283. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(1)-ൽ " ന്യായമായതുമായ കാരണങ്ങൾ" എന്നതിന് പകരം " ന്യായമായതുമായ കാരണം" എന്ന് ചേർക്കുക.

410. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 സി(1)-ൽ " നടപടികൾ സ്വീകരിക്കുന്നതിനുള്ള" എന്നതിന് പകരം " നടപടികൾ സ്വീകരിക്കുന്നതിനുമുള്ള" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

284. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(1)-ൽ " കാലതാമസം" എന്നതിന് മുൻപ് " മനപൂർവ്വം" എന്ന് ചേർക്കുക.

315. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(2) (എച്ച്) ഒഴിവാക്കുക.

328. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ (4)-ൽ " ഒരു മാസത്തിലെ" എന്നതിന് പകരം "ഓരോ മാസത്തെയും" എന്ന് ചേർക്കുക.

367. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയായി ചുവടെ പറയുന്നത് ചേർക്കുക.

"എന്നിരുന്നാലും മുപ്പത് ദിവസക്കാലാവധിക്കുള്ളിൽ മതിയായ കാരണത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കാൻ കഴിയാത്ത ഏതൊരാളും പരമാവധി മൂന്ന് മാസ കാലയളവിനുള്ളിൽ പ്രസ്തുത അപേക്ഷ സമർപ്പിക്കേണ്ടതും ആയതിന് ശേഷം ലഭിക്കുന്ന അപേക്ഷകൾ ജില്ലാ പരാതി പരിഹാര കമ്മിറ്റി പരിഗണിക്കേണ്ടതില്ലാത്തതുമാകുന്നു" .

369. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി(2)-ൽ "യഥാവിധി" എന്നതിന് പകരം "രേഖാമൂലം" എന്ന് ചേർക്കുക.

371.ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി (3)-ൽ "അഞ്ച് " എന്നതിന് ശേഷം "പ്രവൃത്തി " എന്ന് ചേർക്കുക.

373. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി (3)-ൽ "ഏഴ് " എന്നതിന് ശേഷം "പ്രവൃത്തി" എന്ന് ചേർക്കുക.

458. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 സി(3)-ൽ " സേവനവും വേതനവും സംബന്ധിച്ച" എന്നതിനു പകരം " സേവന വേതന" എന്ന് ചേർക്കുക.

494. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഡി(3)-ൽ "എഴുതിരേഖപ്പെടുത്തിയ" എന്നതിന് പകരം "രേഖാമൂലമുള്ള" എന്ന് ചേർക്കുക.

527. ഖണ്ഡം (3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഇ(3)-ൽ "ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതുമാണ്" എന്നതിന് പകരം "നടപടികൾ സ്വീകരിക്കാവുന്നതുമാണ്" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

293. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 13 എ(1)-ൽ " നടപടികൾ സ്വീകരിക്കുന്നതിനുമുള്ള ആവശ്യത്തിലേക്കായും ജില്ലാതലത്തിൽ ഒരു ജില്ലാ പരാതിപരിഹാര കമ്മിറ്റി രൂപീകരിക്കാവുന്നതാണ് " എന്നതിനു പകരം "പിഴ ചുമത്തുന്നതിനും ആവശ്യമെങ്കിൽ വകുപ്പുതല നടപടിക്ക് ശിപാർശ ചെയ്യുന്നതിനും ജില്ലാതലത്തിൽ ഒരു ജില്ലാ പരാതിപരിഹാര കമ്മിറ്റി രൂപീകരിക്കേണ്ടതാണ് " എന്ന് ചേർക്കുക.

465. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 13 സി (4)-ൽ "ചെയർമാനെയും കൺവീനറെയും കമ്മിറ്റി അംഗങ്ങളിൽ നിന്നും സർക്കാർ നിശ്ചയിക്കുന്നതാണ്." എന്നതിന് പകരം "അംഗങ്ങളിൽ നിന്നും ചെയർമാനെ സർക്കാർ നിശ്ചയിക്കേണ്ടതും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ കമ്മിറ്റിയുടെ കൺവീനർ ആയിരിക്കുന്നതുമാണ്" എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

294. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 13 എ(1)-ൽ " സ്വീകരിക്കുന്നതിനുമുള്ള ആവശ്യത്തിലേക്കായും" എന്നതിന് പകരം "സ്വീകരിക്കുന്നതിനും ചുമതലപ്പെടുത്തി " എന്ന് ചേർക്കുക.

432. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13(സി)(2)(സി)-ൽ, "അഡീഷണൽ സെക്രട്ടറിയുടെ" എന്നതിന് പകരം "അഡീഷണൽ നിയമ സെക്രട്ടറിയുടെ" എന്ന് ചേർക്കുക.

525. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഇ(3)-ൽ "അത് സംബന്ധിച്ച്" എന്നതിനു ശേഷം "ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും അതിൻപ്രകാരമുണ്ടാക്കിയ ചട്ടങ്ങൾക്കും റെഗുലേഷനുകൾക്കും വിരുദ്ധമാകാത്ത രീതിയിൽ" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

298. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(1)-ൽ "ജില്ലാതലത്തിൽ ഒരു ജില്ലാ" എന്നതിന് ശേഷം "തല" എന്ന് ചേർക്കുക.

310. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(2)(ജി)-ൽ "ഡെപ്യൂട്ടി" എന്നതിനു മുൻപായി "ബന്ധപ്പെട്ട ജില്ലയിൽ അധികാരപരിധിയുള്ള" എന്ന് ചേർക്കുക.

318. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 13 എ (എച്ച്)-ൽ "അദ്ദേഹം" എന്നതിന് മുൻപായി "സർക്കാരുമായി ആലോചിച്ച് എന്ന് ചേർക്കുക.

327.ഖണ്ഡം (3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ (4)-ൽ " ഒരു മാസത്തിലെ ആദ്യയോഗം ആ മാസത്തിന്റെ ആദ്യ പ്രവൃത്തി ദിവസം തന്നെയായിരിക്കേണ്ടതാണ്" എന്നത് ഒഴിവാക്കുക.

356. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി(1)-ൽ, "വിധത്തിലോ" എന്നതിന് പകരം "പ്രകാരമോ" എന്ന് ചേർക്കുക.

366. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി(1)യുടെ ക്ലിപ്തനിബന്ധനയിൽ "കഴിഞ്ഞതിനുശേഷം" എന്നതിന് ശേഷം "തുടർന്നുവരുന്ന 30 ദിവസങ്ങൾക്കുള്ളിൽ" എന്ന് ചേർക്കുക.

375. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി (3)-ൽ "പറയുവാനുള്ളത് പറയുവാൻ " എന്നതിന് പകരം "വിശദീകരണം നൽകുവാൻ" എന്ന് ചേർക്കുക.

491. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഡി(3)-ൽ "പറയാനുള്ളത് പറയുവാൻ" എന്നതിന് പകരം "വിശദീകരണം നൽകുവാൻ" എന്നത് ചേർക്കുക.

508. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഇ(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ " അപ്പീൽവാദിക്ക്" എന്നതിന് പകരം " അപ്പീൽ നൽകിയ വ്യക്തിക്ക്" എന്ന് ചേർക്കുക.

542. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എഫ്-ൽ " കമ്മിറ്റിയോ" എന്നു വരുന്നിടത്തെല്ലാം "കമ്മിറ്റിയ്ക്കോ" എന്ന് ചേർക്കുക.

543. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എഫ്-ൽ "കമ്മിറ്റിയോ കാണുന്നപക്ഷം" എന്നതിനു പകരം "കമ്മിറ്റിയ്ക്കോ ബോധ്യപ്പെടുന്ന പക്ഷം " എന്ന് ചേർക്കുക.

561. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ്13 (എഫ്)-ൽ, " അധികാരസ്ഥാനത്തോട്" എന്നതിനുപകരം "ഉദ്യോഗസ്ഥനോട്" എന്ന് ചേർക്കുക.

562. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 (എഫ്)-ന്റെ ക്ലിപ്ത നിബന്ധനയിൽ " പറയുവാനുള്ളത് പറയുവാൻ" എന്നതിനുപകരം "വിശദീകരണം നൽകുവാൻ" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

299. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(1)-ൽ "ജില്ലാപരാതിപരിഹാര കമ്മിറ്റി" എന്നതിന് പകരം "ജില്ലാതല പരാതിപരിഹാരകമ്മിറ്റി" എന്ന് ചേർക്കുക.

303. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(2)-ൽ(എ) ആയി താഴെ പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുക. "(എ) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്;"

340. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി(1)-ൽ "ഒരു നിയുക്ത ഉദ്യോഗസ്ഥൻ, " എന്നതിനു പകരം "ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ " എന്നു ചേർക്കുക.

351. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 13 ബി(1)ൽ "ഓൺലൈൻ ആയോ" എന്നതിനു ശേഷം "നേരിട്ടോ" എന്നു ചേർക്കുക.

372. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി (3)-ൽ "ഏഴ് " എന്നതിന് പകരം "പതിനഞ്ച്" എന്ന് ചേർക്കുക.

418. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 13 സി (2)-ൽ "(എ)" ആയി താഴെപ്പറയുന്നവ ചേർക്കുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുക.

" (എ) നിയമസഭ സാമാജികരുടെ ഒരു പ്രതിനിധി."

439. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13(സി)(2)(ഡി)-ൽ, "വഹിച്ചിരുന്നതും" എന്നതിന് പകരം "വഹിച്ചശേഷം" എന്ന് ചേർക്കുക.

473. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഡി (1)-ൽ " ഒരു നിയുക്ത ഉദ്യോഗസ്ഥൻ" എന്നതിന് പകരം " ഉദ്യോഗസ്ഥർ" എന്ന് ചേർക്കുക.

496. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഡി(3)-ൽ "എഴുതിരേഖപ്പെടുത്തിയ കാരണങ്ങൾ സഹിതം" എന്നതിന് പകരം "കാരണങ്ങൾ രേഖപ്പെടുത്തിയ ശേഷം" എന്നത് ചേർക്കുക.

538. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഇ(5)-ൽ " പതിനഞ്ച് ദിവസക്കാലയളവിനുള്ളിൽ" എന്നതിന് പകരം " ഒരു മാസക്കാലയളവിനുള്ളിൽ " എന്ന് ചേർക്കുക.

560. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 13 എഫ്-ൽ "നടപടി" എന്നതിന് പകരം "അച്ചടക്ക നടപടികൾ" എന്ന് ചേർക്കുക.

ശ്രീ. കെ. ആൻസലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

304. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(2)(സി)-ൽ "റീജിയണൽ" എന്നതിന് പകരം "ജില്ലയുടെ ചുമതല വഹിക്കുന്ന ജോയിന്റ്" എന്നത് ചേർക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

313. ഖണ്ഡം 3 പ്രകാരം ആക്റ്റിൽ ചേർക്കുന്ന വകുപ്പ് 13 എ(2)(ജി) ആയി താഴെപ്പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുക

" (ജി) ഫാക്ടറീസ് ആൻഡ് ബോയ്‌ലേഴ്സ് ഇൻസ്‌പെക്ടറേറ്റിലെ ജില്ലാ ഓഫീസർ;"

ശ്രീമതി കാനത്തിൽ ജമീല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

321.ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ (4)-ൽ " സമയത്ത്" എന്നതിനു പകരം " സ്ഥലത്തും സമയത്തും" എന്ന് ചേർക്കുക.

336. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(4)-ൽ "കമ്മിറ്റിയുടെ ചെയർമാൻ നിശ്ചയിക്കുന്ന " എന്നതിന് പകരം "നിർണ്ണയിക്കപ്പെടാവുന്ന" എന്ന് ചേർക്കുക.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

348. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി(1)-ൽ " കമ്മിറ്റിയുടെ കൺവീനർക്ക് " എന്നതിന് പകരം " കമ്മിറ്റിക്ക്" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

349. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി(1)-ൽ " കൺവീനർക്ക്" എന്നതിന് ശേഷം " രേഖാമൂലം" എന്ന് ചേർക്കുക.

550. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എഫ്-ൽ " ഇരുനൂറ്റി അമ്പത് രൂപ" എന്നതിനു പകരം "നാനൂറ് രൂപ " എന്ന് ചേർക്കുക.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

357. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "പ്രസ്തുത കമ്മിറ്റിയുടെ കൺവീനർക്ക്" എന്നതിന് പകരം "കമ്മിറ്റിക്ക്" എന്നത് ചേർക്കുക.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

368. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി(2)-ൽ "ഉദ്യോഗസ്ഥനേ അപേക്ഷകന് യഥാവിധി കൈപ്പറ്റ് രസീത് നൽകേണ്ടതും കൺവീനർ," എന്നതിന് പകരം "ജില്ലാവ്യവസായ കേന്ദ്രത്തിലെ ഉദ്യോഗസ്ഥനോ അപേക്ഷകന് യഥാവിധി കൈപ്പറ്റ് രസീത് നൽകേണ്ടതും പ്രസ്തുത ഉദ്യോഗസ്ഥൻ" എന്ന് ചേർക്കുക.

382.ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി(3)-ൽ "എഴുതി" എന്നത് ഒഴിവാക്കുക.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

387.ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി(3)-ൽ "തീരുമാനം" എന്നതിന് ശേഷം "കൺവീനറോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ" എന്നത് ചേർക്കുക.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

390.ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി(4)-ൽ "സംസ്ഥാനപരാതി പരിഹാര" എന്നതിന് പകരം "സംസ്ഥാന പരാതിപരിഹാര" എന്ന് ചേർക്കുക.

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

411. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 സി (1)-ൽ " നടപടികൾ സ്വീകരിക്കുന്നതിനുള്ള ആവശ്യത്തിലേക്കായി സംസ്ഥാനതലത്തിൽ ഒരു സംസ്ഥാന പരാതി പരിഹാര കമ്മിറ്റി രൂപീകരിക്കാവുന്നതാണ് " എന്നതിനു പകരം "പിഴ ചുമത്തുന്നതിനും ആവശ്യമെങ്കിൽ വകുപ്പുതല നടപടികൾ ശിപാർശ ചെയ്യുന്നതിനും സംസ്ഥാനതലത്തിൽ ഒരു സംസ്ഥാന പരാതി പരിഹാര കമ്മിറ്റി രൂപീകരിക്കേണ്ടതാണ് " എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

470. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഡി (1)-ൽ "ബൈലോയോ" എന്നതിനു ശേഷം "റെഗുലേഷനുകളോ" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

488. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഡി (2)-ൽ " ഉദ്യോഗസ്ഥനോ അപേക്ഷകന് യഥാവിധി കൈപ്പറ്റ് രസീത് നൽകേണ്ടതും കൺവീനർ" എന്നതിന് പകരം "വ്യവസായ വാണിജ്യ വകുപ്പിലെ ഉദ്യോഗസ്ഥനോ അപേക്ഷകന് യഥാവിധി കൈപ്പറ്റ് രസീത് നൽകേണ്ടതും പ്രസ്തുത ഉദ്യോഗസ്ഥൻ" എന്നത് ചേർക്കുക.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

499. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഡി(3)-ൽ "ഉടൻ തന്നെ" എന്നതിനുശേഷം "കൺവീനറോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ" എന്നത് ചേർക്കുക.

507. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഇ(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ " അപ്പീൽവാദിക്ക്" എന്നതിന് പകരം " അപേക്ഷകന്" എന്ന് ചേർക്കുക.

ശ്രീ. ഐ. ബി. സതീഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

519. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഇ(2)-ൽ "സങ്കടമനുഭവിക്കുന്ന ആളിനും" എന്നതിന് പകരം "അപേക്ഷകന് " എന്ന് ചേർക്കുക.

521. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഇ(3) നീക്കം ചെയ്യുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

539. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഇ(5)-ൽ " 13 എഫ് വകുപ്പിൽ വ്യക്തമാക്കിയ പ്രകാരമുള്ള ശിക്ഷയ്ക്ക് അയാൾ വിധേയനാകുന്നതുമാണ്." എന്നതിന് പകരം " കമ്മിറ്റിക്ക് 13 എഫ് വകുപ്പിൽ വ്യക്തമാക്കിയ പ്രകാരമുള്ള പിഴ ചുമത്താവുന്നതും ആവശ്യമെന്ന് കാണുന്നപക്ഷം വകുപ്പുതല നടപടിക്ക് ശിപാർശ ചെയ്യാവുന്നതുമാണ്." എന്ന് ചേർക്കുക.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

541. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 13 ഇ(6) ചുവടെ പറയും പ്രകാരം മാറ്റുക :

"(6) ജില്ലാ പരാതി പരിഹാര കമ്മിറ്റിക്കും അല്ലെങ്കിൽ സംസ്ഥാന പരാതി പരിഹാര കമ്മിറ്റിക്കും ആവശ്യപ്പെടുന്ന രേഖകൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ ഹാജരാക്കാൻഉത്തരവിടാൻ അധികാരമുണ്ടായിരിക്കുന്നതും വീഴ്ച വരുത്തുന്ന നിയുക്ത ഉദ്യോഗസ്ഥന്മാർക്കെതിരെ വകുപ്പുതല നടപടിക്ക് ശിപാർശ ചെയ്യാൻ അധികാരമുണ്ടായിരിക്കുന്നതുമാണ്."

544. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എഫ്-ൽ " കമ്മിറ്റിയുടെ ചെയർമാന്" എന്നതിനു പകരം "കമ്മിറ്റിക്ക് " എന്ന് ചേർക്കുക

മി. സ്പീക്കർ: 262-ാം നമ്പർ ഭേദഗതി 261-ാം നമ്പർ ഭേദഗതിക്കും 264 മുതൽ 266 വരെയുള്ള ഭേദഗതികൾ 263-ാം നമ്പർ ഭേദഗതിക്കും 270, 271 എന്നീ നമ്പർ ഭേദഗതികൾ 269-ാം നമ്പർ ഭേദഗതിക്കും 273 മുതൽ 275 വരെയുള്ള ഭേദഗതികൾ 272-ാം നമ്പർ ഭേദഗതിക്കും 277-ാം നമ്പർ ഭേദഗതി 278-ാം നമ്പർ ഭേദഗതിക്കും 285 മുതൽ 287 വരെയുള്ള ഭേദഗതികൾ 288-ാം നമ്പർ ഭേദഗതിക്കും 289, 291, 292 എന്നീ നമ്പർ ഭേദഗതികൾ 290-ാം നമ്പർ ഭേദഗതിക്കും 295-ാം നമ്പർ ഭേദഗതി 294-ാം നമ്പർ ഭേദഗതിക്കും 314-ാം നമ്പർ ഭേദഗതി 313-ാം നമ്പർ ഭേദഗതിക്കും 316-ാം നമ്പർ ഭേദഗതി 317-ാം നമ്പർ ഭേദഗതിക്കും 331 മുതൽ 333 വരെയുള്ള ഭേദഗതികൾ 330-ാം നമ്പർ ഭേദഗതിക്കും 343, 344, 346 എന്നീ നമ്പർ ഭേദഗതികൾ 345-ാം നമ്പർ ഭേദഗതിക്കും 361 മുതൽ 363 വരെയുള്ള ഭേദഗതികൾ 360-ാം നമ്പർ ഭേദഗതിക്കും 378 മുതൽ 380 വരെയുള്ള ഭേദഗതികൾ 381-ാം നമ്പർ ഭേദഗതിക്കും 391-ാം നമ്പർ ഭേദഗതി 390-ാം നമ്പർ ഭേദഗതിക്കും 403, 404 എന്നീ നമ്പർ ഭേദഗതികൾ 402-ാം നമ്പർ ഭേദഗതിക്കും 405, 407, 408 എന്നീ നമ്പർ ഭേദഗതികൾ 406-ാം നമ്പർ ഭേദഗതിക്കും 413 മുതൽ 415 വരെയുള്ള ഭേദഗതികൾ

416-ാം നമ്പർ ഭേദഗതിക്കും 423-ാം നമ്പർ ഭേദഗതി 424-ാം നമ്പർ ഭേദഗതിക്കും 428 മുതൽ 430 വരെയുള്ള ഭേദഗതികൾ 427-ാം നമ്പർ ഭേദഗതിക്കും 431-ാം നമ്പർ ഭേദഗതി 432-ാം നമ്പർ ഭേദഗതിക്കും 433 മുതൽ 435 വരെയുള്ള ഭേദഗതികൾ 436-ാം നമ്പർ ഭേദഗതിക്കും 437, 438 എന്നീ നമ്പർ ഭേദഗതികൾ 439-ാം നമ്പർ ഭേദഗതിക്കും 459, 461, 462 എന്നീ നമ്പർ ഭേദഗതികൾ 460-ാം നമ്പർ ഭേദഗതിക്കും 471-ാം നമ്പർ ഭേദഗതി 470-ാം നമ്പർ ഭേദഗതിക്കും 472, 474 എന്നീ നമ്പർ ഭേദഗതികൾ 473-ാം നമ്പർ ഭേദഗതിക്കും 484 മുതൽ 486 വരെയുള്ള ഭേദഗതികൾ 483-ാം നമ്പർ ഭേദഗതിക്കും 495, 497 എന്നീ നമ്പർ ഭേദഗതികൾ 496-ാം നമ്പർ ഭേദഗതിക്കും 515-ാം നമ്പർ ഭേദഗതി 516-ാം നമ്പർ ഭേദഗതിക്കും 524-ാം നമ്പർ ഭേദഗതി 525-ാം നമ്പർ ഭേദഗതിക്കും 528 മുതൽ 532 വരെയുള്ള ഭേദഗതികൾ 533-ാം നമ്പർ ഭേദഗതിക്കും 549-ാം നമ്പർ ഭേദഗതി 550-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. രമേശ് ചെന്നിത്തലയുടെ 392-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

392. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി(4)-ൽ " അയച്ചുകൊടുക്കേണ്ടതും" എന്നതിന് ശേഷം " ഇക്കാര്യം അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതും" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 250, 398 എന്നീ നമ്പർ ഭേദഗതികളും ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 252-ാം നമ്പർ ഭേദഗതിയും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 296, 412, 452, 520 എന്നീ നമ്പർ ഭേദഗതികളും ശ്രീമതി കാനത്തിൽ ജമീല അവതരിപ്പിച്ച 321-ാം നമ്പർ ഭേദഗതിയും ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 328-ാം നമ്പർ ഭേദഗതിയും ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 390-ാം നമ്പർ ഭേദഗതിയും ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 533-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച 250, 398, 252, 296, 412, 452, 520 321, 328, 390, 533 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 247-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 248, 255, 260, 272, 290, 305, 329, 345, 364, 374, 381, 397, 401, 416, 417, 436, 446, 500 504, 517 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 249, 253, 254, 256, 257, 268, 276, 317, 335, 358, 399, 400, 419, 425, 444, 467, 475, 482, 489, 498, 506, 509 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 251, 259, 334, 337, 388, 395, 396, 426, 466, 469 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 258 322, 376, 424, 445, 505 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 261, 402, 516 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 263, 288, 330, 360, 406, 427, 460, 483 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 269, 278, 297, 320, 347, 365, 409, 449, 476, 487, 493, 503, 514, 526, 536, 540 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 283, 410 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 284, 315, 367, 369, 371, 373, 458, 494, 527 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 293, 465 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 294, 432, 525 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 298, 310, 318, 327, 356, 366, 375, 491, 508, 542, 543, 561, 562 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 299, 303, 340, 351, 372, 418, 439, 473, 496, 538, 560 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 304-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 313-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കാനത്തിൽ ജമീല അവതരിപ്പിച്ച 336-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 348-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 349, 550 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 357-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 368, 382 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 387-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 411-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 470-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 488-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 499, 507 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച 519, 521 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 539-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 541, 544 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

111. ദീർഘശീർഷകത്തിൽ " 1999" എന്നതിന് മുൻപ് "കേരള സംസ്ഥാനത്ത് വ്യവസായ സംരംഭകർക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ സേവനങ്ങൾ നൽകുന്നതിനും പരാതി പരിഹാര സമിതികൾ രൂപീകരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട സംഗതികൾക്കും" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

114. ദീർഘശീർഷകത്തിൽ " ആക്ട്" എന്നതിന് പകരം "നിയമം" എന്ന് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

119. ദീർഘശീർഷകത്തിൽ " ചെയ്യുന്നതിനുള്ള" എന്നതിന് പകരം "ചെയ്യുന്നതിനായുള്ള" എന്ന് ചേർക്കുക.

124. പീഠികയിൽ "ഇതിനുശേഷം കാണുന്ന" എന്നതിന് പകരം "താഴെപ്പറഞ്ഞിരിക്കുന്ന" എന്ന് ചേർക്കുക.

126. പീഠികയിൽ " ഇതിനുശേഷം കാണുന്ന" എന്നതിനു പകരം "താഴെപ്പറയുന്ന" എന്ന് ചേർക്കുക.

131. പീഠികയിൽ "ആവശ്യങ്ങൾക്കായി" എന്നതിന് പകരം "ആവശ്യങ്ങൾക്ക് വേണ്ടി" എന്ന് ചേർക്കുക.

142. പീഠികയിൽ " യുക്തമായിരിക്കുകയാൽ" എന്നതിന് പകരം "അനുയോജ്യമായിരിക്കുകയാൽ" എന്ന് ചേർക്കുക.

145. തത്വപ്രഖ്യാപന വാക്യത്തിൽ " താഴെപ്പറയും" എന്നതിന് പകരം "ചുവടെ ചേർക്കും" എന്ന് ചേർക്കുക.

148. ഖണ്ഡം 1(1)-ൽ " ആക്റ്റിന് " എന്നതിന് ശേഷം ( " ) എന്ന ചിഹ്നവും, ബോർഡുകളും എന്നതിന് ശേഷം ( , ) എന്ന ചിഹ്നവും ചേർക്കുക.

151. ഖണ്ഡം 1(1)-ൽ " ആക്റ്റ്" എന്നതിന് ശേഷം (") എന്നത് ചേർക്കുക.

153. ഖണ്ഡം 1(2)-ൽ " 2021 സെപ്റ്റംബർ 14-ാം തീയതി" എന്നതിന് പകരം " സംസ്ഥാന ഗസറ്റിൽ വിജ്ഞാപനം ചെയ്യപ്പെടുന്ന തീയതി മുതൽ" എന്ന് ചേർക്കുക.

157. ഖണ്ഡം 1(2) -ൽ "തീയതി " എന്നതിന് ശേഷം "മുതൽ" എന്ന് ചേർക്കുക.

174. ഖണ്ഡം 1 (2) താഴെപ്പറയും പ്രകാരം മാറ്റുക.

" (2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്".

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

121. പീഠികയിൽ "ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി" എന്നതിന് പകരം "ഇതിനുശേഷം കാണുന്ന വ്യവസ്ഥകൾ പ്രകാരം" എന്ന് ചേർക്കുക.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

122. പീഠികയിൽ "ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി" എന്നതിന് പകരം "ഇനി പറയുന്ന വ്യവസ്ഥകൾ പ്രകാരം" എന്ന് ചേർക്കുക.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

130. പീഠികയിൽ " ആവശ്യങ്ങൾക്കായി" എന്നതിന് പകരം "ഉദ്ദേശ്യലക്ഷ്യങ്ങൾക്കായി" എന്ന് ചേർക്കുക.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

132. പീഠികയിൽ "വീണ്ടും" എന്നത് ഒഴിവാക്കുക.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

143. പീഠിക താഴെപ്പറയും പ്രകാരം മാറ്റുക:

"പീഠിക.- കേരള സംസ്ഥാനത്ത് വ്യവസായ സംരംഭകർക്ക് നിശ്ചിത സമയപരിധികളുള്ളിൽ സേവനങ്ങൾ നൽകുന്നതിനും പരാതി പരിഹാര സമിതികൾ രൂപീകരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട സംഗതികൾക്കുമായി 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ട് (2000-ലെ 5) ഇനി പറയുന്ന വ്യവസ്ഥകൾ പ്രകാരം വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ; "

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

144. പീഠിക താഴെപ്പറയും പ്രകാരം മാറ്റുക:

"പീഠിക.- കേരള സംസ്ഥാനത്ത് വ്യവസായ സംരംഭകർക്കായി പരാതി പരിഹാര സമിതികൾ രൂപീകരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട സംഗതികൾക്കുമായി 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ട് (2000-ലെ 5) ഇനി പറയുന്ന വ്യവസ്ഥകൾ പ്രകാരം വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ; "

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

154. ഖണ്ഡം 1(2)-ൽ “ 14" എന്നതിന് പകരം "10" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

168. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക.

“ (2) ഇത് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.”

മി. സ്പീക്കർ: 109-ാം നമ്പർ ഭേദഗതി ശീർഷകത്തിനുള്ളതാകയാൽ ക്രമപ്രകാരമല്ല. 112-ാം നമ്പർ ഭേദഗതി 111-ാം നമ്പർ ഭേദഗതിക്കും 123-ാം നമ്പർ ഭേദഗതി 124-ാം നമ്പർ ഭേദഗതിക്കും 125, 127, 128 എന്നീ നമ്പർ ഭേദഗതികൾ 126-ാം നമ്പർ ഭേദഗതിക്കും 133 മുതൽ 136 വരെയുള്ള ഭേദഗതികൾ 132-ാം നമ്പർ ഭേദഗതിക്കും 155, 156, 158, 159 എന്നീ നമ്പർ ഭേദഗതികൾ 157-ാം നമ്പർ ഭേദഗതിക്കും 169 മുതൽ 171 വരെയുള്ള ഭേദഗതികൾ 168-ാം നമ്പർ ഭേദഗതിക്കും 172, 173, 175 എന്നീ നമ്പർ ഭേദഗതികൾ 174-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 119, 124, 126, 131, 142, 145, 148, 151, 153, 157, 174 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 132-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 143-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 144-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 168-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

(ii) 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ

രണ്ടാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

197.ഖണ്ഡം 2(എ)-യിൽ " രൂപീകരിച്ച" എന്നതിന് പകരം " രൂപീകരിക്കപ്പെടുന്ന" എന്ന് ചേർക്കുക.

213. ഖണ്ഡം 2(എച്ച്)-ൽ " ഏതെങ്കിലും" എന്നതിന് മുന്നിലായി " അല്ലെങ്കിൽ" എന്ന് ചേർക്കുക.

214. ഖണ്ഡം 2(ഐ)-ൽ " ആക്റ്റിൻകീഴിൽ" എന്നതിന് പകരം " ആക്റ്റിൻ കീഴിൽ" എന്ന് ചേർക്കുക.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

198. ഖണ്ഡം 2(എ)-ൽ " കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ്" എന്നതിന് പകരം " കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

199. ഖണ്ഡം 2(എ)-യിൽ " പബ്ളിക്" എന്നതിന് പകരം " പബ്ലിക് എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

200. ഖണ്ഡം 2(ബി)-യിൽ " വച്ചു പോരുന്നതായ" എന്നതിനു പകരം " രൂപീകരിച്ച് പരിപാലിച്ച് പോരുന്നതായ" എന്ന് ചേർക്കുക.

205. ഖണ്ഡം 2(എഫ്)-ൽ "എന്നാൽ" എന്നതിന് ശേഷം "വകുപ്പ് മൂന്ന് പ്രകാരം രൂപീകരിക്കപ്പെടുന്ന" എന്ന് ചേർക്കുക.

209. ഖണ്ഡം 2(ജി)-യിൽ "എന്നാൽ" എന്നതിന് ശേഷം "ഈ ആക്റ്റിന്റെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ" എന്ന് ചേർക്കുക.

224. ഖണ്ഡം 2 (കെ)-യിൽ "എന്നാൽ" എന്നതിനു ശേഷം "വകുപ്പ് മൂന്ന് പ്രകാരം രൂപീകരിക്കപ്പെടുന്ന" എന്ന് ചേർക്കുക.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

201. ഖണ്ഡം 2(ബി)-ൽ "വച്ചുപോരുന്നതായ" എന്നതിന് പകരം "രൂപീകരിക്കുന്ന" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

204. ഖണ്ഡം 2(ഡി)-ൽ "കേരള" എന്നതിന് ശേഷം "സർക്കാർ" എന്ന് ചേർക്കുക.

210. ഖണ്ഡം 2(ജി)-ൽ "കേരള" എന്നത് ഒഴിവാക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

216. ഖണ്ഡം 2(ഐ)-ൽ " ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ" എന്നതിന് പകരം " ഉണ്ടാക്കുന്ന ചട്ടങ്ങളാലോ റെഗുലേഷനുകളാലോ" എന്ന് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

218. ഖണ്ഡം 2(ജെ)-ൽ " ഭൂരിപക്ഷം" എന്നത് ഒഴിവാക്കുക.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

222. ഖണ്ഡം 2 (ജെ)-യ്ക്ക് ശേഷം താഴെ പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുക.

" (കെ) സർക്കാർ സാമ്പത്തിക സഹായത്തോടെ പ്രവർത്തിക്കുന്നതും കേരള പബ്ലിക് സർവീസ് കമ്മീഷന് വിട്ടിട്ടില്ലാത്തതുമായ മുഴുവൻ സ്ഥാപനങ്ങളുടെയും നിയമനങ്ങൾ ബോർഡിന് നടത്താൻ അധികാരം ഉണ്ട്."

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

228. ഖണ്ഡം 2 (കെ)-യ്ക്ക് ശേഷം താഴെ പറയുന്നത് ചേർക്കുക.

"(എൽ) തസ്തികകൾ എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾ പ്രകാരം നിർണയിക്കപ്പെടാവുന്ന അങ്ങനെയുള്ള തസ്തികകൾ എന്നർത്ഥമാകുന്നു."

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

229. ഖണ്ഡം 2 (കെ)-യ്ക്ക് ശേഷം താഴെ പറയുന്നത് ചേർക്കുക.

"(എൽ) സെലക്ട് ലിസ്റ്റ് എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾ പ്രകാരം അനുവർത്തിക്കേണ്ട സംവരണ മാനദണ്ഡങ്ങൾ പാലിച്ച് അങ്ങനെയുള്ള സെലക്ഷൻ പ്രക്രിയയിലൂടെ തയ്യാറാക്കുന്ന ഉദ്യോഗാർത്ഥികളുടെ മുൻഗണന ലിസ്റ്റ് എന്നർത്ഥമാകുന്നു."

മി. സ്പീക്കർ: 212-ാം നമ്പർ ഭേദഗതി 213-ാം നമ്പർ ഭേദഗതിക്കും 217-ാം നമ്പർ ഭേദഗതി 216-ാം നമ്പർ ഭേദഗതിക്കും 223-ാം നമ്പർ ഭേദഗതി 222-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 198-ാം നമ്പർ ഭേദഗതിയും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 207-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 198, 207 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 197, 213, 214 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 199-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 200, 205, 209, 224 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 201-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 204, 210-ാം എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 216-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 218-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി അവതരിപ്പിച്ച 222-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 228-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 229-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

(1)-ാം ഉപഖണ്ഡത്തിൽ "കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ റിക്രൂട്ട്മെന്റ് ബോർഡ്" എന്നതിൽ "സെലക്ഷൻ റിക്രൂട്ട്മെന്റും" എന്ന വാക്കുകൾ ബ്രാക്കറ്റുകൾക്കകത്ത് ചേർക്കേണ്ടതാണ്.

(5)-ാം ഉപഖണ്ഡത്തിൽ "അംഗങ്ങൾ" എന്ന വാക്കിനുപകരം "മറ്റംഗങ്ങൾ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ആ ഉപഖണ്ഡത്തിൽത്തന്നെ "എന്നീ മേഖലയിൽ" എന്ന വാക്കുകൾക്കുപകരം "മുതലായ ഏതെങ്കിലും മേഖലയിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(7)-ാം ഉപഖണ്ഡത്തിൽ "സെക്രട്ടറിയായി നിയമിക്കാവുന്നതാണ്. അദ്ദേഹത്തിന് അറുപത്തിരണ്ട് വയസ്സിൽ കൂടുതൽ പ്രായം ഉണ്ടായിരിക്കുവാൻ പാടുള്ളതല്ല" എന്ന വാക്കുകൾക്കുപകരം

"സെക്രട്ടറിയായി അന്യത്രസേവനവ്യവസ്ഥയിലോ, നിർണ്ണയിക്കപ്പെടുന്ന വിധം സെലക്ഷൻ രീതിയിലോ നിയമിക്കാവുന്നതാണ്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലെ നിയമനങ്ങൾക്ക് കേരള സർവ്വീസ് ചട്ടങ്ങൾ ബാധകമായിരിക്കുന്നതാണ്. സെലക്ഷൻ രീതിയിൽ നിയമനം ലഭിക്കുന്ന സെക്രട്ടറിക്ക് അദ്ദേഹം ഔദ്യോഗിക സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ നാലു വർഷക്കാലം പൂർത്തിയാകുന്നതുവരെയോ ആദ്ദേഹത്തിന് 62 വയസ്സു പൂർത്തിയാകുന്നതുവരെയോ, ഇതിലേതാണോ ആദ്യം സംഭവിക്കുന്നത് അതുവരെ ഔദ്യോഗികസ്ഥാനം വഹിക്കാവുന്നതാണ്." എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

കൂടാതെ "സെക്രട്ടറിക്ക് നിർണ്ണയിക്കപ്പെടുന്ന ശമ്പളവും ബത്തകളും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്" എന്ന വാചകം ഈ ഉപഖണ്ഡത്തിന്റെ അവസാനമായി കൂട്ടിച്ചേർക്കേണ്ടതാണ്.

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

230.ഖണ്ഡം 3 ((1)-ൽ " ആക്റ്റിന്റെ പ്രാരംഭത്തീയതിയ്ക്ക്" എന്നതിനു പകരം "ആക്റ്റ് പ്രാബല്യത്തിലാകുന്നതിന്" എന്നത് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു

231. ഖണ്ഡം 3(1)-ൽ " പ്രാരംഭത്തീയതിയ്ക്ക്" എന്ന വാക്കിന് പകരം " പ്രാരംഭ തീയതിക്ക് " എന്ന വാക്കുകൾ ചേർക്കുക.

275. ഖണ്ഡം 3(4)-ൽ " 'എ' വിഭാഗത്തിൽപ്പെട്ട" എന്നത് ഒഴിവാക്കുക.

332. ഖണ്ഡം 3(7)-ൽ " അറുപത്തിരണ്ട" എന്നതിന് പകരം " അറുപത്തിഅഞ്ച്" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു

239. ഖണ്ഡം 3(1)-ൽ " ആക്റ്റിൻകീഴിൽ" എന്ന വാക്കിന് പകരം " ആക്റ്റിൻ കീഴിൽ" എന്ന വാക്ക് ചേർക്കുക.

246. ഖണ്ഡം 3(2)-ൽ " ഏകാംഗീകൃതനികായം" എന്നതിന് പകരം " ഏകാംഗീകൃത നികായം" എന്ന് ചേർക്കുക.

256. ഖണ്ഡം 3(3)-ൽ "പട്ടികവർഗ്ഗത്തിലോ പെടുന്ന" എന്നതിന് പകരം "പട്ടികഗോത്രവർഗ്ഗത്തിലോപെടുന്ന " എന്ന് ചേർക്കുക.

260. ഖണ്ഡം 3(4)-ൽ "സർക്കാരിന്റെ" എന്ന വാക്കിന് പകരം "സർക്കാരിൽ" എന്ന വാക്ക് ചേർക്കുക.

344. ഖണ്ഡം 3(8)-ൽ " തിരുവനന്തപുരത്ത്" എന്നതിന് പകരം " തിരുവനന്തപുരം ജില്ലയിൽ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

242. ഖണ്ഡം 3(1)-ൽ " ഗസറ്റ്" എന്നത് ഒഴിവാക്കുക

248. ഖണ്ഡം 3(3)-ൽ " ബോർഡിൽ" എന്നതിന് ശേഷം " ," എന്നത് ചേർക്കുക.

261. ഖണ്ഡം 3(4)-ൽ, "സർക്കാരിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ" എന്നതിന് പകരം "ഗവൺമെന്റ് സെക്രട്ടറിയുടെ" എന്ന് ചേർക്കുക.

297. ഖണ്ഡം 3 (5) (iv)-ൽ "പ്രവൃത്തിപരിചയം ഉള്ള" എന്നതിന് പകരം "പ്രവർത്തി പരിചയം ഉള്ള" എന്ന് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

243. ഖണ്ഡം 3(1)-ൽ " ഗസറ്റ്" എന്നതിന് പകരം " ഔദ്യോഗിക ഗസറ്റ്" എന്ന് ചേർക്കുക.

263. ഖണ്ഡം 3(4)-ൽ, "വഹിച്ചിരുന്നതോ" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

244. ഖണ്ഡം 3(1)-ൽ " കേരള പബ്ലിക് എന്റർ പ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ്" എന്നതിന് പകരം " കേരള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ തെരഞ്ഞെടുപ്പും നിയമനവും സമിതി" എന്ന് ചേർക്കുക.

257. ഖണ്ഡം 3(3)-ൽ "ആളും" എന്നതിനുശേഷം "ഒരാൾ മറ്റു പിന്നോക്ക വിഭാഗങ്ങളിൽപെടുന്ന ആളും " എന്നത് ചേർക്കുക.

269. ഖണ്ഡം 3(4)-ൽ "ആയതും" എന്നതിന് ശേഷം "സംസ്ഥാനത്തെ" എന്ന് ചേർക്കുക.

293. ഖണ്ഡം 3(5)-ൽ "എന്നീ മേഖലയിൽ" എന്നതിന് ശേഷം "കുറഞ്ഞത് അഞ്ചു വർഷത്തെയെങ്കിലും " എന്ന് ചേർക്കുക.

327.ഖണ്ഡം 3(7)-ൽ "അദ്ദേഹത്തിന്" എന്നതിന് ശേഷം "നിയമന തീയതിയിൽ" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

245. ഖണ്ഡം 3(1)-ൽ " പബ്ളിക്" എന്നതിന് പകരം " പബ്ലിക്" എന്ന് ചേർക്കുക.

254. ഖണ്ഡം 3(3)-ൽ "പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെടുന്ന" എന്നതിന് പകരം "പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന" എന്ന് ചേർക്കുക.

279. ഖണ്ഡം 3(4)-ൽ " വർഷത്തെ" എന്നതിനു പകരം " വർഷത്തിൽ കുറയാത്ത" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

258. ഖണ്ഡം 3(3)-ൽ "ആയിരിക്കേണ്ടതാണ്" എന്നതിന് പകരം "ആയിരിക്കേണ്ടതുമാണ് " എന്ന് ചേർക്കുക.

271. ഖണ്ഡം 3(4)-ൽ "നിലയിൽ" എന്നതിനു ശേഷം "അഞ്ച് വർഷത്തെ" എന്ന് ചേർക്കുക.

295. ഖണ്ഡം 3 (5)-ൽ "മേഖലയിൽ" എന്നതിന് പകരം "മേഖലകളിൽ" എന്ന് ചേർക്കുക.

296. ഖണ്ഡം 3 (5)-ൽ "പ്രവൃത്തിപരിചയം" എന്നതിന് മുൻപിൽ "മൂന്ന് വർഷത്തെ" എന്ന് ചേർക്കുക.

339.ഖണ്ഡം 3(8)-ൽ " തിരുവനന്തപുരത്ത്" എന്നതിന് പകരം" തിരുവനന്തപുരം" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

264. ഖണ്ഡം 3(4)-ൽ "വഹിച്ചിരുന്നതോ" എന്നതിന് പകരം "വിരമിച്ചതോ" എന്നത് ചേർക്കുക.

308. ഖണ്ഡം 3(7)-ൽ " 'എ' വിഭാഗത്തിൽപ്പെട്ട" എന്നത് ഒഴിവാക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

277. ഖണ്ഡം 3(4)-ൽ " അഞ്ച് " എന്നതിനു പകരം " മൂന്ന് " എന്ന് ചേർക്കുക.

300. ഖണ്ഡം 3(7)-ൽ " സർക്കാരിന്റെ" എന്നത് ഒഴിവാക്കുക.

305. ഖണ്ഡം 3(7)-ൽ " സ്പെഷ്യൽ" എന്നതിന് പകരം "അഡീഷണൽ" എന്ന് ചേർക്കുക.

306. ഖണ്ഡം 3(7)-ൽ " തസ്തികയോ" എന്ന് വരുന്നിടത്തെല്ലാം "തസ്തിക" എന്ന് ചേർക്കുക.

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

280. ഖണ്ഡം 3(4) ചുവടെ പറയും പ്രകാരം മാറ്റുക.

" (4) ബോർഡിന്റെ ചെയർപേഴ്സൺ ഒരു പൊതു മേഖലാ സ്ഥാപനത്തിന്റെ ബോർഡിലെ അംഗം എന്ന നിലയിൽ പ്രവൃത്തി പരിചയം ഉള്ള ഒരാളോ, കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ കീഴിലുള്ള 'എ' വിഭാഗത്തിൽപ്പെട്ട ഒരു പൊതു മേഖലാ സ്ഥാപനത്തിൽ മാനേജിംഗ് ഡയറക്ടറായി അഞ്ച് വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം ഉള്ള ഒരാളോ ആയിരിക്കേണ്ടതാണ്."

312. ഖണ്ഡം 3(7)-ൽ " ഏതെങ്കിലും സമയത്ത് " എന്നത് ഒഴിവാക്കുക.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

282. ഖണ്ഡം 3(5)(i) ചുവടെപ്പറയും പ്രകാരംമാറ്റുക ;

" (i) സാങ്കേതിക രംഗം, വിപണന രംഗം അല്ലെങ്കിൽ മാനവവിഭവശേഷി എന്നിവയിലുള്ള നേതൃത്വപരമായ നടത്തിപ്പ് ;"

283. ഖണ്ഡം 3(5)(ii)-ൽ " അക്കൗണ്ട്സ്" എന്നതിനുപകരം "മാനേജ്മെന്റ് " എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

285. ഖണ്ഡം 3 (5) ൽ (iv) നു പകരം താഴെ പറയുന്നത് ചേർക്കുക;

" (iv) PSC/UPSC യിൽ റിക്രൂട്ട്മെന്റ് ചുമതല നിർവഹിച്ചിട്ടുള്ള ജോയിന്റ് സെക്രട്ടറി പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥർ ; "

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

294. ഖണ്ഡം 3 (5)-ൽ "എന്നീ മേഖലയിൽ" എന്നതിന് ശേഷം "കുറഞ്ഞത് പതിനഞ്ച് വർഷത്തെ" എന്ന് ചേർക്കുക.

299. ഖണ്ഡം 3(6)-ൽ "ഒന്നിൽ" എന്നതിന് പകരം "രണ്ടിൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 232 മുതൽ 237 വരെയുള്ള ഭേദഗതി 231-ാം നമ്പർ ഭേദഗതിക്കും 255-ാം നമ്പർ ഭേദഗതി 256-ാം നമ്പർ ഭേദഗതിക്കും 265 മുതൽ 267 വരെയുള്ള ഭേദഗതി 264-ാം നമ്പർ ഭേദഗതിക്കും 272 മുതൽ 274 വരെയുള്ള ഭേദഗതി 275-ാം നമ്പർ ഭേദഗതിക്കും 278-ാം നമ്പർ ഭേദഗതി 279-ാം നമ്പർ ഭേദഗതിക്കും 286, 287 എന്നീ ഭേദഗതികൾ 285-ാം നമ്പർ ഭേദഗതിക്കും 309 മുതൽ 311 വരെയുള്ള ഭേദഗതി 308-ാം നമ്പർ ഭേദഗതിക്കും 313-ാം നമ്പർ ഭേദഗതി 312-ാം നമ്പർ ഭേദഗതിക്കും 330, 331, 333 എന്നീ ഭേദഗതികൾ 332-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 256-ാം നമ്പർ ഭേദഗതിയും ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 279-ാം നമ്പർ ഭേദഗതിയും ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 299-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സ്വീകരിച്ച 256, 279, 299 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 230-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 231, 275, 332 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 239, 246, 260, 344 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 242, 248, 261, 297 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 243, 263 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 244, 257, 269, 293, 327 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 245, 254 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 258, 271, 295, 296, 339 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 264, 308 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 277, 300, 305, 306 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 280, 312 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ അവതരിപ്പിച്ച 282, 283 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 285-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 294-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാംവകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

350. ഖണ്ഡം 4 (ii)-ൽ “ നിർധനനോ" എന്നതിനു പകരം "നിർധനനോ/ നിർധനയോ” എന്ന് ചേർക്കുക.

352. ഖണ്ഡം 4 (iii)-ൽ “ സ്ഥാപനത്തിന്റെയോ പൊതുമേഖലാ സ്ഥാപനത്തിന്റെയോ" എന്നതിനു പകരം "സ്ഥാപനത്തിലെ” എന്ന് ചേർക്കുക.

353. ഖണ്ഡം 4 (iii)-ൽ “ ജീവനക്കാരനോ" എന്നതിനു ശേഷം "ജീവനക്കാരിയോ” എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

351. ഖണ്ഡം 4 (iii)-ൽ “ തദ്ദേശസ്വയംഭരണ" എന്നതിന് പകരം "തദ്ദേശ സ്വയംഭരണ” എന്ന് ചേർക്കുക.

363. ഖണ്ഡം 4(vi)-ൽ നീക്കം "ചെയ്യപ്പെട്ട" എന്നതിന് പകരം "ചെയ്യപ്പെട്ടിട്ടുള്ള" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

354. ഖണ്ഡം 4 (iv) ഒഴിവാക്കുക

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

356. ഖണ്ഡം4(v)-ൽ “ സാന്മാർഗ്ഗികദൂഷ്യമോ അഴിമതി കുറ്റാരോപണമോ ഉൾപ്പെടുന്ന ഏതെങ്കിലും കുറ്റത്തിന്" എന്നതിന് പകരം "സാന്മാർഗ്ഗിക ദൂഷ്യത്തിനോ അഴിമതി കുറ്റത്തിനോ” എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

360. ഖണ്ഡം 4 (v)-ൽ “ ഏതെങ്കിലും കുറ്റത്തിന് " എന്നതിന് ശേഷം "വിചാരണനേരിടുന്ന ആളോ,” എന്ന് ചേർക്കുക.

ശ്രീ. ജോബ് മൈക്കിൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

361.ഖണ്ഡം 4(vi)-ൽ "നീക്കം ചെയ്യപ്പെട്ട" എന്നതിന് പകരം "വിലക്കപ്പെട്ട" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

362. ഖണ്ഡം 4(vi)-ൽ "നീക്കം ചെയ്യപ്പെട്ട" എന്നതിന് പകരം "വിലക്ക് ഏർപ്പെടുത്തിയ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

366. ഖണ്ഡം 4(vi)-ന് ശേഷം വരുന്ന "അയോഗ്യനായിരിക്കുന്നതാണ്" എന്നതിന് പകരം "അയോഗ്യനാക്കപ്പെടുന്നതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 355-ാം നമ്പർ ഭേദഗതി 354-ാം നമ്പർ ഭേദഗതിക്കും 357 മുതൽ 359 വരെയുള്ള ഭേദഗതികൾ 356-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 350, 352, 353 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 351, 363 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 356-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 360-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജോബ് മൈക്കിൾ അവതരിപ്പിച്ച 361-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 362-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 366-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

370. ഖണ്ഡം 5(1)-ൽ "നാല് വർഷക്കാലം" എന്നതിന് പകരം "മൂന്ന് വർഷക്കാലം" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

372. ഖണ്ഡം 5(1)-ൽ " നാല് വർഷക്കാലം" എന്നതിന് പകരം "അഞ്ച് വർഷക്കാലം" എന്ന് ചേർക്കുക.

430. ഖണ്ഡം 5(6)-ൽ " പുനർനിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല" എന്നതിന് പകരം "അർഹതയുള്ള പക്ഷം പുനർനിയമനം നൽകാവുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

380.ഖണ്ഡം 5(2)-ൽ " ബോർഡിന്റെ" എന്നതിന് പകരം "ബോർഡിലെ" എന്ന് ചേർക്കുക.

400. ഖണ്ഡം 5(4)-ൽ " ഔദ്യോഗികസ്ഥാനം" എന്നതിനു പകരം "ഉദ്യോഗം" എന്ന് ചേർക്കുക.

411.ഖണ്ഡം 5(5)(iv)-ൽ " വിസമ്മതിക്കുകയോ" എന്നതിന് ശേഷം " കഴിവില്ലാതായിത്തീരുകയോ" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

381. ഖണ്ഡം 5(2)-ൽ "എഴുതി" എന്നതിന് പകരം "രേഖാമൂലം" എന്ന് ചേർക്കുക.

406. ഖണ്ഡം 5(5) (ii)-ൽ "സർക്കാരിന്റെ അഭിപ്രായത്തിൽ" എന്നത് ഒഴിവാക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

385. ഖണ്ഡം 5(2)-ൽ "എഴുതി" എന്നതിനുശേഷം "ഒരു മാസത്തെ കാലാവധിയുള്ള മുൻകൂർ" എന്ന് ചേർക്കുക.

397. ഖണ്ഡം 5(4)-ൽ " ഒരു താൽക്കാലിക" എന്നതിനു മുൻപായി "ഒരംഗം രാജിവയ്ക്കുന്നതിലൂടെയോ മരണപ്പെടുന്നതിലൂടെയോ ഉണ്ടാകുന്ന" എന്ന് ചേർക്കുക.

401. ഖണ്ഡം 5(5)-ൽ "ഉത്തരവ്മൂലം" എന്നതിന് പകരം "ഉത്തരവ് മൂലം" എന്നത് ചേർക്കുക.

403. ഖണ്ഡം 5(5) (i)-ൽ "നിർദ്ധനനായിത്തീരുകയോ" എന്നതിന് പകരം "നിർദ്ധനൻ/നിർദ്ധന ആയിത്തീരുകയോ" എന്നത് ചേർക്കുക.

408. ഖണ്ഡം 5(5) (iv)-ൽ "വിസമ്മതിക്കുകയോ" എന്നതിനു പകരം "വിസമ്മതിക്കുന്നതായി തെളിയിക്കപ്പെടുകയോ" എന്നത് ചേർക്കുക.

416. ഖണ്ഡം 5(5)(vi)-ൽ " സർക്കാരിന്റെ അഭിപ്രായത്തിൽ" എന്നത് ഒഴിവാക്കുക.

417. ഖണ്ഡം 5(5)(vi)-ൽ " ചെയ്യുകയോ"എന്നതിന് പകരം" ചെയ്തതായി തെളിയിക്കപ്പെടുകയോ" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

386. ഖണ്ഡം 5(2)-ൽ "എഴുതി" എന്നതിനുശേഷം "ഒപ്പിട്ട് " എന്നു ചേർക്കുക.

419. ഖണ്ഡം 5(5)-ന്റെ ക്ലിപ്തനിബന്ധനയിൽ " പറയുവാനുള്ളത് പറയുവാൻ" എന്നതിന് പകരം " വിശദീകരണം നൽകുവാൻ " എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

387. ഖണ്ഡം 5(2)-ൽ "അറിയിപ്പ് " എന്നതിനുമുൻപ് "മുൻകൂർ" എന്ന് ചേർക്കുക.

398. ഖണ്ഡം 5(4)-ൽ " ഒരു താൽക്കാലിക" എന്നതിന് പകരം "(3)-ാം ഉപവകുപ്പ് പ്രകാരമുള്ള" എന്ന് ചേർക്കുക.

412. ഖണ്ഡം 5(5)(iv)-ൽ " വിസമ്മതിക്കുകയോ" എന്നതിന് ശേഷം " പ്രാപ്തനല്ലെന്ന് ബോദ്ധ്യമാകുന്നപക്ഷമോ" എന്ന് ചേർക്കുക.

431. ഖണ്ഡം 5(6)-നു ശേഷം ചുവടെ ചേർക്കുന്ന ക്ലിപ്തനിബന്ധന ചേർക്കുക. "എന്നാൽ സർക്കാരിന് യുക്തമെന്ന് കരുതുന്ന പക്ഷം അംഗമായിരുന്ന ഒരാൾക്ക് ചെയർപേഴ്സനായി പുനർനിയമനം നൽകാവുന്നതാണ്."

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

388. ഖണ്ഡം 5(2)-ൽ "അറിയിപ്പ് നൽകിക്കൊണ്ട് " എന്നതിന് പകരം "നൽകി" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

392. ഖണ്ഡം 5(2) താഴെപ്പറയും പ്രകാരം മാറ്റുക;

" (2) ബോർഡിന്റെ ചെയർപേഴ്സണും അംഗത്തിനും സർക്കാരിന് സ്വന്തം കൈപ്പടയിൽ എഴുതി അറിയിപ്പ് നൽകിക്കൊണ്ട് ഏതുസമയത്തും അവരുടെ ഔദ്യോഗിക സ്ഥാനം രാജിവയ്ക്കാവുന്നതും, സർക്കാർ അത് സ്വീകരിക്കുന്നതിന്മേൽ അവർ അവരുടെ ഔദ്യോഗിക സ്ഥാനം ഒഴിഞ്ഞതായി കരുതപ്പെടുന്നതുമാണ്."

393. ഖണ്ഡം 5(3)-ൽ " ഉപവകുപ്പിൻ കീഴിലോ മറ്റുവിധത്തിലോ" എന്നതിനു പകരം "ഉപവകുപ്പ് പ്രകാരമോ മറ്റ് വിധത്തിലോ" എന്ന് ചേർക്കുക.

402. ഖണ്ഡം 5(5)-ൽ "ഉത്തരവ്മൂലം" എന്നതിന് ശേഷം "," ചിഹ്നം ചേർക്കുക.

432. ഖണ്ഡം 5(7)-ൽ " അംഗങ്ങളും" എന്നതിന് ശേഷം " ബോർഡിന്റെ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

394. ഖണ്ഡം 5(3)-ൽ " ഒഴിവ്" എന്നതിന് മുൻപ് "താത്ക്കാലിക" എന്ന് ചേർക്കുക.

415. ഖണ്ഡം 5(5)(v) താഴെപ്പറയും പ്രകാരം മാറ്റുക:

" (v) തുടർച്ചയായി ബോർഡിന്റെ അനുവാദം കൂടാതെ മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുകയോ;"

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

399. ഖണ്ഡം 5(4)-ൽ " നിയമിക്കപ്പെട്ട" എന്നതിനു പകരം "നിയമിക്കപ്പെടുന്ന" എന്ന് ചേർക്കുക.

ഡോ. സുജിത് വിജയൻപിള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

407. ഖണ്ഡം 5(5) (ii) ചുവടെപ്പറയും പ്രകാരം മാറ്റുക.

"(ii) സാന്മാർഗികദൂഷ്യത്തിനോ അഴിമതിക്കോ ക്രിമിനൽ കുറ്റത്തിനോ ഏതെങ്കിലും കോടതി തടവു ശിക്ഷ വിധിക്കുകയും മേൽക്കോടതി ശിക്ഷ സ്റ്റേ ചെയ്യാതിരിക്കുകയോ;"

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

409. ഖണ്ഡം 5(5) (iv)-ൽ "വിസമ്മതിക്കുകയോ" എന്നതിനു ശേഷം "അപ്രകാരമുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുവാൻ കഴിവില്ലാതായി തീരുകയോ" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

413. ഖണ്ഡം 5(5)(v)-ൽ " ബോർഡിന്റെ അനുവാദം കൂടാതെ" എന്നതിന് പകരം " ബോർഡിൽ നിന്നും രേഖാമൂലം അനുമതി നേടാതെ" എന്ന് ചേർക്കുക.

ശ്രീ. ജോബ് മൈക്കിൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

420. ഖണ്ഡം 5(5)-ന്റെ ക്ലിപ്തനിബന്ധനയിൽ " ന്യായമായ ഒരവസരം" എന്നതിന് പകരം " മതിയായ അവസരം " എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

423. ഖണ്ഡം 5(6) ഒഴിവാക്കുക.

മി. സ്പീക്കർ: 368, 369 എന്നീ നമ്പർ ഭേദഗതികൾ മാർജിനൽ ശീർഷകത്തിനായതിനാൽ ക്രമപ്രകാരമല്ല. 371-ാം നമ്പർ ഭേദഗതി 370-ാം നമ്പർ ഭേദഗതിക്കും 373 മുതൽ 378 വരെയുള്ള ഭേദഗതികൾ 372-ാം നമ്പർ ഭേദഗതിക്കും 382 മുതൽ 384 വരെയുള്ള ഭേദഗതികൾ 381-ാം നമ്പർ ഭേദഗതിക്കും 389, 390, 391 എന്നീ ഭേദഗതികൾ 388-ാം നമ്പർ ഭേദഗതിക്കും 395, 396 എന്നീ ഭേദഗതികൾ 394-ാം നമ്പർ ഭേദഗതിക്കും 405-ാം നമ്പർ ഭേദഗതി 406-ാം നമ്പർ ഭേദഗതിക്കും 410-ാം നമ്പർ ഭേദഗതി 409-ാം നമ്പർ ഭേദഗതിക്കും 414-ാം നമ്പർ ഭേദഗതി 413-ാം നമ്പർ ഭേദഗതിക്കും 424 മുതൽ 426 വരെയുള്ള ഭേദഗതികൾ 423-ാം ഭേദഗതിക്കും 427 മുതൽ 429 വരെയുള്ള ഭേദഗതികൾ 430-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. ടി. വി. ഇബ്രാഹിമിന്റെ 404-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചിട്ടില്ല, ആ ഭേദഗതി ഒരു അക്ഷരപിശകിന്റേതാണ്. അത് ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

404. ഖണ്ഡം 5(5) (i)-ൽ "നിർദ്ധനനായിത്തീരുകയോ;" എന്നതിന് പകരം "നിർധനനായിത്തീരുകയോ" എന്ന് ചേർക്കുക.

മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 370-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 372, 430 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 380, 400, 411 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 381, 406 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 385, 397, 401, 403, 408, 416, 417 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 386, 419 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 387, 398, 412, 431 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 388-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 392, 393, 402, 432 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 394, 415 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 399-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള അവതരിപ്പിച്ച 407-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 409-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 413-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജോബ് മൈക്കിൾ അവതരിപ്പിച്ച 420-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 423-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

5.00 P.M.]

ആറാം വകുപ്പ്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

1-ാം ഉപഖണ്ഡത്തിൽ "ഉചിതമായ" എന്ന വാക്കിനുപകരം "കാര്യക്ഷമമായ" എന്ന വാക്ക് ചേർക്കുക

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

434. ഖണ്ഡം 6(1)-ൽ "ഉചിതമായ" എന്നതിന് പകരം "സുഗമമായ" എന്ന് ചേർക്കുക.

ഡോ. സുജിത് വിജയൻപിള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

438. ഖണ്ഡം 6(1)-ൽ "ഉചിതമായ നടത്തിപ്പിനായി, ആവശ്യമായത്ര എണ്ണം വിവിധതരത്തിലുള്ള" എന്നതിന് പകരം "പ്രവർത്തനത്തിന് ആവശ്യമായ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

439. ഖണ്ഡം 6(1)-ൽ "ഉചിതമായ നടത്തിപ്പിനായി" എന്നതിന് പകരം "ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് " എന്ന് ചേർക്കുക.

441. ഖണ്ഡം 6(1)-ൽ "വിവിധ തരത്തിലുള്ള" എന്നതിന് പകരം "വിവിധ" എന്ന് ചേർക്കുക.

450. ഖണ്ഡം 6(2)-ൽ "ഡെപ്യൂട്ടേഷൻ" എന്നതിന് പകരം "അന്യത്ര സേവനം" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

440. ഖണ്ഡം 6(1)-ൽ "വിവിധതരത്തിലുള്ള" എന്നതിന് പകരം "വിവിധ വിഭാഗങ്ങളിലുള്ള " എന്ന് ചേർക്കുക.

446. ഖണ്ഡം 6(2)-ൽ "ജീവനക്കാരുടെയും നിയമനം" എന്നതിന് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

448. ഖണ്ഡം 6(2)-ൽ "ഡെപ്യൂട്ടേഷൻ" എന്നതിന് പകരം "അന്യത്ര സേവനം" എന്ന് ചേർക്കുക.

452. ഖണ്ഡം 6(2)-ൽ "അന്തിമ രൂപം" എന്നതിന് പകരം "അംഗീകാരം" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

443. ഖണ്ഡം 6(1)-ൽ "വ്യവസ്ഥകളും" എന്നതിന് ശേഷം "റഗുലേഷനുകളാൽ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

453. ഖണ്ഡം 6(2)-ൽ "ബോർഡിന്" എന്നതിന് ശേഷം "എഴുത്തുപരീക്ഷയുടെയും അഭിമുഖപരീക്ഷയുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന സെലക്ട് ലിസ്റ്റിൽ നിന്നോ" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

458. ഖണ്ഡം 6(2) താഴെ പറയും പ്രകാരം മാറ്റുക

" (2) ബോർഡിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം സർക്കാർ വകുപ്പുകളിൽ നിന്ന് ഡെപ്യൂട്ടേഷൻ മുഖേനയോ അല്ലെങ്കിൽ സർക്കാർ നിശ്ചയിക്കുന്ന രീതിയിൽ നേരിട്ടോ നടത്താവുന്നതാണ്. "

മി. സ്പീക്കർ: 435 മുതൽ 437 വരെയുള്ള ഭേദഗതികൾ 434-ാം നമ്പർ ഭേദഗതിക്കും 449, 450, 451 എന്നീ നമ്പർ ഭേദഗതികൾ 448-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 448-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സ്വീകരിച്ച 448-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 434-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള അവതരിപ്പിച്ച 438-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 439, 441, 450 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 440, 446, 452 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 443-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 453-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 458-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എട്ടാം വകുപ്പ്

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

463. ഖണ്ഡം 8(1)-ൽ "ചെയർപേഴ്സൺ" എന്നതിന് പകരം "ചെയർപേഴ്സണിന്" എന്നത് ചേർക്കുക.

478. ഖണ്ഡം 8(3)-ൽ "ആദ്ധ്യക്ഷം"എന്നതിന് പകരം "ആദ്ധ്യക്ഷ്യം" എന്ന് ചേർക്കുക.

483. ഖണ്ഡം 8(4)-ൽ "ആയിരിക്കേണ്ടതാണ്" എന്നതിനുപകരം "ആയിരിക്കുന്നതാണ് " എന്നത് ചേർക്കുക.

486. ഖണ്ഡം 8(5)-ൽ "ഏതൊരു സംഗതിയും" എന്നതിനുപകരം "സംഗതികളിൽ അംഗങ്ങൾക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ടാകുന്ന പക്ഷം അത് " എന്നത് ചേർക്കുക.

502. ഖണ്ഡം 8(6)-ൽ "ബുക്കിൽ" എന്നതിന് പകരം "രജിസ്റ്ററിൽ" എന്നത് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

464. ഖണ്ഡം 8(1)-ൽ "യുക്തമെന്നു" എന്നതിന് പകരം "യുക്തമെന്ന്" എന്ന് ചേർക്കുക

474. ഖണ്ഡം 8(2)-ൽ "യോഗങ്ങൾ"എന്നതിന് പകരം "ബോർഡിന്റെ യോഗം" എന്ന് ചേർക്കുക.

475. ഖണ്ഡം 8(3)-ൽ "ചെയർപേഴ്സണും" എന്നതിന് പകരം" ചെയർപേഴ്സണോ" എന്ന് ചേർക്കുക.

476. ഖണ്ഡം 8(3)-ൽ "ഒരംഗവും"എന്നതിന് പകരം "ഒരംഗമോ" എന്ന് ചേർക്കുക.

482. ഖണ്ഡം 8(4)-ൽ "മൂന്ന്" എന്നതിനു ശേഷം "പേർ " എന്ന് ചേർക്കുക.

485.ഖണ്ഡം 8(5)-ൽ "മുമ്പാകെ" എന്നതിനുപകരം "മുൻപാകെ" എന്ന് ചേർക്കുക.

491. ഖണ്ഡം 8(5)-ൽ "ആദ്ധ്യക്ഷം" എന്നതിന് പകരം "ആദ്ധ്യക്ഷ്യം" എന്ന് ചേർക്കുക.

492. ഖണ്ഡം 8(6)-ൽ "സെക്രട്ടറി" എന്നതിന് ശേഷം " , " എന്ന ചിഹ്നം ചേർക്കുക.

496. ഖണ്ഡം 8 (6)-ൽ "നടപടി ക്രമങ്ങളുടെ ഒരു മിനിറ്റ്സ്" എന്നതിന് പകരം "നടപടിക്കുറിപ്പ് " എന്ന് ചേർക്കുക.

501. ഖണ്ഡം 8(6)-ൽ "ആവശ്യത്തിലേക്കായി സൂക്ഷിച്ചിട്ടുള്ള" എന്നതിന് പകരം "ആവശ്യത്തിലേക്കായുള്ള" എന്ന് ചേർക്കുക.

505. ഖണ്ഡം 8(6)-ൽ "ആദ്ധ്യക്ഷം" എന്നതിന് പകരം "ആദ്ധ്യക്ഷ്യം" എന്നത് ചേർക്കുക.

507. ഖണ്ഡം 8(6)-ൽ "ഹാജരായ" എന്നതിന് ശേഷം "മറ്റ്" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

471. ഖണ്ഡം 8(2)-ൽ "സെക്രട്ടറി" എന്നതിന് ശേഷം "നോട്ടീസ് നൽകി"എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

479. ഖണ്ഡം 8(3) താഴെപ്പറയും പ്രകാരം മാറ്റുക.

"(3) ബോർഡിന്റെ യോഗങ്ങളിൽ ചെയർപേഴ്സണോ അദ്ദേഹത്തിന്റെ അഭാവത്തിൽ യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരംഗമോ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്."

484. ഖണ്ഡം 8(5)-ൽ "ബോർഡിന്റെ ഒരു യോഗത്തിന്റെ" എന്നതിനുപകരം "ഒരു ബോർഡ് യോഗത്തിന്റെ " എന്ന് ചേർക്കുക.

493. ഖണ്ഡം 8(6)-ൽ "സെക്രട്ടറി ഓരോ" എന്നതിന് ശേഷം "ബോർഡ്" എന്ന് ചേർക്കുക.

ശ്രീ. എച്ച്. സലാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

480. ഖണ്ഡം 8(3) താഴെപ്പറയും പ്രകാരം മാറ്റുക.

"(3) ബോർഡിന്റെ യോഗങ്ങളിൽ ചെയർപേഴ്സൺ ആദ്ധ്യക്ഷം വഹിക്കേണ്ടതും അദ്ദേഹത്തിന്റെ അഭാവത്തിൽ ഹാജരായിട്ടുള്ള അംഗങ്ങൾ ആദ്ധ്യക്ഷം വഹിക്കുന്നതിന് അവർക്കിടയിൽ നിന്നും ഒരംഗത്തെ തെരഞ്ഞെടുക്കേണ്ടതാണ്."

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

481. ഖണ്ഡം 8(4)-ൽ "ചെയർപേഴ്സൺ ഉൾപ്പെടെ" എന്നത് ഒഴിവാക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

495. ഖണ്ഡം 8(6)-ൽ "നടപടി ക്രമങ്ങളുടെ" എന്നതിന് പകരം" നടപടിക്രമങ്ങളുടെ" എന്ന് ചേർക്കുക

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

497. ഖണ്ഡം 8(6)-ൽ "ഈ ആവശ്യത്തിലേക്കായി സൂക്ഷിച്ചിട്ടുള്ള ഒരു ബുക്കിൽ" എന്നത് ഒഴിവാക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

503. ഖണ്ഡം 8(6)-ൽ "ബുക്കിൽ" എന്നതിനു ശേഷം "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം" എന്നത് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

506. ഖണ്ഡം 8(6)-ൽ "വഹിച്ച" എന്നതിന് പകരം "വഹിക്കുന്ന" എന്ന് ചേർക്കുക.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

510. ഖണ്ഡം 8(6)-ന്റെ ക്ലിപ്തനിബന്ധനയായി താഴെ പറയുന്നത് ചേർക്കുക

"എന്നാൽ ഓരോ യോഗത്തിന്റെയും മിനിറ്റ്സ് തൊട്ടടുത്ത ബോർഡ് യോഗത്തിൽ വായിച്ച് അംഗീകരിക്കേണ്ടതാണ്"

മി. സ്പീക്കർ: 472, 473 എന്നീ നമ്പർ ഭേദഗതികൾ 474-ാം നമ്പർ ഭേദഗതിക്കും 477-ാം നമ്പർ ഭേദഗതി 478-ാം നമ്പർ ഭേദഗതിക്കും 495-ാം നമ്പർ ഭേദഗതി 494-ാം നമ്പർ ഭേദഗതിക്കും 498-ാം നമ്പർ മുതൽ 500-ാം നമ്പർ വരെയുള്ള ഭേദഗതികൾ 497-ാം നമ്പർ ഭേദഗതിക്കും 504-ാം നമ്പർ ഭേദഗതി 503-ാം നമ്പർ ഭേദഗതിക്കും 511-ാം നമ്പർ ഭേദഗതി 510-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 464-ാം നമ്പർ ഭേദഗതിയും ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 495-ാം നമ്പർ ഭേദഗതിയും ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 502-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 464, 495, 502 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 463, 478, 483, 486 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 474, 475, 476, 482, 485, 491, 492, 496, 501, 505, 507 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 471-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 479, 484, 493 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 480-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 481-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 497-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 503-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 506-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 510-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഒൻപതാം വകുപ്പ്</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

(1)-ാം ഉപഖണ്ഡത്തിൽ (iv)-ാം ഇനത്തിൽ "തങ്ങൾക്ക്" എന്ന വാക്കിനു പകരം 'ബോർഡിന്' എന്ന വാക്ക് ചേർക്കുക.

(7)-ാം ഉപഖണ്ഡത്തിൽ "ബന്ധപ്പെട്ട" എന്ന വാക്ക് ഒഴിവാക്കുക.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

512. ഖണ്ഡം 9(1)(i)-ൽ " എന്തുതന്നെ അടങ്ങിയിരുന്നാലും, " എന്നതിന് ശേഷം " പൊതുമേഖലാ സ്ഥാപനങ്ങളിൽ " എന്ന് ചേർക്കുക.

519. ഖണ്ഡം 9(1)(i)-ൽ " അപ്രകാരമുള്ള സ്ഥാപനത്തെ " എന്നതിന് പകരം " അപ്രകാരമുള്ള ഒരു സ്ഥാപനത്തെ " എന്ന് ചേർക്കുക.

525. ഖണ്ഡം 9(1)(ii)-ൽ "എന്തുതന്നെ അടങ്ങിയിരുന്നാലും", എന്നതിന് ശേഷം "മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ" എന്ന് ചേർക്കുക.

528.ഖണ്ഡം 9(1)(ii)-ൽ "വിജ്ഞാപനം മുഖേന" എന്നതിനു ശേഷം "ബോർഡിനോട്" എന്ന് ചേർക്കുക.

532. ഖണ്ഡം 9(1)(ii)-ൽ "അപ്രകാരമുള്ള" എന്നതിനു ശേഷം "ഒരു" എന്ന് ചേർക്കുക.

536. ഖണ്ഡം 9(1)(iii)-ൽ "മേധാവിയുടെയോ" എന്നതിന് പകരം "മേധാവികളുടെയോ" എന്ന് ചേർക്കുക.

546. ഖണ്ഡം 9(1)(iii)-ൽ "മേധാവിയേയും" എന്നതിന് പകരം "മേധാവികളേയും" എന്ന് ചേർക്കുക.

555. ഖണ്ഡം 9(1)(iv)-ൽ "പരീക്ഷയുടെ" എന്നതിന് പകരം "പരീക്ഷാ" എന്ന് ചേർക്കുക.

562. ഖണ്ഡം 9(1)(iv)-ൽ "കാലയളവിനുള്ളിൽ പ്രസിദ്ധീകരിക്കുകയും" എന്നതിന് പകരം "കാലയളവിനുള്ളിൽ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും" എന്ന് ചേർക്കുക.

564. ഖണ്ഡം 9(1) (v)-ൽ "നടത്തുന്നതിനും" എന്നതിന് പകരം "നടത്തുന്നതിലും"എന്ന് ചേർക്കുക.

566. ഖണ്ഡം 9(1) (v)-ൽ "കാത്തു സൂക്ഷിക്കുന്നതിനും" എന്നതിന് പകരം "കാത്ത് സൂക്ഷിക്കുന്നതിലും"എന്ന് ചേർക്കുക.

568. ഖണ്ഡം 9(1) (v)-ൽ "മൂല്യ നിർണ്ണയത്തിനും" എന്നതിന് പകരം "മൂല്യ നിർണ്ണയത്തിലും"എന്ന് ചേർക്കുക.

569. ഖണ്ഡം 9(1) (v)-ൽ "പട്ടിക തയ്യാറാക്കുന്നതിനും" എന്നതിന് പകരം "പട്ടിക തയ്യാറാക്കുന്നതിലും "എന്ന് ചേർക്കുക.

570. ഖണ്ഡം 9(1) (v)-ൽ "ലിസ്റ്റ് തയ്യാറാക്കുന്നതിനും" എന്നതിന് പകരം "ലിസ്റ്റ് തയ്യാറാക്കുന്നതിലും "എന്ന് ചേർക്കുക.

572. ഖണ്ഡം 9(1) (v)-ൽ "ഭദ്രമായ സൂക്ഷിപ്പിനും " എന്നതിന് പകരം "ഭദ്രമായ സൂക്ഷിപ്പിലും "എന്ന് ചേർക്കുക.

577.ഖണ്ഡം 9(1)(vi)-ൽ "ഒരു തസ്തികയിലേക്ക്" എന്നതിന് മുൻപായി " ഈ ആക്റ്റിലെ 9(1)-ാം വകുപ്പിന്റെ (i), (ii)ഇനങ്ങൾ പ്രകാരം സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനായി ബോർഡിനെ അറിയിച്ചിട്ടുള്ള തസ്തികകളിലെ" എന്ന് ചേർക്കുക.

589. ഖണ്ഡം 9(1)(vii)-ന്റെ ക്ലിപ്തനിബന്ധനയിൽ "പരീക്ഷ" എന്നതിന് പകരം "വ്യത്യസ്ത പരീക്ഷകൾ" എന്ന് ചേർക്കുക.

598.ഖണ്ഡം 9(2)-ൽ "രീതിയിലും" എന്നതിന് പകരം "രീതിയിലുൾപ്പെടെ" എന്ന് ചേർക്കുക.

618. ഖണ്ഡം 9(5)-ൽ "തുടർന്നുള്ള" എന്നതിന് പകരം "തുടർന്ന്" എന്ന് ചേർക്കുക.

624. ഖണ്ഡം 9(6)-ൽ "കണ്ടെത്തുന്നതിനുവേണ്ടി ആവശ്യമായതുൾപ്പെടെ" എന്നതിന് പകരം "കണ്ടെത്തുന്നതിനും" എന്ന് ചേർക്കുക.

625. ഖണ്ഡം 9(6)-ൽ "കാര്യങ്ങൾക്കു വേണ്ടി വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള" എന്നതിന് പകരം "കാര്യങ്ങൾക്കുമായി" എന്ന് ചേർക്കുക.

631.ഖണ്ഡം 9(6)-ൽ "ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതാണോ" എന്നതിന് പകരം "നിലവിലുള്ളതോ" എന്ന് ചേർക്കുക.

634. ഖണ്ഡം 9(7)-ൽ "ബോർഡിനകത്തെ" എന്നത് ഒഴിവാക്കുക.

635. ഖണ്ഡം 9(7)-ൽ "ബന്ധപ്പെട്ട" എന്നത് ഒഴിവാക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

513. ഖണ്ഡം 9(1)(i)-ൽ " സർവീസ് " എന്ന വാക്കിന് പകരം " സർവ്വീസ് " എന്ന വാക്ക് ചേർക്കുക.

514. ഖണ്ഡം 9(1)(i)-ൽ " അല്ലാതെയുള്ള " എന്ന വാക്കിന് ശേഷം " മറ്റ് " എന്ന വാക്ക് ചേർക്കുക.

518. ഖണ്ഡം 9(1)(i)-ൽ " അനുസൃതമായും " എന്ന വാക്കിന് പകരം " അനുസൃതമായി ബോർഡ് " എന്ന വാക്കുകൾ ചേർക്കുക.

523. ഖണ്ഡം 9(1)(ii)-ൽ "പൊതുമേഖല" എന്ന വാക്കിന് പകരം "പൊതുമേഖലാ " എന്ന വാക്ക് ചേർക്കുക.

526.ഖണ്ഡം 9(1)(ii)-ൽ "സർവീസ്" എന്ന വാക്ക് വരുന്നിടത്തെല്ലാം "സർവ്വീസ്" എന്ന വാക്ക് ചേർക്കുക.

550. ഖണ്ഡം 9(1)(iv)-ൽ "അപേക്ഷകൾ" എന്നതിന് മുന്നിലായി "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം" എന്ന് ചേർക്കുക.

551. ഖണ്ഡം 9(1)(iv)-ൽ "തങ്ങൾക്ക് ഉചിതമെന്ന തോന്നുന്നപ്രകാരം" എന്ന വാക്കുകൾ ഒഴിവാക്കുക.

557. ഖണ്ഡം 9(1)(iv)-ൽ "ഉദ്യോഗാർത്ഥികളുമായി അഭിമുഖം" എന്നതിന് പകരം "അഭിമുഖമോ" എന്ന് ചേർക്കുക.

558. ഖണ്ഡം 9(1)(iv)-ൽ "പൊതുമേഖല സ്ഥാപനങ്ങളും മറ്റ് പൊതുമേഖല സ്ഥപനങ്ങളും" എന്നതിന് പകരം "പൊതുമേഖല സ്ഥാപനങ്ങളിലും മറ്റ് പൊതുമേഖല സ്ഥപനങ്ങളിലും" എന്ന് ചേർക്കുക.

565. ഖണ്ഡം 9(1) (v)-ൽ "തയ്യാറാക്കുന്നതിന്റെ" എന്നതിന് പകരം "തയ്യാറാക്കുന്നതിനും, ആയതിന്റെ"എന്നത് ചേർക്കുക.

571. ഖണ്ഡം 9(1) (v)-ൽ "രേഖകളുടെ" എന്നതിന് മുന്നിലായി "സെലക്ഷൻ പ്രക്രിയയുമായി ബന്ധപ്പെട്ട "എന്നത് ചേർക്കുക.

579. ഖണ്ഡം 9(1)(vi)-ൽ "അമ്പതിൽ താഴെയാണെങ്കിൽ" എന്നതിന് പകരം "അൻപതിൽ കുറവാണെങ്കിൽ" എന്ന് ചേർക്കുക.

582. ഖണ്ഡം 9(1)(vii)-ൽ "പൊതുമേഖലാ" എന്നത് വരുന്നിടത്തെല്ലാം "പൊതുമേഖലാ/മറ്റ് പൊതുമേഖലാ" എന്ന് ചേർക്കുക.

585. ഖണ്ഡം 9(1)(vii)-ന്റെ ക്ലിപ്തനിബന്ധന ഒഴിവാക്കുക.

590. ഖണ്ഡം 9(1)(viii)-ൽ "സർവീസ്" എന്നതിന് പകരം "സർവ്വീസ്" എന്ന് ചേർക്കുക.

600. ഖണ്ഡം 9(3)-ൽ "നടപടിക്കായി" എന്നതിന് പകരം "നടപടികൾക്കായി" എന്ന് ചേർക്കുക

609. ഖണ്ഡം 9(4)-ൽ "വിജ്ഞാപനം ചെയ്യേണ്ടതാണ്" എന്നതിന് പകരം "പ്രസിദ്ധീകരിക്കേണ്ടതാണ് " എന്ന് ചേർക്കുക

620. ഖണ്ഡം 9(5)-ൽ "മറ്റു" എന്നതിന് പകരം "മറ്റ്" എന്ന് ചേർക്കുക.

628. ഖണ്ഡം 9(6)-ൽ "സ്ഥിരസ്വഭാവമുള്ളതോ" എന്നതിന് പകരം "സ്ഥിരസ്വഭാവമുള്ളതാണോ" എന്ന് ചേർക്കുക.

632. ഖണ്ഡം 9(6)-ൽ "പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതാണോ" എന്നതിന് പകരം "നിലവിലുള്ളതാണോ" എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

515. ഖണ്ഡം 9(1)(i)-ൽ " വിവിധ തസ്തികകളിലേക്ക് " എന്നതിന് പകരം " മറ്റെല്ലാ തസ്തികകളിലേക്കും " എന്ന് ചേർക്കുക.

516. ഖണ്ഡം 9(1)(i)-ൽ " വേണ്ടിയുള്ള ഉദ്യോഗാർത്ഥികളുടെ " എന്നതിന് ശേഷം " തസ്തിക തിരിച്ചുള്ള " എന്ന് ചേർക്കുക

524. ഖണ്ഡം 9(1)(ii)-ൽ "ഉദ്യോഗാർത്ഥികളുടെ" എന്നതിന് ശേഷം " തസ്തിക തിരിച്ചുള്ള " എന്ന് ചേർക്കുക.

527. ഖണ്ഡം 9(1)(ii)-ൽ "വിവിധ തസ്തികകളിലേയ്ക്ക്" എന്നതിനു പകരം "മറ്റെല്ലാ തസ്തികകളിലേക്കും" എന്നത് ചേർക്കുക.

540. ഖണ്ഡം 9(1)(iii)-ൽ "ബോർഡ്" എന്നതിന് ശേഷം "ചട്ടങ്ങൾ പ്രകാരം തെരഞ്ഞെടുത്ത്" എന്ന് ചേർക്കുക.

548. ഖണ്ഡം 9(1)(iii)-ൽ "സർക്കാർ നിയമിക്കേണ്ടതുമാണ് " എന്നതിന് മുൻപായി "ഈ ശിപാർശയുടെ അടിസ്ഥാനത്തിൽ" എന്നത് ചേർക്കുക.

578. ഖണ്ഡം 9(1)(vi)-ൽ "അമ്പതിൽ" എന്നതിന് പകരം "ഇരുപതിൽ" എന്ന് ചേർക്കുക.

584. ഖണ്ഡം 9(1)(vii)-ൽ "ഒന്നിലധികം പരീക്ഷകൾക്ക്" എന്നതിന് പകരം "അപേക്ഷിച്ചിട്ടുള്ള എല്ലാ പരീക്ഷകൾക്കും" എന്ന് ചേർക്കുക.

597. ഖണ്ഡം 9(2)-ൽ "ഇലക്ട്രോണിക്ക്" എന്നതിന് മുൻപ് "അവ ലഭ്യമായ രീതിയിലും" എന്നത് ചേർക്കുക.

612. ഖണ്ഡം 9(5)-ൽ "വ്യാപകമായ" എന്നതിന് മുൻപായി "ദൃശ്യ-ശ്രവ്യ, സാമൂഹ്യ മാധ്യമങ്ങൾ മുഖേന" എന്ന് ചേർക്കുക.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

522. ഖണ്ഡം 9(1)(i) ചുവടെപ്പറയും പ്രകാരം മാറ്റുകയും 9(1)(ii) ഒഴിവാക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക :

"(i) പൊതുമേഖലാസ്ഥാപനങ്ങളിലെയും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിലെയും തസ്തികകളിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ സെലക്ഷനെ സംബന്ധിച്ച് നിലവിലുള്ള മറ്റേതെങ്കിലും ആക്ടുകളിലോ ചട്ടങ്ങളിലോ

റഗുലേഷനുകളിലോ ഉത്തരവുകളിലോ വിധിന്യായങ്ങളിലോ ഡിക്രികളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തുന്ന തസ്തികകൾ അല്ലാതെയുള്ള വിവിധ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനായി, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായും, അതതുസമയം ഭേദഗതി ചെയ്യപ്പെട്ട പ്രകാരമുള്ള, 1958-ലെ കേരള സംസ്ഥാന സർവ്വീസുകളും സബോർഡിനേറ്റ് സർവ്വീസുകളും ചട്ടങ്ങളിൽ നിർണ്ണയിച്ചിട്ടുള്ള സംവരണ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട്, അപ്രകാരമുള്ള സ്ഥാപനത്തെ ഒരു യൂണിറ്റായി കണക്കാക്കിക്കൊണ്ട്, ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കേണ്ടതാണ്."

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

531. ഖണ്ഡം 9(1)(ii)-ൽ "ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റ് ബോർഡ്," എന്നതിന് ശേഷം "ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായും," എന്ന് ചേർക്കുക.

556. ഖണ്ഡം 9(1)(iv)-ൽ "പരീക്ഷയുടെ മേൽനോട്ടവും" എന്നതിന് പകരം "പരീക്ഷയുടെ നടത്തിപ്പും മേൽനോട്ടവും" എന്ന് ചേർക്കുക.

619. ഖണ്ഡം 9(5)-ൽ "അഭിമുഖം നടത്തുന്നതിനും" എന്നതിന് പകരം "അഭിമുഖം, ഗ്രൂപ്പ് ചർച്ച എന്നിവ നടത്തുന്നതിനും" എന്ന് ചേർക്കുക.

ഡോ. മാത്യു കുഴൽനാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

533. ഖണ്ഡം 9(1)(ii)-ൽ "ഒരു യൂണിറ്റായി കണക്കാക്കിക്കൊണ്ട്" എന്നതിനു ശേഷം "റെഗുലേഷനുകൾ പ്രകാരം" എന്ന് ചേർക്കുക.

595. ഖണ്ഡം 9(2)-ൽ "അവ സൂക്ഷിക്കുന്നതിനുള്ള ഒരു കാലയളവ് നിശ്ചയിച്ചുകൊണ്ട്" എന്നതിന് പകരം "നിർണയിക്കപ്പെട്ട പ്രകാരം അപ്രകാരമുള്ള കാലയളവിലേക്ക്" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

538. ഖണ്ഡം 9(1)(iii)-ൽ

(i) "ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനായി" എന്നതിന് ശേഷം "റെഗുലേഷനിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കി" എന്ന് ചേർക്കുക;

(ii) "മേധാവിയെയും" എന്നതിനു ശേഷം "പ്രസ്തുത സെലക്റ്റ് ലിസ്റ്റിൽ നിന്നും" എന്ന് ചേർക്കുക.

607. ഖണ്ഡം 9(4)-ൽ "പട്ടിക" എന്നതിന് ശേഷം "നിർണ്ണയിക്കപ്പെട്ട പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

541. ഖണ്ഡം 9(1)(iii)-ൽ "വിജിലൻസിന്റെ" എന്നതിന് പകരം "വിജിലൻസ് വകുപ്പിന്റെ" എന്ന് ചേർക്കുക.

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

549. ഖണ്ഡം 9(1)(iii) ചുവടെപ്പറയും പ്രകാരം മാറ്റുക:

"(iii) വ്യവസായ വാണിജ്യ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൻ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെയും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളുടെയും മാനേജിംഗ് ഡയറക്ടർമാരുടെ നിയമനം സംബന്ധിച്ച് നിലവിലുള്ള മറ്റേതെങ്കിലും ആക്റ്റുകളിലോ ചട്ടങ്ങളിലോ റഗുലേഷനുകളിലോ ഉത്തരവുകളിലോ വിധിന്യായങ്ങളിലോ ഡിക്രികളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും വിജ്ഞാപനത്തിലൂടെ കണ്ടെത്തുന്ന ഉദ്യോഗാർത്ഥികളുടെ യോഗ്യത സംബന്ധിച്ച് ബോർഡ് സർക്കാരിനെ അറിയിക്കേണ്ടതും അതിന്റെയടിസ്ഥാനത്തിൽ അനുയോജ്യരായവരെ സർക്കാർ നിയമിക്കേണ്ടതുമാണ്."

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

553. ഖണ്ഡം 9(1)(iv)-ൽ "തങ്ങൾക്ക് ഉചിതമെന്നു തോന്നുന്നപ്രകാരം" എന്നതിന് പകരം "റെഗുലേഷനിൽ വ്യവസ്ഥ ചെയ്ത പ്രകാരം" എന്ന് ചേർക്കുക.

627. ഖണ്ഡം 9(6)-ൽ "മാനവശേഷിയുമായി" എന്നതിന് പകരം "മാനവവിഭവശേഷിയുമായി" എന്ന് ചേർക്കുക.

ശ്രീ. എ. പ്രഭാകരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

563. ഖണ്ഡം 9(1)(iv) താഴെപ്പറയും പ്രകാരം മാറ്റുക;

"(iv) സെലക്ഷൻ പ്രക്രിയയുടെ ഭാഗമായി, ബോർഡ് അപേക്ഷകൾ ക്ഷണിക്കുകയും യോഗ്യതാപത്രങ്ങൾ പരിശോധിക്കുകയും ചോദ്യപേപ്പർ

തയ്യാറാക്കുകയും, പരീക്ഷയുടെ മേൽനോട്ടവും ഉത്തരക്കടലാസ് മൂല്യനിർണ്ണയവും ഉൾപ്പെടെ എഴുത്തുപരീക്ഷയോ ഓൺലൈൻ പരീക്ഷയോ നടത്തുകയും, ആവശ്യമുള്ള തസ്തികകളിൽ, അതതു സംഗതി പോലെ, ഗ്രൂപ്പ് ചർച്ചയോ അഭിമുഖമോ വഴി പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റ് പൊതുമേഖല സ്ഥാപനങ്ങളിലും നിയമനത്തിന് തെരഞ്ഞെടുക്കപ്പെടുന്നവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതാണ്."

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

573. ഖണ്ഡം 9(1) (v) താഴെപ്പറയും പ്രകാരം മാറ്റുക.

" (v)പരീക്ഷയുടെ ശരിയായ നടത്തിപ്പിനുചോദ്യപേപ്പർ തയ്യാറാക്കുന്നതിലും മൂല്യനിർണയത്തിലും ഇന്റർവ്യൂ ചെയ്യേണ്ട ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിലും അന്തിമ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിലും മറ്റു ബന്ധപ്പെട്ട വിഷയങ്ങളിലും രഹസ്യം സൂക്ഷിക്കുന്നതിനും പരീക്ഷകളുടെയും റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട മറ്റു രേഖകളുടെയും ഭദ്രമായ സൂക്ഷിപ്പിനും ബോർഡ് ഉത്തരവാദിയായിരിക്കുന്നതാണ്.

636. ഖണ്ഡം 9(7)-ൽ "ഡയറക്ടർബോർഡിന്റെ" എന്നതിനു ശേഷം "ഈ കാര്യത്തിലുള്ള" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

575.ഖണ്ഡം 9(1) (vi) ഒഴിവാക്കുക.

599. ഖണ്ഡം 9(2)-ൽ "സുരക്ഷിതമായ സൂക്ഷിപ്പിൽ വയ്ക്കേണ്ടതാണ്" എന്നതിന് പകരം "സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്" എന്ന് ചേർക്കുക.

606. ഖണ്ഡം 9(4)-ൽ "സെലക്റ്റ് ചെയ്യപ്പെട്ട" എന്നതിന് പകരം"തിരഞ്ഞെടുക്കപ്പെട്ട" എന്ന് ചേർക്കുക.

621. ഖണ്ഡം 9(5)-ൽ

i) "സെലക്റ്റ് ചെയ്യണമെന്ന്" എന്നതിനു പകരം "തിരഞ്ഞെടുക്കണമെന്ന" എന്ന് ചേർക്കുക.

ii) "സെലക്റ്റ് ചെയ്തിട്ടുള്ള" എന്നതിന് പകരം "തിരഞ്ഞെടുക്കപ്പെട്ട" എന്ന് ചേർക്കുക.

638. ഖണ്ഡം 9(7)-ൽ "ബോർഡിന് ആരായാവുന്നതാണ്" എന്നതിന് പകരം "ബോർഡ് ആവശ്യപ്പെടേണ്ടതും റിക്രൂട്ട്മെന്റ് നടപടികൾ ആരംഭിക്കുന്നതിന് മുമ്പ് ആയത് ലഭ്യമാക്കി പരിശോധിച്ച ബോധ്യപ്പെടേണ്ടതുമാണ് " എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

580. ഖണ്ഡം 9(1)(vi)-ൽ "താഴെയാണെങ്കിൽ" എന്നതിന് ശേഷം"യുക്തമെന്ന് കരുതുന്ന പക്ഷം" എന്ന് ചേർക്കുക.

610. ഖണ്ഡം 9(4)-ൽ "ചെയ്യേണ്ടതാണ്" എന്നതിന് പകരം "ചെയ്യേണ്ടതും അഡ്വൈസ് ഉദ്യോഗാർത്ഥികൾക്കും നൽകേണ്ടതാണ് " എന്ന് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

581. ഖണ്ഡം 9(1)(vi) താഴെപ്പറയും പ്രകാരം മാറ്റുക:

"(vi) ഒരു തസ്തികയിലേക്ക് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണം എത്ര കുറവാണെങ്കിലും, എഴുത്തു പരീക്ഷ നടത്തി അങ്ങനെയുള്ള സംഗതികളിൽ ബോർഡിന്റെ തീരുമാനം പ്രകാരം അതതു സംഗതി പോലെ അഭിമുഖത്തിലൂടെയോ ഗ്രൂപ്പ് ചർച്ചയുടെയോ അല്ലെങ്കിൽ രണ്ടിന്റെയും കൂടിയോ അടിസ്ഥാനത്തിൽ സെലക്ഷൻ നടത്താവുന്നതുമാണ്"

591. ഖണ്ഡം 9(1)(viii)-ൽ "സ്വീകരിച്ചിട്ടുള്ള സംവരണ മാനദണ്ഡങ്ങൾ" എന്നതിന് ശേഷം "/പ്രായപരിധി മാനദണ്ഡങ്ങൾ" എന്ന ചിഹ്നവും വാക്കുകളും ചേർക്കുക.

613. ഖണ്ഡം 9(5)-ൽ "വ്യാപകമായ പരസ്യം" എന്നതിന് മുൻപ് "പ്രാദേശിക ഭാഷയിലെ ചുരുങ്ങിയത് 3 പത്രങ്ങളിൽ അടക്കം" എന്ന് ചേർക്കുക.

ശ്രീ. ജോബ് മൈക്കിൾ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

583. ഖണ്ഡം 9(1)(vii)-ൽ "അപേക്ഷകന് ഒന്നിലധികം പരീക്ഷകൾക്ക്" എന്നതിന് പകരം "അപേക്ഷകൻ, അപേക്ഷിക്കുന്ന എല്ലാ പരീക്ഷകൾക്കും" എന്ന് ചേർക്കുക.

ശ്രീ. കെ. എം. സച്ചിൻദേവ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

611. ഖണ്ഡം 9(4) ചുവടെപ്പറയും പ്രകാരം മാറ്റുക.

"(4) ബോർഡ് സെലക്ഷൻ പ്രക്രിയ പൂർത്തിയാക്കിയാലുടൻ തന്നെ, സെലക്റ്റ് ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികളുടെ പട്ടിക വിജ്ഞാപനം ചെയ്യേണ്ടതും, തുടർ നടപടികൾക്കായി ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനത്തിന് കൈമാറേണ്ടതുമാണ്."

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

614.ഖണ്ഡം 9(5)-ൽ "വ്യാപകമായ" എന്നതിന് പകരം "ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിൽ" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

626.ഖണ്ഡം 9(6)-ൽ "മാനവശേഷിയുമായി" എന്നതിന് പകരം "മാനവവിഭവശേഷിയുമായി" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

633. ഖണ്ഡം 9(6) ചുവടെപ്പറയും പ്രകാരം മാറ്റുക;

"(6) ബോർഡിന് സെലക്ഷൻ നടത്തേണ്ട ഒഴിവുള്ള തസ്തികകൾ കണ്ടെത്തുന്നതിനു വേണ്ടി ആവശ്യമായതുൾപ്പെടെ, ബോർഡിന്റെ ചുമതലകളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വേണ്ടി പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾക്കും പൊതു മാർഗ്ഗനിർദ്ദേശങ്ങൾ നൽകാവുന്നതും, ഒഴിവുള്ള തസ്തികകൾക്കുള്ള സർക്കാരിന്റെ അംഗീകാരം, ശമ്പള സ്കെയിലുകൾ, മാനവശേഷിയുമായി ബന്ധപ്പെട്ട് പൊതുമേഖലാ സ്ഥാപനം നടത്തിയ പഠന റിപ്പോർട്ടുകൾ, ജോലിയുടെ വിവരണം, ജോലിയുടെ സവിശേഷ ആവശ്യകതകൾ, പ്രായപരിധി, ജോലി സ്ഥിരസ്വഭാവമുള്ളതോ അതോ ഒരു പ്രത്യേക പ്രോജക്റ്റിനായി മാത്രമായിട്ടുള്ളതാണോ എന്നത്, തസ്തിക ഇപ്പോൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതാണോ അല്ലയോ എന്നിവ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ആവശ്യപ്പെടാവുന്നതാണ്."

മി. സ്പീക്കർ: 534-ാം നമ്പർ ഭേദഗതി 533-ാം നമ്പർ ഭേദഗതിക്കും 537-ാം നമ്പർ ഭേദഗതി 536-ാം നമ്പർ ഭേദഗതിക്കും 539-ാം നമ്പർ ഭേദഗതി 538-ാം നമ്പർ ഭേദഗതിക്കും 547-ാം നമ്പർ ഭേദഗതി 546-ാം നമ്പർ ഭേദഗതിക്കും 554-ാം നമ്പർ ഭേദഗതി 553-ാം നമ്പർ ഭേദഗതിക്കും 574-ാം നമ്പർ ഭേദഗതി

573-ാം നമ്പർ ഭേദഗതിക്കും 576-ാം നമ്പർ ഭേദഗതി 575-ാം നമ്പർ ഭേദഗതിക്കും 586-ാം നമ്പർ ഭേദഗതി മുതൽ 588-ാം നമ്പർ ഭേദഗതി വരെ 585-ാം നമ്പർ ഭേദഗതിക്കും 594-ാം നമ്പർ ഭേദഗതി 595-ാം നമ്പർ ഭേദഗതിക്കും 608-ാം നമ്പർ ഭേദഗതി 607-ാം നമ്പർ ഭേദഗതിക്കും 615-ാം നമ്പർ ഭേദഗതി മുതൽ 617-ാം നമ്പർ ഭേദഗതി വരെ 614-ാം നമ്പർ ഭേദഗതിക്കും 637-ാം നമ്പർ ഭേദഗതി 636-ാം നമ്പർ ഭേദഗതിക്കും 639-ാം നമ്പർ ഭേദഗതി 638-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 541-ാം നമ്പർ ഭേദഗതിയും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 579, 585, 620, 628 എന്നീ നമ്പർ ഭേദഗതികളും ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 626-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. വാക്കാൽ ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതികളും സ്വീകരിച്ച 541, 579, 585, 620, 626, 628, എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 512, 519, 525, 528, 532, 536, 546, 555, 562, 564, 566, 568, 569, 570, 572, 577, 589, 598, 618, 624, 625, 631, 634, 635 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 513, 514, 518, 523, 526, 550, 551, 557, 558, 565, 571, 582, 590, 600, 609, 632 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 515, 516, 524, 527, 540, 548, 578, 584, 597, 612 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 522-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 531, 556, 619 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 533, 595 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 538, 607 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 549-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 553, 627 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ അവതരിപ്പിച്ച 563-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 573, 636 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 575, 599, 606, 621, 638 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 580, 610 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 581, 591, 613 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജോബ് മൈക്കിൾ അവതരിപ്പിച്ച 583-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 611-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 614-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 633-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്താം വകുപ്പ്

ശ്രീ. റോജി എം. ജോൺ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

640. ഖണ്ഡം 10(1)-ൽ "എന്ന പേരിൽ" എന്നതിന് ശേഷം "നിർണയിക്കപ്പെടുന്ന പ്രകാരം" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

642. ഖണ്ഡം 10(1)-ൽ "വച്ചുപോരേണ്ടതും" എന്നതിന് പകരം "രൂപികരിച്ച പരിപാലിക്കേണ്ടതും" എന്ന് ചേർക്കുക.

643. ഖണ്ഡം 10(1)-ൽ "ഗ്രാന്റുകളും വായ്പകളും " എന്നതിന് പകരം 'ഗ്രാന്റുകൾ" എന്ന് ചേർക്കുക.

661. ഖണ്ഡം 10(2)-ൽ "ഫണ്ടുകൾ" എന്നതിനുശേഷം "ദേശസാൽകൃത" എന്നത് ചേർക്കുക.

673. ഖണ്ഡം 10(4)-ൽ "ഉപയോഗിക്കേണ്ടതാണ്" എന്നതിന് പകരം "ഉപയോഗിക്കാവുന്നതാണ്" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

644. ഖണ്ഡം 10(1)-ൽ "മറ്റു" എന്നതിന് പകരം "മറ്റ് " എന്ന് ചേർക്കുക.

671. ഖണ്ഡം 10(4)-ൽ "ആക്റ്റിൻകീഴിൽ" എന്നതിന് മുൻപ് "ഈ" എന്ന് ചേർക്കുക.

672. ഖണ്ഡം 10(4)-ൽ "നേരിടുന്നതിന്" എന്നതിന് പകരം "നിർവ്വഹിക്കുന്നതിന് " എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

647. ഖണ്ഡം 10(1)-ന്റെ ക്ലിപ്തനിബന്ധന ഒഴിവാക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

651. ഖണ്ഡം 10 (2)-ൽ " സർക്കാരിൽ നിന്നും" എന്നത് ഒഴിവാക്കുക.

654. ഖണ്ഡം 10 (2)-ൽ " സൂക്ഷിക്കേണ്ടതാണ്" എന്നതിനു ശേഷമുള്ള ഭാഗം ഒഴിവാക്കുകയും " . " എന്ന ചിഹ്നം ചേർക്കുകയും ചെയ്യുക.

ശ്രീ. എം. എം. മണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

656. ഖണ്ഡം 10 (2)-ൽ " സൂക്ഷിക്കേണ്ടതാണ്, എന്നിരുന്നാലും, സ്വന്തമായുള്ള ഫണ്ടുകൾ ബാങ്കിൽ സൂക്ഷിക്കുകയോ സർക്കാരിന്റെ അംഗീകാരത്തോടുകൂടി ബോർഡ് നിശ്ചയിച്ചേക്കാവുന്ന മറ്റേതെങ്കിലും പ്രകാരത്തിൽ നിക്ഷേപിക്കുകയോ ചെയ്യാവുന്നതാണ്." എന്നതിന് പകരം "സൂക്ഷിക്കേണ്ടതാണ്. മറ്റേതെങ്കിലും പ്രകാരം നിക്ഷേപിക്കുകയാണെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി തേടിയിരിക്കേണ്ടതാണ്." എന്ന് ചേർക്കുക.

668. ഖണ്ഡം 10(3)-ൽ "എന്നിവ സർക്കാരിന്റെ അംഗീകാരത്തോടുകൂടി ബോർഡ് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുഖേന നിയന്ത്രിക്കേണ്ടതാണ്." എന്നതിന് പകരം "നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ ആയിരിക്കേണ്ടതാണ് " എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

669. ഖണ്ഡം 10(3)-ൽ "സർക്കാരിന്റെ അംഗീകാരത്തോടുകൂടി ബോർഡ് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുഖേന" എന്നതിന് പകരം "നിർണ്ണയിക്കപ്പെടുന്ന പ്രകാരം" എന്ന് ചേർക്കുക.

മി. സ്പീക്കർ: 641-ാം നമ്പർ ഭേദഗതി 640-ാം നമ്പർ ഭേദഗതിക്കും 648-ാം നമ്പർ ഭേദഗതി മുതൽ 650-ാം നമ്പർ ഭേദഗതി വരെ 647-ാം നമ്പർ ഭേദഗതിക്കും 652-ാം നമ്പർ ഭേദഗതി 651-ാം നമ്പർ ഭേദഗതിക്കും 653, 655 എന്നീ നമ്പർ ഭേദഗതികൾ 654-ാം നമ്പർ ഭേദഗതിക്കും 657-ാം നമ്പർ ഭേദഗതി മുതൽ 660-ാം നമ്പർ ഭേദഗതി വരെയും 662, 663 എന്നീ നമ്പർ ഭേദഗതികളും 661-ാം നമ്പർ ഭേദഗതിക്കും 670-ാം നമ്പർ ഭേദഗതി 669-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 644-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 644-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 640-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 642, 643, 661, 673 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 671, 672 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 647-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 651, 654 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. എം. മണി അവതരിപ്പിച്ച 656, 668 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 669-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനൊന്നാം വകുപ്പ്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

"പ്രതീക്ഷിക്കാവുന്ന" എന്ന വാക്കിനു പകരം 'പ്രതീക്ഷിക്കുന്ന' എന്ന വാക്ക് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

679. ഖണ്ഡം 11-ൽ "വർഷത്തിലേയ്ക്ക്" എന്ന വാക്കിന് പകരം "വർഷത്തേക്ക്" എന്ന് ചേർക്കുക.

680. ഖണ്ഡം 11-ൽ "വരവുചെലവുകളെ" എന്നതിന് പകരം "വരവ് ചെലവുകളെ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

681. ഖണ്ഡം 11-ൽ "തയ്യാറാക്കിയ" എന്നതിന് പകരം "തയ്യാറാക്കുന്ന" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

682. ഖണ്ഡം 11-ൽ "ബജറ്റിന്റെ" എന്നതിന് പകരം "ബഡ്ജറ്റിന്റെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 683-ാം നമ്പർ ഭേദഗതി 682-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 679-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സ്വീകരിച്ച 679-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 680-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 681-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 682-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

(3)-ാം ഉപഖണ്ഡത്തിൽ, "സർക്കാർ" എന്ന വാക്കിനുപകരം "സർക്കാരിന്റെ" എന്ന വാക്ക് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

684. ഖണ്ഡം 12(1)-ൽ "വച്ചുപേരേണ്ടതും" എന്നതിന് പകരം "സൂക്ഷിച്ച് പരിപാലിച്ചു പോരേണ്ടതും" എന്ന് ചേർക്കുക.

691. ഖണ്ഡം 12(2)-ൽ "നൽകേണ്ടതുമാണ് " എന്നതിനു പകരം "വഹിക്കേണ്ടതാണ് " എന്ന് ചേർക്കുക.

704. ഖണ്ഡം 12(4)-ൽ "വയ്പിക്കേണ്ടതുമാണ്" എന്നതിനു പകരം "വയ്ക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

685. ഖണ്ഡം 12(2)-ൽ "കൺകറന്റ് ഓഡിറ്റ്, ഇന്റേണൽ ഓഡിറ്റ്, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് എന്നിവയുമായി" എന്നതിന് പകരം "ഓഡിറ്റുകളുമായി" എന്ന് ചേർക്കുക.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

687. ഖണ്ഡം 12(2)-ൽ "ബോർഡ് " എന്നതിനു ശേഷം "അക്കൗണ്ടന്റ് ജനറലിന് " എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

689. ഖണ്ഡം 12(2)-ൽ "നൽകേണ്ടതുമാണ്." എന്നതിന് മുന്നിൽ "അക്കൗണ്ടന്റ് ജനറലിന് " എന്ന് ചേർക്കുക.

693. ഖണ്ഡം 12(3)-ൽ "ആക്റ്റിൻകീഴിൽ " എന്നതിന് പകരം "ആക്റ്റിൻ കീഴിൽ " എന്ന് ചേർക്കുക.

695. ഖണ്ഡം 12(3)-ൽ "മറ്റു" എന്നതിന് പകരം "മറ്റ് " എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

694. ഖണ്ഡം 12(3)-ൽ "ബുക്കുകളും" എന്നതിന് മുൻപായി "പ്രത്യേകിച്ചും " എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

699. ഖണ്ഡം 12(3)-ൽ "റഫർ ചെയ്യേണ്ടതാണ്" എന്നതിന് പകരം "അയച്ചുകൊടുക്കേണ്ടതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 686-ാം നമ്പർ ഭേദഗതി 685-ാം നമ്പർ ഭേദഗതിക്കും 688-ാം നമ്പർ ഭേദഗതി 687-ാം നമ്പർ ഭേദഗതിക്കും 690-ാം നമ്പർ ഭേദഗതി 691-ാം നമ്പർ ഭേദഗതിക്കും 703, 705 എന്നീ നമ്പർ ഭേദഗതികൾ 704-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 704-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സ്വീകരിച്ച 704-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 684, 691 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 685-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 687-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 689, 693, 695 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 694-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 699-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിമൂന്നാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

708. ഖണ്ഡം 13-ൽ "മൂന്നു" എന്നതിനു പകരം "മൂന്ന്" എന്ന് ചേർക്കുക.

711. ഖണ്ഡം 13-ൽ "വയ്പിക്കേണ്ടതുമാണ്" എന്നതിന് പകരം "വയ്ക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

709. ഖണ്ഡം 13-ൽ "വയ്പിക്കേണ്ടതുമാണ്" എന്നതിന് പകരം "സമർപ്പിക്കേണ്ടതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 710, 712 എന്നീ നമ്പർ ഭേദഗതികൾ 711-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 708, 711 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 708, 711 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 709-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാലാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

713. ഖണ്ഡം 14-ൽ "അർഥവ്യാപ്തിയിൽപ്പെടുന്ന" എന്നതിനു പകരം "അർത്ഥവ്യാപ്തിയ്ക്കുള്ളിൽപ്പെടുന്ന" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

714. ഖണ്ഡം 14-ൽ "പബ്ലിക് സർവന്റുമാരായി" എന്നതിന് പകരം "ഒരു പബ്ലിക് സർവെന്റായി" എന്ന് ചേർക്കുക.

മി. സ്പീക്കർ: 715-ാം നമ്പർ ഭേദഗതി 714-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 713-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 714-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനഞ്ചാം വകുപ്പ്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

"മറ്റേതെങ്കിലും" എന്ന വാക്കിനുശേഷം "ഉദ്യോഗസ്ഥനോ" എന്ന വാക്ക് ചേർക്കുക.

വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാറാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

716. ഖണ്ഡം 16(1)-ൽ "വ്യവസ്ഥകൾക്കു" എന്നതിന് പകരം "വ്യവസ്ഥകൾക്ക്" എന്ന് ചേർക്കുക.

717. ഖണ്ഡം 16(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "പ്രാരംഭത്തീയതി" എന്നതിന് പകരം "പ്രാരംഭ തീയതി" എന്ന് ചേർക്കുക.

724. ഖണ്ഡം 16(2)-ൽ "ഈ വകുപ്പിൻകീഴിൽ" എന്നതിന് പകരം "(1)-ാം ഉപവകുപ്പ് പ്രകാരം " എന്ന് ചേർക്കുക.

726. ഖണ്ഡം 16(2)-ൽ "മുമ്പാകെ" എന്നതിന് പകരം "മുൻപാകെ " എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

723. ഖണ്ഡം 16(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "വർഷക്കാലയളവിനുശേഷം" എന്നതിന് പകരം "വർഷക്കാലത്തിനുശേഷം" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

725. ഖണ്ഡം 16(2)-ൽ "കഴിയുന്നത്രവേഗം " എന്നതിന് പകരം "ചേരുന്ന സമ്മേളനത്തിൽ " എന്ന് ചേർക്കുക.

മി. സ്പീക്കർ: 718 മുതൽ 722 വരെയുള്ള ഭേദഗതികൾ 717-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 716, 717, 724, 726 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 723-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 725-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനേഴാം വകുപ്പ്

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

727.ഖണ്ഡം 17-ൽ "പ്രവർത്തനങ്ങൾക്കുംവേണ്ടി" എന്നതിന് പകരം "പ്രവർത്തനങ്ങൾക്കും വേണ്ടി " എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

729. ഖണ്ഡം 17-ൽ "പുറപ്പെടുവിക്കാവുന്നതാണ്" എന്നതിന് പകരം "തയ്യാറാക്കി പ്രസിദ്ധീകരിക്കാവുന്നതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 728-ാം നമ്പർ ഭേദഗതി 727-ാം നമ്പർ ഭേദഗതിക്കും 730 മുതൽ 732 വരെയുള്ള ഭേദഗതികൾ 729-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 727-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 729-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനെട്ടാം വകുപ്പ്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

(2)-ാം ഉപഖണ്ഡത്തിൽ (iv)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കണം.

"(iv) സെക്രട്ടറിയുടെ നിയമനരീതിയും അദ്ദേഹത്തിന് നൽകേണ്ടതായ ശമ്പളവും ബത്തകളും, സംബന്ധിച്ച്;"

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

733. ഖണ്ഡം 18(1)-ൽ "ഗസറ്റ്" എന്നത് ഒഴിവാക്കുക.

744. ഖണ്ഡം 18(2) (iv)-ൽ "വിവിധ തസ്തികകൾക്കു" എന്നതിന് പകരം "വിവിധ തസ്തികകൾക്ക് " എന്ന് ചേർക്കുക.

747. ഖണ്ഡം 18(2) (vii) താഴെപ്പറയും പ്രകാരം മാറ്റുക:

"(vii) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും സംഗതികൾ"

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

734. ഖണ്ഡം 18(1)-ൽ "മുൻകാല പ്രാബല്യത്തോടു കൂടിയോ പിൽക്കാല പ്രാബല്യത്തോട് കൂടിയോ" എന്നത് ഒഴിവാക്കുക.

741. ഖണ്ഡം 18(ii)-ൽ "വിവിധ" എന്നത് ഒഴിവാക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

735. ഖണ്ഡം 18(2)-ൽ "സാമാന്യതയ്ക്കു ഭംഗം വരാതെയും" എന്നതിന് പകരം "സാമാന്യതയ്ക്ക് ഭംഗം വരാതെ" എന്ന് ചേർക്കുക.

743.ഖണ്ഡം 18(2) (iii)-ൽ "മറ്റു" എന്നതിന് പകരം "മറ്റ് " എന്ന് ചേർക്കുക.

746. ഖണ്ഡം 18(2) (iv)-ൽ "തയ്യാറാക്കുന്നതിനു വേണ്ടി" എന്നതിന് പകരം "തയ്യാറാക്കുമ്പോൾ" എന്ന് ചേർക്കുക.

751. ഖണ്ഡം 18(3)-ൽ "മുമ്പ്" എന്നതിന് പകരം "മുൻപ് " എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

736. ഖണ്ഡം 18(2) (i)-ൽ "പരീക്ഷകളും" എന്നതിന് ശേഷം " അഭിമുഖവും" എന്ന് ചേർക്കുക.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

737. ഖണ്ഡം 18(2) (ii)-ൽ "ഏതൊക്കെ" എന്നതിന് മുൻപായി "ഏതൊക്കെ പൊതുമേഖല സ്ഥാപനങ്ങളിലെ " എന്ന് ചേർക്കുക.

മി. സ്പീക്കർ: 738-ാം നമ്പർ ഭേദഗതി 737-ാം നമ്പർ ഭേദഗതിക്കും 739, 740, 742 എന്നീ നമ്പർ ഭേദഗതികൾ 741-ാം നമ്പർ ഭേദഗതിക്കും 748-ാം നമ്പർ ഭേദഗതി 747-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാലും 745-ാം നമ്പർ ഭേദഗതി 744-ാം നമ്പർ ഭേദഗതിയിൽ അടങ്ങുന്നതിനാലും അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 733, 744, 747 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 734, 741 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 735, 743, 746 751 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 736-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 737-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്തൊമ്പതാം വകുപ്പ്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിക്കുന്നു.

"കാലാവധി കഴിഞ്ഞതാണെന്നിരിക്കിലും" എന്ന വാക്കുകൾക്കുപകരം "2022 ആഗസ്റ്റ് 8-ാം തീയതി പ്രാബല്യമില്ലാതായിതീർന്നിരുന്നാൽ തന്നെയും" എന്ന അക്കങ്ങളും വാക്കുകളും ചിഹ്നവും ചേർക്കുക.

(ബി) ഖണ്ഡത്തിൽ "കാലാവധി കഴിഞ്ഞതിനുശേഷവും" എന്ന വാക്കുകൾക്കുപകരം"പ്രാബല്യമില്ലാതായിത്തീർന്നതിനുശേഷവും" എന്ന വാക്കുകൾ ചേർക്കുക.

"കാലാവധി കഴിഞ്ഞില്ലായിരുന്നുവെങ്കിൽ" എന്ന വാക്കുകൾക്കുപകരം "പ്രാബല്യം ഇല്ലാതായിത്തീർന്നിരുന്നില്ലായെങ്കിൽ" എന്ന വാക്കുകൾ ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

752. ഖണ്ഡം 19-ൽ "കാലാവധി" എന്നതിന് ശേഷം "2022 ആഗസ്റ്റ് 8-ാം തീയതി " എന്നത് ചേർക്കുക.

753. ഖണ്ഡം 19-ൽ "കാലാവധി കഴിഞ്ഞതാണെന്നിരിക്കിലും" എന്നതിന് പകരം "2022 ആഗസ്റ്റ് 8-ാം തീയതി പ്രാബല്യം ഇല്ലാതായിത്തീർന്നിരുന്നാൽ തന്നെയും" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

755. ഖണ്ഡം 19(ബി) നീക്കം ചെയ്യുക.

മി. സ്പീക്കർ: 754-ാം നമ്പർ ഭേദഗതി 753-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വാക്കാൽ ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 752, 753 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 755-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ദീർഘ ശീർഷകത്തിൽ,

"കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ്" എന്നതിൽ "സെലക്ഷനും റിക്രൂട്ട്മെന്റും" എന്ന വാക്കുകൾ ബ്രാക്കറ്റുകൾക്കകത്ത് ചേർക്കുക.

പീഠികയിൽ,

"കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ്" എന്നതിൽ "സെലക്ഷനും റിക്രൂട്ട്മെന്റും" എന്ന വാക്കുകൾ ബ്രാക്കറ്റുകൾക്കകത്ത് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

116. ദീർഘശീർഷകത്തിൽ "കേരള" എന്നതിന് ശേഷം "സംസ്ഥാന" എന്ന് ചേർക്കുക.

166. പീഠികയിൽ "യുക്തമായിരിക്കയാൽ" എന്നതിന് പകരം "ആവശ്യമായിരിക്കുകയാൽ" എന്ന് ചേർക്കുക.

181. ഖണ്ഡം 1(2)-ൽ "തീയതി" എന്നതിന് ശേഷം "മുതൽ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

119. ദീർഘശീർഷകത്തിൽ "നടത്തേണ്ടതായ" എന്നതിന് ശേഷം "മറ്റ് " എന്ന് ചേർക്കുക.

121. ദീർഘശീർഷകത്തിൽ "തയ്യാറാക്കുന്നതിനും" എന്നതിന് ശേഷം വരുന്ന "അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമോ ആയ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും" എന്നീ വാക്കുകൾ "വ്യവസ്ഥ" എന്നതിന് മുൻപിൽ ചേർക്കുക.

135. ദീർഘശീർഷകത്തിൽ "രൂപീകരിക്കുന്നതിന്"എന്നതിന് പകരം "രൂപീകരിക്കുന്നതിനും" എന്ന് ചേർക്കുക.

147. പീഠികയിൽ "നടത്തേണ്ടതായ" എന്നതിന് ശേഷം "മറ്റ്" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

120. ദീർഘശീർഷകത്തിൽ "നടത്തേണ്ടതായ" എന്നതിന് പകരം "നടത്തേണ്ട" എന്ന് ചേർക്കുക.

123. ദീർഘശീർഷകത്തിൽ "ആവശ്യപ്പെടുന്നതിന്മേൽ" എന്നതിന് പകരം "ആവശ്യ പ്പെടുന്നതിന്മേൽ" എന്ന് ചേർക്കുക.

124.ദീർഘശീർഷകത്തിൽ "നിയമനം നടത്തുന്നതിന്" എന്നതിന് പകരം "നിയമനം നടത്തുന്നതിനും" എന്ന് ചേർക്കുക.

132. ദീർഘശീർഷകത്തിൽ "സെലക്റ്റ് ചെയ്യുന്നതിന്" എന്നതിന് പകരം "സെലക്റ്റ് ചെയ്യുന്നതിനും" എന്ന് ചേർക്കുക.

133. ദീർഘശീർഷകത്തിൽ "തയ്യാറാക്കുന്നതിനുംവേണ്ടി" എന്നതിന് പകരം "തയ്യാറാക്കുന്നതിനും വേണ്ടി" എന്ന് ചേർക്കുക.

146. പീഠികയിൽ "നടത്തേണ്ടതായ" എന്നതിന് പകരം "നടത്തേണ്ട" എന്ന് ചേർക്കുക.

160. പീഠികയിൽ "സ്വയംഭരണാധികാരമുള്ള" എന്നതിന് ശേഷം "ഒരു" എന്ന് ചേർക്കുക.

172. തത്വപ്രഖ്യാപനവാക്യത്തിൽ "താഴെപ്പറയുംപ്രകാരം" എന്നതിന് പകരം "താഴെപ്പറയും പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

122. ദീർഘശീർഷകത്തിൽ "ഭരണനിയന്ത്രണത്തിലുള്ള" എന്നതിന് പകരം "കീഴിലുള്ള" എന്ന് ചേർക്കുക.

131. ദീർഘശീർഷകത്തിൽ "സെലക്റ്റ് ചെയ്യുന്നതിന്" എന്നതിന് പകരം "റിക്രൂട്ട് ചെയ്യുന്നതിന്" എന്ന് ചേർക്കുക.

153. പീഠികയിൽ "ഭരണനിയന്ത്രണത്തിലുള്ള" എന്നതിന് പകരം "കീഴിലുള്ള"എന്ന് ചേർക്കുക.

157. പീഠികയിൽ "സെലക്റ്റ് ചെയ്യുന്നതിന് " എന്നതിന് പകരം "റിക്രൂട്ട് ചെയ്യുന്നതിന് " എന്ന് ചേർക്കുക.

176. ഖണ്ഡം 1(1)-ൽ "പേര് പറയാം" എന്നതിന് പകരം "നാമകരണം ചെയ്യാം" എന്ന് ചേർക്കുക.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

125. ദീർഘശീർഷകത്തിൽ "ഉദ്യോഗാർത്ഥികളെ സെലക്റ്റ് ചെയ്യുന്നതിന് സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിനും വേണ്ടി"എന്നതിന് പകരം "ഉദ്യോഗാർത്ഥികളുടെ സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിനും വേണ്ടി" എന്ന് ചേർക്കുക.

155. പീഠികയിൽ "ഉദ്യോഗാർത്ഥികളെ സെലക്റ്റ് ചെയ്യുന്നതിന് സെലക്റ്റ് ലിസ്റ്റ് " എന്നതിന് പകരം "ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റ് " എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

126. ദീർഘശീർഷകത്തിൽ "സെലക്റ്റ് ചെയ്യുന്നതിന് സെലക്റ്റ് ലിസ്റ്റ് "എന്നതിന് പകരം "കണ്ടെത്തുന്നതിനും റാങ്ക് ലിസ്റ്റ്" എന്ന് ചേർക്കുക.

184. ഖണ്ഡം 1(2)-ൽ "പ്രാബല്യത്തിൽ" എന്നതിന് പകരം "നിലവിൽ" എന്ന് ചേർക്കുക.

191. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക;

"(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്".

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

130. ദീർഘശീർഷകത്തിൽ "സെലക്റ്റ് ചെയ്യുന്നതിന്" എന്നതിന് പകരം "തിരഞ്ഞെടുക്കുന്നതിനായി" എന്ന് ചേർക്കുക.

145. പീഠികയിൽ "സർവീസ്" എന്ന് വരുന്നിടത്തെല്ലാം "സർവ്വീസ്" എന്ന് ചേർക്കുക.

177. ഖണ്ഡം 1(2)-ൽ "2022 ജൂൺ 3-ാം തീയതി" എന്നതിന് പകരം "സംസ്ഥാന ഗസറ്റിൽ വിജ്ഞാപനം ചെയ്യപ്പെടുന്ന തീയതി മുതൽ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

134. ദീർഘശീർഷകത്തിൽ "കേരള പബ്ളിക് എന്റർപ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ്" എന്നതിന് പകരം "കേരള സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങൾ തെരഞ്ഞെടുപ്പും നിയമനവും സമിതി" എന്നത് ചേർക്കുക.

154. പീഠികയിൽ "വിവിധ തസ്തികകളിലേയ്ക്ക് " എന്നതിന് പകരം 'എല്ലാ തസ്തികകളിലേയ്ക്കും " എന്നത് ചേർക്കുക.

159. പീഠികയിൽ "സ്വയംഭരണാധികാരമുള്ള" എന്നതിന് പകരം "സ്വതന്ത്രവും സ്വയംഭരണാധികാരമുള്ളതുമായ" എന്ന് ചേർക്കുക.

161. പീഠികയിൽ "കേരള പബ്ളിക് എന്റർപ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ്" എന്നതിന് പകരം "കേരള സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങൾ തെരഞ്ഞെടുപ്പും നിയമനവും സമിതി" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

136. ദീർഘശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക.

"കേരള സർക്കാരിന്റെ വ്യവസായ വാണിജ്യ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെയും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിലെയും, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയല്ലാതെ

നിയമനം നടത്തുന്ന വിവിധ തസ്തികകളിലേക്ക് നിയമിക്കുന്നതിനായി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനോ അതിന് ആനുഷംഗികമോ ആയ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും സ്വയംഭരണാധികാരമുള്ള കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബിൽ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

137. ദീർഘശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക.

"കേരള സർക്കാരിന്റെ വ്യവസായ വാണിജ്യ വകുപ്പിന്റെയും മറ്റ് വകുപ്പുകളുടേയും ഭരണ നിയന്ത്രണത്തിലുള്ളതും പൊതുമേഖലാ സ്ഥാപനങ്ങളിലെ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന അല്ലാതെ നിയമനം നടത്തേണ്ടതുമായ വിവിധ തസ്തികകളിലേയ്ക്ക് നിയമിക്കുന്നതിനായി ഉദ്യോഗാർത്ഥികളുടെ സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമോ ആയ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും വേണ്ടി സ്വയംഭരണാധികാരമുള്ള കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബിൽ" എന്ന് ചേർക്കുക.

169. പീഠിക താഴെപ്പറയും പ്രകാരം മാറ്റുക.

"കേരള സർക്കാരിന്റെ വ്യവസായ വാണിജ്യ വകുപ്പിന്റെയും മറ്റ് വകുപ്പുകളുടേയും ഭരണ നിയന്ത്രണത്തിലുള്ളതും പൊതുമേഖലാ സ്ഥാപനങ്ങളിലെ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന അല്ലാതെ നിയമനംനടത്തേണ്ടതുമായ വിവിധ തസ്തികകളിലേയ്ക്ക് നിയമിക്കുന്നതിനായി ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമോ ആയ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും വേണ്ടി സ്വയംഭരണാധികാരമുള്ള കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ് രൂപീകരിക്കുന്നതിനുവേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ;"

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

138. ദീർഘശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക.

"കേരള സർക്കാരിന്റെ വ്യവസായ വാണിജ്യ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെയോ, മറ്റ് വകുപ്പുകളുടെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെയോ കേരള

പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയല്ലാതെ നിയമനം നടത്തേണ്ടതായ വിവിധ തസ്തികകളിലേക്ക് നിയമിക്കുന്നതിനായി ഉദ്യോഗാർത്ഥികളുടെ സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമോ ആയ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും വേണ്ടി സ്വയംഭരണാ ധികാരമുള്ള കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബിൽ" എന്ന് ചേർക്കുക.

170. പീഠിക താഴെപ്പറയും പ്രകാരം മാറ്റുക.

"കേരള സർക്കാരിന്റെ വ്യവസായ വാണിജ്യ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലും മറ്റ് പൊതുമേഖലാസ്ഥാപനങ്ങളിലെയോ മറ്റ് വകുപ്പുകളുടെ ഭരണനിയന്ത്രണത്തിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിലെയോ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന അല്ലാതെ നിയമനം നടത്തേണ്ടതായ വിവിധ തസ്തികകളിലേയ്ക്ക് നിയമിക്കുന്നതിനായി ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമോ ആയ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും വേണ്ടി സ്വയംഭരണാധികാരമുള്ള കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ് രൂപീകരിക്കുന്നതിനുവേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ;"

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

139. പീഠികയിൽ "കേരള" എന്നതിന് ശേഷം "സംസ്ഥാന" എന്നത് ചേർക്കുക.

187. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക;

"(2) ഇത് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ് ".

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

148. പീഠികയിൽ "നിയമിക്കുന്നതിനായി" എന്ന വാക്ക് ഒഴിവാക്കുക.

150. പീഠികയിൽ "ആനുഷംഗികമോ" എന്നതിന് പകരം "ആനുഷംഗികമായതോ" എന്ന് ചേർക്കുക.

152. പീഠികയിൽ "മറ്റുവകുപ്പുകളുടെ" എന്നതിന് പകരം "മറ്റ് വകുപ്പുകളുടെ"എന്ന് ചേർക്കുക.

156. പീഠികയിൽ "ഉദ്യോഗാർത്ഥികളെ സെലക്റ്റ് ചെയ്യുന്നതിന് " എന്നതിന് പകരം "ഉദ്യോഗാർത്ഥികളുടെ " എന്ന് ചേർക്കുക.

163. പീഠികയിൽ "രൂപീകരിക്കുന്നതിനുവേണ്ടി" എന്നതിന് പകരം "രൂപീകരിക്കുന്നതിന് " എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

149. പീഠികയിൽ "അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമോ ആയ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും" എന്നത് ഒഴിവാക്കുക.

162. പീഠികയിൽ "ബോർഡ് രൂപീകരിക്കുന്നതിനു" എന്നതിന് പകരം "ബോർഡ് രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിനു ആനുഷംഗികമായതോ ആയ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും" എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

164. പീഠികയിൽ "രൂപീകരിക്കുന്നതിനു വേണ്ടി" എന്നതിന് ശേഷം "ഇനി പറയും പ്രകാരം" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

171. പീഠിക ചുവടെപ്പറയും പ്രകാരം മാറ്റുക.

"കേരള സർക്കാരിന്റെ വ്യവസായ വാണിജ്യ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെയും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിലെയും, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയല്ലാതെ നിയമനം നടത്തുന്ന വിവിധ തസ്തികകളിലേക്ക് നിയമിക്കുന്നതിനായി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനോ അതിന് ആനുഷംഗികമോ ആയ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും സ്വയംഭരണാധികാരമുള്ള കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;"

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

173. ഖണ്ഡം 1(1)-ൽ "ആക്റ്റിന്" എന്നതിന് പകരം "നിയമത്തിന്" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

174. ഖണ്ഡം 1(1)-ൽ "പബ്ളിക്" എന്നതിന് പകരം "പബ്ലിക്" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

175.ഖണ്ഡം 1(1)-ൽ "ആക്റ്റ്" എന്നതിന് പകരം "നിയമം" എന്ന് ചേർക്കുക.

മി. സ്പീക്കർ: 109-ാം നമ്പർ മുതൽ 115-ാം നമ്പർ വരെയുള്ള ഭേദഗതികൾ ശീർഷകത്തിലാകയാൽ ക്രമപ്രകാരമല്ല. 117, 118 എന്നീ നമ്പർ ഭേദഗതികൾ 116-ാം നമ്പർ ഭേദഗതിക്കും 127-ാം നമ്പർ മുതൽ 129-ാം നമ്പർ വരെയുള്ള ഭേദഗതികൾ 126-ാം നമ്പർ ഭേദഗതിക്കും 140-ാം നമ്പർ മുതൽ 143-ാം നമ്പർ വരെയുള്ള ഭേദഗതികൾ 139-ാം നമ്പർ ഭേദഗതിക്ക് തുല്യവും 144-ാം നമ്പർ ഭേദഗതി 145-ാം നമ്പർ ഭേദഗതിക്കും 151-ാം നമ്പർ ഭേദഗതി 150-ാം നമ്പർ ഭേദഗതിക്കും 165, 167, 168 എന്നീ നമ്പർ ഭേദഗതികൾ 166-ാം നമ്പർ ഭേദഗതിക്കും 178 മുതൽ 180 വരെയുള്ള ഭേദഗതികളും 182-ാം നമ്പർ ഭേദഗതിയും 181-ാം നമ്പർ ഭേദഗതിക്കും 183, 185, 186 എന്നീ നമ്പർ ഭേദഗതികൾ 184-ാം നമ്പർ ഭേദഗതിക്കും 188 മുതൽ 190 വരെയുള്ള ഭേദഗതികൾ 187-ാം നമ്പർ ഭേദഗതിക്കും 192 മുതൽ 194 വരെയുള്ള ഭേദഗതികൾ 191-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. വാക്കാൽ ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതികളും സ്വീകരിച്ച 125-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 116, 166, 181 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 119, 121, 135, 147 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 120, 123, 124, 132, 133, 146, 160, 172 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 122, 131, 153, 157, 176 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 155-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 126, 184, 191 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 130, 145, 177 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 134, 154, 159, 161 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 136-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 137, 169 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 138, 170 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 139, 187 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 148, 150, 152, 156, 163 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 149, 162 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 173-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 174-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 175-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

ശ്രീ. അൻവർ സാദത്ത് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി.സ്പീക്കർ: പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ശബ്ദവോട്ടോടുകൂടി പാസ്സായിരിക്കുന്നു.

## VIII അറിയിപ്പ്

അക്കാദമി ഓഫ് മാജിക്കൽ സയൻസിലെ കുട്ടികൾക്ക് അനുമോദനം

മി. സ്പീക്കർ: ബഹുമാനപ്പെട്ട രാഷ്ട്രപതിയെ സന്ദർശിച്ച് കലാപ്രകടനങ്ങൾ നടത്തി മടങ്ങിയെത്തിയ ദി അക്കാദമി ഓഫ് മാജിക്കൽ സയൻസിലെ ഭിന്നശേഷിക്കാരായ കുട്ടികളെ സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇന്ന് വൈകിട്ട് 5.30-ന് നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽവച്ച് ആദരിക്കുന്നതും ചടങ്ങിനോടനുബന്ധിച്ച് ഭിന്നശേഷിക്കാരായ കുട്ടികൾ 'ഇന്ദ്രജാൽ' എന്ന പരിപാടി അവതരിപ്പിക്കുന്നതുമാണ്. പ്രസ്തുത പരിപാടിയിൽ എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 സെപ്റ്റംബർ മാസം 1-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.20-ന് പിരിഞ്ഞു.)

**അനുബന്ധം-1**

ചോദ്യം നമ്പർ (*121)-ന്റെ ഉത്തരത്തിന്റെ ബാക്കിഭാഗം.

ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും കർഷകരെ രക്ഷിക്കുന്നതിനും ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ഇവ സഹായിക്കുന്നു. പ്രതിവർഷം 1 ലക്ഷം മെട്രിക് ടൺ പഴം പച്ചക്കറികളുടെ വിപണനം പ്രസ്തുത വിപണികളിലൂടെ നടത്തിവരുന്നു. കേരള ഫാം ഫ്രഷ് പഴം, പച്ചക്കറികൾക്ക് അടിസ്ഥാനവില നടപ്പിലാക്കുന്നതിന് വി.എഫ്.പി.സി.കെ.-യുടെ 250 സ്വാശ്രയ കർഷക സമിതികളാണ് കൃഷി വകുപ്പിന്റെ കീഴിൽ സംഭരണകേന്ദ്രങ്ങളായി പ്രവർത്തിക്കുന്നത്. ഇവയുടെ സംഭരണത്തിനും വിപണനത്തിനും ആവശ്യമായ സ്ഥലം, വിപണി മന്ദിരങ്ങൾ, താൽകാലിക ട്രേഡിംഗ് ഷെഡ്ഡുകൾ, ഉൽപ്പന്നങ്ങൾ ളക്കുന്നതിനാവശ്യമായ ഇലക്ട്രോണിക് ത്രാസ്സുകൾ എന്നിവ വി.എഫ്.പി.സി.കെ. ലഭ്യമാക്കുന്നു. കർഷകരിൽനിന്നും സംഭരിക്കുന്ന ഉൽപ്പന്നങ്ങൾ കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിവിധ 'എ' ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, കാർഷിക മൊത്തവ്യാപാര വിപണികൾ, ഹോർട്ടികോർപ്പ് വിപണികൾ, വി.എഫ്.പി.സി.കെ. വിപണികൾ തുടങ്ങിയ വിപണികളിലൂടെ വിപണനം നടത്തിവരുന്നു.

(ഡി) പഴം, പച്ചക്കറി സംഭരണത്തിനായി ഉൽപ്പാദന കേന്ദ്രങ്ങളിൽ ചില്ലർ സ്റ്റോറേജുകൾ സ്ഥാപിക്കുന്നകാര്യം സർക്കാർ പരിഗണനയിലാണ്. 2022-23 സാമ്പത്തിക വർഷത്തിൽ ഇടുക്കി ജില്ലയിൽ വട്ടവട, കാന്തല്ലൂർ മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് കോൾഡ് ചെയിൻ സ്ഥാപിക്കുന്നതിനായി 185 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വട്ടവടയിൽ ഒരു പ്രീ-കൂളിംഗ് കേന്ദ്രവും എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ 3 കോൾഡ് ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനും ഹോർട്ടികോർപ്പിന്റെ കോൾഡ് സ്റ്റോറേജ് നവീകരിക്കുന്നതിനുമാണ് തുക വകയിരുത്തിയിട്ടുള്ളത്. വി.എഫ്.പി.സി.കെ.-യുടെ ആഭിമുഖ്യത്തിൽ വയനാട്, തൃശ്ശൂർ എന്നീ ജില്ലകളിൽ അപ്പേഡയുടെ ധനസഹായത്തോടെ രണ്ട് പായ്ക്ക് ഹൗസുകൾ സജ്ജീകരിച്ചിട്ടുണ്ട്. ഇവിടെ പച്ചക്കറികൾ ശീതീകരിച്ച് സൂക്ഷിക്കുന്നതിനുള്ള സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ മരോട്ടിച്ചാൽ സ്വാശ്രയ കർഷക സമിതിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രൈമറി പ്രോസസ്സിംഗ് സെന്ററിൽ 2 ടൺ ശേഷിയുള്ള കോൾഡ് സ്റ്റോറേജ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി

അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിനുപുറമെ, ശീതകാല പഴം, പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് 10 മെട്രിക് ടൺ ശേഷിയുള്ള കൂൾ ചേമ്പർ ഫെസിലിറ്റി സ്ഥാപിക്കുന്നതിനുള്ള പ്രോപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. പഴം, പച്ചക്കറികൾ കർഷകരിൽനിന്നും യഥാസമയം ശേഖരിച്ച് ഗുണമേന്മയോടെ വിപണന കേന്ദ്രങ്ങളിലെത്തിക്കുവാൻ കൃഷി വകുപ്പ് നൽകിയ ശീതീകരണ സംവിധാനമുള്ള 19 റീഫർവാനുകളുടെ പ്രവർത്തനവും ഉപയോഗപ്പെടുത്തു ന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്.

## അനുബന്ധം - 2

ചോദ്യം നമ്പർ (*122)-ന്റെ ബാക്കിഭാഗം.

പ്രമുഖ വ്യവസായങ്ങളുടെ പങ്കാളിത്തത്തോടുകൂടി നടത്തപ്പെടുന്ന ഈ കോഴ്സുകൾ പഠിതാക്കളിൽ ഹയർ ഓർഡർ ഇൻഡസ്ട്രി റെലവന്റ് സ്കിൽസ് (Higher Order Industry Relevant Skills) നൽകി അവരുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുവാൻ സഹായിക്കുന്നു. അസാപ്പിന്റെ പ്ലേസ്മെന്റ് പോർട്ടലിലൂടെ നൈപുണ്യം സിദ്ധിച്ച വിദ്യാർത്ഥികൾക്ക് തൊഴിലും ലഭ്യമാക്കുന്നു.

(സി) സംസ്ഥാന സ്കിൽ ഇക്കോ സിസ്റ്റം സൃഷ്ടിക്കുന്നതിന് കേന്ദ്ര തൊഴിൽ നൈപുണ്യ വികസന മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ എഡ്യൂക്കേഷൻ ട്രെയിനിംഗ്, ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള അസാപ് കേരളയെ അസസ്സ്മെന്റ് ഏജൻസിയായും അവാർഡിംഗ് ബോഡിയായും നിശ്ചയിച്ചിട്ടുണ്ട്. ദേശീയ തലത്തിലുള്ള 'ഡ്യൂവൽ റെക്കഗ്നിഷൻ' പദവിയാണ് ഇതിലൂടെ ലഭിച്ചത്. കഴിഞ്ഞ പത്തു വർഷങ്ങളായുള്ള വ്യത്യസ്ത തൊഴിൽ മേഖലകളിലുള്ള അസാപ് കേരളയുടെ തൊഴിൽ നൈപുണ്യ പരിശീലനം ഇതിലൊരു പ്രധാന നേട്ടമാണ്. രാജ്യത്തെ മുഴുവൻ തൊഴിലധിഷ്ഠിത കോഴ്സുകളും എൻ.എസ്.ക്യൂ.എഫ്. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി കേരളത്തിൽ സ്കിൽ ഇക്കോ സിസ്റ്റം സൃഷ്ടിച്ചെടുക്കാനുള്ള ദൗത്യമാണ് അസാപ് കേരള വഹിക്കുക. കേരളത്തിലെ തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെ മികവിനും ഏകോപനത്തിനും ഇത് വളരെ ഉപകരിക്കും. ഇത്തരമൊരു അംഗീകാരം ലഭിച്ച സംസ്ഥാനത്തെ ഏക ഏജൻസിയാണ് അസാപ് കേരള. ഇതിലൂടെ സംസ്ഥാനത്തെ തൊഴിൽ നൈപുണ്യ പരിശീലന സ്ഥാപനങ്ങളെ അസാപ് കേരളയിലൂടെ അക്രെഡിറ്റ് ചെയ്യുവാനും, അവരുടെ കോഴ്സുകൾ അഫിലിയറ്റ് ചെയ്യുവാനും അതിലൂടെ ഇവയുടെ മികച്ച പ്രവർത്തനവും ഗുണമേന്മയും ലക്ഷ്യമിടുന്നു.

അസാപ് കേരളയുടെ പ്രധാന നേട്ടങ്ങൾ

1. നീതി ആയോഗിന്റെ ബെസ്റ്റ് പ്രാക്ടീസ് ഇൻ സ്കില്ലിങ്ങ് പരാമർശം
2. ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ജെൻഡർ ആക്ഷൻ പ്ലാൻ നടപ്പിലാക്കിയ മികച്ച പ്രോജക്ടിനുള്ള അംഗീകാരം
3. ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2022 പ്രത്യേക പരാമർശം എന്നിവയാണ്.

**അനുബന്ധം -3**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (*123)-ന്റെ ബാക്കിഭാഗം.

അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കിഫ്ബി

കിഫ്ബി ധനസഹായത്തോടെയുള്ള പരപ്പനങ്ങാടി (112.22 കോടി രൂപ), ചെത്തി (97.44 കോടി രൂപ) എന്നീ രണ്ട് പുതിയ മത്സ്യബന്ധന തുറമുഖ പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു.

നബാർഡ്

ഹാർബറുകളുടെ നവീകരണത്തിനും പരിപാലനത്തിനും നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 182.69 കോടി രൂപയുടെ അനുമതി ലഭ്യമായി. NABARD RIDF XXIII-ലെ 3 പ്രവൃത്തികൾ പൂർത്തീകരിച്ചു. ഒരു പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. NABARD RIDF XXV-ലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. NABARD RIDF XXVI, NABARD RIDF XXVII-ലെ പദ്ധതികൾ പല ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നബാർഡ് XXIII (26.37 കോടി)

1) ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാനസൗകര്യ വികസനം (1037.00 ലക്ഷം രൂപ)- പൂർത്തീകരിച്ചു.

2) തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാനസൗകര്യ വികസനം (625.00 ലക്ഷം രൂപ )- പൂർത്തീകരിച്ചു.

3) വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാനസൗകര്യ വികസനം (650.00 ലക്ഷം രൂപ)- പൂർത്തീകരണ ഘട്ടത്തിലാണ്.

4) പുതിയാപ്പ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാനസൗകര്യ വികസനം (225.00 ലക്ഷം രൂപ )- പൂർത്തീകരിച്ചു.

<u>നബാർഡ് XXV (37.19 കോടി)</u>

1) താനൂർ മത്സ്യബന്ധന തുറമുഖത്തിലെ പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കൽ (1486.32 ലക്ഷം രൂപ)- പൂർത്തീകരിച്ചു.

2) വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിലെ തെക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ (2233.11 ലക്ഷം രൂപ ) പൂർത്തീകരിച്ചു.

<u>നബാർഡ് XXVI (57,44 കോടി)</u>

1) തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം

(514.00 ലക്ഷം രൂപ)- പുരോഗമിക്കുന്നു.

2) നീണ്ടകര ഫിഷിംഗ് ഹാർബറിലെ നിലവിലുള്ള ഘടകങ്ങളുടെ അറ്റകുറ്റപ്പണികളും അടിസ്ഥാന സൗകര്യ വികസനവും (1000.00 ലക്ഷം രൂപ)- പുരോഗമിക്കുന്നു.

3) നീണ്ടകര മത്സ്യബന്ധന തുറമുഖത്തിലെ വിപുലീകരണവും ആധുനീകരണവും (ശക്തികുളങ്ങര) (3450.00 ലക്ഷം രൂപ)- പുരോഗമിക്കുന്നു.

4) കായംകുളം മത്സ്യബന്ധന തുറമുഖത്തിലെ അധിക ബർത്തിംഗ് ഫെസിലിറ്റിയുടെ നിർമ്മാണം (780.00 ലക്ഷം രൂപ)- പുരോഗമിക്കുന്നു.

<u>നബാർഡ് XXVII (55.54 കോടി)</u>

1) താനൂർ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1390.76 ലക്ഷം രൂപ)- പുരോഗമിക്കുന്നു.

2) ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1343 ലക്ഷം രൂപ)- പുരോഗമിക്കുന്നു.

3) വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1153 ലക്ഷം രൂപ)- പുരോഗമിക്കുന്നു.

4) വലിയഴീക്കൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെ അടിസ്ഥാന വികസനം (1668 ലക്ഷം രൂപ)- പുരോഗമിക്കുന്നു.

ഓഖി ഡെവലപ്മെന്റ് പാക്കേജ്

ഓഖി ഡെവലപ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തി 5 മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി 54.70 കോടി രൂപയുടെ അനുമതി നൽകി. ആയതിൽ നീണ്ടകര മത്സ്യബന്ധന തുറമുഖ രണ്ടാംഘട്ട വികസനം, മുനമ്പം മത്സ്യബന്ധന തുറമുഖത്തിലെ വടക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ, കാസർഗോഡ് ഫിഷിംഗ് ഹാർബറിലെ ബ്രേക്ക് വാട്ടറിന്റെ നീളം വർദ്ധിപ്പിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചു വരികയുമാണ്.

1) നീണ്ടകര മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം- പൂർത്തീകരിച്ചു.

2) തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം - ഫേസ് I- പുരോഗമിക്കുന്നു.

3) കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിലെ പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കൽ പൂർത്തീകരിച്ചു.

4) കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം ഫേസ് 1- പുരോഗമിക്കുന്നു.

5) മുനമ്പം മത്സ്യബന്ധന തുറമുഖത്തിലെ വടക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ- പൂർത്തീകരിച്ചു.

രാഷ്ട്രീയ കൃഷി വികാസ് യോജന

രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി ബേപ്പൂർ (97.84 ലക്ഷം രൂപ), പുതിയാപ്പ (1101.80 ലക്ഷം രൂപ), ചോമ്പാൽ (408.44 ലക്ഷം രൂപ) എന്നിവിടങ്ങളിൽ പുതിയ ബർത്തിംഗ് ജെട്ടികളുടെ നിർമ്മാണം പൂർത്തീകരിച്ചു.

തീരദേശ റോഡുകൾ

തീരദേശ റോഡുകളുടെ നിർമ്മാണത്തിനായി 2021-22 വർഷം ഭരണാനുമതി നൽകിയ 80.36 കോടി രൂപയുടെ 153 റോഡുകൾ വിവിധ ഘട്ടത്തിൽ പുരോഗമിക്കുന്നു. 2022-23 വർഷം 10.68 കോടി രൂപയുടെ 13 റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

# അനുബന്ധം - 4

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച 5-7-2022-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1660-ന്റെ തിരുത്തിയ ഉത്തരം

(1660) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സർവ്വകലാശാലകളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഏതൊക്കെ ക്രമക്കേടുകളിലാണ് നടപടി സ്വീകരിച്ചതെന്നും സർവ്വകലാശാല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

മഹാത്മാഗാന്ധി സർവ്വകലാശാല

(1) 2015 ജൂലൈ/ ഒക്ടോബർ മാസങ്ങളിൽ നടന്ന ബി.കോം പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷകളുടെ മൂല്യനിർണ്ണയ ക്യാമ്പിലെ സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് ഒരു സെക്ഷൻ ഓഫീസർക്ക് നിർബന്ധിത വിരമിക്കൽ നൽകി 2017-ൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. ടി വിഷയം വിജിലൻസ് അന്വേഷണത്തിന് കൈമാറിയിട്ടുള്ളതാണ്.

(2) എം.ബി.എ. മാർക്ക് ലിസ്റ്റ് വിതരണവുമായി ബന്ധപ്പെട്ട് കൈക്കൂലി വാങ്ങി എന്ന ഒരു വിദ്യാർത്ഥിനിയുടെ പരാതിയിന്മേൽ വിജിലൻസ് അറസ്റ്റ് ചെയ്ത സർവ്വകലാശാലാ അസിസ്റ്റന്റിനെ ഉടൻ പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്തിരുന്നു. പ്രസ്തുത വിഷയം വിജിലൻസ് അന്വേഷിച്ചു വരുന്നു.

കാലിക്കറ്റ് സർവ്വകലാശാല

(1) സർവ്വകലാശാല ഫണ്ട് ദുരുപയോഗം ചെയ്ത സെക്ഷൻ ഓഫീസർ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ. ഹരീഷ് ജി.-യെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്.

(2) 2017 ഡിസംബറിൽ നടന്ന MBA പരീക്ഷയുടെ പുനർ മൂല്യനിർണ്ണയത്തിന്റെ ഫലപ്രഖ്യാപനവുമായി ബന്ധപ്പെട്ട് ക്രമക്കേട് നടത്തിയ സെക്ഷൻ ഓഫീസർ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ. പ്രഭാകരൻ പി.വി.-യെ സർവീസിൽനിന്നും സസ്പെൻഡ് ചെയ്തിരുന്നു.

(3) സർവ്വകലാശാലയിൽ LAN സംവിധാനം നടപ്പിലാക്കിയതിൽ ഉണ്ടായിട്ടുള്ള ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സർവ്വകലാശാല ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറായ ശ്രീ. മുഹമ്മദ് സാജിദ് ടി.-യെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് അന്വേഷണം നടത്തിവരുന്നു.

4) വിദ്യാർത്ഥികളിൽനിന്നും കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട ആരോപണങ്ങളിൽ അസിസ്റ്റന്റ് (പ്രൊവിഷണൽ) തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. മൻസൂരലി എം.കെ.-യെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്ത് അന്വേഷണം നടത്തിവരുന്നു.

5) വിദ്യാർത്ഥികളിൽ നിന്നും കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട ആരോപണങ്ങളിൽ അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. സുജിത് കുമാർ പി.വി.-യെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് അന്വേഷണം നടത്തിവരുന്നു.

<u>കേരള സർവകലാശാല</u>

ശ്രീ. വിനോദ് എന്ന സെക്ഷൻ ഓഫീസറെ അനധികൃത മാർക്ക് ദാനവുമായി ബന്ധപ്പെട്ട് സർവ്വീസിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ട്.

<u>കണ്ണൂർ സർവ്വകലാശാല</u>

(വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു)*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.